കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനാലാം സമ്മേളനം

2025 ഒക്ടോബർ 07, ചൊവ്വ

ഔദ്യോഗിക റിപ്പോർട്ട്

വാല്യം 197 - നമ്പർ 9

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനാലാം സമ്മേളനം

2025 ഒക്ടോബർ 07, ചൊവ്വ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണ കുമാർ

ചീഫ് എഡിറ്റർ
ശ്രീമതി ആർ. ഹേമലത

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി	: ശ്രീ. പിണറായി വിജയൻ
ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി	: ശ്രീ. വി. അബ്ദുറഹിമാൻ
ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി	: ശ്രീ. ജി. ആർ. അനിൽ
ധനകാര്യ വകുപ്പുമന്ത്രി	: ശ്രീ. കെ. എൻ. ബാലഗോപാൽ
ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി	: ഡോ. ആർ. ബിന്ദു
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി	: ശ്രീമതി ജെ. ചിഞ്ചുറാണി
ഗതാഗത വകുപ്പുമന്ത്രി	: ശ്രീ. കെ. ബി. ഗണേഷ് കുമാർ
പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി	: ശ്രീ. ഒ. ആർ. കേളു
വൈദ്യുതി വകുപ്പുമന്ത്രി	: ശ്രീ. കെ. കൃഷ്ണൻകുട്ടി
പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി	: ശ്രീ. പി. എ. മുഹമ്മദ് റിയാസ്
കൃഷി വകുപ്പുമന്ത്രി	: ശ്രീ. പി. പ്രസാദ്
റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി	: ശ്രീ. കെ. രാജൻ
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി	: ശ്രീ. പി. രാജീവ്
തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി	: ശ്രീ. എം. ബി. രാജേഷ്
രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി	: ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ജലവിഭവ വകുപ്പുമന്ത്രി	: ശ്രീ. റോഷി അഗസ്റ്റിൻ
മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി	: ശ്രീ. സജി ചെറിയാൻ
വനം-വന്യജീവി വകുപ്പുമന്ത്രി	: ശ്രീ. എ. കെ. ശശീന്ദ്രൻ
പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി	: ശ്രീ. വി. ശിവൻകുട്ടി
തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി	: ശ്രീ. വി. എൻ. വാസവൻ
ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി	: ശ്രീമതി വീണാ ജോർജ്ജ്

ഉള്ളടക്കം

I. ചോദ്യോത്തരങ്ങൾ

വാങ്മൂലം നൽകിയ ഉത്തരങ്ങൾ
(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.)

II. ശ്രദ്ധ ക്ഷണിക്കൽ

ഭാഷാ ന്യൂനപക്ഷങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ്

- ശ്രീ. എ. രാജ

III. റിപ്പോർട്ട് സമർപ്പണം

1. സബ്ജക്ട് കമ്മിറ്റി II-ന്റെ 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്കരണ) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട്.
2. സബ്ജക്ട് കമ്മിറ്റി VI-ന്റെ 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ, 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ എന്നിവ സംബന്ധിച്ച റിപ്പോർട്ടുകൾ.
3. സബ്ജക്ട് കമ്മിറ്റി XII-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും.
4. സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ, 2025-ലെ മലയാളഭാഷാ ബിൽ, 2025-ലെ കേരള പൊതുസേവനാവകാശ ബിൽ എന്നിവ സംബന്ധിച്ച റിപ്പോർട്ടുകൾ.
5. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഇരുപത്തിരണ്ട് മുതൽ ഇരുപത്തിയഞ്ച് വരെയുള്ള റിപ്പോർട്ടുകൾ.

IV. ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന

2024 ഡിസംബർ 31-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 232/2024/കോ-ഓപ്പ് (എസ്.ആർ.ഒ. നം. 1203/2024) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2024-ലെ കേരള സഹകരണ സംഘങ്ങൾ (രണ്ടാം ഭേദഗതി) ചട്ടങ്ങൾക്കുള്ള ഭേദഗതികളുടെ പരിഗണന

V. നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:

(i) 2024-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ

(ii) 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ

(iii) 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(iv) 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ

(2) 2025-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

അനുബന്ധം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനാലാം സമ്മേളനം

2025 ഒക്ടോബർ 07, ചൊവ്വ

വാല്യം 197} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 9

നിയമസഭ 2025 ഒക്ടോബർ മാസം 7-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിച്ച ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ.....

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇന്നലെ ഞങ്ങൾ ശബരിമലയുമായി ബന്ധപ്പെട്ട വിഷയം സഭയിൽ കൊണ്ടുവന്നതിനാലാണ് സഭാനടപടികൾ സ്തംഭിച്ചത്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും ഇന്നലെയുണ്ടായ വിധി ഞെട്ടിക്കുന്നതാണ്. ശബരിമലയിലെ സ്വർണ്ണംമൂടിയ ദ്വാരപാലക ശില്പം ഉയർന്ന നിരക്കിൽ വില്പന നടത്തിയെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ കണ്ടെത്തൽ. .....(ബഹളം)..... പുണ്യപരിപാവനമായ ശബരിമല ക്ഷേത്രത്തെ മാത്രമല്ല ലക്ഷക്കണക്കിന് വിശ്വാസികളെക്കൂടി ഉണ്ണിക്കൃഷ്ണൻ പോറ്റിയുമായിച്ചേർന്ന് ദേവസ്വം ബോർഡ് വഞ്ചിച്ചിരിക്കുകയാണ്. .....(ബഹളം)..... അതുകൊണ്ട് ബഹുമാനപ്പെട്ട തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി രാജിവയ്ക്കുകയും ദേവസ്വം ബോർഡിനെ പുറത്താക്കുകയും ചെയ്യണമെന്നതാണ് ഞങ്ങളുടെ ഗൗരവതരമായ ഡിമാൻഡ്. അതുസംബന്ധിച്ച് സർക്കാരിന്റെ തീരുമാനം സഭയിൽ ഇപ്പോൾ പ്രഖ്യാപിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട ഹൈക്കോടതിയെപ്പോലും അംഗീകരിക്കുന്നില്ലെന്ന നിലപാടാണ് പ്രതിപക്ഷനേതാവ് സ്വീകരിച്ചിട്ടുള്ളത്. ഏത് അന്വേഷണത്തെയും സ്വാഗതം ചെയ്യുന്നുവെന്ന് ഈ ഗവൺമെന്റും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും ദേവസ്വം ബോർഡും വ്യക്തമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മേൽനോട്ടത്തിലുള്ള അന്വേഷണത്തെപ്പോലും അംഗീകരിക്കാതെയുള്ള ഈ നാടകം കേവലം സങ്കുചിത രാഷ്ട്രീയത്തിനുവേണ്ടിയുള്ളതാണ്. നിയമസഭാ നടപടികൾ തുടർച്ചയായി സ്തംഭിപ്പിക്കുന്നത് ബഹുമാനപ്പെട്ട ഹൈക്കോടതിയെപ്പോലും അംഗീകരിക്കാൻ തയ്യാറല്ലെന്ന പ്രതിപക്ഷത്തിന്റെ നിലപാടാണ് വ്യക്തമാക്കുന്നത്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, പ്രതിപക്ഷത്തിന് ഉന്നത നീതിപീഠത്തിൽ വിശ്വാസം നഷ്ടപ്പെട്ടിട്ട് കുറച്ച് വർഷങ്ങളായി. പ്രതിപക്ഷത്തിന് തുടർച്ചയായ തിരിച്ചടികൾ ലഭിച്ചുകൊണ്ടിരിക്കുകയാണ്. രാഷ്ട്രീയക്കളിയുമായി ഇങ്ങോട്ട് വരരുതെന്നാണ് ഇന്നലെ പരമോന്നത നീതിപീഠമായ ബഹുമാനപ്പെട്ട സുപ്രീംകോടതി അവരോട് പറഞ്ഞത്. അവർക്ക് കോടതിയെയും നിയമസഭയെയും ചർച്ചയെയും ജനങ്ങളെയും ഭയമാണ്. ഭീരുക്കളായ പ്രതിപക്ഷം തങ്ങളുടെ ഭീരുത്വം ആവർത്തിച്ച് പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

"വീണിതല്ലോ കിടക്കുന്നു ധരണിയിൽ

ശോണിതവുമണിഞ്ഞയ്യോ ശിവ ശിവ!" എന്ന മട്ടിൽ ഒരു അംഗം ഉണ്ടല്ലോ; എവിടെയാണ് അദ്ദേഹം; ആ അംഗത്തെ ഇവിടെ കാണുന്നില്ലല്ലോ? .....(ബഹളം).....

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ (*211)

(ശബരിമലയിലെ സ്വർണ്ണപ്പാളി വിവാദത്തിൽ തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി രാജിവയ്ക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് ഡയസ്സിനുമുന്നിൽവന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.

ചോദ്യകർത്താക്കൾ *211-ാം നമ്പർ ചോദ്യം ഉന്നയിക്കാതിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ അടുത്ത ചോദ്യത്തിലേക്ക് കടന്നു.)

മി. സ്പീക്കർ: ചോദ്യം നമ്പർ (*212)

ഉന്നതി ഓവർസീസ് സ്കോളർഷിപ് പദ്ധതി

1 (*212) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി വഴി എത്ര വിദ്യാർഥികളെ പഠനത്തിനായി വിദേശത്തേക്ക് അയച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പേർക്ക് വിദേശത്തുതന്നെ ഉന്നത പഠനത്തിനും തൊഴിലിനും അവസരം ലഭിച്ചുവെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സ്കോളർഷിപ്പായി വിദ്യാർഥികൾക്ക് എത്ര രൂപയാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, (എ) ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി വഴി 1059 പട്ടികജാതി വിദ്യാർഥികളെയും 80 പട്ടികവർഗ വിദ്യാർഥികളെയും വിദേശപഠനത്തിന് അയച്ചിട്ടുണ്ട്. ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് പദ്ധതിയായി പുനഃസംഘടിപ്പിച്ചതിനുശേഷം 404 പട്ടികജാതി വിദ്യാർഥികളെയും 36 പട്ടികവർഗ വിദ്യാർഥികളെയും വിദേശപഠനത്തിന് അയച്ചിട്ടുണ്ട്.

(ബി) നിലവിൽ വിദേശത്ത് ഉന്നത പഠനം തുടർന്നുവരുന്ന വിദ്യാർഥികളിൽ ആരെയും വിദേശത്ത് മറ്റൊരു ഉന്നതപഠനത്തിന് തിരഞ്ഞെടുത്തിട്ടില്ല. 2024 ജനുവരി ഇൻടേക്കിൽ യു.കെ.-യിലെത്തിയ 51 പട്ടികജാതി വിദ്യാർഥികളിൽ പഠനം പൂർത്തിയാക്കിയ 47 പേർ

പോസ്റ്റ് സ്റ്റഡി വർക്ക് വിസയ്ക്ക് അപേക്ഷിച്ച് വിദേശത്തുതന്നെ തുടരുകയാണ്. 24 പേർക്ക് ഫുൾ ടൈം ജോലി ലഭിച്ചു. 4 പേർ പഠനം പൂർത്തിയാക്കി ഇന്ത്യയിലേക്ക് മടങ്ങി. ബാക്കിയുള്ളവർ പാർട്ട് ടൈം ജോലികളിലാണ്. 2024 ജൂലൈ, സെപ്റ്റംബർ, 2025 ജനുവരി എന്നീ ഇൻടേക്കുകളിൽ പോയിട്ടുള്ള വിദ്യാർഥികളുടെ കോഴ്സ് പൂർത്തിയായി വരുന്നതേയുള്ളൂ.

2024-25, 2025-26 വർഷം വിദേശത്ത് പഠനത്തിനായി പോയ 36 പട്ടികവർഗ വിദ്യാർഥികൾ നിലവിൽ പഠനം നടത്തിവരുന്നു.

(സി) വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 3 സ്ലാബുകളായാണ് പട്ടികജാതി വിദ്യാർഥികൾക്ക് ആനുകൂല്യം അനുവദിക്കുന്നത്. വാർഷിക വരുമാനം 12 ലക്ഷം രൂപ വരെയുള്ള പട്ടികജാതി വിദ്യാർഥികൾക്ക് പരമാവധി 25 ലക്ഷം രൂപ വരെയും വാർഷിക വരുമാനം 12 ലക്ഷം രൂപ മുതൽ 20 ലക്ഷം രൂപ വരെയുള്ള പട്ടികജാതി വിദ്യാർഥികൾക്ക് പരമാവധി 20 ലക്ഷം രൂപ വരെയും 20 ലക്ഷത്തിനുമുകളിൽ വാർഷിക വരുമാനമുള്ള പട്ടികജാതി വിദ്യാർഥികൾക്ക് പരമാവധി 15 ലക്ഷം രൂപ വരെയും നൽകുന്നു. വരുമാന പരിധിയില്ലാതെ പട്ടികവർഗ വിദ്യാർഥികൾക്ക് പരമാവധി 25 ലക്ഷം രൂപവരെ നൽകുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, പട്ടികജാതി-പട്ടികവർഗ വിദ്യാർഥികളുടെ ഉന്നത വിദ്യാഭ്യാസ സാധ്യതകളെ ഫലപ്രദമായി വിനിയോഗിക്കുന്ന പദ്ധതികളാണ് ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഇത്തരത്തിൽ വിദേശ പഠന സാധ്യതകളെ കൂടുതൽ പ്രയോജനപ്പെടുത്താൻ കഴിയുന്ന വിധത്തിൽ ഗവൺമെന്റ് രൂപീകരിച്ച ആധുനിക വിദ്യാഭ്യാസ പദ്ധതികൾ ഏതൊക്കെയാണ്?

ശ്രീ. ഒ. ആർ. കേളു: സർ, പട്ടികജാതി-പട്ടികവർഗ വിദ്യാർഥികളുടെ വിദ്യാഭ്യാസ പദ്ധതിക്കാണ് ഈ ഗവൺമെന്റ് കൂടുതൽ ഊന്നൽ നൽകിയിട്ടുള്ളത്. ഈ വിഭാഗത്തിലെ കുട്ടികൾക്ക് പരമാവധി നല്ല വിദ്യാഭ്യാസം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തെ അടിസ്ഥാനമാക്കിയാണ് കുട്ടികളെ വിദേശ പഠനത്തിന് അയയ്ക്കുന്നത്. ഈ വിഭാഗത്തിലെ കുട്ടികളെ സിവിൽ സർവീസ് പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനാവശ്യമായ പരിശീലന പരിപാടികൾ വകുപ്പ് നല്ല രീതിയിൽ നടത്തിവരുന്നുണ്ട്. കൂടാതെ വിവിധ തൊഴിലധിഷ്ഠിത കോഴ്സുകൾക്കായുള്ള പരിശീലന പരിപാടികളും ലഭ്യമാക്കുന്നുണ്ട്. ഇത്തരം പദ്ധതികളെയെല്ലാം സംയോജിപ്പിച്ചുകൊണ്ടാണ് പട്ടികജാതി, പട്ടികവർഗ വിഭാഗത്തിലെ വിദ്യാർഥികളെ ഉന്നതവിദ്യാഭ്യാസ മേഖലയിലേക്ക് കൈപിടിച്ചുയർത്തുന്നതിനുവേണ്ടി ഗവൺമെന്റും വകുപ്പും ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, അടിസ്ഥാന ജനവിഭാഗങ്ങളുടെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന ചോദ്യോത്തരവേള പ്രതിപക്ഷം തടസ്സപ്പെടുത്തുന്നത് ശരിയായ നടപടിയല്ല. പട്ടികജാതി-പട്ടികവർഗ വിഭാഗത്തിലെ വിദ്യാർഥികൾക്ക് ഉന്നതവിദ്യാഭ്യാസ മേഖലയിൽ വലിയ സാധ്യതകൾ തുറന്നിടുന്ന ഗവൺമെന്റാണിത്. ഗവൺമെന്റിന്റെ ഈ നടപടി പ്രകാരം നിലവിൽ എത്ര പട്ടികജാതി-പട്ടികവർഗ വിദ്യാർഥികളാണ് വിദേശ പഠനം നടത്തിക്കൊണ്ടിരിക്കുന്നത്?

ശ്രീ. ഒ. ആർ. കേളു: സർ, 1059 പട്ടികജാതി വിദ്യാർഥികളെയാണ് വിദേശ പഠനത്തിനായി അയച്ചിട്ടുള്ളത്. സംസ്ഥാനത്തെ ഏറ്റവും പാവപ്പെട്ട ജനങ്ങളായ പട്ടികജാതി-പട്ടികവർഗ വിഭാഗക്കാരുടെ കാര്യങ്ങൾ പറയുന്നതിനും കേൾക്കുന്നതിനും

പരിശോധിക്കുന്നതിനും വേണ്ടിയാണ് ഇത്തരം ചോദ്യങ്ങൾ ചോദ്യോത്തരവേളകളിൽ ഉൾപ്പെടുത്തുന്നത്. പക്ഷേ പ്രതിപക്ഷം സഭാനടപടികൾ തടസ്സപ്പെടുത്തുന്നത് അംഗീകരിക്കാൻ സാധിക്കില്ല.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ധാരാളം കുട്ടികൾക്ക് വിദേശത്ത് പഠിക്കാൻ അവസരം ലഭ്യമാക്കുന്ന അങ്ങയുടെ പരിശ്രമത്തെ അഭിനന്ദിക്കുന്നു. വിദേശത്തേക്ക് പോകുമ്പോൾ ഇംഗ്ലീഷ് ഭാഷയും മറ്റ് വിദേശ ഭാഷകളുമാണ് ഏറ്റവും കൂടുതൽ ആവശ്യമായിവരുന്നത്. അങ്ങയുടെ നേതൃത്വത്തിൽ അത്തരം ഭാഷാ പരിശീലനത്തിനുള്ള സൗകര്യം നൽകുമോ? ഒരു പ്രധാനപ്പെട്ട വിഷയം സഭയിൽ ചർച്ച ചെയ്യുമ്പോൾ പ്രതിപക്ഷത്തിന്റെ ജനാധിപത്യവിരുദ്ധ സമീപനം ഈ നാട്ടിലെ ജനങ്ങളെല്ലാം വീക്ഷിക്കുന്നുണ്ടെന്നുള്ളത് ഓർത്താൽ നന്നായിരിക്കും എന്നുകൂടി സൂചിപ്പിക്കുന്നു.

ശ്രീ. ഒ. ആർ. കേളു: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ചോദ്യം വളരെ പ്രധാനപ്പെട്ടതാണ്. വിദേശ പഠനത്തിന് ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വളരെ പ്രധാനപ്പെട്ട ഘടകമാണ്. അത്തരം കാര്യങ്ങളിൽ പരിശീലനം നൽകുന്നതിനായി IELTS (International English Language Testing System) പോലുള്ള പരിശീലന പരിപാടികൾ നടപ്പാക്കിവരുന്നുണ്ട്. വിദേശ പഠനത്തിന് അയയ്ക്കുന്ന കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം ഉറപ്പുവരുത്തുന്നതിന് വകുപ്പ് നടപടി സ്വീകരിക്കും.

ശ്രീ. കെ. ബാബു (നെന്മാറ): സർ, പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗമായ പട്ടികജാതി-പട്ടികവർഗ വിഭാഗത്തിലെ വിദ്യാർഥികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുമ്പോൾ ഇത്തരത്തിലുള്ള പ്രതിപക്ഷ നാടകം വ്യക്തമാക്കുന്നത് സാമൂഹികനീതിയോടും ആ

വിഭാഗത്തിലെ വിദ്യാർഥികളോടുമുള്ള അവഗണനയാണ്. വിദേശത്ത് പോകണമെന്ന് ആഗ്രഹിച്ച ഈ വിഭാഗത്തിലെ കുട്ടികൾ വിദേശത്ത് പോകുക മാത്രമല്ല, അവിടെ പോയി പഠിക്കുകയും അവിടെത്തന്നെ ജോലി നേടുകയും ചെയ്തു. വിമാനം കാണാൻ ആഗ്രഹിച്ച കുട്ടി ഇന്ന് പൈലറ്റായി ജോലി ചെയ്യുകയാണ്. അതിൽ പട്ടികജാതി-പട്ടികവർഗ വികസന വകുപ്പിനെയും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെയും ഈ ഗവൺമെന്റിനെയും ഞാൻ അഭിനന്ദിക്കുന്നു. പട്ടികജാതി-പട്ടികവർഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന ഉന്നതി ഓവർസീസ് സ്കോളർഷിപ്പിനുള്ള അർഹതാ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, ഗവൺമെന്റ് ഏജൻസിയായ ODEPC (Overseas Development and Employment Promotion Consultants Limited)-നെയാണ് ഇക്കാര്യങ്ങളെല്ലാം ചെയ്യുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. ODEPC അപേക്ഷ ക്ഷണിച്ച്, ഇന്റർവ്യൂ നടത്തി കുടുംബത്തിന്റെ വരുമാനവും മറ്റ് കാര്യങ്ങളുമെല്ലാം പരിശോധനയ്ക്ക് വിധേയമാക്കിയാണ് കുട്ടികളെ/ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്.

ശ്രീ. കെ. ആൻസലൻ: സർ, യോഗ്യതാ പരീക്ഷയിൽ ലഭിക്കുന്ന മാർക്ക് താരതമ്യേന കുറവാണെന്ന കാരണത്താൽ പ്രൊഫഷണൽ വിദ്യാർഥികൾക്ക് ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് ആനുപാതികമായി ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി ഗവൺമെന്റ് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ?

ശ്രീ. ഒ. ആർ. കേളു: സർ, ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കോളർഷിപ്പ് പാറ്റേണിന്റെയും വാർഷിക വരുമാനത്തിന്റെയും അടിസ്ഥാനത്തിൽ

നിശ്ചയിച്ചിട്ടുള്ള ഓരോ വിഭാഗത്തിന്റെയും ക്വാട്ടകളിൽ ഇരുപത് ശതമാനത്തിൽ കുറയാത്ത സീറ്റുകൾ പ്രൊഫഷണൽ കോഴ്സുകൾ പഠിച്ചവർക്കായി മാറ്റിവച്ചിട്ടുണ്ട്. ഇതിനായുള്ള മാർഗനിർദേശങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്.

സംസ്ഥാനത്തിന്റെ സമഗ്ര കായിക വികസനം

2 (*213) ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമഗ്ര കായിക വികസനം ലക്ഷ്യമിട്ട് വിദേശ സർക്കാരുകളുമായി സഹകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് വിവിധ കായിക ഇനങ്ങൾക്കാവശ്യമായ വിദഗ്ധരായ പരിശീലകരെ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി വിദേശ രാജ്യങ്ങളുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കായിക മേഖലയുടെ അന്താരാഷ്ട്ര സഹകരണത്തിനായി മറ്റെന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; ഇതിനായി അനുവദിച്ച തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, (എ) സംസ്ഥാനത്തിന്റെ സമഗ്ര കായിക വികസനം

ലക്ഷ്യമിട്ട് വിദേശ സർക്കാരുകളുമായി സഹകരിച്ചുകൊണ്ടുള്ള വിപുലമായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. കായിക പരിശീലനം, അന്താരാഷ്ട്ര ടീമുകളുടെ മത്സരങ്ങൾ എന്നിങ്ങനെയുള്ള രംഗങ്ങളിലാണ് കൂടുതലായി വിദേശ സഹകരണം നടപ്പാക്കുന്നത്. കേരളത്തിൽ ഏറ്റവും കൂടുതൽ ആരാധകരുള്ള 2022-ലെ ലോകകപ്പ് ജേതാക്കളായ അർജന്റീന ഫുട്ബോൾ ടീമിനെ കേരളത്തിലേക്ക് സൗഹൃദ മത്സരത്തിനായി ക്ഷണിച്ചിട്ടുണ്ട്. നവംബർ മൂന്നാം വാരം അർജന്റീന കേരളത്തിൽ കളിക്കാൻ സമ്മതം അറിയിച്ചതുപ്രകാരം തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. കേരളത്തിലെ ഫുട്ബോൾ ആരാധകർക്കും ഫുട്ബോളിലേക്ക് കടന്നുവരുന്നവർക്കും വലിയ ആവേശം സമ്മാനിക്കാൻ ഈ മത്സരത്തിന് സാധിക്കും. കായിക വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം സ്പെയിൻ സന്ദർശിച്ച് അർജന്റീന ഫുട്ബോൾ അസോസിയേഷനുമായി ചർച്ച നടത്തിയതിനെത്തുടർന്നാണ് അർജന്റീന ഫുട്ബോൾ ടീമിന്റെ സന്ദർശനത്തിൽ തീരുമാനമായത്. ഈ സന്ദർശനത്തിൽ സ്പെയിനിലെ പ്രീമിയർ ഫുട്ബോൾ ലീഗിന്റെ സംഘാടകരായ ലാ ലിഗ, സ്പെയിൻ ഹയർ സ്പോർട്സ് കൗൺസിൽ എന്നിവരുമായും ചർച്ചകൾ നടത്തി. കായിക പരിശീലനം, സ്പോർട്സ് സയൻസ്, സ്പോർട്സ് മാനേജ്മെന്റ് തുടങ്ങിയ വിഷയങ്ങളിൽ ഇരുകൂട്ടരുമായി സഹകരണത്തിന് പ്രാഥമികതലത്തിൽ ധാരണയായിട്ടുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ക്യൂബ സന്ദർശനത്തിലുണ്ടായ ധാരണ പ്രകാരം കായികരംഗത്ത് ക്യൂബയുമായി വിവിധ തലങ്ങളിൽ സഹകരണത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. ക്യൂബയുമായി സഹകരിച്ച് 2024-ൽ ചെ സ്മാരക ചെസ് ടൂർണമെന്റ് സംഘടിപ്പിച്ചു. ഇരു

രാജ്യങ്ങളിലെയും ഗ്രാന്റ് മാസ്റ്റർമാർ മത്സരത്തിൽ പങ്കെടുത്തു. ജൂഡോ, ബോക്സിങ്, റെസ്ലിങ്, അത്ലറ്റിക്സ് തുടങ്ങിയ വിഭാഗങ്ങളിലെ പരിശീലകരുടെ കൈമാറ്റത്തിനും കേരളവും ക്യൂബയുമായി ധാരണയായിട്ടുണ്ട്.

നെതർലൻഡ്സ് ഫുട്ബോൾ അസോസിയേഷനും നെതർലൻഡ്സിലെ ബൊവ്ലൻഡർ ഫൗണ്ടേഷനുമായി ചേർന്ന് ഫുട്ബോൾ, ഹോക്കി പരിശീലന പദ്ധതി നടപ്പാക്കി. ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതി നിലവിലുണ്ട്. ഒന്നാംഘട്ടമായി പരിശീലകർക്കുള്ള പരിശീലനം നടന്നു. ലോകത്തെ പ്രമുഖ ക്ലബ്ബായ എ. സി. മിലാനുമായി ചേർന്ന് ജി. വി. രാജ സ്പോർട്സ് സ്കൂളിൽ ഫുട്ബോൾ അക്കാദമി പ്രവർത്തിച്ചുവരുന്നുണ്ട്. ഇത്തവണ സുബ്രതോ കപ്പിലടക്കം ജി. വി. രാജ ഫുട്ബോൾ ടീം മികച്ച പ്രകടനമാണ് കാഴ്ചവച്ചത്.

(ബി) കേരളവും ക്യൂബയുമായി സഹകരിച്ച് വിവിധ കായിക ഇനങ്ങളിൽ പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ക്യൂബൻ സഹകരണത്തോടെ ബോക്സിങ്, വോളിബോൾ, ചെസ് എന്നീ ഇനങ്ങളിൽ വിവിധ പദ്ധതികൾ നടപ്പാക്കാൻ കായിക വകുപ്പ് പ്രതിനിധികളും ക്യൂബൻ അംബാസഡറുമായി നടന്ന ചർച്ചകളിൽ തീരുമാനിച്ചു. കായിക പരിശീലനം, സ്പോർട്സ് സയൻസ്, അക്കാദമിക് എക്സ്ചേഞ്ച് തുടങ്ങിയ മേഖലകളിൽ ദീർഘകാല സഹകരണം രൂപപ്പെടുത്തുന്ന ധാരണാപത്രം ക്യൂബൻ അംബാസഡറും കായിക യുവജനകാര്യ ഡയറക്ടറും ഒപ്പുവച്ചു. കായിക യുവജനകാര്യാലയത്തിന് കീഴിലുള്ള സ്പോർട്സ് സ്കൂളുകളിൽ കപ്പാസിറ്റി ബിൽഡിങ് പ്രോഗ്രാമിലൂടെ പരിശീലകരെ നിയമിച്ച് പരിശീലനം നൽകിവരുന്നു.

(സി) ക്യൂബയും കേരളവും തമ്മിലുള്ള ഇന്റർനാഷണൽ ചെസ് ടൂർണമെന്റിന്റെ

നടത്തിപ്പിനായി 18-11-2023-ൽ 87,69,000/- രൂപയുടെ ഭരണാനുമതി നൽകി. 5 കൃബൻ ബോക്സിങ് പരിശീലകരുടെ സേവനം ലഭ്യമാക്കി 8 ദിവസത്തെ പരിശീലന പരിപാടി നടത്താൻ 03-10-2025-ൽ 55 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ശ്രീ. കെ. പ്രേംകുമാർ: സർ, കായിക വകുപ്പിന് കീഴിൽ രൂപീകരിച്ച പൊതുമേഖലാ സ്ഥാപനമായ സ്പോർട്സ് കേരള ഫൗണ്ടേഷന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ? സംസ്ഥാനത്തിന്റെ കായിക മേഖലയെ ബാധിക്കുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളും ടി മേഖലയിലെ സാധ്യതകളും കേരളം കൈവരിച്ച മുന്നേറ്റങ്ങളും സഭയിൽ ചർച്ച ചെയ്യുന്ന ചോദ്യോത്തരവേളപോലും തടസ്സപ്പെടുത്തുന്ന ജനാധിപത്യവിരുദ്ധ നടപടിയാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കേരള സർക്കാർ 'സ്പോർട്സ് കേരള ഫൗണ്ടേഷൻ' (എസ്.കെ.എഫ്.) എന്ന പുതിയൊരു സ്ഥാപനത്തിന് രൂപം നൽകിയതിന്റെ ഭാഗമായി സംസ്ഥാനത്തെ കായിക മേഖലയിലെ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾക്ക് ശക്തമായ നേതൃത്വം നൽകാൻ സാധിച്ചിട്ടുണ്ട്. 2,000 കോടിയോളം രൂപയുടെ പ്രവൃത്തികൾ എസ്.കെ.എഫ്.-ന്റെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ട്. ബജറ്റിൽ പ്രഖ്യാപിക്കുന്ന കായിക അടിസ്ഥാന വികസന പദ്ധതികൾ, കിഫ്ബി പദ്ധതികൾ, 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതി, എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾ, കായിക ഡയറക്ടറേറ്റ്, സ്പോർട്സ് കൗൺസിൽ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ, കായിക ഉപകരണങ്ങളുടെ പർച്ചേസ് തുടങ്ങിയവയാണ് എസ്.കെ.എഫ്. ഏറ്റെടുത്ത് നടത്തുന്നത്. രാജ്യത്ത് ആദ്യമായി സംഘടിപ്പിച്ച കായിക ഉച്ചകോടി, സന്തോഷ് ട്രോഫി ഫുട്ബോൾ

മത്സരം, ദേശീയ സീനിയർ വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പ്, ചെ അന്താരാഷ്ട്ര ചെസ് ഫെസ്റ്റിവൽ തുടങ്ങി നിരവധി പരിപാടികൾ എസ്.കെ.എഫ്. നടത്തിയിട്ടുണ്ട്.

ശ്രീ. കെ. പ്രേംകുമാർ: സർ, കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ കേരളത്തിൽ എത്ര സിന്തറ്റിക് ട്രാക്കുകൾ സർക്കാർ നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് കേരളത്തിൽ 2 സിന്തറ്റിക് ട്രാക്കുകൾ മാത്രമാണുണ്ടായിരുന്നത്. ഇപ്പോൾ സംസ്ഥാനത്ത് 22 സിന്തറ്റിക് ട്രാക്കുകളുണ്ട്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കായിക രംഗത്ത് ഈ സർക്കാർ ആരംഭിച്ച വിപുലമായ പദ്ധതിയാണ് 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതി. ഈ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, നമ്മുടെ സംസ്ഥാനത്ത് 425 പഞ്ചായത്തുകൾക്കാണ് സ്വന്തമായി കളിക്കളം ഇല്ലാത്തതായി കണ്ടെത്തിയിട്ടുള്ളത്. അതിൽ 86 പഞ്ചായത്തുകളിൽ കളിക്കളങ്ങൾ നിർമ്മിക്കുന്ന പദ്ധതി നല്ല രീതിയിൽ പുരോഗമിക്കുന്നുണ്ട്. ഏകദേശം 20 കളിക്കളങ്ങളുടെ നിർമ്മാണം ഇപ്പോൾ പൂർത്തീകരിച്ചിട്ടുണ്ട്. കളിക്കളം നിർമ്മിക്കാനായി സ്വന്തമായി സ്ഥലമില്ലാത്ത പഞ്ചായത്തുകൾക്ക് സ്ഥലം വാങ്ങാൻ പണം നൽകുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുവരികയാണ്.

ശ്രീ. ലിന്റോ ജോസഫ്: സർ, കീഴ്കോടതി മുതൽ സുപ്രീംകോടതി വരെ പോയി ഇളിഭ്യരായി നിൽക്കുന്ന പ്രതിപക്ഷം ചോദ്യോത്തരവേള തടസ്സപ്പെടുത്തുന്നത് അപമാനകരമാണ്. കായിക വകുപ്പിന്റെ ജനകീയ പദ്ധതിയായ ഫിറ്റ്നസ് സെന്ററുകൾ

സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും ആരംഭിക്കുന്നതിന് പ്രത്യേക നടപടി സ്വീകരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, തീർച്ചയായും സ്വീകരിക്കുന്നതാണ്. ഇക്കാര്യങ്ങളിൽ ശക്തമായ നടപടികൾ സ്വീകരിച്ചാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

ശ്രീ. എം. വിജിൻ: സർ, ഭിന്നശേഷിക്കാരുടെ സ്പോർട്സിന് വൻപ്രചാരം ലഭിക്കുന്ന സാഹചര്യത്തിൽ പാരാ കായിക മേഖലയുടെ പ്രോത്സാഹനത്തിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്? നിലവിൽ 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതി നടപ്പാക്കുന്നുണ്ട്. സംസ്ഥാനത്തെ വായനശാലകളുടെയും ക്ലബ്ബുകളുടെയും കൈവശമുള്ള സ്ഥലങ്ങൾ എം.എൽ.എ. ഫണ്ട് ഉൾപ്പെടെ ഉപയോഗിച്ച് കളിസ്ഥലമാക്കി മാറ്റുന്നതിന്റെ സാധ്യതയെക്കുറിച്ച് സർക്കാർ പരിശോധിക്കുമോ? ചോദ്യോത്തരവേള തടസ്സപ്പെടുത്തുന്ന പ്രതിപക്ഷത്തിന്റെ ജനാധിപത്യവിരുദ്ധ സമീപനത്തെ വളരെ ഗൗരവമായി കാണണം. പരിപാടി അവതരിപ്പിക്കുന്നിടത്തെല്ലാം ദയനീയാവസ്ഥയാണ് പ്രതിപക്ഷത്തിനുണ്ടാകുന്നതെന്ന് ജനങ്ങൾക്ക് തിരിച്ചറിയാൻ സാധിക്കും.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഭിന്നശേഷി സ്പോർട്സിന് നിലവിൽ വലിയ പ്രചാരമാണ് ലഭിച്ചുവരുന്നത്. ഇന്ത്യയുടെ റിക്കോർഡ് പ്രകടനമായിരുന്നു പാരാ ഒളിമ്പിക്സിൽ നമ്മൾ കണ്ടത്. കേരളത്തിലെ ആദ്യത്തെ ഭിന്നശേഷി സൗഹൃദ സ്റ്റേഡിയം ഒറ്റപ്പാലത്ത് നിർമ്മിക്കുകയാണ്. ഭിന്നശേഷി വിഭാഗങ്ങൾക്കായുള്ള പാരാ സ്പോർട്സിന് കേരള സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ എല്ലാ കാര്യങ്ങളും പരിശോധിക്കുന്നുണ്ട്.

ന്യൂനപക്ഷ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പുകൾ

3 (*214) ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ മേഖലകളിൽ ന്യൂനപക്ഷ വിദ്യാർഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പുകൾ വർധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ന്യൂനപക്ഷ വിദ്യാർഥികൾക്ക് നൽകിവരുന്ന വിവിധ ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, (എ) ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്തുവരുന്ന സ്കോളർഷിപ്പുകളിൽ അപേക്ഷകരുടെ എണ്ണം വർധിക്കുന്നതിനനുസരിച്ച് എല്ലാ വർഷവും സ്കോളർഷിപ്പുകളുടെ എണ്ണവും തുകയും വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്തുവരുന്ന സ്കോളർഷിപ്പുകളിൽ പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പിനും ഉപപദ്ധതികൾക്കുമായി 2023-24 സാമ്പത്തിക വർഷം 652 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി

സ്കോളർഷിപ്പിനും ഉപപദ്ധതികൾക്കുമായി 2024-25 സാമ്പത്തിക വർഷം മുതൽ 714 ലക്ഷം രൂപ ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. കൂടാതെ ഐ.റ്റി.സി. ഫീ റീ-ഇംബേഴ്സ്മെന്റ് സ്കോളർഷിപ്പിനും നൈപുണ്യ പരിശീലന പദ്ധതികൾക്കുമായി 2023-24 സാമ്പത്തിക വർഷം 482 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതിനും 2024-25 സാമ്പത്തിക വർഷം മുതൽ 582 ലക്ഷം രൂപ ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്.

(ബി) ന്യൂനപക്ഷ വിദ്യാർഥികൾക്ക് നൽകിവരുന്ന വിവിധ ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാർ നിർത്തലാക്കിയ പ്രീമെട്രിക് സ്കോളർഷിപ്പിന് പകരമായി സംസ്ഥാന സർക്കാർ ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന 'മാർഗദീപം' എന്ന പേരിൽ പുതിയ സ്കോളർഷിപ്പ് 2024-25 മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷവും നടപ്പുസാമ്പത്തിക വർഷവും ഈ പദ്ധതിക്കായി 20 കോടി രൂപ (ഇരുപത് കോടി രൂപ മാത്രം) ബജറ്റിൽ വകയിരുത്തിയിരുന്നു.

കേന്ദ്ര സർക്കാർ നിർത്തലാക്കിയ മൗലാനാ ആസാദ് നാഷണൽ ഫെലോഷിപ്പിന് പകരമായി ന്യൂനപക്ഷ വിഭാഗത്തിലെ ഗവേഷണ വിദ്യാർഥികൾക്ക് ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന പുതിയൊരു പദ്ധതി നടപ്പാക്കുന്നതിന് നടപ്പ് സാമ്പത്തികവർഷം 600 ലക്ഷം രൂപ വകയിരുത്തുകയും പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അടുത്ത വർഷവും സ്കോളർഷിപ്പുകൾക്ക് അനുവദിക്കുന്ന തുക വർധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

<u>ശ്രീ. മാത്യൂ ടി. തോമസ്</u>: സർ, സ്കോളർഷിപ്പുകൾക്ക് അനുവദിക്കുന്ന തുക ന്യൂനപക്ഷക്ഷേമ വകുപ്പ് ചെലവാക്കാറില്ലെന്ന വാർത്ത ഇടയ്ക്കിടെ പത്രങ്ങളിൽ വരാറുണ്ട്.

പ്രധാനമായും ചില ആളുകൾ മനഃപൂർവം പ്രചരിപ്പിക്കുന്ന വാർത്തയായി അത് തോന്നാറുണ്ട്. അതിൽ എന്തെങ്കിലും വസ്തുതയുണ്ടോ; വിശദമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, വളരെ തെറ്റായ പ്രചാരണമാണത്. ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന മുഴുവൻ സ്കോളർഷിപ്പുകളും കൃത്യമായി അർഹരുടെ കൈകളിലെത്തിക്കാൻ ശ്രമിക്കുന്നുണ്ട്. സ്കോളർഷിപ്പുകൾ ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നത് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പ്രകാരമാണ്. ഒരു വിഭാഗത്തിൽനിന്നും മതിയായ അപേക്ഷകർ ഇല്ലെങ്കിൽ അത് മറ്റ് വിഭാഗങ്ങൾക്ക് അനുവദിക്കാൻ കഴിയില്ല. ന്യൂനപക്ഷ സ്കോളർഷിപ്പിനായി ധാരാളം അപേക്ഷകൾ വരുന്ന സാഹചര്യത്തിൽ ഈ ഇനത്തിൽ വകുപ്പിന് അനുവദിക്കുന്ന തുക കൃത്യമായും പൂർണ്ണമായും സമയബന്ധിതമായും ചെലവഴിക്കാൻ സാധിക്കുന്നുണ്ട്.

ശ്രീ. മാത്യു ടി. തോമസ്: സർ, കേന്ദ്ര ഗവൺമെന്റ് നിർത്തലാക്കിയ പ്രീമെട്രിക് സ്കോളർഷിപ്പിന് പകരമായി ന്യൂനപക്ഷ വിദ്യാർഥികൾക്ക് ആനുകൂല്യം ലഭിക്കാൻ എന്തെങ്കിലും പദ്ധതികൾ സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഇത്തരത്തിലുള്ള ധാരാളം പദ്ധതികൾ ഇപ്പോൾ നടപ്പാക്കിവരുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് നിർത്തലാക്കിയ നിരവധി സ്കോളർഷിപ്പുകൾ സംസ്ഥാന ഗവൺമെന്റ് നൽകുന്നുണ്ട്. 'ചീഫ് മിനിസ്റ്റേഴ്സ് റിസർച്ച് ഫെല്ലോഷിപ്പ് ഫോർ മൈനോറിറ്റീസ്'' എന്ന പുതിയൊരു സ്കോളർഷിപ്പുകൂടി ആരംഭിക്കുന്നുണ്ട്. ഇതിനായി ബജറ്റിൽ ആറ് കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

ശ്രീ. തോമസ് കെ. തോമസ്: സർ, ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിൽ കഴിഞ്ഞ വർഷവും നടപ്പുവർഷവും അനുവദിച്ച പുതിയ പദ്ധതികൾ എന്തൊക്കെയാണ്? എല്ലാ പഞ്ചായത്തുകൾക്കും കളിക്കളങ്ങൾ അനുവദിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരുന്നു. എന്റെ മണ്ഡലമായ കുട്ടനാട്ടിൽ അത്തരത്തിലൊരു കളിക്കളം അനുവദിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, ജൈന, പാഴ്സി തുടങ്ങി എല്ലാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കും കേരള സംസ്ഥാന ന്യൂനപക്ഷ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ ന്യൂനപക്ഷ സ്കോളർഷിപ്പുകളും വ്യത്യസ്തങ്ങളായ പദ്ധതികളും നടപ്പാക്കുന്നുണ്ട്. സ്കോളർഷിപ്പുമായി ബന്ധപ്പെട്ട പുതിയ പദ്ധതികളെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം ന്യൂനപക്ഷ വിഭാഗങ്ങൾക്കായി ധാരാളം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. രാജ്യത്തിനകത്തും പുറത്തുമുള്ള വിവിധ മേഖലകളിലെ തൊഴിലവസരങ്ങൾ ലക്ഷ്യമിട്ടുകൊണ്ട് ധാരാളം ഏജൻസികൾ സ്കിൽ ഡെവലപ്മെന്റ് പരിശീലനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർഥികൾക്കായി ഏജൻസികളുടെ സഹായത്തോടുകൂടി നൈപുണ്യ വികസന പദ്ധതികൾ ആരംഭിക്കുന്നത് ഗുണകരമാകുമെന്നതിനാൽ സർക്കാർ അത്തരം പദ്ധതികൾ നടപ്പാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയാണ്?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, സംസ്ഥാനത്ത് ന്യൂനപക്ഷ വകുപ്പിന് കീഴിൽ നിലവിൽ 24 ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങളും 28 ഉപകേന്ദ്രങ്ങളുമാണുള്ളത്. കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ കണ്ണനല്ലൂർ, കായംകുളം, മട്ടാഞ്ചേരി, പട്ടാമ്പി, വളാഞ്ചേരി, പേരാമ്പ്ര, ചൊക്ലി, ആലത്തിയൂർ എന്നിവിടങ്ങളിൽ ആരംഭിച്ച എട്ട് പുതിയ പരിശീലന കേന്ദ്രങ്ങൾ ഉൾപ്പെടെ ആകെ 19 കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വിദേശ പഠനങ്ങൾക്കുള്ള പരിശീലനം മാത്രമല്ല ഐ.എ.എസ്., ഐ.പി.എസ്. തുടങ്ങിയ പരീക്ഷകൾക്ക് ന്യൂനപക്ഷ വിദ്യാർഥികളെ തയ്യാറെടുപ്പിക്കുന്നതിനുള്ള പരിശീലന കേന്ദ്രങ്ങളും ഇപ്പോൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

ശ്രീ. കെ. പി. മോഹനൻ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ അടുത്ത വർഷവും ന്യൂനപക്ഷ സ്കോളർഷിപ്പുകൾക്ക് അനുവദിക്കുന്ന തുക വർധിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് പറഞ്ഞത് സ്വാഗതാർഹവും അഭിനന്ദനാർഹവുമാണ്. ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനും വികസനത്തിനുമായി സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ നല്ല രീതിയിൽ പ്രവർത്തിച്ചുവരികയാണ്. നാളിതുവരെ 6300 പേർക്ക് 250 കോടിയോളം രൂപ വായ്പ നൽകാൻ നമുക്ക് സാധിച്ചിട്ടുണ്ട്. വർഷങ്ങൾക്കുശേഷം കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ഇപ്പോൾ ലാഭത്തിലേക്ക് വന്നിട്ടുണ്ട്. അതോടൊപ്പംതന്നെ നിലവിലുള്ള പദ്ധതികൾ പരിഷ്കരിക്കുകയും വിധവകളായ

സ്ത്രീകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും വീട് വയ്ക്കുന്നതിനുമുള്ള ധനസഹായം തുടങ്ങി ധാരാളം പുതിയ പദ്ധതികൾ സർക്കാർ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സ്വയംതൊഴിൽ കണ്ടെത്താൻ ഏറ്റവും കുറഞ്ഞ പലിശ നിരക്കിൽ വായ്പ അനുവദിക്കുന്നതിൽ ഇപ്പോൾ പുരോഗതിയുണ്ട്.

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്.... പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽപോയി ഇരിക്കണം. ഇത്തരത്തിൽ ചെയറിന്റെ മുഖം മറച്ചാൽ എന്തുചെയ്യും? ശബരിമല വിഷയം ചർച്ച ചെയ്യുന്നതുമായി ബന്ധപ്പെട്ട് നിങ്ങൾ ഒരു നോട്ടീസുപോലും നൽകിയിട്ടില്ല. ഈ വിഷയം ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. ഇതുസംബന്ധിച്ച് അന്വേഷണം നടത്താൻ ഹൈക്കോടതി സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ ഏർപ്പാടാക്കിയിരിക്കുകയാണ്. അതിനപ്പുറം എന്ത് ചെയ്യാൻ സാധിക്കും? പ്രതിപക്ഷാംഗങ്ങൾ ദയവായി സീറ്റുകളിലേയ്ക്ക് പോകണം. സഭാനടപടികൾ തടസ്സപ്പെടുത്തരുത്. .....(ബഹളം)..... സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ ചോദ്യോത്തരവേള റദ്ദുചെയ്യുന്നു, സഭ അല്പസമയത്തേക്ക് നിർത്തിവയ്ക്കുന്നു.+

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 9.21-ന് താൽക്കാലികമായി നിർത്തിവച്ച സഭ 09.58-ന് പുനരാരംഭിച്ചു.)

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... സ്ലോഗൻസും പ്രൊട്ടസ്റ്റുമൊക്കെ ഡെമോക്രസിയുടെ ഭാഗമാണ്. പക്ഷേ, മുദ്രാവാക്യം വിളിക്കുമ്പോൾ ഡെക്കോറം കീപ്പ് ചെയ്യണം. ചെയർ ആരുടെയും പേര് പരാമർശിക്കുന്നില്ല.

+ രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ശബരിമലയിലെ സ്വർണ്ണപ്പാളി വിവാദവുമായി ബന്ധപ്പെട്ട് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

9.58 a.m]

ll ശ്രദ്ധക്ഷണിക്കൽ

ഭാഷാ ന്യൂനപക്ഷങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ്

ശ്രീ. എ. രാജ: സർ, കേരളത്തിലെ ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് നിലവിൽ അനുഭവപ്പെടുന്ന പ്രയാസങ്ങൾ പരിഹരിക്കണമെന്ന ആവശ്യമാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഉന്നയിക്കുന്നത്. ഒരു പ്രധാനപ്പെട്ട വിഷയം സഭയുടെ മുമ്പിൽ കൊണ്ടുവരുമ്പോൾ പ്രതിപക്ഷം ഇങ്ങനെ ബഹളം വയ്ക്കുന്നത് ശരിയാണോ? ബ്രിട്ടീഷുകാരുടെ ഭരണകാലത്ത് അതായത് 1950-ന് മുമ്പ്, ഐക്യകേരളം രൂപപ്പെടുന്നതിനുമുമ്പ് ആറും ഏഴും തലമുറകളായി തോട്ടം മേഖലകളിലേക്ക് കുടിയേറിയ സ്ഥിരതാമസക്കാരാണ് ഭാഷാ ന്യൂനപക്ഷ വിഭാഗക്കാർ. 1950-ലെ പ്രസിഡൻഷ്യൽ ഉത്തരവനുസരിച്ച് കേരളത്തിൽ ജാതി സർട്ടിഫിക്കറ്റ് ലഭിക്കണമെങ്കിൽ 1950-നുമുമ്പ് കേരളത്തിലെത്തിയെന്ന് തെളിയിക്കുന്ന രേഖകളുണ്ടായിരിക്കണം. സംസ്ഥാന പട്ടികജാതി, പട്ടികവർഗ പട്ടികയിൽ ഉൾപ്പെടുന്ന സമുദായമായിട്ടുപോലും 1950-ലെ പ്രസിഡൻഷ്യൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആധികാരിക രേഖകളില്ലാത്തതിനാൽ ജാതി സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് ഭാഷാ ന്യൂനപക്ഷങ്ങൾ വളരെയധികം ബുദ്ധിമുട്ടുകയാണ്.

കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ച് കേരള സർക്കാർ പുറപ്പെടുവിച്ച ജി.ഒ. നം. 10/86 അനുസരിച്ചുള്ള എട്ടോളം രേഖകൾ പ്രകാരമാണ് ജാതി സർട്ടിഫിക്കറ്റുകൾ നിലവിൽ അനുവദിക്കുന്നത്. എന്നാൽ അതിൽ പറഞ്ഞിരിക്കുന്ന കുറെ കാര്യങ്ങൾ പ്രായോഗികമല്ലാത്തവയാണ്. അതായത്, ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി 1950-നുമുമ്പുള്ള സ്കൂൾ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് പറയുന്നുണ്ട്. എന്നാൽ ആ സമയത്ത് സ്കൂളിൽ പോകാത്ത ആളുകളുണ്ട്. അത്തരത്തിലുള്ള നിരവധി പ്രശ്നങ്ങൾ നിലവിലുണ്ട്. ലോക്കൽ എൻക്വയറി നടത്തി അതേ സമുദായത്തിൽപ്പെട്ടവരുടെയും 70 വയസ്സ് കഴിഞ്ഞവരുടെയും അയൽക്കാരുടെയും സാക്ഷിമൊഴികൾ രേഖപ്പെടുത്തി സർട്ടിഫിക്കറ്റ് നൽകുന്ന അവസ്ഥയാണ് നിലവിലുള്ളത്. എന്റെ നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഈ വിഷയം ഉന്നയിച്ചുകൊണ്ട് എതിരാളികൾ ഹൈക്കോടതിയിൽ കേസ് നൽകി. എന്നാൽ എന്റെ തിരഞ്ഞെടുപ്പ് റദ്ദാക്കിയ ഹൈക്കോടതി വിധി സുപ്രീംകോടതി പുനഃസ്ഥാപിക്കുകയാണുണ്ടായത്. 1950-ലെ Constitution (Scheduled Castes) Order 1976-ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. എന്നാൽ ഇപ്പോഴും 1950-ലെ പ്രസിഡൻഷ്യൽ ഉത്തരവനുസരിച്ചാണ് ജാതി സർട്ടിഫിക്കറ്റ് നൽകുന്നത്. 1969-ലെ കേരള ഔദ്യോഗിക ഭാഷ ആക്ട് കണക്കിലെടുത്തും കേരളത്തിൽ ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങളുടെ ഭാഷാപരവും സാമൂഹ്യപരവുമായ പ്രശ്നങ്ങൾ പഠിക്കുന്നതിനും ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള തടസ്സം മാറ്റുന്നതിനുംവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഡോ. നടുവട്ടം ഗോപാലകൃഷ്ണനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചുകൊണ്ട് ഒരു കമ്മീഷനെ നിയമിക്കുകയും അദ്ദേഹം റിപ്പോർട്ട്

നൽകുകയും ചെയ്തിട്ടുണ്ട്. ഒരു പൗരന് ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങൾ നിലനിർത്തിക്കൊണ്ട് ഈ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാണ് ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 1950-നുമുമ്പ് ഇതര സംസ്ഥാനത്തുനിന്ന് കുടിയേറുകയും കേരളത്തിൽ സ്ഥിര താമസമാക്കുകയും ചെയ്ത തമിഴ് ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് മാത്രമാണ് നിലവിലെ ചട്ടപ്രകാരം ജാതി സർട്ടിഫിക്കറ്റ് അനുവദിച്ചിരുന്നത്. ഈ കാലപരിധി 1970 ജനുവരി 1-നുമുമ്പ് എന്ന് പുനർനിർണ്ണയിക്കുന്നത് ഉചിതമായിരിക്കുമെന്നാണ് ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ റിപ്പോർട്ടിൽ ശിപാർശ ചെയ്തിരിക്കുന്നത്. 1950-ന് മുമ്പ് കേരളത്തിലുണ്ടായിരുന്ന തിരുവിതാംകൂർ, കൊച്ചി, മദ്രാസ് പ്രസിഡൻസി ഭരണമേഖലകളിലെ കുടിയേറ്റം, സ്ഥിരവാസം എന്നിവ സംബന്ധിച്ച് ആധികാരിക രേഖകളൊന്നും ലഭ്യമല്ലാത്തതിനാൽ നിലവിലെ വ്യവസ്ഥ പരിഷ്കരിക്കുന്നതിന് വിശദമായ പരിശോധനകൾ ആവശ്യമാണ്. കുടിയേറ്റവുമായി ബന്ധപ്പെട്ട വിഷയങ്ങൾ യൂണിയൻ ലിസ്റ്റിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ആയതിനാൽ കേന്ദ്ര സർക്കാരിന് മാത്രമേ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്താൻ കഴിയുകയുള്ളൂ. കേരളത്തിലേക്ക് കുടിയേറിയ ഒരാൾക്ക് സമുദായ സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് കേന്ദ്ര സർക്കാർ നിർദേശപ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ്. നിലവിലുള്ള നിബന്ധനകളിൽ മാറ്റം വരുത്തുന്നതിനും ആവശ്യമായ ഭേദഗതി നിർദേശിക്കുന്നതിനുമായി 16-04-2025-ൽ ബന്ധപ്പെട്ട മന്ത്രിമാരുടെ യോഗം ചേർന്നിരുന്നു. അതിന്റെയടിസ്ഥാനത്തിൽ വിശദമായ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 26-08-2025-ൽ ചേർന്ന

ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെ യോഗം ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്താൻ തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. എ. രാജ: സർ, 1950-നുമുമ്പ് മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ഇവിടേയ്ക്ക് കുടിയേറിയവരുടെ ലിസ്റ്റ് സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ താലൂക്കുതലത്തിൽ പ്രസ്തുത ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഈ വിഷയം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതിൽ സംസ്ഥാന സർക്കാരിന് ചെയ്യാവുന്ന കാര്യങ്ങൾ വളരെ പരിമിതമാണ്. കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ഇക്കാര്യത്തിൽ ആവശ്യമാണ്. അതിനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

(നോട്ടീസ് നൽകിയ അംഗം ശ്രീ. എ. കെ. എം. അഷ്റഫ് സീറ്റിൽ ഇല്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: സഭാനടപടികൾ നിരന്തരം തടസ്സപ്പെടുത്തുന്ന സാഹചര്യത്തിൽ മറ്റ് നടപടികളിലേക്ക് കടക്കാൻ ചെയർ നിർബന്ധിതമാകുകയാണ്.

ഓർഡർ... ഓർഡർ.. ഇന്നത്തെ സബ്മിഷനുകളുടെ മറുപടികൾ ബഹുമാനപ്പെട്ട മന്ത്രിമാർക്ക് മേശപ്പുറത്തുവയ്ക്കാവുന്നതാണ്*.

(പ്രതിപക്ഷാംഗങ്ങൾ ബഹളം തുടർന്നുകൊണ്ടിരുന്നതിനാൽ സബ്മിഷനുകൾക്കുള്ള മറുപടി ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മേശപ്പുറത്തുവയ്ക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ നിർദേശിക്കുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേയ്ക്ക് കടക്കുകയും ചെയ്തു.)

*അനുബന്ധമായി ചേർത്തിട്ടുണ്ട്.

10.04 a.m]

III റിപ്പോർട്ട് സമർപ്പണം

1. സബ്ജക്ട് കമ്മിറ്റി II-ന്റെ 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്കരണ) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ ചെയർപേഴ്സണായ ഞാൻ 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്കരണ) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

2. സബ്ജക്ട് കമ്മിറ്റി VI-ന്റെ 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ, 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ എന്നിവ സംബന്ധിച്ച റിപ്പോർട്ടുകൾ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ ചെയർപേഴ്സണായ ഞാൻ 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ, 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

3. സബ്ജക്ട് കമ്മിറ്റി XII-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ ചെയർപേഴ്സണായ ഞാൻ സമിതിയുടെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

സമർപ്പിക്കുന്നു.

4. സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ, 2025-ലെ മലയാള ഭാഷാ ബിൽ, 2025-ലെ കേരള പൊതു സേവനാവകാശ ബിൽ എന്നിവ സംബന്ധിച്ച റിപ്പോർട്ടുകൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ ചെയർപേഴ്സണായ ഞാൻ 2025-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല (ഭേദഗതി) ബിൽ, 2025-ലെ മലയാളഭാഷാ ബിൽ, 2025-ലെ കേരള പൊതു സേവനാവകാശ ബിൽ എന്നിവ സംബന്ധിച്ച റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

5. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഇരുപത്തിരണ്ട് മുതൽ ഇരുപത്തിയഞ്ച് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ചെയർപേഴ്സണായ ഞാൻ സമിതിയുടെ ഇരുപത്തിരണ്ട് മുതൽ ഇരുപത്തിയഞ്ച് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

10.07 a.m]

IV. ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന

2024 ഡിസംബർ 31-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 232/2024/കോ-ഓപ്പ്. (എസ്.ആർ.ഒ. നമ്പർ 1203/2024) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2024-ലെ കേരള സഹകരണ സംഘങ്ങൾ (രണ്ടാം ഭേദഗതി) ചട്ടങ്ങൾക്കുള്ള ഭേദഗതികളുടെ പരിഗണന

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കേരള സഹകരണ സംഘങ്ങൾ (അമെന്റ്മെന്റ്) റൂൾസ് 2024-ന് താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

1. In principal Rule 4(iv) proposed to be amended by Rule 2(3) (b) for the words and digit “as per section 7” the words, brackets, letter, symbols and digit “as per clause

(f) of sub-section (1) of section 7" shall be substituted.

2. In the sub-Rule (3) of Rule 13A proposed to be inserted in the principal Rule by Rule 2(8) after the words "net profit of the society" the words and symbol "with the prior approval of the Registrar based on the resolution passed by the general body of the society/bank concerned and" shall be added.

3. After the sub-Rule (7) of Rule 13A proposed to be added in the principal Rule by Rule 2(8) the following sub-Rule (8) shall be added:

"(8) No subsidiary institution shall be promoted on or after the commencement of the Kerala Co-operative Societies (Amendment) Act, 2023 under sub-section (4) of section 14 AA of the Act, except those working immediately before the commencement of the said Act."

4. In the sub-Rule (5) of Rule 16 proposed to be added in the principal Rule by Rule 2(10)(b) after the words and symbol "as the case may be" the words "the newly elected committee on assuming charge" shall be substituted.

5. In Rule 16F proposed to be added in the principal Rule by Rule 2(12) for the words, symbol, brackets, figures and letters "sub-section (1) of section 16B" the words, symbol, brackets, figures and letters "sub-section (1) of section 16" shall be substituted.

6. In Rule 33(3A) proposed to be added in the principal Rule by Rule 2(16)(b) for the words and symbol "co-operative societies," the words and symbol "co-operative societies on time" shall be substituted.

7. In the proviso to clause (i) of Rule 35CA proposed to be added in the principal Rule by Rule 2(19) for the words and symbol "fourty years," the words, symbol, brackets, letters, figures "forty years on the date of filing of nomination for election under sub-section (1CA) of section 28 of the Act" shall be substituted.

8. In the proviso to clause (i) of Rule 35CA proposed to be added in the principal Rule by Rule 2(19) for the word and symbol "category." the words, brackets, letters and figures and symbol "as per sub-section (1) of section 28A of the Act." shall be

inserted.

9. In sub-Rule (5) of Rule 37A proposed to be added in the principal Rule by Rule 2(22) after the words and symbol "co-opt the persons or representatives" the words and symbol "within six months from the date on which the Committee is constituted," shall be inserted.

10. In Rule 38(7) proposed to be added in the principal Rule by Rule 2(23)(b) after the words "details such" the word "as" shall be inserted.

11. In Rule 43B proposed to be added in the principal Rule by Rule 2(25) after the words and symbol "functioning of the society." the words and symbol "and it shall be reported to the Registrar." shall be inserted.

12. In sub-rule (1A) proposed to be added in the principal Rule 44 by 2(26)(b) the words "Urban Bank" the words and symbol "Urban Co-operative Bank" shall be substituted.

13. In principal Rule 44(1)(g) the words and symbols ", or a leper;" and the proviso to that sub-rule shall be omitted.

14. In Rule 54(1) proposed to be substituted in the principal Rule by 2(32)(a) for the words "lease of land on" the words "lease of land or" shall be substituted.

15. In Rule 54(1B) proposed to be added in the principal Rule by Rule 2(32)(b) for the words "in a building" the words "in it a building" shall be substituted.

16. In Rule 56A(1) proposed to be added in the principal Rule by Rule 2(33) for the word "placed" the word "pledged" shall be substituted.

17. In Rule 56A(1) proposed to be added in the principal Rule by Rule 2(33) for the words "amount granted" the words and symbol "amount that may be granted," shall be substituted.

18. In Rule 56A(2) proposed to be added in the principal Rule by Rule 2(33) for the words "done by a panel" the words and symbols ", authorised by the Committee, consisting" shall be substituted.

19. In Rule 56A(2) proposed to be added in the principal Rule by Rule 2(33) for the words “committee for fixing value” the words “panel for fixing value” shall be substituted.

20. In Rule 56A(2) proposed to be added in the principal Rule by Rule 2(33) for the words “the Committee shall submit” the words “The panel shall submit” shall be substituted.

21. In Rule 56A(2) proposed to be added in the principal Rule by Rule 2(33) for the words “amount granted” the words and symbol “amount that may be granted,” shall be substituted.

22. In Rule 68 of the principal Rule proposed to be amended by Rule 2(37) after the words “within fifteen days” the words and symbol “of passing such award, decision or order” shall be inserted.

23. In Rule 69(12) of the principal Rule proposed to be substituted by Rule 2(38)(b) for the words, brackets, symbol and figures “from the date of commencement of the Kerala Co-operative Societies (Amendment) Act, 2023 (Act 9 of 2024)” the words “from the date of issue of such extension order” shall be substituted.

24. In Rule 182(4)(i) of the principal Rule proposed to be substituted by Rule 2(47)(b) (i) for the words “mode of application” the words “mode of submitting the application” shall be substituted.

25. In Form No. 3B of Appendix II to the principal Rule proposed to be added by Rule 2(4) for the words and figure “under section 8” the words, bracket, symbol and figures “under sub-section(2) of section 10” shall be substituted.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, സഹകരണ നിയമം സമഗ്രമായി ഭേദഗതി ചെയ്ത് 2024-ൽ നിയമസഭ ഐകകണ്ഠ്യേന അംഗീകരിച്ചിരുന്നു. ഇതിനെത്തുടർന്ന് സഹകരണ ചട്ടങ്ങളും 2024 ഡിസംബറിൽ ഭേദഗതി ചെയ്ത് ഉത്തരവായിരുന്നു. ടി ചട്ടത്തിലെ ഭേദഗതിയിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനാണ്

ബഹുമാനപ്പെട്ട അംഗം ഡോ. എൻ. ജയരാജ് ഭേദഗതി നോട്ടീസ് സമർപ്പിച്ചിട്ടുള്ളത്. സഹകരണ ചട്ടത്തിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനും മികവേറ്റുന്നതിനുമായി ബഹുമാനപ്പെട്ട എം.എൽ.എ. നടത്തിയ പരിശ്രമത്തെ അംഗീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. ബഹുമാനപ്പെട്ട അംഗം നിർദേശിച്ചതിൽ 1, 12, 19, 20, 22 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു.

8, 14, 15, 18 എന്നീ നമ്പർ ഭേദഗതികൾ താഴെപ്പറയുന്ന ഭേദഗതികളോടെ സ്വീകരിക്കുന്നു.

8. In the proviso to clause (i) of Rule 35CA proposed to be added in the principal Rule by Rule 2(19) for the words and symbol "women reservation category." the words, brackets, letters, figures and symbol "as per sub-section (1) of section 28A of the Act" shall be inserted and after the words "general category" the words, brackets, letters and figures "as per sub section (1CA) of Section 28 of the act" shall be inserted.

14. In Rule 54(1) proposed to be substituted in the principal Rule by 2(32)(a) for the words "the purchase or lease of land on acquisition" the words "acquiring land by way of purchase or lease" shall be substituted.

15. In Rule 54(1B) proposed to be added in the principal Rule by Rule 2(32)(b) for the words "in a building" the words "a building" shall be substituted.

18. In Rule 56A(2) proposed to be added in the principal Rule by Rule 2(33) after the words "done by a panel of five members" the words "authorised by the committee" shall be inserted and after the words "two members of the committee" the words "nominated by the committee of the society" shall be omitted.

7, 10, 16 എന്നീ നമ്പർ ഭേദഗതി നിർദേശങ്ങൾ പരിഗണിച്ച് തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

2, 3, 4, 5, 6, 9, 11, 13, 17, 21, 23, 24 & 25 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു. മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

10.09 a.m]

V. നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:

(i) 2024-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണിത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. കേരളത്തിലെ കർഷകർ ഉൽപാദിപ്പിക്കുന്ന പഴവർഗങ്ങൾ, പച്ചക്കറികൾ എന്നിവ പാഴായി പോകുന്നത് തടയുന്നതിനായി അതുപയോഗിച്ച് ഹോർട്ടി വൈൻ നിർമ്മിക്കുകയും അതിന് നികുതിഘടന ഏർപ്പെടുത്തുകയും ചെയ്യണമെന്ന ആവശ്യത്തിന്റെ ഭാഗമായാണ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നത്. ഏറ്റവും

കൂടുതൽ പഴങ്ങളും പച്ചക്കറികളും ഉൽപാദിപ്പിക്കുന്ന സംസ്ഥാനത്ത് അവയ്ക്ക് ന്യായവില ലഭിക്കുന്നില്ലെന്നതും പെരിഷബിൾ കമ്മോഡിറ്റി എന്ന നിലയിൽ അവ പെട്ടെന്ന് കേടായിപ്പോകുന്നതും പരിഹരിക്കാൻ വേണ്ടിയാണ് 2023-ലെ ബജറ്റ് പ്രഖ്യാപനത്തിന്റെയും തുടർന്ന് സ്വീകരിച്ച നടപടികളുടെയും ഭാഗമായി ഈ ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത്. അതുസംബന്ധിച്ച നിർദേശവും ബില്ലിൽ ഉൾപ്പെടുന്നുണ്ട്. പ്രതിപക്ഷം ഇത്തരത്തിൽ ബഹളം വയ്ക്കുന്നത് അങ്ങേയറ്റം വിഷമകരമാണ്. പ്രതിപക്ഷനേതാവുൾപ്പെടെ ഇവിടെ ഇരിക്കുമ്പോൾ പ്രതിപക്ഷാംഗങ്ങൾ വലിയ ബാനർ ഉപയോഗിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ മുഖം മറച്ചുകൊണ്ട് കേരളത്തിലെ ജനങ്ങളിൽനിന്ന് ഈ ചർച്ചകളും ജനാധിപത്യരീതികളും മറയ്ക്കാൻ ശ്രമിക്കുകയാണ്. എന്നാൽ സത്യസന്ധമായ കാര്യങ്ങൾ ഇത്തരത്തിൽ ബാനർ ഉപയോഗിച്ച് മറയ്ക്കാൻ സാധിക്കില്ല. ശബരിമല വിഷയത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് നിലപാടെടുക്കുകയും പ്രത്യേക ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിക്കുകയും ചെയ്തു. അതിനപ്പുറം വേറെ എന്തുചെയ്യാനാണ്? പുറത്ത് ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും അകത്ത് കോൺഗ്രസും കൂടി ഇടതുപക്ഷ ഗവൺമെന്റിനെതിരെ നടത്തുന്ന നാടകമാണിത്. നിങ്ങൾ ഒരുമിച്ചുള്ള പ്ലാനിങ്ങിന്റെ ഭാഗമാണിത്. ചില കാര്യങ്ങളുമായി നിങ്ങൾ സുപ്രീംകോടതിയെ വരെ സമീപിച്ചു. എന്നാൽ 'ഫൈൻ അടിക്കണോ' എന്നാണ് നിങ്ങളുടെ മെമ്പർമാരോട് സുപ്രീംകോടതി ചോദിച്ചത്. എത്രയോ കാലങ്ങളായി ഇവരിങ്ങനെ ചെയ്തുകൊണ്ടിരിക്കുകയാണ്. കോടതിയെ വെല്ലുവിളിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. ഇവർ നേരത്തെ ചെയ്തതിന്റെ തുടർച്ചയാണിത്. നിങ്ങൾ എന്തൊക്കെയാണ് ഇവിടെ

കാട്ടിക്കൂട്ടുന്നതെന്ന് കേരളത്തിലെ ജനങ്ങൾ കാണുകയാണ്. കേരളത്തിലെ സാധാരണക്കാരുടെ വരുമാനത്തിൽ വലിയ മാറ്റമുണ്ടാകുന്ന ഹോർട്ടി വൈൻ ഉൾപ്പെടെയുള്ളവ ഉൽപാദിപ്പിക്കുന്ന കാര്യങ്ങളാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ധാരാളം ബില്ലുകൾ ഈ സമ്മേളനത്തിൽ പരിഗണിക്കുന്നുണ്ട്. ലോകത്ത് തന്നെ ആദ്യമായി ഏക കിടപ്പാടം സംരക്ഷണ ബിൽ കൊണ്ടുവരികയാണ്. ഇതൊക്കെ ചർച്ച ചെയ്യുന്നത് ജനങ്ങൾ കാണാതിരിക്കാൻ വേണ്ടിയാണ് ബഹളം വച്ചുകൊണ്ടിരിക്കുന്നത്.

ഞാൻ കോളേജിൽ പഠിക്കുന്ന സമയത്താണ് ഏറ്റുമാനൂർ അമ്പലത്തിലെ വിഗ്രഹം മോഷണം പോയത്. അന്ന് വളരെയേറെ ചർച്ചയായ സംഭവമാണത്. വിഗ്രഹം മോഷ്ടിച്ചത് തിരുവനന്തപുരത്തുള്ള കെ.എസ്.യു.-വിന്റെ ഭാരവാഹിയായിരുന്നുവെന്ന് അവസാനം കണ്ടെത്തി. പഴയ സംഭവങ്ങൾ നിങ്ങൾ ഓർക്കേണ്ടതാണ്. പഴയ വാർത്തകൾ വായിച്ചുനോക്കിയാൽ അത് മനസ്സിലാകും. തെറ്റ് ചെയ്യുന്നവർക്കെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദേശിച്ച പ്രകാരമുള്ള അന്വേഷണങ്ങൾ നടത്തി മുന്നോട്ടുപോകാൻ തീരുമാനിക്കുമ്പോൾ അതിനെതിരെ നാടകം കളിക്കുകയോ കൂവുകയോ ചെയ്തിട്ട് യാതൊരു കാര്യവുമില്ല. നിങ്ങൾ കൂവുകയും ബഹളമുണ്ടാക്കുകയും ചെയ്യും. എന്നാൽ ജനങ്ങളോട് കാര്യങ്ങൾ പറയാനുള്ള വേദിയായ ഈ സഭയിൽ പ്രസ്തുത വിഷയം ചർച്ച ചെയ്യാൻ നിങ്ങൾക്ക് ധൈര്യമുണ്ടോ? നിങ്ങൾ വളരെയധികം പാണ്ഡിത്യമുള്ളവരല്ലേ? ഈ സഭയിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങൾ ചർച്ച ചെയ്യാതെ എല്ലാ നടപടിക്രമങ്ങളെയും തടസ്സപ്പെടുത്തുകയല്ലേ ചെയ്യുന്നത്. ഇത് സുതാര്യതയുടെ കാലമാണ്. ധൈര്യമുണ്ടെങ്കിൽ ചർച്ച ചെയ്യണം. കേരളത്തിലെ ജനങ്ങൾ നിങ്ങളെ തിരഞ്ഞെടുത്ത് അയച്ചിരിക്കുന്നത് ഈ

വേദിയിൽ ചർച്ച ചെയ്യാനാണ്, അല്ലാതെ കുവിത്തോൽപ്പിക്കാനല്ല. കുവിത്തോൽപ്പിക്കുന്നത് ജനാധിപത്യമല്ല. ചർച്ച ചെയ്യാൻ തയ്യാറാകാത്ത പ്രതിപക്ഷ നിലപാടിൽ ഞാൻ പ്രതിഷേധിക്കുന്നു. ബില്ലിനെ സംബന്ധിച്ച് കൂടുതൽ പറയുന്നില്ല. ഈ ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർഥിക്കുന്നു.

(വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ വിയോജിപ്പ് രേഖപ്പെടുത്തിയില്ല.)

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....
പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

Shri M. Noushad: Sir, I move the following amendment:

114. In Clause 2 for the words and symbols "In section 5, in sub-section (1), in the explanation (b)" the words and symbols "In the explanation (b) of the sub-section (1) in section 5" shall be substituted.

Shri Linto Joseph: Sir, I move the following amendment:

118. In the explanation (b) of section 5(1) proposed to be amended in the principal Act by Clause 2 for the words and symbol "Horti- wine," the words "horti-wine" shall be substituted.

മി. സ്പീക്കർ: 115, 116 എന്നീ നമ്പർ ഭേദഗതികൾ 114-ാം നമ്പർ ഭേദഗതിക്കും 119 മുതൽ 126 വരെയുള്ള ഭേദഗതികൾ 118-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

Shri K. Babu (Nenmara): Sir, I move the following amendment:

128. In column 2 of item (iv) under the serial number and heading "2 Foreign Liquor" of the schedule proposed to be amended in the principal Act by Clause 3(a) for the word "including" the word "and" shall be substituted.

Shri K. U. Jenish Kumar: Sir, I move the following amendment:

136. In the explanation (ia) to the schedule proposed to be inserted in the principal Act by Clause 3(b) for the words and symbol "Horti-wine" the word "hortiwine" shall be substituted.

Shri H. Salam: Sir, I move the following amendment:

139. In the explanation (ia) to the schedule proposed to be inserted in the principal Act, by Clause 3(b), for the words and symbol "Horti-wine" the word "horti wine" shall be substituted.

Shri Xavier Chittilappilly: Sir, I move the following amendment:

142. In the explanation (ia) to the schedule proposed to be inserted in the principal Act, by Clause 3(b), for the words and symbol "Horti-wine" the word and symbol "horti-wine" shall be substituted.

Shri E. Chandrasekharan: Sir, I move the following amendment:

148. In the explanation (ia) to the schedule proposed to be inserted in the principal Act, by Clause 3(b), the word "same" shall be deleted.

Shri P. T. A. Rahim: Sir, I move the following amendment:

159. In the explanation (ia) to the schedule proposed to be inserted in the principal Act by Clause 3(b) for the word "it" the words and symbol "Horti-wine" shall be substituted.

Shri M. Vijin: Sir, I move the following amendment:

164. The explanation (ia) to the schedule proposed to be inserted in the principal Act by Clause 3(b) shall be recast as follows;

"(ia) "horti-wine" shall have the same meaning as assigned to "Horti-wine" in clause (g) of rule 2 of the Kerala Small Scale Winery (for production of horti-wine from tropical fruits and agricultural products of Kerala) rules 2022.".

Shri K. V Sumesh: Sir, I move the following amendment:

167. The explanation (ia) to the schedule proposed to be inserted in the principal Act, by Clause 3(b), shall be recast as follows;

"(ia) "Horti-wine" shall have the same definition applicable in clause (g) of rule 2 of the Kerala Small Scale Winery (for production of horti-wine from tropical fruits

and agricultural products of Kerala) Rules, 2022".

Shri K. N. Unnikrishnan: Sir, I move the following amendment:

170. The explanation (ia) to the schedule proposed to be inserted in the principal Act, by Clause 3(b), shall be recast as follows;
"(ia) "Horti-wine" means the product obtained on alcoholic fermentation of tropical fruits and agricultural products and containing alcohol up to 15.5%."

മി. സ്പീക്കർ: 129, 130 എന്നീ നമ്പർ ഭേദഗതികൾ 128-ാം നമ്പർ ഭേദഗതിക്കും 137, 138 എന്നീ നമ്പർ ഭേദഗതികൾ 136-ാം നമ്പർ ഭേദഗതിക്കും 140, 141 എന്നീ നമ്പർ ഭേദഗതികൾ 139-ാം നമ്പർ ഭേദഗതിക്കും 143 മുതൽ 147 വരെയുള്ള ഭേദഗതികൾ 142-ാം നമ്പർ ഭേദഗതിക്കും 149 മുതൽ 158 വരെയുള്ള ഭേദഗതികൾ 148-ാം നമ്പർ ഭേദഗതിക്കും 160, 161 എന്നീ നമ്പർ ഭേദഗതികൾ 159-ാം നമ്പർ ഭേദഗതിക്കും 165, 166 എന്നീ നമ്പർ ഭേദഗതികൾ 164-ാം നമ്പർ ഭേദഗതിക്കും 168, 169 എന്നീ നമ്പർ ഭേദഗതികൾ 167-ാം നമ്പർ ഭേദഗതിക്കും 171, 172 എന്നീ നമ്പർ ഭേദഗതികൾ 170-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ബാബു. (നെന്മാറ) അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 136-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 167-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ അവതരിപ്പിച്ച 170-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

Shri D. K. Murali: Sir, I move the following amendment:

107. In Clause 1(2), for the words "come into force at once", the words and figures "be deemed to have come into force on the 1st day of April 2025." shall be substituted.

Shri A. C. Moideen: Sir, I move the following amendment:

111. Clause 1(2) shall be recast as follows:-
"(2) It shall be deemed to have come into force on the 1st day of April 2025."

മി. സ്പീക്കർ: 104-ാം നമ്പർ ഭേദഗതി ശീർഷകത്തിലുള്ളതാകയാൽ ക്രമപ്രകാരമല്ല. 108, 109 എന്നീ നമ്പർ ഭേദഗതികൾ 107-ാം നമ്പർ ഭേദഗതിക്കും 112, 113 എന്നീ നമ്പർ ഭേദഗതികൾ 111-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 107-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2024-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2024-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പാസ്സായിരിക്കുന്നു.

(ii) 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട് ഈ സഭയുടെ ഏറ്റവും സുപ്രധാനമായ നിയമനിർമ്മാണമാണ് 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബില്ലിലൂടെ നിർവഹിക്കപ്പെടുന്നത്. ഉയർന്ന സാമൂഹികബോധവും വിദ്യാഭ്യാസ പ്രബുദ്ധതയും അതനുസരിച്ചുള്ള കൂട്ടായ്മകളും സന്നദ്ധപ്രവർത്തനങ്ങളും നടന്നുവരുന്ന ഈ സംസ്ഥാനത്ത് അത്തരം പ്രവർത്തനങ്ങളെ വ്യവസ്ഥാപിതവും സുതാര്യവുമാക്കിക്കൊണ്ട് പ്രോത്സാഹനവും മാർഗദർശനവും നൽകുകയെന്നതാണ് ഈ നിയമനിർമ്മാണത്തിലൂടെ ലക്ഷ്യമിടുന്നത്. വിവിധ മേഖലകളിൽ സ്തുത്യർഹമായി പ്രവർത്തിക്കുന്ന നിരവധി സംഘങ്ങൾ ബില്ലിന്റെ പരിധിയിൽ വരുന്നതാണ്. കേരള സാഹിത്യ അക്കാദമി, കേരള ക്രിക്കറ്റ് അസോസിയേഷൻ, ചിന്മയ മിഷൻ, അഖില ഭാരതീയ അയ്യപ്പ സേവാ സംഘം, ഇൻഫർമേഷൻ കേരള മിഷൻ, താരസംഘടനയായ അമ്മ തുടങ്ങിയ ശ്രദ്ധേയമായ സംഘങ്ങൾ മുതൽ ഗ്രാമീണ

വായനശാലകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ വരെ ഈ നിയമമനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെടുന്നതാണ്. സംഘങ്ങളുടെ രജിസ്ട്രേഷൻ എന്നത് രജിസ്ട്രേഷൻ വകുപ്പിന്റെ ഭരണനിർവഹണത്തിൽ സുപ്രധാനമാണ്. ഏറെ പ്രാധാന്യമുള്ള ഈ സംവിധാനങ്ങൾക്ക് സംസ്ഥാനത്ത് നാളിതുവരെ ഏകീകൃത നിയമം രൂപീകരിച്ചിട്ടില്ലെന്ന പോരായ്മയാണ് 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബില്ലിലൂടെ പരിഹരിക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ കേരള നിയമസഭയുടെ ചരിത്രപരമായ നടപടിക്രമം കൂടിയാണിത്. ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന സമാന സ്വഭാവമുള്ള സംഘങ്ങൾക്കും ഒരു ജില്ലയിൽത്തന്നെയുള്ളവയ്ക്കും വ്യത്യസ്ത നിയമവ്യവസ്ഥകളാണ് നിലവിലുള്ളത്. ഇത്തരം പോരായ്മകളെല്ലാം പരിഹരിക്കുന്ന വിധത്തിലാണ് ബിൽ തയ്യാറാക്കിയിരിക്കുന്നത്. ഈ സഭ അധികാരപ്പെടുത്തിയതുപ്രകാരം ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി ബിൽ വിശദമായി പരിശോധിച്ചിട്ടുണ്ട്. നിലവിൽ ഇത്തരത്തിൽ പ്രവർത്തിച്ചുവരുന്ന അഞ്ച് ലക്ഷത്തിലധികം സംഘങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ടെങ്കിലും അഞ്ചിലൊന്ന് സംഘങ്ങൾ മാത്രമാണ് നിയമാനുസൃതമുള്ള റിട്ടേണുകൾ യഥാസമയം സമർപ്പിച്ചുവരുന്നത്. പുതിയ നിയമം നിലവിൽ വരുന്നതോടെ മുഴുവൻ സംഘങ്ങളുടെയും സാധുകരണം ഉറപ്പാക്കുന്നതിന് സാധിക്കുന്നതാണ്. സംഘങ്ങളുടെ രജിസ്ട്രേഷനും നിയന്ത്രണവും സംബന്ധിച്ച നടപടിക്രമങ്ങൾ ലളിതവും കാര്യക്ഷമവുമാക്കാനും നിലവിൽ രജിസ്ട്രേഷനുള്ളവയുടെ പ്രവർത്തനങ്ങളിലെ വീഴ്ചകൾ ക്രമവൽക്കരിക്കാനും രജിസ്ട്രേഷൻ പുതുക്കുന്നതിനും കടലാസ് സംഘങ്ങളെ നിയന്ത്രിക്കുന്നതിനും ആവശ്യമായ വ്യവസ്ഥകളെല്ലാം പുതിയ ബില്ലിലുണ്ട്. സംഘങ്ങളിലെ ഗുരുതരമായ ക്രമക്കേടുകൾ, ധനദുർവിനിയോഗം, പൊതുതാൽപര്യങ്ങൾ ഹനിക്കൽ തുടങ്ങിയ

നിരവധി വിഷയങ്ങളിൽ ഫലപ്രദമായി ഇടപെടാനും സംഘാംഗങ്ങൾക്കിടയിലുണ്ടാകുന്ന വിഭിന്നാഭിപ്രായങ്ങളും താൽപര്യങ്ങളുംമൂലവും അനന്തമായി നീണ്ടുപോകുന്ന കോടതി വ്യവഹാരങ്ങൾ കാരണവും സംഘത്തിന്റെ പ്രവർത്തനം സ്തംഭിച്ചുപോകുന്ന സ്ഥിതി ഒഴിവാക്കാനും പുതിയ നിയമനിർമ്മാണത്തിലൂടെ സാധിക്കുന്നതാണ്. ഇത്തരത്തിൽ കാലോചിതമായ മാറ്റങ്ങളോടെ കൂടുതൽ വ്യക്തതയുള്ള വ്യവസ്ഥകളാണ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കേരളത്തിലെ കലാ, കായിക, സാഹിത്യ, സാംസ്കാരിക, വിദ്യാഭ്യാസ, ശാസ്ത്ര മേഖലകളുടെ ഉന്നമനവും പുരോഗതിയും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതോടൊപ്പം അവയുടെ പ്രവർത്തനങ്ങൾ വ്യവസ്ഥാപിതവും സുഗമവും സുതാര്യവുമാക്കുന്നതിനായി കൊണ്ടുവന്ന 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബില്ലാണ് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്കുശേഷം സഭയുടെ പരിഗണനയ്ക്ക് വന്നിട്ടുള്ളത്. ഇതിന്റെ പ്രാധാന്യമുൾക്കൊണ്ടുകൊണ്ട് ഈ ബിൽ ഐകകണ്ഠ്യേന പാസ്സാക്കണമെന്ന് വിനീതമായി അഭ്യർഥിക്കുന്നു.

(വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ വിയോജിപ്പ് രേഖപ്പെടുത്തിയില്ല.)

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>മി. സ്പീക്കർ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....
പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന പൊതുവായ ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

ഈ ബില്ലിൽ "ബൈലോ" എന്ന വാക്ക് എവിടെയെല്ലാം ഉപയോഗിച്ചിരിക്കുന്നുവോ അതിനുപകരം തദനുസൃതമായി "ബൈലാ " എന്ന വാക്ക് ചേർക്കേണ്ടതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ്

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

ഖണ്ഡം 2-ൽ (i) നിലവിലെ (സി) ഇനം (ഡി) ഇനമായി പുനരക്ഷരം ചെയ്യേണ്ടതും തുടർന്നുള്ള ഇനങ്ങൾ തദനുസൃതമായി പുനരക്ഷരം ചെയ്യേണ്ടതും;

(ii) അപ്രകാരം പുനരക്ഷരം ചെയ്ത് (ഡി) ഇനത്തിനു മുമ്പായി താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:-

"(സി) "ദിവസം" എന്നാൽ ബന്ധപ്പെട്ട അധികാരസ്ഥാനത്തിന്റെ പ്രവൃത്തി ദിവസം എന്നർത്ഥമാക്കുന്നു;".

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

204. ഖണ്ഡം 2(ബി)-ൽ "റഗുലേഷനുകളും" എന്നതിന് ശേഷം "ബൈ-ലോയും" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

208. ഖണ്ഡം 2(ബി)-ൽ "പ്രകാരം" എന്നതിന് ശേഷം "ഒരു നിശ്ചിത കാലയളവിലേക്ക്" എന്ന് ചേർക്കുക.

227. ഖണ്ഡം 2(ഡി)-ൽ "നിയമിക്കാവുന്ന" എന്നതിന് ശേഷം "അധികാരിതയുള്ള" എന്ന് ചേർക്കുക.

234. ഖണ്ഡം 2(ഇ)യുടെ വിശദീകരണത്തിൽ "മൂന്ന്" എന്നതിന് മുമ്പിൽ "ന്യായമായ കാരണങ്ങളാലല്ലാതെ" എന്ന് ചേർക്കുക.

247. ഖണ്ഡം 2(എച്ച്)-ൽ "പ്രദേശത്ത്" എന്നതിന് ശേഷം "നിയമിക്കാവുന്ന" എന്ന് ചേർക്കുക.

276. ഖണ്ഡം 2(കെ)-ൽ "വർഷം" എന്ന് വരുന്നിടത്തെല്ലാം "കാലയളവ്" എന്ന് ചേർക്കുക.

277. ഖണ്ഡം 2(കെ) "തീയതിയിൽ ആരംഭിച്ച്" എന്നതിന് ശേഷം "പന്ത്രണ്ട് മാസക്കാലയളവ്" എന്ന് ചേർക്കുക.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

213. ഖണ്ഡം 2(ബി)-ൽ "ഭരണം ഏല്പിക്കപ്പെട്ടിട്ടുള്ള" എന്നതിന് പകരം "ഭരണ ചുമതലയുള്ള" എന്ന് ചേർക്കുക.

270. ഖണ്ഡം 2(ജെ)-ൽ "കരുതപ്പെടുന്നതോ" എന്നതിന് പകരം "അംഗീകരിക്കപ്പെടുന്നതോ" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

226. ഖണ്ഡം 2(ഡി)-ൽ "നിയമിക്കാവുന്ന" എന്നതിന് പകരം "നിയമിക്കപ്പെടുന്ന" എന്ന് ചേർക്കുക.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

228. ഖണ്ഡം 2(ഡി)-ൽ "അപ്രകാരം ഒരു ഉദ്യോഗസ്ഥനെ നിയമിക്കാത്ത പക്ഷം" എന്നതിന് പകരം "പ്രസ്തുത ഉദ്യോഗസ്ഥന്റെ അഭാവത്തിൽ" എന്ന് ചേർക്കുക.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

230. ഖണ്ഡം 2(ഇ)-ൽ "ബൈലോകളും" എന്നതിന് പകരം "ബൈ-ലോകളും" എന്ന് ചേർക്കുക.

ശ്രീ. ജി. സ്റ്റീഫൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

233. ഖണ്ഡം 2(ഇ)-ൽ "ബൈലോകളിലോ" എന്നതിന് പകരം "ബൈ-ലോകളിലോ" എന്ന് ചേർക്കുക.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

236. ഖണ്ഡം 2(ഇ)യുടെ വിശദീകരണത്തിൽ "ഉണ്ടായിരിക്കുന്നതല്ലാത്തതും അയാളെ ഒരു അംഗമായി കണക്കാക്കുന്നതല്ലാത്തതുമാകുന്നു;" എന്നതിന് പകരം "ഉണ്ടായിരിക്കുന്നതല്ലാത്തതാകുന്നു;" എന്ന് ചേർക്കുക.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

240. ഖണ്ഡം 2(ജി)-ൽ "ആക്ടിൻ കീഴിൽ" എന്നതിന് പകരം "ആക്ടിന് വിധേയമായി" എന്ന് ചേർക്കുക.

253. ഖണ്ഡം 2(എച്ച്)-ൽ "ഉദ്യോഗസ്ഥൻ" എന്നതിന് പകരം "സർക്കാർ ഉദ്യോഗസ്ഥൻ" എന്ന് ചേർക്കുക.

ശ്രീ. എം. എം. മണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

260. ഖണ്ഡം 2(എച്ച്)-ൽ "രജിസ്ട്രാറിന്റെ" എന്നതിന് പകരം "രജിസ്ട്രാറുടെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 205-ാം നമ്പർ ഭേദഗതി 204-ാം നമ്പർ ഭേദഗതിക്കും 214 മുതൽ 217 വരെയുള്ള ഭേദഗതികൾ 213-ാം നമ്പർ ഭേദഗതിക്കും 241 മുതൽ 245 വരെയുള്ള ഭേദഗതികൾ 240-ാം നമ്പർ ഭേദഗതിക്കും 249, 250, 251, 252, 254 എന്നീ നമ്പർ ഭേദഗതികൾ 253-ാം നമ്പർ ഭേദഗതിക്കും 266 മുതൽ 269 വരെയുള്ള ഭേദഗതികൾ 270-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 261-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

261. ഖണ്ഡം 2(എച്ച്)-ൽ "നിർവ്വഹിക്കുന്നതാണ്" എന്നതിന് പകരം "നിർവ്വഹിക്കുന്നതുമാണ്" എന്ന് ചേർക്കുക.

ശ്രീ. എം. എം. മണി അവതരിപ്പിച്ച 260-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച 260-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 204-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 208, 227, 234, 247, 276, 277 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 213, 270 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ അവതരിപ്പിച്ച 226-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 228-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 230-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. സ്റ്റീഫൻ അവതരിപ്പിച്ച 233-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 236-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 240, 253 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

279. ഖണ്ഡം 3-ൽ "താഴെ പറയുന്ന" എന്നതിന് മുമ്പിൽ "(1)" എന്ന ചിഹ്നങ്ങളും അക്കവും ചേർക്കുക.

284. ഖണ്ഡം 3-ൽ "ഉദ്ദേശ്യങ്ങൾക്കായുള്ള സംഘങ്ങൾ" എന്നതിന് ശേഷം "രൂപീകരിക്കാവുന്നതാണ് " എന്ന് ചേർക്കുക.

295. ഖണ്ഡം 3(iii)-ൽ "കായിക" എന്നതിന് പകരം “കായിക, വിനോദ മേഖലകൾക്കുള്ള” എന്നത് ചേർക്കുക.

301. ഖണ്ഡം 3(v)-ൽ “കലാസ്ഥാപനങ്ങളും” എന്നതിന് പകരം “കലാസാംസ്കാരിക സ്ഥാപനങ്ങളും”എന്ന് ചേർക്കുക.

329. ഖണ്ഡം 3(vii)-ൽ "ശേഖരണവും" എന്നതിന് ശേഷം "." എന്ന ചിഹ്നം ചേർക്കുക.

334. ഖണ്ഡം 3-ൽ "അത്തരം സംഘങ്ങൾ" എന്നതിന് പകരം "(2) (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച സംഘങ്ങൾ" എന്നത് ചേർക്കുക.

335. ഖണ്ഡം 3-ൽ "ഉദ്ദേശ്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്" എന്നതിന് പകരം "ഉദ്ദേശ്യങ്ങൾ പ്രാപ്തമാക്കുന്നതിന്" എന്ന് ചേർക്കുക.

ശ്രീ. പി. ബാലചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

289. ഖണ്ഡം 3(ii)-ൽ "കലകൾ" എന്നതിന് ശേഷം ",തൊഴിൽ പരിശീലനം, പരിസ്ഥിതി സംരക്ഷണം, വയോജന ക്ഷേമം" എന്ന് ചേർക്കുക.

313. ഖണ്ഡം 3(vi)-ൽ "ദുർലഭമായ" എന്നതിന് പകരം "പരിമിതമായ" എന്ന് ചേർക്കുക.

320. ഖണ്ഡം 3 (vii)-ൽ "രൂപകല്പനകൾ" എന്നതിന് പകരം "നിർമ്മിതികൾ" എന്ന് ചേർക്കുക.

ശ്രീ. സി. സി. മുകുന്ദൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

302. ഖണ്ഡം 3(vi)-ൽ "വനം" എന്നതിന് ശേഷം ", മണ്ണ്" എന്ന് ചേർക്കുക.

336. ഖണ്ഡം 3-ൽ "അല്ലെങ്കിൽ ലാഭം" എന്നതിന് പകരം "അല്ലെങ്കിൽ ലാഭവിഹിതം" എന്ന് ചേർക്കുക.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

332. ഖണ്ഡം 3(vii)-ന് ശേഷം താഴെപ്പറയുന്നത് ചേർക്കുക:

"(viii) അയൽപക്ക കൂട്ടായ്മകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ"

മി. സ്പീക്കർ: 290 മുതൽ 293 വരെയുള്ള ഭേദഗതികൾ 289-ാം നമ്പർ ഭേദഗതിക്കും 303 മുതൽ 307 വരെയുള്ള ഭേദഗതികൾ 302-ാം നമ്പർ ഭേദഗതിക്കും 314 മുതൽ 317 വരെയുള്ള ഭേദഗതികൾ 313-ാം നമ്പർ ഭേദഗതിക്കും 321 മുതൽ 324 വരെയുള്ള ഭേദഗതികൾ 320-ാം

നമ്പർ ഭേദഗതിക്കും 337 മുതൽ 341 വരെയുള്ള ഭേദഗതികൾ 336-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ശ്രീ. അനൂപ് ജേക്കബിന്റെ 312-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

312. ഖണ്ഡം 3(vi)-ൽ "ദുർലഭമായ" എന്നത് ഒഴിവാക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 279, 284, 295, 301, 329, 334, 335 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ബാലചന്ദ്രൻ അവതരിപ്പിച്ച 289, 313, 320 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. സി. മുകുന്ദൻ അവതരിപ്പിച്ച 302, 336 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 332-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

ഖണ്ഡം 4-ൽ "ഒരു സംഘം ഒഴികെയുള്ള യാതൊരു" എന്ന വാക്കുകൾക്ക് പകരം "ഒരു സംഘം ഉൾപ്പെടെയുള്ള ഏതൊരു" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

344. ഖണ്ഡം 4-ൽ "സർക്കാർ " എന്നതിന് ശേഷം "ഒരു "എന്ന് ചേർക്കുക.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

352. ഖണ്ഡം 4-ൽ "ഏഴ്" എന്നതിന് പകരം "ഒൻപത്" എന്ന് ചേർക്കുക.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

356. ഖണ്ഡം 4-ൽ "ഉള്ളവർ" എന്നതിന് പകരം "ഉള്ളവരും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 357 മുതൽ 361 വരെയുള്ള ഭേദഗതികൾ 356-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 344-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 352-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 356-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

363. ഖണ്ഡം 5-ൽ "ആവശ്യത്തിനായി" എന്നതിന് പകരം "ലക്ഷ്യത്തിനായി" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

368. ഖണ്ഡം 5-ൽ "ആവശ്യത്തിനായി" എന്നതിന് പകരം "ഉദ്ദേശ്യത്തിനായി" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

371. ഖണ്ഡം 5-ൽ "കീഴിൽ" എന്നതിന് പകരം "പ്രകാരം" എന്ന് ചേർക്കുക.

മി. സ്പീക്കർ: 364 മുതൽ 367 വരെയുള്ള ഭേദഗതികൾ 363-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 363-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 368-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 371-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

377. ഖണ്ഡം 6(1)(i)-ൽ "പേര്" എന്നതിന് പകരം "പേരും കാര്യാലയത്തിന്റെ മേൽവിലാസവും" എന്ന് ചേർക്കുക.

402. ഖണ്ഡം 6(2)-ൽ "റഗുലേഷനുകളും" എന്നതിന് ശേഷം "ബൈലോകളും" എന്ന് ചേർക്കുക.

404. ഖണ്ഡം 6(3)-ൽ "മെമ്മോറാണ്ടവും" എന്നതിന് പകരം "മെമ്മോറാണ്ടം ഓഫ് അസോസിയേഷനും" എന്ന് ചേർക്കുക.

408. ഖണ്ഡം 6(3)-ൽ "ടൈപ്പ് ചെയ്തിട്ടുള്ളതോ" എന്നതിന് പകരം "കൈയ്യെഴുത്ത് പ്രതിയോ" എന്ന് ചേർക്കുക.

ശ്രീ. യു. ആർ. പ്രദീപ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

383. ഖണ്ഡം 6(1) (iv)-ൽ "ചട്ടങ്ങൾ" എന്നതിന് പകരം "ചട്ടങ്ങളോ റഗുലേഷനുകളോ ബൈലോകളോ" എന്ന് ചേർക്കുക.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

385. ഖണ്ഡം 6(1) (iv)-ൽ "മേൽവിലാസവും" എന്നതിന് ശേഷം "താമസിക്കുന്ന പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേരും വാർഡ്/ഡിവിഷൻ നമ്പരും" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

405. ഖണ്ഡം 6(3)-ൽ "റഗുലേഷനുകളും" എന്നതിന് ശേഷം "ബൈ-ലോകളും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 386 മുതൽ 389 വരെയുള്ള ഭേദഗതികൾ 385-ാം നമ്പർ ഭേദഗതിക്കും

400, 401, 403 എന്നീ നമ്പർ ഭേദഗതികൾ 402-ാം നമ്പർ ഭേദഗതിക്കും 406-ാം നമ്പർ ഭേദഗതി 405-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ? ... (ബഹളം....)

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ശ്രീ. പി. കെ. ബഷീറിന്റെ 392-ാം നമ്പർ ഭേദഗതിയും ശ്രീ. ടി. വി. ഇബ്രാഹിമിന്റെ 413-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളായി ഞാൻ അവതരിപ്പിക്കുന്നു.

392. ഖണ്ഡം 6(2)-ൽ "അംഗങ്ങൾക്ക് പ്രവേശനം" എന്നതിന് പകരം "അംഗത്വം" എന്ന് ചേർക്കുക.

413. ഖണ്ഡം 6(3)-ൽ "വിവരണം" എന്ന് വരുന്നിടത്തെല്ലാം അതിന് ശേഷം "അംഗീകൃത തിരിച്ചറിയൽ രേഖയുടെ നമ്പർ" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 377, 402, 404, 408 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. യു. ആർ. പ്രദീപ് അവതരിപ്പിച്ച 383-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 385-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 405-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

430. ഖണ്ഡം 7-ൽ "നിലവിൽ" എന്നതിന് പകരം "നിലവിലുള്ള നിയമങ്ങൾ പ്രകാരം" എന്ന് ചേർക്കുക.

431. ഖണ്ഡം 7-ൽ "ചെയ്യപ്പെട്ടിട്ടുള്ള" എന്നതിന് പകരം "ചെയ്യപ്പെട്ടിട്ടുള്ളതും പ്രവർത്തനക്ഷമവുമായ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 430, 431 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എട്ടാം വകുപ്പ്

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

444. ഖണ്ഡം 8(1)-ൽ "റഗുലേഷനുകളും" എന്നതിന് ശേഷം "ബൈ-ലോയും" എന്ന് ചേർക്കുക.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

445. ഖണ്ഡം 8(1)-ൽ "റഗുലേഷനുകളും" എന്നതിന് ശേഷം "ബൈലോയും" എന്ന് ചേർക്കുക.

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

447. ഖണ്ഡം 8(2)-ൽ "റഗുലേഷനുകളും" എന്നതിന് ശേഷം "ബൈലോയും" എന്ന് ചേർക്കുക.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

448. ഖണ്ഡം 8(2)-ൽ "റഗുലേഷനുകളും" എന്നതിന് ശേഷം "ബൈ-ലോയും" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

449. ഖണ്ഡം 8(2)-ൽ "റഗുലേഷനുകളും" എന്നതിന് ശേഷം "ബൈലോകളും" എന്ന് ചേർക്കുക.

457. ഖണ്ഡം 8(3)-ൽ "രജിസ്റ്റർ ചെയ്യുന്നത്" എന്നതിന് പകരം "രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ" എന്ന് ചേർക്കുക.

470. ഖണ്ഡം 8(3)-ൽ "സമർപ്പിക്കാവുന്നതുമാണ്" എന്നതിന് പകരം "സമർപ്പിക്കാവുന്നതും അങ്ങനെയുള്ള അപേക്ഷ മുപ്പത് ദിവസങ്ങൾക്കകം തീർപ്പാക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

451. ഖണ്ഡം 8(2)-ൽ "രേഖപ്പെടുത്തേണ്ടതും" എന്നതിന് പകരം "രേഖപ്പെടുത്തിയ" എന്ന് ചേർക്കുക.

ശ്രീ. സി. സി. മുകുന്ദൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

459. ഖണ്ഡം 8(3)-ൽ "മുപ്പത്" എന്നതിന് പകരം "പതിനഞ്ച്" എന്ന് ചേർക്കുക.

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

471. ഖണ്ഡം 8(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "അപ്പീൽ കാലാവധി മുപ്പത് ദിവസത്തിൽ അധികരിക്കാത്തവിധം" എന്നതിന് പകരം "മുപ്പത് ദിവസത്തിൽ അധികരിക്കാത്തവിധം അപ്പീൽ കാലാവധി" എന്ന് ചേർക്കുക.

മി. സ്പീക്കർ: 452 മുതൽ 456 വരെയുള്ള ഭേദഗതികൾ 451-ാം നമ്പർ ഭേദഗതിക്കും 460 മുതൽ 464 വരെയുള്ള ഭേദഗതികൾ 459-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 444-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ അവതരിപ്പിച്ച 445-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 447-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ അവതരിപ്പിച്ച 448-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 449, 457, 470 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 451-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. സി. മുകുന്ദൻ അവതരിപ്പിച്ച 459-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 471-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.
എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒമ്പതാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

473. ഖണ്ഡം 9-ൽ "തീയതിയിൽ റിട്ടേൺ" എന്നതിന് പകരം "തീയതിയിൽ 19-ാം വകുപ്പ് പ്രകാരമുള്ള റിട്ടേൺ" എന്ന് ചേർക്കുക.

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

478. ഖണ്ഡം 9-ന്റെ ക്ലിപ്ത നിബന്ധനയിൽ "സംഗതിയിൽ" എന്നതിന് ശേഷം "മതിയായ കാരണം ബോധ്യമാകുന്നപക്ഷം" എന്ന് ചേർക്കുക.

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

485 ഖണ്ഡം 9-ന്റെ ക്ലിപ്ത നിബന്ധനയിൽ "വിനിർദ്ദേശിക്കാവുന്നതാണ്" എന്നതിന് പകരം "ദീർഘിപ്പിച്ചു നൽകാവുന്നതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 473-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 478-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 485-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്താം വകുപ്പ്

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

487. ഖണ്ഡം 10(1)-ൽ "ഇരുപത്തിയൊന്ന്" എന്നതിന് പകരം "മുപ്പത്" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

492. ഖണ്ഡം 10(1)-ൽ "ഒരു രജിസ്റ്റർ ചെയ്യപ്പെട്ട" എന്നതിന് പകരം "രജിസ്റ്റർ ചെയ്യപ്പെട്ട ഒരു" എന്ന് ചേർക്കുക.

517. ഖണ്ഡം 10(3)-ൽ "നൽകുന്നതിന്" എന്നതിന് പകരം "ഒടുക്കുന്നതിന്" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

493. ഖണ്ഡം 10(1)-ൽ "ഓഫീസ്" എന്നതിന് ശേഷം "സംസ്ഥാനത്ത്" എന്ന് ചേർക്കുക.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

494. ഖണ്ഡം 10(2)-ൽ "സംഘം രജിസ്റ്റർ ചെയ്ത തീയതി മുതൽ അല്ലെങ്കിൽ" എന്നത് ഒഴിവാക്കുക.

ശ്രീ. എ. രാജ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

501. ഖണ്ഡം 10(2)-ൽ "ഇരുപത്തിയൊന്ന്" എന്നതിന് പകരം "മുപ്പത്" എന്ന് ചേർക്കുക.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

518. ഖണ്ഡം 10(3)-ൽ "ബാദ്ധ്യസ്ഥമാകുന്നതാണ്" എന്നതിന് ശേഷം "മതിയായ കാരണത്തിന്റെ അടിസ്ഥാനത്തിൽ അപ്പീൽ അധികാരിക്ക് പിഴ ഒഴിവാക്കാവുന്നതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 495 മുതൽ 499 വരെയുള്ള ഭേദഗതികൾ 494-ാം നമ്പർ ഭേദഗതിക്കും 519 മുതൽ 522 വരെയുള്ള ഭേദഗതികൾ 518-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 493-ാം നമ്പർ ഭേദഗതിയും ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 517-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ്

ഭേദഗതികൾ സ്വീകരിക്കുന്നില്ല. സ്വീകരിച്ച ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 493, 517 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 487-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 492-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 494-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. രാജ അവതരിപ്പിച്ച 501-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 518-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനൊന്നാം വകുപ്പ്

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

ഖണ്ഡം 11-ലെ (1)-ാം ഉപഖണ്ഡത്തിന്റെ ക്ലിപ്ത നിബന്ധനയിൽ "തപാൽ മുഖേന" എന്ന വാക്കുകൾക്ക് പകരം "തപാൽ മുഖേനയോ ഇലക്ട്രോണിക് മോഡിലോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

531. ഖണ്ഡം 11 (1)-ൽ "റഗുലേഷനുകളോ" എന്നതിന് ശേഷം "ബൈലോയോ" എന്ന് ചേർക്കുക.

ശ്രീ. ഐ. ബി. സതീഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

532. ഖണ്ഡം 11(1)-ൽ "റഗുലേഷനുകളോ" എന്നതിന് ശേഷം "ബൈ-ലോയോ" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

533. ഖണ്ഡം 11(1)-ൽ "പ്രത്യേക" എന്നത് ഒഴിവാക്കുക.

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

537. ഖണ്ഡം 11(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "അംഗങ്ങളുടെയും പകരം വോട്ട് ചെയ്യാൻ നിയുക്തനാക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവരുടെയും" എന്നതിന് പകരം "അംഗങ്ങളുടെ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

538. ഖണ്ഡം 11(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "അവരുടെയും" എന്നതിന് ശേഷം "ചേർത്ത്" എന്ന് ചേർക്കുക.

540. ഖണ്ഡം 11(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "ഒരു" എന്നത് ഒഴിവാക്കുക.

546. ഖണ്ഡം 11(2)-ൽ "ഈടാക്കിക്കൊണ്ട്" എന്നതിന് ശേഷം "മുപ്പത് ദിവസത്തിനകം" എന്ന് ചേർക്കുക.

562. ഖണ്ഡം 11(3)ൽ "ചെയ്യാവുന്നതാണ്" എന്നതിന് പകരം "ചെയ്യാവുന്നതും അപ്രകാരമുള്ള അപ്പീൽ അപേക്ഷ മുപ്പത് ദിവസത്തിനകം തീർപ്പാക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

ശ്രീ. വി. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

539. ഖണ്ഡം 11(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "ആ യോഗത്തിന് മുപ്പത് ദിവസത്തിന് ശേഷം വിളിച്ചു ചേർക്കപ്പെടുന്ന ഒരു രണ്ടാമത്തെ പ്രത്യേക പൊതുയോഗത്തിന്റെ സമാനമായ ഭൂരിപക്ഷത്തിൽ ശരിവയ്ക്കാത്തപക്ഷവും" എന്നത് ഒഴിവാക്കുക.

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

544. ഖണ്ഡം 11(2)-ൽ "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, ഫീസ് ഈടാക്കിക്കൊണ്ട്" എന്നത് ഒഴിവാക്കുക.

ശ്രീ. കെ. ആൻസലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

551. ഖണ്ഡം 11(2)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ “ഫീസിനോടൊപ്പം” എന്നത് ഒഴിവാക്കുക.

ശ്രീ. എച്ച്. സലാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

563. ഖണ്ഡം 11(3)ന്റെ ക്ലിപ്തനിബന്ധനയിൽ "അപ്പീൽ കാലാവധി മുപ്പത് ദിവസത്തിൽ അധികരിക്കാത്തവിധം" എന്നതിന് പകരം "മുപ്പത് ദിവസത്തിൽ അധികരിക്കാത്തവിധം അപ്പീൽ കാലാവധി" എന്ന് ചേർക്കുക.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

565. ഖണ്ഡം 11(4)ൽ "റിവിഷൻ" എന്നതിന് ശേഷം "അപേക്ഷ" എന്ന് ചേർക്കുക.

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

566. ഖണ്ഡം 11(5) – ഒഴിവാക്കുക

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ,

ശ്രീ. ടി. വി. ഇബ്രാഹിമിന്റെ 525-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ

അവതരിപ്പിക്കുന്നു.

525. ഖണ്ഡം 11(1)-ൽ "തോന്നുന്നപക്ഷം" എന്നതിന് പകരം "കരുതുന്നപക്ഷം" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 531-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച 532-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 533-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 537-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 538, 540, 546, 562 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ജോയി അവതരിപ്പിച്ച 539-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 544-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 551-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 563-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ

പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 565-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 566-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

568. ഖണ്ഡം 12(1)-ൽ "റഗുലേഷനുകളിലെയും" എന്നതിന് പകരം "ബൈലോകളിലെയും" എന്ന് ചേർക്കുക.

590. ഖണ്ഡം 12(2)-ൽ "ഈടാക്കിക്കൊണ്ട്" എന്നതിന് ശേഷം "മുപ്പത് ദിവസത്തിനകം" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

569. ഖണ്ഡം 12(1)-ൽ "റഗുലേഷനുകളിലെയും" എന്നതിന് ശേഷം "ബൈ-ലോയിലെയും" എന്ന് ചേർക്കുക.

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

570. ഖണ്ഡം 12(1)-ൽ "റഗുലേഷനുകളിലെയും" എന്നതിന് ശേഷം

"ബൈലോയിലെയും" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

572. ഖണ്ഡം 12(1)-ൽ "പ്രത്യേക" എന്നതിന് പകരം "പൊതു" എന്ന് ചേർക്കുക.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

583. ഖണ്ഡം 12(2)-ൽ "അനുസൃതമാണെന്ന്" എന്നതിന് പകരം "വിധേയമാണെന്ന്" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

589. ഖണ്ഡം 12(2)-ൽ "നിർണ്ണയിക്കപ്പെട്ട ഫീസ് ഈടാക്കിക്കൊണ്ട് " എന്നത് ഒഴിവാക്കുക.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

597. ഖണ്ഡം 12(2)-ന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ "ഫീസിനോടൊപ്പം" എന്നത് ഒഴിവാക്കുക.

ശ്രീ. മുരളി പെരുനെല്ലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

606. ഖണ്ഡം 12(4)-ൽ "അപ്പീൽ കാലാവധി മുപ്പത് ദിവസത്തിൽ അധികരിക്കാത്തവിധം" എന്നതിന് പകരം "മുപ്പത് ദിവസത്തിൽ അധികരിക്കാത്തവിധം അപ്പീൽ കാലാവധി" എന്ന് ചേർക്കുക.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

608. ഖണ്ഡം 12(5)-ൽ "റിവിഷൻ" എന്നതിന് ശേഷം "അപേക്ഷ" എന്ന് ചേർക്കുക.

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

609. ഖണ്ഡം 12(6) ഒഴിവാക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു.

613. ഖണ്ഡം 12(6)-ൽ "പാസ്സാക്കാവുന്നതാണ്" എന്നതിന് പകരം "പുറപ്പെടുവിക്കാവുന്നതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 584 മുതൽ 588 വരെയുള്ള ഭേദഗതികൾ 583-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 568, 590 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 569-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 570-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 572-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 583-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 589-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 597-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 606-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 608-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 609-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 613-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിമൂന്നാം വകുപ്പ്

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

616. ഖണ്ഡം 13-ൽ "മറ്റ് രീതിയിൽ വ്യവസ്ഥ ചെയ്യാത്ത പക്ഷം" എന്നത് ഒഴിവാക്കുക

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

618. ഖണ്ഡം 13-ൽ "ചെയ്യാത്ത പക്ഷം" എന്നതിന് ശേഷം "അതത് കാലത്തെ" എന്ന് ചേർക്കുക.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

623. ഖണ്ഡം 13-ൽ "അങ്ങനെയുള്ള" എന്നത് ഒഴിവാക്കുക.

മി. സ്പീക്കർ: 624 മുതൽ 627 വരെയുള്ള ഭേദഗതികൾ 623-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. എസ്. അരുൺ കുമാർ അവതരിപ്പിച്ച 616-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലി ച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 618-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 623-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാലാം വകുപ്പ്

ശ്രീ. കെ. ജെ. മാക്സി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

629. ഖണ്ഡം 14(1)-ൽ "രജിസ്റ്റർ" എന്നതിന് മുമ്പായി "അംഗത്വ"എന്ന് ചേർക്കുക.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

632. ഖണ്ഡം 14(1)(എ)-ൽ "തൊഴിൽ" എന്നതിന് ശേഷം "സർക്കാർ അംഗീകരിച്ച തിരിച്ചറിയൽ കാർഡിലെ നമ്പർ, മൊബൈൽ നമ്പർ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

638. ഖണ്ഡം 14(1)(ബി)-ൽ "തീയതി" എന്നതിന് ശേഷം ", ഒടുക്കിയ ഫീസ്;" എന്നത് ചേർക്കുക.

മി. സ്പീക്കർ: 633 മുതൽ 637 വരെയുള്ള ഭേദഗതികൾ 632-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ജെ. മാക്സി അവതരിപ്പിച്ച 629-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 632-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 638-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനഞ്ചാം വകുപ്പ്

ഡോ. എൻ ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

654. ഖണ്ഡം 15(1)-ൽ "മുൻ വർഷത്തെ" എന്നതിന് ശേഷമുള്ള "വാർഷിക" എന്നത് ഒഴിവാക്കുക.

666. ഖണ്ഡം 15(1)-ന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ “ഒരു” എന്നത് ഒഴിവാക്കുക.

680. ഖണ്ഡം 15(2)-ൽ "റഗുലേഷനുകളിലും" എന്നതിന് ശേഷം "ബൈലോകളിലും" എന്ന് ചേർക്കുക.

683. ഖണ്ഡം 15(2)-ൽ "കുറഞ്ഞത്" എന്നതിന് ശേഷം "തെരഞ്ഞെടുക്കപ്പെട്ട " എന്ന് ചേർക്കുക.

686. ഖണ്ഡം 15(3)-ൽ "ഭരണസമിതിയുടെ" എന്നതിന് പകരം "ഭരണസമിതി" എന്ന് ചേർക്കുക.

689. ഖണ്ഡം 15(3)-ൽ "പട്ടികയും" എന്നതിന് മുമ്പിൽ "അംഗങ്ങളുടെ" എന്ന് ചേർക്കുക.

690. ഖണ്ഡം 15(3)-ന്റെ ക്ലിപ്ത നിബന്ധനയിൽ "ഭരണസമിതി" എന്നതിന് ശേഷം "അംഗങ്ങളുടെ" എന്ന് ചേർക്കുക.

697. ഖണ്ഡം 15(4)-ൽ "യോഗത്തിലെ" എന്നതിന് പകരം "ഭരണസമിതിയുടെ" എന്ന് ചേർക്കുക.

702. ഖണ്ഡം 15(5)-ൽ "വിളിക്കുന്നത്" എന്നതിന് പകരം "വിളിക്കേണ്ടത്" എന്ന് ചേർക്കുക.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

659. ഖണ്ഡം 15(1)-ൽ, "ആഡിറ്റ് റിപ്പോർട്ടും" എന്നതിന് ശേഷം “പൊതുയോഗത്തിന്റെ” എന്ന് ചേർക്കുക.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

673. ഖണ്ഡം 15(1)-ന്റെ ഒന്നാമത്തെ ക്ലിപ്തനിബന്ധനയിൽ "പ്രകാരമുള്ള" എന്നതിന് ശേഷം "നിശ്ചിത" എന്ന് ചേർക്കുക.

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

678. ഖണ്ഡം 15(1)-ന്റെ ഒന്നാം ക്ലിപ്ത നിബന്ധന താഴെപ്പറയും പ്രകാരം മാറ്റുക

"എന്നാൽ, രജിസ്ട്രാറിന്, അപ്രകാരമുള്ള രേഖകൾ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനായി ഭരണസമിതിക്ക് കഴിയാത്ത സാഹചര്യത്തിൽ, മതിയായ കാരണം ബോധ്യപ്പെടുന്നപക്ഷം, വാർഷിക പൊതുയോഗം വിളിച്ചു ചേർക്കേണ്ട കാലയളവ് വീണ്ടും ആറ് മാസത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകാവുന്നതാണ്;"

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

681. ഖണ്ഡം 15(2)-ൽ "റഫ്രലേഷനുകളിലും" എന്നതിന് ശേഷം "ബൈലോയിലും" എന്ന് ചേർക്കുക.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

682. ഖണ്ഡം 15(2)-ൽ "തിരഞ്ഞെടുപ്പ്" എന്നതിന് പകരം "തെരഞ്ഞെടുപ്പ്" എന്ന് ചേർക്കുക.

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

696. ഖണ്ഡം 15(4)-ൽ "യോഗ നടപടിക്രമം" എന്നതിന് പകരം "യോഗനടപടിക്രമം" എന്ന് ചേർക്കുക.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

699. ഖണ്ഡം 15(5)-ൽ "പത്തിൽ ഒന്ന്" എന്നതിന് പകരം "പത്തിലൊന്നിൽ കുറയാത്ത" എന്ന് ചേർക്കുക.

ശ്രീമതി ദെലീമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

701. ഖണ്ഡം 15(5)-ൽ "വിളിക്കുന്നത്" എന്നതിന് പകരം "വിളിക്കാനുദ്ദേശിക്കുന്നത്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 660 മുതൽ 664 വരെയുള്ള ഭേദഗതികൾ 659-ാം നമ്പർ ഭേദഗതിക്കും

667-ാം നമ്പർ ഭേദഗതി 666-ാം നമ്പർ ഭേദഗതിക്കും 674 മുതൽ 677 വരെയുള്ള ഭേദഗതികൾ 673-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 698-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

698. ഖണ്ഡം 15(4)-ൽ "ഒപ്പു" എന്നതിന് പകരം "ഒപ്പ്" എന്ന് ചേർക്കുക.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 682-ാം നമ്പർ ഭേദഗതിയും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 686, 689, 690 എന്നീ നമ്പർ ഭേദഗതികളും ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 696-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച 682, 686, 689, 690, 696 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 654, 666, 680, 683, 697, 702 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 659-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 673-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ

പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 678-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 681-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ അവതരിപ്പിച്ച 699-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ദെലീമ അവതരിപ്പിച്ച 701-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനാറാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

706. ഖണ്ഡം 16-ൽ "വർഷത്തേക്കും" എന്നതിന് ശേഷം "ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. എ. പ്രഭാകരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

711. ഖണ്ഡം 16-ൽ "നൽകുന്നതിലൂടെ" എന്നതിന് പകരം "ഒടുക്കുന്നതിലൂടെ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

713. ഖണ്ഡം 16-ൽ "നൽകുന്നതിലൂടെ" എന്നതിന് പകരം "അടയ്ക്കുന്നതിലൂടെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 712-ാം നമ്പർ ഭേദഗതി 711-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 714-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

714. ഖണ്ഡം 16-ൽ "ക്രമവൽക്കരിക്കാവുന്നതുമാണ്" എന്നതിന് പകരം "ക്രമവത്കരിക്കാവുന്നതുമാണ്" എന്ന് ചേർക്കുക.

ശ്രീ. എ. പ്രഭാകരൻ അവതരിപ്പിച്ച 711-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച 711-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 706-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 713-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനേഴാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

717. ഖണ്ഡം 17-ൽ "ഈ ആക്ട് പ്രകാരം" എന്നത് ഒഴിവാക്കുക.

722. ഖണ്ഡം 17-ൽ "സംവിധാനത്തിലൂടെ" എന്നതിന് പകരം "സംവിധാനത്തിലൂടെയും" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 717, 722 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനെട്ടാം വകുപ്പ്

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

ഖണ്ഡം 18-ലെ (3)-ാം ഉപഖണ്ഡത്തിൽ "ഒരു ലക്ഷം" എന്ന വാക്കുകൾക്ക് പകരം "രണ്ടു ലക്ഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

723. ഖണ്ഡം 18(1)(എ)-ൽ "ചെലവാക്കിയതുമായ" എന്നതിന് പകരം "ചെലവാക്കിയതും നീക്കിയിരിപ്പുൾപ്പെടെയുള്ള" എന്ന് ചേർക്കുക.

730. ഖണ്ഡം 18(1)(ബി)-ൽ "വാങ്ങലും" എന്നതിന് ശേഷം "ഇടപാടുകളും" എന്ന് ചേർക്കുക.

749. ഖണ്ഡം 18(3)-ൽ "പ്രസ്താവന" എന്നതിന് ശേഷം "രജിസ്ട്രാർക്ക്" എന്ന് ചേർക്കുക.

763. ഖണ്ഡം 18(4)-ൽ "(2)" എന്നതിന് പകരം "(3)" എന്ന് ചേർക്കുക.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

725. ഖണ്ഡം 18(1)(എ)-ൽ "കാര്യങ്ങൾക്കായാണ്" എന്നതിന് പകരം "ഇനത്തിലാണ്" എന്ന് ചേർക്കുക.

757. ഖണ്ഡം 18(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഭരണസമിതിയംഗമല്ലാത്ത" എന്നത് ഒഴിവാക്കുക.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

735. ഖണ്ഡം 18(2)-ൽ "ആയിരം" എന്നതിന് പകരം "നൂറ്" എന്ന് ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

751. ഖണ്ഡം 18(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഒരു ലക്ഷം" എന്നതിന് പകരം "പത്ത് ലക്ഷം" എന്ന് ചേർക്കുക.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

752. ഖണ്ഡം 18(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഒരു ലക്ഷം" എന്നതിന് പകരം "അഞ്ച്

ലക്ഷം" എന്ന് ചേർക്കുക.

മി. സ്പീക്കർ: 726 മുതൽ 729 വരെയുള്ള ഭേദഗതികൾ 725-ാം നമ്പർ ഭേദഗതിക്കും 736 മുതൽ 740 വരെയുള്ള ഭേദഗതികൾ 735-ാം നമ്പർ ഭേദഗതിക്കും 753 മുതൽ 756 വരെയുള്ള ഭേദഗതികൾ 752-ാം നമ്പർ ഭേദഗതിക്കും 758 മുതൽ 761 വരെയുള്ള ഭേദഗതികൾ 757-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 763-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച 763-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 723, 730, 749 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 725, 757 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 735-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 751-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 752-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്തൊൻപതാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

765. ഖണ്ഡം 19-ൽ "ഭരണസമിതിയുടെ അംഗങ്ങളുടെ" എന്നതിന് പകരം "ഭരണസമിതി അംഗങ്ങളുടെ" എന്ന് ചേർക്കുക.

776. ഖണ്ഡം 19-ന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ "സംഘത്തിനെ നേരിൽ" എന്നതിന് പകരം "സംഘത്തെ" എന്ന് ചേർക്കുക,

782. ഖണ്ഡം 19-ന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ "പിരിച്ചുവിടുന്നപക്ഷം" എന്നതിന് ശേഷം "സർക്കാരിനെ അറിയിക്കേണ്ടതും" എന്ന് ചേർക്കുക.

783. ഖണ്ഡം 19-ന്റെ വിശദീകരണത്തിൽ "ക്ലിപ്തനിബന്ധന പ്രകാരം" എന്നതിന് ശേഷം "രജിസ്ട്രാർ," എന്നത് ചേർക്കുക.

ശ്രീ. എം. മുകേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

767. ഖണ്ഡം 19-ൽ "ആഡിറ്റർ സാക്ഷ്യപ്പെടുത്തിയ" എന്നതിന് പകരം "ആഡിറ്റ് ചെയ്ത" എന്ന് ചേർക്കുക.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

774. ഖണ്ഡം 19-ന്റെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ "മാപ്പാക്കുന്നതിനുള്ള ആവശ്യത്തിലേയ്ക്കായും രേഖകൾ ഫയൽ ചെയ്യുന്നതിനുള്ള അനുമതിക്കായും" എന്നതിന് പകരം "മാപ്പാക്കി രേഖകൾ ഫയൽ ചെയ്യുന്നതിനായി" എന്ന് ചേർക്കുക.

ഡോ. സുജിത് വിജയൻപിള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

781. ഖണ്ഡം 19-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "പിരിച്ചുവിടുന്നപക്ഷം" എന്നതിന് പകരം "രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നപക്ഷം" എന്ന് ചേർക്കുക.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

784. ഖണ്ഡം 19-ന്റെ വിശദീകരണത്തിൽ "കണക്കാക്കപ്പെടുന്നതാണ്" എന്നതിന് പകരം "കരുതപ്പെടേണ്ടതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 764-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിനുള്ളതാകയാൽ ക്രമപ്രകാരമല്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 765-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ഡോ. സുജിത് വിജയൻപിള്ള അവതരിപ്പിച്ച 781-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ സ്വീകരിക്കുന്നു.

781. ഖണ്ഡം 19-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "സംഘം പിരിച്ചുവിടുന്നപക്ഷം" എന്ന വാക്കുകൾക്കു പകരം "രജിസ്ട്രേഷൻ റദ്ദാക്കുന്നപക്ഷം" എന്ന് ചേർക്കുക.

മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 765-ാം നമ്പർ ഭേദഗതിയും ഭേദഗതിയോടെ സ്വീകരിച്ച 781-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 776, 782, 783 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. മുകേഷ് അവതരിപ്പിച്ച 767-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ

പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ അവതരിപ്പിച്ച 774-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 784-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപതാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

786. ഖണ്ഡം 20-ൽ "റഫ്രഷ്മെന്റ്" എന്നതിന് പകരം "റഫ്രഷ്മെന്റുകളും ബൈലോകളും" എന്ന് ചേർക്കുക.

790. ഖണ്ഡം 20-ൽ "ഭാരവാഹിയുടെ" എന്നതിന് പകരം "ഭാരവാഹി എന്നിവരുടെ" എന്ന് ചേർക്കുക.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

792. ഖണ്ഡം 20-ൽ "ചെയ്യേണ്ടതും" എന്നത് ഒഴിവാക്കുക.

മി. സ്പീക്കർ: 793 മുതൽ 797 വരെയുള്ള ഭേദഗതികൾ 792-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 786, 790 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 792-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ്

ഡോ. എൻ ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

799. ഖണ്ഡം 21-ൽ "ഒരു വ്യവഹാരമോ നടപടിയോ," എന്നതിന് ശേഷം "സംഘം ഭരണസമിതി ഉപശമിപ്പിക്കുന്നതിന് തീരുമാനിക്കാത്ത പക്ഷം" എന്ന് ചേർക്കുക.

806. ഖണ്ഡം 21-ൽ, "പിൻഗാമിയുടെ പേർക്ക്" എന്നതിന് പകരം "പിൻഗാമിയുടെ പേർക്കോ അല്ലെങ്കിൽ സംഘം ഭരണസമിതി തീരുമാനിക്കുന്ന പ്രകാരമോ"എന്ന് ചേർക്കുക.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

800. ഖണ്ഡം 21-ൽ "ഉപശമിക്കുകയില്ലാത്തതും" എന്നതിന് പകരം "അവസാനിക്കുന്നതല്ലാത്തതും" എന്ന് ചേർക്കുക

മി. സ്പീക്കർ: 798-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിനുള്ളതാകയാൽ ക്രമപ്രകാരമല്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ

സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 799, 806 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 800-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ്

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

809. ഖണ്ഡം 22(1)-ൽ "സ്ഥാവര-ജംഗമ" എന്നതിന് മുമ്പായി "വ്യക്തിഗത" എന്ന് ചേർക്കുക.

ശ്രീ. എം. മുകേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

810. ഖണ്ഡം 22(1)-ൽ "നടത്താൻ" എന്നതിന് പകരം "നടപ്പാക്കാൻ"എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

811. ഖണ്ഡം 22(1)-ൽ "വസ്തുവിനെതിരെ" എന്നതിന് പകരം "സ്ഥാവര-ജംഗമ വസ്തുക്കൾക്കെതിരെ"എന്ന് ചേർക്കുക.

814. ഖണ്ഡം 22(2)-ൽ "സംഘത്തിന്റെ" എന്നതിന് ശേഷം "സ്ഥാവര-ജംഗമ"എന്ന് ചേർക്കുക.

ശ്രീ. മുരളി പെരുനെല്ലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

812. ഖണ്ഡം 22(1)-ൽ "വസ്തുവിനെതിരെ" എന്നതിന് പകരം "ആസ്തികൾക്കെതിരെ"എന്ന് ചേർക്കുക.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

813. ഖണ്ഡം 22(1)-ൽ "നടത്തേണ്ടതുമാണ്" എന്നതിന് പകരം "നടപ്പാക്കേണ്ടതുമാണ്"എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

815. ഖണ്ഡം 22(2)-ൽ "വസ്തുക്കൾക്കെതിരായി" എന്നതിന് പകരം "വസ്തുക്കളിന്മേൽ"എന്ന് ചേർക്കുക.

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

816. ഖണ്ഡം 22(2)-ൽ "വസ്തുക്കൾക്കെതിരായി" എന്നതിന് പകരം "ആസ്തികളിന്മേൽ"എന്ന് ചേർക്കുക.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

817. ഖണ്ഡം 22(2)-ൽ "വസ്തുക്കൾക്കെതിരായി" എന്നതിന് പകരം "ആസ്തികൾക്കെതിരായി"എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 809-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. മുകേഷ് അവതരിപ്പിച്ച 810-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 811, 814 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 812-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 813-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 815-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 816-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ അവതരിപ്പിച്ച 817-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഇരുപത്തിമൂന്നാം വകുപ്പ്</u>

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

820. ഖണ്ഡം 23-ൽ "ഏതെങ്കിലും ചട്ടമോ" എന്നതിന് ശേഷം "ദുരുപദേശമോ" എന്ന്

ചേർക്കുക.

മി. സ്പീക്കർ: 818-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിനുള്ളതാകയാൽ ക്രമപ്രകാരമല്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 820-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിനാലാം വകുപ്പ്

ശ്രീ. ഐ. ബി. സതീഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

823. ഖണ്ഡം 24-ൽ "വസ്തുക്കൾ ഏതെങ്കിലും" എന്നതിന് പകരം "ആസ്തികൾ ഏതെങ്കിലും" എന്ന് ചേർക്കുക.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

825. ഖണ്ഡം 24-ൽ "വസ്തുക്കൾ കേടുവരുത്തുകയോ" എന്നതിന് പകരം "ആസ്തികൾക്ക് കേടുവരുത്തുകയോ" എന്ന് ചേർക്കുക.

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

827. ഖണ്ഡം 24-ൽ "നഷ്ടത്തിന്" എന്നതിന് പകരം "കഷ്ടനഷ്ടങ്ങൾക്ക്" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

829. ഖണ്ഡം 24-ന്റെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക.
"എന്നാൽ അങ്ങനെയുള്ള അംഗത്തിന് പറയുവാനുള്ളത് പറയുന്നതിന് അവസരം നൽകിയ ശേഷം നടപടി സ്വീകരിക്കേണ്ടതാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 826-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

826. ഖണ്ഡം 24-ൽ "ഇതിനു മുൻപായി" എന്നതിന് പകരം "ഈ ആക്ടിൽ" എന്ന് ചേർക്കുക.

മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച 823-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 825-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 827-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 829-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഇരുപത്തിയഞ്ചാം വകുപ്പ്</u>

<u>ശ്രീ. എം. എം. മണി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

830. ഖണ്ഡം 25-ൽ "ഏതെങ്കിലും" എന്നതിന് ശേഷം "ആസ്തിയോ" എന്ന് ചേർക്കുക.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

834. ഖണ്ഡം 25-ൽ "വസ്തുവിനെ" എന്നതിന് പകരം "വസ്തുക്കൾ" എന്ന് ചേർക്കുക.

835. ഖണ്ഡം 25-ൽ "നിർമ്മിക്കുകയോ" എന്നതിന് ശേഷം "നിർമ്മിക്കുന്നതിന് സഹായിക്കുകയോ" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എം. എം. മണി അവതരിപ്പിച്ച 830-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 834, 835 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയാറാം വകുപ്പ്

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

ഖണ്ഡം 26-ലെ (2)-ാം ഉപഖണ്ഡത്തിൽ "തപാൽ മുഖേന" എന്ന വാക്കുകൾക്ക് പകരം "തപാൽ മുഖേനയോ ഇലക്ട്രോണിക് മോഡിലോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

837. ഖണ്ഡം 26(1)-ൽ "ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി" എന്നതിന് പകരം "നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസരിച്ച്" എന്ന് ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

844. ഖണ്ഡം 26(1)-ൽ "കുറയ്ക്കണമെന്നോ" എന്നതിന് പകരം "ചുരുക്കണമെന്നോ" എന്ന് ചേർക്കുക.

860. ഖണ്ഡം 26(2)-ൽ "പകരം ആളിനെ ചുമതലപ്പെടുത്തിയിട്ടുള്ള പക്ഷം അവരുൾപ്പെടെയുള്ള" എന്നത് ഒഴിവാക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

849. ഖണ്ഡം 26(1)-ൽ "മറ്റേതെങ്കിലും" എന്നതിന് ശേഷം "സംഘം ഏറ്റെടുക്കണമെന്നോ അല്ലെങ്കിൽ" എന്ന് ചേർക്കുക.

850. ഖണ്ഡം 26(1)-ൽ "വഴി" എന്നത് ഒഴിവാക്കുക.

851. ഖണ്ഡം 26(1)-ൽ “റഗുലേഷനുകളും” എന്നതിന് ശേഷം “ബൈലോകളും” എന്ന് ചേർക്കുക.

854. ഖണ്ഡം 26(2)-ൽ "നോട്ടീസായി" എന്നതിന് ശേഷം "നേരിട്ട്" എന്ന് ചേർക്കുക.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

852. ഖണ്ഡം 26(1)-ൽ “റഗുലേഷനുകളും” എന്നതിന് ശേഷം “ബൈലോയും” എന്ന് ചേർക്കുക.

ശ്രീമതി ദെലീമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

855. ഖണ്ഡം 26(2)-ൽ "തപാൽ മുഖേന" എന്നതിന് പകരം "രജിസ്റ്റേഡ് തപാൽ വഴി" എന്ന് ചേർക്കുക.

ശ്രീ. കെ. ആൻസലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

861. ഖണ്ഡം 26(2)-ൽ "വോട്ടിന്റെ കേവല" എന്നതിന് പകരം "മൂന്നിൽ രണ്ട്" എന്ന് ചേർക്കുക.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

863. ഖണ്ഡം 26(2)-ൽ "അംഗീകരിക്കപ്പെടുന്നതല്ല" എന്നതിന് പകരം "നിലനിൽക്കുന്നതല്ല” എന്ന് ചേർക്കുക.

ശ്രീ. എച്ച്. സലാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

864. ഖണ്ഡം 26(3) ആയി ചുവടെപ്പറയുന്നത് ചേർക്കുക:

"(3) (2)-ാം ഉപവകുപ്പ് പ്രകാരം പാസ്സായ ഏതൊരു നിർദ്ദേശവും, അത് സംബന്ധിച്ച് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഒരു റിപ്പോർട്ട് സംഘം ഭരണസമിതിയോ ഭരണസമിതികളോ രജിസ്ട്രാർ മുമ്പാകെ സമർപ്പിക്കേണ്ടതും ഇതു സംബന്ധിച്ച് നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഈ നിർദ്ദേശം രജിസ്ട്രാർ

പരിശോധിക്കേണ്ടതും ഭരണസമിതിയുടെയോ സമിതികളുടെയോ തീരുമാനം അദ്ദേഹത്തിന് ബോദ്ധ്യപ്പെടുന്നപക്ഷം അതതു സംഗതി പോലെ സംയോജനത്തിനോ വിപുലീകരണത്തിനോ പ്രവർത്തനം ചുരുക്കുന്നതിനോ ഒരു ഉത്തരവ് മുഖേന അനുമതി നൽകാവുന്നതുമാണ്"

മി. സ്പീക്കർ: 838-ാം നമ്പർ ഭേദഗതി 837-ാം നമ്പർ ഭേദഗതിക്കും 856-ാം നമ്പർ ഭേദഗതി 855-ാം നമ്പർ ഭേദഗതിക്കും 859-ാം നമ്പർ ഭേദഗതി 860-ാം നമ്പർ ഭേദഗതിക്കും 862-ാം നമ്പർ ഭേദഗതി 861-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 850-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച 850-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 837-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 844, 860 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 849, 851, 854 എന്നീ നമ്പർ ഭേദഗതികൾ

സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 852-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ദെലീമ അവതരിപ്പിച്ച 855-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 861-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 863-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 864-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഇരുപത്തിയേഴാം വകുപ്പ്</u>

<u>ശ്രീ. എം. വിജിൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

866. ഖണ്ഡം 27(1)-ൽ "സർക്കാരിനോ, രജിസ്ട്രാർക്കോ" എന്ന് വരുന്നിടത്തെല്ലാം പകരം "സർക്കാരിനും, ബന്ധപ്പെട്ട രജിസ്ട്രാർക്കും" എന്ന് ചേർക്കുക.

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

872. ഖണ്ഡം 27(l)-ൽ "ഏതൊരു കാലയളവിലേയ്ക്കും ഉള്ള" എന്നതിന് പകരം "അതത് കാലയളവിലേയ്ക്കുള്ള" എന്ന് ചേർക്കുക.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

874. ഖണ്ഡം 27(l)-ൽ "മറ്റ് പുസ്തകങ്ങളും" എന്നതിന് ശേഷം "സൂക്ഷ്മമായി" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

879. ഖണ്ഡം 27(1)-ൽ "റിപ്പോർട്ടായി" എന്നതിന് ശേഷം "അതാത് സംഗതി പോലെ" എന്ന് ചേർക്കുക.

881. ഖണ്ഡം 27(1)-ൽ "കെട്ടിടത്തിലും" എന്നതിന് ശേഷം "പ്രവർത്തി സമയങ്ങളിൽ" എന്ന് ചേർക്കുക.

889. ഖണ്ഡം 27(1)-ൽ "നൽക്കേണ്ടതും" എന്നതിന് പകരം "നൽകേണ്ടതും" എന്ന് ചേർക്കുക.

890. ഖണ്ഡം 27(1)-ൽ "എല്ലാ പുസ്തകങ്ങളും" എന്നതിന് പകരം "എല്ലാ കണക്കുകളും മറ്റ് പുസ്തകങ്ങളും" എന്ന് ചേർക്കുക.

905. ഖണ്ഡം 27(3)-ൽ "കരുതുന്ന" എന്നതിന് ശേഷം "അത്തരം" എന്ന് ചേർക്കുക.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

882. ഖണ്ഡം 27(1)-ൽ "വിവരങ്ങളും" എന്നതിന് ശേഷം "രേഖകളും" എന്ന് ചേർക്കുക.

ശ്രീ. എം. നൗഷാദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

891. ഖണ്ഡം 27(2)-ൽ "എല്ലാ പുസ്തകങ്ങളും" എന്നതിന് ശേഷം "ആവശ്യപ്പെട്ട രേഖകളും" എന്ന് ചേർക്കുക.

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

892. ഖണ്ഡം 27(2)-ൽ "ഉദ്യോഗസ്ഥന് വിശ്വസിക്കുവാൻ മതിയായ കാരണമുള്ളപക്ഷം" എന്നതിന് പകരം "ഉദ്യോഗസ്ഥന് ബോധ്യമാകുന്നപക്ഷം" എന്ന് ചേർക്കുക.

895. ഖണ്ഡം 27(2)-ൽ "ഉദ്യോഗസ്ഥന് വിശ്വസിക്കുവാൻ മതിയായ കാരണമുള്ളപക്ഷം" എന്നതിന് പകരം "ഉദ്യോഗസ്ഥന് സംശയരഹിതമായി ബോധ്യപ്പെടുന്നപക്ഷം" എന്ന് ചേർക്കുക.

ശ്രീ. ഐ. ബി. സതീഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

896. ഖണ്ഡം 27(2)-ൽ "ഉദ്യോഗസ്ഥന് വിശ്വസിക്കുവാൻ മതിയായ കാരണമുള്ളപക്ഷം" എന്നതിന് പകരം "ഉദ്യോഗസ്ഥന് പ്രഥമ ദൃഷ്ടിയാൽ ബോധ്യപ്പെടുന്നപക്ഷം" എന്ന്

ചേർക്കുക.

ശ്രീ. എ. പ്രഭാകരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

902. ഖണ്ഡം 27(2)-ൽ "ഏതൊരു" എന്നതിന് മുമ്പിൽ "രജിസ്ട്രാറുടെ അനുമതിയോടെ" എന്ന് ചേർക്കുക.

ശ്രീ. ജി. സ്റ്റീഫൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

903. ഖണ്ഡം 27(2)-ൽ "പിടിച്ചെടുക്കുകയോ" എന്നതിന് പകരം "കൈവശം സൂക്ഷിക്കാവുന്നതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 865-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിനുള്ളതാകയാൽ ക്രമപ്രകാരമല്ല. 867-ാം നമ്പർ ഭേദഗതി 866-ാം നമ്പർ ഭേദഗതിക്കും 873-ാം നമ്പർ ഭേദഗതി 872-ാം നമ്പർ ഭേദഗതിക്കും 875 മുതൽ 878 വരെയുള്ള ഭേദഗതികൾ 874-ാം നമ്പർ ഭേദഗതിക്കും 883 മുതൽ 887 വരെയുള്ള ഭേദഗതികൾ 882-ാം നമ്പർ ഭേദഗതിക്കും 888-ാം നമ്പർ ഭേദഗതി 889-ാം നമ്പർ ഭേദഗതിക്കും 893-ാം നമ്പർ ഭേദഗതി 892-ാം നമ്പർ ഭേദഗതിക്കും 894-ാം നമ്പർ ഭേദഗതി 895-ാം നമ്പർ ഭേദഗതിക്കും 897-ാം നമ്പർ ഭേദഗതി 896-ാം നമ്പർ ഭേദഗതിക്കും 904-ാം നമ്പർ ഭേദഗതി 903-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 881-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ സ്വീകരിക്കുന്നു.

881. ഖണ്ഡം 27(1)-ൽ "കെട്ടിടത്തിലും" എന്നതിന് ശേഷം "പ്രവൃത്തി സമയങ്ങളിൽ" എന്ന് ചേർക്കുക.

മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതിയോടെ സ്വീകരിച്ച 881-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 866-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 872-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 874-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 879, 889, 890, 905 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 882-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 891-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 892, 895 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച 896-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ അവതരിപ്പിച്ച 902-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. സ്റ്റീഫൻ അവതരിപ്പിച്ച 903-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന

പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഇരുപത്തിയെട്ടാം വകുപ്പ്

ശ്രീ. കെ. ജെ. മാക്സി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

907. ഖണ്ഡം 28-ന്റെ മാർജിനൽ ശീർഷകത്തിൽ "അനുസരണക്കേടിന്" എന്നത് ഒഴിവാക്കുക.

ശ്രീ. യു. ആർ. പ്രദീപ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

908. ഖണ്ഡം 28-ന്റെ മാർജിനൽ ശീർഷകം താഴെ പറയും പ്രകാരം മാറ്റുക. "28 സംഘത്തിന്റെ ഭരണസമിതിയിലെ അംഗത്തിനെയോ ജീവനക്കാരനെയോ കൃത്യവിലോപത്തിന് ശിക്ഷിക്കുന്നതിനുള്ള അധികാരം.-"

ശ്രീമതി യു. പ്രതിഭ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

909. ഖണ്ഡം 28(1)-ൽ "ഒരു" എന്നത് ഒഴിവാക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

910. ഖണ്ഡം 28(1)-ൽ "അംഗത്തിനോ ജീവനക്കാരനോ" എന്നതിന് ശേഷം "എതിരെ" എന്ന് ചേർക്കുക.

914. ഖണ്ഡം 28(1)-ൽ "നൽകാതിരിക്കുന്ന" എന്നതിന് ശേഷം "അങ്ങനെയുള്ള" എന്ന് ചേർക്കുക.

915. ഖണ്ഡം 28(1)-ൽ "ജീവനക്കാരനേയോ" എന്നതിന് ശേഷം "അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകിയ ശേഷം" എന്ന് ചേർക്കുക.

920. ഖണ്ഡം 28(1)-ൽ "ഈ വകുപ്പ് പ്രകാരം" എന്നതിന് ശേഷം "നിർണ്ണയിക്കാവുന്ന" എന്ന് ചേർക്കുക.

ശ്രീ. എച്ച്. സലാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

912. ഖണ്ഡം 28(1)-ൽ "ആയിരം രൂപയിൽ അധികരിക്കാത്ത" എന്നതിന് പകരം "നിശ്ചിത" എന്ന് ചേർക്കുക.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

922. ഖണ്ഡം 28 (2)-ൽ "ഭരണസമിതിയംഗമായി" എന്നതിന് പകരം "ഭരണസമിതിയംഗമായോ ജീവനക്കാരനായോ" എന്ന് ചേർക്കുക.

ശ്രീ. എം. നൗഷാദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

923. ഖണ്ഡം 28(2)-ൽ "ഭരണസമിതിയംഗമായി തെരഞ്ഞെടുക്കപ്പെടുന്നതിനോ നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനോ" എന്നതിന് പകരം "നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനോ തെരഞ്ഞെടുക്കപ്പെടുന്നതിനോ " എന്ന് ചേർക്കുക.

മി. സ്പീക്കർ: 906-ാം നമ്പർ ഭേദഗതി ഖണ്ഡം നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. 913-ാം നമ്പർ ഭേദഗതി 912-ാം നമ്പർ ഭേദഗതിക്കും 924-ാം നമ്പർ ഭേദഗതി 923-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 921-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

921. ഖണ്ഡം 28(2)-ൽ "ഭരണസമിതിയംഗമായി" എന്നതിന് മുമ്പിൽ "ഏതൊരു സംഘത്തിലേയ്ക്കും" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. ജെ. മാക്സി അവതരിപ്പിച്ച 907-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ

പിൻവലിച്ചിരിക്കുന്നു.

ശ്രീ. യു. ആർ. പ്രദീപ് അവതരിപ്പിച്ച 908-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 909-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 910, 914, 915, 920 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 912-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 922-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 923-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഇരുപത്തിയൊൻപതാം വകുപ്പ്</u>

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

ഖണ്ഡം 29-ൽ നിലവിലുള്ള വകുപ്പിനെ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും

അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതുമാണ്, അതായത്:-

"(2) ഏതെങ്കിലും സാഹചര്യത്തിൽ അംഗങ്ങളുടെ എണ്ണം 4-ാം വകുപ്പിൽ നിഷ്കർഷിച്ചിട്ടുള്ള എണ്ണത്തേക്കാൾ കുറവുണ്ടാകുന്നപക്ഷം ആയത് സംഘത്തിന്റെ മൊത്തമോറാണ്ടവും റഗുലേഷനുകളും പ്രകാരം ആറ് മാസത്തിനുള്ളിൽ നികത്തേണ്ടതും ആയത് ഉടൻതന്നെ രജിസ്ട്രാറെ അറിയിക്കേണ്ടതുമാണ്."

ശ്രീ. എ. രാജ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

932. ഖണ്ഡം 29-ന്റെ മാർജിനൽ ശീർഷകത്തിൽ "റഗുലേഷനുകളും" എന്നതിന് ശേഷം "ബൈലോയും"എന്ന് ചേർക്കുക.

ശ്രീ. കെ. ജെ. മാക്സി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

933. ഖണ്ഡം 29-ൽ "ചട്ടങ്ങളും റഗുലേഷനുകളും പ്രകാരം" എന്നതിന് പകരം "നിയമവും ചട്ടങ്ങളും അനുശാസിക്കുന്ന പ്രകാരം ആറുമാസത്തിനുള്ളിൽ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

935. ഖണ്ഡം 29-ൽ "റഗുലേഷനുകളും" എന്നതിന് ശേഷം "ബൈലോകളും" എന്ന് ചേർക്കുക.

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

936. ഖണ്ഡം 29-ൽ "റഗുലേഷനുകളും" എന്നതിന് ശേഷം "ബൈലോയും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 931-ാം നമ്പർ ഭേദഗതി ഖണ്ഡം നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. 934-ാം നമ്പർ ഭേദഗതി 933-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി

ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എ. രാജ അവതരിപ്പിച്ച 932-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ജെ. മാക്സി അവതരിപ്പിച്ച 933-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 935-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 936-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പതാം വകുപ്പ്

ശ്രീ. ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

937. ഖണ്ഡം 30-ൽ "സംഘത്തിന്റെയും" എന്നതിന് ശേഷം "വോട്ട് ചെയ്യുന്നതിന് യോഗ്യതയുള്ള" എന്ന് ചേർക്കുക.

938. ഖണ്ഡം 30-ൽ "ഉടൻതന്നെയോ" എന്നതിന് ശേഷം "പൊതുയോഗം" എന്ന് ചേർക്കുക.

943. ഖണ്ഡം 30-ൽ "സഹിതം" എന്നതിന് ശേഷം "അപ്രകാരമുള്ള നടപടി സ്വീകരിച്ച ശേഷം" എന്ന് ചേർക്കുക.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

940. ഖണ്ഡം 30-ൽ "ബാദ്ധ്യതകൾ കഴിച്ചുള്ള വസ്തുവകകൾ" എന്നതിന് പകരം "ആസ്തി - ബാദ്ധ്യതകൾ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

942. ഖണ്ഡം 30-ൽ "വസ്തുവകകൾ" എന്നതിന് പകരം "ആസ്തികൾ" എന്ന് ചേർക്കുക.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

953. ഖണ്ഡം 30-ന്റെ മൂന്നാം ക്ലിപ്ത നിബന്ധനയിൽ "സംഘത്തിൽ" എന്നതിന് ശേഷം "ഭരണകാര്യങ്ങളിൽ സർക്കാരിന് നേരിട്ട് നിയന്ത്രണമുണ്ടാകുകയോ" എന്ന് ചേർക്കുക.

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

954. ഖണ്ഡം 30-ന്റെ മൂന്നാം ക്ലിപ്ത നിബന്ധനയിൽ "അവകാശമുണ്ടായിരിക്കുകയോ" എന്നതിന് ശേഷം "നിയന്ത്രണമുണ്ടായിരിക്കുകയോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 941-ാം നമ്പർ ഭേദഗതി 940-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി

ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 937, 938, 943 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 940-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 942-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ അവതരിപ്പിച്ച 953-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 954-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയൊന്നാം വകുപ്പ്

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

956. ഖണ്ഡം 31(1)-ൽ "ഉഭയസമ്മതപ്രകാരം" എന്നതിന് മുമ്പിൽ "സർക്കാരും സംഘവും" എന്ന് ചേർക്കുക.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

958. ഖണ്ഡം 31(1)-ൽ "ആവശ്യങ്ങൾക്കായി" എന്നതിന് പകരം "ഉദ്ദേശ്യങ്ങൾക്കായി" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

961. ഖണ്ഡം 31(2)-ൽ "ഏതെങ്കിലും സംഘം" എന്നതിന് ശേഷം "പിരിച്ചുവിടപ്പെടുമ്പോൾ" എന്ന് ചേർക്കുക.

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

962. ഖണ്ഡം 31(2)-ൽ "ബാദ്ധ്യതകളും" എന്നതിന് പകരം "ബാധ്യതകളും" എന്ന് ചേർക്കുക.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

964. ഖണ്ഡം 31(2)-ൽ "ആദ്യാധികാരിതയുള്ള" എന്നതിന് പകരം "അധികാരിതയുള്ള" എന്ന് ചേർക്കുക.

മി. സ്പീക്കർ: 957-ാം നമ്പർ ഭേദഗതി 956-ാം നമ്പർ ഭേദഗതിക്കും 959-ാം നമ്പർ ഭേദഗതി 958-ാം നമ്പർ ഭേദഗതിക്കും 963-ാം നമ്പർ ഭേദഗതി 962-ാം നമ്പർ ഭേദഗതിക്കും 965-ാം നമ്പർ ഭേദഗതി 964-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ശ്രീ. എം. വിജിൻ അവതരിപ്പിച്ച 962-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 962-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 956-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 958-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 961-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 964-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂപ്പത്തിരണ്ടാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

966. ഖണ്ഡം 32(1)-ൽ "അംഗങ്ങളിൽ" എന്നതിന് ശേഷം "വോട്ട് ചെയ്യുന്നതിന് യോഗ്യതയുള്ളവരിൽ" എന്ന് ചേർക്കുക.

967. ഖണ്ഡം 32(1)-ൽ "സംഘത്തിൽ" എന്നതിന് പകരം "സംഘത്തിന്" എന്ന് ചേർക്കുക.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

969. ഖണ്ഡം 32(2)-ൽ "അപേക്ഷ" എന്നതിന് ശേഷം "സംഘത്തിലെ" എന്ന് ചേർക്കുക.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

971. ഖണ്ഡം 32(2)-ൽ "അപേക്ഷകൻ" എന്നതിന് പകരം "അപേക്ഷകർ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 970-ാം നമ്പർ ഭേദഗതി 969-ാം നമ്പർ ഭേദഗതിക്കും 972-ാം നമ്പർ ഭേദഗതി 971-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 966, 967 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 969-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ അവതരിപ്പിച്ച 971-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തി മൂന്നാം വകുപ്പ്

ശ്രീ. എ. രാജ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

973. ഖണ്ഡം 33-ൽ "ആക്ടിൻ കീഴിൽ" എന്നതിന് പകരം "ആക്ടിനോ നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്ക് കീഴിലോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 974-ാം നമ്പർ ഭേദഗതി 973-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. രാജ അവതരിപ്പിച്ച 973-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മുപ്പത്തി മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

മുപ്പത്തി മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തി മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിനാലാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

985. ഖണ്ഡം 34(3)-ൽ "രജിസ്ട്രാർ" എന്ന് വരുന്നിടത്തെല്ലാം അതിന് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

990. ഖണ്ഡം 34(3)-ൽ "രണ്ടിൽ" എന്നതിന് പകരം "സംഘം നിലവിൽ പ്രവർത്തിക്കുന്ന മേൽവിലാസത്തിലും അഞ്ചിൽ" എന്ന് ചേർക്കുക.

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

995. ഖണ്ഡം 34(4)-ൽ "മൂന്ന് മാസം" എന്നതിന് പകരം "ആറുമാസം" എന്ന് ചേർക്കുക.

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1001. ഖണ്ഡം 34(4)-ൽ "മറിച്ച്" എന്നതിന് പകരം "സംഘത്തിന്റെ ഭാരവാഹികൾ പേര് നീക്കം ചെയ്യുന്നതിനെതിരെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 991-ാം നമ്പർ ഭേദഗതി 990-ാം നമ്പർ ഭേദഗതിക്കും 996-ാം നമ്പർ ഭേദഗതി 995-ാം നമ്പർ ഭേദഗതിക്കും 1002-ാം നമ്പർ ഭേദഗതി 1001-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 985-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 990-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 995-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 1001-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

പ്രതിക്കൂലിക്കുന്നവർ.....

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയഞ്ചാം വകുപ്പ്

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1003. ഖണ്ഡം 35(1)-ൽ "മൂന്നിൽ ഒന്ന്" എന്നതിന് പകരം "മൂന്നിലൊന്നിൽ കുറയാത്ത" എന്ന് ചേർക്കുക.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1014. ഖണ്ഡം 35(2)(ii)-ൽ "പ്രതിജ്ഞ" എന്നതിന് പകരം "സത്യപ്രസ്താവന" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1018. ഖണ്ഡം 35(2)(iii)-ൽ "റെഗുലേഷനിലോ" എന്നതിന് പകരം "റഗുലേഷനിലോ" എന്ന് ചേർക്കുക.

1036. ഖണ്ഡം 35(3)-ൽ "റഗുലേഷനുകളും" എന്ന് വരുന്നിടത്തെല്ലാം അതിന് ശേഷം "ബൈലോയും" എന്ന് ചേർക്കുക.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1020. ഖണ്ഡം 35(2)(iii)-ൽ "റെഗുലേഷനിലോ" എന്നതിന് പകരം "റഗുലേഷനിലോ ബൈലോയിലോ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1027. ഖണ്ഡം 35(2)(iii)-ൽ "പൊതുയോഗം" എന്നതിന് മുമ്പിൽ "പ്രത്യേക" എന്ന് ചേർക്കുക.

1037. ഖണ്ഡം 35(3)-ൽ "റഗുലേഷനുകളും" എന്ന് വരുന്നിടത്തെല്ലാം അതിന് ശേഷം "ബൈലോകളും" എന്ന് ചേർക്കുക.

1038. ഖണ്ഡം 35(4)-ൽ "റിപ്പോർട്ട് " എന്നതിന് മുമ്പായി "രേഖാമൂലമുള്ള" എന്ന് ചേർക്കുക.

ശ്രീ. എച്ച്. സലാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1029. ഖണ്ഡം 35(3)-ൽ "(2)-ാം" എന്നതിന് പകരം "(1)-ാം" എന്ന് ചേർക്കുക.

ശ്രീ. വി. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1033. ഖണ്ഡം 35(3)-ൽ "പരാമർശിക്കപ്പെടുന്നയാൾക്കോ" എന്നതിന് പകരം "പരാമർശിക്കപ്പെടുന്ന ഉദ്യോഗസ്ഥനോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1004-ാം നമ്പർ ഭേദഗതി 1003-ാം നമ്പർ ഭേദഗതിക്കും 1015-ാം നമ്പർ ഭേദഗതി 1014-ാം നമ്പർ ഭേദഗതിക്കും 1019-ാം നമ്പർ ഭേദഗതി 1018-ാം നമ്പർ ഭേദഗതിക്കും 1021, 1022 എന്നീ നമ്പർ ഭേദഗതികൾ 1020-ാം നമ്പർ ഭേദഗതിക്കും 1030-ാം നമ്പർ ഭേദഗതി 1029-ാം നമ്പർ ഭേദഗതിക്കും 1034-ാം നമ്പർ ഭേദഗതി 1033-ാം നമ്പർ ഭേദഗതിക്കും 1035-ാം നമ്പർ ഭേദഗതി 1036-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 1018-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 1018-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 1003-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 1014-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 1036-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 1020-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 1027, 1037, 1038 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 1029-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ജോയി അവതരിപ്പിച്ച 1033-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂപ്പത്തിയാറാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1039. ഖണ്ഡം 36-ൽ "സംഘത്തിന്റെ" എന്നതിന് പകരം "സംഘം" എന്ന് ചേർക്കുക.

1040. ഖണ്ഡം 36(ii)-ൽ "അന്വേഷണം" എന്നതിന് മുമ്പിൽ "സംഘത്തിന്റെ പ്രവർത്തനം സംബന്ധിച്ച് " എന്ന് ചേർക്കുക.

1054. ഖണ്ഡം 36 (iv)-ൽ "റിപ്പോർട്ട്" എന്നതിന് ശേഷം "രജിസ്ട്രാർക്ക്" എന്ന് ചേർക്കുക.

ശ്രീമതി ദെലീമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1048. ഖണ്ഡം 36 (iii)-ൽ "പ്രതിജ്ഞ" എന്നതിന് പകരം "സത്യപ്രസ്താവന" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1049-ാം നമ്പർ ഭേദഗതി 1048-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 1039-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 1039-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 1040, 1054 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ദെലീമ അവതരിപ്പിച്ച 1048-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയേഴാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1059. ഖണ്ഡം 37(1)-ൽ "ന്യായമെന്ന് തോന്നുന്ന" എന്നതിന് പകരം ", നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള" എന്ന് ചേർക്കുക.

ശ്രീ. വി. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1066. ഖണ്ഡം 37(3)-ൽ "യാതൊരാൾക്കും" എന്നതിന് പകരം "ഏതൊരാൾക്കും" എന്ന് ചേർക്കുക.

ശ്രീ. യു. ആർ. പ്രദീപ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1068. ഖണ്ഡം 37(3)-ൽ "റിവിഷൻ" എന്നതിന് പകരം "അപേക്ഷ" എന്ന് ചേർക്കുക.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1069. ഖണ്ഡം 37(3)-ൽ "റിവിഷൻ" എന്നതിന് ശേഷം "അപേക്ഷ" എന്ന് ചേർക്കുക.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1070. ഖണ്ഡം 37(4)-ൽ "റിവിഷനിലോ" എന്നതിന് പകരം "റിവിഷൻ അപേക്ഷയിലോ" എന്ന് ചേർക്കുക.

1072. ഖണ്ഡം 37(5)-ൽ "കുടിശ്ശികയെന്നപോലെ" എന്നതിന് ശേഷം "കുറ്റക്കാരനിൽ നിന്നും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1067-ാം നമ്പർ ഭേദഗതി 1066-ാം നമ്പർ ഭേദഗതിക്കും 1071-ാം നമ്പർ ഭേദഗതി 1070-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ശ്രീ. വി. ജോയി അവതരിപ്പിച്ച 1066-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ്

ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 1066-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 1059-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. യു. ആർ. പ്രദീപ് അവതരിപ്പിച്ച 1068-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 1069-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 1070, 1072 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയെട്ടാം വകുപ്പ്

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

ഖണ്ഡം 38-ൽ (i) (1)-ാം ഉപഖണ്ഡത്തിൽ "അതിന്റെ നിയന്ത്രണത്തിലുള്ള പ്രദേശത്ത് ഏതെങ്കിലും" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

(ii) " 36-ാം വകുപ്പിന്റെ (ii)-ാം ഇനത്തിൽ" എന്നതിന് പകരം "36-ാം വകുപ്പിൽ" എന്ന്

ചേർക്കേണ്ടതാണ്.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1073. ഖണ്ഡം 38(1)-ൽ "നിയന്ത്രണത്തിലുള്ള" എന്നതിന് പകരം "പ്രവർത്തന പരിധി" എന്ന് ചേർക്കുക.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1075. ഖണ്ഡം 38(1)-ൽ "മറ്റൊരു ഉദ്യോഗസ്ഥനെ" എന്നതിന് മുമ്പായി "സബ് രജിസ്ട്രാറുടെ പദവിയിൽ കുറയാത്ത" എന്ന് ചേർക്കുക.

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1080. ഖണ്ഡം 38(2)-ൽ "ശേഷം രേഖാമൂലമുള്ള" എന്നതിനു മുമ്പായി "വിശദീകരണം തൃപ്തികരമല്ലെന്ന് ബോധ്യപ്പെടുന്ന പക്ഷം" എന്ന് ചേർക്കുക.

ശ്രീ. എം. എം. മണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1082. ഖണ്ഡം 38(3)-ൽ "അപ്പീൽ" എന്നതിനു മുമ്പായി "സംഘങ്ങളുടെ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1076-ാം നമ്പർ ഭേദഗതി 1075-ാം നമ്പർ ഭേദഗതിക്കും 1081-ാം നമ്പർ ഭേദഗതി 1080-ാം നമ്പർ ഭേദഗതിക്കും 1083-ാം നമ്പർ ഭേദഗതി 1082-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 1075-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച 1075-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 1073-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 1080-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എം. മണി അവതരിപ്പിച്ച 1082-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുപ്പത്തിയൊൻപതാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1088. ഖണ്ഡം 39(1)(എ)-ൽ "ഏതെങ്കിലും സംഘത്തിന്" എന്നതിന് മുമ്പിൽ "ഈ ആക്ടിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതോ രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയ" എന്ന് ചേർക്കുക.

1108. ഖണ്ഡം 39(2)-ൽ "ഫണ്ടിൽ" എന്നതിന് പകരം "നിധിയിൽ" എന്ന് ചേർക്കുക.

1122. ഖണ്ഡം 39(4)-ൽ "തെരഞ്ഞെടുക്കപ്പെടുന്ന" എന്നതിന് ശേഷം "ഒരു" എന്ന് ചേർക്കുക.

1123. ഖണ്ഡം 39(5)-ൽ "ആവശ്യമാണെന്ന" എന്നതിന് പകരം "ആവശ്യമാണെന്ന്" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു.

1089. ഖണ്ഡം 39(1)(എ)-ൽ "നടത്താതിരിക്കുകയോ " എന്നത് ഒഴിവാക്കുക.

1115. ഖണ്ഡം 39(3)-ൽ "റെഗുലേഷനുകളും" എന്നതിന് പകരം "റഗുലേഷനുകളും" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1091. ഖണ്ഡം 39(1)(സി)-ൽ "സർക്കാരിന് " എന്നതിന് പകരം "സർക്കാർ" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1093. ഖണ്ഡം 39(1)(സി)-ൽ "ചെയ്യുന്നപക്ഷമോ" എന്നതിന് ശേഷം "; " എന്ന ചിഹ്നം ചേർക്കുക.

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1100. ഖണ്ഡം 39(1)-ന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ ബോർഡിൽ/ വെബ്സൈറ്റിൽ" എന്നതിന് പകരം "ബോർഡിലോ വെബ്സൈറ്റിലോ" എന്ന് ചേർക്കുക.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1102. ഖണ്ഡം 39(1)ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "പൊതുജനതാല്പര്യാർത്ഥം" എന്നതിന് പകരം "പൊതുജനതാൽപ്പര്യാർത്ഥം" എന്ന് ചേർക്കുക.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1109. ഖണ്ഡം 39(2)ന്റെ ക്ലിപ്തനിബന്ധനയിൽ "പൊതുതാല്പര്യം" എന്നതിന് പകരം "പൊതുതാൽപ്പര്യം" എന്ന് ചേർക്കുക.

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1111. ഖണ്ഡം 39(2)ന്റെ ക്ലിപ്തനിബന്ധനയിൽ "കാരണത്താൽ" എന്നതിന് പകരം "കാരണങ്ങളാൽ" എന്ന് ചേർക്കുക.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1113. ഖണ്ഡം 39(2)ന്റെ ക്ലിപ്തനിബന്ധനയിൽ "നിന്നും" എന്നത് ഒഴിവാക്കുക.

ശ്രീ. എ. പ്രഭാകരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1117. ഖണ്ഡം 39(3)-ൽ "റെഗുലേഷനുകളും" എന്നതിന് പകരം "റഗുലേഷനുകളും ബൈലോയും" എന്ന് ചേർക്കുക.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1119. ഖണ്ഡം 39(4)-ൽ "അവസാനിക്കുമെങ്കിൽ" എന്നതിന് പകരം "അവസാനിക്കുന്ന സാഹചര്യത്തിൽ" എന്ന് ചേർക്കുക.

ശ്രീ. കെ. ജെ. മാക്സി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1124. ഖണ്ഡം 39(5)-ന്റെ ക്ലിപ്തനിബന്ധനയിൽ "ബോർഡിൽ/വെബ്സൈറ്റിൽ" എന്നതിന് പകരം "ബോർഡിലോ വെബ്സൈറ്റിലോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1090-ാം നമ്പർ ഭേദഗതി 1089-ാം നമ്പർ ഭേദഗതിക്കും 1092-ാം നമ്പർ ഭേദഗതി 1091-ാം നമ്പർ ഭേദഗതിക്കും 1101-ാം നമ്പർ ഭേദഗതി 1100-ാം നമ്പർ ഭേദഗതിക്കും 1103-ാം നമ്പർ ഭേദഗതി 1102-ാം നമ്പർ ഭേദഗതിക്കും 1110-ാം നമ്പർ ഭേദഗതി 1109-ാം നമ്പർ ഭേദഗതിക്കും 1112-ാം നമ്പർ ഭേദഗതി 1111-ാം നമ്പർ ഭേദഗതിക്കും 1114-ാം നമ്പർ ഭേദഗതി 1113-ാം നമ്പർ ഭേദഗതിക്കും 1116-ാം നമ്പർ ഭേദഗതി 1115-ാം നമ്പർ ഭേദഗതിക്കും 1118-ാം നമ്പർ ഭേദഗതി 1117-ാം നമ്പർ ഭേദഗതിക്കും 1120-ാം നമ്പർ ഭേദഗതി 1119-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 1102-ാം നമ്പർ ഭേദഗതിയും ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 1115-ാം നമ്പർ ഭേദഗതിയും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 1123-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 1102, 1115, 1123 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 1088, 1108, 1122 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 1089-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 1091-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 1093-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 1100-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 1109-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 1111-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 1113-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ അവതരിപ്പിച്ച 1117-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 1119-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ജെ. മാക്സി അവതരിപ്പിച്ച 1124-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പതാം വകുപ്പ്

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

ഖണ്ഡം 40-ൽ (i)-ാം ഇനത്തിൽ "(l)-ാം ഉപവകുപ്പിലെയോ (2)-ാം ഉപവകുപ്പിലെയോ" എന്നത് വിട്ടുകളയേണ്ടതാണ്.

ശ്രീ. വി. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1126. ഖണ്ഡം 40(ii)-ൽ "മനപ്പൂർവ്വം" എന്നതിന് പകരം "മന:പൂർവ്വം" എന്ന് ചേർക്കുക.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1130. ഖണ്ഡം 40(ii)-ൽ "മനപ്പൂർവ്വം" എന്നതിന് പകരം "ബോധപൂർവ്വം" എന്ന് ചേർക്കുക.

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1132. ഖണ്ഡം 40(iii)-ൽ "മനപൂർവ്വമായോ" എന്നതിന് പകരം "മനപ്പൂർവ്വമായോ" എന്ന് ചേർക്കുക.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1134. ഖണ്ഡം 40(iii)-ൽ "മനപൂർവ്വമായോ" എന്നതിന് പകരം "മനഃപൂർവ്വമായോ" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1137. ഖണ്ഡം 40(iii)-ൽ "മനപൂർവ്വമായോ" എന്നതിന് പകരം "ബോധപൂർവ്വമായോ" എന്ന് ചേർക്കുക.

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1144. ഖണ്ഡം 40(iii)-ന്റെ ക്ലിപ്ത നിബന്ധന താഴെപ്പറയും പ്രകാരം മാറ്റുക.
"എന്നാൽ, ഈ വകുപ്പിൻ കീഴിൽ ചുമത്തിയിട്ടുള്ള പിഴശിക്ഷ, മറ്റ് ഏതെങ്കിലും നിയമപ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് ഒരു തടസ്സമാകുന്നതല്ല."

മി. സ്പീക്കർ: 1127 മുതൽ 1129 വരെയുള്ള ഭേദഗതികൾ 1126-ാം നമ്പർ ഭേദഗതിക്കും 1131-ാം നമ്പർ ഭേദഗതി 1130-ാം നമ്പർ ഭേദഗതിക്കും 1133-ാം നമ്പർ ഭേദഗതി 1132-ാം നമ്പർ ഭേദഗതിക്കും 1135, 1136 എന്നീ നമ്പർ ഭേദഗതികൾ 1134-ാം നമ്പർ ഭേദഗതിക്കും 1138-ാം നമ്പർ ഭേദഗതി 1137-ാം നമ്പർ ഭേദഗതിക്കും 1145-ാം നമ്പർ ഭേദഗതി 1144-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ശ്രീ. വി. ജോയി അവതരിപ്പിച്ച 1126-ാം നമ്പർ ഭേദഗതിയും

ശ്രീ. കടകംപള്ളി സുരേന്ദ്രൻ അവതരിപ്പിച്ച 1134-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച 1126, 1134 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 1130-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 1132-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 1137-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 1144-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാല്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള നാല്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാല്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പത്തി ഒന്ന്, നാല്പത്തി രണ്ട് വകുപ്പുകൾ

(ഭേദഗതികൾ ഇല്ല)

നാല്പത്തി ഒന്ന്, നാല്പത്തി രണ്ട് എന്നീ വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

നാല്പത്തി ഒന്ന്, നാല്പത്തി രണ്ട് എന്നീ വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാല്പത്തി ഒന്ന്, നാല്പത്തി രണ്ട് എന്നീ വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പത്തി മൂന്നാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

നാല്പത്തി മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

നാല്പത്തി മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാല്പത്തി മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പത്തിനാലാം വകുപ്പ്

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1148. ഖണ്ഡം 44(1)-ൽ "ആവശ്യമെന്ന്" എന്നതിന് പകരം "അനിവാര്യമെന്ന്" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1150. ഖണ്ഡം 44(2)-ൽ "കഴിയുന്നത്രവേഗം" എന്നതിന് പകരം "ആറുമാസത്തിനകം" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1149-ാം നമ്പർ ഭേദഗതി 1148-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 1148-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 1150-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

നാല്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

നാല്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാല്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാല്പത്തിയഞ്ചാം വകുപ്പ്

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1155. ഖണ്ഡിക 45(1)-ൽ "ബാധകതയില്ലാതാക്കുകയും" എന്നതിന് പകരം "അധികാരിതയില്ലാതാക്കുകയും" എന്ന് ചേർക്കുക.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1157. ഖണ്ഡിക 45(1)-ൽ "ബാധകതയില്ലാതാക്കുകയും" എന്നതിന് പകരം "പ്രയോഗക്ഷമതയില്ലാതാക്കുകയും" എന്ന് ചേർക്കുക.

ശ്രീ. എം. നൗഷാദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1159. ഖണ്ഡിക 45(2)-ൽ "ബാധകതയില്ലാതാക്കുകയോ" എന്നതിന് പകരം "അധികാരിതയില്ലാതാക്കുകയോ" എന്ന് ചേർക്കുക.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1161. ഖണ്ഡിക 45(2)-ൽ "ബാധകതയില്ലാതാക്കുകയോ" എന്നതിന് പകരം "പ്രയോഗക്ഷമതയില്ലാതാക്കുകയോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 1156-ാം നമ്പർ ഭേദഗതി 1155-ാം നമ്പർ ഭേദഗതിക്കും 1158-ാം നമ്പർ ഭേദഗതി 1157-ാം നമ്പർ ഭേദഗതിക്കും 1160-ാം നമ്പർ ഭേദഗതി 1159-ാം നമ്പർ ഭേദഗതിക്കും 1162-ാം നമ്പർ ഭേദഗതി 1161-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. കെ. രാമചന്ദ്രൻ അവതരിപ്പിച്ച 1155-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 1157-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 1159-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 1161-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

നാല്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

പ്രതികൂലിക്കുന്നവർ.....

നാല്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാല്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

ദീർഘ ശീർഷകത്തിൽ "പ്രോൽസാഹനത്തിനോ" എന്ന വാക്കിനു പകരം "പ്രോത്സാഹനത്തിനോ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

115. ദീർഘശീർഷകത്തിൽ "ശാസ്ത്രീയ" എന്ന് വരുന്നിടത്തെല്ലാം അതിന് പകരം " ശാസ്ത്ര" എന്ന് ചേർക്കുക.
142. ദീർഘശീർഷകത്തിൽ "ബന്ധപ്പെട്ടതോ" എന്നതിന് പകരം "ബന്ധപ്പെട്ടിട്ടുള്ളതോ" എന്ന് ചേർക്കുക.
168. പീഠികയിൽ "ഉന്നമനത്തിനോ" എന്നതിനുപകരം "പുരോഗതിക്കോ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

122. ദീർഘശീർഷകത്തിൽ "കായിക" എന്ന് വരുന്നിടത്തെല്ലാം അതിനുശേഷം "വിനോദ" എന്ന് ചേർക്കുക.
134. ദീർഘശീർഷകത്തിൽ "ഉപയോഗമുള്ള" എന്നതിന് പകരം "പ്രായോഗികമായ" എന്ന് ചേർക്കുക.
163. പീഠികയിൽ "കായിക" എന്ന് വരുന്നിടത്തെല്ലാം അതിനു ശേഷം "വിനോദ" എന്ന് ചേർക്കുക.
173. പീഠികയിൽ “ഉപയോഗമുള്ള” എന്നതിന് പകരം “പ്രായോഗിക” എന്ന് ചേർക്കുക.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

128. ദീർഘശീർഷകത്തിൽ “ഉപയോഗമുള്ള” എന്നതിന് പകരം “പ്രയോജനപ്പെടുന്ന” എന്ന് ചേർക്കുക.

138. ദീർഘശീർഷകത്തിൽ "പ്രോൽസാഹനത്തിനോ" എന്നതിന് പകരം "ഉന്നമനത്തിനോ” എന്ന് ചേർക്കുക.

159. പീഠികയിൽ "ശാസ്ത്രീയ," എന്ന് വരുന്നിടത്തെല്ലാം അതിനു പകരം "ശാസ്ത്ര," എന്ന് ചേർക്കുക.

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

188. ഖണ്ഡം 1(2)-ൽ "സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന തീയതിയിൽ" എന്നതിന് പകരം "ഉടനടി” എന്ന് ചേർക്കുക.

മി. സ്പീക്കർ: 104 മുതൽ 109 വരെയുള്ള ഭേദഗതികൾ ശീർഷകത്തിനുള്ളതാകയാൽ ക്രമപ്രകാരമല്ല. 116 മുതൽ 120 വരെയുള്ള ഭേദഗതികൾ 115-ാം നമ്പർ ഭേദഗതിക്കും 129 മുതൽ 132 വരെയുള്ള ഭേദഗതികൾ 128-ാം നമ്പർ ഭേദഗതിക്കും 136, 137, 139, 140 എന്നീ നമ്പർ ഭേദഗതികൾ 138-ാം നമ്പർ ഭേദഗതിക്കും 143 മുതൽ 147 വരെയുള്ള ഭേദഗതികൾ 142-ാം നമ്പർ ഭേദഗതിക്കും 158, 160, 161, 162 എന്നീ നമ്പർ ഭേദഗതികൾ 159-ാം നമ്പർ ഭേദഗതിക്കും 166, 167, 169, 170, 171 എന്നീ നമ്പർ ഭേദഗതികൾ 168-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ശ്രീ. അനൂപ് ജേക്കബിന്റെ 135, 175 എന്നീ നമ്പർ ഭേദഗതികളും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 177-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളായി ഞാൻ അവതരിപ്പിക്കുന്നു.

135. ദീർഘശീർഷകത്തിൽ "ദുർലഭമായ" എന്നത് ഒഴിവാക്കുക.

175. പീഠികയിൽ “ദുർലഭമായ” എന്നത് ഒഴിവാക്കുക.

177. പീഠികയിൽ “പ്രോൽസാഹനത്തിനോ" എന്നതിന് പകരം "പ്രോത്സാഹനത്തിനോ” എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ജി. എസ്. ജയലാൽ അവതരിപ്പിച്ച 115, 142, 168 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 122, 134, 163, 173 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 128, 138, 159 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പാസ്സായിരിക്കുന്നു.

(iii) 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ
(iv) 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. പി. രാജീവ്: സർ, വളരെ പ്രധാനപ്പെട്ട ജനവിഭാഗത്ത ബാധിക്കുന്ന പ്രശ്നവുമായി ബന്ധപ്പെട്ട ബില്ലാണിത്. എന്നാൽ ഈ നിയമ നിർമ്മാണത്തെയാകെ തടസ്സപ്പെടുത്തുന്ന രീതിയാണ് പ്രതിപക്ഷം സ്വീകരിച്ചിട്ടുള്ളത്. കേരള ചരിത്രത്തിൽ കോടതികളിൽനിന്ന് ഇതുപോലെ തിരിച്ചടിയേറ്റ ഒരു പ്രതിപക്ഷവുമില്ലെന്നത് നാം കാണണം. കെ-ഫോണുമായി ബന്ധപ്പെട്ട കേസിൽ പ്രതിപക്ഷത്തിനുള്ളത് പബ്ലിക് ഇന്ററസ്റ്റാണോ പബ്ലിസിറ്റി ഇന്ററസ്റ്റാണോയെന്ന് കേരള ഹൈക്കോടതി ചോദിക്കുകയുണ്ടായി. ഇവിടെ കാണിക്കുന്ന കോലാഹലത്തിന് പുറകിലുള്ളതും പബ്ലിസിറ്റി ഇന്ററസ്റ്റ് മാത്രമാണ്. എ.ഐ. ക്യാമറയുമായി ബന്ധപ്പെട്ട് പ്രതിപക്ഷനേതാവും മുൻ പ്രതിപക്ഷനേതാവും കോടതിയെ സമീപിച്ചപ്പോൾ ഹൈക്കോടതി പറഞ്ഞത് രാഷ്ട്രീയ തർക്കത്തിനും സങ്കുചിത താൽപര്യത്തിനുമുള്ള വേദിയായി കോടതിയെ മാറ്റരുതെന്നാണ്. വക്കീലായ ഒരംഗം ഇവിടെയുണ്ട്. അദ്ദേഹം കീഴ്കോടതിയിൽപോയി തോൽക്കുമ്പോൾ പറയുന്നത് അപ്പീൽ പോകാൻ വിധിയായിട്ടുണ്ടെന്നാണ്. ഹൈക്കോടതിയിൽ തോൽക്കുമ്പോഴും പറയുന്നത് അപ്പീൽ പോകാൻ വിധിയായിട്ടുണ്ടെന്നും നമ്മൾ ജയിച്ചുവെന്നുമാണ്. അദ്ദേഹം സുപ്രീംകോടതിയെ സമീപിച്ചപ്പോൾ പത്ത് ലക്ഷം രൂപ ഫൈനടിക്കണമോയെന്നാണ് ചോദിച്ചത്. സുപ്രീംകോടതിയുടെ ചരിത്രത്തിൽത്തന്നെ ഇതുവരെയുണ്ടായിട്ടില്ലാത്ത സംഭവമാണ്. അദ്ദേഹത്തിന് സ്വന്തമായി ഓഫീസുണ്ട്; സ്വന്തമായി വാദിക്കുന്നയാളുമാണ്. ഇനിയുള്ള ഏക ആശ്രയം ഹേഗിലുള്ള ഇന്റർനാഷണൽ കോടതിയാണ്. ആ കോടതിയിൽ അപ്പീൽ നൽകുമെന്നാണ് അദ്ദേഹം ഇന്നലെ പത്രക്കാരോട് പറഞ്ഞത്. എല്ലാത്തിനും രേഖകളുണ്ടെന്നാണ് അദ്ദേഹം ചാനൽ ചർച്ചയിൽ പറയുന്നത്. എന്നാൽ കോടതി

ചോദിച്ചപ്പോൾ ഇതാണ് കാണിക്കുന്നത് (കൈ ഉയർത്തിക്കാട്ടി); ഇതാണ് രേഖ - ശങ്കരാടി പറഞ്ഞ രേഖ. കേരള ചരിത്രത്തിൽ ഇതുപോലെ കോടതിയിൽനിന്ന് തിരിച്ചടിയേറ്റവരുണ്ടോ? തൃശ്ശൂർ കേരളവർമ്മ കോളേജിലെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കാര്യം ഞാൻ പറയുന്നില്ല, അവസാനം കോടതിയിൽ പോയപ്പോൾ എസ്.എഫ്.ഐ.-ക്കാർക്ക് വോട്ട് കൂടുകയാണ് ചെയ്തത്. ഹൈക്കോടതിയും സുപ്രീംകോടതിയുമുൾപ്പെടെ എല്ലാ കോടതികളിൽനിന്നും തുടർച്ചയായി തിരിച്ചടികൾ മാത്രമാണ് പ്രതിപക്ഷത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ കേന്ദ്ര ഏജൻസി ശബരിമല വിഷയം അന്വേഷിക്കണമെന്ന് പ്രതിപക്ഷനേതാവ് ഇവിടെ പറയുകയുണ്ടായി. ബി.ജെ.പി.-യുടെ ഉപകരണമെന്ന് ശ്രീമതി സോണിയ ഗാന്ധിയും ശ്രീ. മല്ലികാർജ്ജുൻ ഖർഗെയും ശ്രീ. രാഹുൽ ഗാന്ധിയും പറയുന്ന കേന്ദ്ര ഏജൻസിയെക്കൊണ്ട് അന്വേഷിക്കണമെന്നതാണ് പ്രതിപക്ഷത്തിന്റെ ആവശ്യം. എല്ലാ കാര്യങ്ങളും പരിശോധിച്ചുകൊണ്ട് എസ്.ഐ.റ്റി.-യെ വച്ച് അന്വേഷിക്കാൻ ഹൈക്കോടതി പറഞ്ഞു. എന്നാൽ പ്രതിപക്ഷത്തിന് തൃപ്തിയായില്ല. ബി.ജെ.പി. സമ്മതിക്കുന്നില്ല. ബി.ജെ.പി.-യുടെ ആവശ്യം നിയമസഭയ്ക്കകത്ത് അവതരിപ്പിക്കുന്നതിനായി ഈ സഖ്യം മാറിയിരിക്കുന്നത് ജനാധിപത്യത്തെ സംബന്ധിച്ച് അങ്ങേയറ്റം പ്രതിഷേധാർഹമാണെന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്.

കേരളത്തിലെ മഹാഭ്രൂരിപക്ഷം വരുന്ന ജനങ്ങളുടെ ജീവിതത്തിന് ആശ്വാസം നൽകുന്ന നിയമനിർമ്മാണങ്ങളാണ് ഇവിടെ നടക്കുന്നത്. ഇന്നലെ അവതരിപ്പിച്ച 2025-ലെ കേരള പൊതു സേവനാവകാശ ബില്ലിലൂടെ കേരള ചരിത്രത്തിൽ ആദ്യമായി, ജനങ്ങൾക്ക്

സേവനം ലഭിക്കുന്നില്ലെങ്കിൽ അതുസംബന്ധിച്ച് തീരുമാനമെടുക്കാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥനുമേൽ പിഴ ചുമത്താനും ഒരു സ്വതന്ത്ര ഏജൻസിയെ രൂപീകരിക്കാൻ പോകുകയാണ്. ജനങ്ങളുടെ കൈവശമുള്ള സ്ഥലങ്ങൾക്ക് നികുതി അടയ്ക്കാൻ സാധിക്കാത്തതിന് ശാശ്വത പരിഹാരമുണ്ടാക്കാൻ കഴിയുന്ന 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധിക ഭൂമി (ക്രമവത്കരണ) ബിൽ ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സഭയിൽ അവതരിപ്പിച്ചു. നിങ്ങൾ ചർച്ച ചെയ്യാൻ സമ്മതിച്ചോ? ബാങ്കുകളുടെ ജപ്തിക്കുമുമ്പിൽ നിസ്സഹായരായി നിൽക്കുന്ന പാവപ്പെട്ട ക്യാൻസർ രോഗികളുൾപ്പെടെയുള്ളവരുടെ ചിത്രം നമ്മൾ കണ്ടില്ലേ? അതിന്മേൽ ഒരു തീരുമാനമുണ്ടാക്കാൻ ഇവിടെ എത്രയോ ശ്രമങ്ങൾ നടന്നു. പക്ഷേ ഒന്നും ചെയ്യാൻ സാധിച്ചില്ല. എന്നാൽ ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി അതിനുവേണ്ടി കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ കൊണ്ടുവന്നത് പിണറായി നയിക്കുന്ന എൽ.ഡി.എഫ്. സർക്കാരാണ്. അതെങ്കിലും ചർച്ച ചെയ്യാൻ നിങ്ങൾ അനുവദിക്കണമായിരുന്നു. ജനങ്ങളുടെ ജീവിതപ്രശ്നങ്ങളെ സംബന്ധിച്ചൊന്നുംതന്നെ ചർച്ച ചെയ്യേണ്ടതില്ലെന്ന മനോഭാവമാണ് നിങ്ങൾക്കുള്ളത്. നിങ്ങൾ എന്തെല്ലാം കോലാഹലങ്ങളുണ്ടാക്കിയാലും ഈ സർക്കാർ ജനങ്ങൾക്കൊപ്പംനിന്ന് നാടിനുവേണ്ടിയുള്ള നിയമനിർമ്മാണ പ്രക്രിയ മുന്നോട്ടുകൊണ്ടുപോകുകതന്നെ ചെയ്യും. അതുകൊണ്ട് കയർ തൊഴിലാളികളുടെ ജീവിതത്തെ ബാധിക്കുന്ന ഈ ബില്ലുകൾ പാസ്സാക്കണമെന്ന് അഭ്യർഥിക്കുന്നു.

(വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ വിയോജിപ്പ് രേഖപ്പെടുത്തിയില്ല.)

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു; ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

(iii) 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

Shri P. P. Chitharanjan: Sir, I move the following amendment.

125. In section 2(a) proposed to be inserted in the principal Act by Clause 2(i), the word “appellate” shall be deleted.

Dr. N. Jayaraj: Sir, I move the following amendment.

127. In section 2(a) proposed to be inserted in the principal Act by Clause 2(i) for the words “authority under,” the words “authority as under” shall be substituted.

Smt. U. Prathibha: Sir, I move the following amendment.

134. In section 2 (da) proposed to be inserted in the principal Act by Clause 2 (ii) for the word “designated” the word “empowered” shall be substituted.

മി.സ്പീക്കർ: 126-ാം നമ്പർ ഭേദഗതി 125-ാം നമ്പർ ഭേദഗതിക്കും 135-ാം നമ്പർ ഭേദഗതി 134-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

Dr. N. Jayaraj: Sir, I move the following amendments.

143. In section 14 proposed to be amended in the principal Act by clause 4 after the words "subject to" the words "the provisions under" shall be inserted.

144. In section 14 proposed to be amended in the principal Act by clause 4 for the word "Interests" the word "Interest" shall be substituted.

മി. സ്പീക്കർ: 142-ാം നമ്പർ ഭേദഗതി ഖണ്ഡം നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. 145 മുതൽ 148 വരെയുള്ള ഭേദഗതികൾ 144-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 144-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. 143-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 144-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 143-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതിക്ഷേലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

Shri P. Nandakumar: Sir, I move the following amendment.

149. In section 17(1) of the principal Act for the word "extent" the word "extend" shall be substituted.

Shri M. Noushad: Sir, I move the following amendment.

162. In section 17(1), proposed to be amended in the principal Act, by clause 5(i), for the words "double the amount due by him under this Act", the words "fifteen thousand" shall be substituted.

Shri E. Chandrasekharan: Sir, I move the following amendment.

165. In section 17(2), proposed to be amended in the principal Act, by clause 5(ii), for the words "penalty of", the words "penalty which may extend upto twenty five thousand rupees" shall be substituted.

Dr. N. Jayaraj: Sir, I move the following amendment.

180. In section 17(2) proposed to be amended in the principal Act by clause 5 (ii) for the words "twenty five" the words and symbol "twenty-five" shall be substituted.

മി.സ്പീക്കർ: 150-ാം നമ്പർ ഭേദഗതി 149-ാം നമ്പർ ഭേദഗതിക്കും 163-ാം നമ്പർ ഭേദഗതി 162-ാം നമ്പർ ഭേദഗതിക്കും 166 മുതൽ 175 വരെയുള്ള ഭേദഗതികൾ 165-ാം നമ്പർ

ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 149-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 165-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

Shri V. K. Prasanth: Sir, I move the following amendment.

188. In the marginal heading of section 17A proposed to be inserted in the principal Act by Clause 6 before the word “before” the words “for being heard” shall be inserted.

Shri Sebastian Kulathunkal: Sir, I move the following amendment.

189. In section 17A proposed to be inserted in the principal Act by clause 6 the word "Coir" occuring before the words "Project Officer" shall be deleted.

Smt. K. K. Shailaja Teacher: Sir, I move the following amendment.

195. In section 17A proposed to be inserted in the principal Act by clause 6 before the word "Gazette" the word "Official" shall be inserted.

Shri M. Rajagopalan: Sir, I move the following amendment.

199. In section 17A proposed to be inserted in the principal Act by clause 6 before the word "concerned" the words "or persons" shall be inserted.

Shri A. C. Moideen: Sir, I move the following amendment.

209. In section 17B(1) proposed to be inserted in the principal Act by clause 6 for the word "pay" the word "remit" shall be substituted.

Shri P. Balachandran: Sir, I move the following amendments.

211. In section 17B(1) proposed to be inserted in the principal Act by clause 6, the word "so" shall be deleted.

292. In section 17C(4) proposed to be inserted in the principal Act by clause 6 after the word "may" the symbol "," shall be inserted.

Shri E. Chandrasekharan: Sir, I move the following amendment.

227. In section 17B(1) proposed to be inserted in the Principal Act by clause 6, the words "copy of the" shall be deleted.

Dr. N. Jayaraj: Sir, I move the following amendments.

238. In Section 17B(1) proposed to be inserted in the Principal Act by clause 6, after the word "order" the words, figure and letter "under section 17A" shall

be inserted.

253. In section 17C(1) proposed to be inserted in the principal act by clause 6, for the words “an officer”, the words “the officer” shall be substituted.

268. In Section 17C(2) proposed to be inserted in the principal Act by clause 6 after the words “such enquiry” the symbol “,” shall be inserted.

274. In section 17C(2) proposed to be inserted in the principal Act by clause 6, after the words “that the person” the word “concerned” shall be inserted.

Shri K. P. Kunhammed Kutti Master: Sir, I move the following amendment.

258. In section 17C(1) proposed to be inserted in the principal Act by clause 6 for the word “designated” the word “empowered” shall be substituted.

Shri K. V. Sumesh: Sir, I move the following amendment.

262. In section 17C(1) proposed to be inserted in the principal Act by clause 6 for the word “enquiry” the word “inquiry” shall be substituted.

Shri K. N. Unnikrishnan: Sir, I move the following amendment.

266. In Section 17C(2) proposed be inserted in the principal Act by clause 6 for the word “enquiry” the word “inquiry” shall be substituted wherever it occurs.

Shri A. Prabhakaran: Sir, I move the following amendment.

289. In provisio to section 17C(3) proposed to be inserted in the principal Act by Clause 6 for the words “in time” the words “within thirty days” shall be substituted.

Shri G. Steephen: Sir, I move the following amendment.

309. In section 17C(5) proposed to be inserted in the principal Act by clause 6 for the words “Consolidated Fund of the State” the words “The Kerala Coir Workers’ Welfare Fund Board” shall be substituted.

Shri K. Babu (Nenmara): Sir, I move the following amendment.

314. In section 17D(1) proposed to be inserted in the principal Act by clause 6 before the word “Gazette” the word “Official” shall be inserted.

Shri G. S. Jayalal: Sir, I move the following amendment.

326. In section 17D(1) proposed to be inserted in the principal Act by clause 6 for the word “provided” the word “imposed” shall be substituted.

Shri A. Raja: Sir, I move the following amendment.

338. In section 17D(3) proposed to be inserted in the principal Act by clause 6 before the word “compounding” the words “an application for” shall be inserted.

Shri I. B. Satheesh: Sir, I move the following amendment.

340. In section 17D(4) proposed to be inserted in the principal Act by clause 6 before the words “compounding of an offence” the words “application for” shall be inserted.

Shri Murali Perunelly: Sir, I move the following amendment.

344. In section 17D(5) proposed to be inserted in the principal Act by clause 6 for the words “Consolidated Fund of the State” the words “The Kerala Coir Workers Welfare Fund Board ” shall be substituted.

മി. സ്പീക്കർ: 196-ാം നമ്പർ ഭേദഗതി 195-ാം നമ്പർ ഭേദഗതിക്കും 200-ാം നമ്പർ ഭേദഗതി 199-ാം നമ്പർ ഭേദഗതിക്കും 210-ാം നമ്പർ ഭേദഗതി 209-ാം നമ്പർ ഭേദഗതിക്കും 212 മുതൽ 221 വരെയുള്ള ഭേദഗതികൾ 211-ാം നമ്പർ ഭേദഗതിക്കും 228 മുതൽ 237 വരെയുള്ള ഭേദഗതികൾ 227-ാം നമ്പർ ഭേദഗതിക്കും 259-ാം നമ്പർ ഭേദഗതി 258-ാം നമ്പർ ഭേദഗതിക്കും 263-ാം നമ്പർ ഭേദഗതി 262-ാം നമ്പർ ഭേദഗതിക്കും 267-ാം നമ്പർ ഭേദഗതി

266-ാം നമ്പർ ഭേദഗതിക്കും 290-ാം നമ്പർ ഭേദഗതി 289-ാം നമ്പർ ഭേദഗതിക്കും 291, 293 മുതൽ 301 വരെയുള്ള ഭേദഗതികൾ 292-ാം നമ്പർ ഭേദഗതിക്കും 310-ാം നമ്പർ ഭേദഗതി 309-ാം നമ്പർ ഭേദഗതിക്കും 315-ാം നമ്പർ ഭേദഗതി 314-ാം നമ്പർ ഭേദഗതിക്കും 327 മുതൽ 336 വരെയുള്ള ഭേദഗതികൾ 326-ാം നമ്പർ ഭേദഗതിക്കും 339-ാം നമ്പർ ഭേദഗതി 338-ാം നമ്പർ ഭേദഗതിക്കും 341-ാം നമ്പർ ഭേദഗതി 340-ാം നമ്പർ ഭേദഗതിക്കും 345-ാം നമ്പർ ഭേദഗതി 344-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ശ്രീ. പി. ബാലചന്ദ്രൻ അവതരിപ്പിച്ച 211, 292 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 211, 292 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 189-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 195-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 199-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 209-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 227-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 238, 253, 268, 274 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 258-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 262-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ അവതരിപ്പിച്ച 266-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ അവതരിപ്പിച്ച 289-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. സ്റ്റീഫൻ അവതരിപ്പിച്ച 309-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 314-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. എസ്. ജയലാൽ അവതരിപ്പിച്ച 326-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. രാജ അവതരിപ്പിച്ച 338-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച 340-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 344-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....
പ്രതികൂലിക്കുന്നവർ.....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....
പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പാസ്സായിരിക്കുന്നു.

(iv) 2025 -ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

151. ഖണ്ഡം 2-ൽ "സെസ്സ് ആക്ടിലെ" എന്നതിന് പകരം "നികുതി നിയമത്തിലെ" എന്ന് ചേർക്കുക.

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

153. ഖണ്ഡം 2-ൽ "ആക്ട് എന്നാണ്" എന്നതിന് പകരം "നിയമമെന്നാണ്" എന്ന് ചേർക്കുക.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

157. ഖണ്ഡം 2(i)-ൽ "ചെയ്യേണ്ടതും" എന്നതിന് പകരം "ചെയ്യുകയും" എന്ന് ചേർക്കുക.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

160. ഖണ്ഡം 2(i) - പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 2(എ)-ൽ "പ്രകാരമുള്ള" എന്നതിന് ശേഷം "ഒരു" എന്ന് ചേർക്കുക.

174. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2(ഡിഎ)-ൽ "നിയോഗിക്കുന്ന" എന്നതിന് പകരം "നിയമിക്കുന്ന" എന്ന് ചേർക്കുക.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

165. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ഡിഎ)-ൽ "കോമ്പൗണ്ടിംഗ് ഓഫീസർ" എന്നതിന് പകരം "ഉന്നത ഉദ്യോഗസ്ഥൻ" എന്ന് ചേർക്കുക.

മി.സ്പീക്കർ: 152-ാം നമ്പർ ഭേദഗതി 151-ാം നമ്പർ ഭേദഗതിക്കും 154-ാം നമ്പർ ഭേദഗതി 153-ാം നമ്പർ ഭേദഗതിക്കും 158-ാം നമ്പർ ഭേദഗതി 157-ാം നമ്പർ ഭേദഗതിക്കും 161 മുതൽ 163 വരെയുള്ള ഭേദഗതികൾ 160-ാം നമ്പർ ഭേദഗതിക്കും 166-ാം നമ്പർ ഭേദഗതി 165-ാം നമ്പർ ഭേദഗതിക്കും 173, 175, 176 എന്നീ നമ്പർ ഭേദഗതികൾ 174-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ആന്റണി ജോൺ അവതരിപ്പിച്ച 151-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 153-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ അവതരിപ്പിച്ച 160, 174 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 165-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ശ്രീ. യു. ആർ. പ്രദീപ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

177. ഖണ്ഡം 3-ൽ "ആക്ടിലെ" എന്നതിന് പകരം "നിയമത്തിലെ" എന്ന് ചേർക്കുക.

ശ്രീ. വി. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

179. പ്രധാന ആക്ടിലെ വകുപ്പ് 16(1)-ൽ "ആറുമാസക്കാലംവരെ" എന്നതിന് പകരം "മൂന്ന് മാസംവരെ" എന്ന് ചേർക്കുക.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

182. പ്രധാന ആക്ടിലെ 16(1)-ൽ "ആറുമാസക്കാലംവരെ" എന്നതിന് പകരം "നാലുമാസക്കാലംവരെ" എന്ന് ചേർക്കുക.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

183. പ്രധാന ആക്ടിലെ വകുപ്പ് 16(1)-ൽ "ആറുമാസക്കാലംവരെ ആകാവുന്ന" എന്നതിന് പകരം "ആറുമാസത്തിൽ കവിയാത്ത"എന്ന് ചേർക്കുക.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

185. പ്രധാന ആക്ടിലെ വകുപ്പ് 16(1)-ൽ "ആറുമാസക്കാലംവരെ ആകാവുന്ന തടവോ അയ്യായിരം രൂപവരെയാകാവുന്ന പിഴയോ" എന്നതിന് പകരം "ആറുമാസത്തിൽ അധികരിക്കാത്തതും, അയ്യായിരം രൂപ വരെയും" എന്ന് ചേർക്കുക.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

197. ഖണ്ഡം 3(i) പ്രകാരം പ്രധാന ആക്ടിലെ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 16(1)-ൽ "ഇരുപത്തയ്യായിരം രൂപ പിഴ" എന്നതിന് പകരം "ഇരുപത്തയ്യായിരം രൂപ വരെ പിഴയോ ആറുമാസക്കാലം തടവോ അഥവാ രണ്ടും കൂടിയോ" എന്ന് ചേർക്കുക.

255. ഖണ്ഡിക 3(iii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 16(3)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ" എന്നതിന് പകരം "ഇരുപത്തിയയ്യായിരം രൂപ വരെ പിഴയോ മൂന്നുമാസക്കാലം തടവോ അല്ലെങ്കിൽ രണ്ടുംകൂടിയോ" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

204. ഖണ്ഡം 3(i) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16(1)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ നൽകി" എന്നതിന് പകരം "പരമാവധി 25000/- രൂപ വരെ പിഴ ഈടാക്കി" എന്ന് ചേർക്കുക.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

206. ഖണ്ഡം 3(i) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16(1)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ നൽകി" എന്നതിന് പകരം "പരമാവധി ഇരുപത്തി അയ്യായിരം രൂപ പിഴ ചുമത്തി" എന്ന് ചേർക്കുക.

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

207. ഖണ്ഡം 3(i) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16(1)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ നൽകി" എന്നതിന് പകരം "അമ്പതിനായിരം രൂപ പിഴ ഈടാക്കി" എന്ന് ചേർക്കുക.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

209. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 16(1)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്" എന്നതിന് പകരം "രണ്ട് മാസത്തിലധികരിക്കാത്തതും പതിനയ്യായിരം രൂപ വരെയും, അഥവാ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടാവുന്നതാണ് " എന്ന് ചേർക്കുക.

ശ്രീ. എ. രാജ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

213. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 16(1)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്" എന്നതിന് പകരം "ആറു മാസത്തിലധികരിക്കാത്തതും, ഇരുപത്തി അയ്യായിരം രൂപ വരെ ആകാവുന്നതുമായ പിഴ നൽകി ശിക്ഷിക്കാവുന്നതാണ്" എന്ന് ചേർക്കുക.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

215. പ്രധാന ആക്ടിലെ വകുപ്പ് 16(2)-ൽ "ആറുമാസക്കാലം വരെ ആകാവുന്ന തടവോ അയ്യായിരം രൂപ വരെയാകാവുന്ന പിഴയോ" എന്നതിന് പകരം "ആറു മാസക്കാലത്തിലധികരിക്കാത്ത തടവോ, 25,000/- രൂപയിൽ അധികരിക്കാത്ത പിഴയോ" എന്ന് ചേർക്കുക.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

227. ഖണ്ഡം 3(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 16(2)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ" എന്നതിന് പകരം "ഇരുപത്തി അയ്യായിരം രൂപ വരെ പിഴയോ ആറുമാസക്കാലം തടവോ അഥവാ രണ്ടും കൂടിയോ" എന്ന് ചേർക്കുക.

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

231. ഖണ്ഡം 3(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 16 (2)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ നൽകി" എന്നതിന് പകരം "പതിനയ്യായിരം രൂപ മുതൽ ഇരുപത്തി അയ്യായിരം രൂപ വരെ പിഴ ചുമത്തി" എന്ന് ചേർക്കുക.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

233. ഖണ്ഡം 3(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 16(2)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ നൽകി" എന്നതിന് പകരം "ഇരുപത്തി അയ്യായിരം രൂപ വരെ പിഴ ചുമത്തി" എന്ന് ചേർക്കുക.

ഡോ. സുജിത് വിജയൻപിള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

235. ഖണ്ഡം 3(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 16(2)-ൽ "ഇരുപത്തി അയ്യായിരംരൂപ പിഴ നൽകി" എന്നതിന് പകരം "പതിനയ്യായിരം രൂപ മുതൽ മുപ്പതിനായിരം രൂപ വരെയുള്ള തുക പിഴയായി ഈടാക്കി" എന്ന് ചേർക്കുക.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

237. ഖണ്ഡം 3(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 16 (2)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ നൽകി" എന്നതിന് പകരം "മൂന്ന് മാസത്തിൽ കുറയാത്ത തടവോ അല്ലെങ്കിൽ ഇരുപത്തി അയ്യായിരം രൂപ പിഴയോ നൽകി" എന്ന് ചേർക്കുക.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

239. ഖണ്ഡം 3(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 16 (2)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ നൽകി" എന്നതിന് പകരം "ഇരുപത്തി അയ്യായിരം രൂപ മുതൽ അമ്പതിനായിരം രൂപ വരെ പിഴ ഈടാക്കി" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

241. ഖണ്ഡം 3(ii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 16(2)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്" എന്നതിന് പകരം "പരമാവധി ഇരുപത്തി അയ്യായിരം രൂപ വരെ പിഴ ചുമത്തി ശിക്ഷിക്കാവുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. കെ. ആൻസലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

258. ഖണ്ഡം 3(iii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 16(3)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ നൽകി" എന്നതിന് പകരം "മൂന്ന് മാസത്തെ തടവോ അല്ലെങ്കിൽ ഇരുപത്തി അയ്യായിരം രൂപ വരെ പിഴയോ ചുമത്തി" എന്ന് ചേർക്കുക.

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

260. ഖണ്ഡം 3(iii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 16(3)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ നൽകി" എന്നതിന് പകരം "പരമാവധി മൂന്ന് മാസം വരെ തടവോ, മുപ്പതിനായിരത്തിൽ കവിയാത്ത പിഴയോ അഥവാ രണ്ടും ഒരുമിച്ചോ പിഴ ചുമത്തി" എന്ന് ചേർക്കുക.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേഭഗതി അവതരിപ്പിക്കുന്നു.

262. ഖണ്ഡം 3(iii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 16(3)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ നൽകി" എന്നതിന് പകരം "ഇരുപതിനായിരം രൂപ മുതൽ മുപ്പതിനായിരം രൂപ വരെ പിഴ ഈടാക്കി" എന്ന് ചേർക്കുക.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

264. ഖണ്ഡിക 3(iii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 16(3)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ" എന്നതിന് പകരം "ഇരുപത്തി അയ്യായിരം രൂപ വരെ പിഴ" എന്ന് ചേർക്കുക.

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

266. ഖണ്ഡം 3(iii) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 16(3)-ൽ "ഇരുപത്തി അയ്യായിരം രൂപ പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്" എന്നതിന് പകരം "ഇരുപത്തി അയ്യായിരം രൂപ മുതൽ അമ്പതിനായിരം രൂപ വരെ പിഴ ചുമത്തി ശിക്ഷിക്കേണ്ടതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 178-ാം നമ്പർ ഭേദഗതി 177-ാം നമ്പർ ഭേദഗതിക്കും 180, 181 എന്നീ നമ്പർ ഭേദഗതികൾ 179-ാം നമ്പർ ഭേദഗതിക്കും 184-ാം നമ്പർ ഭേദഗതി 183-ാം നമ്പർ ഭേദഗതിക്കും 198 മുതൽ 201 വരെയുള്ള ഭേദഗതികൾ 197-ാം നമ്പർ ഭേദഗതിക്കും 205-ാം നമ്പർ ഭേദഗതി 204-ാം നമ്പർ ഭേദഗതിക്കും 208-ാം നമ്പർ ഭേദഗതി 207-ാം നമ്പർ ഭേദഗതിക്കും 210 മുതൽ 212 വരെയുള്ള ഭേദഗതികൾ 209-ാം നമ്പർ ഭേദഗതിക്കും 216-ാം നമ്പർ ഭേദഗതി 215-ാം നമ്പർ ഭേദഗതിക്കും 228 മുതൽ 230 വരെയുള്ള ഭേദഗതികൾ 227-ാം നമ്പർ ഭേദഗതിക്കും 232-ാം നമ്പർ ഭേദഗതി 231-ാം നമ്പർ ഭേദഗതിക്കും 234-ാം നമ്പർ ഭേദഗതി 233-ാം നമ്പർ

ഭേദഗതിക്കും 236-ാം നമ്പർ ഭേദഗതി 235-ാം നമ്പർ ഭേദഗതിക്കും 238-ാം നമ്പർ ഭേദഗതി 237-ാം നമ്പർ ഭേദഗതിക്കും 240-ാം നമ്പർ ഭേദഗതി 239-ാം നമ്പർ ഭേദഗതിക്കും 242-ാം നമ്പർ ഭേദഗതി 241-ാം നമ്പർ ഭേദഗതിക്കും 256, 257 എന്നീ നമ്പർ ഭേദഗതികൾ 255-ാം നമ്പർ ഭേദഗതിക്കും 259-ാം നമ്പർ ഭേദഗതി 258-ാം നമ്പർ ഭേദഗതിക്കും 261-ാം നമ്പർ ഭേദഗതി 260-ാം നമ്പർ ഭേദഗതിക്കും 263-ാം നമ്പർ ഭേദഗതി 262-ാം നമ്പർ ഭേദഗതിക്കും 265-ാം നമ്പർ ഭേദഗതി 264-ാം നമ്പർ ഭേദഗതിക്കും 267-ാം നമ്പർ ഭേദഗതി 266-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി.സ്പീക്കർ: ശ്രീ. യു. ആർ. പ്രദീപ് അവതരിപ്പിച്ച 177-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ജോയി അവതരിപ്പിച്ച 179-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത് അവതരിപ്പിച്ച 182-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 183-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 185-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 197, 255 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 204-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 206-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 207-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ അവതരിപ്പിച്ച 209-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. രാജ അവതരിപ്പിച്ച 213-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 215-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 227-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ അവതരിപ്പിച്ച 231-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 233-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള അവതരിപ്പിച്ച 235-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 237-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ അവതരിപ്പിച്ച 239-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 241-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 258-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 260-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 262-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ അവതരിപ്പിച്ച 264-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക അവതരിപ്പിച്ച 266-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

271. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 എ-ൽ "സർക്കാരിന്" എന്നതിന് ശേഷം "," എന്ന ചിഹ്നം ചേർക്കുക.

313. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16(എ)-ൽ "പാലിച്ചിട്ടുണ്ടെങ്കിൽ" എന്നതിന് പകരം "പാലിച്ചിട്ടുണ്ടെന്ന് അങ്ങനെയുള്ള ഉദ്യോഗസ്ഥന് ബോധ്യമാകുന്ന പക്ഷം" എന്ന് ചേർക്കുക.

386. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 സി(1)-ൽ " പിഴ" എന്നതിന് മുമ്പിൽ വരുന്ന "ഒരു" എന്നത് ഒഴിവാക്കുക.

391. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 സി(2)-ൽ "ഹാജരാക്കുന്നതിനായോ" എന്നതിന് ശേഷം "രേഖാമൂലം" എന്ന് ചേർക്കുക.

403. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(സി)(2)-ൽ "ഒരു" എന്നത് ഒഴിവാക്കുക.

409. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(സി)(2)-ൽ "ചുമത്തേണ്ടതാണ്" എന്നതിന് പകരം "ചുമത്തേണ്ടതുമാണ്" എന്ന് ചേർക്കുക.

426. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 സി(3)-ൽ "സഹിതവും" എന്നതിന് ശേഷം "ഉത്തരവിനെതിരെ" എന്ന് ചേർക്കുക.

485. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(ഡി)(1)-ൽ "ഓഫീസർക്ക്" എന്നതിന് ശേഷം "കുറ്റങ്ങൾ" എന്ന് ചേർക്കുക.

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

273. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 എ-ൽ "ജോയിന്റ് ഡയറക്ടറുടെ തുല്യ പദവിയിലുള്ള" എന്നതിന് പകരം "ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനെ" എന്ന് ചേർക്കുക.

326. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 ബി(1)-ൽ "വീഴ്ച വരുത്തുന്ന ഏതൊരാളും" എന്നതിന് പകരം "വീഴ്ചവരുത്തുന്ന പക്ഷം ഏതൊരാൾക്കും" എന്ന് ചേർക്കുക.

472. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 ഡി (1)-ൽ "കോമ്പൗണ്ടിംഗ് ഓഫീസർ" എന്നതിന് പകരം "ഉന്നത ഉദ്യോഗസ്ഥൻ" എന്ന് ചേർക്കുക.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

281. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 എ-ൽ "പ്രസ്തുത വകുപ്പിലെ" എന്നതിനു പകരം "നിയമപ്രകാരമുള്ള" എന്ന് ചേർക്കുക.

363. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 ബി(2)-ൽ "കോടതിയുടെ" എന്നതിന് പകരം "കോടതിക്ക്" എന്ന് ചേർക്കുക.

446. ഖണ്ഡം 4 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 16(സി)(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "ബോധിപ്പിക്കുന്ന" എന്നതിനു പകരം "നൽകുന്ന" എന്ന് ചേർക്കുക.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

285. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16(എ)-ൽ "വ്യാപാരിക്ക് തൊണ്ണൂറു ദിവസത്തിൽ" എന്നതിനു പകരം "അൻപത് ദിവസത്തിൽ അധികരിക്കാത്തത് " എന്ന് ചേർക്കുക.

464. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 സി(5)-ൽ "ഈടാക്കുന്ന തുക" എന്നതിന് പകരം "ലഭിക്കുന്ന മുഴുവൻ തുകയും" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

288. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(എ)-ൽ "തൊണ്ണൂറ്" എന്നതിനു പകരം "അൻപത്" എന്ന് ചേർക്കുക.

392. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 സി(2)-ൽ "അത്തരം അന്വേഷണത്തിൽ ആ ആൾ കുറ്റം ചെയ്തുവെന്ന് ബോധ്യപ്പെടുന്നപക്ഷം, അദ്ദേഹം ഈ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഒരു പിഴ ചുമത്തേണ്ടതാണ് " എന്നത് ഒഴിവാക്കുക.

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

294. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന

വകുപ്പ് 16(എ)-ൽ "തൊണ്ണൂറ്" എന്നതിന് പകരം "എഴുപത്തിയഞ്ച്" എന്ന് ചേർക്കുക.

407. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(സി)(2)-ൽ "ഒരു" എന്നതിന് പകരം "പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

300. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 എ-യിൽ "തൊണ്ണൂറ് ദിവസത്തിൽ അധികരിക്കാത്ത ഒരു സമയപരിധി രേഖാമൂലം നിശ്ചയിച്ചു നൽകേണ്ടതും," എന്നതിന് പകരം "ഒരു സമയപരിധി നിയമപ്രകാരം രേഖപ്പെടുത്തി നൽകേണ്ടതാണ്". എന്ന് ചേർക്കുക.

432. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 സി(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "അപ്പീൽവാദി തടയപ്പെട്ടിരുന്നുവെന്ന്" എന്നതിന് പകരം "അപ്പീൽവാദിക്ക് സാധിക്കാതെ വന്നുവെന്ന് " എന്ന് ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

302. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 എ-യിൽ "രേഖാമൂലം നിശ്ചയിച്ചു നൽകേണ്ടതും," എന്നതിന് പകരം "നിശ്ചയിച്ച് രേഖാമൂലം നൽകേണ്ടതും" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

304. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 എ-യിൽ "രേഖാമൂലം നിശ്ചയിച്ചു നൽകേണ്ടതും," എന്നതിന് പകരം "നിശ്ചയിച്ച് രേഖാമൂലവും ഇ-മെയിൽ മുഖാന്തിരവും നൽകേണ്ടതാണ്." എന്ന് ചേർക്കുക.

ശ്രീ. എച്ച്. സലാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

308. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 എ-യിൽ "രേഖാമൂലം നിശ്ചയിച്ചു നൽകേണ്ടതും," എന്നതിന് പകരം "നിശ്ചയിച്ച് രേഖാമൂലമോ ഇ-മെയിൽ ഉണ്ടെങ്കിൽ അതിലൂടെയും നൽകേണ്ടതാണ്." എന്ന് ചേർക്കുക.

434. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 സി(3)-ന്റെ ക്ലിപ്തനിബന്ധനയിലെ "സമയമായ മുപ്പത്" എന്നത് ഒഴിവാക്കുക.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

309. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 എ-യിൽ "രേഖാമൂലം നിശ്ചയിച്ചു നൽകേണ്ടതും," എന്നതിന് പകരം "നിശ്ചയിക്കുകയും അത് രേഖാമൂലവും ഇ-മെയിൽ ഉണ്ടെങ്കിൽ അതുവഴി കൂടിയും അറിയിപ്പ് നൽകേണ്ടതാണ്." എന്ന് ചേർക്കുക.

390. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 സി(2)-ൽ "ഉപയോഗപ്രദമോ പ്രസക്തമോ ആകുന്നതുമായ" എന്നതിന് പകരം "ഉപയോഗപ്രദവും പ്രസക്തവും ക്രിയാത്മകവുമായ" എന്ന് ചേർക്കുക.

424. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 സി(3)-ൽ "അങ്ങനെയുള്ള ഫീസ് സഹിതവും" എന്നതിന് പകരം "നിശ്ചിത ഫീസ് സഹിതം" എന്ന് ചേർക്കുക.

ശ്രീ. എം. വിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

318. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16(ബി)(1)-ൽ "തൊണ്ണൂറ്" എന്നതിന് പകരം "എഴുപത്തി അഞ്ച്" എന്ന് ചേർക്കുക.

ശ്രീ. മുരളി പെരുനെല്ലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

324. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 ബി(1)-ൽ "തൊണ്ണൂറ്" എന്നതിന് പകരം "നിശ്ചിത" എന്ന് ചേർക്കുക.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

334. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 (ബി)(1)-ൽ “ആറുമാസക്കാലം വരെയാകാവുന്ന” എന്നതിന് പകരം “ആറു മാസം വരെയോ അല്ലെങ്കിൽ ഇരട്ടിത്തുകയോ” എന്ന് ചേർക്കുക.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

336. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന

വകുപ്പ് 16 (ബി)(1)-ൽ “ആറുമാസക്കാലം വരെയാകാവുന്ന തടവും പിഴത്തുകയുടെ ഇരട്ടിപ്പിഴയും” എന്നതിന് പകരം “ആറുമാസക്കാലം തടവോ അല്ലെങ്കിൽ പിഴത്തുകയുടെ ഇരട്ടിയോ” എന്ന് ചേർക്കുക.

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

338. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 (ബി)(1)-ൽ “ആറുമാസക്കാലം വരെയാകാവുന്ന തടവും പിഴത്തുകയുടെ ഇരട്ടിപ്പിഴയും നൽകി” എന്നതിന് പകരം “ആറുമാസത്തിൽ കവിയാത്തതും, പിഴത്തുകയുടെ ഇരട്ടിയും ചുമത്തി” എന്ന് ചേർക്കുക.

422. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 സി(3)-ൽ "നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ഫീസ് സഹിതവും ഒരു അപ്പീൽ നൽകാവുന്നതാണ്" എന്നതിന് പകരം "നിർണ്ണയിക്കപ്പെടാവുന്നപക്ഷം നിശ്ചിത ഫോറത്തിലും വ്യവസ്ഥാപിത രീതിയിലും നിശ്ചിത ഫീസ് സഹിതം ഒരു അപ്പീൽ നൽകാവുന്നതാണ്:" എന്ന് ചേർക്കുക.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

351. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 ബി(1)-ൽ "നൽകി" എന്നതിന് പകരം "സഹിതം” എന്ന് ചേർക്കുക.

448. ഖണ്ഡം 4 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 16(സി)(4)-ൽ "അധികാരിക്ക്" എന്നതിനു ശേഷം ";" എന്ന ചിഹ്നം ചേർക്കുക.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

355. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 ബി(1) താഴെപ്പറയും പ്രകാരം മാറ്റുക:
"16-ാം വകുപ്പ് പ്രകാരം പിഴചുമത്തികൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് കൈപ്പറ്റിയ തീയതി മുതൽ നിശ്ചിത ദിവസത്തിനുള്ളിൽ പിഴ ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന ഏതൊരാളും മൂന്നുമാസം വരെയാകാവുന്ന തടവും, പിഴത്തുകയുടെ ഇരട്ടിയും ചുമത്തി ശിക്ഷിക്കാവുന്നതാണ്."

ശ്രീമതി ദെലീമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

358. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 ബി(2)-ൽ "ഒരു കുറ്റവും, ഫസ്റ്റ് ക്ലാസ് ജൂഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ" എന്നതിന് പകരം "ഏതൊരു കുറ്റകൃത്യവും, ഒരു ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയുടെ" എന്ന് ചേർക്കുക.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

364. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 ബി(2)-ൽ "പാടില്ലാത്തതാണ്" എന്നതിന് പകരം "പാടുള്ളതല്ല" എന്ന് ചേർക്കുക.

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

367. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 ബി(3)-ൽ "ഒരു കുറ്റവും" എന്നതിന് പകരം "ഏതൊരു കുറ്റവും" എന്ന് ചേർക്കുക.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

369. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 ബി(3)-ൽ "ഒരു കുറ്റവും" എന്നതിന് പകരം "ഒരു കുറ്റകൃത്യവും" എന്ന് ചേർക്കുക.

487. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16-ഡി(2)-ൽ "അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള" എന്നതിന് പകരം "നിശ്ചിത ഫാറത്തിലും വ്യവസ്ഥ ചെയ്തിട്ടുള്ള" എന്ന് ചേർക്കുക.

498. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16(ഡി)(4)-ൽ "കുറ്റവിമുക്തനാകുന്നതുമാണ്" എന്നതിനു പകരം "ഉടൻ തന്നെ കുറ്റവിമുക്തനാക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

381. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 സി(1)-ൽ "പ്രകാരമുള്ള ഒരു പിഴ" എന്നതിന് പകരം "പ്രകാരം

നിഷ്കർഷിച്ചിട്ടുള്ള ഒരു പിഴ" എന്ന് ചേർക്കുക.

476. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 ഡി(1)-ൽ "എഴുപത്തിയഞ്ച് ശതമാനം ഒടുക്കിയാൽ കോമ്പൗണ്ടിംഗ് ഓഫീസർക്ക്" എന്നതിന് പകരം "തൊണ്ണൂറ് ശതമാനം തുകയും ഒടുക്കിയാൽ നിർദ്ദിഷ്ട ഉന്നത ഉദ്യോഗസ്ഥന്" എന്ന് ചേർക്കുക.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

389. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 സി(2)-ൽ "ഏതൊരാളെയും" എന്നതിന് പകരം "ഏതൊരു വ്യക്തിയെയും" എന്ന് ചേർക്കുക.

395. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 സി(2)-ൽ "ആൾ" എന്നതിന് പകരം "വ്യക്തി" എന്ന് ചേർക്കുക.

414. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 സി(3)-ൽ "ഏതൊരാൾക്കും" എന്നതിന് പകരം "ഏതൊരു വ്യക്തിക്കും" എന്ന് ചേർക്കുക.

415. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 സി(3)-ൽ "അയാളെ" എന്നതിന് പകരം "ആ വ്യക്തിയെ" എന്ന് ചേർക്കുക.

447. ഖണ്ഡം 4 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിന്റെ വകുപ്പ് 16(സി)(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "അപ്പീലും" എന്നതിനു ശേഷം "," എന്ന ചിഹ്നം ചേർക്കുക.

460. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 സി(4)-ൽ, "പാസ്സാക്കാവുന്നതാണ്" എന്നതിന് പകരം "പുറപ്പെടുവിക്കാവുന്നതാണ്" എന്ന് ചേർക്കുക.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

436. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന

വകുപ്പ് 16 സി(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "സമയമായ മുപ്പത് ദിവസത്തെ കാലാവധി കഴിഞ്ഞതിനുശേഷം" എന്നതിന് പകരം "നിശ്ചിത സമയപരിധി കഴിഞ്ഞതിന് ശേഷം" എന്നത് ചേർക്കുക.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

437. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16 സി(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "സമയമായ മുപ്പത് ദിവസത്തെ കാലാവധി കഴിഞ്ഞതിനുശേഷം" എന്നതിന് പകരം "സമയ പരിധി കഴിഞ്ഞതിന് ശേഷം"എന്നത് ചേർക്കുക.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

458. ഖണ്ഡം (4) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 സി(4)-ലെ, "രൂപഭേദപ്പെടുത്തുകയോ" എന്നത് ഒഴിവാക്കുക.

ശ്രീ. എം. മുകേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

467. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 ഡി(1)-ൽ "നടപടികൾക്കു മുൻപോ പിൻപോ" എന്നതിന് പകരം "നടപടികൾക്ക് മുൻപും പിൻപും" എന്ന് ചേർക്കുക.

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

490. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16-ഡി(3)-ൽ "യാതൊരു പ്രോസിക്യൂഷൻ നടപടികളും ആരംഭിക്കാൻ പാടുള്ളതല്ല" എന്നതിന് പകരം "പ്രോസിക്യൂഷൻ നടപടികൾ ഉടൻതന്നെ അവസാനിപ്പിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. എ. രാജ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

493. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 ഡി(3)-ൽ "പ്രോസിക്യൂഷൻ നടപടികളും ആരംഭിക്കാൻ പാടുള്ളതല്ല" എന്നതിന് പകരം "പ്രോസിക്യൂഷൻ നടപടികളും പാടുള്ളതല്ല" എന്ന് ചേർക്കുക.

മി. സ്പീക്കർ: 274-ാം നമ്പർ ഭേദഗതി 273-ാം നമ്പർ ഭേദഗതിക്കും 282 മുതൽ 284 വരെയുള്ള ഭേദഗതികൾ 281-ാം നമ്പർ ഭേദഗതിക്കും 286-ാം നമ്പർ ഭേദഗതി 285-ാം നമ്പർ ഭേദഗതിക്കും 289-ാം നമ്പർ ഭേദഗതി 288-ാം നമ്പർ ഭേദഗതിക്കും 295-ാം നമ്പർ ഭേദഗതി 294-ാം നമ്പർ ഭേദഗതിക്കും 301-ാം നമ്പർ ഭേദഗതി 300-ാം നമ്പർ ഭേദഗതിക്കും 303-ാം നമ്പർ ഭേദഗതി 302-ാം നമ്പർ ഭേദഗതിക്കും 305-ാം നമ്പർ ഭേദഗതി 304-ാം നമ്പർ ഭേദഗതിക്കും 310-ാം നമ്പർ ഭേദഗതി 309-ാം നമ്പർ ഭേദഗതിക്കും 319-ാം നമ്പർ ഭേദഗതി 318-ാം നമ്പർ ഭേദഗതിക്കും 325-ാം നമ്പർ ഭേദഗതി 324-ാം നമ്പർ ഭേദഗതിക്കും 335-ാം നമ്പർ ഭേദഗതി 334-ാം നമ്പർ ഭേദഗതിക്കും 337-ാം നമ്പർ ഭേദഗതി 336-ാം നമ്പർ ഭേദഗതിക്കും 339-ാം നമ്പർ ഭേദഗതി 338-ാം നമ്പർ ഭേദഗതിക്കും 352 മുതൽ 354 വരെയുള്ള ഭേദഗതികൾ 351-ാം നമ്പർ ഭേദഗതിക്കും 356-ാം നമ്പർ ഭേദഗതി 355-ാം നമ്പർ ഭേദഗതിക്കും 359-ാം നമ്പർ ഭേദഗതി 358-ാം നമ്പർ ഭേദഗതിക്കും 360 മുതൽ 362 വരെയുള്ള ഭേദഗതികൾ 363-ാം നമ്പർ ഭേദഗതിക്കും 365, 366 എന്നീ നമ്പർ ഭേദഗതികൾ 364-ാം നമ്പർ ഭേദഗതിക്കും 368-ാം നമ്പർ ഭേദഗതി 367-ാം നമ്പർ ഭേദഗതിക്കും 370-ാം നമ്പർ ഭേദഗതി 369-ാം നമ്പർ ഭേദഗതിക്കും 382-ാം നമ്പർ ഭേദഗതി 381-ാം നമ്പർ ഭേദഗതിക്കും 383 മുതൽ 385 വരെയുള്ള ഭേദഗതികൾ 386-ാം നമ്പർ ഭേദഗതിക്കും 393-ാം നമ്പർ ഭേദഗതി 392-ാം നമ്പർ ഭേദഗതിക്കും 402-ാം നമ്പർ ഭേദഗതി 403-ാം നമ്പർ ഭേദഗതിക്കും 404 മുതൽ 406 വരെയുള്ള ഭേദഗതികളും 408-ാം നമ്പർ ഭേദഗതിയും 407-ാം നമ്പർ ഭേദഗതിക്കും 410 മുതൽ 413 വരെയുള്ള ഭേദഗതികൾ 409-ാം നമ്പർ ഭേദഗതിക്കും 423-ാം നമ്പർ ഭേദഗതി 422-ാം നമ്പർ ഭേദഗതിക്കും 425-ാം നമ്പർ ഭേദഗതി 424-ാം നമ്പർ ഭേദഗതിക്കും 431-ാം നമ്പർ ഭേദഗതി 432-ാം നമ്പർ ഭേദഗതിക്കും 435-ാം നമ്പർ ഭേദഗതി 434-ാം നമ്പർ ഭേദഗതിക്കും 443 മുതൽ 445 വരെയുള്ള ഭേദഗതികൾ 446-ാം നമ്പർ ഭേദഗതിക്കും 449 മുതൽ 451 വരെയുള്ള ഭേദഗതികൾ 448-ാം നമ്പർ ഭേദഗതിക്കും 459-ാം നമ്പർ ഭേദഗതി 458-ാം നമ്പർ ഭേദഗതിക്കും 462, 463 എന്നീ നമ്പർ ഭേദഗതികൾ 464-ാം നമ്പർ ഭേദഗതിക്കും 468, 469 എന്നീ നമ്പർ ഭേദഗതികൾ 467-ാം നമ്പർ ഭേദഗതിക്കും 471, 473 എന്നീ നമ്പർ ഭേദഗതികൾ

472-ാം നമ്പർ ഭേദഗതിക്കും 475, 477 എന്നീ നമ്പർ ഭേദഗതികൾ 476-ാം നമ്പർ ഭേദഗതിക്കും 484-ാം നമ്പർ ഭേദഗതി 485-ാം നമ്പർ ഭേദഗതിക്കും 488, 489 എന്നീ നമ്പർ ഭേദഗതികൾ 487-ാം നമ്പർ ഭേദഗതിക്കും 491, 492 എന്നീ നമ്പർ ഭേദഗതികൾ 490-ാം നമ്പർ ഭേദഗതിക്കും 494, 495 എന്നീ നമ്പർ ഭേദഗതികൾ 493-ാം നമ്പർ ഭേദഗതിക്കും 496, 497 എന്നീ നമ്പർ ഭേദഗതികൾ 498-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 474-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

474. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 ഡി (1)-ൽ "വ്യവസ്ഥ" എന്നതിന് പകരം "വകുപ്പ്" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 499-ാം നമ്പർ ഭേദഗതി ഭേദഗതിയോടെ ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

499. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 16(ഡി) (4)-ന് ശേഷം താഴെപ്പറയുന്നത് ചേർക്കുക:
"(5) കുറ്റങ്ങൾ രാജിയാക്കുന്നതിലൂടെ ലഭിക്കുന്ന തുക സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേക്ക് വരവ് വയ്ക്കേണ്ടതാണ്."

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 363-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും

സ്വീകരിച്ച 363-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 271, 313, 386, 391, 403, 409, 426, 485 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. സുമേഷ് അവതരിപ്പിച്ച 273, 326, 472 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 281, 446 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 285, 464 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 288, 392 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 294, 407 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ അവതരിപ്പിച്ച 300, 432 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 302-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 304-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 308, 434 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 309, 390, 424 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ അവതരിപ്പിച്ച 318-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 324-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 334-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ അവതരിപ്പിച്ച 336-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 338, 422 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച 351, 448 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. കെ. ടി. ജലീൽ അവതരിപ്പിച്ച 355-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ദെലീമ അവതരിപ്പിച്ച 358-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 364-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 367-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 369, 487, 498 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച 381, 476 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 389, 395, 414, 415, 447, 460 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ടി. എ. റഹീം അവതരിപ്പിച്ച 436-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 437-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 458-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. മുകേഷ് അവതരിപ്പിച്ച 467-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 490-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. രാജ അവതരിപ്പിച്ച 493-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. കെ. ആൻസലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

104. ശീർഷകത്തിൽ "ക്ഷേമ സെസ്സ്" എന്നതിന് പകരം "ക്ഷേമനിധി നികുതി" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

106. ശീർഷകത്തിൽ "സെസ്സ്" എന്നതിന് പകരം "നികുതി" എന്ന് ചേർക്കുക.

ശ്രീ. മുരളി പെരുനെല്ലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

108. ദീർഘശീർഷകത്തിൽ "ക്ഷേമ സെസ്സ് ആക്ട്" എന്നതിന് പകരം "ക്ഷേമനിധി നികുതി നിയമം" എന്ന് ചേർക്കുക.

ശ്രീ. എച്ച്. സലാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

110. ദീർഘശീർഷകത്തിൽ "സെസ്സ് ആക്ട്" എന്നതിന് പകരം "നികുതി നിയമം" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

112. പീഠികയിൽ "സെസ്സ് ആക്ട്" എന്നതിന് പകരം "നികുതി നിയമം" എന്ന് ചേർക്കുക.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

113. പീഠികയിൽ "സെസ്സ് ആക്ട്" എന്നതിന് പകരം "സഹായ നികുതി നിയമം" എന്ന് ചേർക്കുക.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

115. പീഠികയിൽ "താഴെപ്പറയുന്ന" എന്നതിന് പകരം "ചുവടെ ചേർത്തിട്ടുള്ള" എന്ന് ചേർക്കുക.

ശ്രീ. എം. എം. മണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

135. ഖണ്ഡം 1(1)-ൽ "ആക്ടിന് " എന്നതിന് പകരം "നിയമത്തിന് " എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

137. ഖണ്ഡം 1(1)-ൽ "സെസ്സ് (ഭേദഗതി) ആക്ട് " എന്നതിന് പകരം "സഹായനിധി (ഭേദഗതി) നിയമം " എന്ന് ചേർക്കുക.

മി. സ്പീക്കർ: 105-ാം നമ്പർ ഭേദഗതി 104-ാം നമ്പർ ഭേദഗതിക്കും 107-ാം നമ്പർ ഭേദഗതി 106-ാം നമ്പർ ഭേദഗതിക്കും 109-ാം നമ്പർ ഭേദഗതി 108-ാം നമ്പർ ഭേദഗതിക്കും

111-ാം നമ്പർ ഭേദഗതി 110-ാം നമ്പർ ഭേദഗതിക്കും 114-ാം നമ്പർ ഭേദഗതി 113-ാം നമ്പർ ഭേദഗതിക്കും 116 മുതൽ 121 വരെയുള്ള ഭേദഗതികൾ 115-ാം നമ്പർ ഭേദഗതിക്കും 136-ാം നമ്പർ ഭേദഗതി 135-ാം നമ്പർ ഭേദഗതിക്കും 138-ാം നമ്പർ ഭേദഗതി 137-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 104-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 106-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച 108-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എം. മണി അവതരിപ്പിച്ച 135-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ

പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ .....
പ്രതികൂലിക്കുന്നവർ .....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പാസ്സായിരിക്കുന്നു.

(2) 2025-ലെ കേരള ധനവിനിയോഗ (3-ാംനമ്പർ) ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

2025-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2025-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നിയമസഭ അംഗീകരിച്ച ബജറ്റനുസരിച്ചാണ് സംസ്ഥാനത്ത് ഓരോ രൂപയും ചെലവഴിക്കപ്പെടുന്നത്. അധിക ധനവിനിയോഗം നടത്തുന്നതിനുള്ള അംഗീകാരം സഭയിൽനിന്നും വാങ്ങണമെന്നത് ജനാധിപത്യ സംവിധാനത്തിലെ കീഴ്വഴക്കമാണ്. അതിന്റെ ഭാഗമായി 204.03 കോടി രൂപ കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്ന് അധികമായി നൽകുന്നതിനുവേണ്ടിയാണ് കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ അവതരിപ്പിച്ചിരിക്കുന്നത്. എന്നാൽ ഈ ബില്ലിനെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതും പാസ്സാക്കുന്നതും തടസ്സപ്പെടുത്താൻ ലഭിക്കുന്ന ഏതൊരവസരവും പരമാവധി വിനിയോഗിക്കാനാണ് പ്രതിപക്ഷം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഒൻപതര വർഷക്കാലമായി എൽ.ഡി.എഫ്. സർക്കാർ ഭരിക്കുന്ന കേരളത്തിൽ പ്രത്യേകിച്ച് രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് മന്ത്രിമാരായി ചുമതലയേറ്റവരാണ് ഞങ്ങളിലേറെപ്പേരും. ഈ സർക്കാർ അധിക ചെലവുകൾ ചെയ്യുന്നുവെന്നും അത് വലിയ സാമ്പത്തിക തകർച്ചയിലേയ്ക്ക് കേരളത്തെ കൊണ്ടുപോകുന്നുവെന്നുമാണ് പ്രതിപക്ഷം നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്നത്. അതായത് ഈ സർക്കാർ മികച്ച ശമ്പളവും

ക്ഷേമപെൻഷനും നൽകുന്നുവെന്നും കാർഷിക മേഖലയിൽ അധികമായി തുക ചെലവഴിക്കുന്നുവെന്നും നാട്ടിലാകെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നുവെന്നും ദേവസ്വം ബോർഡ്, ഹജ്ജ് ഹൗസ്, മറ്റ് മതവിഭാഗങ്ങൾ, പിൽഗ്രിം ടൂറിസം തുടങ്ങിയവയുമായി ബന്ധപ്പെട്ട് ധാരാളം തുകകൾ ചെലവഴിക്കുന്നുവെന്നും അതുകൊണ്ട് ഞങ്ങൾ തകർന്നുപോകുമെന്നുമാണ് പ്രതിപക്ഷം പറഞ്ഞിരുന്നത്. പക്ഷേ, രണ്ടാം പിണറായി സർക്കാർ അധികാരത്തിൽവന്ന് നാലര വർഷം കഴിഞ്ഞിട്ടും ഞങ്ങൾ തകർന്നുപോയില്ല. കഴിഞ്ഞ ദിവസം പുറത്തുവന്ന സി.&എ.ജി. (കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ) റിപ്പോർട്ടിൽ കേരളം കടക്കെണിയിലല്ലെന്ന് വ്യക്തമാക്കുകയും ഇന്ത്യയിൽ മെച്ചപ്പെട്ടുവരുന്ന അഞ്ച് സംസ്ഥാനങ്ങളിൽ ഒന്നായി കേരളത്തെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യേണ്ട ഒരു വേദിയല്ലേ നിയമസഭ? കഴിഞ്ഞ മുപ്പത് വർഷത്തെയോ അൻപത് വർഷത്തെയോ കണക്കുകൾ പരിശോധിച്ചാൽ കേരളത്തിന്റെ ബോറോയിങ് മുമ്പത്തെപ്പോലെ ഇപ്പോൾ വർധിച്ചുവരുന്നില്ലെന്ന് മനസ്സിലാക്കാം. തൊട്ടുമുമ്പുള്ള അഞ്ച് ഗവൺമെന്റുകളുടെ കണക്കുകൾ പരിശോധിച്ചാൽ 1,25,000 കോടി രൂപയുടെ ബോറോയിങ് കുറഞ്ഞതായി കാണാം. എന്നിട്ടും 1,65,000 കോടി രൂപയിലധികം ഒരു വർഷം ചെലവാക്കിയാണ് നാം മുന്നോട്ടുപോകുന്നത്. ഇങ്ങനെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നത് തടസ്സപ്പെടുത്തുകയാണ് പ്രതിപക്ഷത്തിന്റെ ആഗ്രഹമെന്ന് ഞങ്ങൾക്കറിയാം. ഇതല്ലെങ്കിൽ വേറൊരു കാര്യം പറഞ്ഞ് പ്രതിപക്ഷം ചർച്ച തടസ്സപ്പെടുത്തും. മൂക്ക് മുറിച്ച് ശകുനം മുടക്കുന്നവരാണ് പ്രതിപക്ഷത്തുള്ളത്. 'കൊള്ള കൊള്ള കമ്മീഷൻ' എന്നാണ് പ്രതിപക്ഷം പറയുന്നത്. ഏത് കാര്യത്തിലും കമ്മീഷൻ ലഭിക്കുന്ന കാര്യത്തെക്കുറിച്ചാണ്

അവർ ആദ്യം ചിന്തിക്കുന്നത്. ഞങ്ങൾ കമ്മീഷൻ വാങ്ങുകയാണോയെന്നാണ് അവർ ചോദിക്കുന്നത്; കമ്മീഷൻ വാങ്ങിയിരുന്നത് യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരുന്നപ്പോഴാണ്. കമ്മീഷൻ വാങ്ങുന്ന പരിപാടി എൽ.ഡി.എഫ്. സർക്കാരിനില്ല. ഞങ്ങൾ കമ്മീഷൻ വാങ്ങുന്നൊരു സർക്കാരല്ലെന്നു മാത്രമല്ല ഈ നാട്ടിലെ ജനങ്ങളോടൊപ്പം എപ്പോഴും നിൽക്കുമെന്ന് തിരിച്ചറിഞ്ഞതുകൊണ്ടാണ് ഈ ഗവൺമെന്റിന് എല്ലാ സ്ഥലങ്ങളിൽനിന്നും ജനപിന്തുണ ലഭിക്കുന്നത്. പ്രതിപക്ഷത്തിന്റെ വിഷമം ഞങ്ങൾക്കറിയാം. പക്ഷേ നിങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ മുഖം ബാനർ ഉപയോഗിച്ച് മറച്ചുപിടിച്ച് ബഹളം വയ്ക്കുന്നത് ശരിയല്ല.

ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി നേരത്തെ ഈ സഭയിൽ പറഞ്ഞതുപോലെ ശ്രീമതി സോണിയ ഗാന്ധിയും ഇന്ത്യയുടെ പ്രതിപക്ഷനേതാവായ ശ്രീ. രാഹുൽ ഗാന്ധിയും നിങ്ങൾ പറഞ്ഞ സി.ബി.ഐ.-യെ കൂട്ടുപിടിക്കുന്നുണ്ടോ; നിങ്ങളുടെ പാർട്ടി ഓഫീസിന്റെയും ജവഹർലാൽ നെഹ്റു സ്ഥാപിച്ച പത്രത്തിന്റെയും പേരിൽ ശ്രീ. രാഹുൽ ഗാന്ധിയെയും ശ്രീമതി സോണിയ ഗാന്ധിയെയും ഇപ്പോഴും ചോദ്യം ചെയ്തുകൊണ്ടിരിക്കുകയല്ലേ? ശബരിമല വിഷയം സി.ബി.ഐ.-ക്ക് വിടണമെന്നാണ് നിങ്ങൾ പറയുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിയന്ത്രണത്തിലുള്ള സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷിക്കുന്ന ഈ വിഷയത്തിൽ ഗവൺമെന്റിന് എങ്ങനെയാണ് ഇടപെടാൻ സാധിക്കുന്നത്? കാര്യങ്ങൾ പുറത്തുവരട്ടെ, എല്ലാ കാര്യങ്ങളും പുറത്തുവരണമെന്നതാണ് ഞങ്ങളുടെയും ആഗ്രഹം. നിങ്ങൾക്ക് വെറുതെയൊരു പുകമറ സൃഷ്ടിക്കണം. ഇവർ ഹിന്ദിയിലാണ് മുദ്രാവാക്യം വിളിക്കുന്നത്. അങ്ങനെ വിളിച്ചാൽ മാത്രമേ

ഡൽഹിയിലുള്ളവർക്ക് മനസ്സിലാകുകയുള്ളൂ. എ.ഐ.സി.സി. നേതൃത്വത്തിന് മനസ്സിലാകാൻ വേണ്ടി 'ഛോർ ഹെ, ഛോർ ഹെ' എന്ന് വിളിക്കേണ്ടത് പ്രതിപക്ഷത്തിന്റെ ആവശ്യമാണ്. അതുകൊണ്ട് അങ്ങനെ വിളിക്കുന്നത് നല്ലൊരു കാര്യമാണ്. ഇതെല്ലാം വീഡിയോ എടുത്ത് ഡൽഹിയിൽ കൊടുക്കാം. പക്ഷേ കേരളത്തിലെ ജനങ്ങളുടെ മുമ്പാകെ ഇതൊന്നും വിലപ്പോകില്ല. ഇന്ന് ദേവസ്വം ബോർഡിന് മുമ്പിൽ ആർ.എസ്.എസ്. നടത്തുന്ന സമരത്തിലും ഹിന്ദിയിലെ ഇതേ മുദ്രാവാക്യം കേട്ടു. ഒരേ ആൾ തന്നെയാണോ ഈ മുദ്രാവാക്യം എഴുതിക്കൊടുത്തതെന്ന് എനിക്കറിയില്ല. ഇന്ത്യയിൽ മുമ്പും ഈ മുദ്രാവാക്യം ഞാൻ കേട്ടിട്ടുള്ളതാണ്. നിങ്ങൾ ഇത്തരത്തിൽ മുദ്രാവാക്യങ്ങൾ വിളിക്കുന്നത് നല്ലതുതന്നെയാണ്. ഇങ്ങനെ വിളിക്കുമ്പോൾ എന്താണ് കേരളത്തിൽ നടക്കുന്നതെന്ന് ജനങ്ങൾക്ക് മനസ്സിലാകും. നിങ്ങൾ ഏകാധിപത്യത്തിന്റെ ആളുകളും നല്ലതുപോലെ സംസാരിക്കാൻ കഴിവുള്ളവരുമാണ്. ഇതിൽ എന്തെങ്കിലും ന്യായം ഉണ്ടായിരുന്നെങ്കിൽ സഭയിൽ ചർച്ച ചെയ്യുകയാണ് വേണ്ടത്. ഗ്യാലറിയിലിരിക്കുന്ന കുട്ടികൾ ഉൾപ്പെടെയുള്ളവർ പാർലമെന്ററി പ്രൊസീഡ്യുവർ കാണുകയല്ലേ; നിങ്ങൾ പറയുന്ന കാര്യങ്ങളൊന്നും അവർക്ക് മനസ്സിലാകില്ല. നിങ്ങൾക്ക് പറയാൻ പോയിന്റുകളില്ല. കേരളത്തിലെ മുഴുവൻ ജനങ്ങളും സഭാ നടപടിക്രമങ്ങൾ വീക്ഷിക്കുന്നുണ്ട്. കോൺഗ്രസിന്റെയും മുസ്ലീംലീഗിന്റെയും നേതാക്കന്മാർക്ക് എന്തെങ്കിലും കാര്യങ്ങൾ പറയാനുണ്ടായിരുന്നെങ്കിൽ അതിനായി ഈ വേദി ഉപയോഗിക്കുമായിരുന്നു. ഈ അവസരം ഉപയോഗിക്കാത്തത് എന്തുകൊണ്ടാണ്? നിങ്ങൾ ചർച്ചകൾ ഇഷ്ടപ്പെടുന്നില്ല. നിങ്ങൾക്ക് പരമാധികാരം ലഭിച്ചാൽ പാർലമെന്റുപോലും ചേരുകയില്ല. അങ്ങനെയുള്ള ജനാധിപത്യ ധ്വംസനമല്ല ഇവിടെ വേണ്ടത്.

ഇന്ത്യയിൽ പി.എസ്.സി. നിയമനങ്ങളില്ലാതിരുന്നപ്പോൾ ഏറ്റവും കൂടുതൽ ഉദ്യോഗാർഥികൾക്ക് നിയമനം നൽകിയ സർക്കാരാണ് കേരള സർക്കാർ. ഈ കാലയളവിൽ കേരളത്തിൽ 50000 തസ്തികകളാണ് പുതുതായി സൃഷ്ടിച്ചത്. വനിതകൾക്ക് പോലീസ്, എക്സൈസ്, ഫയർഫോഴ്സ് എന്നീ വകുപ്പുകളിൽ പുതുതായി നിയമനങ്ങൾ നൽകി. സാമ്പത്തിക ഞെരുക്കവും കോവിഡും പ്രളയവും വന്നപ്പോഴും നമ്മൾ നേരിട്ടതെങ്ങനെയാണ്? വയനാട് ദുരന്തത്തിന് 2600 കോടി രൂപ കേരള സർക്കാർ ആവശ്യപ്പെട്ടപ്പോൾ ഇരുന്നൂറ്റി ചില്വാനം കോടി രൂപ മാത്രമാണ് കേന്ദ്രസർക്കാർ അനുവദിച്ചത്. നിങ്ങൾക്ക് നരേന്ദ്ര മോദി ഗവൺമെന്റിനെതിരെ ഹിന്ദിയിൽ മുദ്രാവാക്യം വിളിച്ചുകൂടേ; "കം ഹെ, കം ഹെ, ആപ്കാ പി.എം.ഡി.ആർ.എഫ്. കം ഹെ" എന്ന് മുദ്രാവാക്യം വിളിക്കണ്ടേ; നിങ്ങൾക്ക് വിളിക്കാൻ സാധിക്കില്ല. 1,25,000 കോടി രൂപ ഒരു വർഷം ചെലവാക്കിയ സ്ഥാനത്ത് 1,65,000/- കോടി രൂപ ചെലവഴിക്കുകയും ജി.എസ്.ടി. പരിഷ്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തിന് നൽകേണ്ട തുക വെട്ടിക്കുറച്ചിട്ടും അതെല്ലാം തരണം ചെയ്ത് മുന്നോട്ടുപോകുകയും ചെയ്യുന്നൊരു ഗവൺമെന്റാണിത്. ഈ ഗവൺമെന്റ് കൂടുതൽ സത്യസന്ധമായി ഇനിയും മുന്നോട്ടുപോകും.

ഞാൻ വിദ്യാർഥിയായിരുന്നപ്പോഴുള്ള ഒരു സംഭവത്തെക്കുറിച്ച് ഓർക്കുകയാണ്. ഏറ്റുമാനൂരപ്പന്റെ വിഗ്രഹം മോഷ്ടിച്ച ഒരു കേസ് അക്കാലത്തുണ്ടായി. ആ സമയത്ത് കേരളം ഭരിച്ചിരുന്ന നായനാർ ഗവൺമെന്റിനെതിരെ വന്ന വാർത്തകൾ ഞാൻ ഓർക്കുന്നു. 'ഭഗവാന് എന്തിനാണ് പാറാവ്' എന്ന് അന്നത്തെ മുഖ്യമന്ത്രി ഇ. കെ. നായനാർ ചോദിച്ചുവെന്ന വാർത്ത വന്നു. അവസാനം കള്ളനെ പിടിച്ചപ്പോൾ, ഏറ്റുമാനൂരപ്പനെ മോഷ്ടിച്ചത് കെ.എസ്.യു.-വിന്റെ ജില്ലാ വൈസ് പ്രസിഡന്റായിരുന്ന തിരുവനന്തപുരത്തുള്ള സ്റ്റീഫൻ ആയിരുന്നു. അന്നത്തെ

പത്രം നോക്കിയാൽ ഇതെല്ലാം മനസ്സിലാകും. അതിനാൽ ഈ നാട്ടിൽ ദൈവങ്ങൾക്കും ദൈവവിശ്വാസികൾക്കും ഏറ്റവും കൂടുതൽ വിശ്വസിക്കാവുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെയാണ്. മൂടോടെ മോഷ്ടിക്കാൻ ഞങ്ങൾ സമ്മതിക്കില്ല. നിങ്ങൾക്ക് എന്തിനും കമ്മീഷൻ വേണമല്ലോ; എന്തിനും കമ്മീഷൻ വേണമെന്ന് ആഗ്രഹിക്കുന്നവർ ഇത്തരം കാര്യങ്ങളൊക്കെ ചിന്തിക്കും. അതുകൊണ്ടാണ് ബഹുമാനപ്പെട്ട കോടതി പറയുന്നതൊന്നും നിങ്ങൾക്ക് പ്രശ്നമല്ലാത്തത്. നേരത്തെ ഇവിടെ പറഞ്ഞതുപോലെ, കീഴ്കോടതിയിൽ തോൽക്കുമ്പോൾ പറയുന്നത്, അപ്പീലിന് പോകാൻ വിധിയായിട്ടുണ്ടെന്നാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി വരെ അപ്പീലിന് പോകാൻ വിധിയായി. എന്തായാലും ബഹുമാനപ്പെട്ട സുപ്രീംകോടതി ശാരീരികമായി ആരെയും ഉപദ്രവിക്കാത്തതിനാൽ രക്ഷപ്പെട്ടു. നല്ല രീതിയിലുള്ള വിമർശനം വന്നുവെന്നേയുള്ളൂ. ബഹുമാനപ്പെട്ട സുപ്രീംകോടതിയിലുൾപ്പെടെ അപ്പീലിന് പോകാനുള്ള അവകാശമുള്ളപ്പോഴും നാട്ടുകാരെ പറ്റിക്കുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്.

ധനവിനിയോഗ ബിൽ പാസ്സാക്കുകയെന്നത് എല്ലാവരുടെയും ആവശ്യമാണ്. എന്നാൽ അതിനെക്കുറിച്ച് ചർച്ച ചെയ്യാൻ സമ്മതിക്കുന്നില്ല. ബി.ജെ.പി. സർക്കാരിനെക്കുറിച്ച് ധാരാളം കാര്യങ്ങൾ ഈ സഭയിൽ ചർച്ച ചെയ്യാനുണ്ടായിരുന്നു. ഇന്നത്തെ കാലത്ത് ചർച്ച ചെയ്യേണ്ട പ്രധാന വിഷയമാണ് ജി.എസ്.ടി.-യിൽ വരുത്തിയ കുറവ്. ഏഷ്യാനെറ്റ്, മലയാള മനോരമ, 24 ന്യൂസ്, റിപ്പോർട്ടർ, കൈരളി, ജയ്ഹിന്ദ് തുടങ്ങിയ മലയാളം ചാനലുകളിലെല്ലാം ടാക്സ് കുറച്ചതിന്റെ ഗുണം ആർക്കും ലഭിക്കുന്നില്ലെന്നുള്ള വാർത്തകളാണ് വരുന്നത്. എന്നാൽ അതിനെക്കുറിച്ചൊന്നും പ്രതിപക്ഷത്തിന് ഒരക്ഷരം പറയാനില്ല. ധനകാര്യ വിഷയങ്ങൾ

ചർച്ച ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട ഈ ബില്ലിന്റെ സമയത്തുപോലും ബി.ജെ.പി.-യെ പരോക്ഷമായി സഹായിക്കുന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. ബി.ജെ.പി.-യും കോൺഗ്രസ്സും കൂടിച്ചേർന്ന് നടത്താനുദ്ദേശിക്കുന്ന കാര്യങ്ങൾ കേരളത്തിൽ നടക്കില്ല, മറ്റ് സംസ്ഥാനങ്ങളിൽ നടക്കും. ഇവിടെയുള്ളവർ പത്രം വായിക്കുന്നവരും കാര്യങ്ങൾ മനസ്സിലാക്കുന്നവരും ചരിത്രമറിയുന്നവരുമാണ്. കർണ്ണാടകത്തിലും ആന്ധ്രാപ്രദേശിലും തെലങ്കാനയിലും ഉത്തർപ്രദേശിലും നടത്തുന്ന രാഷ്ട്രീയം ഇവിടെ വിലപ്പോകില്ല. ഞങ്ങൾക്ക് ഒരു ചാഞ്ചല്യത്തിന്റെയും കാര്യമില്ല. ശബരിമല വിഷയത്തെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെയും പ്രതിപക്ഷ ഉപനേതാവിന്റെയും മുൻ പ്രതിപക്ഷനേതാവിന്റെയുമൊക്കെ നേതൃത്വത്തിൽ നമുക്ക് ചർച്ച ചെയ്യാം. അതിന് തയ്യാറാകാതെ കേരളത്തിലെ ജനങ്ങളുടെ മുന്നിൽനിന്ന് ഒളിച്ചോടുന്ന പ്രതിപക്ഷ നിലപാടിൽ അതിശക്തമായി പ്രതിഷേധിക്കുന്നു. ഈ ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: 2025-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....
പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടും മൂന്നും വകുപ്പുകൾ

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....
പ്രതികൂലിക്കുന്നവർ.....

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....
പ്രതികൂലിക്കുന്നവർ.....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2025-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2025-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ പാസ്സായിരിക്കുന്നു.

പ്ലീസ്..... പ്ലീസ്..... ബാനർ താഴ്ത്തിപ്പിടിക്കു. തുടർച്ചയായി സഭയെ ruckus ചെയ്യരുതെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടും പ്രതിപക്ഷ ഉപനേതാവിനോടും ചെയർ ഒരിക്കൽക്കൂടി അഭ്യർഥിക്കുന്നത്. നാളെ സഭ ചേരുമ്പോഴെങ്കിലും സഹകരിക്കണമെന്ന് ചെയർ അഭ്യർഥിക്കുകയാണ്. തുടർച്ചയായി സഭയെ ruckus ചെയ്യുന്ന രീതി ശരിയല്ല, ജനാധിപത്യത്തിന് ഭ്രഷണമല്ല. അതുസംബന്ധിച്ച് ഗൗരവമായി ചിന്തിക്കാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടും പ്രതിപക്ഷ ഉപനേതാവിനോടും ചെയർ അഭ്യർഥിക്കുകയാണ്. കാരണം, വളരെ പ്രധാനപ്പെട്ട ബില്ലുകളാണ് പാസ്സാക്കാനുള്ളത്. പ്രതിപക്ഷാംഗങ്ങൾ സഭാനടപടികളോട് സഹകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക്

വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 ഒക്ടോബർ മാസം 08-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ രാവിലെ 11.15-ന് പിരിഞ്ഞു.)

അനുബന്ധം – I

രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഭൂജല സംപോഷണ പ്രവർത്തനങ്ങൾ

4 (*215) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നീരുറവകളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിവിധ തരം ജലസ്രോതസ്സുകളുടെ മാസ്റ്റർ ഡാറ്റാബേസ് ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

സംസ്ഥാനത്ത് നീരുറവകളുടെ വിവരശേഖരണം ഭൂജലവകുപ്പ് മുഖേന നടത്തിയിട്ടില്ല. എന്നാൽ കേന്ദ്ര ജൽ ശക്തി മന്ത്രാലയം ഒരു ഏകീകൃത സെൻസസ് നടത്താൻ നിർദേശിച്ചിട്ടുണ്ട്. താഴെ പറയുന്ന നാല് സെൻസസുകൾ സംയോജിപ്പിച്ചാണ് ഈ പ്രവർത്തനം നടപ്പാക്കുന്നത്:

1. ഏഴാമത് ചെറുകിട ജലസേചന സെൻസസ്.

2. രണ്ടാമത് ജലാശയങ്ങളുടെ സെൻസസ്.

3. ഒന്നാമത് ഇടത്തരം-ചെറുകിട ജലസേചന പദ്ധതികളുടെ സെൻസസ്.

4. ഒന്നാമത് നീരുറവകളുടെ സെൻസസ്.

ഇതിൽ, ഒന്നാമത് നീരുറവകളുടെ സെൻസസ് (1st Census of Springs) നടത്തുന്നതിനുള്ള സംസ്ഥാനതല നോഡൽ ഡിപ്പാർട്ടുമെന്റായി ഭൂജല വകുപ്പിനെയും വകുപ്പ് ഡയറക്ടറെ സ്റ്റേറ്റ് നോഡൽ ഓഫീസറായും ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ ഭൂജല നിർമ്മിതികളുടെയും വിവരങ്ങൾ ശേഖരിച്ച് ഭൂജലസ്രോതസ്സുകളുടെ മാസ്റ്റർ ഡാറ്റാ ബേസ് തയ്യാറാക്കുന്നതിനുവേണ്ടി 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി വെൽ സെൻസസ് പദ്ധതി സംസ്ഥാനത്തെ 93 ബ്ലോക്കുകളിലെ 563 പഞ്ചായത്തുകളിൽ ആരംഭിച്ചു. കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ് ആൻഡ് എൻവയോൺമെന്റ് സെന്റർ (KSREC)-ന്റെ സഹായത്തോടെ വികസിപ്പിച്ചെടുത്ത "നീരറിവ്" എന്ന മൊബൈൽ ആപ്പ് ഉപയോഗിച്ച് കുടുംബശ്രീ മിഷൻ മുഖേനയാണ് ഭൂജല നിർമ്മിതികളുടെ വിവരശേഖരണം നടത്തിവരുന്നത്. 331 പഞ്ചായത്തുകളിൽ പൂർണ്ണമായും 232 പഞ്ചായത്തുകളിൽ ഭാഗികമായും വിവരശേഖരണം പൂർത്തിയാക്കിയിട്ടുണ്ട്. 8.2 കോടി രൂപ ഇതിനായി ചെലവാക്കിയിട്ടുണ്ട്. ഏകദേശം 21 ലക്ഷം ഡാറ്റാ ഇതുവരെ ശേഖരിച്ചിട്ടുണ്ട്.

ഹരിതകേരളം മിഷന്റെ ഉപമിഷനായ 'ജലസമൃദ്ധി'-യുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ "സംയോജിത നീർത്തടപ്ലാനുകൾ" തയ്യാറാക്കുകയും അവയിൽ മുൻഗണനാടിസ്ഥാനത്തിൽ നിർദേശിച്ചിട്ടുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണം/പുനരുദ്ധാരണം/സംഭരണശേഷി വർധിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ജലസേചന വകുപ്പ് ഏറ്റെടുത്ത് നിർവഹിക്കാറുണ്ട്. ആയതിന്റെ ഫലമായി 1013 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നീരുറവ് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. ഒപ്പം കേരളത്തിലെ 15 ബ്ലോക്കുകളുടെയും 94 ഗ്രാമപഞ്ചായത്തുകളുടെയും ജല ബഡ്ജറ്റിങ് (ഒരു നദീതടത്തിലോ/നീർത്തടത്തിലോ വിവിധ ആവശ്യങ്ങൾക്കായി വേണ്ടിവരുന്ന ജലവും ലഭ്യമായ ജലവും തമ്മിലുള്ള അന്തരം) നവകേരളം കർമ്മപദ്ധതിയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കുകയും ചെയ്യ കഴിഞ്ഞിരിക്കുന്നു. ജല ബഡ്ജറ്റിങ് നടത്തിയ ബ്ലോക്കുകളുടെയും പഞ്ചായത്തുകളുടെയും ജല കമ്മി മനസ്സിലാക്കി അതനുസരിച്ച് നീരുറവ മാസ്റ്റർ പ്ലാനിലെ പദ്ധതികൾ, ജലസേചന വകുപ്പിലെ സാങ്കേതിക സമിതി കൺവീനർമാർ സാങ്കേതിക പരിശോധന നടത്തി അതിന്റെ അടിസ്ഥാനത്തിൽ വരൾച്ച-വെള്ളപ്പൊക്കം എന്നിവയെ നേരിടുന്നതിനും കൃഷി-ജലസംരക്ഷണം എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവരുന്നു. കൂടാതെ, 2023-24 അടിസ്ഥാന വർഷത്തിൽ നടത്തുന്ന ഏഴാം എം.ഐ. സെൻസസിനും രണ്ടാം ജലാശയ സെൻസസിനും വേണ്ടിയുള്ള കണക്കെടുപ്പ് പ്രവർത്തനങ്ങൾ സംസ്ഥാനത്ത് പുരോഗമിക്കുന്നു.

(ബി) സംസ്ഥാനത്ത് നടത്തിവരുന്ന ഭൂജല സംപോഷണ പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കാമോ?

ഭൂജലവകുപ്പ് 'ഭൂജലസംരക്ഷണവും സംപോഷണവും' എന്ന പ്ലാൻ പദ്ധതി ഭൂജലസംരക്ഷണത്തിനായി സംസ്ഥാനത്ത് നടപ്പാക്കിവരുന്നു. മേൽക്കൂര വഴിയുള്ള മഴവെള്ള കൊയ്ത്തിലൂടെ ഊറന്ന കിണർ/കുഴൽക്കിണർ, റീചാർജ് പിറ്റ് വഴിയുള്ള ഭൂജലസംപോഷണം, ചെറിയ തടയണകളുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ പുനരുദ്ധാരണം തുടങ്ങിയ പ്രവൃത്തികൾ ഈ പദ്ധതിയിൻകീഴിൽ വിഭാവനം ചെയ്യുവരുന്നു. കേരളത്തിലെ ഗുരുതര, അർധ ഗുരുതര ബ്ലോക്കുകളിലെ ഭൂജലസംപോഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകിവരുന്നു. സുസ്ഥിര ഭൂജല ലഭ്യത കൈവരിക്കുന്നതിനായി സംസ്ഥാനത്തെ പൊതുസ്ഥാപനങ്ങളിലെ ഭൂജല നിർമ്മിതികളെ കേന്ദ്രീകരിച്ചാണ് പ്രസ്തുത പദ്ധതി പ്രധാനമായും നടപ്പാക്കുന്നത്. കൂടാതെ പദ്ധതി പൂർത്തീകരണത്തിലൂടെ സമീപപ്രദേശങ്ങളിലെ ജലവിതാനവും മെച്ചപ്പെടുന്നതാണ്.

കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പാക്കിവരുന്ന 'ജൽ ശക്തി അഭിയാൻ: Catch the rain' പ്രോഗ്രാമിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ തനത് ഫണ്ടും കേന്ദ്ര ഫണ്ടും ഉപയോഗപ്പെടുത്തി വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പാക്കി വരുന്നുണ്ട്.

മഴക്കാലത്ത് പുര മുകളിൽ പെയ്തിറങ്ങുന്ന മഴവെള്ളം പാഴാക്കി കളയാതെ പാത്തി പൈപ്പുകൾ ഉപയോഗിച്ച് ശാസ്ത്രീയമായി ശുദ്ധീകരിച്ച് സംഭരണിയിൽ ശേഖരിച്ച് ഗാർഹിക-ഗാർഹികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുന്നു. ചെലവ് കുറഞ്ഞതും

ലളിതമായ സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നതുമായ മഴവെള്ള സംഭരണികൾ ആവർത്തന ചെലവില്ലാതെ ഉപയോഗിക്കാൻ സാധിക്കുന്നവയാണ്. സംഭരണിയിൽനിന്നും നിറഞ്ഞ് കവിഞ്ഞൊഴുകുന്ന ശുദ്ധീകരിച്ച ജലം പുരയിടത്തിലുള്ള തുറന്ന കിണറിലേക്ക് കടത്തിവിട്ട് റീചാർജ് ചെയ്യുന്നതിലൂടെ ഭൂജലത്തിന്റെ അളവ് വർധിപ്പിക്കാനും സഹായകമാകുന്നുണ്ട്.

ജലസേചന വകുപ്പിന്റെ പദ്ധതികളുടെ ഭാഗമായി, റെഗുലേറ്ററുകൾ, അണക്കെട്ടുകൾ, വി.സി.ബി (Vented Cross Bar) മുതലായവയുടെ നിർമ്മാണവും പുനരധിവാസവും ഭൂഗർഭജലം നിറയ്ക്കാൻ സഹായിക്കുന്നു.

(സി) സംസ്ഥാനത്തെ വിവിധ കുടിവെള്ള സ്രോതസ്സുകൾ കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് സമഗ്രനയം രൂപീകരിക്കുമോ; വിശദമാക്കുമോ?

സംസ്ഥാനത്തെ ഭൂജല സ്രോതസ്സുകൾ കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് സമഗ്രനയം രൂപീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് "വെൽ സെൻസസ്" പദ്ധതി നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി ഭൂജല വകുപ്പ് മുഖേന ആരംഭിച്ചത്. "വെൽ സെൻസസ് വിവരശേഖരണം പൂർത്തിയാകുന്നതിലൂടെ ഭൂജല സ്രോതസ്സുകളുടെ സമഗ്രമായ ഡാറ്റാ ബേസ് ലഭ്യമാകുകയും ആയതുവഴി കൃത്യമായ നയരൂപീകരണം സാധ്യമാകുകയും ചെയ്യും.

ജലവിഭവ പരിപാലനത്തിനായി ഡാറ്റാ മാനേജ്മെന്റ്

5 (*216) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:

ശ്രീ. എം. മുകേഷ്:

ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) ജലവിഭവ പരിപാലനത്തിനും വികസനത്തിനും വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് സഹായകരമായ വിധത്തിൽ ഒരു ഡാറ്റാ മാനേജ്മെന്റ് രീതി വികസിപ്പിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) നദീതടങ്ങളുടെ പരിപാലനത്തിനായി നൂതന പരിപാലന രീതികൾ ആവിഷ്കരിക്കുന്നതിന് ശക്തമായ വിവര ശേഖരണ സംവിധാനം എത്രത്തോളം സഹായിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) ജലവിഭവങ്ങളുടെ പരിപാലനത്തിനും വികസനത്തിനും കാര്യക്ഷമമായ ഡാറ്റാ മാനേജ്മെന്റ് സംവിധാനം ഒരുക്കുന്നത് വളരെ പ്രധാനപ്പെട്ടതാണ്. അതിൽ ഏറ്റവും പ്രധാനം ഡാറ്റാ ശേഖരണം എന്നുള്ളതാണ്. കേരളത്തിലെ ജലവിഭവങ്ങളുടെ പരിപാലനവും വികസനവും ശാസ്ത്രീയവും സുസ്ഥിരവുമായി ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനുമായി ഒരു സമഗ്ര ഡാറ്റാ മാനേജ്മെന്റ് സംവിധാനം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. ഇതിനായി സംസ്ഥാന സർക്കാർ നടപ്പാക്കിയ സംവിധാനമാണ് കേരള വാട്ടർ റിസോഴ്സസ് ഇൻഫർമേഷൻ സിസ്റ്റം (Kerala WRIS - Kerala Water Resources Information System) സംസ്ഥാനത്തെ ജലവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങൾക്കും ആധികാരിക ഡാറ്റാ മാനേജ്മെന്റ് സിസ്റ്റമായി പ്രവർത്തിക്കുന്നു. കേരളത്തിലെ ജലസ്രോതസ്സുകളുടെ ശാസ്ത്രീയ വിലയിരുത്തലിനും ജലവിഭവങ്ങളുടെ വിവേകപൂർണ്ണവും

നീതിയുക്തവും സുസ്ഥിരവുമായ പരിപാലനം, വിതരണം, വിനിയോഗം എന്നിവ ഉറപ്പാക്കുന്നതിനുമായി ഈ സംവിധാനം നിർണ്ണായകമായ പങ്കുവഹിക്കുന്നു. നദീതടങ്ങളുടെ പരിപാലനത്തിനായി നൂതനരീതികൾ രൂപപ്പെടുത്തുന്നതിൽ ഈ രീതിയിലുള്ള വിവരശേഖരണ സംവിധാനം സഹായകരമാണ്. നദീതടത്തിന്റെ നിലവിലുള്ള സ്ഥിതി കൃത്യമായി മനസ്സിലാക്കുന്നതിനും നദീതട പരിപാലനത്തിനായി ഘടനാപരവും (Structural) അല്ലാത്തതുമായ (Non-Structural) നടപടികൾ ആസൂത്രണം ചെയ്യുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും സഹായകരമാകുന്നു. കൂടാതെ റിമോട്ട് സെൻസിങ്, ഭൂമിശാസ്ത്രപരമായ വിവര സംവിധാനം (Geographic Information System), തത്സമയ ഹൈഡ്രോ-മെറ്റീരിയോളജിക്കൽ ഡാറ്റാ ലഭ്യമാക്കുന്ന നൂതന സാങ്കേതികവിദ്യകൾ പ്രയോഗിക്കുന്നതിലൂടെ നദീതട പരിപാലനം കൂടുതൽ ഫലപ്രദമാക്കുന്നു. വിവിധ പുഴകളുടെ cross section survey നടത്തുകയും ആയത് വഴി പുഴയുടെ ഘടനാപരമായ സവിശേഷതകൾ കണക്കാക്കി നദീതടങ്ങളിലെ പരിപാലനത്തിനും സഹായിക്കുന്നു. കൂടാതെ ഡാറ്റാ ഏകോപനം ഡാറ്റാ മാനേജ്മെന്റ് എന്നിവ കാര്യക്ഷമമായി നടപ്പാക്കുന്നതിനുവേണ്ടി State Water Information Centre (SWIC) രൂപീകരിക്കാനുള്ള നടപടികൾ നടന്നുവരുന്നു. ജലവിഭവങ്ങളുടെ പരിപാലനത്തിനും വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ഉതകുന്ന രീതിയിൽ വിവരശേഖരണം നടത്തുക എന്ന ഉദ്ദേശ്യത്തോടെ വിവിധ സെൻസസ് പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഏഴാമത് മൈനർ ഇറിഗേഷൻ സെൻസസ്, രണ്ടാമത് വാട്ടർബോഡി സെൻസസ്, ഒന്നാമത് മേജർ ആൻഡ് മീഡിയം ഇറിഗേഷൻ സെൻസസ്, ഒന്നാമത് സ്പ്രിങ് സെൻസസ് എന്നിവയുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾ വിവിധ

വകുപ്പുകളുടെ ഏകോപനത്തിൽ പുരോഗമിച്ചുവരുന്നു. മൊബൈൽ ആപ്പുകൾ ഉപയോഗിച്ച് ഇവ പൂർണ്ണമായും ഓൺലൈനായി നടപ്പാക്കുന്നതിനാണ് തീരുമാനമായിട്ടുള്ളത്.

നദീതടങ്ങളുടെ സംരക്ഷണത്തിനായി നൂതനരീതികൾ ആവിഷ്കരിക്കാൻ ശക്തമായ വിവരശേഖരണ സംവിധാനം നിർണ്ണായകമാണ്. ഈ സംവിധാനം നദിയുടെ ജലനില, മലിനീകരണനില, പരിസര പ്രദേശങ്ങളുടെ ഉപയോഗം എന്നിവയെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ നൽകുന്നു. റിയൽ-ടൈം ഡാറ്റയുടെ സഹായത്തോടെ നദിയിൽ പെട്ടെന്ന് സംഭവിക്കുന്ന മാറ്റങ്ങൾ തിരിച്ചറിയാൻ സാധിക്കും. ശാസ്ത്രീയമായി ശേഖരിച്ച ഈ വിവരങ്ങൾ അടിസ്ഥാനമാക്കി പരിപാലനത്തിനും സംരക്ഷണത്തിനും മികച്ച നയങ്ങൾ രൂപപ്പെടുത്താം. നദീതട പരിപാലനത്തിൽ പൊതുജനങ്ങളുടെ പങ്കാളിത്തം കൂടുതൽ സജീവമാകാനും ഈ ഡാറ്റാ സഹായിക്കുന്നു. മലിനീകരണത്തിന്റെ പ്രധാന ഉറവിടങ്ങൾ തിരിച്ചറിയുന്നതിനും നിയന്ത്രണ നടപടികൾ ആവിഷ്കരിക്കുന്നതിനും ഇത് ഉപകാരപ്പെടുന്നു. കാലാവസ്ഥാ വ്യതിയാനങ്ങൾമൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ മുൻകൂട്ടി തിരിച്ചറിയാനും മുൻകരുതൽ നടപടികളെടുക്കാനും കഴിയുന്നു. നദീതട വികസനത്തിനും സംരക്ഷണത്തിനും ദീർഘകാല തന്ത്രങ്ങൾ രൂപപ്പെടുത്തുന്നതിൽ വിവര ശേഖരണ സംവിധാനം നിർണ്ണായകമാണ്. GIS, IoT, റിമോട്ട് സെൻസിങ് തുടങ്ങിയ സാങ്കേതികതകൾ ഉപയോഗിച്ച് ഡാറ്റാ ശേഖരണം കൂടുതൽ ഫലപ്രദമായി നടത്താം. അതിനാൽ, നദീതടങ്ങളുടെ സമഗ്ര പരിപാലനത്തിനായി ശക്തമായ വിവരശേഖരണ സംവിധാനം അത്യന്തം ആവശ്യമാണ്.

(സി) ജലവിഭവ പരിപാലനത്തിൽ സംസ്ഥാനം നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

കാലാവസ്ഥാ വ്യതിയാനം, മഴയുടെ തീവ്രത കൂടുന്നത്, ജലദൗർലഭ്യം, മണ്ണൊലിപ്പ്, അനധികൃത ഭൂജല ചൂഷണം, ജല മലിനീകരണം, ഭൂജലത്തിന്റെ സ്വാഭാവിക സംപോഷണത്തിൽ വരുത്തുന്ന മാറ്റങ്ങൾ, ഭൂവിനിയോഗത്തിൽ വന്ന മാറ്റങ്ങൾമൂലം സ്വാഭാവിക ഭൂജല സംപോഷണത്തിലുള്ള വിഘാതം, ഭൂവിനിയോഗ മാറ്റങ്ങൾ, നഗരവൽക്കരണം, വർധിച്ച ജനസാന്ദ്രത തുടങ്ങിയവയാണ് ജലവിഭവ പരിപാലനത്തിൽ സംസ്ഥാനം നേരിടുന്ന പ്രധാന വെല്ലുവിളികൾ.

മഴയുടെ രീതിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അനിശ്ചിതത്വവും കാലാവസ്ഥാ വ്യതിയാനവുംമൂലം കുറച്ചുമാസങ്ങളിൽ മാത്രം ശക്തമായ മഴ ലഭിക്കുകയും മറ്റുള്ള സമയങ്ങളിൽ പ്രത്യേകിച്ച് വേനൽക്കാലത്ത് രൂക്ഷമായ ജലക്ഷാമം നേരിടുന്ന സാഹചര്യങ്ങളും ഉണ്ടാകുന്നുണ്ട്. നഗരവൽക്കരണവും അനുബന്ധ പ്രവർത്തനങ്ങളും വനനശീകരണവുമെല്ലാം മഴ വെള്ളം കെട്ടി നിന്ന് ഭൂഗർഭജലം റീചാർജ് ചെയ്യപ്പെടാനുള്ള സാഹചര്യങ്ങൾ പരിമിതപ്പെടുത്തുകയും മഴവെള്ളം അതിവേഗം കടലിലേക്ക് ഒഴുകിപ്പോകുന്നതിന് കാരണമാകുകയും ചെയ്യുന്നുണ്ട്. ഭൂഗർഭജലം ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്കായി അമിതമായി ഉപയോഗിക്കുന്നതും റീചാർജ് ചെയ്യപ്പെടാനുള്ള സാഹചര്യങ്ങൾ കുറയുന്നതും ജലനിരപ്പ് അപകടകരമായി താഴുന്നതിന് കാരണമാകുന്നുണ്ട്.

വ്യവസായവൽക്കരണം, നഗരവൽക്കരണം, കൃഷിക്കായി ഉപയോഗിക്കുന്ന രാസവളങ്ങൾ, കീടനാശിനികൾ തുടങ്ങിയവയുടെ ഭാഗമായുള്ള ജലമലിനീകരണംമൂലം ശുദ്ധജലക്ഷാമവും ജലാശയങ്ങളിലെ ആവാസ വ്യവസ്ഥയ്ക്ക് ഭീഷണിയും ഉണ്ടാകുന്നുണ്ട്.

ജലസ്രോതസ്സുകളുടെ സംരക്ഷണം ഒരു പൊതു ഉത്തരവാദിത്വമാണ്. മഴവെള്ളശേഖരണം, ഭൂഗർഭജലം റീചാർജ് ചെയ്യൽ, നൂതന സാങ്കേതികവിദ്യകൾ, മാലിന്യനിയന്ത്രണം, ജലത്തിന്റെ പുനരുപയോഗം തുടങ്ങിയവയെ ആധാരമാക്കിയുള്ള സമഗ്രമായ സമീപനം അത്യാവശ്യമാണ്. ഇതിനായി വിവിധ വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ടും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചും ജനങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് വ്യക്തമായ അവബോധമുണ്ടാക്കി അവരുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടും പദ്ധതികൾ നടപ്പാക്കേണ്ടത് അനിവാര്യമാണ്.

മുമ്പ് ജലസമ്പന്നമായിരുന്ന കേരളം ഇന്ന് ജലക്ഷാമം അനുഭവിക്കുന്ന സാഹചര്യത്തിലേക്ക് എത്തിയിരിക്കുന്നത് പ്രധാന വെല്ലുവിളിയിലൊന്നാണ്. മഴയുടെ കാലപരിധിയും തീവ്രതയും മാറിയതോടെ ജലസേചനത്തിന് ആശ്രയിക്കുന്ന കൃഷിമേഖലയും വലിയ പ്രശ്നങ്ങൾ നേരിടുന്നു. ജലസ്രോതസ്സുകളുടെ മലിനീകരണവും അമിതമായ ഉപയോഗവുംമൂലം ശുദ്ധജല ലഭ്യത കുറയുകയാണ്. റബർ ഡാമുകൾ, ചെക്ക്ഡാമുകൾ തുടങ്ങിയ നൂതന നിയന്ത്രണ സംവിധാനങ്ങൾ പോലും ചിലപ്പോൾ പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നു. വർഷകാലത്ത് ലഭിക്കുന്ന ജലത്തെ സൂക്ഷിച്ചുവയ്ക്കാൻ വേണ്ടിയുള്ള മികച്ച സംഭരണ സംവിധാനങ്ങളുടെ അഭാവവും വലിയൊരു വെല്ലുവിളിയാണ്. നദീതടങ്ങൾ പ്രകൃതിദത്തമായ രീതിയിൽ സംരക്ഷിക്കപ്പെടാത്തത് ജലധാരകളുടെ സ്ഥിരതയെ ബാധിക്കുന്നു.

പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് മത്സരപരീക്ഷാ പരിശീലനം

6 (*217) ശ്രീ. പി. ടി. എ. റഹീം:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ വിഭാഗത്തിൽ നിന്നുള്ള എത്രപേർ കുടുംബശ്രീ മുഖേനയുള്ള മത്സരപരീക്ഷാ പരിശീലനം വഴി സർക്കാർ-അർധ സർക്കാർ മേഖലയിൽ ജോലി നേടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കുടുംബശ്രീ മുഖാന്തരം പട്ടികവർഗ ഉദ്യോഗാർഥികൾക്കായി നടത്തിയ മത്സരപരീക്ഷാ പരിശീലനത്തിലൂടെ ആകെ 164 ഉദ്യോഗാർഥികൾക്ക് സർക്കാർ-അർധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ലഭിച്ചിട്ടുണ്ട്.

(ബി) ഏതൊക്കെ തസ്തികകളിലാണ് നിയമനം നടന്നിട്ടുള്ളതെന്നും എത്രപേർ നിലവിൽ വിവിധ റാങ്ക് പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ?

ബീറ്റ് ഫോറസ്റ്റ് ഓഫീസർ, സിവിൽ പോലീസ് ഓഫീസർ, ടീച്ചർ, എൽ.ഡി. ക്ലാർക്ക്, ഓവർസീയർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, അറ്റൻഡർ, ടൈപ്പിസ്റ്റ്, ജയിൽ വാർഡൻ, കെ.എസ്.എഫ്.ഇ. ജൂനിയർ അസിസ്റ്റന്റ്, യൂണിവേഴ്സിറ്റി അസിസ്റ്റന്റ്, എൽ. ജി. എസ്., പി.ഡബ്ല്യു.ഡി. എഞ്ചിനീയർ, എൽ.ഐ.സി. ഓഫീസ് അസിസ്റ്റന്റ്, കോടതി അസിസ്റ്റന്റ്,

ഹോസ്പിറ്റൽ സർവന്റ്, അസിസ്റ്റന്റ് സെയിൽസ്മാൻ തുടങ്ങിയ തസ്തികകളിലേക്കാണ് നിയമനം ലഭിച്ചിട്ടുള്ളത്.

മത്സരപരീക്ഷാ പരിശീലനത്തിൽ പങ്കെടുത്ത 157 ഉദ്യോഗാർഥികൾ നിലവിൽ സർക്കാർ അർധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലേക്കുള്ള വിവിധ റാങ്ക് പട്ടികകളിൽ ഉൾപ്പെട്ടിട്ടുണ്ട്.

(സി) മത്സരപരീക്ഷകൾക്കായി എത്രപേർക്കാണ് വിദഗ്ധ പരിശീലനം നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ?

2017-18 വർഷം മുതൽ നാളിതുവരെ 1250 പേർക്ക് മത്സര പരീക്ഷകൾക്കായി വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്. നിലവിൽ മൂന്ന് പ്രദേശങ്ങളിൽ (അട്ടപ്പാടി, ആറളം ഫാം, ആലപ്പുഴ ജില്ല) മത്സര പരീക്ഷാ പരിശീലനം തുടരുന്നുണ്ട്.

(ഡി) ആദ്യഘട്ടത്തിൽ ഏത് യോഗ്യതയുള്ളവരെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

എസ്.എസ്.എൽ.സി, പ്രീഡിഗ്രി/പ്ലസ്ടു, ഡിഗ്രി യോഗ്യതയുള്ളവരെയാണ് ആദ്യഘട്ടത്തിൽ മത്സര പരീക്ഷ പരിശീലനത്തിൽ പങ്കെടുപ്പിച്ചിരുന്നത്.

അട്ടപ്പാടിയിലെ ഉന്നതികളിൽ ഇന്റർനെറ്റ് കണക്ഷൻ

7 (*218) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ഉന്നതികളിൽ മികച്ച ഇന്റർനെറ്റ് കണക്ഷനും മറ്റ് അനുബന്ധ സേവനങ്ങളും ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

അട്ടപ്പാടി മേഖലയിൽ ഇതുവരെ 193 നഗറുകളിലെ 395 വീടുകൾക്ക് കെ-ഫോൺ കണക്ഷനും 115 സൗജന്യ കണക്ഷനുകളും നൽകിയിട്ടുണ്ട്. നിലവിൽ ഇന്റർനെറ്റ് സൗകര്യമില്ലാത്ത വിദൂര മേഖലകളിലുള്ള 28 നഗറുകളിൽ ഇന്റർനെറ്റ് കണക്റ്റിവിറ്റി ബി.എസ്.എൻ.എൽ. മുഖാന്തരം ലഭ്യമാക്കുന്നതിന് ജോയിന്റ് വെരിഫിക്കേഷൻ നടന്നുവരികയാണ്. ആയതിൽ 4 പി.വി.റ്റി.ജി. നഗറുകളിൽ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ആദിവാസി മേഖലകളെ മുഴുവൻ ഡിജിറ്റൈസ് ചെയ്യാൻ ലക്ഷ്യമിട്ട് കെ-ഫോൺ നടത്തുന്ന കണക്ടിങ് ദ അൺ കണക്റ്റഡ് പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ആദിവാസി ഊരുകളിൽ കോർപ്പറേറ്റ് സി.എസ്.ആർ. ഫണ്ടിന്റെ സഹായത്തോടെ ഇന്റർനെറ്റ് കണക്റ്റിവിറ്റി നൽകുകയെന്നതാണ് കെ-ഫോൺ നടപ്പാക്കുന്ന "കണക്റ്റിങ് ദി അൺ കണക്റ്റഡ്" പദ്ധതിയുടെ ലക്ഷ്യം. കൂടുതൽ ആദിവാസി ഊരുകളിൽ കണക്ഷൻ വ്യാപിപ്പിക്കുന്നതിനായി സി.എസ്.ആർ. കോൺക്ലേവുകൾ വിളിച്ചുകൂട്ടാൻ പദ്ധതിയിട്ടുവരികയാണ്.

(സി) അട്ടപ്പാടിക്ക് പുറമെ ഏതൊക്കെ ജില്ലകളിൽ ഏതൊക്കെ ഊരുകളിൽ കെ-ഫോൺ സൗകര്യം ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

പാലക്കാട് ജില്ലയിലെ അട്ടപ്പാടി, തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ എന്നീ

ഊരുകളിൽ കെ-ഫോൺ കണക്ഷൻ ഉറപ്പുവരുത്തിയിട്ടുണ്ട്.

ജലേതര വരുമാനം വർധിപ്പിക്കാൻ പദ്ധതികൾ

8 (*219) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുടെ സാമ്പത്തിക ബാധ്യത ഉയരുന്ന സാഹചര്യത്തിൽ ജലവിതരണത്തിന് പുറമെയുള്ള മറ്റ് വരുമാന സാധ്യതകൾ പ്രയോജനപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ സാധ്യതകളാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയുടെ അടിസ്ഥാനസൗകര്യങ്ങളും ലഭ്യമായ മനുഷ്യവിഭവവും ഉപയോഗിച്ച് ജലേതര വരുമാനം വർധിപ്പിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് കൂടുതൽ പദ്ധതികൾ അതോറിറ്റി വിഭാവനം ചെയ്തുവരുന്നു.

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ഗസ്റ്റ് ഹൗസുകൾ വാടകയ്ക്ക് നൽകുക, അതോറിറ്റിയുടെ അധീനതയിലുള്ള സ്ഥലങ്ങൾ ഷൂട്ടിങ്/മാർക്കറ്റിങ് ആവശ്യങ്ങൾക്ക് നൽകുക, പാർക്കിങ് സൗകര്യങ്ങൾ അനുവദിക്കുക, ജലഭവനിലെ ഹാൾ, ട്രെയിനിങ് സെന്റർ എന്നിവ വാടകയ്ക്ക് നൽകുക, ട്രെയിനിങ് വിഭാഗംവഴി പരിശീലന പരിപാടികൾ നടത്തുക, അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ടൂറിസം സാധ്യതകൾ വികസിപ്പിക്കാനുള്ള പദ്ധതികൾ, അതോറിറ്റിയുടെ സ്ഥലങ്ങൾ, ആസ്തികൾ എന്നിവ വാണിജ്യ ആവശ്യങ്ങൾക്ക്

പാട്ടത്തിന് നൽകുക, വെല്ലിങ്ടൺ വാട്ടർ വർക്സും ഘടകങ്ങളും അതോറിറ്റി ഹെഡ് ഓഫീസ് പരിസരവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായി ആകർഷകമാക്കുന്നതിനുള്ള പദ്ധതിയായ വാട്ടർ മ്യൂസിയം തുടങ്ങിയവയാണ് നിലവിലെ ജലേതര വരുമാനമാർഗങ്ങൾ.

(ബി) ജലേതര വരുമാനം വർധിപ്പിക്കാൻ പൊതു-സ്വകാര്യ പങ്കാളിത്തം, ബി.ഒ.ടി. മാതൃകകളിൽ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ജലേതര വരുമാനം വർധിപ്പിക്കുന്നതിന് പൊതു-സ്വകാര്യ പങ്കാളിത്തം, ബി. ഒ. റ്റി. മാതൃകകളിൽ പദ്ധതികൾ നടപ്പാക്കുന്നതിന് ജല അതോറിറ്റിക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന

9 (*220) ശ്രീ. എം. നൗഷാദ്:
ശ്രീ. പി. നന്ദകുമാർ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പ്രത്യേകമായ സംവിധാനം ഒരുക്കിയിട്ടുണ്ടോ; ഇതിനായി പ്രത്യേക ലാബുകൾ സജ്ജീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് KWA-യുടെ കീഴിൽ ഒരു സ്റ്റേറ്റ് ലാബും 14 ജില്ലാ ലാബുകളും 71 സബ് ജില്ലാ ലാബുകളും നിലവിലുണ്ട്.

വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ ആക്ഷൻ പ്ലാൻ അനുസരിച്ച് എല്ലാ മാസവും അതത് ജില്ലകളിലെ വാട്ടർ അതോറിറ്റി സ്കീമുകൾ വഴി നൽകുന്ന ജലത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാരം ലാബിൽ പരിശോധിച്ച് വരുന്നുണ്ട്. ഭൗതിക, രാസ, ജൈവ വിഭാഗങ്ങളിലായി കുടിവെള്ളത്തിന്റെ നിറം, മണം, രുചി, അമ്ലത, ക്ഷാരത്വം, കലക്കൽ, പി.എച്ച് മൂല്യം, കാഠിന്യം, കാൽസ്യം, മഗ്നീഷ്യം, വൈദ്യുത ചാലകത, റ്റി.ഡി.എസ്., ഇരുമ്പ്, ഫ്ളൂറൈഡ്, നൈട്രേറ്റ്, സൾഫേറ്റ്, അവക്ഷിപ്ത ക്ലോറിൻ, ടോട്ടൽ കോളിഫോം ബാക്ടീരിയ, ഇ-കോളി ബാക്ടീരിയ, ഓയിൽ ആൻഡ് ഗ്രീസ് മുതലായ പരാമീറ്ററുകൾ പരിശോധിച്ചുവരുന്നു.

ഭൂജല ഗുണനിലവാരം പരിശോധിക്കുന്നതിനായി ഭൂജല വകുപ്പിനുകീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റീജിയണുകളിലായി മൂന്ന് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ലാബുകളിൽ വകുപ്പിന് സംസ്ഥാനത്തൊട്ടാകെയുള്ള നിരീക്ഷണക്കിണറുകളിലെ ഭൂജലവും ഗാർഹിക/വ്യാവസായിക/മറ്റ് സ്ഥാപനങ്ങൾ എന്നിവ മുഖേന ലഭ്യമാകുന്ന ഭൂജല സാമ്പിളുകളും പരിശോധിക്കുന്നതിനുള്ള സൗകര്യം സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് ജലഗുണനിലവാര പ്രശ്നങ്ങൾ കൂടുതലായി നിലനിൽക്കുന്ന 14 ബ്ലോക്കുകളിൽ വകുപ്പിന്റെ മൊബൈൽ ലബോറട്ടറിയുടെ സൗകര്യം പ്രയോജനപ്പെടുത്തി ആദ്യഘട്ട പരിശോധന പൂർത്തീകരിച്ച് ഡാറ്റാ വാലിഡേഷൻ പുരോഗമിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ജലഗുണനിലവാര പരിശോധനാ ലാബുകൾക്ക് എൻ.എ.ബി.എൽ.-ന്റെ അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ടോ; ഇതിന്റെ മാനദണ്ഡങ്ങൾ

എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

സ്റ്റേറ്റ് ലാബും 14 ജില്ലാ ലാബുകളും NABL Accreditation മാനദണ്ഡ പ്രകാരം പ്രവർത്തിക്കുന്നു. 71 സബ് ജില്ലാ ലാബുകൾ NABL Recognition മാനദണ്ഡപ്രകാരം പ്രവർത്തിക്കുന്നു. ISO/IEC 17025: 2017 Standard പ്രകാരം പ്രവർത്തിക്കുന്ന ലാബുകൾക്ക് NABL Audit നടത്തി അംഗീകാരം നൽകുന്നു. ISO/IEC 17025: 2017 Standard-ൽ പ്രതിപാദിച്ചിരിക്കുന്ന ലബോറട്ടറി സൗകര്യങ്ങളും ജല ഗുണനിലവാര ടെസ്റ്റുകൾ നടത്തുന്നതിനാവശ്യമായ അന്താരാഷ്ട്ര ഗുണനിലവാരമുള്ള രാസവസ്തുക്കളും ഉപകരണങ്ങളും കാര്യക്ഷമതയുള്ള ലബോറട്ടറി സ്റ്റാഫും അത്യന്താപേക്ഷിതമാണ്. ലബോറട്ടറി ഈ ടെസ്റ്റുകൾ നടത്തുന്നതിൽ അന്താരാഷ്ട്ര നിലവാരം പുലർത്തുന്നുണ്ടോയെന്നത് ഉറപ്പുവരുത്താൻ എല്ലാ വർഷവും അതിനായി നിയോഗിക്കപ്പെടുന്ന NABL ഓഡിറ്റേഴ്സ് ശിപാർശ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ accreditation നിലനിർത്തി പോരുന്നു.

ഭൂജല വകുപ്പിന്റെ എറണാകുളം റീജിയണിൽ അനലിറ്റിക്കൽ ലാബിന് NABL അക്രെഡിറ്റേഷൻ ലഭ്യമായിട്ടുണ്ട്. ISO/IEC 17025 മാനദണ്ഡമനുസരിച്ചാണ് വകുപ്പിന്റെ എറണാകുളം റീജിയണൽ അനലിറ്റിക്കൽ ലാബിന് NABL അക്രെഡിറ്റേഷൻ ലഭ്യമായത്.

(സി) ജലഗുണനിലവാര പരിശോധനയ്ക്കായി ജില്ലകളിൽ പ്രത്യേക സംവിധാനമുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ കുടിവെള്ള സ്രോതസ്സുകളിൽനിന്നും (കിണർ, കുളം, നദി) വാട്ടർ അതോറിറ്റിയുടെ കുടിവെള്ള വിതരണ ശൃംഖലകളിൽനിന്നും കൃത്യമായ ഇടവേളകളിൽ സാമ്പിൾ ശേഖരിച്ച് 14 ജില്ലാ ലാബുകളും 71 സബ് ജില്ലാ ലാബുകളും മുഖാന്തരം

കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്തിവരുന്നു. കൂടാതെ 5% റഫറൽ സാമ്പിളുകൾ എറണാകുളത്തുള്ള സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർ ക്വാളിറ്റിയിൽ ടെസ്റ്റ് ചെയ്യുന്നുണ്ട്. കേരള വാട്ടർ അതോറിറ്റി മുഖേന വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്താൻ ജില്ലാ, സബ് ജില്ലാ, സ്റ്റേറ്റ് ലാബുകളിലായി ഭൗതിക, രാസ, ജൈവ വിഭാഗങ്ങളിലായി കുടിവെള്ളത്തിന്റെ നിറം, മണം, രുചി, അമ്ലത, ക്ഷാരത്വം, കലക്കൽ, പി.എച്ച്. മൂല്യം, കാഠിന്യം, കാൽസ്യം, മഗ്നീഷ്യം, വൈദ്യുത ചാലകത, റ്റി.ഡി.എസ്., ഇരുമ്പ്, ഫ്ളൂറൈഡ്, നൈട്രേറ്റ്, സൾഫേറ്റ്, അവക്ഷിപ്ത ക്ലോറിൻ, ടോട്ടൽ കോളിഫോം ബാക്ടീരിയ, ഇ-കോളി ബാക്ടീരിയ, ഓയിൽ ആൻഡ് ഗ്രീസ് മുതലായ ഘടകങ്ങൾ പരിശോധിച്ചുവരുന്നു.

ഭൂജലവകുപ്പിനുകീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റീജിയണുകളിലായി മൂന്ന് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ലാബുകളിലായി 14 ജില്ലകളിലെയും ജല ഗുണനിലവാര പരിശോധനകൾ നടത്തിവരുന്നു.

(ഡി) കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്തുന്നതിനായി കുടുംബശ്രീ വനിതകൾക്ക് പ്രത്യേക പരിശീലനവും ഇതനുസരിച്ച് ടെസ്റ്റ് നടത്തുന്നതിനുള്ള പ്രവർത്തനവും നടത്തിവരുന്നുണ്ടോ; വിശദമാക്കുമോ?

ഫീൽഡ് ടെസ്റ്റ് കിറ്റുകൾ (FTK) ഉപയോഗിച്ച് കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്തുന്നതിനായി ഫീൽഡ് ടെസ്റ്റ് കിറ്റുകൾ വാങ്ങുന്നതിന് ജൽ ജീവൻ മിഷനിൽ 21-08-2020-ൽ 2.0 കോടി രൂപയുള്ള ഭരണാനുമതിയും 18-09-2021-ൽ 5.56 കോടി രൂപയുള്ള ഭരണാനുമതിയും ലഭിക്കുകയും 1.2705 കോടി രൂപയുള്ള ഫീൽഡ് ടെസ്റ്റ് കിറ്റുകൾ

വാങ്ങുകയും ചെയ്തിരുന്നു. ഫീൽഡ് ടെസ്റ്റുകൾ നടത്തുന്നതിന് കുടുംബശ്രീ ഡയറക്ടറുമായി കേരള വാട്ടർ അതോറിറ്റി MoU ഒപ്പുവയ്ക്കുകയും 5000 കുടുംബശ്രീ വനിതകൾക്ക് പരിശീലനം നൽകുകയും ചെയ്തിരുന്നു. പ്രസ്തുത MoU കാലാവധി 2022 ഓഗസ്റ്റ് മാസത്തിൽ അവസാനിച്ചു. അതേ നിരക്കിൽ തുടരാൻ കുടുംബശ്രീ വിസമ്മതിച്ചതിനെ തുടർന്ന് ഫീൽഡ് ടെസ്റ്റ് കിറ്റുകൾ ഉപയോഗിച്ചുള്ള ഗുണനിലവാര പരിശോധന തുടരാൻ സാധിച്ചില്ല.

ജലത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്താൻ നടപടി

10 (*221) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഞ്ഞപ്പിത്തം അടക്കമുള്ള ജലജന്യരോഗങ്ങൾ പടർന്നുപിടിക്കുന്നത് ഒഴിവാക്കാൻ ജലവിഭവ വകുപ്പ് നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ജലവിഭവ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്താൻ എന്തൊക്കെ ഗുണനിലവാര പരിശോധനകൾ നടത്തുന്നുണ്ടെന്ന് വിശദമാക്കുമോ;

(സി) മഞ്ഞപ്പിത്തം കൂടുതലായുള്ള പ്രദേശത്തെ കുടിവെള്ള സ്രോതസ്സുകളിൽ ജലവിഭവ വകുപ്പ് ആവശ്യമായ പരിശോധനകൾ നടത്തി പ്രതിരോധ പ്രവർത്തനങ്ങൾക്കായുള്ള ഇടപെടലുകൾ നടത്തുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികൾ വഴി വിതരണം ചെയ്യുന്ന കുടിവെള്ളം ജലശുദ്ധീകരണശാലകൾ വഴി വിവിധ ഘട്ടങ്ങളിലൂടെയുള്ള ശുദ്ധീകരണ പ്രക്രിയകളും ക്ലോറിനേഷനും നടത്തിയാണ് വിതരണം ചെയ്യുന്നത്. ജലസംഭരണികൾ നിശ്ചിത കാലയളവുകളിൽ കഴുകി വൃത്തിയാക്കിയും ജലസംഭരണികളിൽ മണ്ണ്, ചെളി എന്നിവ അടിഞ്ഞുകൂടിയിട്ടുണ്ടെങ്കിൽ അവ നീക്കം ചെയ്തും ജലശുദ്ധീകരണശാലകളിൽ ജലത്തിന്റെ ഗുണനിലവാരം സ്ഥിരമായി പരിശോധിച്ചും സാധാരണയായി നടത്തുന്ന ക്ലോറിനേഷൻ കൂടാതെ ആവശ്യമായ ഘട്ടങ്ങളിൽ സൂപ്പർ ക്ലോറിനേഷൻ നടത്തിയും ജലജന്യരോഗങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി നടപടികളെടുത്തുവരുന്നു. വിവിധ വിതരണസ്ഥലങ്ങളിൽനിന്ന് വെള്ളത്തിന്റെ സാമ്പിൾ ശേഖരിച്ച് വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി വിങ് ആയതിന്റെ ഗുണനിലവാരം ഉറപ്പുവരുത്താറുണ്ട്.

കേരള ജല അതോറിറ്റി മുഖേന വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തിവരുന്നു. കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്താനായി എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും പ്രവർത്തിച്ചുവരുന്നു.

പ്ലാന്റുകൾ, പമ്പിങ് സ്റ്റേഷനുകൾ, വിതരണ ശൃംഖലയുടെ വിവിധ പോയിന്റുകൾ എന്നിവയിൽനിന്നും നിശ്ചിത ഇടവേളകളിൽ ജലസാമ്പിളുകൾ ശേഖരിച്ച് ഈ ലാബുകളിൽ പരിശോധിക്കുകയും പരിശോധനാഫലം വേണ്ട നിർദേശങ്ങളോടെ തുടർനടപടികൾക്കായി ബന്ധപ്പെട്ട വിതരണ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്യുന്നു.

സംസ്ഥാനത്തെ കേരള ജലഅതോറിറ്റിയുടെ ജലസ്രോതസ്സുകളായ പ്രധാന നദികളിലെ വാട്ടർ സപ്ലൈ സ്കീമുകളുടെ ഇൻടേക്ക് പോയിന്റിനടുത്തുള്ള 121-ഓളം സാംപ്ലിങ് പോയിന്റുകളിൽനിന്നും മാസംതോറും ജലം ശേഖരിച്ച് 14 ജില്ലകളിലെയും ജില്ലാ ലാബുകളിൽ ഇവയിലെ ഭൗതിക, രാസ, ജൈവിക പരിശോധനകൾ നടത്തിവരുന്നുണ്ട്.

ജലനിധിയുടെ പദ്ധതികളിലെ കുടിവെള്ളം കാലാകാലങ്ങളിൽ സംസ്ഥാനത്തെ നിലവിലുള്ള അക്രെഡിറ്റഡ് ഗുണനിലവാര പരിശോധനാ ലാബുകളിൽ കൊടുത്ത് പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കി മാത്രമേ വിതരണം ചെയ്യാവൂയെന്ന് ബോധവൽകരണം നടത്തിയിട്ടുണ്ട്.

ഭൂജല വകുപ്പ് മുഖേന നടപ്പാക്കിവരുന്ന ഭൂജലാധിഷ്ഠിത ചെറുകിട കുടിവെള്ള വിതരണ പദ്ധതികളുടെ ഭൂജലത്തിന്റെ ഗുണനിലവാരം 3 റീജിയണൽ ലാബുകൾ മുഖേന ഉറപ്പുവരുത്തി ഉപഭോക്തൃ സമിതികൾക്ക് കൈമാറി വരുന്നു. ജലഗുണനിലവാര ശോഷണമുള്ള പദ്ധതികളിൽ ജലശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിച്ച് കുടിവെള്ളത്തിന്റെ ഗുണനിലവാരം BIS സ്റ്റാൻഡേർഡിന്റെ പരിധിക്കുള്ളിൽ ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ ഗാർഹിക, വ്യാവസായിക, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും ലഭ്യമാകുന്ന ഭൂജല സാമ്പിളുകളിൽ പരിശോധന നടത്തി ലാബുകൾ മുഖേന റിപ്പോർട്ട് നൽകിവരുന്നു.

സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം

11(*222) ശ്രീ. കെ. വി. സുമേഷ്:
ശ്രീ. വി. ജോയി:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം,

കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദു റഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. കേരള സർക്കാരിന് കീഴിലുള്ള കായിക സ്ഥാപനങ്ങളിൽ ഒന്നായ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, 2000-ലെ കേരള സ്പോർട്സ് ആക്ട് പ്രകാരം രൂപീകൃതമായിട്ടുള്ള ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയാണ്. സംസ്ഥാനത്ത് സ്പോർട്സ് പ്രോൽസാഹിപ്പിക്കുന്നതിനും കായികക്ഷമത വർധിപ്പിക്കുന്നതിനും എല്ലാവർക്കും ആരോഗ്യം എന്ന ആശയം പ്രചരിപ്പിക്കുന്നതിനും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പഞ്ചായത്തുതലത്തിലും സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിനും 2000-ലെ കേരള സ്പോർട്സ് ആക്ടിൽ വിഭാവനം ചെയ്തിട്ടുണ്ട്. 2000-ലെ കേരള സ്പോർട്സ് ആക്ട് പ്രകാരം സംസ്ഥാന സ്പോർട്സ് കൗൺസിലും 14 ജില്ലാ സ്പോർട്സ് കൗൺസിലുകളും നിലവിൽ വരികയുണ്ടായി. നിലവിൽ തദ്ദേശസ്വയംഭരണ തലത്തിലുള്ള ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ/കോളേജ് സ്പോർട്സ് അക്കാഡമികൾ, ഗ്രാമീണ പരിശീലന കേന്ദ്രങ്ങൾ, കായിക പരിശീലന കേന്ദ്രങ്ങൾ, ഡേ ബോർഡിങ് സെന്ററുകൾ എന്നിവയുൾപ്പെടെ വിവിധ കായിക അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്തുവരുന്നു.

കായിക പ്രതിഭകളെ വളർത്തുന്നതിനും ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിനുമായി മികച്ച കായിക താരങ്ങളെ തിരഞ്ഞെടുത്ത് അവർക്ക് വിദഗ്ധ പരിശീലനം നൽകുന്നത് ലക്ഷ്യമാക്കി വിവിധ കായിക ഇനങ്ങളിലായി നിലവിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിൽ 28 ജില്ലാ സ്പോർട്സ് അക്കാഡമികളും 40 കോളേജ് സ്പോർട്സ് അക്കാഡമികളും 13 സ്കൂൾ സ്പോർട്സ് അക്കാഡമികളും പ്രവർത്തിച്ചുവരുന്നു. ഹോസ്റ്റലിലെ കായിക താരങ്ങൾക്ക് ബോർഡിങ് ആൻഡ് ലോഡ്ജിങ് ചാർജായി പ്രതിദിനം 250/- രൂപ അനുവദിച്ചുവരുന്നു. കൂടാതെ, ഇവരുടെ ചികിത്സാചെലവുകൾ, മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള യാത്രാബത്ത, ദിനബത്ത എന്നിവയും കൗൺസിൽ വഹിക്കുന്നു. കൗൺസിലിന്റെ വിദഗ്ധ പരിശീലകരുടെ നേതൃത്വത്തിൽ ഇവർക്ക് പരിശീലനം നൽകിവരുന്നു. പ്രസ്തുത ഹോസ്റ്റലുകളിലെ പരിശീലനത്തിനാവശ്യമായ കായിക ഉപകരണങ്ങൾ, സ്പോർട്സ് കിറ്റ് എന്നിവയും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നൽകിവരുന്നു.

കൂടാതെ, സർക്കാരിന് കീഴിലുള്ള വിവിധ വകുപ്പുകളുടെ സഹകരണത്തോടെ കുട്ടികളിലും വിദ്യാർഥികളിലും മറ്റും കായികക്ഷമതയുടെ കുറവ് അനുഭവപ്പെടുന്ന യാഥാർഥ്യം ഉൾക്കൊണ്ട് സംസ്ഥാനത്തെ വിദ്യാർഥികളുടെ കായികക്ഷമത വർധിപ്പിക്കുന്നതിനും കായിക സാക്ഷരതയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുമായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ വിഭാവനം ചെയ്ത പദ്ധതിയാണ് കേരള കായികക്ഷമതാ മിഷൻ. വിദ്യാഭ്യാസ വകുപ്പും ആരോഗ്യ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും മറ്റിതര വകുപ്പുകളും സംയുക്തമായി ഇതുസംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചുവരുന്നു. 5 വിഭാഗങ്ങളിലായി സംസ്ഥാനത്തെ

മുഴുവൻ ജനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടാണ് ടി പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. നഴ്സറിതലം മുതൽ 5 വയസ്സ് വരെയും 6 വയസ്സ് മുതൽ 17 വയസ്സ് വരെയും 17 വയസ്സ് മുതൽ 59 വയസ്സ് വരെയും പ്രായമായവർക്കും ഭിന്നശേഷിക്കാർക്കും എന്നിങ്ങനെയുള്ള 4 ഏജ് ഗ്രൂപ്പുകളിലായാണ് കായികക്ഷമതാ മിഷൻ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

സംസ്ഥാന കായിക സംഘടനകൾക്ക് അംഗീകാരം നൽകുന്നത് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലാണ്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള സംസ്ഥാന കായിക സംഘടനകൾ സംഘടിപ്പിക്കുന്ന ചാമ്പ്യൻഷിപ്പുകൾക്കും കോച്ചിങ് ക്യാമ്പ് സംഘടിപ്പിക്കുന്നതിനും അംഗീകാരമുള്ള സംസ്ഥാന അസോസിയേഷനെ പ്രതിനിധീകരിച്ച് ദേശീയമത്സരങ്ങളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് യാത്രാബത്ത, ദിനബത്ത, സ്പോർട്സ് കിറ്റ്, മെഡിക്കൽ സഹായം എന്നിവയും കൗൺസിൽ നൽകിവരുന്നു. ദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കുന്ന കായികതാരങ്ങൾക്ക് ക്യാഷ് അവാർഡും നൽകിവരുന്നു.

(ബി) സംസ്ഥാന സ്പോർട്സ് കൗൺസിലിന് കീഴിൽ എത്ര സ്പോർട്സ് അക്കാദമികൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; അവയുടെ പ്രവർത്തനം വിശദമാക്കാമോ?

സ്പോർട്സ് കൗൺസിലിന് കീഴിൽ 28 ജില്ലാ സ്പോർട്സ് അക്കാഡമികളും 40 കോളേജ് സ്പോർട്സ് അക്കാഡമികളും 13 സ്കൂൾ സ്പോർട്സ് അക്കാഡമികളും പ്രവർത്തിച്ചുവരുന്നു. കായിക പ്രതിഭകളെ വളർത്തുന്നതിനും ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിനുമായി മികച്ച കായിക താരങ്ങളെ തിരഞ്ഞെടുത്ത് അവർക്ക് വിദഗ്ധ പരിശീലനം നൽകുന്നത് ലക്ഷ്യമാക്കിയാണ് വിവിധ കായിക

ഇനങ്ങളിലായി സ്പോർട്സ് അക്കാഡമികൾ പ്രവർത്തിച്ചുവരുന്നത്. സ്പോർട്സ് അക്കാഡമികളിലെ കായികതാരങ്ങൾക്ക് ബോർഡിങ് ആൻഡ് ലോഡ്ജിങ് ചാർജായി പ്രതിദിനം 250/- രൂപ അനുവദിച്ചുവരുന്നു. കൂടാതെ, ഇവരുടെ ചികിത്സാച്ചെലവുകൾ, മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള യാത്രാബത്ത, ദിനബത്ത എന്നിവയും കൗൺസിൽ വഹിക്കുന്നു. കൗൺസിലിന്റെ വിദഗ്ധ പരിശീലകരുടെ നേതൃത്വത്തിൽ ഇവർക്ക് പരിശീലനം നൽകിവരുന്നു. പ്രസ്തുത ഹോസ്റ്റലുകളിലെ പരിശീലനത്തിനാവശ്യമായ കായിക ഉപകരണങ്ങൾ, സ്പോർട്സ് കിറ്റ് എന്നിവയും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നൽകിവരുന്നു.

(സി) സംസ്ഥാന സ്പോർട്സ് കൗൺസിൽ നൽകുന്ന വിവിധ കായിക അവാർഡുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പരമോന്നത ബഹുമതിയായ ജി.വി. രാജാ അവാർഡ്, സുരേഷ്ബാബു മെമ്മോറിയൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, മികച്ച കായിക പരിശീലകനുള്ള അവാർഡ്, മികച്ച കായിക അധ്യാപക അവാർഡ്, മികച്ച കായിക നേട്ടം കൈവരിച്ച സ്കൂൾ, മികച്ച കായിക നേട്ടം കൈവരിച്ച കോളേജ്, മാധ്യമ അവാർഡുകൾ, കോളേജ്/സ്കൂൾ/സെൻടലൈസ്ഡ് സ്പോർട്സ് അക്കാദമി വിഭാഗത്തിൽ ഏറ്റവും മികച്ച കായിക നേട്ടങ്ങൾ കൈവരിച്ച പുരുഷ, വനിത കായിക താരങ്ങൾക്കുള്ള അവാർഡുകൾ എന്നിവ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ നൽകിവരുന്നു.

ജി. വി. രാജ അവാർഡ്

ദേശീയ/അന്തർദേശീയ കായികരംഗത്ത് കേരളത്തെ പ്രതിനിധാനം ചെയ്ത് മികച്ച പ്രകടനം കാഴ്ചവച്ച കേരളീയരായ കായിക താരങ്ങളെയാണ് കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പരമോന്നത ബഹുമതിയായ ജി.വി. രാജ അവാർഡിനായി പരിഗണിക്കുന്നത്. 4 സാമ്പത്തിക വർഷ കാലയളവിൽ ഒളിമ്പിക്സ്, അംഗീകൃത വേൾഡ് ചാമ്പ്യൻഷിപ്പുകൾ (സീനിയർ), കോമൺവെൽത്ത് ഗെയിംസ് തുടങ്ങി അംഗീകൃത അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് മെഡൽ കരസ്ഥമാക്കിയവരായിരിക്കണം.

സുരേഷ്ബാബു മെമ്മോറിയൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്

കേരള കായികരംഗത്തിന് സമഗ്രസംഭാവനകൾ നൽകിയ ഒരു വ്യക്തിക്ക് ആജീവനാന്ത കായിക നേട്ടങ്ങൾ പരിഗണിച്ച് നൽകുന്ന അവാർഡാണ് സുരേഷ്ബാബു മെമ്മോറിയൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്.

മികച്ച കായിക പരിശീലകനുള്ള അവാർഡ്

കായിക രംഗത്തെ പരിശീലന മികവിന്റെ അടിസ്ഥാനത്തിലാണ് മികച്ച കായിക പരിശീലകനുള്ള അവാർഡിനായി തിരഞ്ഞെടുക്കുന്നത്. കേരളത്തിൽ സേവനം അനുഷ്ഠിക്കുകയും കേരളത്തിലെ കായികതാരങ്ങൾക്ക് പരിശീലനം നൽകുന്നവരെയുമാണ് ഈ അവാർഡിന് പരിഗണിക്കുന്നത്.

മികച്ച കായിക അധ്യാപക അവാർഡ്

കായിക രംഗത്ത് മികച്ച പ്രകടനം കാഴ്ചവച്ച സ്കൂൾ/കോളേജുകളിലെ കായിക അധ്യാപകരുടെ കായിക നേട്ടത്തിന്റെയും പരിശീലന മികവിന്റെയും അടിസ്ഥാനത്തിൽ മികച്ച കായിക അധ്യാപക അവാർഡ് നൽകിവരുന്നു.

മികച്ച കായികനേട്ടം കൈവരിച്ച സ്കൂൾ/കോളേജ്

മികച്ച കായികനേട്ടം കൈവരിച്ച സ്കൂളിനും കോളേജിനും അവാർഡ് നൽകിവരുന്നു.

മാധ്യമ അവാർഡുകൾ

മികച്ച സ്പോർട്സ് ജേർണലിസ്റ്റ്, മികച്ച സ്പോർട്സ് ഫോട്ടോഗ്രാഫർ, മികച്ച കായിക ദൃശ്യമാധ്യമം, മികച്ച സ്പോർട്സ് പുസ്തകം എന്നീ വിഭാഗങ്ങളിലായി അവാർഡുകൾ നൽകിവരുന്നു.

കോളേജ്/സ്കൂൾ സ്പോർട്സ് അക്കാഡമി (സ്പോർട്സ് ഹോസ്റ്റൽ) വിഭാഗത്തിൽ ഏറ്റവും മികച്ച കായിക നേട്ടങ്ങൾ കൈവരിച്ച പുരുഷ/വനിത കായികതാരങ്ങൾക്കുള്ള അവാർഡും നൽകിവരുന്നു.

(ഡി) സംസ്ഥാനത്ത് വനിതാ ഫുട്ബോൾ വികസനത്തിന് ഏതൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; വനിതാ ഫുട്ബോൾ അക്കാദമിയുടെ പ്രവർത്തനം വിശദമാക്കാമോ?

സംസ്ഥാനത്ത് വനിതാ ഫുട്ബോൾ കളി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനുകീഴിൽ എറണാകുളം ജില്ലയിലെ പനമ്പിള്ളി നഗറിൽ വനിത ഫുട്ബോൾ അക്കാഡമി ആരംഭിക്കുകയും പ്രസ്തുത അക്കാഡമിയിൽ പുതിയൊരു ഫുട്ബോൾ പരിശീലകയെ കരാറടിസ്ഥാനത്തിൽ നിയമിച്ച് അക്കാഡമി പ്രവർത്തനം ആരംഭിച്ചിട്ടുമുണ്ട്. അണ്ടർ 14 വിഭാഗത്തിൽ ഉൾപ്പെടുന്ന വനിതാ കായികതാരങ്ങളെ സെലക്ഷൻ ട്രയൽസ് നടത്തിയാണ് തിരഞ്ഞെടുക്കുന്നത്. നിലവിൽ 15 കായിക താരങ്ങൾ ടി അക്കാഡമിയിൽ പരിശീലനം നടത്തിവരുന്നു.

ജലസേചന പദ്ധതികളുടെ സെൻസസ്

12(*223) ശ്രീ. പി. നന്ദകുമാർ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസേചന സാധ്യതകൾ വർധിപ്പിക്കുന്നതിൽ ചെറുകിട ജലസേചന പദ്ധതികളുടെ പ്രാധാന്യമെന്താണെന്ന് വ്യക്തമാക്കാമോ?

ജലസേചന പദ്ധതികളെ സാധാരണയായി അവയുടെ കൃഷിയോഗ്യമായ കമാൻഡ് ഏരിയ അടിസ്ഥാനമാക്കി മേജർ, മീഡിയം, മൈനർ എന്നിങ്ങനെ തരംതിരിക്കുന്നു. ചെറുകിട ജലസേചന പദ്ധതികൾ (ടാങ്കുകൾ, ചെക്ക് ഡാമുകൾ, ലിഫ്റ്റ് ഇറിഗേഷൻ എന്നിവ) സാധാരണയായി 2,000 ഹെക്ടറിൽ താഴെ ജലസേചനം ഉറപ്പാക്കുന്നതിനാണ് നടപ്പാക്കുന്നത്. സംസ്ഥാനത്തെ ജലലഭ്യത കുറവുള്ള സ്ഥലങ്ങളിൽ വിവിധയിനം

കൃഷികൾക്ക് ജലസേചന സൗകര്യം ഒരുക്കുന്നത് പ്രധാനമായും ചെറുകിട ജലസേചന പദ്ധതികൾ മുഖാന്തരമാണ്. വൻകിട ജലസേചന പദ്ധതികൾ വഴി സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും ജലസേചനമെത്തിക്കാൻ സാധിക്കുകയില്ല. ചെറുകിട ജലസേചന പദ്ധതികൾ എല്ലാ പ്രദേശങ്ങളിലും നടപ്പാക്കാനും പ്രാദേശികതലത്തിലെ ആവശ്യങ്ങൾക്കനുസരിച്ച് ആസൂത്രണം ചെയ്യാനും വളരെ ചെലവ് കുറഞ്ഞ രീതിയിൽ ആവിഷ്കരിക്കാനും വളരെ വേഗത്തിൽ നടപ്പാക്കുന്നതുമൂലം കർഷകർക്ക് വേഗത്തിൽ ഗുണഫലം ലഭിക്കുകയും ചെയ്യുന്നു. ചെറുകിട ജലസേചന പദ്ധതികളുടെ വാർഷിക പരിപാലനത്തിന് വിദഗ്ധ തൊഴിലാളികളുടെ ആവശ്യം വരുന്നില്ല എന്നതും ഇവയുടെ ഒരു മേന്മയാണ്. എല്ലാ പുഴകളിലും തോടുകളിലും വേനൽക്കാലത്ത് ജലക്ഷാമം അനുഭവപ്പെടുന്നതുകൊണ്ടുതന്നെ ചെറിയ പുഴകളും തോടുകളും ഉപയോഗപ്പെടുത്തി നിർമ്മിക്കുന്ന ജലസേചന പദ്ധതികളാണ് ജലക്ഷാമം പരിഹരിക്കുന്നതിന് ഉപയുക്തമാകുന്നത്. ചെറുകിട ജലസേചന പദ്ധതികൾ വഴി, കാർഷികാവശ്യങ്ങൾക്ക് ജലലഭ്യത ഉറപ്പാക്കുന്നതിനും വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും വേനൽക്കാലത്തെ വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനായി അരുവികൾ, പുഴകൾ എന്നിവയുടെ സംഭരണശേഷി വർധിപ്പിക്കുന്നതിനും ഭൂഗർഭ ജലവിതാനം വർധിപ്പിക്കുന്നതിനും സഹായകമാകുന്നു.

(ബി) വൻകിട, ഇടത്തരം ജലസേചന പദ്ധതികളുടെ പ്രാഥമിക സെൻസസ് പൂർത്തിയാക്കിയിട്ടുണ്ടോ; ഈ സെൻസസിന്റെ ലക്ഷ്യം വിശദമാക്കാമോ?

വൻകിട, ഇടത്തരം ജലസേചന പദ്ധതികളുടെ സെൻസസ് കേരളത്തിൽ പൂർത്തിയായിട്ടില്ല. 2025 ജനുവരി മാസം മുതൽ കേരളത്തിൽ സെൻസസ് പ്രവർത്തനങ്ങൾ

നടന്നുവരുന്നു. ജലസേചന പദ്ധതികളുടെ ഫലപ്രദമായ ആസൂത്രണം, നയരൂപീകരണം, മാനേജ്മെന്റ് എന്നിവയ്ക്കായി സമഗ്രവും വിശ്വസനീയവുമായ ഒരു ദേശീയതല ജലസേചന പദ്ധതിയുടെ ഡാറ്റാ ബേസ് വികസിപ്പിക്കുക എന്നതാണ് മേജർ-മീഡിയം ഇറിഗേഷൻ സെൻസസിന്റെ ലക്ഷ്യം.

(സി) പ്രസ്തുത സെൻസസിൽ എന്തൊക്കെ വിവരങ്ങളാണ് ശേഖരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ചുവടെ ചേർത്തിരിക്കുന്ന വിവരങ്ങളാണ് വൻകിട, ഇടത്തരം ജലസേചന പദ്ധതികളുടെ സെൻസസിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1) പദ്ധതിയുടെ പേര്

2) പദ്ധതി സ്ഥിതി ചെയ്യുന്ന സംസ്ഥാനം

3) a) പദ്ധതിയുടെ ഗുണം ലഭിക്കുന്ന ജില്ലകളുടെ എണ്ണം

b) പദ്ധതിയുടെ ഗുണം ലഭിക്കുന്ന ജില്ലകളുടെ പേര്

4) ഉൾക്കൊള്ളുന്ന നദീതടത്തിന്റെ പേര്

5) പദ്ധതിയുടെ സ്വഭാവം (വൻകിട/ഇടത്തരം/മൈനർ)

6) പദ്ധതിയുടെ ആകെ ആയക്കെട്ട് (ഗ്രോസ് കമാൻഡ് ഏരിയ)

7) പദ്ധതിയിലൂടെ കൃഷിക്ക് ഉപയോഗിക്കുന്ന ആകെ ആയക്കെട്ട് (കൾട്ടിവബിൾ കമാൻഡ് ഏരിയ)

8) പദ്ധതി ഏത് വിഭാഗത്തിൽ ഉൾപ്പെടുന്നു

9) അന്തർസംസ്ഥാന പദ്ധതി ആണോ? ആണെങ്കിൽ മറ്റ് സംസ്ഥാനങ്ങളുടെ പേരുകൾ?

10) നദീതടം മാറി വരുന്നുണ്ടോ? (ഇന്റർബെയിസിൻ ട്രാൻസ്ഫർ) ഉണ്ടെങ്കിൽ നദീതടങ്ങളുടെ പേരുകൾ?

11) പദ്ധതി ഏത് വിഭാഗത്തിൽ (Storage/weir/Diversion)?

12) പദ്ധതി ആരുടെ (അധീനതയിലാണ്) ഉടമസ്ഥതയിലാണ്?

13) പൈപ്പുപയോഗിച്ചുള്ള ഇറിഗേഷൻ നടത്തുന്ന ആയക്കെട്ട്

14) പരമാവധി ഇറിഗേഷൻ ഉപയോഗപ്പെടുത്തുന്ന ആയക്കെട്ട് (അൾട്ടിമേറ്റ് ഇറിഗേഷൻ പൊട്ടൻഷ്യൽ) ഹെക്ടറിൽ

15) ഓരോ സീസണിലും ഉണ്ടാകുന്ന ഇറിഗേഷൻ പൊട്ടൻഷ്യൽ, ഹെക്ടറിൽ

16) ഓരോ സീസണിലും ഉപയോഗിക്കുന്ന ഇറിഗേഷൻ പൊട്ടൻഷ്യൽ, ഹെക്ടറിൽ

17) ആയക്കെട്ട് ഏരിയയിൽ നിലവിലുള്ള വിളകളുടെ വിവരങ്ങൾ, ഹെക്ടറിൽ

18) ആനുകൂല്യം ലഭിച്ച വില്ലേജുകളുടെ വിവരം

19) ആനുകൂല്യം ലഭിക്കുന്ന ജനങ്ങളുടെ വിവരം, എണ്ണം

പുരുഷൻ, സ്ത്രീ, ട്രാൻസ്ജെൻഡർ, പട്ടികജാതി, പട്ടികവർഗം, പൊതുവിഭാഗം മുതലായവ

20) ആയക്കെട്ട് ഉൾപ്പെടുന്ന പ്രദേശം, വരൾച്ചാബാധിതം, മരുഭൂമിയാകാൻ സാധ്യതയുള്ളത് എന്നിങ്ങനെയുള്ള വിഭാഗങ്ങളിൽ ഉൾപ്പെടുന്ന ഏരിയകളുടെ വിവരം ഹെക്ടറിൽ

21) പദ്ധതി അനുമതി സംബന്ധിച്ച് (അപ്രൂവൽ സ്റ്റാറ്റസ്)

22) പരിസ്ഥിതി/വനം/ആദിവാസി/NBWL അനുമതി സംബന്ധിച്ച്

23) പദ്ധതിയുടെ നിലവിലെ സ്ഥിതി (പൂർത്തീകരിച്ചോ/ഭാഗികം) പദ്ധതിയുടെ ചെലവും നിർമ്മാണ പുരോഗതിയും

24) പദ്ധതിയുടെ രൂപകല്പനാവിവരങ്ങൾ, ഡാമിന്റെ തരം, ഡാമിന്റെ നിർമ്മാണം, ഡാമിന്റെ ലക്ഷ്യങ്ങൾ, സ്റ്റോറേജ് കപ്പാസിറ്റി, ഉയരം തുടങ്ങിയവ

25) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടോ/ലിഫ്റ്റ് ഇറിഗേഷൻ ഘടകമായുള്ള പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടോ ആയത് സംബന്ധിച്ച വിവരങ്ങൾ

26) വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ജലത്തിന്റെ അളവുകൾ (MCM) പദ്ധതി വിഭാവനം ചെയ്തതും നിലവിലുള്ളതും

27) ERM-ലൂടെ പദ്ധതിയുടെ വ്യാപ്തി വർധിപ്പിച്ചിട്ടുണ്ടോ എന്ന വിവരങ്ങൾ

28) മറ്റുള്ള ഏതെങ്കിലും പദ്ധതിയുടെ ആയക്കെട്ട് കടന്ന് വരുന്നുണ്ടോ എന്ന വിവരങ്ങൾ

29) നടപ്പുവർഷത്തിൽ, അറ്റകുറ്റപ്പണികൾക്കായുള്ള തുക.

30) വിശദമായ പദ്ധതി രേഖയിൽ ഉൾപ്പെടുത്തിയിരുന്ന ഇറിഗേഷൻ രീതി

31) മൈക്രോ ഇറിഗേഷൻ/സ്പ്രിംഗ്ലർ ഇറിഗേഷനിൽ കൂടി ഇറിഗേഷൻ നടപ്പാക്കുന്ന ഏരിയ ഹെക്ടറിൽ

32) കമാൻഡ് ഏരിയ ഡെവലപ്മെന്റ് (CAD) നടപ്പാക്കിയിട്ടുണ്ടോ, ഉണ്ടെങ്കിൽ അതുസംബന്ധിച്ച വിവരങ്ങൾ

33) വാട്ടർ യൂസേഴ്സ് അസോസിയേഷൻ രൂപീകരിച്ചിട്ടുണ്ടോയെന്ന വിവരം

34) GIS ബെയ്സ്ഡ് ഇൻഡക്സ് മാപ്പ് ഉൾപ്പെടുത്തണം

35) പ്രോജക്ടിന്റെ ഫോട്ടോഗ്രാഫ് ഉൾപ്പെടുത്തണം

സ്വാഭാവിക വനവൽക്കരണ പദ്ധതി

13 (*224) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാഭാവിക വനവൽക്കരണത്തിന്റെ ഭാഗമായി അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് തുടങ്ങിയ മരങ്ങൾ നീക്കം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിന് ഒരു നയരേഖ അംഗീകരിച്ചുകൊണ്ട് 17-12-2021-ലെ സ.ഉ. (കൈ) നം.29/2021/വനം. പ്രകാരം

ഉത്തരവായിട്ടുണ്ട്. ഇതുപ്രകാരം പരിസ്ഥിതിക്കും ആവാസവ്യവസ്ഥയ്ക്കും ദോഷകരമായതും കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് തുടങ്ങിയ വിദേശ വൃക്ഷങ്ങളും അവയടങ്ങിയ ഏകവിള തോട്ടങ്ങളും ഘട്ടംഘട്ടമായി നീക്കം ചെയ്ത് സ്വാഭാവിക വനമായി പുനഃസ്ഥാപനം നടത്താൻ വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) ഇവയ്ക്കപകരം തദ്ദേശീയ മരങ്ങൾ വച്ചുപിടിപ്പിക്കുന്നത് വന്യജീവി ശല്യത്തിന് പരിഹാരമാകുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

പരിസ്ഥിതിക്കും ആവാസവ്യവസ്ഥയ്ക്കും ദോഷകരമായ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, സെന്ന തുടങ്ങിയ മരങ്ങളുടെ കടന്നുകയറ്റം സ്വാഭാവിക വനങ്ങളുടെ ശോഷണത്തിന് കാരണമായി തീർന്നിട്ടുണ്ട്. വന്യജീവികളുടെ ആവാസവ്യവസ്ഥയ്ക്ക് ശോഷണം സംഭവിക്കുന്നതുമൂലം ജനവാസ മേഖലകളെയും കൃഷിയിടങ്ങളെയും ഭക്ഷണ ആവശ്യങ്ങൾക്കായി ആശ്രയിക്കാൻ ചിലയിടങ്ങളിൽ വന്യമൃഗങ്ങൾ പ്രേരിതരാകുകയും മനുഷ്യ-വന്യജീവി സംഘർഷങ്ങൾക്ക് ഒരു കാരണമാകുകയും ചെയ്യുന്നതായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. വന്യജീവികൾക്ക് മികച്ച ആവാസവ്യവസ്ഥ, ഭക്ഷ്യസുരക്ഷ തുടങ്ങിയവ ഉറപ്പുവരുത്തുന്നതിനായി അനുയോജ്യമായ തദ്ദേശീയ സസ്യങ്ങൾ തിരഞ്ഞെടുക്കുക വഴി മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഒഴിവാക്കുന്നതിന് ഒരു പരിധിവരെ പരിഹാരമാകുമെന്ന് കരുതുന്നു.

(സി) സ്വാഭാവിക വനവൽക്കരണ പദ്ധതി സംസ്ഥാനത്തിന്റെ ഏതെല്ലാം ഭാഗങ്ങളിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനം മുഴുവനും പ്രത്യേകിച്ച് പശ്ചിമഘട്ട മേഖലയിൽ വനം വകുപ്പിന്റെ

അധീനതയിലുള്ളതും പരിസ്ഥിതിക്കും ആവാസവ്യവസ്ഥയ്ക്കും ദോഷകരമായതും കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ, സെന്ന തുടങ്ങിയ അധിനിവേശ സസ്യങ്ങളും വിദേശ ഏകവിള തോട്ടങ്ങളും ഉള്ള ഭാഗങ്ങളിൽ സ്വാഭാവിക വനവൽക്കരണ പദ്ധതി നടപ്പാക്കി വരുന്നു.

ജൽ ജീവൻ മിഷനുവേണ്ടി കടമെടുക്കുന്നതിന് അനുമതി

14 (*225) ശ്രീ. ചാണ്ടി ഉമ്മൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷന്റെ നടത്തിപ്പിനായി കടമെടുക്കുന്നതിന് ജല അതോറിറ്റിക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയാണ് കടമെടുക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

15-09-2025-ലെ G.O.(Ms)No.67/2025/WRD പ്രകാരം ജൽ ജീവൻ മിഷന്റെ നടത്തിപ്പിനായി കേരള വാട്ടർ അതോറിറ്റിക്ക് തത്വത്തിൽ 9,000 കോടി രൂപ കടമെടുക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്. അതിൽ 5,000 കോടി രൂപ ആദ്യ ഗഡു ആയി എടുക്കാനുള്ള അനുമതിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

(ബി) ഏത് ഏജൻസിയിൽ നിന്നാണ് കടമെടുക്കാൻ ഉദ്ദേശിക്കുന്നതെന്നും വായ്പയ്ക്ക് സർക്കാർ ഗ്യാരന്റി നൽകുന്നുണ്ടോയെന്നും അറിയിക്കുമോ?

നബാർഡിൽനിന്നും കടമെടുക്കാനാണ് അനുമതി നൽകിയിരിക്കുന്നത്.

15-09-2025-ലെ G.O.(Ms)No.67/2025/WRD ഉത്തരവിലെയും 16-10-2004-ലെ G.O.(Ms) No. 487/04/Fin ഉത്തരവിലെയും സർക്കാർ ഗ്യാരന്റിയുടെ സാധാരണ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായിട്ടാണ് അനുമതി ലഭ്യമാക്കിയിട്ടുള്ളത്. കൂടാതെ, കേരള സർക്കാരിന് കേരള വാട്ടർ അതോറിറ്റി നൽകാനുള്ള എല്ലാ ഗ്യാരന്റി കമ്മീഷൻ കുടിശ്ശികകളും തീർപ്പാക്കണമെന്ന വ്യവസ്ഥയും അനുശാസിക്കുന്നുണ്ട്.

(സി) പ്രസ്തുത തുകകൊണ്ട് പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത തുക കൊണ്ട് നിലവിൽ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കില്ല. ജെ.ജെ.എം. പദ്ധതിയിൽ 54.45 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകാനായി 44,714.99 കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതിൽ 39,452.48 കോടി രൂപയുടെ പദ്ധതികൾക്ക് സാങ്കേതികാനുമതിക്ക് അംഗീകാരം ലഭിക്കുകയും 35,826.87 കോടി രൂപയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. പദ്ധതിക്കായി ഇതുവരെ കേന്ദ്ര വിഹിതമായി 5610.30 കോടി രൂപയും സംസ്ഥാന വിഹിതമായി 6,033.29 കോടി രൂപയും (മൊത്തം 11,643.59 കോടി രൂപ) ലഭിച്ചിട്ടുണ്ട്. ഇതിൽ 11,643.59 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതി

15 (*226) ശ്രീമതി ദെലീമ:
ശ്രീ. വി. ജോയി:
ഡോ. സുജിത് വിജയൻപിള്ള:

ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ഈ സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ഈ സർക്കാർ അവലോകനം നടത്തിയിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റി അതിന്റെ ആരംഭകാലം മുതൽ റവന്യൂ കമ്മിയിലാണ് പ്രവർത്തിക്കുന്നത്. സർക്കാരിൽനിന്നും ലഭിക്കുന്ന പദ്ധതിയേതര ഗ്രാന്റാണ് ഈ റവന്യൂ കമ്മി നികത്തുന്നതിന് ഒരു പരിധി വരെ സഹായകരമാകുന്നത്. സർക്കാർ അംഗീകരിക്കുന്ന താരിഫ് അനുസരിച്ച് ഉപഭോക്താക്കളിൽനിന്നും പിരിച്ചെടുക്കുന്ന വാട്ടർ ചാർജാണ് ജല അതോറിറ്റിയുടെ പ്രധാന വരുമാന മാർഗം. 2024-25 വർഷത്തെ പ്രൊവിഷണൽ വാർഷിക കണക്കുകൾ പ്രകാരം 1000 ലിറ്റർ കുടിവെള്ളത്തിന് ഉൽപാദന പ്രസരണ ചെലവ് 24.56 രൂപയായിരുന്നു. അതേസമയം 1000 ലിറ്റർ കുടിവെള്ളത്തിന് വരുമാനമായി ലഭിച്ചത് 19.90 രൂപയാണ്. അതായത് 1000 ലിറ്റർ കുടിവെള്ളം ഉപഭോക്താവിന് നൽകുമ്പോൾ കേരള വാട്ടർ അതോറിറ്റിക്ക് 4.66 രൂപ നഷ്ടമുണ്ടാകുന്നു. ജലശുദ്ധീകരണത്തിനും വിതരണത്തിലും വരുന്ന ചെലവിനേക്കാൾ കുറഞ്ഞ തുകയ്ക്ക് ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതുവഴി കേരളാ വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതിയെ ബാധിക്കുന്നു.

കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നത് വാട്ടർ സപ്ലൈ റെഗുലേഷൻ ആക്ട് 1986 (1986-ലെ ആക്ട് 14) അനുസരിച്ചാണ്. ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് കുടിവെള്ള ചാർജ് ഫിക്സ് ചെയ്യുമ്പോൾ വാട്ടർ അതോറിറ്റിക്ക് ലാഭമോ നഷ്ടമോ ഇല്ലാത്ത രീതിയിൽ ആയിരിക്കണമെന്നുണ്ട്. ആക്ടിലെ സെക്ഷൻ 15 സബ്സെക്ഷൻ (iii) അനുസരിച്ച് "സർക്കാരിന്റെ അനുമതിയില്ലാതെ കേരള വാട്ടർ അതോറിറ്റിക്ക് വാട്ടർ താരിഫ് പുതുക്കാൻ സാധിക്കുകയില്ല".

വർഷാവർഷം വർധിച്ചുവരുന്ന ശമ്പളം, പെൻഷൻ, വൈദ്യുതി ചെലവ്, അറ്റകുറ്റപ്പണികളുടെ ചെലവ്, വായ്പാ തിരിച്ചടവ് (പലിശ ഉൾപ്പടെ) എന്നിവയ്ക്ക് അനുസൃതമായി കുടിവെള്ള ചാർജിൽ വർധനവുണ്ടാകുന്നില്ല. ഇവയെല്ലാം കേരള വാട്ടർ അതോറിറ്റി നഷ്ടത്തിലാകാൻ കാരണമാകുന്നു.

കേരള വാട്ടർ അതോറിറ്റിയുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രൊവിഷണൽ കണക്കുകൾ പ്രകാരം നിലവിൽ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത വർഷത്തെ ആകെ നഷ്ടം 317.63 കോടി രൂപയാണ്, സഞ്ചിത നഷ്ടം 7156.76 കോടി രൂപയാണ്.

2024-25 സാമ്പത്തിക വർഷം സ്റ്റേറ്റ് പ്ലാൻ, നബാർഡ്, ജെ.ജെ.എം. (കേന്ദ്ര വിഹിതം ഉൾപ്പെടെ) ആസ്തി വികസന ഫണ്ട് തുടങ്ങിയ ശീർഷകങ്ങളിലായി 2563.31 കോടി രൂപ ക്യാപിറ്റൽ വർക്കുകൾക്കായി കേരള വാട്ടർ അതോറിറ്റിക്ക് ലഭിച്ചു.

(ബി) 2024-25 സാമ്പത്തിക വർഷത്തിൽ കേരള വാട്ടർ അതോറിറ്റി വാട്ടർ ചാർജ് ഇനത്തിൽ പിരിച്ചെടുത്ത തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

2024-25 സാമ്പത്തിക വർഷത്തിലെ ഏകീകരിച്ച ഡി.സി.ബി. പ്രകാരം കേരള വാട്ടർ അതോറിറ്റി വാട്ടർ ചാർജ് ഇനത്തിൽ ആകെ 1908.52/- കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. പിരിച്ചെടുത്ത തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

- ഗാർഹികം: 686.03 കോടി
- ഗാർഹികേതരം: 313.74 കോടി
- വ്യാവസായികം: 26.11 കോടി
- സ്പെഷ്യൽ: 7.16 കോടി
- മറ്റുള്ളവ: 56.39 കോടി
- എൽ.എസ്.ജി.ഡി: 819.09 കോടി

27-03-2025-ലെ G.O.(Rt)No.3217/2025/Fin എന്ന സർക്കാർ ഉത്തരവ് പ്രകാരം പതിനാലാം ധനകാര്യ കമ്മീഷന്റെ ഗ്രാന്റിൽനിന്നും പൊതുടാപ്പുകളുടെ വാട്ടർ ചാർജ് കുടിശ്ശികയിനത്തിൽ 719.17 കോടി രൂപ കേരള വാട്ടർ അതോറിറ്റിക്ക് അനുവദിച്ചിരുന്നു. ഈ തുക ഉൾപ്പെടെയാണ് എൽ.എസ്.ജി.ഡി കളക്ഷൻ 819.09/- കോടി രൂപ. 20-08-2025-ലെ G.O.(Rt)No.103/2025/Fin എന്ന സർക്കാർ ഉത്തരവ് പ്രകാരം പതിനാലാം ധനകാര്യ കമ്മീഷന്റെ ഗ്രാന്റിൽനിന്നും അനുവദിച്ച തുക കെ.ഡബ്ല്യു.എ.-യുടെ വൈദ്യുതി ചാർജ് കുടിശ്ശിക ഇനത്തിൽ സർക്കാർ ഏറ്റെടുത്ത 2,068/- കോടി രൂപയിലേക്ക് ക്രമീകരിച്ച് ഉത്തരവായി.

(സി) പ്രസ്തുത കാലയളവിൽ പിരിഞ്ഞുകിട്ടേണ്ട വാട്ടർ ചാർജ് കുടിശ്ശിക എത്രയാണെന്നും അവ പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടിയും വിശദമാക്കാമോ?

മുൻ സാമ്പത്തിക വർഷത്തിലെ കുടിശ്ശിക തുകയായ 1518.59/- കോടി രൂപയും 2024-25 സാമ്പത്തിക വർഷത്തിലെ വാട്ടർ ചാർജ് ഡിമാന്റ് തുകയായ 1721.06/- കോടി രൂപയും ചേർത്ത് 2024-25 സാമ്പത്തിക വർഷത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് പിരിഞ്ഞുകിട്ടേണ്ട ആകെ കുടിശ്ശിക തുക 3239.65/- കോടി രൂപയാണ്.

വാട്ടർ ചാർജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ശക്തമായ പല നടപടികളും വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. ഹെഡ് ഓഫീസ് തലത്തിൽ റവന്യൂ വരുമാനം ഉയർത്തുന്നതിനായി അവലോകന യോഗങ്ങൾ കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ, അക്കൗണ്ട്സ് മെമ്പർ, ജോയിന്റ് മാനേജിങ് ഡയറക്ടർ, ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് മെമ്പർ എന്നിവരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കാറുണ്ട്. 2024-25 വർഷത്തിൽ 7 അവലോകന യോഗങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം റവന്യൂ മോണിറ്ററിങ് സെല്ലിന്റെ നേതൃത്വത്തിൽ എല്ലാ മാസവും റവന്യൂ സംബന്ധമായ കാര്യങ്ങൾ അവലോകനം നടത്താറുമുണ്ട്. കൃത്യമായി ബില്ല് അടയ്ക്കാത്ത ഉപഭോക്താക്കൾക്ക് ഡിസ്കണക്ഷൻ നോട്ടീസ് നൽകുകയും അടയ്ക്കാത്തപക്ഷം ഡിസ്കണക്ഷൻ നടത്തുകയും ചെയ്യുന്നു. ഉപഭോക്താവ് ആവശ്യപ്പെടുന്ന മുറയ്ക്ക് കുടിശ്ശിക അടയ്ക്കുന്നതിന് തവണകളായി ക്രമീകരണങ്ങൾ ചെയ്തുവരുന്നു. ഡിസ്കണക്ഷൻ നടത്തുകയും വാട്ടർ ചാർജ് ഒടുക്കാത്ത ഉപഭോക്താക്കൾക്ക് റവന്യൂ റിക്കവറി ശിപാർശ ചെയ്യുന്നതിന് മുന്നോടിയായി ആർ.ആർ. നോട്ടീസ് നൽകുകയും 2024-25 വർഷത്തിൽ 75,834 നോട്ടീസ് നൽകിയിട്ടുള്ളതുമാണ്.

ഇതിന്റെ ഭാഗമായും വാട്ടർ ചാർജ് പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ആർ.ആർ. നോട്ടീസ് നൽകുകയും ഇതിൽ പ്രതികരിക്കാത്ത ഉപഭോക്താക്കളുടെ മേൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 2024-25 വർഷത്തിൽ 32,988 ഉപഭോക്താക്കളിന്മേൽ റവന്യൂ റിക്കവറി നടപടികൾക്ക് ശിപാർശ ചെയ്തിട്ടുള്ളതുമാണ്. ഇത്തരത്തിൽ റവന്യൂ റിക്കവറി ശിപാർശ ചെയ്തിട്ടുള്ള വിഷയത്തിൽ തഹസിൽദാർമാരുടെ നേതൃത്വത്തിൽ വിവിധ ജില്ലകളിലായി 15 റവന്യൂ റിക്കവറി അദാലത്തുകൾ സംഘടിപ്പിച്ചിട്ടുള്ളതും 1566 റവന്യൂ റിക്കവറി നടപടികളിന്മേൽ പരിഹാരം കാണാനും സാധിച്ചിട്ടുണ്ട്.

സർക്കാർ ഓഫീസുകളുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും സർക്കാർ സ്ഥാപനങ്ങളിൽനിന്നും കുടിശ്ശിക പിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിൽനിന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് കുടിശ്ശിക തുക അടയ്ക്കണമെന്ന് കാണിച്ച് കത്ത് മുഖേനയും നേരിട്ടും അറിയിപ്പുകൾ നൽകുന്നുണ്ട്. കൂടാതെ സർക്കാർ സ്ഥാപനങ്ങളിൽനിന്നും കുടിശ്ശിക അടയ്ക്കണമെന്ന് കാണിച്ച് എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും ജലവിഭവ വകുപ്പ് സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട്. മാത്രമല്ല, എല്ലാ സ്ഥാപനങ്ങളിലും വാട്ടർ അതോറിറ്റിയുടെ ഓഫീസർമാർ നേരിട്ട് പോയി കുടിശ്ശിക തുക അടയ്ക്കണമെന്ന് കാണിച്ച് കത്തുകളും നൽകുന്നുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി എല്ലാ വകുപ്പ് മേലധികാരികൾക്കും ഡിവിഷൻ തലത്തിൽ കുടിശ്ശിക അടയ്ക്കുന്നതിന് കത്തിടപാടുകൾ നടത്തുന്നുണ്ട്. കുടിശ്ശിക വരുത്തിയ ഉപഭോക്താക്കളെയും വകുപ്പ് മേധാവികളെയും നേരിൽക്കണ്ട് കുടിശ്ശിക തുക എത്രയുംവേഗം അടയ്ക്കണമെന്ന് ആവശ്യപ്പെടുന്നുണ്ട്. സെക്ഷൻതലത്തിൽ ഇതിനായി സ്ക്വാഡ് പ്രവർത്തനങ്ങൾ

ഊർജിതമായി നടന്നുവരുന്നു. കുടിശ്ശിക "ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" പ്രകാരം അടയ്ക്കാൻ സന്നദ്ധമാകുന്ന വകുപ്പുകൾക്ക് അതിനുള്ള നടപടികളും സ്വീകരിക്കാറുണ്ട്. റവന്യൂ അദാലത്തുകൾ സംഘടിപ്പിക്കുമ്പോൾ സർക്കാർ വകുപ്പുകളിലെ കുടിശ്ശികകൾ പരമാവധി ഇളവുകൾ നൽകി തീർപ്പ് കല്പിക്കാറുണ്ട്.

കുടിശ്ശിക അടയ്ക്കാത്ത ഉപഭോക്താക്കൾക്ക് ഡിസ്കണക്ഷൻ നോട്ടീസ് നൽകി കണക്ഷൻ കട്ട് ചെയ്ത് കുടിശ്ശിക ഈടാക്കുക, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കി കുടിശ്ശിക പിരിച്ചെടുക്കുക, വലിയ കുടിശ്ശികയുള്ള ബില്ലുകൾക്ക് തവണകൾ (പരമാവധി 10 തവണകൾ) അനുവദിച്ച് കുടിശ്ശിക പിരിക്കുക, റവന്യൂ അദാലത്തുകൾ സംഘടിപ്പിച്ച് കുടിശ്ശിക ഈടാക്കുക, റവന്യൂ റിക്കവറി നടപടികൾ നടത്തി കുടിശ്ശിക ഈടാക്കുക, SMS വഴി സന്ദേശം അയച്ച് കുടിശ്ശിക തുക അടക്കാൻ പ്രേരിപ്പിക്കുക തുടങ്ങി വിവിധ മാർഗങ്ങളിലൂടെ വാട്ടർ ചാർജ് കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ ചെയ്തുവരുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള പൊതുടാപ്പുകളിലെ വാട്ടർ ചാർജ് കുടിശ്ശിക സംബന്ധിച്ചും പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ചും ചർച്ച ചെയ്യുന്നതിനായി മന്ത്രിതല മീറ്റിങ് കൂടുകയും പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനായി പൊതുടാപ്പുകൾ ജിയോടാഗ് ചെയ്യുകയും മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും പൊതുടാപ്പുകളിലെ 2024 സെപ്റ്റംബർ മാസം വരെയുള്ള കുടിശ്ശിക തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

ഊരിന്റെ താരാട്ട് പദ്ധതി

16 (*227) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. വി. ശശി:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി മേഖലകളിലെ മാതൃ-ശിശു മരണങ്ങൾ കുറയ്ക്കാൻ ഈ സർക്കാർ നടപ്പാക്കിയ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പട്ടികവർഗ മേഖലയിലെ മാതൃ-ശിശു മരണങ്ങൾ ഒഴിവാക്കുന്നതിനായി നടപ്പാക്കിയ പദ്ധതിയുടെ പുരോഗതി വിവരങ്ങൾ സംസ്ഥാനതലത്തിൽ വകുപ്പുമന്ത്രിയും പട്ടികവർഗ വികസന വകുപ്പുതലത്തിൽ വകുപ്പധ്യക്ഷനും ജില്ലാതലത്തിൽ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരും നിരന്തരം അവലോകന യോഗങ്ങളിലൂടെ വിലയിരുത്തുന്നുണ്ട്.

പട്ടികവർഗമേഖലയിലെ ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുള്ള ക്ഷേമ പദ്ധതികൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സർക്കാർ നടപ്പാക്കിവരുന്നു. പട്ടികവർഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ്, വനിതാ-ശിശു വികസനം, തദ്ദേശ സ്വയംഭരണം, കുടുംബശ്രീ തുടങ്ങിയ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയുമാണ് പ്രധാനമായും പദ്ധതികൾ നടപ്പാക്കിവരുന്നത്. പ്രത്യേകിച്ച് അട്ടപ്പാടിയിൽ ശിശുമരണ നിരക്ക്

കുറയ്ക്കുന്നതിലേക്ക് വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് അട്ടപ്പാടി നോഡൽ ഓഫീസർ കൂടിയായ ഒറ്റപ്പാലം സബ് കളക്ടർ ഓരോ ആഴ്ചയിലും അട്ടപ്പാടി സന്ദർശിച്ച് ആവശ്യമായ നടപടികളും വിലയിരുത്തലുകളും നടത്തിവരുന്നുണ്ട്. കൂടാതെ പാലക്കാട് ജില്ലാ കളക്ടറുടെയും എം.പി., എം.എൽ.എ. എന്നിവരുടെ നേതൃത്വത്തിലും യോഗങ്ങൾ കൂടി മാതൃ-ശിശു മരണങ്ങൾ തടയുന്നതിലേയ്ക്കാവശ്യമായ വിലയിരുത്തൽ നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ സംസ്ഥാനത്തെ വിവിധ ഉന്നതികൾ സന്ദർശിച്ച് ഗർഭിണികളായ സ്ത്രീകളുടെയും ശിശുക്കളുടെയും ആരോഗ്യം ഡോക്ടർ, നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നിവരുടെ സേവനം ഉപയോഗിച്ച് വിലയിരുത്തുന്നുണ്ട്. വിവിധ ലാബ് ടെസ്റ്റുകൾക്കുള്ള സൗകര്യവും പ്രസ്തുത യൂണിറ്റുകളിൽ സജ്ജീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പട്ടികവർഗ മേഖലകളിലെ ആരോഗ്യ പോഷക ക്ഷേമ പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്ത് വിലയിരുത്തുന്നതിനായി UNICEF-ന്റെ സാമ്പത്തിക സഹായത്തോടെ ഒരു കൺസൾട്ടന്റിനെ (Tribal Health and Nutrition Consultant) നിയമിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കേരളത്തിലെ പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യസംരക്ഷണത്തിനായി ജനനീ ജന്മരക്ഷാ പദ്ധതി വകുപ്പ് നടപ്പാക്കുകയും ടി വിഭാഗക്കാർക്ക് സമ്പൂർണ്ണ പോഷകാഹാരം ഉറപ്പാക്കുകയും നവജാത

ശിശുമരണം പൂർണ്ണമായും നിർമ്മാർജനം ചെയ്യുന്നതിനും മെച്ചപ്പെട്ട ആരോഗ്യ സ്ഥിതിയിലുള്ള ശിശുക്കൾ പിറവിയെടുക്കുന്നതിനും അവരെ പരിപാലിക്കുന്ന അമ്മമാർക്ക് സമ്പൂർണ്ണ ആരോഗ്യം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും പദ്ധതി വകുപ്പ് വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

പട്ടികവർഗ മേഖലകളിലെ മാതൃ-ശിശു മരണങ്ങൾ ഒഴിവാക്കുന്നതിനായി വകുപ്പ് നടപ്പാക്കിയ പദ്ധതികളുടെയും ഇടപെടലുകളുടെയും ഫലമായി ശിശുമരണ നിരക്ക് ഗണ്യമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) സുരക്ഷിതമായ മുലയൂട്ടൽ, നവജാത ശിശുക്കളുടെ ശാസ്ത്രീയമായ പരിപാലനം എന്നിവ പട്ടികവർഗ ജനവിഭാഗത്തെ പരിശീലിപ്പിക്കുന്നതിനായി ആരോഗ്യവകുപ്പുമായി സഹകരിച്ച് നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകാമോ?

സുരക്ഷിതമായ മുലയൂട്ടൽ, നവജാത ശിശുക്കളുടെ ശാസ്ത്രീയമായ പരിപാലനം എന്നിവ പട്ടികവർഗ ജനവിഭാഗത്തെ പരിശീലിപ്പിക്കുന്നതിനായി ആരോഗ്യ വകുപ്പുമായി സഹകരിച്ച് നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>ഊരിന്റെ താരാട്ട് പദ്ധതി</u>:

അട്ടപ്പാടിയിലെ ഗർഭസ്ഥ ശിശുക്കളുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കുമായി പട്ടികവർഗ വികസന വകുപ്പും പാലക്കാട് ജില്ലാ ഭരണകൂടവും സംയുക്തമായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് ഊരിന്റെ താരാട്ട് പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി വിവിധ കാമ്പയിനുകളും ബോധവൽക്കരണ ക്യാമ്പുകളും പരിശീലനവും നടപ്പാക്കി വരുന്നുണ്ട്.

വാൽസല്യ സ്പർശം പദ്ധതി:

അട്ടപ്പാടിയിൽ കഴിഞ്ഞ കാലങ്ങളിലുണ്ടായ നവജാത ശിശുമരണങ്ങളിൽ ഏറിയവയും മിൽക്ക് ആസ്പിറേഷൻമൂലമാണെന്ന് ആരോഗ്യ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നവജാത ശിശുക്കളുടെ അമ്മമാർക്ക് രാത്രികാലങ്ങളിൽ മുലയൂട്ടൽ അപകടരഹിതമാക്കുന്നതിന് സഹായിക്കുന്നതിനായി വേണ്ട പരിശീലനവും അവബോധവും നൽകുന്നതിനായി അഗളി, ഷോളയൂർ, പുതൂർ ഗ്രാമപഞ്ചായത്തുകളിലായി ഒന്ന് വീതം ഫീൽഡ് നഴ്സുമാരെ നിയമിച്ച് വാൽസല്യ സ്പർശം പദ്ധതി നടപ്പാക്കുന്നുണ്ട്.

ആരോഗ്യം നമുക്കായി:

സമഗ്രമായ ബോധവൽക്കരണ കാമ്പയിനിലൂടെ വയനാട്ടിലെ ആദിവാസി സമൂഹങ്ങൾക്കിടയിൽ സമഗ്രമായ ആരോഗ്യം വർധിപ്പിക്കുകയാണ് സർക്കാരിന്റെ "ആരോഗ്യം നമുക്കായി" എന്ന സംരംഭം ലക്ഷ്യമിടുന്നത്. ജില്ലാ ഭരണകൂടം, പട്ടികവർഗ വികസന വകുപ്പ്, ആരോഗ്യ വകുപ്പ്, യുണിസെഫ്, 'എൻ ഊരു' ചാരിറ്റബിൾ സൊസൈറ്റി തുടങ്ങിയ പ്രധാന പങ്കാളികൾ ഈ സഹകരണ ശ്രമത്തിൽ ഉൾപ്പെടുന്നു. പ്രാഥമിക ആരോഗ്യ സംരക്ഷണം, പോഷകാഹാരം, ചികിത്സാരീതികൾ എന്നിവയുടെ സുപ്രധാന വശങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന, സൂക്ഷ്മമായി തയ്യാറാക്കിയ എട്ട് ബോധവൽക്കരണ വീഡിയോകളാണ് ഈ കാമ്പയിനിന്റെ കേന്ദ്രം.

ഊരും ഉയിരും:

വയനാട്ടിലെ ഗോത്ര വിഭാഗക്കാരുടെ സമഗ്ര ആരോഗ്യം ലക്ഷ്യമാക്കി പ്രത്യേകിച്ച് അമ്മമാരുടെയും കൗമാരക്കാരായ പെൺകുട്ടികളുടെയും ശിശുക്കളുടെയും വിളർച്ച, മുരടിപ്പ്, ളുക്കക്കുറവ്, ശിശുമരണങ്ങൾ മുതലായ പ്രശ്നങ്ങൾക്കായുള്ള ആരോഗ്യ സ്ക്രീനിങ് നടത്തി, ശുശ്രൂഷ ആവശ്യമായവർക്കുവേണ്ടി മരുന്നുകൾ നൽകുന്ന ഊരും ഉയിരും കാമ്പയിൻ പട്ടികവർഗ വികസന വകുപ്പ്, ആരോഗ്യ വകുപ്പ്, UNICEF എന്നിവർ സംയുക്തമായി നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത കാമ്പയിനിൽ ശിശുക്കളുടെ ആദ്യത്തെ ആയിരം നാളുകൾ, മുലയൂട്ടലിന്റെ പ്രാധാന്യം എന്നിവയെക്കുറിച്ച് പണിയ ഭാഷയിലുള്ള വീഡിയോകൾ ഉന്നതികളിൽ പ്രദർശിപ്പിക്കുകയും വിവിധ ബോധവൽക്കരണ പരിപാടികൾ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

ട്രൈബൽ ഹെൽത്ത് ആൻഡ് ന്യൂട്രിഷ്യൻ കൺസൾട്ടന്റ്:

സംസ്ഥാനത്തെ പട്ടികവർഗ മേഖലകളിലെ ആരോഗ്യ പോഷക ക്ഷേമ പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനായി UNICEF-ന്റെ സാമ്പത്തിക സഹായത്തോടെ ഒരു കൺസൾട്ടന്റിനെ (Tribal Health and Nutrition Consultant) നിയമിച്ച് തുടർനടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

ആരോഗ്യവകുപ്പുമായി സഹകരിച്ച് നടപ്പാക്കുന്ന പ്രസ്തുത പദ്ധതികളും പ്രോജക്ടുകളും പ്രവർത്തനങ്ങളും UNICEF കൺസൾട്ടന്റിന്റെ (Tribal Health and Nutrition Consultant) സഹായത്തോടെ നടപ്പാക്കിവരുന്നു.

(സി) പട്ടികവർഗ ജനവിഭാഗങ്ങൾക്കിടയിലെ ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും ആരോഗ്യമുള്ള ശിശുക്കളുടെ ജനനം ഉറപ്പാക്കുന്നതിനും പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ 'ഊരിന്റെ താരാട്ട്' എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഗർഭസ്ഥ ശിശുക്കളുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കുമായി പട്ടികവർഗ വികസന വകുപ്പും പാലക്കാട് ജില്ലാ ഭരണകൂടവും സംയുക്തമായി, അട്ടപ്പാടി പട്ടികവർഗ മേഖലയിൽ മൂന്നുഘട്ടങ്ങളായി നടപ്പാക്കുന്ന പദ്ധതിയാണ് "ഊരിന്റെ താരാട്ട്" എന്ന ശിശു സംരക്ഷണ പദ്ധതി. മൂന്ന് ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പാക്കുന്നത്.

ആദ്യഘട്ടത്തിന്റെ ഭാഗമായി (ഫേസ്-1) ഹാംലെറ്റ് ആശ, എസ്.റ്റി. പ്രൊമോട്ടർ, കമ്മിറ്റഡ് സോഷ്യൽ വർക്കർ എന്നിവർക്കുള്ള ദ്വിദിന പരിശീലനവും ഫേസ്-2-ന്റെ ഭാഗമായി ഓരോ ഊരിൽനിന്നും 'കരുതൽ കൂട്ടം' എന്നറിയപ്പെടുന്ന കൗമാരക്കാരായ ആൺകുട്ടികളെയും പെൺകുട്ടികളെയും ഉൾപ്പെടുത്തി lactating positions, ഗർഭധാരണത്തെക്കുറിച്ചുള്ള കൃത്യമായ അറിവ് എന്നിവയിൽ വ്യക്തമായ ടെയിനിങ് നൽകുക, Quiz, Role play, poster designing തുടങ്ങിയ നിരവധി കലാപരിപാടികളും ഫേസ്-3 "സ്നേഹപൂർവ്വം അമ്മയ്ക്ക്" എന്ന പേരിൽ ഗർഭസ്ഥ ശിശുവിനും അമ്മയ്ക്കും ആവശ്യമായ നിയോനേറ്റൽ കിറ്റ് ലഭ്യമാക്കുക എന്നിവയാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിയുടെ ഭാഗമായി വിവിധ ക്യാമ്പയിനുകളും ബോധവൽക്കരണ ക്യാമ്പുകളും പരിശീലനവും നടപ്പാക്കി വരുന്നുണ്ട്.

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കിയതിലൂടെ ശിശുമരണനിരക്ക് കുറയ്ക്കുന്നതിനും നവജാത ശിശുക്കളുടെയും അമ്മമാരുടെയും ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഗർഭസ്ഥ ശിശുക്കളുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കുമായി പട്ടികവർഗ വികസന വകുപ്പും പാലക്കാട് ജില്ലാ ഭരണകൂടവും സംയുക്തമായി, അട്ടപ്പാടി പട്ടികവർഗ മേഖലയിൽ മൂന്ന് ഘട്ടങ്ങളായി നടപ്പാക്കുന്ന "ഊരിന്റെ താരാട്ട്" പദ്ധതിയിലൂടെ അട്ടപ്പാടിയിലെ ശിശുമരണ നിരക്ക് ഗണ്യമായി കുറയ്ക്കുന്നതിനും അമ്മമാരുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. പട്ടികവർഗ മേഖലകളിലെ മാതൃ-ശിശു മരണങ്ങൾ ഒഴിവാക്കുന്നതിനായി ഊരിന്റെ താരാട്ട് പദ്ധതിയിലൂടെയും വകുപ്പ് നടപ്പാക്കിയ വിവിധ പദ്ധതികളുടെയും ഇടപെടലുകളുടെയും ഫലമായി ശിശുമരണ നിരക്ക് ഗണ്യമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

കിഫ്ബി ധനസഹായത്തോടെയുള്ള കുടിവെള്ള പദ്ധതികൾ

17 (*228) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എം. എം. മണി:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന കുടിവെള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന കുടിവെള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) ഇതിനായി എത്ര കുടിവെള്ള പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

കിഫ്ബി ധനസഹായത്തോടെ നാളിതുവരെ 5406.948 കോടി രൂപയുടെ 77 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. അവയിൽ 4976.715 കോടി രൂപയുടെ 66 കുടിവെള്ള പദ്ധതികളും 430.233 കോടി രൂപയുടെ, 11 സർക്കിളുകളുടെ കീഴിലായി (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, കൊച്ചി, മൂവാറ്റുപുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികളും ഉൾപ്പെടുന്നു.

(സി) പ്രസ്തുത കുടിവെള്ള പദ്ധതികളുടെ ഭാഗമായി ശുദ്ധജലം അധികമായി ഉൽപാദിപ്പിച്ച് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പൂർത്തീകരിച്ച പദ്ധതികൾ വഴി 235 MLD ശുദ്ധജലം അധികമായി ഉൽപാദിപ്പിച്ച് ഏകദേശം 33.5 ലക്ഷത്തോളം ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കാൻ സാധിച്ചു.

(ഡി) പ്രസ്തുത പദ്ധതികളിൽ ഇതിനകം പൂർത്തിയാക്കിയവയുടെ വിശദാംശം ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത പദ്ധതികളിൽ ഇതിനകം പൂർത്തിയാക്കിയവയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു+.

മനുഷ്യ-വന്യജീവി സംഘർഷം തടയാൻ നടപടി

18 (*229) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണം തടയുന്നതിന് പൊതുജന പങ്കാളിത്തത്തോടെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കേണ്ടതിന്റെ ആവശ്യകത വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ പൊതുജന പങ്കാളിത്തത്തോടെ ശക്തമാക്കുന്നതിന്റെ ആവശ്യകത വിശകലനം ചെയ്തിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ ശ്രമങ്ങൾ ഊർജിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ എല്ലാംതന്നെ പൊതുജനപങ്കാളിത്തം ഉറപ്പാക്കി ജനകീയമാക്കുന്നതിൽ സർക്കാർ പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ വനം വകുപ്പിന്റെ മാത്രം ഉത്തരവാദിത്വമെന്ന കാഴ്ചപ്പാടിൽനിന്നും മാറി വിവിധ വകുപ്പുകളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ കൂട്ടായ പരിശ്രമങ്ങൾ ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷത്തെ 07-03-2024-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലെ സ.ഉ. (കൈ) നം. 4/2024/DMD പ്രകാരം “സംസ്ഥാന സവിശേഷ ദുരന്തം” ആയി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷങ്ങളും ലഘൂകരണ പ്രവർത്തനങ്ങളും വിവിധ തലങ്ങളിൽ വിലയിരുത്തുന്നതിനും ആവശ്യമായ നിർദേശങ്ങൾ നൽകുന്നതിനും വിവിധ തലങ്ങളിലുള്ള സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ സംസ്ഥാനതലത്തിൽ മന്ത്രിതല സമിതി, ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ സംസ്ഥാനതലത്തിൽ വിവിധ വകുപ്പ് സെക്രട്ടറിമാരുടെ ഉദ്യോഗസ്ഥതല സമിതി, ജില്ലയുടെ ചുമതലയുള്ള മന്ത്രിയുടെ അധ്യക്ഷതയിൽ ജില്ലാതല സമിതികൾ, പഞ്ചായത്തുതല പ്രാദേശിക സമിതികൾ/ജനജാഗ്രതാ സമിതികൾ (പഞ്ചായത്ത് അധികൃതർ, വിവിധ വകുപ്പുകളുടെ പ്രാദേശികതല ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, കർഷക പ്രതിനിധികൾ അംഗങ്ങൾ ആയ) സമിതിയും രൂപീകരിച്ചിട്ടുണ്ട്. ഇവ സമയാസമയം യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തുകയും ഓരോ വകുപ്പും സ്വീകരിക്കേണ്ട നടപടികൾ നിശ്ചയിച്ച് നൽകുകയും ചെയ്തുവരുന്നു.

മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ കാരണം കണ്ടെത്തുന്നതും പൊതുജന പങ്കാളിത്തത്തോടെ വിവിധ സംഘർഷ ലഘൂകരണ/നിവാരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ അടങ്ങുന്ന വിഷയാധിഷ്ഠിതമായ 10 മിഷനുകൾക്ക് 26-02-2025-ലെ സ.ഉ.(കൈ) നം.8/2025/വനം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത മിഷനുകളുടെ പ്രവർത്തനങ്ങൾ ഊർജിതമായി നടന്നുവരുന്നു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പഞ്ചായത്തുകൾ

കേന്ദ്രീകരിച്ചുള്ള 45 ദിവസം നീളുന്ന ഒരു ജനകീയ മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞവും സംസ്ഥാനത്ത് ഇപ്പോൾ നടന്നുവരുന്നു.

(ബി) ആവാസ വ്യവസ്ഥയെ ബാധിക്കാത്ത വിധം വന്യജീവി പ്രതിരോധം ഉറപ്പാക്കുന്നതിനുവേണ്ടി സന്നദ്ധരായ പ്രദേശവാസികളെ ഉൾപ്പെടുത്തിക്കൊണ്ട് പ്രാഥമിക പ്രതികരണ സേനകളെ (പ്രൈമറി റെസ്പോൺസ് ടീം) രൂപീകരിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദ വിവരം നൽകുമോ?

തുടക്കംകുറിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ കാരണം കണ്ടെത്തുന്നതും പൊതുജന പങ്കാളിത്തത്തോടെ വിവിധ സംഘർഷ ലഘൂകരണ/നിവാരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ അടങ്ങുന്ന വിഷയാധിഷ്ഠിതമായ 10 മിഷനുകൾക്ക് 26-02-2025-ലെ സ.ഉ. (കൈ) നം. 8/2025/വനം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിൽ ഉൾപ്പെട്ട ഒരു മിഷനാണ് പ്രൈമറി റെസ്പോൺസ് ടീം (PRT). പ്രസ്തുത മിഷനുകളുടെ പ്രവർത്തനങ്ങൾ ഊർജിതമായി നടന്നുവരുന്നു. മനുഷ്യ-വന്യജീവി സംഘർഷം റിപ്പോർട്ട് ചെയ്യപ്പെടുന്ന ഇടങ്ങളിൽ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളിൽ പരിശീലനം സിദ്ധിച്ച പരിചയ സമ്പന്നരായ ആർ.ആർ.ടി. സംഘം എത്തിച്ചേരുന്നതിന് മുമ്പുതന്നെ ചിട്ടയായ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾക്ക് അടിയന്തരമായി തുടക്കം കുറിക്കാൻ തദ്ദേശവാസികളിൽനിന്നും സന്നദ്ധരായവരെ ഉൾപ്പെടുത്തി സന്നദ്ധ പ്രാഥമിക പ്രതികരണ സേന അഥവാ Primary Response Team (PRT)-കൾ രൂപീകരിക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. പൊതുജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തി സംഘർഷാവസ്ഥ നിയന്ത്രണ

വിധേയമാക്കുന്നതിനായി രൂപീകരിച്ച PRT-കളിൽ വിദഗ്ധ പരിശീലനം ലഭിച്ചിട്ടുള്ള SARPA വോളന്റീയർമാർ, പഞ്ചായത്തുതല ജൈവ വൈവിധ്യ പരിപാലന സമിതി അംഗങ്ങൾ (BMC), സിവിൽ ഡിഫൻസ് അംഗങ്ങൾ, സന്നദ്ധ പ്രവർത്തകർ, വി.എസ്.എസ്./ഇ.ഡി.സി. അംഗങ്ങൾ തുടങ്ങിയവരുണ്ടാകും. ജനജാഗ്രതാ സമിതിയുടെ നിർദേശാനുസരണമായിരിക്കും ഇവരെ ഉൾപ്പെടുത്തി PRT-കൾക്ക് രൂപം നൽകുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള സന്നദ്ധസേനാംഗങ്ങളുടെ പങ്കാളിത്തവും സഹകരണവും PRT-യിൽ ഉറപ്പുവരുത്തുന്നതാണ്. PRT-യിലെ അംഗങ്ങൾ തദ്ദേശീയരായതിനാൽ സ്ഥലത്തെ ഭൂപ്രകൃതി, പ്രകൃതിദത്തതടസ്സങ്ങൾ, പകരസാധ്യതകൾ (alternatives), സാമൂഹിക സ്ഥിതി, ദുരന്തമുഖത്തെ രക്ഷാമാർഗങ്ങൾ (exit routes) തുടങ്ങിയവയെക്കുറിച്ചുള്ള അവരുടെ അറിവും പരിചയവും സംഘർഷ ലഘൂകരണ പ്രവത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കും. ഘട്ടംഘട്ടമായി മനുഷ്യ-വന്യജീവി സംഘർഷം നിലവിലുള്ള എല്ലാ മേഖലകളിലും PRT-കൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതായിരിക്കും. നിലവിൽ വിവിധ പഞ്ചായത്തുകളിലായി 327 പ്രൈമറി റെസ്പോൺസ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. PRT അംഗങ്ങളുടെ പരിശീലനങ്ങളും അടയാള വിതരണവും 31-8-2025-ൽ കോഴിക്കോട് നടന്ന പരിപാടിയിൽ ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

(സി) വനം വകുപ്പിന്റെ ദ്രുതകർമ്മസേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് പി.ആർ.ടി.-കളുടെ പ്രവർത്തനം സഹായകമാകുമോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് നിലവിൽ 28 സ്ഥിരം ആർ.ആർ.ടി.-കളും 11 സാറ്റലൈറ്റ് ആർ.ആർ.ടി.-കളും വിന്യസിച്ചിട്ടുണ്ട്. എന്നാൽ ജനവാസ മേഖലയിൽ വന്യമൃഗ സാന്നിധ്യം ഉണ്ടായാൽ സ്ഥലത്തിന്റെ പ്രത്യേകതകളും ആർ.ആർ.ടി. കേന്ദ്രത്തിന്റെ അകലവും മറ്റും പരിഗണിച്ച് സംഘർഷബാധിത പ്രദേശത്ത് ആർ.ആർ.ടി.-ക്ക് ഉടൻ എത്തിച്ചേരാൻ സാധിച്ചെന്ന് വരില്ല. കൂടാതെ എല്ലായ്പ്പോഴും സംഘർഷബാധിത പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരവും ഘടനാപരവുമായ പ്രത്യേകതകൾ ആർ.ആർ.ടി. അംഗങ്ങൾ അറിഞ്ഞിരിക്കണമെന്നുമില്ല. ഇത്തരം സാഹചര്യങ്ങളിൽ പ്രദേശവാസികളുടെ സന്നദ്ധ സേനയായ പ്രൈമറി റെസ്പോൺസ് ടീമിന് ആർ.ആർ.ടി.-കളെ ഫലപ്രദമായി സഹായിക്കാനാകും. വന്യമൃഗ സാന്നിധ്യം തിരിച്ചറിയുന്നത് മുതൽ ആർ.ആർ.ടി. എത്തിച്ചേരുന്നതുവരെ പൊതുജനങ്ങൾക്ക് അപകടമുണ്ടാകാതെ മുന്നറിയിപ്പ് നൽകുന്നതിനും വന്യമൃഗങ്ങളിൽനിന്നും സുരക്ഷിത അകലം പാലിച്ച് മുൻകരുതൽ സ്വീകരിക്കുന്നതിനും പ്രൈമറി റെസ്പോൺസ് ടീമിന് കഴിയും. കൂടാതെ ആർ.ആർ.ടി. എത്തിച്ചേരുമ്പോൾ, അതത് പ്രദേശത്തിന്റെ പ്രത്യേകതകൾ ആർ.ആർ.ടി.-ക്ക് വിവരിച്ച് അപകടസാധ്യതകൾ ഒഴിവാക്കാനും ആർ.ആർ.ടി.-ക്ക് സഹായകരമാകുന്ന രീതിയിൽ പ്രദേശവാസികളോട് ആശയവിനിമയം നടത്തി അപകട സാഹചര്യം ഒഴിവാക്കുന്നതിനും പ്രൈമറി റെസ്പോൺസ് ടീമുകൾക്ക് കഴിയും. കൂടാതെ എല്ലാ പ്രൈമറി റെസ്പോൺസ് ടീമിലും പരിശീലനവും ലൈസൻസും നേടിയിട്ടുള്ള സ്നേക്ക് റെസ്ക്യൂവർമാർ കൂടി ഉള്ളതിനാൽ പാമ്പുകൾ പോലുള്ള ചെറുവന്യജീവികളെ സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനും അവർക്ക് കഴിയും. വന്യമൃഗങ്ങൾ എത്തിപ്പെട്ട സ്ഥലത്ത് കാഴ്ചക്കാർ ഒത്തുകൂടി അപകടമുണ്ടാക്കാതെയും

വാഹനങ്ങൾ പാർക്ക് ചെയ്ത് വഴി തടസ്സപ്പെടാതെയും ആർ.ആർ.ടി.-യുടെ വരവും പ്രവർത്തനവും സുഗമമാക്കാൻ PRT അംഗങ്ങൾ പശ്ചാത്തല സൗകര്യമൊരുക്കും.

(ഡി) പ്രസ്തുത സേനയിലെ അംഗങ്ങൾക്ക് പരിശീലനവും വന്യജീവികളുടെ ജനവാസമേഖലയിലെ സാന്നിധ്യം മനസ്സിലാക്കുന്നതിനും പ്രദേശവാസികളെ അറിയിക്കുന്നതിനുമുള്ള ആധുനിക സംവിധാനങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

രൂപീകരിക്കപ്പെട്ടിട്ടുള്ള പ്രൈമറി റെസ്പോൺസ് ടീം അംഗങ്ങളുടെ പരിശീലനങ്ങൾ തുടർന്നുവരുന്നു. വന്യജീവികളുടെ സാന്നിധ്യത്തെക്കുറിച്ച് പ്രദേശവാസികൾക്ക് മുന്നറിയിപ്പ് നൽകുന്നതിനായി വിവിധ മെസേജിങ് ആപ്പുകളാണ് നിലവിൽ പ്രൈമറി റെസ്പോൺസ് ടീമുകൾ ഉപയോഗിച്ചുവരുന്നത്. മിഷൻ റിയൽ ടൈം മോണിറ്ററിങ് പൂർത്തിയാകുന്നതോടെ വന്യജീവികളുടെ സാന്നിധ്യം തത്സമയം നിരീക്ഷിച്ച് പ്രദേശവാസികൾക്ക് വിവരം നൽകുന്നതിനുള്ള സാങ്കേതിക സംവിധാനം ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്.

പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം

19 (*230) ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിന് പ്രത്യേക ഊന്നൽ നൽകേണ്ടതായ സാഹചര്യം പരിശോധനാ

വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിന് പ്രത്യേക ഊന്നൽ നൽകേണ്ടതായ സാഹചര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ വികസന വകുപ്പുകൾ മുഖേന നടപ്പാക്കുന്ന എല്ലാ പദ്ധതികളിലും വനിതകൾക്ക് പ്രാതിനിധ്യം ഉറപ്പുവരുത്തിയാണ് പദ്ധതികൾ നടപ്പാക്കിവരുന്നത്. പട്ടിക വിഭാഗങ്ങളിൽപ്പെട്ട പെൺകുട്ടികൾ അടക്കമുള്ള എല്ലാ വിദ്യാർഥികൾക്കും വിദ്യാഭ്യാസ ഉന്നമനത്തിന് കൂടുതൽ പരിഗണന നൽകുന്ന പദ്ധതികൾ നടപ്പാക്കുന്നുണ്ട്. നിലവിൽ പട്ടികവർഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന 22 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ പെൺകുട്ടികൾക്ക് മാത്രമായി 6 സ്കൂളുകൾ വിവിധ ജില്ലകളിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ 11 സ്കൂളുകൾ മിക്സ്ഡ് സ്കൂളുകളായും പ്രവർത്തിക്കുന്നുണ്ട്. ആകെ 22 സ്കൂളുകളിലും 60 ശതമാനത്തോളം പെൺകുട്ടികളാണ് പഠനം നടത്തിവരുന്നത്. വകുപ്പിന്റെ കീഴിലുള്ള എം.ആർ.എസ്.-കളിലും ഹോസ്റ്റലുകളിലും പെൺകുട്ടികൾക്ക് പ്രത്യേകമായി സ്കൂളുകളും ഹോസ്റ്റലുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

സംസ്ഥാനത്ത് പട്ടികജാതി വിഭാഗം പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി മാത്രം പ്രത്യേക ഊന്നൽ നൽകേണ്ട സാഹചര്യം നിലവിൽ പരിശോധനാവിധേയമാക്കിയിട്ടില്ല. വിദ്യാർഥിനികൾക്ക് എല്ലാവിധ അടിസ്ഥാനസൗകര്യങ്ങളോടും കൂടി വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 8 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും 44 പ്രീ-മെട്രിക്

ഹോസ്റ്റലുകളും 3 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും വിദ്യാർഥിനികൾക്കായി മാത്രം പ്രവർത്തിച്ചുവരുന്നു.

പട്ടിക വിഭാഗത്തിലുള്ള മുഴുവൻ വിദ്യാർഥികൾക്കും പഠനം ഉറപ്പുവരുത്തുന്നതിന് നടപ്പാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പ്രീമെട്രിക് സ്കോളർഷിപ്പ്

2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

3. ഉന്നതി ഓവർസീസ് സ്കോളർഷിപ്പ്

4 സമർഥരായ വിദ്യാർഥികൾക്ക് പ്രത്യേക പ്രോത്സാഹനം

5. ലാപ്ടോപ് ധനസഹായം

6. സിവിൽ സർവീസ് പരിശീലനം

7. വിങ്സ് കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ്

8. സിവിൽ സർവീസ് പരിശീലനം

9. വിഷൻ-മെഡിക്കൽ/എഞ്ചിനീയറിങ് എൻട്രൻസ് പരീക്ഷാ പരീശീലനത്തിന് ധനസഹായം

(ബി) പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് വ്യക്തിഗത ആനുകൂല്യം നൽകുമ്പോൾ വനിതകൾക്കും വിദ്യാർഥിനികൾക്കും കൂടുതൽ പ്രാധാന്യം നൽകുന്നതിന് പ്രത്യേക നിർദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

പട്ടികജാതി വിഭാഗങ്ങളിൽ വീട് അറ്റകുറ്റപ്പണികൾ തീർക്കുന്നതിനുള്ള സേഫ് പദ്ധതിയിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ വനിതകൾ കുടുംബനാഥകളായിട്ടുള്ളവർക്കും പഠനമുറി പദ്ധതിയിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ വിദ്യാർഥിനികൾ കൂടുതലുള്ള കുടുംബങ്ങൾക്കും മുൻഗണന നൽകിവരുന്നു. പട്ടികവർഗ വിഭാഗങ്ങളിൽ ജനനി ജന്മരക്ഷ, വിവാഹ ധനസഹായം എന്നിവ വനിതകൾക്ക് മാത്രമായി നടപ്പാക്കുന്ന പദ്ധതികളാണ്. കൂടാതെ ഗോത്രബന്ധു, കേരള ടൈബൽ പ്ലസ്, ഭവന നിർമ്മാണ ഗ്രാന്റ് എന്നീ പദ്ധതിയിലും വനിതകൾക്ക് കൂടുതൽ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നുണ്ട്. നൈപുണ്യ വികസന പരിശീലനത്തിൽ ഏവിയേഷൻ പരിശീലനത്തിനായി 100 പെൺകുട്ടികൾ പരിശീലനം നേടുകയും എല്ലാവർക്കും സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിവിധ അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽ പ്ലേസ്മെന്റ് മുഖേന തൊഴിൽ ലഭിച്ചിട്ടുണ്ട്.

(സി) സാമൂഹിക പഠനമുറി പദ്ധതിയിൽ ഹയർ സെക്കൻഡറി വിഭാഗത്തിൽപ്പെടുന്ന പെൺകുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പട്ടികവർഗ ഉന്നതികളിൽ നിത്യേന ഭവനങ്ങളിൽനിന്ന് സ്കൂളുകളിൽ പോയി പഠിക്കുന്ന വിദ്യാർഥികളെ പഠനത്തിൽ സഹായിക്കുന്നതിനായി അവരുടെ ഉന്നതികളിലെ പൊതുകെട്ടിടങ്ങളായ കമ്മ്യൂണിറ്റി ഹാൾ തുടങ്ങിയവ പഠനമുറിയാക്കി വിദ്യാർഥികൾക്ക് സ്കൂൾവിട്ട് വന്നതിനുശേഷവും അവധി ദിവസങ്ങളിലും പഠനത്തിനാവശ്യമായ സഹായങ്ങളും കരിയർ നൈപുണ്യ പരിശീലനങ്ങളും നൽകിവരുന്നു. പെൺകുട്ടികളുടെ വിദ്യാഭ്യാസ

കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ഉന്നതികളിലുള്ള പെൺകുട്ടികൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാർഥികൾക്കും ഈ പഠനമുറി പ്രയോജനപ്പെടുന്നുണ്ട്.

(ഡി) പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിനായി നിശ്ചയിച്ചിട്ടുള്ള ഫണ്ടിൽ ന്യായമായ വിഹിതം പട്ടികജാതി വനിതകളുടെ സർവ്വതോന്മുഖമായ പുരോഗതിക്കുവേണ്ടി വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദാംശം നൽകുമോ?

2025-26 വർഷം സംസ്ഥാന ബജറ്റിന്റെ 20.8% ജെൻഡർ ബജറ്റിനായി നീക്കിവച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് ജെൻഡർ ബജറ്റിന്റെ ഭാഗമായി വിവാഹ ധനസഹായം, വർക്കിങ് വിമൻസ് ഹോസ്റ്റൽ, വാൽസല്യനിധി എന്നീ പദ്ധതികളുടെ 100% തുക സ്ത്രീകൾക്കായി മാറ്റിവച്ചിട്ടുണ്ട്. കൂടാതെ ദുർബല വിഭാഗ പുനരധിവാസ പദ്ധതി, വിദ്യാഭ്യാസ ധനസഹായം, സ്കോളർഷിപ്പുകൾ, നൈപുണ്യ വികസന പദ്ധതി, ആരോഗ്യ പരിരക്ഷ എന്നിവയുടെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് സ്ത്രീകൾക്ക് മുൻഗണന നൽകിവരുന്നു.

ഭൂഗർഭ ജലചൂഷണം ഒഴിവാക്കാൻ നടപടി

20 (*231) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുഴൽക്കിണറുകളുടെ എണ്ണം വൻതോതിൽ വർധിച്ചുവരുന്നത് പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് കുഴൽക്കിണറുകളുടെ എണ്ണം വൻതോതിൽ വർധിച്ചുവരുന്നത് പരിശോധനാ വിധേയമാക്കിയിട്ടില്ല. എന്നാൽ ലഭിക്കുന്ന അപേക്ഷകളിൽ ശാസ്ത്രീയമായ ഭൂജല പര്യവേക്ഷണം നടത്തുകയും കുഴൽക്കിണർ നിർമ്മാണത്തിനായി സമീപിക്കുന്ന വ്യക്തികൾക്ക് ഏതൊരാവശ്യത്തിനും വകുപ്പ് മുഖേന കുഴൽക്കിണർ നിർമ്മിച്ച് നൽകുകയും ചെയ്യുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2025 ആഗസ്റ്റ് മാസം വരെ 6084 കുഴൽക്കിണർ നിർമ്മാണം വകുപ്പിന്റെ റിഗ്ഗുകൾ ഉപയോഗിച്ച് നടത്തിയിട്ടുണ്ട്. മറ്റ് ജലസ്രോതസ്സുകളൊന്നും ഇല്ലാത്ത പ്രദേശങ്ങളിൽ കുടിവെള്ളത്തിനും കാർഷികാവശ്യത്തിനും കുടിവെള്ള വിതരണ പദ്ധതികൾക്കുമാണ് ജലസ്രോതസ്സായി പ്രധാനമായും കുഴൽക്കിണറുകൾ നിർമ്മിക്കുന്നത്. സംസ്ഥാനത്തെ തിരഞ്ഞെടുത്ത ബ്ലോക്കുകളിൽ ജലസ്രോതസ്സുകളുടെ വിവരശേഖരണം (കുഴൽക്കിണറുകൾ ഉൾപ്പെടെ) "വെൽ സെൻസസ് പ്രോഗ്രാം" കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടമായി 93 ബ്ലോക്കുകളിലെ 563 പഞ്ചായത്തുകളിൽ ആരംഭിച്ചു. കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ് ആൻഡ് എൻവയോൺമെന്റ് സെന്റർ (KSREC)-ന്റെ സഹായത്തോടെ വികസിപ്പിച്ചെടുത്ത "നീരറിവ്" എന്ന മൊബൈൽ ആപ്പ് ഉപയോഗിച്ച് കുടുംബശ്രീ മിഷൻ മുഖേനയാണ് എല്ലാ ഭൂജല നിർമ്മിതികളുടെയും വിവരങ്ങൾ ശേഖരിക്കുന്നത്. 331 പഞ്ചായത്തുകളിൽ പൂർണ്ണമായും 232 പഞ്ചായത്തുകളിൽ ഭാഗികമായും വിവരശേഖരണം നിലവിൽ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) കേരള ഭ്രജല (നിയന്ത്രണവും ക്രമീകരണവും) ആക്ട്, 2002 ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേരള ഭ്രജല (നിയന്ത്രണവും ക്രമീകരണവും) ആക്ട്, 2002 ഒരു പരിധി വരെ ഫലപ്രദമായി നടപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. കേരള സംസ്ഥാനത്ത് ഭ്രജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം, ഉപയോഗം എന്നിവ ക്രമീകരിച്ച് ഭ്രജല വികസനം ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമാണ് ടി ആക്ട് വ്യവസ്ഥ ചെയ്യുന്നത്. കേരള ഭ്രജല (നിയന്ത്രണവും ക്രമീകരണവും) ആക്ട്, 2002 ഫലപ്രദമായി നടപ്പാക്കുന്നതിനായി ആക്ടിലെ സെക്ഷൻ 3 പ്രകാരം സംസ്ഥാന ഭ്രജല അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. സുസ്ഥിര ഭ്രജല വിഭവശേഷി ഉറപ്പുവരുത്തുന്നതിനുള്ള ഭ്രജല സംരക്ഷണ പ്രവർത്തനങ്ങളും അനധികൃത ഭ്രജല ചൂഷണ/ഭ്രജലവികസനങ്ങൾ ക്രമീകരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ, ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കൽ എന്നീ പ്രവർത്തനങ്ങൾ വകുപ്പ് നടപ്പാക്കിവരുന്നു.

(സി) കുഴൽക്കിണറുകളുടെ നിർമ്മാണം നിയന്ത്രിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് അറിയിക്കാമോ?

2002-ലെ കേരള ഭ്രജല (നിയന്ത്രണവും, ക്രമീകരണവും) ആക്ടിന്റെ 21-ാം വകുപ്പ് പ്രകാരം കിണറുകളുടെ നിയമാനുസൃതമല്ലാത്ത കുഴിക്കലിനും നിർമ്മാണത്തിനും ശിക്ഷിക്കുന്നതിനുള്ള വ്യവസ്ഥ ഏർപ്പെടുത്തിയിട്ടുണ്ട്. സ്വകാര്യ കുഴൽക്കിണർ നിർമ്മാണം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സ്വകാര്യ റിഗ്ഗുകൾ/ഏജൻസികൾക്ക് സർക്കാർ ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. സർക്കാർ വിജ്ഞാപനം

ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ (ചിറ്റൂർ, മലമ്പുഴ, കാസർഗോഡ് ബ്ലോക്കുകൾ) പുതിയ കുഴൽക്കിണർ നിർമ്മാണത്തിനും പമ്പിങ് കിണറായി പരിവർത്തനം ചെയ്യുന്നതിനും സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ ശാസ്ത്രീയമായ കുഴൽക്കിണർ നിർമ്മാണം ഉറപ്പുവരുത്തുന്നതിനായി കേരള പഞ്ചായത്ത്/മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടം അനുസരിച്ച് കുഴൽക്കിണർ നിർമ്മാണത്തിന് ഭൂജല വകുപ്പിന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുമുള്ള പെർമിറ്റ് സംസ്ഥാനത്ത് നിയമവിധേയമാക്കിയിട്ടുണ്ട്.

(ഡി) അമിതമായ ഭൂഗർഭ ജലചൂഷണം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

അമിതമായ ഭൂജല ചൂഷണം ഒഴിവാക്കുന്നതിനായി 2002-ലെ കേരള ഭൂജല (ക്രമീകരണവും നിയന്ത്രണവും) ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ (ചിറ്റൂർ, മലമ്പുഴ, കാസർഗോഡ് ബ്ലോക്കുകൾ) പുതിയ കുഴൽക്കിണർ നിർമ്മാണത്തിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റും, പമ്പിങ് കിണറായി പരിവർത്തനം ചെയ്യുന്നതിന് പരിവർത്തന പെർമിറ്റും നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ ശാസ്ത്രീയ കുഴൽക്കിണർ നിർമ്മാണം ഉറപ്പുവരുത്തുന്നതിനായി കേരള പഞ്ചായത്ത്/മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടം അനുസരിച്ച് കുഴൽക്കിണർ നിർമ്മാണത്തിന് ഭൂജല വകുപ്പിന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുമുള്ള പെർമിറ്റ് സംസ്ഥാനത്ത് നിയമവിധേയമാക്കിയിട്ടുണ്ട്. CRZ പരിധിയിൽ വരുന്ന മേഖലകളിലും കുഴൽക്കിണർ

നിർമ്മാണത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അനിയന്ത്രിതവും അശാസ്ത്രീയവുമായ കുഴൽക്കിണർ നിർമ്മാണം നിയന്ത്രിക്കുന്നതിനായി സ്വകാര്യ റിഗ്ഗുകളുടെ രജിസ്ട്രേഷൻ 2015 മുതൽ നടപ്പാക്കിവരുന്നു. ശാസ്ത്രീയ ഭൂജല വികസനം ഉറപ്പുവരുത്തുന്നതിനായി വ്യാവസായിക അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ ഭൂജല ഉപയോഗത്തിന് ശാസ്ത്രീയ പരിശോധനകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന ഭൂജല അതോറിറ്റി നിരാക്ഷേപപത്രം നൽകിവരുന്നു. കൂടാതെ ഭൂജല സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും സംരക്ഷണ രീതികളെക്കുറിച്ചും ജനങ്ങളെ ബോധവൽകരിക്കുന്നതിനും ഭൂജല സംരക്ഷണം, സംപോഷണം എന്നീ തലങ്ങളിൽ ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി ഭൂജല നിയന്ത്രണവും ക്രമീകരണവും പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി ബോധവൽക്കരണ സെമിനാറുകൾ നൽകിവരുന്നു.

സുസ്ഥിര വനപരിപാലന പദ്ധതികൾ

21 (*232) ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എം. എം. മണി:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) വനനശീകരണം തടയുന്നതിനും സുസ്ഥിര വനപരിപാലന പദ്ധതികൾ വികസിപ്പിക്കുന്നതിനും വനവൽക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കാനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

വനനശീകരണം തടയുന്നതിന്റെ ഭാഗമായി അക്കേഷ്യ, സെന്ന, യൂക്കാലിപ്റ്റസ്, മാഞ്ചിയം തുടങ്ങിയ പരിസ്ഥിതിക്കും ആവാസവ്യവസ്ഥക്കും ദോഷകരമായതും, കാലികപ്രാധാന്യം നഷ്ടപ്പെട്ടതുമായ വിദേശ വൃക്ഷങ്ങളും അവ അടങ്ങിയ ഏകവിള തോട്ടങ്ങളും ഘട്ടംഘട്ടമായി നീക്കം ചെയ്ത് സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം നടത്തുന്നതിന് 17-02-2021-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 29/2021/വനം പ്രകാരം ഒരു നയരേഖ അംഗീകരിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് വിവിധ സർക്കിളുകളിലായി 4795.18 ഹെക്ടർ സ്ഥലത്ത് സ്വാഭാവിക വന പുന:സ്ഥാപന പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്. ഇതിനുപുറമേ, മറ്റ് പ്രദേശങ്ങളിലെ മേൽ സൂചിപ്പിക്കപ്പെട്ട ഇനങ്ങളിലെ ഏകവിളതോട്ടങ്ങൾ, വളർച്ച മുരടിച്ച തേക്ക് തോട്ടങ്ങൾ മുതലായവയും സ്വാഭാവിക വനം പുന:സ്ഥാപിക്കുന്നതിനും പരിചരണത്തിനും പരിപാലനത്തിനുമായി കണ്ടെത്തിയിട്ടുള്ളതാണ്. സംരക്ഷണ വിഭാഗം ജീവനക്കാരെ ഫലപ്രദമായി വിനിയോഗിച്ചും നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചും സമയബന്ധിതമായി പട്രോളിങ് നടത്തിയും വനസംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തിയും സുസ്ഥിര വനപരിപാലന പദ്ധതികൾ നടത്തിവരുന്നുണ്ട്. വനേതരാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന വനഭൂമികൾക്ക് പകരമായി ലഭ്യമാകുന്ന ഭൂമികളിൽ പരിഹാര വനവൽക്കരണം നടത്തിയും സാമൂഹിക വനവൽക്കരണത്തിന്റെ ഭാഗമായി "വൃക്ഷസമൃദ്ധി" പോലുള്ള വിവിധ വനവൽക്കരണ പദ്ധതികൾ നടപ്പാക്കിയും വനവൽക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) 2024-25 വർഷത്തിൽ വനം വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

2024-25 സാമ്പത്തിക വർഷത്തെ പ്രധാന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

1) ഏകവിളതോട്ടങ്ങൾ ഘട്ടംഘട്ടമായി നീക്കം ചെയ്ത് പകരം തദ്ദേശീയ വൃക്ഷങ്ങൾ നട്ടുവളർത്തൽ

2) കാട്ടുതീ പ്രതിരോധം

3) തോട്ടങ്ങളുടെ സ്ഥാപനം

4) സ്ഥിരം ജണ്ടകൾ നിർമ്മിച്ച് വനാതിർത്തികൾ സംരക്ഷിക്കൽ

5) മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ഫലപ്രദമായ മാർഗങ്ങൾ

6) കെട്ടിട നിർമ്മാണം, പരിശീലനം മുതലായവയിലെ അടിസ്ഥാന സൗകര്യ വികസനം

7) വനത്തിനുള്ളിലും വനത്തോട് ചേർന്നും താമസിക്കുന്ന ആദിവാസി ഇതര വിഭാഗക്കാരെ വനത്തിന് പുറത്തേക്ക് പുനരധിവസിപ്പിക്കുന്നതിനുള്ള സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം 1040 കുടുംബ യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

(സി) വരുമാന വർധനവ് ലക്ഷ്യമിട്ട് പുതിയ തോട്ടങ്ങൾ സൃഷ്ടിക്കാൻ വനം വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ഈ വർഷം നിലവിലുള്ള തേക്ക് തോട്ടങ്ങൾ അടച്ചുമുറി നടത്തി മേൽ പ്രദേശങ്ങളിലായി 145.62 ഹെക്ടർ സ്ഥലത്ത് പുതിയ തേക്ക് തോട്ടങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) തോട്ടങ്ങളുടെ ഉൽപാദനക്ഷമത വർധിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

തോട്ടങ്ങളുടെ ഉൽപാദനക്ഷമത വർധിപ്പിക്കാൻ ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

1) ഗുണമേന്മയേറിയതും ഉൽപാദനക്ഷമത കൂടിയതുമായ വിത്തുകളും തൈകളും ഉപയോഗപ്പെടുത്തുന്നു.

2) കൃത്യമായ ഇടവേളകളിൽ വളപ്രയോഗം, കളപറിക്കൽ തുടങ്ങിയ പരിചരണ മാർഗങ്ങൾ സ്വീകരിക്കുന്നു.

3) ജലലഭ്യത, പോഷകലഭ്യത എന്നിവ ഉറപ്പാക്കുന്നു.

4) മണ്ണൊലിപ്പ്, മണ്ണിന്റെ മേൽമൂടി നഷ്ടപ്പെടൽ എന്നിവ നിയന്ത്രിക്കുന്നതിനുള്ള ശാസ്ത്രീയ മാർഗങ്ങൾ സ്വീകരിക്കുന്നു.

5) കീടങ്ങൾ, പരാദങ്ങൾ എന്നിവയുടെ ആക്രമണത്തെ ചെറുക്കുന്നതിന് ശാസ്ത്രീയ മാർഗങ്ങൾ അവലംബിക്കുന്നു.

ഉന്നതി എംപവർമെന്റ് സൊസൈറ്റി

22 (*233) ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ യുവജനങ്ങളെ ആധുനിക കാലത്തെ മികച്ച തൊഴിലുകളിൽ പ്രാവീണ്യമുള്ളവരും സംരംഭകരുമാക്കി മാറ്റേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾ പൂർത്തിയാക്കിയതോ ഉന്നതവിദ്യാഭ്യാസം നേടിയതോ ആയ യുവതീയുവാക്കൾക്ക് സ്വന്തമായി സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി ഉന്നതി എംപവർമെന്റ് സൊസൈറ്റി കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. എഞ്ചിനീയറിങ്, ഐ.ടി. അധിഷ്ഠിത സാങ്കേതികവിദ്യകൾ, മറ്റ് ആധുനിക സാങ്കേതികവിദ്യകൾ, ആരോഗ്യ സംരക്ഷണം, വിനോദസഞ്ചാര മാർക്കറ്റിങ്, കാർഷികം തുടങ്ങിയ മേഖലയിൽ പരിജ്ഞാനവും താൽപര്യമുള്ളതുമായ യുവതീയുവാക്കൾക്ക് സംരംഭകത്വ തൊഴിൽ പരിശീലനം നൽകുന്ന പ്രവർത്തനങ്ങൾ ഈ പദ്ധതി മുഖേന ചെയ്തുവരുന്നു.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവജനങ്ങളെ ആധുനിക കാലത്തെ മികച്ച തൊഴിലുകളിൽ പ്രാവീണ്യമുള്ളവരും സംരംഭകരുമാക്കി മാറ്റുന്നതിനായി സ്റ്റാർട്ടപ്പ് ഡ്രീംസ്, നൈപുണ്യ വികസന പരിശീലനങ്ങൾ, സ്വാശ്രയ സംഘങ്ങൾക്കും വനിതാ സംഘങ്ങൾക്കും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി, സ്വയംതൊഴിൽ പദ്ധതി എന്നീ പദ്ധതികൾ പട്ടികജാതി വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്.

(ബി) പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിലെ വിദ്യാസമ്പന്നരായ യുവജനങ്ങളെ സംരംഭകരും തൊഴിലുടമകളുമാക്കി മാറ്റുന്നതിനായി ഉന്നതി എംപവർമെന്റ് സൊസൈറ്റി സമഗ്ര പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട യുവജനങ്ങൾക്ക് വിദ്യാഭ്യാസം, നൈപുണ്യ പരിശീലനം, തൊഴിൽ സംരംഭകത്വ അവസരങ്ങൾ എന്നിവ ഉറപ്പാക്കുന്നതിൽ ഉന്നതി എംപവർമെന്റ് സൊസൈറ്റി നടത്തിയ ഇടപെടലുകൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

(ബി&സി) പട്ടികവർഗ വിഭാഗത്തിൽപ്പെട്ട സംരംഭകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും അവർ താൽപര്യപ്പെടുന്ന സംരംഭകത്വ മേഖലയിൽ ആവശ്യമായ മാർഗദർശനം നൽകി അവരെ വിജയത്തിലേയ്ക്ക് ഉയർത്തുന്നതിനുമായി ഉന്നതി എംപവർമെന്റ് സൊസൈറ്റി കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് സംരംഭകത്വ വികസന പരിപാടി എന്ന പേരിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതുകൂടാതെ കേരള നോളജ് ഇക്കോണമി മിഷൻ പട്ടികവർഗക്കാരായ തൊഴിൽ അന്വേഷകരെ കണ്ടെത്തി രജിസ്റ്റർ ചെയ്യിപ്പിച്ച് തൊഴിലവസരങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. തൊഴിൽദാതാക്കൾക്ക് ജീവനക്കാരെ ആവശ്യമുള്ള മേഖലയിൽ തൊഴിലന്വേഷകരെ കണ്ടെത്തി ആവശ്യമായ തരത്തിൽ നൈപുണ്യ പരിശീലനം നൽകി പ്ലേസ്മെന്റ് ഒരുക്കുകയെന്ന രീതിയിലാണ് പ്രവർത്തനങ്ങൾ. സംരംഭകത്വ മേഖലകളിൽ ഏർപ്പെടാൻ താൽപര്യപ്പെടുന്നവർക്ക് സ്റ്റാർട്ടപ്പ് മിഷൻ മാർഗനിർദേശങ്ങളും പരിശീലനവും നൽകുമെന്നുള്ളതിനാൽ അവർക്ക് കാര്യക്ഷമമായി പ്രവർത്തിക്കാനും അതുവഴി മികച്ച

സംരംഭകരായി മാറാനും സാധിക്കുന്നതാണ്. പദ്ധതിയുടെ ഭാഗമായി ഇൻഫർമേഷൻ ടെക്നോളജി, ഇലക്ട്രോണിക്സ്, കൃഷി, വിനോദസഞ്ചാരം തുടങ്ങിയ മേഖലകളിൽ ഇൻക്യുബേഷൻ സൗകര്യവും പിന്തുണയും ആവശ്യമായ ഘട്ടങ്ങളിൽ സ്റ്റാർട്ടപ്പ് മിഷൻ നൽകുന്നതാണ്. പദ്ധതി പ്രകാരം ആരംഭിക്കുന്ന സംരംഭങ്ങളുടെ ഉൽപന്നങ്ങൾക്ക് മികച്ച ബ്രാൻഡിങിലൂടെ വിപണനം ഉറപ്പാക്കുന്നതിനുള്ള നടപടികൾക്കുള്ള പിന്തുണ നൽകാനുള്ള വ്യവസ്ഥകൂടി സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് ചെയ്യാൻ ഉദ്ദേശിക്കുന്നു.

(ഡി) വിവിധ വികസനക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിൽ പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ പങ്കാളിത്തവും ഉൾക്കാഴ്ചയും ഉൾക്കൊള്ളിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

കേരളത്തിലെ പട്ടികവർഗ ജനവിഭാഗങ്ങൾക്കിടയിലെ സാമ്പത്തിക വളർച്ച, സാമൂഹിക ശക്തീകരണം, വിദ്യാഭ്യാസം, മെച്ചപ്പെട്ട അടിസ്ഥാന ഭൗതിക സാഹചര്യങ്ങളുടെ ഉറപ്പാക്കൽ, കലാ-സാംസ്കാരിക-പൈതൃകങ്ങളുടെ ഉദ്ബോധനം പരിപോഷിപ്പിക്കൽ, ശുദ്ധജല ലഭ്യത, ആരോഗ്യപരമായ അന്തരീക്ഷം എന്നിവ ഉറപ്പുവരുത്തി പൊതുസമൂഹത്തിലേയ്ക്ക് അവരെ ഉയർത്തി പരാമർശിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പട്ടികജാതി, പട്ടികവർഗ വികസന വകുപ്പുകൾക്ക് കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്ത് നഴ്സറിതലം മുതൽ പൈലറ്റ് പരിശീലന കോഴ്സുകളിൽ വരെ പഠന സഹായം ഉറപ്പുവരുത്തുന്നു. മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, പ്രീ-പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, ഐ.ടി.ഐ.-കൾ, നഴ്സറി സ്കൂളുകൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, സാമൂഹ്യ പഠനമുറി, സ്കോളർഷിപ്പ് തുടങ്ങി വിദ്യാഭ്യാസ പ്രവർത്തനത്തെ ത്വരിതപ്പെടുത്തുന്ന നിരവധി സ്ഥാപനങ്ങൾ നിലവിലുണ്ട്.

സാമൂഹ്യ പഠനമുറി, സ്കോളർഷിപ്പ്, ഹോസ്റ്റൽ സൗകര്യം, എൻട്രൻസ് പരിശീലനം, ലാപ്ടോപ് വാങ്ങുന്നതിനുള്ള ധനസഹായം, പാരലൽ കോളേജിലെ പഠനസഹായം, സിവിൽ സർവീസ് പരിശീലനം, മത്സരപരീക്ഷാ പരിശീലനം, വിദേശ പഠന സ്കോളർഷിപ്പ്, അഭിഭാഷക പരിശീലനം, ട്രേസ് (TRACE) തുടങ്ങിയവ വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികളിൽ ഉൾപ്പെടുന്നു.

സാമ്പത്തിക ഉന്നമനത്തിനായി വിവിധ തൊഴിൽ പരിശീലനങ്ങൾ, സംരംഭകത്വം ആരംഭിക്കുന്നതിനുള്ള ധനസഹായങ്ങൾ, ഉൽപന്ന പ്രദർശന വിപണന മേളകൾ, ടൈബൽ പ്ലാൻ പദ്ധതി, വിവാഹ ധനസഹായം, മിശ്രവിവാഹിതർക്ക് ധനസഹായം, ചികിത്സാ ധനസഹായം, ഏകവരുമാനദായകൻ അന്തരിച്ച കുടുംബത്തിനുള്ള ധനസഹായം തുടങ്ങി വ്യത്യസ്തമായ സാമൂഹ്യ ക്ഷേമപദ്ധതികളും നടപ്പാക്കിവരുന്നു. സാംസ്കാരിക മേഖലയിലെ ഉണർവിനായി നടപ്പാക്കുന്ന നാടൻ കലാമേളയായ ഗദ്ദിക, സർഗോത്സവം, കളിക്കളം തുടങ്ങിയവ പൊതുസമൂഹത്തിലാകെ ശ്രദ്ധേയമാണ്.

കാർഷിക വനവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

23 (*234) ശ്രീ. ടി. ഐ. മധുസൂദനൻ:

ശ്രീ. യു. ആർ. പ്രദീപ്:

ശ്രീ. ഐ. ബി. സതീഷ്:

ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക വനവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൃഷി ഭൂമിയിലെ മരങ്ങൾ വെട്ടാനും വിൽക്കാനുമുള്ള അനുമതി ഓൺലൈൻ വഴി ലഭ്യമാക്കി തുടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

2005-ലെ കേരള വൃക്ഷം വളർത്തൽ പ്രോത്സാഹന ആക്ടും ആയതിന്റെ ഭേദഗതികളും അനുബന്ധ ചട്ടങ്ങളും പ്രകാരം, വനേതര ഭൂമിയിൽ വിജ്ഞാപനം ചെയ്ത പ്രദേശങ്ങൾക്കും അല്ലാത്ത പ്രദേശങ്ങളിലും ടി നിയമങ്ങളിലും ചട്ടങ്ങളിലും നിർദേശിച്ചിട്ടുള്ള തരത്തിൽ മരങ്ങൾ മുറിക്കുന്നതിനും കടത്തിക്കൊണ്ട് പോകുന്നതിനുമുള്ള അനുമതി (പാസ്സ് ഡിക്ലറേഷന്റെ അടിസ്ഥാനത്തിൽ) നൽകുന്നതിനായി TIMBER എന്ന പേരിൽ ഓൺലൈൻ സോഫ്റ്റ്വെയർ തയ്യാറാക്കിയിട്ടുണ്ട്. ഇത് പൊതുജനങ്ങൾക്ക് ഉപയോഗ യോഗ്യമാക്കുന്നതിനും ഫീൽഡുതലത്തിൽ ഉപയോഗിച്ച് തുടങ്ങാനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അതിനായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം മാതൃകാചട്ടം പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ചട്ടം അനുസരിച്ച് നിയന്ത്രണാധികാരം ആർക്കാണുള്ളതെന്ന് വിശദമാക്കാമോ?

ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാർ ഒരു മാതൃകാചട്ടം തയ്യാറാക്കി എല്ലാ സംസ്ഥാന സർക്കാരുകൾക്കും അയച്ചുനൽകിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ നിയന്ത്രണാധികാരം സ്റ്റേറ്റ് ലെവൽ കമ്മിറ്റികൾക്കാണെന്ന് മാതൃകാചട്ടത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. 2016-ലെ മരാധിഷ്ഠിത വ്യവസായ സ്ഥാപനങ്ങളുടെ നടത്തിപ്പും കൈകാര്യ കർതൃത്വവും ചട്ടങ്ങൾ പ്രകാരം രൂപീകരിച്ച കമ്മിറ്റി തന്നെ ഈ ആവശ്യത്തിനായി ഉപയോഗിക്കാമെന്ന് മാതൃകാചട്ടത്തിൽ

വ്യവസ്ഥ ചെയ്യുന്നു. ഈ കമ്മിറ്റിയിലെ അംഗങ്ങൾക്ക് പുറമെ റവന്യൂ, കൃഷി വകുപ്പുകളിലെ പ്രതിനിധികളെയും കമ്മിറ്റിയിൽ ഉൾപ്പെടുത്താൻ വ്യവസ്ഥയുണ്ട്.

(സി) മരം മുറിക്കാനുള്ള അപേക്ഷകൾ പരിശോധിക്കാനും അനുമതി നൽകാനും ഏതൊക്കെ വകുപ്പുകളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മാതൃകാചട്ടപ്രകാരം മരം മുറിക്കാനുള്ള അപേക്ഷകൾ പരിശോധിക്കാനും അനുമതി നൽകാനും വനം വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. നിലവിലുള്ള ചട്ടപ്രകാരം റവന്യൂ, കൃഷി വകുപ്പുകളുടെ സഹായവും ഇക്കാര്യത്തിൽ തേടാറുണ്ട്.

ആദിവാസി മേഖലയിലെ വികസന മുന്നേറ്റങ്ങൾ

24 (*235) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പട്ടികവർഗ വികസന വകുപ്പ് രൂപീകരണത്തിന്റെ സുവർണ്ണ ജൂബിലി വർഷമായി 2025-26 ആചരിക്കുന്ന വേളയിൽ കേരളത്തിലെ ആദിവാസി മേഖലയിലുണ്ടായ വികസന മുന്നേറ്റങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

കേരളത്തിൽ പട്ടികവർഗ വികസന വകുപ്പ് രൂപീകരണത്തിന്റെ സുവർണ്ണ ജൂബിലി വർഷമായി 2025-26 ആചരിക്കുന്ന വേളയിൽ കേരളത്തിലെ ആദിവാസി മേഖലയിലുണ്ടായ നിരവധി മുന്നേറ്റങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പൊതുസമൂഹത്തിലെ ജനവിഭാഗങ്ങളോടൊപ്പം വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലും സാമൂഹ്യ-സാമ്പത്തിക അവസ്ഥകളിലും തുല്യ നിലയിലുള്ള ഒരു സമൂഹമായി കേരളത്തിലെ ആദിവാസി സമൂഹത്തെ ഉയർത്തിക്കൊണ്ടുവരാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ?

പൊതുസമൂഹത്തിലെ ജനവിഭാഗങ്ങളോടൊപ്പം വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലും സാമൂഹ്യ-സാമ്പത്തിക അവസ്ഥകളിലും തുല്യനിലയിലുള്ള ഒരു സമൂഹമായി കേരളത്തിലെ ആദിവാസി സമൂഹത്തെ ഉയർത്തിക്കൊണ്ടുവരാൻ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

2025-26 സാമ്പത്തിക വർഷത്തിൽ കിർത്താഡ്സ് വകുപ്പ് മുഖേന ടെയിനിങ് ഓൺ വീൽസ്, ഉന്നതിതല സംഗമം, കേരള ട്രൈബൽ കോൺഗ്രസ്, ട്രൈബൽ ലിറ്ററേച്ചർ ഫെസ്റ്റിവൽ എന്നിങ്ങനെ വിവിധ പരീശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

(സി) തദ്ദേശ ജനതയുടെ അറിവ് സാമൂഹികമായി പ്രയോജനപ്പെടുത്തുന്നതിനും തദ്ദേശീയ വൈദ്യത്തെയും തദ്ദേശീയ വിത്തിനങ്ങളെയും കൃഷിയെയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണ്ണാടിപ്പായപോലുള്ള കരകൗശല വസ്തുക്കളെയും ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനും എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വ്യക്തമാക്കാമോ?

പട്ടികജാതി, പട്ടികവർഗ, കിർത്താഡ്സ് വകുപ്പുകൾ സംയുക്തമായി സംഘടിപ്പിക്കുന്ന ഗദ്ദിക പോലുള്ള മേളകൾ, തദ്ദേശീയ ജനതയുടെ അറിവുകൾ സാമൂഹികമായി പ്രയോജനപ്പെടുത്തുന്നതിനും അവരുടെ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും വലിയ പങ്കുവഹിക്കുന്നു. തദ്ദേശീയ സമൂഹത്തിന്റെ കലകളും അറിവുകളും സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, തദ്ദേശീയരുടെ തനത് കലാരൂപങ്ങൾ, പരമ്പരാഗത വൈദ്യത്തിലെ അറിവുകൾ, ജീവിതശൈലി എന്നിവ പൊതുസമൂഹത്തിന് പരിചയപ്പെടുത്തുന്നതിനും ഇത്തരം മേളകൾ സഹായകരമാകുന്നു. കണ്ണാടിപ്പായ പോലുള്ള കരകൗശല വസ്തുക്കളുടെ പ്രദർശനവും വില്പനയും ഇത്തരം മേളകളിൽ ഉൾപ്പെടുത്തുന്നതിലൂടെ പട്ടികവർഗ വിഭാഗക്കാർക്ക് അവരുടെ ഉൽപന്നങ്ങൾ നേരിട്ട് വിറ്റഴിക്കുന്നതിനും അതുവഴി മെച്ചപ്പെട്ട വരുമാനം നേടുന്നതിനും അവസരം ലഭിക്കുന്നു. തദ്ദേശീയ വൈദ്യത്തെ പ്രോത്സാഹിപ്പിക്കുന്നതിന് പരമ്പരാഗത തദ്ദേശീയ വൈദ്യന്മാർക്ക് സാമ്പത്തിക സഹായവും നൽകിവരുന്നു. തദ്ദേശീയ വിത്തിനങ്ങൾ സംരക്ഷിക്കുന്നതിന് CMD-യുടെ സഹായത്തോടെ ഹരിത രശ്മി, പട്ടികവർഗ വികസന വകുപ്പ് മുഖേന 'നമത് വെള്ളാമെ' പദ്ധതികളും നടപ്പാക്കിവരുന്നു. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ

25 (*236) ശ്രീ. എച്ച്. സലാം:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. എം. വിജിൻ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന് കീഴിലുള്ള കായിക സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, സ്പോർട്സ് കേരള ഫൗണ്ടേഷൻ, റീജിയണൽ ഓഫീസ് എറണാകുളം, റീജിയണൽ ഓഫീസ് കോഴിക്കോട്, റീജിയണൽ സ്പോർട്സ് മെഡിസിൻ സെന്റർ, കായിക യുവജന കാര്യാലയത്തിന് കീഴിൽ ജി.വി. രാജ സ്പോർട്സ് സ്കൂൾ, ജി.വി. എച്ച്.എസ്.എസ്. (സ്പോർട്സ്) കണ്ണൂർ, തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ കുന്നംകുളം എന്നീ സ്പോർട്സ് സ്കൂളുകളാണ് കേരള സർക്കാരിന് കീഴിലുള്ള കായിക സ്ഥാപനങ്ങൾ.

(ബി) കായിക പ്രതിഭകളെ വളർത്തുന്നതിനും ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിനുമായി ഇത്തരം കായിക സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ കായിക പരിശീലനം, കായിക പ്രവർത്തനങ്ങളുടെ പ്രോത്സാഹനം, ധനസഹായവും പ്രോത്സാഹനവും എന്നിവയും സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്പോർട്സുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളും നടന്നുവരുന്നു. റീജിയണൽ സ്പോർട്സ് മെഡിസിൻ സെന്ററിന് കീഴിൽ കായിക താരങ്ങൾക്ക് ചികിത്സാസൗകര്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. കായിക യുവജനകാര്യാലയത്തിന്റെ

കീഴിൽ പ്രവർത്തിക്കുന്ന സ്പോർട്സ് സ്കൂളുകളിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കായിക പ്രതിഭകളെ കണ്ടെത്തി, ക്രമബദ്ധമായ പരിശീലനവും ഉന്നത നിലവാരത്തിലുള്ള സൗകര്യങ്ങളും നൽകി അവരുടെ കഴിവുകൾ വളർത്തിയെടുക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്നു. ഈ സ്കൂളുകൾ വിദ്യാർഥികൾക്ക് വിദ്യാഭ്യാസവും കായികപരിശീലനവും ഒരുമിച്ച് നൽകുന്ന സംവിധാനത്തിലൂടെയാണ് പ്രവർത്തിക്കുന്നത്. സംസ്ഥാന, ദേശീയ, അന്താരാഷ്ട്ര മത്സരങ്ങളിൽ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിയുന്ന താരങ്ങളെ വാർത്തെടുക്കുക എന്നതാണ് ഇവയുടെ പ്രധാന ലക്ഷ്യം. ഇതിലൂടെ കേരളത്തിന്റെ കായികരംഗത്തെ പുരോഗതിയും പ്രതിഭാസൃഷ്ടിയും ഉറപ്പാക്കുകയും ഭാവിയിലെ മികച്ച താരങ്ങളെ രാജ്യത്തിനും സംസ്ഥാനത്തിനും നൽകുകയും ചെയ്യുന്നു. കൂടാതെ കായികക്ഷമത വർധിപ്പിക്കുന്നതിനും കായിക സാക്ഷരതയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുമായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ വിഭാവനം ചെയ്ത പദ്ധതിയാണ് കേരള കായികക്ഷമതാ മിഷൻ. വിദ്യാഭ്യാസ വകുപ്പും ആരോഗ്യ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും മറ്റിതര വകുപ്പുകളും സംയുക്തമായി ഇതുസംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചുവരുന്നു. 5 വിഭാഗങ്ങളിലായി സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടാണ് ടി പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. നഴ്സറി തലം മുതൽ 5 വയസ്സുവരെയും 6 വയസ്സുമുതൽ 17 വയസ്സുവരെയും 17 വയസ്സുമുതൽ 59 വയസ്സുവരെയും പ്രായമായവർക്കും ഭിന്നശേഷിക്കാർക്കും എന്നിങ്ങനെയുള്ള 4 ഏജ് ഗ്രൂപ്പുകളിലായാണ് കായികക്ഷമതാ മിഷൻ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

കായിക യുവജന കാര്യാലയത്തിന് കീഴിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ സ്പോർട്സ് ലൈഫ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ഡി) എല്ലാ ജില്ലകളിലും ഫിറ്റ്നസ് സെന്ററുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സ്ഥല ലഭ്യതയനുസരിച്ച്, അനുയോജ്യമായ പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്കായുള്ള പദ്ധതികളുടെ മോണിറ്ററിങ്

26 (*237) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ചാണ്ടി ഉമ്മൻ:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിർവഹണം, ഫലപ്രാപ്തി, മോണിറ്ററിങ്, പരാതി പരിഹാരം തുടങ്ങിയവ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിലയിരുത്തുന്നതിന് നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന വിശദാംശം ലഭ്യമാക്കാമോ?

പട്ടികജാതി, പട്ടികവർഗ ജനവിഭാഗങ്ങളുടെ വികസനത്തിനായി നടപ്പാക്കിവരുന്ന പദ്ധതികളുടെ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായ നടത്തിപ്പിന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ. ചെയർമാനായി നിരീക്ഷണ സമിതി രൂപീകരിക്കാൻ 20-05-2022-ലെ സ.ഉ. (കൈ) നം. 24/2022/SCSTDD പ്രകാരം ഉത്തരവായിട്ടുണ്ട്. (ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.[+])

സമിതിയുടെ ഘടന ചുവടെ ചേർക്കുന്നു.

1. ചെയർമാൻ-എം.എൽ.എ.

2. കൺവീനർ-പട്ടികജാതി വികസന ഓഫീസർ (ഒന്നിലേറെ ബ്ലോക്കുകളോ മുനിസിപ്പാലിറ്റികളോ ഉണ്ടെങ്കിൽ ജില്ലാ അസിസ്റ്റന്റ് പട്ടികജാതി വികസന ഓഫീസറായിരിക്കും കൺവീനർ)

3. അംഗങ്ങൾ

1. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷന്മാർ, സെക്രട്ടറിമാർ.

2. ബന്ധപ്പെട്ട ഡിവിഷനുകളിലെ ജില്ലാ പഞ്ചായത്ത് അംഗങ്ങൾ.

3. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി/പട്ടികവർഗ അംഗങ്ങൾ

4. പ്രോജക്ട് ഓഫീസർ/ടൈബൽ ഡെവലപ്മെന്റ് ഓഫീസർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

5. ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷനിലെ തദ്ദേശസ്വയംഭരണ എഞ്ചിനീയറിങ്ങ് വിഭാഗം മേധാവികൾ.

സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികളുടെ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായ നടത്തിപ്പിന് മേൽനോട്ടം വഹിക്കുകയാണ് സമിതിയുടെ പ്രധാന പ്രവർത്തനം. കൂടാതെ സാമൂഹ്യമാധ്യമങ്ങൾ വഴി ക്ഷേമപദ്ധതികളുടെ വിവരം പട്ടികജാതി വിഭാഗങ്ങൾക്കിടയിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ വെബ്സൈറ്റിൽ പദ്ധതികളുടെ വിവരം ഉൾപ്പെടുത്തിയിട്ടുണ്ട്.

പട്ടികവർഗക്കാരുടെ സാമ്പത്തിക ഉന്നമനത്തിനായുള്ളവ ഉൾപ്പെടെ എല്ലാ പദ്ധതികളും സംസ്ഥാനതലത്തിൽ വകുപ്പുമന്ത്രി, സെക്രട്ടറി, ഡയറക്ടർ തലങ്ങളിൽ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ യഥാസമയം നൽകുന്നുണ്ട്. കൂടാതെ ജില്ലാതലത്തിൽ ജില്ലാ കളക്ടർ, പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരുടെ സാന്നിധ്യത്തിൽ വിലയിരുത്തുന്നുണ്ട്. ഇതുകൂടാതെ ഓരോ ജില്ലയുടെയും പദ്ധതി പുരോഗതി ഡയറക്ടറേറ്റിലെ നിയന്ത്രണ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ വിലയിരുത്തി വരുന്നുണ്ട്. ഇതേ നിലയിൽ പട്ടികജാതി വികസന വകുപ്പിലും വിലയിരുത്തൽ നടക്കുന്നു.

പട്ടികജാതി വികസന വകുപ്പിന്റെയും പട്ടികവർഗ വികസന വകുപ്പിന്റെയും പ്ലാൻ ഫണ്ട് വിനിയോഗ വിവരങ്ങൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും അവലോകനം ചെയ്യുന്നതിന് 'പ്ലാൻ സ്പെയ്സ്' എന്ന സംവിധാനം നിലവിലുണ്ട്. ഇതിലൂടെ ഓരോ പദ്ധതിയിലും വിനിയോഗിക്കുന്ന വിവരം അറിയാൻ സാധിക്കുന്നതാണ്. ഈ സംവിധാനം

പ്രയോജനപ്പെടുത്തിക്കൊണ്ട് സംസ്ഥാനതലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്.

പട്ടികവിഭാഗ വികസന വകുപ്പുകളിൽ ലഭ്യമാകുന്നതും വകുപ്പുമന്ത്രിയുടെ കാര്യാലയത്തിൽ ലഭ്യമാകുന്നതുമായ പരാതികൾ സമയപരിധിക്കുള്ളിൽ പരിഹരിക്കുന്നതിന് ജില്ലാ ഓഫീസുകൾ മുഖേനയും ഡയറക്ടറേറ്റ് മുഖേനയും നടപടികൾ സ്വീകരിക്കാറുണ്ട്.

പട്ടികവർഗ വികസന വകുപ്പ് നടപ്പാക്കിവരുന്ന വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ചും ടി വിഭാഗത്തിന്റെ വിവിധ സേവനങ്ങളെക്കുറിച്ചും പട്ടികവർഗക്കാർക്കും പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഉണ്ടാകുന്ന വിവിധ സംശയങ്ങളും വിവരങ്ങളും വകുപ്പിൽനിന്ന് അറിയിക്കുന്നതിനായി ഒരു ടോൾ ഫ്രീ നമ്പർ സേവനം പട്ടികവർഗ വികസന വകുപ്പ് 2017 വർഷം മുതൽ നടപ്പാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ ആനുകൂല്യങ്ങളെകുറിച്ചും ചികിത്സ സംബന്ധിച്ചും ഭവനനിർമ്മാണം മറ്റ് ധനസഹായങ്ങൾ തുടങ്ങിയ എല്ലാ പദ്ധതികളെക്കുറിച്ചുള്ള സംശയങ്ങളും അന്വേഷണങ്ങളും ദൂരീകരിക്കുന്നതിന് ഈ സംവിധാനത്തിലൂടെ കഴിയുന്നുണ്ട്. പട്ടികവർഗ ഡയറക്ടറേറ്റും പട്ടികവർഗ നഗറുകളും തമ്മിലുള്ള ഒരു ചാനലായി ഈ സംവിധാനം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനം (സി.എം.ഒ. പോർട്ടൽ) വഴി ലഭ്യമാകുന്ന പരാതികൾ സമയപരിധിക്കുള്ളിൽ പരിഹരിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

(ബി) പദ്ധതികളുടെ നടത്തിപ്പിൽ സുതാര്യത ഉറപ്പാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും സമയബന്ധിതവും വികേന്ദ്രീകൃതവുമായ ഓഡിറ്റിങ് സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് വിജിലൻസ് വിഭാഗം ഫണ്ട് വിനിയോഗത്തിൽ ക്രമക്കേടുകൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്താൻ കൂടുതൽ ജാഗ്രത പുലർത്തുന്നുണ്ട്. നിലവിൽ സംസ്ഥാനത്തെ ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഓഫീസുകൾ ഹോസ്റ്റൽസ്, എം.ആർ.എസ്. എന്നിവ സന്ദർശിക്കുകയും കർശന നിർദ്ദേശങ്ങൾ നൽകുകയും രേഖകൾ പരിശോധിക്കുകയും ചെയ്തുവരുന്നുണ്ട്. പരാതികൾ സമയബന്ധിതമായി അന്വേഷിക്കുകയും ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് ശിപാർശ ചെയ്യുകയും ചെയ്തുവരുന്നു. കൂടാതെ വകുപ്പുതല ഓഡിറ്റ് കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. പട്ടികജാതി വിഭാഗങ്ങൾക്കായി വകയിരുത്തിയ ഫണ്ടിന്റെ ദുരുപയോഗം തടയാൻ വകുപ്പിന്റെ ക്ഷേമ പദ്ധതികളെല്ലാം ഓൺലൈനായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിനോടൊപ്പം വകുപ്പുതല ഓഡിറ്റ് സംവിധാനവും വിജിലൻസ് പരിശോധനയും ശക്തമാക്കി ക്രമക്കേടുകൾ തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

* പട്ടിക വിഭാഗ വികസന വകുപ്പുകളിലെ ഓരോ പദ്ധതിയിലും കേരള സംസ്ഥാന പ്ലാനിങ് ബോർഡിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന പ്ലാൻ സ്പേസ് വഴി ഫണ്ടിന്റെ ഉപയോഗം, കുടിശ്ശിക എന്നിവയുടെ വിവരങ്ങൾ ഓഫീസുകൾക്കും ജനങ്ങൾക്കും ലഭ്യമാക്കി സുതാര്യത ഉറപ്പാക്കുന്നു.

* എല്ലാ പദ്ധതികളിലും സുതാര്യ മെക്കാനിസം, റിവ്യൂ മീറ്റിങ്ങുകൾ, വിവിധതലങ്ങളിൽ നിരീക്ഷണ കമ്മിറ്റികൾ എന്നിവ പ്രായോഗികമായി നടപ്പാക്കുന്നു.

* DBT (Direct Benefit Transfer) വഴി സഹായം നേരിട്ട് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് എത്തിക്കുന്നു.

* വകുപ്പുതല പരിശോധനകൾക്കായി പ്രത്യേക പരിശോധനാ സംഘത്തെ രൂപീകരിക്കരിക്കുന്നതിനും സമയബന്ധിതമായി പരിശോധനകൾ പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

* ആഭ്യന്തര ഓഡിറ്റ് റിപ്പോർട്ട് അംഗീകരിച്ചാലുടൻ ധനകാര്യ വകുപ്പിലേക്ക് റിപ്പോർട്ട് കൈമാറുന്നതാണ്.

* പരിശോധനാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ വീഴ്ചകൾക്ക് ബന്ധപ്പെട്ട അധികാരികൾക്ക് സ്പഷ്ടമായ നിർദ്ദേശങ്ങൾ നൽകുന്നു.

പട്ടികജാതി, പട്ടികവർഗ വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ നടപടി

27 (*238) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ വിദ്യാർഥികൾക്കിടയിൽ

തോൽവിയുടെയും കൊഴിഞ്ഞുപോക്കിന്റെയും നിരക്ക് കൂടുതലാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് പട്ടികജാതി വിദ്യാർഥികൾ പരാജയപ്പെടുന്നതിന്റെയും ഇടയ്ക്കുവച്ച് പഠനം നിർത്തിപോകുന്ന പ്രവണതയും പരിശോധിച്ചിട്ടുണ്ട്. ഇത് ആപേക്ഷികമായി കൂടുതലല്ല. മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനാൽ അഞ്ചാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കായി 10 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ വകുപ്പ് നടപ്പാക്കിവരുന്നു. തോന്നയ്ക്കലിൽ പെൺകുട്ടികൾക്കായി ഇംഗ്ലീഷ് മീഡിയം റെസിഡൻഷ്യൽ സ്കൂൾ ഈ അധ്യയന വർഷം ആരംഭിക്കും. 5 മുതൽ 10 വരെയുള്ള കുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം 86 ഇടങ്ങളിൽ ഒരുക്കിയിട്ടുണ്ട്. ഇവിടെ പ്രത്യേക ട്യൂഷൻ ഏർപ്പാടാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് 200 വിജ്ഞാനവാടികൾ സ്കൂൾ കുട്ടികൾക്ക് അടക്കം ലൈബ്രറി സൗകര്യത്തോടെ വൈകുന്നേരങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

പട്ടികവർഗ മേഖലകളിലെ സ്കൂൾ പഠനം ഉപേക്ഷിച്ച കുട്ടികളെ തിരികെ സ്കൂളിലേയ്ക്ക് കൊണ്ടുവരുന്നതിനും ഇവർക്ക് പ്രത്യേക പരിഗണന നൽകുന്നതിനും വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനുമായി പട്ടികവർഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. കൊഴിഞ്ഞുപോയ വിദ്യാർഥികളെ കണ്ടെത്തി അവരെ തിരികെ സ്കൂളുകളിൽ എത്തിക്കുന്നതിന് ജില്ലാതലത്തിൽ ടൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, എസ്.റ്റി. പ്രൊമോട്ടർമാർ, മെന്റർ ടീച്ചർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവരുടെ സഹായത്തോടെ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു.

പട്ടികവർഗ മേഖലകളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിലേക്കായും വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനുമായി വകുപ്പ് നടപ്പാക്കിയ പദ്ധതികളുടെയും ഇടപെടലുകളുടെയും ഫലമായി പട്ടികവർഗ വിദ്യാർഥികൾക്കിടയിൽ തോൽവിയുടെയും കൊഴിഞ്ഞുപോക്കിന്റെയും നിരക്ക് ഗണ്യമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) പഠനത്തിൽ പിന്നാക്കം നിൽക്കുന്ന പ്രസ്തുത വിഭാഗത്തിലെ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർഥികളുടെ പഠനത്തിന് സഹായകരമാകുന്ന തരത്തിൽ പട്ടികജാതി വികസന വകുപ്പ് താഴെപ്പറയുന്ന വിവിധ വിദ്യാഭ്യാസ ആനുകൂല്യ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

പ്രീമെട്രിക് സ്കോളർഷിപ്പ്, പ്രൈമറി/സെക്കൻഡറി എഡ്യൂക്കേഷൻ എയിഡ്, പ്രതിമാസ സ്റ്റൈപ്പന്റ്, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രീമെട്രിക് സ്കോളർഷിപ്പ്, ആരോഗ്യഹാനിക്കിടയാക്കുന്ന ശുചീകരണ ജോലികളിൽ ഏർപ്പെടുന്നവരുടെ ആശ്രിതർക്കുള്ള സ്കോളർഷിപ്പ്, അംഗീകൃത എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ്, റീ-ഇംബേഴ്സ്മെന്റ്, ശ്രീഅയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്, പ്രത്യേക പ്രോത്സാഹന സമ്മാനം, മെഡിക്കൽ, എഞ്ചിനീയറിങ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം-വിഷൻ, പ്ലസ് ടു പഠനത്തിനുശേഷമുള്ള എൻട്രൻസ് കോച്ചിങ്-വിഷൻ പ്ലസ്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്, ലാപ്ടോപ് വാങ്ങുന്നതിനുള്ള ധനസഹായം, സ്റ്റെതസ്കോപ്പ്

വിതരണം, എഞ്ചിനീയറിങ്, മെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിന് ഗ്രാന്റ്, ബിരുദ/ബിരുദാനന്തര ബിരുദ കലാ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് പഠന പരിശീലന ഉപകരണങ്ങൾ/ഉപാധികൾ വാങ്ങുന്നതിന് ധനസഹായം, മോഡൽ റെസിഡൻഷ്യൽ സ്കൂൾ, ഇൻഡസ്ട്രിയൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, സബ്സിഡൈസ്ഡ് ഹോസ്റ്റൽ.

പട്ടികവർഗ വികസനവകുപ്പിന്റെ നിയന്ത്രണത്തിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർഥികളെ കണ്ടെത്തി അവർക്ക് റെമഡിയൽ ക്ലാസ്സുകൾ നൽകിവരുന്നു. കൂടാതെ ഗണിത വിഷയത്തിൽ പ്രോത്സാഹനം നൽകുന്നതിന് മഞ്ചാടി പദ്ധതിയും ശാസ്ത്ര വിഷയങ്ങളിൽ പ്രോത്സാഹനം നൽകുന്നതിന് മഴവിൽ പദ്ധതിയും KDISC-യുമായി സഹകരിച്ച് നടപ്പാക്കിവരുന്നു. വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഹോസ്റ്റലുകളിൽ ട്യൂട്ടർമാരുടെ സഹായത്തോടെ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർഥികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനവും നൽകിവരുന്നു. സ്കൂളുകളിൽനിന്നും ഊരുകളിൽ തിരികെ എത്തുന്ന കുട്ടികൾക്ക് ഫലപ്രദമായ പഠന സൗകര്യവും ലഘുഭക്ഷണവും ഒരുക്കുന്നതിനായി 2017-18 വർഷം മുതൽ സാമൂഹ്യപഠനമുറി പദ്ധതി നടപ്പാക്കിവരുന്നു. സംസ്ഥാനത്തുടനീളം 364 സാമൂഹ്യ പഠനമുറികൾ പ്രവർത്തിച്ചുവരുന്നു.

പട്ടികവർഗ വിദ്യാർഥികളുടെ പഠന നിലവാരം അവലോകനം ചെയ്യുന്നതിനും കുട്ടികളുടെ പങ്കാളിത്തം സ്കൂളുകളിൽ ഉറപ്പാക്കുന്നതിനും സ്കൂൾ വിദ്യാഭ്യാസം

മെച്ചപ്പെടുത്തുന്നതിനും വിദ്യാഭ്യാസത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, സംസ്ഥാന ആസൂത്രണ ബോർഡ് എന്നിവരുടെ സഹകരണത്തോടുകൂടി ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ആയതുപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വാഹന സൗകര്യമില്ലാത്ത സ്ഥലങ്ങളിലേക്ക് വാഹന സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പട്ടികവർഗ വിദ്യാർഥികൾക്കായി വാഹന സൗകര്യമില്ലാത്ത സ്ഥലങ്ങളിലേക്ക് വാഹന സൗകര്യം ഏർപ്പെടുത്താൻ വകുപ്പ് നിലവിൽ 'വിദ്യാവാഹിനി' പദ്ധതി നടപ്പാക്കുന്നുണ്ട്.

പട്ടികവർഗ വിദ്യാർഥികൾക്ക് വാസസ്ഥലത്തുനിന്നും സ്കൂളിൽ പോയിവരാൻ വകുപ്പ് ആവിഷ്കരിച്ച 'ഗോത്രസാരഥി' പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കുകയും ഗോത്രവാഹിനി പദ്ധതിയുടെ മാർഗനിർദേശങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി വിദ്യാവാഹിനി എന്ന് പുനഃനാമകരണം ചെയ്ത് 2023-24 മുതൽ നടപ്പാക്കിവരുന്നു.

ഭൂഗർഭ ജല ഗുണനിലവാര പദ്ധതി

28 (*239) ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന വ്യാപകമായി ഭൂഗർഭ ജല ഗുണനിലവാര പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഭൂഗർഭജലഗുണനിലവാരം വിശദമായി പഠിക്കുന്നതിനും വിലയിരുത്തുന്നതിനുമായി സർക്കാർ നിർദേശപ്രകാരം ഭൂജല വകുപ്പ് തയ്യാറാക്കിയ പദ്ധതിയാണ് ഭൂജല ഗുണനിലവാര പദ്ധതി. ഈ പദ്ധതിയിൽ 14 ജില്ലകളിലായി ജലഗുണനിലവാര പ്രശ്നങ്ങൾ കൂടുതലായി നിലനിൽക്കുന്ന 14 ബ്ലോക്കുകൾ തിരഞ്ഞെടുത്ത് 2024 ഏപ്രിൽ മാസം മുതൽ ഭൂജല ഗുണനിലവാര പരിശോധനകൾ നടത്തിവരുന്നു. ജല പരിശോധനയ്ക്കായി രൂപപ്പെടുത്തിയതും ജലപരിശോധനയ്ക്കാവശ്യമായ ആധുനിക ഉപകരണങ്ങൾ ഘടിപ്പിക്കപ്പെട്ടതുമായ മൊബൈൽ ലബോറട്ടറിയുടെ സൗകര്യമാണ് ഇതിനായി പ്രയോജനപ്പെടുത്തി വരുന്നത്. ഇതിനുപുറമെ വകുപ്പ് എല്ലാ ജില്ലകളിലും നിരീക്ഷണ കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. അതിലെ ജല ഗുണനിലവാര പരിശോധന നടത്തി റിപ്പോർട്ട് ചെയ്യുന്നുമുണ്ട്.

ജലഗുണനിലവാര പരിശോധനയ്ക്കായി ഭൂജല വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റീജിയണുകളിലായി മൂന്ന് ലാബുകൾ പ്രവർത്തിക്കുന്നു. മൂന്ന് ലാബുകളിലും ജലത്തിന്റെ ഭൗതിക രാസപരിശോധനകളും ബാക്ടീരിയോളജിക്കൽ പരിശോധനകളും നടത്തുന്നുണ്ട്. വകുപ്പിന്റെ കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട ജലസാമ്പിളുകളുടെ പരിശോധനയും മേൽ റീജിയണൽ ലാബുകളിൽ നടത്തിവരുന്നു.

(ബി) ഭൂഗർഭ ജലത്തിന്റെ വിവരങ്ങൾ ശേഖരിച്ച് കിണറുകളുടെ സെൻസസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സംസ്ഥാനത്തെ എല്ലാ ഭൂജല നിർമ്മിതികളുടെയും വിവരങ്ങൾ ശേഖരിച്ച് ഭൂജലസ്രോതസ്സുകളുടെ മാസ്റ്റർ ഡാറ്റാ ബേസ് തയ്യാറാക്കുന്നതിനുവേണ്ടി നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി വെൽ സെൻസസ് പദ്ധതി 93 ബ്ലോക്കുകളിലെ 563 പഞ്ചായത്തുകളിൽ ആരംഭിച്ചു. KSREC-യുടെ സഹായത്തോടെ വികസിപ്പിച്ചെടുത്ത 'നീരറിവ്' എന്ന മൊബൈൽ ആപ്പ് ഉപയോഗിച്ച് കുടുംബശ്രീ മിഷൻ മുഖേനയാണ് എല്ലാ ഭൂജല നിർമ്മിതികളുടെയും വിവരങ്ങൾ ശേഖരിക്കുന്നത്. 331 പഞ്ചായത്തുകളിൽ പൂർണ്ണമായും 232 പഞ്ചായത്തുകളിൽ ഭാഗികമായും വിവരശേഖരണം പൂർത്തിയാക്കിയിട്ടുണ്ട്.

(സി) ഭൂഗർഭ ജലലഭ്യത നിലനിർത്തുന്നതിനായി നടപ്പാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ഭൂജലവകുപ്പ് 'ഭൂജലസംരക്ഷണവും സംപോഷണവും' എന്ന പ്ലാൻ പദ്ധതി ഭൂജലസംരക്ഷണത്തിനായി നടപ്പാക്കിവരുന്നു. മേൽക്കൂര വഴിയുള്ള മഴവെള്ള കൊയ്ത്തിലൂടെ തുറന്ന കിണർ/കുഴൽക്കിണർ, റീചാർജ് പിറ്റ് വഴിയുള്ള ഭൂജലസംപോഷണം, ചെറിയ തടയണകളുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ പുനരുദ്ധാരണം തുടങ്ങിയ പ്രവൃത്തികൾ ഈ പദ്ധതിയിൻകീഴിൽ നടപ്പാക്കിവരുന്നു. കേരളത്തിലെ ഗുരുതര, അർധ ഗുരുതര ബ്ലോക്കുകളിൽ ഭൂജലസംപോഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകിവരുന്നു. സുസ്ഥിര ഭൂജല ലഭ്യത കൈവരിക്കുന്നതിനായി സംസ്ഥാനത്തെ പൊതുസ്ഥാപനങ്ങളിലെ ഭൂജല നിർമ്മിതികളെ കേന്ദ്രീകരിച്ചാണ് പ്രസ്തുത പദ്ധതി പ്രധാനമായും നടപ്പാക്കുന്നത്. കേന്ദ്ര

സർക്കാർ ആവിഷ്കരിച്ച ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പാക്കിവരുന്ന 'ജൽ ശക്തി അഭിയാൻ: 'Catch the rain' പ്രോഗ്രാമിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ തനത് ഫണ്ടും കേന്ദ്ര ഫണ്ടും ഉപയോഗപ്പെടുത്തി വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പാക്കിവരുന്നുണ്ട്. 2021 മുതൽ 2025 വരെയുള്ള കാലയളവിൽ 620 റീചാർജ് പിറ്റ്, 40 തുറന്ന കിണർ/കുഴൽക്കിണർ റീചാർജ് പദ്ധതി, 14 ചെറിയ തടയണ എന്നിവ വകുപ്പിന്റെ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി 22.43 കോടി രൂപ ചെലവാക്കി പൂർത്തീകരിച്ചു. ഭൂജലത്തിന്റെ സംരക്ഷണവും സുരക്ഷിത ഭൂജല ഉപയോഗവും കൃത്രിമ ഭൂജല പരിപോഷണ മാർഗങ്ങളും സംബന്ധിച്ച് ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും വിദ്യാർഥികൾക്കും ബോധവൽക്കരണം നടത്തുന്നതിനായി വകുപ്പ് 2021 മുതൽ 247 ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിച്ചു. ആയതിൽ 19760 പേർ പങ്കെടുത്തു.

(ഡി) 2021 മുതൽ 2025 വരെയുള്ള ഭൂഗർഭ ജലവികസന പദ്ധതികളുടെ ഭൗതികനേട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ഭൂജല വകുപ്പ് മുഖേന കുടിവെള്ളം, ജലസേചനം, പൊതു കുടിവെള്ള വിതരണ പദ്ധതികൾ എന്നിവയ്ക്കുള്ള ജലസ്രോതസ്സായ കുഴൽക്കിണർ, ടൃബ് വെൽ, ഫിൽറ്റർ പോയിന്റ് കിണർ തുടങ്ങിയവ ഭൂജല പര്യവേക്ഷണം നടത്തി അനുയോജ്യമായ സ്ഥലങ്ങളിൽ നിർമ്മിച്ച് നൽകുന്നു. 2021 മുതൽ 2025 വരെയുള്ള കാലയളവിൽ 5387 കുഴൽക്കിണർ, 223 ടൃബ് വെൽ, 474 ഫിൽറ്റർ പോയിന്റ് കിണർ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് ജലദൗർലഭ്യം അനുഭവപ്പെടുന്ന മേഖലകളിൽ കുഴൽക്കിണർ/ടൃബ് വെൽ ജലസ്രോതസ്സായി

നിർമ്മിച്ച് 165 കുടിവെള്ള പദ്ധതികളും 641 ഹാൻഡ് പമ്പ് പുനരുദ്ധാരണം, 129 കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ എന്നിവ 18.15 കോടി രൂപ ചെലവാക്കി വകുപ്പിന്റെ പ്ലാൻ ഫണ്ടുപയോഗിച്ചും പൂർത്തീകരിച്ചു. ഇത്തരം പദ്ധതികൾ നടപ്പാക്കിയതിലൂടെ 13631 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്.

ത്രിതല പഞ്ചായത്തുകൾ ഡെപ്പോസിറ്റ് ചെയ്യുന്ന തുക ഉപയോഗിച്ച് 961 കുടിവെള്ള പദ്ധതികളും 125 ഹാൻഡ് പമ്പ് പുനരുദ്ധാരണം, 424 കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ എന്നിവ 62.94 കോടി രൂപ ചെലവാക്കി പൂർത്തീകരിച്ചു. ഇത്തരം കുടിവെള്ള പദ്ധതികൾ നടപ്പാക്കിയതിലൂടെ 41026 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാൻ സാധിച്ചു.

2021-25 കാലയളവിൽ വിവിധ ഗ്രാമപഞ്ചായത്തുകളിലായി 3207 കുടുംബങ്ങൾക്ക് 10,000 ലിറ്റർ മഴവെള്ളം സംഭരിക്കാൻ ശേഷിയുള്ള മഴവെള്ള സംഭരണികൾ ജലനിധി മുഖേന നിർമ്മിച്ച് നൽകിയിട്ടുണ്ട്. ഇപ്രകാരം നിർമ്മിച്ച് നൽകിയ മഴവെള്ള സംഭരണികളിൽനിന്നും നിറഞ്ഞ് കവിഞ്ഞൊഴുകുന്ന ശുദ്ധീകരിച്ച ജലം അവരുടെതന്നെ പുരയിടത്തിലുള്ള തുറന്ന കിണറിലേക്ക് കടത്തിവിട്ട് റീ-ചാർജ് ചെയ്യുന്ന സംവിധാനം ഒരുക്കിയിട്ടുണ്ട്. ഈ കാലയളവിൽത്തന്നെ ഈ പദ്ധതിയുടെ ഭാഗമായി 2296 തുറന്ന കിണറുകളിലേക്ക് നേരിട്ട് മഴവെള്ളം മേൽക്കൂരയിൽ നിന്ന് പാത്തി, പൈപ്പ് ഫിൽട്ടർ യൂണിറ്റ് മുതലായവ സ്ഥാപിച്ച് റീ-ചാർജ് ചെയ്തുവരുന്നുണ്ട്.

"ഗാർഹിക കിണറുകളുടെ സംരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റുന്ന പദ്ധതി"-യുടെ ഭാഗമായി 502 വ്യക്തിഗത ബി.പി.എൽ. വിഭാഗത്തിലെ കുടുംബങ്ങളിലെ കിണറുകൾ റീ-ചാർജ് ചെയ്യുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

കുടിവെള്ള സ്രോതസ്സുകൾ അണുവിമുക്തമാക്കാൻ നടപടി

29 (*240) ശ്രീ. എം. വിൻസെന്റ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലജന്യരോഗങ്ങൾ പടരുന്ന സാഹചര്യത്തിൽ കുടിവെള്ളത്തിന്റെ ഗുണമേന്മ ഉറപ്പാക്കാൻ ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കേരള ജല അതോറിറ്റിയുടെ കീഴിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി എസ്.ആർ.ഐ. (സ്റ്റേറ്റ് റെഫറൽ ഇൻസ്റ്റിറ്റ്യൂട്ട്) ലാബും 14 ജില്ലാ ലാബുകളും 71 ഉപജില്ലാ ലാബുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 15 (എസ്. ആർ. ഐ. + 14 ജില്ലാ ലാബുകൾ) ലാബുകൾക്ക് എൻ.എ.ബി.എൽ. (National Accreditation Board for Testing and Calibration Laboratories) അക്രഡിറ്റേഷനും 70 ഉപജില്ലാ ലാബുകൾക്ക് എൻ.എ.ബി.എൽ. റെക്കഗ്നിഷനും ലഭിച്ചിട്ടുള്ളതാണ്. നെട്ടൂരിലുള്ള സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പെസ്റ്റിസൈഡ് വിഭാഗത്തിൽ 7 ഘടകങ്ങളും ഹെവി മെറ്റൽ വിഭാഗത്തിൽ 11

ഘടകങ്ങളും മറ്റ് വിഭാഗങ്ങളിലായി 28 ഘടകങ്ങളും കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യം അറിയുന്നതിന് മൈക്രോ ബയോളജി ടെസ്റ്റുകളും നടത്തിവരുന്നുണ്ട്. കൂടാതെ ഗ്രാമീണ മേഖലകളിൽനിന്ന് എല്ലാ മാസവും ഓരോ ഉപജില്ലാ ലാബും 250 ജല സാമ്പിളുകൾ വീതം ശേഖരിച്ച് പരിശോധിച്ചുവരുന്നുണ്ട്. ഇതിൽനിന്നും തിരഞ്ഞെടുക്കുന്ന സാമ്പിളുകൾ ജില്ലാ ലാബുകളിൽ പരിശോധിക്കുകയും കൂടുതൽ പരിശോധന ആവശ്യമുള്ള സാമ്പിളുകൾ നെട്ടൂരിൽ സ്ഥിതി ചെയ്യുന്ന എസ്.ആർ.ഐ. (സ്റ്റേറ്റ് റെഫറൽ ഇൻസ്റ്റിറ്റ്യൂട്ട്) ലാബിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങളും നിലവിലുണ്ട്.

ജലശുദ്ധീകരണശാലകളുള്ള കുടിവെള്ള പദ്ധതികൾ മുഖേന ജല അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ പ്രാഥമിക ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ശുദ്ധീകരണശാലകളിൽത്തന്നെ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. മറ്റ് പദ്ധതികളിൽ ജലം അണുവിമുക്തമാക്കി അവക്ഷിപ്ത ക്ലോറിൻ ഉറപ്പാക്കിയാണ് വിതരണം ചെയ്യുന്നത്.

പ്ലാന്റുകൾ, പമ്പിങ് സ്റ്റേഷനുകൾ, വിതരണ ശൃംഖലയുടെ വിവിധ പോയിന്റുകൾ എന്നിവയിൽനിന്നും നിശ്ചിത ഇടവേളകളിൽ ജല സാമ്പിളുകൾ ശേഖരിച്ച് ഈ ലാബുകളിൽ പരിശോധിക്കുകയും ഘടകങ്ങളുടെ അളവ് ഐ.എസ്. 10500-2012 പ്രതിപാദിക്കുന്ന പ്രകാരമാണോയെന്ന് ഉറപ്പാക്കി, പരിശോധനാഫലം വേണ്ട നിർദേശങ്ങളോടെ തുടർനടപടികൾക്കായി ബന്ധപ്പെട്ട വിതരണ ഉദ്യോഗസ്ഥർക്ക് നൽകുകയും തുടർന്ന് ആവശ്യമായ നടപടികൾ സ്വീകരിച്ച് കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തി വിതരണം ചെയ്യുകയും ചെയ്യുന്നു.

ഭൂജല വകുപ്പിന്റെ കീഴിൽ കുടിവെള്ളത്തിനായി ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് (BIS) നിർവചിച്ചിരിക്കുന്ന IS 10500:2012 മാനദണ്ഡങ്ങൾ പ്രകാരമുള്ള ജലഗുണനിലവാര പരിശോധനകൾ ടി വകുപ്പിന്റെ 3 റീജിയണൽ ലബോറട്ടറികൾ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) മുഖേന സംസ്ഥാനത്ത് നടത്തിവരുന്നു. ഇതിൽ Turbidity, pH, Specific conductance, Total dissolved solids, Total hardness, Calcium, Magnesium, Sodium, Potassium, Total alkalinity, Carbonate, Bicarbonate, Chloride, Sulphate, Nitrate, Iron, Total coliform, Faecal coliform എന്നീ പരാമീറ്ററുകൾ ഉൾപ്പെടുന്നു.

(ബി) കുളങ്ങളും കിണറുകളും ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളിൽനിന്ന് അമീബിക് മസ്തിഷ്കജ്വരം പിടിപെടുന്നുവെന്ന് സ്ഥിരീകരിച്ചതിനാൽ കുടിവെള്ള സ്രോതസ്സുകൾ അണുവിമുക്തമാക്കാൻ വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച് വിശദമാക്കാമോ?

അമീബിക് മസ്തിഷ്കജ്വരം പ്രതിരോധിക്കുന്നതിനായി സർക്കാർ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചിട്ടുള്ള സമഗ്രമായ പ്രവർത്തനം നടത്തിവരുന്നു. ഓരോ തദ്ദേശസ്വയംഭരണ പ്രദേശത്തിനും മൈക്രോപ്ലാൻ ഉണ്ടാക്കുകയും തദ്ദേശസ്വയംഭരണ വകുപ്പും ആരോഗ്യവകുപ്പും ജലവിഭവവകുപ്പും ചേർന്ന് വിവിധ പ്രതിരോധ പ്രവർത്തനങ്ങളും മാലിന്യനിർമ്മാർജനവും ഏറ്റെടുത്ത് നടത്തുകയും ചെയ്യുന്നുണ്ട്. ഇക്കാര്യത്തിനായി കേരള ജല അതോറിറ്റിയുടെ കീഴിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തിവരുന്നു. കുടിവെള്ള ഗുണനിലവാര പരിശോധന നടത്താനായി എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും പ്രവർത്തിച്ചുവരുന്നു.

സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് നെട്ടൂർ ഓഫീസിനുകീഴിൽ എൻ.എ.ബി.എൽ. നിലവാരത്തിലുള്ള 1 സ്റ്റേറ്റ് ലാബും 14 ജില്ലാ ലാബുകളും 71 സബ് ജില്ലാ ലാബുകളും കേരളത്തിലുടനീളം പ്രവർത്തിച്ചുവരുന്നു.

കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ സ്രോതസ്സുകളായ നദികളിൽനിന്നും മാസംതോറും ജലം ശേഖരിച്ച് പരിശോധന നടത്തിവരുന്നുണ്ട്. സ്രോതസ്സിൽനിന്നും എടുക്കുന്ന ജലം ശുദ്ധീകരണം ചെയ്ത് വിതരണം ചെയ്യുന്നതുവരെയുള്ള വിവിധ ഘട്ടങ്ങളിൽ കൃത്യമായ ഇടവേളകളിൽ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുകയും ശുദ്ധവും സുരക്ഷിതവുമായ ജലമാണ് പൊതുജനങ്ങളിലേക്ക് എത്തുന്നതെന്ന് ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ മറ്റ് സ്രോതസ്സുകളായ കിണറുകളിലെയും മറ്റും ജലവും പരിശോധിച്ച് വരുന്നുണ്ട്.

ജല ശുദ്ധീകരണശാലകളുള്ള കുടിവെള്ള പദ്ധതികൾ മുഖേന ജല അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ പ്രാഥമിക ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ശുദ്ധീകരണശാലകളിൽത്തന്നെ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. മറ്റ് പദ്ധതികളിൽ ജലം

അണുവിമുക്തമാക്കി അവക്ഷിപ്ത ക്ലോറിൻ ഉറപ്പാക്കിയാണ് വിതരണം ചെയ്യുന്നത്.

പ്ലാന്റുകൾ, പമ്പിങ് സ്റ്റേഷനുകൾ, വിതരണ ശൃംഖലയുടെ വിവിധ പോയിന്റുകൾ എന്നിവയിൽനിന്നും നിശ്ചിത ഇടവേളകളിൽ ജല സാമ്പിളുകൾ ശേഖരിച്ച് ഈ ലാബുകളിൽ പരിശോധിക്കുകയും ഘടകങ്ങളുടെ അളവ് ഐ.എസ്. 10500-2012 പ്രതിപാദിക്കുന്ന പ്രകാരമാണോയെന്ന് ഉറപ്പാക്കി, പരിശോധനാഫലം വേണ്ട നിർദേശങ്ങളോടെ തുടർനടപടികൾക്കായി ബന്ധപ്പെട്ട വിതരണ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്യുന്നു.

അമീബിക് മസ്തിഷ്കജ്വരം പ്രതിരോധിക്കുന്നതിനായി കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള ജാഗ്രതാനിർദേശങ്ങൾ ക്വാളിറ്റി കൺട്രോൾ വിഭാഗം ഉദ്യോഗസ്ഥർക്കും ഡിസ്ട്രിബ്യൂഷൻ വിഭാഗം ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള എല്ലാ ഭൂതല ഉപരിതല ജലസംഭരണികളും അടിയന്തര പ്രാധാന്യത്തോടെ വൃത്തിയാക്കി ക്ലോറിനേഷൻ നടത്തുന്നതിനും ജലസംഭരണികളിൽനിന്നും നോൺ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകളിൽ (ഓപ്പൺ വെൽ/മറ്റ് സ്രോതസ്സുകൾ) നിന്നും വിതരണം ചെയ്യുന്ന ജലത്തിൽ സൂപ്പർ ക്ലോറിനേഷൻ ചെയ്യുന്നതിനുമുള്ള നിർദേശങ്ങൾ നൽകിയിട്ടുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

അംബേദ്കർ ഗ്രാമം പദ്ധതി

1 (2858) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2021 മുതൽ 2025 വരെ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം എത്ര ഉന്നതികൾക്കാണ് നവീകരണ പ്രവൃത്തികൾക്കായി ഫണ്ട് അനുവദിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഉന്നതികളുടെ പേരും അനുവദിച്ച തുകയും എത്രയെന്ന് വ്യക്തമാക്കാമോ?

(എ&ബി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2021 മുതൽ 2025 വരെ അംബേദ്കർ ഗ്രാമ വികസന പദ്ധതിപ്രകാരം അറയൂർമച്ചിംഗവിളാകം (2020-21), ഉള്ളൂർക്കോണം (2021-22), ആര്യശാല മുകളിൽവിള (2021-22), വെട്ടുവിള (2022-23), പൊരിയണംകോട് (2024-25), പെരുമ്പഴുതൂർ കടവംകോട് നഗർ (2025-26) എന്നീ ഗ്രാമങ്ങളെ തിരഞ്ഞെടുത്തതിൽ അറയൂർമച്ചിംഗവിളാകം (2020-21), ആര്യശാല മുകളിൽവിള (2021-22) എന്നീ രണ്ട് ഗ്രാമങ്ങൾക്ക് നവീകരണ പ്രവൃത്തികൾക്കായി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെയുള്ള ഭവന നിർമ്മാണം

2 (2859) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക് ജനറൽ, പട്ടികജാതി വിഭാഗം എന്നിങ്ങനെ വേർതിരിവില്ലാതെ ഒഴിച്ചുകൂടാൻ പറ്റാത്ത സാഹചര്യത്തിൽ 12 വർഷം കഴിഞ്ഞാൽ

സർക്കാർ അനുമതിയില്ലാതെ വീടും സ്ഥലവും കൈമാറ്റംചെയ്യാൻ അനുമതിയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെ ഭവന നിർമ്മാണം നടത്തിയ പട്ടികജാതി വിഭാഗക്കാർക്ക് മേൽ സൂചിപ്പിച്ച സാഹചര്യത്തിൽ 12 വർഷം കഴിഞ്ഞാൽ സർക്കാർ അനുമതിയില്ലാതെ വീടും സ്ഥലവും കൈമാറ്റം ചെയ്യാൻ അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പുമുഖേന നടപ്പാക്കിവരുന്ന ഭ്രരഹിത പുനരധിവാസ പദ്ധതിപ്രകാരം അനുവദിക്കുന്ന ഭൂമി 15 വർഷത്തിനുള്ളിൽ അനന്തരാവകാശികളുൾപ്പെടെ വിൽക്കാനോ കൈമാറ്റം ചെയ്യാനോ പാടില്ലെന്ന വ്യവസ്ഥ 23-05-2023-ലെ സ.ഉ.(കൈ)നം. 13/2023/പജപവവിവ. പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ഉത്തരവിന് മുൻകാല പ്രാബല്യമില്ല. പട്ടികജാതി വികസന വകുപ്പിൽനിന്നും അനുവദിക്കുന്ന സ്ഥലവും വീടും 12 വർഷം കഴിഞ്ഞാൽ സർക്കാർ അനുമതിയില്ലാതെ കൈമാറ്റം ചെയ്യാൻ അനുമതി നൽകുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

സേഫ് പദ്ധതി

3 (2860) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-2025 കാലഘട്ടത്തിൽ വൈപ്പിൻ നിയോജകമണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ വിഭാഗക്കാർക്കായുള്ള സേഫ് പദ്ധതിപ്രകാരം എത്ര വീടുകൾക്ക് മെയിന്റനൻസിനായി തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2021 മുതൽ 2025 വരെ വൈപ്പിൻ നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 157 ഗുണഭോക്താക്കൾക്കും പട്ടികവർഗ വിഭാഗത്തിൽപ്പെട്ട 3 ഗുണഭോക്താക്കൾക്കും സേഫ് പദ്ധതിപ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

(ബി) ഓരോ പഞ്ചായത്തിലും ഓരോ വിഭാഗത്തിനായി എത്ര തുക വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

സേഫ് പദ്ധതിപ്രകാരം വൈപ്പിൻ നിയോജകമണ്ഡലത്തിലെ പട്ടികജാതി ഗുണഭോക്താക്കൾക്ക് അനുവദിച്ച തുകയുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു+. പട്ടികവർഗ ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

പഞ്ചായത്ത്	ഗുണഭോക്താക്കളുടെ എണ്ണം	അനുവദിച്ച തുക
പള്ളിപ്പുറം	2	5,00,000/-രൂപ
എളങ്കുന്നപ്പുഴ	1	41,118/-രൂപ

അരൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

4 (2861) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) അംബേദ്കർ ഗ്രാമം പദ്ധതിപ്രകാരം അരുർ ഗ്രാമപഞ്ചായത്തിലെ കഴിവിടാംമൂല നഗറിന് ഫണ്ട് അനുവദിക്കണമെന്ന അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

അരുർ ഗ്രാമപഞ്ചായത്തിലെ കഴിവിടാംമൂല നഗറിനെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഫണ്ട് അനുവദിച്ച് നൽകിയിട്ടില്ല.

(ബി) 2024-25, 2025-26 സാമ്പത്തിക വർഷം പട്ടികജാതി നഗറുകളിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിപ്രകാരം എത്ര രൂപ അനുവദിച്ചെന്ന് വിശദമാക്കാമോ?

2024-25 വർഷത്തിൽ പട്ടികജാതി നഗറുകളിൽ അംബേദ്കർ പദ്ധതിപ്രകാരം 33,52,99,135/- (മുപ്പത്തിമൂന്ന് കോടി അമ്പത്തിരണ്ട് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി ഒരുന്നൂറ്റി മുപ്പത്തിയഞ്ച്) രൂപയും 2025-26 വർഷത്തിൽ 19,16,91,979/- (പത്തൊമ്പത് കോടി പതിനാറ് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി തൊള്ളായിരത്തി എഴുപത്തിയൊൻപത്) രൂപയും അനുവദിച്ചിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ വിഭാഗത്തിന് വീട് നിർമ്മാണത്തിന് ധനസഹായം

5 (2862) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി പട്ടികജാതി-പട്ടികവർഗ വിഭാഗത്തിന് വീട് നിർമ്മാണത്തിനായി ധനസഹായം ലഭിച്ചവരിൽ നിർമ്മാണം

പൂർത്തിയാകാത്തവർക്ക് ധനസഹായം നൽകുന്നതിന് നിലവിൽ ഏതെങ്കിലും പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. വിവിധ സർക്കാർ പദ്ധതികളിലൂടെ ഭവന നിർമ്മാണത്തിന് ധനസഹായം ലഭിച്ചിട്ടും നിർമ്മാണം പൂർത്തീകരിക്കാത്ത പട്ടികജാതി-പട്ടികവർഗ വിഭാഗക്കാരുടെ ഭവന പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമാക്കി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന സേഫ് (Secure Accomodation & Facility Enhancement) എന്ന പേരിൽ പട്ടികജാതി ഗുണഭോക്താക്കൾക്ക് രണ്ട് ലക്ഷം രൂപയും പട്ടികവർഗ ഗുണഭോക്താക്കൾക്ക് രണ്ടര ലക്ഷം രൂപയും അനുവദിക്കുന്ന ഭവന പുനരുദ്ധാരണ/നവീകരണ പദ്ധതി നടപ്പാക്കിവരുന്നു.

കുന്നത്തുനാട് മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി

6 (2863) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്തി കുന്നത്തുനാട് മണ്ഡലത്തിൽ എത്ര എസ്.സി./എസ്.ടി. കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും അതിനായി എത്ര തുക ചെലവഴിച്ചെന്നും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലൈഫ് ഭവന പദ്ധതിമുഖേന കുന്നത്തുനാട് മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിച്ച വീടുകളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിൽ ഭൂരഹിതരായ എത്രപേർക്ക് സ്ഥലം കണ്ടെത്തി വീട് നിർമ്മിച്ച് നൽകിയെന്ന് വ്യക്തമാക്കാമോ?

ഭൂരഹിതരായ 54 പട്ടികജാതി വിഭാഗക്കാർക്ക് സ്ഥലം കണ്ടെത്തി വീട് നിർമ്മിച്ച് നൽകിയിട്ടുണ്ട്. പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ 7 ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകുകയും 6 പേർ വീട് നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

ആലപ്പുഴ മണ്ഡലത്തിലെ ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾ

7(2864) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ മണ്ഡലത്തിൽനിന്നും ഭൂരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങൾ ഭൂമിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കിയെന്നും പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ഭൂമിക്കുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള ആലപ്പുഴ മണ്ഡലത്തിലെ ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വേഗത്തിൽ ഭൂമി ലഭ്യമാക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ലൈഫ് മിഷൻ ലിസ്റ്റിലുൾപ്പെട്ട മുഴുവൻ പേർക്കും ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭവന, ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾ

8 (2865) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരും ഭൂരഹിതരുമായ പട്ടികജാതി കുടുംബങ്ങൾക്ക് പട്ടികജാതി വകുപ്പ് മുഖാന്തരം എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ?

ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെടുന്ന ഭൂരഹിതരായ പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമി അനുവദിക്കുന്നതിന് ഭൂരഹിത പുനരധിവാസ പദ്ധതി വകുപ്പുമുഖേന നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിപ്രകാരം ഭവന നിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് പരിധിയിൽ കുറഞ്ഞത് അഞ്ച് സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000/- രൂപയും നഗരസഭ/ കോപ്പറേഷൻ പരിധിയിൽ കുറഞ്ഞത് മൂന്ന് സെന്റ് ഭൂമി വാങ്ങുന്നതിന് യഥാക്രമം 4,50,000/- രൂപ, 6 ലക്ഷം രൂപ വീതവും അനുവദിച്ചുവരുന്നു. കൂടാതെ ലൈഫ് മിഷനിൽ ഉൾപ്പെടുത്തിയും ഭൂമി അനുവദിക്കുന്നു. ഭൂമി ആർജിക്കുന്ന ഗുണഭോക്താക്കൾക്ക് ലൈഫ് മിഷനിലുൾപ്പെടുത്തി ഭവന നിർമ്മാണ ധനസഹായം അനുവദിച്ചുവരുന്നു. ഭവനരഹിതരായ പട്ടികജാതി വിഭാഗക്കാരായ ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ അനുവദിക്കുന്ന 4 ലക്ഷം രൂപയിൽ വകുപ്പിന്റെ വിഹിതമായി 1 ലക്ഷം രൂപ വീതം അനുവദിക്കുന്നുണ്ട്.

(ബി) പെരിന്തൽമണ്ണ മണ്ഡലത്തിൽ ഇത്തരത്തിൽപ്പെട്ടവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പെരിന്തൽമണ്ണ മണ്ഡലത്തിൽ 2021-22 മുതൽ ഇതുവരെ മേൽ പദ്ധതിപ്രകാരം 102 പേർക്ക് ഭൂമി നൽകി.

(സി) പെരിന്തൽമണ്ണ മണ്ഡലത്തിൽ എത്ര പട്ടികജാതി കുടുംബങ്ങളാണ് വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നതെന്നും എത്ര വീടുകളാണ് വൈദ്യുതീകരിക്കാനുള്ളതെന്നും വിശദമാക്കുമോ?

പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്ന പട്ടികജാതി കുടുംബങ്ങളുടെ എണ്ണം 26 ആണ്. വൈദ്യുതീകരിക്കാത്ത വീടുകളില്ല.

മാവേലിക്കര മണ്ഡലത്തിലെ ആദിവാസി കുടുംബങ്ങൾ

9(2866) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ എത്ര ആദിവാസി കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്നറിയിക്കുമോ; ആയതിൽ സ്വന്തമായി വീടും സ്ഥലവുമില്ലാത്ത എത്ര കുടുംബങ്ങളുണ്ട്; പ്രസ്തുത കുടുംബങ്ങൾക്ക് വീടും സ്ഥലവും അനുവദിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽ 55 പട്ടികവർഗ കുടുംബങ്ങൾ താമസിച്ചുവരുന്നു. ആയതിൽ വീടും സ്ഥലവുമില്ലാത്ത 14 കുടുംബങ്ങളുണ്ട്. ഭൂരഹിതരായ പട്ടികവർഗക്കാർക്ക് ഭൂമി അനുവദിക്കുന്നതിനായി പട്ടികവർഗ വികസന വകുപ്പുമുഖേന ലാൻഡ് ബാങ്ക് പദ്ധതി നടപ്പാക്കിവരുന്നു. മാവേലിക്കര നിയോജകമണ്ഡലത്തിലെ 14 കുടുംബങ്ങൾക്ക് ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം ഭൂമിയും വീടും അനുവദിച്ചുനൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കുന്നത്തുനാട്ടിലെ ഭവന പുനരുദ്ധാരണ പദ്ധതി

10(2867) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട എത്ര ഗുണഭോക്താക്കളെ ഭവന പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര ഗുണഭോക്താക്കളുടെ വീടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇനി എത്ര വീടുകൾ പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കാമോ?

(എ&ബി) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 267 ഗുണഭോക്താക്കളെ ഭവന പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 5,17,16,500/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 228 ഗുണഭോക്താക്കളുടെ വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇനി 39 വീടുകൾ പൂർത്തീകരിക്കാനുണ്ട്. കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പട്ടികവർഗ വിഭാഗത്തിൽപ്പെട്ട 8 ഗുണഭോക്താക്കളെ ഭവന പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 18,75,000/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 7 ഗുണഭോക്താക്കളുടെ വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഒരു ഗുണഭോക്താവും ഭാര്യയും മരണപ്പെട്ടു. അവകാശിയായ മകൻ സർക്കാർ ജീവനക്കാരനാണ്. തുടർന്ന് ധനസഹായം നൽകാൻ കഴിയില്ല.

(സി) പൂർത്തീകരിക്കാനുള്ള വീടുകൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

നിശ്ചിതഘട്ടം പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് തുടർ ഗഡുക്കൾ അനുവദിച്ച് നൽകുന്നതാണ്.

(ഡി) മുഴുവൻ വീടുകളും വേഗത്തിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മുഴുവൻ വീടുകളും വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഏറനാട് മണ്ഡലത്തിലെ ഭൂരഹിത പുനരധിവാസ പദ്ധതി

11 (2868) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരം നാളിതുവരെ എത്ര പേർക്ക് ഭൂമി കണ്ടെത്തി വിതരണം ചെയ്തിട്ടുണ്ട്; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് നിയോജകമണ്ഡലത്തിൽ ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരം നാളിതുവരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 149 പേർക്കും നിക്ഷിപ്ത വനഭൂമി വിതരണം പദ്ധതിപ്രകാരം ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ 74 പട്ടികവർഗ കുടുംബങ്ങൾക്കും ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഭൂരഹിതരായ പട്ടികവർഗക്കാർക്ക് ഭൂമി വാങ്ങി വിതരണം ചെയ്യുന്നതിന്റെ ഭാഗമായി ലാൻഡ് ബാങ്ക് പദ്ധതിയിലേയ്ക്ക് ഏറനാട് മണ്ഡലത്തിൽ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഇല്ല.

(സി) പ്രസ്തുത ഭൂമി വിതരണം ചെയ്യുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ബാധകമല്ല.

പട്ടികജാതി-പട്ടികവർഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങാൻ ധനസഹായം

12 (2869) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പട്ടികജാതി-പട്ടികവർഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങാൻ ധനസഹായം അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 107 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങാൻ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ സ്വന്തമായി ഭൂമിയില്ലാത്ത എത്ര പട്ടികജാതി-പട്ടികവർഗ കുടുംബങ്ങളുണ്ട്; ഗ്രാമപഞ്ചായത്തുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) മണ്ഡലത്തിൽ ഭൂമിയില്ലാത്ത പട്ടികജാതി-പട്ടികവർഗ വിഭാഗക്കാർക്ക് ഭൂമി വാങ്ങുന്നതിനായി നാളിതുവരെ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

പട്ടികജാതി-പട്ടികവർഗ കുടുംബങ്ങൾക്ക് ലൈഫ് മിഷൻ പദ്ധതിയിലൂടെ ഭൂമി ലഭ്യമാക്കുന്നുണ്ട്. ഭൂരഹിതരായ പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പട്ടികജാതി വികസന വകുപ്പുമുഖേന നടപ്പാക്കിവരുന്നു. ആദിവാസി പുനരധിവാസ മിഷൻ മുഖേന ഭൂമി വാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതിയിലൂടെയും ഭൂരഹിതരായ പട്ടികവർഗ വിഭാഗക്കാർക്ക് ഭൂമി അനുവദിച്ചുവരുന്നു.

ലൈഫ് ഭവന പദ്ധതി

13 (2870) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ ലൈഫ് ഭവന പദ്ധതി മുഖേന പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട എത്ര പേർക്ക് നാളിതുവരെ വീട് ലഭ്യമാക്കിയിട്ടുണ്ടെന്ന വിവരം അറിയിക്കാമോ?

ലൈഫ് ഭവന പദ്ധതി മുഖേന നാളിതുവരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 155621 ഗുണഭോക്താക്കൾക്ക് വീട് അനുവദിച്ചതിൽ 124002 ഗുണഭോക്താക്കളും പട്ടികവർഗ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഭാഗത്തിൽപ്പെട്ട 53438 ഗുണഭോക്താക്കൾക്ക് വീട് അനുവദിച്ചതിൽ 45637 ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

പാറശ്ശാല മണ്ഡലത്തിൽ ഭവനരഹിതരായ പട്ടികജാതി/പട്ടികവർഗ കുടുംബങ്ങൾ

14 (2871) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ നിലവിൽ ഭവനരഹിതരായ എത്ര പട്ടികജാതി/പട്ടികവർഗ കുടുംബങ്ങളാണുള്ളതെന്നും ഇതിൽ ഭൂരഹിതരായ ഭവനരഹിതർ എത്രയാണെന്നും പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

പട്ടികജാതി വികസന വകുപ്പ്

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

പട്ടികവർഗ വികസന വകുപ്പ്

പാറശ്ശാല നിയോജകമണ്ഡലത്തിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിൽ അഞ്ച് കുടുംബങ്ങളും അമ്പൂരി പഞ്ചായത്തിലെ മൂന്ന് കുടുംബങ്ങളും ഉൾപ്പടെ എട്ട് പട്ടികവർഗ കുടുംബങ്ങളാണ് ഭവനരഹിതരായിട്ടുള്ളത്. ടി നിയോജകമണ്ഡലത്തിൽ ഭൂരഹിതരായ പട്ടികവർഗ വിഭാഗക്കാരില്ല.

(ബി) ഇവരിൽ എത്ര പേർ ലൈഫ് മിഷൻ ഉൾപ്പെടെയുള്ള വിവിധ ഭവനനിർമ്മാണ പദ്ധതികളുടെ മുൻഗണന പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ഭൂരഹിതർക്ക് സ്വന്തമായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥലം വാങ്ങുന്നതിനുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നുമുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

പട്ടികജാതി വികസന വകുപ്പ്

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു[+].

പട്ടികവർഗ വികസന വകുപ്പ്

ടി നിയോജകമണ്ഡലത്തിലെ ഭവനരഹിതരായ എട്ട് പട്ടികവർഗ കുടുംബങ്ങളും ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത മണ്ഡലത്തിൽ കഴിഞ്ഞ സർക്കാർ കാലയളവിൽ ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി എത്ര എസ്.സി./എസ്.റ്റി. കുടുംബങ്ങളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചെന്നും ഇനിയും പൂർത്തീകരിക്കാനുള്ളവയും ആരംഭിക്കാനുള്ളവയും എത്ര വീതമെന്നും പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കുമോ?

പട്ടികജാതി വികസന വകുപ്പ്

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു[+].

പട്ടികവർഗ വികസന വകുപ്പ്

കള്ളിക്കാട് പഞ്ചായത്തിലെ രണ്ട് കുടുംബങ്ങളും അമ്പൂരി പഞ്ചായത്തിലെ 38 കുടുംബങ്ങളും വെള്ളറട പഞ്ചായത്തിലെ രണ്ട് കുടുംബങ്ങളും ഉൾപ്പെടെ 42 പട്ടികവർഗ കുടുംബങ്ങൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ലൈഫ് മിഷൻ പദ്ധതിപ്രകാരം ഭവന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അമ്പൂരി പഞ്ചായത്തിലെ 17 പട്ടികവർഗ കുടുംബങ്ങൾ ഭവനനിർമ്മാണം പൂർത്തീകരിക്കാനുണ്ട്.

ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി-പട്ടികവർഗക്കാർ

15 (2872) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ലൈഫ് മിഷൻ മുഖേന ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഭൂരഹിത-ഭവനരഹിതരായ 86784 പട്ടികജാതി കുടുംബങ്ങളുൾപ്പെട്ടിട്ടുണ്ട്.

പട്ടികവർഗ വികസന വകുപ്പിന്റെ കണക്കുപ്രകാരം സംസ്ഥാനത്ത് ഭൂരഹിത-ഭവനരഹിതരായ 6242 പട്ടികവർഗ കുടുംബങ്ങളും ഭൂമിയുള്ള ഭവനരഹിതരായ 10777 പട്ടികവർഗ കുടുംബങ്ങളുമാണുള്ളത്.

(ബി) സ്ഥലവും വീടും ലഭ്യമാക്കുന്നതിന് നിലവിലുള്ള പദ്ധതികൾ പര്യാപ്തമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ?

വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭൂമി നൽകുന്നത് ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ടതിന്റെ

അടിസ്ഥാനത്തിലാണ്. ഭവന നിർമ്മാണ ധനസഹായം ലൈഫ് മിഷൻ മുഖേനയാണ് നടപ്പാക്കുന്നത്.

ഭൂരഹിതരായ പട്ടികവർഗ കുടുംബങ്ങൾക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമപ്രകാരമുള്ള ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി ലഭ്യമാക്കുന്നു. കൂടാതെ റവന്യൂ ഭൂമി വിതരണത്തിലൂടെയും ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നു. അതിദരിദ്ര പട്ടികയിലുൾപ്പെട്ട പട്ടികവർഗക്കാരിൽ ഭൂമിയും വീടും ആവശ്യമുള്ള കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി വാങ്ങുന്നതിനുള്ള ധനസഹായവും അനുവദിക്കുന്നു. ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി ലഭ്യമാക്കുന്നവർക്ക് മിഷൻ മുഖേനതന്നെ ഭവന നിർമ്മാണത്തിനുള്ള ധനസഹായവും നൽകുന്നു. ഭവനരഹിതർക്ക് ലൈഫ് മിഷൻ മുഖേനയാണ് വീടിനുള്ള ധനസഹായം അനുവദിക്കുന്നത്.

(സി) ഭൂരഹിതരും ഭവനരഹിതരുമായ പ്രസ്തുത വിഭാഗക്കാർക്ക് സ്ഥലവും വീടും എന്നത്തേക്ക് അനുവദിച്ച് നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദീകരിക്കുമോ?

ലൈഫ് മിഷൻ ലിസ്റ്റിലുൾപ്പെട്ട ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭൂമി ലഭ്യമാക്കുന്നതിന് ധനസഹായം അനുവദിക്കുന്നതാണ്.

ഭവന നിർമ്മാണ ധനസഹായമായി സർക്കാർ ഓരോ വർഷവും 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ലൈഫ് മിഷൻ മുഖേന പ്രസ്തുത ഭൂമി ലൈഫ് ലിസ്റ്റിലുൾപ്പെട്ട വ്യക്തികൾക്ക് നൽകിവരുന്നു. 2021 മേയ് മുതൽ 2025 സെപ്റ്റംബർ 16 വരെ ആകെ 155621 പട്ടികജാതി കുടുംബങ്ങൾ ഭവന നിർമ്മാണത്തിന് കരാർ വയ്ക്കുകയും 124002 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഈ സർക്കാരിന്റെ കാലത്തുതന്നെ പരമാവധി പട്ടികവർഗ വിഭാഗക്കാർക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് പട്ടികവർഗ വികസന വകുപ്പ് നടത്തിവരുന്നത്.

അംബേദ്കർ ഗ്രാമം പദ്ധതി

16 (2873) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ച ചാക്കുടി-കടമ്പുവാരം ഉന്നതിയുടെ നവീകരണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നവീകരിച്ച ആറ്റിങ്ങൽ മണ്ഡലത്തിലെ കടമ്പുവാരം-ചാക്കുടി ഗ്രാമത്തിന്റെ സംരക്ഷണഭിത്തി, ഓട നിർമ്മാണം, നടപ്പാത ഇന്റർലോക്ക് ഇടൽ, റോഡ് കോൺക്രീറ്റ് എന്നീ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ടി

ഗ്രാമത്തിനായി ഇതുവരെ 57,20,975/- രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. ഭവന പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

ആലത്തൂർ മണ്ഡലത്തിൽ കുടിവെള്ള ലഭ്യത കുറവുള്ള ഉന്നതികൾ

17 (2874) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ കുടിവെള്ള ലഭ്യത കുറവുള്ള ഉന്നതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) മുൻ സർക്കാരിന്റെയും (2016-21) ഈ സർക്കാരിന്റെയും കാലയളവിൽ എത്ര ഉന്നതികളിൽ കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്; ആയത് എവിടെയെല്ലാം നടപ്പാക്കിയെന്നും ഇതിനായി ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ?

(എ&ബി) **പട്ടികജാതി വികസന വകുപ്പ്**

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

പട്ടികവർഗ വികസന വകുപ്പ്

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തൊടുപുഴ നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

18 (2875) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി 2016 മുതൽ നാളിതുവരെ ഏതെല്ലാം ഉന്നതികൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ?

(എ&ബി) തൊടുപുഴ നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ 2020-21-ൽ വണ്ണപ്പുറം പഞ്ചായത്തിൽ പട്ടയക്കുടി ഉന്നതിയും 2022-23-ൽ ഉടുമ്പന്നൂർ പഞ്ചായത്തിൽ കള്ളിക്കൽ ഉന്നതിയും തിരഞ്ഞെടുത്തിട്ടുണ്ട്. ഇവയുടെ പ്രവൃത്തികൾ നടന്നുവരുന്നു.

കുണ്ടറ നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതികൾ

19 (2876) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ നിയോജകമണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ അംബേദ്കർ ഗ്രാമം പദ്ധതിക്കായി അനുവദിച്ച തുക, നാളിതുവരെ ചെലവഴിച്ച തുക, പ്രസ്തുത

പദ്ധതികളുടെ നിലവിലെ പ്രവർത്തന പുരോഗതി എന്നിവ പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

അംബേദ്കർ ഉന്നതി പദ്ധതി

20 (2877) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ അംബേദ്കർ ഉന്നതി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉന്നതികളുടെയും അവയുടെ പ്രവൃത്തി പുരോഗതികളുടെയും വിശദാംശം നൽകാമോ;

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ഏതെങ്കിലും പദ്ധതിയുടെ പ്രവൃത്തി സ്തംഭനാവസ്ഥയിലായിട്ടുണ്ടോ; എങ്കിൽ കാരണവും വിശദാംശവും ലഭ്യമാക്കാമോ?

സ്തംഭനാവസ്ഥയിലുള്ള പദ്ധതികളില്ല.

ആദിവാസികൾക്ക് തദ്ദേശഭൂമിയിൽ ഉടമസ്ഥാവകാശം നൽകുന്നതിന് നടപടി

21 (2878) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആദിവാസി നഗറുകളിലെ ജനങ്ങൾക്ക് തങ്ങളുടെ തദ്ദേശഭൂമിയിൽ ഉടമസ്ഥാവകാശം നൽകുന്നതിൽ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഭൂരഹിതരായ പട്ടികവർഗ കുടുംബങ്ങൾക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിലക്ക് വാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമപ്രകാരമുള്ള ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ പട്ടികവർഗ കുടുംബങ്ങളെ ഭൂമിയുടെ ഉടമസ്ഥരാക്കുന്നു. കൂടാതെ റവന്യൂ ഭൂമി വിതരണത്തിലൂടെയും ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നു. അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട പട്ടികവർഗക്കാരിൽ ഭൂമിയും വീടും ആവശ്യമുള്ള കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി വാങ്ങുന്നതിനുള്ള ധനസഹായവും അനുവദിക്കുന്നു.

1999-ലെ കെ.എസ്.ടി. ആക്ട് പ്രകാരം സംസ്ഥാനത്തെ പട്ടികവർഗക്കാരുടെ ഭൂമിയിലുള്ള അവകാശം സംരക്ഷിക്കുന്നതിനായി ഭൂമി കൈയേറ്റം നിയന്ത്രിക്കാനും അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിച്ചുനൽകാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ റവന്യൂ വകുപ്പ് മുഖേന നടപടി സ്വീകരിച്ചുവരുന്നു.

2006-ലെ പട്ടികഗോത്രവർഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമപ്രകാരം വ്യക്തിഗത വനാവകാശ രേഖ അനുവദിച്ചിട്ടുള്ള പട്ടികവർഗ സങ്കേതങ്ങൾ, ഊരുകൾ (ഫോറസ്റ്റ് വില്ലേജ്) എന്നിവ റവന്യൂ

വില്ലേജുകളായി പരിവർത്തനം ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി 03-02-2025-ലെ സ.ഉ.(കൈ) നം. 30/2025/RD പ്രകാരം ഉത്തരവായിട്ടുണ്ട്. ഇത്തരത്തിൽ റവന്യൂ വില്ലേജുകളാക്കുന്നതോടുകൂടി കൈവശഭൂമിക്ക് കരമടയ്ക്കുന്നതിന് സാധ്യമാകുന്നതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനാവകാശ നിയമപ്രകാരം 3126 കുടുംബങ്ങൾക്ക് 4224.55 ഏക്കർ ഭൂമിക്ക് കൈവശാവകാശ രേഖയും 27 കുടുംബങ്ങൾക്ക് 20.98 ഏക്കർ റവന്യൂ/പ്രോജക്ട്/ഫാം ഭൂമി പട്ടയവും 718 കുടുംബങ്ങൾക്കായി 243.80 ഏക്കർ നിക്ഷിപ്ത വനഭൂമിക്കുള്ള അവകാശരേഖയും നൽകി. കൂടാതെ ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം 280 കുടുംബങ്ങൾക്ക് 52.83 ഏക്കർ ഭൂമിയും വാങ്ങി നൽകി. ഇത്തരത്തിൽ 4151 കുടുംബങ്ങൾക്ക് 4542.16 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്.

- തിരുവനന്തപുരം ജില്ലയിലെ വിതുര പഞ്ചായത്തിലെ ചെറ്റച്ചലിൽ ഭൂമിക്കായി രണ്ട് പതിറ്റാണ്ടായി നടത്തിവന്നിരുന്ന സമരം അവസാനിപ്പിക്കുകയും വനാവകാശ നിയമപ്രകാരം 33 കുടുംബങ്ങൾക്ക് 20 സെന്റ് മുതൽ 50 സെന്റ് വരെയുള്ള ഭൂമിക്ക് കൈവശാവകാശരേഖ നൽകുകയും ചെയ്തു. ഇത്തരത്തിൽ ഭൂരഹിതരില്ലാത്ത ജില്ലയായി തിരുവനന്തപുരം ജില്ല മാറി.

- കൊല്ലം ജില്ലയിലെ അച്ചൻകോവിലിൽ വർഷങ്ങളായി ഷെഡിൽ താമസിച്ചുവന്നിരുന്ന 12 മലമ്പണ്ടാര കുടുംബങ്ങൾക്ക് 12.5 സെന്റ് വീതം ഭൂമി ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം വാങ്ങി നൽകി.

- പത്തനംതിട്ട ജില്ലയിലെ നൊമാഡിക് വിഭാഗക്കാരായ 37 മലമ്പണ്ടാര കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമി വീതം വനാവകാശ നിയമപ്രകാരം കൈവശാവകാശ രേഖ നൽകി. ഈ വിഭാഗത്തിലെ 31 കുടുംബങ്ങൾക്കുകൂടി ഭൂമി നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

- തൃശ്ശൂർ ജില്ലയിൽ ചിമ്മിനി ഡാം നിർമ്മാണവുമായി ബന്ധപ്പെട്ട് കളളിചിത്രമലയിൽനിന്നും കുടിയിറക്കപ്പെട്ട കളളിചിത്ര നടാംപാടം കോളനിയിലെ 17 കുടുംബങ്ങൾക്ക് ചാലക്കുടി താലൂക്കിൽ മുപ്ലിയം വില്ലേജിൽ 7.50 ഏക്കർ ഭൂമി വിതരണം ചെയ്തു.

- മുത്തങ്ങ സമരത്തിൽ പങ്കെടുത്തതും ഭൂമി അനുവദിക്കേണ്ടതുമായ 37 കുടുംബങ്ങൾക്കുകൂടി ഒരേക്കർ ഭൂമി വീതം അനുവദിച്ചു.

- മലപ്പുറം ജില്ലയിൽ ഭൂരഹിതരായ പട്ടികവർഗക്കാർക്ക് വിതരണം ചെയ്യുന്നതിനായി കേന്ദ്രാനുമതിപ്രകാരം ലഭ്യമായ നിക്ഷിപ്ത വനഭൂമിയിൽ 37 ഹെക്ടർ ഭൂമികൂടി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- തൃശ്ശൂർ ജില്ലയിലെ ഒളകരയിൽ പതിറ്റാണ്ടുകളായുള്ള ഉന്നതി നിവാസികളുടെ ഭൂമിക്കായുള്ള കാത്തിരിപ്പ് അവസാനിപ്പിച്ച് 44 കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം 1.5 ഏക്കർ വീതം ഭൂമിക്ക് വ്യക്തിഗത അവകാശം നൽകി.

മുണ്ടുമല അംബേദ്കർ സ്വാശ്രയഗ്രാമം

22 (2879) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ നെടുങ്കുന്നം പഞ്ചായത്തിലുൾപ്പെട്ട മുണ്ടുമല ഗ്രാമം, അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്നതിന്റെ പുരോഗതി അറിയിക്കാമോ?

മുണ്ടുമല ഗ്രാമത്തെ അംബേദ്കർ ഗ്രാമവികസന പദ്ധതി 2019-20 വർഷത്തിൽ ഉൾപ്പെടുത്തുകയും പദ്ധതി നിർവഹണം KEL-നെ ഏല്പിക്കുകയും ചെയ്തിരുന്നെങ്കിലും സമയബന്ധിതമായി പ്രവൃത്തികൾ ആരംഭിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ടി ഗ്രാമത്തെ റദ്ദുചെയ്ത് 2023-24 വർഷത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇതിനായുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് ഭരണാനുമതി ലഭ്യമാക്കാനാകും; നടപടികൾ ത്വരിതപ്പെടുത്തുമോ; വിശദമാക്കാമോ?

എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഗുരുവായൂർ മണ്ഡലത്തിലെ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി

23 (2880) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിൽ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയുടെ ഭാഗമായി നവീകരിക്കുന്ന ഏത്തായ് നഗർ, കളരിക്കുന്ന് നഗർ എന്നിവയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

2023-24-ൽ തിരഞ്ഞെടുത്ത ഏത്തായ് നഗർ നവീകരണത്തിനുള്ള എസ്റ്റിമേറ്റ് നിർവഹണ ഏജൻസി ലഭ്യമാക്കിയിട്ടുണ്ട്. 2025-26-ൽ തിരഞ്ഞെടുത്ത കളരിക്കുന്ന് നഗറിന്റെ ഫീസിബിലിറ്റി എടുത്തിട്ടുണ്ട്.

(ബി) ഏത്തായ് നഗറിലെ അംബേദ്കർ ഗ്രാമം പദ്ധതി പ്രവർത്തനങ്ങളിൽ കാലതാമസം വന്നിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഏത്തായ് നഗറിന്റെ നിർമ്മാണ പ്രവൃത്തികളിൽ കളിസ്ഥലം ഉൾപ്പെടുത്തിയിരുന്നു. എന്നാൽ കളിസ്ഥലം പ്രൈവറ്റ് പ്രോപ്പർട്ടി ആയതിനാൽ ഉടമസ്ഥൻ നിയമനടപടിയുമായി മുന്നോട്ടുപോയി. അതിനാൽ പുതിയ വർക്കനുസരിച്ചുള്ള എസ്റ്റിമേറ്റ് പിന്നീട് എടുക്കേണ്ടി വന്നതാണ് കാലതാമസത്തിന് കാരണം.

അംബേദ്കർ ഗ്രാമം പദ്ധതി

24 (2881) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്തിലെ ചൊവ്വന്നൂർ പട്ടികജാതി നഗറിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര രൂപയുടെ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പ്രവൃത്തികൾ ഏത് ഏജൻസിയാണ് നിർവഹിക്കുന്നതെന്ന് വിശദമാക്കാമോ?

ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്, ആലുവ

(സി) നിലവിൽ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നുള്ള വിശദാംശം നൽകാമോ?

08-08-2025-ന് നിർമ്മാണോദ്ഘാടനം നടത്തി. നിലവിൽ വീടുകളുടെ മെയിന്റനൻസ് ആരംഭിച്ചിട്ടുണ്ട്.

വൈപ്പിൻ മണ്ഡലത്തിലെ പട്ടികജാതി നഗറുകൾ

25 (2882) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പട്ടികജാതി നഗറുകൾ ഏതെല്ലാമെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത നഗരുകളിൽ ഓരുവെള്ള ഭീഷണി നേരിടുന്ന നഗരുകൾ ഏതെല്ലാമെന്നും ആയത് പരിഹരിക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ;

(സി) ഓരുവെള്ള ഭീഷണി നേരിടുന്നതും ജീർണ്ണാവസ്ഥയിലായതുമായ വീട്ടിൽ താമസിക്കുന്ന വൈപ്പിൻ മണ്ഡലത്തിലെ നായരമ്പലം പഞ്ചായത്തിൽ നികത്തിത്തറ വീട്ടിൽ രാജി സെൽവദാസിനെയും രമേഷിനെയും പുനരധിവസിപ്പിക്കുന്നതിനായി എം.എൽ.എ. മുഖാന്തരം സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത അപേക്ഷയിന്മേൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ?

(ബി-ഡി) പ്രസ്തുത നഗരുകളിൽ ഓരുവെള്ള ഭീഷണി നേരിടുന്ന നഗരുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+. ഓരുവെള്ള ഭീഷണി നേരിടുന്ന നഗരുകളിൽ ആയത് പരിഹരിക്കുന്നതിനായി കോർപ്പസ് ഫണ്ട് വിനിയോഗിച്ച് പദ്ധതി നടപ്പാക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. ഓരുവെള്ള ഭീഷണി നേരിടുന്നതും ജീർണ്ണാവസ്ഥയിലായതുമായ വീട്ടിൽ താമസിക്കുന്ന വൈപ്പിൻ മണ്ഡലത്തിലെ നായരമ്പലം പഞ്ചായത്തിൽ നികത്തിത്തറ വീട്ടിൽ രാജി സെൽവദാസിനെയും രമേഷിനെയും പുനരധിവസിപ്പിക്കുന്നതിനായി എം.എൽ.എ. മുഖാന്തരം സമർപ്പിച്ച അപേക്ഷ ഡയറക്ടറേറ്റ് തലത്തിൽ പരിശോധിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആദിവാസി മേഖലയിലെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം

26 (2883) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി മേഖലകളിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം വർധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ?

ആദിവാസി മേഖലകളിൽ പല സ്ഥലങ്ങളിലും ലഹരി ഉപയോഗം കണ്ടുവരുന്ന സാഹചര്യമുണ്ട്. എന്നാൽ ആയത് വർധിച്ചുവരുന്നതായി കാണുന്നില്ല.

(ബി) മദ്യവും മയക്കുമരുന്നും നൽകി ആദിവാസി വിഭാഗങ്ങളെ ചൂഷണം ചെയ്യുന്നതായ പരാതി ഉണ്ടായിട്ടുണ്ടോ?

മദ്യവും മയക്കുമരുന്നും നൽകി ആദിവാസി വിഭാഗങ്ങളെ ചൂഷണം ചെയ്യുന്നതുമായി ബന്ധപ്പെട്ട പരാതി തൃശ്ശൂർ ജില്ലയിൽനിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗത്തിൽനിന്ന് അവരെ പിന്തിരിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

പട്ടികവർഗ സങ്കേതങ്ങളിലും വകുപ്പിനുകീഴിലുള്ള സ്കൂളുകൾ, ഹോസ്റ്റലുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ മയക്കുമരുന്ന് ഉപയോഗവും വ്യാപനവും തടയുന്നതിന് എക്സൈസ്, പോലീസ് വകുപ്പുകളുടെ സഹായത്തോടെ തുടർച്ചയായ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നുണ്ട്.

വിദ്യാർഥികളിലെ ലഹരി ഉപയോഗം തടയുന്നതിനായി എം.ആർ.എസ്.-കളിൽ സ്ഥാപന മേധാവികൾ, അധ്യാപകർ, മാനേജർ എന്നിവർ നിരന്തരമായ നിരീക്ഷണവും നടത്തുന്നുണ്ട്. ഹോസ്റ്റലുകളിൽ വാർഡന്മാർ ഇക്കാര്യത്തിൽ ശ്രദ്ധചെലുത്തി തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്.

പട്ടികവർഗ സങ്കേതങ്ങളിൽ ലഹരി ഉപയോഗം തടയുന്നതിനായി എക്സൈസ്, പോലീസ്, വനം, തദ്ദേശസ്വയംഭരണം, സാമൂഹ്യനീതി, ആരോഗ്യം തുടങ്ങിയ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും നിരോധിത ലഹരി പദാർഥങ്ങൾ കോളനിയിലെത്തിക്കുന്നത് തടയുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. പട്ടികവർഗ പ്രൊമോട്ടർമാരെ ഇക്കാര്യത്തിൽ പ്രത്യേക ചുമതല നൽകി നടപടി സ്വീകരിക്കുന്നുണ്ട്.

പട്ടികവർഗ സങ്കേതങ്ങളിലും വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലും മയക്കുമരുന്ന് ഉപയോഗവും വ്യാപനവും തടയുന്നതിന് ചുവടെ പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഓരോ ജില്ലകളിലും ജില്ലാ ഓഫീസറുടെ നേതൃത്വത്തിൽ ടൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരെയും ഊരുകൂട്ട പ്രതിനിധികളെയും പ്രൊമോട്ടർമാരെയും ഹെൽത്ത് പ്രൊമോട്ടർമാരെയും ഉൾപ്പെടുത്തി ജാഗ്രതാ സമിതികൾ കൂടാവുന്നതാണ്.

മേളകൾ, ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുമ്പോൾ ലഹരി ഉപയോഗത്തിനെതിരെയുള്ള വ്യാപക പ്രചാരണ പരിപാടികൾ നടത്തുകയും സിനിമ/ഡോക്യുമെന്ററി എന്നിവ പ്രദർശിപ്പിക്കുകയും ചെയ്യാവുന്നതാണ്.

വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകളിലും ഹോസ്റ്റലുകളിലും എക്സൈസ്, പോലീസ്, വനം, തദ്ദേശസ്വയംഭരണം, സാമൂഹ്യനീതി, ആരോഗ്യം തുടങ്ങിയ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ ബോധവൽക്കരണ ക്ലാസുകൾ ആഴ്ചയിലൊരിക്കൽ സംഘടിപ്പിക്കാവുന്നതാണ്. ഈ പരിപാടിയിൽ കുട്ടികളുടെ മാതാപിതാക്കളെ പങ്കെടുപ്പിക്കാവുന്നതാണ്.

പട്ടികവർഗ സങ്കേതങ്ങളിൽ ആരോഗ്യ വകുപ്പിന്റെ ക്യാമ്പുകൾ സംഘടിപ്പിച്ച് ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്താം. എക്സൈസ്, പോലീസ് പട്രോളിങ് ശക്തിപ്പെടുത്താം.

പ്രധാന സ്ഥലങ്ങളിൽ ലഹരി ഉപയോഗത്തിനെതിരെയുള്ള ബോർഡുകൾ സ്ഥാപിക്കാം.

MSW വിദ്യാർഥികൾക്ക് പട്ടികവർഗ സങ്കേതങ്ങൾ സന്ദർശിക്കുന്നതിനും ലഹരിയുടെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തുന്ന തരത്തിലുള്ള ക്ലാസുകൾ എടുക്കുന്നതിനും അവസരം നൽകാവുന്നതാണ്.

യുവജനങ്ങളെ ഉൾപ്പെടുത്തി കലാപരിപാടികൾ, കായികപരിപാടികൾ എന്നിവ സംഘടിപ്പിക്കുകയും തൊഴിലവസരങ്ങളെക്കുറിച്ച് അവബോധം നൽകുകയും ചെയ്യുക.

ആദിവാസി യുവതീയുവാക്കൾക്ക് പുതിയ തൊഴിൽ നൈപുണ്യ കോഴ്സുകളിൽ പരിശീലനം നൽകുക.

നിരോധിത ലഹരി പദാർഥങ്ങളുടെ വില്പന നടത്തുന്ന പട്ടികവർഗ കോളനികളിലോ വ്യക്തികളെ/മറ്റ് വിഭാഗങ്ങളെ കേന്ദ്രീകരിച്ചോ ഉപയോഗം ശ്രദ്ധയിൽപ്പെട്ടാൽ സാധ്യമായ പ്രത്യേക വകുപ്പുകൾ ചുമത്തി ശിക്ഷാനടപടികൾ സ്വീകരിക്കുക.

ലഹരി പദാർഥങ്ങളുടെ ഉപയോഗം, വില്പന, കൈമാറ്റം എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ ആ വിവരം അറിയിക്കേണ്ട ഉദ്യോഗസ്ഥരുടെ പേര്, ഫോൺ നമ്പർ എന്നിവ പ്രദർശിപ്പിക്കുന്നതിന് നടപടിയെടുക്കുന്നത് ഉചിതമായിരിക്കും.

പട്ടികവർഗ വിഭാഗക്കാർക്കിടയിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് രഹസ്യവിഭാഗം രൂപീകരിക്കാവുന്നതാണ്.

ആൽക്കഹോളിക് അനോണിമസ് പോലെയുള്ള സംഘടനകളുടെ സഹായം സ്വീകരിക്കാവുന്നതാണ്.

നിലമ്പൂർ കരുളായി പഞ്ചായത്തിലെ ആദിവാസി കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം ഭൂമി

27 (2884) ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുമാനപ്പെട്ട ഹൈക്കോടതി വിധി ലഭ്യമാക്കിയിട്ടും ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റി തീരുമാനമെടുത്തതിനുശേഷവും നിലമ്പൂർ നിയോജകമണ്ഡലത്തിലെ കരുളായി പഞ്ചായത്തിലെ പുലിമുണ്ടയിൽ 43 ആദിവാസി കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം ഭൂമി നൽകുന്നതിനായി കൈവശാവകാശ രേഖ നൽകാത്തതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കൈവശാവകാശ രേഖ നൽകാത്തതിനുള്ള കാരണം വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിപ്രകാരം മലപ്പുറം ജില്ലയിലെ പുലിമുണ്ട-മുണ്ടക്കടവ് ഉന്നതിയിലെ 53 പട്ടികവർഗ കുടുംബങ്ങൾക്ക് വനാവകാശ നിയമം, 2006 പ്രകാരം കരുളായി ഗ്രാമപഞ്ചായത്തിലെ ചേമ്പുംകൊല്ലിയിൽ വ്യക്തിഗത വനാവകാശം അനുവദിച്ചിരുന്നു. ആയതിൽ 45 ഗുണഭോക്താക്കളുടെ കൈവശാവകാശ രേഖ നിലമ്പൂർ ഐ.ടി.ഡി.പി. പ്രോജക്ട് ഓഫീസർ തയ്യാറാക്കി നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ മേലൊപ്പ് ലഭ്യമാക്കുന്നതിന് കൈമാറി. ആയതിൽ 18 ഗുണഭോക്താക്കളുടെ കൈവശാവകാശരേഖ നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മേലൊപ്പുവച്ച് ലഭ്യമാക്കി. 27 പേരുടെ കൈവശാവകാശ രേഖ നിയമപ്രശ്നങ്ങൾ നിലനിൽക്കുന്നതിനാലും 8

പേരുടെ കൈവശാവകാശ രേഖ തയ്യാറാക്കുന്നതിന് വ്യക്തിഗത വിവരങ്ങൾ ലഭിക്കാത്തതിനാലും പൂർത്തിയാക്കാനായിട്ടില്ല.

പട്ടികവർഗ വിഭാഗത്തിലുള്ളവരുടെ വിവിധ പ്രശ്നങ്ങൾ

28 (2885) ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് വനാവകാശനിയമ പ്രകാരം അനുവദിച്ച ഭൂമിയുടെ ഡിജിറ്റൈസേഷൻ നടപടികളുടെ പുരോഗതി വിശദമാക്കാമോ; ആയത് എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ; പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

കേന്ദ്ര സർക്കാരിന്റെ " Dharti Aaba Janjatiya Gram Utkarsh Abhiyan (DA-JGUA)" പദ്ധതിപ്രകാരം വനാവകാശ നിയമപ്രകാരം നൽകിയിട്ടുള്ള ഭൂമിയുടെ ഡിജിറ്റൈസേഷൻ നടത്തുന്നതിനുള്ള പ്രൊപ്പോസൽ KIRTADS മുഖേന കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രൊപ്പോസൽ അംഗീകരിച്ച് ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് ഡിജിറ്റൈസേഷനുള്ള നടപടികൾ KIRTADS മുഖേന സ്വീകരിക്കുന്നതാണ്.

(ബി) പട്ടികവർഗ മേഖലയിൽ പ്രവർത്തിക്കുന്ന ഫാമിങ് സൊസൈറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ കാലാനുസൃതമായി പരിഷ്കരിച്ച് കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

പട്ടികവർഗ മേഖലയിൽ പ്രവർത്തിക്കുന്ന ഫാമിങ് സൊസൈറ്റികളുടെ പ്രവർത്തനങ്ങൾ കാലാനുസൃതമായി പരിഷ്കരിച്ച് കാര്യക്ഷമമാക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

കണ്ണൂർ ജില്ലയിലെ ആറളം ഫാമിങ് കോർപ്പറേഷന് കശുവണ്ടി സംസ്കരണ യൂണിറ്റ്, ക്ഷീര കൃഷി, കന്നുകാലി വളർത്തൽ (പശു, പോത്ത്, ആട്), റീപ്ലാന്റ് (കശുമാവ്, തെങ്ങ്, കവുങ്ങ്) എന്നീ പ്രവർത്തനങ്ങൾക്ക് വകുപ്പിൽനിന്നും ധനസഹായം നൽകുന്നുണ്ട്. മഞ്ഞൾ, വെളിച്ചെണ്ണ, കരിങ്ങാലി, തേൻ, കശുവണ്ടി, എള്ള്, കുരുമുളക് എന്നിവ ആറളം ബ്രാൻഡ് എന്ന പേരിൽ വിപണനം നടത്തുന്നു.

പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ 2 ഫാമിങ് സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ട്. അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിങ് സൊസൈറ്റി, വട്ടലക്കി കോ-ഓപ്പറേറ്റീവ് ഫാമിങ് സൊസൈറ്റി എന്നീ സഹകരണ സംഘങ്ങളിൽ വിവിധ കാർഷിക, ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ 2 വർഷങ്ങളിൽ വട്ടലക്കി കോ-ഓപ്പറേറ്റീവ് ഫാമിങ് സൊസൈറ്റിയിൽ ചുവടെ പറയുന്ന സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്:

1. ബാഗ് നിർമ്മാണം

2. മുളകൊണ്ടുള്ള ഉൽപന്നങ്ങളുടെ നിർമ്മാണം

3. കുട നിർമ്മാണം

4. നോട്ട് ബുക്ക് നിർമ്മാണം

5. ജൂട്ടിൽനിന്നുള്ള ഉൽപന്നങ്ങളുടെ നിർമ്മാണം

6. പരമ്പരാഗത ഭക്ഷണശാല

7. വിപണന കേന്ദ്രം

8. കോഫി ഷോപ്പ്

9. വിവിധ കലാപരിപാടികളും പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നതിനുള്ള ഹാൾ

പുതിയ സംരംഭങ്ങളിൽ എഴുപതോളം പട്ടികവർഗക്കാർക്ക് തൊഴിൽ നൽകുന്നതിന് സാധിച്ചിട്ടുണ്ട്. രണ്ട് സഹകരണ സംഘങ്ങളിലും മേല്പറഞ്ഞ സംരംഭങ്ങൾക്ക് പുറമെ കാർഷിക പ്രവൃത്തിയിൽ നാന്നൂറോളം പേർക്കും തൊഴിൽ നൽകിവരുന്നുണ്ട്. അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിങ് സൊസൈറ്റിയുടെ പുനരുജ്ജീവനത്തിനായുള്ള പദ്ധതിക്ക് വകുപ്പിൽനിന്നും നബാർഡിൽനിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വനവാസികളായ വൈദ്യന്മാരുടെ പാരമ്പര്യമായി ലഭിച്ച അറിവുകൾ സംരക്ഷിക്കുന്നതിനും ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; അവയുടെ പുരോഗതി അറിയിക്കാമോ?

പട്ടികവർഗക്കാരായ വംശീയ വൈദ്യന്മാർക്ക് പരമ്പരാഗത ചികിത്സാ സമ്പ്രദായം കാത്തുസൂക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും KIRTADS മുഖേന ലഭിച്ച

ലിസ്റ്റുപ്രകാരമുള്ള വൈദ്യന്മാർക്ക് പ്രതിവർഷം 10,000/- രൂപ (പതിനായിരം രൂപ മാത്രം) നിരക്കിൽ വാർഷിക ഗ്രാന്റായി ധനസഹായം വകുപ്പ് അനുവദിച്ചുനൽകുന്നുണ്ട്.

തദ്ദേശീയ ജനതയുടെ അറിവ് സാമൂഹികമായി പ്രയോജനപ്പെടുത്തുന്നതിനും തദ്ദേശീയ വൈദ്യത്തെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനും വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കേരളത്തിലെ പാരമ്പര്യ വൈദ്യന്മാരുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 3 ഡയറക്ടറികൾ 2013, 2016, 2024 വർഷങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വൈദ്യന്മാർക്കായി ശില്പശാലകളും ചികിത്സാക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നു. ഔഷധച്ചെടികൾ നട്ടുവളർത്തുന്നതുമായി ബന്ധപ്പെട്ടുള്ള ഒരു ത്രിദിന പരിശീലന പരിപാടി ഈ സാമ്പത്തിക വർഷം സംഘടിപ്പിക്കുന്നുമുണ്ട്.

പഠനമുറി പദ്ധതി

29 (2886) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കിവരുന്ന പഠനമുറി പദ്ധതിയിൽ നിശ്ചിതഘട്ടം പൂർത്തീകരിച്ചിട്ടും പണം ലഭിക്കാത്ത എത്ര ഗുണഭോക്താക്കളുണ്ടെന്നും അവർക്ക് എത്ര തുക നൽകാൻ ബാക്കിയുണ്ടെന്നും ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

പട്ടികജാതി വികസന വകുപ്പുമുഖേന നടപ്പാക്കിവരുന്ന പഠനമുറി പദ്ധതിയിൽ നിശ്ചിതഘട്ടം പൂർത്തീകരിച്ചിട്ടും ഇവർക്ക് പണം ലഭ്യമാക്കുന്നുണ്ട്.

പട്ടികജാതി-പട്ടികവർഗ വിദ്യാർഥികളുടെ കലാ-കായിക പരിപോഷണത്തിന് നടപ്പാക്കിവരുന്ന പദ്ധതികൾ

30 (2887) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ വിദ്യാർഥികളുടെ കലാ-കായിക പരിപോഷണത്തിനായി നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ വഞ്ചിപ്പാട്ട്, നാടൻപാട്ട്, ഡ്രോയിംഗ്, ഓട്ടൻ തുള്ളൽ, മിഴാവ്, കർണാടക സംഗീതം, ഇരുള നൃത്തം, നാടകം, സംഗീതം തുടങ്ങിയവയിൽ പരിശീലനം നൽകിവരുന്നു.

പട്ടികജാതി വികസന വകുപ്പിനുകീഴിൽ തിരുവനന്തപുരം ജില്ലയിൽ ശ്രീഅയ്യങ്കാളി മെമ്മോറിയൽ സ്പോർട്സ് സ്കൂൾ പ്രവർത്തിച്ചുവരുന്നുണ്ട്. ടി സ്കൂളിൽ വിദ്യാഭ്യാസത്തോടൊപ്പം വിവിധ കായിക പരിശീലനങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ വിവിധ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഖൊഖോ, ബാഡ്മിന്റൺ, ഫുട്ബോൾ, ബോക്സിങ്, ടെന്നിക്കോയിറ്റ്, അത്ലറ്റിക്സ്, ജിംനാസ്റ്റിക്, ജൂഡോ, റസിലിങ്, വോളിബോൾ, കബഡി, ചെസ്സ് എന്നീ കായിക ഇനങ്ങളിൽ പരിശീലനം നൽകിവരുന്നു. കലാ-കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് വിദ്യാർഥികൾക്ക് വിവിധയിനങ്ങളിൽ പ്രത്യേക പരിശീലനവും നൽകിവരുന്നു. കൂടാതെ സ്കൂളുകളിൽ സ്റ്റുഡൻസ് പോലീസ് കേഡറ്റ് (SPC) പദ്ധതിയും നടപ്പാക്കിവരുന്നുണ്ട്.

പട്ടികവർഗ വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും ഹോസ്റ്റലുകളിലെയും കുട്ടികൾക്കായി അവരുടെ കായിക മികവുകൾ പ്രകടിപ്പിക്കുന്നതിനുവേണ്ടി കളിക്കളം എന്ന പേരിൽ കായികമേളയും കലാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനായി സർഗോത്സവം എന്ന പേരിൽ കലാമേളയും സംസ്ഥാനതലത്തിൽ സംഘടിപ്പിക്കുന്നു. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന സ്കൂൾ ഒളിമ്പിക്സ്, കലോത്സവം പരിപാടികളിലും മോഡൽ റസിഡൻഷ്യൽ സ്കൂളിലെ വിദ്യാർഥികൾ പങ്കെടുക്കുന്നു. ഇതിലേയ്ക്കായി ചിട്ടയായ പരിശീലനത്തിലൂടെ മത്സരാർഥികളെ പങ്കെടുപ്പിക്കുന്നതിനും ഇതിലൂടെ ദേശീയ-അന്തർദേശീയ തലങ്ങളിൽ പങ്കെടുക്കാൻ തരത്തിലുള്ള മികച്ച കായികതാരങ്ങളായും കലാകാരന്മാരായും അവരെ മാറ്റുന്നതിനും സാധിക്കുന്നു.

സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, സ്പോർട്സ് അസോസിയേഷൻ, ദേശീയ-അന്തർദേശീയ ഏജൻസികൾ എന്നിവയുമായി സഹകരിച്ച് പട്ടികവർഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്കും യുവജനങ്ങൾക്കുമിടയിൽ കലാകായിക മത്സരങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസം

31 (2888) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്രവർഗ വിഭാഗങ്ങളുടെ ഭാഷാപരമായ വ്യതിയാനങ്ങൾമൂലം മലയാള ഭാഷ പഠിക്കുന്നതിനുള്ള ആദിവാസി കുട്ടികളുടെ വിമുഖത അവർ പഠന മേഖലയിൽനിന്ന് കൊഴിഞ്ഞുപോകുന്നതിന് കാരണമാകുന്നുണ്ടോ; വ്യക്തമാക്കുമോ?

വിദ്യാർഥികളുടെ ഭാഷാപ്രശ്നങ്ങൾമൂലമുള്ള കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ പട്ടികവർഗ വികസന വകുപ്പ് മെന്റർ ടീച്ചർമാരെ നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി വിജയകരമായി നടപ്പാക്കിവരുന്നു. ആയതിനാൽ ഗോത്രവർഗ വിഭാഗങ്ങളുടെ ഭാഷാപരമായ വ്യതിയാനങ്ങൾമൂലം മലയാളഭാഷ പഠിക്കുന്നതിനുള്ള പട്ടികവർഗ കുട്ടികളുടെ വിമുഖതമൂലം പഠന മേഖലയിൽനിന്ന് അവർ കൊഴിഞ്ഞുപോകുന്ന സാഹചര്യമുണ്ടാകുന്നില്ല.

(ബി) പഠനം ഗോത്രഭാഷാ സൗഹൃദമാക്കി പട്ടികവർഗ വിദ്യാർഥികളെ സ്കൂളുകളിലേക്ക് ആകർഷിക്കുന്നതിനും വിദ്യാഭ്യാസം നേടിയാൽ ജീവിത നിലവാരം മെച്ചപ്പെടുമെന്ന വസ്തുത അവരെ ബോധ്യപ്പെടുത്തുന്നതിനും എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

വിദ്യാർഥികളുടെ ഭാഷാപ്രശ്നങ്ങൾമൂലമുള്ള കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ പട്ടികവർഗ വികസന വകുപ്പ് മെന്റർ ടീച്ചർമാരെ നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി നടപ്പാക്കുന്നുണ്ട്. വിദ്യാർഥികളുടെ ഭാഷാപ്രശ്നങ്ങൾമൂലം കൊഴിഞ്ഞുപോയ വിദ്യാർഥികളെ കണ്ടെത്തി അവരെ തിരികെ സ്കൂളുകളിലെത്തിക്കുന്നതിന് ജില്ലാതലത്തിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, എസ്.റ്റി. പ്രൊമോട്ടർമാർ, മെന്റർ ടീച്ചർമാർ, കമ്മിറ്റഡ്

സോഷ്യൽ വർക്കർമാർ എന്നിവരുടെ സഹായത്തോടെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്തുവരുന്നു. വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ 326 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. ടി മെന്റർ ടീച്ചർമാർ കുട്ടികളുടെ തനത് ഗോത്രഭാഷയിൽ പാഠ്യഭാഗങ്ങൾ വിവരിച്ചുനൽകുന്നു.

പട്ടികവർഗ വിദ്യാർഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിലേക്കുമായി പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി, പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി, പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് പദ്ധതി, സാമൂഹ്യ പഠന മുറി, ഗോത്രബന്ധു പദ്ധതി, വിദ്യാവാഹിനി, സമർഥരായ വിദ്യാർഥികൾക്ക് പ്രത്യേക പ്രോത്സാഹനം, വിദേശപഠനത്തിനുള്ള ധനസഹായം, അന്യസംസ്ഥാന പഠനം, ലാപ്ടോപ് വിതരണം, നൈപുണ്യ പരിശീലനം, സിവിൽ സർവീസ് പരിശീലനം, കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് (വിങ്സ്), മെഡിക്കൽ എഞ്ചിനീയറിങ് വിദ്യാർഥികൾക്കുള്ള ധനസഹായം, മെഡിക്കൽ, എഞ്ചിനീയറിങ് പ്രവേശന പരീക്ഷാപരിശീലനം തുടങ്ങിയ പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്.

വൈപ്പിൻ മണ്ഡലത്തിൽ പട്ടികജാതി വിഭാഗക്കാർക്കായി പഠനമുറി

32 (2889) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-25 കാലഘട്ടത്തിൽ വൈപ്പിൻ മണ്ഡലത്തിൽ പട്ടികജാതി വിഭാഗക്കാർക്കായി എത്ര പഠനമുറികൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക ചെലവഴിച്ചെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

2021-25 കാലഘട്ടത്തിൽ വൈപ്പിൻ നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗക്കാർക്കായി നിർമ്മിച്ച് നൽകിയിട്ടുള്ള പഠനമുറികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) മണ്ഡലത്തിൽനിന്നും എത്ര പേർ പഠനമുറിക്കായി അപേക്ഷ സമർപ്പിച്ചെന്നും ഇതിൽ എത്ര പേർക്ക് അനുവദിച്ചെന്നും ഇനി എത്ര പേർക്ക് അനുവദിച്ച് നൽകാനുണ്ടെന്നും പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു+.

പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് വിദേശ പഠനം നടത്തുന്നതിനുള്ള സ്കോളർഷിപ്പ്

33 (2890) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് വിദേശപഠനം നടത്തുന്നതിന് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ അർഹതാ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. വിദേശ സർവകലാശാലകളിൽ മെഡിക്കൽ/എഞ്ചിനീയറിങ്/പ്യൂവർ സയൻസ്/അഗ്രികൾച്ചർ/മാനേജ്മെന്റ്/സോഷ്യൽ സയൻസ്/നിയമം എന്നീ കോഴ്സുകളിൽ PG/Ph.D പഠനം നടത്തുന്നതിന് 6 ലക്ഷം രൂപ കുടുംബ വാർഷിക വരുമാന പരിധിക്ക് വിധേയമായി പരമാവധി 10 ലക്ഷം രൂപ സ്കോളർഷിപ്പ് അനുവദിക്കുന്നുണ്ട്. വർഷംതോറും ശരാശരി 20 പേരെയാണ് ഈ പദ്ധതിപ്രകാരം തിരഞ്ഞെടുക്കുന്നത്.

(ബി) ഓരോ കുട്ടിക്കും ഇതിനായി എത്ര രൂപ വീതമാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

വിദേശ സർവകലാശാലകളിൽ മെഡിക്കൽ/എഞ്ചിനീയറിങ്/പ്യൂവർ സയൻസ്/അഗ്രികൾച്ചർ/മാനേജ്മെന്റ്/സോഷ്യൽ സയൻസ്/നിയമം എന്നീ കോഴ്സുകളിൽ PG/Ph.D പഠനം നടത്തുന്നതിന് 6 ലക്ഷം രൂപ കുടുംബ വാർഷിക വരുമാന പരിധിക്ക് വിധേയമായി പരമാവധി 10 ലക്ഷം രൂപ സ്കോളർഷിപ്പ് അനുവദിക്കുന്നുണ്ട്. വർഷംതോറും ശരാശരി 20 പേരെയാണ് ഈ പദ്ധതിപ്രകാരം തിരഞ്ഞെടുക്കുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതിനായി എത്ര തുകയാണ് അനുവദിച്ചിരുന്നതെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിന്നാക്ക വിഭാഗം വിദ്യാർഥികൾക്കുള്ള വിദേശ പഠന സഹായം നാളിതുവരെ (30-09-2025 അടിസ്ഥാനമാക്കി) ആകെ 5,67,15,247/- രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

മണലൂർ മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പഠനമുറി

34 (2891) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മണലൂർ നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് പഠനമുറി അനുവദിക്കുകയുണ്ടായി; അതിനായി ആകെ എത്ര രൂപ ഇതുവരെ അനുവദിച്ചെന്ന് അറിയിക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് മണലൂർ നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 497 പേർക്ക് പഠനമുറി അനുവദിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി 8,20,95,000/- (എട്ട് കോടി ഇരുപത് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ എത്ര പേരുടെ പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിക്കുകയുണ്ടായി?

412 ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പഠനമുറി നിർമ്മാണം പൂർത്തീകരിച്ച എല്ലാവർക്കും തുക പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഇല്ല. 24 പേർക്ക് തുക അനുവദിക്കേണ്ടതുണ്ട്.

(ഡി) മണ്ഡലത്തിൽ എത്ര പഠനമുറികളുടെ നിർമ്മാണം പുരോഗമിക്കുന്നെന്ന് അറിയിക്കാമോ?

82 പഠനമുറികളുടെ നിർമ്മാണം പുരോഗമിക്കുന്നു.

(ഇ) എത്ര പേർക്ക് ഭാഗികമായി തുക വിതരണം ചെയ്തെന്ന് വ്യക്തമാക്കാമോ; ഒന്നും രണ്ടും മൂന്നും ഘട്ടം തുക വിതരണം ചെയ്തവരുടെ വിശദാംശം ലഭ്യമാക്കാമോ?

86 പേർക്ക് ഭാഗികമായി തുക വിതരണം ചെയ്തിട്ടുണ്ട്.

ഒന്നാം ഗഡു	31 പേർ
രണ്ടാം ഗഡു	29 പേർ
മൂന്നാം ഗഡു	26 പേർ

കാസർഗോഡ് ജില്ലയിൽ പട്ടികവർഗ വിഭാഗത്തിന് പഠനമുറി

35 (2892) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ പട്ടികവർഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് പഠനമുറി അനുവദിച്ചുനൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

പട്ടികവർഗ വിഭാഗത്തിനായി വകുപ്പുമുഖേന പഠനമുറികൾ അനുവദിച്ചിരുന്നില്ല. ഈ വർഷംമുതൽ സ്മാർട്ട് പഠനമുറി അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വകുപ്പ് സാമൂഹ്യ പഠനമുറികൾ നടത്തിവരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് സാമൂഹ്യ പഠനമുറികൾ അനുവദിക്കുന്നത്. ഇത്തരത്തിൽ കാസർഗോഡ് ജില്ലയിൽ 103 സാമൂഹ്യ പഠനമുറികൾ അനുവദിച്ചിട്ടുണ്ട്.

പട്ടികജാതി വിദ്യാർഥികൾക്ക് ഹോട്ടൽ മാനേജ്മെന്റ് കോഴ്സിന് അനുവദിച്ചിട്ടുള്ള തുക

36 (2893) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിദ്യാർഥികൾക്ക് ഹോട്ടൽ മാനേജ്മെന്റ് കോഴ്സിന് 2016-2025 കാലയളവിൽ അനുവദിച്ചിട്ടുള്ള തുക എത്രയാണെന്ന് അറിയിക്കാമോ?

2016-മുതൽ 2025 കാലയളവിൽ ഹോട്ടൽ മാനേജ്മെന്റ് കോഴ്സിന് അനുവദിച്ചിട്ടുള്ള തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

2016-17	1,40,00,000/-
2017-18	2,94,12,000/-
2018-19	2,09,09,637/-
2019-20	88,83,750/-

(ബി) പ്രസ്തുത കാലയളവിൽ ട്രെയിനിങ് ലഭിച്ച വിദ്യാർഥികളുടെ പേര് വിവരങ്ങളും അനുവദിച്ച തുകയുടെ വിവരങ്ങളും നൽകാമോ?

ഹോട്ടൽ മാനേജ്മെന്റ് കോഴ്സിന് സ്ഥാപനങ്ങൾക്കാണ് തുക അനുവദിച്ചുനൽകുന്നത്. സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	അനുവദിച്ച തുക
1	State Resource Centre	22,40,00,00/-
2	Global Institute of Hotel Management Studies	5,08,05,387/-

2016 മുതൽ 2025 വരെയുള്ള കാലയളവിൽ ടെയിനിംഗ് ലഭിച്ച വിദ്യാർഥികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു+.

പട്ടികവർഗ വിദ്യാർഥികൾക്ക് സൗജന്യ കമ്പ്യൂട്ടറും ഇന്റർനെറ്റ് കണക്ഷനും

37 (2894) ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഉൾവനങ്ങളിൽ താമസിക്കുന്ന പട്ടികവർഗ വിദ്യാർഥികൾക്ക് സൗജന്യമായി കമ്പ്യൂട്ടറും ഇന്റർനെറ്റ് കണക്ഷനും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത നടപടി ഇന്റഗ്രേറ്റഡ് ട്രൈബൽ ഡെവലപ്മെന്റ് പ്രോഗ്രാം ഫണ്ട് മുഖാന്തരം നടപ്പാക്കുന്നതിന് എന്തെങ്കിലും വ്യവസ്ഥയുണ്ടോയെന്ന് അറിയിക്കാമോ?

(എ&ബി) തിരഞ്ഞെടുക്കപ്പെട്ട കോഴ്സുകളിലെ വിദ്യാർഥികൾക്ക് സൗജന്യമായി ലാപ്ടോപ്പ് നൽകുന്നതിനാണ് നിലവിൽ പദ്ധതിയുള്ളത്. നിലമ്പൂർ നിയോജകമണ്ഡലത്തിൽ അപ്പൻകാപ്പ്, മലച്ചി, പള്ളിക്കുത്ത്, നെടുങ്കയം, പാട്ടക്കരിമ്പ് എന്നീ ഉന്നതികളിൽ സാമൂഹ്യ പഠനമുറികൾ നടപ്പാക്കിവരുന്നുണ്ട്. ഈ പഠനമുറികളിൽ ഇന്റർനെറ്റ്, കമ്പ്യൂട്ടർ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർ മുഖേന സ്വീകരിച്ചുവരുന്നുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗോത്രബന്ധു പദ്ധതി

38 (2895) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽപ്പെടുന്ന വിദ്യാർഥികൾ സ്കൂളുകളിൽനിന്നും ഇടയ്ക്ക് പഠനം നിർത്തിപ്പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പട്ടികജാതിയിൽപ്പെടുന്ന വിദ്യാർഥികൾ സ്കൂളുകളിൽനിന്നും ഇടയ്ക്ക് പഠനം നിർത്തിപ്പോകുന്ന കാര്യം പരിശോധിച്ചിട്ടുണ്ട്. ഇത് ആപേക്ഷികമായി കൂടുതലല്ല.

(ബി) അത്തരം വിദ്യാർഥികൾക്ക് അവരുടെ വിദ്യാഭ്യാസം നല്ല രീതിയിൽ ലഭിക്കുന്നെന്ന് ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

പട്ടികജാതിയിൽപ്പെടുന്ന വിദ്യാർഥികൾ സ്കൂളുകളിൽനിന്നും ഇടയ്ക്ക് പഠനം നിർത്തിപ്പോകുന്ന സാഹചര്യം ഒഴിവാക്കുന്നതിനും അവരുടെ വിദ്യാഭ്യാസം നല്ല രീതിയിൽ ലഭിക്കുന്നെന്ന് ഉറപ്പുവരുത്തുന്നതിനുമായി ചുവടെ പറയുന്ന വിവിധ വിദ്യാഭ്യാസാനുകൂല്യ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു:

* പ്രീ മെട്രിക് സ്കോളർഷിപ്പ്

* പ്രൈമറി/സെക്കൻഡറി എഡ്യൂക്കേഷൻ എയ്ഡ്

* പ്രതിമാസ സ്റ്റൈപ്പന്റ്

*9, 10 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രീമെട്രിക് സ്കോളർഷിപ്പ്

*ആരോഗ്യഹാനിക്കിടയാക്കുന്ന ശുചീകരണ ജോലികളിൽ ഏർപ്പെടുന്നവരുടെ ആശ്രിതർക്കുള്ള സ്കോളർഷിപ്പ്

* അംഗീകൃത എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീ-ഇംപേഴ്സ്മെന്റ്

* ശ്രീഅയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്

* പ്രത്യേക പ്രോത്സാഹന സമ്മാനം

* മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ

* പ്രീ മെട്രിക് ഹോസ്റ്റലുകൾ

*സബ്സിഡൈസ്ഡ് ഹോസ്റ്റൽ

(സി) ഈ സർക്കാരിന്റെ കാലയളവിൽ ഗോത്രബന്ധു പദ്ധതിപ്രകാരം എത്ര കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്താൻ കഴിഞ്ഞെന്ന് വിശദമാക്കാമോ?

പട്ടികവർഗ ഭ്രരിപക്ഷ മേഖലകളിലെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 4 വരെ അധ്യയനം നടത്തുന്ന പട്ടികവർഗ വിദ്യാർഥികളുടെ വിദ്യാഭ്യാസ ഉന്നമനംവച്ചുകൊണ്ട് പട്ടികവർഗത്തിൽപ്പെട്ട ടി.ടി.സി./ഡി.എഡ്. അല്ലെങ്കിൽ ബി.എ. പാസായവരെ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന പദ്ധതിയാണ് "ഗോത്രബന്ധു" പദ്ധതി. വയനാട് ജില്ലയിലെ 241 സർക്കാർ എയ്ഡഡ് സ്കൂളുകളിലും പാലക്കാട് അട്ടപ്പാടി ബ്ലോക്കിലെ 26 സർക്കാർ എയ്ഡഡ് സ്കൂളുകളിലും മലപ്പുറം ജില്ലയിൽ 29 സർക്കാർ എയ്ഡഡ് സ്കൂളുകളിലും അട്ടപ്പാടി ബ്ലോക്ക്

ഒഴികെയുള്ള പാലക്കാട് ജില്ലയിലെ സർക്കാർ എയ്ഡഡ് സ്കൂളുകളിലും "ഗോത്രബന്ധു" പദ്ധതിപ്രകാരം മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ ഗോത്രബന്ധു പദ്ധതിപ്രകാരം 49061 കുട്ടികൾക്ക് വിദ്യാഭ്യാസം ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്.

സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ പ്രിസിഷൻ മെഷിനിസ്റ്റ് കോഴ്സ്

39 (2896) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തരൂർ മണ്ഡലത്തിലെ വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിൽ സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ പ്രിസിഷൻ മെഷിനിസ്റ്റ് (സി.പി.പി.എം.) ദ്വിവൽസര കോഴ്സിന്റെ അടുത്ത ബാച്ച് എന്നുമുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിൽ CPPM (Certificate Programme in Precision Mechinist) കോഴ്സിന്റെ എട്ടാം ബാച്ചിന്റെ പരിശീലനം ആരംഭിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ടി കോളേജിൽ ഏഴ് ബാച്ചുകൾ വിജയകരമായി പരിശീലനം പൂർത്തിയാക്കിയതായും ടി കോഴ്സ് പട്ടികജാതി യുവതീയുവാക്കൾക്ക് ജോലിസാധ്യത ഉറപ്പാക്കുന്ന കോഴ്സാണെന്നുമുള്ള പാലക്കാട് ഡി.ഡി.ഒ.-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എട്ടാം ബാച്ചിന്റെ പരിശീലനം ആരംഭിക്കുന്നതിനായി NTTF സമർപ്പിച്ച പ്രൊപ്പോസലാണ്. ഭരണാനുമതിക്കായി പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന്മേൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായുള്ള പുതിയ കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി കണക്ഷൻ, മെഷീൻസ് റിപ്പയർ, പഴയ കെട്ടിടത്തിൽനിന്നും പുതിയ കെട്ടിടത്തിലേയ്ക്ക് മെഷീനുകൾ മാറ്റി സ്ഥാപിക്കുക എന്നീ വർക്കുകൾ പൂർത്തീകരിച്ചതിനുശേഷം എട്ടാം ബാച്ച് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ

40 (2897) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ സംസ്ഥാന പട്ടികവർഗ ക്ഷേമവകുപ്പിന്റെ കീഴിലാണോ പ്രവർത്തിക്കുന്നത്; എങ്കിൽ എവിടെയെല്ലാമാണ് പ്രസ്തുത സ്കൂളുകളുള്ളതെന്നും ഏത് സിലബസ് പ്രകാരമാണ് അധ്യയനം നടക്കുന്നതെന്നും വിശദമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ പട്ടികവർഗ മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലുള്ള നാഷണൽ എഡ്യൂക്കേഷൻ സൊസൈറ്റി ഫോർ ട്രൈബൽ സ്റ്റഡൻസ് (NESTS)-നുകീഴിൽ സർക്കാർ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലുള്ള സൊസൈറ്റീസ് ആക്ടുപ്രകാരം രൂപീകരിച്ചിട്ടുള്ള പട്ടികവർഗ വികസന വകുപ്പ് ഡയറക്ടർ മെമ്പർ സെക്രട്ടറിയായ കേരള സംസ്ഥാന ഇ.എം.ആർ.എസ്. സൊസൈറ്റിയുടെ മേൽനോട്ടത്തിലാണ് ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നത്. ടി സ്കൂളുകളിൽ പൂർണ്ണമായും

സി.ബി.എസ്.ഇ. സിലബസ് പ്രകാരമാണ് അധ്യയനം നടത്തുന്നത്. സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു:

1. ഇ.എം.ആർ.എസ്., പൂക്കോട്, വയനാട്

2. ഇ.എം.ആർ.എസ്., അട്ടപ്പാടി, പാലക്കാട്

3. ഇ.എം.ആർ.എസ്., പൈനാവ്, ഇടുക്കി

4.ഇ.എം.ആർ.എസ്., കരിന്തളം, കാസർഗോഡ്

(ബി) പ്രസ്തുത സ്കൂളുകളുടെ പ്രവർത്തനം പൂർണ്ണമായോ ഭാഗികമായോ കേന്ദ്ര സർക്കാർ ഫണ്ട് ഉപയോഗിച്ചാണോ നടക്കുന്നതെന്ന് അറിയിക്കാമോ; എങ്കിൽ 2016 മുതൽ നാളിതുവരെ ലഭിച്ച തുക സാമ്പത്തിക വർഷം തിരിച്ച് അറിയിക്കാമോ?

ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനത്തിന് കേന്ദ്ര ഫണ്ട് ലഭിച്ചുവരുന്നുണ്ട്. 2016 മുതൽ നാളിതുവരെ കേന്ദ്ര സഹായമായി ലഭിച്ച തുക ചുവടെ ചേർക്കുന്നു:

2017-18	2,21,76,000/-
2021-22	2,29,56,358/-
2022-23	5,15,65,558/-
2023-24	1,52,31,600/-
2024-25	6,61,74,937/-
2025-26	2,31,35,176/- (Ist Instalment)

(സി) പ്രസ്തുത സ്കൂളുകൾക്ക് കേന്ദ്ര ഫണ്ട് ലഭ്യമാകുന്നുണ്ടെങ്കിൽ അത് ചെലവഴിക്കുന്നത് സംസ്ഥാന പട്ടികവർഗ ക്ഷേമ വകുപ്പിന്റെ ഉത്തരവാദിത്വത്തിലാണോയെന്ന് അറിയിക്കാമോ?

പ്രസ്തുത സ്കൂളുകൾക്ക് ലഭ്യമാകുന്ന കേന്ദ്ര ഫണ്ടുകൾ സംസ്ഥാന പട്ടികവർഗ വികസന വകുപ്പിന്റെ മേൽനോട്ടത്തിൽ പട്ടികവർഗ വികസന വകുപ്പ് ഡയറക്ടർ മെമ്പർ സെക്രട്ടറിയായ കേരള ഇ.എം.ആർ.എസ്. സൊസൈറ്റി NESTS മാർഗനിർദേശപ്രകാരം അതത് സ്ഥാപനമേധാവികളായ പ്രിൻസിപ്പൽമാർക്ക് തുക അനുവദിച്ച് നൽകിവരുന്നു.

(ഡി) പ്രസ്തുത സ്കൂളുകളിൽ അധ്യാപകരെയും മറ്റ് ജീവനക്കാരെയും നിയമിക്കുന്നത് സംസ്ഥാന സർക്കാരാണോ അതോ കേന്ദ്ര സർക്കാരാണോയെന്ന് വ്യക്തമാക്കാമോ?

ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ അധ്യാപകരെയും ജീവനക്കാരെയും നിയമിക്കുന്നത് കേന്ദ്ര പട്ടികവർഗ മന്ത്രാലയത്തിന് കീഴിലുള്ള NESTS ആണ്. നിലവിൽ NESTS-ൽനിന്നും നിയമനം നൽകാത്ത തസ്തികകളിൽ സംസ്ഥാന പട്ടികവർഗ വികസന വകുപ്പ് ദിവസ വേതനാടിസ്ഥാനത്തിൽ/കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത സ്കൂളുകളിൽ അധ്യാപകരെയും മറ്റ് ജീവനക്കാരെയും നിയമിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ, പ്രവേശന നടപടികൾ തുടങ്ങിയവയെക്കുറിച്ചും അതിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള റിക്രൂട്ടിങ് ഏജൻസിയെക്കുറിച്ചും വിശദമാക്കാമോ?

പ്രസ്തുത സ്കൂളുകളിൽ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള NESTS-ന്റെ മാനദണ്ഡപ്രകാരമാണ് നിയമനം നടത്തുന്നത്.

പട്ടികജാതി–പട്ടികവർഗ വിഭാഗത്തിലെ കുട്ടികളുടെ വിദ്യാഭ്യാസം

41 (2898) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളിൽ ചേരാത്തതും കൊഴിഞ്ഞുപോയതുമായ ആദിവാസി വിഭാഗം കുട്ടികളെ സർവെയിലൂടെ കണ്ടെത്തി വിദ്യാലയ പ്രവേശനം നടത്തുന്നതിനും പഠനപിന്തുണ സംവിധാനങ്ങൾ ഒരുക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സ്കൂളിൽ ചേരാത്തതും സ്കൂൾ പഠനം ഉപേക്ഷിച്ച കുട്ടികളെ തിരികെ സ്കൂളിലേക്ക് കൊണ്ടുവരുന്നതിനും അവർക്ക് പ്രത്യേക പരിഗണന നൽകുന്നതിനും പട്ടികവർഗ വികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.

പട്ടികവർഗ വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നത് ലക്ഷ്യംവച്ച് സ്കൂളുകളിൽനിന്നും ഉന്നതികളിൽ തിരികെയെത്തുന്ന കുട്ടികൾക്ക് പഠനസൗകര്യവും ലഘുഭക്ഷണവും ഒരുക്കുന്നതിനായി സാമൂഹ്യ പഠനമുറി പദ്ധതിയും വിദ്യാർഥികളുടെ ഭാഷാപ്രശ്നങ്ങൾമൂലമുള്ള കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന ഗോത്രബന്ധു പദ്ധതിയും വകുപ്പ് നടപ്പാക്കുന്നുണ്ട്.

കൊഴിഞ്ഞുപോയ വിദ്യാർഥികളെ കണ്ടെത്തി അവരെ തിരികെ സ്കൂളുകളിലെത്തിക്കുന്നതിന് ജില്ലാതലത്തിൽ ടൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, എസ്.റ്റി. പ്രൊമോട്ടർമാർ, മെന്റർ ടീച്ചർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവരുടെ സഹായത്തോടെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തിവരുന്നുണ്ട്.

പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർഥികളെ മുടങ്ങാതെ സ്കൂളിൽ അയയ്ക്കുന്നതിന് ഓരോ അധ്യയന വർഷവും 75% ഹാജരുള്ള വിദ്യാർഥികളുടെ രക്ഷിതാക്കൾക്ക് പ്രതിവർഷം 500/- രൂപ പ്രോത്സാഹന ധനസഹായം നൽകുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം പ്രീമെട്രിക് തലത്തിൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷം 2,250/- രൂപ സ്കോളർഷിപ്പ് ഇനത്തിലും 750/- രൂപ ബുക്ക് തുടങ്ങിയ പഠനസാമഗ്രികൾ വാങ്ങുന്നതിനും ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർഥികൾക്ക് യഥാക്രമം 5,250/- രൂപയും 1000/- രൂപയും നൽകുന്നു.

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ ഹൈടെക്/സ്മാർട്ട് ക്ലാസ് റൂമുകളാക്കുകവഴി പൊതുസമൂഹത്തെപ്പോലെതന്നെ പട്ടികവർഗ വിദ്യാർഥികൾക്ക് പഠനത്തോട് താൽപര്യവും ഉത്സാഹവുമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) ഔപചാരിക വിദ്യാഭ്യാസത്തിന്റെ അഭാവംമൂലം പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾ നിരവധി ചൂഷണങ്ങൾക്ക് വിധേയമാകുന്നത് തടയാൻ എന്തൊക്കെ വിദ്യാഭ്യാസ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ടെന്ന് വിശദമാക്കാമോ?

ഔപചാരിക വിദ്യാഭ്യാസത്തിന്റെ അഭാവംമൂലം പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾ നിരവധി ചൂഷണങ്ങൾക്ക് വിധേയമാകുന്നത് തടയാൻ പട്ടികജാതി വികസന വകുപ്പ് താഴെപ്പറയുന്ന വിദ്യാഭ്യാസ പദ്ധതികൾ നടപ്പാക്കിവരുന്നു:

പട്ടികജാതി വികസന വകുപ്പിനുകീഴിൽ 86 പ്രീമെട്രിക് ഹോസ്റ്റലുകളും ഒരു സ്പോർട്സ് എം.ആർ.എസ്. ഉൾപ്പെടെ 10 എം.ആർ.എസ്-കളും പ്രവർത്തിച്ചുവരുന്നു. 1 മുതൽ 10 വരെ ക്ലാസുകളിലുള്ള വിദ്യാർഥികൾക്ക് സ്റ്റേറ്റ് പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി നടപ്പാക്കിവരുന്നു. അവർക്ക് ലംപ്സം ഗ്രാന്റ്, 1 മുതൽ 8 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് അധ്യയന വർഷാരംഭത്തിലുണ്ടാകുന്ന പ്രാരംഭ ചെലവുകൾ, ഓൺലൈൻ പഠന സംബന്ധമായ ആവശ്യങ്ങൾ തുടങ്ങിയവയ്ക്കായി പ്രതിവർഷം 2000/- രൂപ വീതം ആനുകൂല്യം, 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന ദുർബല സമുദായത്തിൽപ്പെട്ട വിദ്യാർഥികൾക്ക് പഠന നിലവാരം ഉയർത്തുന്നതിനായി പ്രതിമാസം സ്റ്റൈപ്പന്റ്, സർക്കാർ അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്നവർക്ക് LP/UP- 1333/- (പ്രതിവർഷം) HS - 2000/- (പ്രതിവർഷം) ആനുകൂല്യം, 9-10 ക്ലാസുകളിൽ പഠിക്കുന്നവർക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ച നിബന്ധനകളുടെ അടിസ്ഥാനത്തിലുള്ള സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി, അനാരോഗ്യകരമായ ചുറ്റുപാടുകളിൽ പണിയെടുക്കുന്നവരുടെ ആശ്രിതർക്കുള്ള സെൻട്രൽ പ്രീമെട്രിക് സ്കോളർഷിപ്പ്, ശ്രീഅയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് സ്കോളർഷിപ്പ് പദ്ധതി.

ഔപചാരിക വിദ്യാഭ്യാസത്തിന്റെ അഭാവംമൂലം പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾ നിരവധി ചൂഷണങ്ങൾക്ക് വിധേയമാകുന്നത് തടയാൻ പട്ടികവർഗ വികസന വകുപ്പ് താഴെപ്പറയുന്ന വിദ്യാഭ്യാസ പദ്ധതികൾ നടപ്പാക്കിവരുന്നു:

പ്രീമെട്രിക് സ്കോളർഷിപ്പ്

സംസ്ഥാനത്ത് എസ്.എസ്.എൽ.സി. വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ വിദ്യാർഥികൾക്ക് അധ്യയന വർഷം ആരംഭിക്കുമ്പോഴുണ്ടാകുന്ന ചെലവുകൾക്കായുള്ള ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, പ്രത്യേക ദുർബല ഗോത്ര വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് അധിക ധനസഹായമായി പ്രതിമാസ സ്റ്റൈപന്റ് എന്നിവ നൽകിവരുന്നു. കൂടാതെ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്നതും കുടുംബ വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികവർഗ വിദ്യാർഥികൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം പ്രതിവർഷം 2,250/- രൂപ സ്കോളർഷിപ്പ് ഇനത്തിലും 750/- രൂപ ബുക്സ് തുടങ്ങിയ പഠനസാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റിനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർഥികൾക്ക് യഥാക്രമം 5,250/- രൂപയും 1000/- രൂപയും നൽകുന്നു.

പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്

പത്താം ക്ലാസിന് മുകളിൽ പഠിക്കുന്ന പട്ടികവർഗ വിദ്യാർഥികൾക്ക് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് സ്കീം എന്ന പദ്ധതി മുഖേന വിദ്യാഭ്യാസാനുകൂല്യം വിതരണം ചെയ്യുന്നു. കേന്ദ്ര സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾപ്രകാരമുള്ള പരിധിയിൽ (വരുമാന പരിധി 2.50 ലക്ഷം രൂപയിൽ താഴെ) ഉൾപ്പെടുന്ന പട്ടികവർഗ വിദ്യാർഥികൾക്ക് കേന്ദ്ര സംസ്ഥാന

വിഹിതമടങ്ങിയ സ്കോളർഷിപ്പ് ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേനയും കേന്ദ്ര സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾപ്രകാരമുള്ള പരിധിയിൽ ഉൾപ്പെടാത്ത വരുമാനപരിധി 2.50 ലക്ഷം രൂപയിൽ കൂടുതൽ വരുമാനമുള്ള മുഴുവൻ പട്ടികവർഗ വിദ്യാർഥികൾക്കും കൂടാതെ കേന്ദ്ര സ്കോളർഷിപ്പിൽ ഉൾപ്പെടാത്ത ഘടകങ്ങളായ ഫെലോഷിപ്പ് (PhD, MPhil, MTech, MLit വിദ്യാർഥികൾക്ക്) യു.ജി.സി. നിരക്കിന്റെ 75% ABLC തുടങ്ങിയ ആനുകൂല്യങ്ങൾക്കായി സംസ്ഥാന സർക്കാർ വിഹിതമായി അനുവദിച്ചുവരുന്നു.

അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് പദ്ധതി

സമർഥരായ പട്ടികവർഗ വിദ്യാർഥികളെ കണ്ടെത്തി അഞ്ചാം ക്ലാസ് മുതലുള്ള തുടർപഠനത്തിനുള്ള എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ UP തലത്തിൽ അഞ്ചാം ക്ലാസിലും HS തലത്തിൽ എട്ടാം ക്ലാസിലും പഠിക്കുന്ന വിദ്യാർഥികളെ ഒരു മത്സര പരീക്ഷയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത് സ്കോളർഷിപ്പ് നൽകുകയും ബോധതലം ഉയർത്താൻ സെമിനാർ നടത്തുകയുംചെയ്യുന്നു.

സമർഥരായ വിദ്യാർഥികൾക്ക് പ്രത്യേക പ്രോത്സാഹനം

അക്കാഡമിക്-കലാ-കായിക മത്സരങ്ങളിൽ ഉന്നതവിജയം നേടുന്ന പട്ടികവർഗ വിദ്യാർഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന പദ്ധതിയാണിത്. എസ്.എസ്.എൽ.സി, +2 പഠിക്കുന്ന കുട്ടികൾക്ക് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 3000/- രൂപയും ബിരുദം, ബിരുദാനന്തര ബിരുദം എന്നീ പരീക്ഷകളിൽ ഒന്നാം ക്ലാസിൽ

പാസാകുന്ന പട്ടികവർഗ വിദ്യാർഥികൾക്ക് യഥാക്രമം 4500/-, 6000/- രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹന സമ്മാനവും നൽകിവരുന്നു.

ഉന്നതി വിദേശ പഠന സ്കോളർഷിപ്പ്

കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ODEPC (Overseas Development and Employment Promotion Consultants)-ന്റെ സഹകരണത്തോടെ "കേരള സർക്കാർ-ഉന്നതി വിദേശപഠന സ്കോളർഷിപ്പ്" എന്ന പേരിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി പരമാവധി 25 ലക്ഷം രൂപവരെ വരുമാനപരിധിയില്ലാതെ പട്ടികവർഗ വിദ്യാർഥികൾക്ക് അനുവദിച്ചുവരുന്നു.

അന്യസംസ്ഥാന പഠനം

സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ്മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾക്ക് പഠിച്ചുവരുന്നതും കുടുംബ വാർഷിക വരുമാനം രണ്ടരലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികവർഗ വിഭാഗം വിദ്യാർഥികൾക്ക് കേന്ദ്ര സർക്കാർ മാർഗരേഖയിലെ നിർദേശങ്ങളനുസരിച്ച് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചുവരുന്നു. നാഷണൽ എൻട്രൻസ് ടെസ്റ്റുവഴി സംസ്ഥാനത്തിനുപുറത്ത് വിവിധ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും അനുവദിച്ചുവരുന്നു.

ലാപ്ടോപ്

സർക്കാർ തിരഞ്ഞെടുത്തിട്ടുള്ള കോഴ്സുകളിൽ പഠനം നടത്തുന്ന പട്ടികവർഗ വിദ്യാർഥികൾ ഐ.ടി. മേഖലയിലെ ഡിജിറ്റൽ ഡിവൈഡ് ലഘൂകരിക്കുന്നതിനായി

സൗജന്യ ലാപ്ടോപ് വിതരണ പദ്ധതി നടപ്പാക്കിവരുന്നു. 2024-25 മുതൽ ടി പദ്ധതികൾപ്രകാരം വിദ്യാർഥികൾക്ക് ലാപ്ടോപ് വാങ്ങുന്നതിന് ഒറ്റത്തവണ 30,000/- രൂപ സ്കോളർഷിപ്പ് നൽകുന്നതാണ്.

സിവിൽ സർവീസ് പരിശീലനം

പട്ടികവർഗ വിദ്യാർഥികളുടെ വിദ്യാഭ്യാസം, തൊഴിൽ, ഉന്നമനം എന്നിവ ലക്ഷ്യമാക്കി ഓരോ വർഷവും ഡിഗ്രി പരീക്ഷയിൽ 50% മാർക്ക് ലഭിച്ച വിദ്യാർഥികൾക്ക് സിവിൽ സർവീസ് പരിശീലനം നൽകിവരുന്നു. 30 വയസ്സിനുതാഴെ പ്രായമുള്ളവരും വാർഷികവരുമാന പരിധി രണ്ടര ലക്ഷം രൂപയിൽ അധികരിക്കാത്തവരുമായ പട്ടികവർഗ വിദ്യാർഥികൾക്ക് ആവിഷ്കരിച്ചിട്ടുള്ള ഈ പദ്ധതിയിൽ ആദ്യഘട്ടത്തിൽ 50 ഉദ്യോഗാർഥികൾക്ക് ഓറിയന്റേഷൻ ക്യാമ്പ് നടത്തുകയും അതിൽ എഴുത്ത് പരീക്ഷയിലൂടെയും കൂടിക്കാഴ്ചയിലൂടെയും തിരഞ്ഞെടുക്കുന്ന 30 പേർക്ക് ഇന്ത്യയിലെവിടെയുമുള്ള മികച്ച പരിശീലന സ്ഥാപനങ്ങളിൽപ്പോയി പഠിക്കുന്നതിന് അവസരം ലഭിക്കുന്നതുമാണ്. 2022-23-ലാണ് ഇത്തരത്തിൽ ഒരു പദ്ധതി ആരംഭിച്ചത്. ഓറിയന്റേഷൻ ക്യാമ്പിൽ പങ്കെടുക്കുന്ന വിദ്യാർഥികൾക്ക് താമസം, ഭക്ഷണം, യാത്ര, പാഠപുസ്തകങ്ങൾ, ക്ലാസ്സുകൾ തുടങ്ങിയവ നൽകിവരുന്നു. തിരഞ്ഞെടുക്കപ്പെടുന്ന ഓരോ വിദ്യാർഥിക്കും പഠനത്തിനായി പരമാവധി മൂന്നുലക്ഷം രൂപ സ്കോളർഷിപ്പ് അനുവദിച്ചുനൽകും.

കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ്

കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് പഠനത്തിന് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി വിങ്സ് എന്ന പദ്ധതി സർക്കാർ നടപ്പാക്കിയിട്ടുണ്ട്. രാജീവ്ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ ഓരോ അധ്യയന വർഷവും 2 പട്ടികവർഗ വിദ്യാർഥികൾക്ക് കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് സ്കോളർഷിപ്പ് അനുവദിച്ച് നൽകിവരുന്നു. തിരുവനന്തപുരം രാജീവ്ഗാന്ധി ഏവിയേഷൻ നടത്തുന്ന സുതാര്യമായ യോഗ്യത പരീക്ഷയിൽ മാർക്കിന്റെ അടിസ്ഥാനത്തിൽ ഉയർന്ന റാങ്കോടുകൂടി യോഗ്യത നേടുന്നവരിൽ ഏറ്റവും കുറവ് വരുമാനമുള്ള വിദ്യാർഥികൾക്ക് മുൻഗണന നൽകിവരുന്നു.

അഭിഭാഷക ധനസഹായ പദ്ധതി

അഭിഭാഷകരായി എൻറോൾ ചെയ്തവർക്ക് ധനസഹായം അനുവദിച്ചുനൽകുന്ന പദ്ധതിയാണിത്.

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ ഹൈടെക്/സ്മാർട്ട് ക്ലാസ് റൂമുകളാക്കുകവഴി പൊതുസമൂഹത്തെപ്പോലെതന്നെ പട്ടികവർഗ വിദ്യാർഥികൾക്ക് പഠനത്തോട് താൽപര്യവും ഉത്സാഹവുമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ പട്ടികവർഗ വിദ്യാർഥികളുടെ പഠനനിലവാരം അവലോകനം ചെയ്യുന്നതിനും കുട്ടികളുടെ പങ്കാളിത്തം സ്കൂളിൽ ഉറപ്പാക്കുന്നതിനും സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും വിദ്യാഭ്യാസത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, സംസ്ഥാന

ആസൂത്രണ ബോർഡ് എന്നിവരുടെ സഹകരണത്തോടുകൂടി ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ആയതുപ്രകാരം നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

സാമൂഹ്യ പഠനമുറി പദ്ധതി

42 (2899) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ വിഭാഗത്തിലെ വിദ്യാർഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായിട്ടുള്ള സാമൂഹ്യ പഠനമുറി പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

പട്ടികവർഗ മേഖലകളിലെ വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, പഠനനിലവാരം ഉയർത്തുക, അവരുടെ സർഗാത്മകശേഷികൾ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ പരിശീലനം നൽകുക, സമ്പൂർണ്ണമായ എൻറോൾമെന്റും റിട്ടെൻഷനും (Enrolment and Retention) ഉറപ്പാക്കി ഉയർന്ന ഗ്രേഡുകളിൽ ബോർഡ് പരീക്ഷകൾ വിജയിക്കാൻ വിദ്യാർഥികളെ പ്രാപ്തരാക്കുക, പഠനത്തോടൊപ്പം കുട്ടികൾക്ക് കരിയർ നൈപുണ്യ പരിശീലനങ്ങൾ നൽകുക തുടങ്ങിയ പട്ടികവർഗ വിദ്യാർഥികളുടെ വളർച്ചയ്ക്കുതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് 'സാമൂഹ്യ പഠനമുറി' എന്ന പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. സ്കൂൾസമയം കഴിഞ്ഞുവരുന്ന പഠിതാക്കൾക്ക് സ്വയംപഠനത്തിനും സംശയനിവാരണത്തിനും ലൈബ്രറി സൗകര്യങ്ങൾ ഉപയോഗിച്ച് അധിക

പഠനപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ സാമൂഹ്യ പഠനമുറിയിൽ ഒരുക്കി പ്രസ്തുത പദ്ധതി നടപ്പാക്കിയും ആയതിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇവയുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സാമൂഹ്യപഠന മുറികളിൽ സ്ഥാപിച്ചിട്ടുള്ള കമ്പ്യൂട്ടറുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും ഇന്റർനെറ്റ് സംവിധാനം ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(ബി&സി) ചില സാമൂഹ്യ പഠനമുറികളിൽ അവിടെയുള്ള ഇലക്ട്രോണിക്സ് സാധനങ്ങൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുന്നതിൽ കാലതാമസം ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുടർന്ന് ഇതുസംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർക്കുകയും സാമൂഹ്യ പഠനമുറികളിലെ ഫർണിച്ചറുകൾ, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ പ്രാദേശികതലത്തിൽ നിർവഹിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സാമൂഹ്യ പഠനമുറികളുടെ പ്രവർത്തനം സമയബന്ധിതമായി വിലയിരുത്തുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനും ടൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാ സാമൂഹ്യപഠന മുറികളിലും പ്രാദേശികമായി ലഭ്യമാക്കാൻ കഴിയുന്ന ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ തുക സാമൂഹ്യ പഠനമുറി നടത്തിപ്പ് ചെലവിൽനിന്ന് വഹിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

ഇ-ഗ്രാന്റ്സ് ആനുകൂല്യം – കുടിശ്ശിക അനുവദിക്കാൻ നടപടി

43 (2900) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്ന പട്ടികജാതി-പട്ടികവർഗ വിഭാഗത്തിലുള്ള വിദ്യാർഥികളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

2025-26 വർഷം പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ലഭ്യമായ പട്ടികജാതി-പട്ടികവർഗ വിഭാഗ വിദ്യാർഥികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ഇതിൽ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർഥികളുടെ എണ്ണം കോഴ്സ് തിരിച്ചും ജില്ല തിരിച്ചും ലഭ്യമാക്കാമോ?

2025-26 വർഷം പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന് ഓൺലൈനായി അപേക്ഷിച്ച് നാളിതുവരെ അപ്രൂവൽ ലഭിച്ച പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ കോഴ്സ് വിദ്യാർഥികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) ഇതിൽ വിദ്യാഭ്യാസാനുകൂല്യം കുടിശ്ശികയായിട്ടുള്ള വിദ്യാർഥികളുടെ എണ്ണവും കുടിശ്ശിക തുകയും ജില്ലതിരിച്ച് ലഭ്യമാക്കാമോ; ഇതിൽത്തന്നെ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർഥികളുടെ എണ്ണം കോഴ്സും ജില്ലയും തിരിച്ച് ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി വിഭാഗ വിദ്യാർഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതിയിൽ കുടിശ്ശികയില്ല. 2025-26 അധ്യയന വർഷത്തെ അപ്രൂവൽ ലഭിച്ച സ്കോളർഷിപ്പ് ക്ലെയിമുകൾ പേമെന്റ് ചെയ്തുവരുന്നുണ്ട്. നിലവിൽ 30-08-2025 വരെ അപ്രൂവൽ ലഭിച്ച സ്കോളർഷിപ്പ് ക്ലെയിമുകൾ പേമെന്റ് ചെയ്തിട്ടുണ്ട്. ആകെ 14719 പട്ടികവർഗ വിഭാഗത്തിലുള്ള വിദ്യാർഥികൾ ഇ-ഗ്രാന്റ്സിന് അപേക്ഷിച്ചതിൽ 14404 വിദ്യാർഥികൾക്ക് തുക അനുവദിച്ച് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 315 വിദ്യാർഥികളുടെ സ്കോളർഷിപ്പ് അനുവദിക്കേണ്ടതുണ്ട്. പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർഥികളുടെ ജില്ല തിരിച്ചുള്ള മറുപടി ശേഖരിച്ച് നൽകുന്നതാണ്.

(ഡി) ഇത്തരത്തിൽ വിദ്യാഭ്യാസാനുകൂല്യം കുടിശ്ശികയാകാനുള്ള കാരണമെന്താണ്; ഈ കുടിശ്ശിക തുക എന്നത്തേയ്ക്ക് വിതരണംചെയ്യുമെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗ വിദ്യാർഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതിയിൽ കുടിശ്ശികയില്ല.

വരുമാനപരിധി 2.50 ലക്ഷം രൂപയിൽ താഴെ ഉൾപ്പെടുന്ന പട്ടികവർഗ വിദ്യാർഥികൾക്ക് കേന്ദ്ര സംസ്ഥാന വിഹിതമടങ്ങിയ സ്കോളർഷിപ്പ് ഇ-ഗ്രാന്റ്സ് പോർട്ടൽ 3.1 മുഖേനയും കേന്ദ്ര സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾപ്രകാരമുള്ള പരിധിയിലുൾപ്പെടാത്ത വരുമാനപരിധി 2.50 ലക്ഷം രൂപയിൽ കൂടുതൽ വരുമാനമുള്ള മുഴുവൻ പട്ടികവർഗ വിദ്യാർഥികൾക്കും സംസ്ഥാന വിഹിതമടങ്ങിയ സ്കോളർഷിപ്പ് ട്രഷറി മുഖേനയും അനുവദിച്ചുവരുന്നു.

2021-ലെ കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡങ്ങളും മാർഗനിർദേശങ്ങളുംപ്രകാരം പട്ടികവർഗ വിദ്യാർഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ എസ്.എൻ.എ.-പി.എഫ്.എം.എസ്. സംവിധാനം മുഖേന മാത്രമേ അനുവദിച്ചുനൽകാൻ പാടുള്ളൂവെന്ന കേന്ദ്ര സർക്കാരിന്റെ നിബന്ധന ഉണ്ടായിരുന്നതിനാലും ഇതിനാവശ്യമായ പോർട്ടൽ സൗകര്യം ഏർപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും കാലതാമസമുണ്ടായതിനാലും ഇ-ഗ്രാന്റ്സ് സമ്പ്രദായത്തിലൂടെ ഫീസ് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ പ്രതിബന്ധങ്ങൾ നേരിടുകയും കൂടാതെ പട്ടികവർഗ വിദ്യാർഥികളും അവർ പഠിക്കുന്ന സ്ഥാപനങ്ങളും കൃത്യസമയത്ത് അപേക്ഷകൾ സമർപ്പിക്കാതിരിക്കുകയും ചെയ്തതിനാലാണ് വിദ്യാർഥികൾക്ക് ആനുകൂല്യം ലഭ്യമാകാൻ കാലതാമസത്തിനിടയാക്കിയത്.

ഇ-ഗ്രാന്റ്സ് വിതരണത്തിലുണ്ടായ കാലതാമസം പരിഹരിച്ച് പട്ടികവർഗവിഭാഗ വിദ്യാർഥികളുടെ 2 ഇ-ഗ്രാന്റ്സ് കുടിശ്ശിക പൂർണ്ണമായും അനുവദിച്ചുവരുന്നു. അധികമായി ആവശ്യം വരുന്ന തുക അഡീഷണൽ ഓതറൈസേഷൻ മുഖേന നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികജാതി/പട്ടികവർഗ വിദ്യാർഥികളുടെ പ്രൈവറ്റ് അക്കോമഡേഷൻ അലവൻസ്

44 (2901) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മെഡിക്കൽ ട്രസ്റ്റ് കോളേജ് ഓഫ് നഴ്സിങ്ങിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർഥികൾക്ക് അനുവദിച്ചിട്ടുള്ള പ്രൈവറ്റ് അക്കോമഡേഷൻ അലവൻസ് വർധനവിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രൈവറ്റ് അക്കോമഡേഷൻ അലവൻസ് 1500/-രൂപയിൽനിന്ന് 5500/-രൂപയായി ഉയർത്തുന്നതിന് നൽകിയിട്ടുള്ള ശിപാർശ സർക്കാർ പരിഗണനയിലെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതിയെന്താണ്;

(സി) പ്രീമെട്രിക്/പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ/അർഹതയുള്ള മറ്റു വിഭാഗം വിദ്യാർഥികളുടെ അക്കാദമിക് അലവൻസുകൾ വർധിപ്പിക്കുന്നതിനായി പുതുക്കിയ പ്രൊപ്പോസൽ തയ്യാറാക്കാൻ നൽകിയ നിർദേശം ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ഡി) ഹോസ്റ്റൽ ഫീസ് വിഷയത്തിൽ ഗവ. നഴ്സിങ് കോളേജുകളിലെ പട്ടികജാതി വിദ്യാർഥികൾക്ക് നൽകുന്ന സൗകര്യങ്ങൾ പ്രൈവറ്റ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്കും നടപ്പാക്കാനുള്ള തീരുമാനം കൈക്കൊള്ളുമോ;

(ഇ) ഫയൽ നം.എ 2/372/2022 (കമ്പ്യൂട്ടർ 9571408) പ്രകാരം സമർപ്പിച്ചിട്ടുള്ള വിദ്യാർഥികളുടെ പരാതികൾ സംബന്ധിച്ച് വകുപ്പുതലത്തിൽ പരിശോധിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടുകളുടെ വിശദാംശം നൽകാമോ;

(എഫ്) പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ കോഴ്സ് വിദ്യാർഥികൾക്ക് അവരുടെ സാമ്പത്തികനില പരിഗണിച്ച് പ്രൈവറ്റ് അക്കോമഡേഷൻ അലവൻസ് വർധിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

(എ-എഫ്) സംസ്ഥാനത്തെ പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ വിദ്യാർഥികളുടെ അക്കാദമിക് അലവൻസുകൾ വർധിപ്പിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിക്കുകയും പ്രസ്തുത പ്രൊപ്പോസലിലെ പോരായ്മകൾ പരിഹരിക്കുന്നതിനും വിശദമായ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുമായി പട്ടികജാതി/പട്ടികവർഗ വികസന വകുപ്പ് ഡയറക്ടർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്. ആയതിന്മേൽ ഡയറക്ടറേറ്റുതലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ കൊടക്കാട് എം.ആർ.എസ്.-ൽ പ്ലസ് ടു കോഴ്സ്

45 (2902) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ കൊടക്കാട് മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു കോഴ്സ് ആരംഭിക്കാൻ വകുപ്പുതലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ കൊടക്കാട് (വെള്ളച്ചാൽ) മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ ഹയർ സെക്കൻഡറി കോഴ്സിന്റെ രണ്ട് ബാച്ചുകൾ (സയൻസ്, കൊമേഴ്സ്) ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ ഹയർ സെക്കൻഡറി സ്കൂളുകളിൽ അധികമുള്ള സയൻസ്, കൊമേഴ്സ് ബാച്ചുകൾ കണ്ടെത്തി ഷിഫ്റ്റ് ചെയ്യാനാകുമോയെന്ന വിഷയം പൊതുവിദ്യാഭ്യാസ വകുപ്പ് പരിശോധിച്ചുവരുന്നു.

ഓവർസീസ് പഠനപദ്ധതിയുടെ വിശദാംശങ്ങൾ

46 (2903) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓവർസീസ് പഠനപദ്ധതിയുമായി ബന്ധപ്പെട്ട അപേക്ഷകളുടെ മാനദണ്ഡം, അപേക്ഷ സമർപ്പിക്കേണ്ടുന്ന നടപടിക്രമങ്ങൾ, സഹായം ലഭിക്കുന്ന രീതി തുടങ്ങിയവ ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ?

കേരളീയരായ പട്ടികജാതി, പട്ടികവർഗ വിദ്യാർഥികൾക്കുള്ള "ഉന്നതി സ്കോളർഷിപ്പ് ഓവർസീസ് സ്റ്റഡീസ്" വകുപ്പും ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് പ്രൊമോഷൻ കൺസൾട്ടന്റ് ലിമിറ്റഡും (ODEPEC) സംയുക്തമായിച്ചേർന്ന് നടപ്പാക്കിവരുന്നു. ഇതിനായി വിദ്യാർഥികൾ scdd.kerala.gov.in/unnathikerala.org വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യുകയും ODEPEC മുഖാന്തരം നടത്തുന്ന സ്ക്രീനിങ്ങിനുശേഷം നടപടിക്രമങ്ങൾ അനുസരിച്ച് സ്കോളർഷ് (സെലക്ഷൻ/അപ്പീൽ) കമ്മിറ്റിക്ക് വിധേയമായി തിരഞ്ഞെടുക്കുന്ന വിദ്യാർഥികൾക്കാണ് വിദേശപഠന സ്കോളർഷിപ്പ് അനുവദിക്കുന്നത്.

പട്ടികജാതി വിദ്യാർഥികൾക്ക് വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 3 സ്ലാബുകളായിട്ടാണ് ആനുകൂല്യം അനുവദിക്കുന്നത്. വാർഷിക വരുമാനം 12 ലക്ഷം രൂപ വരെയുള്ള 175 പട്ടികജാതി വിദ്യാർഥികൾക്ക് പരമാവധി 25 ലക്ഷം രൂപയും വാർഷിക വരുമാനം 12 മുതൽ 20 ലക്ഷം രൂപ വരെയുള്ള 25 പേർക്ക് പരമാവധി 20 ലക്ഷം രൂപയും 20 ലക്ഷത്തിനു മുകളിൽ വാർഷിക വരുമാനമുള്ളവർക്ക് പരമാവധി 15 ലക്ഷം രൂപയും സ്കോളർഷിപ്പായി അനുവദിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള കോഴ്സുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

വിദേശരാജ്യങ്ങളിലെ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ, പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾക്ക് തത്തുല്യമായ ഡിപ്ലോമ കോഴ്സുകൾ, പി.എച്ച്.ഡി, പോസ്റ്റ് ഡോക്ടറേറ്റ് കോഴ്സുകൾ.

(സി) പ്രസ്തുത പദ്ധതിയിൽ നഴ്സിങ് മേഖലയിലുള്ളവർക്ക് വിദേശത്ത് ഉപരിപഠനം നടത്തുന്നതിന് സാധ്യമാണോ; വിശദമാക്കാമോ?

നഴ്സിങ് മേഖലയിലുള്ള പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ, പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾക്ക് തത്തുല്യമായ ഡിപ്ലോമ കോഴ്സുകൾ, പി.എച്ച്.ഡി., പോസ്റ്റ് ഡോക്ടറേറ്റ് കോഴ്സുകൾ എന്നിവയ്ക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്.

പിണവൂർകുടിയിലെ ട്രൈബൽ ഹോസ്റ്റൽ നിർമ്മാണം

47(2904) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ പിണവൂർക്കുടിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ട്രൈബൽ ഹോസ്റ്റലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഹോസ്റ്റലിന്റെ നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) കിഫ്ബി ഫണ്ട് വിനിയോഗിച്ച് കോതമംഗലം മണ്ഡലത്തിലെ പിണവൂർക്കുടിയിൽ ട്രൈബൽ ഹോസ്റ്റൽ നിർമ്മിക്കുന്നതിന് വനം വകുപ്പിൽനിന്നും വനാവകാശ നിയമപ്രകാരമുള്ള അനുമതി ലഭ്യമായിട്ടുണ്ട്. നിർമ്മാണം ആരംഭിക്കുന്നതിന്

ഈ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ KSCC-യുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

ഹോസ്റ്റലുകളിലും എം.ആർ.എസ്.-കളിലും നിശ്ചയിച്ചിരിക്കുന്ന വിദ്യാർഥി-കുക്ക് അനുപാതം

48 (2905) ഡോ. മാത്യു കുഴൽനാടൻ:

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള ഹോസ്റ്റലുകളിലും മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും നിശ്ചയിച്ച് നടപ്പാക്കിവരുന്ന വിദ്യാർഥി-കുക്ക് അനുപാതം എത്രയാണെന്ന് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പട്ടികജാതി വികസന വകുപ്പിന്റെ കൈപുസ്തകം (Hand Book) പ്രകാരം വകുപ്പിനുകീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലും മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും വിദ്യാർഥി-കുക്ക് അനുപാതം 20:1 എന്ന അനുപാതത്തിലാണ് നിജപ്പെടുത്തിയിട്ടുള്ളത്. പട്ടികജാതി വികസന വകുപ്പിന്റെ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ ഈ അനുപാതം നിലവിലില്ല.

(ബി) പട്ടികവർഗ വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകളിലും എം.ആർ.എസ്.-കളിലും നടപ്പാക്കിവരുന്ന വിദ്യാർഥി-കുക്ക് അനുപാതം എത്രയാണെന്ന് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ?

26-06-2005-ലെ സ.ഉ.(സാധാ)നം.415/2025/എസ്.സി.എസ്.റ്റി.ഡി.ഡി. പ്രകാരം പട്ടികവർഗ വികസന വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിലെ വിദ്യാർഥി-കൾക്ക് അനുപാതം 30:1 എന്നതാണ്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു+.

(സി) സമാന പ്രവർത്തന സ്വഭാവമുള്ള ഈ രണ്ട് വകുപ്പുകളിലും നിലവിലുള്ള, വ്യത്യസ്ത രീതിയിലുള്ള വിദ്യാർഥി-കൾക്ക് അനുപാതം പട്ടികവർഗ വിദ്യാർഥികളോടുള്ള വിവേചനമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഏകീകരിച്ച് രണ്ട് വകുപ്പുകളിലും വിദ്യാർഥി-കൾക്ക് അനുപാതം 20:1 ആക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

പട്ടികവർഗ വികസന വകുപ്പിലെ വിദ്യാർഥി-കൾക്ക് അനുപാതം 30:1 എന്നത് 20:1 എന്ന രീതിയിൽ ക്രമപ്പെടുത്തുന്നതിന് പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്റർ ആരംഭിക്കുന്നതിന് നടപടി

49 (2906) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി, പട്ടികവർഗ, പിന്നാക്കവിഭാഗം വിദ്യാർഥികളെ വിവിധ മത്സരപരീക്ഷകൾക്ക് പരിശീലിപ്പിക്കുന്നതിനും നൈപുണ്യ പരിശീലനം നൽകുന്നതിനുമുള്ള വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്റർ മട്ടന്നൂർ നിയോജകമണ്ഡലത്തിൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗം വിദ്യാർഥികളെ വിവിധ മത്സരപരീക്ഷകൾക്കായി പരിശീലിപ്പിക്കുന്നതിനും നൈപുണ്യ പരിശീലനം നൽകുന്നതിനും 14 ജില്ലകളിലും (എല്ലാ നിയമസഭാ മണ്ഡലങ്ങളിലും) വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്ററുകൾ ആരംഭിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിൽ പ്രവർത്തിക്കുന്ന അംബേദ്കർ ഭവനിൽ മെയിൻ സ്റ്റുഡിയോ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. സ്റ്റുഡിയോ സജ്ജമായിക്കഴിഞ്ഞാൽ എല്ലാ നിയോജകമണ്ഡലങ്ങളിലും നിലവിൽ ലഭ്യമായ കെട്ടിടങ്ങളിലും പി.ഇ.റ്റി.സി.-കളിലും വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്ററുകൾ ആരംഭിക്കാൻ കഴിയും. ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സൊല്യൂഷൻസ് (ICFOSS)-ന്റെ സ്റ്റുഡിയോ ഉപയോഗപ്പെടുത്തി വെർച്വൽ ക്ലാസ്സ് നടത്തുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

കുറിച്ചി സചിവോത്തമപുരം നഗറിലെ തൊഴിൽ സംരംഭങ്ങൾ

50 (2907) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറിച്ചി സചിവോത്തമപുരം നഗറിൽ 2012-13-ൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കെട്ടിടങ്ങളിലെ സംരംഭങ്ങൾ പ്രവർത്തന സജ്ജമാക്കി നഗർ അസോസിയേഷന് കൈമാറുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ പ്രസ്തുത അനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സംരംഭങ്ങൾ പ്രവർത്തന സജ്ജമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) സ്വയംപര്യാപ്ത ഗ്രാമം 2012-13 വർഷത്തിലുൾപ്പെട്ട സചിവോത്തമപുരം ഗ്രാമത്തിൽ സ്വയംതൊഴിലിനായി ചെയ്ത കെട്ടിടങ്ങളും മൊബൈൽ മോർച്ചറി യൂണിറ്റും ഉൾപ്പെടുത്തി ഒരു പ്രോജക്ട് സചിവോത്തമപുരം വില്ലേജ് അസോസിയേഷൻ തയ്യാറാക്കി നൽകിയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം വകുപ്പിൽ നിലനിർത്തി അവയുടെ നടത്തിപ്പ് ചുമതല ഒരു വർഷത്തേക്ക് സചിവോത്തമപുരം പട്ടികജാതി വില്ലേജ് അസോസിയേഷന് നൽകുന്നതിനും ആയതുസംബന്ധിച്ച് DDO-യും അസോസിയേഷനുമായി MOU വച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനും പ്രവർത്തനങ്ങളുടെ ഫലപ്രദമായ നടത്തിപ്പിനും മേൽനോട്ടത്തിനും MLA, District Development Officer (DDO) എന്നിവർ കൂടി ഉൾപ്പെട്ട മോണിറ്ററിങ് കമ്മിറ്റി രൂപീകരിക്കുന്നതിനും നിർദേശം നൽകിയിട്ടുണ്ട്.

(സി) സചിവോത്തമപുരം നഗറിലെ തൊഴിൽരഹിതർക്ക് ആവശ്യമായ പരിശീലനം നൽകി ഈ സംരംഭങ്ങളിലൂടെ തൊഴിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സചിവോത്തമപുരം വില്ലേജ് അസോസിയേഷൻ MOU വച്ച് അവരുടെ പ്രവർത്തനം വിലയിരുത്തിയശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

പട്ടികജാതി മേഖലയിലുള്ള പരമ്പരാഗത തൊഴിൽ സംസ്കാരം പരിരക്ഷിക്കുന്നതിനുള്ള നടപടികൾ

51 (2908) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി മേഖലയിലുള്ള പരമ്പരാഗത തൊഴിൽ സംസ്കാരം പരിരക്ഷിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് ഇതിനോടകം കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) എത്ര പട്ടികജാതി കുടുംബങ്ങൾക്കാണ് പ്രസ്തുത നടപടികളുടെ പ്രയോജനം ലഭ്യമായിട്ടുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഇത് പട്ടികജാതി മേഖലയിൽ കൂടുതൽ ഫലപ്രദവും വ്യാപകവുമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

(എ-സി) പട്ടികജാതി മേഖലയിലുള്ള പരമ്പരാഗത തൊഴിൽസംസ്കാരം പരിരക്ഷിക്കുന്നതിന് സർക്കാർ ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്:

1) കൈത്തോല, ഈറ, ചൂരൽ മുതലായവകൊണ്ട് കരകൗശല ഉൽപന്നങ്ങളുടെ നിർമ്മാണവും കരകൗശല ഉൽപാദകർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതിയും കേരള കരകൗശല വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കിവരുന്നുണ്ട്. ഈ പദ്ധതി ആദ്യഘട്ടത്തിൽ കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ തഴവ ഗ്രാമപഞ്ചായത്തിലാണ് നടപ്പാക്കിവരുന്നത്. പദ്ധതി നിർവഹണ ഘട്ടത്തിലാണ്.

2) കയർ മേഖലയിൽ തൊഴിൽ നൈപുണ്യ പരിശീലനം കയർ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കയർ ഗവേഷണ കേന്ദ്രമായ നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (NCRMI) മുഖേന Making of coir mats, Production and demonstration of coir geotextile, Coir pith composting എന്നീ 3 നൈപുണ്യ വികസന പരിശീലനങ്ങൾ നിലവിൽ നടപ്പാക്കിവരുന്നുണ്ട്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് NCRMI സഹകരണ സംഘങ്ങളിലും/നിലവിലുള്ള കയർ അധിഷ്ഠിത ഉൽപാദന സ്ഥാപനങ്ങളിലും പ്ലേസ്മെന്റ് നൽകുന്നു.

പിന്നാക്ക വിഭാഗങ്ങൾക്ക് ഉദ്യോഗ മേഖലയിലും വിദ്യാഭ്യാസ മേഖലകളിലുമുള്ള സംവരണം

52 (2909) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നാക്കംനിൽക്കുന്ന വിഭാഗങ്ങൾക്ക് (എസ്.ഇ.ബി.സി.) ഉദ്യോഗമേഖലയിലും വിദ്യാഭ്യാസമേഖലകളിലും പ്രവേശനത്തിന് നിലവിലുള്ള സംവരണ തോതുകൾ എത്രയാണെന്ന് വിശദമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(ബി) പ്രസ്തുത വിഭാഗങ്ങൾക്ക് ഉദ്യോഗസ്ഥ മേഖലയിൽ ഏകീകരണ സ്വഭാവത്തോടെ സംവരണം ലഭിക്കുമ്പോൾ വിദ്യാഭ്യാസ മേഖലയിലെ പ്രവേശനത്തിന് ആർട്സ് ആൻഡ് സയൻസ് കോളേജ്, പ്രൊഫഷണൽ കോളേജ്, ബിരുദാനന്തര ബിരുദ മെഡിക്കൽ കോഴ്സ് എന്നിവയ്ക്കെല്ലാം വ്യത്യസ്ത നിരക്കിലാണ് സംവരണം ലഭിക്കുന്നതെന്ന വിവരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവേശനത്തിന് സംവരണം ഏകീകരിക്കുന്നതിനോ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സംവരണ തോത് ഉയർത്തുന്നതിനോ നടപടി സ്വീകരിക്കുമോ?

ഉണ്ട്. വിവിധ കാലഘട്ടങ്ങളിൽ അന്നത്തെ സാഹചര്യവും ലഭ്യമായ സീറ്റുകളുടെയും അടിസ്ഥാനത്തിൽ സംവരണം അനുവദിച്ചതുമൂലമാണ് വ്യത്യസ്ത സംവരണ ശതമാനം നിലവിൽ വരാൻ ഇടയായത്. ജനസംഖ്യ സംബന്ധിച്ച് കൃത്യമായ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(സി) കേരളത്തിലെ ഒ.ബി.സി. വിഭാഗങ്ങൾക്ക് നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങളിലെ അവ്യക്തതകൾ പരിഹരിക്കുന്നതിനായി സംസ്ഥാന പിന്നാക്കവിഭാഗ കമ്മീഷനെ പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തിയിരുന്നുവോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ; അതിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്താണ്; വിശദമാക്കുമോ?

കേരള സംസ്ഥാന പിന്നാക്കവിഭാഗ കമ്മീഷനോട് അഭിപ്രായം തേടിയിരുന്നു. കേരള സംസ്ഥാന പിന്നാക്കവിഭാഗ കമ്മീഷന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

പിന്നാക്ക വിഭാഗങ്ങളുടെ ഉദ്യോഗ പ്രാതിനിധ്യം

53 (2910) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗങ്ങൾക്ക് മതിയായ ഉദ്യോഗ പ്രാതിനിധ്യം ഉണ്ടോയെന്ന് പരിശോധിക്കാൻ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

സർക്കാർ വകുപ്പുകൾ/സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ പിന്നാക്ക വിഭാഗങ്ങളുടെ സംസ്ഥാന സർവീസിലെ പ്രാതിനിധ്യം കണ്ടെത്താനുതകുന്ന തരത്തിൽ e-CDESK (e Caste Database of Employees in Service Kerala) എന്ന പേരിൽ ഒരു വെബ്പോർട്ടൽ കേരള സംസ്ഥാന പിന്നാക്കവിഭാഗ കമ്മീഷൻ വികസിപ്പിക്കുകയും സർക്കാർ വകുപ്പുകളിലെയും/സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ വിശദാംശങ്ങൾ e-CDESK വെബ് പോർട്ടലിൽ രേഖപ്പെടുത്താൻ ചുമതലപ്പെടുത്തിയിട്ടുള്ള ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ നോഡൽ ഓഫീസർമാർക്ക് പരിശീലനം നൽകുകയും ബന്ധപ്പെട്ട നോഡൽ ഓഫീസർമാർ പ്രസ്തുത പോർട്ടലിൽ സർക്കാർ വകുപ്പുകളുടെയും സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളുടെയും സ്ഥിരം ജീവനക്കാരുടെയും വിവരങ്ങൾ ചേർത്തുവരികയുമാണ്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെ വിവിധ വകുപ്പുകളിലെ പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം എത്രയാണെന്ന് കണ്ടെത്തുന്നതിന് വകുപ്പുകൾക്ക് നിർദേശം

നൽകിയിരുന്നോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ഓരോ വകുപ്പിൽനിന്നും ലഭിച്ച കണക്കുകൾ വ്യക്തമാക്കുമോ;

(സി) ഇത്തരം വിശദാംശം ഇതുവരെ ലഭ്യമാക്കാത്ത വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(ബി&സി) സംസ്ഥാനത്തെ എല്ലാ സർക്കാർ, അർധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സർവകലാശാലകൾ എന്നിവിടങ്ങളിലെ സ്ഥിരം ജീവനക്കാരുടെ പൂർണ്ണമായ വിവരങ്ങൾ കേരള സംസ്ഥാന പിന്നാക്കവിഭാഗ കമ്മീഷന്റെ നിയന്ത്രണത്തിലുള്ള e-CDESK (e Caste Database of Employees in Service Kerala) എന്ന വെബ്പോർട്ടലിൽ അപ്ലോഡ് ചെയ്യാൻ ബന്ധപ്പെട്ട എല്ലാ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും 30-10-2024-ലെ No.BCDD.B2/240/2020-BCDD സർക്കുലർപ്രകാരം സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. e-CDESK വെബ്പോർട്ടലിൽ ജീവനക്കാരുടെ വിശദാംശങ്ങൾ രേഖപ്പെടുത്താൻ ചുമതലപ്പെടുത്തിയിട്ടുള്ള ബന്ധപ്പെട്ട നോഡൽ ഓഫീസർമാർ അപ്ലോഡ് ചെയ്തിട്ടുള്ള 317 സർക്കാർ വകുപ്പുകൾ/സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ Caste wise count വകുപ്പ്/സ്ഥാപന അടിസ്ഥാനത്തിൽ e-CDESK-ൽ ശേഖരിച്ചുവരികയാണ്.

സാങ്കേതിക ബിരുദധാരികളെ അക്രഡിറ്റഡ് എഞ്ചിനീയർമാരായുള്ള നിയമനം

54 (2911) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട സാങ്കേതിക ബിരുദധാരികളെ അക്രഡിറ്റഡ് എഞ്ചിനീയർമാരായി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിയമിക്കുന്നതിന്റെ ഭാഗമായി എത്രപേർക്ക് നിയമനം നൽകാൻ സാധിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പ് നടപ്പാക്കിവരുന്ന TRACE പദ്ധതിയുടെ ഭാഗമായി അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസിയർ പരിശീലന പദ്ധതി നടപ്പാക്കിവരുന്നു. ടി പദ്ധതിപ്രകാരം സിവിൽ എഞ്ചിനീയറിങ്ങിൽ B.Tech/M.Tech ബിരുദ യോഗ്യതയുള്ളവരിൽനിന്നും 150 അക്രഡിറ്റഡ് എഞ്ചിനീയർമാരെയും Diploma/ITI യോഗ്യതയുള്ളവരിൽനിന്നും 150 ഓവർസിയർമാരെയും തിരഞ്ഞെടുക്കുന്നു. പട്ടികജാതി വിഭാഗത്തിൽനിന്നും ഇപ്രകാരം തിരഞ്ഞെടുക്കുന്ന 300 യുവതീ-യുവാക്കൾക്ക് ഗ്രാമപഞ്ചായത്ത് ഓഫീസുകൾ, ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകൾ, ജില്ലാ പട്ടികജാതി വികസന ഓഫീസുകൾ, വകുപ്പ് ഡയറക്ടേറ്റ് എന്നിവിടങ്ങളിൽ പരിശീലനത്തിന് അവസരം നൽകുന്നു. പരിശീലനാർഥികളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

പട്ടികവർഗ വികസന വകുപ്പിൽ അനുവദനീയമായ 200 അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസിയർ തസ്തികകളിൽ വകുപ്പിന്റെ വിവിധ സ്ഥാപനങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുമായി 172 പേർ നിലവിൽ ജോലി ചെയ്തുവരുന്നുണ്ട്. ആയതിൽ ബി.ടെക് ബിരുദധാരികളായ 2 അക്രഡിറ്റഡ് എഞ്ചിനീയർമാർ തദ്ദേശ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിച്ചുവരുന്നുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിയമനം നൽകിയിട്ടുള്ള പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട അക്രഡിറ്റഡ് എഞ്ചിനീയർമാരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട സാങ്കേതിക ബിരുദധാരികളെ അക്രഡിറ്റഡ് എഞ്ചിനീയർമാരായി നിയമിക്കുന്ന പദ്ധതിപ്രകാരം, കേരള സ്റ്റേറ്റ് റൂറൽ റോഡ് ഡെവലപ്മെന്റ് ഏജൻസിയിലും ജില്ലകളിലെ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റുകളിലും നാളിതുവരെ അക്രഡിറ്റഡ് എഞ്ചിനീയർമാരെ നിയമിച്ചിട്ടില്ല. പത്രപരസ്യംനൽകി ഇന്റർവ്യൂ മുഖേനയാണ് ജില്ലകളിലെ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റുകളിൽ അക്രഡിറ്റഡ് എഞ്ചിനീയർമാരുടെ നിയമനം നടത്തിവരുന്നത്.

ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിൽ ജീവനക്കാരുടെ ക്ഷാമം പരിഹരിക്കാൻ നടപടി

55 (2912) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു പട്ടികജാതി വികസന ഓഫീസർ തസ്തിക മാത്രമുള്ള ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിൽ ഓഫീസ് പ്രവർത്തനം സുഗമമായി നടക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പട്ടികജാതി വികസന വകുപ്പിൽ പഠനം നടത്തി സമർപ്പിച്ച പ്രവൃത്തിപഠന റിപ്പോർട്ടിൽ ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിലുള്ള ആകെ എത്ര ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളാണ് നിലവിലുള്ളതെന്നറിയിക്കാമോ?

പട്ടികജാതി വികസന വകുപ്പിൽ ഒരു പട്ടികജാതി വികസന ഓഫീസർ തസ്തിക മാത്രമുള്ള 48 ബ്ലോക്ക്/നഗരസഭ പട്ടികജാതി വികസന ഓഫീസുകൾ നിലവിലുണ്ട്.

(സി) പ്രസ്തുത ഓഫീസുകളിൽ ക്ലാർക്ക്/ഓഫീസ് അറ്റൻഡന്റ് തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതിനോ വകുപ്പിലെ പ്രസ്തുത തസ്തികകൾ അധികമുള്ള ഓഫീസുകളിൽനിന്നും ജീവനക്കാരെ മേൽസൂചിപ്പിച്ച ഓഫീസുകളിലേക്ക് മാറ്റിനിയമിക്കുന്നതിനോ നടപടികൾ സ്വീകരിക്കാമോ?

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പ്രവൃത്തിപഠന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ, പട്ടികജാതി വികസന വകുപ്പിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും തസ്തികകൾ പുനർവിന്യാസം ചെയ്യുന്നതിനുമുള്ള പ്രൊപ്പോസൽ ലഭ്യമാക്കാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

പട്ടികവർഗ വകുപ്പിലെ ആഭ്യന്തര ഓഡിറ്റ് വിഭാഗത്തിന്റെ റിപ്പോർട്ടുകൾ

56 (2913) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ വകുപ്പിലെ ആഭ്യന്തര ഓഡിറ്റ് വിഭാഗം 2024-25, 2025-26 കാലയളവിൽ എത്ര അന്വേഷണ റിപ്പോർട്ടുകളാണ് സമർപ്പിച്ചിട്ടുള്ളത്; ഏതെല്ലാം ജില്ലകളിലെ റിപ്പോർട്ടുകളാണ് സമർപ്പിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

പട്ടികവർഗ വകുപ്പിലെ ആഭ്യന്തര ഓഡിറ്റ് വിഭാഗം 2024-25 കാലയളവിൽ അഞ്ചും 2025-26 കാലയളവിൽ രണ്ടും അന്വേഷണ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. 2024-25-ൽ തിരുവനന്തപുരം, പത്തനംതിട്ട, പാലക്കാട്, വയനാട് ജില്ലകളിലെയും 2025-26-ൽ വയനാട്, ആലപ്പുഴ എന്നീ ജില്ലകളിലെയും റിപ്പോർട്ടുകളാണ് സമർപ്പിച്ചിട്ടുള്ളത്.

(ബി) അതിൽ ക്രമക്കേടുകൾ കണ്ടെത്തിയ റിപ്പോർട്ടുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

2024-25, 2025-26 എന്നീ കാലയളവുകളിൽ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

2024-25-ൽ സമർപ്പിച്ചിട്ടുള്ള ചുവടെ പറയുന്ന 4 റിപ്പോർട്ടുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്;

1. പത്തനംതിട്ട ജില്ലയിലെ റാന്നി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിൽ നടത്തിയ 'സുഭക്ഷിതബാല്യം സുന്ദര ബാല്യം' എന്ന പദ്ധതിയിന്മേലുള്ള പരിശോധനാ റിപ്പോർട്ട്.

2. വയനാട് ജില്ലയിലെ EMRS പൂക്കോടിൽ നടത്തിയ 'സ്റ്റുഡന്റ്സ് കേഡറ്റ് പദ്ധതി'യിന്മേലുള്ള പരിശോധനാ റിപ്പോർട്ട്.

3. പാലക്കാട് ജില്ലയിൽ അട്ടപ്പാടി പ്രോജക്ട് ഓഫിസിനുകീഴിലുള്ള അഗളി പ്രീമെട്രിക് ഹോസ്റ്റലിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട്.

4. തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് പ്രോജക്ട് ഓഫീസിന്റെ നിയന്ത്രണത്തിലുള്ള ജി. കാർത്തികേയൻ മെമ്മോറിയൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ, കുറ്റിച്ചലിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട്.

മേൽ റിപ്പോർട്ടുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു[+].

2025-26 കാലയളവിൽ സമർപ്പിച്ചിട്ടുള്ള രണ്ട് റിപ്പോർട്ടുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടെങ്കിലും അന്തിമമായി റിപ്പോർട്ട് അംഗീകരിച്ചിട്ടില്ല.

(സി) നൈപുണ്യ വികസനത്തിനുള്ള ഫണ്ട് തട്ടിയെടുത്തതുമായി ബന്ധപ്പെട്ട് പട്ടികജാതി വകുപ്പിലെ മുൻഡയറക്ടറുടെ പേരിലുള്ള പരാതിയിൽ എന്തെല്ലാം കാര്യങ്ങളിലാണ് അന്വേഷണം നടത്തുന്നത്; പ്രസ്തുത അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഗ്ലോബൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ ഫണ്ട് മാനേജ്മെന്റ് സ്റ്റഡീസ് എന്ന സ്ഥാപനം മുഖേന 2016-17 മുതൽ 2019-20 കാലയളവിൽ ആറ് കോഴ്സുകളിൽ പരിശീലനം നടത്തിയതുമായി ബന്ധപ്പെട്ടുവന്ന ആരോപണങ്ങളിന്മേൽ ധനകാര്യ പരിശോധനാവിഭാഗം അന്വേഷണം നടത്തിയിരുന്നു. ആയതുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൈപ്പമംഗലം മണ്ഡലത്തിൽ അനുമതി ലഭിച്ച പട്ടികജാതി-പട്ടികവർഗ അംബേദ്കർ ഗ്രാമങ്ങൾ

57 (2914) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ അനുമതി ലഭിച്ചതും നിർമ്മാണം നടത്തിവരുന്നതുമായ പട്ടികജാതി-പട്ടികവർഗ അംബേദ്കർ ഗ്രാമങ്ങൾ ഏതെല്ലാമാണെന്നും അവയ്ക്ക് ഓരോന്നിനും നാളിതുവരെ എത്ര തുക ചെലവാക്കിയിട്ടുണ്ടെന്നും നിർവഹണ ഏജൻസികൾ ഏതെല്ലാമാണെന്നും വിശദമാക്കാമോ?

കൈപ്പമംഗലം മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന അംബേദ്കർ ഗ്രാമം പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

പട്ടികവർഗ വികസന വകുപ്പ് നടപ്പാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ കൈപ്പമംഗലം മണ്ഡലത്തിലുള്ള ഉന്നതികളെ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) 2016 മുതൽ നാളിതുവരെ കൈപ്പമംഗലം മണ്ഡലത്തിൽ പട്ടികവർഗ കോർപ്പസ് ഫണ്ട് മുഖേന അനുമതി ലഭ്യമായതും നിർമ്മാണം നടത്തിയിട്ടുള്ളതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോന്നിനും ചെലവായ തുക എത്രയെന്നും വിശദമാക്കാമോ?

2016 മുതൽ നാളിതുവരെ കൈപ്പമംഗലം മണ്ഡലത്തിൽ പട്ടികവർഗ കോർപ്പസ് ഫണ്ട് മുഖേന നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല. എന്നാൽ പട്ടികവർഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് മുഖേന 2024-25 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജോലിയിൽ ഏർപ്പെട്ട് 125 തൊഴിൽദിനങ്ങൾ പിന്നിട്ടവർക്ക് കാർഷിക ഉപകരണങ്ങൾ വിതരണം ചെയ്തതിൽ കൈപ്പമംഗലം മണ്ഡലത്തിലെ ശ്രീ. ഗോപി എന്നവർക്ക് 2000/- രൂപയുടെ ഉപകരണം വിതരണം ചെയ്തിട്ടുണ്ട്.

ഉദുമ മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് വിനിയോഗം

58 (2915) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉദുമ മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും അറിയിക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് ഉദുമ മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

പട്ടികവർഗ വികസന വകുപ്പ് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

കോങ്ങാട് മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ പദ്ധതികൾ

59 (2916) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോങ്ങാട് മണ്ഡലത്തിൽ 2021 മുതൽ നാളിതുവരെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും പ്രവൃത്തികളുടെ പുരോഗതിയും വിശദമാക്കാമോ?

പട്ടികവർഗ വികസന വകുപ്പ്

വർഷം	പദ്ധതി	തുക	നിലവിലെ സ്ഥിതി
2021-22	ഇല്ല	-	-
2022-23	വെറ്റിലച്ചോല നഗറിൽ വാദ്യോപകരണ വിതരണം	99,238/-	പൂർത്തീകരിച്ചു
2023-24	ഇല്ല	-	-
2024-25	വെറ്റിലച്ചോല നഗറിൽ ബയോടോയ് ലൈറ്റ്	1,00,000/-	പൂർത്തീകരിച്ചു
2024-25	കുമാരി രാധിക – MBBS വിദ്യാർഥികൾക്കുള്ള ധനസഹായ വിതരണം	87,000/-	പൂർത്തീകരിച്ചു
2025-26	കുമാരി രാധിക – MBBS വിദ്യാർഥികൾക്കുള്ള ധനസഹായ വിതരണം	43,500/-	പൂർത്തീകരിച്ചു

പട്ടികജാതി വികസന വകുപ്പ്

അനുബന്ധമായി ചേർക്കുന്നു+.

വാമനപുരം മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ പദ്ധതികൾ

60 (2917) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാമനപുരം മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലംമുതൽ നാളിതുവരെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; ഓരോന്നിനും എത്ര തുക വീതം വിനിയോഗിച്ചിട്ടുണ്ട്; പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണ്; വിശദാംശം അറിയിക്കാമോ?

പട്ടികജാതി വികസന വകുപ്പ് വാമനപുരം മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ പദ്ധതികളുടെ നിലവിലെ സ്ഥിതി വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

പട്ടികവർഗ വികസന വകുപ്പ് വാമനപുരം മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലംമുതൽ നാളിതുവരെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

കാഞ്ഞങ്ങാട് മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് വിനിയോഗം

61 (2918) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും അതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും പ്രവൃത്തിയുടെ പുരോഗതി എന്തൊക്കെയാണെന്നും വിശദമാക്കാമോ?

പട്ടികവർഗ വികസന വകുപ്പ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിവരം ശേഖരിച്ചുവരുന്നു.

പട്ടികജാതി വികസന വകുപ്പ്

കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും അതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും പ്രവൃത്തിയുടെ പുരോഗതി എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

ഉന്നതികളിൽ കുടിവെള്ളമെത്തിക്കുന്നതിന് കോർപ്പസ് ഫണ്ട്

62 (2919) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിൽ കുടിവെള്ള ലഭ്യതക്കുറവുള്ള ഉന്നതികളിൽ കുടിവെള്ളമെത്തിക്കുന്നതിന് കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

വർക്കല മുനിസിപ്പാലിറ്റി പരിധിയിലെ ഒൻപത് നഗറുകളിൽ കോർപ്പസ് ഫണ്ട് പദ്ധതിപ്രകാരം 2021-22 സാമ്പത്തിക വർഷം കുടിവെള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വർക്കല നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ചെമ്മരുതി ഗ്രാമപഞ്ചായത്തിലെ കുന്നത്തുമല ഉന്നതിയിലും കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിനായി 97,70,000/- രൂപയുടെ എസ്റ്റിമേറ്റ് എടുത്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അരുവിക്കര മണ്ഡലത്തിൽ ധനസഹായം ലഭിച്ചവരുടെ വിവരം

63 (2920) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അരുവിക്കര നിയോജകമണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലായി നാളിതുവരെ ധനസഹായം ലഭിച്ചവരുടെ എണ്ണം, ലഭിച്ച തുക എന്നിവ പഞ്ചായത്ത് തിരിച്ച് അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അരുവിക്കര നിയോജകമണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലായി നാളിതുവരെ ധനസഹായം ലഭിച്ചവരുടെ എണ്ണം, ലഭിച്ച തുക എന്നിവ ചുവടെ ചേർക്കുന്നു.

ക്രമ നം.	പഞ്ചായത്ത്	ഉപഭോക്താക്കളുടെ എണ്ണം		അനുവദിച്ച തുക	
		പട്ടിക ജാതി	പട്ടിക വർഗം	പട്ടിക ജാതി	പട്ടിക വർഗം
1	അരുവിക്കര	27	3	1241000	10330
2	വെള്ളനാട്	37	8	630000	33492
3	ആര്യനാട്	75	240	1845000	791824
4	ഉഴമലയ്ക്കൽ	16	6	425000	24871
5	തൊളിക്കോട്	16	651	327000	2256646
6	വിതുര	55	1062	860000	3743451
7	കുറ്റിച്ചൽ	26	338	478000	1123817
8	പൂവച്ചൽ	52	27	1030000	90844
	ആകെ	304	2335	6836000	7963275

(ബി) ഈ കാലയളവിൽ ലഭിച്ച ആകെ അപേക്ഷകൾ, തുക അനുവദിച്ച അപേക്ഷകൾ, നിരസിച്ച അപേക്ഷകൾ, ഇനി തീർപ്പാക്കാനുള്ള അപേക്ഷകൾ എന്നിവയുടെ എണ്ണം പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കുമോ?

ആകെ അപേക്ഷകൾ, തുക അനുവദിച്ച അപേക്ഷകൾ, നിരസിച്ച അപേക്ഷകൾ, ഇനി തീർപ്പാക്കാനുള്ള അപേക്ഷകൾ എന്നിവയുടെ എണ്ണം ചുവടെ ചേർക്കുന്നു:

പട്ടികജാതി

ക്രമ നം	പഞ്ചായത്ത്	ആകെ അപേക്ഷകൾ	അനുവദിച്ച അപേക്ഷകൾ	നിരസിച്ച അപേക്ഷകൾ	തീർപ്പാക്കാനുള്ള അപേക്ഷകൾ
1	അരുവിക്കര	33	27	0	6
2	വെള്ളനാട്	44	37	3	4
3	ആര്യനാട്	91	75	6	10
4	ഉഴമലയ്ക്കൽ	19	16	1	2
5	തൊളിക്കോട്	19	16	1	2
6	വിതുര	67	55	4	8
7	കുറ്റിച്ചൽ	31	26	2	3
8	പൂവച്ചൽ	62	52	3	7
	ആകെ	366	304	20	42

പട്ടികവർഗം

ക്രമ നം	പഞ്ചായത്ത്	ആകെ അപേക്ഷകൾ	അനുവദിച്ച അപേക്ഷകൾ	നിരസിച്ച അപേക്ഷകൾ	തീർപ്പാക്കാനുള്ള അപേക്ഷകൾ
1	അരുവിക്കര	3	3	0	0
2	ആര്യനാട്	242	240	0	2
3	തൊളിക്കോട്	658	651	0	7
4	വിതുര	1080	1062	0	18
5	കുറ്റിച്ചൽ	348	339	0	9
6	പൂവച്ചൽ	30	27	0	3

7	വെള്ളനാട്	8	8	0	0
8	ഉഴമലയ്ക്കൽ	6	6	0	0

തീയ്യ സമുദായത്തെ സംബന്ധിച്ച വിശദാംശം

64 (2921) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ തീയ്യ സമുദായ വിഭാഗത്തിൽപ്പെട്ട എത്ര ആളുകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ജാതി തിരിച്ചുള്ള ജനസംഖ്യാ കണക്കെടുപ്പ് നടന്നിട്ടില്ലാത്തതിനാൽ കേരളത്തിലെ തീയ്യ സമുദായ വിഭാഗത്തിൽപ്പെട്ട ആളുകളുടെ ജില്ല തിരിച്ചുള്ള ജനസംഖ്യ ലഭ്യമല്ല.

(ബി) ഇവരെ ഒരു സമുദായമായി പരിഗണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. കേരള സംസ്ഥാന പിന്നോക്ക വിഭാഗ (OBC) പട്ടികയിൽ ക്രമനമ്പർ 16-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തീയ്യ വിഭാഗത്തെ ഈഴവ/ബില്ലവ എന്നീ വിഭാഗങ്ങൾക്കൊപ്പം പരിഗണിച്ചാണ് ഉദ്യോഗ-വിദ്യാഭ്യാസ സംവരണം നൽകിവരുന്നത്. 1958-ലെ കേരള സംസ്ഥാന സേവനചട്ടങ്ങൾ നിലവിൽ വന്നതുമുതൽ ഈഴവ, തീയ്യ എന്നത് ഒറ്റ എൻട്രി ആയിട്ടാണ് ചട്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

(സി) കാലങ്ങളായി തീയ്യരുടെ അനുഷ്ഠാന പാരമ്പര്യങ്ങളുമായി മുന്നോട്ട് പോകുന്ന ഈ വിഭാഗത്തെ സംസ്ഥാനത്ത് മറ്റേതെങ്കിലും സമുദായത്തിന്റെ ഉപജാതിയായി പരിഗണിച്ച് വരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ?

സംസ്ഥാന പിന്നാക്കവിഭാഗ പട്ടികയിൽ ഈഴവ, തീയ്യ സമുദായത്തെ ഒരുമിച്ചാണ് ക്രമ നമ്പർ 16-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഡി) മറ്റൊരു സമുദായത്തിന്റെ ഉപജാതിയായി കണക്കാക്കുന്നത് കാരണം തീയ്യ സമുദായത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ പി.എസ്.സി. റാങ്ക് ലിസ്റ്റിലും ദേവസ്വം ബോർഡ് നിയമനങ്ങളിലും അവഗണിക്കപ്പെടുന്നുവെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പരിഹാര നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ?

തീയ്യ വിഭാഗത്തെ ഏതെങ്കിലും സമുദായത്തിന്റെ ഉപവിഭാഗമായല്ല സംസ്ഥാന പിന്നാക്കവിഭാഗ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഇ) 1980-ലെ മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിലും 1966-ലെ കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിലും തീയ്യ വിഭാഗത്തെ പ്രത്യേക സമുദായമായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ട് ഈ വിഭാഗത്തെ ഒരു സമുദായമായി പരിഗണിക്കുന്നില്ലെന്ന് വ്യക്തമാക്കാമോ?

തീയ്യ സമുദായത്തെ ഏതെങ്കിലും വിഭാഗത്തിന്റെ ഉപവിഭാഗമായല്ല മറിച്ച് പ്രത്യേക സമുദായമായാണ് സംസ്ഥാന പിന്നാക്ക വിഭാഗ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈഴവ

വിഭാഗത്തെയും തീയ്യ വിഭാഗത്തെയും ഒരേ എൻടി ആയാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

പരസ്യങ്ങളുടെ വിശദാംശം

65 (2922) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി-പട്ടികവർഗ വികസന വകുപ്പുകളുടെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി വികസന വകുപ്പിൽ പരസ്യത്തിനായി ആകെ 80,903/- രൂപ ചെലവഴിച്ചിട്ടുണ്ട്. പി.ആർ.ഡി. മുഖേനയാണ് പത്രപരസ്യം നൽകിയിട്ടുള്ളത്. തുക അനുവദിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു:

1) 2022-23 സാമ്പത്തിക വർഷം മെഡിക്കൽ എഞ്ചിനീയറിങ് എൻട്രൻസ് ട്രെയിനിങ് നൽകുന്നതിനായി മികച്ച സ്ഥാപനങ്ങളെ സംസ്ഥാനതലത്തിൽ എംപാനൽ ചെയ്യുന്നതിന്റെ ഭാഗമായി യോഗ്യരായ സ്ഥാപനങ്ങളിൽനിന്നും താൽപര്യപത്രം ക്ഷണിച്ചതിന് മലയാള മനോരമ, കേരളകൗമുദി എന്നീ പത്രങ്ങൾക്കായി 36,921/- രൂപ അനുവദിച്ചിട്ടുണ്ട്.

2) പട്ടികജാതി വികസന വകുപ്പ് നടത്തിവരുന്ന പദ്ധതിയുടെ നേട്ടങ്ങൾ നവമാധ്യമങ്ങൾവഴി പ്രചാരണം നടത്തുന്നതിന് ഏജൻസികളുടെ പക്കൽനിന്നും താൽപര്യപത്രം ക്ഷണിച്ചതിന് മലയാള മനോരമയ്ക്ക് 31,989/- രൂപ അനുവദിച്ചിട്ടുണ്ട്.

3) പട്ടികജാതി വികസന വകുപ്പ് നടത്തിവരുന്ന പദ്ധതിയുടെ നേട്ടങ്ങൾ മാധ്യമങ്ങളിൽ പരസ്യം നൽകുന്നതിനുള്ള താൽപര്യം ക്ഷണിച്ചതിൻപ്രകാരം ദേശാഭിമാനിക്ക് 8,744/- രൂപയും കേരളകൗമുദിക്ക് 3,249/- രൂപയും അനുവദിച്ചിട്ടുണ്ട്.

ഈ സർക്കാരിന്റെ കാലയളവിൽ പട്ടികവർഗ വികസന വകുപ്പുമുഖേന പത്രപരസ്യങ്ങൾ നേരിട്ട് നൽകിയിട്ടില്ല. വകുപ്പ് പുറപ്പെടുവിക്കുന്ന കുറിപ്പുകൾ, പ്രസിദ്ധീകരണങ്ങൾ എന്നിവ പത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയാണ് സ്വീകരിച്ചുവരുന്നത്.

പട്ടികജാതി-പട്ടികവർഗ വികസന വകുപ്പുമന്ത്രിയുടെ ചികിത്സാ ധനസഹായം

66 (2923) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ വികസന വകുപ്പുമന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതിയിലേക്ക് ഈ സർക്കാരിന്റെ കാലത്ത് മണലൂർ മണ്ഡലത്തിൽനിന്നും നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചെന്നും എത്രപേർക്ക് ധനസഹായം അനുവദിച്ചെന്നും അറിയിക്കാമോ?

പട്ടികജാതി-പട്ടികവർഗ വികസന വകുപ്പുന്ത്രിയുടെ ചികിത്സാധനസഹായ പദ്ധതിയിലേക്ക് ഈ സർക്കാരിന്റെ കാലത്ത് മണലൂർ മണ്ഡലത്തിൽനിന്നും 619 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. 544 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം മണലൂർ മണ്ഡലത്തിൽനിന്നും പട്ടികവർഗ വിഭാഗത്തിലുള്ളവരുടെ അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത അപേക്ഷകൾപ്രകാരം അനുവദിച്ച തുക മുഴുവൻ വിതരണം ചെയ്തിട്ടുണ്ടോ; എത്ര രൂപ നാളിതുവരെ വിതരണം ചെയ്തുവെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ?

പ്രസ്തുത അപേക്ഷകൾ പ്രകാരം 1,36,94,000/-രൂപ (ഒരു കോടി മുപ്പത്തിയാറ് ലക്ഷത്തി തൊണ്ണൂറ്റി നാലായിരം രൂപ മാത്രം) അനുവദിച്ച് നൽകിയിട്ടുണ്ട്.

പട്ടികജാതി, പട്ടികവർഗ വികസന ഫണ്ട് വിനിയോഗം

67 (2924) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടികജാതി, പട്ടികവർഗ വികസന ഫണ്ട് വിനിയോഗത്തിൽ അഴിമതി നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ ക്രമക്കേടിലും നടക്കുന്ന അന്വേഷണം തുടങ്ങിയ തീയതി, അന്വേഷണത്തിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ/ഏജൻസി, അന്വേഷണ പുരോഗതി എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) അന്വേഷണം പൂർത്തീകരിച്ചവയിൽ കണ്ടെത്തലുകൾ എന്താണെന്നും എത്ര കോടി രൂപയുടെ അഴിമതി കണ്ടെത്തിയിട്ടുണ്ട് എന്നും ഏതൊക്കെ പദ്ധതികളിൽ എന്തെല്ലാം അഴിമതികളാണ് നടന്നതെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

പട്ടികജാതി-പട്ടികവർഗ വകുപ്പുമന്ത്രിയുടെ ചികിത്സാ സഹായം

68 (2925) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി പട്ടികവർഗ വകുപ്പുമന്ത്രിയുടെ ചികിത്സാ സഹായംവഴി 2016 മുതൽ നാളിതുവരെ കാസർഗോഡ് ജില്ലയിൽ എത്ര കോടി രൂപ ചികിത്സാ സഹായമായി അനുവദിച്ചിട്ടുണ്ടെന്ന വിവരം താലൂക്ക് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

പട്ടികജാതി പട്ടികവർഗ വകുപ്പുമന്ത്രിയുടെ ചികിത്സാ സഹായംവഴി 2016 മുതൽ നാളിതുവരെ കാസർഗോഡ് ജില്ലയിൽ ചികിത്സാ സഹായമായി അനുവദിച്ച തുക അനുബന്ധമായി ചേർക്കുന്നു+.

പാറശാല മണ്ഡലത്തിൽ പട്ടികജാതി ക്ഷേമവകുപ്പ് നടപ്പാക്കിയ പദ്ധതികൾ

69 (2926) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പാറശാല മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പട്ടികജാതി ക്ഷേമ വകുപ്പുമുഖേന നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; ഇതിനായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ട്; വിശദമാക്കാമോ;

പാറശാല മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പട്ടികജാതി ക്ഷേമവകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.

നം.	പദ്ധതികൾ	ചെലവഴിച്ച തുക
1	ഭൂരഹിത പുനരധിവാസം	10,72,51,450
2	ഭവന പുനരുദ്ധാരണം	1,16,25,000
3	ദുർബല വിഭാഗ പുനരധിവാസം	2,16,78,000
4	പഠനമുറി	5,64,40,000
5	സേഫ്	2,33,48,000
6	സ്വയം തൊഴിൽ	16,88,997
7	വിവാഹ ധനസഹായം	4,64,20,000
8	മിശ്ര വിവാഹ ധനസഹായം	1,25,50,000
9	ഏകവരുമാനദായകന്റെ മരണം	94,00,000
10	ചികിത്സാ ധനസഹായം	1,85,78,500
11	വിദേശ തൊഴിൽ ധനസഹായം	30,75,000
12	ഭവനം	52,54,000
	ആകെ	31,73,08,947

(ബി) പാറശാല മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പട്ടികജാതി ക്ഷേമവകുപ്പ് മുഖേന എത്ര പേർക്ക് ചികിത്സാധനസഹായം അനുവദിച്ചിട്ടുണ്ട്; ആകെ എത്ര രൂപയാണ് ധനസഹായമായി അനുവദിച്ചത്; വിശദമാക്കാമോ?

പാറശാല മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പട്ടികജാതി ക്ഷേമവകുപ്പ് മുഖേന ചികിത്സാ ധനസഹായമായി 723 പേർക്ക് 1,85,78,500/- രൂപ അനുവദിച്ചിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം

70 (2927) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി വികസന വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്; ഓരോ റിപ്പോർട്ടും സമർപ്പിച്ചത് എന്നാണ്; അതിന്മേൽ നാളിതുവരെ സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണ്; റിപ്പോർട്ടുകൾ സമയബന്ധിതമായി പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടുകളിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

പട്ടികവർഗ വകുപ്പിലെ ആഭ്യന്തര ഓഡിറ്റ്

71 (2928) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ വകുപ്പിലെ ആഭ്യന്തര

ഓഡിറ്റ് വിഭാഗം വയനാട്ടിലെ ഓഫീസുകളിൽ പരിശോധന നടത്തി എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചു; ഇതിൽ ക്രമക്കേട് കണ്ടെത്തിയത് എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ; ക്രമക്കേട് കണ്ടെത്തിയ അന്വേഷണ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം ആഭ്യന്തര പരിശോധനാ വിഭാഗം വയനാട് ജില്ലയിലെ ഓഫീസുകളിൽ പരിശോധനകൾ നടത്തി 3 റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

വയനാട് ജില്ലയിലെ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് സുൽത്താൻബത്തേരി, EMRS പൂക്കോട്, ഐ.റ്റി.ഡി.പി. വയനാട് എന്നീ സ്ഥാപനങ്ങളിൽ നടത്തിയ മൂന്ന് പരിശോധനകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

മേൽ പരാമർശിത റിപ്പോർട്ടുകളിൽ വയനാട് ഐ.റ്റി.ഡി.പി.-യിൽ പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ട് ഭാഗികമായതിനാൽ അന്തിമമായി അംഗീകരിച്ചിട്ടില്ല. ശേഷിക്കുന്ന രണ്ട് പരിശോധനാ റിപ്പോർട്ടുകൾ അനുബന്ധമായി ചേർക്കുന്നു+.

കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

72 (2929) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ 2021 മുതൽ വകുപ്പിന്റെ കീഴിൽ നടന്ന വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ 2021 മുതൽ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ നടന്ന വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ദുർബല വിഭാഗ പുനരധിവാസ പദ്ധതി

നഗർ	ചെലവഴിച്ച തുക	നിലവിലെ സ്ഥിതി
കുമ്മാട്ടിക്കുളം	76,02,682/-	76.02 ലക്ഷം രൂപയുടെ വികസന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

അംബേദ്കർ ഗ്രാമം

പദ്ധതി	അടങ്കൽ തുക	ഏജൻസിക്ക് അനുവദിച്ച തുക	നിലവിലെ സ്ഥിതി
സിവിൽ സ്റ്റേഷൻ അംബേദ്കർ ഗ്രാമം	50,00,000/-	8,98,216/-	പ്രവൃത്തി പൂർത്തീകരിച്ചു.

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ പട്ടികവർഗ ഉന്നതികളില്ല. നിലവിൽ ഒറ്റപ്പെട്ട് താമസിക്കുന്ന പട്ടികവർഗ കുടുംബങ്ങളാണുള്ളത്. പ്രസ്തുത മണ്ഡലത്തിൽ വകുപ്പ് 2021 മുതൽ ചുവടെ പരാമർശിച്ച വികസന പദ്ധതികളാണ് നടത്തിവരുന്നത്.

* കോഴിക്കോട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിലും കോഴിക്കോട് മെഡിക്കൽ കോളേജ് ഫെസിലിറ്റേഷൻ സെന്ററിലുമായി രണ്ട് സഹായ കേന്ദ്രങ്ങൾ നടത്തിവരുന്നു.

* ഈസ്റ്റ്ഹിൽ പ്രീമെട്രിക് ഹോസ്റ്റലിൽ എം.പി. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച സ്മാർട്ട് ക്ലാസ്സ് റൂം നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

* 2022-23 വർഷം ജനനി ജന്മരക്ഷ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 32,000/- രൂപ ധനസഹായം നൽകിയിട്ടുണ്ട്.

* ഭക്ഷ്യ സഹായ പദ്ധതിയിലുൾപ്പെടുത്തി 3 ഗുണഭോക്താക്കൾക്ക് കിറ്റ് വിതരണം ചെയ്തിട്ടുണ്ട്.

* വിവാഹ ധനസഹായ പദ്ധതിയിലുൾപ്പെടുത്തി ഒരു ഗുണഭോക്താവിന് ഒരു ലക്ഷം രൂപ നൽകിയിട്ടുണ്ട്.

(ബി) മണ്ഡലത്തിൽ അംബേദ്കർ ഗ്രാമപദ്ധതിയിലുൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

മണ്ഡലത്തിൽ അംബേദ്കർ ഗ്രാമപദ്ധതിയിലുൾപ്പെടുത്തിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

പദ്ധതി	അടങ്കൽ തുക	ഏജൻസിക്ക് അനുവദിച്ച തുക	നിലവിലെ സ്ഥിതി
സിവിൽ സ്റ്റേഷൻ അംബേദ്കർ ഗ്രാമം	50,00,000/-	8,98,216/-	പ്രവൃത്തി പൂർത്തീകരിച്ചു.

അംബേദ്കർ ഗ്രാമം പദ്ധതിയിൽ 2025-26 സാമ്പത്തിക വർഷം കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ കപ്പുറത്തുമീത്തൽ നഗർ തിരഞ്ഞെടുത്തിട്ടുണ്ട്.

മണിമല മുക്കടയിലെ സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയാക്കാൻ നടപടി

73 (2930) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ട മണിമല മുക്കടയിലെ സാംസ്കാരിക കേന്ദ്രത്തിന്റെ പണി പൂർത്തിയാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന മണിമല മുക്കട ഗ്രാമത്തിലെ സാംസ്കാരിക നിലയം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ കോർപ്പസ് ഫണ്ടിൽവച്ച് പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് 2024-25 വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച മേൽ നടപടി എന്താണ്; എന്നത്തേക്ക് ഭരണാനുമതി ലഭ്യമാക്കാനാകും; വ്യക്തമാക്കാമോ?

25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. ആയത് 2024-25 വർഷത്തെ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി 03-07-2025-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത നിർമ്മാണത്തിനാവശ്യമായ തുക അനുവദിക്കുന്നതിനും സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കി ഉപയോഗസജ്ജമാക്കുന്നതിനും നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

കോർപ്പസ് ഫണ്ട് 2024-25 വർഷത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് പുറമേയുള്ള വർക്കുകൾ ജില്ലാതല പട്ടികജാതി-പട്ടികവർഗ വികസന സമിതി അംഗീകാരം നൽകുന്നമുറയ്ക്ക് 2025-26 വർഷത്തെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

തിരൂർ മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ വിഭാഗത്തിനുവേണ്ടിയുള്ള പദ്ധതികൾ

74 (2931) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടി തിരൂർ നിയോജകമണ്ഡലത്തിൽ 2021 മുതൽ നാളിതുവരെ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളിൽ നടപ്പാക്കിയവയുടെയും നടപ്പാക്കാത്തവയുടെയും വിവരങ്ങൾ, നടപ്പാക്കാത്തവയുണ്ടെങ്കിൽ അതിന് കാരണം, വകയിരുത്തിയിരുന്ന തുകയിൽ ചെലവഴിക്കാതെ നഷ്ടപ്പെട്ട് പോയിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരവും കാരണവും, പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളിൽ നടപ്പാക്കാനുള്ളവയുണ്ടെങ്കിൽ എന്നത്തേക്ക് അത് പൂർത്തിയാക്കും എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) തിരൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടി സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് അറിയിക്കാമോ?

(എ&ബി) **പട്ടികവർഗ വികസന വകുപ്പ് -** വിവരം ശേഖരിച്ചുവരുന്നു.

പട്ടികജാതി വികസന വകുപ്പ് - പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടി തിരൂർ നിയോജകമണ്ഡലത്തിൽ 2021 മുതൽ നാളിതുവരെ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

2021-22 വർഷത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെട്ട തിരുനാവായ ഗ്രാമപഞ്ചായത്തിലെ വാവൂർകുന്ന് പട്ടികജാതി നഗറിൽ 30% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു.

2023-24 വർഷത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെട്ട വെട്ടം ഗ്രാമപഞ്ചായത്തിലെ തിരുത്തിപ്പറമ്പ് നഗറിലെ പ്രവൃത്തികൾക്കായി നിർവഹണ ഏജൻസി 29-06-2024-ന് ടെൻഡർ വിളിക്കുകയും 18-07-2024, 07-10-2024, 23-11-2024 എന്നീ തീയതികളിൽ റീടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ടും പ്രവൃത്തി ഏറ്റെടുക്കുന്നതിന് കരാറുകാർ തയ്യാറായിരുന്നില്ല. നിലവിൽ ഒരു കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട്.

തമിഴ് ഭാഷ സംസാരിക്കുന്നവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിലെ തടസ്സം പരിഹരിക്കാൻ നടപടി

75 (2932) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

` (എ) ദേവികുളം താലൂക്കിലെ തോട്ടംമേഖലയിൽ താമസിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട തമിഴ് ഭാഷ സംസാരിക്കുന്ന ആളുകൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് വകുപ്പുമുഖേന എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിലേക്ക് കുടിയേറിയ വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്ന പട്ടികജാതി/പട്ടികവർഗ വിഭാഗക്കാർക്ക് നിർദിഷ്ട രേഖകളുടെ അഭാവത്താൽ ജാതി

സർട്ടിഫിക്കറ്റ് ലഭിക്കുന്നതിൽ പലപ്പോഴും ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗത്തിൽപ്പെട്ട കുടിയേറ്റക്കാർക്ക് കുടിയേറിയ സംസ്ഥാനത്ത് പദവിയും ജാതി സർട്ടിഫിക്കറ്റും നൽകുന്നത് കേന്ദ്ര സർക്കാർ നിർദ്ദേശിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച 12-02-1986-ലെ സ.ഉ.(കൈ)നം.10/86/പജപവവിവ ഉത്തരവുപ്രകാരമാണ്. പ്രസ്തുത ഉത്തരവിലെ മാനദണ്ഡങ്ങൾപ്രകാരം 1950-ലെ പ്രസിഡൻഷ്യൽ ഓർഡറിനുമുമ്പ് കേരളത്തിൽവന്ന് സ്ഥിരതാമസമാക്കിയ പട്ടികജാതി/പട്ടികവർഗ വിഭാഗക്കാർക്ക് മാത്രമെ നിലവിൽ കുടിയേറിയ സംസ്ഥാനത്ത് ആനുകൂല്യങ്ങൾക്കും പദവിക്കും അർഹതയുള്ളൂ. കൂടാതെ പ്രസ്തുത പട്ടികജാതി/പട്ടികവർഗം രണ്ട് സംസ്ഥാനങ്ങളുടെയും ലിസ്റ്റിൽ ഉൾപ്പെട്ടതുമായിരിക്കണം. പട്ടികജാതി/പട്ടികവർഗക്കാരായ കുടിയേറ്റക്കാരുടെ വിഷയം ഭരണഘടനാപരമായി കേന്ദ്ര സർക്കാരിന്റെ മാത്രം അധികാരപരിധിയിൽവരുന്ന വിഷയമായതിനാൽ സംസ്ഥാന സർക്കാരിന് മാത്രമായി ഒരു തീരുമാനവും കൈക്കൊള്ളാൻ സാധിക്കില്ല. അതിനാൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന "1950-ലെ പ്രസിഡൻഷ്യൽ വിജ്ഞാപനം" എന്ന സമയപരിധിയിൽ ഇളവനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർഥിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ റവന്യൂ, നിയമം, പട്ടികവിഭാഗ ക്ഷേമ വകുപ്പുമന്ത്രിമാർ യോഗം ചേരുകയും തുടർന്ന് മുഖ്യമന്ത്രി യോഗം വിളിച്ചുചേർക്കുകയും ചെയ്തിട്ടുണ്ട്.

ഏക വരുമാനദായകൻ മരണപ്പെട്ട പട്ടികജാതി കുടുംബത്തിൽപ്പെട്ടവർക്ക് നൽകുന്ന ധനസഹായം

76 (2933) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി,

പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏക വരുമാനദായകൻ മരണപ്പെട്ട പട്ടികജാതി കുടുംബത്തിൽപ്പെട്ടവർക്ക് നൽകുന്ന ധനസഹായ പദ്ധതിപ്രകാരം മണലൂർ മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ എത്രപേർക്ക് ധനസഹായം നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

ഏക വരുമാനദായകൻ മരണപ്പെട്ട പട്ടികജാതി കുടുംബത്തിൽപ്പെട്ടവർക്ക് നൽകുന്ന ധനസഹായ പദ്ധതിപ്രകാരം മണലൂർ മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ 80 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

(ബി) ആയതിനായി ആകെ എത്ര രൂപയാണ് പ്രസ്തുത മണ്ഡലത്തിൽ അനുവദിച്ചത്; അനുവദിച്ച തുക മുഴുവൻ വിതരണം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ?

മേൽ പദ്ധതിയിലേക്ക് ഈ സർക്കാരിന്റെ കാലത്ത് അനുവദിച്ച 1,14,50,000/-രൂപ (ഒരു കോടി പതിനാല് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) ഗുണഭോക്താക്കൾക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്.

മണിമലയിൽ കരിയർ ഡെവലപ്മെന്റ് സെന്റർ- കം - എക്സാമിനേഷൻ ട്രെയിനിങ് സെന്റർ

77 (2934) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ മണിമലയിൽ പട്ടികജാതി വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം പ്രയോജനപ്പെടുത്തി കരിയർ ഡെവലപ്മെന്റ് സെന്റർ-കം-പ്രീ-എക്സാമിനേഷൻ ട്രെയിനിങ് സെന്ററും ആധുനിക നിലവാരത്തിലുള്ള

ഓഡിറ്റോറിയവും കളിസ്ഥലവും നിർമ്മിക്കുന്നത് സംബന്ധിച്ച് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ;

(ബി) ഇതുസംബന്ധിച്ച പദ്ധതി രൂപീകരണ റിപ്പോർട്ട് കാഞ്ഞിരപ്പള്ളി പട്ടികജാതി വികസന ഓഫീസിൽനിന്ന് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ താമസിക്കുന്നതും നിർദിഷ്ട ശബരിമല എയർപോർട്ടിന് അടുത്തുള്ളതുമായ പട്ടികജാതി വികസന വകുപ്പിന്റെ സ്വന്തം സ്ഥലമെന്നത് പരിഗണിച്ച് പ്രസ്തുത പദ്ധതികൾ യാഥാർഥ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ?

(എ-സി) മണിമല ഗ്രാമപഞ്ചായത്തിലെ മുക്കടയിൽ പട്ടികജാതി വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഒരേക്കറോളം ഭൂമി ഉപയോഗശൂന്യമായി കിടക്കുന്നുവെന്നും ആധുനിക സൗകര്യങ്ങളുള്ള ഓഡിറ്റോറിയവും കളിസ്ഥലവും കരിയർ ഡെവലപ്മെന്റ്-കം-പ്രീ-എക്സാമിനേഷൻ ടെയിനിങ് സെന്ററും വന്നാൽ പ്രയോജനപ്രദമാകുമെന്നും ഒരു തൊഴിൽ പരിശീലന കേന്ദ്രം ജില്ലാ പഞ്ചായത്തിന്റെ പദ്ധതി വിഹിതമുപയോഗിച്ച് ബഹുവർഷ പ്രോജക്ടായി ചെയ്യുന്നതിന് താൽപര്യമുള്ളതായും ജില്ലാ പഞ്ചായത്ത് അറിയിച്ചിട്ടുള്ളതായി കോട്ടയം ജില്ലാ പട്ടികജാതി വികസന ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ജില്ലാ പഞ്ചായത്തിന്റെ SCP പദ്ധതി വിഹിതമുപയോഗിച്ച് പ്രവൃത്തി ചെയ്യുന്നതിന് ജില്ലാ പഞ്ചായത്തിന്റെ തീരുമാനം സഹിതം പ്രൊപ്പോസൽ ലഭ്യമാക്കുകയാണെങ്കിൽ അക്കാര്യം

പരിശോധിക്കുന്നതാണ്. കൂടാതെ നബാർഡുമായി ബന്ധപ്പെട്ട് പ്രസ്തുത പദ്ധതി RIDF-ൽ നിർവഹിക്കുന്നതിനുള്ള സാധ്യതകൂടി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോട്ടയം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

സേഫ് പദ്ധതി ആനുകൂല്യം ലഭ്യമാക്കാൻ നടപടി

78 (2935) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് പദ്ധതി ആനുകൂല്യം ലഭിക്കുന്നതിനായി പുതുക്കാട് മണ്ഡലത്തിൽ കൊടകര ബ്ലോക്ക് പഞ്ചായത്തിൽ പുതുക്കാട് - ചെങ്ങാലൂർ ദേശത്ത് ഇരിങ്ങാലക്കുടക്കാരൻ വീട്ടിൽ ശ്രീ. മോഹനൻ ഐ.എം. നൽകിയ അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വ്യക്തിക്ക് പദ്ധതി ആനുകൂല്യം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) സേഫ് പദ്ധതിയുടെ നിലവിലെ മാനദണ്ഡപ്രകാരം 800 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വീടുകളെ മാത്രമെ ടി പദ്ധതിയിലേക്ക് പരിഗണിക്കുകയുള്ളൂ. ശ്രീ. മോഹനന്റെ വീടിന് 850 ചതുരശ്ര അടി വിസ്തീർണ്ണമുള്ളതിനാൽ പദ്ധതി മാനദണ്ഡപ്രകാരം പരിഗണിക്കാൻ സാധിക്കില്ല.

പട്ടികജാതി വകുപ്പിന്റെ കീഴിൽ അനുമതി ലഭ്യമായതും പൂർത്തിയാക്കിയതുമായ പ്രവൃത്തികൾ

79 (2936) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലത്ത് കാട്ടാക്കട മണ്ഡലത്തിൽ പട്ടികജാതി വകുപ്പിന്റെ കീഴിൽ അനുമതി ലഭ്യമായതും പൂർത്തിയാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലത്ത് കാട്ടാക്കട മണ്ഡലത്തിൽ പട്ടികജാതി വകുപ്പിന്റെ കീഴിൽ അനുമതി ലഭ്യമായതും പൂർത്തിയാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

കല്യാശ്ശേരി മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

80 (2937) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് കല്യാശ്ശേരി മണ്ഡലത്തിൽ നടപ്പാക്കിയതും നടപ്പാക്കിവരുന്നതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി വികസന വകുപ്പ് കല്യാശ്ശേരി മണ്ഡലത്തിൽ നടപ്പാക്കിയ അംബേദ്കർ ഗ്രാമം, കോർപ്പസ് ഫണ്ട് പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

പട്ടികവർഗവികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ച് നൽകുന്നതാണ്.

എസ്.സി.-എസ്.ടി. വിഭാഗങ്ങളുടെ പദ്ധതി അടങ്കൽ

81 (2938) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി. - എസ്.ടി. വിഭാഗങ്ങൾക്കുള്ള പദ്ധതി അടങ്കൽ തുക കഴിഞ്ഞ വർഷം വെട്ടിക്കുറച്ചിരുന്നോയെന്ന് അറിയിക്കുമോ?

പട്ടികജാതി പട്ടികവർഗ വികസന വകുപ്പുകൾ 2024-25 സാമ്പത്തിക വർഷത്തിൽ പദ്ധതികളുടെ മുൻഗണനാക്രമം നിശ്ചയിക്കുകയാണ് ചെയ്തത്.

(ബി) എങ്കിൽ കഴിഞ്ഞ വർഷം വെട്ടിക്കുറച്ച പദ്ധതി അടങ്കൽ തുക ഈ സാമ്പത്തിക വർഷം കൂടുതലായി നൽകാൻ നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

പട്ടികവർഗ വികസന വകുപ്പ് - 2025-26 സാമ്പത്തിക വർഷത്തിൽ വകുപ്പിന് പട്ടികവർഗ ഉപപദ്ധതിയുടെ ബജറ്റ് വിഹിതമായി 69,713 ലക്ഷം രൂപയാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകയിരുത്തിയിരിക്കുന്നത്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 15,488.95 ലക്ഷം രൂപയുടെ വർധനവുണ്ടായിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പ് – 2025-26 സാമ്പത്തിക വർഷം SCP വിഹിതത്തിൽ 208 കോടി രൂപ കഴിഞ്ഞ വർഷത്തേക്കാൾ അധികമായി വകയിരുത്തിയിട്ടുണ്ട്.

സേഫ് പദ്ധതി

82 (2939) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ വിഭാഗക്കാർക്ക് വീട് നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള സേഫ് പദ്ധതിയിൽ ആലപ്പുഴ മണ്ഡലത്തിലെ എത്ര ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കാമോ?

ആലപ്പുഴ മണ്ഡലത്തിലെ 91 പട്ടികജാതി ഗുണഭോക്താക്കളെ സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

പഞ്ചായത്ത്	ഗുണഭോക്താക്കളുടെ എണ്ണം
മാരാരിക്കുളം വടക്ക്	13
മാരാരിക്കുളം സൗത്ത്	19
മണ്ണഞ്ചേരി	47
ആര്യാട്	12

ആലപ്പുഴ മണ്ഡലത്തിൽ പട്ടികവർഗ ഗുണഭോക്താക്കളെ സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) പ്രസ്തുത ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കാനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ?

നിർമ്മാണം പൂർത്തീകരിക്കുന്ന വിവിധ ഘട്ടങ്ങൾക്കനുസരിച്ച് ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുന്നുണ്ട്.

പട്ടികവർഗ ക്ഷേമ പദ്ധതികൾ

83 (2940) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഏതെങ്കിലും പട്ടികവർഗ ക്ഷേമ പദ്ധതികൾ നിർത്തലാക്കിയിട്ടുണ്ടോയെന്നും ഏതെങ്കിലും പട്ടികവർഗ ക്ഷേമ പദ്ധതികളിൽ മുൻവർഷത്തെ അപേക്ഷിച്ച് തുക വെട്ടിക്കുറച്ചിട്ടുണ്ടോയെന്നും ഓരോ വർഷവും വകയിരുത്തിയ തുക താരതമ്യപ്പെടുത്തി വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ വികസന വകുപ്പുമുഖേന നടപ്പാക്കുന്ന ക്ഷേമ പദ്ധതികളൊന്നുംതന്നെ നിർത്തലാക്കിയിട്ടില്ല. എന്നാൽ, ഗോത്ര വാൽത്സല്യനിധി എന്ന പദ്ധതിക്ക് മുൻ വർഷങ്ങളെ അപേക്ഷിച്ച് വിഹിതത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. പട്ടികവർഗ വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പെൺകുട്ടികളുടെ ആരോഗ്യ-വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമിട്ടുള്ള ഇൻഷ്വറൻസ് അധിഷ്ഠിത പദ്ധതിയാണ് ഗോത്ര വാത്സല്യനിധി. എന്നാൽ പദ്ധതിയുടെ നടത്തിപ്പുമായി സഹകരിച്ചിരുന്ന എൽ.ഐ.സി. (LIC) ഏകപക്ഷീയമായി മാനദണ്ഡങ്ങളിൽനിന്ന്

പിന്മാറിയതിനാൽ പദ്ധതി തുടരാൻ സാധിക്കാതെവന്നു. ഇതിനെത്തുടർന്ന് മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി പദ്ധതി നടപ്പാക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) ഭവനനിർമ്മാണം, സാമൂഹ്യ സുരക്ഷ, വിദ്യാഭ്യാസം, ആരോഗ്യം, സ്വയംതൊഴിൽ തുടങ്ങിയ മേഖലകളിൽ സാമ്പത്തിക പ്രതിസന്ധിയുടെ കാരണത്താൽ പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കാൻ ഇടയായത് ഈ വിഭാഗത്തിന്റെ പുരോഗതിയുടെ വളർച്ചാനിരക്ക് കുറയാനിടയാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കുന്നത് ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഭവനനിർമ്മാണം, സാമൂഹ്യ സുരക്ഷ, വിദ്യാഭ്യാസം, ആരോഗ്യം, സ്വയംതൊഴിൽ തുടങ്ങിയ മേഖലകളിൽ പദ്ധതി വിഹിതത്തിൽ മുൻഗണനാക്രമം നിശ്ചയിച്ചത് ഈ വിഭാഗത്തിന്റെ പുരോഗതിയുടെ വളർച്ചാനിരക്ക് കുറയാനിടയാക്കിയിട്ടില്ല.

2024-25 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ ഉപപദ്ധതിയിൽ വകുപ്പിനായി വകയിരുത്തിയ ആകെ പദ്ധതി വിഹിതത്തിന്റെ 22.26% തുക 27 പദ്ധതികളിലായി കുറവ് വരുത്തിയിട്ടുണ്ട്. തനത് വർഷം തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്ത പദ്ധതികളിലാണ് ഇപ്രകാരം കുറവ് വരുത്തിയിട്ടുള്ളത്.

2024-25 വർഷത്തെ അപേക്ഷിച്ച് 2025-26 വർഷത്തിൽ പദ്ധതി വിഹിതത്തിൽ 15,488.95 ലക്ഷം രൂപയുടെ വർധനവ് വരുത്തിയിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിലെ ഏക വരുമാനദായകൻ മരണപ്പെട്ടതിനെ തുടർന്നുള്ള സഹായം

84 (2941) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലെ ഏക വരുമാനദായകൻ മരണപ്പെട്ടാൽ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

പട്ടികജാതി വിഭാഗത്തിലെ ഏകവരുമാനദായകൻ മരണപ്പെട്ടാൽ അപേക്ഷ, ജാതി-വരുമാന സർട്ടിഫിക്കറ്റുകൾ, മരണ സർട്ടിഫിക്കറ്റ്, മരണപ്പെട്ട വ്യക്തി കുടുംബത്തിലെ ഏക വരുമാനദായകനായിരുന്നെന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, റേഷൻ കാർഡിന്റെ പകർപ്പ്, പ്രായം തെളിയിക്കുന്ന രേഖ, ബാങ്ക് അക്കൗണ്ട് രേഖകൾ എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക് മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. മരണപ്പെട്ടയാളുടെ (ഏക വരുമാനദായകന്റെ) പ്രായം 21-നും 60-നും മധ്യേ ആയിരിക്കണം. മരണപ്പെട്ട വ്യക്തിയുടെ ഭാര്യ/ഭർത്താവ് പുനർവിവാഹം ചെയ്യുന്ന സാഹചര്യത്തിലും വിവാഹിതരായ മക്കളുണ്ടെങ്കിലും ധനസഹായം അനുവദിക്കുന്നതല്ല. അപേക്ഷകയ്ക്ക്/അപേക്ഷകന് 21 വയസ്സ് പൂർത്തിയായ മക്കളുണ്ടെങ്കിൽ പരിഗണിക്കുന്നതല്ല. എന്നാൽ 21 വയസ്സിനുമേൽ പ്രായമുള്ള മക്കൾ വിദ്യാർഥികൾ ആണെങ്കിൽ പരിഗണിക്കുന്നതാണ്. മരണം സംഭവിച്ച് ഒരു വർഷത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(ബി) ഇത്തരത്തിൽ കുറ്റ്യാടി മണ്ഡലത്തിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ ശ്രീമതി കമല, തെക്കേപറമ്പിൽ എന്നയാൾ സമർപ്പിച്ച അപേക്ഷപ്രകാരം ധനസഹായം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രീമതി കമല, തെക്കേപറമ്പിലിന്റെ അപേക്ഷ പരിശോധിച്ചതിൽ ടിയാൾക്ക് വിവാഹിതരായ മക്കളുള്ളതിനാൽ നിലവിലെ മാനദണ്ഡപ്രകാരം ടിയാളുടെ അപേക്ഷ പരിഗണിക്കാൻ നിർവാഹമില്ല.

പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പിന് വകയിരുത്തിയ തുക

85 (2942) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പിന് വകയിരുത്തിയ ആകെ തുക എത്രയാണെന്നും അതിൽ ചെലവാക്കിയ തുക എത്രയാണെന്നും ഇനംതിരിച്ച് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ച് നൽകുന്നതാണ്.

പട്ടികജാതി, പട്ടികവർഗ വികസന വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതി

86 (2943) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി, പട്ടികവർഗ വികസന വകുപ്പ് നടപ്പാക്കിവരുന്ന ഏതെല്ലാം പദ്ധതികളിലാണ് നിലവിൽ കുടിശ്ശികയുള്ളത്; ഓരോ പദ്ധതിയിലും എത്ര ഗുണഭോക്താക്കൾക്ക് തുക അനുവദിക്കാൻ ബാക്കിയുണ്ട്; ഓരോ പദ്ധതിയിലെയും കുടിശ്ശിക എത്ര; വിശദാംശങ്ങൾ ഇനംതിരിച്ച് ലഭ്യമാക്കുമോ?

വിവരം ശേഖരിച്ച് നൽകുന്നതാണ്.

പട്ടികവർഗ കുടുംബങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് പദ്ധതി

87 (2944) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിക്കുന്ന പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭവനം, കുടിവെള്ളം, റോഡ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനോടൊപ്പം അവരുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്; വിശദമാക്കാമോ?

ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന പുനരധിവസിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനുള്ള ധനസഹായം, കുടിവെള്ളം, റോഡ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കായി പദ്ധതി രൂപീകരിച്ച് മിഷന്റെ ബജറ്റ് ശീർഷകത്തിൽനിന്നും ഫണ്ട് ചെലവഴിച്ച് നടപ്പാക്കുന്നു. പുനരധിവാസ കുടുംബങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിന് വന്യമൃഗ ആക്രമണ പ്രതിരോധത്തിനായി സോളാർ

ഫെൻസിങ് പോലുള്ള പദ്ധതികളും നടപ്പാക്കുന്നു. വന്യമൃഗശല്യം രൂക്ഷമായ കണ്ണൂർ ജില്ലയിലെ ആറളം പുനരധിവാസ മേഖലയിൽ 53,23,40,000/- രൂപ ചെലവഴിച്ച് പൊതുമരാമത്ത് വകുപ്പുമുഖേന ആനമതിലിന്റെ നിർമ്മാണം നടന്നുവരുന്നു.

(ബി) ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നാളിതുവരെയായി പട്ടികവർഗ കുടുംബങ്ങൾക്ക് എത്ര ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്; വിശദമാക്കാമോ?

വനാവകാശ നിയമം, റവന്യൂ ഭൂമി വിതരണം, ഭൂമി വാങ്ങി നൽകൽ പദ്ധതി, ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണ പദ്ധതി, പ്രളയ പുനരധിവാസ പദ്ധതി തുടങ്ങിയ പദ്ധതികൾപ്രകാരം ആദിവാസി പുനരധിവാസ വികസന മിഷൻമുഖേന നാളിതുവരെ 41774 ഗുണഭോക്താക്കൾക്കായി 51857.30 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്.

(സി) പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരെ സാമൂഹിക, സാമ്പത്തിക, ആരോഗ്യ രംഗങ്ങളിൽ മുഖ്യധാരയിലെത്തിക്കുന്നതിനായി നടപ്പാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

കുണ്ടറ മണ്ഡലത്തിനായി പട്ടികജാതി വികസന വകുപ്പിൽനിന്നും അനുവദിച്ചിട്ടുള്ള പദ്ധതികൾ

88 (2945) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി വികസന വകുപ്പിൽനിന്നും 2021-22 മുതൽ നാളിതുവരെയായി കുണ്ടറ മണ്ഡലത്തിനായി അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്നും ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി എന്തെന്നും വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പിൽനിന്നും കുണ്ടറ നിയോജകമണ്ഡലത്തിൽ 2021-22 മുതൽ നാളിതുവരെ എട്ട് പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

ഇടമലക്കുടിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി

89 (2946) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏക ഗോത്രവർഗ പഞ്ചായത്തായ ഇടമലക്കുടിയിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവംമൂലം ഗോത്രവർഗക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആവശ്യമായ റോഡോ പാലമോ ഇല്ലാത്തതിനാൽ രോഗികളെ ആശുപത്രിയിലെത്തിക്കാൻ കഴിയാത്തതിനാൽ മരണം സംഭവിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പെട്ടിമുടി മുതൽ ഇടമലക്കുടിയിലെ ഇന്ദ്രലിപ്പാറകുടി വരെയുള്ള 7.5 കി.മീ. ദൂരമുള്ള റോഡിന്റെ കോൺക്രീറ്റ് പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. ടി റോഡ് 3 കി.മീ. ദൂരംകൂടി പൂർത്തീകരിക്കാനുണ്ട്. കൂടാതെ ഇന്ദ്രലിപ്പാറകുടി മുതൽ സൊസൈറ്റിക്കുടി വരെയുള്ള 3 കി.മീ. റോഡിന്റെ നിർമ്മാണത്തിനുവേണ്ടി 4.75 കോടി രൂപ PWD-ക്ക് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നടപടിക്രമങ്ങൾ നടന്നുവരുന്നു.

ഭൂമിശാസ്ത്രപരമായ ദുർഘട പ്രദേശമായതിനാൽ അവിടെനിന്നും കൂടുതൽ സൗകര്യങ്ങളുള്ള ആശുപത്രികളിൽ രോഗികളെ എത്തിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. എന്നാൽ അക്കാരണംകൊണ്ട് മരണം സംഭവിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല. ഇടമലക്കുടി പഞ്ചായത്തിൽനിന്നും ഏകദേശം 40 കി.മീ. മുതൽ 80 കി.മീ. വരെ ദൂരെയുള്ള അടിമാലി, ഇടുക്കി എന്നിവിടങ്ങളിലാണ് കൂടുതൽ സൗകര്യങ്ങളുള്ള ആശുപത്രികളുള്ളത്. ഇടമലക്കുടിയിൽനിന്നും രോഗികളെ ടി ആശുപത്രികളിൽ എത്തിക്കുന്നതിനാൽത്തന്നെ കൂടുതൽ സമയം വേണ്ടിവരുന്നുണ്ട്.

(സി) ഇടമലക്കുടിയിലെ വികസനത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഇടമലക്കുടിയുടെ വികസനം മുൻനിർത്തി വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

കാസർഗോഡ് ജില്ലയിലെ പ്രാക്തന ഗോത്രവർഗ വിഭാഗമായ കൊറഗരുടെ സാമൂഹ്യവികസനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

90 (2947) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ബദിയടുക്കയിലുൾപ്പെടെ അധിവസിക്കുന്ന പ്രാക്തന ഗോത്രവർഗ വിഭാഗമായ കൊറഗരുടെ സാമൂഹ്യവികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

കാസർഗോഡ് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് പരിധിയിലെ പ്രാക്തന ഗോത്രവിഭാഗമായ കൊറഗരുടെ സാമൂഹ്യവികസനത്തിനായി പി.വി.ടി.ജി. പദ്ധതിയിലുൾപ്പെടുത്തി 216 വീടുകളും കുടിവെള്ള പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്.

അടിയ-പണിയ പദ്ധതിയിലുൾപ്പെടുത്തി പ്രാക്തന ഗോത്രവിഭാഗ വിദ്യാർഥികൾക്ക് പഠനാവശ്യത്തിനുള്ള നോട്ട്ബുക്കുകൾ, കുട, ചെരുപ്പ്, യൂണിഫോം, ബാഗ് മുതലായവ വിതരണം ചെയ്തിട്ടുണ്ട്. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പി. എം. ജന്മൻ പദ്ധതിയിലുൾപ്പെടുത്തി പ്രാക്തന ഗോത്രവിഭാഗങ്ങളിൽപ്പെട്ട കൊറഗ വിഭാഗത്തിന്റെ സമഗ്രവികസനത്തിനായി റോഡ് വികസനം, ജലവിതരണം, വൈദ്യുതിവൽക്കരണം, വീട് നിർമ്മാണം, മൊബൈൽ മെഡിക്കൽ ക്ലിനിക് സ്ഥാപിക്കൽ, ആയുഷ്മാൻ കാർഡ് വിതരണം, വോർക്കാടി പഞ്ചായത്തിലെ തിമ്മൻഗുരാനെയിൽ ജില്ലാ നിർമ്മിതി കേന്ദ്രംമുഖേന നിർമ്മിക്കുന്ന മൾട്ടിപർപ്പസ് സെന്ററിന്റെ നിർമ്മാണം തുടങ്ങിയ പദ്ധതികൾ നടപ്പാക്കിവരുന്നു. കൊറഗ വിഭാഗക്കാർക്ക് കൈവശഭൂമിക്ക് പട്ടയം അനുവദിക്കുന്നതിന്റെ ഭാഗമായി ജില്ലാതലത്തിൽ ഓപ്പറേഷൻ സ്മൈൽ പദ്ധതിയും നടപ്പാക്കിവരുന്നു.

പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള ഫണ്ട് വിനിയോഗം

91 (2948) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സജീവ് ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള സർക്കാർ ഫണ്ട് വിനിയോഗം ഫലപ്രദമല്ലെന്നും ഇത് ക്രമക്കേടുകൾക്ക് വഴിവയ്ക്കുന്നതായും ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിലെ പ്രവൃത്തി പഠനസംഘം കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള സർക്കാർ ഫണ്ട് വിനിയോഗം ഫലപ്രദമായി നടക്കുന്നില്ലെന്ന കാര്യം ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ പഠനത്തിൽ കണ്ടെത്തിയിട്ടില്ല. എന്നാൽ, പരിശോധനാ സംവിധാനങ്ങളുടെ അഭാവം വകുപ്പിന്റെ പ്രവർത്തനങ്ങളെ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് വിഘാതമായി മാറുന്നതിനാൽ പദ്ധതികളുടെ നിർവഹണം, ചെലവഴിക്കുന്ന തുകയുടെ ഫലപ്രാപ്തി, മോണിറ്ററിങ്, പദ്ധതികളുടെ ആവശ്യകത സംബന്ധിച്ച പഠനം, പരാതിപരിഹാരം തുടങ്ങിയവ സംബന്ധിച്ച വിലയിരുത്തലിനും ഇടപെടലിനുമൊപ്പം പരമപ്രധാനമായ കൃത്യമായ ഇടവേളകളിൽ നടക്കേണ്ട ഓഡിറ്റ് പരിശോധനകൾ എന്നിവ മേഖലാതലത്തിൽ നടക്കുന്നതിന് സംവിധാനമുണ്ടാകേണ്ടത് പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനും സുതാര്യതയ്ക്കും ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അത്യന്താപേക്ഷിതമായതിനാൽ

വകുപ്പിന്റെ സ്വഭാവസവിശേഷതകൾ കണക്കിലെടുത്ത് ഒരു വികേന്ദ്രീകൃത ഓഡിറ്റ് സംവിധാനം മേഖലാതലത്തിൽ ആരംഭിക്കുന്നതിന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിലെ പ്രവൃത്തി പഠനസംഘം ശിപാർശ ചെയ്തിട്ടുണ്ട്.

വകുപ്പിലെ ഓഡിറ്റ് സംവിധാനം ഡയറക്ടറേറ്റുതലത്തിൽ കേന്ദ്രീകരിക്കുന്നതും ഓഡിറ്റ് വിങ്ങുകളിൽ മതിയായ തസ്തികകൾ ഇല്ലാതിരിക്കുന്നതും കാരണം ജില്ലാ ഓഫീസുകൾ/ബ്ലോക്കുതല ഓഫീസുകൾ/ക്ഷേമ സ്ഥാപനങ്ങൾ എന്നിങ്ങനെ ബൃഹത്തായ ഓഫീസ് ശൃംഖലകളിലും അവ വഴി കൈകാര്യം ചെയ്യപ്പെടുന്ന ഫണ്ടിലും കൃത്യവും സമയബന്ധിതവുമായ ഓഡിറ്റ് നടക്കാൻ കഴിയാതെവരുന്ന സാഹചര്യം കാണുന്നുവെന്നും ഈ സാഹചര്യത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ സ്വഭാവസവിശേഷതകൾ കണക്കിലെടുത്ത് ഒരു വികേന്ദ്രീകൃത ഓഡിറ്റ് സംവിധാനം മേഖലാതലത്തിൽ ആരംഭിക്കുന്നതിന് പഠനസംഘം ശിപാർശ ചെയ്തതായും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഫണ്ട് വിനിയോഗം ഫലപ്രദമാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും എന്തൊക്കെ പരിഹാരമാർഗങ്ങളാണ് നിർദേശിച്ചിട്ടുള്ളത്; ഇക്കാര്യത്തിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പ് വികേന്ദ്രീകൃത ഓഡിറ്റ് സംവിധാനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി ഒരു ഡെപ്യൂട്ടി ഡയറക്ടർ തസ്തിക കൂടി അധികമായി സൃഷ്ടിച്ചുകൊണ്ട് എറണാകുളം ആസ്ഥാനമാക്കി മധ്യമേഖല ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകൂടി

രൂപീകരിക്കേണ്ടതും വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളെ മൂന്ന് മേഖലാതല ഓഡിറ്റ് ഓഫീസുകളായി മാറ്റേണ്ടതാണെന്നും ഇപ്രകാരം രൂപീകരിക്കുന്ന മേഖലാതല ഓഡിറ്റ് ഓഫീസുകളുടെ പ്രവർത്തനത്തിനും വികേന്ദ്രീകരിക്കുന്നതിനുമുള്ള ശിപാർശ നൽകിയിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചുവരുന്നു.

(സി) വികേന്ദ്രീകൃത ഓഡിറ്റിങ്ങ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വികേന്ദ്രീകൃത ഓഡിറ്റ് സംവിധാനം നടപ്പാക്കുന്നതിനായി പ്രവൃത്തിപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാരിലേക്ക് ശിപാർശ നൽകുന്നതിനുള്ള നടപടികൾ പട്ടികജാതി വികസന വകുപ്പ് കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു.

കുന്നത്തുനാട് മണ്ഡലത്തിൽ എസ്.സി./എസ്.ടി. വകുഷ് മുഖേനയുള്ള ധനസഹായം

92 (2949) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിൽനിന്ന് എത്രപേർക്ക് എസ്.സി./എസ്.ടി. വകുപ്പുമുഖേന വിവിധതരത്തിലുള്ള ധനസഹായം ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും ലഭ്യമായിട്ടുള്ള തുക എത്രയെന്ന് ഇനംതിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിൽ പട്ടികവർഗ വികസന വകുപ്പുമുഖേന വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയും ഗുണഭോക്താക്കളുടെ വിവരവും പട്ടികജാതി വികസന വകുപ്പുമുഖേന വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയും ഗുണഭോക്താക്കളുടെ വിവരവും അനുബന്ധമായി ചേർക്കുന്നു+.

വർക്കല മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

93 (2950) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിൽ മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ഉന്നതികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; അവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

ഷീ സ്മാർട്ട് കഫേ

94 (2951) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പ് വനിതകൾക്കായി ആരംഭിച്ച 20 'ഷീ സ്മാർട്ട് കഫേ'കൾ നിലവിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് നടത്തിവരുന്നത്; ഇതിനായി ആകെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിച്ചിട്ടുള്ള തുക എത്രയാണ്?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്കായി ചുവടെപ്പറയുന്ന നാല് സ്ഥലങ്ങളിലാണ് കഫേകൾ ആരംഭിച്ചിട്ടുള്ളത്. അവ ചുവടെ ചേർക്കുന്നു.

1. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ്, നന്ദാവനം.

2. അംബേദ്കർ ഭവൻ, മണ്ണന്തല

3. പൂവച്ചൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

4. മിനി സിവിൽ സ്റ്റേഷൻ, കാട്ടാക്കട, തിരുവനന്തപുരം

(ബി) ഓരോ കഫേകൾക്കും അനുവദിച്ച തുക, അവ നടത്തിവരുന്നവരുടെ പേരുവിവരം എന്നിവ വിശദമാക്കാമോ?

ഓരോ കഫേകൾക്കും 10 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. അവ നടത്തുന്നവരുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്കായി വകയിരുത്തിയ തുക

95 (2952) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെയുള്ള സംസ്ഥാന ബജറ്റുകളിൽ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കായി വകയിരുത്തിയ തുക, അനുവദിച്ച തുക, ചെലഴിച്ച തുക, ചെലവഴിക്കാതെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബാക്കിയായ തുക എന്നിവയുടെ ശതമാനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കായി കേന്ദ്ര സർക്കാർ വകയിരുത്തിയ തുക, അനുവദിച്ച തുക, ചെലഴിച്ച തുക, ചെലവഴിക്കാതെ ബാക്കിയായതും നഷ്ടപ്പെട്ടതുമായ തുക എന്നിവ എത്ര വീതമാണെന്ന് ശതമാനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

(എ & ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

ഗോത്രവർഗ പഞ്ചായത്തായ ഇടമലക്കുടിയിലേക്കുള്ള റോഡ് നിർമ്മാണം

96 (2953) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്രവർഗ പഞ്ചായത്തായ ഇടമലക്കുടിയിലേക്കുള്ള റോഡ് നിർമ്മാണത്തിന് എത്ര തുകയാണ് അനുവദിച്ചിരിക്കുന്നത്; ഭരണാനുമതി തുകയും ടെൻഡർ അനുവദിച്ചിരിക്കുന്ന തുകയും എത്രയാണെന്ന് അറിയിക്കാമോ?

ഗോത്രവർഗ പഞ്ചായത്തായ ഇടമലക്കുടിയിലേക്കുള്ള റോഡ് നിർമ്മാണത്തിന് അനുവദിച്ചിരിക്കുന്ന തുക, ഭരണാനുമതി തുക, ടെൻഡർ അനുവദിച്ചിരിക്കുന്ന തുക എന്നിവ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

പ്രവൃത്തി	പ്രവൃത്തിയുടെ വിശദീകരണം	ഭരണാനുമതി തുക (കോടി)	അനുവദിച്ച തുക (കോടി)	സംഗ്രഹം
പെട്ടിമുടി-ഇഡ്ഡലിപ്പാറകുടി	ആകെ ദൂരം 7.2	13.70	12.43	12.43 കോടി രൂപ

റോഡ് നിർമ്മാണം	KM			PWD-ക്ക് കൈമാറി. 4.5 KM റോഡ് നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ടെൻഡർ തുക 7,57,70,394/- രൂപയാണെന്ന് PWD-യിൽനിന്നും അറിയിച്ചിട്ടുണ്ട്.
ഇഡ്ഡലിപ്പാറ-സൊസൈറ്റികുടി റോഡ് നിർമ്മാണം	ആകെ ദൂരം 3 KM	4.75	4.75 കോടി രൂപ PWD-ക്ക് കൈമാറി	PWD ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണത്തിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കായി നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിന് വനം വകുപ്പിൽനിന്നുള്ള തടസ്സവും അനുകൂലമല്ലാത്ത കാലാവസ്ഥയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം പൂർത്തീകരിച്ചാൽ ഇടമലക്കുടിയിലെ ആകെയുള്ളതിൽ എത്ര ഉന്നതികൾക്ക് ഈ റോഡിന്റെ പ്രയോജനം ലഭിക്കും; അറിയിക്കാമോ?

ടി റോഡുകളുടെ നിർമ്മാണം പൂർത്തിയായാൽ ഇഡ്ഡലിപ്പാറകുടി, സൊസൈറ്റികുടി എന്നീ ഉന്നതികളുടെ യാത്രാക്ലേശം പൂർണ്ണമായും പരിഹരിക്കപ്പെടുന്നതാണ്. കൂടാതെ ടി കുടികളോട് ചേർന്നുള്ള ആണ്ടവൻകുടി, ഷെഡുകുടി എന്നീ കുടികൾക്കുകൂടി ഭാഗികമായി ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്.

(ഡി) മുഴുവൻ ഉന്നതികളേയും തമ്മിൽ ബന്ധിപ്പിക്കുന്ന രീതിയിൽ റോഡ് നിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കാമോ?

ടി വിഷയത്തിൽ, വനം, തദ്ദേശസ്വയംഭരണം തുടങ്ങി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് മാത്രമെ ഇടമലക്കുടിയിലെ മുഴുവൻ ഉന്നതികളേയും ബന്ധിപ്പിക്കുന്ന റോഡ് നിർമ്മാണം സാധ്യമാകുകയുള്ളൂ. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അംബേദ്കർ ഗ്രാമം പദ്ധതി

97 (2954) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ ആലത്തൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട ഉന്നതികൾ ഏതൊക്കെയാണെന്നും അവയുടെ പ്രവർത്തന പുരോഗതികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

പൂഞ്ഞാർ മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ വികസന വകുപ്പ് നടപ്പാക്കിയ പ്രവൃത്തികൾ

98 (2955) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി- പട്ടികവർഗ വികസന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പ് മുഖാന്തരം പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും അനുവദിച്ച തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പുമുഖാന്തരം പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങളും പട്ടികവർഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് നടപ്പാക്കിയ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി+ ചേർക്കുന്നു.

സർക്കാർ ഉദ്യോഗസ്ഥരുടെ ജാതി തിരിച്ചുള്ള കണക്ക്

99 (2956) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥരുടെ ജാതിതിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാൻ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഇപ്രകാരമുള്ള കണക്കുകൾ സൂക്ഷിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക മേൽവിലാസവും ലഭ്യമാക്കാമോ;

(സി) നിലവിൽ വകുപ്പുതിരിച്ച് ശേഖരിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ ജാതി തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ-സി) സർക്കാർ ഉദ്യോഗസ്ഥരുടെ ജാതി തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാൻ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ തീരുമാനിച്ചിട്ടില്ല.

സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷൻവഴി മലപ്പുറം ജില്ലയിൽ നൽകിയ വായ്പ

100 (2957) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷൻവഴി മലപ്പുറം ജില്ലയിൽ ഈ സാമ്പത്തിക വർഷം നൽകിയ വായ്പകൾ ഇനംതിരിച്ച് വ്യക്തമാക്കുമോ?

കേരള സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷൻവഴി മലപ്പുറം ജില്ലയിൽ ഈ സാമ്പത്തിക വർഷം നൽകിയ വായ്പകൾ സംബന്ധിച്ച വിവരങ്ങൾ ഇനംതിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

(ബി) പല പദ്ധതികളിലും ഫണ്ടിന്റെ അപര്യാപ്തതമൂലം അപേക്ഷകർക്ക് കൃത്യസമയം വായ്പ ലഭിക്കാത്ത സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. ഫണ്ട് വിതരണത്തിൽ കുറവുണ്ടായിട്ടില്ല.

(സി) ഫണ്ട് അലോട്ട്മെന്റ് നൽകി പെൻഡിങ് അപേക്ഷകളിൽ വായ്പകൾ കൃത്യമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

വായ്പാവിതരണം കൃത്യമായ ഇടവേളകളിൽ മോണിറ്ററിങ് ചെയ്യുന്നതിന് കേന്ദ്രീകൃത ഓൺലൈൻ സംവിധാനം നിലവിലുണ്ട്. ആയതിനാൽ ജില്ലാ/ഉപജില്ലാ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓഫീസുകളിൽത്തന്നെ പെൻഡിങ് അപേക്ഷകളിൽ നടപടി സ്വീകരിക്കാൻ കഴിയും. യൂണിറ്റ് ഓഫീസുകളിൽ കാലതാമസം വരുത്തുന്ന അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിന് ഹെഡ് ഓഫീസ് തലത്തിലും നിർദേശം നൽകിവരുന്നുണ്ട്.

പോഷകാഹാരക്കുറവ് പരിഹരിക്കാൻ നടപടി

101 (2958) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗോത്രവിഭാഗത്തിൽപ്പെട്ടവരുടെ ഇടയിൽ പോഷകാഹാരക്കുറവുമൂലം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് പട്ടികഗോത്രവർഗ വിഭാഗക്കാരിൽ പോഷകാഹാരക്കുറവുമൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ ഉള്ളതായി കണ്ടെത്തുന്നതിന് പ്രത്യേകമായി പഠനങ്ങളൊന്നും പട്ടികവർഗ വികസന വകുപ്പുമുഖേന നടത്തിയിട്ടില്ല. എന്നാൽ പട്ടികവർഗ വികസന വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും മെഡിക്കൽ ക്യാമ്പുകൾ നടത്തുമ്പോൾ പട്ടികവർഗക്കാർക്കിടയിൽ പോഷകമൂല്യങ്ങൾ കുറവുള്ളതായും ആയതിന്റെ ഫലമായി ആരോഗ്യ പ്രശ്നങ്ങൾ ഉള്ളതായും കണ്ടെത്തുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ ആയത് പരിഹരിക്കുന്നതിലേക്ക് ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത വിഭാഗങ്ങൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി

പ്രത്യേക കേന്ദ്രങ്ങൾ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത കേന്ദ്രങ്ങളിൽനിന്നും എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഭക്ഷണത്തിലുള്ള പോഷകമൂല്യങ്ങൾ കുറയുന്നത് തടയാൻ വകുപ്പിന്റെ വിവിധ പ്രോജക്ട്/പട്ടികവർഗ വികസന ഓഫീസുകൾ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഭക്ഷ്യസഹായ പദ്ധതിപ്രകാരം സെറ്റിൽമെന്റിൽ പോഷകമൂല്യങ്ങളടങ്ങിയ ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യുകയും ഗർഭിണികളിലും മുലയൂട്ടുന്ന അമ്മമാരിലുമുണ്ടാകുന്ന അപപോഷണം പരിഹരിക്കുന്നതിനായി ജനനി-ജന്മരക്ഷാ പദ്ധതിയിലുൾപ്പെടുത്തി ധനസഹായം അനുവദിച്ചുവരികയും ചെയ്യുന്നുണ്ട്. കൂടാതെ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ആരോഗ്യ വകുപ്പിന്റെ പ്രൈമറി ഹെൽത്ത് സെന്റർ എന്നിവ മുഖേന നടത്തിവരുന്ന മെഡിക്കൽ ക്യാമ്പുകളിൽ കൃത്യമായ പരിശോധനകൾ നടത്തി ആവശ്യമായ മരുന്നുകൾ സെറ്റിൽമെന്റുകളിൽ നൽകിവരുന്നുണ്ട്. പരിശോധനകളിൽ അപപോഷണം നേരിടുന്നവരിൽ ഡോക്ടർ നിർദേശിക്കുന്നവർക്ക് പ്രത്യേക പോഷകാഹാര കിറ്റുകൾ എത്തിച്ചുനൽകുന്നു. വനിതാ-ശിശു വികസന വകുപ്പുമുഖേന 6 വയസിന് താഴെയുള്ള കുട്ടികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഭക്ഷ്യവസ്തുക്കൾ നൽകിവരുന്നുണ്ട്. ഇത്തരത്തിലുള്ള ആരോഗ്യ പോഷക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് UNICEF-ന്റെ സാമ്പത്തിക സഹായത്തോടെ പട്ടികവർഗ വികസന വകുപ്പിൽ നിയമിച്ചിരിക്കുന്ന ട്രൈബൽ ഹെൽത്ത് ആൻഡ് ന്യൂട്രീഷ്യൻ കൺസൾട്ടന്റിന്റെ സേവനം പ്രയോജനപ്പെടുത്തിവരുന്നു.

പട്ടികജാതി പട്ടികവർഗ വികസന വകുപ്പുകളുടെ വിവിധ പദ്ധതികൾ

102 (2959) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:

ശ്രീ. എം. എസ്. അരുൺ കുമാർ:

ശ്രീമതി ഒ. എസ്. അംബിക:

ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 കാലയളവിൽ പട്ടികജാതി, പട്ടികവർഗ വികസന വകുപ്പുകളുടെ വിവിധ പദ്ധതികൾക്കായി എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പട്ടികവർഗ വികസന വകുപ്പ് - 2024-25 കാലയളവിൽ പട്ടികവർഗ വികസന വകുപ്പിൽ വിവിധ പദ്ധതികൾക്കായി 709.6841 കോടി രൂപ അനുവദിച്ചതിൽ പ്ലാൻ സ്പേസ് പ്രകാരം 498.9737 കോടി രൂപ (70.31%) വിനിയോഗിച്ചിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പ് - 2024-25 കാലയളവിൽ പട്ടികജാതി വികസന വകുപ്പുമുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾക്കായി 1607.18 കോടി രൂപ അനുവദിച്ചതിൽ പ്ലാൻസ്പേസ് പ്രകാരം 1331.06 കോടി രൂപ (82.82%) വിനിയോഗിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ എത്ര പട്ടികജാതി ഗുണഭോക്താക്കൾക്കായി ലൈഫ് പദ്ധതിയിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പ്

2024-25 സാമ്പത്തിക വർഷം 12000 ഗുണഭോക്താക്കൾക്ക് വകുപ്പിന്റെ വിഹിതമായി 1

ലക്ഷം രൂപ വീതം അനുവദിക്കുന്നതിലേയ്ക്കായി 120 കോടി രൂപ ലൈഫ് മിഷന് അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത കാലയളവിൽ വിവിധ പദ്ധതികളിലായി പട്ടികവർഗ ഗുണഭോക്താക്കൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പട്ടികവർഗ വികസന വകുപ്പ്

2024-25 കാലയളവിൽ പട്ടികവർഗ വികസന വകുപ്പിൽ വിവിധ പദ്ധതികൾക്കായി 709.6841 കോടി രൂപ അനുവദിച്ചതിൽ പ്ലാൻ സ്പേസ് പ്രകാരം 498.9737 കോടി രൂപ (70.31%) വിനിയോഗിച്ചിട്ടുണ്ട്.

തിരുവമ്പാടി മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതികൾ

103 (2960) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് തിരുവമ്പാടി മണ്ഡലത്തിലെ ഏതെല്ലാം പട്ടികവർഗ ഉന്നതികളിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതികൾ അനുവദിച്ചുവെന്നും അവയിൽ ഏതൊക്കെ പൂർത്തിയായെന്നും വിശദമാക്കാമോ;

(ബി) ഏതൊക്കെ ഉന്നതികളിൽ പ്രസ്തുത പദ്ധതി ആരംഭിക്കാനുണ്ടെന്നും ആരംഭിക്കാൻ വൈകിയതിന്റെ കാരണം എന്തെന്നും വ്യക്തമാക്കാമോ?

(എ&ബി) നിലവിലെ സർക്കാരിന്റെ കാലത്ത് തിരുവമ്പാടി മണ്ഡലത്തിൽനിന്നും

അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പട്ടികവർഗ ഉന്നതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

വർഷം	ഉന്നതി	ഗ്രാമപഞ്ചായത്ത്
2022-23	മുത്തൻപുഴ	തിരുവമ്പാടി
	മാങ്കുന്ന്-മഞ്ഞക്കടവ്	കൂടരഞ്ഞി
2024-25	ചുള്ളിയകം	കൂടരഞ്ഞി
2025-26	നാക്കിലാംപാട് പയോണ (ക്ലസ്റ്റർ)	പുതുപ്പാടി

അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിപ്രകാരം തിരഞ്ഞെടുത്ത മേൽ ഉന്നതികളിലൊന്നും പദ്ധതി ആരംഭിച്ചിട്ടില്ല.

2022-23 വർഷം തിരഞ്ഞെടുത്ത മുത്തൻപുഴ ഉന്നതിയിലെ പ്രവൃത്തികളുടെ ഡി.പി.ആർ. അപാകതകൾ പരിഹരിക്കുന്നതിനായി കോഴിക്കോട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് തിരികെ നൽകിയിട്ടുണ്ട്. മാങ്കുന്ന്-മഞ്ഞക്കടവ് ഉന്നതിയുടെ ഡി.പി.ആർ. അപാകതകൾ പരിഹരിച്ച് തിരികെ ലഭ്യമാക്കിയത് പരിശോധിച്ചുവരുന്നു.

2024-25 വർഷം തിരഞ്ഞെടുത്ത ചുള്ളിയകം പുനരധിവാസ ഉന്നതിയിലും 2025-26 വർഷം തിരഞ്ഞെടുത്ത നാക്കിലാംപാട്-പയോണ ഉന്നതിയിലും നിർവഹണ ഏജൻസികളെ ശിപാർശ ചെയ്ത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചുവരുന്നു.

(സി) കാലതാമസം ഒഴിവാക്കി പ്രസ്തുത പദ്ധതികൾ വേഗത്തിൽ നടപ്പാക്കുന്നതിന്

നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത പദ്ധതികൾ അടിയന്തരമായി ആരംഭിക്കുന്നതിനും കാലതാമസം കൂടാതെ പൂർത്തീകരിക്കുന്നതിനുമുള്ള നടപടി വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്.

പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ലൈഫ് പദ്ധതി

104 (2961) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്തി പട്ടികവർഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് വീട് നിർമ്മിച്ച് നൽകിയെന്ന് വിശദമാക്കാമോ?

2016 മുതൽ 24-09-2025 വരെ ലൈഫ് ഭവനപദ്ധതി മുഖേന പട്ടികവർഗ വിഭാഗത്തിൽപ്പെട്ട 53438 ഗുണഭോക്താക്കൾക്ക് വീട് അനുവദിച്ചതിൽ 45637 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചു. 7801 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ഇനി എത്ര കുടുംബങ്ങൾക്കുകൂടി ലഭിക്കാനുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ?

ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പട്ടികവർഗ വിഭാഗത്തിൽപ്പെട്ട 11811 ഭൂമിയുള്ള ഭവനരഹിതരും ഭൂരഹിത ഭവനരഹിതരായ 6242 പേരും ഭവനനിർമ്മാണ ധനസഹായത്തിനായി കരാറിലേർപ്പെടാൻ അവശേഷിക്കുന്നുണ്ട്.

(സി) എങ്കിൽ പ്രസ്തുത പദ്ധതി എന്നേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

ലൈഫ് ഭവന പദ്ധതിയിലുൾപ്പെട്ടിട്ടുള്ള പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ഭൂമിയുള്ള ഭവനരഹിതരിൽ കരാറിലേർപ്പെടാൻ അവശേഷിക്കുന്നവരുടെ ഭവന നിർമ്മാണം 2026-27-ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ടി വിഭാഗത്തിലെ ഭൂരഹിത ഭവനരഹിതരിൽ ഭൂമി ലഭിക്കാൻ അവശേഷിക്കുന്നവർക്ക് ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതാണ്.

പിന്നാക്കവിഭാഗ വികസന വകുപ്പിന് പ്രാദേശികതലത്തിൽ സംവിധാനങ്ങൾ

105 (2962) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്കവിഭാഗ വികസന വകുപ്പിന് പട്ടികജാതി വികസന വകുപ്പിലുള്ളതുപോലെ പ്രാദേശികതലത്തിൽ സംവിധാനങ്ങൾ ഇല്ലാത്തതിനാൽ ഗുണഭോക്താക്കൾക്ക് സേവനം നൽകുന്നതിനും ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും പ്രതിസന്ധി നേരിടുന്നതായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ പഠന റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകാമോ?

പിന്നാക്കവിഭാഗ വികസന വകുപ്പിന് പട്ടികജാതി വികസന വകുപ്പിലുള്ളതുപോലെ പ്രാദേശികതലത്തിൽ സംവിധാനങ്ങളില്ല. പിന്നാക്കവിഭാഗ വികസന വകുപ്പിൽ കൂടുതൽ തസ്തികകളും ഓഫീസുകളും അനുവദിക്കുന്നതിന് പിന്നാക്കവിഭാഗ വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശിപാർശയിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പഠനം നടത്തി പഠന റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) വകുപ്പും ഗുണഭോക്താക്കളും തമ്മിലുള്ള വിടവ് നികത്തുന്നതിനും വകുപ്പിനെ ജനോപകാരപ്രദമാക്കുന്നതിനും എസ്.സി. പ്രൊമോട്ടർമാരുടെ മാതൃകയിൽ പിന്നാക്കവിഭാഗ പ്രൊമോട്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ബി&സി) പ്രസ്തുത പഠന റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ജനതയ്ക്ക് അർഹതപ്പെട്ട ഭൂമിയും വനാവകാശവും

106 (2963) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ജനതയ്ക്ക് അർഹതപ്പെട്ട ഭൂമിയും വനാവകാശവും സംരക്ഷിച്ച് നൽകുന്നതിനുവേണ്ടി നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാം; വിശദാംശം നൽകുമോ?

ഭൂരഹിതരായ പട്ടികവർഗ കുടുംബങ്ങൾക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിലയ്ക്കുവാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമപ്രകാരമുള്ള ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ പട്ടികവർഗ കുടുംബങ്ങളെ ഭൂമിയുടെ ഉടമസ്ഥരാക്കുന്നു. കൂടാതെ റവന്യൂ ഭൂമി വിതരണത്തിലൂടെയും ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നു. അതിദരിദ്ര പട്ടികയിലുൾപ്പെട്ട പട്ടികവർഗക്കാരിൽ ഭൂമിയും വീടും ആവശ്യമുള്ള കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി വാങ്ങുന്നതിനുള്ള ധനസഹായവും അനുവദിക്കുന്നു.

1999-ലെ കെ.എസ്.ടി. ആക്ട് പ്രകാരം സംസ്ഥാനത്തെ പട്ടികവർഗക്കാരുടെ ഭൂമിയിലുള്ള അവകാശം സംരക്ഷിക്കുന്നതിനായി ഭൂമി കൈയേറ്റം നിയന്ത്രിക്കാനും അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിച്ചുനൽകാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ റവന്യൂ വകുപ്പുമുഖേന നടപടി സ്വീകരിച്ചുവരുന്നു.

2006-ലെ പട്ടികഗോത്രവർഗങ്ങളും മറ്റു പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമപ്രകാരം വ്യക്തിഗത വനാവകാശ രേഖ അനുവദിച്ചിട്ടുള്ള പട്ടികവർഗ സങ്കേതങ്ങൾ, ഊരുകൾ (ഫോറസ്റ്റ് വില്ലേജ്) എന്നിവ റവന്യൂ വില്ലേജുകളായി പരിവർത്തനം ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി 03-02-2025-ലെ സ.ഉ.(കൈ) നം.30/2025/RD പ്രകാരം ഉത്തരവായിട്ടുണ്ട്. ഇത്തരത്തിൽ റവന്യൂ വില്ലേജുകളാക്കുന്നതോടുകൂടി കൈവശഭൂമിക്ക് കരമടയ്ക്കുന്നതിന് സാധ്യമാകുന്നതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനാവകാശ നിയമപ്രകാരം 4690 കുടുംബങ്ങൾക്ക് 6288.13 ഏക്കർ ഭൂമിക്ക് കൈവശാവകാശ രേഖയും 213 കുടുംബങ്ങൾക്ക് 48.28 ഏക്കർ റവന്യൂ/പ്രോജക്ട്/ഫാം ഭൂമി പട്ടയവും 3426 കുടുംബങ്ങൾക്കായി 2106.21 ഏക്കർ നിക്ഷിപ്ത വനഭൂമിക്കുള്ള അവകാശരേഖയും നൽകി. കൂടാതെ ലാൻഡ് പർച്ചേസ് മുഖേന 274 കുടുംബങ്ങൾക്കായി 149.04 ഏക്കർ ഭൂമിയും ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം 388 കുടുംബങ്ങൾക്ക് 68.52 ഏക്കർ ഭൂമിയും വാങ്ങി നൽകി. 171 പ്രളയ ദുരിതബാധിത കുടുംബങ്ങളെ 20.47 ഏക്കർ ഭൂമി വാങ്ങി പുനരധിവസിപ്പിച്ചു. ഇത്തരത്തിൽ 9162 കുടുംബങ്ങൾക്ക് 8680.646 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വിദൂര വനപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് പുറംലോകവുമായി ബന്ധപ്പെടുന്നതിന് നിലവിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുവേണ്ടി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് വിദൂര വനപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് പുറംലോകവുമായി ബന്ധപ്പെടുന്നതിന് നിലവിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുവേണ്ടി പ്രത്യേക പദ്ധതി നടപ്പാക്കിയിട്ടില്ല. എന്നാൽ വകുപ്പിന്റെ/ത്രിതല പഞ്ചായത്തുകളുടെ പദ്ധതികളിലുൾപ്പെടുത്തി റോഡ്/പാലം നിർമ്മാണം എന്നിവയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. 2025-26 ബഡ്ജറ്റിൽ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനായി ഒരു പുതിയ പദ്ധതി പ്രഖ്യാപിച്ചിരുന്നു (SPECIAL

PACKAGE FOR ADDRESSING CRITICAL GAPS IN BASIC AMENITIES UNNATHIES). അതിനായി 1150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ഒപ്റ്റിക്കൽ ഫൈബർ കണക്ഷനിലൂടെ കണക്റ്റിവിറ്റി ഉറപ്പാക്കാൻ കഴിയാത്ത മേഖലകളിൽ കൂടുതൽ മെച്ചപ്പെട്ട സാങ്കേതികവിദ്യ ഉപയോഗിച്ച് തടസ്സരഹിതമായ 5 ജി കണക്റ്റിവിറ്റി ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഇന്റർനെറ്റ് കണക്റ്റിവിറ്റിയില്ലാത്ത പ്രദേശങ്ങളിൽ കണക്റ്റിവിറ്റി ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ BSNL-ന്റെ 4G സാച്ചുറേഷൻ പദ്ധതിയുടെ ഭാഗമായി ഇന്റർനെറ്റ് കണക്റ്റിവിറ്റിയില്ലാത്ത 165 പട്ടികവർഗ ഉന്നതികളിലും കൂടാതെ KFON നടപ്പാക്കുന്ന കണക്റ്റിങ് ദി അൺകണക്റ്റഡ് പദ്ധതിയുടെ ഭാഗമായും ഇന്റർനെറ്റ് കണക്റ്റിവിറ്റിയില്ലാത്ത പ്രദേശങ്ങളിൽ കണക്റ്റിവിറ്റി ലഭ്യമാക്കിവരുന്നു.

പിന്നാക്കവിഭാഗ വികസന കോർപ്പറേഷൻ നൽകിയ വായ്പ തുക

107 (2964) ഡോ. കെ. ടി. ജലീൽ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എം. നൗഷാദ്:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്കവിഭാഗ വികസന കോർപ്പറേഷൻ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര ഗുണഭോക്താക്കൾക്കായി എത്ര തുക വായ്പ നൽകിയെന്ന് വ്യക്തമാക്കാമോ?

പിന്നാക്കവിഭാഗ വികസന കോർപ്പറേഷൻ കഴിഞ്ഞ സാമ്പത്തിക വർഷം 59695 ഗുണഭോക്താക്കൾക്കായി 815,79,25,086 രൂപ വായ്പ നൽകിയിട്ടുണ്ട്.

(ബി) തിരിച്ചടവ് ഇനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

തിരിച്ചടവ് ഇനത്തിൽ 854.14 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(സി) സ്ത്രീ ശക്തീകരണത്തിനായി കുടുംബശ്രീ വഴി പിന്നാക്കവിഭാഗ വികസന കോർപ്പറേഷൻ നടപ്പാക്കുന്ന മൈക്രോ ക്രെഡിറ്റ് പദ്ധതിപ്രകാരം വനിതകൾക്കായി എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സ്ത്രീ ശക്തീകരണത്തിനായി കുടുംബശ്രീ വഴി പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പാക്കുന്ന മൈക്രോ ക്രെഡിറ്റ് വായ്പ പദ്ധതിപ്രകാരം 41539 വനിതകൾക്കായി 294,49,16,248 രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) ഒറ്റത്തവണ തീർപ്പാക്കലിലൂടെ എത്ര തുകയുടെ തിരിച്ചടവുണ്ടായിട്ടുണ്ടെന്നും ഇളവിനത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

ഒറ്റത്തവണ തീർപ്പാക്കലിലൂടെ 9.09 കോടി രൂപ തിരിച്ചടവുണ്ടായിട്ടുണ്ട്. ഇളവ് ഇനത്തിൽ 1.64 കോടി രൂപയും അനുവദിച്ചു.

ആലപ്പുഴ മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പുമുഖേന നടപ്പാക്കിയ പദ്ധതികൾ

108 (2965) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പുമുഖേന നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇക്കോ ടൂറിസം പദ്ധതിപ്രകാരം ആലപ്പുഴ മണ്ഡലത്തിൽ എന്തൊക്കെ പദ്ധതികളാണ് നാളിതുവരെ നടപ്പാക്കിയതെന്ന് വിശദമാക്കാമോ?

ഇക്കോ ടൂറിസം പദ്ധതിപ്രകാരം ആലപ്പുഴ മണ്ഡലത്തിൽ വനം വകുപ്പ് പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

മരങ്ങൾ മുറിച്ചുമാറ്റുന്നതിന് വില നിശ്ചയിക്കുന്ന നടപടി

109 (2966) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വികസന നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന സ്വകാര്യ ഭൂമിയിലെ മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി വില നിശ്ചയിച്ചുകൊടുക്കുന്നതിന് സോഷ്യൽ ഫോറസ്റ്റ് വകുപ്പ് ഉദ്യോഗസ്ഥർ തയ്യാറാകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിവിധ വികസന നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന സ്വകാര്യ ഭൂമിയിലെ മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി വില നിശ്ചയിക്കുന്നതിന് സാമൂഹ്യ വനവൽക്കരണ വകുപ്പുദ്യോഗസ്ഥർ തയ്യാറാകുന്നില്ലെന്നത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിവിധ വികസന നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന സ്വകാര്യ ഭൂമിയിലെ മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി വില നിശ്ചയിക്കുന്നത് 03-12-2024-ലെ 526/2024/വനം സർക്കാർ ഉത്തരവുപ്രകാരവും ബന്ധപ്പെട്ട നിയമങ്ങളുടെ അടിസ്ഥാനത്തിലുമാണ്. മേൽ സർക്കാർ ഉത്തരവിലെ ഖണ്ഡിക 2, 3 പ്രകാരം മരങ്ങളുടെ മൂല്യനിർണ്ണയാധികാരം പുതുക്കി നിശ്ചയിച്ചിട്ടുള്ളതാണ്, ആയത് ചുവടെ ചേർക്കുന്നു:

ഖണ്ഡിക 2

തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭൂമിയിൽ നിൽക്കുന്ന മരങ്ങളുടെ മൂല്യനിർണ്ണയം ആ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർക്കും മറ്റ് വകുപ്പുകളുടെ അധീനതയിലുള്ള സർക്കാർ ഭൂമിയിലെ മരങ്ങളുടെ മൂല്യനിർണ്ണയം അതത് വകുപ്പുകളിൽ തത്തുല്യ റാങ്കിലുള്ള ഉദ്യോഗസ്ഥർക്കും നിർവഹിക്കാവുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽ അതത് സ്ഥാപനം ഇതിനായി ചുമതലപ്പെടുത്തുന്ന ഉയർന്ന റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥന് വില നിശ്ചയിക്കാവുന്നതാണ്.

ഖണ്ഡിക 3

2011-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന ചട്ടം അനുസരിച്ച് സ്പെസിഫൈഡ് മരങ്ങളുടെ (ചന്ദനം, തേക്ക്, ഈട്ടി, ഇരുൾ, തേമ്പാവ്, കമ്പകം, ചടച്ചി, ചന്ദനവേമ്പ്, വെള്ളകിൽ, എബണി) മൂല്യനിർണ്ണയം വനം വകുപ്പിൽ നിക്ഷിപ്തമാണ്. 1978-ലെ കേരള ഫോറസ്റ്റ് പ്രൊഡ്യൂസ് (ഫിക്സേഷൻ ഓഫ് സെല്ലിങ് പ്രൈസ്) ആക്ട് പ്രകാരം വനവിഭവങ്ങളായി (forest produce) നിർവചിക്കപ്പെട്ട

മരങ്ങളുൾപ്പെടെയുള്ളവയുടെയും മൂല്യനിർണ്ണയം ആ നിയമത്തിൻകീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ട നിരക്ക് കണക്കിലെടുത്തായിരിക്കേണ്ടതാണ്.

(ബി) എങ്കിൽ അവരെ പ്രസ്തുത ജോലിയിൽനിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് ഇറക്കിയിട്ടുണ്ടോ?

ബാധകമല്ല.

(സി) മരത്തിന്റെ വില നിശ്ചയിച്ച് നൽകുന്നതിന് സമർപ്പിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ തീരുമാനമെടുക്കാൻ വനം വകുപ്പുദ്യോഗസ്ഥർക്ക് നിർദേശം നൽകുന്നതിനും ആയതിന് ഉത്തരവിറക്കുന്നതിനും നടപടി സ്വീകരിക്കുമോ?

10-02-2010-ലെ G.O.(Rt.)No.68/2010/F&WLD പ്രകാരമുള്ള ജില്ലാതല ടീ കമ്മിറ്റി മുഖേന മരം മുറിച്ചുമാറ്റാൻ അനുമതി നൽകുന്നതിനും ലേലം ചെയ്യുന്നതിനുമുള്ള നടപടിക്രമങ്ങൾക്ക് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി ടി ഉത്തരവ് ഭേദഗതി വരുത്തിക്കൊണ്ട് 13-12-2024-ൽ 526/2024/വനം നമ്പർപ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) കുറുമാലിപ്പുഴയുടെ കുറുകെ നിർമ്മിക്കുന്ന കാനത്തോട് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന സ്വകാര്യ വ്യക്തിയുടെ ഭൂമിയിലെ മഹാഗണി മരത്തിന്റെ വില നിശ്ചയിച്ചുനൽകുന്നതിനുള്ള അപേക്ഷയിൽ സത്വരനടപടി സ്വീകരിക്കുമോ?

കുറുമാലിപ്പുഴയുടെ കുറുകെ നിർമ്മിക്കുന്ന കാനത്തോട് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന സ്വകാര്യ വ്യക്തിയുടെ ഭൂമിയിലെ മഹാഗണി മരത്തിന്റെ

വില നിശ്ചയിച്ച് ആയത് തൃശ്ശൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ ഓഫീസിലെ SF2-54815/2025 നമ്പർ കത്ത് മുഖേന 27-09-2025-ൽ സ്പെഷൽ തഹസിൽദാർ (എൽ.എ.), തൃശ്ശൂരിന് നൽകിയിട്ടുണ്ട്.

ആലുവ-മൂന്നാർ രാജപാതയുടെ പുനർനിർമ്മാണം

110 (2967) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ-മൂന്നാർ രാജപാതയുടെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ ആവശ്യത്തിന്മേൽ വനം വകുപ്പ് എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ആലുവ-മൂന്നാർ രാജപാതയുടെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിൽനിന്ന് PARIVESH പോർട്ടൽ മുഖേന പ്രൊപ്പോസലുകളൊന്നും ലഭിച്ചിട്ടില്ല. ആലുവ-മൂന്നാർ റോഡുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി മുമ്പാകെ ശ്രീ. കുട്ടൻ ഗോപാലൻ ഫയൽചെയ്ത WP(C) No.6004/25 കേസിന്റെ ഇടക്കാല ഉത്തരവുപ്രകാരം, പാരിസ്ഥിതിക, നിയമ, വികസന വശങ്ങളെക്കുറിച്ച് സമഗ്ര പഠനം നടത്തുന്നതിനായി, ഫോറസ്റ്റ് മാനേജ്മെന്റ് വിഭാഗം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ചെയർമാനായും ലാൻഡ് റവന്യൂ കമ്മീഷണർ, ചീഫ് എഞ്ചിനീയർ പൊതുമരാമത്ത് (റോഡ്) എന്നിവരെ മെമ്പർമാരായും നിയോഗിച്ചുകൊണ്ട് ഹൈലെവൽ എക്സ്പെർട്ട് കമ്മിറ്റി 22-09-2025-ലെ ജി.ഒ.(ആർ.റ്റി.) നം.398/2025-വനം പ്രകാരം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട് (അനുബന്ധം).+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരമായിരിക്കും വനം വകുപ്പ് ടി വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നത്.

(ബി) രാജപാത തുറന്നുനൽകുന്നതിനും പുനർനിർമ്മാണത്തിനും വനം വകുപ്പ് അനുകൂല നിലപാട് സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഹൈലെവൽ എക്സ്പെർട്ട് കമ്മിറ്റിയുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലായിരിക്കും വനം വകുപ്പ് ടി വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നത്.

കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ വനാതിർത്തിയിൽ ഫെൻസിങ്

111 (2968) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ വനാതിർത്തിയിൽ ഫെൻസിങ് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ?

(എ&ബി) കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ വനാതിർത്തിയിൽ 20 കി.മീ. ദൂരത്തിൽ ഹാങ്ങിങ് സോളാർ ഫെൻസിങ് സ്ഥാപിക്കുന്നതിനുള്ള 1.6 കോടി രൂപയുടെ പ്രൊപ്പോസൽ ഭരണാനുമതി ലഭ്യമാക്കുന്നതിനായി ആർ.കെ.വി.വൈ. സ്കീമിൽപ്പെടുത്തി കൃഷി വകുപ്പിന്

സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭ്യമായാൽ സാങ്കേതികാനുമതിയോടെ ടെൻഡർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി അടിയന്തരമായി ആരംഭിക്കാൻ സാധിക്കും. കൂടാതെ കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽവരുന്ന കക്കയംവാലി ഭാഗത്ത് വനം വകുപ്പിന്റെ നേതൃത്വത്തിൽ മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി 2 കി.മീ. ദൂരത്തിൽ സോളാർ പവർ ഫെൻസിങ് സ്ഥാപിക്കുന്നതിനായി 6.2 ലക്ഷം രൂപ അടങ്കൽ തുക മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികളെന്ന ബജറ്റ് ശീർഷകത്തിൽ അനുവദിക്കുകയും പൊതുമരാമത്ത് റോഡരികിലൂടെ മേൽപ്രവൃത്തി ആരംഭിച്ചിരുന്നെങ്കിലും പൊതുമരാമത്ത് വകുപ്പിന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ടി പ്രവൃത്തി താൽക്കാലികമായി നിർത്തിവച്ചിരിക്കുകയുമാണ്. ആയത് പുനരാരംഭിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു.

സംരക്ഷിത വനമേഖലാ പ്രദേശങ്ങൾ

112 (2969) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ഏതൊക്കെ പ്രദേശങ്ങളാണ് 2016 മുതൽ നാളിതുവരെ സർക്കാർ സംരക്ഷിത വനമേഖലയായി പ്രഖ്യാപിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) 2016 മുതൽ നാളിതുവരെ ഇടുക്കി ജില്ലയിൽ പ്രഖ്യാപിച്ച പ്രാഥമിക റിസർവ് വിജ്ഞാപനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

പ്രൊപ്പോസ്ഡ് റിസർവിന്റെ പേര്	സർക്കാർ ഉത്തരവ് നം.
തൊട്ടുപുഴ പാറേക്കവല ഓൾഡ് ചെക്ക് പോസ്റ്റ്	G.O.(P) No.09/2017/FWLD dated 04-11-2017
വള്ളക്കടവ്	G.O.(P) No.07/2017/FWLD dated 17-09-2017
കോലാഹലമേട് പൈൻ പ്ലാന്റേഷൻ	G.O.(P) No.12/2021/ FWLD dated 24-03-2021
സൂര്യനെല്ലി	G.O.(P) No.14/2021/FWLD dated 24-03-2021
മുട്ടം	G.O.(P) No.15/2021/FWLD dated 24-03-2021
ചെങ്കുളം	G.O.(P) No.16/2022/FWLD dated 10-05-2022
ചിന്നക്കനാൽ	G.O.(P) No.19/2023/FWLD dated 20-09-2023
റേഞ്ച് ഓഫീസ് കോമ്പൗണ്ട്	G.O.(P) No.31/2021/FWLD dated 27-07-2021
ആനയിറങ്കൽ	G.O.(P)No.04/2024/FWLD dated 27-02-2024

25-11-2006-ലെ ജി.ഒ.(പി)നം.41/2006/FWLD ആയി പ്രഖ്യാപിച്ച വാഗമൺ റിസർവ് വിജ്ഞാപനത്തിന്റെ തിരുത്തൽ വിജ്ഞാപനം 15-02-2025-ലെ G.O.(P)No.4/2025/F&WLD ആയി പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.[+] കൂടാതെ, 2016 മുതൽ നാളിതുവരെ ഇടുക്കി ജില്ലയിൽപ്പെട്ട പ്രദേശങ്ങൾ പ്രൊട്ടക്ടഡ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വനമേഖലയായി (Protected Area) പ്രഖ്യാപിച്ചിട്ടില്ല.

(സി) ഇതുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ ഭാഗത്തുനിന്നും പരാതികളുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സെറ്റിൽമെന്റ് നടപടികൾ പൂർത്തിയാക്കിയാൽ, നിലവിലുള്ള പ്രശ്നങ്ങൾക്കും തർക്കങ്ങൾക്കും വിരാമമാകുമെന്നതിനാൽ ആയത് പൂർത്തിയാക്കുന്നതിന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സ്വാഭാവിക വനശോഷണം തടയാൻ നടപടി

113 (2970) ശ്രീ. പി. കെ. ബഷീർ:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്:

ഡോ. എം. കെ. മുനീർ:

ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധിനിവേശ സസ്യങ്ങളെയും വൃക്ഷങ്ങളെയും ഒഴിവാക്കി സ്വാഭാവിക വനം വികസിപ്പിക്കാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിന് ഒരു നയരേഖ അംഗീകരിച്ചുകൊണ്ട് 17-12-21-ലെ സ.ഉ.(കൈ)നം.29/2021/വനം പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതുപ്രകാരം പരിസ്ഥിതിക്കും ആവാസവ്യവസ്ഥയ്ക്കും ദോഷകരമായതും കാലികപ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് തുടങ്ങിയ വിദേശ

വൃക്ഷങ്ങളും അവയടങ്ങിയ ഏകവിളത്തോട്ടങ്ങളും ഘട്ടംഘട്ടമായി നീക്കം ചെയ്ത് സ്വാഭാവിക വനമായി പുനഃസ്ഥാപനം നടത്താൻ വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) സ്വാഭാവിക വനശോഷണത്തിന്റെ ഫലമായിട്ടാണോ വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലേക്ക് ഇറങ്ങുന്നതെന്ന് പരിശോധിക്കുമോ; വിശദാംശം നൽകാമോ?

അധിനിവേശ/വിദേശസസ്യങ്ങളുടെ കടന്നുകയറ്റം സ്വാഭാവിക വനശോഷണത്തിന് കാരണമായിത്തീർന്നിട്ടുണ്ട്. വന്യജീവികളുടെ ആവാസവ്യവസ്ഥയ്ക്ക് ശോഷണം സംഭവിക്കുന്നത് ചിലയിടങ്ങളിൽ വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലേക്ക് ഇറങ്ങുന്നതിന് ഒരു കാരണമാകുന്നതായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

വനമേഖലയിലെ മരങ്ങൾ മുറിക്കാൻ സാധ്യതാപഠനം

114 (2971) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിലെ തേക്ക് ഉൾപ്പെടെയുള്ള തോട്ടങ്ങളിലെ മരങ്ങൾ മുറിച്ചുനീക്കാൻ സാധ്യതാപഠനം നടത്തുന്നുണ്ടോ; വ്യക്തമാക്കാമോ?

നിലവിൽ അത്തരം പഠനങ്ങളൊന്നും നടത്തുന്നില്ല. എന്നാൽ 10-05-2019-ലെ സ.ഉ.(സാധാ)നം.168/2019/വനം പ്രകാരം സംരക്ഷിത വനപ്രദേശങ്ങളിൽ മുമ്പ് നിലവിലുണ്ടായിരുന്ന തോട്ടങ്ങൾ ഘട്ടംഘട്ടമായി മുറിച്ചുമാറ്റി അവയെ സ്വഭാവിക വനങ്ങളാക്കി മാറ്റുന്നതിനെക്കുറിച്ച് പഠിക്കാൻ ഒരു സമിതിയെ നിയോഗിച്ചിരുന്നു.

(ബി) ഇതിനായി പ്രത്യേക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; കമ്മിറ്റി അതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രധാന ശിപാർശകൾ എന്തെല്ലാമെന്നറിയിക്കാമോ?

സംരക്ഷിത വനപ്രദേശങ്ങളിൽ മുമ്പ് നിലവിലുണ്ടായിരുന്ന തോട്ടങ്ങൾ ഘട്ടംഘട്ടമായി മുറിച്ചുമാറ്റി അവയെ സ്വഭാവിക വനങ്ങളാക്കി മാറ്റുന്നതിനെക്കുറിച്ച് പഠിക്കാൻ നിയോഗിച്ചിരുന്ന സമിതിയുടെ പഠനത്തിൽ പരിസ്ഥിതി സംരക്ഷണത്തിനും വന്യജീവികളുടെ ആവാസ വ്യവസ്ഥാ സംരക്ഷണത്തിനും അധിനിവേശ കളസസ്യങ്ങൾ ഘട്ടംഘട്ടമായി നിർമ്മാർജനംചെയ്ത് തദ്ദേശീയ സസ്യജാലങ്ങളുടെ വ്യാപനം പ്രോത്സാഹിപ്പിച്ച് സ്വാഭാവിക ആവാസവ്യവസ്ഥയാക്കി സംരക്ഷിക്കണമെന്നും അധിനിവേശ കളസസ്യങ്ങൾ പടർന്നുപിടിക്കാത്ത തദ്ദേശീയ വൃക്ഷത്തോട്ടങ്ങളിലും മറ്റ് ഏകവിള തോട്ടങ്ങളിലും ബാഹ്യഇടപെടൽ നടത്തേണ്ടതില്ലെന്നും ശിപാർശ ചെയ്തിരുന്നു.

(സി) വന്യജീവി സങ്കേതങ്ങളിലും ദേശീയോദ്യാനങ്ങളിലും മരം മുറിക്കരുതെന്നും വീണുകിടക്കുന്ന മരംപോലും എടുക്കാൻ പാടില്ലെന്നും കേന്ദ്ര നിയമത്തിൽ വ്യവസ്ഥയുള്ളപ്പോൾ ഇത്തരമൊരു പഠനം നടത്താനുള്ള തീരുമാനം ഏത് സാഹചര്യത്തിലാണ് ഉണ്ടായതെന്ന് അറിയിക്കാമോ?

വന്യജീവി സങ്കേതങ്ങളിലും ദേശീയോദ്യാനങ്ങളിലും ജലലഭ്യത ഉറപ്പുവരുത്താനും മൃഗങ്ങൾക്ക് കൂടുതൽ ഭക്ഷണം ലഭ്യമാകുന്നതിനും മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കാനും കഴിയുമെന്ന സാധ്യത പരിശോധിക്കുന്നതിനാണ് ഇത്തരമൊരു പഠനം നടത്തിയത്.

പാടങ്ങളിലേക്ക് വ്യാപിക്കുന്ന കണ്ടൽക്കാടുകൾ

115 (2972) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ടൽക്കാടുകൾ നിറഞ്ഞുകിടക്കുന്നതിനാൽ കൃഷി ചെയ്യാൻ കഴിയാത്ത പാടങ്ങളിലെ കർഷകർക്ക് വനം വകുപ്പുമുഖേന സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കണ്ടൽക്കാടുകൾ നിറഞ്ഞുകിടക്കുന്നതിനാൽ കൃഷി ചെയ്യാൻ കഴിയാത്ത പാടങ്ങളിലെ കർഷകർക്ക് വനം വകുപ്പുമുഖേന ധനസഹായം ലഭ്യമാക്കുന്ന പദ്ധതി നിലവിലുണ്ട്. സ്വകാര്യ വ്യക്തികൾക്ക് തങ്ങളുടെ ഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിനായി ഏക്കറിന് 4000 രൂപ നിരക്കിൽ 24-12-2016-ലെ ജി.ഒ.(ആർ.ടി.)നം.485/16-വനം മാനദണ്ഡങ്ങളനുസരിച്ച് ധനസഹായം നൽകിവരുന്നു.

ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണം

116 (2973) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാതിർത്തി നിർണ്ണയിക്കുന്നതിനുള്ള ജണ്ട നിർമ്മാണത്തിൽ

നടന്നതായി പറയപ്പെടുന്ന ക്രമക്കേട് സംബന്ധിച്ച തുടരന്വേഷണം പൊലീസിൽനിന്നും മാറ്റി വിജിലൻസിന് വിടണമെന്ന നിർദേശമുണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദേശത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കാമോ?

ഇല്ല.

(ബി) സർവെ നടത്താതെ വനഭൂമിയിൽ ജണ്ടകൾ നിർമ്മിച്ചതുമൂലം വനഭൂമിയിൽ കുറവുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

സർവെ നടത്താതെ വനഭൂമിയിൽ ജണ്ടകൾ നിർമ്മിച്ചതുമൂലം വനഭൂമിയിൽ കുറവുണ്ടായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കുറ്റക്കാരായവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ബാധകമല്ല.

ഇ.എഫ്.എൽ. ആയി ഏറ്റെടുത്ത ഭൂമി

117 (2974) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എഫ്.എൽ. (പരിസ്ഥിതി ദുർബല പ്രദേശം) ആയി ഏറ്റെടുത്ത ഭൂമിയുടെ കസ്റ്റോഡിയൻ വനം വകുപ്പാണോയെന്ന് വ്യക്തമാക്കാമോ; അട്ടപ്പാടി താലൂക്കിൽ മണ്ണാർക്കാട് മൂപ്പിൽ നായരുടെ തണ്ടപ്പേരിലുണ്ടായിരുന്ന എത്ര ഏക്കർ ഭൂമിയാണ്

ഇ.എഫ്.എൽ. ആയി ഏറ്റെടുത്തതെന്ന് വ്യക്തമാക്കാമോ; ഈ ഭൂമിയിൽ നിന്നാണോ 575 ഏക്കർ മൂപ്പിൽ നായരുടെ അവകാശികൾ വില്പന നടത്തിയത്; ഇത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

ഇ.എഫ്.എൽ. (പരിസ്ഥിതി ദുർബല പ്രദേശം) ആയി ഏറ്റെടുത്ത ഭൂമിയുടെ കസ്റ്റോഡിയൻ വനം വകുപ്പാണ്. അട്ടപ്പാടി താലൂക്ക് പരിധിയിൽ 347.019 ഹെക്ടർ ഇ.എഫ്.എൽ. ഭൂമിയാണുള്ളത്. ആയതിൽ മൂപ്പിൽ നായരുടെ തണ്ടപ്പേരിൽ ഉണ്ടായിരുന്ന ഭൂമിയുടെ വിവരങ്ങൾ പ്രത്യേകമായി കണക്കാക്കിയിട്ടില്ലാത്തതാണ്. വനം വകുപ്പ് ഇ.എഫ്.എൽ. ആയി ഏറ്റെടുത്ത ഭൂമികളൊന്നുംതന്നെ സ്വകാര്യ വ്യക്തികൾ വില്പന നടത്തിയിട്ടില്ലാത്തതാണ്.

(ബി) ഈ സർക്കാരിന്റെ കാലത്ത് അട്ടപ്പാടി താലൂക്കിൽ എത്രപേർക്ക് പട്ടയം നൽകുന്നതിന് വനം വകുപ്പിൽനിന്ന് എൻ.ഒ.സി. നൽകി; എൻ.ഒ.സി. നൽകിയതിന്റെ ലിസ്റ്റ് ലഭ്യമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് അട്ടപ്പാടി താലൂക്കിൽ പട്ടയം നൽകുന്നതിന് 233 പേർക്ക് വനം വകുപ്പിൽനിന്ന് എൻ.ഒ.സി. നൽകിയിട്ടുണ്ട്. ആയതുസംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.[+]

വിട്ടുകൊടുത്ത വനഭൂമിക്ക് പകരം ഭൂമി

118 (2975) <u>ശ്രീ. ചാണ്ടി ഉമ്മൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ വിവിധ വികസന പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് എത്ര വനഭൂമി വിട്ടുകൊടുക്കേണ്ടതായി വന്നിട്ടുണ്ടെന്ന് കണക്കുകൾ സഹിതം വ്യക്തമാക്കുമോ?

കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ (2015-16 മുതൽ 2024-25 വരെ) 1980-ലെ വനസംരക്ഷണ നിയമപ്രകാരമുള്ള മാർഗനിർദേശങ്ങൾക്കനുസൃതമായി 146 വിവിധ വികസന പ്രവർത്തനങ്ങൾക്കായി 196.46 ഹെക്ടർ വനഭൂമി വിട്ടുകൊടുത്തിട്ടുണ്ട്.

(ബി) 1980-ലെ വനസംരക്ഷണ നിയമപ്രകാരം ഇപ്രകാരം വിട്ടുകൊടുത്ത വനഭൂമിക്ക് തത്തുല്യമായ അളവിൽ വനവൽക്കരണത്തിന് പകരം ഭൂമി ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

വിട്ടുകൊടുത്ത വനഭൂമിക്ക് പകരമായി 1980-ലെ വനസംരക്ഷണ നിയമത്തിൽ അനുശാസിക്കുംപ്രകാരം പരിഹാരവനവൽക്കരണത്തിന് ലഭിക്കേണ്ട ഭൂമി ലഭിച്ചിട്ടുണ്ട്. അംഗീകരിച്ച 146 പ്രൊപ്പോസലുകളിലായി 196.46 ഹെക്ടർ വനഭൂമി വിട്ടുനൽകിയിട്ടുണ്ട്. ആയതിൽ പരിഹാരവനവൽക്കരണം ആവശ്യമായ 15 പ്രൊപ്പോസലുകളിൽ 173.2655 ഹെക്ടർ വനഭൂമിക്ക് പകരമായി 20.1348 ഹെക്ടർ വനേതരഭൂമി വനവൽക്കരണത്തിനായി ലഭിച്ചിട്ടുണ്ട്. കൂടാതെ 73.4206 ഹെക്ടർ ഡീഗ്രേഡഡ് വനഭൂമിയിലും പരിഹാരവനവൽക്കരണം നടത്തിയിട്ടുണ്ട്.

(സി) കഴിഞ്ഞ പത്ത് വർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്തെ വനഭൂമിയിൽ എത്ര

വ്യത്യാസമുണ്ടായിട്ടുണ്ടെന്നും വനവൽക്കരണത്തിനായി എത്ര ഫണ്ട് ലഭ്യമായിട്ടുണ്ടെന്നും അറിയിക്കുമോ?

നിലവിൽ ലഭ്യമായ ക്രോഡീകരിക്കപ്പെട്ട ഭരണ റിപ്പോർട്ടുകൾപ്രകാരം 2013-14 മുതൽ 2022-23 വരെയുള്ള വനവിസ്തൃതിയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+ ടി 10 വർഷത്തെ വന വിസ്തൃതിയുടെ കണക്ക് പരിശോധിക്കുമ്പോൾ വനവിസ്തൃതിയിൽ 222.433 ഹെക്ടർ വർധനവുണ്ടായിട്ടുണ്ട്. 2014-15 മുതൽ 2024-25 വരെയുള്ള കാലയളവിൽ പരിഹാര വനവൽക്കരണത്തിനായി CAMPA ശീർഷകത്തിൽ 1301.56 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്.

സാമൂഹ്യ വനവൽക്കരണവുമായി ബന്ധപ്പെട്ട പദ്ധതികൾ

119 (2976) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് നടപ്പാക്കുന്ന നഗര വനം, വൃക്ഷ സമൃദ്ധി, വിദ്യാ വനം, കൽപ്പതരു, ട്രീ ബാങ്കിങ് എന്നീ പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകാമോ?

1. നഗര വനം: നഗര പ്രദേശങ്ങളിലെ ചുരുങ്ങിയ സ്ഥലത്ത് സ്വാഭാവിക വനങ്ങൾക്ക് സമാനമായി അതിസാന്ദ്രതയിൽ നട്ടുവളർത്തിയെടുക്കുന്ന ചെറുവനങ്ങളാണ് നഗര വനം. എല്ലാ അർഥത്തിലും വനത്തെ അനുസ്മരിപ്പിക്കുന്ന രീതിയിലായിരിക്കും ഇത്തരം നഗര വനങ്ങൾ വളർത്തിയെടുക്കുക. തദ്ദേശീയ വൃക്ഷത്തൈകൾ ഉപയോഗിച്ച് വളർത്തിയെടുക്കുന്ന നഗര വനത്തിൽ സ്വാഭാവിക വനത്തിന്റെ വിവിധതലങ്ങളും ദർശിക്കാൻ സാധിക്കുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇത്തരം നഗര വനങ്ങൾ ഹരിതഗൃഹ പ്രഭാവ ലഘൂകരണം, ശുദ്ധവായു സമാഹരണം, പക്ഷികളുടെ ആവാസ കേന്ദ്രമൊരുക്കൽ, ഹരിതാഭയുടെ വർധനവ് എന്നിവയോടൊപ്പം ജനങ്ങളിൽ പ്രകൃതിയോട് സ്നേഹവും അനുഭാവവും സംരക്ഷണ ചിന്താമനോഭാവവും ഉണർത്താൻ ഉപകരിക്കുന്നു.

2. വിദ്യാ വനം: വിദ്യാലയങ്ങളുടെ ചുറ്റുപാടുകളിൽ ചുരുങ്ങിയ സ്ഥലത്ത് സ്വാഭാവിക വനങ്ങൾക്ക് സമാനമായി അതിസാന്ദ്രതയിൽ നട്ടുവളർത്തിയെടുക്കുന്ന ചെറുവനങ്ങളാണ് വിദ്യാ വനങ്ങൾ. ചുരുങ്ങിയ ചെലവിൽ വിഭവങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തി വിദ്യാർഥികളിൽ ജൈവവൈവിധ്യ സംരക്ഷണബോധം വളർത്തിയെടുക്കുന്നതിനും വൃക്ഷങ്ങൾ നട്ടുവളർത്തുന്നതിനുള്ള പ്രായോഗിക പരിശീലനം നൽകുന്നതിനും ഉദ്ദേശിച്ചാണ് വിദ്യാവനങ്ങൾ നിർമ്മിക്കുന്നത്. ജൈവ രീതികളിലൂടെ മണ്ണിന്റെ ഫലഭ്രയിഷ്ഠി വർധിപ്പിക്കുക, ജല ആഗിരണശേഷി വർധിപ്പിക്കുക, വൃക്ഷ വനങ്ങളുടെ വിവിധ തട്ടുകളിൽവരുന്ന തദ്ദേശീയ ഇനങ്ങളായ ഔഷധികൾ, കുറ്റിച്ചെടികൾ, വള്ളിച്ചെടികൾ, മരങ്ങൾ എന്നിവ അതിസാന്ദ്രതയിൽ വച്ചുപിടിപ്പിക്കുക, പരിപാലിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ പ്രത്യേകത. ഇതുമൂലം പത്തുപതിനഞ്ച് വർഷങ്ങൾക്കുള്ളിൽത്തന്നെ ജൈവവൈവിധ്യ സമൃഷ്ടമായ പൂർണ്ണ വളർച്ചയെത്തിയ വനങ്ങൾ ചുരുങ്ങിയ സ്ഥലത്ത് നിർമ്മിച്ചെടുക്കാൻ സാധിക്കുന്നു. തദ്ദേശീയ സസ്യങ്ങൾ തിരഞ്ഞെടുക്കുമ്പോൾ പ്രാദേശിക കാലാവസ്ഥയും മണ്ണിന്റെ ഘടനയും യോജിക്കുന്ന ഫലവൃക്ഷങ്ങൾക്കും ഔഷധ സസ്യങ്ങൾക്കും പ്രത്യേക പരിഗണന നൽകുന്നു.

3. വൃക്ഷസമൃദ്ധി: വനം വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും തൊഴിലുറപ്പ് മിഷൻവഴി സംയുക്തമായി നടത്താൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് വൃക്ഷസമൃദ്ധി പദ്ധതി. കേരളത്തിൽ ഹരിതമേലാപ്പ് വർധിപ്പിക്കുന്നതിനും കാർബൺ സ്വാംശീകരണത്തിനും ഉതകുന്ന തരത്തിലുള്ള വൃക്ഷത്തൈകളാണ് ഈ പദ്ധതിയിലൂടെ നട്ടുപിടിപ്പിക്കുന്നത്. ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കുകയും ഹരിതഗൃഹ വാതകങ്ങളെ കുറച്ച് കാര്യക്ഷമമായി സ്വാഭാവിക പ്രകൃതിയിലേക്ക് ശേഖരിക്കുകയുമാണ് കാർബൺ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനുള്ള പോംവഴി. വനത്തിന് പുറത്തുള്ള പ്രദേശങ്ങളിലെ സ്വാഭാവിക വനവൽക്കരണ പ്രവർത്തനങ്ങൾവഴി അന്തരീക്ഷത്തിലെ കാർബണിന്റെ അളവ് സന്തുലിതമാക്കാൻ സാധിക്കുന്നതാണ്.

4. ടീ ബാങ്കിങ്: കേരള സർക്കാർ, സ്വകാര്യ ഭൂമിയിലെ വൃക്ഷാവരണം വർധിപ്പിക്കുന്നതിന്റെ ഭാഗമായി വൃക്ഷം വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് 29-03-2025-ലെ സർക്കാർ ഉത്തരവ് നം. 137/2025/വനം പ്രകാരം ടീ ബാങ്കിങ് പദ്ധതിക്ക് അനുമതി നൽകിയിട്ടുള്ളതാണ്. ആഗോള താപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും പ്രത്യാഘാതങ്ങൾ ലഘൂകരിച്ച് സംസ്ഥാനത്തെ കാർബൺ ന്യൂട്രലാക്കുക, വിപണിയിൽ തടി ലഭ്യത ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പാക്കുന്ന പദ്ധതിയാണ് ടീ ബാങ്കിങ്. കൂടാതെ വനേതര പ്രദേശങ്ങളിൽ, പ്രത്യേകിച്ച് സ്വകാര്യ ഉടമസ്ഥതയിലുള്ള പ്രദേശങ്ങളിൽ വൃക്ഷവൽക്കരണ-പരിപാലന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിച്ച് കേരളത്തിന്റെ ഹരിതാഭ വർധിപ്പിക്കാനും കർഷകന് അതുമൂലം അധിക വരുമാനം ഉറപ്പുവരുത്തുന്നതിനുമായി വിഭാവനം ചെയ്തിട്ടുള്ളതാണ് ടീ ബാങ്കിങ് പദ്ധതി. ടി പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രാരംഭ

നടപടികൾ ആരംഭിച്ചിട്ടുണ്ട്.

5. കൽപ്പതരു പദ്ധതി: 05-08-2025-ലെ G.O.(Rt.)No.316/2025/വനം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിപ്രകാരം ലഭ്യമാകുന്ന സ്ഥലങ്ങളിൽ ജൈവവൈവിധ്യ പാർക്ക്, ബട്ടർഫ്ലൈ ഗാർഡൻ, സ്കൂൾ/കോളേജുകളിൽ ഔഷധത്തോട്ടം, അർബൻ ഫോറസ്ട്രി&അവന്യൂ പ്ലാന്റിങ്, അഗ്രോ ഫോറസ്ട്രി, Coastal Eco Restoration, പരിഹാര വനവൽക്കരണം, ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവ നടപ്പാക്കിവരുന്നു.

(ബി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതികൾ നടപ്പാക്കിയിട്ടുള്ളതെന്നും പുതുതായി എവിടെയെല്ലാമാണ് നടപ്പാക്കുന്നതിന് തീരുമാനമെടുത്തിട്ടുള്ളതെന്നും അറിയിക്കാമോ?

കൽപ്പതരു, ട്രീ ബാങ്കിങ്, വൃക്ഷ സമൃദ്ധി എന്നീ പദ്ധതികൾ എല്ലാ ജില്ലകളിലും നടപ്പാക്കിവരുന്നുണ്ട്. സംസ്ഥാനത്തെ 14 ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിൽ വിദ്യാവനം പദ്ധതി നടപ്പാക്കിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ നഗരവനം പദ്ധതി നടപ്പാക്കിയിട്ടുണ്ട്. സ്ഥലലഭ്യതയ്ക്കനുസരിച്ച് മറ്റ് ജില്ലകളിലും നഗരവനം പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 2025-26 വർഷത്തിൽ പുതിയതായി വിദ്യാവനം നടപ്പാക്കാൻ കണ്ടെത്തിയ സ്ഥലങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത പദ്ധതികൾ കൃത്യമായി മോണിറ്റർ ചെയ്യുന്നുണ്ടോ; നടപ്പാക്കിയതിനുശേഷം ഇവയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വെളിപ്പെടുത്താമോ?

+ നിയമസഭക്ക് ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിദ്യാവനം പദ്ധതിയുടെ ആസൂത്രണവും നടത്തിപ്പും തുടർന്നുള്ള പരിപാലനവും വിലയിരുത്തലും സ്കൂളുകളിലേയും കോളേജുകളിലേയും അധ്യാപകർ, ഫോറസ്ട്രി ക്ലബ്ബുകളിലെ വിദ്യാർഥികൾ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നഗരവനം പദ്ധതിയുടെ നടത്തിപ്പും തുടർപരിചരണവും പദ്ധതി നടപ്പാക്കിയിട്ടുള്ള സ്ഥാപനങ്ങളിലും നിക്ഷിപ്തമാണ്. വൃക്ഷസമൃദ്ധി പദ്ധതിയുടെ തുടർപരിപാലനവും നടത്തിപ്പും വിലയിരുത്തലും തദ്ദേശസ്വയംഭരണ വകുപ്പിൽ നിക്ഷിപ്തമാണ്.

(ഡി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതികൾക്കായി എത്ര തുകയാണ് ഓരോ വർഷവും ചെലവാക്കിയത്; വിശദാംശം നൽകാമോ?

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പദ്ധതികൾക്കായി ചെലവഴിച്ച തുക അനുബന്ധമായി ചേർക്കുന്നു.[+]

ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ മരങ്ങൾ നട്ടുപിടിപ്പിക്കാൻ നടപടി

120 (2977) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക വനവൽക്കരണത്തിന്റെ ഭാഗമായി ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ മരങ്ങൾ നട്ടുപിടിപ്പിക്കാൻ ഒരു പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദാംശം ലഭ്യമാക്കുമോ?

സാമൂഹിക വനവൽക്കരണത്തിന്റെ ഭാഗമായി മുൻകാലങ്ങളിൽ "വഴിയോര തണൽ പദ്ധതി" എന്ന പേരിൽ ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ മരങ്ങൾ നട്ടുപിടിപ്പിച്ചിരുന്നു. എന്നാൽ ടി പദ്ധതി ഇപ്പോൾ നിലവിലില്ല. 05-08-2025-ലെ G.O.(Rt.)No.316/2025/വനം പ്രകാരം സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ നൂതന പദ്ധതികൾ ഉൾക്കൊള്ളിച്ച് “കൽപ്പതരു" എന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ദേശീയ സംസ്ഥാന പാതയോരങ്ങളിലെ ലഭ്യമായ സ്ഥലങ്ങളിൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് ടി പദ്ധതിയുടെകീഴിൽ അർബൻ ഫോറസ്ട്രി, പരിഹാര വൃക്ഷവൽക്കരണം എന്നീ പ്രവൃത്തികൾക്കും സർക്കാർ അനുമതി നൽകിയിട്ടുള്ളതാണ്.

(ബി) ഇത്തരം പദ്ധതികൾ നടപ്പാക്കുമ്പോൾ ആറ് മാസത്തിലൊരിക്കൽ അവ അവലോകനം ചെയ്യുന്നതിനും കൃത്യമായി നിരീക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

05-08-2025-ലെ G.O.(Rt.)No.316/2025 നിഷ്കർഷിച്ചിട്ടുള്ള പ്രകാരം കൽപ്പതരു പദ്ധതിയുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും സാമൂഹ്യ വനവൽക്കരണ വിഭാഗത്തിലെ വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

സാമൂഹ്യ വനവൽക്കരണത്തിൽ സ്ഥിരതല വിദ്യാർഥികളെ സഹകരിഷിക്കുന്ന പദ്ധതി

121 (2978) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-

വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വനവൽക്കരണത്തിൽ സ്കൂൾതല വിദ്യാർഥികളെ സഹകരിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

സാമൂഹ്യ വനവൽക്കരണത്തിൽ സ്കൂൾതല വിദ്യാർഥികളെ സഹകരിപ്പിച്ചുകൊണ്ട് സാമൂഹ്യ വനവൽക്കരണ വിഭാഗം താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്:

1. സ്കൂൾ നഴ്സറി യോജന: സ്കൂളുകളിൽ വൃക്ഷത്തൈകൾ ഉൽപാദിപ്പിച്ച് തൈകൾ സ്കൂൾ പരിസരത്തും പൊതു/സ്വകാര്യ സ്ഥലങ്ങളിലും വിദ്യാർഥികൾതന്നെ വച്ചുപിടിപ്പിച്ച് സംരക്ഷിക്കുന്നതിന് സ്കൂളുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി. പരിസ്ഥിതി സംരക്ഷണ പാഠങ്ങൾ സ്കൂൾതലത്തിൽത്തന്നെ വിദ്യാർഥികൾക്ക് സ്വായത്തമാക്കുന്നതിനും അഭിരുചി വർധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

2. വിദ്യാവനം: വിദ്യാലയങ്ങളുടെ ചുറ്റുപാടുകളിൽ ചുരുങ്ങിയ സ്ഥലത്ത് സ്വാഭാവിക വനങ്ങൾക്ക് സമാനമായി അതിസാന്ദ്രതയിൽ നട്ടുവളർത്തിയെടുക്കുന്ന ചെറുവനങ്ങളാണ് വിദ്യാവനങ്ങൾ. ചുരുങ്ങിയ ചെലവിൽ വിഭവങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തി വിദ്യാർഥികളിൽ ജൈവവൈവിധ്യ സംരക്ഷണബോധം വളർത്തിയെടുക്കുന്നതിനും വൃക്ഷങ്ങൾ നട്ടുവളർത്തുന്നതിനുള്ള പ്രായോഗിക പരിശീലനം നൽകുന്നതിനും ഉദ്ദേശിച്ചാണ് വിദ്യാവനങ്ങൾ നിർമ്മിക്കുന്നത്. വിവിധ തട്ടുകളിൽവരുന്ന തദ്ദേശീയ ഇനങ്ങളായ ഓഷധികൾ, കുറ്റിച്ചെടികൾ, വള്ളിച്ചെടികൾ, മരങ്ങൾ എന്നിവ

അതിസാന്ദ്രതയിൽ നട്ടുപിടിപ്പിച്ച് പരിപാലിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ പ്രത്യേകത. ഇതുമൂലം പത്തുപതിനഞ്ച് വർഷങ്ങൾക്കുള്ളിൽത്തന്നെ ജൈവവൈവിധ്യ സമൃഷ്ടമായ പൂർണ്ണ വളർച്ചയെത്തിയ വനങ്ങൾ ചുരുങ്ങിയ സ്ഥലത്ത് നിർമ്മിച്ചെടുക്കാൻ സാധിക്കുന്നു.

3. ഫോറസ്ട്രി ക്ലബ്ബ്: കുട്ടികളെ വനസംരക്ഷണത്തിന്റെ പ്രാധാന്യത്തെപ്പറ്റി ബോധവാന്മാരാക്കാനും പ്രകൃതിയുമായി സംവദിക്കുന്നതിന് അവസരമുണ്ടാക്കുകവഴി, കുട്ടികളെ പ്രകൃതി സംരക്ഷണം മുറുകെ പിടിക്കുന്ന ഭാവി പൗരന്മാരായി വാർത്തെടുക്കുന്നതിനുംവേണ്ടിയാണ് സ്കൂളുകളിൽ ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിച്ചിരിക്കുന്നത്. വനം വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങളായ തൈ വിതരണം, പ്രകൃതി സംരക്ഷണ ബോധവൽക്കരണ സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, പ്രകൃതി പഠന ക്യാമ്പുകൾ, കാട്ടുതീ, അനധികൃത മരം മുറി എന്നിവക്കെതിരെയുള്ള ക്യാമ്പെയിനുകൾ തുടങ്ങിയവയുടെ നടത്തിപ്പിൽ ഫോറസ്ട്രി ക്ലബ്ബ് പ്രധാന പങ്ക് വഹിക്കുന്നതാണ്. ഫോറസ്ട്രി ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഊർജിതമാക്കുന്നതിനും വിദ്യാഭ്യാസ വകുപ്പിന്റെയും സർക്കാരിന്റെയും സഹകരണത്തോടെ ഒരു സമഗ്ര കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ വിദ്യാഭ്യാസ വകുപ്പുമായിച്ചേർന്ന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

09-10-2020-ലെ G.O.(M.S.) No.16/2020/F&WLD-ൽ നിഷ്കർഷിച്ചിട്ടുള്ള മാർഗനിർദേശപ്രകാരം വിദ്യാവനം, ഫോറസ്ട്രി ക്ലബ്ബ് എന്നീ പദ്ധതികളും കേന്ദ്ര സർക്കാരിന്റെ

മാർഗരേഖ അനുസരിച്ച് സ്കൂൾ നഴ്സറി യോജന പദ്ധതിയും നടപ്പാക്കിവരുന്നു. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+)

അരുവിക്കര മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പിന്റെ പദ്ധതികൾ

122 (2979) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം-വന്യജീവി വകുപ്പിനുകീഴിൽ അരുവിക്കര മണ്ഡലത്തിൽ അനുവദിച്ച വിവിധ പദ്ധതികളുടെ ഭരണാനുമതി തുകയും നിലവിലെ സ്ഥിതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര മണ്ഡലത്തിൽ വനം വകുപ്പ് നടപ്പാക്കിയ പദ്ധതിയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

പാലക്കാട് ജില്ലയിൽ വനം-വന്യജീവി വകുപ്പിനുകീഴിൽ അനുവദിച്ച പ്രവൃത്തികൾ

123 (2980) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ വനം-വന്യജീവി വകുപ്പിനുകീഴിൽ അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ് ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാക്കിയിട്ടുള്ളവയുടെ വിശദാംശവും പൂർത്തീകരിക്കാനുള്ളവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ വനം-വന്യജീവി വകുപ്പിനുകീഴിൽ അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ പൂർത്തിയാക്കിയിട്ടുള്ളവയുടെ വിശദാംശവും പൂർത്തീകരിക്കാനുള്ളവയുടെ നിലവിലെ സ്ഥിതിയും ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(സി) മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഒഴിവാക്കാൻ പാലക്കാട് ജില്ലയിൽ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കാമോ?

മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഒഴിവാക്കാൻ പാലക്കാട് ജില്ലയിൽ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

മനുഷ്യ-വന്യജീവി സംഘർഷം തടയാൻ മിഷൻ

124 (2981) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:

ശ്രീ. എം. രാജഗോപാലൻ:

ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ-വന്യജീവി സംഘർഷം പരിഹരിക്കാൻ വനം വകുപ്പ് രൂപീകരിച്ച പത്ത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മിഷനുകളുടെ പ്രവർത്തനം വിശദമാക്കാമോ?

സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരണത്തിന് ജനകീയ ജനപങ്കാളിത്തത്തോടെ പത്ത് തീവ്രയജ്ഞ മിഷനുകൾ 26-02-2025-ലെ സ.ഉ.(കൈ)നം.8/2025/വനം പ്രകാരം സർക്കാർ രൂപകല്പന ചെയ്ത് വനം വകുപ്പ് നടപ്പാക്കിവരുന്നു. അവയെക്കുറിച്ചുള്ള സംക്ഷിപ്ത വിവരണം ചുവടെ ചേർക്കുന്നു.

1. Mission FFW (Mission Food, Fodder&Water):

വന്യമൃഗങ്ങൾക്കാവശ്യമായ ഭക്ഷണ-ജലലഭ്യത വനത്തിനുള്ളിൽത്തന്നെ ഉറപ്പുവരുത്തുന്നതിനാണ് ഈ യജ്ഞം ലക്ഷ്യമിടുന്നത്. വനാന്തരങ്ങളിലെ കുളങ്ങളിലും ചെക്ക്ഡാമുകളിലും മറ്റു ജലസംഭരണികളിലും ജലസംഭരണശേഷി വർധിപ്പിച്ച് വന്യജീവികൾക്ക് ജലലഭ്യത ഉറപ്പാക്കിയും വനമേഖലകളിൽ പടർന്നുപിടിച്ചിട്ടുള്ള സെന്ന പോലുള്ള അധിനിവേശ സസ്യങ്ങളെ ഉന്മൂലനംചെയ്ത് തദ്ദേശീയ ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും വനത്തിനുള്ളിൽ ഭക്ഷണലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതിയാണിത്. വനത്തിനുള്ളിൽ ഭക്ഷണ-ജല ലഭ്യതയുടെ അപര്യാപ്തതമൂലം ഭക്ഷണവും കുടിവെള്ളവുമന്വേഷിച്ച് വന്യമൃഗങ്ങൾ കാടിറങ്ങുന്നത് തടയുന്നതിന് ഈ മിഷന്റെ പ്രവർത്തനങ്ങൾ കൊണ്ട് സാധിച്ചിട്ടുണ്ട്.

2. Mission Tribal Knowledge (ഗോത്രഭേരി):

മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനും കേരളത്തിലെ ഗോത്രവിഭാഗങ്ങൾ സ്വീകരിച്ചുവരുന്ന അലിഖിതവും പുറംലോകത്തിന് അപരിചിതവുമായ പരമ്പരാഗത

അറിവുകളും അടവുകളുമുണ്ട്. ഇത്തരം അറിവുകളുടെ ശേഖരണത്തിനും അവയുടെ ഫലപ്രാപ്തി സംബന്ധിച്ച ശാസ്ത്രീയ പഠനങ്ങൾക്കും പ്രായോഗികമായവയുടെ ഉപയുക്തതയ്ക്കും പ്രചാരണത്തിനുമായി കേരള വനഗവേഷണ കേന്ദ്രവുമായി ചേർന്ന് ഗോത്രഭേരി അഥവാ Mission Tribal Knowledge എന്ന പദ്ധതി വനം വകുപ്പ് നടത്തിവരുന്നു. പട്ടികവർഗ വികസന വകുപ്പിന്റെകൂടി സഹകരണത്തോടെ നടപ്പാക്കിയ പ്രസ്തുത പദ്ധതിയുടെ ഭാഗമായി വിവിധ മേഖലകളിൽ സെമിനാറുകൾ സംഘടിപ്പിച്ച് ഗോത്രവിഭാഗങ്ങളിൽനിന്നും ആവശ്യമായ അറിവ് ശേഖരിച്ച് ആയത് വിശകലനം ചെയ്ത് വേണ്ട തുടർനടപടികൾ കൈക്കൊണ്ടുവരികയാണ്. ഇത്തരത്തിൽ 18 സെമിനാറുകളിൽ 360 ഉന്നതികളിൽനിന്നുള്ള 1016 പേർ പങ്കെടുത്ത് അനുഭവങ്ങൾ പങ്കുവച്ചു.

3. Mission Solar Fencing:

ജനവാസ മേഖലകളിലേക്ക് വന്യമൃഗങ്ങൾ കടക്കുന്നത് തടയാൻ ഫലപ്രദമായ ഒരു മാർഗമാണ് സൗരോർജ വേലികൾ. എന്നാൽ വനമേഖലയിലെ അടിക്കാടുകളുടെ വളർച്ച, മരങ്ങൾ മറിഞ്ഞുവീഴുക, ആനപോലുള്ള മൃഗങ്ങൾ കാരണമുണ്ടാകുന്ന കേടുപാടുകൾ, പരിചരണക്കുറവ്, കാലപ്പഴക്കം, ഇടിമിന്നൽപോലുള്ള പ്രകൃതിശക്തികളാൽ ഉപകരണങ്ങൾ കേടാകൽ തുടങ്ങിയ കാരണങ്ങളാൽ സൗരോർജ വേലികൾ എപ്പോഴും പ്രവർത്തനക്ഷമമായിരിക്കണമെന്നില്ല. വനം വകുപ്പ് ഇതുവരെ സ്ഥാപിച്ചിട്ടുള്ള സൗരോർജ വേലികളുടെ അവസ്ഥ വിലയിരുത്തി ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കാൻ മിഷൻ സോളാർ ഫെൻസിങ് എന്ന തീവ്രയജ്ഞ മിഷൻ

നടത്തിവരികയാണ്. മേല്പറഞ്ഞ വിവിധ കാരണങ്ങളാൽ 2000-ത്തോളം കിലോമീറ്റർ സൗരോർജ വേലികൾ മിഷൻ ഫെൻസിങ് 2024-നുകീഴിൽ പൂർണ്ണ പ്രവർത്തനക്ഷമാക്കാൻ സാധിച്ചിട്ടുണ്ട്. സൗരോർജ വേലികളുടെ തൽസ്ഥിതി വിലയിരുത്തി അവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനാവശ്യമായ അറ്റകുറ്റപ്പണികൾ സന്നദ്ധ സംഘടനകളുടെയും EDC, VSS അംഗങ്ങളുടെയും പഞ്ചായത്തിന്റെയും സഹകരണത്തോടെ നടത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. 2024-ന്റെ അവസാന പാദത്തിൽ തുടക്കമിട്ട ഈ പദ്ധതി തുടർ പ്രവർത്തനമായി എല്ലാ സൗരോർജ വേലികളും പ്രവർത്തനക്ഷമമാക്കി പരിചരണം ഉറപ്പുവരുത്തുകയും ആയതിലൂടെ മനുഷ്യ-വന്യമൃഗ സംഘർഷം ഒഴിവാക്കുകയുമാണ് ഉദ്ദേശിക്കുന്നത്. സംരക്ഷണ വിഭാഗം ജീവനക്കാർ കൂടുതൽ സമയം സന്നദ്ധ സേവനം നടത്തിയാണ് യുദ്ധകാലാടിസ്ഥാനത്തിൽ ഇത്രയും ഫെൻസിങ് തകരാറുകൾ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കിയത്.

4. Mission Primary Response Team:

മനുഷ്യ-വന്യജീവി സംഘർഷം റിപ്പോർട്ട് ചെയ്യപ്പെടുന്നയിടങ്ങളിൽ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളിൽ പരിശീലനം സിദ്ധിച്ച പരിചയ സമ്പന്നരായ RRT സംഘം എത്തിച്ചേരുന്നതിന് മുമ്പുതന്നെ ചിട്ടയായ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾക്ക് അടിയന്തരമായി തുടക്കംകുറിക്കാൻ തദ്ദേശവാസികളിൽനിന്നും സന്നദ്ധരായവരെ ഉൾപ്പെടുത്തി സന്നദ്ധ പ്രാഥമിക പ്രതികരണസേന അഥവാ Primary Response Team (PRT)-കൾ രൂപീകരിക്കുകയെന്നതാണ് പദ്ധതി ലക്ഷ്യം. പൊതുജനങ്ങളുടെ സുരക്ഷ

ഉറപ്പുവരുത്തി സംഘർഷാവസ്ഥ നിയന്ത്രണ വിധേയമാക്കുന്നതിനായി രൂപീകരിച്ച PRT-കളിൽ വിദഗ്ധ പരിശീലനം ലഭിച്ചിട്ടുള്ള SARPA വോളന്റിയർമാർ, പഞ്ചായത്തുതല ജൈവവൈവിധ്യ പരിപാലന സമിതി അംഗങ്ങൾ (BMC), സിവിൽ ഡിഫൻസ് അംഗങ്ങൾ, സന്നദ്ധ പ്രവർത്തകർ, വി.എസ്.എസ്./ഇ.ഡി.സി. അംഗങ്ങൾ ഉണ്ടാകും. ജനജാഗ്രത സമിതിയുടെ നിർദേശാനുസരണമായിരിക്കും ഇവരെ ഉൾപ്പെടുത്തി PRT-കൾക്ക് രൂപം നൽകുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള സന്നദ്ധ സേനാംഗങ്ങളുടെ പങ്കാളിത്തവും സഹകരണവും PRT-യിൽ ഉറപ്പുവരുത്തുന്നതാണ്. PRT-യിലെ അംഗങ്ങൾ തദ്ദേശീയരായതിനാൽ സ്ഥലത്തെ ഭൂപ്രകൃതി, പ്രകൃതിദത്ത തടസ്സങ്ങൾ, പകരസാധ്യതകൾ (alternatives), സാമൂഹികസ്ഥിതി, ദുരന്തമുഖത്തെ രക്ഷാമാർഗങ്ങൾ (exit routes) തുടങ്ങിയവയെക്കുറിച്ചുള്ള അവരുടെ അറിവും പരിചയവും സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കും. നിലവിൽ വിവിധ പഞ്ചായത്തുകളിലായി 327 പ്രൈമറി റെസ്പോൺസ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. PRT അംഗങ്ങളുടെ പരിശീലനങ്ങളും അടയാള വിതരണവും നടന്നുവരുന്നു.

5. Mission Real Time Monitoring:

ആധുനിക സാങ്കേതിക വിദ്യയുടെ കൃത്യമായ ഉപയോഗം വനം-വന്യജീവി പരിപാലനത്തിന് വളരെ സഹായകമാകും. മനുഷ്യ-വന്യജീവി സംഘർഷ സാഹചര്യങ്ങൾ ഒഴിവാക്കാൻ വന്യമൃഗ സാന്നിധ്യം മുൻകൂട്ടി അറിയുന്നതിനും ജനങ്ങൾക്ക് മുന്നൊരുക്കങ്ങൾ സ്വീകരിച്ച് സുരക്ഷിതരായിരിക്കാനും സഹായിക്കുന്ന അടിസ്ഥാന വിവരകൈമാറൽ

സംവിധാനങ്ങൾ നിലവിൽ സംസ്ഥാനത്തെ വനമേഖലകളിൽ നടപ്പാക്കിവരുന്നുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ വ്യാപകമായ ഇടങ്ങളിൽ ഏറ്റവും കാര്യക്ഷമമായി ഇത്തരത്തിലുള്ള നൂതന സാങ്കേതികവിദ്യയിലൂന്നിയുള്ള നിരീക്ഷണ പരിപാടികളും മറ്റിതര സംരക്ഷണ സംവിധാനങ്ങളും നടപ്പാക്കാനാണ് മിഷൻ Real Time Monitoring ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ആനത്താരകൾ, വന്യമൃഗങ്ങളുടെ സ്ഥിരം സഞ്ചാരപാതകൾ എന്നിവ തുടർച്ചയായി നിരീക്ഷിക്കുകയും വന്യമൃഗങ്ങളുടെ നീക്കം മുൻകൂട്ടിയറിഞ്ഞ് മുൻകരുതൽ സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യുകയെന്നതാണ് ടി പദ്ധതിയുടെ പ്രധാന ലക്ഷ്യം.

6. Mission Sensitization to Public:

മനുഷ്യ-വന്യമൃഗ സംഘർഷവുമായി ബന്ധപ്പെട്ട് അടിസ്ഥാനരഹിതവും തെറ്റിദ്ധാരണാജനകവുമായ പല വിവരങ്ങളും ബോധപൂർവമോ അല്ലാതെയോ പ്രചരിപ്പിച്ച് സംഘർഷബാധിത മേഖലകളിലെ ജനങ്ങളെ പരിഭ്രാന്തരാക്കുകയും സംഘർഷ സാഹചര്യങ്ങളിൽ അനാവശ്യ അപകടങ്ങൾക്ക് ഇടയാക്കുകയും ചെയ്യാറുണ്ട്. ഇതിന് പരിഹാരമായി മനുഷ്യ-വന്യജീവി സംഘർഷങ്ങൾ സംബന്ധിച്ച് പ്രാദേശിക സംഘർഷ സാഹചര്യങ്ങൾക്ക് അനുസൃതമായ വിജ്ഞാന അവബോധ പരിപാടികൾ സംഘടിപ്പിക്കുകയും പൊതുജനത്തിന് വന്യജീവി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അനുബന്ധ വിഷയങ്ങളെക്കുറിച്ചും അവബോധരാക്കുകയെന്നതും ഈ പദ്ധതി ലക്ഷ്യമിടുന്നു. സോഷ്യൽ ഫോറസ്ട്രി വിഭാഗം, ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ, വനം സോഷ്യൽ

മീഡിയാ സെൽ എന്നീ വിഭാഗങ്ങളാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. പൊതുജനങ്ങൾക്കായുള്ള ബോധവൽക്കരണ പരിപാടികൾക്കൊപ്പം ബന്ധപ്പെട്ട മറ്റ് സർക്കാർ വകുപ്പുകൾക്കും ഏജൻസികൾക്കും ഉചിതമായ അവബോധ പ്രവർത്തനങ്ങൾ ഈ മിഷന്റെ ഭാഗമായി നടപ്പാക്കിവരുന്നുണ്ട്.

7. Mission Science on Human Wildlife Conflict:

മനുഷ്യ-വന്യമൃഗ സംഘർഷം തടയുന്നതിന്റെ ഭാഗമായി 'Mission Science on Human Wildlife Conflict' എന്ന പദ്ധതിക്ക് വനം വകുപ്പ് രൂപം നൽകിയിട്ടുണ്ട്. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KFRI), ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (TBGRI), വൈൽഡ്‌ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, സലീം അലി സെന്റർ (SACON), കേരള കാർഷിക സർവകലാശാല, കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവകലാശാല (KVASU) തുടങ്ങിയ വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗവേഷണം, പഠനം എന്നിവ നടത്തുകയും കാലാവസ്ഥാ വ്യതിയാനംമൂലമുള്ള വന്യമൃഗങ്ങളുടെ സ്വഭാവത്തിലുള്ള മാറ്റങ്ങൾ, സംഘർഷത്തിന് കാരണമാകുന്ന വിവിധ കാരണങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തുന്നതിന് മുൻകൈയെടുക്കുകയും പഠന ഗവേഷണ പരിപാടികളുടെ കണ്ടെത്തലുകൾ ഉദ്യോഗസ്ഥരിലേക്കും പൊതുജനങ്ങളിലേക്കും കൃത്യമായി എത്തിക്കുന്നതിനുള്ള നടപടികളും വനപരിപാലനത്തിന് പഠന ഫലങ്ങളുടെ അടിസ്ഥാനത്തിൽ കാലോചിതമായ മാറ്റങ്ങളുണ്ടാക്കുക എന്നിവയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

8. Mission Bonnet Macaque:

കേരളത്തിലെ പല ഭാഗങ്ങളിലും വർധിച്ചുവരുന്ന നാടൻ കുരങ്ങുകളുടെ ശല്യം ശാസ്ത്രീയമായി പരിഹരിക്കുന്നതിനുള്ള മാർഗങ്ങൾ കണ്ടെത്തേണ്ടത് അനിവാര്യമാണ്. നിലവിൽ ഈ വിഷയം സംബന്ധിച്ച് പഠനങ്ങൾ കുറവാണ്. കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ നാടൻ കുരങ്ങുകളുടെ സാന്നിധ്യവും അതുമൂലമുള്ള പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്. നാടൻ കുരങ്ങുകൾമൂലമുണ്ടാകുന്ന സംഘർഷങ്ങളുടെ കാരണങ്ങളും, പൊതുവായും പ്രാദേശിക പ്രത്യേകതകൾക്കനുസരിച്ച് പ്രത്യേകമായും പ്രതിവിധിയായി സ്വീകരിക്കാവുന്ന നടപടികൾ ഉൾക്കൊള്ളിച്ചും വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കി അതനുസരിച്ച് നാടൻ കുരങ്ങുകൾമൂലമുണ്ടാകുന്ന പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും പ്രായോഗികമായി ഇല്ലാതാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. വന്യജീവി (സംരക്ഷണ) നിയമത്തിന്റെ ഒന്നാം പട്ടികയിൽ ഉൾപ്പെടുന്ന വന്യജീവിയെന്ന നിലയിൽ കേന്ദ്ര സർക്കാരിന്റെ അനുമതി തേടുന്നതുൾപ്പെടെ നിയമാനുസൃതമായി കൈക്കൊള്ളാവുന്ന നടപടികളിലേക്കും ഈ പദ്ധതി ഉത്തരം തേടുന്നതായിരിക്കും. ഇതിനായി ദേശീയതലത്തിലുള്ള വിദഗ്ധരുമായി ചർച്ചചെയ്ത് കരട് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

9. Mission Wild Pig:

വനത്തിനുപുറത്ത് ജനവാസമേഖലയിൽ ജനങ്ങളുടെ ജീവനും സ്വത്തിനും അപകടകാരികളായ കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനും സംഘർഷം ഒഴിവാക്കുന്നതിനും നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം

നൽകിയിട്ടുണ്ട്. ഇത്തരത്തിലെ അധികാര വികേന്ദ്രീകരണം കൂടുതൽ കാര്യക്ഷമമായി നടപ്പാക്കാൻ ആവശ്യമായ പരിശീലനങ്ങളും സാങ്കേതിക സഹായങ്ങളും വനം വകുപ്പ് പഞ്ചായത്തുകൾക്ക് നൽകും. പഞ്ചായത്തുകൾ എംപാനൽ ചെയ്തിട്ടുള്ള ഷൂട്ടേഴ്സിന് വകുപ്പിന്റെ സാങ്കേതിക സഹായം ലഭ്യമാക്കുന്നതും ലളിതവും കൂടുതൽ ഫലപ്രദവുമായ മാർഗനിർദേശങ്ങൾ തയ്യാറാക്കുകയെന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.

10. Mission SARPA:

മനുഷ്യ-വന്യജീവി സംഘർഷങ്ങൾമൂലമുള്ള മരണങ്ങളിൽ ഏറ്റവും കൂടുതൽ സംഭവിക്കുന്നത് വനത്തിനുപുറത്ത് പാമ്പ് കടിയേറ്റാണ്. ഈ തിരിച്ചറിവാണ് 2020 മുതൽ ജനവാസ മേഖലകളിൽനിന്നും പാമ്പുകളെ സുരക്ഷിതമായി പിടികൂടി അപകടങ്ങൾ ഒഴിവാക്കുക ലക്ഷ്യമാക്കി SARPA എന്ന മൊബൈൽ ആപ്പും പരിശീലനം ലഭിച്ച സന്നദ്ധപ്രവർത്തകരുടെ സേവനവും ഒരുക്കുന്നതിന് വനം വകുപ്പിനെ പ്രേരിപ്പിച്ചത്. 2019-ൽ പാമ്പുകടിയേറ്റ് 123 ജീവൻ പൊലിഞ്ഞ അവസ്ഥയിൽനിന്നും 2024-ൽ 30 മരണം എന്ന് കുറയ്ക്കാൻ ഈ പരിശ്രമത്തിന് കഴിഞ്ഞിട്ടുണ്ട്. പാമ്പുകടിയേറ്റ് ഒരു മരണംപോലും ഉണ്ടാകരുത് എന്നതാണ് സർപ്പയും വനം വകുപ്പും ലക്ഷ്യമിടുന്നത്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി (SDMA), തദ്ദേശസ്വയംഭരണം, ആരോഗ്യം, റവന്യൂ, വിദ്യാഭ്യാസം എന്നിങ്ങനെ വിവിധ വകുപ്പുകളുടെ ഏകോപനവും സഹകരണവും ഈ ലക്ഷ്യം നേടാൻ ആവശ്യമാണ്. പ്രാദേശികമായി കൂടുതൽ ഫലപ്രദമായ ആന്റിവെനം നിർമ്മിക്കുന്നതിനുള്ള ശ്രമങ്ങളിലേക്കും സർപ്പ ശ്രദ്ധ കേന്ദ്രീകരിക്കും.

(ബി) പ്രസ്തുത മിഷനുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

മേൽ തീവ്രയജ്ഞ മിഷനുകൾ തുടർന്നുവരികയാണ്. ഓരോ മിഷനും സംസ്ഥാന നോഡൽ ഓഫീസർമാരെ 26-02-2025-ലെ സ.ഉ.(കൈ)നം. 8/2025/വനം പ്രകാരം നിശ്ചയിച്ചിട്ടുള്ളതും കൃത്യമായ ഇടവേളകളിൽ പ്രവർത്തന പുരോഗതി വിലയിരുത്തി ആവശ്യമായ ഇടപെടലുകളും നിർദ്ദേശങ്ങളും നൽകിവരുന്നു. കൂടാതെ വനം വകുപ്പ് മേധാവിയും ചീഫ് വൈൽഡ് ലൈഫ് വാർഡനും മറ്റ് വിവിധ വിഭാഗങ്ങളുടെ മേധാവികളും മുതിർന്ന ഉദ്യോഗസ്ഥരും ഓരോ മിഷനും വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണം സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയും ബഹു. വനം വകുപ്പുമന്ത്രിയും ബഹു. ഹൈക്കോടതിയും സമയാസമയം നൽകുന്ന നിർദ്ദേശങ്ങളും ടി തീവ്രയജ്ഞ മിഷനുകളുടെ ഭാഗമായി ഉൾപ്പെടുത്തി നടപ്പാക്കിവരുന്നുണ്ട്. കൂടാതെ സീനിയർ ഫോറസ്റ്റ് ഓഫീസർമാരുടെ പ്രതിമാസ യോഗത്തിൽ പത്ത് മിഷനുകളുടെയും പ്രവർത്തന പുരോഗതി പതിവായി അവലോകനം ചെയ്ത് ആവശ്യമുള്ള നിർദ്ദേശങ്ങൾ നൽകിവരുന്നു.

(സി) പ്രസ്തുത മിഷനുകൾ രൂപീകരിച്ചതിനുശേഷം മനുഷ്യ-വന്യജീവി സംഘർഷത്തിന് കുറവ് വന്നിട്ടുണ്ടോ; വ്യക്തമാക്കാമോ?

പ്രസ്തുത മിഷനുകൾ രൂപീകരിച്ചതിനുശേഷം മനുഷ്യ-വന്യജീവി സംഘർഷങ്ങളിലെ കുറവ് വിലയിരുത്തുന്നതിന് കൂടുതൽ സമയം വേണ്ടതുണ്ട്. എങ്കിലും പ്രാഥമികമായ

വിലയിരുത്തലിൽ മനുഷ്യ-വന്യജീവി സംഘർഷംമൂലമുള്ള മനുഷ്യ മരണങ്ങൾ കുറഞ്ഞുവരുന്നതായി കാണാം. കൂടാതെ സംഘർഷ കാരണങ്ങൾ പൊതുജനങ്ങൾ കൂടുതൽ വ്യക്തതയോടെ മനസ്സിലാക്കാൻ ശ്രമിക്കുന്നതായും സംഘർഷ ലഘൂകരണ/നിവാരണ പ്രവർത്തനങ്ങളിൽ ക്രിയാത്മകമായി പങ്കെടുക്കുന്നതായും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

പാറശ്ശാല മണ്ഡലത്തിൽ വനം വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ

125 (2982) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പാറശ്ശാല മണ്ഡലത്തിൽ 2016 മുതൽ 2025 വരെ ഏതെല്ലാം പദ്ധതികളാണ് വനം വകുപ്പ് മുഖാന്തരം നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ വിശദവിവരങ്ങൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവഹണച്ചുമതല നൽകിയിട്ടുള്ള വകുപ്പ്/ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; ഫണ്ട് അനുവദിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) പാറശ്ശാല മണ്ഡലത്തിൽ 2016 മുതൽ 2025 വരെ വനം വകുപ്പ് നടപ്പാക്കിയ പദ്ധതികളും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവഹണച്ചുമതല നൽകിയിട്ടുള്ള വകുപ്പ്/ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ അനുബന്ധമായി ചേർക്കുന്നു.+

(സി) അമ്പൂരിയിൽ നിർമ്മാണം പൂർത്തിയാക്കിവരുന്ന കുമ്പിച്ചൽക്കടവ് പാലത്തിൽനിന്നും വിനോദസഞ്ചാരികൾക്കായി ബോട്ടിങ് സൗകര്യം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

നെയ്യാർ വന്യജീവി സങ്കേതത്തിന്റെ അംഗീകൃത മാനേജ്മെന്റ് പ്ലാനിലധിഷ്ഠിതമായി ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് വകുപ്പുതലത്തിൽ ബോട്ടിങ് സൗകര്യം നടപ്പാക്കുന്നതിനായി പരിഗണിക്കാവുന്നതാണ്.

(ഡി) വനം വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച് നെയ്യാർ ഡാമിലേക്ക് പുതിയ ബോട്ട് വാങ്ങുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

നെയ്യാർ-പേപ്പാറ വന വികസന ഏജൻസിയുടെ ഫണ്ടിൽനിന്നും 22 സീറ്റുള്ള ബോട്ട് വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. കൂടാതെ സംസ്ഥാന വന വികസന ഏജൻസിയുടെ ഫണ്ടുപയോഗിച്ച് 18 സീറ്റുള്ള ഒരു ബോട്ട് വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സാമൂഹിക വനവൽക്കരണത്തിന്റെ ഭാഗമായി കുട്ടനാട്ടിൽ നടപ്പാക്കുന്ന പദ്ധതികൾ

126 (2983) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ കുട്ടനാടൻ പ്രദേശത്ത് സാമൂഹിക വനവൽക്കരണത്തിന്റെ ഭാഗമായി നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ആലപ്പുഴ ജില്ലയിലെ കുട്ടനാടൻ പ്രദേശത്ത് സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി നടപ്പാക്കുന്ന പദ്ധതികൾ/പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. വനത്തിന് പുറത്തെ വൃക്ഷാവരണം വർധിപ്പിക്കുന്നതിന്റെ ഭാഗമായി കർഷകർക്ക് ധനസഹായം നൽകുന്ന പദ്ധതിയായ ട്രീ ബാങ്കിങ് പദ്ധതി നിലവിലുണ്ട്. ടി പദ്ധതിയിൽ അർഹരായ അപേക്ഷകർക്ക് ചന്ദനത്തൈകൾ നട്ടുവളർത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

2. കാവ് സംരക്ഷണ പദ്ധതിയിലുൾപ്പെടുത്തി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരിൽ അർഹരായ ഉടമസ്ഥർക്ക് ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

3. ജനവാസ മേഖലയിൽ എത്തിപ്പെടുന്ന ഉരഗവർഗങ്ങൾ ഉൾപ്പെടെയുള്ള സംരക്ഷിത വിഭാഗങ്ങളിൽപ്പെടുന്ന ജീവികളെ സംരക്ഷിക്കുന്നതിനും അതുവഴി പൊതുജനങ്ങൾക്കുണ്ടാകുന്ന അത്യാഹിതങ്ങൾ ഇല്ലാതാക്കുന്നതിനുമായി വനം വകുപ്പിന്റെ പരിശീലനം സിദ്ധിച്ച സർപ്പ വോളന്റിയർമാരുടെ സഹകരണത്തോടെ അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ തുറന്നുവിട്ട് വരുന്നുണ്ട്. സർപ്പ എഡ്യൂക്കേറ്റേഴ്സിന്റെ സഹകരണത്തോടെ കൂട്ടനാട്ടിലെ വിവിധ സ്കൂളുകളിൽ 'സർപ്പപാഠം' പദ്ധതി നടപ്പാക്കിവരുന്നു.

4. പ്രകൃതി സംരക്ഷണം, വനം-വന്യജീവി സംരക്ഷണം എന്നിവ സംബന്ധിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു.

5. സ്കൂൾ കുട്ടികളെ വന സംരക്ഷണത്തിന്റെ പ്രാധാന്യത്തെപ്പറ്റി ബോധവാന്മാരാക്കുന്നതിനും പ്രകൃതിയുമായി സംവദിക്കുന്നതിനും പ്രകൃതി സംരക്ഷണം മുറുകെപ്പിടിക്കുന്ന ഭാവി പൗരന്മാരായി വാർത്തെടുക്കുകയെന്ന ഉദ്ദേശ്യത്തോടെയും സ്കൂളുകളിൽ ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിച്ചുവരുന്നു. കുട്ടനാട് പ്രദേശത്ത് നിലവിൽ 21 ഫോറസ്ട്രി ക്ലബ്ബുകൾ രജിസ്റ്റർ ചെയ്ത്

പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) കാവുകൾ സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതി കൂട്ടനാട്ടിൽ നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കാവുകളുടെ സംരക്ഷണത്തിനായി ദീർഘകാലാടിസ്ഥാനത്തിൽ ധനസഹായം നൽകുന്ന പദ്ധതി സംസ്ഥാനമൊട്ടാകെ നിലവിലുണ്ട്. ആയത് കൂട്ടനാട് പ്രദേശത്തിനും ബാധകമാണ്. അതിനായി എല്ലാ വർഷവും സാമൂഹിക വനവൽക്കരണ വിഭാഗം അപേക്ഷകൾ ക്ഷണിക്കാറുണ്ട്. ലഭ്യമാകുന്ന അപേക്ഷകളിൽ സ്ഥലപരിശോധന നടത്തി കാവുകളുടെ വിസ്തൃതി, ജൈവവൈവിധ്യം, ഭാവി വികസനസാധ്യതകൾ എന്നീ മാനദണ്ഡങ്ങൾപ്രകാരം അനുയോജ്യമായ കാവുകളുടെ വിവരങ്ങൾ സംസ്ഥാനതല വിദഗ്ധ സമിതിക്ക് സമർപ്പിക്കുന്നു. സംസ്ഥാനതല വിദഗ്ധ സമിതി അതിൽ വിശദമായ പരിശോധന നടത്തി ഒരു ജില്ലയിൽ പ്രതിവർഷം ശരാശരി 5 കാവുകൾ വീതം തിരഞ്ഞെടുക്കുന്നു. തിരഞ്ഞെടുക്കപ്പെടുന്ന കാവുടമകൾ സമർപ്പിക്കുന്ന സൂക്ഷ്മാസൂത്രണ രേഖ, ധാരണാപത്രം എന്നിവ പരിഗണിച്ച് ദീർഘകാലാടിസ്ഥാനത്തിൽ ഗഡുക്കളായി പരമാവധി 25,000/- രൂപവരെ ധനസഹായം അനുവദിച്ചുവരുന്നു.

തിരുവമ്പാടി മണ്ഡലത്തിലെ ഫെൻസിങ് പ്രവൃത്തികൾ

127 (2984) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ വനാതിർത്തികളിൽ ഫെൻസിങ്ങിനായി വിവിധ

സ്കീമുകളിലായി എത്ര പദ്ധതികൾ അനുവദിച്ചെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ?

തിരുവമ്പാടി മണ്ഡലത്തിലെ വനാതിർത്തികളിൽ ഫെൻസിങ്ങിനായി വിവിധ സ്കീമുകളിലായി താഴെപ്പറയുന്ന പദ്ധതികൾ അനുവദിച്ചിട്ടുണ്ട്.

1. NABARD-RIDF-TRANCHE-XXIX പദ്ധതിയിൽപ്പെടുത്തി 12 കി.മീ. ദൂരത്തിൽ നിർമ്മിക്കുന്ന സോളാർ പവർ ഫെൻസിങ്.

2. കൃഷി വകുപ്പുമായി ബന്ധപ്പെട്ട് ആർ.കെ.വി.വൈ. സ്കീമിൽപ്പെടുത്തി 16 കി.മീ. ദൂരത്തിൽ സ്ഥാപിക്കുന്ന ഹാങ്ങിങ് സോളാർ ഫെൻസിങ്.

3. ബഹു. തിരുവമ്പാടി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് 88 ലക്ഷം രൂപ ചെലവിൽ 11 കി.മീ. ദൂരത്തിലുള്ള ഹാങ്ങിങ് സോളാർ ഫെൻസിങ്.

(ബി) പ്രസ്തുത പദ്ധതികളിൽ ഓരോന്നിന്റെയും പുരോഗതി റിപ്പോർട്ട് ലഭ്യമാക്കാമോ?

1. NABARD-RIDF-TRANCHE-XXIX-പദ്ധതിയിൽപ്പെടുത്തി 12 കി.മീ. സോളാർ പവർ ഫെൻസിങ് പ്രവൃത്തിയിൽ 4 കി.മീ. പൂർത്തിയായിട്ടുണ്ട്.

2. കൃഷി വകുപ്പുമായി ബന്ധപ്പെട്ട് ആർ.കെ.വി.വൈ. സ്കീമിൽപ്പെടുത്തി സ്ഥാപിക്കുന്ന ഹാങ്ങിങ് സോളാർ ഫെൻസിങ് പ്രവൃത്തി 60 ശതമാനം പൂർത്തീകരിച്ചു.

3. ബഹു. തിരുവമ്പാടി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് 88 ലക്ഷം രൂപ ചെലവിൽ 11 കി.മീ. ദൂരത്തിലുള്ള ഹാങ്ങിങ് സോളാർ ഫെൻസിങ് പ്രവൃത്തിക്ക്

ഭരണാനുമതി ലഭ്യമായിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭ്യമായി ഉടനെതന്നെ പ്രവൃത്തി ആരംഭിക്കാൻ സാധിക്കും

ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി

128 (2985) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങൾ പഠിക്കുന്നതിനും പരിഹരിക്കുന്നതിനുംവേണ്ടി രൂപീകരിച്ച ഗ്രീൻ ഇന്ത്യ മിഷൻ സംസ്ഥാനത്ത് നടപ്പാക്കി വരുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. കാലാവസ്ഥാ വ്യതിയാനം രാജ്യത്തെ വനങ്ങളുൾപ്പെടെയുള്ള പ്രകൃതിസമ്പത്തിന് കാതലായ മാറ്റംവരുത്തുമെന്നും സർവോപരി ജനജീവിതത്തെയും പ്രകൃതിയുടെ നിലനില്പിനെത്തന്നെയും സാരമായി ബാധിക്കുമെന്നുള്ള തിരിച്ചറിവിലൂടെയാണ് കാലാവസ്ഥാ വ്യതിയാനത്തെ ഫലപ്രദമായി നേരിടുന്നതിനായി കേന്ദ്ര സർക്കാർ വിഭാവനം ചെയ്ത എട്ട് മിഷനുകളിലുൾപ്പെടുത്തി ഗ്രീൻ ഇന്ത്യ മിഷൻ (GIM) (60:40 CSS) എന്ന പദ്ധതി സംസ്ഥാനത്ത് 2016-17 സാമ്പത്തിക വർഷം മുതൽ നടപ്പാക്കിവരുന്നത്. സംസ്ഥാനത്തെ 50 വനവികസന ഏജൻസികൾക്ക് കീഴിലായി രൂപീകരിച്ചിട്ടുള്ള വനസംരക്ഷണ സമിതികൾ (VSS)/ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികൾ (EDCs)/ഗ്രാമ ഹരിത സമിതികൾ (GHS) എന്നിവ വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. 60:40 അനുപാതത്തിൽ ധനസഹായം ലഭ്യമാക്കുന്ന ഈ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ 60% തുക കേന്ദ്ര സർക്കാരും 40% തുക സംസ്ഥാന

സർക്കാരും വഹിക്കുന്നു.

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

കാലാവസ്ഥ വ്യതിയാനംമൂലം പരിസ്ഥിതിക്കും വനങ്ങൾക്കും ഉണ്ടാകാവുന്ന ദോഷവശങ്ങൾക്ക് പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെയാണ് ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി (60:40 CSS) നടപ്പാക്കിവരുന്നത്. 1 മുതൽ 5 വരെ ഉപദൗത്യങ്ങളിലായി പദ്ധതി പ്രവർത്തനങ്ങളെ ഉൾക്കൊള്ളിച്ചിരിക്കുന്നു. നിലവിലുള്ള വനങ്ങളുടെ സംരക്ഷണം, വനസാന്ദ്രത മെച്ചപ്പെടുത്തൽ, നീർച്ചാലുകളുടെ സംരക്ഷണം, നീർമറി പ്രദേശങ്ങളുടെ മണ്ണ്-ജല സംരക്ഷണം, മണ്ണൊലിപ്പ് നിയന്ത്രണം എന്നിവയും വനങ്ങൾക്ക് പുറത്തെ വൃക്ഷാവരണം വർധിപ്പിക്കുന്നതിന് ഉപയുക്തമാകത്തക്ക വിധത്തിൽ വൃക്ഷത്തൈകളുടെ ഉൽപാദനം, വിതരണം, ഇന്ധനാവശ്യത്തിനായി വനത്തെ ആശ്രയിക്കുന്നത് ലഘൂകരിക്കുന്നതിനായി പുനരുപയോഗക്ഷമമായ ഇന്ധനം ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കൽ, തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കൽ, കള നിയന്ത്രണം, മണ്ണൊലിപ്പ് തടയുന്നതിന് സഹായകരമായ മരങ്ങൾ വച്ചുപിടിപ്പിക്കൽ, തടയണ നിർമ്മാണം, ഗള്ളി പ്ലഗ്ഗിങ് തുടങ്ങിയ പ്രവർത്തനങ്ങളാണ് ഈ ഉപദൗത്യങ്ങളിലൂടെ നടപ്പാക്കിവരുന്നത്. സംസ്ഥാനത്തെ 50 വനവികസന ഏജൻസികൾക്ക് കീഴിലായി രൂപീകരിച്ചിട്ടുള്ള വനസംരക്ഷണ സമിതികൾ (VSS)/ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികൾ (EDCs), ഗ്രാമ ഹരിത സമിതികൾ (GHS) എന്നിവ വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. വനാശ്രിത സമൂഹങ്ങൾ അംഗങ്ങളായ VSS/EDC-കൾവഴി പദ്ധതി നടപ്പാക്കുന്നതിലൂടെ വനാശ്രിതരായ പട്ടികജാതി-പട്ടികവർഗ വിഭാഗക്കാർക്കാവശ്യമായ

തൊഴിലവസരങ്ങൾ നൽകുന്നതിനും അതുവഴി അവരുടെ ജീവിതോപാധി വർധനവിനുതകുകയെന്നതും പദ്ധതി ലക്ഷ്യമാണ്.

(സി) സംസ്ഥാനത്ത് ഏതെല്ലാം പ്രദേശങ്ങളിൽ പദ്ധതി നടപ്പാക്കുന്നുവെന്നും പ്രസ്തുത പ്രദേശത്തിന്റെ വിസ്തൃതി, ചെലവഴിച്ച തുക എന്നിവയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ 50 വന വികസന ഏജൻസികൾക്ക് കീഴിലായിവരുന്ന ശോഷിത വനമേഖലകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. 2016-17 സാമ്പത്തിക വർഷം മുതൽ 2024-25 സാമ്പത്തിക വർഷംവരെയുള്ള കാലയളവിൽ മേല്പറഞ്ഞ വനവികസന ഏജൻസികളിലായി ആകെ 75169.55 ഹെക്ടർ വിസ്തൃതി പ്രദേശത്ത് പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി ലക്ഷ്യമിട്ടതിൽ 32184.17 ഹെക്ടർ പ്രദേശത്ത് പദ്ധതിയിൻകീഴിൽ വനസംരക്ഷണ-വനവൽക്കരണ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. അതിനായി ടി കാലയളവിൽ പദ്ധതിയിൻകീഴിൽ ലഭിച്ച 4244.394 ലക്ഷം രൂപ പൂർണ്ണമായും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ 9291.86 ഹെക്ടർ വനപ്രദേശത്ത് പദ്ധതി പ്രവർത്തനങ്ങൾ നടത്താനാണ് പദ്ധതിയിൻകീഴിൽ അംഗീകാരം ലഭിച്ചിട്ടുള്ളത്. ആയതിലേക്കായി 2734.99 ലക്ഷം രൂപ ഈ സാമ്പത്തിക വർഷത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതമായി ലഭിച്ചിട്ടുണ്ട്. ആയതിൽ നാളിതുവരെ 5680 ലക്ഷം രൂപ വിവിധ വനവികസന ഏജൻസികൾ പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്.

വടക്കാഞ്ചേരി മണ്ഡലത്തിലെ ഫോറസ്റ്റ് സ്റ്റേഷൻ കെട്ടിടങ്ങളും ക്വാർട്ടേഴ്സുകളും

129 (2986) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ മച്ചാട്, വടക്കാഞ്ചേരി റേഞ്ച് ഫോറസ്റ്റ് ഓഫീസുകൾക്കും വാഴാനി ഫോറസ്റ്റ് സ്റ്റേഷനും കെട്ടിടങ്ങളും ക്വാർട്ടേഴ്സുകളും പുനർനിർമ്മിക്കുന്നതിനായുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതുൾപ്പെടെയുള്ള പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് പദ്ധതി പ്രൊപ്പോസലിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

(എ&ബി) വടക്കാഞ്ചേരി മണ്ഡലത്തിലെ മച്ചാട്, വടക്കാഞ്ചേരി റേഞ്ച് ഫോറസ്റ്റ് ഓഫീസുകൾക്കും വാഴാനി ഫോറസ്റ്റ് സ്റ്റേഷനും കെട്ടിടങ്ങളും ക്വാർട്ടേഴ്സുകളും NABARD RIDF TRANCHE XXXI പദ്ധതിയിലുൾപ്പെടുത്തി പുനർനിർമ്മിക്കുന്നതിനായുള്ള ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാരിന്റെ സജീവ പരിശോധനയിലാണ്.

നവകിരണം പദ്ധതി

130 (2987) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകിരണം പദ്ധതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാന സർക്കാർ നവകേരള പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്ന വിവിധ പദ്ധതികളിൽ സുപ്രധാനമായതും വനം വകുപ്പിന്റെ നേതൃത്വത്തിൽ RKDP, KIIFB എന്നിവയുടെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്നതുമായ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിയാണ് 'നവകിരണം' എന്ന നാമധേയത്തിൽ അറിയപ്പെടുന്ന പദ്ധതി. 2019 നവംബർ 14-ന് ആരംഭിച്ച പദ്ധതിപ്രകാരം, വനാന്തരങ്ങളിൽ ഒറ്റപ്പെട്ട് താമസിക്കുന്ന ആദിവാസി വിഭാഗത്തിൽ ഉൾപ്പെടാത്ത കുടുംബങ്ങൾക്ക് സ്വമേധയായുള്ള പുനരധിവാസത്തിന് അവസരം നൽകുന്നു. വനാന്തരങ്ങളിൽ ജീവിക്കുന്ന മനുഷ്യർ നേരിടുന്ന വിവിധ വെല്ലുവിളികളായ മനുഷ്യ-വന്യജീവി സംഘർഷം, പ്രകൃതിദുരന്തങ്ങൾ, പരിമിതമായ ജീവിത സൗകര്യങ്ങൾ തുടങ്ങിയവയ്ക്കുള്ള ശാശ്വത പരിഹാരമായാണ് ഈ പദ്ധതിയെ രൂപപ്പെടുത്തിയിരിക്കുന്നത്. പദ്ധതിപ്രകാരം ഓരോ അർഹതപ്പെട്ട കുടുംബത്തിനും 15 ലക്ഷം രൂപ വീതമാണ് സാമ്പത്തിക പാക്കേജായി നിശ്ചയിച്ചിട്ടുള്ളത്. തുക രണ്ട് ഗഡുക്കളായാണ് അനുവദിക്കുന്നത്. പദ്ധതിപ്രദേശത്ത് താമസമില്ലെങ്കിലും ഭൂമിയുള്ളവർക്ക് ഈ പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്. പദ്ധതി പ്രദേശത്ത് താമസിക്കുന്ന അപേക്ഷകർക്ക് പദ്ധതിയുടെ അംഗീകൃത മാർഗരേഖപ്രകാരം ഉപയോഗിറ്റിന് അർഹതയുണ്ട്.

പൊതുജനങ്ങളുടെ പൂർണ്ണ സമ്മതത്തോടെ അവരുടെ ഭൂമി മതിയായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് സർക്കാർ റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതി (14-11-2019-ലെ ജി.ഒ.(ആർ.ടി.) 483/2018/പി&ഇ.എ. നമ്പർ ഉത്തരവ്), KIIFB PHASE-II (23-01-2020-ലെ ജി.ഒ. (എം.എസ്.) 2/2020/വനം വന്യജീവി, 02-08-2021-ലെ ജി.ഒ(എം.എസ്.) 12/2021/വനം വന്യജീവി നമ്പർ ഉത്തരവുകൾ) എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു.

കേരളത്തിലെ വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി ഇതര കുടുംബങ്ങൾ സ്വമേധയാ അതത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് തങ്ങളുടെ കൈവശഭൂമി മേൽപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷ നൽകാവുന്നതും അപേക്ഷകർ ഉൾപ്പെട്ടിട്ടുള്ള സെറ്റിൽമെന്റ് മേൽ പദ്ധതിയുടെ അംഗീകൃത മാർഗരേഖയുടെ അടിസ്ഥാനത്തിൽ അംഗീകൃതമാണോയെന്ന് ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പരിശോധിക്കുന്നതുമാണ്. ആയത് അംഗീകൃതമാണെങ്കിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ബന്ധപ്പെട്ട ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ മുഖേന സ്പെഷ്യൽ ഓഫീസർ, RKDP-ക്ക് സമർപ്പിക്കുകയും ആയത് സ്പെഷ്യൽ ഓഫീസർ, RKDP, സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയിൽ അവതരിപ്പിച്ച്, ടി സെറ്റിൽമെന്റിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അതിലുൾപ്പെട്ടിട്ടുള്ള അപേക്ഷകരുടെ കൈവശഭൂമി സ്ഥലപരിശോധന, ബന്ധപ്പെട്ട രേഖകളുടെ പരിശോധന തുടങ്ങിയവ നടത്തി ഓരോ അർഹതപ്പെട്ട കുടുംബങ്ങൾക്കും പദ്ധതി തുകയായ 15 ലക്ഷം രൂപ രണ്ട് ഗഡുക്കളായി നൽകിവരുന്നു. ആദ്യ ഗഡു അനുവദിച്ചതിനുശേഷം അപേക്ഷകൻ സർക്കാരിലേക്ക് അപഭൂമി കൈമാറുന്ന മുറയ്ക്കാണ് പദ്ധതിത്തുകയുടെ രണ്ടാംഗഡു അനുവദിക്കുന്നത്.

- ഇപ്രകാരം തിരഞ്ഞെടുക്കുന്ന പദ്ധതി പ്രദേശത്ത് താമസിക്കുന്നവർക്കും ഭൂമിയുള്ളവർക്കും പദ്ധതിയിൽ പങ്കാളികളാകാം. എന്നാൽ പദ്ധതി പ്രദേശത്ത് താമസിക്കുന്ന വ്യക്തികൾക്ക് അപേക്ഷകനോടൊപ്പം ആശ്രിതനായി താമസിക്കുന്ന താഴെപ്പറയുന്ന വ്യക്തികൾക്ക് ഉപയൂണിറ്റിനും അർഹനാണ് (പതിനഞ്ച് ലക്ഷം രൂപ വീതം).

1. പ്രായപൂർത്തിയായ മകനോ, മകളോ (18 വയസ്സിന് മുകളിൽ) വിവാഹിതരോ അല്ലയോ എന്നത് കണക്കിലെടുക്കാതെ.
2. 18 വയസ്സിനുമുകളിൽ പ്രായമുള്ള സഹോദരനോ സഹോദരിയോ.
3. ശാരീരികമായോ മാനസികമായോ വെല്ലുവിളികൾ നേരിടുന്നവർ (പ്രായം കണക്കിലെടുക്കാതെ).
4. അനാഥർ.
5. വിധവ അല്ലെങ്കിൽ വിവാഹമോചിത.

- രണ്ട് ഹെക്ടർവരെ ഭൂമിയുള്ള ഒരു അർഹതപ്പെട്ട കുടുംബത്തിന് മുഴുവൻ പാക്കേജ് തുകയായ 15 ലക്ഷം രൂപ ലഭ്യമാകും.

- വനമേഖലയിൽ സ്ഥിരതാമസമില്ലാത്ത കുടുംബമാണെങ്കിൽ പ്രായപൂർത്തിയായ മകൻ/മകൾ എന്നിങ്ങനെ കണക്കാക്കാതെ നഷ്ടപരിഹാരം ഒരു അർഹതപ്പെട്ട കുടുംബം മാത്രമായി നിജപ്പെടുത്തുന്നതാണ്.

രണ്ട് ഹെക്ടറിനുമേൽ വിസ്തൃതിയിലുള്ള ഭൂമിയെങ്കിൽ അധികമായുള്ള ഓരോ രണ്ട് ഹെക്ടറിനെയും ഒരു പാർപ്പിട യൂണിറ്റായി കണക്കാക്കുന്നതാണ്. ഇത് പരമാവധി കേരള ലാൻഡ് സീലിങ് പരിധിയായ ആറ് ഹെക്ടർ (15 ഏക്കർ) വരെ നിജപ്പെടുത്തിയിരിക്കുന്നു.

നാളിതുവരെ KIIFB 'നവകിരണം' പദ്ധതിയിൽ 173 കുടുംബ യൂണിറ്റുകൾക്ക് പദ്ധതിയുടെ മുഴുവൻ തുകയും അനുവദിക്കുകയും 226 കുടുംബ യൂണിറ്റുകൾക്ക് ഒന്നാം ഗഡു അനുവദിക്കുകയും ഇപ്രകാരം 45.3359 ഹെക്ടർ ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുകയും ചെയ്തിട്ടുള്ളതാണ്. രണ്ടാം ഗഡു അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇപ്രകാരം 399 കുടുംബ

യൂണിറ്റുകൾക്ക് KIIFB പദ്ധതിയിലൂടെ 42.90 കോടി രൂപ അനുവദിച്ചിട്ടുള്ളതാണ്.

RKDP 'നവകിരണം' പദ്ധതിയിൽ നാളിതുവരെ 629 കുടുംബ യൂണിറ്റുകൾക്ക് പദ്ധതിയുടെ മുഴുവൻ തുകയും അനുവദിക്കുകയും 12 കുടുംബ യൂണിറ്റുകൾക്ക് ഒന്നാം ഗഡു അനുവദിക്കുകയും ഇപ്രകാരം 108.7319 ഹെക്ടർ ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുകയും ചെയ്തിട്ടുള്ളതാണ്. രണ്ടാം ഗഡു അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇപ്രകാരം 641 കുടുംബ യൂണിറ്റുകൾക്ക് RKDP പദ്ധതിയിലൂടെ 95.25 കോടി രൂപ അനുവദിച്ചിട്ടുള്ളതാണ്.

(ബി) വനാശ്രിതർക്ക് വരുമാനം, തൊഴിലവസരം എന്നിവ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വനാശ്രിതർക്ക് വരുമാനം, തൊഴിലവസരം എന്നിവ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഇക്കോ-ഡെവലപ്മെന്റ് & ടൈബൽ വെൽഫെയർ വിഭാഗം വഴി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

- 1988-ലെ ദേശീയ വന നയപ്രകാരം വനവൽക്കരണം, വനസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയിൽ വനാശ്രിതരായ പ്രാദേശിക ജനസമൂഹങ്ങളെ ഉൾപ്പെടുത്തുന്നതിന് ഊന്നൽ നൽകുന്നു. ഇതിനായി ദേശീയ വന നയത്തിൽ വിഭാവനം ചെയ്തിട്ടുള്ള പങ്കാളിത്ത വന പരിപാലനം സംസ്ഥാനത്ത് 1998 മുതൽ നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹത്തിലെ അംഗങ്ങളെ പങ്കാളികളാക്കി കേരളത്തിലെ 25 ടെറിട്ടോറിയൽ വനം ഡിവിഷനുകളിലും 11 വന്യജീവി വനം ഡിവിഷനുകളിലുമായി 427 വനസംരക്ഷണ

സമിതികളും (VSS) 213 ഇക്കോ-ഡെവെലപ്മെന്റ് കമ്മിറ്റികളും (EDC's) രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. VSS/EDC അംഗങ്ങൾക്ക് കൂടുതൽ തൊഴിലും അതുവഴി മെച്ചപ്പെട്ട വരുമാനവും ഉണ്ടാകുന്നതിന് സഹായകരമാകുന്ന വിധത്തിൽ താഴെപ്പറയുന്ന വിവിധ പങ്കാളിത്ത വനപരിപാലന പരിപാടികളിൽ അവരെ പങ്കാളികളാക്കിവരുന്നു:

- ആകെയുള്ള 640 VSS-കളിൽ 166 എണ്ണം ആദിവാസി വനസംരക്ഷണ സമിതികളാണ് (ADSS). ടി സമിതികളിൽ ആദിവാസികൾ മാത്രമാണ് അംഗങ്ങളായിട്ടുള്ളത്. ടി സമിതികൾ ഏറ്റെടുത്ത് നടപ്പാക്കുന്ന പങ്കാളിത്ത വനപരിപാലന പരിപാടികളിലെ നേട്ടങ്ങൾ ടി സമിതി അംഗങ്ങൾക്ക് നേരിട്ട് ലഭിക്കുന്നു.

- VSS/EDC അംഗങ്ങളെ ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ പരിപാലനത്തിനും സന്ദർശക സുരക്ഷയ്ക്കുമായി ഗൈഡുമാരായി നിയോഗിക്കുന്നു. കൂടാതെ ട്രക്കിങ് മുതലായ ഇക്കോ ടൂറിസം പരിപാടികളിലും ഇവരെ പങ്കെടുപ്പിക്കുന്നു. ഇതുവഴി വനാശ്രിത സമൂഹത്തിലെ അംഗങ്ങൾക്ക് മെച്ചപ്പെട്ട തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിന് സാധിക്കുന്നു.

- വനാശ്രിതരായ ആദിവാസികളുടെ പ്രധാന തൊഴിലും വരുമാന മാർഗവും വനത്തിൽനിന്നും ലഭിക്കുന്ന ചെറുകിട വനവിഭവങ്ങളുടെ (MFP) ശേഖരണവും വിപണനവുമാണ്. ആദിവാസികൾ വനത്തിൽനിന്നും ശേഖരിക്കുന്ന ടി വന വിഭവങ്ങൾക്ക് മെച്ചപ്പെട്ട വിപണിയും വിലയും ലഭിക്കുന്നതിനായി വനം വകുപ്പ് 'വനശ്രീ' പദ്ധതി നടപ്പാക്കുന്നു. ആദിവാസികൾ ശേഖരിക്കുന്ന ചെറുകിട വനവിഭവങ്ങൾ സംസ്കരിച്ച്, മൂല്യവർധനവ് വരുത്തി വനശ്രീയിലൂടെ നേരിട്ട്

വിപണനം ചെയ്യുന്നു. ഇത് ടി വിഭവങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് സഹായിക്കുന്നു.

- കൂടാതെ വനശ്രീ യൂണിറ്റുകളിൽ വനാശ്രിത സമൂഹത്തിലെ അംഗങ്ങളെയാണ് വിപണത്തിനായും സംസ്കരണ-മൂല്യവർധിത പ്രവൃത്തികൾക്കായും നിയോഗിക്കുന്നത്. അതുവഴിയും അവർക്ക് തൊഴിലും വരുമാനവും ലഭ്യമാകുന്നു.

- കേന്ദ്ര സർക്കാർ ഏജൻസികളായ ദേശീയ ഔഷധസസ്യ ബോർഡ് (NMPB) പദ്ധതി വഴിയും TRIFED-ന്റെ ധനസഹായത്തോടെയുള്ള MSP for MFP പദ്ധതി വഴിയും ചെറുകിട വന വിഭങ്ങളുടെ ശേഖരണത്തിനായി ഗോഡൗൺ/സ്റ്റോറേജ് സംവിധാനങ്ങളും ആധുനിക യന്ത്രസഹായത്തോടെയുള്ള സംസ്കരണ യൂണിറ്റുകളും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ MSP for MFP പദ്ധതി വഴി പുതിയ വനശ്രീ യൂണിറ്റുകളും വനശ്രീ യൂണിറ്റുകളുടെ ആധുനികവൽക്കരണവും നടത്തിയിട്ടുണ്ട്. വനശ്രീ പദ്ധതിയുടെ ആധുനികവൽക്കരണത്തിലൂടെ കൂടുതൽ വിപണി കണ്ടെത്തുന്നതിനും അത് വനാശ്രിതരുടെ വരുമാന വർദ്ധനവിനും ഉതകുന്നു.

- കേരളത്തിലെ വനത്തിൽനിന്നും ലഭ്യമാകുന്ന ചെറുകിട വനവിഭവങ്ങളിൽ പ്രധാനമായ ഒന്നാണ് കാട്ടുതേൻ. MSP for MFP പദ്ധതി വഴി തേൻ ശേഖരിക്കുന്ന ആദിവാസികൾക്ക് റിവോൾവിങ് ഫണ്ട് രൂപീകരിച്ച് ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

- MSP for MFP പദ്ധതിയിൻകീഴിൽ കേരളത്തിൽ ലഭ്യമായ 24 ഇനം ചെറുകിട

വനവിഭവങ്ങളെ കേന്ദ്ര സർക്കാരിന്റെ ചെറുകിട വനവിഭവങ്ങൾക്കുള്ള താങ്ങുവില പട്ടികയിൽ ഉൾപ്പെടുത്താനും ഈ പദ്ധതി വഴി സാധിക്കുകയും അതിലൂടെ ടി വിഭവങ്ങൾക്ക് മിനിമം തുക ലഭിക്കുന്നതിന് സഹായകരമാവുകയും ചെയ്തിട്ടുണ്ട്.

- എല്ലാ വർഷവും SC/ST ഫെഡറേഷന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പട്ടികവർഗ വികസന സൊസൈറ്റികൾക്ക് ചെറുകിട വനവിഭവ ശേഖരണത്തിനായി വനം റേഞ്ചുകൾ അനുവദിച്ചുനൽകുന്നു. ഇത്തരത്തിൽ ശേഖരിക്കുന്ന വന വിഭവങ്ങൾ ടി സൊസൈറ്റികൾ നേരിട്ടും ഫെഡറേഷൻ വഴിയും വിപണനം ചെയ്യുന്നതിലൂടെയും അവർക്ക് വരുമാനം ലഭിക്കുന്നു.

- പ്രധാൻമന്ത്രി വൻ ധൻ യോജന-വൻ ധൻ വികാസ് കേന്ദ്ര (PMJVM-VDVK 100% CSS) പദ്ധതിക്കുകീഴിൽ VDVK-കൾ രൂപീകരിക്കുന്ന പദ്ധതി സംസ്ഥാന വന വികസന ഏജൻസി (SFDA, KERALA)-യുടെ ആഭിമുഖ്യത്തിൽ 2021-22 മുതൽ വനം വകുപ്പ് നടപ്പാക്കിവരുന്നു. ആദിവാസി വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനത്തിനായുള്ള മാസ്റ്റർ പ്ലാനായി “വൻ ധൻ' സ്റ്റാർട്ടപ്പുകൾ കരുതപ്പെടുന്നു. ആദിവാസി സമൂഹത്തിന്റെ സഹകരണത്തോടെ 'വൻ ധൻ വികാസ് കേന്ദ്ര ക്ലസ്റ്ററുകൾ (VDVKC) സ്ഥാപിക്കുകയെന്നതാണ് VDVK പദ്ധതിയുടെ പ്രധാന ആശയം. ഒരു VDVK ക്ലസ്റ്ററിൽ 10 മുതൽ 15 വരെ SHGs ഉണ്ടായിരിക്കും. ഓരോന്നിലും 20 വരെ MFP ശേഖരിക്കുന്നവരോ കരകൗശല വിദഗ്ധരോ ആയ വനാശ്രിതർ ഉൾപ്പെടുന്നു. നിലവിൽ 31 VDVK-കൾ വനം വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. ഇതിൽ 442

SHGs-കൾ ഉൾപ്പെടുന്നു. പദ്ധതിയിൽ 8138 ട്രൈബൽ സംരംഭകർ പങ്കാളികളാണ്. 31 VDVK-കൾവഴി 63 മൂല്യവർധിത ചെറുകിട വനവിഭവങ്ങൾ നിലവിൽ വിപണനം ചെയ്തുവരുന്നുണ്ട്. വൻ ധൻ വികാസ് കേന്ദ്ര (VDVK)-യിലൂടെ വനാശ്രിത സമൂഹങ്ങൾക്ക് വിവിധ വന ഉല്പന്നങ്ങൾ മൂല്യവർധനവ് നടത്തി വില്പന നടത്താൻ അവസരമൊരുക്കുന്നതിനുപുറമെ അവരെ സംരംഭകരാക്കുന്നതിനുവേണ്ട സാമ്പത്തിക-സാങ്കേതിക സഹായവും ഈ പദ്ധതിവഴി നൽകുന്നുണ്ട്.

- പ്രധാൻമന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാൻ സ്കീം (PMJANMAN)-PVTG VDVK (100% CSS) പദ്ധതിവഴി കേരളത്തിലെ ആദിവാസി വിഭാഗങ്ങളിലെ അതിദുർബല വിഭാഗക്കാരായ (Particularly vulnerable tribal groups-PVTG) കാടർ, കുറുമ്പർ, കൊറഗർ, ചോലനായ്കൻ, കാട്ടുനായ്കൻ എന്നിങ്ങനെ 5 വിഭാഗങ്ങളുടെ ശക്തീകരണത്തിനായി PVTGVDVK-കൾ രൂപീകരിക്കുന്നതിനുള്ള പദ്ധതി TRIFED-ന്റെ ധനസഹായത്തോടെ സംസ്ഥാന വന വികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ 2023-24 മുതൽ നടപ്പാക്കിവരുന്നു. കേരളത്തിൽ നിലവിൽ വയനാട്, പാലക്കാട് ജില്ലകളിലായി ഏഴ് PVTGVDVK-കൾ രൂപീകരിച്ചിട്ടുണ്ട്. ടി PVTGVDV-കളിലായി 537 പേർ അംഗങ്ങളാണ്.

- ഇവ കൂടാതെ മണ്ണാർക്കാട് വനം ഡിവിഷനുകീഴിൽ അട്ടപ്പാടിയിലെ കുറുമ്പ, ഇരുള, മുഡഗർ തുടങ്ങിയ ആദിവാസി വിഭാഗങ്ങൾ ശേഖരിക്കുന്ന ഓഷധ സസ്യങ്ങൾ വി.എസ്.എസ്. മുഖേന ഏകീകരിച്ച് നേരിട്ട് വിവിധ ആയുർവേദ കമ്പനികൾക്ക്

വിതരണം ചെയ്യുന്ന 'വനാമൃതം പദ്ധതി, മൂന്നാർ വന്യജീവി ഡിവിഷനുകീഴിൽ (ആനമുടി FBA) 2015-16 വർഷങ്ങളിൽ മില്ലറ്റുകളും മറ്റ് പരമ്പരാഗത കാർഷിക വിളകളും സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'പുനർജ്ജീവനം' പദ്ധതി, മറയൂർ ഡിവിഷനുകീഴിൽ ആരംഭിച്ച 'ചില്ല', 'ഇല' തുടങ്ങിയ സംരംഭങ്ങളും വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ വനവിഭവങ്ങളുടെ മെച്ചപ്പെട്ട വിപണനത്തിനായി ഏർപ്പെടുത്തിയിട്ടുണ്ട്.

- വനം വകുപ്പ് നടപ്പാക്കുന്ന കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളിൽ 50% ആദിവാസികൾ ഉൾപ്പെടെയുള്ള VSS/EDC-കൾ വഴിയാണ് ചെയ്തുവരുന്നത്.

- കേന്ദ്രാവിഷ്കൃത പദ്ധതിയായ ഗ്രീൻ ഇന്ത്യ മിഷൻ (GIM) പദ്ധതി ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ പങ്കാളിത്ത വന പരിപാലന തത്വത്തിൻകീഴിലായാണ് നടപ്പാക്കുന്നത്. ടി പദ്ധതിയിലൂടെ തൊഴിൽ ലഭിക്കുന്നതിനും സ്വയംതൊഴിൽ പരിശീലനത്തിനുള്ള അവസരങ്ങളും VSS/EDC-കളുടെ ശക്തീകരണ പ്രവർത്തനങ്ങളും നടപ്പാക്കിയിട്ടുണ്ട്.

- കൂടാതെ ആദിവാസി വിഭാഗത്തിൽപ്പെട്ടവരിൽനിന്ന് 500 പേരെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായും 700 പേരെ ഫോറസ്റ്റ് വാച്ചർമാരായും വനം വകുപ്പിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റുവഴി നിയമിച്ചു. ഇതുവഴി ആദിവാസി വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനും അതുവഴി മികച്ച വരുമാനവും ജീവിത സാഹചര്യവും ഒരുക്കുന്നതിനും സാധിക്കുന്നു.

പട്ടാമ്പി മണ്ഡലത്തിൽ വനം വകുഷ് മുഖാന്തരം നടപ്പാക്കിയ പ്രവൃത്തികൾ

131 (2988) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനം വകുപ്പ് മുഖാന്തരം പട്ടാമ്പി മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എന്നിവ വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

വടക്കാഞ്ചേരി മണ്ഡലത്തിലെ അകമല ഫോറസ്റ്റ് സ്റ്റേഷൻ പ്രവർത്തനം

132 (2989) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ അകമല ഫോറസ്റ്റ് സ്റ്റേഷൻ പ്രവർത്തനം പൂർണ്ണതോതിൽ പുനഃസ്ഥാപിക്കുന്ന നടപടികളുടെ പുരോഗതി അറിയിക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിലെ അകമല ഫോറസ്റ്റ് സ്റ്റേഷൻ പ്രവർത്തനം പൂർണ്ണതോതിൽ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ നിലവിൽ പരിഗണനയിലില്ല.

(ബി) മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞത്തിന്റെ ഭാഗമായി വടക്കാഞ്ചേരി മണ്ഡലത്തിൽ വിഭാവനം ചെയ്യുന്ന പ്രവൃത്തികൾ വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ തീവ്രയജ്ഞത്തിന്റെ ഭാഗമായി വടക്കാഞ്ചേരി നിയോജകമണ്ഡലത്തിനുകീഴിലുള്ള 10 പഞ്ചായത്തുകളിലും വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലുമായി പരാതിപ്പെട്ടികൾ സ്ഥാപിക്കുകയും ആയതിൽ 30-09-2025 വരെ ആകെ 244 പരാതികൾ ലഭിക്കുകയും ചെയ്തിട്ടുള്ളതാണ്. നിലവിൽ ടി പരാതികൾ തരംതിരിച്ച് ഡിവിഷൻ, റേഞ്ച് തലത്തിൽ തീർപ്പാക്കാവുന്ന പരാതികൾക്ക് മറുപടി നൽകുന്ന നടപടികൾ നടന്നുവരികയാണ്.

(സി) മനുഷ്യ-വന്യജീവി സംഘർഷം വർധിച്ചുവരുന്ന സാഹചര്യത്തിൽ അകമല ഫോറസ്റ്റ് സ്റ്റേഷൻ പ്രവർത്തനം പൂർണ്ണ തോതിൽ പുനഃസ്ഥാപിക്കുന്ന നടപടികൾ ഊർജിതപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ?

അകമല ഉൾപ്പെടുന്ന പ്രദേശങ്ങളിലെ മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കാനായി അകമല കേന്ദ്രീകരിച്ച് ഒരു സാറ്റലൈറ്റ് ആർ.ആർ.ടി. പ്രവർത്തിച്ചുവരുന്നുണ്ട്. ടി ആർ.ആർ.ടി.-യിൽ ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, 4 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ, 2 NMR വാച്ചർമാർ എന്നിവരുടെ സ്ഥിരസേവനം ലഭിക്കുന്നുണ്ട്. കൂടാതെ ബഹു. വടക്കാഞ്ചേരി എം.എൽ.എ.-യുടെ ഫണ്ടിൽനിന്നും ലഭിച്ച ഒരു വാഹനവും ടി ആർ.ആർ.ടി.-യിൽ ലഭ്യമാണ്.

വടക്കാഞ്ചേരി മണ്ഡലത്തിലെ സോഷ്യൽ ഫോറസ്ട്രി റേഞ്ച് ഓഫീസ്

133 (2990) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ കരുതക്കാട് നിർമ്മാണം പുരോഗമിക്കുന്ന സോഷ്യൽ ഫോറസ്ട്രി റേഞ്ച് ഓഫീസിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

തൃശ്ശൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകീഴിൽ വടക്കാഞ്ചേരി മണ്ഡലത്തിലെ കരുതക്കാട് നിർമ്മാണം പുരോഗമിക്കുന്ന സോഷ്യൽ ഫോറസ്ട്രി റേഞ്ച് ഓഫീസിന്റെ നിർമ്മാണപ്രവർത്തനങ്ങൾ 50% പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി ജോലികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(ബി) സോഷ്യൽ ഫോറസ്ട്രി റേഞ്ച് ഓഫീസ് നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തിയാക്കാനാകുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

സോഷ്യൽ ഫോറസ്ട്രി റേഞ്ച് ഓഫീസിന്റെ നിർമ്മാണം 2026 ഫെബ്രുവരി മാസത്തോടെ പൂർത്തിയാക്കാനാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

പൂഞ്ഞാർ മണ്ഡലത്തിലെ പട്ടയം വിതരണം ചെയ്യുന്നതിലുള്ള തടസ്സങ്ങൾ നീക്കാൻ നടപടി

134 (2991) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക്, എരുമേലി വടക്ക്, കോരുത്തോട് വില്ലേജുകളിൽപ്പെട്ട വനമേഖലയോടുചേർന്ന് താമസിക്കുന്നവർക്ക് പട്ടയം വിതരണം ചെയ്യുന്നതിന് വനം വകുപ്പിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ

വ്യക്തമാക്കാമോ?

(എ&ബി) കോട്ടയം വനം ഡിവിഷനിൽപ്പെട്ടതും പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക്, എരുമേലി വടക്ക്, കോരുത്തോട് വില്ലേജുകളിലെ വനഭൂമിയൊഴികെയുള്ള പ്രദേശങ്ങളിൽ പട്ടയം വിതരണം ചെയ്യുന്നതിന് വനം വകുപ്പിന് തടസ്സങ്ങളില്ല.

വനം വകുപ്പിന്റെ കീഴിലുള്ള ടൂറിസം കേന്ദ്രങ്ങൾ

135 (2992) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിലുള്ള ടൂറിസം കേന്ദ്രങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിലുള്ള ടൂറിസം കേന്ദ്രങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത സെന്ററുകളിൽനിന്ന് സംസ്ഥാന സർക്കാരിന് കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ലഭിച്ച വരുമാനം എത്രയാണെന്ന് വിശദമാക്കാമോ?

പ്രസ്തുത സെന്ററുകളിൽനിന്ന് 2023, 2024 വർഷത്തിലും 2025 മാർച്ച് വരെയും ലഭിച്ച വരുമാനം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ സൈറ്റിൽ ലഭ്യമാണ്.

വൈൽഡ് ലൈഫ് സർക്കിൾ പാലക്കാട്, ഫീൽഡ് ഡയറക്ടർ പെരിയാർ ടൈഗർ റിസർവ് കോട്ടയം, അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് തിരുവനന്തപുരം, വാഴച്ചാൽ ഡിവിഷൻ എന്നിവയ്ക്ക് കീഴിലുള്ള ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽനിന്നും 2023-24 സാമ്പത്തിക വർഷത്തിൽ 459.37 ലക്ഷം രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ 491.76 ലക്ഷം രൂപയും സർക്കാരിലേക്ക് 0406-00-800-98 Receipt from Wildlife department എന്ന ബജറ്റ് ശീർഷകത്തിൽ ഒടുക്കിയിട്ടുണ്ട്.

(സി) വനം വകുപ്പിനുകീഴിലുള്ള ടൂറിസം കേന്ദ്രങ്ങളിൽ ആദിവാസികളുടെ നേതൃത്വത്തിലുള്ള ചികിത്സാസൗകര്യം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

വനം വകുപ്പിനുകീഴിലുള്ള ടൂറിസം കേന്ദ്രങ്ങളിൽ ആദിവാസികളുടെ നേതൃത്വത്തിലുള്ള ചികിത്സാസൗകര്യം ഒരുക്കുന്നത് നിലവിൽ പരിഗണനയിലില്ല.

വനമേഖലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ

136 (2993) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിലെ വിവിധ ഇക്കോ ടൂറിസം, സംരക്ഷണ, വികസന ഏജൻസികളെ ഒരു കുടക്കീഴിൽ കൊണ്ടുവരാൻ സർക്കാർ രൂപീകരിച്ചിരിക്കുന്ന പുതിയ ബോർഡിന്റെ പ്രധാന ലക്ഷ്യമെന്താണെന്ന് അറിയിക്കാമോ?

വനമേഖലയിലെ വിവിധ ഇക്കോ ടൂറിസം, സംരക്ഷണ, വികസന ഏജൻസികളെ ഒരു

കൂടക്കീഴിൽ കൊണ്ടുവരാൻ ഇക്കോ ടൂറിസം ബോർഡ് നിലവിൽ രൂപീകരിച്ചിട്ടില്ല. ആയത് രൂപീകരിക്കുന്നത് സംബന്ധിച്ച ചർച്ചകൾ നടന്നുവരികയാണ്.

(ബി) പുതിയ ബോർഡിനുകീഴിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്ന സംഘടനകളിൽ ഏതെങ്കിലും രണ്ടെണ്ണം ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ ബോർഡിന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി സർക്കാർ ഏത് രീതിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) വനത്തിനുള്ളിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ മറ്റാരെയും ഏല്പിക്കാനാകില്ലെന്ന് വനം വകുപ്പ് വ്യക്തമാക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ?

(ബി-ഡി) ബാധകമല്ല.

വനം വകുപ്പിന് കീഴിലുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ

137 (2994) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിലുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ ആകെ ഉപയോഗയോഗ്യമായ എത്ര മുറികളാണുള്ളതെന്നതിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ എവിടെയെല്ലാം എത്ര റൂമുകൾ വീതമാണുള്ളതെന്ന വിവരം അറിയിക്കാമോ?

വനം വകുപ്പിന്റെ കീഴിലുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ ആകെ ഉപയോഗയോഗ്യമായ മുറികളുടെ എണ്ണം സംബന്ധിച്ച വിശദവിവരം അനുബന്ധമായി

ചേർക്കുന്നു.+

(ബി) വനം വകുപ്പിന്റെ കീഴിൽ പൊതുപണമുപയോഗിച്ച് നിർമ്മിച്ച ഇൻസ്പെക്ഷൻ ബംഗ്ലാവിൽ അതിഥികളായി വരുന്നവർക്കും വനം വകുപ്പ് ഒഴികെയുള്ള മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും പൊതുജനത്തിനും താമസിക്കാൻ റൂം അനുവദിക്കുന്നതിന്റെ മാനദണ്ഡവും നിശ്ചയിച്ചിട്ടുള്ള ദിവസ വാടകയും വ്യക്തമാക്കാമോ?

വനം വകുപ്പിന്റെ ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ മുറികൾ അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം അനുബന്ധമായി ചേർക്കുന്നു.+

(സി) വനം വകുപ്പിന്റെ കീഴിലുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവിന്റെ നടത്തിപ്പിന്റെ പൊതുചുമതല ആർക്കാണെന്നും ഓരോ സ്ഥലത്തേയും മുറികൾ അനുവദിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരാണെന്നും പൊതുജനങ്ങൾ മുറികൾക്കായി ആരെയാണ് സമീപിക്കേണ്ടതെന്നും വ്യക്തമാക്കുമോ; മുറികളിൽ താമസിക്കാൻ അനുവദിക്കുന്ന മാനദണ്ഡം വ്യക്തമാക്കുമോ?

വനം വകുപ്പിന്റെ കീഴിലുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവിന്റെ നടത്തിപ്പിന്റെ പൊതുചുമതല അതത് ഡിവിഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനാണ്. ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ മുറികൾ അനുവദിക്കുന്നത് ഡിവിഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനാണ്. വനം വകുപ്പിന്റെ ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ മുറികൾ അനുബന്ധത്തിൽ പരാമർശിച്ച മാനദണ്ഡങ്ങൾക്കനുസരിച്ചാണ് അനുവദിക്കുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) വനം വകുപ്പിന് കീഴിലുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ പൊതുജനങ്ങൾക്ക് ഏതെല്ലാം രീതിയിൽ റൂമുകൾ ബുക്ക് ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; ഇതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

വനം വകുപ്പിനുകീഴിലുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ പൊതുജനങ്ങൾക്ക് ഡിവിഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനുമായി ബന്ധപ്പെട്ട് അനുബന്ധത്തിൽ പരാമർശിച്ച മാനദണ്ഡങ്ങൾക്ക് വിധേയമായി റൂം ബുക്ക് ചെയ്യാവുന്നതാണ്. നിലവിൽ റൂം ബുക്ക് ചെയ്യുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

വനം വകുപ്പ് ജീവനക്കാർക്ക് പരിശീലനം

138 (2995) ശ്രീ. കെ. യു. ജനീഷ് കുമാർ:

ശ്രീ. കെ. കെ. രാമചന്ദ്രൻ:

ശ്രീ. ഐ. ബി. സതീഷ്:

ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനായി നിലവിൽ എന്തെല്ലാം സംവിധാനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

വനം വകുപ്പ് ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനായി മാനവശേഷി വിഭാഗത്തിനുകീഴിൽ അരിപ്പ, വാളയാർ എന്നിവിടങ്ങളിലായി രണ്ട് സംസ്ഥാന വനപരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ടി പരിശീലന കേന്ദ്രങ്ങളിൽ നിലവിൽ സംരക്ഷണ വിഭാഗം ജീവനക്കാരായ റേഞ്ച് ഫോറസ്റ്റ് ഓഫീസർ, ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ്

ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, വൈൽഡ് ലൈഫ് അസിസ്റ്റന്റ്, ഫോറസ്റ്റ് ഡ്രൈവർ എന്നിവർക്ക് പരിശീലനം നൽകിവരുന്നു. കൂടാതെ പി.ടി.പി. നഗറിലെ ട്രെയിനിങ് സെന്റർ മുഖാന്തരവും ട്രെയിനിങ് നൽകുന്നുണ്ട്. ഐ.എം.ജി.-യുമായി സഹകരിച്ച് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ ശാഖകൾ മുഖാന്തരം മിനിസ്റ്റീരിയൽ, ഫീൽഡ് വിഭാഗം ജീവനക്കാർക്ക് വിവിധ പരിശീലനങ്ങൾ നൽകുന്നുണ്ട്.

(ബി) പുതിയ കാലത്തിനനുസരിച്ച് പരിഷ്കാരങ്ങൾ, കോഴ്സുകൾ എന്നിവ വികസിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പുതിയ കാലത്തിനനുസരിച്ച് നിലവിലെ പരിശീലന സിലബസ്സുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പരിപാടികൾ കാലാനുസൃതമായി പരിഷ്കരിച്ചുവരുന്നുണ്ട്. പ്രകൃതി ദുരന്തങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ വനം വകുപ്പിനുകീഴിലുള്ള രണ്ട് സംസ്ഥാന വനപരിശീലന കേന്ദ്രങ്ങളിലും പരിശീലനാർഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ഒരു നീന്തൽക്കുളവും കായികക്ഷമത വർധിപ്പിക്കുന്നതിനായി ഒരു ഇൻഡോർ സ്പോർട്സ് കോംപ്ലക്സും സ്ഥാപിച്ച് അടിസ്ഥാന പരിശീലന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സമഗ്രമായ രീതിയിൽ നിലവിലെ പരിശീലന സിലബസ്സുകൾ പരിഷ്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(സി) കാലാവസ്ഥാ വ്യതിയാനം വനത്തിനും വന്യജീവികൾക്കും നിലവിലുള്ള ആവാസവ്യവസ്ഥയ്ക്കും വരുത്തുന്ന മാറ്റങ്ങൾ വിലയിരുത്തി പരിശീലന പരിപാടികളിലും

സംരക്ഷണ നടപടികളിലും ആവശ്യമായ നവീകരണം വരുത്തുന്നതിനായുള്ള പദ്ധതികളുണ്ടോ; വിശദമാക്കാമോ?

കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെയുള്ള സാഹചര്യങ്ങളുടെ ഫലമായി വർധിച്ചുവരുന്ന മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി അഞ്ച് ദിവസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടികൾ അരിപ്പ, വാളയാർ എന്നീ സംസ്ഥാന വനപരിശീലന കേന്ദ്രങ്ങളിൽ നടത്തിവരുന്നുണ്ട്. ആയതുപ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം 345 സംരക്ഷണ വിഭാഗം ജീവനക്കാർക്കും ഈ സാമ്പത്തിക വർഷം നാളിതുവരെ 138 സംരക്ഷണ വിഭാഗം ജീവനക്കാർക്കും പരിശീലനം നൽകിയിട്ടുണ്ട്.

(ഡി) വനാശ്രിത സമൂഹത്തെ ഉപയോഗപ്പെടുത്തി വനപരിപാലന-ജാഗ്രതാ പരിപാടികൾ സംഘടിപ്പിക്കുന്നതിന്റെ വിശദാംശം നൽകാമോ?

പരമ്പരാഗത വനാശ്രിത സമൂഹത്തിന്റെ വനാശ്രിതത്വം കുറയ്ക്കുന്നതിനും മെച്ചപ്പെട്ട ജീവിത സാഹചര്യമൊരുക്കുന്നതിനും ലക്ഷ്യം വച്ചുകൊണ്ട് വിവിധ വനപരിപാലന സംരക്ഷണ പ്രവർത്തനങ്ങളിൽ അവരുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തിവരുന്നു. വിവിധ വനസംരക്ഷണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുക, മെച്ചപ്പെട്ട വരുമാനദായക തൊഴിൽ മേഖലകളിൽ പരിശീലനവും തൊഴിൽ സാധ്യതകളും നൽകുക, വനം-വന്യജീവിസൗഹൃദ കൃഷി പ്രോത്സാഹിപ്പിക്കുക, പരമ്പരാഗത തടിയിതര വിഭവങ്ങളുടെ മൂല്യവർധിത വിപണനത്തിന് സഹായിക്കുക, ഇക്കോ ടൂറിസം പ്രവർത്തനങ്ങളിൽ പങ്കാളിത്തം നൽകുക, വനം-വന്യജീവി പരിസ്ഥിതി വിഷയങ്ങളിൽ പൊതുജനത്തിന് ബോധവൽക്കരണം നൽകുക

തുടങ്ങി ഒട്ടേറെ പരിപാടികളിൽ പരമ്പരാഗത വനാശ്രിത സമൂഹത്തിന്റെ ഊർജിതമായ സഹകരണം ഉറപ്പാക്കുന്നുണ്ട്.

മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളിലും വനാശ്രിത സമൂഹം പങ്കുവഹിക്കുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷ മേഖലകളിൽ വന്യമൃഗങ്ങളെ സുരക്ഷിതമായി തിരികെ കാട്ടിലേക്ക് മടക്കി അയയ്ക്കുന്നതിനും RRT-കളെ സഹായിക്കുന്നതിനും വനാശ്രിത സമൂഹത്തിലെ അംഗങ്ങൾ പങ്കെടുക്കുന്നു.

മനുഷ്യ-വന്യജീവി സംഘർഷം അനുഭവപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള ജനജാഗ്രതാ സമിതികളിൽ വനാശ്രിത സമൂഹത്തിന്റെ പ്രതിനിധികൾ അംഗങ്ങളാണ്. മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ പ്രാദേശികമായ കാരണങ്ങൾ അവലോകനം ചെയ്യുന്നതിനും ലഘൂകരണ മാർഗങ്ങൾക്കുള്ള മാർഗനിർദേശങ്ങൾ രൂപീകരിക്കുന്നതിനും ഇവരുടെ പങ്കാളിത്തം ജനജാഗ്രതാ സമിതികളിൽ വളരെ പ്രാധാന്യമുള്ളതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ പ്രതിനിധികൾ, VSS/EDC അംഗങ്ങൾ, കർഷകരുൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരടങ്ങുന്ന 280 ജനജാഗ്രത സമിതികൾ രൂപീകരിച്ച് മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതിലേക്ക് പ്രവർത്തിച്ചുവരുന്നുണ്ട്.

മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി രൂപീകരിച്ചിട്ടുള്ള സന്നദ്ധ പ്രാഥമിക പ്രതികരണ സേനയായ പ്രൈമറി റെസ്പോൺസ് ടീമുകളിലും പരമ്പരാഗത വനാശ്രിത സമൂഹത്തിലെ അംഗങ്ങൾ സന്നദ്ധപ്രവർത്തകരാണ്. ജനവാസ മേഖലകളിൽ

വന്യജീവി സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടാൽ RRT എത്തിച്ചേരുന്നതുവരെ വന്യജീവികളുടെ സാന്നിധ്യം സംഘർഷത്തിലേക്ക് എത്താതെ പ്രദേശവാസികൾക്ക് സുരക്ഷയൊരുക്കാൻ പ്രദേശവാസികളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട സന്നദ്ധപ്രവർത്തകരുടെ സംഘമാണ് സന്നദ്ധ പ്രാഥമിക പ്രതികരണ സേനകൾ. നിലവിൽ വിവിധ പഞ്ചായത്തുകളിലായി 327 പ്രൈമറി റെസ്പോൺസ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്.

മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ-നിവാരണ പ്രവർത്തനങ്ങൾക്കായി പരമ്പരാഗത വനാശ്രിത സമൂഹം സ്വീകരിച്ചുപോന്നിരുന്ന പ്രവർത്തനങ്ങളും രീതികളും പഠിക്കുന്നതിനും ക്രോഡീകരിക്കുന്നതിനുമായി രൂപം നൽകിയിട്ടുള്ള 'ഗോത്രഭേരി' എന്ന മിഷൻ ട്രൈബൽ നോളജ് പരിപാടിയിൽ പങ്കെടുത്ത് പരമ്പരാഗത അറിവുകൾ പങ്കുവയ്ക്കാൻ വനാശ്രിത സമൂഹം മുന്നോട്ടുവന്നിട്ടുണ്ട്. ഇത്തരത്തിൽ 18 സെമിനാറുകളിൽ 360 ഉന്നതികളിൽനിന്നുമുള്ള 1016 പേരാണ് പങ്കെടുത്ത് പരമ്പരാഗത അറിവുകൾ പങ്കുവച്ചത്.

കൂടാതെ, വനമേഖലയിൽ പ്രവർത്തിക്കുന്ന വനസംരക്ഷണ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങളെയുൾപ്പെടുത്തി വനപരിപാലന ജാഗ്രതാ പരിപാടികൾ ഡിവിഷൻതലത്തിലും റേഞ്ചുതലത്തിലും നടത്തിവരുന്നു. ഇപ്രകാരം നടത്തുന്ന പരിപാടിയിൽ ആരോഗ്യ പരിപാലനം, മദ്യം, മയക്കുമരുന്ന് തുടങ്ങിയവയുടെ ദൂഷ്യഫലങ്ങൾ, സ്വയംപര്യാപ്തത കൈവരിക്കുന്നതിനാവശ്യമായ നൈപുണ്യ പരിശീലനം എന്നീ വിഷയങ്ങളിൽ വനാശ്രിത സമൂഹത്തിന് ബോധവൽക്കരണം നൽകിവരുന്നു. ഇവരുടെ സഹകരണത്തോടും പങ്കാളിത്തത്തോടുംകൂടി കാട്ടുതീ പ്രതിരോധം, കഞ്ചാവ് കൃഷി തടയൽ,

അനധികൃത മരംമുറി എന്നീ വനനശീകരണ പ്രവർത്തനങ്ങളിൽ വനം വകുപ്പിന് സഹായകമാവുംവണ്ണം പ്രവർത്തിക്കാൻ പ്രാപ്തരാക്കിയുംവരുന്നു.

ആദിവാസി യുവാക്കൾക്കുള്ള തൊഴിലവസരങ്ങൾ

139 (2996) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനം വകുപ്പിൽ ആദിവാസി യുവാക്കൾക്കായി ഈ സർക്കാരിന്റെ കാലയളവിൽ പ്രത്യേക സംവരണപ്രകാരം എത്രപേർക്ക് ഏതൊക്കെ തസ്തികകളിൽ തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

ഈ സർക്കാരിന്റെ കാലയളവിൽ വനാശ്രിതരായ പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരിൽനിന്നും 500 പേർക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം നൽകിയിട്ടുണ്ട്. നിയമനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

1) തിരുവനന്തപുരം - 20

2) കൊല്ലം - 10

3) പത്തനംതിട്ട - 10

4) കോട്ടയം - 20

5) ഇടുക്കി - 40

6) എറണാകുളം - 20

7) തൃശ്ശൂർ - 10

8) പാലക്കാട് - 60

9) മലപ്പുറം - 30

10) കോഴിക്കോട് - 20

11) വയനാട് - 170

12) കണ്ണൂർ - 45

13) കാസർഗോഡ് - 45

വാച്ചർ തസ്തിക പുനർനാമകരണം

140 (2997) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലെ വാച്ചർ തസ്തിക പുനർനാമകരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

25-09-2025-ലെ സ.ഉ.(കൈ)നം.24/2025/വനം പ്രകാരം വനം വകുപ്പിലെ റിസർവ് വാച്ചർ/ഡിപ്പോ വാച്ചർ തസ്തികകൾ ഫോറസ്റ്റ് ബീറ്റ് അസിസ്റ്റന്റ് എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത തസ്തികയിലെ ഉദ്യോഗസ്ഥർക്ക് നിലവിലുണ്ടായിരുന്ന ചുമതലകളും അധികാരങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

വനസംരക്ഷണ കാര്യങ്ങളിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥരുടെ നിർദേശങ്ങൾ പാലിക്കുക, അവരെ വനസംരക്ഷണ പ്രവർത്തനങ്ങളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സഹായിക്കുക എന്നിവയാണ് റിസർവ് വാച്ചർമാരുടെ ചുമതല. ഡിപ്പോയിലെ തടികളുൾപ്പെടെയുള്ള സർക്കാർ വക വസ്തുക്കൾ സംരക്ഷിക്കുകയെന്നതാണ് തടി ഡിപ്പോകളിൽ നിയമിക്കപ്പെടുന്ന ഡിപ്പോ വാച്ചർമാരുടെ ചുമതല.

(സി) തസ്തിക പുനർനാമകരണം ചെയ്യുമ്പോൾ നിലവിലെ അധികാരങ്ങളിലും ചുമതലകളിലും വ്യത്യാസം വരുത്തുമോ; വ്യക്തമാക്കുമോ?

നിലവിലെ ഫോറസ്റ്റ് വാച്ചർമാരുടെ ജോലി സ്വഭാവം, ഉത്തരവാദിത്വം എന്നിവയിൽ യാതൊരു ഇളവും വരുത്താൻ പാടില്ലെന്ന് 25-09-2025-ലെ സ.ഉ.(കൈ)നം.24/2025/വനം ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

വനം വകുപ്പിൽ സൂപ്പർന്യൂമററി തസ്തികയിലെ ഇൻക്രിമെന്റും സമയബന്ധിത ഹയർ ഗ്രേഡും

141 (2998) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനം വകുപ്പിൽ താൽക്കാലികമായി ഇരുപത് വർഷം ജോലി ചെയ്യുകയും സൂപ്പർന്യൂമററി തസ്തികയിൽ സ്ഥിരപ്പെടുത്തിയതുമായ ജീവനക്കാർക്ക് വാർഷിക ഇൻക്രിമെന്റും എട്ട് വർഷം സർവീസ് പൂർത്തിയാക്കുമ്പോൾ ലഭിക്കേണ്ട സമയബന്ധിത ഹയർ ഗ്രേഡും നൽകുന്നതിന് വകുപ്പ് വിലക്കേർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സൂപ്പർന്യൂമററി തസ്തികയിൽ നിയമിക്കപ്പെട്ടിരിക്കുന്ന ജീവനക്കാർ, സർവീസിൽനിന്നും വിരമിക്കുന്നതോടെ, ആ തസ്തികകൾ നിർത്തലാക്കപ്പെടുമെന്ന വ്യവസ്ഥയിലാണ് ഇവരുടെ

നിയമനം നടത്തിയിട്ടുള്ളത്. ആയതിനാൽ ഇവരുടെ നിയമനം ക്രമീകരിക്കാനോ പ്രൊബേഷൻ പൂർത്തീകരിക്കാനോ ഗ്രേഡ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കാനോ നിലവിൽ വ്യവസ്ഥയില്ല. പ്രസ്തുത വിവരം, ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയം 17-03-2023-ലെ ഇ1-788/2023 കത്തുപ്രകാരം ബന്ധപ്പെട്ട നിയമനാധികാരികളെ അറിയിച്ചിട്ടുണ്ട്. OA(EKM) 646/2023 കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 23-06-2023-ലെ അന്തിമ ഉത്തരവ് നടപ്പാക്കി പുറപ്പെടുവിച്ച 23-03-2024-ലെ സ.ഉ.(സാധാ) നം.160/2024/വനം ഉത്തരവിലും ആനുകൂല്യങ്ങൾ അനുവദിക്കാൻ നിലവിൽ വ്യവസ്ഥയില്ലെന്ന കാര്യം വ്യക്തമാക്കിയിട്ടുണ്ട്. സമാനമായ രീതിയിൽ, വനം-വന്യജീവി വകുപ്പുൾപ്പെടെയുള്ള വിവിധ വകുപ്പുകളിൽ വാച്ചർ തസ്തികയിൽ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് സ്ഥിരനിയമനം നൽകിയ ജീവനക്കാരുടെ സേവനവ്യവസ്ഥകൾ നിർണ്ണയിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

വനം വകുപ്പിൽ പുതുതായി അനുവദിച്ച തസ്തികകൾ

142 (2999) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പിൽ പുതുതായി എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; തസ്തിക തിരിച്ചുള്ള വിവരം നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പിൽ 9 സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികകളും 9 ഫോറസ്റ്റ് ഡ്രൈവർ തസ്തികകളും 9 പാർട്ട്ടൈം സ്വീപ്പർ തസ്തികകളും ഉൾപ്പെടെ ആകെ 27 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിൽ അനുവദിച്ച തസ്തികയ്ക്ക് ആനുപാതികമായി മിനിസ്റ്റീരിയൽ വിഭാഗത്തിന് പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ; ആയത് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

അനുവദിച്ചിട്ടില്ല. മിനിസ്റ്റീരിയൽ വിഭാഗത്തിന് പുതിയ തസ്തികകൾ അനുവദിക്കുന്നതിനുള്ള ശിപാർശകൾ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. വനം വകുപ്പിലെ വിവിധ ഓഫീസുകളിലെ ജോലി ഭാരം കണക്കിലെടുത്ത് കൂടുതൽ മിനിസ്റ്റീരിയൽ തസ്തികകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചിട്ടുണ്ട്.

(സി) പുതുതായി അനുവദിച്ച തസ്തികകളിലെ എസ്റ്റാബ്ലിഷ്മെന്റ് ജോലികൾ ഉൾപ്പെടെ കൈകാര്യം ചെയ്യുന്നതിന് മിനിസ്റ്റീരിയൽ വിഭാഗത്തിന്റെ വർധിച്ച ജോലി ഭാരം കാരണം കഴിയാതെ വരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

വനം വകുപ്പിൽ 27 പുതിയ തസ്തികകൾ സൃഷ്ടിച്ചതുമൂലം മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് ജോലി ഭാരം വർധിച്ചതായി കാണുന്നില്ല. എന്നാൽ 2021 ഫെബ്രുവരിയിൽ 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിച്ചതുമൂലം മിനിസ്റ്റീരിയൽ

വിഭാഗം ജീവനക്കാർക്ക് എസ്റ്റാബ്ലിഷ്മെന്റ് ജോലികൾ ഉൾപ്പെടെ കൈകാര്യം ചെയ്യുന്നതിന് ജോലി ഭാരം വർധിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായി ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചിട്ടുണ്ട്.

ജണ്ട നിർമ്മാണത്തിലെ ക്രമക്കേട്

143 (3000) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റേഞ്ചിൽ 2019-20, 2020-21 വർഷങ്ങളിൽ ജണ്ട നിർമ്മാണം നടത്തിയതിലെ ക്രമക്കേട് കാരണം സർക്കാരിനുണ്ടായ നഷ്ടം എത്ര കോടി രൂപയാണെന്ന് വെളിപ്പെടുത്താമോ;

(ബി) വനം വിജിലൻസ് വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയ നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നും തുക വസൂലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ വസൂലാക്കാത്തതിനുള്ള കാരണം വെളിപ്പെടുത്താമോ?

(എ&ബി) തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റേഞ്ചിൽ 2019-20, 2020-21 വർഷങ്ങളിൽ ജണ്ട നിർമ്മാണം നടത്തിയതിലെ ക്രമക്കേട് കാരണം സർക്കാരിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കാൻ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കുറ്റാരോപിതരായ ഉദ്യോഗസ്ഥരിൽ വിരമിച്ചവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് എൻ.എൽ.സി. (നോൺ ലയബിലിറ്റി

സർട്ടിഫിക്കറ്റ്) നൽകിയിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്താമോ?

ഉണ്ട്.

1. ശ്രീ. കെ. ഐ. പ്രദീപ്കുമാർ ഐ. എഫ്. എസ്.-ൽനിന്നും 08-08-2023-ലെ ജി.ഒ. (പി)നമ്പർ 46/2023/ഫിൻ-ൽ നിഷ്കർഷിച്ചിട്ടുള്ള അനെക്സ്ർ-2(a) പ്രകാരമുള്ള സമ്മതപത്രം (on Stamp paper of denomination Rs.200/-) ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ 17-09-2025-ലെ AIS-B1/63/2025-GAD പ്രകാരം നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് തിരുവനന്തപുരം ജില്ലാ ട്രഷറി ഓഫീസർക്ക് നൽകിയിട്ടുണ്ട്.

2. സർക്കാർ നഷ്ടം തിട്ടപ്പെടുത്തുന്ന മുറയ്ക്ക് കണ്ടെത്തുന്ന ബാധ്യത ഒടുക്കിക്കൊള്ളാമെന്നുള്ള സാക്ഷ്യപത്രം ശ്രീ. ബാലചന്ദ്രൻ നായർ നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാന് നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

3. ശ്രീ. ബിന്ദുരാജ് എൻ., ശ്രീ. കെ ജി. അജയകുമാർ എന്നിവർക്ക് നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല.

ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണം

144 (3001) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റേഞ്ചിൽ 2019-2020, 2020-2021 എന്നീ വർഷങ്ങളിൽ ജണ്ട നിർമ്മാണത്തിൽ ക്രമക്കേടുകൾ നടന്നതായി

കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ സർക്കാരിനുണ്ടായ നഷ്ടം എത്രയാണെന്ന് വനം വിജിലൻസ് വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റേഞ്ചിൽ 2019-20, 2020-21 വർഷങ്ങളിൽ ജണ്ട നിർമ്മാണം നടത്തിയതിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്. സർക്കാരിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കാൻ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(ബി) വനം വിജിലൻസ് വിഭാഗത്തിന്റെ പരിശോധനയിൽ കണ്ടെത്തിയ നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവരിൽനിന്നും നഷ്ടം ഈടാക്കിയിട്ടുണ്ടോ?

ഉണ്ട്. ജണ്ട നിർമ്മാണം നടത്തിയതിലെ ക്രമക്കേട് കാരണം സർക്കാരിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കാൻ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത വിഷയത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥരിൽ ആർക്കെങ്കിലും പെൻഷൻ നൽകിയിട്ടുണ്ടോ; പെൻഷൻ പറ്റിയവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ബാധ്യതാരഹിത/ബാധ്യത സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്താമോ?

ഉണ്ട്.

1. ശ്രീ. കെ. ഐ. പ്രദീപ്കുമാർ ഐ. എഫ്. എസ്.-ൽനിന്നും 08-08-2023-ലെ ജി.ഒ.

(പി)നമ്പർ 46/2023/ഫിൻ-ൽ നിഷ്കർഷിച്ചിട്ടുള്ള അനെക്സ്ർ-2(a) പ്രകാരമുള്ള സമ്മതപത്രം (on Stamp paper of denomination Rs.200/-) ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ 17-09-2025-ലെ AIS-B1/63/2025-GAD പ്രകാരം നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് തിരുവനന്തപുരം ജില്ലാ ട്രഷറി ഓഫീസർക്ക് നൽകിയിട്ടുണ്ട്.

2. സർക്കാർ നഷ്ടം തിട്ടപ്പെടുത്തുന്ന മുറയ്ക്ക് കണ്ടെത്തുന്ന ബാധ്യത ഒടുക്കിക്കൊള്ളാമെന്നുള്ള സാക്ഷ്യപത്രം ശ്രീ. ബാലചന്ദ്രൻ നായർ നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാന് നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

3. ശ്രീ. ബിന്ദുരാജ് എൻ., ശ്രീ. കെ. ജി. അജയകുമാർ എന്നിവർക്ക് നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല.

മരങ്ങൾ വികസനാവശ്യങ്ങൾക്കായി മുറിച്ചുമാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ

145 (3002) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ഉൾപ്പെട്ടതും മറ്റ് വകുപ്പുകളുടെ അധീനതയിലുള്ളതുമായ മരങ്ങൾ വികസനാവശ്യങ്ങൾക്കായി മുറിച്ചുമാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഗ്രാമപഞ്ചായത്തുകളിൽ ഉൾപ്പെട്ടതും മറ്റ് വകുപ്പുകളുടെ അധീനതയിലുള്ളതുമായ മരങ്ങൾ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി മുറിച്ചുമാറ്റുന്നതിനുള്ള അപേക്ഷ മരം നിൽക്കുന്ന ഭൂമിയുടെ കസ്റ്റോഡിയനായ വകുപ്പിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് 10-02-2010-ലെ

G.O.(Rt)No.68/2010/F&WLD പ്രകാരമുള്ള ജില്ലാതല കമ്മിറ്റി പരിശോധന നടത്തി മരം മുറിക്കാൻ അനുമതി നൽകിവരുന്നുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവുപ്രകാരമുള്ള മാനദണ്ഡങ്ങൾ ലഘൂകരിക്കുന്നതിനായി 13-12-2024-ൽ 526/2024/വനം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം ടീ കമ്മിറ്റിയുടെ കൺവീനറായി അതത് ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിലെ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യവനവൽക്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ടീ കമ്മിറ്റിയിൽ അംഗമായി തുടരുന്നതും ഈ അംഗത്തിന്റെ സാന്നിധ്യം ഉറപ്പുവരുത്തി കമ്മിറ്റി തീരുമാനം കൈക്കൊള്ളേണ്ടതുമാണ്. മരം മുറിക്കുന്നതിന് അനുമതി തേടിക്കൊണ്ടുള്ള അപേക്ഷ സമർപ്പിക്കേണ്ടത് ബന്ധപ്പെട്ട സെക്രട്ടറിക്ക് (കൺവീനർ) ആണ്. ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിന് ഇതേ മാനദണ്ഡങ്ങൾ സ്വീകരിക്കാവുന്നതാണെങ്കിലും ദുരന്തനിവാരണ നിയമപ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് ഇവ ബാധകമായിരിക്കുകയില്ല.

(ബി) ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

10-02-2010-ലെ G.O.(Rt)No.68/2010, 13-12-2024-ലെ 526/2024/വനം എന്നീ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

വൈദ്യുതി ലൈനിൽ വീഴുന്ന മരങ്ങൾ മാറ്റുന്നതിനാവശ്യമായ മാർഗരേഖയും നിർദേശങ്ങളും

146 (3003) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ചിമ്മിനി മേഖലയിൽ, വൈദ്യുതി ലൈനിൽ വീണ മരം വനം വകുപ്പ് ഉദ്യോഗസ്ഥരുടെ നിർദേശാനുസരണം മുറിച്ചുമാറ്റുന്നതിനിടയിൽ മരം ദേഹത്തുവീണ് 28-07-2025-ന് മരണമടഞ്ഞ എച്ചിപ്പാറ നിവാസിയായ ചക്കുങ്ങൽ വീട്ടിൽ ശ്രീ. അബ്ദുൾഖാദറിന്റെ കുടുംബത്തിന് വൈദ്യുതി വകുപ്പിന്റെ ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വൈദ്യുതി ലൈനിൽ വീഴുന്ന മരങ്ങൾ സുരക്ഷിതമായി മുറിച്ചുമാറ്റുന്നതിനാവശ്യമായ മാർഗരേഖയും നിർദേശങ്ങളും കെ.എസ്.ഇ.ബി.-ക്ക് നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

കയ്യമംഗലം നിയോജകമണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ

147 (3004) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വനം വകുപ്പ് മുഖേന കയ്യമംഗലം നിയോജകമണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിക്കുമായി ചെലവാക്കിയ തുക എത്രയാണെന്നും ഇനം തിരിച്ച് വിശദമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് വനം വകുപ്പ് മുഖേന കയ്പമംഗലം നിയോജകമണ്ഡലത്തിൽ പദ്ധതികളൊന്നുംതന്നെ നടപ്പാക്കിയിട്ടില്ല.

(ബി) വകുപ്പ് പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

കയ്പമംഗലം നിയോജകമണ്ഡലത്തിൽ ഈ സാമ്പത്തിക വർഷത്തിൽ കടലാക്രമണം ചെറുക്കുന്നതിനായി കടൽത്തീരത്ത് 5000 കാറ്റാടിത്തൈകൾ നടുന്നതിന് 2406-01-101-78-Extension Forestry എന്ന ശീർഷകത്തിൽ 2.13 ലക്ഷം രൂപയുടെ അടങ്കൽ അംഗീകരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

പരസ്യത്തിനായി ചെലവഴിച്ച തുക

148 (3005) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലയളവിൽ വനം-വന്യജീവി വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, പരസ്യയിനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ സഹിതം വിവരം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

വനം വകുപ്പിന് വകയിരുത്തിയ തുക

149 (3006) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും വനം വകുപ്പിന് വകയിരുത്തിയ തുക എത്രയാണെന്നും അതിൽ ചെലവാക്കിയ തുക എത്രയാണെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ (2021-22 മുതൽ 2024-25 വരെ) ഓരോ സാമ്പത്തിക വർഷവും വനം വകുപ്പിന് വകയിരുത്തിയതും ചെലവഴിച്ചതുമായ തുക സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു. +

കാവുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

150 (3007) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനായി സംസ്ഥാനത്തെ കാവുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പരിശോധിച്ചിട്ടുണ്ട്. 24-12-2016-ലെ സ.ഉ.(സാധാ) നം.495/16/വനം പ്രകാരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) കാവുകളുടെ സംരക്ഷണത്തിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവിഷ്കരിക്കുമോ?

കാവുകളുടെ സംരക്ഷണത്തിനായി കാവുകൾക്കുള്ള ധനസഹായ പദ്ധതി (Incentivisation of Sacred Groves) സാമൂഹ്യവനവൽക്കരണ വിഭാഗം ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്.

(സി) കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി എന്തെങ്കിലും സാമ്പത്തിക സഹായം ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ധനസഹായ പദ്ധതി നിലവിലുണ്ട്. സർക്കാർ മാർഗനിർദേശങ്ങൾക്ക് വിധേയമായി കാവുകളുടെ സംരക്ഷണ-പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി ഫണ്ട് ലഭ്യതയനുസരിച്ച് ജില്ലാടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന കാവുകൾക്ക് ധനസഹായം നൽകിവരുന്നുണ്ട്. ടി പദ്ധതിപ്രകാരം കാവുകളുടെ സംരക്ഷണ-പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിലേക്കായി അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള അറിയിപ്പ് പത്രമാധ്യമങ്ങൾ മുഖേന നൽകുകയും അപ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൽ സ്ഥലപരിശോധന നടത്തി അനുയോജ്യമായതും നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ കാവുകളിൽ നിശ്ചിത എണ്ണം കാവുകൾക്ക് സംസ്ഥാനതല വിദഗ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ലാതലത്തിൽ ധനസഹായം നൽകിവരുന്നുണ്ട്.

കാവിന് ചുറ്റിലുമുള്ള ജൈവവേലിയുടെ നിർമ്മാണം, അതിലെ കുളങ്ങളുടെ നവീകരണപ്രവർത്തനങ്ങൾ, മാലിന്യനിർമ്മാർജന പ്രവർത്തനങ്ങൾ തുടങ്ങിയവ ചെയ്തുവരുന്നു. ദീർഘകാലാടിസ്ഥാനത്തിലുള്ള ധനസഹായത്തിനായി കാവിന്റെ ഉടമകൾ സൂക്ഷ്മാസൂത്രണരേഖ തയ്യാറാക്കി സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിലെ മാർഗനിർദേശങ്ങൾക്കനുസൃതമായി സംസ്ഥാനതല വിദഗ്ധ സമിതിയുടെ ശിപാർശപ്രകാരം വനം വകുപ്പ് ആദ്യ ഗഡുവായി 25,000/- രൂപ അഥവാ അംഗീകൃത പദ്ധതിയുടെ 10% (ഇതിലേതാണോ കുറവ്) തുക ധനസഹായം നൽകുന്നു. 25,000/- രൂപയോ അതിൽ കുറവോ പദ്ധതിച്ചെലവിനായി വരുന്നവയ്ക്ക് മുഴുവൻ തുകയും മതിയായ വൗച്ചറുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നൽകിവരുന്നുണ്ട്.

വനം വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം

151 (3008) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വനം വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്; ഓരോ റിപ്പോർട്ടും സമർപ്പിച്ചതെന്നാണെന്നും ഓരോ റിപ്പോർട്ടിന്മേലും നാളിതുവരെ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചെന്നും റിപ്പോർട്ടുകൾ സമയബന്ധിതമായി പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1327 ഫയലുകളിൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. 83 റിപ്പോർട്ടുകളിൽ അച്ചടക്ക നടപടിക്ക് ശിപാർശ ചെയ്തിട്ടുണ്ട്. അച്ചടക്ക നടപടിക്ക് ശിപാർശ ചെയ്ത ഫയലുകളുടെ വിവരം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.+

(ബി) പ്രസ്തുത റിപ്പോർട്ടുകളിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചെന്നും വ്യക്തമാക്കുമോ?

നടപടി വിവരം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.+

വനവിഭവങ്ങളുടെ വിപണനം കാര്യക്ഷമമാക്കാൻ നടപടി

152 (3009) ശ്രീ. ജി. എസ് ജയലാൽ:

ശ്രീ. പി. ബാലചന്ദ്രൻ:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപൂർവയിനം ഔഷധസസ്യങ്ങൾ ഉൾപ്പെടെയുള്ള വനവിഭവങ്ങളുടെ ശേഖരണവും വിപണനവും കാര്യക്ഷമമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. 2006-ലെ വനാവകാശ നിയമപ്രകാരം, കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ വികസന ഫെഡറേഷന് (Kerala State Schedule Caste/Schedule Tribes

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Development Federation) കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പട്ടികവർഗ സഹകരണ സംഘങ്ങൾക്ക് വനവിഭവ ശേഖരണത്തിനായി എല്ലാ വർഷവും അതത് സംഘങ്ങളുടെ പ്രവർത്തനമേഖല ഉൾപ്പെടുന്ന വനം റേഞ്ചുകൾ അനുവദിച്ചുവരുന്നുണ്ട്. ടി സംഘങ്ങൾ ശേഖരിക്കുന്ന ചെറുകിട വനവിഭവങ്ങൾ ഫെഡറേഷൻവഴി വിപണനം നടത്തിവരുന്നു.

ദേശീയ ഔഷധസസ്യ ബോർഡിന്റെ (NMPB) ധനസഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കിയ വിവിധ പദ്ധതികളിലൂടെ ആദിവാസികൾ വനത്തിൽനിന്നും ശേഖരിക്കുന്ന തടിയേതര വനവിഭവങ്ങൾ ശാസ്ത്രീയമായി സംസ്കരിച്ച് മൂല്യവർധനവ് നടത്തി സൂക്ഷിക്കുന്നതിനുള്ള മെച്ചപ്പെട്ട സ്റ്റോറേജ് സംവിധാനങ്ങൾ വനം വകുപ്പ് വിവിധ വനവികസന ഏജൻസികൾക്ക് കീഴിലായി ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ചെറുകിട വനവിഭവങ്ങളുടെ ശാസ്ത്രീയമായ ശേഖരണം, സംസ്കരണം, മൂല്യവർധനവ് എന്നിവയിൽ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന VSS/EDC അംഗങ്ങൾക്കാവശ്യമായ പരിശീലന പരിപാടികൾ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

ആദിവാസികൾ വനത്തിൽനിന്നും ശേഖരിക്കുന്ന വനവിഭവങ്ങൾക്ക് ന്യായവില ലഭ്യമാക്കുക, അവരെ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ വനം വകുപ്പ് "വനശ്രീ" പദ്ധതി വിഭാവനം ചെയ്ത് നടപ്പാക്കിവരുന്നു. ചെറുകിട വനവിഭവങ്ങളുടെ ശാസ്ത്രീയ ശേഖരണം, മൂല്യവർധനവ്, വിപണനം എന്നിവയാണ് വനശ്രീയുടെ മുഖ്യ കർമ്മ പരിപാടി. ആദിവാസികൾ ശേഖരിക്കുന്ന ചെറുകിട വനവിഭവങ്ങൾ മൂല്യവർധനവ് നടത്തി സംസ്ഥാനത്തൊട്ടാകെ പ്രവർത്തിക്കുന്ന 74 വനശ്രീ യൂണിറ്റുകൾ (രണ്ട്

മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ) വഴി വിപണനം നടത്തുന്നുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ MSP ഫോർ MFP (75:25 CSS) പദ്ധതിയുടെ ഫണ്ടുപയോഗപ്പെടുത്തി, വിവിധ വനശ്രീ ഔട്ട്ലെറ്റുകൾ നവീകരിക്കുകയും വനവിഭവ സംഭരണ കേന്ദ്രങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തേൻ ശേഖരണത്തിനായി പദ്ധതിയിൻകീഴിൽ ഒരു റിവോൾവിങ് ഫണ്ട് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ കീഴിൽ കേരളത്തിൽ ലഭ്യമായ 24 ഇനം ചെറുകിട വനവിഭവങ്ങളെ കേന്ദ്ര സർക്കാരിന്റെ ചെറുകിട വനവിഭവങ്ങൾക്കുള്ള താങ്ങുവില പട്ടികയിലുൾപ്പെടുത്തി ടി വിഭവങ്ങൾക്ക് മിനിമം തുക ലഭ്യമാക്കുന്നതിന് സഹായകരമാകുകയും ചെയ്തിട്ടുണ്ട്.

പ്രധാൻമന്ത്രി വൻ ധൻ യോജന-വൻ ധൻ വികാസ് കേന്ദ്ര (PMJVM - VDVK 100% CSS) പദ്ധതിക്ക് കീഴിൽ VDVK-കൾ രൂപീകരിക്കുന്ന പദ്ധതി സംസ്ഥാന വനവികസന ഏജൻസി (SFDA Kerala)-യുടെ ആഭിമുഖ്യത്തിൽ 2021-22 മുതൽ വനം വകുപ്പ് നടപ്പാക്കിവരുന്നു. ആദിവാസി വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക വികസനത്തിനായുള്ള മാസ്റ്റർപ്ലാനായി 'വൻ ധൻ' സ്റ്റാർട്ടപ്പുകൾ കരുതപ്പെടുന്നു. 31 VDVK-കൾ വഴി 63 മൂല്യവർധിത ചെറുകിട വനവിഭവങ്ങൾ നിലവിൽ വിപണനം ചെയ്തുവരുന്നുണ്ട്. വൻ ധൻ വികാസ് കേന്ദ്ര (VDVK)-യിലൂടെ വനാശ്രിത സമൂഹങ്ങൾക്ക് വിവിധ വന ഉൽപന്നങ്ങൾ മൂല്യവർധനവ് നടത്തി വില്പന നടത്താൻ അവസരമൊരുക്കുന്നതിനുപുറമെ അവരെ സംരംഭകരാക്കുന്നതിനുവേണ്ട സാമ്പത്തിക-സാങ്കേതിക സഹായവും ഈ പദ്ധതി വഴി നൽകുന്നുണ്ട്.

പ്രധാൻമന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാൻ സ്കീം (PMJANMAN)-PVTG

VDVK (100% CSS) പദ്ധതിവഴി കേരളത്തിലെ ആദിവാസി വിഭാഗങ്ങളിലെ അതിദുർബല വിഭാഗക്കാരുടെ ശക്തീകരണത്തിനായി PVTG VDVK-കൾ രൂപീകരിക്കുന്നതിനുള്ള പദ്ധതി TRIFED-ന്റെ ധനസഹായത്തോടെ സംസ്ഥാന വനവികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ 2023-24 മുതൽ നടപ്പാക്കിവരുന്നു. കേരളത്തിൽ നിലവിൽ വയനാട്, പാലക്കാട് ജില്ലകളിലായി ഏഴ് PVTG VDVK-കൾ രൂപീകരിച്ചിട്ടുണ്ട്. ടി PVTG-VDVK-കളിലായി 537 പേർ അംഗങ്ങളായിട്ടുണ്ട്.

ഇവ കൂടാതെ മണ്ണാർക്കാട് വനം ഡിവിഷനുകീഴിൽ അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങൾ ശേഖരിക്കുന്ന ഔഷധ സസ്യങ്ങൾ വി.എസ്.എസ്. മുഖേന ഏകീകരിച്ച് നേരിട്ട് വിവിധ ആയുർവേദ കമ്പനികൾക്ക് വിതരണം ചെയ്യുന്ന 'വനാമൃതം പദ്ധതി', മൂന്നാർ വന്യജീവി ഡിവിഷൻ കീഴിൽ (ആനമുടി FDA) 2015-16 വർഷങ്ങളിൽ മില്ലറ്റുകളും മറ്റ് പരമ്പരാഗത കാർഷിക വിളകളും സംരക്ഷിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'പുനർജീവനം' പദ്ധതി തുടങ്ങിയ സംരംഭങ്ങളും വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ വനവിഭവങ്ങളുടെ മെച്ചപ്പെട്ട വിപണനത്തിനായി ഏർപ്പെടുത്തുകയുണ്ടായി.

നിലവിൽ 'വനശ്രീ' വിഭവങ്ങൾ ഓൺലൈൻ മുഖേന വിപണനം ചെയ്യുന്നതിനായി ഒരു വെബ്സൈറ്റ് വനം വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. 'vanasree.in' എന്ന വെബ്പോർട്ടൽവഴി രാജ്യത്തുടനീളം വിവിധ തടിയേതര വന ഉൽപന്നങ്ങളുടെ ലഭ്യത ഇന്ത്യ പോസ്റ്റ് കുറിയർ സേവനംവഴി ഉറപ്പാക്കിയിട്ടുണ്ട്. ഈ വെബ്പോർട്ടൽ വനം വകുപ്പിന്റെ കേന്ദ്രീകൃത ഇക്കോട്ടൂറിസം വെബ്പോർട്ടലും കൂടാതെ മൊബൈൽ ആപ്പുമായും ബന്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ

'വനശ്രീ' വിഭവങ്ങളുടെ അഗ്മാർക് രജിസ്ട്രേഷനും ബ്രാൻഡിങും നടത്തുന്നതിനുള്ള നടപടികളും വനം വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കൂടാതെ തടിയേതര വനവിഭവങ്ങളുടെ സുസ്ഥിര ശേഖരണം ഉറപ്പാക്കുന്നതിനായി Sustainable Harvesting Protocol-കൾ വനം വകുപ്പ് വികസിപ്പിച്ചിട്ടുണ്ട്.

(ബി) വനവിഭവങ്ങളുടെ ശേഖരണവും വിപണനവും നടത്തുന്ന വനശ്രീയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

വനശ്രീ ഔട്ട്ലെറ്റുകൾ ശക്തീകരിക്കുന്നതിനായി എല്ലാ വനശ്രീ യൂണിറ്റുകളിലും ഓൺലൈൻ പേമെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 'വനശ്രീ' വിഭവങ്ങൾ ഓൺലൈൻ മുഖേന വിപണനം ചെയ്യുന്നതിനായി ഒരു വെബ്സൈറ്റും മൊബൈൽ ആപ്പും വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 'വനശ്രീ' വിഭവങ്ങളുടെ അഗ്മാർക് രജിസ്ട്രേഷനും ബ്രാൻഡിങും നടത്തുന്നതിനുള്ള നടപടികളും വനം വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

MSP ഫോർ MFP (കേന്ദ്ര പദ്ധതി) ഫണ്ട് ഉപയോഗപ്പെടുത്തി, വിവിധ വനശ്രീ ഔട്ട്ലെറ്റുകൾ നവീകരിക്കുകയും വനവിഭവ സംഭരണ കേന്ദ്രങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര പദ്ധതിയായ വൻ ധൻ വികാസ് കേന്ദ്രങ്ങൾ (VDVK) വഴി വിവിധ വനവിഭവങ്ങളുടെ മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുകയും അവ വനശ്രീ വഴി വിപണനം ചെയ്തും വരുന്നു.

വനശ്രീ ഉൽപന്നങ്ങളുടെ വിപണനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കേരള വനം

വകുപ്പ് രണ്ട് പുതിയ ഓൺലൈൻ പ്ലാറ്റ്ഫോമുകൾവഴി വിപണനം ആരംഭിച്ചിട്ടുണ്ട്.

(സി) വനാശ്രിത സമൂഹത്തിന്റെ പ്രധാന ഉപജീവന മാർഗമായ വനവിഭവങ്ങളുടെ ശേഖരണം പ്രകൃതിക്കും ആവാസ വ്യവസ്ഥയ്ക്കും ദോഷകരമാകാത്ത രീതിയിൽ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ?

ദേശീയ ഔഷധസസ്യ ബോർഡിന്റെ ധനസഹായത്തോടെ തടിയേതര വനവിഭവങ്ങളുടെ ശാസ്ത്രീയമായ ശേഖരണ, സംസ്കരണ, മൂല്യവർധനവ് എന്നീ കാര്യങ്ങളിൽ VSS/EDC അംഗങ്ങൾക്കായി ആവശ്യമായ പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്.

തടിയേതര വനവിഭവങ്ങളുടെ സുസ്ഥിര ശേഖരണം ഉറപ്പാക്കുന്നതിനായി Sustainable Harvesting Protocol-കൾ വനം വകുപ്പ് വികസിപ്പിച്ചിട്ടുണ്ട്. വിവിധ വന ഡിവിഷനുകളുടെ കീഴിൽ പ്രവർത്തിക്കുന്ന സമിതികളിലൂടെ ഇവ NTFP ശേഖരിക്കുന്നവർക്ക് കൈമാറുകയും വേണ്ട പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഈ പ്രോട്ടോകോളുകളിലൂടെ ആവാസ വ്യവസ്ഥയുടെ സന്തുലിതാവസ്ഥ, ആരോഗ്യം, ജൈവവൈവിധ്യം എന്നിവ നിലനിർത്താനും സുസ്ഥിരമായ രീതികൾ നടപ്പാക്കുന്നതിലൂടെ “ഡിസ്ട്രസ് സെല്ലിങ്” ഒഴിവാക്കുകയും അതുവഴി വനവിഭവങ്ങളുടെ ദീർഘകാല ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുന്നു.

പുനരുജ്ജീവന പ്രവൃത്തിയിലൂടെയും സംരക്ഷണത്തിലൂടെയും മണ്ണൊലിപ്പ് കുറയ്ക്കുന്നതിനും അങ്ങനെ വെള്ളപ്പൊക്കം തടയാനും ജലത്തിന്റെ ഗുണനിലവാരം നിലനിർത്തുന്നതുവഴി വനാശ്രിത ആദിവാസി സമൂഹത്തിന് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നുമുണ്ട്.

കാലാകാലങ്ങളായി വനങ്ങൾ സംരക്ഷിച്ചുവരുന്ന വനാശ്രിത ആദിവാസി സമൂഹങ്ങളുടെ അറിവുകൾ "Sustainable Harvesting Protocol"-മായി സംയോജിപ്പിച്ച് തടിയേതര വനവിഭവങ്ങളുടെ ദീർഘകാല ഉൽപാദനക്ഷമത, അവ നിലനിർത്തൽ തുടങ്ങിയവ ഉറപ്പാക്കാൻ സാധിക്കുന്നു.

(ഡി) വനാശ്രിത സമൂഹത്തിൽപ്പെട്ട അഭ്യസ്തവിദ്യരായവർക്ക് അനുയോജ്യമായ തൊഴിൽ ലഭിക്കുന്ന വിധത്തിൽ വനശ്രീ ഉൽപന്നങ്ങളുടെ ഓൺലൈൻ വിപണനം ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

വനാശ്രിത സമൂഹത്തിൽപ്പെട്ട അഭ്യസ്തവിദ്യരായവർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുകയെന്നത് മുന്നിൽ കണ്ടുകൊണ്ടാണ് വനം വകുപ്പ് 'വനശ്രീ' ഉൽപന്നങ്ങളുടെ ഓൺലൈൻ വിപണനം 'vanasree.in' എന്ന വെബ്പോർട്ടൽ വഴി നടത്തിവരുന്നത്. പോസ്റ്റൽ ഡിപ്പാർട്ടുമെന്റ് വഴിയാണ് ഉൽപന്നങ്ങൾ ഇന്ത്യയിലുടനീളമുള്ള ഉപഭോക്താക്കൾക്ക് നേരിട്ട് എത്തിക്കുന്നത്. വനശ്രീ ഉൽപന്നങ്ങളുടെ ഓൺലൈൻ വിപണനത്തിലൂടെ ടി വിഭവങ്ങൾ രാജ്യം മുഴുവൻ കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിനും അതുവഴി ഉൽപന്നങ്ങളുടെ ആവശ്യകത വർധിക്കുകയും ആയത് കൂടുതൽ തൊഴിലവസരങ്ങൾ വനാശ്രിത സമൂഹത്തിന് ലഭ്യമാക്കുന്നതിന് ഇടയാക്കുകയും ചെയ്യുന്നുണ്ട്.

പന്തുപ്ര ആദിവാസി നഗറിലെ പുനരധിവാസം

153 (3010) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോതമംഗലം മണ്ഡലത്തിലെ പന്തുപ്ര ആദിവാസി നഗറിലെ ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിയിട്ടുള്ള ഭൂമിയിലെ തേക്ക് ഉൾപ്പെടെയുള്ള മരങ്ങൾ മുറിച്ചുമാറ്റി ഭൂമി കൃഷിയോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; നടപടികൾ വേഗത്തിലാക്കി മരങ്ങൾ അടിയന്തരമായി മുറിച്ചുമാറ്റാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പ്രസ്തുത ഭൂമിയിലെ തേക്ക് ഉൾപ്പെടെയുള്ള മരങ്ങൾ ക്ലിയർ ഫെല്ലിങ് ചെയ്യുന്നതിനായി വർക്കിങ് പ്ലാൻ ഡീവിയേഷൻ പ്രൊപ്പോസൽ സ്റ്റാന്റിങ് കൺസൾട്ടേറ്റീവ് കമ്മിറ്റി മീറ്റിങ്ങിൽ സമർപ്പിച്ചിരുന്നു. ആയതുമായി ബന്ധപ്പെട്ട് 27-11-2024-ൽ രൂപീകരിച്ച എക്സ്പെർട്ട് കമ്മിറ്റി 04-12-2024-ന് തോട്ടം പരിശോധിച്ചു. വീടുകൾ നിർമ്മിച്ചിരിക്കുന്ന 15 സെന്റിനുചുറ്റുമുള്ള ഒരേക്കർ സ്ഥലത്തെ മുഴുവൻ മരങ്ങളും മുറിച്ചുനീക്കുന്നതിനും ബാക്കി 85 സെന്റ് സ്ഥലത്തെ ഉണങ്ങിനിൽക്കുന്നതും വളർച്ച മുരടിച്ചതുമായ എല്ലാ തേക്ക് മരങ്ങളും മൃദുമരങ്ങളും വിദ്യാഭ്യാസ, ആരോഗ്യ, സാമൂഹിക-സാംസ്കാരിക ആവശ്യങ്ങൾക്കായി നീക്കിവച്ചിട്ടുള്ള 26.8 ഏക്കർ പൊതുസ്ഥലത്തിൽ ഉൾപ്പെട്ട 8 ഏക്കർ ഭൂമിയിൽ നിൽക്കുന്ന മുഴുവൻ മരങ്ങളും മുറിച്ചുനീക്കുന്നതിനും ടി കമ്മിറ്റി നിർദേശിക്കുകയുണ്ടായി. ടി നിർദേശം 02-06-2025-ൽ കൂടിയ സ്റ്റാന്റിങ് കൺസൾട്ടേറ്റീവ് കമ്മിറ്റി പരിശോധിക്കുകയും പന്തുപ്ര പുനരധിവാസ മേഖലയിൽ മുറിക്കേണ്ട മരങ്ങളുടെ എണ്ണവും സ്വഭാവവും ഉൾപ്പെടെയുള്ള വിശദമായ പ്രവർത്തന പദ്ധതി തയ്യാറാക്കാൻ നിർദേശം നൽകുകയുമുണ്ടായി. ആയത് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരികയാണ്.

നിലമ്പൂർ ഫോറസ്റ്റ് ഡിവിഷനുകളിലെ മരവുരുപ്പടി വില്പന

154 (3011) ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലമ്പൂർ ഫോറസ്റ്റ് നോർത്ത്, സൗത്ത്, സെയിൽസ് ഡിപ്പോ തുടങ്ങിയ ഡിവിഷനുകളിൽനിന്ന് തേക്ക് മരങ്ങളുൾപ്പെടെ കഴിഞ്ഞ മൂന്നുവർഷക്കാലയളവിൽ എത്ര രൂപയുടെ വില്പന നടന്നിട്ടുണ്ട്; വിശദമാക്കാമോ?

നിലമ്പൂർ ഫോറസ്റ്റ് നോർത്ത്, സൗത്ത്, സെയിൽസ് ഡിപ്പോ തുടങ്ങിയ ഡിവിഷനുകളിൽനിന്ന് തേക്ക് മരങ്ങളുൾപ്പെടെ കഴിഞ്ഞ മൂന്നുവർഷക്കാലയളവിൽ നടന്ന വില്പനയുടെ വിശദവിവരം (തുക കോടിയിൽ) അനുബന്ധമായി ചേർക്കുന്നു.+

വന്യജീവി സംരക്ഷണത്തിനും വന സന്ദർശകർക്കുമുള്ള പദ്ധതികൾ

155 (3012) ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി സംരക്ഷണത്തിനും വന സന്ദർശകർക്കും വനം വകുപ്പ് ഒരുക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

വന്യജീവി സംരക്ഷണത്തിനായി വനം വകുപ്പ് നടത്തുന്ന വിവിധ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തനങ്ങളുടേയും പദ്ധതികളുടേയും സംക്ഷിപ്ത വിവരണം അനുബന്ധമായി ചേർക്കുന്നു.+

(ബി) ഈ സർക്കാരിന്റെ കാലത്ത് വനം വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് വനം വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) തടി ഡിപ്പോകൾ ആധുനികീകരിച്ച് അവയുടെ കാര്യക്ഷമത വർധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

വനം വകുപ്പിന്റെ എല്ലാ തടി ഡിപ്പോകളിലും ലേലനടപടികൾ സുതാര്യവും സുഗമവുമാക്കുന്നതിനായി ഓൺലൈൻ മുഖാന്തരം ഇ-ഓക്ഷനാണ് നടത്തിവരുന്നത്. ആയതിന് വാട്സ്ആപ്പ് മെസ്സേജിങ് ആപ്പ് വഴിയും മറ്റ് നവമാധ്യമങ്ങൾ വഴിയും പ്രചാരണം നടത്തുകയും ചെയ്യുന്നുണ്ട്. തടി ഡിപ്പോകളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിന് സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പൊതുജനങ്ങളേയും വ്യാപാരികളേയും സഹായിക്കുന്നതിനായി ഹെൽപ്ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഡിപ്പോകളിലേക്കുള്ള ഗതാഗത സൗകര്യം മെച്ചപ്പെടുത്തിയിട്ടുണ്ട്. വിലപിടിപ്പുള്ള തടികൾ മഴയത്തും വെയിലത്തും കേടാവാതിരിക്കാൻവേണ്ടി ചില ഡിപ്പോകളിൽ ഗാൽവനൈസ്ഡ് ടിമ്പർ യാർഡ് നിർമ്മിച്ചിട്ടുണ്ട്.

എയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശങ്ങളെ പെരിയാർ കടുവസങ്കേത പരിധിയിൽനിന്ന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒഴിവാക്കാൻ നടപടി

156 (3013) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി ഗ്രാമപഞ്ചായത്തിൽപ്പെട്ട ഏയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശങ്ങളെ പെരിയാർ കടുവസങ്കേത പരിധിയിൽനിന്ന് ഒഴിവാക്കുന്നതിനുള്ള സംസ്ഥാന വന്യജീവി ബോർഡിന്റെ തീരുമാനം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിവേഷ് പോർട്ടലിലൂടെ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വനം-വന്യജീവി ബോർഡിന്റെ നിർദേശപ്രകാരം സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഏയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശങ്ങളെ പെരിയാർ കടുവസങ്കേത പരിധിയിൽനിന്ന് ഒഴിവാക്കുന്നതിനായി കേന്ദ്ര വനം-വന്യജീവി ബോർഡിന്റെ നിർദേശപ്രകാരമുള്ള എന്തെല്ലാം നടപടികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

(എ&ബി) പെരിയാർ കടുവ സങ്കേതത്തിലെ ഏയ്ഞ്ചൽവാലി, പമ്പാവാലി ജനവാസമേഖലകളെ കടുവ സങ്കേതത്തിൽനിന്നും ഒഴിവാക്കുന്നതിനുള്ള ശിപാർശ ദേശീയ വന്യജീവി ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ദേശീയ വന്യജീവി ബോർഡിന്റെ സ്റ്റാന്റിങ് കമ്മിറ്റി രൂപീകരിച്ച സൈറ്റ് ഇൻസ്പെക്ഷൻ കമ്മിറ്റി സ്ഥല പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും സംസ്ഥാന സർക്കാർ "appropriate

guidelines and an action plan for the adoption of sustainable development practices in the Pampa Valley settlement area and the details of additional area to be included in the Tiger Reserve" തയ്യാറാക്കി ദേശീയ വന്യജീവി ബോർഡിന് സമർപ്പിക്കാൻ 12-03-2025-ലെ ദേശീയ വന്യജീവി ബോർഡിന്റെ സ്റ്റാൻഡിങ് കമ്മിറ്റി യോഗം നിർദേശിച്ചിട്ടുണ്ട്. ടി വിഷയം 18-06-2025-ലെ സംസ്ഥാന വന്യജീവി ബോർഡ് ചർച്ച ചെയ്യുകയും ദേശീയ വന്യജീവി ബോർഡിന്റെ മേൽ വിവരിച്ച നിർദേശങ്ങളിന്മേൽ തുടർ ചർച്ചകൾ നടത്താൻ തീരുമാനിച്ചിട്ടുള്ളതുമാണ്.

വന്യജീവി സംരക്ഷണത്തിനായി ലഭിച്ച കേന്ദ്രഫണ്ട്

157 (3014) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സംരക്ഷണത്തിനും വന്യജീവി ആവാസവ്യവസ്ഥയുടെ സമഗ്രവികസനത്തിനുമായി കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ലഭിച്ച കേന്ദ്ര ഫണ്ടിന്റെ വിശദാംശം നൽകാമോ?

വന്യജീവി സംരക്ഷണത്തിനും വന്യജീവി ആവാസവ്യവസ്ഥയുടെ സമഗ്രവികസനത്തിനുമായുള്ള വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2021-2022 മുതൽ നാളിതുവരെ കേന്ദ്ര വിഹിതമായി 9261.89 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. (വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ലാപ്സായ തുകയെത്രയെന്നും അറിയിക്കുമോ; തുക പൂർണ്ണമായും ചെലവഴിക്കാത്തതിന്റെ കാരണം വിശദമാക്കുമോ?

2021-22 മുതൽ നാളിതുവരെ വന്യജീവി സംരക്ഷണത്തിനും വന്യജീവി ആവാസവ്യവസ്ഥയുടെ സമഗ്രവികസനത്തിനുമായിട്ടുള്ള വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ലഭിച്ച തുകയിൽ 8133.49 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഓരോ പദ്ധതിക്കും അതത് സാമ്പത്തിക വർഷത്തിൽ മുഴുവൻ തുകയും ചെലവഴിക്കാത്ത സാഹചര്യമുണ്ടായാൽ മേൽ പ്രവൃത്തികൾ പിന്നീടുവരുന്ന സാമ്പത്തിക വർഷങ്ങളിലെ അതത് പദ്ധതികളിൽ ഉൾപ്പെടുത്താറുണ്ട്. അഗസ്ത്യമല ബയോസ്ഫിയർ റിസർവ് പദ്ധതിയുടെ 2024-25 സാമ്പത്തിക വർഷത്തിലെ രണ്ടാം ഗഡു മുതൽ SNA SPARSH മുഖേനയാണ് തുക അനുവദിക്കുന്നത്. നടപ്പുസാമ്പത്തിക വർഷം (2025-26) SNA SPARSH സംവിധാനത്തിലൂടെയാണ് മുഴുവൻ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും ഫണ്ട് വിതരണം നടത്തിവരുന്നത്.

(സി) വന്യജീവി ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുന്നതുവഴി മൃഗങ്ങൾ ജനവാസമേഖലയിലേക്ക് ഇറങ്ങുന്നതുമൂലമുണ്ടാകുന്ന മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കുറയ്ക്കാമെന്നതിനാൽ പ്രസ്തുത പ്രവർത്തനങ്ങൾ വിപുലമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

വന്യജീവി ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുന്നതുവഴി മൃഗങ്ങൾ ജനവാസമേഖലയിലേക്ക് ഇറങ്ങുന്നതുമൂലമുണ്ടാകുന്ന മനുഷ്യ-വന്യജീവി സംഘർഷങ്ങൾ

കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കിവരുന്നു.

വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ആകർഷിക്കപ്പെടുന്നത് ഒഴിവാക്കുന്നതിനും അവയ്ക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽത്തന്നെ സജ്ജീകരിക്കുന്നതിനുമായി 'മിഷൻ ഫുഡ്, ഫോഡർ & വാട്ടർ' പദ്ധതി 2025 ഫെബ്രുവരി 10-ന് ആരംഭിച്ചു. കുളങ്ങളും മറ്റ് ജലസംഭരണികളും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും അധിനിവേശ കളസസ്യങ്ങളെ ഉന്മൂലനംചെയ്തും ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും വന്യമൃഗങ്ങളെ വനാന്തരങ്ങളിൽത്തന്നെ നിലനിർത്തുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. പദ്ധതിയുടെ ഒന്നാംഘട്ടമായി 2025 ഫെബ്രുവരി 1 മുതൽ സംസ്ഥാനത്തെ വനമേഖലകളിലെ വയലുകൾ, ചെക്ക്ഡാമുകൾ, കുളങ്ങൾ, പുൽമേടുകൾ, തുറസ്സായ സ്ഥലങ്ങൾ എന്നിവയുടെ വിവരശേഖരണം നടത്തുകയും രണ്ടാംഘട്ടത്തിൽ പരിപാലന പ്രവർത്തനങ്ങൾക്കുവേണ്ട ഫണ്ടും മാനവശേഷിയും സമാഹരിച്ച് പ്രവൃത്തികൾ നടത്തിയിട്ടുള്ളതുമാണ്. മേയ് മാസം മുതൽ ആരംഭിച്ച മൂന്നാംഘട്ടത്തിൽ അധിനിവേശ സസ്യങ്ങളുടെ ഉന്മൂലനത്തിനാണ് പ്രാധാന്യം നൽകിയത്. കൺട്രോൾ ബേണിങ് (Control Burning) നടത്തി പുതിയ പുൽനാമ്പുകൾ മുളപ്പിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ യജ്ഞം ഊന്നൽ നൽകുന്നുണ്ട്.

വനമേഖലകളിലെ വിവിധയിടങ്ങളിലായി 2024-25 കാലയളവിൽ 1434 കുളങ്ങൾ, ചെക്കുഡാമുകൾ എന്നിവയിലും 574 വയലുകളിലും 308 മറ്റിതര ജലസ്രോതസ്സുകളിലും അധികമായി അടിഞ്ഞുകൂടിയ ചെളിയും മറ്റ് അവശിഷ്ടങ്ങളും നീക്കംചെയ്ത് വന്യമൃഗങ്ങൾക്ക്

ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്.

ഗ്രീൻ ഗ്രാസ് പ്രോജക്ട്

158 (3015) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യങ്ങളും പ്ലാസ്റ്റിക്കുകളും ഭക്ഷിച്ച് വന്യമൃഗങ്ങൾ അപകടത്തിൽപ്പെടുന്നത് തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

കേരളത്തിലെ വനപ്രദേശങ്ങൾ, ഇക്കോടൂറിസം കേന്ദ്രങ്ങൾ, വനത്തിലൂടെ കടന്നുപോകുന്ന ദേശീയപാതകൾ ഉൾപ്പെടെയുള്ള റോഡുകൾ എന്നിവിടങ്ങളിൽ നിക്ഷേപിക്കപ്പെടുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി 'ഗ്രീൻ ഗ്രാസ് പ്രോജക്ട്' എന്ന പദ്ധതി 2019-20, 2022-23 കാലയളവിൽ വനം വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. കൂടാതെ 'മാലിന്യമുക്ത കേരളം' പദ്ധതിയുമായി ബന്ധപ്പെട്ട് 22-05-2023-ലെ സർക്കാർ ഉത്തരവ് നമ്പർ (സാധാ) 1081/2023/LSGD പ്രകാരം വനപ്രദേശത്തുനിന്ന് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

- വനപ്രദേശത്ത് മാലിന്യ നിക്ഷേപങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനുമായി അതത് പ്രദേശങ്ങളിലെ സ്റ്റാഫുകളുടെ നേതൃത്വത്തിൽ രാത്രികാലങ്ങളിൽ ഉൾപ്പെടെ പരിശോധനകളും റോന്തുചുറ്റൽ പ്രവർത്തനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

- പ്രധാനപ്പെട്ട പ്രദേശങ്ങളിലും കൂടുതലായി മാലിന്യനിക്ഷേപം നടത്തുന്നതായി കണ്ടെത്തിയിട്ടുള്ള പ്രദേശങ്ങളിലും 'ഗ്രീൻ ഗ്രാസ് പദ്ധതി'-യുടെ ഭാഗമായി CCTV ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷണം നടത്തിവരുന്നുണ്ട്.

- വനം വകുപ്പുദ്യോഗസ്ഥരോടൊപ്പം തദ്ദേശ വനവാസികൾ അംഗങ്ങളായ വനസംരക്ഷണ സമിതികൾ (VSS)/ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികൾ (EDC), സ്കൂൾ കുട്ടികൾ, NGO-കൾ, NSS വോളന്റിയർമാർ എന്നിവരുടെ പങ്കാളിത്തത്തോടെ വനത്തിൽ നിക്ഷേപിക്കുന്ന മാലിന്യങ്ങൾ ഉറവിടങ്ങളിൽ നിന്നുതന്നെ ശേഖരിച്ച് സംസ്കരണം നടത്തുന്നു.

- ശേഖരിക്കുന്ന മാലിന്യങ്ങളെ ജൈവവും അജൈവവുമായി തരംതിരിച്ച് ജൈവമാലിന്യങ്ങൾ ഉചിതവും പരിസ്ഥിതിക്ക് ദോഷംവരാത്തതുമായ രീതിയിൽ ഭൂമിയിൽ മറവുചെയ്യുകയും അജൈവ മാലിന്യങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് അനന്തര നടപടികൾക്കായി കൈമാറ്റം ചെയ്യുകയും ചെയ്തുവരുന്നു.

- ആവശ്യമായ ഇടങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കരുതെന്ന മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ച് നിരീക്ഷണം നടത്തിവരുന്നുണ്ട്.

- വനമേഖലയിലെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ മാലിന്യ ശേഖരണത്തിനും നിർമ്മാർജനത്തിനുമായി വേസ്റ്റ് ബിന്നുകൾ, പിറ്റുകൾ, ഇൻസിനറേറ്ററുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

- ബോധവൽക്കരണ ക്ലാസുകളും ക്യാമ്പുകളും നടത്തിവരുന്നുണ്ട്.

- മൂന്നാർ വന്യജീവി ഡിവിഷനുകീഴിൽ രാജമലയിൽ മാലിന്യ നിർമ്മാർജനത്തിനായി ഒരു മാലിന്യ നിർമ്മാർജന യൂണിറ്റ് 'ഗ്രീൻ ഗ്രാസ് പദ്ധതി'-യുടെ ഭാഗമായി സ്ഥാപിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വനമേഖല മാലിന്യമുക്തമാക്കുന്നതിനുവേണ്ടി ഗ്രീൻ ഗ്രാസ് പ്രോജക്ട് നടപ്പാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

കേരളത്തിലെ വനപ്രദേശങ്ങൾ, ഇക്കോ ടൂറിസം കേന്ദ്രങ്ങൾ, വനത്തിലൂടെ കടന്നുപോകുന്ന ദേശീയപാതകൾ ഉൾപ്പെടെയുള്ള റോഡുകൾ എന്നിവിടങ്ങളിൽ നിക്ഷേപിക്കപ്പെടുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി 'ഗ്രീൻ ഗ്രാസ് പ്രോജക്ട്' എന്ന പദ്ധതി 2019-20, 2022-23 കാലയളവിൽ വനം വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. 24-12-2019-ലെ സ.ഉ.(സാധാ) നമ്പർ 506/2019/വനം പ്രകാരം അംഗീകരിച്ച പദ്ധതിയുടെ ആകെ അടങ്കൽതുക 871.50 ലക്ഷം രൂപയായിരുന്നു. വനപ്രദേശങ്ങൾ, ഇക്കോ ടൂറിസം സൈറ്റുകൾ, വനപ്രദേശങ്ങളിലൂടെ കടന്നുപോകുന്ന എല്ലാ റോഡുകളും മാലിന്യം നിക്ഷേപിക്കുന്നതിൽനിന്ന് മുക്തമാക്കി നിലനിർത്തുക, പദ്ധതിയുടെ എല്ലാ നിർവഹണങ്ങളിലും സമൂഹപങ്കാളിത്തം ഉറപ്പാക്കുകയും അതുവഴി പദ്ധതിയുടെ സുസ്ഥിരത ഉറപ്പാക്കുകയും ചെയ്യുക, വനപ്രദേശങ്ങളിലൂടെ കടന്നുപോകുന്ന സംസ്ഥാന/ദേശീയ പാതകൾ ഉൾപ്പെടെയുള്ള എല്ലാ റോഡുകളും പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരികയും അതുവഴി അവ മാലിന്യരഹിതമായി നിലനിർത്തുകയും ചെയ്യുക എന്നിവയായിരുന്നു പദ്ധതി ലക്ഷ്യങ്ങൾ. ചീഫ് സെക്രട്ടറി അധ്യക്ഷം വഹിച്ചിരുന്ന സ്റ്റിയറിങ് കമ്മിറ്റി എല്ലാ മാസവും യോഗം ചേർന്ന് പുരോഗതി

വിലയിരുത്തുകയും ഉചിതമായ തീരുമാനങ്ങളെടുക്കുകയും ചെയ്തിരുന്നു. പദ്ധതി മേൽനോട്ടത്തിനായി അഡീഷണൽ ചീഫ് സെക്രട്ടറി (വനം&വന്യജീവി)-യുടെ നേതൃത്വത്തിൽ രൂപീകരിച്ച ടാസ്ക് ഫോഴ്സ് തീരുമാനങ്ങൾ നടപ്പാക്കുകയും പുരോഗതി നിരീക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി വനം വകുപ്പ് ജീവനക്കാർ, വനസംരക്ഷണ സമിതി/ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികൾ, NGO-കൾ, സ്കൂളുകൾ, കോളേജുകൾ എന്നിങ്ങനെ വിവിധ ഏജൻസികളുടെ പങ്കാളിത്തത്തോടെ മാലിന്യങ്ങൾ ശേഖരിച്ച്, സംസ്കരിച്ച് നിർമ്മാർജനം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. വനം, തദ്ദേശസ്വയംഭരണം, ടൂറിസം, പൊതുമരാമത്ത്, പരിസ്ഥിതി, ആരോഗ്യ വകുപ്പുകൾ, ശുചിത്വ മിഷൻ, ദേവസ്വം ബോർഡ് എന്നിവ പദ്ധതിയുടെ നടത്തിപ്പിൽ പങ്കുവഹിക്കുന്നു.

കേരളത്തിലെ വനമേഖലകളിൽ ഏറ്റവും കൂടുതലായി മാലിന്യങ്ങൾ നിക്ഷേപിക്കപ്പെടുന്ന 47 പഞ്ചായത്തുകളിലായി 121 ഇടങ്ങൾ കണ്ടെത്തി അവയെ പ്രത്യേകം മാപ്പ് ചെയ്ത് പദ്ധതിയിൻകീഴിൽ ആവശ്യമായ പ്രത്യേകം പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി. പദ്ധതിയിൻകീഴിൽ വനമേഖലയിൽനിന്നും 1909.891 ടൺ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്യാൻ സാധിച്ചിട്ടുണ്ട്. പദ്ധതി കാലയളവിൽ 202.97 ലക്ഷം രൂപ ലഭിക്കുകയും അതിൽ 181.69 ലക്ഷം രൂപ പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം മേൽചോദ്യത്തിന് മറുപടിയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പരിസ്ഥിതിയെ ഏറ്റവും ദോഷകരമായി ബാധിക്കുന്ന തരത്തിൽ വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കടുത്ത ശിക്ഷ നൽകുന്ന നിയമം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നിയമനിർമ്മാണം നടത്തുമോ; വിശദമാക്കുമോ?

വന്യജീവികൾക്ക് ഹാനികരമാകുന്ന തരത്തിൽ സംരക്ഷിത മേഖലകൾക്കുള്ളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിൽ നിലവിലെ സെക്ഷൻ 33 (b)&(c), 35 (8), 36(c)(2) എന്നിവ പ്രകാരം നടപടിയെടുക്കാവുന്നതാണ്. കൂടാതെ 1961-ലെ കേരള വന നിയമത്തിലെ നിലവിലെ വകുപ്പ് 27 പ്രകാരം അനുമതി കൂടാതെ വനത്തിനുള്ളിൽ പ്രവേശിക്കുന്നതും നാശനഷ്ടമുണ്ടാക്കുന്നതും നിയമവിരുദ്ധവും കുറ്റകരവും ശിക്ഷാർഹവുമാണ്.

കുറുനരി ആക്രമണത്തിൽ പരിക്കേറ്റവർക്ക് ധനസഹായം

159 (3016) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ മണ്ഡലത്തിൽ കുറുനരി ആക്രമണംമൂലം എത്രപേർക്ക് പരിക്ക് പറ്റിയിട്ടുണ്ടെന്ന് വിശദമാക്കാമോ; അവർക്ക് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ കുറുനരി ആക്രമണംമൂലം പരിക്കുപറ്റി ചികിത്സ നടത്തിയതിന് വനം വകുപ്പിൽനിന്നും നഷ്ടപരിഹാരം ആവശ്യപ്പെട്ട് ശ്രീമതി പുഷ്പ, പേലി ഹൗസ്, മാങ്ങോട്ട് പടി, ഒരുമനയൂർ; ശ്രീമതി തങ്ക വി. എസ്, കിഴക്കിനിയത്ത് ഹൗസ്, ഒരുമനയൂർ എന്ന രണ്ട്

പേർ ഇ-ഡിസ്ട്രിക്ട് പോർട്ടൽ വഴി സമർപ്പിച്ച അപേക്ഷ ലഭിക്കുകയും ടി രണ്ട് അപേക്ഷകർക്കും അർഹമായ നഷ്ടപരിഹാരം അനുവദിച്ചുനൽകിയിട്ടുമുണ്ട്.

മനുഷ്യ-വന്യജീവി സംഘർഷം തടയാൻ നടപടി

160 (3017) ശ്രീ. മോൻസ് ജോസഫ്:

ശ്രീ. പി. ജെ. ജോസഫ്:

ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മലയോര മേഖലകളിൽ വന്യജീവി ആക്രമണംമൂലം ജനങ്ങൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വനമേഖലയോട് ചേർന്ന് സ്ഥിതിചെയ്യുന്ന മലയോര മേഖലകളിൽ ചിലയിടങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സംഘർഷങ്ങൾമൂലം മനുഷ്യർക്കുണ്ടാകുന്ന ജീവഹാനി, പരിക്ക്, കന്നുകാലി നഷ്ടം, കൃഷിനാശം, സ്വത്തുനാശം എന്നിവയാണ് ജനങ്ങൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. കാട്ടാന മുതലായ വന്യജീവികളുടെ സാന്നിധ്യം പ്രദേശവാസികളിൽ പരിഭ്രാന്തിയും അരക്ഷിതത്വബോധവും സൃഷ്ടിക്കുന്നുണ്ട്. വിദ്യാർഥികൾക്കും പ്രായാധിക്യമുള്ളവർക്കും വിദ്യാലയങ്ങളിലേക്കും ദൈനംദിന കാര്യങ്ങൾക്കും സഞ്ചരിക്കുന്നതിന് ഇത്തരം മേഖലകളിൽ ഭയമുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കാട്ടുപന്നി, നാടൻ കുരങ്ങുകൾ മുതലായ വന്യമൃഗങ്ങൾ കൃഷിനാശത്തിന് കാരണമാകുന്നതുവഴി ചെറുകിട കർഷകരുടെ

ജീവനോപാധിയെ ബാധിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിനായി വനം വകുപ്പ് ആരംഭിച്ച തീവ്രയജ്ഞ പരിപാടിയുടെ പ്രധാന ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ ഊർജിതപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ 45 ദിന തീവ്രയജ്ഞ കർമ്മ പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ട്. മൂന്ന് ഘട്ടങ്ങളിലായാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ആയതിലേക്ക് ത്രിതല പഞ്ചായത്തുകളുടെയും ബന്ധപ്പെട്ട റേഞ്ചുകളുടെയും സംയുക്ത ആഭിമുഖ്യത്തിൽ ജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിലും റേഞ്ച് ഫോറസ്റ്റ് ഓഫീസുകളിലും ഹെൽപ് ഡെസ്കുകൾ തീവ്രയജ്ഞ പരിപാടിയുടെ ഒന്നാംഘട്ടത്തിൽ സജ്ജീകരിച്ചിരുന്നു. ത്രിതല പഞ്ചായത്തുകളിലെ ജനപ്രതിനിധികളുടെ സഹായത്തോടെ മനുഷ്യ-വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ട പ്രശ്നങ്ങൾ കണ്ടെത്തുക, പ്രാദേശികമായി പരിഹരിക്കാവുന്ന പ്രശ്നങ്ങൾ ഉടനടി പരിഹരിക്കുകയും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും തീർപ്പാക്കേണ്ട വിഷയങ്ങൾ അതത് തലങ്ങളിൽ സമയബന്ധിതമായി പരിഹരിക്കുകയും വന്യജീവി സംഘർഷത്തിന് ഫലപ്രദമായി പരിഹാരം കാണുക, സർക്കാർ സംവിധാനങ്ങളെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കുക, വീഴ്ചകളുണ്ടെങ്കിൽ അധികാരികളുടെ മുമ്പിലെത്തിക്കുന്നതിനുവേണ്ട സാഹചര്യമൊരുക്കുക, ഇതിലൂടെ ഓരോ മേഖലയിലും വന്യജീവികൾമൂലമുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് ഓരോ വകുപ്പുകൾക്കുമുള്ള ഉത്തരവാദിത്വം ജനങ്ങളിൽ എത്തിക്കുക, വനം

വന്യജീവി സംരക്ഷണത്തിന് ജനങ്ങളെ പങ്കാളികളാക്കുക എന്നതൊക്കെയാണ് ടി പരിപാടിയുടെ പ്രധാന ലക്ഷ്യങ്ങൾ.

(സി) കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്രം അംഗീകരിക്കാത്തതിന് കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

മനുഷ്യ-വന്യജീവി സംഘർഷങ്ങൾ തടയുന്നതിന് നിയമപരമായി നിലവിലുള്ള നടപടിക്രമങ്ങളിലെ സങ്കീർണ്ണതകൾ ലഘൂകരിക്കുന്നതിനും കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമായ ചില അധികാരങ്ങൾ സംസ്ഥാന ചീഫ് വൈൽഡ് ലൈഫ് വാർഡന് നൽകുന്നതിനും കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കണമെന്നും ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർഥിക്കുകയും കേന്ദ്ര വനം-പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിൽനിന്നും പ്രസ്തുത ആവശ്യത്തിനുള്ള മറുപടി ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

1972-ലെ വന്യജീവി (സംരക്ഷണ) നിയമം രാജ്യത്തെ ആവാസ വ്യവസ്ഥകളുടെയും പരിസ്ഥിതിയുടെയും സുരക്ഷയ്ക്കായി വന്യജീവികളുടെ സംരക്ഷണവും സുരക്ഷയും പരിപാലനവും ഉറപ്പുവരുത്തുന്നതിനാണ് ലക്ഷ്യം വയ്ക്കുന്നതെന്നും ചില വന്യജീവികളെ ഷെഡ്യൂൾ I-ൽ ഉൾപ്പെടുത്തിയിരിക്കുന്നത് അവയുടെ പാരിസ്ഥിതികവും സാംസ്കാരികവുമായ പ്രാധാന്യത്തെ കണക്കിലെടുത്താണെന്നും മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നു. കൂടാതെ ഷെഡ്യൂൾ I, ഷെഡ്യൂൾ II എന്നിവയിൽ ഉൾപ്പെട്ട വന്യമൃഗങ്ങളെ അപൂർവം ചില

സന്ദർഭങ്ങളിലല്ലാതെ വേട്ടയാടുന്നത് നിയമം കർശനമായി നിരോധിച്ചിട്ടുണ്ടെന്നും ഷെഡ്യൂൾ 1-ൽ ഉൾപ്പെട്ട വന്യജീവികൾ വംശനാശ ഭീഷണി നേരിടുന്ന അതീവ സംരക്ഷണ പ്രാധാന്യമുള്ളവയായതിനാൽ അവയെ പിടികൂടാനോ കൊല്ലാനോ ഉള്ള അനുമതി അതീവ ജാഗ്രതയോടെ കൈകാര്യം ചെയ്യേണ്ട വിഷയമായതിനാലാണ് സംസ്ഥാന ചീഫ് വൈൽഡ് ലൈഫ് വാർഡന് മാത്രമായി അത്തരമൊരു അധികാരം നിയമത്തിൽ ക്ലിപ്തപ്പെടുത്തിയിട്ടുള്ളതെന്നും കത്തിൽ പറയുന്നു. സെക്ഷൻ 11(1)(a) പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡന് നൽകുന്ന ഈ അധികാരംതന്നെ ജനവാസമേഖലയിൽ എത്തിപ്പെടുന്നതും മനുഷ്യജീവന് അപകടകാരിയായി മാറിയിട്ടുള്ളതുമായ ഷെഡ്യൂൾ I-ൽ ഉൾപ്പെട്ട വന്യമൃഗത്തെ ആദ്യം അതിന്റെ വന്യ ആവാസ വ്യവസ്ഥയിലേക്ക് സ്വയംമടങ്ങുന്നതിനുള്ള സാവകാശം നൽകുന്നതിനും അത് നടക്കാത്ത സാഹചര്യത്തിൽ അതിനെ കാട്ടിലേയ്ക്ക് തുരത്തുന്നതിനും അങ്ങനെയും സാധിക്കാതെ വന്നാൽ കൂട്, വല, മയക്കുവെടി മുതലായ മാർഗങ്ങളിലൂടെ അതിനെ സുരക്ഷിതമായി പിടികൂടി അനുയോജ്യമായ ആവാസ വ്യവസ്ഥയിലേക്ക് മാറ്റിപാർപ്പിക്കുന്നതിനും അത്തരം ശ്രമങ്ങളൊന്നുംതന്നെ ഫലപ്രദമല്ലെന്ന് സംസ്ഥാന ചീഫ് വൈൽഡ് ലൈഫ് വാർഡന് ബോധ്യപ്പെട്ടാൽ മാത്രമേ കൊല്ലുന്നതിനുള്ള ഉത്തരവ് നൽകാൻ അനുവദിക്കുന്നുള്ളൂവെന്നും വ്യക്തമാണ്.

ഷെഡ്യൂൾ II-ലെ മൃഗങ്ങൾ മനുഷ്യ ജീവനോ കൃഷിയുൾപ്പെടെയുള്ള സ്വത്തിനോ അപകടകരമാകുന്നെങ്കിൽ ചീഫ് വൈൽഡ് ലൈഫ് വാർഡനോ അധികാരപ്പെട്ട ഉദ്യോഗസ്ഥനോ അത്തരം മൃഗത്തെയോ മൃഗങ്ങളെയോ വേട്ടയാടി കൊല്ലാനുള്ള സെക്ഷൻ 11(1)(b) വ്യവസ്ഥ ചെയ്യുന്ന അധികാരം ഉത്തരവാദപ്പെട്ട മറ്റൊരാൾക്ക് ഡെലിഗേറ്റ് ചെയ്ത്

നൽകാമെന്നും വ്യക്തമാക്കുന്നു. ഈ വ്യവസ്ഥപ്രകാരം ഷെഡ്യൂൾ II-ൽ ഉൾപ്പെട്ടിട്ടുള്ളതും കാടിനുപുറത്ത് ജനവാസമേഖലകളിൽ എത്തിപ്പെട്ട് ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്നതുമായ കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് ഉത്തരവ് നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാരെയും സെക്രട്ടറിമാരെയും സർക്കാർ 2022 മുതൽ ചുമതലപ്പെടുത്തുകയും ചീഫ് വൈൽഡ് ലൈഫ് വാർഡൻ അദ്ദേഹത്തിൽ നിക്ഷിപ്തമായ അധികാരം അവർക്ക് ഡെലിഗേറ്റ് ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. സെക്ഷൻ 11(1)(ബി) പ്രകാരമുള്ള ഇത്തരം നടപടികളിലൂടെ ഷെഡ്യൂൾ II-ൽ ഉൾപ്പെട്ടിട്ടുള്ളതും ജനവാസമേഖലകളിൽ എത്തിപ്പെട്ട് മനുഷ്യരുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്നതുമായ വന്യമൃഗങ്ങളുടെ എണ്ണം അവയെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കാതെതന്നെ നിയന്ത്രിച്ച് ആരോഗ്യപരമായ ആവാസവ്യവസ്ഥ നിലനിർത്താമെന്നും ടി കത്ത് ചൂണ്ടിക്കാണിക്കുന്നു.

(ഡി) വന്യജീവി ശല്യം കുറയ്ക്കുന്നതിനായി സംസ്ഥാന സർക്കാർ ആസൂത്രണംചെയ്യുന്ന പരിസ്ഥിതി സൗഹൃദ നടപടികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി വനം വകുപ്പ് നടപ്പാക്കുന്ന പരിസ്ഥിതി സൗഹൃദ നടപടികൾ അനുബന്ധമായി ചേർക്കുന്നു.+

(ഇ) മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിൽ നിലവിൽ രൂപീകരിച്ചുകൊണ്ടിരിക്കുന്ന നിയമത്തിന്റെയും സഹായക സംഘങ്ങളുടെയും പങ്ക് എന്താണെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്തെ ജനങ്ങൾ നേരിടുന്ന മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിന് സ്വീകരിക്കുന്ന വിവിധ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നത് ഉദ്ദേശിച്ചിട്ടുള്ള നിയമ ഭേദഗതിയുടെ ഭാഗമായി വന്യജീവി സംരക്ഷണ (കേരള ഭേദഗതി) ബിൽ 2025, നിയമസഭയുടെ പരിഗണനയിലാണ്.

വന്യജീവി ആക്രമണം

161 (3018) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വന്യജീവി ആക്രമണംമൂലം 2016 മുതൽ നാളിതുവരെ ഓരോ വർഷവും മരണമടഞ്ഞവരുടെയും പരിക്ക് പറ്റിയവരുടെയും കണക്ക് വർഷം തിരിച്ച് നൽകാമോ; ഇതിൽ എത്രപേർക്ക് സർക്കാർ നഷ്ടപരിഹാരം നൽകിയെന്ന കണക്കും വർഷം തിരിച്ച് നൽകാമോ?

സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷത്തിൽ 2016 മുതൽ 01-10-2025 വരെ മരണപ്പെട്ടവരുടെയും പരിക്കുപറ്റിയവരുടെയും എണ്ണവും നഷ്ടപരിഹാരം നൽകപ്പെട്ടവരുടെ എണ്ണവും സംബന്ധിച്ച വർഷം തിരിച്ചുള്ള കണക്ക് (പാമ്പുകടിയേറ്റതുൾപ്പെടെ) അനുബന്ധമായി ചേർക്കുന്നു.+

വന്യജീവികളുടെ ആക്രമണങ്ങൾക്ക് നൽകുന്ന നഷ്ടപരിഹാരം

162 (3019) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണംമൂലം മനുഷ്യർക്കുണ്ടാകുന്ന പരിക്ക്, ക്ഷതം, മരണം എന്നിവയ്ക്ക് വനം വകുപ്പ് നഷ്ടപരിഹാരമായി എന്തൊക്കെ ധനസഹായങ്ങളാണ് നൽകുന്നത്; വ്യക്തമാക്കാമോ;

(ബി) നഷ്ടപരിഹാരമായി ലഭ്യമാക്കുന്ന തുകയുടെ കണക്കുകൾ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) നഷ്ടപരിഹാരം ലഭ്യമാക്കാൻ പ്രത്യേക അപേക്ഷ ഫോറം ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

(എ-സി) മനുഷ്യ വന്യജീവി സംഘർഷംമൂലമുള്ള കഷ്ടനഷ്ടങ്ങൾക്ക് വനം വകുപ്പ് നഷ്ടപരിഹാരം നൽകുന്നത് 1980-ലെ കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരമാണ്. ഇതിന്റെ ഭാഗമായുള്ള 05-04-2018-ലെ സ.ഉ.(കൈ)നം.17/2018/വനം, 25-10-2022-ലെ സ.ഉ.(കൈ)നം.50/2022/വനം, 20-01-2024-ലെ സ.ഉ.(കൈ)നം.3/2024/വനം എന്നിവ പ്രകാരമാണ് മനുഷ്യ-വന്യജീവി സംഘർഷത്തിൽ പരിക്കേറ്റവർക്കും മരണമടയുന്നവരുടെ ആശ്രിതർക്കും നിലവിൽ നഷ്ടപരിഹാരം നൽകിവരുന്നത്. ടി ഉത്തരവുകൾപ്രകാരം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് നഷ്ടപരിഹാരമായി അനുവദിക്കുന്നത് 10 ലക്ഷം രൂപയാണ്. വനത്തിന് പുറത്തുവച്ച് സംഭവിക്കുന്ന പാമ്പുകടി, തേനീച്ച, കടന്നൽ എന്നിവയുടെ കുത്തുമൂലമുണ്ടാകുന്ന ജീവഹാനിക്ക്

നഷ്ടപരിഹാരമായി 2 ലക്ഷം രൂപയും നൽകിവരുന്നു. സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരുക്കേൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി 1 ലക്ഷം രൂപ വരെയും നഷ്ടപരിഹാരമായി അനുവദിച്ചുവരുന്നു. പട്ടികവർഗക്കാരുടെ കാര്യത്തിൽ ചികിത്സാച്ചെലവ് മുഴുവനായും അനുവദിച്ചുവരുന്നു. 08-01-2015-ലെ സ.ഉ.(കൈ)നം.02/2015/വനം പ്രകാരം കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകിവരുന്നു.

മനുഷ്യ-വന്യജീവി സംഘർഷം ഒരു സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചതിനെത്തുടർന്ന് 09-05-2025-ലെ സ.ഉ.(സാധാ)നം. 304/2025/DMD പ്രകാരം മനുഷ്യ വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന് 07-03-2024 മുതൽ മുൻകാല പ്രാബല്യം അനുവദിച്ചിട്ടുണ്ട്. ടി ഉത്തരവുപ്രകാരം മനുഷ്യ-വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന മരണം, പരിക്ക് എന്നിവയ്ക്ക് അനുവദനീയമായ നഷ്ടപരിഹാരത്തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

09-05-2025-ലെ (സാധാ)നം.304/2025 ഉത്തരവുപ്രകാരമുള്ള പുതുക്കിയ മാനദണ്ഡങ്ങൾക്കനുസൃതമായി നഷ്ടപരിഹാര അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടൽ തയ്യാറാക്കുന്ന ജോലികൾ പുരോഗതിയിലാണ്. പുതിയ പോർട്ടൽ തയ്യാറാകുന്നതുവരെ പഴയ രീതിയിലുള്ള നഷ്ടപരിഹാര രീതിയാണ് തുടർന്നുവരുന്നത്. ഇ-ഡിസ്ട്രിക്ട് പോർട്ടൽവഴി ഓൺലൈനായാണ് നിലവിൽ അപേക്ഷ സമർപ്പിക്കേണ്ടത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) വനം വകുപ്പിന്റെ ഏതൊക്കെ ഓഫീസുകളിൽ നിന്നാണ് നഷ്ടപരിഹാരത്തുക ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വന്യമൃഗങ്ങൾമൂലമുള്ള കഷ്ടനഷ്ടങ്ങൾക്ക് നിലവിൽ നഷ്ടപരിഹാരം നൽകിവരുന്നത് അതത് പ്രദേശത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽനിന്നും വൈൽഡ്‌ലൈഫ് വാർഡന്റെ ഓഫീസിൽനിന്നുമാണ്. ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖാന്തരം അപകടത്തിന് ഹേതുവായ സംഭവം നടന്ന് ആറ് മാസത്തിനുള്ളിൽ ഇതിനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. മനുഷ്യ-വന്യജീവി സംഘർഷത്തിൽ മരണം സംഭവിച്ചാൽ ഒരു വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ചാൽ മതിയാകും. അപേക്ഷയുടെയും ബന്ധപ്പെട്ട രേഖകളുടെയും പരിശോധനയ്ക്കുശേഷം അർഹതപ്പെട്ടവർക്ക് അർഹമായ നഷ്ടപരിഹാരം അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകിവരുന്നു.

മനുഷ്യ-വന്യജീവി സംഘർഷം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ മനുഷ്യ-വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 09-05-2025-ലെ സർക്കാർ ഉത്തരവ് (സാധാ)നം. 304/2025/DMD പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഈ മാനദണ്ഡങ്ങൾ പ്രകാരം വിവിധ വകുപ്പുകൾ മുഖാന്തരം നൽകേണ്ട നഷ്ടപരിഹാരങ്ങൾക്കായി അപേക്ഷിക്കുന്നതിനുള്ള ഏകജാലക സംവിധാനം തയ്യാറാക്കിവരുന്നു.

ആറളം, വയനാട് മേഖലകളിൽ വന്യമൃഗ ആക്രമണം തടയാൻ നടപടി

163 (3020) ശ്രീ. സണ്ണി ജോസഫ്:

ശ്രീ. ടി. സിദ്ദിഖ്:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറളം, വയനാട് മേഖലകളിൽ വന്യമൃഗ ആക്രമണം തടയാൻ സർക്കാർ കാര്യക്ഷമമായി ഇടപെടുന്നില്ലെന്ന ഹൈക്കോടതിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) ദുരന്ത നിവാരണ നിയമപ്രകാരമുള്ള അധികാരം ഉപയോഗപ്പെടുത്തി പ്രസ്തുത മേഖലകളിലെ വന്യമൃഗ ആക്രമണം തടയാൻ സർക്കാർ നടപടി സ്വീകരിക്കണമെന്ന കോടതി നിർദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഹൈക്കോടതി വിമർശനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ-സി) സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാൻ സർക്കാർ കാര്യക്ഷമമായി ഇടപെടൽ നടത്തണമെന്ന ബഹു. കേരള ഹൈക്കോടതിയുടെ നിർദേശം ശ്രദ്ധയിൽപ്പെടുകയും ഗൗരവത്തോടെ കാണുകയും ചെയ്യുന്നുണ്ട്. WP(C)No.36422/23 & 37950/23 കേസുകളിൽ ബഹു. കേരള ഹൈക്കോടതിയുടെ 16-02-2024-ലെ ഇടക്കാല ഉത്തരവിൽ കേരളത്തിൽ മനുഷ്യ-വന്യജീവി സംഘർഷം സംബന്ധിച്ച് സർക്കാർ ഒരു സമഗ്രനയം രൂപീകരിക്കേണ്ട ആവശ്യമുണ്ടെന്ന് ബഹു. കേരള ഹൈക്കോടതി നിരീക്ഷിച്ചിട്ടുണ്ട്. സർക്കാർ ഇക്കാര്യം ഗൗരവപൂർവം കാണുകയും സംസ്ഥാനത്തെ മനുഷ്യ-

വന്യജീവി സംഘർഷ ലഘൂകരണത്തിനായി ഒരു സമഗ്രനയം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

07-03-2024-നുതന്നെ സ.ഉ.(കൈ)നം.4/2024/DMD പ്രകാരം മനുഷ്യ-വന്യജീവി സംഘർഷം ഒരു 'സംസ്ഥാന സവിശേഷ ദുരന്തം" ആയി പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവായിരുന്നു. സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷങ്ങളും അതിന്റെ ലഘൂകരണ-നിവാരണ പ്രവർത്തനങ്ങളും വിവിധ തലങ്ങളിൽ ആവശ്യമായ നിർദേശങ്ങൾ വിലയിരുത്തുന്നതിനും നൽകുന്നതിനുമായി നാല് തലങ്ങളിലുള്ള സമിതികൾ രൂപീകരിച്ചു. ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ സംസ്ഥാനതലത്തിൽ മന്ത്രിതല സമിതി, ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ വിവിധ വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെടുന്ന സംസ്ഥാനതല ഉദ്യോഗസ്ഥ സമിതി, ജില്ലയുടെ ചുമതലയുള്ള മന്ത്രിയുടെ അധ്യക്ഷതയിൽ വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥരും ജനപ്രതിനിധികളും അടങ്ങിയ ജില്ലാതല സമിതികൾ, പഞ്ചായത്തുതല പ്രാദേശിക സമിതികൾ/ജനജാഗ്രത സമിതികൾ എന്നിങ്ങനെ നാല് തലങ്ങളിലായാണ് ടി സമിതികൾ രൂപീകരിച്ചിട്ടുള്ളത്. ഇവ സമയാസമയം യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തുകയും ഓരോ വകുപ്പും സ്വീകരിക്കേണ്ട നടപടികൾ നിശ്ചയിച്ച് നൽകുകയും ചെയ്തുവരുന്നു. മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിന് സംസ്ഥാനതലത്തിൽ വനം വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

ബഹു. ഹൈക്കോടതി 24-09-2025-ൽ WP(C)No.7858/2025 കേസിൽ പുറപ്പെടുവിച്ച

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇടക്കാല ഉത്തരവിൽ പരാമർശിച്ച ഉപകരണങ്ങളും സംവിധാനങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആറളം പ്രദേശത്തെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾക്കായി കണ്ണൂർ നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് 83.00 ലക്ഷം രൂപ MRMAC എന്ന ബജറ്റ് ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

കൂടാതെ ബഹു. ഹൈക്കോടതി പരാമർശത്തിന്റെ അടിസ്ഥാനത്തിൽ വന്യജീവി ആക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി ദുരന്തനിവാരണ നിയമം 2005-ന്റെ വകുപ്പ് 28, 30, 31, 33, 34, 35, 50 എന്നിവ പ്രകാരം ആവശ്യമായ നടപടികൾ കൈക്കൊണ്ടുവരുന്നു. കണ്ണൂർ ജില്ലാ കളക്ടറുടെ ഉത്തരവുപ്രകാരം പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്. ബഹു. ഹൈക്കോടതിയുടെ നിർദേശപ്രകാരം ആറളം ഭാഗത്തെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വനം വകുപ്പിന് പുതുതായി ഒരു വാഹനം, ഡ്രോൺ, ബോഡി പ്രൊട്ടക്ടറുകൾ, പബ്ലിക് അഡ്രസ്സിങ് സിസ്റ്റം, ടോർച്ച് ലൈറ്റുകൾ തുടങ്ങിയവ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബഹു. ഹൈക്കോടതി നിർദേശിച്ചപ്രകാരം ജില്ലാ കളക്ടർക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുപയോഗിച്ച് ആറളം ഭാഗത്ത് 3.5 കി.മീ. നീളത്തിൽ ഹാങ്ങിങ് ഫെൻസിങ് നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഈ പ്രദേശത്തെ മനുഷ്യ-വന്യജീവി സംഘർഷത്തിനുള്ള പരിഹാരമെന്ന നിലയിൽ പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ചുവരുന്ന ആന പ്രതിരോധ മതിലിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതോടെ പ്രശ്നങ്ങൾ മിക്കവാറും പരിഹരിക്കാൻ സാധിക്കും. മനുഷ്യ-വന്യജീവി സംഘർഷം

തുടർച്ചയായി റിപ്പോർട്ടുചെയ്യുന്ന ആറളവും വയനാടും ഉൾക്കൊള്ളുന്ന പഞ്ചായത്തുകളിൽ പൊതുജനങ്ങളിൽനിന്നും പരാതികളും നിർദേശങ്ങളും സ്വീകരിക്കുന്നതിനും ആയത് പരിഹരിക്കുന്നതിനുമായി സർക്കാർ 45 ദിവസത്തെ തീവ്രയജ്ഞ പരിപാടി നടപ്പാക്കിവരികയാണ്.

കണ്ണൂർ ജില്ലയിൽ നിലവിലുള്ള 28 ജനജാഗ്രതാ സമിതികളും വയനാട് ജില്ലയിൽ നിലവിലുള്ള 18 ജനജാഗ്രതാ സമിതികളും നിശ്ചിത കാലയളവിൽ യോഗം ചേർന്ന് നടപടികൾ വിലയിരുത്തുകയും ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്തുവരുന്നു. കണ്ണൂർ ജില്ലയിൽ 7 പി.ആർ.ടി.-കളും വയനാട് ജില്ലയിൽ 57 പി.ആർ.ടി.-കളും പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി രൂപീകരിച്ചിട്ടുണ്ട്. ഈ രണ്ട് ജില്ലകളിലുമായി 485 സന്നദ്ധപ്രവർത്തകർ പി.ആർ.ടി.-യുടെ ഭാഗമായി പ്രവർത്തിച്ചുവരുന്നുണ്ട്. അവർക്കാവശ്യമായ ട്രെയിനിങ് നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിലവിലുള്ള പി.ആർ.ടി. കൂടുതൽ ശക്തിപ്പെടുത്തുന്നതിനാവശ്യമായ ഉപകരണങ്ങളും ട്രെയിനിങ്ങുകളും നൽകിയിട്ടുണ്ട്.

മനുഷ്യ-വന്യജീവി സംഘർഷം നിലനിൽക്കുന്ന പ്രദേശങ്ങളെ ഹോട്ട്സ്പോട്ടുകളായി തരംതിരിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ലഘൂകരണ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. മനുഷ്യവാസ കേന്ദ്രങ്ങളിലേക്കുള്ള വന്യജീവി കടന്നുകയറ്റത്തെക്കുറിച്ച് അറിയിക്കുന്നതിന് വാട്സ്ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ച് വിവരങ്ങൾ അറിയിച്ചുവരുന്നുണ്ട്.

മനുഷ്യ വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി വിവിധ വകുപ്പുകളുടെ

പ്രവർത്തനങ്ങൾ സംയോജിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ആക്രമണക്കാരായ കാട്ടുപന്നികളെ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടത്തിവരുന്നു.

കണ്ണൂർ ജില്ലയിൽ കഴിഞ്ഞ സാമ്പത്തിക വർഷം 27.91 കി.മീ. നീളത്തിൽ സോളാർ ഹാങ്ങിങ് ഫെൻസിങ് സ്ഥാപിച്ചിട്ടുണ്ട്. 51.7 കി.മീ. ഫെൻസിങിന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. വയനാട് ജില്ലയിൽ കഴിഞ്ഞ വർഷം 10.26 കി.മീ. സോളാർ ഹാങ്ങിങ് ഫെൻസിങ് പൂർത്തീകരിച്ചിട്ടുണ്ട്.

വന്യജീവി ആക്രമണം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ

164 (3021) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി-മനുഷ്യ സംഘർഷം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് വനം വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിന് വനം വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട പാലപ്പിള്ളി, എച്ചിപ്പാറ, ചൊക്കന, ശാസ്താംപൂവ്വം, ഇഞ്ചക്കുണ്ട് ഉൾപ്പെടെയുള്ള വരന്തരപ്പിള്ളി, മറ്റത്തൂർ ഗ്രാമപഞ്ചായത്തുകളിലെ വിവിധ മലയോര ഗ്രാമങ്ങളിൽ വന്യജീവി ആക്രമണംമൂലമുണ്ടാകുന്ന കാർഷിക നാശവും ജനങ്ങളുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജീവനും സ്വത്തിനും നേരെയുള്ള ഭീഷണിയും തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

പുതുക്കാട് മണ്ഡലത്തിൽപ്പെട്ടതും ചാലക്കുടി ഡിവിഷനുകീഴിൽ വരുന്നതുമായ മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന മേഖലകളിൽ വനാതിർത്തികളിൽ സോളാർ ഫെൻസിങ് സ്ഥാപിച്ചിട്ടുണ്ട്. ഹാങ്ങിങ് സോളാർ ഫെൻസിങ് സ്ഥാപിക്കുന്നതിന് അംഗീകാരം ലഭിച്ച സ്ഥലങ്ങളിൽ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. ഡിവിഷൻ തലത്തിൽ ഡിവിഷണൽ ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. വനത്തിനോട് ചേർന്ന് താമസിക്കുന്നവരെ ഉൾപ്പെടുത്തി വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. ജനവാസമേഖലയിൽ വന്യമൃഗങ്ങളുടെ സാന്നിധ്യം കാണുന്നപക്ഷം തത്സമയം വാട്സ്ആപ്പ് ഗ്രൂപ്പിൽ സന്ദേശങ്ങൾ ലഭിക്കുകയും അപ്പോൾത്തന്നെ അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ പട്രോളിങ് നടത്തി വന്യജീവികളെ തിരികെ കാട്ടിനുള്ളിലേക്ക് തുരത്തുകയും ചെയ്യാറുണ്ട്. വന്യജീവികളിൽനിന്നും കർഷകരേയും കാർഷിക വിളകളേയും സംരക്ഷിക്കുന്നതിന് രാത്രികാല പട്രോളിങ് ശക്തിപ്പെടുത്തിയും നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങളെ കാട്ടിലേക്ക് തുരത്തുന്നതിലേക്കായി വാച്ചർമാരെ നിയോഗിച്ചുവരികയും ചെയ്യുന്നുണ്ട്. മൃഗങ്ങൾ ജനവാസമേഖലകളിലേക്ക് കുടിവെള്ളം അന്വേഷിച്ചിറങ്ങുന്നത് ഒഴിവാക്കുന്നതിനായി വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിലേക്ക് കുളങ്ങളും ചെക്ക്ഡാമുകളും നിർമ്മിക്കുകയും നിലവിലുള്ളവ പരിപാലിച്ചുവരികയും ചെയ്യുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി പാലപ്പിള്ളി റേഞ്ചിൽ 31-05-2024-ലെ സ.ഉ. (കൈ)നം.23/2024/വനം പ്രകാരം

ആർ.ആർ.ടി. രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് രൂപീകരിച്ച ജനജാഗ്രതാ സമിതികൾ ആവശ്യാനുസരണം യോഗം ചേരാറുണ്ട്. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന പഞ്ചായത്തുകളിൽ സന്നദ്ധ പ്രാഥമിക പ്രതിരോധ സേനകളും (പി.ആർ.ടി.-കൾ) രൂപീകരിച്ചിട്ടുണ്ട്. പാലപ്പിള്ളി മേഖലയിൽ 3 ക്യാമറാ ട്രാപ്പുകൾ പ്രവർത്തനക്ഷമമാണ്.

മിഷൻ സോളാർ ഫെൻസിങ്ങിന്റെ ഭാഗമായി പാലപ്പിള്ളി (6.00 കി.മീ.), വെള്ളിക്കുളങ്ങര (12.00 കി.മീ.) റേഞ്ച് പരിധിയിൽ ആകെ 18.00 കി.മീ. സോളാർ ഫെൻസിങ് പൂർത്തീകരിച്ചിട്ടുള്ളതും ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി വെള്ളിക്കുളങ്ങര റേഞ്ചിൽ എട്ട് കി.മീ. സോളാർ ഫെൻസിങ് പൂർത്തീകരിച്ചിട്ടുള്ളതുമാണ്. കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യജീവികളുടെ സാന്നിധ്യമുള്ളതും നിലവിൽ ഫെൻസിങ് ഇല്ലാത്തതുമായ പ്രദേശങ്ങളിൽ ഫെൻസിങ് നിർമ്മിക്കുന്നതിന് ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി സോളാർ ഫെൻസിങ്, സോളാർ ഹാങ്ങിങ് ഫെൻസിങ് എന്നിവ സ്ഥാപിക്കുന്നതിന് വിവിധ അടങ്കലുകൾക്ക് ഫണ്ട് ലഭ്യമാക്കുന്നതിനായുള്ള പ്രൊപ്പോസൽ തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നൽകിയിട്ടുള്ളതാണ്. ആയതിന്റെ വിവരം അനുബന്ധമായി ചേർക്കുന്നു.+

കൂടാതെ വരന്തരപ്പിള്ളി പഞ്ചായത്തിൽ ബഹു. പുതുക്കാട് എം.എൽ.എ. ശ്രീ. കെ. കെ. രാമചന്ദ്രൻ പങ്കെടുത്ത മീറ്റിങ്ങിൽ പാലപ്പിള്ളി റേഞ്ചിലെ മനുഷ്യ-വന്യമൃഗ സംഘർഷം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടുതലായി അനുഭവപ്പെടുന്ന മേഖലകളിൽ എം.എൽ.എ.-യുടെ തദ്ദേശ വികസന ഫണ്ട് മുഖാന്തരം ക്യാമറകൾ സ്ഥാപിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കാൻ പാലപ്പിള്ളി റേഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് നൽകിയ നിർദേശത്തിന്റെ വെളിച്ചത്തിൽ പാലപ്പിള്ളി റേഞ്ചിലെ വിവിധയിടങ്ങളിലായി 23 ക്യാമറകൾ സ്ഥാപിക്കുന്നതിന് 5 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

വന്യജീവി ആക്രമണങ്ങൾക്കുള്ള നഷ്ടപരിഹാരത്തുക

165 (3022) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യജീവി ആക്രമണങ്ങൾക്കുള്ള നഷ്ടപരിഹാരത്തുക അവസാനമായി പുതുക്കി നിശ്ചയിച്ചത് എന്നാണ്; ആയത് പരിഷ്കരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മനുഷ്യ-വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് വനം വകുപ്പിൽനിന്നും നഷ്ടപരിഹാരം അനുവദിച്ച് നൽകുന്നത് 1980-ലെ കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോംപൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് (Kerala Rules for Payment of Compensation to Victims of Attack by Wild Animals, 1980)-ൽ നിഷ്കർഷിച്ചിട്ടുള്ളതുപ്രകാരമാണ്. ഇതിന്റെ ഭാഗമായുള്ള 05-04-2018-ലെ സ.ഉ.(കൈ)നം.17/2018/വനം, 20-01-2024-ലെ സ.ഉ.(കൈ)നം.03/2024/വനം എന്നിവ പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് നിലവിൽ നഷ്ടപരിഹാരം അനുവദിച്ചുവരുന്നത്.

മനുഷ്യ-വന്യജീവി സംഘർഷം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ മനുഷ്യ-വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 09-05-2025-ലെ സ.ഉ.(സാധാ) നം.304/2025/DMD പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഈ മാനദണ്ഡങ്ങൾക്ക് 07-03-2024 മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്.

മനുഷ്യ-വന്യജീവി സംഘർഷത്തിലുണ്ടാകുന്ന 60 ശതമാനത്തിൽകൂടിയ സ്ഥായിയായ അംഗവൈകല്യത്തിന് അനുവദിച്ചിരുന്ന പരമാവധി നഷ്ടപരിഹാരത്തുക രണ്ട് ലക്ഷത്തിൽനിന്നും രണ്ടര ലക്ഷമായി പുതുക്കിയ ഉത്തരവുപ്രകാരം ഉയർത്തിയിട്ടുണ്ട്. കൂടാതെ വനത്തിന് പുറത്തുവച്ച് പാമ്പ് കടിയേറ്റോ തേനീച്ച/കടന്നൽ എന്നിവയുടെ കുത്തേറ്റോ മരണമടയുന്നവരുടെ ആശ്രിതർക്ക് നൽകിവന്നിരുന്ന ധനസഹായം രണ്ട് ലക്ഷം രൂപയിൽനിന്നും നാലുലക്ഷമായി ഉയർത്തിയിട്ടുണ്ട്. പുതുക്കിനിശ്ചയിച്ച മാനദണ്ഡങ്ങൾപ്രകാരം വിവിധ വകുപ്പുകൾ മുഖാന്തരം നൽകേണ്ട നഷ്ടപരിഹാരങ്ങൾക്കുള്ള ഏകജാലക സംവിധാനം തയ്യാറാക്കിവരുന്നു.

വന്യമൃഗ ശല്യം പരിഹരിക്കാൻ നടപടികൾ

166 (3023) ശ്രീ. തോമസ് കെ. തോമസ്:

ശ്രീ. കോവൂർ കുഞ്ഞുമോൻ:

ശ്രീ. കെ. പി. മോഹനൻ:

ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനങ്ങൾ നേരിടുന്ന വന്യമൃഗ ആക്രമണങ്ങൾ ഫലപ്രദമായി തടയുന്നതിനായി ഈ സർക്കാർ കൊണ്ടുവരുന്ന ബില്ലുകളുടെ മേന്മകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ആക്രമണകാരികളായ വന്യമൃഗങ്ങളെ കൊല്ലുന്നതിനും കൃഷിയിടങ്ങൾ ആക്രമിക്കുന്നത് തടയുന്നതിനും ശക്തമായ നടപടികൾ സ്വീകരിക്കാൻ പുതിയ ബില്ലിൽ വ്യവസ്ഥ ചെയ്യുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ഇന്ത്യൻ ഭരണഘടനയുടെ VII പട്ടികയിൽപ്പെട്ട സംസ്ഥാന ലിസ്റ്റിലെ വിഷയങ്ങളായ "വനം" എന്നതിലും "വന്യജീവികളുടെയും പക്ഷികളുടെയും സംരക്ഷണം" എന്നതിലും നിയമം കൊണ്ടുവരാൻ പതിനൊന്ന് സംസ്ഥാനങ്ങളിലെ നിയമസഭകൾ പ്രമേയം പാസാക്കി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ഭരണഘടനയിലെ ആർട്ടിക്കിൾ 252 പ്രകാരം ഇന്ത്യയുടെ പാർലമെന്റ് പാസാക്കിയ നിയമമാണ് 1972-ലെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമം. പ്രസ്തുത കാലയളവിൽ ഏതെങ്കിലും വന്യജീവികളെ വേട്ടയാടുന്നതിന് യാതൊരു വിലക്കുമുണ്ടായിരുന്നില്ല. അതുമൂലം വന്യജീവികളും പക്ഷികളും അതിവേഗം കുറഞ്ഞതും ചില സ്പീഷിസുകൾ രാജ്യത്ത് പൂർണ്ണമായും നശിച്ചുപോയതും സംസ്ഥാന നിയമങ്ങൾ അന്നത്തെ സാഹചര്യങ്ങൾക്കനുസരിച്ച് മതിയാകില്ലെന്നതും തുടങ്ങിയ വ്യക്തമായ കാരണങ്ങൾ പരിഗണിച്ചാണ് കേന്ദ്ര സർക്കാർ ഈ നിയമം കൊണ്ടുവന്നത്. പ്രസ്തുത നിയമം നിലവിൽവന്ന് നീണ്ട കാലയളവുകൾ കഴിഞ്ഞപ്പോൾ, സംസ്ഥാനത്ത് ചില വന്യജീവി, പക്ഷി സ്പീഷിസുകളുടെ എണ്ണം ശ്രദ്ധേയമായി വർധിച്ചു. ഇതുകാരണം മനുഷ്യനും

വന്യജീവികളും തമ്മിലുണ്ടാകുന്ന സംഘർഷങ്ങളും മനുഷ്യരുടെയും കൃഷിയുടെയും കാര്യമായ നാശവും വർധിക്കാനിടയായി.

1976-ലെ ഇന്ത്യൻ ഭരണഘടനയിലെ 42-ാം ഭേദഗതിപ്രകാരം വനവും, വന്യജീവിയും സംബന്ധിച്ച വിഷയങ്ങൾ ഭരണഘടനയിലെ ഏഴാം പട്ടികയിലെ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അതിനാൽ, സംസ്ഥാന നിയമസഭയ്ക്ക് ഈ വിഷയത്തിൽ നിയമം പാസാക്കാനുള്ള അധികാരമുണ്ട്. മേൽ വിവരിച്ച സാഹചര്യങ്ങളിൽ മനുഷ്യരും വന്യജീവികളും തമ്മിൽ കൂടിവരുന്ന സംഘർഷങ്ങളും മനുഷ്യ ജീവൻ, കൃഷി, സമ്പത്ത് തുടങ്ങിയവ അകാരണമായി നഷ്ടപ്പെടുന്നതും പരിഹരിക്കുന്നതിനായി, കേന്ദ്ര നിയമത്തിൽ ചില സംസ്ഥാന ഭേദഗതികൾ കൊണ്ടുവരാൻ സർക്കാർ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ വന്യജീവി സംരക്ഷണ (കേരള ഭേദഗതി) ബിൽ, 2025 കൊണ്ടുവരികയും ചെയ്തു. ടി ബില്ലിൽ പ്രധാനമായും ചൂവടെപ്പറയുന്ന കാര്യങ്ങളാണ് ഉദ്ദേശിച്ചിട്ടുള്ളത്.

i. പൊതു സ്ഥലങ്ങളിലോ ജനവാസ മേഖലകളിലോ ഏതെങ്കിലും വന്യജീവി ആരെയെങ്കിലും ആക്രമിച്ച് ഗുരുതര പരിക്കേൽപ്പിച്ചാൽ, വൈകാതെ ആ വന്യജീവിയെ കൊല്ലാൻ ഉത്തരവിടാൻ ചീഫ് വൈൽഡ്‌ലൈഫ് വാർഡന് അധികാരം നൽകുന്നതിന് കഴിയുന്നതാണ് ഈ ബില്ലിലെ ഒരു വ്യവസ്ഥ.

ii. വന്യജീവി സംരക്ഷണ നിയമത്തിലെ വകുപ്പ് 11-ൽ "മനുഷ്യജീവന് അപകടം സൃഷ്ടിക്കുന്നവ" എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ടെങ്കിലും, 'ഒരു വന്യജീവി എപ്പോൾ, ഏതു സാഹചര്യത്തിൽ മനുഷ്യജീവന് അപകടം സൃഷ്ടിക്കുന്നു' എന്ന് കണക്കാക്കപ്പെടും എന്നതിന്റെ നിർവചനം

നിയമത്തിലില്ല. അത് സർക്കാർ ഈ ബില്ലിൽ വ്യക്തമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

iii. വന്യജീവികളുടെ സംഖ്യ നിയന്ത്രിക്കുന്നതിന്, ജനന നിയന്ത്രണം (birth control) അല്ലെങ്കിൽ സ്ഥലംമാറ്റം (translocation) വഴി നിയന്ത്രണം വരുത്താൻ നിർദേശമുണ്ട്.

iv. ബിൽ സംസ്ഥാന സർക്കാരിന് നിയമത്തിലെ പട്ടിക II-ലെ ഏതെങ്കിലും വന്യജീവിയെ വെർമിൻ എന്ന നിലയിൽ പ്രഖ്യാപിക്കാൻ അധികാരം നൽകുന്നതിന് നിർദേശമുണ്ട്.

v. ബോണറ്റ് മക്കാക് (Bonnet Macaque) എന്ന സ്പീഷീസിനെ പട്ടിക I-ൽനിന്നും ഒഴിവാക്കി, പട്ടിക II-ൽ ഉൾപ്പെടുത്തുന്നതിനും ബില്ലിൽ നിർദേശിച്ചിരിക്കുന്നു.

മേൽ വിവരിച്ചപ്രകാരം സംസ്ഥാനത്തെ ജനങ്ങൾ നേരിടുന്ന വന്യമൃഗ ആക്രമണങ്ങൾ ഫലപ്രദമായി തടയുന്നതിനായി, വിവിധ നടപടികൾ ദ്രുതഗതിയിൽ സ്വീകരിക്കുന്നത് ലക്ഷ്യമിടുന്ന വന്യജീവി സംരക്ഷണ (കേരള ഭേദഗതി) ബിൽ, 2025 നിലവിൽ നിയമസഭയുടെ പരിഗണനയിലാണ്.

(സി) വന്യമൃഗശല്യം ശാശ്വതമായി പരിഹരിക്കാൻ എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വനം വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

1. "മിഷൻ സോളാർ ഫെൻസിങ് 2024" - നിലവിൽ നിർമ്മിച്ചിരുന്ന സോളാർ ഫെൻസിങുകൾ പ്രവർത്തനക്ഷമമാക്കുന്നതിലേക്കായി "മിഷൻ സോളാർ ഫെൻസിങ് 2024"

എന്ന തീവ്രയജ്ഞ പദ്ധതി നടപ്പാക്കുകയുണ്ടായി. ടി യജ്ഞം ആരംഭിച്ചതുമുതൽ നാളിതുവരെ രണ്ടായിരം കിലോമീറ്ററോളം സോളാർ ഫെൻസിങ് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനക്ഷമമാക്കി. 794 കി.മീ. നീളത്തിൽ പുതുതായി സോളാർ ഫെൻസിങിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

2. വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ആകർഷിക്കപ്പെടുന്നത് ഒഴിവാക്കുന്നതിനും അവയ്ക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽത്തന്നെ സജ്ജീകരിക്കുന്നതിനുമായി "മിഷൻ ഫുഡ്, ഫോഡർ & വാട്ടർ" പദ്ധതി 2025 ഫെബ്രുവരി 1-ാം തീയതി ആരംഭിച്ചു. കുളങ്ങളും മറ്റ് ജലസംഭരണികളും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും അധിനിവേശ കള സസ്യങ്ങളെ ഉന്മൂലനംചെയ്യും ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും വന്യമൃഗങ്ങളെ വനാന്തരങ്ങളിൽത്തന്നെ നിലനിർത്തുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

3. വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് പ്രതിരോധിക്കുന്നതിലേക്കായി 120.37 കി.മീ. സോളാർ ഹാങ്ങിങ് ഫെൻസിങ്ങും 10 കി.മീ. റെയിൽ ഫെൻസിങ്ങും 0.11 കി.മീ. അയൺ ഫെൻസിങ്ങും വിവിധ വനമേഖലകളിൽ നിർമ്മിച്ചിട്ടുള്ളതാകുന്നു.

4. വന്യജീവികൾ ജനവാസമേഖലകളിൽ ഇറങ്ങുന്നത് തടയുന്നതിനായി സംസ്ഥാനത്തെ വിവിധ വനാതിർത്തികളിൽ 69.07 കി.മീ. ആനക്കിടങ്ങ്, 1.92 കി.മീ. ആന പ്രതിരോധ മതിൽ, 1.58 കി.മീ. കരിങ്കൽഭിത്തി, 2.09 കി.മീ. കയ്യാല എന്നീ പ്രതിരോധ നിർമ്മിതികൾ പണിതിട്ടുള്ളതാണ്.

5. വന്യമൃഗങ്ങൾ മനുഷ്യവാസ കേന്ദ്രത്തിലേക്ക് കടക്കുന്നത് പരമാവധി തടയാൻ നബാർഡ് ട്രാഞ്ച XXVII-ൽ 101.50 കിലോമീറ്റർ സോളാർ വേലി നിർമ്മിക്കുന്നതിനായി ലഭിച്ച 586.11 ലക്ഷം രൂപയുടെയും ട്രാഞ്ച XXIX-ൽ വിവിധ പ്രതിരോധ നിർമ്മിതികൾക്കായി ലഭിച്ച 6203.02 ലക്ഷം രൂപയുടെയും പ്രവൃത്തികൾ നിർമ്മാണ പുരോഗതിയിലാണ്.

6. മനുഷ്യ-വന്യജീവി സംഘർഷ സാധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സ്റ്റാഫുകൾ നിരന്തര പട്രോളിങും പരിശോധനയും ശക്തമാക്കിയിട്ടുള്ളതും രാത്രികാല പട്രോളിങും അന്തർ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം അതിർത്തി പ്രദേശങ്ങളിൽ ജോയിന്റ് പട്രോളിങും നടത്തുന്നുണ്ട്.

7. വന്യജീവി സംഘർഷ നിവാരണത്തിനായി പുതുതായി രൂപീകരിച്ചിട്ടുള്ള 9 RRT-കൾ അടക്കം സംസ്ഥാനത്തുടനീളം 28 RRT-കളെ വിന്യസിച്ചിട്ടുണ്ട്. രാത്രികാല പട്രോളിങ് ശക്തിപ്പെടുത്തിയും നാട്ടിലിറങ്ങുന്ന മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേക്ക് തിരികെ വിടുന്നതിനും RRT-കൾ മുൻകൈയെടുത്ത് പ്രവർത്തിച്ചുവരുന്നു. ടി സ്ഥിരം RRT-കൾ കൂടാതെ ഫോറസ്റ്റ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സാറ്റലൈറ്റ് RRT-കളും 24 മണിക്കൂറും സേവനസന്നദ്ധമാണ്.

8. RRT-കളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് എല്ലാ RRT-കളുടേയും നേതൃത്വം പരിചയ സമ്പന്നരായ ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ചുമതലയിൽ ഏല്പിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. നേരത്തെ 20 RRT-കളുടെ ചുമതല സെക്ഷൻ ഫോറസ്റ്റ് ഓഫീസർക്ക് ആയിരുന്നതാണ് സർക്കാർ ഉത്തരവിലൂടെ അപ്ഗ്രേഡ് ചെയ്യപ്പെട്ടിട്ടുള്ളത് (സ.ഉ.

(സാധാ)നം.197/2025/വനം, തീയതി 26-05-2025).

9. സംസ്ഥാനത്ത് ആകെ 273 പഞ്ചായത്തുകൾ വന്യജീവി സംഘർഷ ബാധിത പ്രദേശങ്ങളായി കണ്ടെത്തിയിട്ടുണ്ട്. അതിൽ 30 പഞ്ചായത്തുകൾ മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്നവയാണ്. മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന 12 ലാൻഡ്സ്കേപ്പുകളെ ഹോട്സ്പോട്ടുകളായി തിരിച്ചറിയുകയും ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യമായ സംഘർഷ ലഘൂകരണ പ്ലാനുകൾ പ്രത്യേകം തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇവ ക്രോഡീകരിച്ച് ഒരു മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ നയം രൂപീകരിക്കുന്നതിന് 21-10-2024-ൽ ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സംസ്ഥാന വന്യജീവി ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ലാൻഡ്സ്കേപ്പുതല പ്ലാനുകളുടെ അവതരണവും ചർച്ചയും പൂർത്തിയാക്കിയിട്ടുണ്ട്.

10. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന RRT-കൾക്ക് സുരക്ഷാ ഉപകരണങ്ങൾ, ആയുധങ്ങൾ എന്നിവ ലഭ്യമാക്കൽ, ആധുനിക ഉപകരണങ്ങൾ ഉൾപ്പെടെയുള്ള ടൂൾ റൂമുകൾ സജ്ജീകരിക്കൽ, മികച്ച പരിശീലനം പ്രദാനം ചെയ്യൽ എന്നിങ്ങനെ വിവിധോന്മുഖമായ പ്രവൃത്തികൾക്ക് തയ്യാറാക്കിയ 3 കോടി രൂപയുടെ പദ്ധതി 03-05-2025-ലെ സ.ഉ. (സാധാ)നം.287/2025/DMD പ്രകാരം ഉത്തരവായിട്ടുണ്ട്.

11. മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിനായി സംസ്ഥാനതല എമർജൻസി ഓപ്പറേഷൻ സെന്റർ (SFEOC), ഡിവിഷൻ തലത്തിലെ ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററുകൾ (DFEOCs) എന്നിവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും

പ്രവർത്തനങ്ങൾക്കുമായി 372.796 ലക്ഷം രൂപ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിൽനിന്നും അനുവദിച്ചുകൊണ്ട് 19-04-2025-ലെ സ.ഉ. (സാധാ)നം.251/2025/DMD പ്രകാരം ഉത്തരവായിട്ടുണ്ട്.

12. മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിന്റെ ഭാഗമായി വനം വകുപ്പിലെ വെറ്ററിനറി യൂണിറ്റിന്റെ ശക്തീകരണത്തിനായി വാഹനവും മറ്റുപകരണങ്ങളും വാങ്ങുന്നതിലേക്കായി 134 ലക്ഷം രൂപ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിൽനിന്നും അനുവദിച്ചുകൊണ്ട് 23-04-2025-ലെ സ.ഉ.(സാധാ) നം.265/2025/DMD പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിനുപുറമെ വെറ്ററിനറി യൂണിറ്റിന്റെ കാര്യക്ഷമത വർധിപ്പിക്കുന്നതിനായിട്ടുള്ള വിവിധ പരിശീലന പരിപാടികൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി 225 ലക്ഷം രൂപ 06-05-2025-ലെ സ.ഉ.(സാധാ)നം.297/2025/DMD പ്രകാരവും ഉത്തരവായിട്ടുണ്ട്.

13. വനത്തിനകത്ത് ചെക്ക്ഡാമുകൾ, വാച്ച് ടവറുകൾ എന്നിവ നിർമ്മിക്കുക, ജനവാസ മേഖലകളിൽ സൗരോർജ വിളക്കുകളും ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുക, തെർമൽ സെൻസർ ഡ്രോണുകളും AI ക്യാമറകൾ, റേഡിയോ കോളറുകൾ എന്നിവ വാങ്ങുന്നതിനും മറ്റുമായി കിഫ്ബി മുഖേന 110 കോടി രൂപ അനുവദിച്ച് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതിൻപ്രകാരമുള്ള പ്രവൃത്തികൾ പുരോഗതിയിലാണ്.

14. കേരളത്തിലെ നാടൻ കുരങ്ങുകളെ നിയമാനുസൃതം നിയന്ത്രിക്കുന്നതിന് അവയെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിന്റെ ഷെഡ്യൂൾ 1-ൽ നിന്നും ഷെഡ്യൂൾ - 2-ലേക്ക് മാറ്റുന്നതിനുള്ള ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ജനവാസമേഖലകളിൽ

ഇവയുടെ വംശവർധനവ് നിയന്ത്രിക്കുന്നതിനായി ജനന നിയന്ത്രണമുൾപ്പെടെയുള്ള കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

15. ജനവാസ മേഖലകളിൽ മനുഷ്യജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിനായിട്ടുള്ള കാലാവധി 28-05-2025-ലെ സ.ഉ.(കൈ)നം.17/2025/വനം പ്രകാരം 28-05-2025 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. ടി പന്നികളെ ഇല്ലായ്മ ചെയ്യുന്ന ഉത്തരവ് നൽകുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർക്കും നൽകാനായി അവരെ ഓണററി വൈൽഡ് ലൈഫ് വാർഡന്മാരായും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസർമാരായും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജനവാസമേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിന് ഡിവിഷൻ, സർക്കിൾ തലങ്ങളിൽ അംഗീകൃത ഷൂട്ടർമാരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്.

16. മനുഷ്യരുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന കാട്ടുപന്നികളെ വെടിവച്ചുകൊല്ലുന്നതിന് ഷൂട്ടർമാർക്കുള്ള ഓണറേറിയം 1,500 രൂപയായും ജഡം മറവുചെയ്യുന്നതിനുള്ള ചെലവിനം 2,000 രൂപയായും വർധിപ്പിക്കുകയും ആയത് പഞ്ചായത്തുകളുടെ SDRF ഫണ്ടിൽനിന്നും വിനിയോഗിക്കാൻ അനുമതി നൽകിക്കൊണ്ടും 06-03-2025-ലെ സ.ഉ.(സാധാ)നം. 108/2025/DMD പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

17. പാമ്പുകൾമൂലമുള്ള അപകടം ഒഴിവാക്കുന്നതിന് “സർപ്പ” എന്ന മൊബൈൽ ആപ്ലിക്കേഷനും സർപ്പയിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ അടിസ്ഥാനമാക്കി ഉടനടി

സ്ഥലത്തെത്തി അപകടസാധ്യത ഒഴിവാക്കുന്നതിന് പരിശീലനം ലഭിച്ച സന്നദ്ധ സേവകരുടെ സംഘവും നിലവിലുണ്ട്. ടി പ്രോഗ്രാം പ്രകാരം 2024 വർഷത്തിൽ 16453 പാമ്പുകളെ റെസ്ക്യൂ ചെയ്തിട്ടുള്ളതാകുന്നു.

18. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ പ്രതിനിധികൾ, VSS/EDC അംഗങ്ങൾ, കർഷകരുൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരടങ്ങുന്ന 280 ജന ജാഗ്രതാ സമിതികൾ രൂപീകരിച്ച് മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതിലേക്ക് പ്രവർത്തിച്ചുവരുന്നുണ്ട്.

19. ജനവാസ മേഖലയോടുചേർന്നുള്ള വനപ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്ത ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

20. ജനവാസമേഖലയിലേക്ക് പ്രവേശിക്കുന്ന കാട്ടാനകളെ ശബ്ദവും വെളിച്ചവുമുണ്ടാക്കി കാട്ടിലേക്ക് തിരികെ വിടുന്നതിന് ആധുനിക അനിഡേർസ് അലാറം സിസ്റ്റം പ്രയോജനപ്പെടുത്തിവരുന്നു. ആധുനിക സാങ്കേതികവിദ്യയിലധിഷ്ഠിതമായ ഡിജിറ്റൽ (സെൻസർ) വാളുകൾ, ക്യാമറ ട്രാപ്പ്, ആനിമൽ ഇൻട്രൂഷൻ അലർട്ട് സിസ്റ്റം തുടങ്ങിയവയും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ഉപയോഗപ്പെടുത്തിവരുന്നു.

21. സന്നദ്ധ പുനരധിവാസ പദ്ധതിയായ നവകിരണം പദ്ധതിപ്രകാരം 818 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് പ്രകാരമുള്ള തുക നൽകി മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിലേക്കായി വനാന്തരങ്ങളിൽനിന്ന് മാറിത്താമസിക്കാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്.

22. കേരളത്തിലെ വന്യജീവി സംഘർഷം ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി കൈകാര്യം ചെയ്യുന്നത് ലക്ഷ്യമിട്ട് വന്യജീവി സംഘർഷത്തെ "സംസ്ഥാന സവിശേഷ ദുരന്തമായി" പ്രഖ്യാപിക്കുകയുണ്ടായി. വന്യജീവി സംഘർഷ പ്രതിരോധ പ്രവർത്തനങ്ങൾ വിവിധ സർക്കാർ വകുപ്പുകളുടെ കൂട്ടുത്തരവാദിത്വത്തോടെ ത്വരിതഗതിയിൽ നടപ്പാക്കുക ലക്ഷ്യമിട്ട് ഓരോ വകുപ്പും നിറവേറ്റേണ്ട ചുമതലകൾ വ്യക്തമാക്കുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

23. ഏതെങ്കിലും മേഖലയിൽ വന്യമൃഗത്തിന്റെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശവാസികളെ ജാഗരൂകരാക്കുന്നതിലേക്കായി ഏർളി വാണിങ്ങ് സിസ്റ്റം, എസ്.എം.എസ്. അലർട്ട് സിസ്റ്റം തുടങ്ങിയ സാങ്കേതികവിദ്യകൾ ഫലപ്രദമായി ഉപയോഗിച്ചുവരുന്നു.

24. വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ എന്നിവയുടെ ഉടമസ്ഥർ ടി സ്ഥലങ്ങളിലെ കളകളും കുറ്റിക്കാടുകളും നീക്കംചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടിക്കാടുകൾ വളർന്ന് വന്യജീവികളുടെ സാന്നിധ്യത്തിന് സാഹചര്യമൊരുക്കുന്ന ഇത്തരം തോട്ടങ്ങൾ കണ്ടെത്തി ടി പ്രവൃത്തികൾ ഇപ്പോഴും തുടർന്നുവരുന്നു.

25. സ്വകാര്യ റിസോർട്ടുകളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിനുള്ള നിർദേശം നൽകുകയും ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ലൈറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നിർദേശം നൽകിയിട്ടുണ്ട്.

26. ജനവാസമേഖലകളിലും വിനോദസഞ്ചാര മേഖലകളിലും പാതയോരങ്ങളിലും അപകട

മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്.

27. സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ജാഗ്രതയോടെ നിരീക്ഷിക്കുന്നതിനും നിവാരണ പ്രവർത്തനങ്ങൾ ഫലപ്രദമായി തത്സമയം ഏകോപിപ്പിക്കുന്നതിനുമായി ഡിവിഷൻതലത്തിൽ 36 കൺട്രോൾ റൂമുകളും (Divisional Forest Emergency Operations Centre–DFEOC), വനം വകുപ്പ് ആസ്ഥാനത്ത് സംസ്ഥാനതല കൺട്രോൾ റൂമും (State Forest Emergency Operations Centre–SFEOC) 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു.

28. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനായി ഉദ്യോഗസ്ഥതല സമിതി രൂപീകരിച്ചിട്ടുണ്ട്.

29. സംസ്ഥാനാതിർത്തി കടന്നെത്തി സംഘർഷമുണ്ടാക്കുന്ന വന്യജീവികളെ നിരീക്ഷിച്ച് പരസ്പരം വിവരങ്ങൾ കൈമാറുക, മനുഷ്യ-വന്യമൃഗ സംഘർഷ സാഹചര്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുക, കേരളം, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങൾ ചേർന്ന് അന്തർസംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

30. വന്യമൃഗങ്ങളുടെ സാമീപ്യത്തെക്കുറിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വന്യജീവി ആക്രമണം തടയുന്നതിനും വനം വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾക്ക് പൊതുജന സഹകരണം ഉറപ്പാക്കുന്നതിനും വ്യാജ വിവരങ്ങൾ നൽകി ജനങ്ങളെ പരിഭ്രാന്തരാക്കുന്നത് തടയുന്നതിനുമായി പബ്ലിക് അഡ്രസ്സ് സിസ്റ്റം, ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിക്കൽ, ബ്രോഷറുകളും പാംപ്ലെറ്റുകളും വിതരണം ചെയ്യൽ, സോഷ്യൽ മീഡിയയിലൂടെ വിവരങ്ങൾ നൽകൽ

തുടങ്ങിയവ നടപ്പാക്കിവരുന്നു.

31. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മനുഷ്യ-വന്യജീവി സംഘർഷം റിപ്പോർട്ട് ചെയ്യപ്പെടുന്ന വയനാട് ജില്ലയിൽ നേരിടുന്ന മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്ന പ്രവർത്തനങ്ങൾക്കുപരി ഫലപ്രദമായ ഏകോപനത്തിനും മേൽനോട്ടത്തിനും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

32. ആധുനിക സാങ്കേതികവിദ്യയെ അടിസ്ഥാനപ്പെടുത്തിയുള്ള ഉപകരണങ്ങൾ സ്ഥാപിച്ചും മൊബൈൽ ആപ്ലിക്കേഷനുകൾ വികസിപ്പിച്ച് വിവരങ്ങൾ ശേഖരിച്ചും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തിയിട്ടുണ്ട്. ക്യാമറാ ട്രാപ്പുകൾ, റിയൽ ടൈം മോണിറ്ററിങ് സിസ്റ്റം, വൈൽഡ് വാച്ച് മൊബൈൽ ആപ്ലിക്കേഷൻ മുതലായ സംവിധാനങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

33. വനമേഖലകളിലെ വിവിധയിടങ്ങളിലായി 2024-25 കാലയളവിൽ 1434 കുളങ്ങൾ, ചെക്കുഡാമുകൾ എന്നിവയിലും 574 വയലുകളിലും 308 മറ്റിതര ജലസ്രോതസ്സുകളിലും അധികമായി അടിഞ്ഞുകൂടിയ ചെളിയും മറ്റ് അവശിഷ്ടങ്ങളും നീക്കംചെയ്ത് വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ, കൃഷിയിടങ്ങൾ തുടങ്ങിയവയിൽ കളകളും കുറ്റിക്കാടുകളും നീക്കംചെയ്യാൻവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

34. വനത്തിനുള്ളിലെ വയലുകളുടെ പരിപാലനത്തിന് നബാർഡ് മുഖേന 25 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇവയുടെ തുടർപ്രവൃത്തികൾ നടക്കുന്നുണ്ട്.

35. സ്വാഭാവിക വനപുനഃസ്ഥാപന പദ്ധതിപ്രകാരം അധിനിവേശ സസ്യങ്ങളെ നിർമ്മാർജനം ചെയ്യുന്നതിന്റെ ഭാഗമായി എല്ലാ ഡിവിഷനുകളിലെയും അംഗീകരിച്ച വർക്കിങ് പ്ലാനുകളിൽ ആവശ്യമെങ്കിൽ മാറ്റംവരുത്തുന്നതിനും പുതിയ വർക്കിങ് പ്ലാനുകളിൽ ഇക്കോ-റെസ്റ്റോറേഷൻ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനുംവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നബാർഡ് പദ്ധതിയിലുൾപ്പെടുത്തി വിവിധ സർക്കിളുകളിലായി 5031 ഹെക്ടർ സ്ഥലത്ത് ടി പ്രവൃത്തികൾ നടപ്പാക്കിവരുന്നു. ആയതിൻപ്രകാരം ആകെ 1583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്.

36. മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് വനം വകുപ്പ് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും വോളന്റിയർമാർക്കും പരിശീലനം നൽകുന്നതിനുള്ള മൊഡ്യൂൾ, ഇക്കാര്യത്തിൽ പ്രാവീണ്യമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ട്. അരിപ്പ, വാളയാർ എന്നിവിടങ്ങളിലെ സംസ്ഥാന വനപരിശീലന കേന്ദ്രങ്ങളിൽ സംരക്ഷണ വിഭാഗം ഉദ്യോഗസ്ഥർക്ക് പ്രസ്തുത പ്രായോഗിക വിദഗ്ധ പരിശീലനം നൽകിവരുന്നുണ്ട്.

37. ഇതോടൊപ്പംതന്നെ വന്യജീവികളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും നൽകിവരുന്നുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ നഷ്ടപരിഹാരമായി ആകെ 2179 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

38. മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പരിപാടികളുടെ ജില്ലാതല അവലോകനത്തിനായി രൂപീകരിച്ചിട്ടുള്ള ജില്ലാതല നിയന്ത്രണ സമിതികൾ എല്ലാ മാസവും

യോഗം ചേർന്ന് നടപടികൾ വിലയിരുത്തുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയതിൻപ്രകാരം ജില്ലാതല സമിതികൾ ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

39. പാമ്പുകടി, തേനീച്ച/കടന്നൽ കുത്ത് എന്നിവമൂലം മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാരത്തുകയും നഷ്ടപരിഹാര വിതരണ രീതിയും പരിഷ്കരിച്ചുകൊണ്ട് 09-05-2025-ലെ സ.ഉ.(സാധാ)നം.304/2025/DMD പ്രകാരം ഉത്തരവായിട്ടുണ്ട്.

40. ഇതിലുപരിയായി താഴെ വിവരിക്കുംപ്രകാരം 10 മിഷനുകൾ നടപ്പാക്കാനായി 23-02-2025-ലെ സ.ഉ.(കൈ)നം.8/2025/വനം പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുള്ളതാണ്. ഇവയുടെ വിവരം ചുവടെ ചേർക്കുന്നു:

1. മിഷൻ ഫുഡ്, ഫോഡർ&വാട്ടർ (Mission FFW/Mission Food, Fodder& Water)

2. Mission Tribal Knowledge (ഗോത്രഭേരി)

3. Mission Solar Fencing

4. Mission Primary Response Team.

5. Mission Real Time Monitoring.

6. Mission Sensitization to Public.

7. Mission Science on Human Wildlife Conflict.

8. Mission Bonnet Macaque.

9. Mission Wild Pig.

10. Mission SARPA.

41. കൂടാതെ 2025 സെപ്തംബർ 16-ന് ആരംഭിച്ച് 45 ദിവസം നീണ്ടുനിൽക്കുന്ന മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞ പരിപാടി ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഒന്നാംഘട്ടം പൂർത്തിയായിട്ടുണ്ട്.

(ഡി) റാപിഡ് റെസ്പോൺസ് ടീമിനെ (ആർ.ആർ.ടി.) ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വന്യജീവി സംഘർഷ നിവാരണത്തിനായി പുതുതായി രൂപീകരിച്ചിട്ടുള്ള 9 RRT-കൾ അടക്കം സംസ്ഥാനത്തുടനീളം 28 RRT-കളെ വിന്യസിച്ചിട്ടുണ്ട്. രാത്രികാല പട്രോളിങ്ങ് ശക്തിപ്പെടുത്തിയും നാട്ടിലിറങ്ങുന്ന മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേക്ക് തിരികെ വിടുന്നതിനും RRT-കൾ മുൻകൈയെടുത്ത് പ്രവർത്തിച്ചുവരുന്നു. ടി സ്ഥിരം RRT-കൾ കൂടാതെ ഫോറസ്റ്റ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സാറ്റലൈറ്റ് RRT-കളും 24 മണിക്കൂറും സേവന സന്നദ്ധമാണ്.

RRT-കളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് എല്ലാ RRT-കളുടെയും നേതൃത്വം പരിചയസമ്പന്നരായ ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ചുമതലയിൽ ഏല്പിച്ചുകൊണ്ട് 26-05-2025-ലെ സ.ഉ.(സാധാ)നം.197/2025/വനം പ്രകാരം ഉത്തരവായിട്ടുണ്ട്. നേരത്തെ 20 RRT-കളുടെ ചുമതല സെക്ഷൻ ഫോറസ്റ്റ് ഓഫീസർക്ക് ആയിരുന്നതാണ് ടി സർക്കാർ

ഉത്തരവിലൂടെ അപ്ഗ്രേഡ് ചെയ്യപ്പെട്ടിട്ടുള്ളത്.

സംസ്ഥാനത്തെ RRT യൂണിറ്റുകൾക്ക് ഉപകരണങ്ങളും മറ്റ് സംവിധാനങ്ങളും നൽകി ശക്തീകരിക്കുന്നതിന് 03-05-2025-ലെ സ.ഉ.(സാധാ)നം.287/2025/DMD പ്രകാരം മൂന്ന് കോടി രൂപ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി അനുവദിച്ചിട്ടുണ്ട്. റാപിഡ് റെസ്പോൺസ് ടീമിനെ (ആർ.ആർ.ടി.) ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ടൂൾ റൂമുകൾ സജ്ജീകരിച്ചിട്ടുണ്ട്. പുതിയ വാഹനങ്ങൾ, പമ്പ് ആക്ഷൻ ഗൺ, വയർലെസ്, റെസ്ക്യൂ ടൂൾസ്, ക്ലൂകൾ, സ്വയംരക്ഷയ്ക്കുള്ള ഉപകരണങ്ങൾ, യൂണിഫോമുകൾ മുതലായവ നൽകിയിട്ടുണ്ട്. നൈറ്റ്വിഷൻ ക്യാമറ, ബൈനോക്കുലറുകൾ, ഡ്രോണുകൾ, ഫോർവീൽ ഡ്രൈവ് വാഹനങ്ങൾ എന്നിവ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

NABARD-RIDF-TRANCHE-XXVII പദ്ധതിയിൽ ആറളം (കണ്ണൂർ ഡിവിഷൻ), കൂപ്പാടി (വയനാട് വൈൽഡ് ലൈഫ് ഡിവിഷൻ), ചന്തക്കുന്ന് (നിലമ്പൂർ നോർത്ത് ഡിവിഷൻ), ഒലവക്കോട് (പാലക്കാട് ഡിവിഷൻ), ദേവികുളം (മൂന്നാർ ഡിവിഷൻ), അഞ്ചൽ (പുനലൂർ ഡിവിഷൻ) എന്നീ ആറ് RRT&VET centre-കളുടെ അടിസ്ഥാന സൗകര്യ വികസത്തിനായി (കെട്ടിടങ്ങൾ, ഉപകരണങ്ങൾ, വാഹനങ്ങൾ തുടങ്ങിയവ) 13-04-2022-ലെ സ.ഉ.(കൈ)നം.17/2022/വനം പ്രകാരം 1809.32 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു.

NABARD-RIDF-TRANCHE-XXX പദ്ധതിയിലുൾപ്പെടുത്തി പെരിയാർ വെസ്റ്റ് ഡിവിഷനിലെ പീരുമേട് RRT&VET centre-ന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി

(കെട്ടിടങ്ങൾ, ഉപകരണങ്ങൾ, വാഹനം തുടങ്ങിയവ) 16-11-2024-ലെ സ.ഉ. (കൈ)നം.41/2024/വനം പ്രകാരം 607.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്.

കൂടാതെ വിവിധ RRT ടീമുകൾക്ക് 2016 മുതൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫിനാൻസ്, ബജറ്റ്& ഓഡിറ്റ്) ഓഫീസിൽനിന്നും 19 വാഹനങ്ങൾ അനുവദിച്ചുനൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.[+] കൂടാതെ KIIFB ഫണ്ട് ഉപയോഗിച്ച് ദ്രുതകർമ്മസേനകളുടെ (RRT) ശക്തീകരണത്തിനായി 25 വാഹനങ്ങൾ, 50 തോക്കുകൾ (12 ബോർ പമ്പ് ആക്ഷൻ ഗൺ), 15 ട്രാൻക്വിലൈസറുകൾ, 5000 തിരകൾ, 25 വീതം നൈറ്റ്വിഷൻ ക്യാമറകൾ, ബൈനോക്കുലറുകൾ, ടോർച്ച് ലൈറ്റുകൾ, ബോഡി പ്രൊട്ടക്ടീവ് ഗിയറുകൾ, ബ്രഷ് കട്ടറുകൾ, മൊബൈൽ സ്പീക്കറുകൾ, മെഷീൻ വാളുകൾ, വലിയ മൃഗങ്ങളെ പിടിക്കൂടുന്നതിനായി ആധുനിക സംവിധാനത്തോടുകൂടിയ കൂടുകൾ, വന്യമൃഗങ്ങളുടെ സഞ്ചാരം നിരീക്ഷിക്കുന്നതിനായി 12 വാച്ച് ടവറുകൾ, 10 തെർമ്മൽ ഡ്രോണുകൾ, 43 സ്റ്റാൻഡേർഡ് ഡ്രോണുകൾ, 1000 ക്യാമറാ ട്രാപ്പുകൾ, AI സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള 267 മുന്നറിയിപ്പ് സംവിധാനങ്ങൾ, 20 വീതം റേഡിയോ കോളറുകൾ, മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന ജനവാസ മേഖലകളിൽ ആയിരത്തിലധികം സോളാർ വിളക്കുകൾ, സോളാർ ഹൈമാസ്റ്റ് വിളക്കുകൾ എന്നീ സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) വനമേഖലയോട് ചേർന്ന് താമസിക്കുന്ന കർഷകരെ കള്ളക്കേസുകളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടുക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വനമേഖലയോട് ചേർന്ന് താമസിക്കുന്ന കർഷകരെ കള്ളക്കേസുകളിൽ കുടുക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം പരാതികൾ ലഭിക്കുന്നപക്ഷം ആയതിന്മേൽ വിശദമായ അന്വേഷണം നടത്തി ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ ചട്ടപ്രകാരമുള്ള അച്ചടക്കനടപടി സ്വീകരിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

വന്യജീവി സംഘർഷം ലഘൂകരിക്കാൻ നടപടി

167 (3024) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:

ശ്രീ. സി. കെ. ഹരീന്ദ്രൻ:

ശ്രീ. എ. പ്രഭാകരൻ:

ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന്യജീവി സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ കാടുപിടിച്ചുകിടക്കുന്ന എസ്റ്റേറ്റുകളുടെ ഉടമകൾക്ക് അടിക്കാട് നീക്കം ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 12-05-2023-ലെ ഡി.എ.1/165/2023-ത.സ്വ.ഭ.വ. നമ്പർ സർക്കുലർപ്രകാരം പൊതുജനങ്ങളുടെ സുരക്ഷയ്ക്കായി കാട് മൂടിക്കിടക്കുന്ന പറമ്പുകൾ വൃത്തിയാക്കുന്നതിന് നടപടി സ്വീകരിക്കാൻ ഗ്രാമപഞ്ചായത്തുകൾക്കും നഗര ഭരണ സ്ഥാപനങ്ങൾക്കും അധികാരമുണ്ടെന്നും പൊതുജനങ്ങൾക്ക് അപകടകരമായ രീതിയിൽ

സ്ഥിതി ചെയ്യുന്ന വസ്തുവകകൾ വൃത്തിയായി സൂക്ഷിക്കുന്നതിനും കൃത്യമായ കാലപരിധിയിൽ അത് പരിപാലിക്കുന്നതിനും ഉടമകൾക്ക്/കൈവശക്കാർക്ക് നിർദ്ദേശം നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം നടപടി സ്വീകരിക്കുന്നതിന് വനം ഡിവിഷനുകളിൽനിന്നും പഞ്ചായത്തുകൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്.

മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ വനം സർക്കിളുകൾക്ക് കീഴിൽ വനമേഖലയോട് ചേർന്ന് സ്ഥിതിചെയ്യുന്നതും കാടുപിടിച്ച് കിടക്കുന്നതുമായ എസ്റ്റേറ്റുകളിൽ കാട് വെട്ടിത്തെളിക്കാൻ നിർദ്ദേശം നൽകണമെന്ന് ജില്ലാ കളക്ടർമാരോട് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയം മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായുള്ള ജില്ലാതല സമിതികളിലും നിരന്തരം ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

നിരന്തരമായി മനുഷ്യ-വന്യജീവി സംഘർഷങ്ങളുണ്ടാകുന്ന പ്രദേശങ്ങളിൽ കൃഷിക്കായി ഉപയോഗിക്കാത്ത സ്ഥലങ്ങളിലെ അടിക്കാടുകൾ തെളിക്കുവാനും കാടുപിടിക്കാതെ ശ്രദ്ധിക്കണമെന്നും എസ്റ്റേറ്റ് അധികൃതർക്കും തോട്ടം ഉടമകൾക്കും വനം വകുപ്പ് നേരിട്ടും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന റാപിഡ് റെസ്പോൺസ് ടീമുകൾക്ക് ആധുനിക ഉപകരണങ്ങളും മറ്റ് സംവിധാനങ്ങളും ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

NABARD-RIDF-TRANCHE-XXVII പദ്ധതിയിൽ ആറളം (കണ്ണൂർ ഡിവിഷൻ), കൂപ്പാടി (വയനാട് വൈൽഡ്‌ലൈഫ് ഡിവിഷൻ), ചന്തക്കുന്ന് (നിലമ്പൂർ നോർത്ത് ഡിവിഷൻ), ഒലവക്കോട് (പാലക്കാട് ഡിവിഷൻ), ദേവികുളം (മൂന്നാർ ഡിവിഷൻ), അഞ്ചൽ (പുനലൂർ ഡിവിഷൻ) എന്നീ ആറ് RRT&VET centre-കളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി (കെട്ടിടങ്ങൾ, ഉപകരണങ്ങൾ, വാഹനങ്ങൾ തുടങ്ങിയവ) 13-04-2022-ലെ സ.ഉ.(കൈ)നം.17/2022/വനം പ്രകാരം 1809.32 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു.

NABARD-RIDF-TRANCHE-XXX പദ്ധതിയിലുൾപ്പെടുത്തി പെരിയാർ വെസ്റ്റ് ഡിവിഷനിലെ പീരുമേട് RRT&VET centre-ന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി (കെട്ടിടങ്ങൾ, ഉപകരണങ്ങൾ, വാഹനം തുടങ്ങിയവ) 16-11-2024-ലെ സ.ഉ.(കൈ)നം.41/2024/വനം പ്രകാരം 607.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്.

കൂടാതെ വിവിധ RRT ടീമുകൾക്ക് 2016 മുതൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫിനാൻസ്, ബജറ്റ് & ഓഡിറ്റ്) ഓഫീസിൽനിന്നും 19 വാഹനങ്ങൾ അനുവദിച്ചുനൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

സംസ്ഥാനത്തെ RRT യൂണിറ്റുകൾക്ക് ഉപകരണങ്ങളും മറ്റ് സംവിധാനങ്ങളും നൽകി ശക്തീകരിക്കുന്നതിന് 03-05-2025-ലെ സ.ഉ.(സാധാ)287/2025/DMD പ്രകാരം മൂന്ന് കോടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി അനുവദിച്ചിട്ടുണ്ട്. അനുബന്ധമായി നൽകിയിരിക്കുന്ന ഉപകരണങ്ങൾ വാങ്ങുന്നതിനും ടൂൾ റൂമുകൾ സജ്ജീകരിക്കുന്നതിനും RRT അംഗങ്ങൾക്ക് വിദഗ്ധ പരിശീലനം നൽകുന്നതിനുമാണ് തുക അനുവദിച്ചിരിക്കുന്നത്. ആയതുപ്രകാരമുള്ള തുടർനടപടികൾ പുരോഗതിയിലാണ്.

കൂടാതെ KIIFB ഫണ്ടുപയോഗിച്ച് ദ്രുത കർമ്മ സേനകളുടെ (RRT) ശക്തീകരണത്തിനായി 25 വാഹനങ്ങൾ, 50 തോക്കുകൾ (12 ബോർ പമ്പ് ആക്ഷൻ), 15 ട്രാൻക്വിലൈസറുകൾ, 5000 തിരകൾ, 25 വീതം നൈറ്റ് വിഷൻ ക്യാമറകൾ, ബൈനോക്കുലറുകൾ, ടോർച്ച് ലൈറ്റുകൾ, ബോഡി പ്രൊട്ടക്ടീവ് ഗിയറുകൾ, ബ്രഷ് കട്ടറുകൾ, മൊബൈൽ സ്പീക്കറുകൾ, പവർ സാ, വലിയ മൃഗങ്ങളെ പിടികൂടുന്നതിനായി ആധുനിക സംവിധാനത്തോടുകൂടിയ കൂടുകൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

വന്യജീവികളുടെ ആക്രമണത്തിൽ പരിക്കുപറ്റുന്നവർക്കുള്ള ധനസഹായം

168 (3025) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ ആക്രമണത്തിൽ പരിക്കുപറ്റുന്നവർക്ക് ഏതെങ്കിലും ധനസഹായം വനം വകുപ്പ് അനുവദിച്ചുവരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) അത്തരത്തിൽ ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) മനുഷ്യ വന്യജീവി സംഘർഷംമൂലമുള്ള കഷ്ടനഷ്ടങ്ങൾക്ക് വനം വകുപ്പ്

നഷ്ടപരിഹാരം നൽകുന്നത് 1980-ലെ കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരമാണ്. ഇതിന്റെ ഭാഗമായുള്ള 05-04-2018-ലെ സ.ഉ.(കൈ)നം.17/2018/വനം, 25-10-2022-ലെ സ.ഉ.(കൈ)നം. 50/2022/വനം, 20-01-2024-ലെ സ.ഉ.(കൈ)നം.03/2024/വനം എന്നിവ പ്രകാരമാണ് മനുഷ്യ-വന്യജീവി സംഘർഷത്തിൽ പരിക്കേറ്റവർക്കും മരണമടയുന്നവരുടെ ആശ്രിതർക്കും നിലവിൽ നഷ്ടപരിഹാരം നൽകിവരുന്നത്. ടി ഉത്തരവുകൾപ്രകാരം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് നഷ്ടപരിഹാരമായി അനുവദിക്കുന്നത് 10 ലക്ഷം രൂപയാണ്. വനത്തിന് പുറത്തുവച്ച് സംഭവിക്കുന്ന പാമ്പുകടി, തേനീച്ച/കടന്നൽ എന്നിവയുടെ കുത്തുമൂലം ഉണ്ടാകുന്ന ജീവഹാനി എന്നിവയ്ക്ക് നഷ്ടപരിഹാരമായി 2 ലക്ഷം രൂപയും നൽകിവന്നിരുന്നു. നിലവിൽ പാമ്പുകടി, തേനീച്ച/കടന്നൽ എന്നിവയുടെ കുത്തുമൂലം സംഭവിക്കുന്ന ജീവഹാനിക്കുള്ള നഷ്ടപരിഹാരം 4 ലക്ഷമാക്കി ഉയർത്തിയിട്ടുണ്ട്. ഇത്തരത്തിൽ നഷ്ടപരിഹാരത്തുകകൾ പരിഷ്കരിച്ച് പുറപ്പെടുവിച്ച പുതുക്കിയ മാനദണ്ഡങ്ങൾക്കനുസൃതമായി നഷ്ടപരിഹാരം സമർപ്പിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടൽ തയ്യാറാക്കുന്നുണ്ട്. ആയത് നിലവിൽ വരുന്നമുറയ്ക്ക് പരിഷ്കരിച്ച തുകയും അനുവദിക്കുന്നതാണ്.

വന്യജീവി ആക്രമണംമൂലം സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്കേൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക, പരമാവധി ഒരു ലക്ഷം രൂപ വരെയും അനുവദിച്ചുവരുന്നു. പട്ടികവർഗക്കാരുടെ കാര്യത്തിൽ ചികിത്സാച്ചെലവ് മുഴുവനായും അനുവദിച്ചുവരുന്നു.

മനുഷ്യ-വന്യജീവി സംഘർഷം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചതിനെത്തുടർന്ന് 09-05-2025-ലെ സ.ഉ.(സാധാ)നം.304/2025/DMD പ്രകാരം മനുഷ്യ-വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന് 07-03-2024 മുതൽ മുൻകാലപ്രാബല്യം അനുവദിച്ചിട്ടുണ്ട്. ടി ഉത്തരവുപ്രകാരമാണ് മേൽ പരാമർശിച്ചപ്രകാരം മനുഷ്യ-വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന മരണം, പരിക്ക് എന്നിവയ്ക്ക് അനുവദനീയമായ നഷ്ടപരിഹാരത്തുക പരിഷ്കരിച്ചിട്ടുള്ളത്. നിലവിലെ നഷ്ടപരിഹാരത്തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

09-05-2025-ലെ സർക്കാർ ഉത്തരവ് (സാധാ)നം.304/2025 പ്രകാരമുള്ള പുതുക്കിയ മാനദണ്ഡങ്ങൾക്കനുസൃതമായി നഷ്ടപരിഹാര അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടൽ തയ്യാറാക്കുന്ന ജോലികൾ പുരോഗതിയിലാണ്. പുതിയ പോർട്ടൽ തയ്യാറാകുന്നതുവരെ പഴയ രീതിയിലുള്ള നഷ്ടപരിഹാര രീതിയാണ് തുടർന്നുവരുന്നത്. ഇ-ഡിസ്ട്രിക്ട് പോർട്ടൽവഴി ഓൺലൈനായാണ് നിലവിൽ അപേക്ഷ സമർപ്പിക്കേണ്ടത്.

(സി) കാസർഗോഡ് ജില്ലയിൽ വന്യജീവി ആക്രമണത്തിൽ പരിക്കുപറ്റിയ എത്രപേർക്ക് ഈ സർക്കാരിന്റെ കാലത്ത് ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2021-22 മുതൽ 30-09-2025 വരെ കാസർഗോഡ് ജില്ലയിൽ മനുഷ്യ-വന്യജീവി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംഘർഷത്തിൽ പരിക്കുപറ്റിയ 388 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

വന്യജീവി ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്കുള്ള സഹായങ്ങൾ

169 (3026) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ഡോ. എം. കെ. മുനീർ:

ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്താൽ മരണമടയുന്നവരുടെയും പരിക്കേൽക്കുന്നവരുടെയും കുടുംബങ്ങൾക്ക് നിലവിൽ നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

മനുഷ്യ-വന്യജീവി സംഘർഷംമൂലമുള്ള കഷ്ടനഷ്ടങ്ങൾക്ക് വനം വകുപ്പ് നഷ്ടപരിഹാരം നൽകുന്നത് 1980-ലെ കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരമാണ്. ഇതിന്റെ ഭാഗമായുള്ള 05-04-2018-ലെ സ.ഉ.(കൈ)നം. 17/2018/വനം, 25-10-2022-ലെ സ.ഉ.(കൈ)നം.50/2022/വനം, 20-01-2024-ലെ സ.ഉ.(കൈ)നം.03/2024/വനം എന്നിവ പ്രകാരമാണ് മനുഷ്യ-വന്യജീവി സംഘർഷത്തിൽ പരിക്കേറ്റവർക്കും മരണമടയുന്നവർക്കും നിലവിൽ നഷ്ടപരിഹാരം നൽകിവരുന്നത്. ടി ഉത്തരവുകൾപ്രകാരം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് നഷ്ടപരിഹാരമായി അനുവദിക്കുന്നത് 10 ലക്ഷം രൂപയാണ്. വനത്തിന് പുറത്തുവച്ച് സംഭവിക്കുന്ന പാമ്പുകടി, തേനീച്ച/കടന്നൽ എന്നിവയുടെ കുത്തുമൂലമുണ്ടാകുന്ന ജീവഹാനിക്ക് നഷ്ടപരിഹാരമായി 2 ലക്ഷം രൂപയും നൽകിവരുന്നു. പാമ്പുകടി, തേനീച്ച/കടന്നൽ എന്നിവയുടെ കുത്തുമൂലം

ഉണ്ടാകുന്ന ജീവഹാനിക്ക് അനുവദിക്കുന്ന നഷ്ടപരിഹാരം നിലവിൽ 4 ലക്ഷമായി ഉയർത്തിയിട്ടുണ്ട്. സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്കേൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക, പരമാവധി ഒരു ലക്ഷം രൂപ വരെയും അനുവദിച്ചുവരുന്നു. പട്ടികവർഗക്കാരുടെ കാര്യത്തിൽ ചികിത്സാച്ചെലവ് മുഴുവനായും അനുവദിച്ചുവരുന്നു. 08-01-2015-ലെ സ.ഉ.(കൈ)നം. 02/2015/വനം പ്രകാരം കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകിവരുന്നു.

09-05-2025-ലെ സ.ഉ.(സാധാ)നം.304/2025/DMD പ്രകാരം മനുഷ്യ-വന്യജീവി സംഘർഷ ബാധിതർക്കുള്ള നഷ്ടപരിഹാരം വിതരണം ചെയ്യുന്ന രീതിയും പാമ്പുകടി, തേനീച്ച/കടന്നൽ കുത്ത് എന്നിവമൂലം മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് മേല്പറഞ്ഞപ്രകാരം നൽകിയിരുന്ന നഷ്ടപരിഹാരത്തുകയും നിലവിൽ പരിഷ്കരിച്ചിട്ടുണ്ട്. അതായത് പാമ്പുകടി, തേനീച്ച/കടന്നൽ എന്നിവയുടെ കുത്തേറ്റ് സംഭവിക്കുന്ന ജീവഹാനിക്ക് നൽകുന്ന നഷ്ടപരിഹാരം 4 ലക്ഷം രൂപയായി വർധിപ്പിച്ചിട്ടുണ്ട്. ടി ഉത്തരവിന് 07-03-2024 മുതൽ മുൻകാലപ്രാബല്യം അനുവദിച്ചിട്ടുണ്ട്. പുതുക്കിയ നഷ്ടപരിഹാര വിതരണ രീതിക്കനുസൃതമായി ഓൺലൈൻ പോർട്ടൽ തയ്യാറാകുന്നമുറയ്ക്ക് പുതുക്കിയ നിരക്കിൽ നഷ്ടപരിഹാരം വിതരണം ചെയ്യുന്നതാണ്. പുതിയ പോർട്ടൽ തയ്യാറാകുന്നതുവരെ പഴയ രീതിയിലുള്ള നഷ്ടപരിഹാര രീതിയാണ് തുടർന്നുവരുന്നത്. ഇ-ഡിസ്ട്രിക്ട് പോർട്ടൽവഴി ഓൺലൈനായാണ് നിലവിൽ അപേക്ഷ സമർപ്പിക്കേണ്ടത്.

(ബി) വന്യജീവി ആക്രമണത്തിൽ ജീവൻ നഷ്ടപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്ക്

ജോലി നൽകാനും കുട്ടികളുടെ വിദ്യാഭ്യാസച്ചെലവ് ഏറ്റെടുക്കാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

മരണപ്പെട്ടവരുടെ ആശ്രിതരുടെ ജീവിത സാഹചര്യവും മാനുഷിക പരിഗണനയും കണക്കിലെടുത്ത് ആശ്രിതർക്ക് താൽക്കാലിക ജോലി നൽകിയിട്ടുണ്ട്. നിലവിലെ നിയമങ്ങളും ചട്ടങ്ങളുംപ്രകാരം മനുഷ്യ-വന്യജീവി സംഘർഷത്തിൽ ജീവൻ നഷ്ടപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്ക് ജോലി നൽകുന്നതിനോ കുട്ടികളുടെ വിദ്യാഭ്യാസ ചെലവുകൾ ഏറ്റെടുക്കാനോ ഉള്ള വ്യവസ്ഥകളില്ല.

(സി) വന്യജീവി ആക്രമങ്ങൾക്കിരയായി സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്നവരുടെ മുഴുവൻ ചെലവും ഏറ്റെടുക്കാൻ തയ്യാറാകുമോ?

ചട്ടപ്രകാരമുള്ള പരിധിക്കുള്ളിൽവരുന്ന ചികിത്സാ സഹായം നൽകുന്നതിന് സർക്കാർ, സ്വകാര്യ ആശുപത്രികൾ എന്ന വ്യത്യാസം ഇല്ലാത്തതാകുന്നു. ചികിത്സാച്ചെലവ് അനുവദിക്കുന്നതിന് രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണറുടെ സാക്ഷ്യപ്പെടുത്തിയ ബില്ലുകൾ സമർപ്പിച്ചാൽ മതിയാകുന്നതാണ്. എന്നാൽ ഉയർന്ന പരിധിയിൽ കവിഞ്ഞ ചികിത്സാച്ചെലവ് അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

(ഡി) നിലവിൽ നൽകിവരുന്ന നഷ്ടപരിഹാരത്തുക വർധിപ്പിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ?

മനുഷ്യ-വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട നഷ്ടപരിഹാര തുകകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നുണ്ട്. 09-05-2025-ലെ സ.ഉ.(സാധാ)നം.304/2025/DMD

പ്രകാരം മനുഷ്യ-വന്യജീവി സംഘർഷ ബാധിതർക്കുള്ള നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിലവിൽ പരിഷ്കരിച്ചിട്ടുണ്ട്. വനം വകുപ്പും ദുരന്തനിവാരണ വകുപ്പും സംയുക്തമായി പ്രസ്തുത പരിഷ്കരിച്ച മാനദണ്ഡങ്ങൾക്കനുസൃതമായി പുതുക്കിയ നഷ്ടപരിഹാരത്തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. ഇതിനായുള്ള ഓൺലൈൻ പോർട്ടൽ തയ്യാറാക്കുന്ന നടപടി ത്വരിതഗതിയിൽ നടന്നുവരുന്നു.

പേരാമ്പ്ര മണ്ഡലത്തിലെ വന്യമൃഗശല്യം തടയാൻ നടപടി

170 (3027) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ അനുഭവപ്പെടുന്ന രൂക്ഷമായ വന്യമൃഗശല്യം ജനങ്ങളുടെ ജീവനും സ്വത്തിനും കൃഷിഭൂമികൾക്കും നിരന്തരമായ ഭീക്ഷണി സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പേരാമ്പ്ര മണ്ഡലത്തിൽ മനുഷ്യവന്യജീവി സംഘർഷങ്ങൾ അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വന്യമൃഗശല്യം നിയന്ത്രിക്കുന്നതിന് പേരാമ്പ്ര മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണംചെയ്ത് നടപ്പാക്കിയിരിക്കുന്നത്; 2016 മുതൽ 2021 വരെയും 2021 മുതൽ നാളിതുവരെയും പ്രസ്തുത ആവശ്യത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; പദ്ധതികളുടെയും പ്രവൃത്തികളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം നൽകാമോ?

പേരാമ്പ്ര മണ്ഡലം ഉൾപ്പെടുന്ന പെരുവണ്ണാമൂഴി റേഞ്ചിൽ വന്യമൃഗങ്ങൾ

ജനവാസമേഖലയിലേക്കിറങ്ങുന്നത് തടയാൻ വനാതിർത്തികളിൽ സോളാർ ഫെൻസിങ്ങുകൾ സ്ഥാപിച്ചിട്ടുണ്ട്. ജനവാസ മേഖലയിലേക്ക് എത്തിച്ചേരുന്ന വന്യമൃഗങ്ങളെ കാട്ടിലേക്ക് തിരിച്ചയയ്ക്കുന്നതിനായി വാച്ചർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 2016 മുതൽ 2021 വരെ 21,21,295/- രൂപയും 2021 മുതൽ നാളിതുവരെ 25,79,031/- രൂപയും ചെലവഴിച്ച് ആകെ 22 കി.മീ. സോളാർ ഫെൻസുകൾ നിർമ്മിച്ച് പരിപാലിച്ചുവരുന്നു. 2016 മുതൽ 2021 വരെ 2,64,391/- രൂപയും 2021 മുതൽ നാളിതുവരെ 42,20,405/- രൂപയും ജനവാസമേഖലയിലെത്തുന്ന വന്യമൃഗങ്ങളെ കാട്ടിലേക്ക് തിരിച്ചയയ്ക്കുന്നതിനായി വാച്ചർമാരെ നിയോഗിച്ച വകയിൽ ചെലവായിട്ടുണ്ട്. പേരാമ്പ്ര മണ്ഡലത്തിൽ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ അനുഭവപ്പെടുന്ന ചക്കിട്ടപാറ പഞ്ചായത്തിൽ ബഹു. മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം ആരംഭിച്ച മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി ഹെൽപ് ഡെസ്ക് സ്ഥാപിച്ച് പരാതികൾ സ്വീകരിച്ചിട്ടുള്ളതാണ്. ചക്കിട്ടപാറ പഞ്ചായത്തിൽ ഒരു ജാഗ്രതാ സമിതിയും 6 സന്നദ്ധ പ്രാഥമിക പ്രതിരോധ സേനകളും (Primary Response Teams-PRTs) രൂപീകരിച്ചിട്ടുണ്ട്. താമരശ്ശേരി RRT-യുടെയും പെരുവണ്ണാമൂഴി ഫോറസ്റ്റ് സ്റ്റേഷനിൽ പ്രവർത്തിക്കുന്ന സാറ്റലൈറ്റ് RRT-യുടെയും സേവനം ഈ പ്രദേശങ്ങളിൽ എപ്പോഴും ലഭ്യമാണ്.

(സി) പേരാമ്പ്ര മണ്ഡലത്തിൽ ചക്കിട്ടപാറ പഞ്ചായത്തിൽ പേരാമ്പ്ര എസ്റ്റേറ്റിൽ കാട്ടാനയുടെ ആക്രമണംമൂലം ഗുരുതരമായി പരിക്കേറ്റ തൊഴിലാളിക്ക് സമാശ്വാസ തുക (നഷ്ടപരിഹാരം) അനുവദിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

പേരാമ്പ്ര മണ്ഡലത്തിലെ ചക്കിട്ടപ്പാറ പഞ്ചായത്തിലെ പേരാമ്പ്ര എസ്റ്റേറ്റിൽ കാട്ടാനയുടെ മുന്നിൽപ്പെട്ടുണ്ടായ അപകടത്തിൽ പരിക്കേറ്റ തൊഴിലാളിയുടെ ചികിത്സാസഹായത്തിനുള്ള അപേക്ഷ ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖാന്തരം 27-09-2025-ന് പെരുവണ്ണാമൂഴി റേഞ്ച് ഫോറസ്റ്റ് ഓഫീസിൽ ലഭിച്ചത് പരിശോധിച്ച്, തുടർനടപടി സ്വീകരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ വന്യജീവി ആക്രമണം

171 (3028) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ കാസർഗോഡ് ജില്ലയിൽ വന്യജീവി ആക്രമണത്തിൽ പരിക്കുപറ്റിയവരുടെയും മരണപ്പെട്ടവരുടെയും എണ്ണം എത്രയെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ?

2021 മുതൽ നാളിതുവരെ കാസർഗോഡ് ജില്ലയിൽ വന്യജീവി സംഘർഷത്തിൽ മരണപ്പെട്ടവരുടെ എണ്ണം പഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+ പാമ്പുകടിയേറ്റതുൾപ്പെടെയുള്ള കണക്കാണിത്.

2021 മുതൽ നാളിതുവരെ കാസർഗോഡ് ജില്ലയിൽ വന്യജീവി സംഘർഷത്തിൽ പരിക്കുപറ്റിയവരുടെ എണ്ണം പഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

(ബി) ഈ കാലയളവിൽ കാസർഗോഡ് ജില്ലയിൽ വന്യജീവി ആക്രമണത്തിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇരയായവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കുമായി എത്ര തുക നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും ഇനി എത്ര തുക നൽകാൻ ബാക്കിയുണ്ടെന്നും അറിയിക്കാമോ?

ഈ കാലയളവിൽ കാസർഗോഡ് ജില്ലയിൽ പാമ്പുകടിയേറ്റതുൾപ്പെടെയുള്ള വന്യജീവി സംഘർഷത്തിൽ ഇരയായവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കുമായി നൽകിയതും നൽകാനുള്ളതുമായ തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

ഇടുക്കി ജില്ലയിലെ വന്യമൃഗ ആക്രമണം

172 (3029) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ വന്യമൃഗ ആക്രമണങ്ങളിൽ കഴിഞ്ഞ 10 വർഷത്തിനിടെ എത്രപേർ മരണപ്പെട്ടിട്ടുണ്ട്; ഏത്രപേർക്ക് പരിക്കേറ്റിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ഇടുക്കി ജില്ലയിൽ മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ കഴിഞ്ഞ 10 വർഷത്തിനിടെ മരണപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും വർഷം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) മരണപ്പെട്ടവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരമായി എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ?

മനുഷ്യ-വന്യജീവി സംഘർഷത്തിൽ മരണപ്പെട്ട 71 പേരുടെ ആശ്രിതർക്ക് നഷ്ടപരിഹാരമായി 449 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) തൊടുപുഴ മുള്ളരിങ്ങാട് മേഖലയിൽ കാട്ടാന ശല്യം ഒഴിവാക്കാൻ വനം വകുപ്പ് നടപടി കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

തൊടുപുഴ മുള്ളരിങ്ങാട് മേഖലയിൽ കോതമംഗലം ഡിവിഷനുകീഴിൽ മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനായി തൊടുപുഴ റേഞ്ചിൽ ഇടവെട്ടി നഗരവനം പദ്ധതിക്ക് ചുറ്റുമായി 2 കി.മീ. സൗരോർജ വേലിയും കുളമാവ് സെക്ഷനിൽ പാമ്പിൻതൊട്ടി ഭാഗത്ത് 100 മീ. സൗരോർജ വേലിയും മുള്ളരിങ്ങാട് റേഞ്ചിൽ ചുള്ളിക്കണ്ടം ചെക്ക്പോസ്റ്റ് മുതൽ പനംകുഴി വരെ RKVY പദ്ധതിയുടെ ഭാഗമായി 1.5 കി.മീ. സൗരോർജ തൂക്കുവേലിയും 2024-25 സാമ്പത്തിക വർഷത്തിൽ സ്ഥാപിച്ചിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ മുള്ളരിങ്ങാട് റേഞ്ചിൽ MPLADS പദ്ധതിയിൽ അമയൽതൊട്ടി മുതൽ കിഴക്ക് ഭാഗത്തേക്ക് 1 കി.മീ. സൗരോർജ തൂക്കുവേലിയും MLA ഫണ്ടുപയോഗിച്ച് അമയൽതൊട്ടി മുതൽ കിഴക്ക് ഭാഗത്തേക്ക് 1.3 കി.മീ. സൗരോർജ തൂക്കുവേലിയും സ്ഥാപിച്ചിട്ടുണ്ട്. മുള്ളരിങ്ങാട് റേഞ്ചിൽ കൊച്ചിൻ ഷിപ്പിയാർഡിന്റെ CSR ഫണ്ടുപയോഗിച്ച് AI സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള വന്യജീവി പ്രതിരോധവേലി നിർമ്മിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനായി RRT-കളുടെ സേവനം 24 മണിക്കൂറും ലഭ്യമാണ്. പ്രാദേശിക ജനങ്ങളെയുൾപ്പെടുത്തി ഇതിനായി സന്നദ്ധ പ്രാഥമിക പ്രതിരോധ സേനകളും Primary Response Team (PRT) രൂപീകരിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം ആരംഭിച്ച മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി തൊടുപുഴ മുള്ളരിങ്ങാട്

മേഖലയിൽ വണ്ണപ്പുറം, പൈങ്ങോട്ടൂർ, കവളങ്ങാട് പഞ്ചായത്തുകളിൽ ഹെൽപ് ഡെസ്ക് സ്ഥാപിച്ച് പരാതികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

ജലവിഭവ വകുപ്പിന് വകയിരുത്തിയ തുക

173 (3030) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും ജലവിഭവ വകുപ്പിന് വകയിരുത്തിയ ആകെ തുക എത്രയാണെന്നും അതിൽ ചെലവാക്കിയ തുക എത്രയാണെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ?

ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും ജലവിഭവ വകുപ്പിന് വകയിരുത്തിയ ആകെ തുക എത്രയാണെന്നും അതിൽ ചെലവാക്കിയ തുക എത്രയാണെന്നുമുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

കൈപ്പമംഗലം മണ്ഡലത്തിലെ ഇറിഗേഷൻ വകുപ്പിനുകീഴിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ

174 (3031) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിനുകീഴിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

കൈപ്പമംഗലം മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിനുകീഴിൽ ഉപയോഗിക്കാതെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിടക്കുന്ന സ്ഥലങ്ങൾ ഒന്നുംതന്നെയില്ല.

(ബി) പ്രസ്തുത സ്ഥലങ്ങൾ വാടകയ്ക്ക് നൽകിയോ മറ്റ് രീതികൾ ഉപയോഗിച്ചോ വരുമാനമുണ്ടാക്കാനുള്ള പദ്ധതികളുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

Flood control-നുവേണ്ടി കനാൽ പുറമ്പോക്ക് ഭൂമി ഇറിഗേഷൻ വകുപ്പിന് കീഴിൽത്തന്നെ നിലനിർത്തേണ്ടത് അത്യാവശ്യമാണ്.

ജലവിഭവ വകുപ്പ് നടപ്പാക്കിയ വിവിധ പദ്ധതികൾ

175 (3032) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്ന് പദ്ധതി തിരിച്ച് വ്യക്തമാക്കാമോ;

(സി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികളും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച

വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

(ഡി) പൂർത്തീകരിക്കാത്ത പദ്ധതികൾ ഉണ്ടെങ്കിൽ അവ എന്നേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

പൂർത്തീകരിക്കാത്ത പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

ജലസ്രോതസ്സുകളുടെ സംരക്ഷണം

176 (3033) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസ്രോതസ്സുകൾ യഥാസമയം പരിപാലിക്കാതെയും ജനങ്ങളുടെ അതിക്രമത്താലും മറ്റ് ഇടപെടലുകളുടെ ഫലമായും മലിനമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

നദികളിലും മറ്റ് പ്രധാന കൈവഴികളിലും ജലസേചന വകുപ്പ് നിർമ്മിച്ചിട്ടുള്ള വിവിധ നിർമ്മിതികൾക്കടുത്തായി അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനം കാലാകാലങ്ങളിൽ (സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച്) നിർവഹിക്കുന്നു. എന്നാൽ, നഗരവൽക്കരണം, ജീവിതശൈലിയിൽ വന്ന മാറ്റങ്ങൾ, ഭൂവിനിയോഗത്തിലും വളങ്ങൾ/കീടനാശിനികൾ എന്നിവ ഉപയോഗിക്കുന്നതിലും വന്ന മാറ്റം എന്നിവ ജലമലിനീകരണത്തിന് ആക്കം കൂട്ടിയിട്ടുണ്ട്. നഗരപ്രദേശങ്ങളിലെ ഓടകൾ കൂടുതലും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജലസ്രോതസ്സുകളിലാണ് എത്തിച്ചേരുന്നത് എന്നതുകൊണ്ടുതന്നെ, ശുചീകരിക്കപ്പെട്ട നദീഭാഗങ്ങൾ വളരെ വേഗംതന്നെ വീണ്ടും മലിനീകരിക്കപ്പെടുന്ന പ്രവണതയാണുള്ളത്. ജനപങ്കാളിത്തത്തോടും വകുപ്പുകളുടെ ഏകോപനത്തോടുംകൂടി ജലസ്രോതസ്സുകൾ ഒരു പരിധിവരെ മാലിന്യമുക്തമാക്കി സൂക്ഷിക്കാൻ സാധിക്കുന്നതാണ്.

കേരള ജല അതോറിറ്റിയുടെ ശുദ്ധ ജലവിതരണത്തിനായി ഉപയോഗിക്കുന്ന സ്രോതസ്സുകൾ ഏതെങ്കിലും വിധത്തിലുള്ള അതിക്രമങ്ങളുടെയോ ഇടപെടലുകളുടെയോ ഫലമായി മലിനമായാൽ ആയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കേരള പൊലീസ്, ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ എന്നിവരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള അടിയന്തര ഇടപെടൽ നടത്താറുണ്ട്.

(ബി) ഇത്തരത്തിൽ ഉപയോഗശൂന്യമായിക്കിടക്കുന്ന പ്രധാന ജലസ്രോതസ്സുകൾ ഉൾപ്പെടെയുള്ളവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉപയോഗശൂന്യമായിക്കിടക്കുന്ന പ്രധാന ജലസ്രോതസ്സുകൾ ഉൾപ്പെടെയുള്ളവയുടെ ജില്ല തിരിച്ചുള്ള കണക്ക് എടുത്തിട്ടില്ല.

(സി) ഇവയുടെ സംരക്ഷണം-വിനിയോഗം-പരിപാലനം എന്നിവ ഉറപ്പുവരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി"യുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ 'സംയോജിത നീർത്തട പ്ലാനുകൾ' തയ്യാറാക്കുകയും അവയിൽ മുൻഗണനാടിസ്ഥാനത്തിൽ നിർദേശിച്ചിട്ടുള്ള

ജലസ്രോതസ്സുകളുടെ സംരക്ഷണം, പുനരുദ്ധാരണം, സംഭരണശേഷി വർധിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനൊപ്പം നദികളിലേക്കെത്തിച്ചേരുന്ന പ്രധാന കൈവഴികളിൽ (തോടുകളിൽ) ചെറുതടയണകൾ/വെൻഡഡ് ക്രോസ് ബാറുകൾ നിർമ്മിച്ച് നീരൊഴുക്ക് സ്ഥായിയാക്കി ഭൂജലപോഷണം സാധ്യമാക്കുന്നു. കൂടാതെ, നദികൾക്ക് കുറുകെയുള്ള പാലങ്ങളിൽനിന്ന് മാലിന്യം നേരിട്ട് ജലസ്രോതസ്സുകളിൽ നിക്ഷേപിക്കുന്നത് തടയുന്നതിനായി പാലങ്ങളിലെ കൈവരികളോടുചേർന്ന് കമ്പിവേലി സ്ഥാപിക്കുന്ന പ്രവർത്തനവും ധന ലഭ്യതയനുസരിച്ച് നിർവഹിച്ചുവരുന്നു. ഇതിനോടൊപ്പം ജലസേചന നിർമ്മിതികളായ ഡാമുകൾ/തടയണകൾ/റെഗുലേറ്ററുകൾ എന്നിവയ്ക്കുസമീപം അടിഞ്ഞുകൂടിയ ചളി/എക്കൽ/മറ്റുമാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് സംഭരണശേഷി പുനഃസ്ഥാപിച്ച് ജലലഭ്യത ഉറപ്പുവരുത്തുക എന്നീ പ്രവൃത്തികളും ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ, NGT ഉത്തരവുപ്രകാരം മലിനീകരിക്കപ്പെട്ട നദീഭാഗങ്ങൾ കണ്ടെത്തി മലിനീകരണ നിയന്ത്രണത്തിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള വാട്ടർ അതോറിറ്റിയിൽ കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ നേതൃത്വത്തിൽ പ്ലാൻ സ്കീമിലുൾപ്പെടുത്തി 2012-13 സാമ്പത്തിക വർഷം മുതൽ "മഴവെള്ള സംഭരണം ഭൂജല പരിപോഷണം" പദ്ധതി നടപ്പാക്കിവരുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി കുടിവെള്ളക്ഷാമം നേരിടുന്ന മലയോര, തീരദേശ, പിന്നോക്ക ഗ്രാമപഞ്ചായത്തുകളെ പ്രത്യേകം തയ്യാറാക്കിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നു. ഇതുമൂലം ഭൂഗർഭ ജലവിതാനം മെച്ചപ്പെടുത്താൻ സാധിക്കും. ജലനിധി പദ്ധതിയിൽ ഭൂജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ

കുടിവെള്ള സ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കാൻ സഹായിച്ചിട്ടുണ്ട്. സാമൂഹിക ഉടമസ്ഥതയിലുള്ള കുടിവെള്ള പദ്ധതികളിൽ പ്രവർത്തനം മന്ദീഭവിച്ചിട്ടുള്ളവ കണ്ടെത്തി സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി (സുസ്ഥിരതാ പദ്ധതി) പ്രവർത്തനം സജ്ജമാക്കുന്നുണ്ട്. ഇത്തരം പദ്ധതികളിൽ സ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കാൻ സാധ്യമായ സ്ഥലങ്ങളിൽ ഭൂജല സംപോഷണ മാർഗങ്ങളായ ജലസംരക്ഷണത്തിനായി ജലനിധി കിണറുകളിൽ റീചാർജ്, മഴക്കുഴികൾ എന്നിവ നടപ്പാക്കിയിട്ടുണ്ട്. മഴക്കാലത്ത് സംഭരണികളിൽ അധികമായെത്തുന്ന മഴവെള്ളം ഗാർഹിക/ഗാർഹികേതര ആവശ്യങ്ങൾക്ക് യഥേഷ്ടം ഉപയോഗിക്കാൻ സാധിക്കുന്നു. വേനൽ മാസങ്ങളിൽ മഴക്കാലത്ത് സംഭരിച്ച് സൂക്ഷിച്ചുവയ്ക്കുന്ന മഴവെള്ളം ചിട്ടയോടെ ഉപയോഗിക്കുന്നതിലൂടെ കുടിവെള്ള ക്ഷാമം പരിഹരിക്കാനും സാധിക്കുന്നു. വ്യക്തിഗത കുടുംബങ്ങളിലെ ഇുറന്ന കിണറുകൾ മഴവെള്ളം ശേഖരിച്ച് റീ-ചാർജ് ചെയ്യും കിണറുകളുടെ അറ്റകുറ്റപ്പണികൾ നടത്തി അവയെ പുനരുദ്ധരിച്ച് സ്ഥായിയായ ജലസ്രോതസ്സുകളാക്കി മാറ്റിയും ജലവിതാനത്തെ മെച്ചപ്പെടുത്തുന്നതിന് സാധിക്കുന്നു.

ജലനിധി പദ്ധതികളുടെ സ്രോതസ്സുകളിൽ ഇത്തരം മലിനീകരണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജലനിധി പദ്ധതികൾ നടപ്പാക്കിയപ്പോൾത്തന്നെ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും മാലിന്യമുക്തമാക്കുന്നതിനും യുക്തിസഹമായ വിനിയോഗത്തിനുമുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ പദ്ധതിയുടെ ഭാഗമായി ചെയ്തിട്ടുണ്ട്. ജലനിധി പദ്ധതികളുടെ നടത്തിപ്പും പരിപാലനവും ബന്ധപ്പെട്ട ഗുണഭോക്തൃ സമിതികളുടെ ചുമതലയിലാണ് നടക്കുന്നത്.

(ഡി) ജലസ്രോതസ്സുകളെ നശിപ്പിക്കുന്നവരെ കണ്ടെത്തി മാതൃകാപരമായ ശിക്ഷ ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദമാക്കാമോ;

(ഇ) ഇതിനായി റവന്യൂ-പഞ്ചായത്ത് വകുപ്പുകളുടെ സേവനം ആവശ്യപ്പെട്ടിട്ടുണ്ടോ; പുതിയ കർമ്മ പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

(ഡി&ഇ) ജലസ്രോതസ്സുകളുടെ മലിനീകരണത്തിനെതിരെ നടപടിയെടുക്കാനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഒപ്പം കേരളാ വാട്ടർ കൺസർവേഷൻ ആക്ട് പ്രകാരം പുഴകൾ മലിനീകരിക്കുന്നവർക്കെതിരെ ജലസേചന വകുപ്പ് ഉദ്യോഗസ്ഥർ പരാതി നൽകുകയും പൊലീസ് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ കുടിവെള്ള വിതരണത്തിനായി ഉപയോഗപ്പെടുത്തുന്ന ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കേരള പൊലീസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂ വകുപ്പ് തുടങ്ങിയവരെ യഥാസമയം വിവരമറിയിക്കാറുണ്ട്. പുതിയ കർമ്മ പദ്ധതി രൂപീകരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

മൈക്രോ ഇറിഗേഷൻ പദ്ധതികൾ

177 (3034) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സർക്കാർതലത്തിൽ എത്ര മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പാക്കുന്നുണ്ട്; അവയുടെ വിശദാംശം ലഭ്യമാക്കാമോ; അതിൽ ഏതെല്ലാം പദ്ധതികൾ പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കാമോ?

സംസ്ഥാന ബജറ്റ് വിഹിതം ഉപയോഗിച്ച് പാലക്കാട് ജില്ലയിലെ കരടിപ്പാറയിൽ 3.10 കോടി രൂപയുടെ പദ്ധതിയും, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ധനസഹായം ഉപയോഗിച്ച് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ.)-ൽ ഉൾപ്പെട്ട കമ്മ്യൂണിറ്റി ഇറിഗേഷൻ സ്കീമുകൾ പാലക്കാട് ജില്ലയിലെ മൂങ്കിൽമട (₹6.79 കോടി), വലിയേരി (₹3.88 കോടി), നാവിതൻകുളം (₹3.00 കോടി), കുന്നംകാട്ടുപതി (₹5.21 കോടി) എന്നീ പ്രദേശങ്ങളിലും വയനാട് ജില്ലയിലെ അത്തിച്ചാൽ-മുണ്ടൻകൊല്ലി (₹2.65 കോടി) പദ്ധതികളും കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.ഐ.ഐ.ഡി.സി.) മുഖേന പൂർത്തിയാക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് കെ. എം. മാണി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ എന്ന പേരിൽ നടപ്പാക്കാൻ തീരുമാനിച്ച തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ (₹2.00 കോടി), എറണാകുളം ജില്ലയിലെ കുട്ടിത്താനാൽ-തിരുമാറാടി (₹5.27 കോടി), പത്തനംതിട്ട ജില്ലയിലെ സീതത്തോട് (₹2.85 കോടി), ഇടുക്കി ജില്ലയിലെ വണ്ടന്മേട് (₹3.10 കോടി), കാമാക്ഷി-പാറക്കടവ് (₹3.23 കോടി), കോഴിക്കോട് ജില്ലയിലെ കാഞ്ഞിരമുഴി (₹5.08 കോടി), ഇടുക്കി ജില്ലയിലെ കാമാക്ഷി-II (₹2.00 കോടി), കൽവരി മൗണ്ട് (₹9.91 കോടി) തുടങ്ങിയ പദ്ധതി പ്രവൃത്തികൾ കെ.ഐ.ഐ.ഡി.സി.-ക്ക് കീഴിൽ നടപ്പാക്കിവരികയാണ്.

ദസനക്കര മൈക്രോ ഇറിഗേഷൻ സ്കീം-പുൽപ്പള്ളി പഞ്ചായത്തിലെ ദസനക്കരയിലെ മൈക്രോ ഇറിഗേഷൻ പദ്ധതി (₹2.615 കോടി), വാഴവറ്റ മൈക്രോ ഇറിഗേഷൻ പദ്ധതി-മുട്ടിൽ പഞ്ചായത്തിലെ വാഴവറ്റ ചീപ്രം മൈക്രോ ഇറിഗേഷൻ പദ്ധതി-വയനാട് ജില്ല (ഫേസ് 1, 2, 3,

4) (₹5.27 കോടി), കുറവിലങ്ങാട് പഞ്ചായത്തിലെ കാർഷിക വിള ലഭ്യത വർധിപ്പിക്കുന്നതിനായുള്ള മൈക്രോ ഇറിഗേഷൻ പദ്ധതി (ഫേസ് 1, 2) കോട്ടയം ജില്ല (₹2.15 കോടി), ഇടുക്കി ജില്ലയിലെ ചിന്നാർ മൈക്രോ ഇറിഗേഷൻ പദ്ധതി-ഫേസ് II (₹1.6579 കോടി) എന്നീ മൈക്രോ ഇറിഗേഷൻ പദ്ധതികൾ ജലസേചന വകുപ്പുമുഖേന നടപ്പാക്കിവരികയാണ്.

(ബി) പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം വിളകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഓരോ വിളകൾക്കും പ്രതിദിനം എത്ര ലിറ്റർ ജലമാണ് നൽകാനുദ്ദേശിച്ചിട്ടുള്ളതെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; പൂർത്തിയായ പദ്ധതികളിൽ ഉദ്ദേശിച്ചവിധത്തിൽ ജലം നൽകുന്നതിന് സാധിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

പ്രസ്തുത പദ്ധതികളിൽ പ്രധാനമായും നാണ്യവിളകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. തെങ്ങ്, കവുങ്ങ്, കുരുമുളക്, ഏലം, കാപ്പി, വെറ്റില, കൊക്കോ, ജാതി, അടയ്ക്ക ഇവയൊക്കെയാണ് പ്രധാന വിളകൾ. ഓരോ വിളകൾക്കും ആവശ്യമായ ജലം വ്യത്യസ്തമാണ്. മഴയുടെ ലഭ്യതയിൽനിന്നും മണ്ണിനുണ്ടാകുന്ന ഈർപ്പം കണക്കിലെടുത്ത് ബാക്കിവരുന്ന ജലം മാത്രം ഓട്ടോമാറ്റഡ് കൺട്രോൾ സിസ്റ്റത്തിലൂടെ നൽകുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. പൂർത്തീകരിച്ച പദ്ധതികളിൽ ഉദ്ദേശിച്ച വിധത്തിൽ ജലം നൽകാൻ കഴിയുന്നുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽ വൈദ്യുതി സൗജന്യമായി നൽകുന്നുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ ആയതിന്റെ തുക വകുപ്പിൽനിന്നും കെ.എസ്.ഇ.ബി.-ക്ക്

നൽകുന്നവിധം എങ്ങനെയാണെന്ന് അറിയിക്കാമോ; പൂർത്തിയായ പദ്ധതികളിൽ ഇതുവരെ ഉപയോഗിച്ച വൈദ്യുതിയുടെ അളവ് എത്രയാണെന്നും ഈ പദ്ധതിയിൽ സോളാർ വൈദ്യുതി ഉപയോഗിക്കുന്നുണ്ടോയെന്നും അറിയിക്കാമോ?

വൈദ്യുതി സൗജന്യമായി നിലവിൽ നൽകുന്നില്ല. ജലസേചന വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന പദ്ധതിയുമായി ബന്ധപ്പെട്ട് സമർപ്പിക്കുന്ന വൈദ്യുതി ബിൽ തുകയാണ് സർക്കാരിൽനിന്ന് അടയ്ക്കുന്നത്. പാലക്കാട് ജില്ലയിലെ എരുത്തേൻപതി പഞ്ചായത്തിലെ (ചിറ്റൂർ നിയോജകമണ്ഡലം) മൂങ്കിൽമടയിൽ സോളാർ പദ്ധതി ഇപ്പോൾ ചെയ്തുവരുന്നുണ്ട്.

(ഡി) പാലക്കാട് മൂലത്തറ ഡാം റൈറ്റ് ബാങ്ക് കനാൽ ദീർഘിപ്പിക്കുന്ന പദ്ധതി മൈക്രോ ഇറിഗേഷൻ പദ്ധതിയുമായി ബന്ധിപ്പിച്ചാണോ നടപ്പാക്കുന്നതെന്ന് അറിയിക്കാമോ?

പ്രസ്തുത പദ്ധതി മൈക്രോ ഇറിഗേഷൻ പദ്ധതിയുമായി ബന്ധിപ്പിച്ചാണ് നടപ്പാക്കുന്നത്.

അങ്കമാലി മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികളുടെ വിവരം

178 (3035) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി മണ്ഡലത്തിൽ

ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള മേജർ, മൈനർ വിഭാഗത്തിൽ നാളിതുവരെ പ്ലാൻ/നോൺ പ്ലാൻ ഇനത്തിൽ ഭരണാനുമതി നൽകി പൂർത്തീകരിച്ചതും നടന്നുവരുന്നതുമായ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള മേജർ/മൈനർ വിഭാഗത്തിൽ നാളിതുവരെ പ്ലാൻ/നോൺ പ്ലാൻ ഇനത്തിൽ ഭരണാനുമതി നൽകി പൂർത്തീകരിച്ചതും നടന്നുവരുന്നതുമായ പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(ബി) 2025-26 വർഷം പ്ലാൻ/നോൺ പ്ലാൻ ഇനത്തിൽ അങ്കമാലി മണ്ഡലത്തിൽ ഭരണാനുമതി നൽകുന്നതിനുള്ള ഏതെല്ലാം പ്രൊപ്പോസലുകളാണ് എറണാകുളം ജില്ലയിൽനിന്നും ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ; ഇതിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ?

2025-26 വർഷം പ്ലാൻ/നോൺ പ്ലാൻ ഇനത്തിൽ അങ്കമാലി മണ്ഡലത്തിൽ ഭരണാനുമതി ലഭ്യമാക്കുന്നതിനായി എറണാകുളം ജില്ലയിൽനിന്നും ലഭിച്ച പ്രൊപ്പോസലുകളും പ്രവൃത്തികളുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.+

മട്ടന്നൂർ മണ്ഡലത്തിലെ ജലവിഭവ പദ്ധതികൾ

179 (3036) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മട്ടന്നൂർ മണ്ഡലത്തിൽ 2016-2021, 2021-2025 കാലഘട്ടങ്ങളിൽ ജലവിഭവ വകുപ്പുമുഖേന എത്ര കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

മട്ടന്നൂർ മണ്ഡലത്തിൽ 2016-2021, 2021-2025 കാലഘട്ടങ്ങളിൽ ജലവിഭവ വകുപ്പുമുഖേന നടപ്പാക്കിയ പദ്ധതികളും തുകയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

180 (3037) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള വെള്ളാമക്കുത്ത് ചെക്ക് ഡാമിന്റെ പുനർനിർമ്മാണവും സംരക്ഷണഭിത്തിയുടെ നിർമ്മാണവും തടിക്കുളം ചെക്ക് ഡാമിന്റെ സംരക്ഷണഭിത്തിയുടെ നിർമ്മാണവും ചെക്ക് ഡാമിന്റെ അറ്റകുറ്റപ്പണികളും പൂർത്തിയാക്കിയിട്ടുണ്ട്. പണിക്കൻ കുത്ത് റാത്തപ്പിള്ളി ചെക്ക് ഡാമുകളുടെ പുനർനിർമ്മാണം പുരോഗമിക്കുകയാണ്. പെരിയാറിന്റെ തീരത്തുള്ള പമ്പ്ഹൗസിന്റെ പുതുക്കിയ ഡിസൈൻ IDRB-യിൽനിന്നും 18-09-2025-ൽ ലഭിക്കുകയും പമ്പ് ഹൗസിന്റെ പ്രാരംഭ നിർമ്മാണ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ ടി പദ്ധതിയിലെ സിവിൽ പ്രവൃത്തികളുടെ 45% പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഫോറസ്റ്റ് വകുപ്പിലേക്ക് അടയ്ക്കാനുള്ള 40.39 ലക്ഷം രൂപ അടച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഫോറസ്റ്റ് വകുപ്പിലേക്ക് അടയ്ക്കാനുള്ള 40,39,000/- രൂപ അടച്ചിട്ടില്ല. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിലേക്ക് അടയ്ക്കേണ്ട തുക അനുവദിച്ച് നൽകുന്നതിനായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും തുക അടയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള വനം വകുപ്പിന്റെ കത്തുകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ പമ്പ് ഹൗസിന്റെ പ്രവൃത്തികൾ 2026 മാർച്ച് മാസത്തിൽ പൂർത്തീകരിക്കുന്ന വിധത്തിലാണ് പണികൾ പുരോഗമിക്കുന്നത്. ഫോറസ്റ്റ് വകുപ്പിൽ NOC ലഭിക്കുന്നതിനുവേണ്ട തുക അടച്ചതിനുശേഷം, Stage II NOC ലഭിച്ചാൽ മാത്രമെ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള സിവിൽ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

ജലവിഭവ വകുപ്പ് കല്യാശ്ശേരി മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

181 (3038) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്യാശ്ശേരി മണ്ഡലത്തിൽ 2016-21, 2021-25 കാലഘട്ടത്തിൽ ജലവിഭവ വകുപ്പുമുഖേന എത്ര കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

കല്യാശ്ശേരി മണ്ഡലത്തിൽ 2016-21, 2021-25 കാലഘട്ടത്തിൽ ജലവിഭവ വകുപ്പുമുഖേന എത്ര കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട് എന്നത് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

പേരാമ്പ്ര മണ്ഡലത്തിൽ നടഷാക്കിയ പദ്ധതികൾ

182 (3039) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ 2016 മുതൽ 2021 വരെയും 2021 മുതൽ നാളിതുവരെയും ജലവിഭവ വകുപ്പ് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

പേരാമ്പ്ര മണ്ഡലത്തിൽ 2016 മുതൽ 2021 വരെയും 2021 മുതൽ നാളിതുവരെയും ജലവിഭവ വകുപ്പ് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും നിലവിൽ പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏതെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും നിലവിൽ പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും അനുബന്ധമായി ചേർക്കുന്നു.+

മീനച്ചിലാർ-മീനന്തറയാർ-കൊട്ടൂരാർ പുനഃസംയോജന പദ്ധതി

183 (3040) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ മീനച്ചിലാർ-മീനന്തറയാർ-കൊട്ടൂരാർ പുനഃസംയോജന പദ്ധതിയിലെ ഏതെങ്കിലും പ്രവൃത്തികൾ ജലവിഭവ വകുപ്പ് ടെൻഡർവഴി കരാറുകാരെ നിശ്ചയിച്ചല്ലാതെ നേരിട്ട് ജനകീയ കൂട്ടായ്മക്ക് പണം കൈമാറി നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പിനുകീഴിൽ കോട്ടയം ജില്ലയിൽ മീനച്ചിലാർ-മീനന്തറയാർ-കൊട്ടൂരാർ പുനഃസംയോജന പദ്ധതിക്ക് സഹായകരമാകുന്ന, സർക്കാരിൽനിന്ന് ഫണ്ട് നൽകിയിട്ടുള്ള പ്രവൃത്തികൾ ടെൻഡർവഴി മാത്രമെ നടപ്പാക്കിയിട്ടുള്ളൂ.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 76 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ 2 പ്രവൃത്തികളും 1,38,69,785/- രൂപയുടെ ഭരണാനുമതി നൽകിയ 7 അനുബന്ധ പ്രവൃത്തികളുമുൾപ്പെടെ ആകെ 9 പ്രവൃത്തികളും നടത്തിയ കരാറുകാരുടെ പേരുവിവരവും ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) 2019-ൽ രജിസ്റ്റർ ചെയ്ത് മീനച്ചിലാർ-മീനന്തറയാർ-കൊട്ടൂരാർ പുനഃസംയോജന പദ്ധതി എന്ന പേരിൽ രൂപീകരിച്ച സൊസൈറ്റിയുടെ കണക്കുകൾ രജിസ്ട്രേഷൻ വകുപ്പിലല്ലാതെ ജലവിഭവ വകുപ്പിൽ ലഭ്യമാക്കി സൂക്ഷിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പിൽ സൂക്ഷിക്കാറില്ല.

മാവേലിക്കര മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികൾ

184 (3041) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ മാവേലിക്കര നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശവും അവയുടെ തൽസ്ഥിതി വിവരവും ലഭ്യമാക്കുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+]

(ബി) മാവേലിക്കര മണ്ഡലത്തിൽ വിവിധ തോടുകളുടെ സംരക്ഷണ ഭിത്തിയും കലുങ്കുകളും നിർമ്മിക്കുന്നതിന് ബജറ്റിൽ അനുവദിച്ച പദ്ധതിയുടെ ഭരണ-സാങ്കേതികാനുമതികൾക്ക് മൈനർ ഇറിഗേഷൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ വിവിധ തോടുകളുടെ സംരക്ഷണ ഭിത്തിയും കലുങ്കുകളും നിർമ്മിക്കുന്നതിന് ബജറ്റിൽ അനുവദിച്ച പ്രവൃത്തിക്ക് 23-07-2025-ലെ സ.ഉ.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സാധാ)നം.655/2025/WRD പ്രകാരം 4702-00-101-99-01-00-00-NV Priority of MI works എന്ന ശീർഷകത്തിൽ 1,99,99,600/- (ഒരു കോടി തൊണ്ണൂറ്റിയൊൻപത് ലക്ഷത്തി തൊണ്ണൂറ്റിയൊൻപതിനായിരത്തി അറുനൂറ് രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനായി പ്രസ്തുത ശീർഷകം പ്രൈസ് സോഫ്റ്റ്വെയറിൽ ലഭ്യമാകാത്തതിനാൽ ആയത് മാപ്പ് ചെയ്ത് ലഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സൗജന്യ കുടിവെള്ള വിതരണം

185 (3042) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ ഉന്നതികളിലേക്ക് സൗജന്യ കുടിവെള്ള വിതരണത്തിന് പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കേരള ജല അതോറിറ്റി, പട്ടികജാതി-പട്ടികവർഗ ഉന്നതികളിലേക്ക് പ്രത്യേക സൗജന്യ കുടിവെള്ള പദ്ധതികളൊന്നും വിഭാവനം ചെയ്തിട്ടില്ല. എന്നാൽ വിവിധ ഏജൻസികളുടെ ഡെപ്പോസിറ്റ് വർക്കുകളായും സർക്കാരുകളുടെ വിവിധ പദ്ധതികളിലൂടെയും പട്ടികജാതി-പട്ടികവർഗ ഉന്നതികളിലേക്ക് കുടിവെള്ള വിതരണം ചെയ്യാനുള്ള പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.

അരുവിക്കര നിയോജകമണ്ഡലത്തിൽ നടപ്പാക്കിവരുന്ന ജൽ ജീവൻ പദ്ധതികൾ

186 (3043) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ നടപ്പാക്കിവരുന്ന മുഴുവൻ ജൽ ജീവൻ പദ്ധതികളുടെയും വിശദാംശം, അവയുടെ ഭരണാനുമതി തുക, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങൾ തരംതിരിച്ച് അറിയിക്കുമോ?

അരുവിക്കര മണ്ഡലത്തിൽ നടപ്പാക്കിവരുന്ന മുഴുവൻ ജൽ ജീവൻ പദ്ധതികളുടെയും വിശദാംശം, അവയുടെ ഭരണാനുമതി തുക, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങൾ തരംതിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഓരോ പദ്ധതിയുടെയും ഭൗതിക ലക്ഷ്യം സമയബന്ധിതമായി കൈവരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ജൽ ജീവൻ മിഷൻ ബഹു. മുഖ്യമന്ത്രിയുടെ മുൻഗണനാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണ്. കൂടാതെ ജലവിഭവ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പാക്കിവരുന്ന ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി അവലോകനം ചെയ്ത് ആവശ്യമായ നിർദേശങ്ങൾ നൽകുന്നുണ്ട്. ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, സംസ്ഥാന മിഷൻ ഡയറക്ടർ തുടങ്ങിയവരുടെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ നടത്തി പുരോഗതി വിലയിരുത്തി ആവശ്യമായ നിർദേശങ്ങൾ നൽകുന്നുണ്ട്. ഇതോടൊപ്പം ജില്ലാകളക്ടറുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥതല മീറ്റിങ്ങുകളും നടത്തിവരുന്നു. ഇത്തരം അവലോകന യോഗങ്ങൾ ആവശ്യമനുസരിച്ച് തുടർന്നും നടത്തി പദ്ധതിയുടെ പുരോഗതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിലയിരുത്തുന്നതിനും ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ ഇറിഗേഷൻ പദ്ധതികൾ

187 (3044) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പുകൾ മുഖേന അനുവദിച്ച പദ്ധതികളും അവയുടെ ഭരണാനുമതി തുകയും അറിയിക്കാമോ;

(ബി) അവയുടെ പൂർത്തീകരണം സംബന്ധിച്ച പുരോഗതി റിപ്പോർട്ട് ലഭ്യമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞിരപ്പള്ളി മണ്ഡലത്തിൽ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പുകൾ മുഖേന അനുവദിച്ച പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

ജൽ ജീവൻ, അമൃത് സ്റ്റേറ്റ് പ്ലാൻ പദ്ധതി പ്രവർത്തനം

188 (3045) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരി, ചളവറ, അനങ്ങനടി പഞ്ചായത്തുകളിലെ ജൽ ജീവൻ, അമൃത് സ്റ്റേറ്റ് പ്ലാൻ എന്നീ പദ്ധതികളുടെ പ്രവർത്തനം വിശദമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ പദ്ധതികളുടെ പുരോഗതിയും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

(എ&ബി) ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരി, ചളവറ, അനങ്ങനടി പഞ്ചായത്തുകളിലെ ജൽ ജീവൻ, അമൃത് സ്റ്റേറ്റ് പ്ലാൻ എന്നീ പദ്ധതികളുടെ പ്രവർത്തനവും പുരോഗതിയും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ

189 (3046) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കരാറുകാർ താമസം വരുത്തുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

നിലവിൽ ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. ഫണ്ടിന്റെ അഭാവം തരണം ചെയ്യാനായി സംസ്ഥാന വിഹിതത്തിന് നബാർഡിൽനിന്നും വായ്പയെടുക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ നിസ്സാര തടസ്സങ്ങൾ ചൂണ്ടിക്കാട്ടി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് കാലതാമസം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വരുത്തുന്നത് ഒഴിവാക്കുന്നതിനായി ക്വാളിറ്റി ആൻഡ് കോസ്റ്റ് ബേസ്ഡ് സിസ്റ്റത്തിന് പകരം സുതാര്യമായ ടെൻഡർ സംവിധാനം നടപ്പാക്കുമോ; വ്യക്തമാക്കുമോ?

ജൽ ജീവൻ മിഷൻ പ്രവൃത്തികളെല്ലാം സുതാര്യമായ ഇ-ടെൻഡർ സംവിധാനത്തിലൂടെ സർക്കാരിന്റെ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരമാണ് ടെൻഡർ ചെയ്ത് നടപ്പാക്കുന്നത്.

കേരള വാട്ടർ അതോറിറ്റിയിൽ നടപ്പാക്കിയ ക്വാളിറ്റി ആൻഡ് കോസ്റ്റ് ബേസ്ഡ് സെലക്ഷൻ (QCBS) സംവിധാനം വളരെ സങ്കീർണ്ണവും അപൂർണ്ണവും പൊതുജനങ്ങളിൽനിന്ന് വ്യാപകമായ പരാതിയും ഉയർന്നിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത സംവിധാനം ഫലപ്രദമാണോയെന്ന് പരിശോധിക്കുന്നതിനായി ഇതുസംബന്ധിച്ച അടിസ്ഥാന വിവരം, സ്റ്റാറ്റിക്സ് എന്നിവ ഉൾപ്പെടുത്തി പ്രൊപ്പോസൽ സമർപ്പിക്കാൻ വാട്ടർ അതോറിറ്റിക്ക് നിർദേശം നൽകിയിട്ടുണ്ട്.

തിരുവനന്തപുരം മണ്ഡലത്തിലെ ജലവിഭവ വകുപ്പിനുകീഴിലെ പ്രവൃത്തികൾ

190 (3047) ശ്രീ ആന്റണി രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിനുകീഴിൽ ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി നൽകിയെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിനുകീഴിൽ അനുമതി നൽകിയ പ്രവൃത്തികളും

അവയുടെ ഇപ്പോഴത്തെ സ്ഥിതിയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) അനുവദിച്ച ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കാനുണ്ടെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ?

അനുവദിച്ച പദ്ധതികളിൽ ഭരണാനുമതി ലഭിക്കാനുള്ള പദ്ധതികളും പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.+

മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ

191 (3048) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 മുതൽ മാവേലിക്കര നിയോജകമണ്ഡലത്തിൽ മേജർ ഇറിഗേഷൻ മുഖേന നടപ്പാക്കുന്നതിനായി ബജറ്റ് ഉൾപ്പെടെ വിവിധ പദ്ധതികളിലൂടെ അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ; അവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

2016-2017 മുതൽ മാവേലിക്കര നിയോജകമണ്ഡലത്തിൽ മേജർ ഇറിഗേഷൻ മുഖേന നടപ്പാക്കുന്നതിനായി ബജറ്റ് 2023-24-ൽ ഉൾപ്പെട്ടിരുന്ന "GENERAL-Protection Work-Construction of Public kadavu and Protecting left bank of AchenKovil river in front of Kallimelkalluvalayam St.Thomas orthodox Church in ward no. 7 of Thazhakkara panchayth in

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Mavelikkara constituency-General Civil Work" എന്ന പ്രവൃത്തിയുടെ 3 കോടി രൂപ ചെലവുവരുന്ന പദ്ധതി രൂപരേഖ (DPR) ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്.

ആലപ്പുഴ മണ്ഡലത്തിലെ വിവിധ മിഷനുകളും പദ്ധതികളും

192 (3050) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ മണ്ഡലത്തിൽ വിവിധ മിഷനുകൾക്കും പദ്ധതികൾക്കും കീഴിൽ 2021 ജൂൺ മുതൽ നടപ്പാക്കിയ പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ മൈനർ ഇറിഗേഷനും മേജർ ഇറിഗേഷനും കീഴിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; നിലവിൽ പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്; വിശദമാക്കാമോ?

(എ-സി) ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ മണ്ഡലത്തിൽ മൈനർ ഇറിഗേഷനും മേജർ ഇറിഗേഷനും ഉൾപ്പെടെ വിവിധ മിഷനുകൾക്കും പദ്ധതികൾക്കും കീഴിൽ 2021 ജൂൺ മുതൽ നടപ്പാക്കിയ പദ്ധതി പ്രവർത്തനങ്ങളും നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികളും നിലവിൽ പൂർത്തീകരിക്കാനുള്ള പ്രവൃത്തികളും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വെള്ളപ്പൊക്ക സാധ്യതാ മുന്നറിയിപ്പ് സംവിധാനം

193 (3051) ശ്രീ. ആന്റണി രാജു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക സാധ്യതാ മുന്നറിയിപ്പ് നൽകുന്നതിനായി ജലവിഭവ വകുപ്പിന് കീഴിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. പെരിയാർ, ചാലക്കുടി നദീതടങ്ങളിൽ പെരിയാർ flood forecasting system (Periyar FEWS) നാഷണൽ ഹൈഡ്രോളജി പ്രോജക്ടിൽ (NHP) ഉൾപ്പെടുത്തി വികസിപ്പിച്ചിട്ടുണ്ട്. കൂടാതെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI), പ്രോഗ്രാം ഫോർ റിസൾട്ട്സിന്റെ (P for R) ഭാഗമായി പമ്പ, മണിമല, അച്ചൻകോവിൽ നദീതടങ്ങൾക്കായി ഒരു വെള്ളപ്പൊക്ക മുന്നറിയിപ്പ് സംവിധാനം (FF & IROS - Flood Forecasting & Integrated Reservoir Operation System) ജലവിഭവ വകുപ്പ് സ്വന്തമായി വികസിപ്പിച്ചിട്ടുണ്ട്.

(ബി) ഇതിനായി തത്സമയ വിവരശേഖരണ സംവിധാനം ഒരുക്കിയിട്ടുണ്ടോ; എങ്കിൽ അവ എവിടെയെല്ലാമാണെന്ന് അറിയിക്കാമോ?

ഉണ്ട്. പെരിയാർ, ചാലക്കുടി നദീതടങ്ങളിൽ തൽസമയ ഡാറ്റ ലഭിക്കുന്നതിനായി നാല് ഓട്ടോമാറ്റിക് റെയിൻ ഗേജുകളും (മാട്ടുപ്പെട്ടി അണക്കെട്ട്, പൊൻമുടി അണക്കെട്ട്, ചെമ്പകപ്പാറ, പരിയാരം) അഞ്ച് ഓട്ടോമാറ്റിക് വാട്ടർ ലെവൽ റെക്കോർഡറുകളും (പാതാളം റെഗുലേറ്റർ, ചിന്നാർ, മൂഴിക്കുളം, വെട്ടുകടവ്, വെറ്റിലപ്പാറ) നിലവിലുണ്ട്.

(സി) ഈ സംവിധാനത്തിന്റെ പ്രവർത്തന രീതി വിശദമാക്കാമോ?

ജലവിഭവ മാനേജ്മെന്റും ദുരന്തനിവാരണ തയ്യാറെടുപ്പും മെച്ചപ്പെടുത്തുന്നതിനായി പെരിയാർ, ചാലക്കുടി നദീതടങ്ങളിൽ റിയൽടൈം ഡാറ്റ അക്വിസിഷൻ സിസ്റ്റം (RTDAS) കേരള ജലസേചന വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. തത്സമയ ജലവിഭവ ഡാറ്റ നൽകുന്നതിനായി നാല് ഓട്ടോമാറ്റിക് റെയിൻ ഗേജുകളും (ARG-കൾ) അഞ്ച് ഓട്ടോമാറ്റിക് വാട്ടർലെവൽ റെക്കോർഡറുകളും (AWLR-കൾ) സ്ഥാപിച്ചു. ഉപകരണങ്ങളിലെ സെൻസറുകൾ മഴയുടെ അളവ്, നദിയിലെ ജലനിരപ്പ് തുടങ്ങിയ വിവരങ്ങൾ ശേഖരിച്ച് GSM/GPRS, ഉപഗ്രഹം വഴിയായി തത്സമയം ഒരു കേന്ദ്രീകൃത ഡാറ്റാ സെന്ററിലേക്ക് അയയ്ക്കുന്നു. ആർ.ടി.ഡി.എ.എസ്. സ്റ്റേഷനുകളിൽനിന്നുള്ള വിവരങ്ങൾ വകുപ്പിനും മറ്റ് പങ്കാളിത്തമുള്ള വകുപ്പുകൾക്കും ഓൺലൈൻ സെർവറിൽനിന്നും ലഭ്യമാണ്.

(ഡി) ഈ പദ്ധതിക്ക് തുക അനുവദിച്ചതിന്റെ വിശദാംശം നൽകാമോ?

നാഷണൽ ഹൈഡ്രോളജി പ്രോജക്ടിൽനിന്നും പെരിയാർ FEWS സംവിധാനം വികസിപ്പിക്കുന്നതിനായി 216 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാന ഫണ്ടിൽനിന്നും റിയൽ-ടൈം ഡാറ്റ അക്വിസിഷൻ സിസ്റ്റം വികസിപ്പിക്കുന്നതിനായി 50 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്.

ജൽ ജീവൻ മിഷൻ പദ്ധതി

194 (3052) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ സൗജന്യ നിരക്കിൽ എത്ര ഹൗസ് കണക്ഷൻ നൽകിയിട്ടുണ്ട് എന്ന വിവരം ലഭ്യമാക്കുമോ?

ജൽ ജീവൻ മിഷൻ പദ്ധതി പഞ്ചായത്തുകളിൽ നടപ്പാക്കുന്ന പദ്ധതിയാണ്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടില്ല.

(ബി) ഇതിനുവേണ്ടി എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ബാധകമല്ല.

ചങ്ങനാശ്ശേരി മണ്ഡലത്തിൽ രണ്ടാം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ

195 (3053) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ രണ്ടാം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അനുവദിച്ചിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

(എ&ബി) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ രണ്ടാം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പദ്ധതികൾ

196 (3054) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ നടപ്പാക്കിയ മൈനർ ഇറിഗേഷൻ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ആയതിൽ പ്രവൃത്തി ആരംഭിച്ചവയും ആരംഭിക്കാത്തവയും ആയ പദ്ധതികളുടെ ലിസ്റ്റും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ നടപ്പാക്കിയ മൂന്ന് മൈനർ ഇറിഗേഷൻ പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

ജൽ ജീവൻ പദ്ധതിക്കുവേണ്ടിയെടുത്ത റോഡുകളുടെ പുനരുദ്ധാരണം

197 (3055) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ പ്രവൃത്തിക്കുവേണ്ടി എടുത്ത റോഡിലെ കുഴികൾ മൂടിയശേഷം പൂർണ്ണമായി ഗതാഗതയോഗ്യമാക്കാത്ത റോഡുകളുടെ പേര് വിവരങ്ങൾ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

നാദാപുരം മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ പ്രവൃത്തിക്കുവേണ്ടി എടുത്ത റോഡിലെ കുഴികൾ താൽക്കാലികമായി പുനഃസ്ഥാപനം നടത്തിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർണ്ണമായി ഗതാഗതയോഗ്യമാക്കാത്ത റോഡുകളുടെ പേര് വിവരങ്ങൾ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു.+

തിരുരങ്ങാടി മണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണം

198 (3056) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണത്തിന് സംസ്ഥാന ബജറ്റിൽ 15 കോടി രൂപ പ്രഖ്യാപനമുണ്ടായിട്ടും ടെൻഡർ നടപടികൾ സ്വീകരിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കിഫ്ബിയുടെ മാനദണ്ഡപ്രകാരമുള്ള ഡി.പി.ആർ. ഈ പ്രവൃത്തിയുടെ നിർവഹണ ഏജൻസിയായ കെ.ഐ.ഐ.ഡി.സി.-യും സി.എം.ഡി.-യും ഇതുവരെ കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. അടക്കമുള്ള ഫയൽ എന്നത്തെ ബോർഡ് മീറ്റിങ്ങിൽ പരിഗണിക്കുമെന്ന് വ്യക്തമാക്കാമോ?

(എ-ഡി) കുണ്ടൂർ തോട് നവീകരണത്തിനായി കിഫ്ബി മുഖേന 15 കോടി രൂപ 2016-17-ലെ ബജറ്റിൽ അനുവദിച്ചിരുന്നു. 27-10-2016-ലെ സ.ഉ. (സാധാ) നമ്പർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

846/2016/ജവിവ, 28-10-2016-ലെ സ.ഉ. (സാധാ) നമ്പർ 850/2016/ജവിവ എന്നിവ പ്രകാരം പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്കാണ് തത്വത്തിൽ അനുമതി നൽകിയിരുന്നത്. തിരുരങ്ങാടി മണ്ഡലത്തിലെ കുണ്ടൂർ തോട് പദ്ധതിയുടെ ഡി.പി.ആർ. ആയക്കട്ട് വിശദാംശങ്ങൾ, തോടിന്റെ ഹൈഡ്രോളിക് വിശദാംശങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി കിഫ്ബിയുടെ മാനദണ്ഡങ്ങൾപ്രകാരം പുതുക്കിയ പ്രൊപ്പോസൽ തത്വത്തിൽ അംഗീകാരം ലഭിക്കുന്നതിനായി കെ.ഐ.ഐ.ഡി.സി. സർക്കാരിൽ സമർപ്പിച്ചു. 06-01-2021-ലെ സർക്കാർ ഉത്തരവ് നമ്പർ 16/2021/ജവിവ പ്രകാരം പ്രസ്തുത പദ്ധതി കിഫ്ബി ധനസഹായത്തോടെ കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പാക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി.

കെ.ഐ.ഐ.ഡി.സി. പദ്ധതി പ്രദേശത്ത് വിശദമായ ടോപ്പോഗ്രാഫിക്കൽ സർവെ നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഡിസൈനും ഡ്രോയിങ്ങുകളും എസ്റ്റിമേറ്റും തയ്യാറാക്കി, ഡി.പി.ആർ. സാമ്പത്തിക അനുമതിക്കായി കിഫ്ബിയിലേക്ക് സമർപ്പിച്ചു. പ്രസ്തുത ഡി.പി.ആർ.-ന്റെ സൂക്ഷ്മപരിശോധനയ്ക്കായി കിഫ്ബി സി.എം.ഡി.-യെ ചുമതലപ്പെടുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ 06-05-2023-ന് സി.എം.ഡി. ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ചപ്പോൾ നിലവിലുള്ള ഇറിഗേഷന്റെ അധീനതയിലുള്ള പമ്പ്ഹൗസുകളുടെ പമ്പുകൾ പരിപാലിക്കുകയും പാടശേഖരങ്ങളിലേക്കുള്ള ജലവിതരണ കനാലുകൾകൂടി നന്നാക്കുകയും ചെയ്യണമെന്ന് നിർദേശിച്ചു. പ്രസ്തുത അറ്റകുറ്റപ്രവൃത്തികൾകൂടി ഉൾപ്പെടുത്തി ഡി.പി.ആർ. സമർപ്പിക്കാൻ സി.എം.ഡി. നിർദേശിച്ചു. നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ സ്കീമും ജലവിതരണ കനാലുകളും ഇറിഗേഷൻ വകുപ്പിന്റെ അധികാര

പരിധിയിൽപ്പെടുന്നതിനാൽ ആയതിന്റെ അറ്റകുറ്റപ്രവൃത്തികൾകൂടി ഡി.പി.ആർ.-ൽ ഉൾപ്പെടുത്തുന്നതിന് അനുവാദം ആവശ്യപ്പെട്ട് 06-07-2023-ൽ ഇറിഗേഷൻ ആൻഡ് അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നു. അതിന് മറുപടിയായി ഇറിഗേഷൻ വകുപ്പിന് ടി അറ്റകുറ്റപ്രവൃത്തികൾ ചെയ്യുന്നതിന് നിലവിൽ പദ്ധതിയുണ്ടെന്ന് മറുപടി ലഭിക്കുകയും ആയത് കിഫ്ബി മുഖേന സി.എം.ഡി.-യെ അറിയിക്കുകയും ചെയ്തു.

പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കുന്നതിന് 08-11-2024-ൽ കിഫ്ബിയുടെ സഹായം അഭ്യർഥിക്കുകയും കിഫ്ബി പ്രസ്തുത ചുമതല സി.എം.ഡി.-യെ 06-12-2024-ന് ഏല്പിക്കുകയും ചെയ്തു. തുടർന്ന് സി.എം.ഡി. 30-09-2025-ന് അന്തിമ ഡി.പി.ആർ. കെ.ഐ.ഐ.ഡി.സി.-യിൽ സമർപ്പിച്ചു. ആയത് പരിശോധിച്ച്, പി.എഫ്.എം.എസ്. പോർട്ടൽവഴി ഉടൻതന്നെ കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പാലം നിർമ്മിക്കുന്നതിന്റെ ഭാഗമായി പുഴ നികത്തിയത്

199 (3057) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ 66-ന്റെ നിർമ്മാണത്തിന്റെ ഭാഗമായി കോരപ്പുഴ, മുരാട് പുഴ എന്നിവയ്ക്കുകുറുകെ പാലം നിർമ്മിക്കുന്നതിന്റെ ഭാഗമായി പുഴ നികത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇങ്ങനെ നികത്തിയ മണ്ണ് പൂർണ്ണമായും നീക്കം ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) നാഷണൽ ഹൈവേ 66-ന്റെ നിർമ്മാണത്തിന്റെ ഭാഗമായി മുരാട് പുഴയ്ക്ക് കുറുകെയും കോരപ്പുഴയ്ക്ക് കുറുകെയും പാലം നിർമ്മിക്കുന്നതിന്റെ ഭാഗമായി പാലം നിർമ്മാണവേളയിൽ കെട്ടിയ ബണ്ടിന്റെ ശേഷിപ്പുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പൂർണ്ണമായും നീക്കം ചെയ്യുന്നതിന് NHAI അധികൃതർക്ക് നിർദേശം നൽകിയിട്ടുണ്ട്. ആയത് അടിയന്തരമായി നീക്കം ചെയ്യുന്നതിനുവേണ്ടി NHAI-ക്ക് വീണ്ടും നിർദേശം നൽകിയിട്ടുണ്ട്.

(സി) ഹൈവേയുടെ പ്രവൃത്തിയുടെ ഭാഗമായുണ്ടാകുന്ന കോൺക്രീറ്റ് ഉൾപ്പെടെയുള്ള ഖരമാലിന്യങ്ങൾ കരാറുകാരുടെ അനാസ്ഥമൂലം ജലാശയങ്ങളിൽ നിക്ഷേപിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് നീക്കം ചെയ്യുന്നതിന് കർശന നടപടികൾ കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുഴയുടെ ഒഴുക്കിന് തടസ്സമാകുന്ന രീതിയിലുള്ള ബണ്ടിന്റെ ശേഷിപ്പുകളും മറ്റും പൂർണ്ണമായും നീക്കം ചെയ്യുന്നതിനായി NHAI അധികൃതർക്ക് രേഖാമൂലം നിർദേശം നൽകുകയും മേൽവിവരം ബഹുമാനപ്പെട്ട ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.

നദികളുടെ പരിപാലനത്തിന് മാസ്റ്റർ പ്ലാൻ

200 (3058) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ പ്രധാന കാരണം നദികളുടെ പരിപാലനത്തിലുണ്ടായ ഉപേക്ഷയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

നദീതീരങ്ങളോട് ചേർന്നുവരുന്ന നദീസമതലങ്ങൾ പ്രളയസമയങ്ങളിൽ നിറഞ്ഞൊഴുകി സ്വത്തിനും ജീവനും നാശനഷ്ടങ്ങൾ വരുത്താറുണ്ട്. നദിക്കുള്ളിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്ന് പരമാവധി ജലനിരപ്പ് കടന്ന് (ഹൈ ഫ്ലഡ് ലെവൽ) കവിഞ്ഞൊഴുകുന്നതിന്റെ ഫലമായാണ് വെള്ളപ്പൊക്കം, പ്രളയം എന്നിവയുണ്ടാകുന്നത്. ഉത്തരേന്ത്യൻ നദികളിൽ (ഹിമാലയൻ നദികൾ) വെള്ളപ്പൊക്കംമൂലമുള്ള നാശനഷ്ടം എല്ലാ വർഷവും ഉണ്ടാകാറുള്ളതിന് കാരണം കാലവർഷത്തിന് പുറമേ മഞ്ഞുരുകിയുണ്ടാകുന്ന ജലവും ഈ നദികളിൽ എത്തിച്ചേരുന്നു എന്നതാണ്. കേരളത്തിലെ നദികളുമായി താരതമ്യംചെയ്യാൻ കഴിയാത്തത്ര വലിയ നദികളാണ് ഇവ. എന്നാൽ, സമീപകാലത്തായി കേരളത്തിലും ആവർത്തിച്ച് പ്രളയമുണ്ടാകുന്നുവെന്നത് പ്രളയസമതലങ്ങൾ പ്രത്യേക മേഖലകളായി സംരക്ഷിക്കണമെന്ന ആവശ്യത്തിന് ഊന്നൽ നൽകുന്നു. നദികളിലേക്ക് എത്തിച്ചേരുന്ന പ്രധാന കൈവഴികളിൽ/തോടുകളിൽ ചെറുതടയണകൾ/വെന്റഡ് ക്രോസ്ബാറുകൾ നിർമ്മിച്ച് നീരൊഴുക്ക് സ്ഥായിയാക്കി ജലസംഭരണവും അതേസമയം ഭൂജലപോഷണവും സാധ്യമാക്കുന്നു. "സംയോജിത നീർത്തടപ്ലാനുകളിൽ" നിർദേശിച്ചിട്ടുള്ള പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ/തോടുകൾ എന്നിവ "റിഡ്ജ്-ടു-വാലി" സമീപനത്തോടെ പുനരുദ്ധരിച്ച് സംഭരണശേഷി വർധിപ്പിച്ച് ജലസേചന സൗകര്യം വർധിപ്പിക്കാനും ഭൂജലപോഷണം വർധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ ജലസേചന നിർമ്മിതികളായ ഡാമുകൾ/തടയണകൾ/റെഗുലേറ്ററുകൾ എന്നിവയ്ക്കുസമീപം അടിഞ്ഞുകൂടിയ ചെളി/എക്കൽ/മണൽ/മറ്റുമാലിന്യങ്ങൾ എന്നിവ നീക്കംചെയ്ത് സംഭരണശേഷി പുനഃസ്ഥാപിച്ച് വെള്ളപ്പൊക്ക നിയന്ത്രണം സാധ്യമാക്കുന്ന പ്രവർത്തനവും ചെയ്തുവരുന്നു.

വെള്ളപ്പൊക്ക നിയന്ത്രണം (FC), വെള്ളപ്പൊക്ക കെടുതി (FD), മൈനർ ഇറിഗേഷൻ ക്ലാസ്-II, മൈനർ ഇറിഗേഷൻ ക്ലാസ്-I, Renovation of Tanks and Ponds മുതലായ സ്കീമുകളിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കി ജലസേചന വകുപ്പ് നദീതീരങ്ങൾ, തോടുകൾ, കുളങ്ങൾ, ചെറുനീർച്ചാലുകൾ എന്നിവ സംരക്ഷണ ഭിത്തികെട്ടി സുരക്ഷിതമാക്കുന്നതിനുള്ള പ്രവൃത്തികൾ അടിയന്തര പ്രാധാന്യം പരിഗണിച്ചും ഫണ്ടിന്റെ ലഭ്യത അനുസരിച്ചും നടപ്പാക്കിവരുന്നുണ്ട്.

(ബി) നദികളുടെ പരിപാലനത്തിനായി നദീതട മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വകുപ്പുകളുടെ സഹകരണത്തോടെയാണ് പദ്ധതി തയ്യാറാക്കുന്നതെന്നും ഇതിനായി വിദേശ സഹായം ലഭിച്ചിട്ടുണ്ടോയെന്നുമുള്ള വിശദാംശം നൽകുമോ?

നദീതടങ്ങളിലുടനീളം സംയോജിത ജലവിഭവ മാനേജ്മെന്റ് (IWRM) നടപ്പാക്കുന്നതിനുള്ള ആധികാരിക മാർഗനിർദേശ ഗൈഡായി സംയോജിത നദീതട സംരക്ഷണത്തിനും മാനേജ്മെന്റിനുമുള്ള പ്രവർത്തന ചട്ടക്കൂട് (OPERATIONAL FRAME WORK FOR INTEGRATED RIVER BASIN CONSERVATION AND MANAGEMENT) 26-06-2025-ലെ GO. (P) No.25/2025/WRD പ്രകാരം നിലവിൽവന്നു. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തയ്യാറാക്കുന്ന സെക്ടറൽ പ്ലാനുകളുടെ അടിസ്ഥാനത്തിലായിരിക്കും പദ്ധതികൾ/പ്രവൃത്തികൾ ആവിഷ്കരിക്കുന്നത്. നിലവിൽ അപ്രകാരമുള്ള സെക്ടറൽ പ്ലാൻ തയ്യാറാക്കിയിട്ടില്ല.

മീനച്ചിലാറിന്റെ സംരക്ഷണം

201 (3059) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിലെ മീനച്ചിലാറിലെ വിവിധ തടയണകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പാലാ മണ്ഡലത്തിലെ മീനച്ചിലാറിന് കുറുകെ ആറാംമൈൽ തടയണയിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളി/എക്കൽ എന്നിവ നീക്കം ചെയ്യുന്നതിനായി ലേല നടപടികൾ സ്വീകരിച്ചുവരുന്നു. കളരിയാമാക്കൽ ചെക്ക്ഡാമിന് താഴ്വശമുള്ള ചെളി/എക്കൽ എന്നിവ നീക്കം ചെയ്യുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ബി) മീനച്ചിലാറിലേക്ക് എത്തിച്ചേരുന്ന പ്രധാനപ്പെട്ട കൈവഴികളുടെ ഭ്രരേഖകൾ പ്രകാരമുള്ള വീതിയും ആഴവും വീണ്ടെടുത്ത് സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

മീനച്ചിലാറിന്റെ വിവിധ കൈവഴികളിലെ ഒഴുക്കിന് തടസ്സമായ രീതിയിൽ മൺതിട്ടകളും തടസ്സങ്ങളും നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ കൈക്കൊണ്ടുവരുന്നു. ഇതിലൂടെ കൈവഴികളുടെ യഥാർഥ വീതിയും ആഴവും പുനഃസ്ഥാപിക്കുന്നതിന് സാധിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് കോട്ടയം ഡിവിഷന്റെ കീഴിൽ ഏറ്റെടുത്ത്

നടപ്പാക്കിയതും നടപ്പാക്കിക്കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

മണ്ണ് നീക്കം ചെയ്യുന്നതിനുള്ള പദ്ധതികൾ

202 (3060) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പുഴകളിലും തോടുകളിലും നീർച്ചാലുകളിലും മറ്റും മണ്ണ് അടിഞ്ഞുകൂടി വെള്ളത്തിന്റെ ഒഴുക്കിന് തടസ്സം നേരിടുന്നതും തന്മൂലം ജലസംഭരണശേഷി കുറയുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കനത്ത വേനൽ സമയങ്ങളിൽ തിരൂരങ്ങാടി മണ്ഡലത്തിലെ തിരൂരങ്ങാടി മുനിസിപ്പാലിറ്റി, നന്നമ്പ്ര പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ പുഴകളിലും തോടുകളിലും നീർച്ചാലുകളിലും മണ്ണ് അടിഞ്ഞുകൂടി വെള്ളത്തിന്റെ ഒഴുക്കിന് തടസ്സം നേരിടുന്നതായി റിപ്പോർട്ട് ചെയ്യപ്പെടാറുണ്ട്.

(ബി) പുഴകളിലും നീർച്ചാലുകളിലും തോടുകളിലും മണ്ണടിഞ്ഞു കിടന്ന് വെള്ളത്തിന്റെ ഒഴുക്ക് കുറഞ്ഞ് വെള്ളം സംഭരിക്കാൻ കഴിയാതെ വരുന്നതിനാൽ പാടശേഖരങ്ങളിലേക്ക് വെള്ളമെത്താതെ കൃഷി നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ജലക്ഷാമം രൂക്ഷമാകുന്ന കടുത്ത വേനൽക്കാലത്തെ കനത്ത വേനൽ സമയങ്ങളിൽ തിരൂരങ്ങാടി മണ്ഡലത്തിലെ കീരനല്ലൂർ, മുക്കംതോട് ജങ്ഷൻ, വട്ടച്ചിറ എന്നീ ഭാഗങ്ങളിൽ പുഴകളിലും തോടുകളിലും നീർച്ചാലുകളിലും മറ്റും മണ്ണ് അടിഞ്ഞുകൂടി വെള്ളത്തിന്റെ ഒഴുക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുറഞ്ഞ് മോര്യകാപ്പ്, തുരുത്തി പാടശേഖരങ്ങളിലേയ്ക്ക് വെള്ളമെത്താത്തതിനാൽ ഈ ഭാഗത്തെ കർഷകർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്.

(സി) ഇത്തരത്തിൽ മണ്ണ് അടിഞ്ഞുകൂടിയ തിരുരങ്ങാടി മണ്ഡലത്തിലെ പുഴകളിലേയും റോഡുകളിലേയും നീർച്ചാലുകളിലേയും മണ്ണ് നീക്കം ചെയ്യുന്നതിനായി പ്രത്യേക പദ്ധതികൾ തയ്യാറാക്കുകയോ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുകയോ ചെയ്യുന്നുണ്ടോ; വിശദമാക്കാമോ?

മണ്ണ് നീക്കം ചെയ്യുന്നതിനായി പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടില്ല. തോടുകളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി അടിഞ്ഞുകൂടിയ മണ്ണും സിൽറ്റും നീക്കം ചെയ്യാറുണ്ട്. അതോടൊപ്പം റവന്യൂ/മുനിസിപ്പാലിറ്റി അധികൃതർ ഇടപെട്ട് മണ്ണ് നീക്കം ചെയ്യുകയും ചെയ്യാറുണ്ട്. കൂടാതെ റൂം ഫോർ റിവർ പദ്ധതിയുടെ ഭാഗമായി കടലുണ്ടി പുഴയിലും അതിന്റെ കൈവഴിയായ നൂ കട്ട് കനാലിലും അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്തിട്ടുണ്ട്.

ചാലക്കുടിപ്പുഴയുടെ സംരക്ഷണത്തിന് സംയോജിത നദീതട പ്ലാൻ

203 (3061) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിപ്പുഴയുടെ പുനരുജ്ജീവനത്തിന് സംയോജിത നദീതട പ്ലാൻ തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ചാലക്കുടിപ്പുഴയിൽ കൂടുതൽ തടയണകൾ നിർമ്മിച്ച് വേനൽക്കാലത്തും ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) മേലൂർ-പരിയാരം ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിച്ച് ചാലക്കുടിപ്പുഴയിലെ കയ്യാണിക്കടവിൽ തടയണ നിർമ്മാണത്തിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാവശ്യമായ വിവരശേഖരണം ജില്ലാതലത്തിൽ നടന്നുവരുന്നു. ചാലക്കുടി പുഴയിൽ മേലൂർ, പരിയാരം ഗ്രാമപഞ്ചായത്തുകൾ ബന്ധിപ്പിച്ചുകൊണ്ട് കയ്യാണിക്കടവിൽ തടയണ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ആയതിന്റെ 710 ലക്ഷം രൂപയുടെ വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ.) ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

(ഡി) റിവർ ബേസിൻ കൺസർവേഷൻ ആൻഡ് മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

സുസ്ഥിരമായ നദീതട മാനേജ്മെന്റിനായുള്ള ഏറ്റവും ലളിതമായ മാതൃക സ്വീകരിച്ച് നിലവിലുള്ള ഏജൻസികളെയോ പ്രക്രിയകളെയോ തടസ്സപ്പെടുത്താതെ മെച്ചപ്പെടുത്തലുകൾ കൊണ്ടുവരുന്ന ഒരു സംവിധാനമായാണ് സംയോജിത നദീതട സംരക്ഷണത്തിനും മാനേജ്മെന്റിനുമുള്ള പ്രവർത്തന ചട്ടക്കൂട് (OPERATIONAL FRAMEWORK FOR INTEGRATED RIVER BASIN CONSERVATION AND MANAGEMENT) രൂപകല്പന ചെയ്തിരിക്കുന്നത്. ഒരു പുതിയ

അതോറിറ്റി സ്ഥാപിക്കുന്നതിനുപകരം നിലവിലുള്ള സർക്കാർ സംവിധാനങ്ങളെയും സ്ഥാപനങ്ങളെയും ഏകോപിപ്പിച്ച് പ്രവർത്തിക്കുന്ന ഒരു ചട്ടക്കൂട് രൂപപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നത്. IWRM-ന്റെ ഒരു മാർഗനിർദേശ അതോറിറ്റിയായി പ്രവർത്തിക്കാൻ രൂപകല്പന ചെയ്തിരിക്കുന്ന ഈ ചട്ടക്കൂട്, ഭരണഘടന, ആസൂത്രണ രീതികൾ, സാമ്പത്തിക മാനേജ്മെന്റ് എന്നിവയുൾപ്പെടെയുള്ള അവശ്യഘടകങ്ങളുടെ രൂപരേഖ നൽകുന്നു. സർക്കാർ ഏജൻസികൾ, പ്രാദേശിക സമൂഹങ്ങൾ, സിവിൽ സൊസൈറ്റി, സ്വകാര്യമേഖല എന്നിവയ്ക്കിടയിലുള്ള സഹകരണത്തിന് ഊന്നൽ നൽകുന്നു. സുസ്ഥിര നദീതട പരിപാലനത്തിനായി എല്ലാ പങ്കാളികളും ഒരുമിച്ച് പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുന്നു. വ്യക്തമായ റോളുകളും ഉത്തരവാദിത്വങ്ങളും നിർവചിക്കുന്നതിലൂടെ ഈ ചട്ടക്കൂട് വകുപ്പുകളിലുടനീളം യോജിച്ച പ്രവർത്തനം വർധിപ്പിക്കാനും നദീതട പരിപാലന സംരംഭങ്ങളുടെ കാര്യക്ഷമതയും സ്വാധീനവും മെച്ചപ്പെടുത്താനും ലക്ഷ്യമിടുന്നു. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തയ്യാറാക്കുന്ന സെക്ടറൽ പ്ലാനുകളുടെ അടിസ്ഥാനത്തിലായിരിക്കും പദ്ധതികൾ/പ്രവൃത്തികൾ ആവിഷ്കരിക്കുന്നത്. നിലവിൽ അപ്രകാരമുള്ള സെക്ടറൽ പ്ലാൻ തയ്യാറാക്കിയിട്ടില്ല.

മണലും എക്കലും നീക്കം ചെയ്യുന്ന നടപടി

204 (3062) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രണ്ട് ദിവസം തുടർച്ചയായി മഴ പെയ്താൽ വെള്ളപ്പൊക്കം രൂക്ഷമാകുന്ന സാഹചര്യം മറികടക്കാൻ ആറുകൾ, തോടുകൾ, ഡാമുകൾ എന്നിവിടങ്ങളിലെ മണലും എക്കലും നീക്കം ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ജലസേചന വകുപ്പിന് കീഴിലുള്ള ഡാമുകളുടെ ഡീസിൽറ്റേഷൻ നടപ്പാക്കുന്നതിനുവേണ്ടി Standard Operating Procedure (SOP) സർക്കാർ അംഗീകരിക്കുകയും ഡാമുകളിലെ ഡീസിൽറ്റേഷൻ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയുംചെയ്യുന്നു. നിലവിൽ മീങ്കര, ചുള്ളിയാർ, വാളയാർ, മംഗലം എന്നീ ഡാമുകളിൽനിന്നും യഥാക്രമം 0.603 Mm3, 0.735 Mm3, 0.410 Mm3, 0.153 Mm3 ചെളിയും മണലും നീക്കം ചെയ്തു. മലങ്കര ഡാം ഡീസിൽറ്റേഷൻ പ്രവൃത്തിക്ക് അനുമതി നൽകിക്കൊണ്ട് 23-06-2025-ലെ സ.ഉ.(കൈ) നമ്പർ 51/2025/WRD പ്രകാരം ഭേദഗതി ചെയ്ത ഉത്തരവ് ലഭിച്ചിട്ടുണ്ട്. മറ്റ് ഡാമുകളുടെ ഡീസിൽട്ടേഷൻ നടപ്പാക്കുന്നതിന് വിശദമായ പദ്ധതിരേഖ തയ്യാറാക്കേണ്ടതുണ്ട്. ആയതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

മലമ്പുഴ, കാഞ്ഞിരപ്പുഴ അണക്കെട്ടുകളിലെ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിന് പ്രാരംഭ പഠന പദ്ധതിക്ക് 28-05-2025-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 515/2025/WRD പ്രകാരം ജലവിഭവ (എം.പി) വകുപ്പ് 1,63,15,000/- രൂപ ഇ-അനുമതിയിൽ അനുവദിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ മലമ്പുഴ, കാഞ്ഞിരപ്പുഴ അണക്കെട്ടുകളിലെ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിന് പ്രാരംഭ പഠന പദ്ധതിക്ക് 2,13,15,000/- രൂപ ചെലവാകുമെന്ന്

കണ്ടെത്തിയതിനാൽ അധികമായുള്ള 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

ജലസേചന വകുപ്പിന് കീഴിലുള്ള ആറുകളിൽനിന്നും തോടുകളിൽനിന്നും എക്കലും ചെളിയും നീക്കം ചെയ്യുന്നത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1) FC - River course correction work by dredging Korappuzha River from Railway Bridge at Ch: 418.32 KM to Korappuzha River mouth in Koyilandy Taluk - Kozhikode District (DSR-2016)

കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ പഞ്ചായത്തിലൂടെ കടന്നുപോകുന്ന കോരപ്പുഴയുടെ അഴിമുഖത്തുനിന്നും പടിഞ്ഞാറുഭാഗത്തേക്ക് 100 മീറ്ററിൽനിന്നും തുടങ്ങി കിഴക്കോട്ട് അപ്സ്ട്രീം ഭാഗത്തേക്ക് 1600 മീറ്റർ നീളത്തിൽ അടിഞ്ഞുകൂടിയിട്ടുള്ള 180000 $m^3$3 എക്കലും മണലും നീക്കം ചെയ്ത് പുഴയുടെ സ്വാഭാവിക ഒഴുക്ക് വീണ്ടെടുക്കുന്നതിനായാണ് പ്രസ്തുത പ്രവൃത്തി വിഭാവനം ചെയ്തിട്ടുള്ളത്. 12-12-2017-ലെ G.O.(Rt) No.997/2017/WRD പ്രകാരം 375 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 07-11-2019-ലെ ഓർഡർ നം. IDKkd/2019-2020/2017/557/IA പ്രകാരം 375 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ചുവരുന്നു.

2) DESILTING OF KALLAI RIVER FROM KADUPPINI TO KOTHI IN KOZHIKODE CORPORATION

കോഴിക്കോട് നഗരത്തിലൂടെ ഒഴുകി കോതി എന്ന സ്ഥലത്ത് അറബിക്കടലുമായി സംയോജിക്കുന്ന കല്ലായി പുഴയിൽ കടുപ്പിനി മുതൽ കോതി വരെയുള്ള 4.2 കി.മീ. ദൂരത്തിൽ

വർഷങ്ങളായി അടിഞ്ഞുകൂടിയിരിക്കുന്ന എക്കൽ, ചെളി, മരത്തടികൾ, മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് പുഴയുടെ സ്വാഭാവിക ഒഴുക്ക് നിലനിർത്തി നഗരത്തിലുണ്ടാകുന്ന പ്രളയസാധ്യത ഒഴിവാക്കുന്നതിനുവേണ്ടിയാണ് പ്രസ്തുത പ്രവൃത്തി വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പ്രവൃത്തിക്ക് കോഴിക്കോട് കോർപ്പറേഷനിൽനിന്ന് 15-02-2021-ലെ Resolution No. (90) പ്രകാരം 7.5 കോടി രൂപയും 30-12-2021-ലെ Resolution No. 64 പ്രകാരം 40 ലക്ഷം രൂപയും ഭരണാനുമതിയായി നൽകിയിട്ടുണ്ട്. 07-03-2022-ലെ ഓർഡർ നം. IDKkd/2021-2022/2018/4170/IA പ്രകാരം 790 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ചുവരുന്നു.

3) GENERAL-Thrissur District-Total development plan for Wadakkanchery river - Phase I-General Civil Work

വാഴാനി ഡാമിനും കാഞ്ഞിരക്കോടിനും ഇടയിലുള്ള വടക്കാഞ്ചേരി നദിയുടെ ഏകദേശം 20 കിലോമീറ്റർ നീളത്തിൽ ചെളി നീക്കം ചെയ്യൽ, ടൂറിസം വികസനങ്ങൾ, നിലവിലുള്ള ജലസംഭരണ ഘടനകളുടെ പരിപാലനം, നദീതീര സംരക്ഷണം, വടക്കാഞ്ചേരി നദിയുടെ പ്രധാന ഫീഡർ കനാലുകളുടെ പുനരുജ്ജീവനം തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കിയ ഒരു സംയോജിത പദ്ധതിയാണിത്. 07-06-2023-ലെ G.O.(Rt)No.526/2023/WRD പ്രകാരം 9.99 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 19-06-2023-ലെ ഓർഡർ നം.IRR/IA/EST-TS/608/2022-5-2-1 പ്രകാരം 9.99 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ചുവരുന്നു.

4) GENERAL-Thanikudam River- Total development plan for Thanikudam River Phase I-General Civil Work

കേരളത്തിലെ ഏറ്റവും ചെറിയ നദികളിലൊന്നായ പുഴയ്ക്കൽ നദി എന്നറിയപ്പെടുന്ന താണിക്കുടം പുഴ ജലവിതാനത്തിന്റെ ശോഷണം, ചെളി അടിഞ്ഞുകൂടൽ, വനനശീകരണം എന്നിവമൂലം ആശങ്കാജനകമായ അവസ്ഥയിലായതിനാൽ നദീപരിശീലന പ്രവർത്തനങ്ങൾ നടത്തിയും അടിഞ്ഞുകൂടിയ എക്കലും ചെളിയും നീക്കം ചെയ്ത് ജലസംഭരണശേഷി മെച്ചപ്പെടുത്തിയും പുഴയുടെ പാരിസ്ഥിതിക സന്തുലിതാവസ്ഥ പുനഃസ്ഥാപിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ചെളി നീക്കം ചെയ്യൽ, നിലവിലുള്ള ജലസംഭരണ ഘടനകളുടെ അറ്റകുറ്റപ്പണി, നദീതീര സംരക്ഷണം, ചുറ്റുമുള്ള പ്രദേശത്തെ ജലസേചന സാധ്യത വർധിപ്പിക്കുന്നതിനാവശ്യമായ ജലവിതരണം ഉറപ്പാക്കാൻ ഇഷാഞ്ചിറ ചെക്ക് ഡാം നിർമ്മാണം എന്നിവയാണ് ഉൾപ്പെട്ടിരിക്കുന്ന പ്രധാന പ്രവൃത്തികൾ. 02-09-2023-ലെ G.O.(Rt)No.765/2023/WRD പ്രകാരം 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 28-09-2024-ലെ ഓർഡർ നം.IRR/IA/EST-TS/1811/2022-5-1-1 പ്രകാരം 5 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ചുവരുന്നു.

5) തിരുവനന്തപുരം ജില്ലയിലെ വാമനപുരം പുഴയുടെ പുനരുജ്ജീവനത്തിനായി 2 കോടി രൂപ 27-06-2023-ലെ G.O.(Rt) No.592/2023/WRD പ്രകാരം "Rejuvenation of Vamanapuram River" എന്ന പ്രവൃത്തിക്ക് നൽകുകയും മേൽ പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുള്ളതാണ്.

6) കൂടാതെ കൊല്ലം ജില്ലയിലെ വരട്ടാർ ആദിപമ്പയുടെ പുനരുജ്ജീവനത്തിനായി "Expression of Interest for the Rejuvenation of Varattar and Aadhipampa in Pathanamthitta District - Removal of Earth" എന്ന പ്രവൃത്തി 14-09-2021-ലെ എഗ്രിമെന്റ് നമ്പർ 09/SE/ISC/2021-22 പ്രകാരം 43,93,14,868/- രൂപയ്ക്ക് 642273.2 cum മണ്ണ് മാറ്റുന്നതിനായി ഏറ്റെടുത്ത് നടപ്പാക്കിവരുന്നു.

7) ആലപ്പുഴ ജില്ലയിലെ പുഴകളുടെ സംരക്ഷണത്തിനായി താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പാക്കിവരുന്നു.

* GENERAL-THOTTAPPALLY SPILLWAY CHANNEL AND LEADING CHANNEL- Protection work to the Left and Right Banks of Pampa river (Leading Channel to the Thottappally Spillway) from Kurichikkal to Thottappally Spillway and downstream to the Pozhy mouth in Purakkad Gramapanchayath in Ambalappuzha LAC-General Civil Work for an amount of Rs.3700 L.

* GENERAL-PROTECTION WORK-Protection work to the left and right banks of Pampa River and Leading Channel from Veeyapuram to Kurichikkal towards Thottapally Pozhi passing through Veeyapuram, Cheruthana and karuvatta panchayaths - General Civil Work, for an amount of Rs.3330 L.

* GENERAL- Budget Speech 2023-24-Protection work to the left and right banks of Pampa River U/S of Leading Channel from D/S of Veeyapuram bridge to Prayatteri Padasekharam

(CH 1/799 to CH 1/980) in Veeyapuram panchayath in Kuttanad LAC-Reach I-General Civil Work-1 for an amount of Rs.250L.

* GENERAL-Budget Speech 2023-24-Protection work to the left and right banks of Pampa River U/S of Leading Channel from D/S of Veeyapuram bridge to Prayatteri Padasekharam (CH 1/618 to CH 1/799) in Veeyapuram panchayath in Kuttanad LAC-Reach II-General Civil Work-1 for an amount of Rs.250L

* Removal of mineral sand from Thottappally Spillway Channel and Pozhy Mouth - Phase V by KMML

* Expression of interest for the desiltation of sand from upstream and downstream of the thottappally channel and desilting from veeyapuram to kurichikal in river Pampa and leading channel - Reach 1, 2, 3 & 4th reach (Kurichikal to Thottappally)

* Desilting & Side Stabilization Work Deepening, formation of bund and stabilization by using Geotextile and granite stone in Pamba river from Melpadom to D/S of Veeyapuram bridge in Veeyapuram panchayath in Kuttanad LAC.-Rs 16 Crores

* Desilting & Side Stabilization Work - Deepening of bund and stabilization by using Geotextile in Achankovil river from Thuruthel bridge to Mundattinkara thodu of Veeyapuram panchayath in Kuttanad LAC. - Rs 6 Crores

* Desilting & Side Stabilization Work - Deepening, formation of bund in Achankovil river using Geotextile from kuthukuzhy to Mundattinkara thodu at Chettikulangara panchayath and Pallippad panchayath of Kayamkulam and Harippad LAC. - Rs 9 Crores

* Desilting and Side Stabilisation Work- Deepening, formation of bund and stabilization by using Geotextile in Mangotta - Pamba river from Forest depot to Pachapally in Veeyapuram panchayath and Edathua panchayth in Kuttanad LAC. Rs 5 crores.

* GENERAL-Budget 2024-25-Protection work to the right banks of Pampa River from U/S of Veeyapuram bridge to Melpadom in Veeyapuram panchayath of Kuttanad LAC General Civil Work for an amount of Rs 1.50 Crore

* GENERAL Budget Speech 2024-25-Protection work to the left bank of Pampa River from U/S of Veeyapuram bridge to Melpadom in Veeyapuram panchayath of Kuttanad LAC-General Civil Work - Rs 1.00 Crore

മേൽ പരാമർശിച്ചിരിക്കുന്ന പ്രധാന പ്രവൃത്തികൾ കൂടാതെ 2702-01-800-86-NGT എന്ന ശീർഷകത്തിൽ എല്ലാ വർഷവും ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവുപ്രകാരം CPCB (Central Pollution Control Board) പ്രസിദ്ധീകരിച്ച മലിനീകരിക്കപ്പെട്ട നദികളുടെ പ്രയോറിറ്റി പട്ടിക പ്രകാരം വിവിധ നദികളിലെ നിർദിഷ്ട പ്രദേശത്തെ ഡീസിൽറ്റേഷൻ ഉൾപ്പെടെയുള്ള പരിപാലന-സംരക്ഷണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിവരുന്നുണ്ട്. 2022-23 മുതൽ നാളിതുവരെ പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി

നൽകിയിട്ടുണ്ട്. ഇതുകൂടാതെ മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി നോൺ-പ്ലാൻ ശീർഷകങ്ങളിൽനിന്നും ഓരോ ഡിവിഷനുകൾക്കും (മേജർ, മൈനർ) 25 ലക്ഷം രൂപ വീതം എല്ലാ സാമ്പത്തിക വർഷവും അനുവദിച്ച് നൽകാറുണ്ട്. പ്രസ്തുത ഫണ്ടുപയോഗിച്ച് അടിയന്തര ഡീസിൽറ്റേഷൻ പ്രവൃത്തികൾ കീഴ്കാര്യാലയങ്ങളിൽ നിർവഹിക്കാറുണ്ട്.

മേൽ പ്രവൃത്തികൾ കൂടാതെ 2711-01-103-99-00-00, 2711-01-103-98-00-00, 2702-03-101-98-03-34 എന്ന ശീർഷകങ്ങളിലും എല്ലാ സാമ്പത്തിക വർഷങ്ങളിലും സൂപ്രണ്ടിങ് എഞ്ചിനീയർമാർ സമർപ്പിക്കുന്ന മുൻഗണനാക്രമമനുസരിച്ച് വിവിധ പുഴകളുടെയും തോടുകളുടെയും ശിപാർശ ചെയ്യപ്പെടുന്ന പ്രദേശങ്ങളിൽ ഡിസിൽറ്റേഷൻ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാറുണ്ട്. കൂടാതെ ദേശീയപാത വികസനത്തിനായി തിരഞ്ഞെടുത്ത ജലാശയങ്ങൾ ഡ്രെഡ്ജ് ചെയ്യാനും സംസ്ഥാനത്തെ ദേശീയപാതകളുടെ പ്രത്യേകിച്ച് എൻ.എച്ച്.66-ന്റെ വികസനത്തിനായി ഡ്രെഡ്ജ് ചെയ്ത എക്കലും ചെളിയും ഉപയോഗിക്കാനും അനുവദിക്കുന്ന ഒരു സമഗ്ര നയ ചട്ടക്കൂട് 21-04-2025-ലെ G.O.(MS) No. 28/2025/WRD പ്രകാരം ജലവിഭവ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള 11 പ്രദേശങ്ങളിൽ ചേറ്റുവ & കോട്ടപ്പുറം റിവർ, പമ്പ റിവർ (തോട്ടപ്പള്ളി മുതൽ കരുമാടി വരെയും വലിയഴിക്കൽ മുതൽ പതിയങ്കര വരെയും കായംകുളം കടൽമുഖം) എന്നീ 2 നദികൾ (ആറുകൾ) ഉൾപ്പെടുന്നുണ്ട്. മേൽ ഉത്തരവ് പ്രകാരമുള്ള പ്രവർത്തനങ്ങൾ ഫലപ്രദവും വേഗത്തിലും നടപ്പാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ 14-05-2025-ലെ GO(MS) No.37/2025/WRD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകൾക്കനുസൃതമായി മേല്പറഞ്ഞ

രണ്ട് ആറുകളിലും അമിതമായി അടിഞ്ഞുകൂടിയ എക്കലും ചെളിയും നീക്കംചെയ്യുന്നതിനുള്ള പ്രവൃത്തികൾ എൻ.എച്ച്.എ.ഐ. മുഖാന്തരം നടന്നുവരുന്നുണ്ട്.

(ബി) ആറുകളിലെയും തോടുകളിലെയും മണൽ ഏകദേശം 30 വർഷത്തിലൊരമായിട്ടും നീക്കം ചെയ്യാത്ത സാഹചര്യത്തിൽ കെട്ടിട നിർമ്മാണത്തിനുൾപ്പെടെ ഗുണകരമാകുന്ന ആറ്റുമണൽ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കം ചെയ്യുന്നതിന് എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ മണൽ നീക്കം ചെയ്യുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) സംസ്ഥാനത്തെ നദികളിൽനിന്നും പാരിസ്ഥിതിക അനുമതിയോടുകൂടി (Environmental Clearance) മണൽ ഖനനം നടത്തുന്നതിനുവേണ്ട നിയമാനുസൃത നടപടികൾ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ സ്വീകരിച്ചുവരുന്നു. പാരിസ്ഥിതികാനുമതി ലഭിക്കുന്നതിന് ആവശ്യമായ ഡിസ്ട്രിക്ട് സർവേ റിപ്പോർട്ട് (DSR) ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ 14-10-2020-ലെ OA No.40/2020 ഉത്തരവിന്റെ പശ്ചാത്തലത്തിൽ സാൻഡ് ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ മണൽ ലഭ്യത കണ്ടെത്തിയിരുന്ന 17 നദികൾ ഉൾപ്പെട്ട 11 ജില്ലകൾക്കുവേണ്ടി (കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) തയ്യാറാക്കുന്ന പ്രവർത്തനം കേന്ദ്ര സർക്കാർ സ്ഥാപനമായ CSIR-NIIST (National Institute of Interdisciplinary Sciences and Technology) മുഖേന 14-02-2022-ലെ സ.ഉ.(സാധാ) നം.694/2022/ആർ.ഡി. പ്രകാരം നടത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം കൊല്ലം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്,

കണ്ണൂർ, കാസർഗോഡ്, പത്തനംതിട്ട, എറണാകുളം എന്നീ 8 ജില്ലകളിൽ മണൽ ഖനന സാധ്യതയുള്ള സൈറ്റുകളുള്ളതായി കണ്ടെത്തിയിട്ടുണ്ട്. അതിൽ കൊല്ലം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ 6 ജില്ലകളുടെ ഡി.എസ്.ആർ.-ന് സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അതോറിറ്റിയുടെ (SEIAA) അംഗീകാരം ലഭിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ മണൽ ലഭ്യതയുള്ള രണ്ട് കടവുകളും കുളത്തുപ്പുഴ റിസർവ് വന മേഖലയിലും കുളത്തുപ്പുഴ ESA വില്ലേജ് പരിധിയിലും ഉൾപ്പെട്ടിട്ടുള്ളതിനാൽ പുഴ മണൽ ഖനനം ഉൾപ്പെടെയുള്ള ഖനന പ്രവർത്തനങ്ങൾ പാടില്ലെന്ന് SEIAA നിർദേശിച്ചിട്ടുണ്ട്.

പത്തനംതിട്ട ജില്ലയുടെ കരട് ഡി.എസ്.ആർ. SEIAA-യുടെ പരിഗണനയിലാണ്. എറണാകുളം ജില്ലയുടെ കരട് ഡി.എസ്.ആർ-ന്റെ സബ്-ഡിവിഷണൽ കമ്മിറ്റിയുടെ സ്ഥല പരിശോധന പുരോഗമിക്കുന്നു. കോഴിക്കോട്, ഇടുക്കി, കോട്ടയം എന്നീ 3 ജില്ലകളിൽ കരട് ഡി.എസ്.ആർ. പ്രകാരം മണൽ ഖനന സാധ്യതയുള്ള സൈറ്റുകൾ നിലവിലില്ല. പ്രസ്തുത ജില്ലകളിൽ മണൽ ലഭ്യത സംബന്ധിച്ചുള്ള പരിശോധന ആറുമാസത്തിനുശേഷം വീണ്ടും നടത്തുന്നതിന് 22-10-2024-ൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതി യോഗം തീരുമാനിച്ചിട്ടുണ്ട്.

മലപ്പുറം, പാലക്കാട്, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ്, എറണാകുളം, പത്തനംതിട്ട എന്നീ 7 ജില്ലകളുടെ ഡിസ്ട്രിക്റ്റ് സർവേ റിപ്പോർട്ടുപ്രകാരം മണൽ ഖനന സാധ്യതയുള്ള 14 നദികളിലെ 189 (5 ഹെക്ടറിൽ കുറവ് വിസ്തൃതിയുള്ള സൈറ്റുകൾ-149 & 5 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള സൈറ്റുകൾ–40), സാൻഡ് മൈനിങ് സൈറ്റുകളിലായി 17025861.48 മെട്രിക്

ടൺ മൈനബിൾസ് സാൻഡ് ലഭ്യതയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. പട്ടിക അനുബന്ധമായി ചേർക്കുന്നു.+ പ്രസ്തുത സാൻഡ് മൈനിങ് സൈറ്റുകളുടെ ഗൈഡുലൈനുകൾ പ്രകാരമുള്ള അതിർത്തി നിർണ്ണയവും അവയുടെ സമ്മർ വാട്ടർ ലെവലിനെ മീൻ സീ ലെവലുമായി (MSL) ലിങ്ക് ചെയ്യുന്ന പ്രവർത്തനവും നിലവിൽ പുരോഗമിക്കുകയാണ്. പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനായി 5 ഹെക്ടറിൽ കുറവ് വിസ്തൃതിയുള്ള സൈറ്റുകളുടെ മൈനിങ് പ്ലാനും 5 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള സൈറ്റുകളുടെ മൈനിങ് പ്ലാനും എൻവയോൺമെന്റൽ ഇംപാക്ട് അസസ്സ്മെന്റും അനുബന്ധ രേഖകളും തയ്യാറാക്കി സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട്മെന്റ് അതോറിറ്റിയിൽ (SEIAA) സമർപ്പിക്കേണ്ടതായിട്ടുണ്ട്. പാരിസ്ഥിതികാനുമതി ലഭിക്കുന്നതോടെ കെട്ടിടനിർമ്മാണത്തിന് ഉൾപ്പെടെ ഗുണകരമാകുന്ന നിലയിൽ നദികളിൽനിന്നും മണൽ നീക്കം ചെയ്യാൻ സാധിക്കുന്നതാണ്.

ബഫർസോൺ

205 (3063) <u>ശ്രീ. സണ്ണി ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാമുകൾക്കുചുറ്റും ഏർപ്പെടുത്തിയ ബഫർസോൺ പിൻവലിച്ചിട്ടും വീട് ഉൾപ്പെടെയുള്ളവയുടെ നിർമ്മാണത്തിന് അനുമതി ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ഡാമുകളുടെ സമീപം പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.ഒ.സി. നൽകുന്നതുമായി ബന്ധപ്പെട്ട മാർഗനിർദേശങ്ങൾ വ്യക്തമാക്കിക്കൊണ്ട് 26-12-2024-ന് ജി.ഒ.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എം.എസ്.) നമ്പർ 67/2024/ജ.വി.വ. പുറത്തിറക്കിയിരുന്നു. വിവിധ തലങ്ങളിൽനിന്ന് പരാതികളും നിർദേശങ്ങളും ലഭിച്ചതിനെത്തുടർന്ന് മേൽഉത്തരവ് 03-04-2025-ലെ ജി.ഒ. (എം.എസ്.) നമ്പർ 26/2025/ജ.വി.വ. പ്രകാരം പിൻവലിച്ചു. ഡാമുകൾക്ക് സമീപം പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.ഒ.സി. നൽകുന്നതിനുള്ള കരട് മാർഗനിർദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു. ആയതുമായി ബന്ധപ്പെട്ട് 24-06-2025, 14-08-2025 തീയതികളിൽ സർവകക്ഷിയോഗം നടക്കുകയുമുണ്ടായി. പ്രസ്തുത യോഗങ്ങളിലെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ കരട് മാർഗനിർദേശങ്ങൾ പുതുക്കുകയുണ്ടായി. ആയത് അന്തിമഘട്ടത്തിലാണ്.

(ബി) കണ്ണൂർ ജില്ലയിലെ പഴശ്ശി ജലസംഭരണിയുടെ റിസർവോയർ ഏരിയക്ക് സമീപം കെട്ടിടനിർമ്മാണത്തിന് അപേക്ഷ നൽകിയെങ്കിലും പഴശ്ശി ഇറിഗേഷനിൽനിന്നും ഒരു വർഷത്തിലേറെയായി എൻ.ഒ.സി. ലഭിക്കാത്തതിനെത്തുടർന്ന് പഞ്ചായത്ത് പെർമിറ്റ് നൽകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; നിലവിൽ ഇത്തരത്തിലുള്ള എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; അപേക്ഷകർക്ക് എത്രയുംവേഗത്തിൽ എൻ.ഒ.സി. നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉണ്ട്. കണ്ണൂർ ജില്ലയിലെ പഴശ്ശി ജലസംഭരണിയുടെ റിസർവോയറിന് സമീപം കെട്ടിടനിർമ്മാണത്തിന് അപേക്ഷ ലഭിച്ചിട്ടും എൻ.ഒ.സി. നൽകാൻ സാധിക്കാത്ത 5 അപേക്ഷകളുണ്ട്. ഡാമുകൾക്ക് സമീപം പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.ഒ.സി.

നൽകുന്നതിനുള്ള കരട് മാർഗനിർദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു. മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നമുറയ്ക്ക് എൻ.ഒ.സി. നൽകുന്നതിനുള്ള നടപടികൾ പരിശോധിക്കുന്നതാണ്.

ഇടമലയാർ ഇറിഗേഷൻ കനാൽ

206 (3064) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിലെ ഇടമലയാർ പ്രോജക്ട് ഡിവിഷൻ 2-ന്റെ പരിധിയിൽ വരുന്ന ഇടമലയാർ ഇറിഗേഷൻ കനാലുകളിൽ ജലവിതരണം സുഗമമായി നടത്തുന്നതിന് 2025-26 വർഷം എത്ര തുകയാണ് അറ്റകുറ്റപ്പണിക്കായി നീക്കിവച്ചിട്ടുള്ളതെന്ന് പ്രവൃത്തി തിരിച്ച് കണക്ക് വ്യക്തമാക്കാമോ?

അങ്കമാലി മണ്ഡലത്തിലെ കനാലുകളുടെ ജലവിതരണം സുഗമമായി നടത്തുന്നതിന് 2025-26 വർഷം വാർഷിക അറ്റകുറ്റപ്പണികൾ അടക്കമുള്ള പ്രവൃത്തികളും അങ്കമാലി നിയോജകമണ്ഡലത്തിന് പുറമെ ചാലക്കുടി മണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രവൃത്തികളും അനുബന്ധമായി ചേർത്തിരിക്കുന്നു.[+]

(ബി) അങ്കമാലി മണ്ഡലത്തിൽ കനാലുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കും പുനരുദ്ധാരണത്തിനും 2025-26 വർഷം തുക അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനം പരിഗണിച്ച് മതിയായ തുക അനുവദിക്കുന്നതിനുള്ള നിർദേശം ചീഫ് എഞ്ചിനീയർക്ക് നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2025-26 സാമ്പത്തിക വർഷത്തിൽ കനാലുകളുടെ അറ്റകുറ്റപ്പണികൾക്കായി 4700-20-800-92 canals എന്ന ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ടി വിവരം സബ്ജക്ട് കമ്മിറ്റി III-ന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് പ്രസ്തുത ശീർഷകത്തിൽ 21.4567 കോടി രൂപ അധികമായി വകയിരുത്തുന്നതിന് സബ്ജക്ട് കമ്മിറ്റി III ശിപാർശ ചെയ്തിരുന്നു. (ശിപാർശ 94 പ്രകാരം).

സമിതി ശിപാർശ ചെയ്തതിൻപ്രകാരം പ്രൊപ്പോസൽ ലിസ്റ്റ് സർക്കാർ പരിഗണനയിലാണ്. ഇതിൽ ചാലക്കുടി ഡിവിഷന് കീഴിൽവരുന്ന അങ്കമാലി മണ്ഡലത്തിലെ 42 പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് നിയമസഭാംഗം നൽകിയ കത്ത് പരിശോധിച്ച് അർഹമായ പരിഗണന ഈ വിഷയത്തിൽ നൽകി പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് നിയമസഭാംഗം നൽകിയ കത്ത് സർക്കാർ പരിശോധിച്ചുവരുന്നു.

പരവൂർ കായലിലെ മൺകൂനകൾ നീക്കം ചെയ്യുന്നതിനുള്ള നടപടി

207 (3065) ശ്രീ. ജി. എ.സ് ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പരവൂർ കായലിൽ വലിയ തോതിൽ ഉയർന്ന് കുന്നുകളായി മാറിയിട്ടുള്ള മൺകൂനകൾ നീക്കം ചെയ്യുന്നതിന് ടെൻഡർ നടപടികൾ

സ്വീകരിച്ചിട്ടുണ്ടോയെന്നും കരാറുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ദേശീയ ജലപാത വികസനത്തിനായി തിരഞ്ഞെടുത്ത ജലാശയങ്ങൾ ഡ്രഡ്ജ് ചെയ്യാനും സംസ്ഥാനത്തെ ദേശീയ ജലപാതകളുടെ പ്രത്യേകിച്ച് NH 66-ന്റെ വികസനത്തിനായി ഡ്രഡ്ജ് ചെയ്ത എക്കലും ചെളിയും ഉപയോഗിക്കാൻ അനുവദിക്കുന്ന ഒരു സമഗ്ര നയചട്ടക്കൂട് 21-04-2025-ലെ GO (MS) No. 28/2025/WRD പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പറവൂർ കായൽ ഈ ഉത്തരവിന്റെ പരിധിയിലുൾപ്പെടുത്തിയിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരമുള്ള പ്രവർത്തനങ്ങൾ ഫലപ്രദമായും വേഗത്തിലും നടപ്പാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ 14-05-2025-ലെ G.O.(Ms) No. 37/2025/WRD പ്രകാരം സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവുകൾക്കനുസൃതമായാണ് കരാറുകാരായ SHIVALAYA CONSTRUCTIONS കമ്പനി പരവൂർ കായലിൽ ഡ്രെഡ്ജിങ് പ്രവൃത്തികൾ ഓഗസ്റ്റ് മാസം മുതൽ നടത്തിവരുന്നത്. ഇപ്പോൾ താന്നി പൊഴിക്കര ഭാഗത്താണ് ഡ്രെഡ്ജിങ് നടത്തുന്നത്.

(ബി) പരവൂർ കായലിലെ മൺകൂനകൾ നീക്കം ചെയ്യുന്നതിന് കാലതാമസമുണ്ടാകുന്നത് എന്തുകൊണ്ടാണെന്നും കാലതാമസം ഒഴിവാക്കി മൺകൂനകൾ നീക്കം ചെയ്യുന്നതിന് മേജർ ഇറിഗേഷൻ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

മേൽ ഉത്തരവുകൾപ്രകാരം NHAI-യുടെ പ്രവൃത്തികൾക്കുവേണ്ടി SHIVALAYA CONSTRUCTIONS കമ്പനി പ്രൈവറ്റ് ലിമിറ്റഡ് ഡ്രെഡ്ജിങ് നടത്തിവരുന്ന താന്നി പൊഴിക്കര

ഭാഗത്ത് പ്രവൃത്തി പുരോഗമിക്കുന്നു. തുടർന്ന് പരവൂർ കായലിലെ മൺക്കൂനകൾ നീക്കം ചെയ്യുന്നതാണെന്ന് കരാറുകാർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഡ്രെഡ്ജിങ് നടത്തുന്നതിന്റെ Quantity assess ചെയ്യുന്നതിനുള്ള നടപടികൾ മാത്രമാണ് മേജർ ഇറിഗേഷനിൽ നിക്ഷിപ്തമായിട്ടുള്ളത്.

കടവത്ത് വയൽ തോടിന് കുറുകെയുള്ള തടയണ നിർമ്മാണം

208 (3066) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാപ്പിനിശ്ശേരി പഞ്ചായത്തിലെ കടവത്ത് വയൽ തോടിന് കുറുകെയുള്ള തടയണ നിർമ്മാണം എന്ന പ്രവൃത്തിയുടെ നിലവിലെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

(എ&ബി) കല്ല്യാശ്ശേരി നിയോജകമണ്ഡലം പരിധിയിൽ പാപ്പിനിശ്ശേരി പഞ്ചായത്തിൽ കടവത്ത് വയൽ തോടിന് കുറുകെ ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മാണത്തിനായി കരാറുകാരന് സൈറ്റ് കൈമാറിയിരുന്നെങ്കിലും നിർദിഷ്ട സ്ഥാനത്ത് തടയണ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം വിട്ടുനൽകാൻ ഭൂവുടമസ്ഥർ വിസമ്മതിച്ചതിനെ തുടർന്ന് പ്രസ്തുത ഭാഗത്തെ തോട്, റവന്യൂ രേഖകൾപ്രകാരം മാർക്ക് ചെയ്ത് നൽകുന്നതിന് താലൂക്ക് സർവെയറോട് ആവശ്യപ്പെട്ടിരുന്നെങ്കിലും സർവെ നടപടികൾ ഇതുവരെ പൂർത്തിയായിട്ടില്ല. ഇക്കാലയളവിൽ നിർദിഷ്ട സ്ഥാനത്ത് തടയണ നിർമ്മിക്കുന്നതിന് പൊതുജന വിയോജിപ്പ് ഉയർന്നതിനാൽ പകരം അനുയോജ്യമായ സ്ഥാനം

കണ്ടെത്തുന്നതിന് എം.എൽ.എ., പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ ഉൾപ്പെടെ സംയുക്ത സ്ഥലപരിശോധന നടത്തിയിരുന്നെങ്കിലും അനുയോജ്യമായ സ്ഥാനം ഇതുവരെ കണ്ടെത്താൻ സാധിച്ചിട്ടില്ല. പ്രവൃത്തി നിർവഹണം നീണ്ടുപോകുന്ന സാഹചര്യത്തിൽ ഇക്കാലയളവിലുണ്ടായ സാധന സാമഗ്രികളുടെ വിലവർധനവും സ്ഥലപരിമിതിയും നിലവിൽ ഗതാഗതയോഗ്യമായ വഴിയുടെ അപര്യാപ്തതയും കണക്കിലെടുത്ത് ഉടമ്പടിപ്രകാരം നിലവിലെ സാഹചര്യത്തിൽ പ്രവൃത്തി നടത്താൻ സാധിക്കില്ലെന്ന് ചൂണ്ടിക്കാട്ടി പ്രവൃത്തിയിൽനിന്നും ഒഴിവാക്കുന്നതിന് കരാറുകാരൻ ഉചിതമാർഗേന കത്ത് സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ തുടർനടപടികൾ സൂപ്രണ്ടിങ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചുവരികയാണ്.

അക്വാഡക്ടിന്റെ ഉയരം കൂട്ടാൻ നടപടി

209 (3067) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നാടുകാണി റോഡിന് കുറുകെ കടന്നുപോകുന്ന അക്വാഡക്ടിന്റെ ഉയരക്കുറവുമൂലം പ്രസ്തുത റോഡിലൂടെ വലിയ വാഹനങ്ങൾ കടന്നുപോകുന്നതിന് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ?

കോതമംഗലം നാടുകാണി റോഡിന് കുറുകെ പോകുന്ന അക്വാഡക്ടിന്റെ ഭാഗത്ത് സാധാരണ ഉയരമുള്ള വാഹനങ്ങൾ കടന്നുപോകുന്നുണ്ട്. സാധാരണ വാഹനത്തേക്കാൾ ഉയരക്കൂടുതലുള്ള ഭാരവാഹനങ്ങൾ കടന്നുപോകുന്നതിനാണ് ഇപ്പോൾ ബുദ്ധിമുട്ടുള്ളത്.

ഇപ്പോഴുള്ള റോഡ് നിരപ്പിൽനിന്ന് കനാലിന്റെ അടിഭാഗം വരെ 3.8 മീറ്റർ ഉയരമുണ്ട്. സാധാരണ ഉയരമുള്ള ബസ്, ലോറി ഇവ കടന്നുപോകുന്നതിന് 3.8 മീറ്റർ ഉയരം മതിയാകും.

(ബി) അക്വാഡക്ടിന്റെ ഉയരം കൂട്ടുകയോ അല്ലെങ്കിൽ അക്വാഡക്ടിന് പകരമായി ഈ പ്രദേശത്ത് കനാൽ നിർമ്മിക്കുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

അക്വാഡക്ടിന്റെ ഉയരം കൂട്ടുക പ്രായോഗികമല്ല. ഇരുവശങ്ങളിലുമുള്ള കനാലിന്റെ ബെഡ് ലെവൽ അനുസരിച്ചാണ് അക്വാഡക്ടിന്റെ ബെഡ് ലെവൽ ഫിക്സ് ചെയ്യുന്നത്. അക്വാഡക്ടിന്റെ ഉയരം കൂട്ടിയാൽ ജലവിതരണത്തെ ആയത് ബാധിക്കുന്നതാണ്. ഓപ്പൺ കനാൽ നിർമ്മിക്കാൻ സാധിക്കാത്ത സ്ഥലങ്ങളിലാണ് അക്വാഡക്ട് നിർമ്മിക്കുന്നത്. കനാൽ നിർമ്മിച്ചാൽ വെള്ളം ഒഴുകുന്നതിനുവേണ്ട ഗ്രാവിറ്റി ഫോഴ്സ് ലഭ്യമല്ലാത്തതിനാൽ കനാൽ നിർമ്മിതി പ്രായോഗികമല്ല.

(സി) അക്വാഡക്ടിന് പകരം സൈഫൺ നിർമ്മിക്കാൻ അന്വേഷണം നടത്തി സാങ്കേതിക സാധ്യത പരിശോധിക്കുന്നതിനായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കോതമംഗലം ബ്രാഞ്ച് കനാൽ ഗ്രാവിറ്റി ഫോഴ്സിലാണ് പ്രവർത്തിക്കുന്നത്. കനാലിന്റെ നീളം 14.50 കി.മീ. ആണ്. കോതമംഗലം ബ്രാഞ്ച് കനാൽ ചെയിനേജ് 9/300 കിലോമീറ്ററിൽ സൈഫൺ അക്വാഡക്ട് നിർമ്മിച്ചാൽ വെള്ളം ഒഴുക്കുന്നതിനുവേണ്ട ഗ്രാവിറ്റി

ഫോഴ്സ് ലഭിക്കുന്നതിനാവശ്യമായ വാട്ടർഹെഡ് ഇല്ലാത്തതിനാൽ സാങ്കേതികമായി സൈഫൺ നിർമ്മിക്കുന്നത് പ്രായോഗികമല്ല.

തീരശോഷണം തടയാൻ നടപടി

210 (3068) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 60 ശതമാനം കടൽത്തീരങ്ങളും ശോഷണത്തിലാണെന്നത് ജലവിഭവ വകുപ്പ് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ജലസേചന വകുപ്പിന് കീഴിലെ കോസ്റ്റൽ എഞ്ചിനീയറിങ് ഫീൽഡ് സ്റ്റഡീസ് വിഭാഗം തീരശോഷണം പരിശോധിക്കാറുണ്ട്. തീരശോഷണം സംഭവിക്കുന്ന വിവിധ പ്രദേശങ്ങളുടെ തീരശോഷണ തോത് വ്യത്യസ്തമാണ്. എങ്കിലും ഏകദേശം 40 ശതമാനം മുതൽ 50 ശതമാനംവരെ കടൽതീരങ്ങൾ കടലാക്രമണ ഭീഷണിയിലാണ്. ഇത്തരം തീരങ്ങളിൽ മൺസൂൺ കാലത്ത് കനത്ത തീരശോഷണം സംഭവിച്ച് വേനൽ മാസങ്ങളിൽ തീരപോഷണവും സംഭവിക്കാറുണ്ട്.

(ബി) വൻതോതിലുള്ള തീരശോഷണത്തിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ?

തീരദേശം നിരീക്ഷിക്കുന്നതിന്റെ അടിസ്ഥാനത്തിൽ കാലവർഷത്തോട് അനുബന്ധിച്ചുണ്ടാകുന്ന അതിതീവ്ര മഴ, ചുഴലിക്കാറ്റ്, ചക്രവാതച്ചുഴികൾ, കള്ളക്കടൽ പ്രതിഭാസം തുടങ്ങിയ പ്രകൃതി ദുരന്തങ്ങളാൽ തീരശോഷണം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആഗോളതാപനംമൂലമുള്ള കടലാക്രമണവും തീരശോഷണത്തിന് കാരണമാകാറുണ്ട്. കൂടാതെ മൺസൂൺ കാലത്ത് ശക്തമായ തിരമാലകൾകൊണ്ട് കടൽത്തീരത്തെ മണൽ ഒഴുകിപ്പോകുന്നതും ചുഴലിക്കാറ്റും കടൽക്ഷോഭവുംമൂലം കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനംമൂലവും കടൽനിരപ്പ് ഉയരുന്നതും വൻതോതിലുള്ള തീരശോഷണത്തിന് ഇടയാക്കുന്നു. ശക്തമായ തിരകൾ, കടലേറ്റം, വെള്ളപ്പൊക്കവും ശക്തമായ മഴയും, കാലാവസ്ഥ മാറ്റത്തെ തുടർന്നുള്ള കടൽനിരപ്പ് വർധനവ്, മനുഷ്യനിർമ്മിത കാരണങ്ങളായ മണൽ ഖനനം, മത്സ്യബന്ധന ഹാർബറുകൾ, തുറമുഖങ്ങൾ, സീവാളുകളും ഗ്രോയിനുകളും തിരമാലകളുടെ ശക്തി മറുവശങ്ങളിലേക്ക് തിരിച്ചുവിടുന്നത് എന്നിവ തീരശോഷണത്തിന് കാരണമാകാറുണ്ട്.

(സി) തീരശോഷണം ആവാസവ്യവസ്ഥയെ എപ്രകാരം ബാധിക്കുമെന്നത് സംബന്ധിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) തീരസംരക്ഷണം ഉറപ്പാക്കാൻ എന്തെല്ലാം ശാസ്ത്രീയ മാർഗങ്ങളാണ് ജലവിഭവ വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(സി&ഡി) തീരശോഷണം തടയുന്നതിനായി തീരപ്രദേശത്ത് ബാത്തിമെട്രിക്, ടോപ്പോഗ്രാഫിക് പഠനങ്ങൾ പൂർത്തിയാക്കി മികച്ചതും ഫലപ്രദവുമായ സംരക്ഷണ

നടപടികൾ ലഭിക്കുന്നതിനായി National Centre for Coastal Research (NCCR)-ന് പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഏറ്റവും പ്രതികൂലമായി ബാധിക്കപ്പെട്ട ചില ബീച്ചുകൾ NCCR ഉദ്യോഗസ്ഥർ സന്ദർശിച്ചിരുന്നു. NCCR തയ്യാറാക്കിയ തീരദേശ മാനേജ്മെന്റ് പ്ലാനിന്റെ (SMP) ഫൈനൽ റിപ്പോർട്ട് അംഗീകാരത്തിനായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

അട്ടപ്പാടി കുന്ദാനദീതട പദ്ധതി

211 (3069) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അട്ടപ്പാടി കുന്ദാനദീതട പദ്ധതിയുടെ മണ്ണ് സംരക്ഷണത്തിനായി കയ്യാല കെട്ടുന്നതിന് ആകെ എത്ര രൂപ ചെലവഴിച്ചു; അട്ടപ്പാടിയിലെ ഓരോ ആദിവാസികളുടെയും ഭൂമിയിൽ എത്ര രൂപ വീതമാണ് ചെലവഴിച്ചത്; ഇക ചെലവഴിച്ചത് സംബന്ധിച്ച രജിസ്റ്ററിന്റെ പകർപ്പ് സഹിതം ലഭ്യമാക്കാമോ?

ജലസേചന വകുപ്പിൽനിന്നും നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

സംരക്ഷണഭിത്തി നിർമ്മാണം

212 (3070) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന ഐആർആർ/1 എ/ഇഎസ് ടി/6558/2024-5-1-1 സമർപ്പിച്ചിരിക്കുന്ന ഇടുക്കി ജില്ലയിലെ മൂന്നാർ പ്രീ-മെട്രിക് ഹോസ്റ്റലിന് സമീപം വാർഡ് 10

സംരക്ഷണഭിത്തി നിർമ്മാണം എന്ന പ്രവൃത്തിയിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കാമോ?

മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്ത് വാർഡ് 10-ലെ പ്രീ-മെട്രിക് ഹോസ്റ്റലിന് സമീപം സംരക്ഷണഭിത്തി നിർമ്മാണം എന്ന പ്രവൃത്തിയുടെ DSoR 2021 പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് അനുമതിക്കായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ചാലക്കുടി പുഴയോരം സംരക്ഷണ പ്രവൃത്തി

213 (3071) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച ചാലക്കുടി പുഴയിലെ വൈന്തല പ്രോജക്ട് കടവ് മുതൽ സമ്പാളൂർ ഞറളക്കടവ് വരെയുള്ള ഭാഗത്തെ പുഴയോര സംരക്ഷണം എന്ന പ്രവൃത്തിയുടെ വിശദാംശങ്ങളും നിലവിലെ പുരോഗതിയും വ്യക്തമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ GENERAL-C-1/2022-Protecting eroded right bank of Chalakudy river between Vynthala project kadavu and Njaralakadavu in Kadukutty Panchayath in Thrissur District - General Civil Work എന്ന പ്രവൃത്തിക്കായി 158.00

ലക്ഷം രൂപ അനുവദിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി 15% പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഈ പ്രദേശത്തെ പറമ്പുകളുടെ വശങ്ങൾ പുഴയിലേയ്ക്ക് ഇടിഞ്ഞ് വീഴുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഈ പ്രവൃത്തിയുടെ മെല്ലെപ്പോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ഗൗരവമായിക്കണ്ട് പരിഹാരം കണ്ടെത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പ്രവൃത്തിയുടെ മെല്ലെപ്പോക്ക് ശ്രദ്ധയിൽപ്പെടുകയും ആയതിനെ സംബന്ധിച്ച് 06-05-2024, 06-08-2024, 12-12-2024, 09-06-2025 എന്നീ തീയതികളിൽ തൃശ്ശൂർ അഡീഷണൽ ഇറിഗേഷൻ ഡിവിഷൻ കാര്യാലയത്തിൽനിന്നും കൂടാതെ 05-07-2025-ൽ തൃശ്ശൂർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ കാര്യാലയത്തിൽനിന്നും കരാറുകാരന് കർശനമായ നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. കരാറുകാരനെ പ്രവൃത്തിയിൽനിന്നും ടെർമിനേറ്റ് ചെയ്യുന്നതിന് ശിപാർശ ചെയ്തുകൊണ്ട് 11-06-2025-ൽ തൃശ്ശൂർ അഡീഷണൽ ഇറിഗേഷൻ ഡിവിഷൻ കാര്യാലയത്തിൽനിന്നും കത്ത് ലഭിക്കുകയും ആയതിനെത്തുടർന്ന് 24-06-2025-ൽ തൃശ്ശൂർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ കാര്യാലയത്തിൽനിന്നും പ്രവൃത്തി നഷ്ടോത്തരവാദിത്വത്തിൽ റദ്ദുചെയ്യുന്നതിന് കരാറുകാരന് ശക്തമായ താക്കീത് നൽകുകയും ചെയ്തിട്ടുള്ളതാണ്. ഇതേ തുടർന്ന് നിലവിൽ പ്രവൃത്തി വീണ്ടും ആരംഭിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പ്രവൃത്തി 31-03-2026-നുള്ളിൽ പൂർത്തീകരിക്കാവുന്നതാണ്.

വെള്ളരിത്തോടിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി

214 (3072) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ 5 കോടി രൂപ വകയിരുത്തി നിർമ്മിക്കുന്ന കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ വെള്ളരിത്തോടിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ബജറ്റിൽ 5 കോടി രൂപ വകയിരുത്തി നിർമ്മിക്കുന്ന കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ വെള്ളരിത്തോടിന്റെ നിർമ്മാണ പ്രവൃത്തി നിലവിൽ 75% പൂർത്തീകരിച്ചിട്ടുണ്ട്. വെള്ളരിത്തോട് വികസന പദ്ധതിയുടെ ഭാഗമായി ഏകദേശം 1045 മീറ്ററോളംവരുന്ന തോടിന്റെ ഇരുകരകളിലും സംരക്ഷണഭിത്തി (Protection Wall), ആർ.സി.സി. ലൈനിങ് നിർമ്മാണം എന്നിവയാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനുപുറമെ ഏകദേശം 175 മീറ്റർ ദൈർഘ്യമുള്ള ഭാഗത്ത് കവർ സ്ലാബ് നിർമ്മാണവും വീടുകളിലേയ്ക്കുള്ള പ്രവേശനത്തിനായി റോഡിൽനിന്ന് കയറാനുള്ള ആക്സസ് സ്ലാബുകൾ (Access Slabs) ഉൾപ്പെടെ ഒരു ചെറിയ പാലവും (Small Bridge) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഏകദേശം 150 മീറ്ററോളം ദൈർഘ്യമുള്ള ഭാഗത്ത് ഇരുകരകളിലും സംരക്ഷണ ഭിത്തി നിർമ്മാണം മാത്രമാണ് ബാക്കിയുള്ളത്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭിത്തി നാട്ടുകാർ പൊളിച്ചുനീക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) ഈ വെള്ളരിത്തോടിന്റെ സംരക്ഷണഭിത്തി സംരക്ഷിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം സെക്ഷൻ 15 പ്രകാരം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

(ബി&സി) പ്രസ്തുത തോടിന്റെ പാർശ്വഭിത്തി ഡ്രെയിനേജ് പൈപ്പ് ഇടുന്നതിന് 15 സെ.മീ. വ്യാസത്തിൽ തുരന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിക്കോട് കോർപ്പറേഷൻ, ഹെൽത്ത് ഇൻസ്പെക്ടർ ഇതുസംബന്ധിച്ച് വെള്ളയിൽ പൊലീസ് സ്റ്റേഷനിൽ പരാതി കൊടുത്തതിന്റെ അടിസ്ഥാനത്തിൽ കോൺക്രീറ്റ് ഭിത്തി തുരന്ന് പൊതുമുതൽ നശിപ്പിച്ചത് പരിശോധിച്ച് മൂല്യം കണക്കാക്കി റിപ്പോർട്ട് ഹാജരാക്കാൻ സബ് ഇൻസ്പെക്ടർ, വെള്ളയിൽ പൊലീസ് സ്റ്റേഷൻ, കോഴിക്കോട് സിറ്റി ആവശ്യപ്പെട്ടതിനെത്തുടർന്ന് ഭിത്തി പൂർവസ്ഥിതിയിലാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത വിഷയത്തിൽ പൊലീസിന്റെ നിയമനടപടികൾക്കനുസൃതമായി തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

തീരസംരക്ഷണം

215 (3073) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എം. വിൻസെന്റ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തീരസംരക്ഷണത്തിനായി ജലവിഭവ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ ഫലപ്രദമാകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകാമോ?

കേരളത്തിന്റെ തീരപ്രദേശത്ത് കാലാവസ്ഥാ വ്യതിയാനത്തിന്റെയും മറ്റ് പ്രകൃതി പ്രതിഭാസങ്ങളുടെയും ഫലമായുണ്ടാകുന്ന രൂക്ഷമായ കടലാക്രമണം, മുൻകാലങ്ങളെ അപേക്ഷിച്ച് വർധിച്ചുവരികയാണ്. അറബിക്കടലിൽ രൂപപ്പെടുന്ന ആവർത്തിച്ചുള്ള ചുഴലിക്കാറ്റാണ് തീരദേശശോഷണത്തിന്റെ ആഘാതം വർധിപ്പിക്കുന്നത്. ഇതിന് പരിഹാരമായി അപകടസാധ്യതയുള്ള തീരപ്രദേശങ്ങളെ സംരക്ഷിക്കാൻ സർക്കാർ വർഷങ്ങളായി നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. 1990 മുതൽ 2018 വരെ കേരളതീരത്തിന്റെ മാറ്റങ്ങളെക്കുറിച്ച് നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (NCCR) നടത്തിയ വിലയിരുത്തൽ പ്രകാരം കേരളതീരത്തിന്റെ ഏകദേശം 43.9% തീരശോഷണം നേരിടുന്നവയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. 40-60 വർഷങ്ങൾക്കുമുമ്പ് നിർമ്മിച്ച കടൽ ഭിത്തികളിൽ പലതും അവയുടെ സ്വാഭാവിക ആയുസ്സ് അവസാനിക്കുന്ന ഘട്ടത്തിലാണ്. ചില സന്ദർഭങ്ങളിൽ തീരദേശപ്രദേശങ്ങൾക്ക് നിലവിൽ ടി കടൽഭിത്തികൾ നൽകുന്ന സംരക്ഷണം വളരെ കുറവാണ്. ആയതിനാൽ ഇപ്പോഴും ഭാവിയിലും സുസ്ഥിരമായതും ചെലവ് കുറഞ്ഞതുമായ തെളിയിക്കപ്പെട്ട ആശയങ്ങളോടുകൂടിയ നൂതനമായ തീരസംരക്ഷണ പരിഹാരങ്ങൾ നടപ്പാക്കാനാണ് ജലവിഭവ വകുപ്പ് ഉദ്ദേശിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള സ്ഥാപനങ്ങളായ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ പൂനെ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ചെന്നൈ, മിനിസ്ട്രി ഓഫ് എർത്ത് സയൻസസിന്

കീഴിലുള്ള ചെന്നൈ ആസ്ഥാനമായ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് തുടങ്ങിയ സ്ഥാപനങ്ങൾ വിശദമായ പഠനം നടത്തി ഓരോ പ്രദേശങ്ങൾക്കും അനുയോജ്യമായ ഡിസൈൻ രൂപീകരിച്ച് പ്രകൃതിദത്ത തീരസംരക്ഷണം സാധ്യമല്ലാത്ത പ്രദേശങ്ങളിൽ നിർദേശിച്ചിട്ടുള്ള ഗ്രോയിനുകളും കടൽഭിത്തികളുംപോലുള്ള ഘടനകളാണ് നിർദേശിച്ചിരിക്കുന്നത്. എന്നിരുന്നാലും കാലാവസ്ഥാ വ്യതിയാനത്തിന്റെയും മറ്റ് പ്രകൃതി പ്രതിഭാസങ്ങളുടെയും ഫലമായുണ്ടാകുന്ന തീരശോഷണം ഫലപ്രദമായി ലഘൂകരിക്കുന്നതിന് സ്ഥിരമായ ബദൽ പരിഹാരങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. ഇതിന്റെ ഗൗരവം ഉൾക്കൊണ്ട് തീരസംരക്ഷണം ലക്ഷ്യമിട്ട് ജലവിഭവ വകുപ്പ് തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) തീരസംരക്ഷണത്തിനായി ടെട്രാപോഡ് സ്ഥാപിക്കുന്നതിനുള്ള ഏതൊക്ക പദ്ധതികളാണ് നിലവിൽ ജലസേചന വകുപ്പ് ഏറ്റെടുത്തിട്ടുള്ളത്; പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

എറണാകുളം ജില്ലയിലെ ചെല്ലാനം പഞ്ചായത്തിന്റെ തീരസംരക്ഷണത്തിനായി ഒന്നാംഘട്ടമായി ചെല്ലാനം ഹാർബർ മുതൽ പത്തേൻതോട് ബീച്ച് വരെ (CP 986 to CP 1016) ടെട്രാപോഡ് ഉപയോഗിച്ച് 7.3 കി.മീ. നീളത്തിൽ കടൽഭിത്തി നിർമ്മാണം KIIDC മുഖേന പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തിയിൽ കിഫ്ബി ഫണ്ടിലൂടെ ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണത്തിനുള്ള DPR കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ - KIIDC (ജലവിഭവ വകുപ്പിന്റെ Special Purpose Vehicle ആണ് KIIDC) അനുമതിക്കായി സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത്

പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. Renovation of the Groynes at Poonthura in Thiruvananthapuram Constituency General Civil Work- Groyne/പുലിമുട്ടുകളുടെ 1750 ലക്ഷം രൂപയുടെ നിർമ്മാണപ്രവൃത്തി നടന്നുവരുന്നു. കല്ലിന്റെ ലഭ്യതക്കുറവും കടലാക്രമണ സമയത്ത് പ്രവൃത്തികൾ മന്ദഗതിയിലാകുന്നതും കാരണം പ്രവൃത്തികൾക്ക് കാലതാമസം നേരിടാറുണ്ട്.

(സി) തീരപ്രദേശത്തിന്റെ സംരക്ഷണവും തീരദേശ ജനതയുടെ സുരക്ഷയും ഉറപ്പാക്കുന്നതിനായി കടൽഭിത്തി നിർമ്മാണം ഉൾപ്പെടെയുള്ള തീരസംരക്ഷണ പ്രവർത്തനങ്ങൾ സമയബന്ധിതമായും ഫലപ്രദമായും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് തീരശോഷണവും കടലാക്രമണവും തടയുകയെന്ന മുഖ്യ ലക്ഷ്യത്തോടെ കടലാക്രമണത്തിനിരയാകുന്ന തീരപ്രദേശങ്ങൾ മുൻഗണനാക്രമത്തിൽ പഠനത്തിന് വിധേയമാക്കി ശാസ്ത്രീയവും സമഗ്രവുമായ ഡിസൈൻ അനുസരിച്ചുള്ള നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള പ്രതിരോധ പ്രവർത്തനങ്ങൾ എ.ഡി.ബി., വേൾഡ് ബാങ്ക് മുതലായ ഏജൻസികളുടെ സഹായത്തോടെ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാരിന്റെ അനുമതിയും ഫണ്ടിന്റെ ലഭ്യതയുമനുസൃതമായി ടി പ്രവൃത്തികൾ സമയബന്ധിതമായും ഫലപ്രദമായും നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. തീരശോഷണം നേരിടുന്ന പ്രദേശങ്ങളിൽ തീരപ്രദേശത്തിന്റെ സംരക്ഷണവും തീരദേശ ജനതയുടെ സുരക്ഷയും ഉറപ്പാക്കുന്നതിനുവേണ്ടി കടൽഭിത്തിയുടെ നിർമ്മാണത്തിനും തകർന്ന കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനുംവേണ്ടിയുള്ള

പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കി അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്തുവരുന്നു. തീരസംരക്ഷണത്തിന് കരിങ്കല്ല് ഉപയോഗിച്ച് കടൽഭിത്തി നിർമ്മാണ/പുനരുദ്ധാരണ പ്രവൃത്തികളും ശാസ്ത്രീയപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുലിമുട്ടുകളുടെ നിർമ്മാണ പ്രവൃത്തികളും നടപ്പാക്കിവരുന്നു. കൂടാതെ ദീർഘകാല പദ്ധതികൾ ആസൂത്രണംചെയ്ത് നടപ്പാക്കുന്നതിന് കാലതാമസം നേരിടുമെന്നതിനാൽ കാലവർഷത്തിന് മുന്നോടിയായി വിവിധ തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനായും തീരദേശജനതയുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമായി ജിയോബാഗുകൾ ഉപയോഗിച്ചുള്ള അടിയന്തര താൽക്കാലിക സംരക്ഷണ പ്രവൃത്തികളും വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കിവരുന്നുണ്ട്.

കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണം

216 (3074) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ 2021 മുതൽ കടൽഭിത്തി നിർമ്മാണത്തിന് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം പദ്ധതികൾക്കാണ് പ്രസ്തുത തുക വിനിയോഗിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

(എ-സി) 2021 മുതൽ കടൽ ഭിത്തി നിർമ്മാണത്തിന് കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ 26 പ്രവൃത്തികളിലായി 13.74 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

മാളിയേക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

217 (3075) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ കാരശ്ശേരി പഞ്ചായത്തിൽ നടപ്പാക്കുന്ന മാളിയേക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

നിലവിൽ പ്രവൃത്തിയുടെ സംരക്ഷണഭിത്തി നിർമ്മാണവും പമ്പ് ഹൗസ് നിർമ്മാണവും cistern നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. Pipe laying പ്രവൃത്തികൾ ഭാഗികമായി നടപ്പാക്കിയിട്ടുണ്ട്. പമ്പുകളും അനുബന്ധ സാമഗ്രികളും പ്രവൃത്തി സ്ഥലത്ത് എത്തിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ കാലതാമസം വന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

പ്രവൃത്തി ആരംഭിച്ചതിനുശേഷം പമ്പ് ഹൗസിന്റെ നിർമ്മാണവും ഈ പ്രവൃത്തിയിൽ ഉൾപ്പെട്ട സംരക്ഷണഭിത്തി നിർമ്മാണവും പെട്ടെന്ന് പൂർത്തീകരിച്ചു. എന്നാൽ പൈപ്പ്ലൈൻ lay ചെയ്യേണ്ട സ്ഥലങ്ങൾ സംബന്ധിച്ച് അതിർത്തി തർക്കമുണ്ടാകുകയും പ്രദേശവാസികളുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എതിർപ്പ് കാരണം പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിടുകയുംചെയ്തു. പലതവണ പ്രശ്നം പരിഹരിക്കാനുള്ള ചർച്ചകൾ നടത്തിയിട്ടും പരിഹാരമാകാതെ പൈപ്പ് ലേയിങ് പ്രവൃത്തി നീണ്ടുപോകുകയാണുണ്ടായത്. ഇത് പരിഹരിക്കുന്നതിനായി ഭൂമി സംബന്ധിച്ച് സർവെ നടത്താനും കാലതാമസം നേരിട്ടു. സർവെ നടത്തിയപ്പോൾ പദ്ധതിയിൽ വിഭാവനം ചെയ്തപോലെ പൈപ്പ്ലൈൻ lay ചെയ്യാൻ സാധിക്കുകയില്ലെന്ന് മനസ്സിലായി. കൂടാതെ പി.ഡബ്ല്യു.ഡി.-യുടെ മേൽനോട്ടത്തിൽ പാലത്തിന്റെ പ്രവൃത്തി നടക്കുന്നതിനാൽ പ്രവൃത്തി സ്ഥലത്തേക്ക് ട്രാൻസ്ഫോർമർ കൊണ്ടുവരാൻ സാധിക്കാത്തതും പ്രവൃത്തിക്ക് തടസ്സമായിരുന്നു. ഈ പദ്ധതി പൂർത്തീകരിക്കുന്നതിനായി നിലവിലെ സൈറ്റ് കണ്ടീഷൻ അനുസരിച്ച് പല അനുബന്ധ പ്രവൃത്തികളും ചെയ്യേണ്ടതായി വരുന്നുണ്ട്. ആയതിന് അധിക തുകയും ആവശ്യമാണ്. ഇത്തരം സാഹചര്യങ്ങളാണ് പ്രവൃത്തിയുടെ കാലതാമസത്തിന് കാരണം.

(സി) ഇനി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളതെന്ന് വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയിൽ പ്രദേശവാസികളുടെ തർക്കത്തെ തുടർന്ന് നിർത്തിവച്ച പൈപ്പ് ലേയിങ് പ്രവൃത്തികളും സർവെ ചെയ്തതിനുശേഷം പുറമ്പോക്ക് ഭൂമിയല്ലാത്ത ഭാഗത്ത് പൈപ്പ് lay ചെയ്യുന്നതിനായി സംരക്ഷണഭിത്തി നിർമ്മിക്കേണ്ട പ്രവൃത്തികളും തോടിന് കുറുകെ pipe lay ചെയ്യാനുള്ള നിർമ്മിതിയും പമ്പ് ഹൗസിലേക്ക് വൈദ്യുതി കണക്ഷനെടുക്കുന്നതും പമ്പ് ഹൗസിന്റെ വൈദ്യുതീകരണവും ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തികളും പമ്പ് ഫിക്സിങ് പ്രവൃത്തികളുമാണ് പൂർത്തീകരിക്കാനുള്ളത്.

(ഡി) പ്രസ്തുത പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തി കമ്മീഷൻ ചെയ്യണമെങ്കിൽ പല പ്രവൃത്തികളും ഇതോടനുബന്ധമായി ചെയ്യേണ്ടതുണ്ട്. ആയതിനാവശ്യമായ അധിക തുക കണക്കാക്കി അംഗീകാരം നൽകുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണ്.

പറളിപ്പാടം വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം

218 (3076) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭയിലെ കാട്ടിപ്പരുത്തിയിൽ പറളിപ്പാടം വി.സി.ബി. (വെന്റഡ് ക്രോസ്സ് ബാർ) - കം - ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി (എം.ഐ ക്ലാസ് I, 4702-00-101-99-01) സംബന്ധിച്ച പ്രൊപ്പോസലിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പ് സാമ്പത്തിക വർഷത്തെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭയിലെ കാട്ടിപ്പരുത്തിയിൽ പറളിപ്പാടം വി.സി.ബി. (വെന്റഡ് ക്രോസ്സ് ബാർ) -കം -ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി 2024-25 സാമ്പത്തിക വർഷത്തെ പ്ലാൻ പ്രവൃത്തികളുടെ പ്രയോരിറ്റി ലിസ്റ്റിൽ എം.ഐ.ക്ലാസ്-1 ഹരിതകേരളം എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി പ്രൊപ്പോസൽ ജലസേചനവും ഭരണവും

ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായിരുന്നെങ്കിലും ഫണ്ടിന്റെ അപര്യാപ്തമൂലം അംഗീകാരം നൽകാൻ സാധിച്ചില്ല. എന്നാൽ പ്രസ്തുത പ്രവൃത്തി വിഭാവനം ചെയ്ത അതേ സ്ഥലത്ത് നഗരസഭയുടെ കീഴിൽ ഒരു ബ്രിഡ്ജ് നിർമ്മിച്ചതിനാൽ ഈ സ്ഥലത്ത് പുതിയൊരു വി.സി.ബി. നിർമ്മിക്കാൻ നിലവിൽ സാധ്യമല്ല.

കോട്ടക്കൽ മണ്ഡലത്തിലെ പമ്പ് സെറ്റുകളുടെ വാർഷിക അറ്റകുറ്റപണികൾ

219 (3077) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 വർഷത്തിൽ കോട്ടക്കൽ മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ വകുപ്പിനുകീഴിൽ പമ്പ്സെറ്റുകളുടെ വാർഷിക അറ്റകുറ്റപണികൾക്കായി ലഭിച്ച പ്രൊപ്പോസലുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന്മേൽ ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും അവയുടെ നിലവിലെ പുരോഗതി എന്തെന്നും വിശദമാക്കുമോ;

(സി) പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്താൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ-സി) 2025-26 വർഷത്തിൽ കോട്ടക്കൽ മണ്ഡലത്തിലെ എൽ.ഐ. സ്കീമുകളായ ഇരിമ്പിളിയം, മങ്കേരി, (GENERAL-AMC-2025-26 Irrimbilium, Mankeri and Madirasseri LIS - Malappuram District - Fully comprehensive Annual Maintenance contract - General - Electrical work- PWD/BLDG/EST/10230/2025-6-1-1) എന്നിവയിലെ പമ്പ്സെറ്റുകളുടെ

വാർഷിക അറ്റകുറ്റപ്പണികൾക്കായി 3.84 ലക്ഷം രൂപയുടെ സാമ്പത്തികാനുമതിയും ഭരണാനുമതിയും നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ ഇറിഗേഷൻ ഇലക്ട്രിക്കൽ വിഭാഗം സ്വീകരിച്ചുവരുന്നു.

വിളപ്പിൽശാല പഞ്ചായത്തിലെ കടുമ്പുപാറയിൽ സ്ഥാപിക്കുന്ന വാട്ടർ ടാങ്കിന്റെ വിശദാംശം

220 (3078) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളപ്പിൽശാല പഞ്ചായത്തിലെ കടുമ്പുപാറയിൽ സ്ഥാപിക്കുന്ന ജൽ ജീവൻ മിഷന്റെ ഭാഗമായുള്ള വാട്ടർ ടാങ്കിന്റെ അനുബന്ധ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ; ഇതിനായി അനുമതി ലഭ്യമായ തുക എത്രയെന്ന് വ്യക്തമാക്കാമോ?

വിളപ്പിൽശാല പഞ്ചായത്തിലെ കടുമ്പുപാറയിൽ സ്ഥാപിക്കുന്ന ജൽ ജീവൻ മിഷന്റെ ഭാഗമായുള്ള ഒരു ലക്ഷം സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായി. 65 കുടിവെള്ള കണക്ഷനുകൾ കൊടുത്തു. ചെറുകോട് കോളനി മുതൽ കടുമ്പുപാറ വരെ 100 എം.എം.-ന്റെ DI പൈപ്പ് ലൈനിടുന്ന പ്രവൃത്തികൾ 80% പൂർത്തിയായി. ഇതിനായി 6 കോടി 74 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാകും; വിശദാംശം ലഭ്യമാക്കാമോ?

ചെറുകോട് കോളനിയിൽ പഞ്ചായത്ത് സ്ഥലം അനുവദിച്ചെങ്കിലും പൊതുജനങ്ങളുടെ എതിർപ്പുകാരണം കേരള വാട്ടർ അതോറിറ്റിക്ക് സ്ഥലം കൈമാറ്റം ചെയ്തിട്ടില്ല. സ്ഥലം കൈമാറ്റം ചെയ്ത് കിട്ടുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാവുന്നതാണ്.

കോട്ടക്കൽ കൃഷിഭവൻ പരിധിയിലെ സമഗ്ര ജലസേചന പദ്ധതി

221 (3079) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ കൃഷിഭവൻ പരിധിയിൽ നെൽകൃഷിയും പച്ചക്കറി കൃഷിയും വിപുലപ്പെടുത്തുന്നതിനായി കൃഷിഭവന്റെ പരിധിയിലുള്ള ജലസ്രോതസുകൾ പുനരുജ്ജീവിപ്പിച്ച് പുതിയ കൈത്തോടുകളും നീർച്ചാലുകളും ചിറകളും നിർമ്മിക്കുകയും നിലവിലുള്ളവ നവീകരിക്കുകയും ചെയ്യുന്നതുൾപ്പെടെയുള്ള ഒരു സമഗ്ര ജലസേചന പദ്ധതി ആവിഷ്കരിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രൊപ്പോസലിന്മേൽ ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) ഓഫീസിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കോട്ടക്കൽ നഗരസഭയിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിച്ച് പുതിയ കൈത്തോടുകളും നീർച്ചാലുകളും ചിറകളും നിർമ്മിക്കാനും നിലവിലുള്ളവയുടെ കേടുപാടുകൾ തീർത്ത് കൃഷി വിപുലപ്പെടുത്തുന്നതിനുമായി ഒരു സമഗ്ര ജലസേചന പദ്ധതി രൂപീകരിക്കുന്നതിനും അത് സമയബന്ധിതമായി നടപ്പാക്കുന്നതിനുമായി ജലസേചന വകുപ്പ്

ഉദ്യോഗസ്ഥരും കൃഷി വകുപ്പ് ഉദ്യോഗസ്ഥരും കർഷകരും 22-03-2025-ന് ഇന്ത്യന്നൂർ പാടശേഖരത്തിൽ യോഗം ചേർന്നിരുന്നു. നിലവിലുള്ള ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കാനും കൈത്തോടുകൾ, നീർച്ചാലുകൾ, ചിറകൾ എന്നിവ നിർമ്മിക്കാനും നിലവിലുള്ളവ കേടുപാടുകൾ തീർത്ത് ഉപയോഗയോഗ്യമാക്കാനും തീരുമാനിച്ചു. ജലസേചന വകുപ്പ്, കൃഷി വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ്, മുനിസിപ്പാലിറ്റി തുടങ്ങിയ വിവിധ വകുപ്പുകളും ജലസംരക്ഷണ മേഖലയിൽ വിദഗ്ധരായ ആളുകളും ചേർന്ന് 2018-ൽ സർവെ നടത്തിയും കർഷകരും നാട്ടുകാരുമായി ചർച്ച ചെയ്തും മുനിസിപ്പാലിറ്റിയിലെ ആറ് നീർത്തടങ്ങളുടെ സമഗ്ര പുരോഗതിക്കായി ഒരു ഹരിത കേരളം മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരുന്നു. മുനിസിപ്പാലിറ്റിയിലെ സാങ്കേതിക സമിതി റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന മൈനർ ഇറിഗേഷൻ സെൻസസ് പൂർത്തിയാക്കുന്നതോടുകൂടി ഈ പ്രദേശത്തെ പൊതുകുളങ്ങൾ, കിണറുകൾ, റോഡുകൾ, മറ്റ് ജലസംരക്ഷണ നിർമ്മിതികൾ എന്നിവയെക്കുറിച്ചുള്ള ഏറ്റവും വിശദമായ വിവരങ്ങൾ ലഭ്യമാകുന്നതാണ്. നിലവിലുള്ള ഹരിത കേരളം മാസ്റ്റർ പ്ലാനിലെ വിവരങ്ങളും ഇറിഗേഷൻ സെൻസസിലെ വിവരങ്ങളും കൃഷി ഓഫീസ് മുഖേന ലെവൽ കൃഷിക്ക് ജലദൗർലഭ്യമുള്ള പ്രദേശങ്ങളുടെയും ആവശ്യമായ ജലത്തിന്റെയും അളവ് സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് സമഗ്ര ജലസേചന പദ്ധതി അടിയന്തരമായി തയ്യാറാക്കാവുന്നതാണ്.

പ്രസ്തുത വിഷയം സംബന്ധിച്ച് സ്ഥലം എം.എൽ.എ. സമർപ്പിച്ച നിവേദനത്തിന്മേലുള്ള നടപടികൾ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു.

ചക്കംകണ്ടം റെഗുലേറ്റർ-കം- ബ്രിഡ്ജ് പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ

222 (3080) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചക്കംകണ്ടം റെഗുലേറ്റർ-കം-ബ്രിഡ്ജ് പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിലെ ചാവക്കാട് മുനിസിപ്പാലിറ്റിയിൽ ചക്കംകണ്ടം sluice cum Bridge പുനർനിർമ്മിക്കുന്നതിനായി DSR 2018 പ്രകാരം 3.06 കോടി രൂപയുടെ Detailed Project Report ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ ഭരണാനുമതിക്കായി ലഭ്യമാക്കിയിരുന്നെങ്കിലും ചക്കംകണ്ടം സ്ലൂയിസ് പുനർനിർമ്മിക്കുന്നതിനായി സിവിൽ, മെക്കാനിക്കൽ പ്രവൃത്തിക്കാവശ്യമായ തുക 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ 4702-00-101-84-01-00-00-PV എന്ന ശീർഷകത്തിൽ വകയിരുത്തുന്നതിന് വകുപ്പ് മേധാവി തലത്തിൽ ധനകാര്യ ബജറ്റ് വിങ്ങിന് ശിപാർശ സമർപ്പിക്കാൻ സർക്കാർ ചീഫ് എഞ്ചിനീയർക്ക് നിർദേശം നൽകിയിരുന്നു. 2025-2026 ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II - മരാമത്ത് പണികളുടെ വിശദവിവരങ്ങൾ - വാല്യം II - ഭരണാനുമതിയില്ലാത്ത പണികൾ 356 സീരിയൽ നമ്പരായി 300 ലക്ഷം രൂപ അടങ്കൽ തുകയും 100 രൂപ ടോക്കൺ പ്രൊവിഷനുമായി പ്രസ്തുത പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനനുസരിച്ച് പുതുക്കിയ DPR തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിലെ പാലം തകർന്നതുമൂലം ഗതാഗതം നിരോധിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്രയുംവേഗം ഭരണാനുമതി ലഭ്യമാക്കി പുനർനിർമ്മാണം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നിലവിലെ പാലത്തിന് ബലക്ഷയമുള്ളതിനാൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഭരണാനുമതി നൽകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജ്

223 (3081) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ചോർച്ച അടയ്ക്കൽ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ചോർച്ച അടയ്ക്കുന്നതിനുള്ള പുനരുദ്ധാരണ പ്രവൃത്തി നിലവിൽ 42% പുരോഗതി കൈവരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തി 2026 ജൂൺ മാസത്തോടെ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രോജക്ടുകൾ

224 (3082) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ ബാപ്പുകൽ ബണ്ട് നിർമ്മാണം, മുട്ടിൽകാപ്പ് റെഗുലേറ്റർ- കം- ബ്രിഡ്ജ് നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രോജക്ടുകളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രോജക്ടുകൾക്ക് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കല്ല്യാശ്ശേരി മണ്ഡലത്തിലെ മുട്ടിൽ കാപ്പ് റഗുലേറ്റർ – കം - ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ രൂപകല്പന ലഭിക്കുന്നതിനുവേണ്ടി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി.-യുടെ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. ഐ.ഡി.ആർ.ബി.-യിൽനിന്നും ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. ചെറുകുന്ന് പഞ്ചായത്തിലെ ബാപ്പുക്കൽ തോടിന് കുറുകെ മുണ്ടപ്രത്ത് ആർ.സി.ബി. നിർമ്മിക്കുന്നതിനായി DSR 2021 പ്രകാരമുള്ള 11.00 കോടി രൂപയുടെ ഡി.പി.ആർ. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കിവരുന്നു.

തവന്നൂർ മണ്ഡലത്തിലെ കൂട്ടായി റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ റിപ്പയർ പ്രവൃത്തികൾ

225 (3083) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവന്നൂർ മണ്ഡലത്തിലെ കൂട്ടായി റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ റിപ്പയർ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

തവന്നൂർ മണ്ഡലത്തിലെ കൂട്ടായി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ മെക്കാനിക്കൽ പ്രവൃത്തികൾ 70% പൂർത്തീകരിച്ചിട്ടുണ്ട്. അനുബന്ധ സിവിൽ പ്രവൃത്തികൾ സൈറ്റിലെ പ്രത്യേക സാഹചര്യങ്ങൾ കാരണം നിലവിലെ എസ്റ്റിമേറ്റ് പ്രകാരം നടപ്പാക്കാൻ സാധിക്കുകയില്ല. കരാറുകാരൻ മരണപ്പെട്ടതിനാൽ പ്രവൃത്തി ഫോർക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സിവിൽ പ്രവൃത്തികൾക്ക് 18.10 കോടി രൂപയുടെ റീകാസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. Foreclosure നടപടി പൂർത്തീകരിച്ച് മെക്കാനിക്കൽ പ്രവൃത്തികൾക്കാവശ്യമായ തുകകൂടി കണക്കാക്കി പുതുക്കിയ ഭരണാനുമതി നൽകേണ്ടതുണ്ട്.

(ബി) പ്രസ്തുത ബ്രിഡ്ജിലൂടെ ഒരേസമയം രണ്ട് വാഹനങ്ങൾക്ക് കടന്നുപോകാൻ കഴിയുന്ന തരത്തിൽ വീതി കൂട്ടുന്ന കാര്യം പരിഗണനയിലുണ്ടോ; അതുംകൂടി പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെടുത്താൻവേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പാലത്തിലൂടെ രണ്ട് വാഹനങ്ങൾക്ക് ഒരേ സമയം കടന്നുപോകുന്നതിന് വീതി 4.05 മീറ്ററിൽനിന്നും 11 മീറ്ററായി വർധിപ്പിക്കേണ്ടതുണ്ട്. ഇപ്പോൾ തയ്യാറാക്കിയ റീകാസ്റ്റ് എസ്റ്റിമേറ്റിൽ നിലവിലുള്ള പാലം അതേ വീതിയിൽ നിലനിർത്തുന്ന രീതിയിലാണുള്ളത്.

(സി) പ്രസ്തുത റിപ്പയർ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

നിലവിലെ കരാർ ഫോർക്ലോസ് ചെയ്ത് അധികമായിവരുന്ന ഫണ്ടിന് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമെ റിപ്പയർ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

പട്ടാമ്പി മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ

226 (3084) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള വാട്ടർ അതോറിറ്റി, ഇറിഗേഷൻ, ഭൂജല വകുപ്പുകൾ എന്നിവ മുഖാന്തരം പട്ടാമ്പി മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തിയുടെയും ആയതിന് അനുവദിച്ച തുകയുടേയും ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള വാട്ടർ അതോറിറ്റി, ഇറിഗേഷൻ, ഭൂജല വകുപ്പുകൾ എന്നിവ മുഖാന്തരം പട്ടാമ്പി മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ

സംബന്ധിച്ച വിശദാംശങ്ങൾ ഉത്തരവുകളുടെ പകർപ്പുകൾ സഹിതം അനുബന്ധമായി ചേർത്തിരിക്കുന്നു. +

കോരപ്പുഴയുടെ ആഴം കൂട്ടുന്ന പ്രവൃത്തിയുടെ പുരോഗതി

227 (3085) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോരപ്പുഴയിൽനിന്ന് ചെളി നീക്കം ചെയ്ത് പുഴയുടെ ആഴംകൂട്ടുന്ന പ്രവൃത്തി കാര്യക്ഷമമായി പുരോഗമിക്കുന്നുണ്ടോ; ഇതിന്റെ ഭാഗമായി ഏകദേശം എത്ര ടൺ ചെളിമണൽ നീക്കം ചെയ്തിട്ടുണ്ട്; വിശദവിവരം നൽകുമോ?

കോരപ്പുഴയിൽനിന്ന് ചെളി നീക്കം ചെയ്ത് പുഴയുടെ ആഴംകൂട്ടുന്ന പ്രവൃത്തി പുരോഗമിക്കുന്നുണ്ട്. മേൽ പ്രവൃത്തിയിലൂടെ ഡ്രെഡ്ജ് ചെയ്യേണ്ട 1,80,000^{m3}ൽ, 25000^{m3} സ്പോയിൽ ഡ്രെഡ്ജ് ചെയ്ത് പുഴയിൽനിന്ന് നീക്കം ചെയ്തിട്ടുണ്ട്.

(ബി) പുഴയുടെ സ്വതസിദ്ധമായ ഒഴുക്ക് വീണ്ടെടുക്കാൻ ഈ പ്രവൃത്തിയിലൂടെ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കോരപ്പുഴയിൽനിന്ന് ചെളി നീക്കം ചെയ്ത് ആഴം കൂട്ടുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതോടുകൂടി പുഴയുടെ സ്വതസിദ്ധമായ ഒഴുക്ക് പൂർണ്ണമായി വീണ്ടെടുക്കാൻ സാധിക്കുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി കരയിലൂടെയുള്ള ഒഴുക്ക് ശക്തിപ്പെട്ടതുമൂലം കരയിടിയുന്നത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇത്തരത്തിൽ കരയിടിഞ്ഞതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി പുഴയുടെ വലതുകര ഇടിയുന്നതായി പരാതി ലഭിച്ചിരുന്നു. ആയത് പരിഹരിക്കുന്നതിനായി 900 മീ. നീളത്തിൽ കോരപ്പുഴയുടെ വലതുകര കെട്ടി സംരക്ഷിക്കുന്നതിനായി Protecting the right bank of Korappuzha at Azhikkal Kannankadavu in Ward No. 13 of Chemanchery Panchayath Koyilandy LAC in Kozhikode Dist. (IRR/IA/EST/5186/2025-5-1-1) എന്ന പ്രവൃത്തിയുടെ 237 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്.

പുതുപ്പള്ളി മണ്ഡലത്തിലെ പ്രവൃത്തികൾ

228 (3086) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പള്ളി മണ്ഡലത്തിൽ 2022-23 മുതൽ 2025-26 വരെയുള്ള കാലയളവുകളിലെ ആസ്തി വികസന ഫണ്ടിൽനിന്നും തുക അനുവദിച്ചശേഷം പ്രവൃത്തി തുടങ്ങുന്നതിനായി ഇറിഗേഷൻ വകുപ്പിന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസലുകൾ ഏതൊക്കെയെന്നും ഇവയോരോന്നും കോട്ടയം മൈനർ ഇറിഗേഷൻ ഓഫീസിൽ ലഭിച്ച തീയതിയും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ;

(ബി) ആസ്തി വികസന ഫണ്ടിൽനിന്നും 40 ലക്ഷം രൂപ വിനിയോഗിച്ച് മീനടം ഗ്രാമപഞ്ചായത്തിലെ പടിഞ്ഞാറെവീട്ടിൽ കടവ് പാലം പുനർനിർമ്മിക്കുന്ന പ്രവൃത്തിക്കായുള്ള പ്രൊപ്പോസൽ വകുപ്പിന് ലഭിച്ച തീയതിയും ആയതിൽ നാളിതുവരെ സ്വീകരിച്ച നടപടികളും അറിയിക്കുമോ?

(എ&ബി) പുതുപ്പള്ളി മണ്ഡലത്തിൽ 2022-23 മുതൽ 2025-26 വരെയുള്ള കാലയളവിൽ ആസ്തി വികസന ഫണ്ടിൽനിന്നും തുക അനുവദിച്ച രണ്ട് പ്രവൃത്തികളാണുള്ളത്.

Sl. No.	പ്രവൃത്തിയുടെ പേര്	പ്രൊപ്പോസൽ വകുപ്പിന് ലഭിച്ച തീയതി	നിലവിലെ സ്ഥിതി
1	MLA-LAC-ADS-Sri. Oommen Chandy MLA- Reconstruction of Padinjare Vettilkadavu bridge in Meeenadom Panchayath	05/12/2024	പ്രൊപ്പോസൽ ന്യൂനതകൾ പരിഹരിച്ച് തുടർ നടപടികൾക്കായി 11-03-2025-ൽ ലഭ്യമായ അപേക്ഷ പ്രകാരം 19-04-2025-ൽ NOC നൽകിയിട്ടുണ്ട്.
2	MLA-LAC-ADS-Sri.Oommen Chandy MLA- Reconstruction of Panoorkadappu bridge in Meenadom Panchayath	25/10/2024	തുടർനടപടികൾക്ക് ആവശ്യമായ അധിക രേഖകൾ, ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കുന്നതിന് പാമ്പാടി ബ്ലോക്ക് പഞ്ചായത്തിനെ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. നാളിതുവരെ ന്യൂനതകൾ പരിഹരിച്ച് ലഭ്യമായിട്ടില്ല.

(സി) ആസ്തി വികസന ഫണ്ടിൽനിന്നും 45 ലക്ഷം രൂപ വിനിയോഗിച്ച് മീനടം ഗ്രാമപഞ്ചായത്തിൽ പാണ്ടൂർക്കടുപ്പ് പാലം പുതുതായി നിർമ്മിക്കുന്ന പ്രവൃത്തിക്കായുള്ള പ്രൊപ്പോസൽ വകുപ്പിന് ലഭിച്ച തീയതിയും ആയതിൽ നാളിതുവരെ സ്വീകരിച്ച നടപടികളും അറിയിക്കുമോ?

പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല.

കുട്ടനാട്ടിലെ ഇറിഗേഷൻ പദ്ധതികൾ

229 (3087) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ടതും ഇറിഗേഷൻ വകുപ്പിന് കീഴിൽ അനുവദിച്ചിട്ടുള്ളതുമായ കുട്ടനാട്ടിലെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

രണ്ടാം കുട്ടനാട് പാക്കേജിൽ ഇറിഗേഷൻ വകുപ്പിന് കീഴിൽ പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുക, പാടശേഖരങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്ന ജലാശയങ്ങളിൽനിന്നുമുള്ള എക്കലും ചെളിയും നീക്കം ചെയ്യുക, കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിവാരണത്തിനായി റൂം ഫോർ റിവർ പദ്ധതി നടപ്പാക്കുക, എ.സി. കനാൽ പൂർത്തീകരിക്കുക എന്നീ ശിപാർകൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇതിനെത്തുടർന്ന് 2019-20 സാമ്പത്തിക വർഷം മുതൽ പ്ലാൻ സ്കീമിലും ബജറ്റ് സ്പീച്ച്, നബാർഡ് – RIDF എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തിയും കുട്ടനാട് പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്നതിനും

എക്കലും ചെളിയും നീക്കംചെയ്യുന്നതിനും ബജറ്റിൽ തുക വകയിരുത്തുന്നുണ്ട്. ഇതുപയോഗിച്ച് 318 പ്രവൃത്തികൾ ക്രമീകരിച്ചതിൽ 192 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗതിയിലാണ്.

റ്റും ഫോർ റിവർ പദ്ധതിയുമായി ബന്ധപ്പെട്ട് RKI-യിൽ ഉൾപ്പെടുത്തി 4.5 കോടി രൂപ DPR തയ്യാറാക്കുന്നതിനായി അനുവദിച്ചതിൽ ടി ഫണ്ടിൽനിന്നും 1.38 കോടി രൂപ വിനിയോഗിച്ച് ഐ.ഐ.റ്റി. ചെന്നൈയെ ഹൈഡ്രോ ഡൈനാമിക് പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തുകയും അന്തിമ റിപ്പോർട്ട് ഐ.ഐ.റ്റി. ചെന്നൈ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് പ്രകാരം കോരംകുഴി തോടിന് സമാന്തരമായി ഒരു പുതിയ ചാനലും പമ്പാനദിയിൽ വീയപുരത്തിനും തോട്ടപ്പള്ളിക്കും മധ്യേ ഒരു പുതിയ ചാനൽ നിർമ്മാണവും കോരംകുഴി തോടിന്റെയും തോട്ടപ്പള്ളി സ്പിൽവേയിലേക്കുള്ള ലീഡിങ് ചാനലിന്റെ വീതി കൂട്ടലും ഫ്ലഡ് റെഗുലേറ്ററുകളുടെ നിർമ്മാണവും ശിപാർശ ചെയ്തിരുന്നു. മേൽ നിർദേശങ്ങളിൽ സാമ്പത്തികമായും സാങ്കേതികമായും അനുയോജ്യമായവ നടപ്പാക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. കേരള എഞ്ചിനീയറിങ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) പീച്ചിയെ വിശദമായ സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചുമതലപ്പെടുത്തി. ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയാൽ മാത്രമെ ടി പദ്ധതിയുടെ DPR തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. എ.സി. കനാലിന്റെ നിർമ്മാണം രണ്ടാംഘട്ടമായ നെടുമുടി വരെ പൂർത്തീകരിച്ച് ആയതിന്റെ വിജയം സംബന്ധിച്ച പരിണിതഫലം ഉൾക്കൊണ്ട് മൂന്നാംഘട്ടം വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയതിനായി രണ്ടാംഘട്ട മേഖലയിൽ റവന്യൂ വകുപ്പ് സർവെ നടത്തി അതിർത്തി പുനർനിർണ്ണയം ചെയ്യുന്നതിനുള്ള

നടപടിയും സ്വീകരിച്ചുവരുന്നു. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയും DPR തയ്യാറാക്കലും അതിനുശേഷം നടത്താവുന്നതാണ്.

(ബി) ഈ പദ്ധതികളുടെ പൂർണ്ണ വിവരം ലഭ്യമാക്കാമോ?

രണ്ടാം കുട്ടനാട് പാക്കേജിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

കാഞ്ഞിരമുഴി ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി

230 (3088) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ മുക്കം നഗരസഭയിൽ നടപ്പാക്കുന്ന കാഞ്ഞിരമുഴി ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിക്ക് നാളിതുവരെയായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അതിൽ എത്ര ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) ഈ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണുള്ളതെന്നും പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

(എ&ബി) കോഴിക്കോട് ജില്ലയിൽ തിരുവമ്പാടി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മുക്കം മുനിസിപ്പാലിറ്റിയിലെ കാഞ്ഞിരമുഴിയിൽ 103 ഹെക്ടർ കാർഷിക ഭൂമിയിൽ മൈക്രോ ഇറിഗേഷൻ വഴി ജലസേചനം നടത്തുന്നതോടൊപ്പം വളപ്രയോഗവും നടത്താനുതകുന്ന സാങ്കേതിക രീതി ആവിഷ്കരിച്ചിട്ടുള്ള പദ്ധതി ആയിരുന്നു Micro Irrigation at Kanjiramuzhi in

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

Mukkom Municipality. ഇതിൽ 10 ഹെക്ടർ കൃഷി ഭൂമിയിൽ മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പാക്കുന്ന ആദ്യഘട്ടത്തിന് സിവിൽ, മെക്കാനിക്കൽ പ്രവൃത്തികൾ ഉൾപ്പെടുത്തി 70 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിരുന്നു. മൈക്രോ ഇറിഗേഷൻ സിസ്റ്റത്തിന്റെ ഡിസൈൻ ലഭ്യമായതിനുശേഷമേ മെക്കാനിക്കൽ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിക്കുവെന്നതിനാൽ മെക്കാനിക്കൽ പ്രവൃത്തികൾ ഒഴിവാക്കി അടിസ്ഥാന സൗകര്യങ്ങളായ പമ്പ് ഹൗസ്, ഫെർട്ടിഗേഷൻ റൂം എന്നിവയുടെ നിർമ്മാണം ഉൾപ്പെടുത്തി കരാർ ഉടമ്പടി വയ്ക്കുകയും ആയത് കരാറുകാരൻ 3005299/- രൂപയ്ക്ക് 31-12-2022-ൽ പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ ആദ്യഘട്ടത്തിൽത്തന്നെ 35.40 ലക്ഷം രൂപയുടെ മൈക്രോ ഇറിഗേഷൻ സിസ്റ്റം പ്രവൃത്തിക്കായി, MIDKKD/2021/185/IA, dated 16-01-2021 പ്രകാരം ഭരണാനുമതിയും MIDKKD/2020-21/2021/185/IA dated 09-02-2021 പ്രകാരം സാങ്കേതികാനുമതിയും നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തി 3 തവണ ടെൻഡർ ചെയ്തിട്ടും ആരും ക്വാട്ട് ചെയ്തില്ല. തുടർന്ന് മൈക്രോ ഇറിഗേഷൻ സിസ്റ്റം ഡിസൈൻ ചെയ്യുന്നതിന് 6.70 ലക്ഷം രൂപയുടെ സർവെ പ്രവൃത്തി (MIDKKD/2021/6283/IA dated 24-02-2022-ഭരണാനുമതി, MIDKKD/2021-22/2021/6283/IA dated 07-03-2022-സാങ്കേതികാനുമതി) 103 ഹെക്ടറിൽ നടത്തുകയുണ്ടായി. കരാറുകാരൻ 13-04-2022-ന് സർവെ പ്രവൃത്തി ഏറ്റെടുത്ത് 4,48,554/- രൂപയ്ക്ക് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയുണ്ടായി.

കോഴിക്കോട് ജില്ലയിലെ മുക്കം മുനിസിപ്പാലിറ്റിയിലെ കാഞ്ഞിരമുഴി മൈക്രോ ഇറിഗേഷൻ പദ്ധതിയുടെ രണ്ടാംഘട്ട പ്രവൃത്തി നടപ്പാക്കുന്നതിന് (ഭരണാനുമതി 5.08 കോടി

രൂപ) 01-02-2023-ലെ സ.ഉ. (സാധാ) നമ്പർ. 132/2023/WRD പ്രകാരം കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (കെ.ഐ.ഐ.ഡി.സി) ചുമതലപ്പെടുത്തിയിരുന്നു. ഏകദേശം 108 കർഷകരാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ. പദ്ധതി പ്രവൃത്തിയുടെ ബിൽ തുക, സെന്റേജ് ചാർജ്, ജി.എസ്.ടി. ഉൾപ്പെടെ 97.54 ലക്ഷം രൂപയുടെ തുക അനുവദിച്ച് നൽകുന്നതിനായി കെ.ഐ.ഐ.ഡി.സി.-യിൽനിന്നും പ്രൊപ്പോസൽ ബന്ധപ്പെട്ട ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. നിലവിൽ പദ്ധതി പ്രവൃത്തികൾ 44% പൂർത്തീകരിച്ചിട്ടുണ്ട്. 2026 ജനുവരി മാസത്തോടെ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കല്പാറ ലിഫ്റ്റ് ഇറിഗേഷൻ സ്കീം

231 (3089) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ കല്പാറ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ മെക്കാനിക്കൽ പ്രവൃത്തികൾ കഴിഞ്ഞ ഒന്നര വർഷമായി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കുവേണ്ടി 60 HP-യുടെ Centrifugal Pump, Fully automatic star delta starter എന്നിവ 08-05-2025-ന് സൈറ്റിൽ വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ പൈപ്പ്ലൈൻ പ്രവൃത്തികൾക്കുള്ള ദർഘാസ് കണ്ണൂർ പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ സബ് ഡിവിഷൻ കാര്യാലയത്തിൽനിന്നും നാലുതവണ ക്ഷണിച്ചെങ്കിലും ഒരു

കരാറുകാരൻപോലും പങ്കെടുക്കുകയുണ്ടായില്ല. അഞ്ചാം തവണ ദർഘാസ് ക്ഷണിച്ചപ്പോൾ ഒരു കരാറുകാരൻമാത്രം ബിഡ് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത single bid അംഗീകരിക്കുന്നതിനുള്ള നടപടികൾ കോഴിക്കോട് പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു. പ്രസ്തുത ബിഡ് അംഗീകരിച്ചാൽ പ്രവൃത്തി പൂർത്തീകരണ കാലാവധിക്കുള്ളിൽത്തന്നെ പൂർത്തീകരണം നടത്താവുന്നതാണ്.

(ബി) നിലവിൽ സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികളുടെ പ്രൊക്വയർമെന്റ് ആൻഡ് ഇൻസ്റ്റലേഷൻ ഒറ്റ ടെൻഡറായി നടപ്പാക്കുമ്പോൾ മെക്കാനിക്കൽ ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തികളുടെ പ്രൊക്വയർമെന്റ് ആൻഡ് ഇൻസ്റ്റലേഷൻ വേർതിരിച്ച് നടപ്പാക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

പ്രൈസ് സോഫ്റ്റ്വെയറിൽ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് composite tender സംവിധാനം നടപ്പാക്കിയിട്ടില്ലാത്തതിനാൽ സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ എന്നീ വിഭാഗങ്ങളുടെ ടെൻഡർ ഒരുമിച്ച് നടപ്പാക്കാൻ സാധിക്കില്ല. വിവിധ വിഭാഗങ്ങൾ അതത് വിഭാഗങ്ങളുടെ ടെൻഡറുകൾ നടപ്പാക്കുമ്പോൾ വ്യത്യസ്ത കരാറുകാർ ടെൻഡർ എടുക്കുന്നതിനാൽ ഏതെങ്കിലും ഒരു വിഭാഗത്തിന് വീഴ്ച സംഭവിച്ചാലും അത് മൊത്തം പ്രവൃത്തിയെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യമാണുള്ളത്. നിലവിൽ മെക്കാനിക്കൽ വിഭാഗം മെക്കാനിക്കൽ സാധനങ്ങൾ procure ചെയ്ത് ആയത് സിവിൽ വിഭാഗം installation നടത്തിയാണ് പദ്ധതികൾ നടപ്പാക്കുന്നത്. സിവിൽ വിഭാഗത്തിന് installation ചെയ്യുന്നതിന് മറ്റൊരു കരാറുകാരനെ കണ്ടെത്തേണ്ട സാഹചര്യമാണുള്ളത്. കൂടാതെ നിലവിൽ

മെക്കാനിക്കൽ വിഭാഗവും ഇലക്ട്രിക്കൽ വിഭാഗവും പൊതുമരാമത്ത് വകുപ്പിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. തൽഫലമായി പ്രവൃത്തികൾ നീണ്ടുപോകുന്ന സ്ഥിതിയാണുള്ളത്.

(സി) മെക്കാനിക്കൽ പ്രവൃത്തികളുടെ പ്രൊക്വയർമെന്റ് ആൻഡ് ഇൻസ്റ്റലേഷൻ വേർതിരിച്ച് നടപ്പാക്കിയതുമൂലം സംസ്ഥാനത്ത് കാലതാമസം നേരിട്ട പ്രവൃത്തികളുടെ വിവരങ്ങൾ വിശദമാക്കാമോ?

മെക്കാനിക്കൽ പ്രവൃത്തികളുടെ പ്രൊക്വയർമെന്റ് ആൻഡ് ഇൻസ്റ്റലേഷൻ എന്നിവയുടെ ടെൻഡർ നടപടികൾ വേർതിരിച്ച് നടപ്പാക്കിയതിനാൽ പൂർത്തീകരിക്കാൻ കാലതാമസം നേരിട്ട പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. General LIFT IRRIGATION – Reconstruction of Kalpara LI Scheme Pump House in Heroor village of Mangalpady Panchayath– General Civil Work in Kasaragod District.

2. Construction of Kulathada Sarvodaya Lift Irrigation Scheme in Thavinjal Panchayath, Wayanad District.

3. Construction of Pavannur Lift Irrigation Scheme in Kuttyattur Panchayath in Kannur District.

4. GENERAL-MI-PTA-PLAN-2023-24 Rehabilitation of LI schemes Poovakuzha LI scheme in Iraviperoor panchayath of Aranmula constituency - General civil work.

5. Providing irrigation facilities to Kidanganoor Puncha in Aranmula Panchayath in Aranmula constituency.

(ഡി) റെഗുലേറ്റർപോലുള്ള വലിയ പ്രവൃത്തികളിൽ മെക്കാനിക്കൽ പാർട്ട് പ്രൊക്വയർമെന്റ് ആൻഡ് ഇൻസ്റ്റലേഷൻ ഒറ്റ ടെൻഡറായി നടപ്പാക്കുന്നതുപോലെ ലിഫ്റ്റ് ഇറിഗേഷനിലും നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ലിഫ്റ്റ് ഇറിഗേഷൻ മെക്കാനിക്കൽ പ്രവൃത്തികളും റെഗുലേറ്റർ പോലുള്ള hydraulic structures-മായി ബന്ധപ്പെട്ട മെക്കാനിക്കൽ പ്രവൃത്തികളും തമ്മിൽ താരതമ്യം ചെയ്യാൻ കഴിയാത്തവയാണ്. കാരണം റെഗുലേറ്റർ പോലുള്ള hydraulic structures ചെയ്ത് പരിചയസമ്പന്നരായ firms-ൽനിന്നുമാണ് ടെൻഡർ ക്ഷണിക്കപ്പെടുന്നത്. എന്നാൽ ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തികൾ ചെയ്ത് പരിചയമുള്ള സ്ഥാപനങ്ങൾ/കോൺട്രാക്ടർമാർ എന്ന വ്യവസ്ഥയല്ല ഡിപ്പാർട്ട്മെന്റ് സ്വീകരിച്ചിട്ടുള്ളത്. സാധാ സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവൃത്തികൾ ചെയ്യുന്ന അംഗീകൃത ലൈസൻസുള്ള കോൺട്രാക്ടർമാരാണ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ടെൻഡറുകളിൽ പങ്കെടുക്കുന്നത്. ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളിൽ supply & installation ഒറ്റ ടെൻഡറായി നടപ്പാക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്.

അരുവിക്കര മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ

232 (3090) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേജർ, മൈനർ ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അരുവിക്കര മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ അവയുടെ ഭരണാനുമതി തുക, നിലവിലെ സ്ഥിതി എന്നിവ ഉൾപ്പെടെ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേജർ/മൈനർ ഇറിഗേഷൻ പദ്ധതിയിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര മണ്ഡലത്തിൽ കേരള വാട്ടർ അതോറിട്ടി, ഭൂജലവകുപ്പ് എന്നിവ മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങളും ഭരണാനുമതി തുക, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി, ഭൂജലവകുപ്പ് എന്നിവ മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

മൂന്നിയൂർ പഞ്ചായത്തിലെ കുളിക്കടവുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ

233 (3091) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മലപ്പുറം ജില്ലയിലെ കടലുണ്ടിപ്പുഴയുടെ വലതു കരഭാഗത്തുള്ള മൂന്നിയൂർ പഞ്ചായത്തിലെ 5 കുളിക്കടവുകളുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ ഭാഗമായി ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

മലപ്പുറം ജില്ലയിലെ കടലുണ്ടിപ്പുഴയുടെ വലത് കരഭാഗത്തുള്ള മൂന്നിയൂർ പഞ്ചായത്തിലെ 5 കുളിക്കടവുകളുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ ഭാഗമായി ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തിക്കായി ഇറിഗേഷൻ സബ്ഡിവിഷൻ പരപ്പനങ്ങാടി കാര്യാലയത്തിൽനിന്നും 15-03-2025-ന് ടെൻഡർ ക്ഷണിക്കുകയും ആയത് 27-03-2025-ൽ തുറക്കുകയും ചെയ്തിരുന്നു. പ്രസ്തുത ടെൻഡറിൽ ഒരു കരാറുകാരൻ മാത്രമാണ് പങ്കെടുത്തത്. ആയതിനാൽ 03-04-2025-ൽ പ്രവൃത്തി റീടെൻഡർ ചെയ്യുകയും 15-04-2025-ന് തുറക്കുകയും ചെയ്തു. പ്രസ്തുത റീ ടെൻഡറിലും ഒരു കരാറുകാരൻ മാത്രമാണ് പങ്കെടുത്തത്. പ്രസ്തുത കരാറുകാരന്റെ ടെൻഡർ 20-06-2025-ന് സിങ്കിൾ ടെൻഡർ കമ്മിറ്റി യോഗത്തിൽ അംഗീകരിക്കുകയും 26-06-2025-ൽ കരാറുകാരന് സെലക്ഷൻ നോട്ടീസ് (LOA) പ്രൈസ്-3 സോഫ്റ്റ്വെയർ മുഖേന നൽകിയിട്ടുള്ളതുമാണ്. എന്നാൽ കരാറുകാരൻ ആരോഗ്യപരമായ പ്രശ്നങ്ങൾ നേരിടുന്നതിനാൽ ഇതുവരെ കരാറുടമ്പടിയിൽ ഏർപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികളിൽ നിലവിൽ നേരിടുന്ന പ്രതിസന്ധികൾ മറികടന്ന് പദ്ധതി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പ്രസ്തുത കരാറുകാരൻ ആരോഗ്യപരമായ പ്രശ്നങ്ങൾ നേരിടുന്നതിനാലാണ് കരാറുടമ്പടിയിൽ ഏർപ്പെടാൻ സാധിക്കാത്തതെന്നും എത്രയുംപെട്ടെന്ന് കരാറുടമ്പടിയിൽ ഏർപ്പെട്ട് പ്രവൃത്തി സ്ഥലം ഏറ്റെടുത്ത് പ്രവൃത്തി ആരംഭിക്കുന്നതാണെന്നും 03-10-2025-ലെ കത്തുപ്രകാരം അറിയിച്ചിട്ടുണ്ട്.

ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി

234 (3092) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമി കളിക്കളങ്ങൾ ഉൾപ്പെടെയുള്ള പൊതു ആവശ്യങ്ങൾക്ക് വിട്ടുനൽകുന്നത് സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്ക് വേഗം കൂട്ടുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിന്റെ ആവശ്യങ്ങൾക്കായി പൊന്നുംവിലയ്ക്ക് ഏറ്റെടുത്തിട്ടുള്ള ഭൂമി വകുപ്പിന്റെ ആവശ്യം കഴിഞ്ഞതിനുശേഷംമാത്രം അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആ സ്ഥലത്തെ സൂപ്രണ്ടിങ് എഞ്ചിനീയറുടെ വ്യക്തമായ ശിപാർശപ്രകാരം വിശദമായ റിപ്പോർട്ട് ലഭ്യമാക്കുകയും അപേക്ഷയോടൊപ്പം കളിസ്ഥലങ്ങൾ ഉൾപ്പെടെ മറ്റ് നിർമ്മാണ പ്രവർത്തനങ്ങളുണ്ടെങ്കിൽ ആയതിന്റെ എസ്റ്റിമേറ്റും ചെക്ക് ലിസ്റ്റ് പ്രകാരമുള്ള മറ്റ് അനുബന്ധരേഖകളും ലഭ്യമാക്കിയാൽ ആയത് നിരാക്ഷേപ സാക്ഷ്യപത്രത്തിനായി സർക്കാരിൽ സമർപ്പിക്കുകയും സർക്കാരിൽനിന്നും പ്രസ്തുത ആവശ്യത്തിനായി NOC

ലഭ്യമാകുന്ന മുറയ്ക്ക് സൂപ്രണ്ടിങ് എഞ്ചിനീയറുമായി ഡിപ്പാർട്ടുമെന്റിൽ നിലവിലുള്ള ചില പ്രത്യേക വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ഉടമ്പടിയോടുകൂടി മാത്രം NOC നൽകുന്നതാണ്. പ്രസ്തുത ഭൂമി ഇറിഗേഷൻ വകുപ്പിൽത്തന്നെ ഉടമസ്ഥാവകാശം നിലനിർത്തിക്കൊണ്ടാണ് ഇത്തരം പ്രവർത്തനങ്ങൾക്ക് NOC നൽകുന്നത്.

(ബി) കൂത്തുപറമ്പ് മണ്ഡലത്തിൽ പാനൂർ നഗരസഭയിൽ പാനൂർ അംശം എലാങ്കോട് ദേശത്ത് കാപ്പുമ്മലിൽ റീസർവെ നമ്പർ 29/5, 29/10, 29/09-ൽപ്പെട്ട മൂന്ന് ഏക്കർ ഭൂമിയുടെ ഉടമസ്ഥാവകാശം ജലവിഭവ വകുപ്പിൽത്തന്നെ നിലനിർത്തിക്കൊണ്ട് പ്രസ്തുത ഭൂമി സ്റ്റേഡിയമായി ഉപയോഗിക്കാൻ അനുമതി നൽകുമോയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ആവശ്യവുമായി ബന്ധപ്പെട്ട് വകുപ്പിന് നൽകിയ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) കൂത്തുപറമ്പ് മണ്ഡലത്തിൽ പാനൂർ നഗരസഭയിൽ പാനൂർ അംശം, ഏലാംകോട് ദേശത്ത് കാപ്പുമ്മൽ എന്ന സ്ഥലത്തെ ജലസേചന വകുപ്പിന്റെ സ്ഥലം നഗരസഭയ്ക്ക് സ്റ്റേഡിയം നിർമ്മിക്കാൻ അനുവദിക്കണമെന്നത് സംബന്ധിച്ച അപേക്ഷയിൽ പ്രസ്തുത സ്ഥലത്തിന്റെ സർവെ സ്കെച്ച്, എഫ്.എം.ബി.-യുടെ പകർപ്പ് എന്നിവ ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, തലശ്ശേരി തഹസിൽദാർക്ക് കത്ത് നൽകിയെങ്കിലും ആയത് നാളിതുവരെയായിട്ടും ലഭ്യമായിട്ടില്ല. കൂടാതെ പഴശ്ശി പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തി നടപ്പാക്കുമ്പോഴുണ്ടാകുന്ന മണ്ണും മറ്റ് അവശിഷ്ടങ്ങളും ഡംപ് ചെയ്യാനായി പ്രസ്തുത സ്ഥലം ആവശ്യമാണെന്നും പ്രതിവർഷം പതിനായിരം ഹെക്ടർ

ഭൂമി അടുത്ത അഞ്ചുവർഷത്തേക്ക് കൃഷിയോഗ്യമാക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യമൊരുക്കുന്നതിനും പ്രസ്തുത സ്ഥലം ആവശ്യമാണെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിരുന്നു. എന്നാൽ ഭൂമി വിട്ടുനൽകുന്ന വിഷയത്തിൽ അന്തിമ തീരുമാനം സർക്കാർ തലത്തിൽ കൈക്കൊള്ളേണ്ടതിനാൽ ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് പരിശോധിച്ച് സ്റ്റേഡിയം നിർമ്മാണത്തിന് തൽക്കാലത്തേക്ക് ഭൂമി വിട്ടുനൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

കോട്ടക്കൽ മണ്ഡലത്തിലെ മേജർ/മൈനർ ഇറിഗേഷൻ പദ്ധതികൾ

235 (3093) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷം മുതൽ നാളിതുവരെ മേജർ/മൈനർ ഇറിഗേഷൻ പദ്ധതികളിലായി കോട്ടക്കൽ മണ്ഡലത്തിൽ നിന്നുള്ള എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പ്രവൃത്തി ആരംഭിച്ചതും പൂർത്തീകരിച്ചിട്ടില്ലാത്തതുമായവ, നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തവ എന്നിവയുടെ വിശദാംശം തരംതിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) 2024-25 വർഷം മുതൽ നാളിതുവരെ കോട്ടക്കൽ മണ്ഡലത്തിൽനിന്നുള്ള ഭരണാനുമതി ലഭ്യമായിട്ടുള്ള പ്രവൃത്തിയുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടക്കൽ മണ്ഡലത്തിൽ മേജർ/മൈനർ ഇറിഗേഷൻ പദ്ധതികളിലായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന എത്ര പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും അവയുടെ വിശദാംശവും നിലവിലെ സ്ഥിതിയും അവയിൽ ഭരണാനുമതി നൽകിയിട്ടില്ലാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഏത് ഓഫീസിന്റെ പരിഗണനയിലാണെന്നും ഫയൽ നമ്പർ സഹിതം വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോട്ടക്കൽ മണ്ഡലത്തിൽ മേജർ/മൈനർ ഇറിഗേഷൻ വിഭാഗങ്ങളിലായി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു+. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോട്ടക്കൽ മണ്ഡലത്തിൽ മേജർ/മൈനർ ഇറിഗേഷൻ വിഭാഗങ്ങളിലായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതും എന്നാൽ ഭരണാനുമതി നൽകിയിട്ടില്ലാത്തതുമായ പ്രവൃത്തികളുടെ വിശദവിവരം പ്രൈസ് ID ഉൾപ്പെടെ അനുബന്ധമായി ചേർക്കുന്നു+. പ്രൈസ് ID-യിലാണ് കൈകാര്യം ചെയ്യുന്നത്, പ്രത്യേക ഫയൽ നമ്പർ ഇല്ല.

(ഡി) കോട്ടക്കൽ മണ്ഡലത്തിൽനിന്നും തോട് നവീകരണം, പാർശ്വഭിത്തി സംരക്ഷണം എന്നിവയ്ക്കുവേണ്ടി 2023-24 വർഷം മുതൽ നാളിതുവരെ സമർപ്പിച്ച പ്രൊപ്പോസലുകളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കോട്ടക്കൽ മണ്ഡലത്തിൽനിന്നും തോട് നവീകരണം, പാർശ്വഭിത്തി സംരക്ഷണം എന്നിവയ്ക്കവേണ്ടി 2023-24 വർഷം മുതൽ നാളിതുവരെ സമർപ്പിച്ച പ്രൊപ്പോസലുകളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.[+] ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രവൃത്തികൾക്ക് അനുമതി നൽകാനായില്ല. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

കൂട്ടായി ലോക്ക് – കം –ബ്രിഡ്ജ്

236 (3094) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ നിർമ്മാണം നടക്കുന്ന കൂട്ടായി ലോക്ക് - കം - ബ്രിഡ്ജിന്റെ റോഡ് വീതി 4.5 മീറ്റർ മാത്രമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നബാർഡ് ഫണ്ടുപയോഗപ്പെടുത്തി പുരോഗതിയിലിരിക്കുന്ന ടി പ്രവൃത്തി നിലവിൽ സ്ഥിതിചെയ്യുന്ന കൂട്ടായി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ തുടർച്ചയെന്നോണമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ടി RCB-ക്ക് റോഡ് വീതി 4.50 മീറ്റർ ആണ്.

(ബി) രണ്ട് വാഹനങ്ങൾ ഒരുമിച്ച് പോകുന്നതിനാവശ്യമായ വീതി നൽകുന്നതിനായി ഡിസൈൻ ചേഞ്ച് വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ നടപടി ഏതുവരെയായെന്നും എന്നത്തേക്ക് പ്രവൃത്തി പൂർത്തീകരിക്കാനാകുമെന്നും വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നിലവിലുള്ള RCB-യുടെ വീതി 4.50 മീറ്റർ ആയതിനാൽ LCB-യും അതേ വീതിയിൽത്തന്നെ വിഭാവനം ചെയ്യുകയും പ്രവൃത്തി പുരോഗമിച്ചുവരുന്നതുമാണ്. ആയതിന്റെ പൂർത്തീകരണ കാലാവധി 30-09-2026 ആണ്. ആയതിനാൽ ഡിസൈനിൽ മാറ്റം വരുത്തുന്നത് പരിഗണനയിലില്ല.

സുസ്ഥിര ജലലഭ്യതക്കായി ഭൂജലസംപോഷണ പദ്ധതികൾ

237 (3095) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുസ്ഥിര ജലലഭ്യത കൈവരിക്കുന്നതിനായി ഭൂജല സംപോഷണ പദ്ധതികൾ ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 'ഭൂജലസംരക്ഷണവും സംപോഷണവും' എന്ന പ്ലാൻ പദ്ധതി ഭൂജലസംരക്ഷണത്തിനായി ഭൂജല വകുപ്പ് സംസ്ഥാനത്ത് നടപ്പാക്കിവരുന്നു. മേൽക്കൂര വഴിയുള്ള മഴവെള്ള കൊയ്ത്തിലൂടെ ഊറ്റന്ന കിണർ/കുഴൽക്കിണർ, റീചാർജ് പിറ്റ് വഴിയുള്ള ഭൂജലസംപോഷണം, ചെറിയ തടയണകളുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ പുനരുദ്ധാരണം തുടങ്ങിയ പ്രവൃത്തികൾ ഈ പദ്ധതിയിൻകീഴിൽ നടപ്പാക്കിവരുന്നു. കേരളത്തിലെ ഗുരുതര, അർധ ഗുരുതര ബ്ലോക്കുകളിൽ ഭൂജലസംപോഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകിവരുന്നു. സുസ്ഥിര ഭൂജല ലഭ്യത കൈവരിക്കുന്നതിനായി സംസ്ഥാനത്തെ പൊതുസ്ഥാപനങ്ങളിലെ ഭൂജല നിർമ്മിതികളെ

കേന്ദ്രീകരിച്ചാണ് പ്രസ്തുത പദ്ധതി പ്രധാനമായും നടപ്പാക്കുന്നത്. പദ്ധതി പൂർത്തീകരണത്തിലൂടെ സമീപപ്രദേശങ്ങളിലെ ജലവിതാനവും മെച്ചപ്പെടുന്നതാണ്.

കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പാക്കിവരുന്ന 'ജൽ ശക്തി അഭിയാൻ: Catch the rain' പ്രോഗ്രാമിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ തനത് ഫണ്ടും കേന്ദ്ര ഫണ്ടും ഉപയോഗപ്പെടുത്തി വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പാക്കിവരുന്നുണ്ട്.

പ്രവൃത്തികൾ 2024-25

- റീചാർജ്പിറ്റ് വഴിയുള്ള ഭൂജല പരിപോഷണം - 91 എണ്ണം
- തുറന്ന കിണർ റീചാർജ് പദ്ധതി - 25 എണ്ണം
- ചെറിയ തടയണകളുടെ നിർമ്മാണം - 4 എണ്ണം
- ചെറിയ കുളങ്ങളുടെ പുനരുദ്ധാരണം - 2 എണ്ണം

പ്രവൃത്തികൾ 2025-26

- റീചാർജ്പിറ്റ് വഴിയുള്ള ഭൂജല പരിപോഷണം - 41 എണ്ണം
- തുറന്ന കിണർ റീചാർജ് പദ്ധതി - 1 എണ്ണം
- ചെറിയ തടയണകളുടെ നിർമ്മാണം - 5 എണ്ണം
- ചെറിയ കുളങ്ങളുടെ പുനരുദ്ധാരണം - 3 എണ്ണം

2016-17 മുതൽ 2024-25 വരെ 1188 എണ്ണം വിവിധ റീചാർജ് പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

സർക്കാരിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി മഴവെള്ള സംഭരണവും ഭൂജല പരിപോഷണവും എന്ന ശീർഷകത്തിൽ മഴവെള്ള സംഭരണ, ഭൂജല പരിപോഷണ പ്രവൃത്തികൾ തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ ജലനിധി മുഖേന ചെയ്തുവരുന്നുണ്ട്.

സർക്കാരിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി KRWSA നടപ്പാക്കിവരുന്ന "മഴവെള്ള സംഭരണം ഭൂജല പരിപോഷണം" പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുതലത്തിൽ തിരഞ്ഞെടുക്കപ്പെട്ട അർഹരായ ഗുണഭോക്താക്കൾക്ക് 10000 ലിറ്റർ മഴവെള്ളം സംഭരിക്കാൻ ശേഷിയുള്ള മഴവെള്ള സംഭരണികൾ നിർമ്മിച്ച് നൽകിവരുന്നു. പ്രസ്തുത മഴവെള്ള സംഭരണികളിൽ മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളം ശാസ്ത്രീയമായി ശേഖരിച്ച് ഗാർഹിക, ഗാർഹികേതര ആവശ്യങ്ങൾക്ക് അതത് കുടുംബങ്ങൾ ഉപയോഗയോഗ്യമാക്കുന്നുണ്ട്. ഇപ്രകാരം നിർമ്മിച്ചുനൽകിയ മഴവെള്ള സംഭരണികളിൽനിന്നും നിറഞ്ഞുകവിഞ്ഞ് ഒഴുകുന്ന ശുദ്ധീകരിച്ച ജലം അവരുടെതന്നെ പുരയിടത്തിലുള്ള തുറന്ന കിണറിലേക്ക് കടത്തിവിട്ട് റീ-ചാർജ് ചെയ്യുന്ന സംവിധാനം ഒരുക്കിയിട്ടുണ്ട്. തുറന്ന കിണറുകൾ ഇല്ലാത്ത പുരയിടങ്ങളാണെങ്കിൽ അത്തരം സ്ഥലങ്ങളിൽ കിണറിന് സമീപത്ത് റീ-ചാർജ് കുഴികൾ തയ്യാറാക്കി അതിലേക്ക് വെള്ളം കടത്തിവിട്ട് റീ-ചാർജ് നടപ്പാക്കുന്നുണ്ട്. കൂടാതെ ഈ പദ്ധതിയുടെ ഭാഗമായി തുറന്ന കിണറുകളിലേക്ക് നേരിട്ട് മഴവെള്ളം മേൽക്കൂരയിൽനിന്ന് പാത്തി, പൈപ്പ് ഫിൽട്ടർ യൂണിറ്റ് മുതലായവ സ്ഥാപിച്ച് കടത്തിവിട്ട് റീ-ചാർജ്

ചെയ്തുവരുന്നുണ്ട്. സർക്കാരിന്റെ മറ്റൊരു പദ്ധതിയായ "ഗാർഹിക കിണറുകളുടെ സംരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റുന്ന പദ്ധതി"യുടെ ഭാഗമായി തുറന്ന കിണറുകളുടെ അറ്റകുറ്റപ്പണികൾ നടത്തി മേൽക്കൂരയിൽ പെയ്തിറങ്ങുന്ന മഴവെള്ളം ശാസ്ത്രീയമായി ശേഖരിച്ച് കിണറുകളിലേയ്ക്ക് കടത്തിവിട്ട് കിണർ വെള്ളത്തിന്റെ അളവ് ക്രമേണ വർധിപ്പിക്കുന്നതിന് സഹായകമാകുന്നുണ്ട്. മേൽ വിശദമാക്കിയിരിക്കുന്ന പദ്ധതികൾ നടപ്പാക്കുന്നതുമൂലം ഭൂഗർഭ ജലത്തിന്റെ സംപോഷണം ഒരു പരിധിവരെ നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

ഭൂജല ദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ/ഭൂജലനിരപ്പ് താഴ്ന്നപ്രദേശങ്ങളിൽ മഴവെള്ളം പരമാവധി സംഭരിക്കാനും ഭൂജലപോഷണം സാധ്യമാക്കുന്നതിനുമായി വിവിധ പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് മുഖേന നിർവഹിച്ചുവരുന്നു. കുളങ്ങളുടെ സംഭരണശേഷി വർധിപ്പിക്കാനായി ചെളി/എക്കൽ എന്നിവ മാറ്റുക, തോടുകളിൽ ചെറുതടയണകൾ നിർമ്മിക്കുക തുടങ്ങിയ പ്രവൃത്തികളിലൂടെ ഭൂജലപോഷണം സാധ്യമാകുന്നു.

(ബി) സംസ്ഥാനത്തെ കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പുരോഗതി വിലയിരുത്തിയിട്ടുണ്ട്. ഭൂജല വകുപ്പ് നടപ്പാക്കിവരുന്ന ഭൂജലാധിഷ്ഠിത ചെറുകിട കുടിവെള്ള പദ്ധതികൾ മറ്റ് കുടിവെള്ള സ്രോതസ്സുകളില്ലാത്ത പ്രദേശങ്ങളിലാണ്.

ഇത്തരം ചെറുകിട കുടിവെള്ള പദ്ധതികൾ പ്രധാനമായും മലയോര പ്രദേശങ്ങളിലും ടൈബൽ ഉന്നതികളിലുമാണ് വകുപ്പ് നടപ്പാക്കിവരുന്നത്.

ഭൂജല വകുപ്പ് പ്ലാൻ ഫണ്ടിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് പദ്ധതിയിലും ഉൾപ്പെടുത്തി കുഴൽക്കിണർ അധിഷ്ഠിത കുടിവെള്ള പദ്ധതികളും കുടിവെള്ള പദ്ധതികളുടെ നവീകരണവും നടപ്പാക്കുന്നുണ്ട്. 2021 മുതൽ 2025 വരെയുള്ള കാലയളവിൽ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി 165 കുഴൽകിണർ അധിഷ്ഠിത കുടിവെള്ള പദ്ധതികളും 129 കുടിവെള്ള പദ്ധതികളുടെ നവീകരണവും 641 ഹാൻഡ് പമ്പുകളുടെ റിപ്പയർ പ്രവൃത്തികളും 18.15 കോടി രൂപ ചെലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇത്തരം പദ്ധതികൾ നടപ്പാക്കിയതിലൂടെ 13631 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാൻ സാധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് പദ്ധതിയിലുൾപ്പെടുത്തി 961 കുഴൽക്കിണർ അധിഷ്ഠിത കുടിവെള്ള പദ്ധതികളും 125 കുടിവെള്ള പദ്ധതികളുടെ നവീകരണവും 424 ഹാൻഡ് പമ്പുകളുടെ റിപ്പയർ പ്രവൃത്തികളും 62.94 കോടി രൂപ ചെലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇത്തരം പദ്ധതികൾ നടപ്പാക്കിയതിലൂടെ 41026 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാൻ സാധിച്ചു.

കേരള വാട്ടർ അതോറിറ്റിക്ക് കീഴിലുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങളുടെ പുരോഗതി വിവിധ തലത്തിലുള്ള അവലോകന യോഗങ്ങൾവഴി വിലയിരുത്താറുണ്ട്. നിലവിലുള്ള ചെറുകിട കുടിവെള്ള പദ്ധതികളിൽ നവീകരണമാവശ്യമായ പദ്ധതികൾ ജൽ ജീവൻ മിഷൻ ഉൾപ്പെടെയുള്ള വിവിധ

പദ്ധതികളിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കിവരുന്നു. ഈ വർഷം വാട്ടർ അതോറിറ്റി നടപ്പാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

ഇടുക്കി ജില്ലയിലെ കട്ടപ്പന മുനിസിപ്പാലിറ്റിയിൽ വലിയകണ്ടം കുടിവെള്ള പദ്ധതിയുടെ കുഴൽ കിണറിലെ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി (ഭരണാനുമതി തുക 19,00,000/- (പത്തൊൻപത് ലക്ഷം രൂപ മാത്രം) രൂപ) അയൺ റിമൂവൽ പ്ലാന്റ്, പ്രെഷർ ഫിൽട്ടർ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത കുഴൽക്കിണറിൽനിന്നും ജലത്തിന്റെ അളവ് കുറഞ്ഞത് കാരണം പുതിയൊരു കുഴൽക്കിണർ നിർമ്മിക്കുന്നതിനായി ഭൂഗർഭ ജല വകുപ്പ് എസ്റ്റിമേറ്റ് നൽകിയതിൻപ്രകാരം പ്രസ്തുത പ്രവൃത്തി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ പല്ലശ്ശേന പഞ്ചായത്തിലെ മൂന്ന് ചെറുകിട കുടിവെള്ള പദ്ധതികൾക്കും എലവഞ്ചേരി പഞ്ചായത്തിലെ ഒരു ചെറുകിട കുടിവെള്ള പദ്ധതിക്കും അഡീഷണൽ സ്രോതസ്സായി ജലനിധി മുഖേന ബോർവെൽ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ കാവശ്ശേരി പഞ്ചായത്തിലെ മൂന്ന് കുടിവെള്ള പദ്ധതിക്കും പറളി പഞ്ചായത്തിലെ ഒരു കുടിവെള്ള പദ്ധതിക്കും അഡീഷണൽ ബോർവെൽ അനുവദിച്ചിട്ടുണ്ട്. ഇവയുടെ നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കേരളത്തിലെ ജലസ്രോതസ്സുകളെക്കുറിച്ച് പഠനം നടത്തുന്നതിന്റെ ഭാഗമായി വാട്ടർഷെഡ് അടിസ്ഥാനമാക്കിയുള്ള മാസ്റ്റർപ്ലാനുകൾ ജലവിഭവ വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിലെ ജലസ്രോതസ്സുകളെക്കുറിച്ച് പഠനം നടത്തുന്നതിന്റെ ഭാഗമായി വാട്ടർഷെഡ് അടിസ്ഥാനമാക്കിയുള്ള മാസ്റ്റർപ്ലാനുകൾ ജലവിഭവ വകുപ്പ് തയ്യാറാക്കിയിട്ടില്ല. എന്നാൽ ഹരിത കേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി"യുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ "സംയോജിത നീർത്തടപ്ലാനുകൾ" തയ്യാറാക്കുകയും അവയിൽ മുൻഗണനാടിസ്ഥാനത്തിൽ നിർദ്ദേശിച്ചിട്ടുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണം/പുനരുദ്ധാരണം/സംഭരണശേഷി വർധിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് ഏറ്റെടുത്ത് നിർവഹിക്കാറുള്ളതും ആയതിന്റെ ഫലമായി 1013 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നീരുറവ് മാസ്റ്റർപ്ലാനുകൾ തയ്യാറാക്കിയിട്ടുള്ളതുമാണ്. കൂടാതെ കേരളത്തിലെ 15 ബ്ലോക്കുകളുടെയും 94 ഗ്രാമപഞ്ചായത്തുകളുടെയും ജല ബജറ്റിങ് (ഒരു നദീതടത്തിലോ/നീർത്തടത്തിലോ വിവിധ ആവശ്യങ്ങൾക്കായി വേണ്ടിവരുന്ന ജലവും ലഭ്യമായ ജലവും തമ്മിലുള്ള അന്തരം) നവകേരളം കർമ്മ പദ്ധതിയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ജല ബജറ്റിങ് നടത്തിയ ബ്ലോക്കുകളുടെയും പഞ്ചായത്തുകളുടെയും ജലക്കമ്മി മനസ്സിലാക്കി അതനുസരിച്ച് നീരുറവ് മാസ്റ്റർ പ്ലാനിലെ പദ്ധതികൾ, ജലസേചന വകുപ്പിലെ സാങ്കേതിക സമിതി കൺവീനർമാർ സാങ്കേതിക പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ വരൾച്ച-വെള്ളപ്പൊക്കം

എന്നിവയെ നേരിടുന്നതിന് കൃഷി - ജലസംരക്ഷണം എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നു.

(ഡി) സംയോജിത ജലവിഭവ മാനേജ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ?

നദീതടങ്ങളിലുടനീളം സംയോജിത ജലവിഭവ മാനേജ്മെന്റ് (IWRM) നടപ്പാക്കുന്നതിനുള്ള ഒരു ആധികാരിക മാർഗനിർദേശ ഗൈഡായി സംയോജിത നദീതട സംരക്ഷണത്തിനും മാനേജ്മെന്റിനുമുള്ള പ്രവർത്തന ചട്ടക്കൂട് (OPERATIONAL FRAMEWORK FOR INTEGRATED RIVER BASIN CONSERVATION AND MANAGEMENT) 2025-ൽ നിലവിൽവന്നിട്ടുണ്ട്. IWRM-ന്റെ ഒരു മാർഗനിർദേശ അതോറിറ്റിയായി പ്രവർത്തിക്കാൻ രൂപകല്പന ചെയ്തിരിക്കുന്ന ഈ ചട്ടക്കൂട്, ഭരണഘടന, ആസൂത്രണ രീതികൾ, സാമ്പത്തിക മാനേജ്മെന്റ് എന്നിവയുൾപ്പെടെയുള്ള അവശ്യഘടകങ്ങളുടെ രൂപരേഖ നൽകുന്നു. സർക്കാർ ഏജൻസികൾ, പ്രാദേശിക സമൂഹങ്ങൾ, സിവിൽ സൊസൈറ്റി, സ്വകാര്യമേഖല എന്നിവയ്ക്കിടയിലുള്ള സഹകരണത്തിന് ഊന്നൽ നൽകുന്നു. സുസ്ഥിര നദീതട പരിപാലനത്തിനായി എല്ലാ പങ്കാളികളും ഒരുമിച്ച് പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുന്നു. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തയ്യാറാക്കുന്ന സെക്ടറൽ പ്ലാനുകളുടെ അടിസ്ഥാനത്തിലായിരിക്കും പദ്ധതികൾ/പ്രവൃത്തികൾ ആവിഷ്കരിക്കുന്നത്.

ഹരിത കേരളം പദ്ധതിയിലുൾപ്പെടുന്ന വിവിധ വകുപ്പുകളുടെ സംയോജിത ജലവിഭവ മാനേജ്മെന്റ് പ്രവർത്തനങ്ങളിലൂടെയുള്ള സുസ്ഥിര ത്രിത്താല, പുഴയോഴും മാണിക്കൽ, സമഗ്ര

കൊട്ടാരക്കര, ജലമിത്ര - തെളിനീരൊഴുകും റാന്നി എന്നീ പദ്ധതികൾക്കായി ഭൂജല വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയുക്തമാക്കി ഭൂജല സംപോഷണ പദ്ധതികളും ചെറുകിട കുടിവെള്ള പദ്ധതികളും നടപ്പാക്കിവരുന്നു.

ഭൂഗർഭജല സംപോഷണം

238 (3096) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസംരക്ഷണവും ജലഗ്രണനിലവാരവും ശുദ്ധജലലഭ്യതയും മെച്ചപ്പെടുത്തുന്നതിനായി പൊതുജനങ്ങളിൽ ജലസാക്ഷരത ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ?

വിശകലനം ചെയ്തിട്ടുണ്ട്. 'ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും' എന്ന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂൾ/കോളേജ് വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഭൂജല സംരക്ഷണം, പരിപാലനം, ഗുണനിലവാരം എന്നീ വിഷയങ്ങളിൽ ഭൂജലവകുപ്പ് ബോധവൽക്കരണ സെമിനാറുകൾ സംസ്ഥാനത്തൊട്ടാകെ സംഘടിപ്പിച്ചുവരുന്നു. 2021-2022 മുതൽ സെപ്തംബർ 2025 വരെ 251 ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിച്ചു. ഏകദേശം 25,000 പേർ പങ്കെടുത്തു.

സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി "IEC & Jalasree Club Activities" എന്ന ശീർഷകത്തിൽ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ട്. ജലനിധി പദ്ധതി

നടപ്പാക്കുമ്പോഴും പിന്നീട് ജലജീവൻ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായും IEC പ്രവർത്തനങ്ങളിലൂടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ജൽ ജീവൻ പദ്ധതിയുടെ ഭാഗമായി IEC (Information, Education and Communication) പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂളുകളിലും ഗ്രാമസഭകളിലും ISA (Institutional Support Agency)കൾവഴി ജലസംരക്ഷണവും ജലഗുണനിലവാരവും ശുദ്ധജല ലഭ്യതയും മെച്ചപ്പെടുത്തുന്നതിനായി പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തിയിരുന്നു.

(ബി) പുതുതലമുറയ്ക്ക് ജലസാക്ഷരത പരിചയപ്പെടുത്തുന്നതിനായി ജലസംരക്ഷണത്തിന്റെ നല്ല പാഠങ്ങൾ സ്കൂൾതലത്തിൽത്തന്നെ പരിശീലിപ്പിക്കുന്നതിന് പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ?

ജലനിധി - ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങളിൽ ജലശ്രീ ക്ലബുകൾ രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തങ്ങൾ ഏകോപിപ്പിക്കുന്നതിനായി സ്റ്റേറ്റ് പ്ലാനിൽ KRWSA-ക്ക് തുക വകയിരുത്തിയിട്ടുണ്ട്.

(സി) മഴവെള്ളം പരമാവധി ഉപയോഗപ്പെടുത്തുന്നതിനും ഭൂഗർഭജല സംപോഷണത്തിനും സഹായിക്കുന്ന തരത്തിലുള്ള കെട്ടിട നിർമ്മാണ മാതൃകകൾ പിന്തുടരുന്നതിന് പൊതുജനത്തെ ബോധവൽക്കരിക്കുന്നതിനായി ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ഭൂജലവകുപ്പ് ഭൂജല സംരക്ഷണത്തെക്കുറിച്ചുള്ള ബോധവൽക്കരണ സെമിനാറുകൾ സംസ്ഥാനത്ത് നടപ്പാക്കിവരുന്നു. കൂടാതെ KRWSA മുഖേന നടപ്പാക്കിയ ജലനിധി

പദ്ധതിയിൽ മാതൃകാ യൂണിറ്റുകൾ നിർമ്മിച്ചിരുന്നു. സ്റ്റേറ്റ് പ്ലാനിൽ ഉൾക്കൊള്ളിച്ച് പൊതുകിണറുകളിൽ റീചാർജ് യൂണിറ്റുകൾ സ്ഥാപിച്ചുവരുന്നു. “Scaling up of RWH & GWR” എന്ന ശീർഷകത്തിൽ മഴവെള്ള സംഭരണികൾ നിർമ്മിച്ചുനൽകുന്നുണ്ട്.

(ഡി) എല്ലാ കുടിവെള്ള സ്രോതസ്സുകളിലെയും ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി സമൂഹത്തിൽ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളും മികച്ച മാലിന്യ സംസ്കരണ സംവിധാനവും പിന്തുടരാൻ ജലവിഭവ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

'ഭൂജലത്തിന്റെ നിയന്ത്രണവും, ക്രമീകരണവും' എന്ന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂൾ/കോളേജ് വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഭൂജലസംരക്ഷണം, പരിപാലനം, ഗുണനിലവാരം എന്നീ വിഷയങ്ങളിൽ ഭൂജലവകുപ്പ് ബോധവൽക്കരണ സെമിനാറുകൾ സംസ്ഥാനത്തൊട്ടാകെ സംഘടിപ്പിച്ചുവരുന്നു.

KRWSA മുഖേന “IEC & Jalasree Club Activities” എന്ന ശീർഷകത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഫീൽഡ് ടെസ്റ്റ് കിറ്റ് ഉപയോഗപ്പെടുത്തി പഞ്ചായത്തുകളിലെ കുടിവെള്ള സ്രോതസുകളുടെ ഗുണനിലവാര പരിശോധന പ്രോഗ്രാം നടപ്പാക്കി. സർക്കാർ സ്ഥാപനങ്ങളിലെ ഗ്രേ വാട്ടർ സംസ്കരണത്തിന് സ്റ്റേറ്റ് പ്ലാനിൽ ഉൾക്കൊള്ളിച്ച് KRWSA നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ KRWSA ഗ്രേ വാട്ടർ സംസ്കരണ യൂണിറ്റുകൾ നിർമ്മിക്കുന്നതിനുള്ള SBM പദ്ധതിയുടെ ഡെപ്പോസിറ്റ് ഏജൻസിയുമാണ്.

ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വ്യാപകമായ ജലസംരക്ഷണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള പരസ്യ പ്രക്ഷേപണ പരിപാടികൾ കേരള വാട്ടർ അതോറിറ്റി മുഖേന നടത്തിയിട്ടുണ്ട്. കൂടാതെ സാധ്യമായ ഇടങ്ങളിൽ ബോധവൽക്കരണ ബോർഡുകൾ സ്ഥാപിക്കാറുണ്ട്. അതോടൊപ്പം കേരള വാട്ടർ അതോറിറ്റിക്ക് കീഴിലുള്ള സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് (SRI) മുഖാന്തരം കുടുംബശ്രീയുമായി ചേർന്ന് ഫീൽഡ് ടെസ്റ്റ് കിറ്റുകൾ (FTK) ഉപയോഗിച്ച് കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയിരുന്നു.

ഹരിപ്പാട് മണ്ഡലത്തിൽ ഭൂജല വകുപ്പ് മുഖേന നടപ്പാക്കുന്ന വിവിധ പ്രവൃത്തികൾ

239 (3097) ശ്രീ രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ ഭൂജല വകുപ്പ് മുഖേന നടപ്പാക്കുന്ന വിവിധ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാരിന്റെ കാലയളവിൽ ഹരിപ്പാട് മണ്ഡലത്തിൽ ഭൂജല വകുപ്പിന്റെ തനതുഫണ്ട് വിനിയോഗിച്ച് ഒരു പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്.

പദ്ധതി:- തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് വലിയപറമ്പ് ട്യൂബ് വെൽ നിർമ്മാണം. ചെലവഴിച്ച തുക:- 10,53,266/- രൂപ (പത്ത് ലക്ഷത്തി അമ്പത്തി മൂവായിരത്തി ഇരുന്നൂറ്റി അറുപത്തി ആറ് രൂപ മാത്രം).

വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നിലവിൽ പദ്ധതികളൊന്നും ഇല്ല.

(ബി) ഹരിപ്പാട് മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളും മറ്റ് ഏജൻസികളും ഭൂജല വകുപ്പ് മുഖേന ഡെപ്പോസിറ്റ് വർക്കായി നിർവഹിക്കുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഹരിപ്പാട് മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളും മറ്റ് ഏജൻസികളും ഭൂജല വകുപ്പ് മുഖേന ഡെപ്പോസിറ്റ് വർക്കായി 2,75,82,804/- രൂപ (രണ്ട് കോടി എഴുപത്തി അഞ്ച് ലക്ഷത്തി എൺപത്തി രണ്ടായിരത്തി എണ്ണൂറ്റി നാല് രൂപ മാത്രം) ചെലവഴിച്ച്, 31 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ഡെപ്പോസിറ്റ് വർക്കായി നിലവിൽ 7 പദ്ധതികളിലായി 62,04,000/- രൂപയ്ക്കുള്ള (അറുപത്തിരണ്ട് ലക്ഷത്തി നാലായിരം രൂപ മാത്രം) പ്രവൃത്തികൾ പുരോഗമിക്കുന്നു. നിർമ്മാണം പുരോഗമിക്കുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) ഹരിപ്പാട് മണ്ഡലത്തിൽ ഭൂജല വകുപ്പ് മുഖേന നിർമ്മിച്ചിട്ടുള്ള കുഴൽക്കിണറുകൾ തകരാറിലാകുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അക്കാര്യത്തിൽ എന്ത് തുടർ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഹരിപ്പാട് മണ്ഡലത്തിൽ ഭൂജല വകുപ്പ് മുഖേന നിർമ്മിച്ചിട്ടുള്ള കുഴൽ കിണർ തകരാറിലായതുമായി ബന്ധപ്പെട്ട് പരാതികളൊന്നുംതന്നെ ലഭിച്ചിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭൂജല വകുപ്പിന്റെ പദ്ധതികൾ

240 (3098) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജല വകുപ്പിന്റെ ചുമതലകളും വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികളും അവയുടെ നടപടികളും ഇനം തിരിച്ച് വിശദമാക്കാമോ?

ഭൂജലവകുപ്പ് ഭൂജല വികസനത്തിനും പരിപാലനത്തിനുമുള്ള നോഡൽ വകുപ്പായി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങളും നടപ്പാക്കുന്ന പദ്ധതികളും ചുവടെ ചേർക്കുന്നു.

പ്രധാന പ്രവർത്തനങ്ങൾ

1. സുസ്ഥിര ഭൂജലലഭ്യത കൈവരിക്കുന്നതിനായി വിവിധതരം ഭൂജല സംപോഷണ പദ്ധതികൾക്കായുള്ള സ്ഥാനനിർണ്ണയവും നിർമ്മാണവും.

2. വിവിധതരം കിണറുകൾക്കുള്ള (തുറന്ന കിണർ, ബോർവെൽ, ട്യൂബ് വെൽ, ഫിൽറ്റർ പോയിന്റ് വെൽ) സ്ഥാന നിർണ്ണയം.

3. കുടിവെള്ളത്തിനും ജലസേചനത്തിനും വ്യാവസായിക ആവശ്യങ്ങൾക്കുമുള്ള കിണറുകളുടെ (ബോർവെൽ, ട്യൂബ് വെൽ, ഫിൽറ്റർ പോയിന്റ് വെൽ) നിർമ്മാണം, ഡെവലപ്പിങ്, ലോഗിങ്, കിണറുകളുടെ ജലക്ഷമതാ പരിശോധന.

4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവർക്ക് എം.പി./എം.എൽ.എ. ഫണ്ട്, എസ്.സി. ഫണ്ട്, വരൾച്ചാ ദുരിതാശ്വാസ ഫണ്ട് എന്നിവ വിനിയോഗിച്ച് ഭൂജല പദ്ധതികൾ നടപ്പാക്കലും സാങ്കേതിക സഹായവും ഉപദേശം നൽകലും.

5. ഭൂജല ഉപഭോഗത്തിന്റെ നിയന്ത്രണത്തിനും ക്രമീകരണത്തിനുമായുള്ള കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002-ന്റെ ഫലപ്രദമായ നടപ്പാക്കൽ.

6. കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ വകുപ്പ് ഫണ്ടുപയോഗിച്ച് ചെറുകിട കുടിവെള്ള ജലവിതരണ പദ്ധതികളും കുഴൽക്കിണർ കൈപമ്പ് പദ്ധതികളും നടപ്പാക്കൽ, ജൽ ജീവൻ മിഷൻ പദ്ധതി നടപ്പാക്കൽ.

7. കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണം, കുഴൽ കിണർ, കൈപമ്പ് പദ്ധതികളുടെ അറ്റകുറ്റപ്പണികൾ.

8. സംസ്ഥാനത്തിലെ ഭൂജല വിഭവശേഷി തിട്ടപ്പെടുത്തൽ.

9. ഭൂജലത്തിന്റെയും ഉപരിതല ജലത്തിന്റെയും സമാസമമായ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കൽ.

10. ഭൂജലത്തിന്റെ ഗുണനിലവാരം തിട്ടപ്പെടുത്തൽ.

11. ഭൂജല നിരപ്പ്, ഗുണനിലവാരം എന്നിവയുടെ ഡാറ്റാ ശേഖരണവും പഠന റിപ്പോർട്ടുകൾ തയ്യാറാക്കലും.

12. ഭൂജലത്തിന്റെ ക്രമമായ ഉപയോഗത്തിനും സംരക്ഷണത്തിനുമായുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

13. ദുരന്തനിവാരണ അതോറിറ്റിയുടെ നിർദേശപ്രകാരം പ്രളയബാധിത പ്രദേശങ്ങളിലെ റാപ്പിഡ് റിസ്ക് അസ്സസ്മെന്റുമായി ബന്ധപ്പെട്ട പഠന റിപ്പോർട്ടുകൾ തയ്യാറാക്കൽ.

14. ഹരിത കേരള മിഷന്റെ ജലസംരക്ഷണ പദ്ധതികൾക്കുള്ള സാങ്കേതിക സഹായം നൽകൽ, വകുപ്പിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ഭൂജലസംപോഷണ പദ്ധതികൾ നടപ്പാക്കൽ.

15. കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ഹൈഡ്രോളജി പ്രോജക്ട് നടപ്പാക്കൽ, ഈ പ്രോജക്ടിന്റെ ഭാഗമായി സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ വിവരശേഖരണം (വെൽ സെൻസസ് പ്രോഗ്രാം) നടപ്പാക്കുക. മൊബൈൽ ലബോറട്ടറി ഉപയുക്തമാക്കി സംസ്ഥാനത്തെ ഓരോ ജില്ലകളിൽനിന്നും ഭൂജല ഗുണനിലവാര ശോഷണമുള്ള തിരഞ്ഞെടുത്ത 14 ബ്ലോക്കുകളിൽ ഭൂജല ഗുണനിലവാര പരിശോധന നടത്തുക. നീരുറവകളുടെ (സ്പ്രിങ്സ്) ആദ്യ സെൻസസ് നടപ്പാക്കുക.

16. വകുപ്പ് പ്ലാൻ/ഡെപ്പോസിറ്റ് പദ്ധതികൾ മുഖേന നടപ്പാക്കുന്ന ചെറുകിട കുടിവെള്ള പദ്ധതികൾ/ റീചാർജ് പദ്ധതികളുടെ അപേക്ഷ, ബന്ധപ്പെട്ട ജനപ്രതിനിധികൾ/സെക്രട്ടറി LSGD/പൊതു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും ജില്ലാ ഓഫീസുകളിൽ ലഭ്യമാക്കുന്നു. ആയതിൽ വിശദമായ ഭൂജല പര്യവേക്ഷണം നടത്തി ഫീസിബിളായ പ്രൊപ്പോസലുകളിൽ

എസ്റ്റിമേറ്റ് തയ്യാറാക്കി വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഡെലിഗേഷൻ ഓഫ് പവർ അനുസരിച്ച് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിവരുന്നു.

(ബി) എന്തെല്ലാം പുതിയ പദ്ധതികളാണ് നിലവിൽ ഭൂജല വകുപ്പ് ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്; വിശദമാക്കാമോ?

കുഴൽക്കിണർ വഴിയുള്ള ഭൂജല സംപോഷണം പൈലറ്റ് അടിസ്ഥാനത്തിൽ ഗ്രാമതര/അർധ ഗ്രാമതര ബ്ലോക്കുകളിലെ ഗാർഹിക/പ്രൈവറ്റ് സ്ഥാപനങ്ങളിൽ സബ്സിഡി അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിനുള്ള പദ്ധതി പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

(സി) കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ വകുപ്പ് മുഖേന തിരുരങ്ങാടി നിയോജക മണ്ഡലത്തിൽ ആവിഷ്കരിച്ചതോ പൂർത്തീകരിച്ചതോ ആയ പദ്ധതികളുടെ വിശദവിവരങ്ങൾ ഓരോന്നും ഇനം തിരിച്ച് ലഭ്യമാക്കാമോ?

കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ഭൂജലവകുപ്പ് മുഖേന തിരുരങ്ങാടി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ ഇനംതിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.[+]

ജല സ്രോതസ്സുകളെ സംരക്ഷിച്ചുകൊണ്ട് ജലസംസ്കരണവും പുനരുപയോഗവും പ്രോത്സാഹിപ്പിക്കാൻ നടപടി

241 (3099) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീമതി സി. കെ. ആശ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരവൽക്കരണവും മാറുന്ന കാലാവസ്ഥാ പ്രവണതകളും കാരണം ജലസ്രോതസ്സുകളിൽ സമ്മർദമേറുന്ന സാഹചര്യത്തിൽ അവയുടെ സംരക്ഷണത്തിനായി നൂതന പദ്ധതികൾ ആവിഷ്കരിക്കാൻ ജലവിഭവ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

നദീതടങ്ങളിലൂടനീളം സംയോജിത ജലവിഭവ മാനേജ്മെന്റ് (IWRM-Integrated Water Resources Management) നടപ്പാക്കുന്നതിനും നേരിടുന്ന വൈവിധ്യമാർന്ന വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതിനുള്ള ആധികാരിക ഗൈഡായി പ്രവർത്തിക്കുന്നതിനുവേണ്ടി "OPERATIONAL FRAMEWORK FOR INTEGRATED RIVER BASIN CONSERVATION AND MANAGEMENT" 26-06-2025-ലെ സ.ഉ.(സാധാ) നം. 25/2025/ജവിവ പ്രകാരം നിലവിൽ വരികയും ചെയ്തു. IWRM-നുള്ള ഒരു മാർഗനിർദേശ അതോറിറ്റിയായി പ്രവർത്തിക്കാൻ രൂപകല്പന ചെയ്തിരിക്കുന്ന ഈ ചട്ടക്കൂടിൽ ഭരണഘടനകൾ, ആസൂത്രണരീതികൾ, സാമ്പത്തിക മാനേജ്മെന്റ് എന്നിവയുൾപ്പെടെയുള്ള അവശ്യഘടകങ്ങൾ ഉൾപ്പെടുന്നു. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തയ്യാറാക്കുന്ന സെക്ടറൽ പ്ലാനുകളുടെ അടിസ്ഥാനത്തിലായിരിക്കും പദ്ധതികൾ/പ്രവൃത്തികൾ ആവിഷ്കരിക്കുന്നത്. World Bank സഹായത്തോടെ നടപ്പാക്കുന്ന DLI 7-ന്റെ ഭാഗമായ പമ്പാ നദീതട പരിപാലന പ്ലാൻ (River basin management plan–Pamba) ഉണ്ടാക്കുകയും ആയതിന് 26-06-2025-ലെ സ.ഉ.(സാധാ) നം.25/2025/ജവിവ പ്രകാരം അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) നിലവിലെ ജലസ്രോതസ്സുകളിന്മേലുള്ള സമ്മർദം കുറയ്ക്കുന്നതിന്റെ ഭാഗമായി ജലത്തിന്റെ പുനരുപയോഗവും മലിനജല സംസ്കരണവും കാര്യക്ഷമമാക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് വകുപ്പ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

മലിനജല സംസ്കരണത്തിനായി കൊച്ചി കോർപ്പറേഷൻ പരിധിയിൽ 5 MLD മലിനജല സംസ്കരണശാലയും ഗുരുവായൂർ നഗരപരിധിയിൽ 3 MLD മലിനജല സംസ്കരണശാലയും പ്രവർത്തനസജ്ജമായിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷന്റെ ഉടമസ്ഥതയിൽ മുട്ടത്തറയിൽ സ്ഥിതി ചെയ്യുന്ന 107 MLD മലിനജല സംസ്കരണശാലയുടെയും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്ഥാപിച്ചിട്ടുള്ള 5 MLD മലിനജല സംസ്കരണശാലയുടെയും നടത്തിപ്പ് കേരള വാട്ടർ അതോറിറ്റിയാണ് ചെയ്യുന്നത്. മലിനജല സംസ്കരണത്തിന്റെ ഭാഗമായുള്ള ജലത്തിന്റെ പുനരുപയോഗം ജലസ്രോതസ്സുകളിന്മേലുള്ള സമ്മർദം കുറയ്ക്കുന്നതിന്റെ ഭാഗമായി സ്വീകരിക്കാവുന്ന ശാസ്ത്രീയ മാർഗമാണ്. സമീപഭാവിയിൽ അത്തരം മാർഗങ്ങൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

(സി) കുടിവെള്ളമായി വിതരണം ചെയ്യുന്ന ജലം മറ്റാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നത് നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഗാർഹികാവശ്യത്തിനായി നൽകിയിരിക്കുന്ന കുടിവെള്ള കണക്ഷൻവഴി വിതരണം ചെയ്യുന്ന ജലം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഗാർഹികേതര വിഭാഗത്തിലേക്ക് മാറ്റുക, പിഴ ചുമത്തുക, കണക്ഷൻ വിച്ഛേദിക്കുക

ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കാറുണ്ട്. ഇതുകൂടാതെ ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങൾ വഴിയും സാമൂഹിക മാധ്യമങ്ങൾ വഴിയും പ്രചാരണം നടത്തി കുടിവെള്ളമായി വിതരണം ചെയ്യുന്ന ജലത്തിന്റെ ദുരുപയോഗത്തിനെതിരെ ബോധവൽക്കരണം നടത്താറുണ്ട്.

(ഡി) ഹോസ്റ്റലുകൾ, ആശുപത്രികൾ, ഹോട്ടലുകൾപോലെ ജല ഉപയോഗം കൂടുതലുള്ള സ്ഥാപനങ്ങളിൽ ജലസംസ്കരണത്തിനും പുനരുപയോഗത്തിനുമായി സംവിധാനമൊരുക്കുന്നതിന് ജലവിഭവ വകുപ്പ് നിബന്ധനകൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

നിലവിൽ ഹോസ്റ്റലുകൾ, ആശുപത്രികൾ, ഹോട്ടലുകൾപോലെ ജല ഉപയോഗം കൂടുതലുള്ള സ്ഥാപനങ്ങളിൽ ജലസംസ്കരണത്തിനും പുനരുപയോഗത്തിനുമായി സംവിധാനമൊരുക്കുന്നതിന് നിബന്ധനകളൊന്നും ഏർപ്പെടുത്തിയിട്ടില്ല.

ജലവിഭവ വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം

242 (3100) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ജലവിഭവ വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടെന്നും ഓരോ റിപ്പോർട്ടും സമർപ്പിച്ചതെന്നാണെന്നും ഓരോ റിപ്പോർട്ടിന്മേലും നാളിതുവരെ എന്തൊക്കെ തുടർ നടപടികൾ സ്വീകരിച്ചുവെന്നും റിപ്പോർട്ടുകൾ സമയബന്ധിതമായി പരിശോധിച്ച് നടപടി സ്വീകരിക്കാത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കുമോ?

(ബി) പ്രസ്തുത റിപ്പോർട്ടുകളിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

കുടിവെള്ള സ്രോതസ്സുകൾ വൃത്തിയാക്കാൻ നടപടി

243 (3101) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സജീവ് ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസ്രോതസ്സുകളിൽ ഇ.കോളി അടക്കമുള്ള ബാക്ടീരിയകളുടെ അളവ് വർധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജലസ്രോതസ്സുകളിൽ ഇ.കോളി അടക്കമുള്ള ബാക്ടീരിയകളുടെ അളവ് വർധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇ.കോളി അടക്കമുള്ള ബാക്ടീരിയകളുടെ വ്യാപനം അമീബിക് മസ്തിഷ്കജ്വരം ഉണ്ടാക്കുന്ന അമീബയുടെ വ്യാപനം കൂട്ടുമെന്ന കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കുടിവെള്ള സ്രോതസ്സുകൾ വൃത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കേരളത്തിലെ നദികളും മറ്റ് ജലസ്രോതസ്സുകളും വിവിധ കാരണങ്ങളാൽ മലിനീകരണത്തിന് വിധേയമായിട്ടുണ്ടെന്ന പഠന റിപ്പോർട്ടുകൾ ജലസേചന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഗണിച്ച് നദികളിലേയും മറ്റ് ജലസ്രോതസ്സുകളിലേയും ജലഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ഡാമുകൾ, കുളങ്ങൾ പോലുള്ള ജലസ്രോതസ്സുകൾ ഒഴികെയുള്ളവ പൂർണ്ണമായി മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിന് വർധിച്ച തോതിലുള്ള ജനപങ്കാളിത്തവും ഇതോടൊപ്പം പൗരബോധവും ആവശ്യമാണ്. ഇതുകൂടാതെ ഒരിക്കൽ ശുചിയാക്കിയ ജലസ്രോതസ്സുകളിലേയ്ക്ക് മാലിന്യ നിക്ഷേപമോ മലിനജല കുഴലോ എത്തുന്നില്ലെന്ന് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ ഉറപ്പുവരുത്തേണ്ടതാണ്. കേരള വാട്ടർ അതോറിറ്റി മുഖാന്തരം ശുദ്ധജലവിതരണത്തിനായി ലഭ്യമാകുന്ന സ്രോതസ്സുകളിലെ ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും ശുദ്ധജല വിതരണ ടാങ്കുകൾ, ശുദ്ധജല വിതരണ കുഴലുകൾ, ജല ശുദ്ധീകരണശാലകൾ എന്നിവ അണുവിമുക്തമാക്കുന്നതിനും ജലത്തിന്റെ അണുവിമുക്ത തോതിന്റെ കൃത്യത ഉറപ്പാക്കുന്നതിനും ജലപരിശോധന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ CPHEEO (Central Public Health and Environmental Engineering Organisation) മാനുവൽ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലസംഭരണികൾ നിശ്ചിത കാലയളവുകളിൽ കഴുകി വൃത്തിയാക്കിയും ജലസംഭരണികളിൽ മണ്ണ്, ചെളി എന്നിവ അടിഞ്ഞുകൂടിയിട്ടുണ്ടെങ്കിൽ അവ നീക്കം ചെയ്തും ജലശുദ്ധീകരണശാലകളിൽ ജലത്തിന്റെ ഗുണനിലവാരം വിവിധ പരിശോധനകൾനടത്തി സ്ഥിരമായി പരിശോധിച്ചും സാധാരണയായി നടത്തുന്ന ക്ലോറിനേഷൻ കൂടാതെ ആവശ്യമായ

ഘട്ടങ്ങളിൽ സൂപ്പർ ക്ലോറിനേഷൻ നടത്തിയും ജലവിതരണം ചെയ്യുന്നതിനുമുമ്പായി പരിഹാരമാർഗങ്ങൾ സ്വീകരിക്കുകയും ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നു.

പെരിഞ്ചേരി കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് പ്രവൃത്തി സംബന്ധിച്ച്

244 (3102) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിഞ്ചേരി കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് പ്രവൃത്തി ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ; ടി പ്രവൃത്തിയുടെ ആകെ അടങ്കൽ തുകയും ഇതുവരെയായി പൂർത്തീകരിച്ച പ്രവൃത്തികളും ഇനി നിർവഹണത്തിന് ബാക്കിയുള്ള പ്രവൃത്തികളും ഏതൊക്കെയെന്ന് തുക സഹിതം വിശദമാക്കാമോ?

കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ഐ.ഐ.ഡി.സി.) മുഖേന കോഴിക്കോട് ജില്ലയിൽ നടപ്പാക്കിവരുന്ന നിർമ്മാണ പദ്ധതിയാണ് പെരിഞ്ചേരി കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്. കിഫ്ബിയിൽനിന്ന് 07-09-2019-ന് 68.36 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ച പ്രസ്തുത പദ്ധതി കെ.ഐ.ഐ.ഡി.സി. ടെൻഡർ ചെയ്ത് കരാർ 07-09-2020-ന് നടപ്പാക്കി. പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ 17-09-2020-ന് ആരംഭിച്ചു. പദ്ധതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

എസ്റ്റിമേറ്റ് തുക (ജി.എസ്.ടി. ഒഴികെ)	₹57,03,22,025.00
കരാർ തുക (ജി.എസ്.ടി. ഒഴികെ)	₹61,13,34,133.00
കരാറുകാരൻ	ജോയിന്റ് വെഞ്ചർ: ടി.ബി.എ.എസ്. &

	ഇ.കെ.കെ. ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ്.

നിലവിൽ 30% പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇടതുകരയിലെ സംരക്ഷണ ഭിത്തിയും ഒരു പിയറും അബട്ട്മെന്റും ഇടതുകരയിലെ പൈലിങ് പ്രവൃത്തികളും പൂർത്തീകരിച്ചവയിൽ ഉൾപ്പെടുന്നു. പ്രസ്തുത പദ്ധതിയിൽ അഞ്ച് പിയറുകളുടെ നിർമ്മാണം, സംരക്ഷണഭിത്തി, അപ്രോച്ച് റോഡ്, മെക്കാനിക്കൽ-ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നിവയാണ് ബാക്കിയുള്ള നിർമ്മാണ പ്രവൃത്തികൾ. നാളിതുവരെ ജി.എസ്.ടി. ഉൾപ്പെടെ ഏകദേശം 18 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ജി.എസ്.ടി. ഉൾപ്പെടെ ഏകദേശം 73 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികളാണ് ഇനി നടപ്പാക്കാനുള്ളത്.

(ബി) വടകര താലൂക്കിലെ ജലവിതരണത്തിൽ ഉപ്പുവെള്ളത്തിന്റെ സാന്നിധ്യം തടയുന്നതിനുവേണ്ടി വിഭാവനം ചെയ്ത ഈ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

പദ്ധതിയുടെ ആരംഭഘട്ടത്തിലുള്ള പൈലിങ് പ്രവൃത്തികൾ ആരംഭിക്കുന്നതിനായി റിങ് ബണ്ടിന്റെ പ്രവൃത്തികൾ പ്രദേശത്ത് തുടങ്ങി. എന്നാൽ പദ്ധതി പ്രദേശത്തിന്റെ സ്ഥിതിയനുസരിച്ച് റിങ് ബണ്ടിൽ അനിവാര്യമായ മാറ്റങ്ങൾ വരുത്തി പുതുക്കിയ രീതിയിലുള്ള ഡിസൈനും നിരക്കും പ്രകാരമുള്ള റിങ് ബണ്ടാണ് നിർമ്മിച്ചത്. പുതുക്കിയ റിങ് ബണ്ടിന്റെ ഡിസൈൻ പ്രകാരമുള്ള നിരക്കും 07-09-2020-ലെ കരാർ പ്രകാരമുള്ള നിരക്കും തമ്മിൽ വ്യത്യാസം വന്നതിനാൽ കരാറുകാരന്റെ ബിൽ പേമെന്റിന് കാലതാമസം

നേരിടുകയും കരാറുകാരൻ കോടതിയെ സമീപിക്കുകയും അനുകൂല ഉത്തരവ് ലഭ്യമാക്കുകയും ചെയ്തു. പേമെന്റ് ലഭിക്കാനുണ്ടായ കാലതാമസം പ്രവൃത്തിയുടെ പുരോഗതിയെയും ബാധിച്ചു. കരാറുകാരൻ പദ്ധതിയുടെ ബിൽ തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയെ സമീപിച്ചതിന്മേൽ 01-04-2024-ലെ കോടതി വിധിപ്രകാരം ചീഫ് സെക്രട്ടറി ഇടപെട്ട് എത്രയുംവേഗം പ്രശ്നം പരിഹരിക്കാൻ കോടതി നിർദേശം നൽകി. തുടർന്ന് ചീഫ് സെക്രട്ടറി 17-04-2024-ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി യോഗം ചേരുകയും പ്രസ്തുത യോഗത്തിലെ നിർദേശമനുസരിച്ച് കെ.ഐ.ഐ.ഡി.സി. തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു. തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റ് അംഗീകാരത്തിനായി കിഫ്ബിക്ക് സമർപ്പിച്ചു. പ്രസ്തുത കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുന്നതിനായി 24-05-2025-ന് കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അധ്യക്ഷതയിൽ യോഗം ചേരുകയും പുതുക്കിയ എസ്റ്റിമേറ്റിലെ ഇനങ്ങളുടെ നിരക്കുകൾ കെ.ഐ.ഐ.ഡി.സി.-യും കിഫ്ബിയും സംയുക്തമായിച്ചേർന്ന് അന്തിമമാക്കാൻ തീരുമാനിച്ചു. തുടർന്ന് ഇനങ്ങളുടെ നിരക്കുകളിൽ തീരുമാനമെടുക്കുകയും ആയത് പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണ കാലാവധി 31-03-2026 വരെ നീട്ടി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ കരാറുകാരൻ അനുബന്ധ കരാർ വച്ചിട്ടുമുണ്ട്. പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചാലുടൻതന്നെ പദ്ധതി പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

അരൂർ മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ നടപടി

245 (3103) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിലെ ഇറവൂർ, കുത്തിയതോട് എന്നീ തീരപ്രദേശങ്ങളിലെ ജനങ്ങൾ കുടിവെള്ളം ലഭിക്കാതെ ബുദ്ധിമുട്ടുന്നത് ഒഴിവാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

അരൂർ മണ്ഡലത്തിലെ ഇറവൂർ കുത്തിയതോട് എന്നീ പ്രദേശങ്ങളിൽ നിലവിൽ JICA assisted WSS to Cherthala Municipality and adjoining panchayaths എന്ന സ്കീമിലെ സോൺ 3-ലെ നിലവിലെ ഇറവൂർ ടാങ്കിൽനിന്നും വാൽവ് ക്രമീകരിച്ചും പുതിയ വാൽവുകൾ നിലവിലെ വിതരണ ശൃംഖലയിൽ സ്ഥാപിച്ചും കുടിവെള്ള വിതരണം ഇപ്പോൾ നടത്തിവരുന്നു. എന്നാൽ ഇത്തരത്തിൽ ക്രമീകരിച്ചിട്ടും മേൽപ്രദേശങ്ങളിൽ പൂർണ്ണതോതിൽ കുടിവെള്ളം വിതരണം ചെയ്യാൻ ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ അത് പരിഹരിക്കുന്നതിനായി ഇറവൂർ പഞ്ചായത്തിൽ പുതിയ ഉപരിതല സംഭരണി സ്ഥാപിക്കുന്നതിനായി 20.94 കോടി രൂപയുടെ എസ്റ്റിമേറ്റ് ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഭരണാനുമതിക്കായി നൽകിയിരുന്നു. എന്നാൽ അത് ലഭിക്കാത്ത സാഹചര്യത്തിൽ നിലവിലെ ഇറവൂർ ഉപരിതല സംഭരണിയിൽനിന്നും കുത്തിയതോട് ഭാഗത്തേക്ക് പ്രത്യേകമായി 250mm വ്യാസമുള്ള പൈപ്പ്ലൈൻ സ്ഥാപിച്ച് ശുദ്ധജല വിതരണം നൽകാനുള്ള 3.90 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കുത്തിയതോട് ഭാഗത്തേക്ക് പ്രത്യേകമായി ജലവിതരണം നടത്തുന്നതിന് പുതിയതായി

എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള 250mm പൈപ്പ്ലൈൻ പ്രവൃത്തി പൂർത്തിയാകുന്നതോടെ മേൽപ്രദേശങ്ങളിലെ കുടിവെള്ള പ്രശ്നം പൂർണ്ണമായും പരിഹരിക്കപ്പെടുന്നതാണ്.

പരസ്യത്തിനായി ചെലവഴിച്ച തുക

246 (3104) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലയളവിൽ ജലവിഭവ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

ഈ സർക്കാരിന്റെ കാലയളവിൽ ജലവിഭവ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കുടിവെള്ളം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ

247 (3105) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിണറിൽനിന്നും മറ്റ് ജലസ്രോതസ്സുകളിൽനിന്നും ലഭിക്കുന്ന കുടിവെള്ളം പരിശോധിക്കുന്നതിന് സർക്കാർതലത്തിൽ ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള 14 ജില്ലകളിലായി സ്ഥാപിച്ചിരിക്കുന്ന എൻ.എ.ബി.എൽ. അക്രഡിറ്റേഷനുള്ള ജില്ലാ ലാബുകളിലും അവയുടെ കീഴിൽവരുന്ന 71 എൻ.എ.ബി.എൽ. റെക്കഗ്നിഷൻ ലഭിച്ച ഉപജില്ലാ ലാബുകളിലും ജലശുദ്ധീകരണശാലകളോട് ചേർന്നുള്ള ലാബുകളിലും കേരള ജല അതോറിറ്റി ഉപയോഗിക്കുന്ന അസംസ്കൃത ജലം, ശുദ്ധീകരിച്ച ജലം, വിതരണംചെയ്യുന്ന ജലം എന്നിങ്ങനെ വിവിധ ഘട്ടങ്ങളിൽ സാമ്പിളുകൾ സ്വീകരിച്ച് ഗുണനിലവാര പരിശോധന നടത്തിവരുന്നു. കൂടാതെ പൊതുജനങ്ങൾക്ക് ജലഗുണമേന്മ പരിശോധിക്കുന്നതിന് സ്വകാര്യ കിണറുകളിൽനിന്നോ മറ്റ് സ്രോതസ്സുകളിൽനിന്നോ ലഭ്യമാകുന്ന സാമ്പിളുകൾ അംഗീകൃത നിരക്ക് ഈടാക്കി പരിശോധന റിപ്പോർട്ട് നൽകുന്നതിനുള്ള സംവിധാനം കേരള ജല അതോറിറ്റിയുടെ അധീനതയിലുള്ള അക്രഡിറ്റഡ് ലാബുകൾവഴി ചെയ്തുവരുന്നു. ഇതിനെല്ലാംപുറമെ ജല അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ നിശ്ചിത എണ്ണം

സാമ്പിളുകൾ എറണാകുളം ജില്ലയിലെ നെട്ടൂരിൽ സ്ഥിതിചെയ്യുന്ന സ്റ്റേറ്റ് റെഫറൽ ഇൻസ്റ്റിറ്റ്യൂട്ട് ലാബിൽ പുനഃപരിശോധിച്ചുവരുന്നുണ്ട്.

ജല ശുദ്ധീകരണശാലകളിൽനിന്നും വിതരണം ചെയ്യുന്ന ജലത്തിന്റെ പി.എച്ച്. വാല്യു, ടർബിഡിറ്റി, റെസിഡ്യൂവൽ ക്ലോറിൻ തുടങ്ങിയവ ജല അതോറിറ്റിയുടെ ഗുണനിലവാര വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും അവരുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ വിവിധ ജലവിതരണ പദ്ധതികളിൽ ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു. കൂടാതെ കിണറിൽനിന്നും മറ്റ് ജലസ്രോതസ്സുകളിൽനിന്നും ലഭിക്കുന്ന കുടിവെള്ളം പരിശോധിക്കുന്നതിന് ഭൂജലവകുപ്പിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലായി മൂന്ന് ലാബുകളും ഒരു മൊബൈൽ ലാബുമാണുള്ളത്. കൂടാതെ വകുപ്പ് മുഖേന നടപ്പാക്കിയ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി ഒരു ജില്ലയിൽനിന്നും രണ്ടുവീതം ഹൈസ്കൂളുകളിലെ സ്കൂൾ ലാബുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്.

(ബി) വടകര താലൂക്കിൽ ഇത്തരത്തിൽ ഏതൊക്കെ കേന്ദ്രങ്ങളിൽനിന്ന് കുടിവെള്ള പരിശോധന നടത്താൻ സാധിക്കുമെന്ന് അറിയിക്കാമോ?

വടകര താലൂക്കിൽ കേരള ജല അതോറിറ്റിയുടെ കീഴിലുള്ള വടകര ഉപജില്ലാ ലാബിലും കുറ്റിയാടി ഉപജില്ലാ ലാബിലും കുടിവെള്ള ഗുണനിലവാര പരിശോധന നടത്താനുള്ള സംവിധാനമുണ്ട്. എന്നാൽ വടകര താലൂക്കിൽ ഭൂജലവകുപ്പിന് ലാബ് ഇല്ല. കോഴിക്കോട് കുന്ദമംഗലത്ത് സ്ഥിതി ചെയ്യുന്ന വകുപ്പിന്റെ അനലിറ്റിക്കൽ ലാബ് മുഖേന കുടിവെള്ള പരിശോധന നടത്താൻ സാധിക്കുന്നതാണ്.

നദികളും ജലസ്രോതസ്സുകളും മാലിന്യമുക്തമാക്കാൻ നടപടി

248 (3106) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളും ജലസ്രോതസ്സുകളും മലിനമാക്കപ്പെടുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയാൻ കർമ്മപദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

കേരളത്തിലെ നദികളും മറ്റ് ജലസ്രോതസ്സുകളും വിവിധ കാരണങ്ങളാൽ മലിനീകരണത്തിന് വിധേയമായിട്ടുണ്ടെന്ന് ജലസേചന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ കുളങ്ങളും ചെറുകിട ജലാശയങ്ങളും മറ്റ് ജലസ്രോതസ്സുകളും സംരക്ഷിച്ച് പുനരുജ്ജീവിപ്പിച്ച് ജലസംഭരണശേഷി വർധിപ്പിക്കുന്നതിനായുള്ള വിവിധ പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് മുഖേന നിർവഹിച്ചുവരുന്നു. കുളങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കലും ചെളിയും നീക്കംചെയ്ത് ജലനിർഗമന ചാലുകൾ പ്രവർത്തനസജ്ജമാക്കുക, തോടുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളി/എക്കൽ നീക്കം ചെയ്ത് ആവശ്യമുള്ള ഇടങ്ങളിൽ പാർശ്വസംരക്ഷണം നിർവഹിക്കുക, പുഴകളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കൽ/ചെളി/മണൽ എന്നിവ നീക്കം ചെയ്യുക, പുഴകളിലും വലിയ തോടുകളിലുമുള്ള തടയണകൾ/റെഗുലേറ്ററുകൾ എന്നിവയ്ക്കുസമീപം അടിഞ്ഞുകൂടിയിട്ടുള്ള ചെളി/എക്കൽ/മണൽ എന്നിവ നീക്കം ചെയ്ത് സംഭരണശേഷി പുനഃസ്ഥാപിച്ച് ജലസംരക്ഷണം ഉറപ്പാക്കുക തുടങ്ങിയ പ്രവൃത്തികളാണ് നിർവഹിച്ചുവരുന്നത്. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠനമനുസരിച്ച്

കേരളത്തിലെ 21 നദീഭാഗങ്ങൾ വലിയ തോതിലുള്ള മലിനീകരണത്തിന് വിധേയമായിട്ടുണ്ട്. ഇവയെ മലിനീകരണത്തിന്റെ തോതനുസരിച്ച് പ്രയോറിറ്റി I മുതൽ V വരെയായി തരംതിരിച്ചിട്ടുണ്ട്. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ OA 673/2018-ന്റെ ഉത്തരവുപ്രകാരം മലിനീകരിക്കപ്പെട്ട നദീഭാഗങ്ങളിലെ ജലം കുറഞ്ഞത് കുളിക്കാൻ ഉപയോഗിക്കുന്ന തരത്തിലെങ്കിലും അനുയോജ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി, ഇവ മാലിന്യ മുക്തമാക്കാൻ നിർദേശം നൽകിയിരുന്നു. ഇത് പ്രകാരമുള്ള ആക്ഷൻ പ്ലാൻ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തയ്യാറാക്കി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ നടത്തിയ പ്രവൃത്തികളുടെ ഫലമായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റിപ്പോർട്ട് പ്രകാരം 21 മലിനമായ നദീഭാഗങ്ങളിൽ 11 മലിനമായ നദീഭാഗങ്ങൾ നീക്കം ചെയ്തതായും 8 പുതിയ റീച്ചുകൾ ചേർത്തതായും പരാമർശിക്കുന്നു. മലിനമായ നദീഭാഗങ്ങളുടെ എണ്ണം നിലവിൽ 18 ആണ്. കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണ പദ്ധതികളുടെ സ്രോതസ്സുകളിൽ കൃത്യമായ ഇടവേളകളിൽ ഗുണനിലവാര പരിശോധന നടത്തിവരുന്നുണ്ട്. ഏതെങ്കിലും വിധത്തിലുള്ള മലിനീകരണ സാധ്യത ശ്രദ്ധയിൽപ്പെട്ടാൽ യഥാസമയം ബന്ധപ്പെട്ട പൊലീസ്, തദ്ദേശസ്വയംഭരണം, റവന്യൂ വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്.

(ബി) ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിച്ച എത്ര പേർക്കെതിരെ കേരള ജലസേചനവും ജലസംരക്ഷണവും നിയമപ്രകാരം 2016 മുതൽ നാളിതുവരെ നിയമനടപടി

സ്വീകരിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ; ഓരോ വർഷവും പിഴയിനത്തിൽ ലഭിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ജലസ്രോതസ്സുകൾ മലിനമാക്കുന്നതുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പിന്റെ വിവിധ കാര്യാലയങ്ങളിൽ ലഭിച്ച പരാതികൾ ചുവടെ ചേർക്കുന്നു.

(a) ചൈത്രവാഹിനി പുഴയിലേയ്ക്ക് മാങ്ങോട് ലാറ്റക്സ് ഫാക്ടറിയിൽനിന്ന് മലിനജലം ഒഴുക്കുന്നത് സംബന്ധിച്ച് പരാതി ലഭ്യമായിട്ടുണ്ട്. ആയത് സംബന്ധിച്ച് ഇനിയൊരു അലംഭാവം കാണിക്കുകയാണെങ്കിൽ കർശന നിയമനടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചുകൊണ്ട് കമ്പനി അധികാരികൾക്ക് കത്ത് നൽകിയിട്ടുണ്ട്.

(b) കല്ലായിപ്പുഴ മലിനമാകുന്നതുമായി ബന്ധപ്പെട്ട് പരാതികൾ ലഭ്യമായിട്ടുണ്ട്. കല്ലായിപ്പുഴയിലെ ചെളിയും മറ്റു മാലിന്യങ്ങളും നീക്കംചെയ്യുന്ന പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് പുഴ മാലിന്യമുക്തമായി പരാതിക്ക് പരിഹാരമാകുന്നതാണ്.

(c) മൈനർ ഇറിഗേഷൻ ഡിവിഷൻ മലപ്പുറം കാര്യാലയത്തിന് കീഴിൽ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള തറയിൽ ബസ്സ്റ്റാന്റ് പരിസരത്തുള്ള തോട് മലിനമാക്കപ്പെട്ടതായി പരാതി ലഭിച്ചിട്ടുണ്ട്. തറയിൽ ബസ് സ്റ്റാന്റിന് പരിസരത്തുള്ള തോട് പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ കീഴിലായതിനാൽ ബന്ധപ്പെട്ട പെരിന്തൽമണ്ണ നഗരസഭ സെക്രട്ടറിക്ക് വേണ്ടുന്ന നടപടികൾക്കായി ശിപാർശ ചെയ്തിട്ടുണ്ട്.

(d) തിരൂർ മുനിസിപ്പാലിറ്റിയുടെ ആസ്തിയിൽ ഉൾപ്പെട്ടിട്ടുള്ള വാർഡ് 38-ലെ കണ്ടംകുളം പൊതുകുളം മലിനമാക്കപ്പെട്ടതായി പരാതി ലഭിച്ചിട്ടുണ്ട്. കണ്ടംകുളം പൊതുകുളം

ശുദ്ധീകരിക്കുന്നതിനുവേണ്ട തുടർനടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ വികസന കമ്മീഷണർ (ജില്ലാ കളക്ടർ) മലപ്പുറത്തിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(e) കവണക്കല്ല് റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിയുടെ സമീപം ചാലിയാർ പുഴ മലിനമാക്കപ്പെട്ടതായി പരാതി ലഭിച്ചിട്ടുണ്ട്. കവണക്കല്ല് റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിയുടെ സമീപം ചാലിയാർപുഴയിൽ സംഭരിച്ച വെള്ളത്തിൽ കക്കൂസ് മാലിന്യം തള്ളിയത് മാവൂർ പൊലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്.

(f) പത്തനംതിട്ട ജില്ലയിലെ കോയിപ്രം ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിൽക്കൂടി ഒഴുകുന്ന ചെറുതോട്ട തോട് മലിനീകരിക്കുന്നതുമായി ബന്ധപ്പെട്ട് ചെറുകിട ജലസേചന സെക്ഷൻ, മാരാമൺ കാര്യാലയത്തിൽ പരാതി നൽകിയിട്ടുണ്ട്. ആരോപണവിധേയനായ വ്യക്തിക്ക് ചെറുകിട ജലസേചന സെക്ഷൻ, മാരാമൺ കാര്യാലയത്തിൽനിന്ന് നോട്ടീസ് നൽകുകയും എന്നാൽ നോട്ടീസ് ലഭിച്ചിട്ടും മാലിന്യം നീക്കംചെയ്യാത്തതിനാൽ ടിയാനെതിരെ കോയിപ്രം പൊലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുള്ളതാണ്.

(g) കൊല്ലം ജില്ലയിലെ മണിച്ചിതോട്ടിലേക്ക് മാലിന്യം നിക്ഷേപിക്കുന്നതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ പുലമൺതോട്, മണിച്ചിതോട് മുതലായ ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിന് തോടിന് ചുറ്റും ഫെൻസിങ്ങ്, പാർശ്വഭിത്തി എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾക്കായി എസ്റ്റിമേറ്റുകൾ

തയ്യാറാക്കിയിട്ടുള്ളതും അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് തോട്ടിലേക്ക് മാലിന്യം നിക്ഷേപിക്കുന്നത് ഒരുപരിധിവരെ തടയാൻ കഴിയും.

(h) തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട പഞ്ചായത്തിലൂടെ ഒഴുകുന്ന കളത്തുമ്മൽ തോടും കുറ്റിച്ചൽ പഞ്ചായത്തിലൂടെ ഒഴുകുന്ന കുമ്പിൾമൂട് തോടും മലിനമാക്കപ്പെടുന്നതായി കാണിച്ച് പരാതി ലഭിച്ചിട്ടുണ്ട്. കാട്ടാക്കട പഞ്ചായത്തിലൂടെ ഒഴുകുന്ന കുളത്തുമ്മൽ തോടിന്റെ ഉൽഭവസ്ഥാനമായ മൈലാടി കുളം മുതൽ അമ്പലത്തിൻകാല വരെയുള്ള ഭാഗത്തെ മാലിന്യ നിക്ഷേപം കണ്ടെത്തുന്നതിനായി നീർത്തട നടത്തം നടത്തുകയും മാലിന്യങ്ങൾ നിക്ഷേപിക്കുന്ന ഭാഗങ്ങൾ കണ്ടെത്തുകയും ഇങ്ങനെ മാലിന്യം നിക്ഷേപിക്കുന്നവരുടെ പേരുവിവരങ്ങൾ കണ്ടെത്തി അവർക്കെതിരെ നടപടികൾ സ്വീകരിക്കാൻ അറിയിച്ചുകൊണ്ട് കാട്ടാക്കട പഞ്ചായത്ത് അധികാരികൾക്ക് കത്ത് നൽകുകയുമുണ്ടായി. കൂടാതെ കുറ്റിച്ചൽ പഞ്ചായത്തിലെ കുമ്പിൾമൂട് തോട്ടിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാൻ പഞ്ചായത്തിനും കത്ത് നൽകിയിട്ടുണ്ട്.

(സി) നദികളെയും ജലസ്രോതസ്സുകളെയും പൂർണ്ണമായും മാലിന്യമുക്തമാക്കുന്നതിനും സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും പ്രസ്തുത പദ്ധതിയിൽ സംസ്ഥാനത്തെ ഏതെല്ലാം ജലാശയങ്ങൾ ഉൾപ്പെടുന്നുണ്ടെന്നും വ്യക്തമാക്കാമോ?

ഡാമുകൾ, കുളങ്ങൾ പോലുള്ള ജലസ്രോതസ്സുകൾ ഒഴികെയുള്ളവ പൂർണ്ണമായി മാലിന്യമുക്തമാക്കി സംരക്ഷിക്കുക എന്നത് പ്രായോഗികമായി സാധ്യമല്ല. എന്നാൽ,

മനുഷ്യർക്കും പക്ഷിമൃഗാദികൾക്കും മറ്റ് ജീവജാലങ്ങൾക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ ഗുണനിലവാരം കാത്തുസൂക്ഷിക്കാൻ സാധിക്കും. ഇതിനായി വർധിച്ച തോതിലുള്ള ജനപങ്കാളിത്തവും പൗരബോധവും ആവശ്യമാണ്. ഇതുകൂടാതെ ഒരിക്കൽ ശുചിയാക്കിയ ജലസ്രോതസ്സുകളിലേക്ക് മാലിന്യ നിക്ഷേപമോ മലിനജലക്കുഴലോ എത്തുന്നില്ലെന്ന് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ ഉറപ്പുവരുത്തേണ്ടതാണ്. നദീഭാഗങ്ങളുടെ മുകൾഭാഗത്ത് നിർമ്മിച്ചിട്ടുള്ള തടയണകൾ/റെഗുലേറ്ററുകൾ എന്നിവയിൽ സംഭരിച്ച വെള്ളം മാലിന്യരൂക്ഷത അനുഭവപ്പെടുന്ന സമയങ്ങളിൽ തുറന്നുവിടുന്നതുവഴി നദീജലത്തിലടങ്ങിയിട്ടുള്ള മാലിന്യത്തിന്റെ തോത് ലഘൂകരിക്കാൻ സാധിക്കും.

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠനമനുസരിച്ച് നദികളെ മലിനീകരണത്തിന്റെ (BOD-Biological Oxygen Demand in mg/L) അടിസ്ഥാനത്തിൽ 5 ആയി തരംതിരിക്കുന്നു.

Priority I - >30 mg/L

Priority II - 20 mg/L to 30 mg/L

Priority III - 10 mg/L to 20 mg/L

Priority IV - 6 mg/L to 10 mg/L

Priority V - 3 mg/L to 6 mg/L

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ജലസേചന വകുപ്പിന്റെയും മറ്റ് ബന്ധപ്പെട്ട വകുപ്പുകളുടെയും പ്രവർത്തന ഫലമായി ജലഗുണനിലവാരം മെച്ചപ്പെടുത്തിയതിനാൽ താഴെപ്പറയുന്ന 4 നദികളുടെ മുൻഗണനാ വിഭാഗത്തെ താഴ്ത്ത

മുൻഗണനാ വിഭാഗത്തിലേയ്ക്കുമാറ്റി. കേരളത്തിൽ ഇപ്പോൾ മുൻഗണന (I)യുള്ള (Priority I) നദികൾ ഇല്ല.

Karamana, at Thiruvananthapuram – Priority III (from Priority I)

Manimala at Alappuzha – Priority V(from Priority IV)

Pamba at Pathanamthitta – PriorityV (from Priority IV)

Kadambrayar at Ernakulam – PriorityV (from Priority IV)

CPCB (Central Pollution Control Board)-യുടെ പുതുക്കിയ കരട് റിപ്പോർട്ടിൽ നദികളുടെ ജല ഗുണനിലവാരത്തിന്റെ നിലവിലെ സ്ഥിതിയുടെ അടിസ്ഥാനത്തിൽ നീക്കംചെയ്ത 11 നദികൾ.

Mogral – at Kasaragod

Kuppam, Peruvarnba, Ramapuram, Kavvayi – at Kannur

Bharathapuzha, Bhavani – at Palakkad

Kutiyadi – at Kozhikode

Kecheri, Karuvannur, Puzhakkal – at Thrissur

പുതുതായി ചേർത്ത 8 പുതിയ റീച്ചുകൾ

Neyyar (IV), Vamanapuram (IV), Ayroor (V), Mamom (V), Chalakudy (V), Kalpathipuzha (V), Korayar (V), Pullur (V)

(ഡി) ജലാശയങ്ങളുടെ സംരക്ഷണത്തിനായി കേരള ജലസേചനവും ജലസംരക്ഷണവും നിയമം ശക്തമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ നേരിട്ട് നടപടിയെടുക്കുന്നതിനും പിഴ ചുമത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയ്ക്ക് അധികാരമുണ്ട്. 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും നിയമപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാനും പിഴയീടാക്കാനും കഴിയും. ഇത് കൂടുതൽ ഫലപ്രദമാക്കുന്നതിനും ശിക്ഷ/പിഴ വർധിപ്പിക്കുന്നതിനുമായി 2018-ൽ നിയമത്തിൽ ഭേദഗതി വരുത്തുകയും (2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം) ശിക്ഷ/പിഴ വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൻപ്രകാരം പൊലീസ് അധികൃതർക്ക് നൽകുന്ന പരാതിയിന്മേൽ അന്വേഷണം നടത്തി ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കേസ് ഫയൽ ചെയ്യേണ്ടതാണ്. മൂന്ന് വർഷംവരെ തടവും പരമാവധി രണ്ട് ലക്ഷം രൂപ പിഴയുമാണ് കുറ്റം തെളിഞ്ഞാൽ ലഭിക്കുന്നത്. പ്രസ്തുത നിയമഭേദഗതിക്കുശേഷം ഇത്തരമൊരു നിയമം നിലവിലുണ്ടെന്ന് പൊതുജന അവബോധം വളർത്താനാവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുകയും മാലിന്യ നിക്ഷേപം ശ്രദ്ധയിൽ വരികയാണെങ്കിൽ പൊലീസ് സ്റ്റേഷനിൽ പരാതി നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നവകേരള മിഷനിലെ ഹരിത കേരളം മിഷനിലൂടെ എത്ര ജലസ്രോതസ്സുകളെ മാലിന്യമുക്തമാക്കിയിട്ടുണ്ട്; വിശദാംശം ജില്ല തിരിച്ച് വെളിപ്പെടുത്തുമോ; അതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ "സംയോജിത നീർത്തടപ്ലാനുകൾ" തയ്യാറാക്കുകയും അവയിൽ മുൻഗണനാടിസ്ഥാനത്തിൽ നിർദ്ദേശിച്ചിട്ടുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണം/ പുനരുദ്ധാരണം/സംഭരണശേഷി വർധിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ജലസേചന വകുപ്പ് ഏറ്റെടുത്ത് നിർവഹിക്കാറുണ്ട്. ആയതിന്റെ ഫലമായി 1013 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നീരുറവ് മാസ്റ്റർപ്ലാനുകൾ തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്. ഒപ്പം കേരളത്തിലെ 15 ബ്ലോക്കുകളുടെയും 94 ഗ്രാമപഞ്ചായത്തുകളുടെയും ജല ബജറ്റിങ് (ഒരു നദീതടത്തിലോ/നീർത്തടത്തിലോ വിവിധ ആവശ്യങ്ങൾക്കായി വേണ്ടിവരുന്ന ജലവും ലഭ്യമായ ജലവും തമ്മിലുള്ള അന്തരം) നവകേരളം കർമ്മ പദ്ധതിയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. ജല ബജറ്റിങ് നടത്തിയ ബ്ലോക്കുകളുടെയും പഞ്ചായത്തുകളുടെയും ജലക്കമ്മി മനസ്സിലാക്കി അതനുസരിച്ച് നീരുറവ് മാസ്റ്റർ പ്ലാനിലെ പദ്ധതികൾ, ജലസേചന വകുപ്പിലെ സാങ്കേതിക സമിതി കൺവീനർമാർ സാങ്കേതിക പരിശോധന നടത്തി അതിന്റെ അടിസ്ഥാനത്തിൽ വരൾച്ച-വെള്ളപ്പൊക്കം എന്നിവയെ നേരിടുന്നതിന് കൃഷി-ജലസംരക്ഷണം എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നു. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ഹരിതകേരളം മിഷനിൽനിന്നും ശേഖരിച്ചുവരുന്നു.

രാമപുരം കുടിവെള്ളം പദ്ധതി

249 (3107) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന പാലാ നിയോജകമണ്ഡലത്തിലെ പതിമൂന്ന് പഞ്ചായത്തുകൾക്ക് മലങ്കര ഡാമിൽനിന്നും കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൂഞ്ഞാർ, പാലാ നിയോജകമണ്ഡലങ്ങളിലെ 13 പഞ്ചായത്തുകളിലെ എല്ലാ ഭവനങ്ങളിലേക്കും കുടിവെള്ളമെത്തിക്കുന്നതിന് 1243 കോടി രൂപ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയാണ് മീനച്ചിൽ-മലങ്കര കുടിവെള്ള പദ്ധതി. പാലാ നിയോജകമണ്ഡലത്തിലെ 8 പഞ്ചായത്തുകളിലായി 24525 വീടുകളിലും പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ 5 പഞ്ചായത്തുകളിലായി 17705 വീടുകളിലും ഉൾപ്പെടെ ആകെ 42230 കുടിവെള്ള കണക്ഷനുകൾ ഈ പദ്ധതി വഴി നൽകാൻ കഴിയും. 2023 ഒക്ടോബർ 21-ന് ഉദ്ഘാടനം ചെയ്ത ഈ പദ്ധതി ഇടുക്കി ജില്ലയിൽ സ്ഥിതിചെയ്യുന്ന മലങ്കര ഡാമിൽ ഫ്ലോട്ടിങ് പമ്പ് ഹൗസ് സ്ഥാപിച്ച് മുട്ടം വില്ലേജിലെ വള്ളിപ്പാറക്ക് സമീപം ബൂസ്റ്റിങ് സ്റ്റേഷൻ സ്ഥാപിച്ച് ഒരു ഘട്ടംകൂടി ബൂസ്റ്റുചെയ്ത് കടനാട് പഞ്ചായത്തിലെ നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിനശേഷിയുള്ള ജലശുദ്ധീകരണശാലയിൽ എത്തിച്ച് ശുദ്ധീകരിച്ച് ടി പഞ്ചായത്തിൽ ഉൾപ്പെടെ 13 പഞ്ചായത്തുകളിലേക്ക് ശുദ്ധജലം എത്തിക്കുന്നതിലേക്കാണ്

വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികളുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു.+

(ബി) ഈ പദ്ധതി വേഗത്തിൽ നടപ്പാക്കി കുടിവെള്ളക്ഷാമം പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പ്രതികൂല കാലാവസ്ഥയും ദുർഘടകരമായ ഭൂപ്രകൃതിയും വിവിധ വകുപ്പുകളിൽനിന്നും അനുമതി ലഭ്യമാകുന്നതിലുള്ള താമസം, ഫണ്ടിന്റെ അഭാവം എന്നിവ പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഫണ്ടിന്റെ അഭാവം തരണം ചെയ്യാനായി സംസ്ഥാന വിഹിതത്തിന് നബാർഡിൽനിന്നും വായ്പയെടുക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികളുടെ കരാറുകാരെയും അനുബന്ധ വകുപ്പുകളുടെയും ഏകോപനത്തോടെ വേണ്ട മുന്നൊരുക്കങ്ങൾ നടത്തി സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് മുന്നോട്ടുപോകുന്നത്.

ജലവിഭവ വകുപ്പ് ബാലുശ്ശേരി മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ

250 (3108) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി ജലവിഭവ വകുപ്പിന് കീഴിൽ ബാലുശ്ശേരി മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി ജലവിഭവ വകുപ്പിന് കീഴിൽ ബാലുശ്ശേരി മണ്ഡലത്തിൽ പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലുശ്ശേരി മണ്ഡലത്തിൽ എത്ര പ്രവൃത്തികൾക്കാണ് വകുപ്പിന് നിലവിൽ ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന വിശദാംശം ഗ്രാമപഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലുശ്ശേരി മണ്ഡലത്തിൽ ഫണ്ട് അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. +

അമൃത് കുടിവെള്ള പദ്ധതി

251 (3109) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകളിൽ അമൃത് പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച കുടിവെള്ള പദ്ധതി ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ എല്ലാ പ്രധാന നഗരങ്ങളിലും ശുദ്ധമായ കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി നടപ്പാക്കിവരുന്ന കേന്ദ്ര-സംസ്ഥാന സംയോജിത പദ്ധതിയായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അമൃത് 1.0, അമൃത് 2.0 എന്നിവ കേരളത്തിൽ പ്രധാനമായും കേരള വാട്ടർ അതോറിറ്റി മുഖേനയാണ് നടപ്പാക്കുന്നത്. ഈ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു:

അമൃത് 1.0

കേരളത്തിലെ പ്രധാനപ്പെട്ട ഒൻപത് നഗരങ്ങളിൽ (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ) നടപ്പാക്കിയ പദ്ധതി ഏതാണ്ട് 93% പൂർത്തീകരിച്ച് കഴിഞ്ഞിട്ടുണ്ട്. കേരള ജല അതോറിറ്റിക്ക് 1376.62 കോടി രൂപയുടെ 206 കുടിവെള്ള വിതരണ പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചത്. ഇതിൽ 189 കുടിവെള്ള വിതരണ പദ്ധതികൾ ഇതുവരെ പൂർത്തീകരിച്ചു. ബാക്കി 17 പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ട്. 2025 ഡിസംബറിലേക്ക് പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു.

അമൃത് 2.0

കേരളത്തിലെ 6 കോർപ്പറേഷനുകളും 87 മുനിസിപ്പാലിറ്റികളും ഉൾപ്പെടെ 93 നഗരങ്ങളാണ് അമൃത് 2.0-ൽ ഉൾപ്പെട്ടിരിക്കുന്നത്. അമൃത് 2.0-ൽ കേരള ജല അതോറിറ്റിക്ക് 2125.579 കോടി രൂപയുടെ 217 കുടിവെള്ള വിതരണ പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. ഇവയിൽ 99 സബ് പ്രവൃത്തികൾ ഇതുവരെ പൂർത്തീകരിക്കുകയും 178 സബ് പ്രവൃത്തികൾ നടന്നുവരുന്നുമുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ TS, ടെൻഡറിങ്, അവാർഡിങ് തുടങ്ങിയ ഘട്ടത്തിലാണ്. കൂടാതെ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട രണ്ട് പദ്ധതികൾ (72.13 കോടി രൂപയുടെ ഭരണാനുമതി) തൃശ്ശൂർ നഗരസഭ നേരിട്ടാണ് നടപ്പാക്കുന്നത്. ഈ പദ്ധതികളും ഡിസംബറോടെ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. നഗരസഭകൾ വഴി 74.055

കോടി രൂപയുടെ 31 ചെറുകിട കുടിവെള്ള പദ്ധതികൾക്ക് (8 നഗരസഭകൾക്ക്) MoHUA-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ 51.553 കോടി രൂപയുടെ 24 പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(ബി) ഇതുവരെയും പ്രസ്തുത പ്രവൃത്തി ആരംഭിക്കാത്ത ഏതെങ്കിലും നഗരസഭയുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കേരള വാട്ടർ അതോറിറ്റിക്ക് അനുമതി ലഭിച്ച താഴെപ്പറയുന്ന 6 നഗരസഭകളിൽ പ്രവൃത്തി ആരംഭിക്കാനുണ്ട്.

നം.	നഗരസഭ	അനുവദിച്ച പ്രവൃത്തി (എണ്ണം)
1	കരുനാഗപ്പള്ളി	1
2	കൊട്ടാരക്കര	4
3	കോട്ടക്കൽ	2
4	മഞ്ചേരി	1
5	തിരൂർ	1
6	പാനൂർ	1

ജൽ ജീവൻ പദ്ധതി

252 (3110) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൽ ജീവൻ പദ്ധതി പൂർത്തീകരിച്ച് എപ്പോൾ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ?

ജൽ ജീവൻ മിഷൻ പദ്ധതിയുടെ മിഷൻ പിരീഡ് 2024 ആയി തുടക്കത്തിൽ നിശ്ചയിച്ചിരുന്നു. പിന്നീടത് 2025 വരെ ദീർഘിപ്പിക്കുകയും 2025-26-ലെ യൂണിയൻ ബജറ്റിൽ കാലാവധി 2028 വരെ നീട്ടിയതായും പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത സമയപരിധിക്കുള്ളിൽ ജൽ ജീവൻ മിഷൻ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) പ്രസ്തുത പദ്ധതിയുടെ കരാറുകാർക്ക് സർക്കാർ ഫണ്ട് അനുവദിക്കാൻ ബാക്കിയുണ്ടോയെന്ന് വിശദമാക്കുമോ?

ജൽ ജീവൻ മിഷൻ പദ്ധതിയിൽ നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് 6039.24 കോടി രൂപ (5540 ബില്ലുകൾ - 2024 മാർച്ച് മുതൽ 2025 ആഗസ്റ്റ് വരെ) കുടിശ്ശിക നൽകാനുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പൈപ്പിടുന്നതിനായി സംസ്ഥാനത്ത് എത്ര കിലോമീറ്റർ ഗ്രാമീണ റോഡുകൾ ജലവിഭവ വകുപ്പ് ഏറ്റെടുത്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ?

ജൽ ജീവൻ മിഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി നടപ്പാക്കുന്ന പദ്ധതിയാണ്. ആയതിനാൽ പദ്ധതിക്കായി ഗ്രാമീണ റോഡുകൾ ഏറ്റെടുത്തിട്ടില്ല. എന്നാൽ പദ്ധതിയുടെ ഭാഗമായി പൈപ്പ്ലൈനുകൾ സ്ഥാപിക്കാൻ പഞ്ചായത്ത് റോഡുകൾ മുറിക്കേണ്ടതായി വന്നിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി പൈപ്പ്ലൈൻ സ്ഥാപിക്കാനായി കുഴിച്ച ടാർ റോഡുകളുടെ ജില്ല തിരിച്ചുള്ള വിവരവും റെസ്റ്റോറേഷൻ പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.[+]

[+] നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത റോഡുകളിൽ റെസ്റ്റോറേഷൻ പ്രവൃത്തി പൂർത്തിയാക്കിയതിന്റെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ?

ജൽ ജീവൻ മിഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി നടപ്പാക്കുന്ന പദ്ധതിയാണ്. ആയതിനാൽ പദ്ധതിക്കായി ഗ്രാമീണ റോഡുകൾ ഏറ്റെടുത്തിട്ടില്ല. എന്നാൽ പദ്ധതിയുടെ ഭാഗമായി പൈപ്പ്ലൈനുകൾ സ്ഥാപിക്കാൻ പഞ്ചായത്ത് റോഡുകൾ മുറിക്കേണ്ടതായി വന്നിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി പൈപ്പ്ലൈൻ സ്ഥാപിക്കാനായി കുഴിച്ച ടാർ റോഡുകളുടെ ജില്ല തിരിച്ചുള്ള വിവരവും റെസ്റ്റോറേഷൻ പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.+

ജൽജീവൻ പദ്ധതിക്കായി എടുത്ത റോഡുകളിൽ ഗതാഗത യോഗ്യമാക്കാത്ത റോഡുകൾ

253 (3111) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതിയുടെ പ്രവൃത്തിക്കുവേണ്ടിയെടുത്ത റോഡിലെ കുഴികൾ മൂടിയശേഷം പൂർണ്ണമായി ഗതാഗതയോഗ്യമാക്കാത്ത റോഡുകളുടെ പേരുവിവരങ്ങൾ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

നാദാപുരം മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതിയുടെ പ്രവൃത്തിക്ക് വേണ്ടിയെടുത്ത റോഡിലെ കുഴികൾ താൽക്കാലികമായി പുനഃസ്ഥാപനം നടത്തിയിട്ടുണ്ട്. പൂർണ്ണമായി

+

ഗതാഗതയോഗ്യമാക്കാത്ത റോഡുകളുടെ പേരുവിവരങ്ങൾ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു.+

ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി

254 (3112) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി തദ്ദേശസ്ഥാപനങ്ങൾ തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോയെന്നും ഇല്ലെങ്കിൽ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാവുമെന്നും വ്യക്തമാക്കുമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ജൽ ജീവൻ പദ്ധതിയുടെ പുരോഗതി

255 (3113) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ജൽ ജീവൻ പദ്ധതിയുടെ പ്രവൃത്തികളുടെ പുരോഗതി ഗ്രാമപഞ്ചായത്തുകൾ തിരിച്ച് അറിയിക്കാമോ; എത്ര കോടി രൂപയാണ് ആകെ ഇതിനായി അനുവദിച്ചിട്ടുള്ളത്; വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബാലുശ്ശേരി മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതിയുടെ പ്രവർത്തന പുരോഗതിയും പ്രസ്തുത പ്രവൃത്തികൾക്കായി അനുവദിച്ച തുകയുടെ വിവരങ്ങളും പഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

കാരോട് കുടിവെള്ള പദ്ധതി

256 (3114) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കാരോട് കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ചെങ്കൽ, കാരോട്, കുളത്തൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തികൾക്ക് കിഫ്ബി വഴി 89.189 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതിയുടെ ഭാഗമായി പൂർത്തീകരിക്കേണ്ട വിവിധ ഘടകങ്ങൾ താഴെപ്പറയുന്നവയാണ്:

1. പൊൻവിളയിൽ 16 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല.

2. മാവിളക്കടവിൽ 9.0 മീ. വ്യാസമുള്ള കിണറും പമ്പ്ഹൗസും.

3. പൊൻവിളയിൽ ജലശുദ്ധീകരണശാലയ്ക്കുള്ളിൽ സബ്സ്റ്റേഷൻ കെട്ടിടം.

4. ട്രാൻസ്ഫോർമറുകളും പമ്പ് സെറ്റുകളും സ്ഥാപിക്കൽ.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

5. പൊൻവിള, ചെങ്കൽ, കാരോട് എന്നിവിടങ്ങളിൽ 30, 17, 10 ലക്ഷം ലിറ്റർ വീതം സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണികൾ.

6. റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ പൈപ്പ് ലൈനുകൾ,

പദ്ധതിയുടെ ഭാഗമായ ജലശുദ്ധീകരണശാല, കിണറും പമ്പ്ഹൗസും, പൊൻവിളയിൽ 30 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി, ട്രാൻസ്ഫോർമറുകൾ, പമ്പ്സെറ്റുകൾ തുടങ്ങിയവ ഉൾപ്പെടുന്ന ഒന്നാം പാക്കേജിന്റെ പ്രവൃത്തികൾ പുരോഗമിക്കുന്നു. 40% പൂർത്തിയായ ഈ പദ്ധതിയുടെ ഭാഗമായ പ്രധാന പൈപ്പ്ലൈനുകൾ സ്ഥാപിക്കലും ഉദിയൻകുളങ്ങരയിൽ 17 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണവുമുൾപ്പെടുന്ന രണ്ടാം പാക്കേജിന്റെ പ്രവൃത്തികളും പുരോഗമിക്കുകയാണ്. 50% ഇതിനോടകം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കാരോട് പഞ്ചായത്തിൽ ജലസംഭരണി നിർമ്മിക്കാനായി കണ്ടെത്തിയ സ്ഥലത്ത് രണ്ട് താൽക്കാലിക വീടുകൾ നിർമ്മിച്ചിട്ടുള്ളതായി കാണുന്നു. ഇത് മാറ്റി സ്ഥാപിച്ചാൽ മാത്രമെ ജലസംഭരണിയുടെ നിർമ്മാണം ആരംഭിക്കാനാകുകയുള്ളൂ.

ഈ പദ്ധതിയുടെ രണ്ടാംഘട്ടമായി ജൽ ജീവൻ മിഷനിലുൾപ്പെടുത്തി കുളത്തൂർ, ചെങ്കൽ, കാരോട് പഞ്ചായത്തുകളിൽ ജലവിതരണ ശൃംഖലകൾ സ്ഥാപിച്ച് കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. പ്രവൃത്തിയുടെ പുരോഗതി യഥാക്രമം 75%, 83%, 80% എന്നിങ്ങനെയാണ്. ജൽ ജീവൻ മിഷനിലുൾപ്പെടുത്തി കുളത്തൂർ പഞ്ചായത്തിലെ കുന്നുംപുറത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന 15 ലക്ഷം ലിറ്റർ

സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ ദർഘാസ് നടപടികൾ പൂർത്തിയായി. പ്രസ്തുത ജലസംഭരണി നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം കേരള ജലഅതോറിറ്റിക്ക് കൈമാറിക്കിട്ടുന്നമുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനാവും. മാവിളക്കടവിൽ നെയ്യാറിന് കുറുകെ നിർമ്മിക്കാനുദ്ദേശിക്കുന്ന തടയണയുടെ ദർഘാസ് നടപടികൾ ഇറിഗേഷൻ വകുപ്പ് മുഖേന പുരോഗമിക്കുന്നു.

ജൽ ജീവൻ മിഷൻ കാലാവധി 2028 വരെ ദീർഘിപ്പിച്ചതായി കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതി 2026-ൽ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

ജലവിഭവ വകുപ്പ് വഴി നടപ്പാക്കുന്ന പദ്ധതികൾ

257 (3115) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ജലവിഭവ വകുപ്പുവഴി നടപ്പാക്കിയ വിവിധ പദ്ധതികൾ എന്തൊക്കെ; ഇതിനായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പദ്ധതിയുടെ വിശദ വിവരങ്ങൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ്/ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; ഫണ്ട് അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) പാറശ്ശാല മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ജലവിഭവ വകുപ്പുവഴി നടപ്പാക്കിയ വിവിധ പദ്ധതികൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ്/ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ ഫണ്ട് അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ സഹിതം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) പാറശ്ശാല ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനായി നെയ്യാർ കേന്ദ്രീകരിച്ച് ഒരു പ്രത്യേക പാക്കേജ് രൂപീകരിക്കണമെന്ന നിർദ്ദേശത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ അറിയിക്കാമോ?

ഉണ്ട്. പാറശ്ശാല ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനായി നെയ്യാർ കേന്ദ്രീകരിച്ച് ഒരു പ്രത്യേക പാക്കേജ് രൂപീകരിക്കണമെന്ന നിർദ്ദേശത്തെ തുടർന്ന് ഒരു പുതിയ പദ്ധതിക്കുള്ള സാധ്യതാപഠനം നടത്തുകയും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരികയുമാണ്.

കാഞ്ഞങ്ങാട് മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി

258 (3116) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ഏതെല്ലാം പഞ്ചായത്തുകളിലാണ് പദ്ധതി പൂർത്തിയാക്കിയതെന്നും എത്ര കണക്ഷനുകളാണ് നൽകാൻ ബാക്കിയുള്ളതെന്നും അറിയിക്കാമോ;

(സി) പദ്ധതിയുടെ ഭാഗമായുള്ള വാട്ടർടാങ്ക്, ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവയുടെ നിർമ്മാണത്തിന്റെ സ്ഥിതി അറിയിക്കാമോ;

(ഡി) പദ്ധതിയുടെ ഭാഗമായി കുഴിക്കേണ്ടി വന്ന ഏതെല്ലാം റോഡുകൾ പൂർവസ്ഥിതിയിലാക്കാൻ ബാക്കിയുണ്ടെന്ന് അറിയിക്കാമോ?

(എ-ഡി) വിവരം അനുബന്ധമായി ചേർക്കുന്നു.+

പെരിനാട് കുടിവെള്ള പദ്ധതി

259 (3117) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ മണ്ഡലത്തിലെ പെരിനാട് കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

വിലയിരുത്തിട്ടുണ്ട്.

ജൽ ജീവൻ പദ്ധതി

260 (3118) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സദയം മറുപടി നൽകുമോ:

ജൽ ജീവൻ പദ്ധതിയുടെ ഇടുക്കി ജില്ലയിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; ദേവികുളം മണ്ഡലത്തിലെ പഞ്ചായത്ത് തിരിച്ചുള്ള പ്രവർത്തന പുരോഗതി വിശദമാക്കാമോ?

ഇടുക്കി ജില്ലയിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി 241261 ഗാർഹിക കണക്ഷൻ നൽകുന്നതിനായി 2820.66 കോടി രൂപയുടെ ഭരണാനുമതി നൽകി. ഇതിൽ 40217 ഗാർഹിക കണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ദേവികുളം നിയോജക മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ പഞ്ചായത്ത് തിരിച്ചുള്ള പ്രവർത്തന പുരോഗതിയും പ്രവൃത്തികളുടെ പുരോഗതിയും അനുബന്ധങ്ങളായി ചേർക്കുന്നു.+

ബാലുശ്ശേരി മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതി

261 (3119) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി ഗ്രാമ പഞ്ചായത്തുകൾ തിരിച്ച് ലഭ്യമാക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതിയുടെ പ്രവർത്തന പുരോഗതിയും പ്രസ്തുത പ്രവൃത്തികൾക്കായി അനുവദിച്ച തുകയുടെ വിവരങ്ങളും പഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എത്ര കോടി രൂപയാണ് ഇതിനായി അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതിയുടെ പ്രവർത്തന പുരോഗതിയും പ്രസ്തുത പ്രവൃത്തികൾക്കായി അനുവദിച്ച തുകയുടെ വിവരങ്ങളും പഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

കോങ്ങാട് മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതി

262 (3120) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; ഏതെല്ലാം പഞ്ചായത്തിലാണ് പദ്ധതി പൂർത്തിയാക്കാനുള്ളത്; എത്ര കണക്ഷനുകളാണ് നൽകാൻ ബാക്കിയുള്ളതെന്ന് വ്യക്തമാക്കുമോ; പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കോങ്ങാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള 9 പഞ്ചായത്തുകളിൽ (കാഞ്ഞിരപ്പുഴ, കരിമ്പ, കാരാകുറിശ്ശി, പറളി, മണ്ണൂർ, മങ്കര, കേരളശ്ശേരി, തച്ചമ്പാറ, കോങ്ങാട്) ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികൾ നടന്നുവരികയാണ്. കോങ്ങാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്തുകളിൽ ഇനി നൽകാനുള്ള കണക്ഷനുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ കോങ്ങാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്തുകളിലെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭാഗമായുള്ള പ്രവൃത്തികളുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു.+ പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികളുടെ കരാറുകാരുടെയും അനുബന്ധ വകുപ്പുകളുടെയും ഏകോപനത്തോടെ പദ്ധതി പൂർത്തീകരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് മുന്നോട്ടുപോകുന്നത്. ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്.

(ബി) കിഫ്ബി ഫണ്ട് ഉപയോഗിച്ച് കേരള വാട്ടർ അതോറിറ്റി മുഖേന കരിമ്പ, കോങ്ങാട് ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

കിഫ്ബി ഫണ്ടുപയോഗിച്ച് കരിമ്പ, കോങ്ങാട് ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ 12 എം.എൽ.ഡി. ജലശുദ്ധീകരണ ശാല, പമ്പ്ഹൗസ്, റോ വാട്ടർ പമ്പിങ് മെയിൻ എന്നിവ ഉൾപ്പെട്ട പാക്കേജ് 1 പൂർത്തീകരിച്ചിട്ടുണ്ട്. ഇതിലെ രണ്ടാമത്തെ പാക്കേജായി കരിമ്പ പഞ്ചായത്തിലെ പാറയ്ക്കൽ 13 ലക്ഷം ലിറ്റർ ഉന്നതതല സംഭരണി, ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ, പമ്പ്സെറ്റ് എന്നിവ ഉൾപ്പെടുന്ന പ്രവൃത്തി പ്രാഥമിക കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ രണ്ടുതവണ ദർഘാസ് ക്ഷണിച്ചെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ റദ്ദാക്കുകയാണുണ്ടായത്. പിന്നീട് ടി പ്രവൃത്തിക്ക് ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തി 1770 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതിനെത്തുടർന്ന് നാല് പാക്കേജുകളായി ടെൻഡർ ക്ഷണിക്കുകയും ഓഫറുകൾ ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. എന്നാൽ 16-08-2024-നുശേഷം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തികൾക്ക് വർക്ക് ഓർഡർ നൽകാനുള്ള അനുമതി NJJM-ൽനിന്നും ലഭ്യമായിട്ടില്ല.

NH 966-ൽ തൃപ്പനാട് മുതൽ കല്ലടിക്കോട് ടി.ബി. ജംഗ്ഷൻവരെ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതി NH അതോറിറ്റിയിൽനിന്നും ലഭ്യമായതിനെത്തുടർന്ന് ടി പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കേണ്ടതിനാൽ റിസ്ക് & കോസ്റ്റ് പ്രവൃത്തിയായി ടെൻഡർ ക്ഷണിച്ച് 30-11-2022-ന് പ്രവൃത്തി പൂർത്തീകരിച്ചു.

പാലാ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

263 (3121) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിൽ ജൽ ജീവൻ പദ്ധതി പ്രകാരം എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കിവരുന്നത്; ഈ പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പാലാ മണ്ഡലത്തിൽ ജൽ ജീവൻ പദ്ധതി ഉൾപ്പെടെ എന്തെല്ലാം പുതിയ കുടിവെള്ള പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

(എ&ബി) പാലാ നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതികൾ കൂടാതെ മറ്റ് പുതിയ കുടിവെള്ള പദ്ധതികളൊന്നും വിഭാവനം ചെയ്തിട്ടില്ല.

പാലാ മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിപ്രകാരം നടപ്പാക്കിവരുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കോട്ടയം ജില്ലയിലെ കരുർ ഗ്രാമപഞ്ചായത്തിൽ മീനച്ചിൽ നദി സ്രോതസ്സായി ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിദിനം ആറ് ദശലക്ഷം ലിറ്റർ സ്ഥാപിത ശേഷിയോടെ നടപ്പാക്കുന്ന പദ്ധതിയാണ് കരുർ കുടിവെള്ള പദ്ധതി (ഭരണാനുമതി തുക - 71.39 കോടി രുപ). മീനച്ചിലാറിന്റെ തീരത്ത് കടപ്പാട്ടൂർ എന്ന സ്ഥലത്ത് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുള്ള 6 മീറ്റർ വ്യാസമുള്ള വെൽ-കം-പമ്പ് ഹൗസിൽനിന്നും പമ്പ് ചെയ്യുന്ന ജലം വലവൂരിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന 6 MLD ജല ശുദ്ധീകരണശാലയിലെത്തിക്കുകയും തുടർന്ന് ശുദ്ധീകരിച്ച ജലം സെന്റ് തോമസ് മൗണ്ട് (0.85 ലക്ഷം ലിറ്റർ), നെല്ലിയാനി (1.8 ലക്ഷം ലിറ്റർ) എന്നിവിടങ്ങളിൽ നിലവിലുള്ള ഭൂതല ജലസംഭരണികളിലും, IIIT ക്യാമ്പസ് (5 ലക്ഷം ലിറ്റർ), വലവൂർ (6 ലക്ഷം ലിറ്റർ) എന്നിവിടങ്ങളിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ജല സംഭരണികളിലും എത്തിച്ച് 191.69 കി.മീ. ജലവിതരണ ശൃംഖല സ്ഥാപിച്ച് 5644 ഗാർഹിക കുടിവെള്ള കണക്ഷനുകളിൽ ശുദ്ധജല വിതരണം നടത്തുന്നതിനുവേണ്ടിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികളുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു.+

2. ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൂഞ്ഞാർ, പാലാ നിയോജകമണ്ഡലങ്ങളിലെ 13 പഞ്ചായത്തുകളിലെ എല്ലാ ഭവനങ്ങളിലേക്കും കുടിവെള്ളമെത്തിക്കുന്നതിന് 1243 കോടി രുപ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്ത് നടപ്പാക്കികൊണ്ടിരിക്കുന്ന പദ്ധതിയാണ് മീനച്ചിൽ-മലങ്കര കുടിവെള്ള പദ്ധതി. പാലാ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയോജകമണ്ഡലത്തിലെ 8 പഞ്ചായത്തുകളിലായി 24525 വീടുകളിലും പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ 5 പഞ്ചായത്തുകളിലായി 17705 വീടുകളിലും ഉൾപ്പെടെ ആകെ 42230 കുടിവെള്ള കണക്ഷനുകൾ ഈ പദ്ധതി വഴി നൽകാൻ കഴിയും. 2023 ഒക്ടോബർ 21-ന് ഉദ്ഘാടനം ചെയ്ത ഈ പദ്ധതി ഇടുക്കി ജില്ലയിൽ സ്ഥിതിചെയ്യുന്ന മലങ്കര ഡാമിൽ ഫ്ലോട്ടിങ് പമ്പ്ഹൗസ് സ്ഥാപിച്ച് മുട്ടം വില്ലേജിലെ വള്ളിപ്പാറക്കുസമീപം ബൂസ്റ്റിങ് സ്റ്റേഷൻ സ്ഥാപിച്ച് ഒരു ഘട്ടംകൂടി ബൂസ്റ്റ് ചെയ്ത് കടനാട് പഞ്ചായത്തിലെ നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ എത്തിച്ച് ശുദ്ധീകരിച്ച് ടി പഞ്ചായത്തിൽ ഉൾപ്പെടെ 13 പഞ്ചായത്തുകളിലേക്ക് ശുദ്ധജലം എത്തിക്കുന്നതിലേക്കാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാലാ മണ്ഡലത്തിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിലെ പ്രവൃത്തികളുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു.[+]

3. ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എലിക്കുളം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിവരുന്ന പ്രവൃത്തികളുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു.[+]

ജൽ ജീവൻ പദ്ധതിയുടെ കരാറുകാരുടെ കുടിശ്ശിക

264 (3122) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് ജൽ ജീവൻ പദ്ധതിയുടെ നടത്തിപ്പ് ഏറ്റെടുത്തിട്ടുള്ള കരാറുകാർക്ക് കുടിശ്ശിക തുക നൽകാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തുക സമയബന്ധിതമായി നൽകി പദ്ധതി പ്രവൃത്തികൾ മുടങ്ങാതിരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ പദ്ധതിയുടെ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർക്ക് കുടിശ്ശിക തുക നൽകുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രധാനമായും ഫണ്ടിന്റെ ലഭ്യതക്കുറവുമൂലമാണ് പൂർത്തിയാക്കിയ പ്രവൃത്തികളുടെ തുക സമയബന്ധിതമായി കൈമാറാൻ കഴിയാത്ത സാഹചര്യമുണ്ടായത്. സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ പദ്ധതിയുടെ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർക്ക് നിലവിൽ 5644 ബില്ലുകളിലായി 6117.17 കോടി രൂപയുടെ കുടിശ്ശികയുണ്ട്. പദ്ധതി പ്രവൃത്തികൾ മുടങ്ങാതിരിക്കാനും കുടിശ്ശിക സമയബന്ധിതമായി നൽകാനുമായി നടപടി സ്വീകരിച്ചിട്ടുണ്ട്. ജൽ ജീവൻ മിഷന്റെ സംസ്ഥാന വിഹിതം കണ്ടെത്തുന്നതിനായി കേരള വാട്ടർ അതോറിറ്റി (KWA) സമർപ്പിച്ച വിവിധ നിർദേശങ്ങൾ സർക്കാരിന് ലഭിക്കുകയും അതിന്റെ ഭാഗമായി നബാർഡിൽ (NABARD) നിന്ന് വായ്പയെടുക്കുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം നൽകുകയും ചെയ്തു. 15-09-2025-ലെ G.O.(Ms) No.67/2025/WRD പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് 9,000 കോടി രൂപ കടമെടുക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. ഈ 9,000 കോടി രൂപയിൽ 5,000 കോടി രൂപ ആദ്യ ഗഡുവായി എടുക്കാനുള്ള അനുമതിയാണ് നിലവിൽ നൽകിയിട്ടുള്ളത്.

ജലനിധി പദ്ധതി

265 (3123) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതിയിൽ പൂർത്തിയാക്കിയ ഏതെല്ലാം പദ്ധതികൾക്ക് വാട്ടർ അതോറിറ്റിയിൽനിന്നും വെള്ളം നൽകുന്നുണ്ടെന്നും ഇതിന് ഏർപ്പെടുത്തിയിട്ടുള്ള വാട്ടർ ചാർജ് ഇനത്തിൽ ഈടാക്കിയ തുക എത്രയെന്നും വ്യക്തമാക്കാമോ?

വാട്ടർ അതോറിറ്റി വെള്ളം നൽകുന്ന 29 ജലനിധി പദ്ധതികളാണുള്ളത്. പദ്ധതികളുടെ ഡിവിഷൻ തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+ ജലനിധി പദ്ധതികൾക്കായി നാളിതുവരെ വാട്ടർ ചാർജിനത്തിൽ ഈടാക്കിയ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കാലയളവ്	വാട്ടർ ചാർജ്
2014-2021	6 രൂപ/കിലോ ലിറ്റർ
2021-2022	6.30 രൂപ/കിലോ ലിറ്റർ
2022-2023	6.62 രൂപ/കിലോ ലിറ്റർ
2023 മുതൽ	16.62 രൂപ/കിലോ ലിറ്റർ

(ബി) ജലനിധി പദ്ധതിയിൽ പൂർത്തിയാക്കിയ പദ്ധതിയിൽ ഉപഭോക്തൃ സമിതികൾ വാട്ടർ ചാർജ് ഇനത്തിൽ നൽകിയ തുക എത്രയെന്നും എത്ര തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെന്നും അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജലനിധി പദ്ധതിയിൽ പൂർത്തിയാക്കിയ പദ്ധതിയിൽ വാട്ടർ ചാർജ് ഇനത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് ലഭിച്ച തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

കാലയളവ്	വാട്ടർ ചാർജ് ഇനത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് ലഭിച്ച തുക (കോടിയിൽ)
2020-21	3.25
2021-22	3.56
2022-23	5.32
2023-24	5.49
2024-25	6.55
2025 ആഗസ്റ്റ് വരെ	2.55

ജലനിധി പദ്ധതികളിൽനിന്നും കേരള വാട്ടർ അതോറിറ്റിക്ക് ലഭിക്കാനുള്ള വാട്ടർ ചാർജ് കുടിശ്ശിക (08/2025 വരെ) 63.26 കോടി രൂപയാണ്.

(സി) മേല്പറഞ്ഞ വാട്ടർചാർജ് കുടിശ്ശിക തുക ഈടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ജലനിധി പദ്ധതികളിലെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ഡിവിഷൻതലത്തിൽ കത്തിടപാടുകൾ നടത്തുന്നുണ്ട്. കുടിശ്ശിക വരുത്തിയ ജലനിധി പദ്ധതികളുടെ ഭാരവാഹികളുമായും ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുമായും ഡിവിഷൻതലത്തിൽ നിരവധി ചർച്ചകൾ നടത്തുകയും കുടിശ്ശിക തുക എത്രയും വേഗം അടയ്ക്കണമെന്ന് ആവശ്യപ്പെടുകയും

ചെയ്തിരുന്നു. തനത് മാസങ്ങളിലെ വാട്ടർ ചാർജിന്റെ 50% എങ്കിലും അടയ്ക്കാത്ത പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള വിതരണം (ചില പദ്ധതികളുടെ) ഭാഗികമായി വിച്ഛേദിച്ചുവരുന്നു. Pre-RR നോട്ടീസുകൾ നൽകി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നു. ജലനിധിയുടെ പേരിലുള്ള പ്രതിമാസ വാട്ടർ ചാർജ് അതേ മാസംതന്നെ ഒടുക്കുന്നതിനുള്ള പ്രാരംഭ നടപടിയായി വാർഡ് അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ മീറ്റിങ് വിളിച്ചുചേർക്കുന്നതിനും ഡിസ്കണക്ഷൻ നടപടികൾ ത്വരിതപ്പെടുത്തുന്നതിനുമുള്ള നടപടികൾ ഡിവിഷൻതലത്തിൽ സ്വീകരിച്ചുവരുന്നു.

കുന്നത്തുനാട് മണ്ഡലത്തിലെ കുടിവെള്ള പദ്ധതി

266 (3124) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലവിഭവ വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കുന്നത്തുനാട് മണ്ഡലത്തിൽ എത്ര പേർക്ക് പുതിയതായി കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിന്റെ കണക്ക് പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) ആയതിനായി എത്ര തുക ചെലവഴിച്ചെന്ന് പഞ്ചായത്ത് തിരിച്ചുള്ള തുക വ്യക്തമാക്കാമോ?

(എ-സി) കുന്നത്തുനാട് മണ്ഡലത്തിന് കീഴിലുള്ള പ്രവൃത്തികളുടെ പഞ്ചായത്തുതിരിച്ച് നൽകിയ കുടിവെള്ള കണക്ഷനുകളുടെയും ആയതിന് ചെലവായ തുകയുടെയും വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

വാമനപുരം മണ്ഡലത്തിലെ കുടിവെള്ള കണക്ഷനുകൾ

267 (3125) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ ആരംഭിക്കുന്നതിനുമുമ്പുള്ള കുടിവെള്ള കണക്ഷനുകളുടെ എണ്ണവും ജൽ ജീവൻ മിഷൻ മുഖാന്തരം നൽകിയ കണക്ഷനുകളുടെ എണ്ണവും ഇനി നൽകാൻ അവശേഷിക്കുന്ന കുടിവെള്ള കണക്ഷനുകളുടെ എണ്ണവും അനുവദിച്ച തുകയും ഗ്രാമപഞ്ചായത്ത് തിരിച്ച് നൽകാമോ?

മണ്ഡലം	JJM ന് മുമ്പ്	JJM മുഖാന്തരം	അവശേഷിക്കുന്ന കണക്ഷൻ	അനുവദിച്ച തുക (ലക്ഷം)
വാമനപുരം	895	2537	4851	5291.13
ആനാട്	387	1695	6719	5115.2
കല്ലറ	3393	4285	1273	2551.49
നന്ദിയോട്	566	2668	5608	2842.9
നെല്ലനാട്	2872	4048	874	4272.08
പനവൂർ	1250	4715	1338	2557.13
പാങ്ങോട്	973	6150	2595	4482.99
പെരിങ്ങമ്മല	361	1070	5457	12456.7
പുല്ലമ്പാറ	1381	4695	1304	2557.24

വാട്ടർ ചാർജ് ഇനത്തിൽ കേന്ദ്ര സർക്കാർ അനുവദിച്ച ഗ്രാന്റ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

268 (3126) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് പൊതുടാപ്പുകളിലൂടെ പൊതുജനത്തിന് ജലം വിതരണം നടത്തുന്നതിനുള്ള വാട്ടർ ചാർജായി കേന്ദ്ര സർക്കാർ നൽകുന്ന ഗ്രാന്റ് ഏതിനത്തിലാണ് സംസ്ഥാന സർക്കാർ വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പൊതുടാപ്പുകളുടെ വാട്ടർ ചാർജ് കുടിശ്ശിക ഇനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് കേരള വാട്ടർ അതോറിറ്റിക്ക് ലഭിക്കാനുള്ള കുടിശ്ശിക തുക നിലവിൽ കേന്ദ്ര ധനകാര്യ കമ്മീഷന്റെ ഗ്രാന്റിൽനിന്നുമാണ് അനുവദിച്ചുനൽകുന്നത്.

(ബി) പ്രസ്തുത ഗ്രാന്റിനത്തിൽ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കുമായി കേന്ദ്ര സർക്കാർ അനുവദിച്ച 719 കോടി രൂപ സംസ്ഥാന സർക്കാർ എന്താവശ്യത്തിനായിട്ടാണ് വിനിയോഗിക്കുകയെന്ന് വ്യക്തമാക്കാമോ?

27-03-2025-ലെ G.O.(Rt)No.3217/2025/Fin പ്രകാരം പതിനാലാം ധനകാര്യ കമ്മിഷന്റെ ഗ്രാന്റിൽനിന്നും പൊതുടാപ്പുകളുടെ വാട്ടർ ചാർജ് കുടിശ്ശിക ഇനത്തിൽ 719.16 കോടി രൂപ കേരള വാട്ടർ അതോറിറ്റിക്ക് അനുവദിച്ചിരുന്നു. 20-08-2025-ലെ G.O.(Ms) No.103/2025/Fin പ്രകാരം പതിനാലാം ധനകാര്യ കമ്മീഷന്റെ ഗ്രാന്റിൽനിന്നും അനുവദിച്ച തുക കെ.ഡബ്ല്യു.എ.-യുടെ വൈദ്യുതി ചാർജ് കുടിശ്ശിക ഇനത്തിൽ സർക്കാർ ഏറ്റെടുത്ത 2,068/- കോടി രൂപയിൽനിന്ന് ക്രമീകരിച്ച് ഉത്തരവായി.

(സി) പഞ്ചായത്ത് പൊതുടാപ്പുകളിലൂടെ ജലവിതരണം നടത്തിയ ഇനത്തിലെ വാട്ടർ ചാർജ് കുടിശ്ശിക തീർക്കുന്നതിനായി കേന്ദ്രം അനുവദിച്ച ഗ്രാന്റിൽനിന്ന് സംസ്ഥാന സർക്കാർ എത്ര കോടി രൂപയാണ് അതിനായി വിനിയോഗിക്കുകയെന്ന് വ്യക്തമാക്കാമോ?

കേന്ദ്രം അനുവദിച്ച ഗ്രാന്റിൽനിന്ന് 1405.75 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുടാപ്പുകളിലൂടെ ജലവിതരണം നടത്തിയ ഇനത്തിലെ വാട്ടർ ചാർജ് കുടിശ്ശിക തീർക്കുന്നതിനായി വിനിയോഗിച്ചു.

(ഡി) നടപ്പ് സാമ്പത്തിക വർഷം നാളിതുവരെയായി സംസ്ഥാന സർക്കാർ ജല അതോറിറ്റിക്ക് ഈ ഗ്രാന്റ് തുക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

27-03-2025-ലെ G.O.(Rt)No.3217/2025/Fin പ്രകാരം പതിനാലാം ധനകാര്യ കമ്മീഷന്റെ ഗ്രാന്റിൽനിന്നും പൊതുടാപ്പുകളുടെ വാട്ടർ ചാർജ് കുടിശ്ശികയിനത്തിൽ 719.16 കോടി രൂപയും 30-08-2025-ലെ G.O.(Rt)No.7034/2025/Fin പ്രകാരം 529.91 കോടി രൂപയും 24-09-2025-ലെ G.O.(Rt)No.7771/2025/Fin പ്രകാരം 156.68 കോടി രൂപയും കേരള വാട്ടർ അതോറിറ്റിക്ക് അനുവദിച്ചിരുന്നു. 20-08-2025-ലെ G.O.(Ms)No.103/2025/Fin പ്രകാരം പതിനാലാം ധനകാര്യ കമ്മീഷന്റെ ഗ്രാന്റിൽനിന്നും അനുവദിച്ച തുകയായ 719.16 കോടി രൂപയും 25-09-2025-ലെ G.O.(Ms)No.123/2025/Fin പ്രകാരം ധനകാര്യ കമ്മീഷന്റെ ഗ്രാന്റിൽനിന്നും അനുവദിച്ച തുകയായ 529.91 കോടി രൂപയും കെ.ഡബ്ല്യു.എ.-യുടെ വൈദ്യുതി ചാർജ് കുടിശ്ശിക ഇനത്തിൽ സർക്കാർ ഏറ്റെടുത്ത 2,068/- കോടി രൂപയിൽനിന്ന് ക്രമീകരിച്ച് ഉത്തരവായി.

തിരുമാറാടി പഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി

269 (3127) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിലെ മണ്ഡലം മലയിൽ ജൽ ജീവൻ മിഷനുമായി ബന്ധപ്പെട്ട് വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിന്റെ നിലവിലെ സ്ഥിതിവിശേഷം എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ടാങ്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട കോടതി വിധികൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത കോടതി വിധി പ്രകാരം സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(എ-സി) ജൽ ജീവൻ പദ്ധതിയുടെ ഭാഗമായി തിരുമാറാടി പഞ്ചായത്തിലെ മണ്ഡലമലയിൽ 9 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജലസംഭരണി നിർമ്മിക്കാനാവശ്യമായ 15 സെന്റും അപ്രോച്ച് റോഡിന് 5 സെന്റും ചേർത്ത് മൊത്തം 20 സെന്റ് സ്ഥലം തിരുമാറാടി പഞ്ചായത്ത് ഏറ്റെടുത്ത് നൽകേണ്ടതായുണ്ട്. സ്ഥലം ഏറ്റെടുക്കാൻ പഞ്ചായത്ത് ആവശ്യപ്പെട്ട രേഖകൾ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി സ്ഥലം പഞ്ചായത്തിന് ഏറ്റെടുക്കാൻ സാധിച്ചിട്ടില്ലാത്തതാണ്. മണ്ഡലമലയിൽ ടാങ്ക് നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 23-03-2023-ലെ W.P.(C) 27865/2022 നമ്പർ കേസിലെ

വിധിപ്രകാരം ഒരു മാസത്തിനകം തിരുമാറാടി പഞ്ചായത്ത് സ്ഥലം ഏറ്റെടുത്ത് നൽകേണ്ടതും സാധിക്കുന്നില്ലെങ്കിൽ ജില്ലാ കളക്ടർ അക്വിസിഷൻ നടപടികൾ സ്വീകരിക്കുന്നതിനുമാണ് നിർദ്ദേശിച്ചിരിക്കുന്നത്. കൂടാതെ തിരുമാറാടി പഞ്ചായത്തിൽത്തന്നെ അരീത്തടമലയിൽ ജലസംഭരണി നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കാവുന്നതാണെന്ന് ആവശ്യപ്പെട്ട് W.P.(C) 22922/2025 പ്രകാരം നൽകിയിരുന്ന ഹർജി ബഹുമാനപ്പെട്ട ഹൈക്കോടതി പരിശോധിക്കുകയും 09-09-2025-ന് ടി ഹർജി തള്ളിക്കൊണ്ട് ഉത്തരവായിട്ടുള്ളതുമാണ്. നിലവിൽ ലാൻഡ് അക്വിസിഷൻ നടപടികളുടെ ഭാഗമായി തിരുമാറാടി പഞ്ചായത്ത്, പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശസ്വയംഭരണ വകുപ്പിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

തിരുമാറാടി പഞ്ചായത്ത് സ്ഥലം ഏറ്റെടുത്ത് കേരള വാട്ടർ അതോറിറ്റിക്ക് നൽകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതിയുടെ ടെൻഡറിങ് നടപടികൾ ആരംഭിക്കാവുന്നതാണ്.

(ഇ) നിലവിൽ പ്രസ്തുത സ്ഥലത്ത് ടാങ്ക് സ്ഥാപിക്കുന്നതിന് സാങ്കേതികമായ തടസ്സങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

നിലവിൽ പ്രസ്തുത സ്ഥലത്ത് ടാങ്ക് സ്ഥാപിക്കുന്നതിന് സ്ഥലലഭ്യത ഒഴികെ സാങ്കേതികമായ മറ്റ് തടസ്സങ്ങളില്ല.

തിരുവമ്പാടിയിലെ ജൽ ജീവൻ പദ്ധതി

270 (3128) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതിയിൽ ഓരോ തദ്ദേശഭരണസ്ഥാപനത്തിലും അനുവദിച്ച തുകയെത്രയെന്നും അവയിൽ എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കുമോ?

ജൽ ജീവൻ മിഷനിൽ തിരുവമ്പാടി മണ്ഡലത്തിൽ പ്രധാനമായും രണ്ട് പദ്ധതികളിലായാണ് പ്രവൃത്തി പുരോഗമിച്ചു വരുന്നത്.

1. WSS to Chathamangalam, Unnikulam, Kizhakkoth, Kattippara, Kodenchery, Madavoor, Puthuppady, Thamarassery, Naduvannur

9 പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ഈ സ്കീമിന്റെ ആകെ ഭരണാനുമതി തുക 872.60 കോടി രൂപയാണ്. ഈ സ്കീമിൽ ഉൾപ്പെടുന്ന തിരുവമ്പാടി മണ്ഡലത്തിലെ കോടഞ്ചേരി, പുതുപ്പാടി പഞ്ചായത്തുകളുടെ വിഹിതം 214.94 കോടി രൂപയാണ്. ഇതിൽ 100.64 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

2. WSS to Karassery, Kodiyathur, Omassery, Koodaranhi,Thiruvampady.

5 പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ഈ സ്കീമിന്റെ ആകെ ഭരണാനുമതി തുക 333.50 കോടി രൂപയാണ്. ഈ സ്കീമിൽ ഉൾപ്പെടുന്ന തിരുവമ്പാടി മണ്ഡലത്തിലെ കൊടിയത്തൂർ,

കാരശ്ശേരി, കുടരഞ്ഞി, തിരുവമ്പാടി എന്നീ പഞ്ചായത്തുകളുടെ വിഹിതം 243.05 കോടി രൂപയാണ്. ഇതിൽ 156.16 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ തദ്ദേശഭരണസ്ഥാപനം തിരിച്ചുള്ള പുരോഗതി റിപ്പോർട്ട് ലഭ്യമാക്കുമോ?

പഞ്ചായത്ത്	പ്രവൃത്തി പൂർത്തീകരണം (ശതമാനത്തിൽ)
തിരുവമ്പാടി	90
കോടഞ്ചേരി	60
കുടരഞ്ഞി	63
കാരശ്ശേരി	70
കൊടിയത്തൂർ	65
പുതുപ്പാടി	65

(സി) പ്രസ്തുത പദ്ധതി പൂർത്തിയാകാൻ ഇനിയും എത്ര സമയമെടുക്കുമെന്ന് വ്യക്തമാക്കുമോ?

കാരശേരി, കൊടിയത്തൂർ, തിരുവമ്പാടി എന്നീ ഗ്രാമപഞ്ചായത്തുകളിൽ പൈപ്പ്ലൈൻ സ്ഥാപിക്കാൻ KSTP, KRFB, PWD റോഡുകളിൽ അനുമതി ലഭിക്കേണ്ടതുണ്ട്. അനുമതി ലഭിച്ചശേഷം പ്രവൃത്തി പൂർത്തീകരിക്കാൻ 12 മാസം സമയം ആവശ്യമുണ്ട്. പുതുപ്പാടി പഞ്ചായത്തിൽ 2026-ൽ പ്രവൃത്തി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. കുടരഞ്ഞി, കോടഞ്ചേരി ഗ്രാമ പഞ്ചായത്തുകളിൽ 2028 വർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

ചക്കിട്ടപാറ പഞ്ചായത്തിലെ കുഷിവെള്ള പദ്ധതി

271 (3129) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ ചക്കിട്ടപാറ പഞ്ചായത്തിലെ കുപ്പിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിലെ ചക്കിട്ടപാറ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്നതും പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും സുഭിക്ഷ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്ക് നൽകിയതും നിലവിൽ പ്രവർത്തനരഹിതവുമായ ഗോഡൗൺ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ബാധ്യതകൾ തീർത്ത് പാട്ടത്തിനെടുത്ത് ഹില്ലി അക്വാ കുപ്പിവെള്ള പ്ലാന്റ് നിർമ്മാണത്തിന് ഉപയോഗിക്കാൻ തീരുമാനിച്ചിരുന്നു. പദ്ധതി പൂർത്തീകരിക്കുന്നതിനായി ധനകാര്യ സ്ഥാപനത്തിൽനിന്നും വായ്പ ലഭ്യമാക്കാനുള്ള നടപടി അന്തിമഘട്ടത്തിലാണ്. പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്കും ധനകാര്യ സ്ഥാപനത്തിൽനിന്നും പദ്ധതി ചെലവിനുള്ള തുക ലഭ്യമായാൽ ഉടൻതന്നെ ടി പദ്ധതിയുടെ നിർമ്മാണം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ രേഖകളും അപേക്ഷയും പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിനും ധനകാര്യ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്.

(ബി) പദ്ധതി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിൽനിന്നും ടി വസ്തുവും കെട്ടിടങ്ങളും പാട്ടത്തിന് കൈമാറി ധനകാര്യ സ്ഥാപനത്തിൽനിന്ന് വായ്പയും ലഭ്യമായാൽ 6 മാസത്തിനകം നിയമാനുസരണം പദ്ധതി പൂർത്തീകരിക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്.

ചാലക്കുടിയിലെ ജൽ ജീവൻ പദ്ധതി പ്രവർത്തനങ്ങൾ

272 (3130) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ ജൽ ജീവൻ പദ്ധതിയുടെ ഭാഗമായി പൈപ്പുകൾ സ്ഥാപിക്കുന്നതും റോഡ് പൂർവസ്ഥിതിയിലാക്കുന്നതും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്നത് സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ചാലക്കുടി മണ്ഡലത്തിൽ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കരാറുകാർക്ക് കത്ത് മുഖേനയും യോഗം ചേർന്നും നിർദേശങ്ങൾ നൽകുന്നുണ്ട്. ജൽ ജീവൻ മിഷൻ പ്രവൃത്തികളിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിനായി ജനപ്രതിനിധികളും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി നിയോജകമണ്ഡലാടിസ്ഥാനത്തിൽ സി.എം.ടി. യോഗങ്ങളും താലൂക്കടിസ്ഥാനത്തിൽ താലൂക്ക് വികസന സമിതികളും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഡി.ഡി.സി., ഡി.ഐ.സി.സി, ഡി.ഡബ്ല്യു.എസ്.എം. എന്നിങ്ങനെ ജില്ലാതല അവലോകന യോഗങ്ങളും മാസാമാസം ചേർന്ന് നടപടികൾ കൈക്കൊള്ളുന്നുണ്ട്. ഫണ്ടിന്റെ അഭാവം നിലവിൽ പദ്ധതി പുരോഗതിയെ ബാധിച്ചിട്ടുണ്ട്.

(ബി) ചാലക്കുടി മണ്ഡലത്തിൽ നാളിതുവരെ ജൽ ജീവൻ പദ്ധതിയുടെ എത്ര ശതമാനം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കുമോ?

ചാലക്കുടി നിയോജകമണ്ഡലത്തിലെ പഞ്ചായത്തടിസ്ഥാനത്തിൽ ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങളുടെ വിവരങ്ങൾ താഴെചേർക്കുന്നു.

കൊടകര	- 20%
കൊരട്ടി	- 28%
കാടുകുറ്റി	- 75%
അതിരപ്പിള്ളി	- 85%
മേലൂർ	- 75%
പരിയാരം	- 80%
കോടശ്ശേരി	- 65%

പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

നെയ്യാറ്റിൻകര മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾ

273 (3131) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2021-22, 2022-23, 2023-24, 2024-25 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര പ്രവൃത്തികൾക്കാണ് ജലവിഭവ വകുപ്പ് ഭരണാനുമതി നൽകിയതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച ഫണ്ട് എത്രയെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2021-22, 2022-23, 2023-24, 2024-25 എന്നീ സാമ്പത്തിക വർഷങ്ങളിൽ ജലവിഭവ വകുപ്പ് ഭരണാനുമതി നൽകിയ പ്രവൃത്തികളും ഓരോ പ്രവൃത്തിക്കും അനുവദിച്ച ഫണ്ട് സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

വൈപ്പിൻ മണ്ഡലത്തിലെ ജലക്ഷാമ പരിഹാരം സംബന്ധിച്ച്

274 (3132) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ അനുഭവപ്പെടുന്ന രൂക്ഷമായ ജലക്ഷാമം പരിഹരിക്കുന്നതിനായി ഗോശ്രീ ഐലൻഡ്സ് ഡെവലപ്മെന്റ് അതോറിറ്റി (ജിഡ)-യുടെ ധനസഹായത്തോടെ മുരിക്കുംപാടത്ത് നിർമ്മിച്ചിട്ടുള്ള 11.80 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉന്നതതല ജലസംഭരണിയിലും ഞാറക്കലിൽ നിർമ്മിച്ചിട്ടുള്ള 17.90 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉന്നതതല ജലസംഭരണിയിലും ജലം ശേഖരിച്ച് പൂർണ്ണതോതിൽ ജലവിതരണം ആരംഭിച്ചിട്ടുണ്ടോ?

പുതുവൈപ്പ് പമ്പ്ഹൗസിൽ ലഭിക്കുന്ന ജലത്തിന്റെ കുറവുമൂലം നിലവിൽ പ്രസ്തുത ടാങ്കുകളിലൂടെ പൂർണ്ണതോതിൽ ജലവിതരണം ചെയ്യാൻ സാധിക്കുന്നില്ല.

(ബി) ഇല്ലെങ്കിൽ പ്രസ്തുത ജലസംഭരണികളുടെ പ്രയോജനം പൂർണ്ണതോതിൽ ഗുണഭോക്താക്കൾക്ക് ലഭ്യമാകാത്തതിന്റെ കാരണം വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജിഡ ധനസഹായത്തോടെ എളംകുന്നപ്പുഴ, ഞാറക്കൽ, നായരമ്പലം പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള 26 ദശലക്ഷം ജലത്തിൽ ശരാശരി 10.5 ദശലക്ഷം ലിറ്റർ ജലം മാത്രമാണ് നിലവിൽ വൈപ്പിനിൽ ലഭിക്കുന്നത്. കൂടാതെ ചൊവ്വര ജലശുദ്ധീകരണശാലയിൽനിന്നും ലഭിക്കേണ്ട 30 ദശലക്ഷം ലിറ്റർ വെള്ളത്തിൽ ശരാശരി 25 ദശലക്ഷം ലിറ്റർ മാത്രമാണ് നിലവിൽ ലഭിക്കുന്നത്. ആലുവ, ചൊവ്വര ജലശുദ്ധീകരണ ശാലകളിൽനിന്നും പറവൂർ പമ്പ്ഹൗസിൽനിന്നും എന്തെങ്കിലും തരത്തിലുള്ള പമ്പിങ് തടസ്സംമൂലം ജലത്തിന്റെ അളവിലുണ്ടാകുന്ന കുറവാണ് വൈപ്പിൻ മേഖലയിലുള്ള പഞ്ചായത്തുകളെ ബാധിക്കുന്നത്.

(സി) പ്രസ്തുത ജലസംഭരണികളുടെ പൂർണ്ണ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ആലുവയിൽ പുതിയതായി വിഭാവനം ചെയ്തിട്ടുള്ള 190 MLD ജലശുദ്ധീകരണശാല നിർമ്മാണം പൂർത്തീകരിച്ച് അധിക ജലം വൈപ്പിനിൽ ലഭ്യമായാൽ പ്രസ്തുത ടാങ്കുകൾ വഴി അധിക ജലം നൽകാൻ സാധിക്കും.

(ഡി) ആലുവയിൽ നിർമ്മിക്കുന്ന 190 എം.എൽ.ഡി. ജലശുദ്ധീകരണശാലയുടെ വിശദമായ പദ്ധതി റിപ്പോർട്ടിൽ വൈപ്പിൻകരയിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുന്നതിനാവശ്യമായ 42 MLD വെള്ളം ലഭ്യമാക്കുന്നതിനും ജിഡ ധനസഹായത്തോടെ നിർമ്മിക്കപ്പെട്ടിട്ടുള്ള ജലസംഭരണികളിൽ

ജലമെത്തിക്കുന്നതിനും ആവശ്യമായ നടപടികൾ നിർദേശിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

പുതിയതായി 190 MLD ജലശുദ്ധീകരണശാല നിർമ്മിക്കുന്ന മുറയ്ക്ക് എളംകുന്നപ്പുഴ, ഞാറക്കൽ, നായരമ്പലം, മുളവുകാട് എന്നീ പഞ്ചായത്തുകൾക്കായി 40 MLD ജലം വടുതല പമ്പ്ഹൗസിൽ എത്തിക്കാൻ സാധിക്കും.

(ഇ) 190 എം.എൽ.ഡി. ജലശുദ്ധീകരണശാലയുടെ വിശദമായ പദ്ധതി റിപ്പോർട്ടിൽ വൈപ്പിൻകരയിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണുന്നതിന് മുൻഗണന നൽകണമെന്നാവശ്യപ്പെട്ട് എം.എൽ.എ. 14-11-2024-ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

190 MLD പദ്ധതിയിൽ, വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട നായരമ്പലം, ഞാറക്കൽ, എളംകുന്നപ്പുഴ എന്നീ പഞ്ചായത്തുകളുടെ 2050-ലുള്ള ഡിമാന്റ് 30.98 MLD ആയി കണക്കാക്കുകയും ആയത് എത്തിക്കുന്നതിന് ടി പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

വൈപ്പിനിലേയ്ക്ക് ജല വിതരണം ചെയ്യുന്ന പ്രധാന പമ്പ്ഹൗസായ വടുതല പമ്പ്ഹൗസിൽ ഡിമാന്റനുസരിച്ച് കണക്കാക്കിയിട്ടുള്ള അധിക ജലം എത്തിക്കുന്നതിനുള്ള നിലവിലെ ശൃംഖലയിലെ അപര്യാപ്തത പരിഹരിക്കുന്നതിനുവേണ്ടി 900 എം.എം. വ്യാസമുള്ള HDPE പൈപ്പ് 840 മീറ്റർ പേരണ്ടൂർ കനാലിന് കുറുകെ സ്ഥാപിച്ച് ഇതര റൂട്ടിലൂടെ നിലവിലെ വിതരണ ശൃംഖലയുമായി ബന്ധിപ്പിച്ച് വടുതല പമ്പ് ഹൗസിൽ എത്തിക്കുകയും തുടർന്ന് അവിടെനിന്ന് നിലവിലെ പൈപ്പിന് സമാന്തരമായി വടുതല മുതൽ വല്ലാർപാടംവരെ

ദേശീയ ജലപാത ഉൾപ്പെടുന്ന ഉദ്യോഗമണ്ഡൽ കനാൽ, വെസ്റ്റ് കോസ്റ്റ് കനാൽ എന്നിവയ്ക്ക് കുറുകെ 800 HDPE 3630 മീറ്റർ സ്ഥാപിച്ച് നിലവിലെ വിതരണ ശൃംഖലയുമായി ബന്ധിപ്പിച്ച് പുതുവൈപ്പ് ഉപരിതല ജലസംഭരണിയിലെത്തിക്കുന്ന പ്രവൃത്തിയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിലുള്ള വിതരണ കുഴലിൽ വാൽവുകൾ സ്ഥാപിച്ച് മുളവുകാട് പഞ്ചായത്തിലേക്ക് മാത്രമായി 5 എം.എൽ.ഡി. വെള്ളമെത്തുന്ന രീതിയിൽ ക്രമീകരിക്കുന്ന പ്രവൃത്തിയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ജലസംഭരണി നിർമ്മാണം

275 (3133) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ഉപരിതല ജല സംഭരണികൾ നിർമ്മിക്കുന്നതിനായി പദ്ധതിയുള്ള ഡീസന്റ് മുക്ക്, പറകുന്ന് എന്നീ സ്ഥലങ്ങളിലെ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

വർക്കല ജൽ ജീവൻ മിഷനിലുൾപ്പെടുത്തി പള്ളിക്കൽ, മടവൂർ, നാവായിക്കുളം പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായി നാവായിക്കുളം പഞ്ചായത്തിലെ ഡീസന്റ് മുക്കിൽ 20 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി നിർമ്മിക്കുന്നതിനുള്ള കരാർ നൽകിയിരുന്നു. എന്നാൽ പ്രസ്തുത ജലസംഭരണി നിർമ്മിക്കുന്നതിനായി അനുവദിച്ച സ്ഥലത്തേക്കുള്ള വഴിയുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരം ഉണ്ടായതിനെത്തുടർന്ന് പ്രവൃത്തി ആരംഭിക്കാനാകാതെ വരികയും വർക്ക്

ഷോർട്ട് ക്ലോസ് ചെയ്യേണ്ടതായുംവന്നു. പിന്നീട് വഴിയുമായി ബന്ധപ്പെട്ട താൽക്കാലിക നിരോധനം മാറുകയും ജലസംഭരണി നിർമ്മിക്കുന്ന സ്ഥലത്തേക്ക് വഴിയുണ്ടാക്കുകയുംചെയ്തു. പുതിയ കരാർ വിളിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ജൽ ജീവൻ മിഷന്റെ കാലാവധി 2028-വരെ കേന്ദ്രസർക്കാർ ദീർഘിപ്പിച്ചെങ്കിലും 2024 ഓഗസ്റ്റ് മാസം 16 മുതൽ പുതിയ പ്രവൃത്തികൾ അവാർഡ് ചെയ്യുന്നതിന് വിലക്കുണ്ട്. ഇതിനുള്ള അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.

ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തി പള്ളിക്കൽ, മടവൂർ, നാവായിക്കുളം പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായി നാവായിക്കുളം പഞ്ചായത്തിലെതന്നെ പറക്കുന്നിൽ 10 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി നിർമ്മിക്കുന്നതിനുള്ള കരാർ നൽകിയിരുന്നു. എന്നാൽ പ്രസ്തുത ജലസംഭരണി നിർമ്മിക്കുന്നതിനായി അനുവദിച്ച സ്ഥലത്തുള്ള പാറ പൊട്ടിച്ച് നീക്കേണ്ടതായിട്ടുണ്ടായിരുന്നു. പാറകൾ പൊട്ടിച്ചശേഷം അത് നീക്കം ചെയ്യുന്നതിനായി നിലവിൽ ലേലനടപടികൾ പൂർത്തിയായി വരികയാണ്. പാറകൾ നീക്കം ചെയ്യുന്ന മുറയ്ക്ക് ജലസംഭരണിയുടെ നിർമ്മാണം ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഡീസന്റ് മുക്കിലെ ജലസംഭരണിയുടെ നിർമ്മാണത്തിന് ജൽ ജീവൻ പദ്ധതിയുടെ കീഴിൽ പുതിയ പ്രവൃത്തികൾ അവാർഡ് ചെയ്യുന്നതിന് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് നടപടി

സ്വീകരിക്കാവുന്നതാണ്. പറക്കുന്നിലെ ജലസംഭരണി നിർമ്മിക്കുന്ന സ്ഥലത്തുള്ള പാറകൾ നീക്കം ചെയ്യുന്ന മുറയ്ക്ക് ജലസംഭരണിയുടെ നിർമ്മാണം ആരംഭിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കുടിവെള്ളത്തിന്റെ ഗുണനിലവാരം

276 (3134) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനങ്ങൾക്ക് ലഭ്യമാക്കുന്ന കുടിവെള്ളത്തിന് ഗുണനിലവാരം കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം വർധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

കേരള വാട്ടർ അതോറിറ്റിയുടെ സ്കീമുകൾ വഴി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം എല്ലാ മാസവും കൃത്യമായി ആക്ഷൻ പ്ലാൻ പ്രകാരം പരിശോധിക്കാറുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും ജൈവ-രാസ-ഭൗതിക പരിശോധനകൾ നടത്തിവരുന്നു. കേരള ജല അതോറിറ്റി മുഖേന വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം IS10500 : 2012 പ്രകാരം അല്ലെങ്കിൽ ജലവിതരണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുകയും പരിഹാരമാർഗങ്ങൾ നിർദേശിക്കുകയും ആയത് പരിഹരിക്കുകയും വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യാറുണ്ട്.

(ബി) എല്ലാ ദിവസവും വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ജലശുദ്ധീകരണശാലകളിലെ ജലത്തിന്റെ ഗുണനിലവാരം ജലവിതരണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നുണ്ട്. ജലശുദ്ധീകരണശാലയുമായി ബന്ധപ്പെട്ട ലബോറട്ടറികളിൽ എല്ലാ ദിവസവും ശുദ്ധീകരിച്ച വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനമുണ്ട്. പ്രത്യേകം തയ്യാറാക്കിയ ആക്ഷൻ പ്ലാൻ മുഖാന്തരം ക്വാളിറ്റി കൺട്രോൾ വിഭാഗം കൂടിവെള്ളം ശേഖരിച്ച് പരിശോധന നടത്തുന്നുണ്ട്.

കൈലാസത്തുകുന്ന് കുടിവെള്ള പദ്ധതി

277 (3135) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം പഞ്ചായത്തിലെ കൈലാസത്തുകുന്ന് കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിലുൾപ്പെട്ട നെല്ലനാട്, വാമനപുരം പഞ്ചായത്തുകൾക്കും നെടുമങ്ങാട് നിയോജകമണ്ഡലത്തിലുൾപ്പെട്ട മാണിക്കൽ പഞ്ചായത്തിനുംവേണ്ടിയുള്ള കുടിവെള്ള പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഒന്നാംഘട്ടമായി ജൽ ജീവൻ മിഷനിലുൾപ്പെടുത്തി 118.70 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ സ്രോതസ്സ് വാമനപുരം നദിയാണ്. കിണറും പമ്പ്ഹൗസും നിർമ്മിക്കൽ, റാ

വാട്ടർ, ക്ലിയർ വാട്ടർ പമ്പിങ് മെയിനുകൾ, പമ്പ്സെറ്റുകൾ, ജലവിതരണശൃംഖലകൾ എന്നിവ സ്ഥാപിക്കൽ, ഉപരിതല ജലസംഭരണികളുടെ നിർമ്മാണം, ഗാർഹിക കണക്ഷനുകൾ നൽകൽ എന്നിവയാണ് ഈ പദ്ധതിയിലുൾപ്പെട്ടിട്ടുള്ളത്. പാക്കേജ് ഒന്നിലുൾപ്പെട്ടിട്ടുള്ള കിണറും പമ്പ്ഹൗസും കൈലാസത്ത് കുന്നിലെ ജലശുദ്ധീകരണശാല, റാ വാട്ടർ പമ്പിങ് മെയിൻ തുടങ്ങിയവയുടെ പ്രവൃത്തികൾ 95% പൂർത്തിയായിട്ടുണ്ട്. പാക്കേജ് രണ്ടിലുൾപ്പെട്ടിട്ടുള്ള 18 കി.മീ. ട്രാൻസ്മിഷൻ പൈപ്പ്ലൈനുകൾ സ്ഥാപിക്കൽ 90 ശതമാനവും ജലവിതരണ ശൃംഖല സ്ഥാപിച്ച് കുടിവെള്ള കണക്ഷനുകൾ നൽകൽ 80 ശതമാനവും പൂർത്തിയായിട്ടുണ്ട്. ജലശുദ്ധീകരണശാലയിലും റാ വാട്ടർ പമ്പ് ഹൗസിലും വൈദ്യുത കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി ഏതെല്ലാം ഫണ്ടുകളാണ് വകയിരുത്തിയിട്ടുള്ളതെന്നും എത്ര കുടുംബങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്നും വിശദമാക്കാമോ?

ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുന്നത്. പതിനഞ്ചായിരത്തോളം കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും.

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

പദ്ധതി 2025 ഡിസംബർ മാസത്തോടെ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

പൈപ്പുകൾ സ്ഥാപിക്കുന്നതിനായി എടുത്ത കുഴികളുടെ റെസ്റ്റോറേഷൻ

278 (3136) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷന്റെയും ജലവിഭവ വകുപ്പിന്റെയും പ്രവൃത്തികൾക്കുവേണ്ടി പൈപ്പുകൾ സ്ഥാപിക്കുന്നതിനായി കുഴികളെടുത്ത റോഡുകൾ പൂർവസ്ഥിതിയിലാക്കാത്തതുമൂലം പഞ്ചായത്തുകളുടെ മെയിന്റനൻസ് ഫണ്ടുപയോഗിച്ച് നടപ്പാക്കേണ്ട റോഡ് പ്രവൃത്തികൾ നടപ്പാക്കാൻ കഴിയാതെ പോയതും ഈ ഫണ്ടുകൾ ലാപ്സായി പോയതുമായ സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇപ്രകാരം കൂടുതൽ ഫണ്ട് നഷ്ടമാകാതിരിക്കുന്നതിനായി തദ്ദേശസ്ഥാപനങ്ങൾ ഫണ്ട് വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് റെസ്റ്റോറേഷൻ ആവശ്യമാണെങ്കിൽ തദ്ദേശസ്ഥാപനത്തിന്റെ ഫണ്ടുപയോഗിച്ച് റെസ്റ്റോറേഷൻ നടപ്പാക്കുകയും വാട്ടർ അതോറിറ്റിയുടെ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത റെസ്റ്റോറേഷന്റെ തുക തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറുകയും ചെയ്യുന്ന തരത്തിൽ അനുമതി നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) എല്ലാ ഗ്രാമീണ വീടുകളിലും ടാപ്പ് വഴി ശുദ്ധജലം ലഭ്യമാക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കിവരുന്ന പദ്ധതിയാണ് ജൽ ജീവൻ മിഷൻ. ജൽ ജീവൻ മിഷൻ മാർഗനിർദേശമനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ് പദ്ധതി നടപ്പാക്കുന്നത്. ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിൽ കൂടിവെള്ള കണക്ഷനുകൾ നൽകുന്നതിന് ജലവിതരണ പദ്ധതികൾക്കായുള്ള പൈപ്പ്ലൈനുകൾ സ്ഥാപിക്കാൻ പഞ്ചായത്ത് റോഡുകൾ മുറിക്കേണ്ടതായി വന്നിട്ടുണ്ട്. ജൽ ജീവൻ മിഷൻ പദ്ധതികളിൽ ഉൾപ്പെടുത്തി പൈപ്പ്ലൈൻ

സ്ഥാപിച്ചശേഷം PWD റോഡുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള മുഴുവൻ തുകയും അനുവദിച്ചിരുന്നെങ്കിലും പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്നതിനുള്ള തുക മാത്രമെ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ കേന്ദ്രസർക്കാർ അംഗീകരിച്ച് ഭരണാനുമതി ലഭിച്ച പദ്ധതികളിൽ അനുവദിച്ചിരുന്നുള്ളൂ. ഇതനുസരിച്ച് പൈപ്പ്ലൈൻ സ്ഥാപിച്ചശേഷം പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്നുണ്ട്. പൂർണ്ണമായി പുനഃസ്ഥാപിക്കേണ്ടത് പഞ്ചായത്തുകളുടെ ഉത്തരവാദിത്വമാണ്. ഇതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അൺടൈഡ് ഗ്രാൻഡ് ഉപയോഗിക്കാനും പഞ്ചായത്തുകൾക്ക് അനുമതിയുണ്ട്. ഇതുസംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ 29-09-2022-ലെ W-11011/10/2022/JJM-III-DDWS കത്തുപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ തനത് ഫണ്ടിൽനിന്നും കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഭാഗമായിട്ടുള്ള അൺടൈഡ് ഗ്രാൻഡ് ഉൾപ്പെടെയുള്ള ഫണ്ടിൽനിന്നും റോഡ് പുനഃസ്ഥാപനത്തിനുള്ള ഫണ്ട് കണ്ടെത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നാലുംഅഞ്ചും ഘട്ടങ്ങളിൽ കേന്ദ്രസർക്കാരിന് സമർപ്പിച്ച ഭരണാനുമതി ലഭ്യമാക്കിയ പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുകകൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതിനെത്തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനഃസ്ഥാപനത്തിന് ഫണ്ട് അനുവദിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് ആറാം സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിങ് കമ്മിറ്റിയിൽ റോഡ് പുനഃസ്ഥാപനത്തിനുള്ള പദ്ധതികൾ സമർപ്പിച്ചിരുന്നു. ഇതിന്റെ

അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനഃസ്ഥാപനത്തിനായി സമർപ്പിച്ച പദ്ധതികൾക്ക് (പൂർത്തീകരിച്ച പ്രവൃത്തികൾ ഒഴികെ) 1351.20 കോടി രൂപയുടെ അംഗീകാരം നൽകുകയുണ്ടായി.

ജൽ ജീവൻ മിഷൻ പ്രവൃത്തികൾക്കായി കുഴികളെടുക്കുമ്പോൾ പൈപ്പ്ലൈൻ സ്ഥാപിച്ച ഉടൻതന്നെ റോഡുകളുടെ താൽക്കാലിക പുനരുദ്ധാരണവും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തികളിൽ ഉൾപ്പെട്ടിട്ടുള്ള പുനരുദ്ധാരണവും നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പ്ലൈൻ സ്ഥാപിച്ച റോഡുകളുടെ റെസ്റ്റോറേഷൻ പ്രവൃത്തികൾ ഏറ്റെടുക്കാൻ ഗ്രാമപഞ്ചായത്ത് തയ്യാറാണെങ്കിൽ പ്രസ്തുത പ്രവൃത്തിക്കായി ജൽ ജീവൻ മിഷനിൽ അനുവദിച്ച ഭരണാനുമതിക്കുള്ളിൽ നിന്നുകൊണ്ട് പഞ്ചായത്തുകൾക്കുതന്നെ പൈപ്പ്ലൈൻ സ്ഥാപിച്ച ഭാഗം പൂർവസ്ഥിതിയിലാക്കുന്നതിനുള്ള പ്രവൃത്തി ക്രമീകരിക്കാവുന്നതാണ്. പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരനെ PFMS പോർട്ടലിൽ ഉൾപ്പെടുത്തി നിലവിലുള്ള ജൽ ജീവൻ മിഷൻ മാർഗനിർദേശങ്ങൾക്കനുസരിച്ച് പേമെന്റുകൾ നൽകുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള സർക്കുലർ 08-01-2024-ൽ കേരള വാട്ടർ അതോറിറ്റി പുറപ്പെടുവിച്ചിട്ടുണ്ട്.

മഞ്ചേശ്വരം മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

279 (3137) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതികൾ നിർവഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും ആയത് പൂർത്തീകരിച്ചാൽ ലഭിക്കുന്ന നേട്ടങ്ങളെന്തൊക്കെയെന്നും വിശദമാക്കുമോ?

(എ&ബി) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ വിശദ വിവരങ്ങളും അവയുടെ നിലവിലെ സ്ഥിതിയും പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും ആയത് പൂർത്തീകരിച്ചാൽ ലഭിക്കുന്ന നേട്ടങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

കുടിവെള്ള വിതരണം കാര്യക്ഷമമാക്കാൻ നടപടി

280 (3138) ശ്രീ. എം. വിൻസെന്റ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരപ്രദേശങ്ങൾ അടക്കമുള്ള സ്ഥലങ്ങളിൽ ജല അതോറിറ്റി വഴിയുള്ള കുടിവെള്ള വിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പൈപ്പ്‌ലൈനുകളിൽ അറ്റകുറ്റപ്പണികൾ ആവശ്യമായി വരുമ്പോഴും വൈദ്യുതി വിതരണത്തിൽ വരുന്ന തടസ്സങ്ങൾമൂലവും റോഡ് നവീകരണം പോലുള്ള പ്രവൃത്തികളുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭാഗമായി പൈപ്പ്‌ലൈനുകൾ മാറ്റി സ്ഥാപിക്കേണ്ടി വരുമ്പോഴും പമ്പ് ഹൗസുകളിൽ വലിയ രീതിയിലുള്ള അറ്റകുറ്റപ്പണികൾ ആവശ്യമായിവരുന്ന ഘട്ടങ്ങളിലോ വാൽവുകൾ മുതലായ വിതരണ ശൃംഖലയുമായി ബന്ധപ്പെട്ട ഘടകങ്ങൾക്ക് അറ്റകുറ്റപ്പണികൾ ചെയ്യുമ്പോഴോ മാറ്റി സ്ഥാപിക്കുമ്പോഴോ എല്ലാം ജല അതോറിറ്റി വഴിയുള്ള കുടിവെള്ള വിതരണം തടസ്സപ്പെടാറുണ്ട്. ഇവ ശ്രദ്ധയിൽപ്പെട്ടാൽ അത് എത്രയും പെട്ടെന്ന് പരിഹരിച്ച് ശുദ്ധജല വിതരണം പുനഃസ്ഥാപിക്കാറുണ്ട്. പ്രിവന്റീവ് മെയിന്റനൻസിന്റെ ഭാഗമായും ടാങ്കുകൾ വൃത്തിയാക്കുമ്പോഴുമെല്ലാം ജലവിതരണം തടസ്സപ്പെടാറുണ്ടെങ്കിലും ഇത്തരം ആസൂത്രിത പ്രവൃത്തികൾക്കുമുമ്പേ പൊതുജനങ്ങൾക്ക് വേണ്ട മുൻകരുതലുകൾ കൈക്കൊള്ളാൻ അറിയിപ്പ് നൽകാറുണ്ട്.

(ബി) തിരുവനന്തപുരം നഗരത്തിലടക്കം നിരവധി ദിനങ്ങളിൽ കുടിവെള്ളം മുടങ്ങിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. പ്രധാനമായും കാലപ്പഴക്കം ചെന്ന HDPE, പ്രീമോ മുതലായ പൈപ്പുകളിലുണ്ടാകുന്ന ചോർച്ച കാരണമാണ് കുടിവെള്ള വിതരണത്തിൽ തടസ്സങ്ങൾ വരുന്നത്. ഇതുകാരണം കുടിവെള്ള വിതരണത്തിൽ തടസ്സം നേരിടുവെങ്കിലും പരമാവധി വേഗത്തിൽ ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തിയാക്കി ജലവിതരണം പുനഃസ്ഥാപിച്ചിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ നഗരസഭയുമായി സംയുക്തമായി ടാങ്കർ ലോറികളിൽ സാധ്യമായ സ്ഥലങ്ങളിലെല്ലാം ജലവിതരണം നടത്താറുണ്ട്.

(സി) ഇത്തരം സാഹചര്യം ആവർത്തിക്കുന്നത് തടയാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

ജലവിതരണവുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പാക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പൈപ്പ്‌ലൈനുകളിലെ ചോർച്ചകൾ വളരെ വേഗം കണ്ടെത്തി പരിഹരിക്കാൻ നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ വിവിധങ്ങളായ പദ്ധതികളിലുൾപ്പെടുത്തി ഫണ്ടുകൾ ലഭിക്കുന്ന മുറയ്ക്ക് പഴക്കം ചെന്ന പൈപ്പുകൾ മാറ്റിയിടാനും പുതിയ പമ്പ്സെറ്റുകൾ, വാൽവ് എന്നിവ സ്ഥാപിക്കാനും നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രിവന്റീവ് മെയിന്റനൻസ് കൃത്യമായി നടത്താൻ ശ്രദ്ധിക്കുന്നുണ്ട്. ഷെഡ്യൂൾഡ് മെയിന്റനൻസ് നടത്തേണ്ട സാഹചര്യങ്ങളിൽ കൃത്യമായ അറിയിപ്പ് നൽകുന്നുണ്ട്.

കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ

281 (3139) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ പദ്ധതി ആരംഭിച്ചതോടെ സംസ്ഥാനത്ത് കുടിവെള്ള കണക്ഷനുകൾ വളരെയേറെ വർധിച്ചിട്ടുള്ള സാഹചര്യത്തിൽ വിതരണ രംഗത്തും മെയിന്റനൻസ് രംഗത്തും കൂടുതൽ ജീവനക്കാർ ആവശ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉണ്ട്. നിലവിൽ കേരള വാട്ടർ അതോറിറ്റി തന്നെയാണ് സ്ഥിരം/കരാർ ജീവനക്കാരെ ഉപയോഗപ്പെടുത്തി ജലവിതരണം അടക്കമുള്ള പ്രവർത്തനങ്ങൾ ചെയ്തുവരുന്നത്.

(ബി) സംസ്ഥാനത്തുടനീളം കണക്ഷനുകൾ നൽകുന്നതുകൊണ്ട് പൈപ്പുകൾ പൊട്ടി ജലം പാഴാകുന്നത് ഒഴിവാക്കാനും ആയത് പെട്ടെന്ന് പരിഹരിക്കാനും എന്തെല്ലാം

സംവിധാനങ്ങളാണ് ഏർപ്പെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പൈപ്പുകൾ പൊട്ടി ജലം പാഴാകുന്നത് ശ്രദ്ധയിൽപ്പെട്ടാലുടനെ ബന്ധപ്പെട്ട വാൽവുകൾ നിയന്ത്രിച്ച് ജലം പാഴായിപ്പോകുന്നത് പരമാവധി കുറയ്ക്കുന്നുണ്ട്. അടിയന്തരമായി പൈപ്പിന്റെ കേടുപാടുകൾ തീർത്ത് ജലവിതരണം സുഗമമാക്കുന്നതിനായി അറ്റകുറ്റപ്പണികളുടെ റണ്ണിങ് കോൺട്രാക്ടുകൾ നിലവിലുണ്ട്. ഇത്തരം കരാറുകൾ നിലവിലില്ലാത്ത സാഹചര്യത്തിൽ മറ്റ് അംഗീകൃത മാർഗങ്ങളിലൂടെ പ്രവൃത്തികൾ ചെയ്യാറുണ്ട്. നിലവിൽ ഭൂരിഭാഗം മെയിന്റനൻസ് ഡിവിഷനുകൾക്കും ബ്ലൂ ബ്രിഗേഡ് സംവിധാനമുണ്ട്. ഈ സംവിധാനത്തിനായുള്ള മാർഗരേഖയും പുറത്തിറക്കിയിട്ടുണ്ട്. ബ്ലൂ ബ്രിഗേഡ് സംവിധാനം കാര്യക്ഷമമായി ഉപയോഗിച്ച് സമയബന്ധിതമായി ലീക്കുകൾ പരിഹരിക്കാനും ജല ലഭ്യതക്കുറവ് പരിശോധിക്കാനും അവശ്യഘട്ടങ്ങളിൽ വാൽവ് നിയന്ത്രണം നടത്താനുമെല്ലാം സാധിക്കുന്നുണ്ട്.

(സി) ജലവിതരണ പൈപ്പുകൾ പൊട്ടുന്നതും ജലം പാഴാകുന്നതും വിതരണ ലൈനുകളിലെ കുഴപ്പങ്ങളും ഉണ്ടാകുമ്പോൾ ഗുണഭോക്താക്കൾക്ക് പരാതിപ്പെടാൻ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

കേരള വാട്ടർ അതോറിറ്റിയിൽ ജലവിതരണ പൈപ്പുകൾ പൊട്ടുമ്പോഴും വിതരണ ലൈനുകളിൽ കേടുപാടുകളുണ്ടാകുമ്പോഴും ബന്ധപ്പെട്ടവരെ അറിയിക്കാൻ വിപുലമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

1. 1916 എന്ന ടോൾഫ്രീ നമ്പരിൽ 24x7 പ്രവർത്തിക്കുന്ന പരാതിപരിഹാര സംവിധാനം പ്രവർത്തിക്കുന്നുണ്ട്. ടെലിഫോൺ, ഇ-മെയിൽ, വാട്ട്സ്ആപ്പ് എന്നിവ വഴി

പൊതുജനങ്ങൾക്ക് പരാതികൾ അറിയിക്കാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. കേന്ദ്രീകൃത പരാതി പോർട്ടലായ അകാലുമിൽ നേരിട്ട് പൊതുജനങ്ങൾക്ക് പരാതി രേഖപ്പെടുത്താവുന്നതാണ്. ഈ പരാതികൾ സ്ഥലത്തെ അടിസ്ഥാനമാക്കി സോഫ്റ്റ്വെയർ മുഖേന ബന്ധപ്പെട്ട സെക്ഷനുകളിലേക്ക് അയയ്ക്കുന്നതാണ്.

3. ഓവർസിയർ മുതൽ ചീഫ് എഞ്ചിനീയർ വരെയുള്ള ജീവനക്കാരുടെ ഫോൺ നമ്പരുകളും ഓഫീസുകളിലെ ഫോൺ നമ്പരും ഔദ്യോഗിക വെബ്സൈറ്റിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്. ആയതിലേക്ക് ആവശ്യമെങ്കിൽ നേരിട്ട് പരാതികൾ അറിയിക്കാവുന്നതാണ്.

4. എല്ലാ ഡിവിഷൻ ഓഫീസുകളിലും ഓരോ ആഴ്ചയിലും പ്രത്യേക സമയം പൊതുജനങ്ങളിൽനിന്ന് പരാതി സ്വീകരിക്കാൻ നിശ്ചയിച്ചിട്ടുണ്ട്, ആയത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ട്. ഈ സമയത്ത് നേരിട്ട് പരാതി അറിയിക്കാവുന്നതാണ്.

(ഡി) പൊതുമരാമത്ത് വകുപ്പ് റോഡുകൾ, ദേശീയപാത എന്നിവിടങ്ങളിൽ പൈപ്പ് പൊട്ടിയാൽ പ്രസ്തുത ഡിപ്പാർട്ടുമെന്റുകളുടെ അനുമതി ലഭിക്കാൻ കാലതാമസം നേരിടുന്നത് ഒഴിവാക്കാനും ഇതിനുവേണ്ടി വെട്ടിപ്പൊളിച്ച റോഡുകൾ റീസ്റ്റോർ ചെയ്യാനും ഇരുവകുപ്പുകളും തമ്മിൽ കൃത്യമായ വ്യവസ്ഥകൾ ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

റോഡ് കട്ടിങ് അനുമതി ലഭ്യമാക്കൽ സുഗമമാക്കുന്നതിനായി RoW എന്ന വെബ്പോർട്ടൽ നിലവിലുണ്ട്. പൈപ്പ്ലൈൻ അറ്റകുറ്റപ്പണികൾ കഴിഞ്ഞാലുടനെ റോഡുകൾ

ഗതാഗതയോഗ്യമാക്കാൻ ശ്രദ്ധിക്കാറുണ്ട്. വകുപ്പുകൾ തമ്മിൽ ആവശ്യമെങ്കിൽ കോ-ഓർഡിനേഷൻ മീറ്റിങ്ങുകൾ നടത്തി കാര്യങ്ങൾ പരിഹരിക്കാറുണ്ട്.

ഇത്തിക്കരയാറിൽ തടയണ നിർമ്മിക്കുന്നതിനുള്ള പഠന റിപ്പോർട്ട്

282 (3140) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽപ്പെട്ട പരവൂർ നഗരസഭയ്ക്കും പൂതക്കുളം ഗ്രാമപഞ്ചായത്തിനുമായി പുതിയ കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിന് ഇത്തിക്കര പാലത്തിന് മുകൾ ഭാഗത്തായി ഇത്തിക്കരയാറിൽ തടയണ നിർമ്മിക്കുന്നതിനുള്ള പഠനം നടത്തി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ പഠന റിപ്പോർട്ടിന്റെ വിശദാംശം എന്തെല്ലാമെന്നും അറിയിക്കുമോ;

(ബി) പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്മേൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(എ&ബി) ജല അതോറിറ്റിയുടെ കുടിവെള്ള പദ്ധതിക്കായി ഇത്തിക്കര ആറ്റിലേക്ക് പള്ളിമൺ ആറ് ചേരുന്നതിന് തൊട്ടുമുകളിലായി തടയണ നിർമ്മിക്കുന്നതിനായി പഠനം നടത്തിയിരുന്നു. പള്ളിമൺ ആറിന്റെ കരകൾ വളരെ താഴ്ന്നതും ആറിന്റെ ആഴം 2m മുകളിലും ആയതിനാൽ തടയണ അവിടെ പ്രായോഗികമല്ലെന്ന പഠന റിപ്പോർട്ട് ജലസേചന വകുപ്പിന്റെ ഡിസൈൻ വിങ്ങായ IDRB അറിയിക്കുകയുണ്ടായി. ആയതിനാൽ റെഗുലേറ്റർ നിർമ്മിക്കുന്നതിനായി ഡിസൈൻ വിങ്ങിലേയ്ക്ക് പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

ജൽ ജീവൻ മിഷന്റെ ഭാഗമായുള്ള കുടിവെള്ള സ്രോതസ്സുകൾ

283 (3141) ശ്രീ. റോജി എം. ജോൺ:

ശ്രീ. ടി. ജെ. വിനോദ്:

ശ്രീ. സനീഷ്കുമാർ ജോസഫ്:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൽ ജീവൻ മിഷന്റെ ഭാഗമായി കുടിവെള്ള സ്രോതസ്സുകൾ നിർമ്മിക്കാൻ ജലവിഭവ വകുപ്പ് നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ;

(ബി) കൂടുതൽ പേർക്ക് കുടിവെള്ളമെത്തിക്കുന്നതിനും പുതിയ ജലസ്രോതസ്സ് കണ്ടെത്തുന്നതിനും പഞ്ചായത്തുകളുമായി സഹകരിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ?

(എ&ബി) ജൽ ജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട പുതിയ കണക്ഷനുകൾ നൽകുന്നതിനാവശ്യമായ അധിക ജലസ്രോതസ്സുകൾ കണ്ടെത്തുന്നതിന് പദ്ധതികളുടെ രൂപകല്പനാഘട്ടത്തിൽ ജില്ലാതല സോഴ്സ് ഫൈൻഡിങ് കമ്മിറ്റികൾ രൂപീകരിച്ച് പരിശോധിക്കുകയും അതിനനുസരിച്ചുള്ള ആസൂത്രണം പദ്ധതികളിൽ നടത്തിയിട്ടുമുണ്ട്. ജൽ ജീവൻ മിഷൻ പദ്ധതികളുടെ ദീർഘകാല സുസ്ഥിരത ഉറപ്പാക്കുന്നതിനായി പ്രധാനമായും റിസർവോയറുകളെയും പുഴകളെയുമാണ് സ്രോതസ്സുകളായി കണ്ടെത്തിയിട്ടുള്ളത്.

സംസ്ഥാനത്തൊട്ടാകെയുള്ള പദ്ധതികളിൽ 53 പദ്ധതികൾക്ക് റിസർവോയറുകളും 383 പദ്ധതികൾക്ക് പുഴകളും 44 പദ്ധതികൾക്ക് ഭൂഗർഭകിണറുകളും 68 പദ്ധതികൾക്ക് തുറന്ന കിണറുകളും (open wells) 50 പദ്ധതികൾക്ക് നീരുറവകൾ, കുളം, കായൽ എന്നിവയും

സ്രോതസ്സുകളായി കണ്ടെത്തിയാണ് പദ്ധതി നടപ്പാക്കിവരുന്നത്. ജൽ ജീവൻ മിഷനിലൂടെ ഈ സ്രോതസ്സുകളിൽനിന്നായി പുതുതായി പ്രതിദിനം 1862.60 ദശലക്ഷം ലിറ്റർ ശുദ്ധജലം ഉൽപാദിപ്പിക്കുന്ന പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ ജലസ്രോതസ്സുകളുടെ സുസ്ഥിരതയ്ക്ക് സംസ്ഥാന വാട്ടർ സെക്യൂരിറ്റി പ്ലാൻ തയ്യാറാക്കുന്നതിനായി വിവിധ വകുപ്പുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പ്രത്യേക കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

വള്ളിക്കുന്ന് മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

284 (3142) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ മൂന്നിയൂർ, ചേലേമ്പ്ര, വള്ളിക്കുന്ന്, തേഞ്ഞിപ്പലം, പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഇലക്ട്രോ-മെക്കാനിക്കൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട ടെൻഡർ നടപടി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ വൈകുന്നത് പദ്ധതിയുടെ പൂർത്തീകരണത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ മൂന്നിയൂർ, ചേലേമ്പ്ര, തേഞ്ഞിപ്പലം, വള്ളിക്കുന്ന് പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖല, ഉപരിതല സംഭരണി, അനുബന്ധ ഘടകങ്ങളുമുൾപ്പെടെയുള്ള പ്രവൃത്തികൾ സഹിതം നിലവിൽ പൂർത്തീകരണത്തോട് അടുക്കുകയാണ്. ഇതിന്റെ ഭാഗമായ ഇലക്ട്രോ-മെക്കാനിക്കൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് 2023 എപ്രിൽ 18-ന് ടെൻഡർ ഓപ്പൺ

ചെയ്തെങ്കിലും പ്രസ്തുത പ്രവൃത്തിയുടെ ടെൻഡറിൽ കുറഞ്ഞ നിരക്കിൽ ക്വാട്ട് ചെയ്ത കരാറുകാരനായ അശ്വതി ഏജൻസീസിന് A ക്ലാസ് ലൈസൻസില്ലാത്തതിനാൽ പ്രവൃത്തിയുടെ കരാറിലേർപ്പെടാൻ സാധിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ അശ്വതി ഏജൻസീസിന് നൽകിയ WP(C) No.18544/2024 പ്രകാരം കോടതി വ്യവഹാരം നിലനിൽക്കുന്നതിനാൽ ടി പ്രവൃത്തിയുടെ കരാറിലേർപ്പെടാൻ സാധിച്ചിട്ടില്ല. മേൽ കാരണങ്ങളാൽ ഇലക്ട്രോ-മെക്കാനിക്കൽ പ്രവൃത്തി നടക്കാത്തതിനാൽ പ്രസ്തുത കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് തടസ്സം നിലനിൽക്കുന്നുണ്ട്.

(ബി) ഈ വിഷയത്തിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മേൽ വിഷയം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. പ്രസ്തുത വിഷയത്തിൽ കോടതിയുടെ അന്തിമ വിധി വരുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

തദ്ദേശസ്ഥാപനങ്ങളിലെ പൊതുടാപ്പുകൾ

285 (3143) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുടാപ്പുകൾക്കായി 2021 മുതൽ നാളിതുവരെ ഒരോ സാമ്പത്തിക വർഷവും എത്ര കോടി രൂപയാണ് വാട്ടർ അതോറിറ്റിക്ക് ലഭിക്കാനുള്ളത്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുടാപ്പുകളുടെ 2021 മുതൽ നാളിതുവരെ ഒരോ വർഷത്തെയും ഡിമാൻഡ് ചുവടെ ചേർക്കുന്നു. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.+

കാലയളവ്	പൊതുടാപ്പുകളുടെ പ്രതിവർഷ ഡിമാൻഡ് (കോടിയിൽ)
2020-21	296.34
2021-22	328.34
2022-23	330.42
2023-24	441.06
2024-25	458.50
2025 ആഗസ്റ്റ് വരെ	125.71

(ബി) വാട്ടർ ചാർജിനത്തിൽ എത്ര രൂപയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2021 മുതൽ നാളിതുവരെ കുടിശ്ശിക വരുത്തിയതെന്ന് വർഷം തിരിച്ചും ജില്ല തിരിച്ചുമുള്ള കണക്കുകൾ ലഭ്യമാക്കാമോ?

വാട്ടർ ചാർജിനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2021 മുതൽ നാളിതുവരെ കുടിശ്ശിക വരുത്തിയതിൽ വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.+

കാലയളവ്	**പൊതു ടാപ്പുകളുടെ വാട്ടർ ചാർജ് മുൻ**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

	കുടിശ്ശിക ഉൾപ്പെടെ (കോടിയിൽ)
2020-21	716.77
2021-22	1010.50
2022-23	761.45
2023-24	1011.15
2024-25	544.33
2025 ആഗസ്റ്റ് വരെ	606.17

(സി) വാട്ടർ അതോറിറ്റിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് നടത്തിയ സംയുക്ത പരിശോധനയുടെ ഫലമായി കൈക്കൊണ്ട തീരുമാനപ്രകാരം പൊതുടാപ്പുകളുടെ എണ്ണത്തിൽ കുറവുവരുത്തുന്നതിനുള്ള നടപടികൾ പൂർത്തിയാക്കാനുള്ളത് ഏതൊക്കെ ജില്ലകളിലെ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യത്തിലാണെന്ന് വിശദീകരിക്കുമോ?

23-10-2024-ന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ ജലവിഭവ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ഒരു യോഗം ചേരുകയും തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള പൊതുടാപ്പുകളിലെ വാട്ടർ ചാർജ് കുടിശ്ശിക തീർപ്പാക്കുന്നതിനായി പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു. ആയതനുസരിച്ച് പൊതുടാപ്പുകളുടെ ജിയോ ടാഗിങ് ഇൻഫർമേഷൻ കേരള മിഷൻ നിർമ്മിച്ച് നൽകിയ സോഫ്റ്റ്വെയർ ഉപയോഗിച്ച് പൂർത്തീകരിച്ചു. ഇതുപ്രകാരം സംസ്ഥാനത്തൊട്ടാകെ 127725

പൊതുടാപ്പുകൾ ജിയോ ടാഗ് ചെയ്തിട്ടുണ്ട്. പ്രവർത്തനക്ഷമമായ പൊതുടാപ്പുകൾ എത്രയെന്ന് കണക്കാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിലെ സെക്രട്ടറിമാരും വാട്ടർ അതോറിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരും സർട്ടിഫൈ ചെയ്യേണ്ടതുണ്ട്, ടി പ്രവൃത്തി പുരോഗമിച്ചുവരുന്നു. ടി പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് പൊതുടാപ്പുകളുടെ എണ്ണം കണക്കാക്കി ബിൽ ക്രമീകരിച്ച് നൽകുന്നതാണ്.

(ഡി) ജൽ ജീവൻ മിഷനിൽ പൊതുടാപ്പുകൾ കട്ട് ചെയ്തതിനാൽ അതിനനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വാട്ടർ ചാർജിനത്തിൽ കുറവ് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ?

(ഇ) ഇല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാട്ടർ ചാർജിൽ കുറവ് വരുത്താനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(ഡി&ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള പൊതുടാപ്പുകൾ വിച്ഛേദിക്കുന്ന മുറയ്ക്ക് പൊതുടാപ്പുകളുടെ വാട്ടർ ചാർജ് കുറവുചെയ്ത് നൽകാറുണ്ട്.

മംഗലം ഡാം കുടിവെള്ള പദ്ധതി

286 (3144) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ-തരൂർ നിയോജകമണ്ഡലങ്ങൾ പങ്കുവയ്ക്കുന്ന മംഗലം ഡാം കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

ആലത്തൂർ-തരൂർ മണ്ഡലങ്ങൾ പങ്കുവയ്ക്കുന്ന മംഗലം ഡാം കുടിവെള്ള പദ്ധതിയുടെ ഭാഗമായി 9 പ്രവൃത്തികളാണ് നടന്നുവരുന്നത്. പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി അനുബന്ധമായി ചേർക്കുന്നു.+

(ബി) പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾക്കുള്ള ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

പദ്ധതിയുടെ ഭാഗമായുള്ള കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു.

വടക്കാഞ്ചേരി പഞ്ചായത്തിൽ 277.65 കി.മീ. പൈപ്പ്ലൈൻ സ്ഥാപിക്കാനുള്ളതിൽ 199.65 കി.മീ. പൈപ്പ്ലൈൻ സ്ഥാപിച്ചു.

വണ്ടാഴി പഞ്ചായത്തിൽ 174.43 കി.മീ. പൈപ്പ്ലൈൻ സ്ഥാപിക്കാനുള്ളതിൽ 146 കി.മീ. പൈപ്പ്ലൈൻ സ്ഥാപിച്ചു.

കിഴക്കഞ്ചേരി പഞ്ചായത്തിൽ 232.76 കി.മീ. പൈപ്പ്ലൈൻ സ്ഥാപിക്കാനുള്ളതിൽ 136 കി.മീ. പൈപ്പ്ലൈൻ സ്ഥാപിച്ചു.

കണ്ണമ്പ്ര പഞ്ചായത്തിൽ 97.65 കി.മീ. പൈപ്പ്ലൈൻ സ്ഥാപിക്കാനുള്ളതിൽ 29 കി.മീ. പൈപ്പ്ലൈൻ സ്ഥാപിച്ചു.

റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ

287 (3145) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിനുകീഴിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് 2021 മുതൽ 2025 വരെയുള്ള കാലയളവിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും ഇതിനായി ചെലവഴിച്ച തുക എത്രയാണെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ജലവിഭവ വകുപ്പിനുകീഴിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് 2021 മുതൽ 2025 വരെയുള്ള കാലയളവിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിവരവും ഇതിനായി ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്കും അനുബന്ധമായി ചേർക്കുന്നു.+

(ബി) ജലസേചന വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

ജലസേചന വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ജല അതോറിറ്റിക്ക് ലഭിക്കാനുള്ള കുടിശ്ശിക

288 (3146) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ, വൻകിട സ്വകാര്യസ്ഥാപനങ്ങൾ, ഗാർഹിക ഉപയോക്താക്കൾ തുടങ്ങിയവയിൽനിന്നും ജല

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അതോറിറ്റിക്ക് ലഭ്യമാകാനുള്ള കുടിശ്ശികയുടെ വിശദാംശം തരംതിരിച്ച് ലഭ്യമാക്കുമോ?

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ, വൻകിട സ്വകാര്യസ്ഥാപനങ്ങൾ, ഗാർഹിക ഉപയോക്താക്കൾ തുടങ്ങിയവയിൽനിന്നും ജല അതോറിറ്റിക്ക് ലഭ്യമാകാനുള്ള കുടിശ്ശികയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ	20.51 കോടി രൂപ
സർക്കാർ ഓഫീസുകൾ	114.51 കോടി രൂപ
വൻകിട സ്വകാര്യസ്ഥാപനങ്ങൾ	166.97 കോടി രൂപ
ഗാർഹിക ഉപയോക്താക്കൾ	319.37 കോടി രൂപ

ജലം പാഴായിപ്പോകുന്നത് തടയാൻ നടപടി

289 (3147) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റി വിതരണത്തിനായി വിനിയോഗിക്കുന്ന ജലത്തിന്റെ 40 മുതൽ 45 ശതമാനംവരെ പാഴായിപ്പോകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അപ്രകാരം ജല അതോറിറ്റിക്കുണ്ടാകുന്ന നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ജല അതോറിറ്റി ജലവിതരണത്തിനായി വിനിയോഗിക്കുന്ന ജലം, വിതരണ ശൃംഖലയിലെ പൊട്ടലുകൾ, ചോർച്ച, ജലമോഷണം തുടങ്ങിയവമൂലം നഷ്ടമാകാറുണ്ട്. ഓരോ ദിവസവും ഭൂമിക്കടിയിലുണ്ടാവുന്ന ജല ചോർച്ച, പൈപ്പിന്റെ വ്യാസവും പൊട്ടലിന്റെ വ്യാപ്തിയുമനുസരിച്ച് വ്യത്യാസപ്പെടുന്നതിനാൽ കൃത്യമായ ശതമാനം കണക്കാക്കാൻ

സാധിച്ചിട്ടില്ല. എന്നിരുന്നാലും വിതരണം ചെയ്യുന്ന ജലത്തിന്റെ ഏകദേശം 30 മുതൽ 40 ശതമാനംവരെ നഷ്ടപ്പെടുന്നതായി കണക്കാക്കാറുണ്ട്. അപ്രകാരം ജല അതോറിറ്റിക്കുണ്ടാകുന്ന നഷ്ടം എത്രയാണെന്ന് കൃത്യമായി കണക്കാക്കിയിട്ടില്ല.

(ബി) ജലവിതരണ പൈപ്പുകൾ വഴിയുള്ള ചോർച്ച, ജലമോഷണം, മീറ്ററുകൾ പ്രവർത്തിക്കാതിരിക്കുന്നത് എന്നിവ കാരണം നഷ്ടമുണ്ടാകുന്നുണ്ടോ; വിശദവിവരം നൽകുമോ?

ജലവിതരണ പൈപ്പുകൾ വഴിയുള്ള ചോർച്ച, ജലമോഷണം, മീറ്ററുകൾ പ്രവർത്തിക്കാതിരിക്കുന്നത് എന്നിവ കാരണം നഷ്ടമുണ്ടാകുന്നുണ്ട്. വിതരണ പൈപ്പുകൾ വഴിയുള്ള ചോർച്ച അതത് സമയങ്ങളിൽ അറ്റകുറ്റപ്പണി നടത്തി പരിഹരിച്ചുവരുന്നുണ്ട്. അനധികൃത ഉപയോഗങ്ങൾ കണ്ടെത്തി തടയുന്നതിന് ആന്റി തെഫ്റ്റ് സ്ക്വാഡ് പ്രവർത്തിച്ചുവരുന്നുണ്ട്. പ്രവർത്തനരഹിതമായ മീറ്ററുകൾ മാറ്റി സ്ഥാപിക്കാൻ ഉപഭോക്താക്കൾക്ക് നോട്ടീസ് നൽകി ആയത് കാലതാമസം കൂടാതെ മാറ്റിവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ജലനഷ്ടത്താലുണ്ടാകുന്ന വരുമാന നഷ്ടം കുറയ്ക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ജൽ ജീവൻ മിഷൻ, അമൃത്, സ്റ്റേറ്റ് പ്ലാൻ മുതലായ വിവിധങ്ങളായ പദ്ധതികളിലുൾപ്പെടുത്തി ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി നടപ്പാക്കിവരുന്നുണ്ട്. കൂടാതെ റോഡ് നവീകരണപ്രവൃത്തികളുടെ

ഭാഗമായി കാലപ്പഴക്കംചെന്ന പൈപ്പ്ലൈനുകളും ഇന്റർകണക്ഷനുകളും മറ്റും മാറ്റി കൂടിവെള്ള ജലവിതരണ ശൃംഖല ശക്തിപ്പെടുത്തുന്ന പ്രവൃത്തികളും നടപ്പാക്കിവരുന്നുണ്ട്. കൃത്യസമയത്തുള്ള അറ്റകുറ്റപ്പണികൾ നടത്തിയും ജലമോഷണവും അനധികൃത ഉപയോഗവും തടയുന്നതിനുള്ള പരിശോധനകൾ നടത്തി പിഴ ചുമത്തിയും കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചും കാലപ്പഴക്കംവന്ന വിതരണ ടാങ്കുകളുടെ നവീകരണ പ്രവൃത്തികൾ ചെയ്തും ജലനഷ്ടത്താലുണ്ടാകുന്ന വരുമാന നഷ്ടം കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി എടുത്തിട്ടുള്ള കടം

290 (3148) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി ഏതെല്ലാം ഏജൻസികളിൽനിന്നും എത്ര തുക വീതം കടമെടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ?

കേരള വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി സർക്കാർ ഗ്യാരന്റിയിൽ LIC-യിൽനിന്നും HUDCO-യിൽനിന്നും 2003-ൽ 338.11 കോടി രൂപ വായ്പയെടുത്തിട്ടുണ്ട്.

(ബി) ഇതിൽ ഏതെല്ലാം ഏജൻസികൾക്ക് എത്ര തുക വീതം തിരിച്ചടച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വായ്പ തുക യഥാസമയം തിരിച്ചടച്ചുവരുന്നു. 2028-29 സാമ്പത്തിക വർഷം കൊണ്ട് ഈ

ലോൺ തുക പൂർണ്ണമായും തിരിച്ചടയ്ക്കുന്നതാണ്. 31-03-2025-ലെ കണക്കനുസരിച്ച് ഇനി LIC-ക്ക് തിരിച്ചടയ്ക്കാനുള്ള വായ്പ തുക 11.29 കോടി രൂപയാണ്. പ്രതിവർഷം അടയ്ക്കേണ്ട തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	തുക (കോടിയിൽ)
2025-26	3.76
2026-27	3.43
2027-28	3.43
2028-29	0.67
ആകെ	11.29

പലിശ നിരക്ക് 9 ശതമാനം ആണ്.

(സി) വാട്ടർ അതോറിറ്റി എടുത്തിട്ടുള്ള കടം തിരിച്ചടയ്ക്കുന്നതിന്റെ ഉത്തരവാദിത്വം വാട്ടർ അതോറിറ്റിക്കാണോ അതോ സർക്കാരിനാണോ എന്ന് വ്യക്തമാക്കാമോ?

ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വാട്ടർ അതോറിറ്റിയെടുത്തിട്ടുള്ള കടം തിരിച്ചടയ്ക്കുന്നതിന്റെ പൂർണ്ണമായ ഉത്തരവാദിത്വം വാട്ടർ അതോറിറ്റിക്കാണ്.

(ഡി) ജിക്ക പദ്ധതിയുമായി ബന്ധപ്പെട്ട് എടുത്ത വായ്പ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

കേരള സംസ്ഥാനത്ത് ജപ്പാൻ ഇന്റർനാഷണൽ ഏജൻസി മുഖാന്തരം കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ വായ്പയെടുക്കുകയും ഇംപ്ലിമെന്റിങ് ഏജൻസിയായ കെ.ഡബ്ല്യു.എ.-യ്ക്ക് ലോൺ ശീർഷകമായ 6215-01-190-98 എന്ന

ശീർഷകത്തിൽ 2016-17 സാമ്പത്തിക വർഷംവരെ ബജറ്റ് വിഹിതം അനുവദിച്ചുനൽകിയിട്ടുണ്ട്. കേരളത്തിലെ അഞ്ച് പ്രദേശങ്ങളായ തിരുവനന്തപുരം, കോഴിക്കോട്, മീനാട്, ചേർത്തല, പട്ടുവം തുടങ്ങിയ സ്ഥലങ്ങളിൽ ജിക്ക പ്രോജക്ട് വഴി ലക്ഷക്കണക്കിനാളുകൾക്ക് കുടിവെള്ള വിതരണം ഉറപ്പാക്കുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. പദ്ധതി നിർവഹണത്തിനായി ലോൺ ശീർഷകത്തിൽ ബജറ്റ് വിഹിതം അനുവദിച്ചെങ്കിലും അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതിയും ഫണ്ടുകളുടെ അപര്യാപ്തതയുംമൂലം തിരിച്ചടവുകൾ സാധ്യമായിട്ടില്ല.

വാട്ടർ അതോറിറ്റിയെ സാമ്പത്തികമായി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 31-03-2007 വരെ വാട്ടർ അതോറിറ്റി വായ്പായിനത്തിൽ നൽകാനുള്ള 1004.81 കോടി രൂപയുടെ പലിശയും പിഴപ്പലിശയും 2008-2009 ബജറ്റ് പ്രഖ്യാപനത്തിലൂടെ എഴുതിത്തള്ളുകയും 713.22 കോടി രൂപയുടെ സർക്കാർ വായ്പ ഓഹരി മൂലധനമായി മാറ്റുകയും ചെയ്തു. 2007-2008 മുതൽ 2016-2017 വരെ കാലയളവിൽ ലോൺ ശീർഷകത്തിൽ 2332.63 കോടി രൂപ ലഭിക്കുകയുണ്ടായി.

ജല അതോറിറ്റിയുടെ സാമ്പത്തികബാധ്യത കുറയ്ക്കുന്നതിന് നടപടി

291 (3149) ശ്രീ. പി. കെ. ബഷീർ:

ഡോ. എം. കെ. മുനീർ:

ശ്രീ. യു. എ. ലത്തീഫ്:

ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുടെ സാമ്പത്തിക ബാധ്യത തരണം ചെയ്യുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

(ബി) ജലേതര വരുമാനം വർധിപ്പിക്കുന്നതിന് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതികളാവിഷ്കരിക്കാൻ ആലോചനയുണ്ടോ; വിശദമാക്കുമോ?

ജലേതര വരുമാനം വർധിപ്പിക്കുന്നതിന് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പാക്കുന്നതിന് ജല അതോറിറ്റിക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

ജലശുദ്ധീകരണശാലകളും ജലസംഭരണികളും സ്ഥിതിചെയ്യുന്ന പ്രകൃതിസുന്ദരമായ സ്ഥലങ്ങളിലും മറ്റ് ഒഴിഞ്ഞ ഭൂമികളിലും ആസ്തികളിലും ഓരോ പ്രദേശത്തിന്റെയും സാധ്യത കണക്കിലെടുത്ത് വാണിജ്യസംരംഭങ്ങളും ടൂറിസം പദ്ധതികളും ആവിഷ്കരിക്കുന്നതിന് പാട്ടത്തിന് നൽകുകയും അതുവഴി അധിക വരുമാനം ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉപയോഗിക്കാതെ കിടക്കുന്ന ജല അതോറിറ്റിയുടെ ഭൂമി ലാഭകരമായി എങ്ങനെ വിനിയോഗിക്കാം എന്നതിനെക്കുറിച്ച് പഠിക്കാൻ കൺസൾട്ടൻസിയെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

അതോറിറ്റിയുടെ തീരുമാനപ്രകാരം കൺസൾട്ടൻസിയെ തിരഞ്ഞെടുക്കാനായി വിജ്ഞാപനം നൽകുകയുണ്ടായി. ലഭ്യമായ അപേക്ഷ പരിശോധിച്ച് തുടർനടപടികൾ

സ്വീകരിച്ചുവരുന്നു.

വാട്ടർ അതോറിറ്റിക്ക് അനുവദിച്ച തുക

292 (3150) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ കേരള വാട്ടർ അതോറിറ്റിക്ക് 2016 മുതൽ ഓരോ സാമ്പത്തിക വർഷവും എത്ര തുക അനുവദിച്ചെന്നും ഇതിൽ എത്ര രൂപ നൽകിയെന്നും വർഷം തിരിച്ച് ലഭ്യമാക്കാമോ?

2016 മുതൽ സംസ്ഥാന സർക്കാർ കേരള വാട്ടർ അതോറിറ്റിക്ക് പദ്ധതി വിഹിതത്തിൽ അനുവദിച്ച തുകയുടെ വിവരങ്ങൾ:

(കോടി രൂപ)

Year	Budget Provision	GRANT FROM GOK	LOAN FROM GOK RECEIVED AS GRANT	TOTAL RECEIPT
2016-2017	692.50	440.57	51.17	491.74
2017-2018	703.55	381.03	-	381.03
2018-2019	801.43	326.70	-	326.70
2019-2020	720.51	188.14	-	188.14
2020-2021	645.25	773.73	-	773.73
2021-2022	735.80	1716.90	-	1716.90
2022-2023	876.75	1760.29	-	1760.29
2023-2024	879.65	1387.03	-	1387.03
2024-2025	876.24	1586.57	-	1586.57

2025-2026 (up to 30-09-2025)	889.03	78.09	-	78.09
TOAL	**7820.71**	**8639.05**	**51.17**	**8690.22**

2016 മുതൽ സംസ്ഥാന സർക്കാർ കേരള വാട്ടർ അതോറിറ്റിക്ക് നോൺ-പ്ലാൻ ഗ്രാന്റ് വിഭാഗത്തിൽ ശമ്പള-ശമ്പളേതര ഇനത്തിൽ അനുവദിച്ച തുകയുടെ വിവരങ്ങൾ:

(കോടി രൂപ)

Year	Budget Provision of Non-Plan	NON PLAN FUND RECEIPT
2016-2017	276.56	296.56
2017-2018	312.19	280.97
2018-2019	327.8	359.02
2019-2020	356.73	273.53
2020-2021	321.06	347.44
2021-2022	321.06	321.06
2022-2023	353.16	183.73
2023-2024	357.28	66.10
2024-2025	357.28	150.47
2025-2026 (up to 30-09-2025)	332.28	-
TOTAL	**3315.40**	**2278.88**

ഗുരുവായൂർ മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതി

293 (3151) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിൽ ജൽ ജീവൻ പദ്ധതിക്കുവേണ്ടി പൊളിച്ച റോഡുകൾ റെസ്റ്റോറേഷൻ നടത്തുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിലെ ഏങ്ങണ്ടിയൂർ പഞ്ചായത്തിൽ ജെ.ജെ.എം. പദ്ധതിയിൽ റോഡുകൾ റെസ്റ്റോറേഷൻ നടത്തുന്നതിന് 256.704 ലക്ഷം രൂപയുടെയും കടപ്പുറം പഞ്ചായത്തിൽ 256 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ മേൽ പ്രകാരമുള്ള റോഡുകൾ റെസ്റ്റോറേഷൻ നടത്തുന്നതിന് ഫണ്ട് അനുവദിക്കാനുണ്ടോ; എങ്കിൽ അനുവദിക്കാതിരുന്നതിന് കാരണം വിശദമാക്കാമോ?

ഇല്ല. ജെ.ജെ.എം. പ്രവൃത്തികൾക്കും റോഡ് പുനരുദ്ധാരണത്തിനുമായി 256.704 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പഞ്ചായത്ത് റോഡുകളുടെ റെസ്റ്റോറേഷൻ പഞ്ചായത്ത് മുഖേന നടപ്പാക്കി ബിൽ PFMS വഴി സമർപ്പിക്കുന്നമുറയ്ക്ക് ജെ.ജെ.എം. സീനിയോറിറ്റിയനുസരിച്ച് കരാറുകാർക്ക് പേമെന്റ് ലഭ്യമാക്കാൻ സാധിക്കുന്നതാണ്. നാളിതുവരെ ബില്ലുകളൊന്നും PFMS-ൽ സമർപ്പിച്ചിട്ടില്ല.

കോഴിക്കോട് ജില്ലയിലെ ജൽ ജീവൻ പദ്ധതി

294 (3152) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ജൽ ജീവൻ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കുന്നമ്മൽ, തുറയൂർ, കടലുണ്ടി എന്നീ ഗ്രാമപഞ്ചായത്തുകളിൽ ജൽ ജീവൻ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരണത്തിൽ നിലവിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ?

ഫണ്ടിന്റെ ലഭ്യതക്കുറവ്, പൊതുമരാമത്ത്, കെ.ആർ.എഫ്.ബി., പി.എം.ജി.എസ്.വൈ. എന്നിവിടങ്ങളിൽനിന്നും റോഡ് കട്ടിങ് അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം എന്നിവ പദ്ധതിയുടെ പുരോഗതിയിൽ മന്ദത വരുത്തി.

(സി) പദ്ധതിയുടെ സംസ്ഥാനവിഹിതമായി നൽകേണ്ട തുകയിൽ കുടിശ്ശികയുണ്ടോ; എങ്കിൽ ആയത് ലഭ്യമാക്കാൻ എന്തുനടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ഇതുവരെ 5610.30 കോടി രൂപ കേന്ദ്ര വിഹിതമായും 6033.29 കോടി രൂപ സംസ്ഥാന വിഹിതമായും ലഭിച്ചിട്ടുണ്ട് (ആകെ-11643.59 കോടി രൂപ). മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികൾക്കായി കരാറുകാർക്ക് 2025 ആഗസ്റ്റ് 31-ലെ കണക്കുപ്രകാരം 6039.24 കോടി രൂപ (5540 ബില്ലുകൾ - 2024 മാർച്ച് മുതലുള്ളത്) കുടിശ്ശിക

നൽകാനുണ്ട്. 2025-26 സാമ്പത്തിക വർഷം ഇതുവരെ കേന്ദ്രവിഹിതം ലഭ്യമായിട്ടില്ല.

ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഇത് തരണം ചെയ്യാനായി സംസ്ഥാന വിഹിതത്തിന് നബാർഡിൽനിന്നും വായ്പയെടുക്കാൻ സർക്കാർ ഉത്തരവുവഴി അനുമതി നൽകിയിട്ടുണ്ട്.

കാട്ടാക്കട മണ്ഡലത്തിലെ ജൽ ജീവൻ മിഷന്റെ പ്രവൃത്തികൾ

295 (3153) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ ഭാഗമായുള്ള റോഡ് കട്ടിങ്ങിന്റെ റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തിയാക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ജൽ ജീവൻ മിഷൻ പ്രവൃത്തികൾക്കായി കുഴികളെടുക്കുമ്പോൾ പൈപ്പ്ലൈൻ സ്ഥാപിച്ചയുടൻ റോഡുകളുടെ താൽക്കാലിക പുനരുദ്ധാരണവും പ്രവൃത്തി പൂർത്തീകരിക്കുന്നമുറയ്ക്ക് പ്രവൃത്തികളിൽ ഉൾപ്പെട്ടിട്ടുള്ള പുനരുദ്ധാരണവും നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കാട്ടാക്കട മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ ഭാഗമായി റോഡ് കട്ടിങ് ആവശ്യമായിവരുന്ന പി.ഡബ്ല്യു.ഡി. റോഡുകളിൽ അനുമതിക്കായി റെസ്റ്റോറേഷൻ തുക പി.ഡബ്ല്യു.ഡി.-യിൽ അടവാക്കുകയും ടി റോഡുകൾ പി.ഡബ്ല്യു.ഡി. തന്നെ റീസ്റ്റോർ ചെയ്ത് നൽകുന്നതുമാണ്. ഫണ്ടിന്റെ അഭാവം പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികളുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്.

(ബി) കാട്ടാക്കട-ബാലരാമപുരം റോഡിന്റെ റെസ്റ്റോറേഷൻ പ്രവൃത്തികളുടെ നിർവഹണച്ചുമതല ആർക്കാണെന്നും റെസ്റ്റോറേഷൻ പ്രവൃത്തികൾക്കായി സ്വീകരിച്ച നടപടി എന്താണെന്നും പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കാനാകുമെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാട്ടാക്കട-ബാലരാമപുരം റോഡ് 3 സ്ട്രെച്ചായിട്ടാണ് പൈപ്പ്ലൈൻ പ്രവർത്തനങ്ങൾ ചെയ്യുന്നത്.

1. ബാലരാമപുരം-ഊരുട്ടമ്പലം റോഡിന്റെ റെസ്റ്റോറേഷൻ തുക പി.ഡബ്ല്യു.ഡി.-ക്ക് അടവാക്കി പൈപ്പ്ലൈൻ പ്രവൃത്തിയും റെസ്റ്റോറേഷൻ പ്രവർത്തനങ്ങളും പൂർത്തീകരിച്ചിട്ടുള്ളതാണ്.

2. ഊരുട്ടമ്പലം-തുങ്ങാംപാറ റോഡിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ ഭാഗമായുള്ള പുനഃസ്ഥാപനം കേരള വാട്ടർ അതോറിറ്റി നിർവഹിക്കുന്നതാണ്. എന്നാൽ റോഡ് കട്ടിങ് പെർമിഷൻ കിട്ടുന്നതിനുള്ള കാലതാമസം കാരണം റെസ്റ്റോറേഷൻ പ്രവൃത്തി ക്രമീകരിച്ചിരുന്ന കോൺട്രാക്ടറുടെ എഗ്രിമെന്റ് കാലാവധി കഴിഞ്ഞതിനാൽ, പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിൽനിന്ന് കോൺട്രാക്ടർ പിൻമാറുകയും ബഹുമാനപ്പെട്ട കോടതി ഉത്തരവുപ്രകാരം കരാർ അവസാനിപ്പിക്കുകയും ചെയ്തിരിക്കുന്നു. പുതിയ പ്രവൃത്തി ടെൻഡർ ചെയ്ത് ക്രമീകരിക്കുന്നമുറയ്ക്ക് റെസ്റ്റോറേഷൻ പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണ്.

3. തുങ്ങാംപാറ-കാട്ടാക്കട റോഡിൽ ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ ഭാഗമായുള്ള പൈപ്പ്ലൈൻ പ്രവൃത്തികൾ നടന്നുവരികയാണ്. ടി പ്രവൃത്തികൾ പൂർത്തീകരിക്കുന്നമുറയ്ക്ക്

കേരള വാട്ടർ അതോറിറ്റി റെസ്റ്റോറേഷൻ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാവുന്നതാണ്.

ജൽ ജീവൻ മിഷന്റെ പ്രവൃത്തികളുടെ ഭാഗമായുള്ള റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ

296 (3154) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതി പ്രവൃത്തികളുടെ ഭാഗമായുള്ള തച്ചോട്ടുകാവ്-മങ്കാട്ടുകടവ്, പിടാരം-വിളവൂർക്കൽ എന്നീ റോഡുകളുടെ റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തിയാക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

തച്ചോട്ടുകാവ്–മങ്കാട്ടുകടവ് റോഡിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി 90% പൂർത്തീകരിച്ചിട്ടുള്ളതാണ്. പൈപ്പ്‌ലൈൻ പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം കേരള വാട്ടർ അതോറിറ്റി നേരിട്ട് റെസ്റ്റോറേഷൻ പ്രവൃത്തികൾ ചെയ്യുന്നതാണ്. പിടാരം-വിളവൂർക്കൽ റോഡിൽ നിലവിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിച്ച ഭാഗത്തെ റെസ്റ്റോറേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്.

(ബി) പ്രസ്തുത റെസ്റ്റോറേഷൻ പ്രവൃത്തിയുടെ നിർവഹണച്ചുമതല ആർക്കാണെന്നും ഇത് എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

റെസ്റ്റോറേഷൻ പ്രവൃത്തിയുടെ നിർവഹണച്ചുമതല കേരള വാട്ടർ അതോറിറ്റിക്കാണ്. 2025 ഡിസംബറോടെ പ്രവൃത്തി പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

ജൽ ജീവൻ മിഷൻ, അമൃത് പദ്ധതികൾ പ്രകാരം നൽകിയ വാട്ടർ കണക്ഷൻ

297 (3155) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജൽ ജീവൻ മിഷൻ, അമൃത് എന്നീ പദ്ധതികൾ പ്രകാരം കായംകുളം മണ്ഡലത്തിലെ പഞ്ചായത്തുകൾ, നഗരസഭ എന്നിവിടങ്ങളിൽ എത്ര വാട്ടർ കണക്ഷനുകളാണ് നൽകിയിട്ടുള്ളതെന്ന് പഞ്ചായത്തുകൾ, നഗരസഭ എന്നിങ്ങനെ തരംതിരിച്ച് ലഭ്യമാക്കാമോ?

കായംകുളം മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം നൽകിയ കണക്ഷന്റെ എണ്ണം പഞ്ചായത്തടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

പഞ്ചായത്ത്	ആകെ ഗ്രാമീണ വീടുകൾ	ജൽ ജീവൻ മിഷന് മുൻപുണ്ടായിരുന്ന കണക്ഷൻ	ജൽജീവൻ മിഷൻ തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ (30-09-2025 വരെ)	നിലവിൽ മൊത്തം കണക്ഷൻ
ഭരണിക്കാവ്	10333	575	3931	4506
ചെട്ടികുളങ്ങര	13177	949	3094	4043
ദേവികുളങ്ങര	8127	2392	1406	3798
കണ്ടല്ലൂർ	6642	3515	1174	4689
കൃഷ്ണപുരം	7866	694	5516	6210
പത്തിയൂർ	10322	1434	2254	3688
ആകെ	**56467**	**9559**	**17375**	**26934**

കായംകുളം മണ്ഡലത്തിൽ അമൃത് പദ്ധതി പ്രകാരം നൽകിയ കണക്ഷനുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

നഗരസഭ	കണക്ഷന്റെ എണ്ണം	സ്ഥിതി
കായംകുളം	21571760	പ്രവൃത്തി പുരോഗമിക്കുന്നു.

കുടിവെള്ള പൈപ്പ് മാറ്റുന്നതിന് നടപടി

298 (3156) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ തുറവൂർ മുതൽ അരൂർ വരെയുള്ള ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട് DPR തയ്യാറാക്കിയപ്പോൾ ദേശീയപാതയുടെ ഇരുവശങ്ങളിലുമുള്ള ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പൈപ്പ് മാറ്റുന്നതിന് ദേശീയപാത അതോറിറ്റിയുമായി ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടന്നിരുന്നോയെന്ന് വ്യക്തമാക്കാമോ?

അരൂർ മുതൽ തുറവൂർ വരെയുള്ള എൻ.എച്ച്. 66 നിർമ്മാണവുമായി ബന്ധപ്പെട്ട് അതിന്റെ ഇരുവശങ്ങളിലുമായിവരുന്ന പൈപ്പ്‌ലൈനുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് നാഷണൽ ഹൈവേ അതോറിറ്റി തയ്യാറാക്കി നൽകിയ ഡ്രോയിങ് പ്രകാരം 2021-ൽ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ ഹൈവേ അതോറിറ്റിയുമായി ഒന്നിച്ച് പരിശോധന നടത്തുകയും പൈപ്പ്‌ലൈനുകൾ അവരുടെ നിർദേശപ്രകാരം മാറ്റി സ്ഥാപിക്കുന്നതിനുള്ള നിർദേശങ്ങൾ തയ്യാറാക്കി നൽകുകയും ചെയ്തിരുന്നു. ഇത്

ഒന്നാംഘട്ടമായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മൊത്തം 11 km ഉള്ള ട്രാൻസ്മിഷൻ ലൈനിൽ 1.2 km (600 മീറ്റർ വീതം ഇരുവശത്തും) പൈപ്പ്‌ലൈൻ സർവീസ് റോഡിൽനിന്നും മാറ്റി സ്ഥാപിക്കാനുള്ള എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി സമർപ്പിച്ചിരുന്നു. ഇതിന് വകയിരുത്തിയ എസ്റ്റിമേറ്റ് തുക ഏകദേശം 4.8 കോടി രൂപയായിരുന്നു. എന്നാൽ NH ഡിസൈനിൽ ഒറിജിനൽ പ്രൊപ്പോസലിൽനിന്നും വിവിധ മാറ്റങ്ങൾ വന്നതുമൂലവും പുതിയ ഡ്രെയിനേജ് (കാന) പ്രവൃത്തികൾമൂലവും വളവുകൾ നിവർത്താനുള്ള പുതിയ പ്രവൃത്തികൾമൂലവും മുൻപറഞ്ഞ 1.2 km-നേക്കാൾ കൂടുതൽ നീളത്തിൽ ട്രാൻസ്മിഷൻ ലൈനുകളും ഡിസ്ട്രിബ്യൂഷൻ ലൈനുകളും പുതിയ സർവീസ് റോഡിന്റെ അടിയിലാകുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. ഇത് മനസ്സിലാക്കി KWA ഉദ്യോഗസ്ഥർ ഈ വിവരം പല മീറ്റിങ്ങുകളിലായി NHAI അധികൃതരെ അറിയിച്ചിരുന്നു. എന്നാൽ ആദ്യഘട്ട എസ്റ്റിമേറ്റിന് മാത്രമാണ് ഹൈവേ അതോറിറ്റി അംഗീകാരം നൽകിയിരുന്നത്.

NHAI കോൺട്രാക്ടറും KWA ഉദ്യോഗസ്ഥരും ചേർന്ന് 2023 ഓഗസ്റ്റ് 19-ന് സംയുക്ത സ്ഥലപരിശോധന നടത്തിയിരുന്നു. 2024 ഫെബ്രുവരി 8-ന് മറ്റൊരു സൈറ്റ് ഇൻസ്പെക്ഷൻ നടത്തി മൊത്തം 8.40km ട്രാൻസ്മിഷൻ ലൈൻ മാറ്റി സ്ഥാപിക്കേണ്ടതുണ്ടെന്ന് കണ്ടെത്തിയിരുന്നു (മുൻപറഞ്ഞ 1.2km-ന് പകരം). കൂടാതെ ഇതിനുപുറമേ 40.6km ഡിസ്ട്രിബ്യൂഷൻ ലൈനും മാറ്റി സ്ഥാപിക്കേണ്ടതുണ്ടെന്ന് അന്ന് കണ്ടെത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്മിഷൻ ലൈൻ മാറ്റുന്നതിന് 13.06 കോടി രൂപയുടെയും ഡിസ്ട്രിബ്യൂഷൻ ലൈൻ മാറ്റുന്നതിന് 19.14 കോടി രൂപയുടെയും എസ്റ്റിമേറ്റ് തയ്യാറാക്കി NHAI-ക്ക് 2024 സെപ്റ്റംബർ 23-ന് സമർപ്പിച്ചിരുന്നു.

2025 ഫെബ്രുവരി 15-ന് KWA, NHAI consultant, NHAI കോൺട്രാക്ടർ എന്നിവരുടെ സംയുക്തയോഗം നടന്നിരുന്നു. തുടർനടപടികൾ NHAI അധികൃതർ സ്വീരിച്ചില്ല. കരാർ കമ്പനിയായ അശോക അവരുടെ നിർമ്മാണ വേളയിൽ തടസ്സമായി വന്നിരുന്ന പൈപ്പ്‌ലൈനുകൾ മാത്രമാണ് മാറ്റിക്കൊണ്ടിരുന്നത്. 2025 മെയ് 13-ന് ആലപ്പുഴ ജില്ലാ കളക്ടർ വിളിച്ചുചേർത്ത യോഗത്തിൽ NHAI പ്രോജക്ട് ഡയറക്ടർക്ക് ട്രാൻസ്മിഷൻ ലൈൻ മാറ്റാനുള്ള നടപടികൾ സ്വീകരിക്കാൻ നിർദേശം നൽകിയിരുന്നു.

2025 സെപ്റ്റംബർ 11-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി വിളിച്ചുചേർത്ത ഓൺലൈൻ യോഗത്തിൽ അടിയന്തരമായി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി തീരുമാനമെടുക്കാൻ നിർദേശിച്ചിരുന്നു. തുടർന്ന് 2025 സെപ്തംബർ 12-ന് NHAI consultant M/s Ashoka Buildcon കമ്പനിയുമായി ചേർന്ന് KWA ഉദ്യോഗസ്ഥർ സംയുക്തമായി നടത്തിയ ചർച്ചയിൽ കാനയുടെ നിർമ്മാണ സമയത്ത് കാനയുടെ അടിയിൽവരുന്ന പൈപ്പ്‌ലൈനുകൾകൂടി ഇരുവശങ്ങളിലേക്ക് മാറ്റണമെന്ന് നിർദേശം നൽകുകയുണ്ടായി. ആയതനുസരിച്ച് വിശദമായ ഡ്രോയിങ് തയ്യാറാക്കി ഹൈവേ അതോറിറ്റിക്ക് ഉടൻതന്നെ കൈമാറുന്നതാണ്. അതിനുശേഷം അവരുമായി ജോയിന്റ് ഇൻസ്പെക്ഷൻ നടത്താമെന്നാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പ്രദേശത്തെ പൈപ്പ് മാറ്റി പുതിയത് സ്ഥാപിക്കുന്നതിന് എത്ര രൂപ ചെലവ് വരുമെന്ന് അറിയിക്കാമോ?

32.20 കോടി രൂപ വേണ്ടിവരുമെന്ന് കണക്കാക്കുന്നു.

വടക്കാഞ്ചേരി മണ്ഡലത്തിലെ ജൽ ജീവൻ മിഷനുമായി ബന്ധപ്പെട്ട റോഡുകളുടെ റെസ്റ്റോറേഷൻ പ്രവൃത്തികൾ

299 (3157) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ അവണൂർ, മുളങ്കുന്നത്തുകാവ്, കോലഴി, അടാട്ട്, തെക്കുംകര, കൈപ്പറമ്പ്, തോളൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ജൽ ജീവൻ മിഷനുമായി ബന്ധപ്പെട്ട റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിലെ കോലഴി പഞ്ചായത്തിൽ 32.75 കി.മീ. റോഡ് കുഴിക്കുകയും 1.2 കി.മീ. ഭാഗികമായി പുനരുദ്ധാരണവും ചെയ്തിട്ടുണ്ട്.

അടാട്ട് പഞ്ചായത്തിൽ 49 കിലോമീറ്ററോളം റോഡ് കുഴിയെടുക്കുകയും ആയതിൽ 22 കിലോമീറ്റർ പൂർണ്ണമായും 14 കിലോമീറ്റർ ഭാഗികമായും പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

മുളങ്കുന്നത്തുകാവ് പഞ്ചായത്തിൽ 5.8 കിലോമീറ്റർ പൈപ്പ്ലൈൻ ഇടാനായി റോഡ് കുഴിച്ചിട്ടുണ്ട്. പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യാനുണ്ട്. മേല്പറഞ്ഞ പഞ്ചായത്തുകളിൽ പി.ഡബ്ല്യു.ഡി. റോഡിൽ റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ ചെയ്യുന്നതിനായി തുക പി.ഡബ്ല്യു.ഡി.-യിലേക്ക് അടവാക്കിയിട്ടുണ്ട്.

തെക്കുംകര പഞ്ചായത്തിനുകീഴിലെ 23 കിലോമീറ്റർ പഞ്ചായത്ത് റോഡുകളിൽ പൈപ്പ്ലൈൻ സ്ഥാപിച്ചിട്ടുണ്ട്. ഈ റോഡുകളെല്ലാം wet mix, GSB എന്നിവയുപയോഗിച്ച്

റീസ്റ്റോർ ചെയ്തിട്ടുണ്ട്. രണ്ട് പി.ഡബ്ല്യു.ഡി. റോഡുകൾ ക്രോസിങ്ങും കോൺക്രീറ്റും ചെയ്തിട്ടുണ്ട്.

അവണൂർ പഞ്ചായത്തിലെ പ്രവൃത്തികളിൽ 15 കി.മീ. ദൂരത്തിൽ റോഡ് റെസ്റ്റോറേഷൻ ചെയ്തിട്ടുണ്ട്. കൈപ്പറമ്പ് പഞ്ചായത്തിൽ 50 കി.മീ. പൈപ്പ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും റോഡ് റെസ്റ്റോറേഷൻ ചെയ്തിട്ടില്ല. തോളൂർ പഞ്ചായത്തിൽ 8 കി.മീ. പൈപ്പ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും റോഡ് റെസ്റ്റോറേഷൻ ചെയ്യാനുണ്ട്. അവണൂർ പഞ്ചായത്തിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി 85.9 km ദൂരം പഞ്ചായത്ത് റോഡ് പൊളിച്ചതിൽ 19.4 km ടാറിങ് പ്രവൃത്തികളും 30 km GSB പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

PWD റോഡിൽ 10.54 km ദൂരമാണ് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി പൊളിച്ചിട്ടുള്ളത്. അതിൽ 6.56 km ദൂരം PWD തന്നെ നടത്തേണ്ടതും 3.98 km ദൂരം വാട്ടർ അതോറിറ്റി റെസ്റ്റോറേഷൻ നടത്തേണ്ടതുമാണ്.

കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി 50.9 km പഞ്ചായത്ത് റോഡും 3 km PWD റോഡും പൊളിച്ചിട്ടുണ്ട്. PWD റോഡിൽ 1.5 km ദൂരമാണ് വാട്ടർ അതോറിറ്റി റെസ്റ്റോറേഷൻ നടത്തേണ്ടത്.

തോളൂർ ഗ്രാമപഞ്ചായത്തിൽ പൈപ്പ്ലൈൻ സ്ഥാപിക്കാനായി 8 km പഞ്ചായത്ത് റോഡാണ് പൊളിച്ചിട്ടുള്ളത്. ആയത് റെസ്റ്റോറേഷൻ നടത്തിയിട്ടില്ല.

പഞ്ചായത്ത് റോഡുകളിൽ കരാറുകാർ റോഡ് റെസ്റ്റോറേഷൻ ചെയ്യാത്ത സാഹചര്യത്തിൽ പഞ്ചായത്ത് ടി പ്രവൃത്തി ചെയ്ത് ആയതിന്റെ ബിൽ ജെ.ജെ.എം. PFMS-ൽ സമർപ്പിക്കുമ്പോൾ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ജെ.ജെ.എം. സീനിയോറിറ്റി അടിസ്ഥാനത്തിൽ

ബിൽത്തുക ലഭ്യമാകും.

(ബി) അവണൂർ-മുണ്ടൂർ ബി.എം. & ബി.സി. റോഡിലെ ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട റോഡ് റെസ്റ്റോറേഷൻ പ്രവൃത്തി പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവണൂർ-മുണ്ടൂർ ബി.എം. & ബി.സി. റോഡിൽ Ch 0/327 മുതൽ 3/100 വരെ പ്രവൃത്തിയേറ്റെടുത്ത കരാറുകാരൻ പൈപ്പ് സ്ഥാപിക്കുകയും എന്നാൽ റെസ്റ്റോറേഷൻ നടത്താതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ അപകടാവസ്ഥയിലുള്ള 7 ക്രോസിങ്ങുകൾ അടിയന്തരമായി റീസ്റ്റോർ ചെയ്യുന്നതിന് Risk and Cost-ൽ പ്രവൃത്തി ഏർപ്പാടാക്കുകയും ക്രോസിങ് പ്രവൃത്തികളിലെ GSB/WMM പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ തൃപ്തികരമായി പൂർത്തിയാക്കാത്ത കരാറുകാരുടെയും അവർക്കെതിരായി സ്വീകരിച്ച നടപടികളുടെയും വിശദവിവരങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത കരാറുകാരെ കരിമ്പട്ടികയിലുൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) കരാറുകാരനെ ടെർമിനേറ്റ് ചെയ്തതിനെത്തുടർന്ന് നിലച്ചുപോയ റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച പുനഃക്രമീകരണങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

(സി&ഡി) അവണൂർ, മുളംകുന്നത്തുകാവ് പഞ്ചായത്തുകൾ

കരാർ സ്ഥാപനമായ M/s. Om Dhar Engineering Pvt. Ltd., Hyderabad പ്രവൃത്തിയിൽ പുരോഗതി തുടരാത്തതുകൊണ്ട് 2025 മാർച്ചിൽ final termination notice to arrange balance

work at the risk & cost നൽകി. ഇതിനെതിരെ കരാറുകാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചു. വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ ഒരു ഹിയറിങ് നടത്തി തീരുമാനമെടുക്കാനുള്ള കോടതി ഉത്തരവിനെത്തുടർന്ന്, സെപ്റ്റംബർ 30-നകം പ്രവൃത്തിയിൽ ആവശ്യമുള്ള പുരോഗതി സ്വീകരിക്കാൻ മാനേജിങ് ഡയറക്ടർ നിർദേശം നൽകി. അല്ലാത്തപക്ഷം കരാർ വ്യവസ്ഥകൾ പ്രകാരമുള്ള സൂപ്രണ്ടിങ് എഞ്ചിനീയറുടെ നടപടികൾ (final termination notice to arrange balance work at the risk & cost) തുടരാനും മാനേജിങ് ഡയറക്ടർ നിർദേശിച്ചു. നാട്ടിക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ട് അടിസ്ഥാനമാക്കി തുടർനടപടികൾ തൃശ്ശൂർ സൂപ്രണ്ടിങ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിക്കുന്നതാണ്.

കോലഴി പഞ്ചായത്ത്

കരാർ സ്ഥാപനമായ M/s. Om Dhar Engineering Pvt. Ltd., Hyderabad പ്രവൃത്തിയിൽ പുരോഗതി തുടരാത്തതുകൊണ്ട് ഈ കാര്യാലയത്തിൽനിന്ന് 2025, ഏപ്രിൽ balance work at the risk & cost of contractor ഉത്തരവ് നൽകി. ഇതിനെതിരെ കരാറുകാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചു. കോടതി റിസ്ക് & കോസ്റ്റ് നടപടികൾ സ്റ്റേ ചെയ്തു. റിസ്ക് & കോസ്റ്റ് നടപടികൾ കൂടാതെ ബാക്കി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തോളൂർ പഞ്ചായത്ത്

കരാർ സ്ഥാപനമായ M/s. Vigneswar Air Conditioning Pvt. Ltd. പ്രവൃത്തിയിൽ

പുരോഗതി തുടരാത്തതുകൊണ്ട് 1,22,34,708/- രൂപ പിഴ ചുമത്തി 30-12-2025 വരെ പ്രവൃത്തി സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(ഇ) ജൽ ജീവൻ മിഷനുമായി ബന്ധപ്പെട്ട റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ അടിയന്തരനടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രവൃത്തിയിൽ പുരോഗതി കൈവരിക്കാത്ത കരാറുകാർക്ക് പിഴചുമത്തുകയും final termination notice to arrange balance work at the risk & cost നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

പഞ്ചായത്ത് റോഡുകളിൽ കരാറുകാർ റോഡ് റെസ്റ്റോറേഷൻ ചെയ്യാത്ത സാഹചര്യത്തിൽ പഞ്ചായത്ത് ടി പ്രവൃത്തി ചെയ്ത് ആയതിന്റെ ബിൽ ജെ.ജെ.എം. PFMS-ൽ സമർപ്പിക്കുമ്പോൾ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ജെ.ജെ.എം. സീനിയോറിറ്റി അടിസ്ഥാനത്തിൽ ബിൽതുക ലഭ്യമാക്കും.

കേരള വാട്ടർ അതോറിറ്റിയിലെ പൊതു സ്ഥലംമാറ്റം

300 (3158) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ 2025 വർഷത്തെ പൊതു സ്ഥലംമാറ്റത്തിലെ റാങ്ക് പട്ടികയിൽ അപാകതയുണ്ടായിട്ടുള്ളതായി ഏതെങ്കിലും സർവീസ് സംഘടന പരാതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

2025 വർഷത്തെ പൊതു സ്ഥലംമാറ്റ കരട് പട്ടികയിൽ അപാകതകളുള്ളതായി സർവീസ് സംഘടനകൾ പരാതി നൽകിയിട്ടുണ്ട്. അവ യഥാക്രമം പരിശോധിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിച്ച് പരാതികൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പൊതു സ്ഥലംമാറ്റത്തിന് പരിഗണന ലഭിക്കുന്നതിന് അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് (അകവ) അപേക്ഷ സമർപ്പിച്ചിട്ടുണ്ടായിരുന്നോയെന്ന് വ്യക്തമാക്കുമോ?

സമർപ്പിച്ചിട്ടുണ്ട്. റഫറണ്ടം വഴി തിരഞ്ഞെടുത്ത അംഗീകൃത സംഘടനകൾക്കാണ് നിലവിൽ സർക്കാർ ഉത്തരവുപ്രകാരമുള്ള പരിരക്ഷ നൽകിയിട്ടുള്ളത്.

(സി) പൊതു സ്ഥലംമാറ്റത്തിൽ അപാകതകൾ ഉണ്ടാകാതിരിക്കാനും സുതാര്യമാക്കാനും ജീവനക്കാരുടെ സഹകരണം ഉറപ്പാക്കാനുമാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പൊതു സ്ഥലംമാറ്റത്തിൽ അപാകതകൾ ഉണ്ടാകാതിരിക്കാനും സുതാര്യത ഉറപ്പാക്കാനും ജീവനക്കാരുടെ സഹകരണം ഉറപ്പാക്കാനുമാവശ്യമായ നടപടികൾ നിലവിൽ സ്വീകരിച്ചിട്ടുണ്ട്. കേരള സർക്കാർ പുറത്തിറക്കിയ പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾ (ജി.ഒ. (പി) നം. 3/2017/ഉഭപവ) പ്രകാരം, സ്ഥലംമാറ്റ നടപടികൾ പൂർണ്ണമായും ഓൺലൈൻ സമ്പ്രദായത്തിൽക്കൂടിമാത്രം എൻ.ഐ.സി. (നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ) മുഖേന ജി-സ്പാർക്ക് സംവിധാനമുപയോഗിച്ചാണ് നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി എല്ലാ സ്ഥലംമാറ്റ ഉത്തരവുകളുടെയും കരട് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും

ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിനായി ജീവനക്കാർക്ക് സമയം അനുവദിക്കുകയും ചെയ്യുന്നു. ലഭിക്കുന്ന അപ്പീലുകളും പരാതികളും നിലവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി മെരിറ്റ് പരിശോധിച്ച് പരിഗണിക്കുന്നതിലൂടെ ജീവനക്കാരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുകയും സുഗമമായ പ്രവർത്തനത്തിനും കാര്യക്ഷമതയ്ക്കും വേണ്ടിയുള്ള പൊതുതാൽപര്യം ഉറപ്പാക്കുകയും ചെയ്യുന്നു. അതിൻപ്രകാരം അന്തിമപട്ടിക തയ്യാറാക്കുകയും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

കുടിവെള്ള വിതരണത്തിലെ തടസ്സം ഒഴിവാക്കുന്നതിന് നടപടി

301 (3159) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൊവ്വര ജലശുദ്ധീകരണ ശാലയിൽ അടിക്കടിയുണ്ടാകുന്ന വൈദ്യുതി തടസ്സം ഒഴിവാക്കാനായി കെ.എസ്.ഇ.ബി.-യുടെ പുതിയ ഫീഡർ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 06-08-2024-ന് ഭരണാനുമതി ലഭ്യമായിട്ടും കെ.എസ്.ഇ.ബി.-ക്ക് കെട്ടിവയ്ക്കേണ്ട 4,41,28,000/- രൂപ നാളിതുവരെ ജലവിഭവ വകുപ്പ് കെട്ടിവയ്ക്കാത്തതിന് കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക അടിയന്തരമായി കെട്ടിവയ്ക്കുന്നതിനും പ്രവൃത്തി ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. 24-03-2025-ന് ജലവിഭവ വകുപ്പുമന്ത്രിക്ക് സമർപ്പിച്ച കത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുക എന്നത്തേയ്ക്ക് കെട്ടിവച്ച് പ്രവൃത്തി ആരംഭിക്കാൻ സാധിക്കുമെന്ന്

വ്യക്തമാക്കാമോ?

(എ-സി) പ്രവൃത്തിയുടെ 4,41,28,000/- രൂപയുടെ ഡിമാൻഡ് ലെറ്റർ കേരള വാട്ടർ അതോറിറ്റിയുടെ കേന്ദ്ര കാര്യാലയത്തിൽ 25-11-2024-ന് ലഭിച്ചിട്ടുള്ളതും 2025-26 സാമ്പത്തിക വർഷത്തെ മുൻഗണനാ പട്ടികയിൽ 36-ാമതായി ഉൾപ്പെടുത്തിയിട്ടുള്ളതുമാകുന്നു. മേൽ പ്രവൃത്തി സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ നടപ്പാക്കിവരുന്ന "4215-01-80-89 Optimisation of Production & Transmission" എന്ന സംസ്ഥാന പദ്ധതിയുടെ ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സർക്കാരിൽനിന്നുള്ള വിഹിതം ഉപയോഗപ്പെടുത്തി മുൻഗണനാപ്പട്ടികയിലെ 1 മുതൽ 35 വരെയുള്ള ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ച് പാസ്സാക്കിയിട്ടുണ്ട്. അടുത്ത ഗഡു തുക അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. ആയത് അനുവദിക്കുന്നമുറയ്ക്ക് വേയ്സ് ആൻഡ് മീൻസ് ക്ലിയറൻസ് ലഭ്യമാക്കി ബിൽ ട്രഷറിയിൽ സമർപ്പിച്ച് പാസ്സാക്കിയാലുടനെ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുന്നതാണ്.

വാട്ടർ അതോറിറ്റിയിലെ തസ്തിക പരിഷ്കരണവും ആനുകൂല്യങ്ങളുടെ വിതരണവും

302 (3160) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിലെ ഭരണസമിതി യോഗം പരിഷ്കരിക്കാൻ തീരുമാനിച്ച തസ്തികകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

പരിവർത്തനത്തിനായി കണ്ടെത്തിയ പ്രധാന തസ്തികവിഭാഗങ്ങൾ

താഴെക്കൊടുക്കുന്നു:

ഹൈഡ്രോ ജിയോളജിസ്റ്റ് (Hydro Geologist)

ലൈഫ് ഗാർഡ്- കം- കോച്ച് (Life Guard cum coach)

ലൈഫ് ഗാർഡ് (Life Guard)

ടെലിഫോൺ ഓപ്പറേറ്റർ (Telephone Operator)

ബൈൻഡർ (Binder)

ഗാർഡൻ സൂപ്രണ്ട് (Garden Superintendent)

ഗാർഡനർ (Gardener)

സ്കിൽഡ് വർക്കർ (Skilled Worker)

ലൈൻ മാൻ/ലൈൻ മേസ്തിരി (Line man/Line Maistry)

ക്ലീനർ (Cleaner)

വാച്ച്മാൻ -കം -വാൽവ് ഓപ്പറേറ്റർ (Watchman cum valve Operator)

ലാസ്കർ (Lascar)

ഓഫീസ് അറ്റൻഡന്റ് (Office attendant) (ഭാഗികമായി)

വാച്ച്മാൻ (Watchman) (ഭാഗികമായി)

ഈ തസ്തികകളെ പുതിയതും പ്രവർത്തനപരമായി പ്രസക്തവുമായ തസ്തികകളിലേക്ക് പരിവർത്തനം ചെയ്യാനാണ് ശിപാർശ ചെയ്തിരിക്കുന്നത്.

(ബി) വാച്ച്മാൻ തസ്തികകളുമായി ബന്ധപ്പെട്ട് ഭരണസമിതി എന്ത് പരിഷ്കരണമാണ് തീരുമാനിച്ചതെന്ന് അറിയിക്കുമോ?

നിലവിലുള്ള 242 വാച്ച്മാൻ തസ്തികകളിൽ 99 പേരുടെ സേവനം സ്ഥിരമായി ആവശ്യമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. അതിനാൽ അധികമുള്ള 143 വാച്ച്മാൻ തസ്തികകൾ പ്രവർത്തനപരമായ ആവശ്യങ്ങൾക്കായി പരിവർത്തനം ചെയ്യാൻ പരിഗണിച്ചിട്ടുണ്ട്. കൂടാതെ, വാച്ച്മാൻ-കം-വാൽവ് ഓപ്പറേറ്റർ തസ്തിക കാലഹരണപ്പെട്ടതിനാൽ നിലവിലെ പ്രവർത്തനരീതികൾക്ക് അനുയോജ്യമായ ഒരു തസ്തികയായി ഈ തസ്തിക പരിവർത്തനം ചെയ്യാൻ ആവശ്യപ്പെട്ടിരിക്കുന്നു.

(സി) ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ വരുത്തിയ മാറ്റമെന്താണെന്ന് വ്യക്തമാക്കുമോ?

നിലവിൽ ഇലക്ട്രോണിക് ഫയലിങ് സിസ്റ്റം സ്വീകരിച്ചതിലൂടെ ഓഫീസ് അറ്റൻഡന്റുമാരുടെ ദൈനംദിന കാര്യങ്ങളിലെ മാന്വൽ ഇടപെടലുകളുടെ ആവശ്യകത ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ നിലവിലുള്ള 572 തസ്തികകളിൽ, ഓഫീസുകളിലെ പതിവ് ജോലികളിൽ ഉദ്യോഗസ്ഥരെ സഹായിക്കാനായി കുറഞ്ഞ എണ്ണം ജീവനക്കാരെ നിലനിർത്താനും ബാക്കിയുള്ള തസ്തികകൾ പ്രവർത്തനപരമായി കൂടുതൽ പ്രസക്തമായ ആവശ്യകതകളിലേക്ക് പരിവർത്തനം ചെയ്യാനും നിർദേശിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി, പ്രൊപ്പോസലിന്റെ ആദ്യഘട്ടമെന്ന രീതിയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികകളിലെ 39 എണ്ണം പരിവർത്തനം ചെയ്ത് മീറ്റർ റീഡറുടെ 34 തസ്തികകൾ സൃഷ്ടിച്ച് അംഗീകാരം നൽകി. പുതിയ വാട്ടർ കണക്ഷനുകൾ വർധിച്ചതിലൂടെ അധികരിച്ചുവരുന്ന മീറ്റർ റീഡിങ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാനാണ് ഈ മാറ്റം വരുത്തിയത്.

(ഡി) ജീവനക്കാരുടെ കുറവ് വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങളെ എങ്ങനെ ബാധിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

തസ്തിക പരിഷ്കരണം ലക്ഷ്യമിടുന്നത്, കാലഹരണപ്പെട്ടതും നിലവിൽ ആവശ്യമില്ലാത്തതുമായ തസ്തികകളെ പരിവർത്തനം ചെയ്യുക എന്നതാണ്. അതുകൊണ്ടുതന്നെ, ഈ തസ്തികകളുടെ പരിവർത്തനം കേരള വാട്ടർ അതോറിറ്റിയുടെ നിലവിലെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുകയില്ല. മറിച്ച്, സാമ്പത്തികപരമായ പ്രതിസന്ധി, സാങ്കേതികവിദ്യകളിലുണ്ടായ പുരോഗതി, ഇ-ഓഫീസ് സമ്പ്രദായം തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച്, കാലഹരണപ്പെട്ട തസ്തികകൾ പരിവർത്തനം ചെയ്യുന്നതിലൂടെ അതോറിറ്റിക്ക് അധിക സാമ്പത്തികബാധ്യത ഒഴിവാക്കാൻ സാധിക്കും. ഈ പരിഷ്കരണത്തിന്റെ ഭാഗമായി, കൂടുതൽ കാര്യക്ഷമതയും ഉൽപാദനക്ഷമതയും ഉറപ്പാക്കാൻ കഴിവുള്ളതും സാങ്കേതികമായി ഉയർന്ന നിലവാരമുള്ളതുമായ 14 പുതിയ തസ്തികകൾ സൃഷ്ടിക്കാൻ നിർദേശിച്ചിട്ടുണ്ട്. ഈ പുതിയ തസ്തികകൾ അതോറിറ്റിയുടെ പ്രവർത്തനശേഷിയെയും ഉൽപാദനക്ഷമതയെയും വളരെയധികം മെച്ചപ്പെടുത്തുന്നതിന് സഹായിക്കും.

(ഇ) കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ പതിനൊന്നാം ശമ്പളപരിഷ്കരണം നടപ്പിൽവരുത്തിയെങ്കിലും സ.ഉ.(അ)നം.23/2022/ജ.വി.വ. പ്രകാരം ശമ്പളപരിഷ്കരണ കുടിശ്ശിക 2022 സെപ്തംബർ മാസത്തെ ശമ്പളത്തോടൊപ്പം പി.എഫ്.-ൽ ലഭ്യമാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ലഭ്യമാക്കാനുള്ള

നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(എഫ്) ശമ്പള വെബ്സൈറ്റായ ജി-സ്പാർക്കിൽ ഈ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ബിൽ പ്രോസ്സസ് ചെയ്യാനുള്ള സംവിധാനമൊരുക്കിയിട്ടുണ്ടോ; പ്രസ്തുത കുടിശ്ശിക പി.എഫ്.-ൽ ലയിപ്പിക്കുന്നതിൽ മറ്റെന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് അറിയിക്കുമോ;

(ജി) കേരള വാട്ടർ അതോറിറ്റിയിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണ കുടിശ്ശിക അടിയന്തരമായി പി.എഫ്.-ൽ ലയിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ഇ-ജി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ കാരണം, മാർച്ച് 2021 വരെ നൽകേണ്ട ക്ഷാമബത്ത (ഡി.എ.) കുടിശ്ശിക നോഷണൽ (Notional) ആയി കണക്കാക്കിയിരിക്കുന്നുവെന്നതാണ്. നിലവിൽ ക്ഷാമബത്ത കുടിശ്ശിക 'നോഷണൽ' എന്ന് പ്രതിപാദിച്ചതുകൊണ്ട്, ശമ്പള വെബ്സൈറ്റായ ജി-സ്പാർക്ക് (G-SPARK) സംവിധാനത്തിൽ ഈ ശമ്പളപരിഷ്കരണ കുടിശ്ശികയുടെ ബിൽ പ്രോസ്സസ് ചെയ്യാനുള്ള സംവിധാനമൊരുക്കിയിട്ടില്ല. ഇത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാനുള്ള നടപടികൾ നടന്നുവരുന്നു.

ന്യൂനപക്ഷ സ്കോളർഷിപ് പരിഷ്കരണം

303 (3161) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിദ്യാർഥികളുടെ സ്കോളർഷിപ്പുകളുടെ എണ്ണം വർധിപ്പിക്കാനും

സ്കോളർഷിപ്പ് തുക കാലോചിതമായി പരിഷ്കരിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ന്യൂനപക്ഷ ക്ഷേമ വകുപ്പുമുഖേന വിതരണം ചെയ്യുവരുന്ന സ്കോളർഷിപ്പുകളിൽ അപേക്ഷകരുടെ എണ്ണം വർധിക്കുന്നതിനനുസരിച്ച് എല്ലാ വർഷവും സ്കോളർഷിപ്പുകളുടെ എണ്ണവും തുകയും വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പുകൾ തടസ്സരഹിതമായി വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പുകൾ തടസ്സരഹിതമായി വിതരണം ചെയ്യുന്നതിന് എല്ലാ സ്കോളർഷിപ്പുകളും ഓൺലൈൻ മുഖേന നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിൽ വിദേശപഠനം, യു.ജി.സി. നെറ്റ് കോച്ചിങ്, ഐ.ഐ.ടി./ഐ.ഐ.എം. തുടങ്ങിയ സ്കോളർഷിപ്പുകൾ മാത്രമാണ് ഓഫ്ലൈനായി നൽകിവരുന്നത്. ഈ സ്കോളർഷിപ്പുകൾ വരും സാമ്പത്തിക വർഷം മുതൽ ഓൺലൈൻ മുഖേന വിതരണം ചെയ്യുന്നതിനുള്ള എല്ലാ നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 2025-26 സാമ്പത്തിക വർഷത്തിലെ മാർഗദീപം സ്കോളർഷിപ്പ് ഓൺലൈൻ മുഖേന അപേക്ഷ ക്ഷണിക്കുകയും സ്കോളർഷിപ്പ് തുകയുടെ വിതരണം ഒക്ടോബർ മാസം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുമുണ്ട്.

(സി) സാമ്പത്തിക പ്രയാസങ്ങൾ അനുഭവിക്കുന്ന ന്യൂനപക്ഷ വിദ്യാർഥികൾക്ക്

കൂടുതൽ സാമ്പത്തിക സഹായങ്ങളും സ്കോളർഷിപ്പുകളും ഗ്രാന്റുകളും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ന്യൂനപക്ഷ വിദ്യാർഥികൾക്ക് നൽകിവരുന്ന വിവിധ ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ നിർത്തലാക്കിയ പ്രീ-മെട്രിക് സ്കോളർഷിപ്പിന് പകരമായി സംസ്ഥാന സർക്കാർ ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന മാർഗദീപം എന്ന പേരിൽ പുതിയ സ്കോളർഷിപ്പ് 2024-25 മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേന്ദ്രസർക്കാർ നിർത്തലാക്കിയ മൗലാനാ ആസാദ് നാഷണൽ ഫെലോഷിപ്പിന് പകരമായി ന്യൂനപക്ഷ വിഭാഗത്തിലെ ഗവേഷണ വിദ്യാർഥികൾക്ക് വകുപ്പ് മുഖേന പുതിയൊരു പദ്ധതി നടപ്പാക്കുന്നതിന് 2025-26 സാമ്പത്തിക വർഷം 600 ലക്ഷം രൂപ വകയിരുത്തുകയും പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. അടുത്ത സാമ്പത്തിക വർഷവും സ്കോളർഷിപ്പുകൾക്ക് അനുവദിക്കുന്ന തുക വർധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പദ്ധതികൾക്കുള്ള തുക

304 (3162) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതലുള്ള വർഷത്തെ ബജറ്റിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രവൃത്തികൾക്കായി പദ്ധതിയിനത്തിൽ നീക്കിവച്ചിട്ടുള്ള തുക എത്രയാണെന്നും എത്ര

തുക അനുവദിച്ച് നൽകിയിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; ചെലവിന്റെ ശതമാനവും ചെലവഴിക്കാതെ ബാക്കിയായതും ഇനം തിരിച്ച് നൽകുമോ?

2016 മുതലുള്ള വർഷത്തെ ബജറ്റിൽ ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രവൃത്തികൾക്കായി പദ്ധതിയിനത്തിൽ നീക്കിവച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) 2016-നുശേഷം പുതിയതായി ആരംഭിച്ച ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ, നിർത്തലാക്കിയ പദ്ധതികൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ?

പുതിയതായി ആരംഭിച്ച ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ

1. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് (2016)
2. നിർധനരായ ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾക്കുള്ള ഭവന പുനരുദ്ധാരണ പദ്ധതി (2017-18)
3. പ്രീ-മാരിറ്റൽ കൗൺസലിങ് (2018-19)
4. എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് (2018-19)
5. മദർ തെരേസ സ്കോളർഷിപ്പ് (2018-19)
6. ഓഫീസ് ആധുനികവൽക്കരണം (2019-20)
7. വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് (2021-22)
8. യു.ജി.സി./സി.എസ്.ഐ.ആർ./നെറ്റ് കോച്ചിങ് (2021-22)
9. ന്യൂനപക്ഷ വിദ്യാർഥികൾക്ക് അസാപ്, KASE, Digital University മുഖേന നൈപുണ്യ പരിശീലന പരിപാടി (2022-23)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

10. ഐ.ഐ.ടി./ഐ.ഐ.എം./ഐ.ഐ.എസ്.സി., ഐ.എം.എസ്.സി. എന്നീ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് (2023-24)
11. മാർഗദീപം സ്കോളർഷിപ്പ് പദ്ധതി(2024-25)
12. ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾ/വിവാഹമോചിതർ ഉപേക്ഷിക്കപ്പെട്ട വിഭാഗത്തിലെ സ്ത്രീകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി (2024-25)
13. ചീഫ് മിനിസ്റ്റർ റിസർച്ച് ഫെലോഷിപ്പ് ഫോർ മൈനോറിറ്റി (2025-26)

നിർത്തലാക്കിയ ന്യൂനപക്ഷക്ഷേമ പദ്ധതികൾ

1. എൻ.റ്റി.എസ്.സി. സ്കോളർഷിപ്പ് (2022-23)
2. പി.ജി. ഡിപ്ലോമ ഇൻ ജി.എസ്.റ്റി. (2023-24)
3. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കൂടിവെള്ള വിതരണ പദ്ധതി (2024-25)

(സി) പ്രസ്തുത കാലയളവിൽ കേന്ദ്ര സർക്കാരിൽനിന്നും വിവിധ ന്യൂനപക്ഷക്ഷേമ പദ്ധതികൾക്കായി വകയിരുത്തിയ തുക, അനുവദിച്ച തുക, ചെലവഴിച്ച തുക, ബാക്കിയായ തുക എന്നിവ സംബന്ധിച്ച വിശദാംശം വർഷംതിരിച്ച് ലഭ്യമാക്കുമോ?

ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിക്ക് 2016 മുതൽ കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമായ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) ന്യൂനപക്ഷക്ഷേമ പദ്ധതികളിലേതിലെങ്കിലും ധനസഹായങ്ങളും ആനുകൂല്യങ്ങളും നിലവിൽ കുടിശ്ശികയുണ്ടോ; എങ്കിൽ ഓരോ ഇനത്തിലുമുള്ള കുടിശ്ശികയുടെ വിശദാംശവും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നുമുതലാണ് കുടിശ്ശിക വന്നിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

നിലവിൽ കുടിശ്ശികയില്ല.

(ഇ) ന്യൂനപക്ഷക്ഷേമ പദ്ധതികളിൽ വകയിരുത്തുന്ന തുക മുഴുവൻ അനുവദിക്കുന്നതിനും അവയുടെ പൂർണ്ണമായ വിനിയോഗം ഉറപ്പുവരുത്തുന്നതിനും ആനുകൂല്യങ്ങളും ധനസഹായവും കുടിശ്ശികയില്ലാതെ വിതരണം ചെയ്യുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഏറനാട് മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

305 (3163) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ന്യൂനപക്ഷക്ഷേമ വകുപ്പ് ഏറനാട് മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശം ലഭ്യമാക്കുമോ?

ന്യൂനപക്ഷക്ഷേമ വകുപ്പ് മണ്ഡലാടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പാക്കുന്നില്ല. ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായുള്ള വിവിധ ക്ഷേമ പദ്ധതികളായ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, തൊഴിൽ നൈപുണി വികസന പദ്ധതികൾ, അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ എന്നിങ്ങനെ വ്യക്തിഗത പദ്ധതികളുടെ പ്രയോജനം സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ന്യൂനപക്ഷ ജനവിഭാഗങ്ങൾക്ക് ലഭിക്കുന്നുണ്ട്. ഇത്തരം പദ്ധതികളുടെ

പ്രയോജനം ഏറനാട് മണ്ഡലത്തിനും ലഭിക്കുന്നുണ്ട്. എന്നാൽ വകുപ്പ് മുഖേന നടപ്പാക്കുന്ന ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള വിതരണ പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിൽ ഏറനാട് മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. Minority Welfare Plan 2020-21 - Deposit work - ARWSS to Keezhuparamba - Pipe Line Extension to Various Places in Ward No.4 &11 in Keezhuparamba Panchayat.

2. Minority Welfare Plan-2021-22 WSS to Pulparambu area in ward Nos 9 and 10 of Areekode Panchayat in Malappuram District.

3. Construction of a Building for Skill Development Centre at Nilambur Minority Concentration Block, Chaliyar Grama Panchayat

4. Construction of Girls Hostel Building at Nilambur Minority Concentration Block, Chaliyar Grama Panchayat

(ബി) ഇക്കാലയളവിൽ ഏറനാട് മണ്ഡലത്തിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ചശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെപോയതോ ആരംഭിച്ചശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണെന്നുള്ള വിശദാംശം അറിയിക്കാമോ;

(സി) ഇവയ്ക്ക് ഓരോന്നിനും നീക്കിവച്ചിട്ടുള്ള തുക എത്ര വീതമാണെന്നുള്ള വിശദാംശം ലഭ്യമാക്കാമോ; ഇതിൽ കേന്ദ്ര സർക്കാരിൽനിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള

പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണെന്നും ഇവ ഓരോന്നിനും നീക്കിവച്ചിട്ടുള്ള കേന്ദ്ര-സംസ്ഥാന-തദ്ദേശസ്ഥാപന വിഹിതങ്ങൾ എത്ര വീതമാണെന്നും വ്യക്തമാക്കാമോ?

(ബി&സി) വകുപ്പ് മുഖേന ഏറനാട് മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. വകുപ്പ് നടപ്പാക്കുന്ന വ്യക്തിഗത പദ്ധതികളുടെ ഫണ്ട് വിനിയോഗം മണ്ഡലാടിസ്ഥാനത്തിൽ ലഭ്യമല്ല. മറ്റ് പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ പേര്	അംഗീകരിച്ച തുക	ആനുപാതിക സംസ്ഥാന വിഹിതം
ARWSS to Keezhuparamba - Pipe Line Extension to Various Places in Ward No.4 &11 in Keezhuparamba Panchayath	11.6 ലക്ഷം	സംസ്ഥാന പദ്ധതി
WSS to Pulparambu area in ward Nos. 9 and 10 of Areekode Panchayath in Malappuram District	50 ലക്ഷം	സംസ്ഥാന പദ്ധതി
Construction of a Building for Skill Development Centre at Nilambur Minority Concentration Block, Chaliyar Grama Panchayath	792 ലക്ഷം	316.97 ലക്ഷം
Construction of Girls Hostel Building at Nilambur Minority Concentration Block, Chaliyar Grama Panchayath	997 ലക്ഷം	398.8 ലക്ഷം

(ഡി) ഇക്കാലയളവിൽ ഏറനാട് മണ്ഡലത്തിനായി ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന ഓരോ പദ്ധതിക്കായി ചെലവാക്കിയ ആകെ തുക എത്രയാണെന്ന് വർഷവും ഇനവും തിരിച്ച് ലഭ്യമാക്കുമോ?

വകുപ്പ് നടപ്പാക്കുന്ന വ്യക്തിഗത പദ്ധതികളുടെ ഫണ്ട് വിനിയോഗം മണ്ഡലാടിസ്ഥാനത്തിൽ ലഭ്യമല്ല. മറ്റ് പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ പേര്	അംഗീകരിച്ച തുക	ചെലവഴിച്ച തുക
ARWSS to Keezhuparamba - Pipe Line Extension to Various Places in Ward No.4 &11 in Keezhuparamba Panchayat	11.6 ലക്ഷം	11.6 ലക്ഷം
WSS to Pulparambu area in ward Nos. 9 and 10 of Areekode Panchayat in Malappuram District	50 ലക്ഷം	50 ലക്ഷം
Construction of a Building for Skill Development Centre at Nilambur Minority Concentration Block, Chaliyar Grama Panchayat	792 ലക്ഷം	790.16 ലക്ഷം
Construction of Girls Hostel Building at Nilambur Minority Concentration Block, Chaliyar Grama Panchayat	997 ലക്ഷം	996.63 ലക്ഷം

ന്യൂനപക്ഷ ക്ഷേമ വകുപ്പ് അരുവിക്കര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

306 (3164) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ന്യൂനപക്ഷക്ഷേമ വകുപ്പ് അരുവിക്കര നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങളും പി.എം.ജെ.വി.കെ. പദ്ധതികളുടെ വിശദാംശങ്ങളും ഭരണാനുമതി തുക, പദ്ധതിയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങളുൾപ്പെടെ അറിയിക്കാമോ?

ന്യൂനപക്ഷക്ഷേമ വകുപ്പ് മണ്ഡലാടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പാക്കുന്നില്ല. ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായുള്ള വിവിധ ക്ഷേമ പദ്ധതികളായ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, തൊഴിൽ നൈപുണി വികസന പദ്ധതികൾ, അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ എന്നിങ്ങനെ വ്യക്തിഗത പദ്ധതികളുടെ പ്രയോജനം സംസ്ഥാനത്തെ

എല്ലാ ജില്ലകളിലെയും ന്യൂനപക്ഷ ജനവിഭാഗങ്ങൾക്ക് ലഭിക്കുന്നുണ്ട്. ഇത്തരം പദ്ധതികളുടെ പ്രയോജനം അരുവിക്കര മണ്ഡലത്തിനും ലഭിക്കുന്നുണ്ട്. എന്നാൽ വകുപ്പ് മുഖേന നടപ്പാക്കുന്ന ന്യൂനപക്ഷകേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള വിതരണ പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിൽ അരുവിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ചുവടെ ചേർക്കുന്നു. ഈ പ്രവൃത്തികളെല്ലാം ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെയും ഭരണാനുമതി തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. CWSS to Vithura and Tholicode Panchayaths - Improvements of water supply arrangements of various minority areas in the above panchayaths-replacement of frequently leaking/under sized AC/GI/PVC water lines - pipeline work (38.8 lakh)

2. RWSS to Aruvikkara- Minority drinking water supply scheme - resolving drinking water shortage of Azhikkode area in Azhikkode Panchayath (39.41 lakh)

3. Infrastructure Spray Paintings and Computer Based Designing Courses in NPM Govt.ITI, Aryanad-Vellanad Block Thiruvananthapuram (120 lakh)

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കായുള്ള ധനസഹായ പദ്ധതികൾ

307 (3165) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കായി എന്തൊക്കെ ധനസഹായ

പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർഥികൾക്കായി നടപ്പാക്കുന്ന സ്കോളർഷിപ്പ് പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്
2. സിവിൽ സർവീസ് ഫീ റീ-ഇംബേഴ്സ്മെന്റ് സ്കീം
3. വിദേശപഠനത്തിനുള്ള സ്കോളർഷിപ്പ്
4. സർക്കാർ അംഗീകൃത പ്രൈവറ്റ് ഐ.റ്റി.ഐ.-കളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് ITC-ഫീ റീ-ഇംബേഴ്സ്മെൻറ് സ്കീം
5. സി.എ./സി.എം.എ./സി.എസ്. സ്കോളർഷിപ്പ്
6. ഐ.ഐ.ടി./ഐ.ഐ.എം./ഐ.ഐ.എസ്.സി., ഐ.എം.എസ്.സി. എന്നീ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ്
7. എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ്
8. മദർ തെരേസ സ്കോളർഷിപ്പ്
9. മാർഗദീപം സ്കോളർഷിപ്പ് പദ്ധതി
10. സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ്
11. ഇബ്രാഹിം സുലൈമാൻ സേട്ട് ഉർദു സ്കോളർഷിപ്പ് അവാർഡ്
12. ചീഫ് മിനിസ്റ്റർ റിസർച്ച് ഫെല്ലോഷിപ്പ് ഫോർ മൈനോറിറ്റി

തൊഴിൽ നൈപുണി പരിശീലന പദ്ധതികൾ

1. ന്യൂനപക്ഷ വിദ്യാർഥികൾക്ക് അസാപ്, KASE, Digital University മുഖേന നൈപുണ്യ

പരിശീലന പരിപാടി

2. യു.ജി.സി./സി.എസ്.ഐ.ആർ./നെറ്റ് കോച്ചിങ്

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ ഇനത്തിൽ ഓരോ വർഷവും എത്ര രൂപ വീതമാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും ബജറ്റിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും തിരഞ്ഞെടുത്ത വിദ്യാർഥികളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു.+

(സി) വിദ്യാർഥികൾക്കായി ന്യൂനപക്ഷ വിഭാഗത്തിൽനിന്ന് ഓരോ സമുദായത്തിനും എത്ര രൂപ വീതമാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

വിദ്യാർഥികൾക്കായി ന്യൂനപക്ഷ വിഭാഗത്തിൽനിന്ന് ഓരോ സമുദായത്തിനും നൽകിയ തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ

308 (3166) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് കേന്ദ്ര സർക്കാർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് നടപ്പാക്കിയ ന്യൂനപക്ഷക്ഷേമ പദ്ധതികൾ ഏതെല്ലാമെന്നും ഓരോന്നിലും സംസ്ഥാനത്തിന് ആകെ എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും എത്ര തുക ചെലവഴിക്കാതെ ബാക്കിയുണ്ടെന്നും വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് കേന്ദ്ര സർക്കാർ ന്യൂനപക്ഷ ക്ഷേമ വകുപ്പുമുഖേന പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം എന്ന പദ്ധതിയാണ് സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ളത്. ഈ കാലയളവിൽ പദ്ധതിക്കായി അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ (തുക ലക്ഷത്തിൽ) ചുവടെ ചേർക്കുന്നു.

വർഷം	കേന്ദ്രസർക്കാർ അനുവദിച്ച തുക	ചെലവഴിച്ച തുക	ബാക്കിയായ തുക
2016-17	0	0	0
2017-18	546	546	0
2018-19	130.5	130.5	0
2019-20	1578.726	410.06	1168.66
2020-21	1299.096	1299.096	0
2021-22	5280.163	5280.163	0
2022-23	389.29	389.29	0
2023-24	0	0	0
2024-25	0	0	0

(ബി) കേന്ദ്ര സർക്കാർ സംസ്ഥാനത്ത് നടപ്പാക്കിയ ന്യൂനപക്ഷക്ഷേമ പദ്ധതികളിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം വകയിരുത്തേണ്ട പദ്ധതികൾ ഏതെല്ലാമെന്നും വകയിരുത്തേണ്ട തുകയുടെ അനുപാതം എത്ര വീതമാണെന്നും ഇത് യഥാസമയം വകയിരുത്താറുണ്ടോയെന്നും വ്യക്തമാക്കുമോ?

ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന കേന്ദ്ര സർക്കാർ പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയാണ് സംസ്ഥാനത്ത് നടപ്പാക്കുന്നത്. 60 ശതമാനം കേന്ദ്ര വിഹിതമായും 40 ശതമാനം സംസ്ഥാന വിഹിതമായും തുക വകയിരുത്തുന്നു. ആയത് യഥാസമയം വകയിരുത്തിയിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെ വിഹിതം വകയിരുത്തേണ്ട പദ്ധതികളിൽ യഥാസമയം വിഹിതം വകയിരുത്താത്തതിനാൽ ഏതെങ്കിലും തരത്തിലുള്ള തുക ഈ കാലയളവിൽ നഷ്ടപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ വിഹിതം യഥാസമയം വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാർ വിഹിതം വകയിരുത്താത്തതിനാൽ തുക നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായിട്ടില്ല.

ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും

309 (3167) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങളും

ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്; പട്ടിക ലഭ്യമാക്കാമോ; ഓരോ കേന്ദ്രത്തിലുമുള്ള വിദ്യാർഥികളുടെ എണ്ണം എത്രയാണ്; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ 24 ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങളും 28 ഉപകേന്ദ്രങ്ങളുമുണ്ട്. പരിശീലന കേന്ദ്രങ്ങളുടെ പട്ടികയും വിദ്യാർഥികളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു.+

(ബി) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് പുതിയതായി ആരംഭിച്ച പരിശീലനകേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും എത്രയെണ്ണമുണ്ട്; അവ ഏതെല്ലാമാണ്; വിശദമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പരിശീലന കേന്ദ്രങ്ങൾ:

1. കണ്ണനല്ലൂർ - 2019
2. കായംകുളം - 2016
3. മട്ടാഞ്ചേരി - 2019
4. പട്ടാമ്പി - 2019
5. വളാഞ്ചേരി - 2019
6. പേരാമ്പ്ര - 2019
7. ചൊക്ലി - 2021
8. ആലത്തിയൂർ - 2017

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ സെന്ററുകൾ ആരംഭിച്ചിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഉപകേന്ദ്രങ്ങൾ:

1. കിളിമാന്തൂർ	-	2018
2. പനവൂർ	-	2018
3. കുളത്തുപ്പുഴ	-	2019
4. നിലമേൽ	-	2020
5. പെരുവന്താനം	-	2018
6. ഓങ്ങല്ലൂർ	-	2018
7. വളാഞ്ചേരി	-	2018
8. എടപ്പാൾ	-	2018
9. നിലമ്പൂർ	-	2018
10. അമൽ കോളേജ് നിലമ്പൂർ	-	2020
11. പാന്തൂർ	-	2018
12. നെല്ലിക്കാപറമ്പ	-	2018
13. പെരുവണ്ണ	-	2018
14. എളയാവൂർ	-	2018

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച സബ് സെന്ററുകൾ

1. കൊല്ലൂർവിള	-	2024
2. മേരികുളം	-	2023
3. കോ-മാനേജ്മെന്റ് സ്കൂൾ, കോട്ടയം	-	2023

4. തിരുക്കാട് - 2022

5. മഞ്ചേരി - 2021

(സി) ന്യൂനപക്ഷ പരിശീലനകേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളുംവഴി കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് എത്ര ഉദ്യോഗാർഥികൾക്ക് യു.പി.എസ്.സി./പി.എസ്.സി. പരീക്ഷകൾ വിജയിച്ച് ജോലിനേടാൻ കഴിഞ്ഞിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

4330 പേർക്ക് ജോലി നേടാൻ കഴിഞ്ഞിട്ടുണ്ട്.

ജില്ല തിരിച്ചുള്ള കണക്ക്

1. തിരുവനന്തപുരം - 147

2. കൊല്ലം - 188

3. പത്തനംതിട്ട - 136

4. ആലപ്പുഴ - 390

5. കോട്ടയം - 288

6. ഇടുക്കി - 560

7. എറണാകുളം - 308

8. തൃശ്ശൂർ - 188

9. പാലക്കാട് - 213

10. മലപ്പുറം - 547

11. കോഴിക്കോട് - 790

12. വയനാട് - 171

13. കണ്ണൂർ - 294

14. കാസർഗോഡ് - 110

ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്കായി വകയിരുത്തിയ തുക

310 (3168) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷക്ഷേമ ബോർഡിനുകീഴിലുള്ള വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി കഴിഞ്ഞ നാലുവർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ വിനിയോഗം സംബന്ധിച്ച് വിശദാംശം നൽകാമോ?

സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പിനുകീഴിലുള്ള വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി കഴിഞ്ഞ നാലുവർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+]

(ബി) സംസ്ഥാന ന്യൂനപക്ഷ ക്ഷേമ ബോർഡിനുകീഴിലുള്ള വിവിധ സ്കോളർഷിപ്പുകൾ ഇതുവരെയും വിതരണം ചെയ്തിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനുള്ള കാരണം വ്യക്തമാക്കാമോ?

നിലവിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന വിദേശപഠന സ്കോളർഷിപ്പ്, ഐ.ഐ.റ്റി./ ഐ.ഐ.എം., യു.ജി.സി./സി.എസ്.ഐ.ആർ./നെറ്റ്, മാർഗദീപം എന്നീ നാല് സ്കോളർഷിപ്പുകൾക്കുള്ള അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. മാർഗദീപം അപാകതകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിഹരിച്ചുകൊണ്ട് രണ്ടര ലക്ഷത്തോളം അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. സ്കോളർഷിപ്പ് വിതരണം ഒക്ടോബർ മാസം പൂർത്തീകരിക്കുന്നതാണ്. ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന മറ്റ് സ്കോളർഷിപ്പുകൾക്കും ഉടൻ അപേക്ഷ ക്ഷണിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) ന്യൂനപക്ഷക്ഷേമ ഡയറക്ടറുടെ കീഴിൽ വിവിധ പദ്ധതികൾക്കായി നടപ്പുവർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ എത്ര ശതമാനം 2025 ജൂലൈ 31 വരെ വിനിയോഗിച്ചുവെന്നതിന്റെ വിശദാംശം നൽകുമോ?

ന്യൂനപക്ഷക്ഷേമ ഡയറക്ടറുടെ കീഴിലുള്ള വിവിധ പദ്ധതികൾക്കായി നടപ്പുവർഷം ബജറ്റിൽ 6963 ലക്ഷം രൂപ വകയിരുത്തുകയും 2025 ജൂലൈ 31 വരെ 112.51105 ലക്ഷം രൂപ (1.62%) വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ബജറ്റ് വിഹിതം നഷ്ടപ്പെടുത്താതെ അനുവദിച്ച തുക മുഴുവൻ 2026 മാർച്ച് 31-നകം വിനിയോഗിക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

ബജറ്റ് വിഹിതം നഷ്ടപ്പെടുത്താതെ അനുവദിച്ച തുക മുഴുവൻ 2026 മാർച്ച് 31-നകം വിനിയോഗിക്കാൻ സാധിക്കുന്നതാണ്. ഇതിലേക്കായി നാല് സ്കോളർഷിപ്പുകളുടെ അപേക്ഷകൾ ക്ഷണിക്കുകയും ബാക്കി സ്കോളർഷിപ്പുകളുടെയും മറ്റ് പദ്ധതികളുടെയും അപേക്ഷകൾ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

മദ്രസ അധ്യാപക ക്ഷേമനിധിയിലേയ്ക്കുള്ള സർക്കാർ വിഹിതം

311 (3169) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം,

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സച്ചാർ കമ്മിറ്റിയുടെ നിർദേശപ്രകാരം ന്യൂനപക്ഷ ക്ഷേമത്തിനായി രൂപീകരിച്ച മദ്രസ അധ്യാപക ക്ഷേമനിധിയിലേക്ക് സർക്കാർ വിഹിതമായി നൽകാനുള്ള ഗ്രാന്റിന്റെ കുടിശ്ശിക എത്രയാണ്; എത്ര വർഷത്തെ ഗ്രാന്റാണ് നൽകാനുള്ളത്; അവസാനമായി എന്നാണ് ഗ്രാന്റ് നൽകിയത്; വിശദാംശം നൽകാമോ?

സച്ചാർ കമ്മിറ്റി റിപ്പോർട്ടിലെ നിർദേശങ്ങൾ കേരളത്തിൽ നടപ്പാക്കാനുള്ള ശിപാർശകൾ സമർപ്പിക്കാനായി 2008-ൽ വി. എസ്. അച്യുതാനന്ദൻ സർക്കാർ രൂപീകരിച്ച പാലൊളി കമ്മീഷൻ റിപ്പോർട്ടുപ്രകാരം ന്യൂനപക്ഷ ക്ഷേമത്തിനായി രൂപീകരിച്ച കേരള മദ്രസാധ്യാപക ക്ഷേമനിധി ബോർഡിന് കോർപ്പസ് ഫണ്ടിനത്തിൽ 2008-ൽ പത്തുകോടി രൂപ അനുവദിച്ചിരുന്നു. ട്രഷറിയിലെ പലിശരഹിത നിക്ഷേപത്തിന് ഇൻസെന്റീവ് അനുവദിക്കുമെന്ന് സർക്കാർ പ്രാഖ്യാപിച്ചതിൻപ്രകാരം 2015-16 സാമ്പത്തിക വർഷം 3,75,33,000/-രൂപയും (മൂന്ന് കോടി എഴുപത്തിയഞ്ച് ലക്ഷത്തി മുപ്പത്തിമൂന്നായിരം രൂപ മാത്രം), 2021-22 സാമ്പത്തിക വർഷത്തിൽ 4,16,59,000/-രൂപയും (നാല് കോടി പതിനാറുലക്ഷത്തി അമ്പത്തൊമ്പതിനായിരം രൂപ മാത്രം) ഇൻസെന്റീവ് ഇനത്തിൽ അനുവദിച്ചുനൽകിയിട്ടുണ്ട്. മദ്രസ അധ്യാപകർക്ക് ക്ഷേമനിധിയിൽനിന്നുള്ള വിവാഹ ധനസഹായം എന്ന ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ബജറ്റിൽ പ്രത്യേക ഗ്രാന്റ് അനുവദിക്കാറില്ല.

(ബി) സർക്കാർ ഗ്രാന്റ് നൽകാത്തതുമൂലം ക്ഷേമനിധി ആനുകൂല്യങ്ങൾ അംഗങ്ങൾക്ക്

ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

(സി) ഈ സാമ്പത്തിക വർഷം മദ്രസ അധ്യാപക ക്ഷേമനിധിയിലേക്ക് ഗ്രാന്റ് നൽകാൻ ബജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾക്കുവേണ്ടി കോർപ്പസ് ഫണ്ട് റീഅലോട്ട്മെന്റായി 20 കോടി രൂപ അനുവദിക്കുന്ന പ്രൊപ്പോസൽ നിലവിൽ ഏതുഘട്ടത്തിലാണ്; വിശദാംശം നൽകാമോ?

ഇല്ല. ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾക്കുവേണ്ടി കോർപ്പസ് ഫണ്ട് റീഅലോട്ട്മെന്റായി അഞ്ച് കോടി രൂപ SDG-യിലുൾപ്പെടുത്തി അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

ന്യൂനപക്ഷ വകുപ്പിന് വകയിരുത്തിയ തുക

312 (3170) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25, 2025-26 വർഷങ്ങളിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പിന് സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുള്ള ഫണ്ടുകളുടെ വിശദാംശം ലഭ്യമാക്കാമോ?

2024-25, 2025-26 വർഷങ്ങളിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പിന് സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുള്ള ഫണ്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	പ്ലാൻ	നോൺ പ്ലാൻ
2024-25	98,19,70,000	17,52,85,000
2025-26	1,05,63,00,000	15,51,31,000

(ബി) പ്രസ്തുത ഫണ്ടുകളിൽ 25-09-2025 വരെ എത്ര ശതമാനം തുക വിനിയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2024-25, 2025-26 വർഷങ്ങളിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പിന് സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുള്ള ഫണ്ടുകളുടെ വിനിയോഗ ശതമാനം ചുവടെചേർക്കുന്നു.

വർഷം	പ്ലാൻ	നോൺ പ്ലാൻ
2024-25	43.22%	90.73%
2025-26	2.65%	22%

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കേന്ദ്രസഹായം ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടെങ്കിൽ ഓരോ വർഷവും ഇതിൽ എത്ര ശതമാനം തുക വിനിയോഗിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

(സി&ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ന്യൂനപക്ഷക്ഷേമ വകുപ്പിന് PMJVK പദ്ധതിയിൽ കേന്ദ്രസഹായം ലഭ്യമായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

(തുക ലക്ഷത്തിൽ)

വർഷം	കേന്ദ്ര വിഹിതം	ചെലവഴിച്ച തുക	ശതമാനം
2021-22	5280.163	5280.163	100
2022-23	389.29	389.29	100
2023-24	0	0	0
2024-25	0	0	0

വടക്കാഞ്ചേരി മണ്ഡലത്തിൽ കായിക വകുപ്പ് പ്ലാൻ ഫണ്ടിലുൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ

313 (3171) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ 2021 മുതൽ 2025 വരെ കായിക വകുപ്പ് പ്ലാൻ ഫണ്ടിലുൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത നിർമ്മാണപ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കാമോ?

പ്രസ്തുത പ്രവൃത്തികളെല്ലാം സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കല്യാശ്ശേരി മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

314 (3172) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്യാശ്ശേരി മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പാക്കിയതും നടപ്പാക്കിവരുന്നതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

സ്പോർട്സ് ഇക്കോണമി മിഷൻ പദ്ധതി

315 (3173) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്പോർട്സ് ഇക്കോണമി മിഷൻ നടപ്പാക്കാൻ സർക്കാർതലത്തിൽ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സ്പോർട്സ് ഇക്കോണമി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒരു സ്വതന്ത്ര വ്യവഹാര മേഖലയായി സംസ്ഥാനത്തെ കായിക രംഗത്തെ വികസിപ്പിക്കാൻ ഉദ്ദേശിച്ച് നടപ്പാക്കുന്നതാണ് സ്പോർട്സ് ഇക്കോണമി. കായിക മേഖലയിൽനിന്നുള്ള സംഭാവനകളെ സാമ്പത്തിക അളവുകോലുകൾവച്ച് തിട്ടപ്പെടുത്തി ജി.ഡി.പി.-യുടെ ഭാഗമാക്കി മാറ്റുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കുന്നത്. 2023 കായിക നയത്തിലെ നിർദേശമായ സ്പോർട്സ് ഇക്കോണമി 2024-25 ബജറ്റിൽ സർക്കാർ പ്രഖ്യാപിച്ചു. സ്പോർട്സ് ഇക്കോണമിയുടെ ആദ്യഘട്ടമെന്ന നിലയിൽ രാജ്യത്താദ്യമായി 2024 ജനുവരിയിൽ കായിക ഉച്ചകോടി സംഘടിപ്പിച്ചു. 5050 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമാണ് ഉച്ചകോടിയിലുണ്ടായത്. കേരള ക്രിക്കറ്റ് അസോസിയേഷൻ, കേരള ഫുട്ബോൾ അസോസിയേഷൻ എന്നിവരുടെ 2000 കോടിയോളം വരുന്ന നിക്ഷേപ വാഗ്ദാനങ്ങൾ പ്രാവർത്തികമാക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഉച്ചകോടിയിൽ ഉയർന്ന നിർദേശപ്രകാരം വിവിധ കായികയിനങ്ങളിൽ ലീഗ് മത്സരങ്ങളാരംഭിച്ചു. ക്രിക്കറ്റ്, ഫുട്ബോൾ ലീഗുകൾ വിജയകരമായി നടക്കുകയാണ്. രാജ്യത്താദ്യമായി കോളേജുകൾക്കായുള്ള ലീഗ് മത്സരങ്ങൾ സംഘടിപ്പിച്ചു.

കായിക സമ്പദ്‌വ്യവസ്ഥയുടെ ഉത്തേജനത്തിന് വിദേശ സഹകരണം സജീവമാക്കാൻ നടപടികൾ തുടങ്ങി. ലോകകപ്പ് ജേതാക്കളായ അർജന്റീന ഫുട്ബോൾ ടീമിനെ സൗഹൃദമത്സരത്തിനായി കേരളത്തിലേക്ക് ക്ഷണിച്ചതുപ്രകാരം ഈ വർഷം നവംബറിൽ ടീം എത്തും. അർജന്റീന ഫുട്ബോൾ അസോസിയേഷൻ, സ്പെയിൻ ഹയർ സ്പോട്സ് കൗൺസിൽ, ലാ ലിഗ എന്നിവരുമായി ദീർഘകാല കായിക സഹകരണത്തിന് പ്രാഥമിക ചർച്ചകൾ പൂർത്തിയായിട്ടുണ്ട്. ക്യൂബയിൽ നിന്ന് ബോക്സിങ്, ചെസ്, വോളിബോൾ

പരിശീലകരെ എത്തിക്കാനുള്ള പദ്ധതിക്ക് കൃഭബയും കേരളവും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു. കായികമേഖലയ്ക്കാവശ്യമായ കൂടുതൽ വിദഗ്ധരെ സൃഷ്ടിക്കാൻ സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന് കാലിക്കറ്റ് സർവകലാശാലയുമായി ധാരണയായതുപ്രകാരം പ്രാഥമിക പ്രവർത്തനങ്ങൾക്ക് രണ്ടരക്കോടി രൂപ അനുവദിച്ചു.

പാറശ്ശാല മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

316 (3174) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ കായിക വകുപ്പ് മുഖേന നടപ്പാക്കിയ വിവിധ പദ്ധതികൾ എന്തൊക്കെയാണ്; ഇതിനായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ട്; വിശദമാക്കാമോ;

പാറശ്ശാല മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതികളുടെ വിശദവിവരങ്ങൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ്/ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; ഫണ്ട് അനുവദിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കായിക വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച വിവിധ പദ്ധതികൾ

317 (3175) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 മുതൽ നാളിതുവരെ മാവേലിക്കര മണ്ഡലത്തിൽ കായിക വകുപ്പ് അനുവദിച്ച വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർധിപ്പിക്കാനും അവരെ കായികരംഗത്തേക്ക് കൂടുതൽ ആകർഷിക്കാനും സ്കൂളുകളെ സ്പോർട്ടിങ് ഹബ്ബുകളാക്കാനും പൊതുവിദ്യാഭ്യാസ വകുപ്പ്, SCERT, NGGFn. (നേച്ചേഴ്സ് ഗ്രീൻ ഗാർഡിയൻസ് ഫൗണ്ടേഷൻ) എന്നിവയുമായി സഹകരിച്ച് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന കായിക-യുവജന കാര്യാലയം ആലപ്പുഴ ജില്ലയിലെ മാവേലിക്കര Govt. New LPS Kallimel-ൽ ഹെൽത്തി കിഡ്സ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. നിർമ്മാണപ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

ഹെൽത്തി കിഡ്സ് പദ്ധതി

318 (3176) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുമോ:

(എ) സംസ്ഥാന കായിക വകുപ്പ് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് നടപ്പാക്കുന്ന ഹെൽത്തി കിഡ്സ് പദ്ധതിയിൽ വിദ്യാഭ്യാസ വകുപ്പ് നിർവഹിക്കുന്ന ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഹെൽത്തി കിഡ്സ് പദ്ധതി നടത്തിപ്പിലേക്കായി സ്കൂളുകളിൽ അടിസ്ഥാനസൗകര്യങ്ങൾ നൽകിക്കൊണ്ട് വിദ്യാഭ്യാസ വകുപ്പ് ഹെൽത്തി കിഡ്സ് പദ്ധതിയിൽ പങ്കാളികളാകുന്നു.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് സ്കൂളുകളെ തിരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കുമോ?

പദ്ധതിയിലേക്കായി സ്കൂളുകളെ തിരഞ്ഞെടുക്കുന്നതിന് അതത് പ്രദേശത്തെ ജനപ്രതിനിധികളുടെ പിന്തുണയും അധ്യാപകരുടെയും രക്ഷിതാക്കളുടെയും സന്നദ്ധതയും പ്രധാന മാനദണ്ഡങ്ങളാണ്. കൂടാതെ ഒരു സ്മാർട്ട് ഗെയിം റൂം സൃഷ്ടിക്കാൻ മതിയായ സൗകര്യവും വായുസഞ്ചാരവും വെളിച്ചവും വൈദ്യുതി ലഭ്യതയുമുള്ള ഒരു ക്ലാസ്മുറിയുടെ ലഭ്യതയാണ് അടിസ്ഥാന ആവശ്യം.

(സി) പ്രസ്തുത പദ്ധതിക്കായി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് എന്തെങ്കിലും മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

SCERT-യുടെ കായിക പരിശീലന കരിക്കുലം നടപ്പാക്കിയതിനുശേഷം ഹെൽത്തി കിഡ്സ് പദ്ധതിയിലുൾപ്പെടുന്ന കായികപരിശീലന പരിപാടികൾ SCERT-യുടെ

കരിക്കുലമനുസരിച്ച് നിജപ്പെടുത്തിയിട്ടുണ്ട്. ഇതിനായി വിദ്യാഭ്യാസ വകുപ്പിലെ വിദഗ്ധരുടെ സേവനംകൂടി പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി ഏതെല്ലാം ഏജൻസികൾ മുഖേനയാണ് നടപ്പാക്കുന്നതെന്ന് അറിയിക്കുമോ;

(ഇ) പ്രസ്തുത ഏജൻസികളെ എപ്രകാരമാണ് തിരഞ്ഞെടുക്കുന്നതെന്നും ഇതിനായി അനുവർത്തിച്ച നടപടിക്രമങ്ങളും മാനദണ്ഡങ്ങളും എന്തൊക്കെയാണെന്നും വിശദമാക്കുമോ; ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

(ഡി&ഇ) 24-11-2021-ലെ ജി.ഒ.(ആർ.റ്റി.)നം.251/2021/എസ്.വൈ.എ. പ്രകാരം ഹെൽത്തി കിഡ്സ് പദ്ധതി നടപ്പാക്കുന്നതിനായി കായിക യുവജന കാര്യാലയത്തിനുകീഴിലെ പൊതുമേഖലാസ്ഥാപനമായ സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. SKF-ന്റെ പങ്കാളിയായി NGGFn-നെയും അംഗീകരിച്ചിട്ടുണ്ട്.

(എഫ്) പ്രസ്തുത ഏജൻസികൾ മുഖേന നാളിതുവരെ എത്ര പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിനായി നൽകിയിട്ടുള്ള ഉത്തരവുകളുടെയും അനുവദിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കുമോ?

ഹെൽത്തി കിഡ്സ് പദ്ധതിയുടെ നിർവഹണ ഏജൻസി നിലവിൽ പതിനാല് ജില്ലകളിലായി 55 സ്കൂളുകളിൽ പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്. കേരളത്തിലെ മുഴുവൻ ലോവർ പ്രൈമറി സ്കൂളുകളിലും ടി പദ്ധതി വ്യാപിപ്പിക്കുകയാണ് അടുത്ത ഘട്ടത്തിലെ ലക്ഷ്യം. പ്രസ്തുത പദ്ധതിക്കായി കായിക യുവജന കാര്യാലയത്തിൽനിന്നും അനുവദിച്ച തുക സംബന്ധിച്ച

വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	അനുവദിച്ച തുക	നടപടിക്രമം, നമ്പർ, പുറപ്പെടുവിച്ച തീയതി
2021-22	1. 10,000/- 2. 49,00,653/-	A2-2581/21 dtd 07/01/22 A2-2581/21 dtd 07/01/22
2022-23	- -	
2023-24	- -	
2024-25	1. 1,44,02,150/- 2. 7,34,759/-	A3-6764/22 dtd 16/04/24 A8-3155/24 dtd 24/03/25
2025-26	49,99,032/-	A8-3155/24 dtd 12/09/25
ആകെ	**2,50,46,594/-**	

കായിക രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ

319 (3177) ശ്രീ. ആന്റണി രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾതലം മുതലുള്ള കായിക വികസനത്തിന് കായിക വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) കായിക താരങ്ങളെ ചെറുപ്പത്തിൽത്തന്നെ കണ്ടെത്തി അവരെ ഉന്നത നിലവാരത്തിലേക്ക് എത്തിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) കായിക വിനോദങ്ങളിലൂടെ കുട്ടികളെ കായിക രംഗത്തേക്ക് കൂടുതൽ ആകർഷിക്കുന്നതിന് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന കായിക യുവജന കാര്യാലയം ഹെൽത്തി കിഡ്സ് എന്ന പദ്ധതി നിലവിൽ കേരളത്തിലെ തിരഞ്ഞെടുത്ത 55 സ്കൂളുകളിൽ നടപ്പാക്കിവരുന്നു. കായിക താരങ്ങളെ ചെറുപ്പത്തിൽത്തന്നെ കണ്ടെത്തി അവരെ ഉന്നതനിലവാരത്തിലേക്ക് എത്തിക്കുകയെന്ന ലക്ഷ്യം മുൻനിർത്തി ജൂഡോക്ക (ജൂഡോ), പഞ്ച്, (ബോക്സിങ്) സ്പിന്റ്, (അത്ലറ്റിക്സ്) ഹൂപ്പ്, (ബാസ്കറ്റ്ബോൾ) ഗോൾ (ഫുട്ബോൾ) എന്നീ ഗ്രാസ് റൂട്ട് ലെവൽ പരിശീലന പരിപാടികൾ നടപ്പാക്കിവരുന്നുണ്ട്.

കായിക യുവജന കാര്യാലയത്തിനുകീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 3 സ്പോർട്സ് സ്കൂളുകൾ മുഖേന കുട്ടികൾക്ക് വിദ്യാഭ്യാസത്തോടൊപ്പം കായിക പരിശീലനവും ഉറപ്പാക്കുന്നു. സ്പോർട്സ് സ്കൂളുകളിൽ റെസിഡൻഷ്യൽ പരിശീലന സംവിധാനം, ആധുനിക പരിശീലന ഉപകരണങ്ങൾ, ശാസ്ത്രീയ കായിക പരിശീലന സംവിധാനങ്ങൾ എന്നിവ ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ഇവയെ Centre of Excellence in sports ആയി വികസിപ്പിച്ചുകൊണ്ടിരിക്കുന്നു.

സംസ്ഥാനത്തുടനീളമുള്ള കായിക പ്രതിഭകളെ ടാലന്റ് ഐഡന്റിഫിക്കേഷൻ പ്രോഗ്രാമിലൂടെ ശാസ്ത്രീയമായ തിരഞ്ഞെടുപ്പിലൂടെ കണ്ടെത്തി മികച്ച കോച്ചിങ് സംവിധാനം, ആഹാര പദ്ധതികൾ (ഡയറ്റ് പ്ലാൻ), ജിമ്മുകൾ, ഫിസിയോ തെറാപ്പി, സൈക്കോളജിക്കൽ സപ്പോർട്ട് തുടങ്ങിയ സമഗ്ര സൗകര്യങ്ങളും പഠനവും കായിക പരിശീലനവും ഒരുമിച്ച് മുന്നോട്ടുകൊണ്ടുപോകാൻ സൗകര്യമുള്ള അന്തേവാസ പരിശീലന സംവിധാനം

നടപ്പാക്കിവരുന്നു. കായിക പ്രതിഭകളെ ദേശീയ-അന്താരാഷ്ട്ര ഒളിമ്പിക് നിലവാരത്തിലേക്കെത്തിക്കുക എന്നതാണ് ദീർഘകാല ലക്ഷ്യം.

കായിക പരിശീലനത്തിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർഥികൾക്കും ജനറൽ കിറ്റ് വിതരണം പദ്ധതിപ്രകാരം കായിക യുവജന കാര്യാലയത്തിന്റെ കീഴിലുള്ള മൂന്ന് സ്പോർട്സ് സ്കൂളുകളിലെയും വിദ്യാർഥികൾക്ക് പരിശീലനത്തിനായി ആവശ്യമായ സ്പോർട്സ് ഡ്രസ്സുകൾ, ഷൂസ്, മറ്റ് അടിസ്ഥാന ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിനാണ് ജനറൽ കിറ്റ് വിതരണം പദ്ധതി നടപ്പാക്കിവരുന്നത്.

സ്പോർട്സ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ കഠിനമായ പരിശീലനം നടത്തുന്നതിനാൽ ശരീര വളർച്ചയ്ക്കും പ്രവർത്തനക്ഷമതയ്ക്കുമാവശ്യമായ മാക്രോ ന്യൂട്രീഷനുകളും (പ്രോട്ടീൻ, കാർബോഹൈഡ്രേറ്റ്, കൊഴുപ്പ്) മൈക്രോ ന്യൂട്രീഷനുകളും (വിറ്റാമിനുകളും ധാതുക്കളും) അടങ്ങിയ സമീകൃതാഹാരം ലഭ്യമാക്കുന്ന ന്യൂട്രീഷൻ പ്രോഗ്രാം നടപ്പാക്കിവരുന്നു.

കപ്പാസിറ്റി ബിൽഡിങ് പ്രോഗ്രാമിലൂടെ പ്രഗൽഭരായ, അനുഭവസമ്പന്നരായ പരിശീലകരെ വിവിധയിനങ്ങളിലായി നിയമിച്ച് വിദ്യാർഥി കായികതാരങ്ങൾക്ക് ശാസ്ത്രീയാടിസ്ഥാനത്തിലുള്ള പരിശീലന സംവിധാനം ഒരുക്കിവരുന്നു.

(സി) സംസ്ഥാനത്ത് ഒരു കായിക സമ്പദ്വ്യവസ്ഥ വളർത്തണമെന്ന ലക്ഷ്യം മുൻനിർത്തി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ കായിക മേഖലയുടെ സംഭാവന ഉയർത്തുന്നതിനുള്ള സ്പോർട്സ് ഇക്കണോമി മിഷൻ കായിക നയം വിഭാവനം ചെയ്തിട്ടുണ്ട്.

കായിക രംഗത്ത് സ്വകാര്യനിക്ഷേപം ആകർഷിക്കുന്നതിനും നൂതന പദ്ധതികൾ അവതരിപ്പിക്കാനുമായി 2024 ജനുവരി 23 മുതൽ 26 വരെ അന്താരാഷ്ട്ര കായിക ഉച്ചകോടി സംഘടിപ്പിച്ചു. അടിസ്ഥാന സൗകര്യ വികസനം, കായിക പരിശീലനം, ഇ-സ്പോർട്സ്, സ്പോർട്സ് ലീഗ്, കായികമേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം, സാഹസിക കായിക വിനോദം/മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിൽനിന്നുള്ള പദ്ധതികളാണ് സമ്മിറ്റിൽ അവതരിപ്പിക്കപ്പെട്ടത്.

(ഡി) കായിക രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പാക്കിവരുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

കായിക രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പാക്കിവരുന്ന പദ്ധതികളുടെ പുരോഗതി യഥാസമയങ്ങളിൽ വിലയിരുത്താറുണ്ട്. സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിൽനിന്നും ഭരണാനുമതി ലഭ്യമായ വിവിധ ഇൻഡോർ സ്റ്റേഡിയം/ടർഫുകൾ/ സിന്തറ്റിക് ട്രാക്ക്, ഗ്രൗണ്ടുകളുടെ നിർമ്മാണവും പുനരുദ്ധാരണവും, സ്വിമ്മിങ് പൂൾ മുതലായ പ്രവൃത്തികളും വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നുണ്ട്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 1127.19 കോടി രൂപയുടെ 59 പദ്ധതികൾ കായിക വകുപ്പിനുകീഴിൽ അനുവദിച്ചിട്ടുണ്ട്. 14 ജില്ലാ സ്റ്റേഡിയങ്ങളും മറ്റ് പ്രാദേശിക/മേഖലാ സ്റ്റേഡിയങ്ങളുമാണ് ഈ പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്. കിറ്റ്കോ മുഖാന്തരം ഇതിൽ 19 പദ്ധതികൾ ഇതിനകംതന്നെ പൂർത്തീകരിക്കുകയും 8 പദ്ധതികൾ പുരോഗമിച്ചുവരികയുമാണ്. 720.86 കോടി രൂപ അടങ്കൽവരുന്ന 31 കിഫ്ബി പദ്ധതികൾ കിറ്റ്കോയിൽനിന്ന് മാറ്റി സ്പോർട്സ്

കേരള ഫൗണ്ടേഷനെ ഏല്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. അതിൽ 22 പ്രവൃത്തികളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും ആയതിൽ 11 പദ്ധതികൾക്ക് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭ്യമാകുകയും നിലവിൽ 9 പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിക്കുകയും ആയതിൽ 8 പദ്ധതികളുടെ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിക്കായി ജനപ്രതിനിധികളുടെ ശിപാർശപ്രകാരം ഒന്നാംഘട്ടമായി 124 കളിസ്ഥലങ്ങളുടെ ലിസ്റ്റിന് 30-08-2025-ലെ സ.ഉ.(സാധാ)നം.223/2025/കാ.യു.വ. പ്രകാരം ഭേദഗതി വരുത്തി സർക്കാരിൽനിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. ടി ലിസ്റ്റിലുൾപ്പെട്ടതും എം.എൽ.എ., എം.പി./തദ്ദേശസ്വയംഭരണ ഫണ്ട് വിഹിതം ലഭ്യമായതുമായ 117 കളിസ്ഥലങ്ങളിൽ 108 കളിക്കളങ്ങളുടെ നിർമ്മാണ പ്രവൃത്തിക്കായി ഭരണാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 88 കളിക്കളങ്ങൾക്ക് കായിക-യുവജനകാര്യാലയം ഡയറക്ടർ പ്ലാൻ ഫണ്ടും എം.എൽ.എ./ എം.പി./തദ്ദേശസ്വയംഭരണ ഫണ്ടും ചേർത്ത് സമഗ്ര ഭരണാനുമതി നൽകുകയും ചെയ്തു. ഇതിൽ 81 പ്രവൃത്തികൾക്ക് നിർവഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സാങ്കേതികാനുമതി നൽകുകയും 81 പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിക്കുകയും ചെയ്തു. 10 കളിക്കളങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 54 പ്രവൃത്തികൾക്ക് കരാറിലേർപ്പെടുകയും വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയുമാണ്. 13 പ്രവൃത്തികൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

രണ്ടാംഘട്ടമായി 19 കളിസ്ഥലങ്ങളുടെ ഭേദഗതി വരുത്തിയ ലിസ്റ്റിന് 20-09-2025-ലെ

സ.ഉ.(സാധാ)നം.238/2025/കാ.യു.വ. പ്രകാരം സർക്കാരിൽനിന്നും അംഗീകാരം നൽകിയിട്ടുണ്ട്.

2025-26 സാമ്പത്തിക വർഷത്തിൽ മൂന്നാംഘട്ടമായി 36 കളിസ്ഥലങ്ങളുടെ ലിസ്റ്റിന് 27-08-2025-ലെ സ.ഉ.(സാധാ)നം.220/2025/കാ.യു.വ. പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ടി ലിസ്റ്റിലുൾപ്പെട്ടതും എം.എൽ.എ./എം.പി./തദ്ദേശസ്വയംഭരണ ഫണ്ട് വിഹിതം ലഭ്യമായതുമായ 10 പ്രവൃത്തികൾക്ക് ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ, കായിക യുവജനകാര്യ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിൽ എം.എൽ.എ./എം.പി./തദ്ദേശസ്വയംഭരണ ഫണ്ട് വിഹിതം ലഭ്യമായ 5 കളിക്കളങ്ങൾക്ക് കായിക യുവജന കാര്യാലയം ഡയറക്ടർ പ്ലാൻ ഫണ്ടും എം.എൽ.എ./എം.പി./ തദ്ദേശസ്വയംഭരണ ഫണ്ടും ചേർത്ത് സമഗ്ര ഭരണാനുമതി നൽകുകയും പ്രസ്തുത പ്രവൃത്തികൾക്ക് നിർവഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. 12 പ്രവൃത്തികളുടെ ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

രാജ്യത്തുടനീളമുള്ള കായികവിനോദങ്ങളെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ഖേലോ ഇന്ത്യ പദ്ധതി. ഈ പദ്ധതിയിൽ കായിക അടിസ്ഥാന സൗകര്യ വികസനം, കമ്മ്യൂണിറ്റി കോച്ചിങിന്റെ പ്രോത്സാഹനം, സ്കൂൾ/യൂണിവേഴ്സിറ്റി തലങ്ങളിൽ മത്സരങ്ങൾ, സ്പോർട്സ് അക്കാദമികളെ പ്രോത്സാഹിപ്പിക്കൽ, സ്കൂൾതലത്തിൽ കായിക ക്ഷമത വർധിപ്പിക്കൽ എന്നിവയുൾപ്പെടുന്നു.

നിലവിൽ കേരളത്തിൽ ഖേലോ ഇന്ത്യ പദ്ധതി പ്രകാരം 7 കോടി രൂപ ചെലവിൽ തൃശ്ശൂർ കുന്നംകുളം സ്പോർട്സ് ഡിവിഷനിലെ സിന്തറ്റിക് ട്രാക്കും ഗ്യാലറി ബിൽഡിങ്ങും 7 കോടി രൂപ ചെലവിൽ കണ്ണൂരിലെ പരിയാരം മെഡിക്കൽ കോളേജിൽ സിന്തറ്റിക് ട്രാക്കും ഗ്യാലറി ബിൽഡിങ്ങും പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ 2023-24 ഖേലോ ഇന്ത്യ പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്നതിനായി 6 പദ്ധതികളുടെ ഡി.പി.ആർ. അംഗീകാരത്തിനായി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. അതിൽ ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമപഞ്ചായത്തിലെ ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിനായി കേന്ദ്ര സർക്കാരിൽനിന്നും 08-04-2024-ന് 3 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 29-03-2025-ന് ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ 8 ലെയിൻ സിന്തറ്റിക് അത്ലറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനായി 9.5 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. രണ്ട് പ്രവൃത്തികളുടെയും ദർഘാസ് നടപടികൾ പൂർത്തിയാക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൽ കാമാക്ഷി ഗ്രാമപഞ്ചായത്തിലെ ഇൻഡോർ സ്റ്റേഡിയം നിലവിൽ 45% പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.

സർക്കാരിന്റെ 'എല്ലാവർക്കും ആരോഗ്യം' എന്ന പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി സംസ്ഥാനത്ത് തുടക്കംകുറിച്ച 16 സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകളിൽ 15 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും പ്രവർത്തനമാരംഭിക്കുകയും ബാക്കി ഒരെണ്ണത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുമുണ്ട്.

ടൂറിസം വകുപ്പിനുകീഴിൽ വിവിധ ജില്ലകളിലെ തിരഞ്ഞെടുത്ത 7 സ്ഥലങ്ങളിൽ ഓപ്പൺ

ജിം സ്ഥാപിക്കാനായി 148 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട സിവിൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. മലപ്പുറം ജില്ലയിലെ താനൂർ മണ്ഡലത്തിലെ ഒഴൂർ ഫാമിലി ഹെൽത്ത് സെന്റർ, മൂലയ്ക്കൽ സിറ്റി എന്നിവിടങ്ങളിൽ ഓപ്പൺ ജിം സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. തൃത്താല നിയോജകമണ്ഡലത്തിലെ പട്ടിത്തറ, പരുതൂർ, നാഗലശ്ശേരി, ചാലിശ്ശേരി എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഓപ്പൺ ജിം സ്ഥാപിക്കുന്ന പ്രവൃത്തിക്കായി ബഹുമാനപ്പെട്ട എം.എൽ.എ. ഫണ്ടിലുൾപ്പെടുത്തി 40 ലക്ഷം രൂപയുടെയും കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി 40 ലക്ഷം രൂപയുടെയും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിൽ ചാലിശ്ശേരി, നാഗലശ്ശേരി പഞ്ചായത്തിലെ ഓപ്പൺ ജിം പൂർത്തീകരിക്കുകയും ബാക്കി രണ്ട് പഞ്ചായത്തുകളിലേയും ഓപ്പൺ ജിം പ്രവൃത്തികൾ പുരോഗമിച്ചുവരികയുമാണ്. കായികരംഗത്തെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള സത്വര നടപടികളാണ് സ്വീകരിച്ചുവരുന്നത്.

ഹെൽത്തി കിഡ്സ് പദ്ധതി

320 (3178) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഹെൽത്തി കിഡ്സ് പദ്ധതിക്കാവശ്യമായ ഫണ്ട് എങ്ങനെയാണ് കണ്ടെത്തുന്നതെന്ന് വിശദമാക്കാമോ;

(ബി) ഒരു സ്കൂളിൽ ഈ പദ്ധതി നടപ്പാക്കുന്നതിന് എത്ര രൂപ ചെലവ് വരുമെന്നാണ്

കണക്കാക്കിയിട്ടുള്ളത്; വിശദമാക്കാമോ;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ വിഹിതമായി എത്ര രൂപയാണ് ലഭ്യമാക്കുന്നത്; വിശദമാക്കാമോ?

(എ-സി) കായിക യുവജന കാര്യാലയത്തിന്റെ 2204-00-104-59 special projects (P) ശീർഷകത്തിൽനിന്നാണ് ഹെൽത്തി കിഡ്സ് പദ്ധതിക്കായി നിലവിൽ തുക വിനിയോഗിക്കുന്നത്. 06-07-2025-ലെ G.O.(Rt)No.190/2025/S&YA പ്രകാരം CSR ഫണ്ട്/സ്പോൺസർഷിപ്പ്/എം.എൽ.എ.ഫണ്ട്, എം.പി. ഫണ്ട് തുടങ്ങിയ ഫണ്ടിങ് സ്രോതസ്സുകൾ ഉപയോഗിക്കാനും സംസ്ഥാനത്തെ മുഴുവൻ പ്രൈമറി സ്കൂളുകളിലും ഹെൽത്തി കിഡ്സ് പദ്ധതി നടപ്പാക്കാനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. CSR ഫണ്ട്/സ്പോൺസർഷിപ്പ് എന്നിവ സമാഹരിക്കുന്നതിന് PSU, സോഷ്യൽ ക്ലബ്ബുകൾ എന്നിവയുടെ പ്രതിനിധികളെ പങ്കെടുപ്പിച്ച് കോൺക്ലേവ് നടത്താനും പദ്ധതി നടപ്പാക്കാനുമാവശ്യമായ അടിയന്തരനടപടി സ്വീകരിക്കുന്നതിന് സർക്കാർ കായിക യുവജനകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കായിക യുവജന കാര്യാലയത്തിന്റെ കീഴിലെ പൊതുമേഖലാസ്ഥാപനമായ സ്പോർട്സ് കേരള ഫൗണ്ടേഷനെ ഡയറക്ടർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഇൻഡോർ, ഔട്ട്ഡോർ ഉപകരണങ്ങളുൾപ്പെടെ ഹെൽത്തി കിഡ്സ് പദ്ധതി നടപ്പാക്കുന്നതിന് ഒരു സ്കൂളിന് 7,34,759/- രൂപയാണ് നിലവിൽ ചെലവാകുന്നത്. നിലവിൽ ടി പദ്ധതി നടപ്പാക്കിയിട്ടുള്ള 55 സ്കൂളുകളിലേക്കും പദ്ധതി നടപ്പാക്കാനാവശ്യമായ തുക

നിർവഹണ ഏജൻസിയിൽനിന്നും ലഭിക്കുന്ന പ്രോപ്പോസലിന്റെ അടിസ്ഥാനത്തിൽ കായിക യുവജന കാര്യാലയത്തിന്റെ 2204-00-104-59 special projects (P) ശീർഷകത്തിൽനിന്നും അനുവദിച്ചുവരികയാണ് ചെയ്യുന്നത്.

കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കാൻ നടപടി

321 (3179) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീ. ജി. എസ്. ജയലാൽ:

ശ്രീ. പി. ബാലചന്ദ്രൻ:

ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായികവിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇതിനായി കായിക വകുപ്പ് കുട്ടികൾക്കും അധ്യാപകർക്കുമുള്ള കൈപ്പുസ്തകം തയ്യാറാക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) 5 മുതൽ 12 വരെ ക്ലാസുകളിൽ കായികം പാഠ്യപദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. ലോവർ പ്രൈമറി വിഭാഗത്തിൽ കായിക പാഠപുസ്തകം തയ്യാറാക്കുന്നതിന് നടപടി പുരോഗമിക്കുകയാണ്. അധ്യാപകർക്കുള്ള കൈപ്പുസ്തകം തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്.

(സി) കായികാധ്യാപകരില്ലാത്ത സ്കൂളുകളിൽ കുട്ടികൾക്ക് കായിക പരിശീലനം നൽകുന്നതിന് ദേശീയതലത്തിലും സംസ്ഥാനതലത്തിലും മികവ് തെളിയിച്ചിട്ടുള്ള കായികതാരങ്ങളെ റിസോഴ്സ് പേഴ്സൺമാരായി നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ?

കായിക വകുപ്പുവഴി നടപ്പാക്കുന്ന ഗ്രാസ്റൂട്ട് പരിശീലന പദ്ധതികളായ ഗോൾ, പഞ്ച്, ഹുപ്പ്സ്, ജൂഡോക്ക എന്നിവയ്ക്ക് ദേശീയതലത്തിലും സംസ്ഥാനതലത്തിലും മികവ് തെളിയിച്ചിട്ടുള്ള കായികതാരങ്ങളെ പരിശീലകരായി കായിക വകുപ്പിനുകീഴിൽ നിയമിച്ചിട്ടുണ്ട്.

(ഡി) കായിക പാഠപുസ്തകങ്ങൾ തയ്യാറാക്കുമ്പോൾ മയക്കുമരുന്നിനും ലഹരി വസ്തുക്കൾക്കുമെതിരെയുള്ള ബോധവൽക്കരണ സന്ദേശങ്ങൾ കൂടിയുൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നടപടി സ്വീകരിക്കുന്നതാണ്.

ഹെൽത്തി കിഡ്സ് പദ്ധതി

322 (3180) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വിനോദ പദ്ധതിയായ ഹെൽത്തി കിഡ്സ് പദ്ധതി ഏതെല്ലാം സ്കൂളുകളിൽ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഹെൽത്തി കിഡ്സ് പദ്ധതി കേരളത്തിലെ 55 ലോവർ പ്രൈമറി സ്കൂളുകളിൽ നടപ്പാക്കിയിട്ടുണ്ട്. പദ്ധതി നടപ്പാക്കിയ സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതി എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

06-07-2025-ലെ G.O.(Rt)No.190/2025/S&YA-യുടെ അടിസ്ഥാനത്തിൽ CSR ഫണ്ട്, സ്പോൺസർഷിപ്പ്, MP/MLA ഫണ്ട് തുടങ്ങിയ ഫണ്ടിങ് സ്രോതസുകളുപയോഗിച്ച് സംസ്ഥാനത്തെ മുഴുവൻ പ്രൈമറി സ്കൂളുകളിലും ഹെൽത്തി കിഡ്സ് പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഹെൽത്തി കിഡ്സ് പദ്ധതി കേരളത്തിലെ മുഴുവൻ പ്രൈമറി സ്കൂളുകളിലും നടപ്പാക്കുന്നതിന് CSR ഫണ്ട്/സ്പോൺസർഷിപ്പ് എന്നിവ സമാഹരിക്കുന്നതിന് PSU, സോഷ്യൽ ക്ലബ്ബുകൾ എന്നിവയുടെ പ്രതിനിധികളെ പങ്കെടുപ്പിച്ച് കോൺക്ലേവ് നടത്തുന്നതിനും പദ്ധതി നടപ്പാക്കാനുമാവശ്യമായ അടിയന്തര നടപടി സ്വീകരിക്കാനും കായിക വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകുകയും ചെയ്തു. പ്രസ്തുത നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ഹെൽത്തി കിഡ്സ് പദ്ധതിയുടെ നിർവഹണ എജൻസിയായ കായിക യുവജന കാര്യാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സ്പോർട്സ് കേരള ഫൗണ്ടേഷന് കായിക യുവജനകാര്യ ഡയറക്ടർ നിർദേശം നൽകിയിട്ടുണ്ട്.

കായിക വകുപ്പ് മുഖേന പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ

323 (3181) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യത്തിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക വകുപ്പ് പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും അവ ഓരോന്നിന്റെയും നിലവിലെ അവസ്ഥയെന്താണെന്നും വിശദമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

കായിക വകുപ്പ് വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

324 (3182) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതുമുതൽ നാളിതുവരെ കായിക വകുപ്പുമുഖേന വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശം അറിയിക്കുമോ?

ഈ സർക്കാർ അധികാരമേറ്റതുമുതൽ വടകര മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതിയാണ് വടകര ഇൻഡോർ സ്റ്റേഡിയം നിർമ്മാണം. ഇതിന്റെ നിർമ്മാണ പ്രവൃത്തിക്കായി 05-05-2018-ലെ സ.ഉ.(സാധാ) നം.89/2018/കാ.യു.വ. പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തി 15-09-2022-ൽ പൂർത്തീകരിച്ചിട്ടുണ്ട്. വടകര നിയോജകമണ്ഡലത്തിലെ വടകര ഇൻഡോർ സ്റ്റേഡിയത്തിന്റെ രണ്ടാംഘട്ട നിർമ്മാണപ്രവൃത്തിക്കായി 01-02-2024-ലെ സ.ഉ.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സാധാ)നം.30/2024/കാ.യു.വ. പ്രകാരം 6.9 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ ക്ഷണിക്കുകയും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കോഴിക്കോടുമായി 22-08-2025-ന് പ്രവൃത്തിയുടെ കരാറിലേർപ്പെട്ട് 03-09-2025-ന് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 8 മാസത്തിനകം പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കുന്നതാണ്.

(ബി) ഇക്കാലയളവിൽ വടകര നിയോജകമണ്ഡലത്തിൽ കായിക വകുപ്പുമുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ചശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ചശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണെന്നുള്ള വിശദാംശം അറിയിക്കുമോ?

വടകര നിയോജകമണ്ഡലത്തിൽ കായിക വകുപ്പുമുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ചശേഷം നടപ്പാക്കാൻ കഴിയാത്ത പദ്ധതികളൊന്നുമില്ല.

(സി) ഇവ ഓരോന്നിനുമായി നീക്കിവച്ചിട്ടുള്ള തുകകൾ എത്ര വീതമാണെന്നുള്ള വിശദാംശം ലഭ്യമാക്കുമോ?

ബാധകമല്ല.

(ഡി) ഇതിൽ കേന്ദ്ര സർക്കാരിൽനിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണെന്നും ഇവ ഓരോന്നിനും നീക്കിവച്ചിട്ടുള്ള കേന്ദ്ര-സംസ്ഥാന-തദ്ദേശസ്ഥാപന വിഹിതങ്ങൾ എത്ര വീതമാണെന്നും വ്യക്തമാക്കുമോ?

വടകര നിയോജകമണ്ഡലത്തിൽ കേന്ദ്ര സർക്കാരിൽനിന്നുള്ള സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളൊന്നുമില്ല.

(ഇ) ഇക്കാലയളവിൽ വടകര മണ്ഡലത്തിനായി വകുപ്പുമുഖേന ചെലവാക്കിയ ആകെ തുക എത്ര രൂപയാണെന്ന വിവരം വർഷവും ഇനവും തിരിച്ച് ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റതുമുതൽ വടകര മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതിയാണ് വടകര ഇൻഡോർ സ്റ്റേഡിയം നിർമ്മാണം. ഇതിന്റെ നിർമ്മാണ പ്രവൃത്തിക്കായി 05-05-2018-ലെ സ.ഉ. (സാധാ) നം.89/2018/കാ.യു.വ. പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തി 15-09-2022-ൽ പൂർത്തീകരിച്ചിട്ടുണ്ട്. വടകര നിയോജക മണ്ഡലത്തിലെ വടകര ഇൻഡോർ സ്റ്റേഡിയത്തിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തിക്കായി 01-02-2024-ലെ സ.ഉ. (സാധാ) നം.30/2024/കാ.യു.വ. പ്രകാരം 6.9 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി

325 (3183) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുത്തി ഉടുമ്പൻചോല മണ്ഡലത്തിൽ അനുവദിച്ച കളിക്കളങ്ങൾ ഏതൊക്കെയാണെന്ന് പഞ്ചായത്ത് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇരട്ടയാർ പഞ്ചായത്തിൽ അനുവദിച്ച കളിക്കളത്തിന്റെ പ്രവൃത്തി പുരോഗതി

വിശദമാക്കാമോ;

(സി) എന്തൊക്കെ സൗകര്യങ്ങളാണ് ഇരട്ടയാർ പഞ്ചായത്തിന്റെ കളിക്കളത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകാമോ?

(എ-സി) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുത്തിയ ഉടുമ്പൻചോല മണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ഇരട്ടയാർ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം

2. കല്ലാർ പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിലെ ഗവ.എച്ച്.എസ്.എസ്. കളിസ്ഥല നിർമ്മാണം

<u>ഇരട്ടയാർ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം</u>

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുത്തി ഉടുമ്പൻചോല മണ്ഡലത്തിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിന്റെ പ്രവൃത്തിക്ക് എം.എൽ.എ. ഫണ്ടിൽനിന്നും 50 ലക്ഷം രൂപയും പ്ലാൻ ഫണ്ടിൽനിന്നും 50 ലക്ഷം രൂപയുംകൂടി ചേർത്ത് കായിക വകുപ്പ് ഡയറക്ടർ ഒരു കോടി രൂപയുടെ സംയുക്ത ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് 07-03-2024-ൽ 93,89,000/- രൂപയ്ക്ക് (18% ജി.എസ്.റ്റി. ഉൾപ്പെടെ) സാങ്കേതികാനുമതി നൽകുകയും തുടർന്ന് 75,73,534/- രൂപയ്ക്ക് (ജി.എസ്.റ്റി. ഒഴികെ) ടെൻഡർ ക്ഷണിക്കുകയും യോഗ്യത നേടിയ കരാറുകാരിൽ എസ്റ്റിമേറ്റ് റേറ്റിന് 8.67% മുകളിൽ രേഖപ്പെടുത്തിയ പ്രൈംടെക് എഞ്ചിനീയറിങ്, എറണാകുളം എന്ന കരാറുകാരനുമായി 12-09-2024-ന് 82,30,000/- രൂപയ്ക്ക് (ജി.എസ്.റ്റി. ഒഴികെ) എഗ്രിമെന്റിലേർപ്പെടുകയും പ്രസ്തുത പ്രവൃത്തി 24-06-2025-ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയിൽ റീട്ടെയ്നിങ് വാൾ,

ഡ്രെയിൻ, ഫെൻസിങ്, ഫ്ലെഡ് ലൈറ്റ് & ഇലക്ട്രിക്കൽ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

കല്ലാർ-പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിലെ ഗവ. എച്ച്.എസ്.എസ്. കളിസ്ഥല നിർമ്മാണം

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുത്തി കല്ലാർ-പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിലെ ഗവ. എച്ച്.എസ്.എസ്. കളിസ്ഥല നിർമ്മാണ പ്രവൃത്തിക്ക് എം.എൽ.എ. വിഹിതമായ 50 ലക്ഷം രൂപയും പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷം രൂപയുമുൾപ്പെടെ ആകെ 100 ലക്ഷം രൂപയുടെ ഭരണാനുമതിക്കായുള്ള കമ്പയിൻഡ് എസ്റ്റിമേറ്റ് ഭരണാനുമതി ലഭ്യമാക്കാനായി ഇടുക്കി ജില്ലാ കളക്ടർക്ക് നൽകാനുള്ള നടപടികൾ കായിക യുവജന കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു. ജില്ലാ കളക്ടറിൽനിന്നും ഭരണാനുമതി ലഭ്യമായാലുടൻ പദ്ധതിക്ക് സംയുക്ത ഭരണാനുമതി നൽകാനുള്ള നടപടി കായിക യുവജനകാര്യ ഡയറക്ടർ സ്വീകരിക്കുന്നതാണ്.

തിരുവനന്തപുരം മണ്ഡലത്തിൽ കായിക വകുപ്പിന്റെ പദ്ധതികൾ

326 (3184) ശ്രീ. ആന്റണി രാജു: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക വകുപ്പ് മുഖേന തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ അനുവദിച്ചതും നടപ്പാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശം നൽകാമോ?

തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ കായിക വകുപ്പ് മുഖേന പൂർത്തിയാക്കിയ

പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ കായിക വകുപ്പ് മുഖേന അനുവദിച്ചതും നടന്നുവരുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

മഞ്ചേശ്വരം മണ്ഡലത്തിലെ കായിക പദ്ധതികൾ

327 (3185) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർവഹണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

(എ&ബി) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ കായിക വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ വിവരങ്ങളും പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.+

കായിക വകുപ്പ് മുഖേനയുള്ള മട്ടന്നൂർ മണ്ഡലത്തിലെ പദ്ധതികൾ

328 (3186) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക വകുപ്പ് മുഖേന മട്ടന്നൂർ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ?

(എ & ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

അർജന്റീന-ഓസ്ട്രേലിയ ഫുട്ബോൾ പ്രദർശന മത്സരം

329 (3187) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലയണൽ മെസ്സിയുടെ നേതൃത്വത്തിലുള്ള അർജന്റീന ടീമും ഓസ്ട്രേലിയ ടീമും തമ്മിൽ കേരളത്തിൽ നടക്കുന്ന പ്രദർശന മത്സരത്തിന്റെ സംഘാടനം നിർവഹിക്കുന്നത് ആരാണെന്ന് വ്യക്തമാക്കാമോ?

അർജന്റീന ഫുട്ബോൾ ടീമിന്റെ സൗഹൃദമത്സരം സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് 17-02-2024-ലെ G.O.(Rt) No.50/2024/S&YA, 24-12-2024-ലെ G.O.(Rt) No.294/2024/S&YA എന്നിവ പ്രകാരം സ്പോൺസർമാരുടെ നേതൃത്വത്തിൽ സൗഹൃദമത്സരങ്ങൾ സംഘടിപ്പിക്കാൻ എറണാകുളം കളമശ്ശേരിയിലുള്ള റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിങ് കമ്പനി പ്രൈവറ്റ് ലിമിറ്റഡിന് (ആർ.ബി.സി.) സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ പരിപാടിയുടെ നടത്തിപ്പിനുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രത്യേക ഉദ്ദേശ്യ വാഹനമായി (SPV) സ്പോർട്സ് കേരള ഫൗണ്ടേഷനെ തിരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ലയണൽ മെസ്സിയുടെ നേതൃത്വത്തിലുള്ള അർജന്റീന ടീമും ഓസ്ട്രേലിയ ടീമും തമ്മിൽ കേരളത്തിൽ നടക്കുന്ന ഫുട്ബോൾ പ്രദർശന മത്സരത്തിൽ സർക്കാരിന്റെ പങ്കാളിത്തം എങ്ങനെയൊക്കെയാണെന്ന് അറിയിക്കാമോ?

മത്സരത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനങ്ങൾ അനിവാര്യമായതിനാൽ കേരള പൊലീസ്, ഫയർ & റെസ്ക്യൂ, കെ.എസ്.ഇ.ബി., ടൂറിസം, ആരോഗ്യം, ട്രാൻസ്പോർട്ട്, ദുരന്തനിവാരണ അതോറിറ്റി തുടങ്ങിയ പതിനഞ്ചിലധികം വകുപ്പുകൾക്ക് പ്രത്യേക ചുമതലകളും ഉത്തരവാദിത്വങ്ങളും നിർവഹിക്കാനുണ്ട്. സുരക്ഷ, ഗതാഗത നിയന്ത്രണം, അടിസ്ഥാന സൗകര്യ വികസനം, വൈദ്യുതിയുടേയും വെള്ളത്തിന്റേയും വിതരണം, ടൂറിസം പ്രോത്സാഹനം, ആരോഗ്യപരിരക്ഷ എന്നിവ ഉറപ്പാക്കുകയാണ് സർക്കാരിന്റെ ചുമതല.

(സി) പ്രസ്തുത പ്രദർശന മത്സരം എവിടെ വച്ചാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

പ്രദർശന മത്സരം കൊച്ചി, ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ വച്ച് നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്.

(ഡി) പ്രസ്തുത പ്രദർശന മത്സരത്തിൽ സർക്കാർ ഫണ്ട് ലഭ്യമാക്കുന്നുണ്ടെങ്കിൽ അത് എത്രയാണെന്ന് അറിയിക്കാമോ?

പ്രദർശന മത്സരത്തിന്റെ നടത്തിപ്പിനോ സാമ്പത്തിക സ്പോൺസർഷിപ്പുമായി

ബന്ധപ്പെട്ട ഏജൻസികൾക്കോ സർക്കാർ ഫണ്ട് അനുവദിക്കുന്നില്ല.

(ഇ) പ്രസ്തുത പ്രദർശന മത്സരത്തിന്റെ ടിക്കറ്റ് വില നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അത് എപ്രകാരമാണെന്ന് അറിയിക്കാമോ?

മത്സരത്തിന്റെ ടിക്കറ്റ് വില നിലവിൽ നിശ്ചയിച്ചിട്ടില്ല.

വാമനപുരം മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ

330 (3188) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കായിക വകുപ്പ് മുഖേന ഏതെല്ലാം പ്രവൃത്തികളാണ് വാമനപുരം മണ്ഡലത്തിൽ നടപ്പാക്കിവരുന്നതെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും ഇതുവരെ നടപ്പാക്കാൻ കഴിയാത്ത പ്രവൃത്തികൾ പ്രസ്തുത മണ്ഡലത്തിലുണ്ടോ; എങ്കിൽ നടപ്പാക്കാൻ കാലതാമസം നേരിടുന്നതിന്റെ വിശദാംശം നൽകാമോ?

(എ&ബി) വാമനപുരം നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

331 (3189) ശ്രീ. എ. സി. മൊയ്തീൻ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. കെ. വി. സുമേഷ്:

ശ്രീ. എം. മുകേഷ്:

ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമച്വർ കായിക വിനോദങ്ങൾ വികസിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനുമായി വിഭാവനം ചെയ്ത ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി പ്രകാരം എത്ര കളിസ്ഥലങ്ങൾ നിർമ്മിക്കാൻ പദ്ധതിയിട്ടിട്ടുണ്ടെന്നും അതിലെത്ര എണ്ണം പൂർത്തിയായിട്ടുണ്ടെന്നും വിശദമാക്കുമോ?

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഒരു കളിക്കളത്തിന് ആവശ്യമായിവരുന്ന തുകയുടെ 50% തുക (പരമാവധി 50 ലക്ഷം രൂപ) കായിക വകുപ്പിന്റെ പദ്ധതി വിഹിതമായും ബാക്കി വരുന്ന തുക ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യപ്രതിബദ്ധതാ ഫണ്ട് എന്നിവയിൽ നിന്നുമാണ് വകയിരുത്തുന്നത്. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിക്കായി ജനപ്രതിനിധികളുടെ ശിപാർശ പ്രകാരം ഒന്നാംഘട്ടമായി തിരഞ്ഞെടുത്തിട്ടുള്ള 124 കളിസ്ഥലങ്ങളുടെ ലിസ്റ്റിലുൾപ്പെട്ടതും എം.എൽ.എ./എം.പി./ തദ്ദേശസ്വയംഭരണ ഫണ്ട് വിഹിതം ലഭ്യമായതുമായ 117 കളിസ്ഥലങ്ങളിൽ 108 കളിക്കളങ്ങളുടെ നിർമ്മാണപ്രവൃത്തിക്കായി സ്പോർട്സ് കേരള ഫൗണ്ടേഷൻ ഭരണാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 88 കളിക്കളങ്ങൾക്ക് പ്ലാൻ ഫണ്ടും

എം.എൽ.എ./എം.പി./തദ്ദേശസ്വയംഭരണ ഫണ്ടും ചേർത്ത് കായിക യുവജനകാര്യ ഡയറക്ടർ സംയുക്ത ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഇതിൽ 81 പ്രവൃത്തികൾക്ക് നിർവഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സാങ്കേതികാനുമതി നൽകുകയും ദർഘാസ് ക്ഷണിക്കുകയും ചെയ്തു. അതിൽ 10 കളിക്കളങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 54 പ്രവൃത്തികൾക്ക് കരാറിലേർപ്പെടുകയും വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയുമാണ്. 13 പ്രവൃത്തികൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

പദ്ധതിയുടെ രണ്ടാംഘട്ടമായി തിരഞ്ഞെടുത്തിട്ടുള്ള 19 കളിസ്ഥലങ്ങളുടെ ലിസ്റ്റിലുൾപ്പെട്ടതും എം.എൽ.എ./എം.പി./തദ്ദേശസ്വയംഭരണ ഫണ്ട് വിഹിതം ലഭ്യമായതുമായ 3 പ്രവൃത്തികൾക്ക് ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് നിർവഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ സമർപ്പിച്ചിട്ടുണ്ട്. സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന 2 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ചു വരികയും 3 പ്രവൃത്തികളുടെ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരികയുമാണ്.

2025-26 സാമ്പത്തിക വർഷത്തിൽ മൂന്നാംഘട്ടമായി 36 കളിസ്ഥലങ്ങളുടെ ലിസ്റ്റിന് അംഗീകാരം നൽകുകയും ടി ലിസ്റ്റിലുൾപ്പെട്ടതും എം.എൽ.എ./എം.പി./തദ്ദേശസ്വയംഭരണ ഫണ്ട് വിഹിതം ലഭ്യമായതുമായ 10 പ്രവൃത്തികൾക്ക് ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് നിർവഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ സമർപ്പിച്ചിട്ടുള്ളതുമാണ്. ആയതിൽ എം.എൽ.എ./എം.പി./തദ്ദേശസ്വയംഭരണ ഫണ്ട് വിഹിതം ലഭ്യമായ 5 കളിക്കളങ്ങൾക്ക് പ്ലാൻ ഫണ്ടും എം.എൽ.എ./എം.പി./തദ്ദേശസ്വയംഭരണ ഫണ്ടും ചേർത്ത്

കായിക യുവജനകാര്യ ഡയറക്ടർ സംയുക്ത ഭരണാനുമതി നൽകുകയും പ്രസ്തുത പ്രവൃത്തികൾക്ക് നിർവഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന 4 പ്രവൃത്തികളുടെ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരികയും 12 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരികയുമാണ്.

(ബി) സംസ്ഥാനത്ത് എത്ര സ്റ്റേഡിയങ്ങൾ നിലവിലുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ;

(സി) കേരളത്തിലെ പ്രധാനപ്പെട്ട സ്റ്റേഡിയങ്ങളുടെ ഉപയോഗവും ഇരിപ്പിടങ്ങളുടെ എണ്ണവും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

(ബി&സി) സംസ്ഥാനത്ത് കായിക വകുപ്പിനുകീഴിലുള്ള സ്റ്റേഡിയങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ആലത്തൂർ മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

332 (3190) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിലും നിലവിലെ സർക്കാരിന്റെ കാലയളവിലും ആലത്തൂർ മണ്ഡലത്തിൽ കായിക വകുപ്പുമുഖേന എന്തെല്ലാം പദ്ധതികളാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി നടപ്പാക്കാനുദ്ദേശിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

പുതിയ പദ്ധതികൾ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

കായിക വകുപ്പിന് വകയിരുത്തിയ തുക

333 (3191) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും കായിക വകുപ്പിന് വകയിരുത്തിയ തുക എത്രയാണെന്നും അതിൽ ചെലവാക്കിയ തുക എത്രയാണെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും കായിക വകുപ്പിനുകീഴിലുള്ള കായിക യുവജന കാര്യാലയം, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ എന്നീ സ്ഥാപനങ്ങൾക്ക് വകയിരുത്തിയ തുക, ചെലവാക്കിയ തുക എന്നിവ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

കായിക യുവജന കാര്യാലയം

സാമ്പത്തിക	വകയിരുത്തിയ തുക	അനുവദിച്ച തുക	ചെലവഴിച്ച തുക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർഷം	പ്ലാൻ	നോൺ പ്ലാൻ	പ്ലാൻ	നോൺ പ്ലാൻ	പ്ലാൻ	നോൺ പ്ലാൻ
2021-22	616103000	266638000	738719902	231317720	495221454	116751720
2022-23	757100000	172964000	507570000	172964000	386375630	119283727
2023-24	744108000	211710058	438068000	210286058	473633091	104971437
2024-25	828474327	143110000	651823327	143110000	608848496	110982899
2025-26	813900000	132724000	372044000	82995409	216704874	14990487

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ

Non-Plan Salary and Non-Salary and Non-Plan Cash Award (2204-00-104-97-31-salary 2204-00-104-97-36 Pension 2204-00-104-95- Cash award)

Year	Budget Allocation	Amount Received	Additional Amount Received	Expenditure
2021-2022	17,74,38,000	17,74,38,000	Nil	17,74,38,000
2022-2023	17,74,38,000	16,24,38,000	Nil	16,24,38,000
2023-2024	17,95,39,000	16,45,39,000	Nil	16,45,39,000
2024-2025	22,57,94,000	16,56,11,000	4,51,83,000	21,07,94,000
2025-2026	18,38,58,000	10,00,27,000	2,82,04,000	12,82,31,000

Plan Head of Account 2204-00-104-97-36(P)

Year	Budget Allocation	Amount Received	Expenditure	Amount Resumed
2021-2022	33,40,00,000/-	15,73,43,395/-	15,73,43,395/-	
2022-2023	34,00,00,000/-	25,10,66,471/-	25,10,66,471/-	
2023-2024	35,90,00,000/-	18,84,70,524/-	18,84,70,524/-	
2024-2025	34,00,00,000/-	22,00,00,000/-	22,00,00,000/-	
2025-2026	39,00,00,000/-	11,02,47,550/-	8,52,47,550/-	

സംസ്ഥാന സിവിൽ സർവീസ് കായികമേള

334 (3192) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സർവീസ് കായിക മേളയിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർ ആറുമാസത്തെ സർവീസ് പൂർത്തിയാക്കണമെന്ന നിബന്ധന നിലവിലുണ്ടോ; വിശദമാക്കുമോ?

നിലവിൽ കേന്ദ്ര ഗവൺമെന്റിന്റെ Central Civil Services Cultural & Sports Board-ന്റെ മാർഗനിർദേശപ്രകാരവും കായിക യുവജനകാര്യ വകുപ്പിന്റെ 08-09-2025-ലെ G.O.(Rt) No.230/2025/SYA പ്രകാരവും സർക്കാർ സർവീസിൽ 6 മാസം സർവീസ് പൂർത്തീകരിച്ച ജീവനക്കാർക്കുമാത്രമെ സിവിൽ സർവീസ് കായിക മേളയിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.

(ബി) സംസ്ഥാന സിവിൽ സർവീസ് കായിക മേളയിൽ ഇത്തവണയും ഫീസ് ഈടാക്കിയാണോ ജീവനക്കാരെ മത്സരത്തിൽ പങ്കെടുപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ജില്ലാതല സിവിൽ സർവീസ് മത്സരങ്ങളിൽ പങ്കെടുക്കുന്ന ജീവനക്കാരിൽനിന്നും എൻട്രി ഫീസിനത്തിൽ 200/- രൂപയും സംസ്ഥാനതല സിവിൽ സർവീസ് മത്സരങ്ങളിൽ

പങ്കെടുക്കുന്ന ജീവനക്കാരിൽനിന്നും എൻട്രി ഫീസിനത്തിൽ 300/- രൂപയും ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) 2024-25 സാമ്പത്തിക വർഷം സിവിൽ സർവീസ് കായിക മേളയിൽ ഫീസിനത്തിൽ ഓരോ സ്പോർട്സ് കൗൺസിലിലും എത്ര തുക വീതം ലഭിച്ചുവെന്നതിന്റെ കണക്കുകൾ ലഭ്യമാക്കുമോ?

2024-25 സാമ്പത്തിക വർഷം സിവിൽ സർവീസ് കായിക മേളയിൽ ഫീസിനത്തിൽ ഓരോ സ്പോർട്സ് കൗൺസിലിനും ലഭിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

കായികതാരങ്ങൾക്ക് പാരിതോഷികം നൽകാൻ നടപടി

335 (3193) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ ഒളിമ്പിക്സ്, ഏഷ്യാഡ്, കോമൺവെൽത്ത് ഗെയിംസ്, നാഷണൽ ഗെയിംസ്, ലോക ചാമ്പ്യൻഷിപ്പുകൾ, മറ്റ് ദേശീയ-അന്തർദേശീയ മത്സരങ്ങൾ തുടങ്ങിയവയിൽ മികച്ച പ്രകടനം കാഴ്ചവച്ചിട്ടുള്ള സംസ്ഥാനത്തെ കായികതാരങ്ങളുടെ വിവരം ലഭ്യമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത കായികതാരങ്ങൾക്ക് 2021 മുതൽ നാളിതുവരെയും സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സമ്മാനത്തുകകളുടെയും സർക്കാർ ജോലികളുടെയും മറ്റ് വാഗ്ദാനങ്ങളുടെയും വിശദവിവരം ലഭ്യമാക്കാമോ?

2022 ജൂലൈ 28 മുതൽ ആഗസ്റ്റ് 8 വരെ ഇംഗ്ലണ്ടിലെ ബർമിങ്ഹാമിൽ വച്ചുനടന്ന 22-ാമത് കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യയ്ക്കുവേണ്ടി മെഡലുകൾ നേടിയ മലയാളി കായിക താരങ്ങളായ ശ്രീ. എൽദോസ് പോൾ, ശ്രീ. അബ്ദുള്ള അബൂബക്കർ, ശ്രീ. ശ്രീശങ്കർ എം., കുമാരി ടീസ ജോളി എന്നിവർക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസൃതമായി സ്പോർട്സ് ക്വാട്ട നിയമനത്തിന് മാറ്റിവച്ചിട്ടുള്ള 50 തസ്തികകളിൽനിന്നും 4 ഒഴിവുകൾ നീക്കിവച്ച് നിയമനം നൽകാനും ഇക്കാര്യത്തിൽ ഇവരുടെ അടിസ്ഥാനയോഗ്യത പരിഗണിച്ച് യുക്തമായ നിർദേശങ്ങൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ സമർപ്പിക്കേണ്ടതാണെന്നും 02-09-2022-ലെ സ.ഉ.(കൈ) നം.7/2022/കാ.യു.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

26-06-2023-ലെ സ.ഉ.(കൈ) നം. 5/2023/കാ.യു.വ. പ്രകാരം കായിക യുവജനകാര്യ വകുപ്പിനുകീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷനിൽ ഒരു ക്ലറിക്കൽ തസ്തിക സൃഷ്ടിച്ച്, ദേശീയതലത്തിൽ ജൂനിയർ വിഭാഗത്തിൽ അത്ലറ്റിക് കായികയിനത്തിൽ മികവുതെളിയിച്ച കായികതാരമായ ശ്രീമതി സ്വാതിപ്രഭയ്ക്ക്, ഒരു പ്രത്യേക കേസായി പരിഗണിച്ച് സ്പോർട്സ് ക്വാട്ടയിൽ നിയമനം നൽകിയിട്ടുണ്ട്.

19-07-2024-ലെ സ.ഉ.(കൈ)നം.2/2024/കാ.യു.വ. പ്രകാരം ശ്രീമതി ടിയാന മേരി തോമസിന്റെ കായിക നേട്ടങ്ങൾ പരിഗണിച്ച് കായിക യുവജനകാര്യ വകുപ്പിനുകീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷനിൽ എൽ.ഡി. ക്ലാർക്കിന്റെ ശമ്പള സ്കെയിലിൽ ജൂനിയർ സ്പോർട്സ് ഓർഗനൈസർ തസ്തിക സൃഷ്ടിച്ച്, ഒരു പ്രത്യേക കേസായി പരിഗണിച്ച് നിയമനം നൽകിയിട്ടുണ്ട്.

31-05-2025-ലെ സ.ഉ.(കൈ)നം.74/2025/GAD പ്രകാരം 2015-ൽ കേരളത്തിൽ വച്ചുനടന്ന 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് റഗ്ബിയിൽ വെങ്കല മെഡൽ നേടിയ ടീമംഗമായ ശ്രീമതി ഹരിശ്രീ എം.-നെ കായിക യുവജനകാര്യ വകുപ്പിൽ ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുകയും കായിക യുവജന കാര്യാലയത്തിൽ നിയമനം നൽകുകയും ചെയ്തിട്ടുണ്ട്.

2020 മുതലുള്ള സ്പോർട്സ് ക്വാട്ട നിയമനങ്ങൾക്കുള്ള നടപടികൾ പൊതുഭരണ വകുപ്പ് സ്വീകരിച്ചുവരുന്നു.

കായിക താരങ്ങൾക്ക് 2021 മുതൽ നാളിതുവരെയും സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സമ്മാനത്തുകകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത കായിക താരങ്ങളിൽ സർക്കാർ പ്രഖ്യാപിച്ച പാരിതോഷികങ്ങൾ ഇതുവരെയും ലഭിച്ചിട്ടില്ലാത്തവരുടെ വിവരവും അത് ലഭ്യമാക്കാത്തതിനുള്ള കാരണവും വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉത്തരാഖണ്ഡിൽ നടന്ന 38-ാമത് ദേശീയ ഗെയിംസിൽ മെഡൽ ജേതാക്കളായ കേരളത്തിന്റെ 194 കായിക താരങ്ങൾക്ക് പാരിതോഷികം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിലും ആയത് വിതരണം ചെയ്തിട്ടില്ല. പ്രസ്തുത കായിക താരങ്ങൾക്ക് "Mission Ceremony" അനുമോദനച്ചടങ്ങ് സംഘടിപ്പിച്ച് ക്യാഷ് അവാർഡ് വിതരണം ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത കായിക താരങ്ങളിൽ ആരെങ്കിലും സർക്കാർ പ്രഖ്യാപിച്ച പാരിതോഷികങ്ങളിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവരുടെ വിവരവും അതിന്റെ കാരണവും വ്യക്തമാക്കാമോ?

ആരെയും ഒഴിവാക്കിയിട്ടില്ല.

അർജന്റീന ടീമിന്റെ സൗഹൃദമത്സരം

336 (3194) ശ്രീ. പി. ടി. എ. റഹീം:
ശ്രീ വി. കെ. പ്രശാന്ത്:
ശ്രീ. എച്ച്. സലാം:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര കായിക വികസനം ലക്ഷ്യമിട്ട് വിദേശ സർക്കാരുകളുമായി സഹകരണം ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

സമഗ്ര കായിക വികസനവുമായി ബന്ധപ്പെട്ട് വിദേശ ടീമായ അർജന്റീനിയൻ ഫുട്ബോൾ ടീമിനെ കേരളത്തിൽ കളിക്കുന്നതിനായി ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നവംബർ മൂന്നാം വാരം ലോകകപ്പ് ജേതാക്കളായ അർജന്റീനിയൻ ടീം കേരളത്തിൽ കളിക്കുന്നതിനായി സമ്മതം അറിയിക്കുകയും ആയതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൃബയുമായി സഹകരിച്ച് ഓൺലൈൻ ചെസ്സ് ടൂർണമെന്റ്, ജൂഡോ, ബോക്സിങ്, റെസ്ലിങ്, ട്രാക്ക് & ഫീൽഡ് വിഭാഗങ്ങളിലെ പരിശീലകരുടെ എക്സ്ചേഞ്ചിന് സർക്കാർ അനുമതി നൽകുകയും ചെയ്തു. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

സമഗ്ര കായികവികസനം ലക്ഷ്യമിട്ട് വിദേശ ഗവൺമെന്റുകളുമായി സഹകരണം ശക്തമാക്കിവരികയാണ്. നെതർലൻഡ്സ് ഫുട്ബോൾ അസോസിയേഷനും നെതർലൻഡ്സിലെ ബൊവ്ലാൻഡർ ഫൗണ്ടേഷനുമായി ചേർന്ന് ഫുട്ബോൾ, ഹോക്കി പരിശീലന പദ്ധതി നടപ്പാക്കി.

ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിക്കുന്നതിന്റെ ഭാഗമായി ഒന്നാംഘട്ടമെന്ന നിലയിൽ പരിശീലകർക്കുള്ള പരിശീലനം നടന്നു.

ലോകത്തെ പ്രമുഖ ക്ലബായ എ.സി. മിലാനുമായി ചേർന്ന് ജി.വി. രാജ സ്പോർട്സ് സ്കൂളിൽ ഫുട്ബോൾ അക്കാദമി നടക്കുന്നു.

(ബി) അർജന്റീന ടീമിന്റെ സൗഹൃദ മത്സരം വഴി കായിക രംഗത്ത് എന്തൊക്കെ മാറ്റങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അർജന്റീനയുമായുള്ള സാംസ്കാരിക ബന്ധങ്ങൾ ശക്തിപ്പെടുത്താനും ദീർഘകാല സഹകരണം പ്രോത്സാഹിപ്പിക്കാനും സൗഹൃദ മത്സരം സഹായിക്കും. ഈ പദ്ധതിയിലൂടെ ടൂറിസവും കായിക മേഖലയുമായി ബന്ധപ്പെട്ട വ്യവസായങ്ങളും കാര്യമായ സാമ്പത്തിക വളർച്ച കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അർജന്റീന ടീമിന്റെ സൗഹൃദ മത്സരം സംഘടിപ്പിക്കുന്നതിലൂടെ കേരളത്തെ ഒരു ആഗോള ഫുട്ബോൾ കേന്ദ്രമാക്കി മാറ്റുന്നതിനോടൊപ്പം കേരളത്തിന്റെ പ്രശസ്തിയും ദൃശ്യപരതയും വർധിപ്പിക്കുകയെന്നതാണ് പ്രധാന ലക്ഷ്യം.

(സി) പരിശീലന-മത്സരരംഗത്ത് അർജന്റീന ഫുട്ബോൾ അസോസിയേഷനുമായി സഹകരണത്തിന് ധാരണയായിട്ടുണ്ടോ?

അർജന്റീനിയൻ ഫുട്ബോൾ ടീമിനെ കേരളത്തിൽ കളിക്കുന്നതിനായി ക്ഷണിക്കാൻ ബഹുമാനപ്പെട്ട കായിക വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കായിക വകുപ്പ് സെക്രട്ടറി, കായിക യുവജന കാര്യാലയം ഡയറക്ടർ എന്നിവരുൾപ്പെടുന്ന സംഘം സ്പെയിൻ സന്ദർശിക്കുകയും അർജന്റീന ടീമിനെ ക്ഷണിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ നവംബർ മൂന്നാം വാരം ലോകകപ്പ് ജേതാക്കളായ അർജന്റീനിയൻ ഫുട്ബോൾ ടീം കേരളത്തിൽ കളിക്കാനായി സമ്മതം അറിയിക്കുകയും ആയതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഈ സന്ദർശനത്തിന്റെ ഭാഗമായി ലാ ലീഗ, സ്പെയിൻ ഹയർ സ്പോർട്സ് കൗൺസിൽ എന്നിവരുമായി കായിക വികസനത്തിനുള്ള ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ കരാർ

337 (3195) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി പ്രകാരം കളിക്കളങ്ങൾ നിർമ്മിക്കുന്നതിനായി സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന തയ്യാറാക്കുന്ന പദ്ധതി എസ്റ്റിമേറ്റുകളിൽ ആന്വൽ മെയിന്റനൻസിനായി നീക്കിവയ്ക്കുന്ന തുകയുടെ നിരക്ക് എത്രയാണെന്നും ഇതിൽ ഏതൊക്കെ ഇനങ്ങളുടെ മെയിന്റനൻസാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത ആന്വൽ മെയിന്റനൻസ് സേവനം എത്ര കാലയളവിലേക്കാണ് ലഭ്യമാകുകയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി പ്രകാരം കളിക്കളങ്ങൾ നിർമ്മിക്കാനായി എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ ആദ്യ മൂന്ന് വർഷത്തേക്ക് ആസ്തികളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി എസ്റ്റിമേറ്റ് ചെയ്ത പദ്ധതിച്ചെലവിന്റെ 3% പ്രൊപ്പോസലിലുൾപ്പെടുത്തി വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരാറുകാരന്റെ ഡിഫക്ട് ലയബിലിറ്റി പിരീഡ് പ്രകാരമല്ലാതെ വരുന്ന ഗ്രൗണ്ടിലെ ചെറിയ മെയിന്റനൻസ് പ്രവൃത്തികൾ ചെയ്യുന്നതിനാണ് 3% തുക ഭരണാനുമതിയിൽ വകയിരുത്തിയിട്ടുള്ളത്.

(സി) പ്രസ്തുത പ്രവൃത്തിയുടെ കരാർ ഒപ്പുവയ്ക്കുന്നതിനോടൊപ്പം ആനുവൽ മെയിന്റനൻസ് സംബന്ധിച്ച വ്യവസ്ഥകളും കരാറിലുൾപ്പെടുത്തിയിട്ടുണ്ടോ; വ്യവസ്ഥകളുടെ വിശദാംശം ലഭ്യമാക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം കളിക്കളങ്ങളുടെ നിർമ്മാണ പ്രവൃത്തിയുടെ കരാറിൽ ആനുവൽ മെയിന്റനൻസ് വ്യവസ്ഥകളുൾപ്പെടുത്തുന്നില്ല.

(ഡി) ഈ വ്യവസ്ഥകൾ പ്രകാരം മെയിന്റനൻസ് നടപടികളുടെ ചുമതല ഏത് വകുപ്പാണ് നിർവഹിക്കുകയെന്നും ഓരോ ഗ്രൗണ്ടിനും ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം കളിക്കളങ്ങളുടെ പ്രവൃത്തി പൂർത്തിയാകുമ്പോൾ അതത് തദ്ദേശസ്ഥാപനത്തിന് കൈമാറുന്നതാണ്. തദ്ദേശസ്ഥാപനം, സ്പോർട്സ് കൗൺസിൽ, ഉണഭോക്തൃ ഗ്രൂപ്പുകൾ എന്നിവയുടെ പ്രതിനിധികളെയുൾപ്പെടുത്തി ഒരു പ്രാദേശിക കമ്മിറ്റി രൂപീകരിച്ച് ദൈനംദിന അറ്റകുറ്റപ്പണികൾക്ക് മേൽനോട്ടം വഹിക്കാനാണ് 12-07-2022-ലെ സ.ഉ.(അച്ചടി)നം.1/2022/എസ്&വൈഎ പ്രകാരം ഉത്തരവായിട്ടുള്ളത്. ഏതെങ്കിലും ആസ്തി മെയിന്റനൻസ് നടത്താതെയോ ഉപയോഗശൂന്യമായോ ആകുന്ന സ്ഥിതിയുണ്ടായാൽ ആ ആസ്തി സ്പോർട്സ് കേരള ഫൗണ്ടേഷൻ ഏറ്റെടുത്ത് തുടർപരിപാലനച്ചുമതല നിർവഹിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണെന്നും ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. ആയതുപ്രകാരമുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

റോളർ സ്കേറ്റിങ്ങിന് അടിസ്ഥാനസൗകര്യം

338 (3196) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ റോളർ സ്പോർട്സ് (സ്കേറ്റിങ്) മത്സരങ്ങൾക്കും പരിശീലനത്തിനുമായി അടിസ്ഥാന സൗകര്യം, ബാങ്ക്ഡ് ട്രാക്ക് & റോഡ് സർക്യൂട്ട് എന്നിവ നിർമ്മിക്കാനായി കാര്യവട്ടം യൂണിവേഴ്സിറ്റി കാമ്പസിൽ സ്ഥലം അനുവദിച്ചതിന്റെ ഔദ്യോഗികമായ അറിയിപ്പ് യൂണിവേഴ്സിറ്റി അധികൃതരിൽനിന്നും ലഭ്യമായിട്ടുണ്ടോ; പ്രസ്തുത പദ്ധതിക്കായി കായിക വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ റോളർ സ്പോർട്സ് (സ്കേറ്റിങ്) മത്സരങ്ങൾക്കും പരിശീലനത്തിനുമായി അടിസ്ഥാന സൗകര്യം, ബാങ്ക്ഡ് ട്രാക്ക് & റോഡ് സർക്യൂട്ട് എന്നിവ നിർമ്മിക്കാനായി കാര്യവട്ടം യൂണിവേഴ്സിറ്റി കാമ്പസിൽ സ്ഥലം അനുവദിച്ചതിന്റെ ഔദ്യോഗികമായ അറിയിപ്പ് യൂണിവേഴ്സിറ്റി അധികൃതരിൽനിന്നും ലഭ്യമായിട്ടില്ല.

(ബി) ബാങ്ക്ഡ് ട്രാക്ക് & റോഡ് സർക്യൂട്ട് നിർമ്മിക്കാനായി എത്ര ഏക്കർ സ്ഥലമാണ് ആവശ്യപ്പെട്ടിട്ടുള്ളത്; ഇതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

ബാധകമല്ല.

(സി) അന്താരാഷ്ട്ര നിലവാരത്തിൽ ബാങ്ക്ഡ് ട്രാക്ക് & റോഡ് സർക്യൂട്ട് നിർമ്മിക്കുന്നതിന്റെ ഭാഗമായുള്ള ഡി.പി.ആർ. തയ്യാറാക്കാനും നിർമ്മാണത്തിനുമായി 2025-

26-ലെ പ്ലാൻ ഫണ്ടിൽനിന്നും ആവശ്യമായ തുക സ്പോർട്സ് കേരള ഫൗണ്ടേഷന് നൽകാനുള്ള നടപടി സ്വീകരിക്കുമോ; ഇതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

2025-26 വർഷത്തെ പ്ലാനിൽ ഈ പ്രൊപ്പോസലുൾപ്പെട്ടിട്ടില്ല.

(ഡി) സാഹസിക കായിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കാനായി കായിക വകുപ്പ്, ഒളിമ്പിക് അസോസിയേഷൻ, കേരള സ്പോർട്സ് കൗൺസിൽ, വിനോദസഞ്ചാര വകുപ്പ് എന്നിവ സംയുക്തമായി അന്താരാഷ്ട്ര വിഴിഞ്ഞം/അനന്തപുരി സ്റ്റേറ്റ്തോൺ, ടെക്നോപാർക്ക് കാമ്പസിൽ എല്ലാ വർഷവും സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

(ഇ) 2025 ജൂലൈ 19 മുതൽ 30 വരെ സൗത്ത് കൊറിയയിൽ വച്ചുനടന്ന ഇരുപതാമത് ഏഷ്യൻ റോളർ സ്കേറ്റിങ് ചാമ്പ്യൻ ഷിപ്പിൽ മെഡലുകൾ ലഭിച്ച മലയാളി താരങ്ങൾക്ക് അവാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കായിക മേഖലയിലെ നേട്ടങ്ങൾക്ക് പുരസ്കാരം നൽകുന്നതിന് സർക്കാർതലത്തിൽ സ്വീകരിച്ചുവരുന്ന പൊതുമാനദണ്ഡങ്ങൾ പ്രകാരം നടപടി സ്വീകരിക്കും.

ഒഴിഞ്ഞുകിടക്കുന്ന സ്വകാര്യസ്ഥലങ്ങൾ താൽക്കാലിക കളിസ്ഥലങ്ങളാക്കാൻ നടപടി

339 (3197) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളിസ്ഥലങ്ങളുടെ അഭാവംമൂലം നാട്ടിലെ യുവതീയുവാക്കൾക്ക് കായികക്ഷമത നഷ്ടപ്പെടുകയും മൊബൈൽ ഗെയിമുകളിൽ അഭയം പ്രാപിക്കുന്നതുമായിട്ടുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് ഒഴിഞ്ഞുകിടക്കുന്ന സ്വകാര്യസ്ഥലങ്ങൾ ഉടമസ്ഥരുടെ സമ്മതത്തോടെ താൽക്കാലിക കളിസ്ഥലങ്ങളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ;

(ബി) മേല്പറഞ്ഞ രീതിയിൽ കളിസ്ഥലങ്ങൾ തയ്യാറാക്കുമ്പോൾ വനിതകൾക്കുകൂടി പ്രാപ്യമായ രീതിയിൽ കളിസ്ഥലങ്ങൾ ക്രമീകരിക്കാൻ മുൻകൈയെടുക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) സ്വകാര്യവ്യക്തികളുടെ സ്ഥലത്ത് സർക്കാർ ഫണ്ടുപയോഗിച്ച് താൽക്കാലിക കളിസ്ഥലങ്ങൾ നിർമ്മിക്കുന്നത് അഭികാമ്യമല്ലെന്ന് കാണുന്നു.

(സി) കലാ-കായിക, സാഹിത്യ, രാഷ്ട്രീയ പ്രവർത്തനങ്ങളിലേർപ്പെടാത്ത യുവജനങ്ങളിൽ ഒരു വിഭാഗം വർഗീയതയിലേക്കും ലഹരിയിലേക്കും എത്തിപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) ഇത്തരം യുവജനങ്ങളെ പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടി നാട്ടിലെ ക്ലബ്ബുകൾക്കും വായനശാലകൾക്കും കലാകായിക സാഹിത്യ പ്രവർത്തനങ്ങൾ

നടത്തുന്നതിനാവശ്യമായ എന്തെല്ലാം സഹായങ്ങളാണ് സർക്കാർ ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യുവജനങ്ങളെ പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിനും കായിക പ്രവർത്തനങ്ങളിലേർപ്പെടുത്തുന്നതിനും കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് 1400 ക്ലബ്ബുകൾക്ക് 10000/- രൂപ വീതം ധനസഹായം നൽകാനായി ആകെ 1,40,00,000/- രൂപ കായിക വികസന നിധിയിൽനിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കേരളത്തിലെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലേക്കുള്ള സ്പോർട്സ് കിറ്റ് വിതരണം ചെയ്യാനായി കായിക വികസന നിധി ശീർഷകത്തിൽനിന്നും തുക ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

സ്പോർട്സ് ക്ലബ്ബുകൾ അതത് തദ്ദേശസ്വയംഭരണ സ്പോർട്സ് കൗൺസിലുകളിൽ രജിസ്റ്റർ ചെയ്യാവുന്നതും സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും വിവിധ ജില്ലാ സ്പോർട്സ് കൗൺസിലുകളുടെയും ആഭിമുഖ്യത്തിൽ പ്രാദേശികതലത്തിൽ സംഘടിപ്പിക്കുന്ന പരിപാടികളിൽ ടി ക്ലബ്ബുകളിലെ അംഗങ്ങളെ ഉൾപ്പെടുത്താറുണ്ട്. എല്ലാ വർഷവും ഏപ്രിൽ, മേയ് മാസങ്ങളിൽ ജില്ലാ സ്പോർട്സ് കൗൺസിലുകൾ ജില്ലാ കായിക അസോസിയേഷനുകളുടെയും വിവിധ ക്ലബ്ബുകളുടെയും സഹകരണത്തോടെ ജില്ലയിലെ വിവിധ ഭാഗങ്ങളിൽവച്ച് സമ്മർ കോച്ചിങ് ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു. കായിക വകുപ്പ്, പൊലീസ്, എൻ.സി.സി., പൊതുവിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം, പട്ടികജാതി-

പട്ടികവർഗക്ഷേമം തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെ കാസർഗോഡ് നിന്നുമാരംഭിച്ച് 14 ജില്ലകളിലും സഞ്ചരിച്ച് മലപ്പുറത്ത് സമാപിച്ച കിക്ക് ഡ്രഗ്സ് ലഹരിവിരുദ്ധ പ്രചരണ പരിപാടിയിൽ ജില്ലാടിസ്ഥാനത്തിൽ ക്ലബ്ബുകളുടെ പങ്കാളിത്തവും സഹകരണവും ഉറപ്പാക്കിയിരുന്നു.

ചായ്യോത്ത് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ കായിക വകുപ്പ് മുഖേന ആരംഭിച്ച പദ്ധതി

340 (3198) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ചായ്യോത്ത് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ കായിക വകുപ്പ് മുഖേന എന്തെല്ലാം പദ്ധതികളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നറിയിക്കുമോ?

(എ-സി) കായിക യുവജന കാര്യാലയത്തിനുകീഴിൽ കാഞ്ഞങ്ങാട് ചായ്യോത്ത് ജി.എച്ച്.എസ്.എസ്.-ൽ ഒരു സ്പോർട്സ് ഡിവിഷൻ ആരംഭിക്കുന്നതിന് 2019-20 കാലഘട്ടത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കായിക യുവജനകാര്യ ഡയറക്ടർ 2021-ൽ ലഭ്യമാക്കിയ ശിപാർശ സർക്കാർ പരിശോധിക്കുകയും സ്പോർട്സ് ഡിവിഷൻ

തുടങ്ങുന്നത് അധികബാധ്യത വരുത്തുമെന്നതിനാൽ ടി പ്രൊപ്പോസൽ സർക്കാർ നിരസിക്കുകയും ചെയ്തു.

കായിക വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം

341 (3199) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കായിക വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്; ഓരോ റിപ്പോർട്ടും സമർപ്പിച്ച തീയതി എന്നാണെന്നും ഓരോ റിപ്പോർട്ടിന്മേലും നാളിതുവരെ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചുവെന്നും റിപ്പോർട്ടുകൾ സമയബന്ധിതമായി പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടുകളിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

(എ&ബി) ഈ സർക്കാരിന്റെ കാലയളവിൽ കായിക വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം റിപ്പോർട്ടുകളൊന്നും സമർപ്പിച്ചിട്ടില്ല.

ചാത്തന്നൂർ മണ്ഡലത്തിലെ കളിസ്ഥലങ്ങളുടെ നവീകരണം

342 (3200) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട ചിറക്കര ഗ്രാമപഞ്ചായത്തിലെ ഉളിയനാട് ഗവൺമെന്റ് ഹൈസ്കൂളിൽ സംസ്ഥാന കായിക യുവജനകാര്യ വകുപ്പ് ഡയറക്ടറുടെ നിർവഹണച്ചുമതലയിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 50 ലക്ഷം രൂപ വിനിയോഗിച്ച് കളിസ്ഥലം നിർമ്മിക്കുന്ന നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

കൊല്ലം ജില്ലയിലെ ചാത്തന്നൂർ മണ്ഡലത്തിലെ ചിറക്കര ഗ്രാമപഞ്ചായത്തിലെ ഉളിയനാട് ഗവൺമെന്റ് ഹൈസ്കൂൾ ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തിക്കായി കൊല്ലം ജില്ലാ കളക്ടർ 30-05-2025-ലെ LSGD/JD/KLM/9924/2024-D3 പ്രകാരം 50 ലക്ഷം രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഭരണാനുമതിയിൽ 2024-2025 സാമ്പത്തിക വർഷത്തെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി തുക അനുവദിക്കുന്നതായാണ് രേഖപ്പെടുത്തിയിരുന്നത്. പ്രസ്തുത പ്രവൃത്തി 2023-2024 സാമ്പത്തിക വർഷത്തെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി 04-07-2025-ന് ഭരണാനുമതി ഉത്തരവിൽ ഭേദഗതി വരുത്തിയിരുന്നു. ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി 30-09-2025-ൽ ഇ-ടെൻഡർ ക്ഷണിച്ചിട്ടുണ്ട്.

(ബി) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള നെല്ലേറ്റിൽ ഗ്രൗണ്ട് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 60 ലക്ഷം രൂപ വിനിയോഗിച്ച് സംസ്ഥാന കായിക യുവജനകാര്യ വകുപ്പ് ഡയറക്ടറുടെ നിർവഹണച്ചുമതലയിൽ നവീകരിക്കാനുള്ള നടപടികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ?

കൊല്ലം ജില്ലയിലെ ചാത്തന്നൂർ മണ്ഡലത്തിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിലെ നെല്ലേറ്റ് ഗ്രൗണ്ട് നിർമ്മാണപ്രവൃത്തിക്കായി 60 ലക്ഷം രൂപ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച് 17-09-2025-ലെ LSGD/JD/KLM/3591/2025-D3 പ്രകാരം കൊല്ലം ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ട്. ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി 30-09-2025-ന് ഇ-ടെൻഡർ ക്ഷണിച്ചിട്ടുണ്ട്.

പട്ടാമ്പി നിയോജകമണ്ഡലത്തിൽ കായിക വകുപ്പ് നടപ്പാക്കിയ പ്രവൃത്തികൾ

343 (3201) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ കായിക വകുപ്പ് മുഖേന പട്ടാമ്പി നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.[+] ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.[+]

പരസ്യത്തിനായി ചെലവഴിച്ച തുക

344 (3202) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലയളവിൽ കായിക വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ സഹിതം ലഭ്യമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.[+]

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുതുക്കോട് ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് നവീകരണം

345 (3203) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തരൂർ മണ്ഡലത്തിലെ പുതുക്കോട് ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് നവീകരണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

പാലക്കാട് ജില്ലയിലെ തരൂർ നിയോജകമണ്ഡലത്തിലെ പുതുക്കോട് ഗ്രാമപഞ്ചായത്ത് കളിസ്ഥലം വികസന പ്രവൃത്തിക്കായി 15-01-2025-ലെ സർക്കാർ ഉത്തരവുപ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 87.87 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിക്ക് ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. ശ്രീ. നിസാർ എ., കാസർഗോഡ് എന്ന കരാറുകാരനാണ് 73.38 ലക്ഷം രൂപയ്ക്ക് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടി പദ്ധതിയിൽ മഡ് ഫുട്ബോൾ കോർട്ട്, കോമ്പൗണ്ട് വാൾ, ഫെൻസിങ്, ഡ്രെയിനേജ്, ഫ്ലഡ് ലൈറ്റ്, നിലവിലുള്ള ഇൻഡോർ ഹാളിന്റെ അറ്റകുറ്റപ്പണികൾ, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. 6 മാസമാണ് ടി പ്രവൃത്തിയുടെ നിർമ്മാണ കാലാവധി. 2026 മാർച്ച് മാസം അവസാനത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

കായിക വകുപ്പ് മുഖേന നടപ്പാക്കിവരുന്ന പ്രവൃത്തികളുടെ പുരോഗതി

346 (3204) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിൽ കായിക വകുപ്പുമുഖേന നടപ്പാക്കിവരുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്ന് വിശദമാക്കുമോ?

(എ&ബി) കൂത്തുപറമ്പ് മണ്ഡലത്തിൽ കായിക വകുപ്പുമുഖേന നടപ്പാക്കിവരുന്ന പ്രവൃത്തികളുടെ പുരോഗതി ചുവടെ ചേർക്കുന്നു.

1. കൂത്തുപറമ്പ് മണ്ഡലത്തിലെ കുന്നോത്ത് പറമ്പ് ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 12-10-2022-ലെ സ.ഉ.(സാധാ) നം.258/2022/കാ.യു.വ. പ്രകാരം 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 4.78 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും 17-10-2023-ൽ ദർഘാസ് ക്ഷണിക്കുകയും ആയതിൽ യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സി. എൽ. മുഹമ്മദ് ഹനീഫ്, കാസർകോഡ് എന്ന കരാറുകാരനുമായി 20-01-2024-ൽ 4,29,55,589/- രൂപയ്ക്ക് കരാറിലേർപ്പെടുകയും ചെയ്തിരുന്നു. ടി പദ്ധതിയിൽ പ്രധാനമായും ഇൻഡോർ സ്റ്റേഡിയം,

റീട്ടെയ്നിങ് വാൾ, ഇൻഡോർ സ്റ്റേഡിയത്തിലേയ്ക്കുള്ള ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. നിലവിൽ 60% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2025 ഡിസംബർ മാസം അവസാനത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

2. കൂത്തുപറമ്പ് മണ്ഡലത്തിലെ ചെറുവാഞ്ചേരി സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 04-01-2023-ലെ സ.ഉ.(സാധാ)നം.13/2023/കാ.യു.വ. പ്രകാരം 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 4.78 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയുടെ ദർഘാസ് ക്ഷണിക്കുകയും ചെയ്തു. ശ്രീ. അബ്ദുൾ ഷെരീഫ്, കാസർഗോഡ് എന്ന കരാറുകാരനാണ് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടി പദ്ധതിയിൽ ഗ്രൗണ്ട് ഡെവലപ്മെന്റ്, ഇൻഡോർ കോർട്ട്, റീട്ടയ്നിങ് വാൾ, നടപ്പാത, ഇന്റർലോക്ക്, ഓപ്പൺ സ്റ്റേജ്, ഡ്രെയിൻ, ബോർവെൽ, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ 15% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2026 മാർച്ച് മാസം അവസാനത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

3. കൂത്തുപറമ്പ് മണ്ഡലത്തിലെ കുന്നോത്ത് പറമ്പ് ചിറ്റാരിത്തോട് ഓപ്പൺ ജിം & പാർക്ക് നിർമ്മാണപ്രവൃത്തിക്കായി 28-03-2025-ലെ ഉത്തരവുപ്രകാരം എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി 50 ലക്ഷം രൂപയുടെ ഭരണാനുമതി ബഹുമാനപ്പെട്ട കണ്ണൂർ ജില്ലാ കളക്ടറിൽനിന്നും ലഭിച്ചിരുന്നു. 37.34 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിക്ക് ദർഘാസ് ക്ഷണിക്കുകയും ചെയ്തു.

ശ്രീ. സി. എച്ച്. അസ്കർ, കണ്ണൂർ എന്ന കരാറുകാരനുമായി 29.68 ലക്ഷം രൂപയ്ക്ക് കരാറിലേർപ്പെടുകയും പ്രവൃത്തി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

4. 2025-26 ബജറ്റിൽ 100 ലക്ഷം രൂപ എസ്റ്റിമേറ്റ് തുകയായും 20% ഈ വർഷത്തെ ബജറ്റ് വിഹിതമായും ഉൾപ്പെടുത്തിയിരുന്ന കൂത്തുപറമ്പ് മണ്ഡലത്തിലെ പാട്ടിയം ഗ്രാമപഞ്ചായത്തിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ നിർമ്മാണ പ്രവൃത്തിക്കായി 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്, ഭരണാനുമതിക്കായി 16-09-2025-ൽ സ്പോർട്സ് കേരള ഫൗണ്ടേഷനിൽനിന്നും കായിക യുവജന കാര്യാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതടക്കമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതുമാണ്.

മേൽപ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തടസ്സങ്ങളൊന്നുമില്ല.

കായികമേഖലയുടെ അടിസ്ഥാനസൗകര്യ വികസനത്തിനുള്ള പദ്ധതികൾ

347 (3205) ഡോ. കെ. ടി. ജലീൽ:

ശ്രീ. എം. രാജഗോപാലൻ:

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:

ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും കളിക്കളങ്ങളുടെയും സ്റ്റേഡിയങ്ങളുടെയും പരിപാലനത്തിനുമായി കായിക വകുപ്പിനുകീഴിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതിലൂടെ

ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കുമോ?

കായിക യുവജന കാര്യാലയത്തിനുകീഴിൽ പ്രവർത്തിച്ചുവന്നിരുന്ന കായിക എഞ്ചിനീയറിങ് വിഭാഗത്തിന്റെ പ്രവൃത്തിപരിചയവും വൈദഗ്ധ്യവും കണക്കിലെടുത്ത് വിവിധ കായിക നിർമ്മിതികൾക്കായി കായിക യുവജനകാര്യ വകുപ്പിനുകീഴിലുള്ള കായിക എഞ്ചിനീയറിങ് വിഭാഗത്തെ പുനർവിന്യസിച്ചുകൊണ്ട് 26-02-2021-ലെ സ.ഉ.(കൈ) നം.6/2021/കാ.യു.വ. പ്രകാരം സ്പോർട്സ് കേരള ഫൗണ്ടേഷൻ രൂപീകരിച്ചിട്ടുണ്ട്. സ്പോർട്സ് കേരള ഫൗണ്ടേഷന്റെ കീഴിൽ എഞ്ചിനീയറിങ് വിഭാഗവും ഓപ്പറേഷൻ വിഭാഗവുമാണ് പ്രവർത്തിച്ചുവരുന്നത്. സംസ്ഥാനത്തെ വിവിധ കായിക അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളുടെ നിർമ്മാണവും മെയിന്റനൻസും സ്പോർട്സ് കേരള ഫൗണ്ടേഷന്റെ എഞ്ചിനീയറിങ് വിഭാഗം മുഖേനയാണ് നടപ്പാക്കിവരുന്നത്.

(ബി) നിലവിൽ എത്ര കളിക്കളങ്ങളും സ്റ്റേഡിയങ്ങളും പ്രസ്തുത പദ്ധതിയുടെ ഭാഗമായി പരിപാലനത്തിനായി ഏറ്റെടുത്തിട്ടുണ്ടെന്നും ഇതിനാവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിയുടെ ഭാഗമായി സ്പോർട്സ് കേരള ഫൗണ്ടേഷന് ചുവടെപ്പറയുന്ന സ്റ്റേഡിയങ്ങൾ, ഫിറ്റ്നസ് സെന്ററുകൾ എന്നിവയുടെ മേൽനോട്ടവും പരിപാലനവും കൈമാറി നൽകിയിട്ടുണ്ട്.

1. ജിമ്മി ജോർജ്ജ് സ്പോർട്സ് ഹബ്ബ് (ഇൻഡോർ സ്റ്റേഡിയം, സ്വിമ്മിംഗ് പൂൾ, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, ജിംനാസ്റ്റിക്സ്)

2. വട്ടിയൂർക്കാവ് ഷൂട്ടിങ് റേഞ്ച് (ഷൂട്ടിങ് റേഞ്ച്, ടേബിൾ ടെന്നീസ് കോർട്ട്, ഫിറ്റ്നസ് സെന്റർ)

3. കുമാരപുരം ടെന്നീസ് അക്കാദമി, തിരുവനന്തപുരം

4. തലശ്ശേരി വി.ആർ. കൃഷ്ണയ്യർ സ്റ്റേഡിയം, കണ്ണൂർ

5. ധർമ്മടം അബുചാത്തുക്കുട്ടി സ്റ്റേഡിയം, കണ്ണൂർ

6. നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം, കാസർഗോഡ്

7. സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, കോന്നി, പത്തനംതിട്ട

8. സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, പാല, കോട്ടയം

9. സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, മാവേലിക്കര, ആലപ്പുഴ

10. സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, ചിറ്റൂർ, പാലക്കാട്

11. സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, കോട്ടപ്പടി, മലപ്പുറം

12. സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, ഒളവണ്ണ, കോഴിക്കോട്

13. സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ, ആന്തൂർ, കണ്ണൂർ

മേല്പറഞ്ഞിട്ടുള്ള സ്റ്റേഡിയങ്ങളുടെയും മറ്റ് വെന്യൂകളുടെയും മേൽനോട്ടത്തിനും പരിപാലനത്തിനുമായി ആവശ്യമുള്ള ജീവനക്കാരെ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന കരാറടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട്.

(സി) പ്രസ്തുത സംവിധാനത്തിന്റെ നിലവിലെ മറ്റ് പ്രവർത്തനങ്ങളും സാമ്പത്തികസ്ഥിതി സംബന്ധിച്ച വിവരങ്ങളും വിശദമാക്കുമോ?

സ്പോർട്സ് കേരള ഫൗണ്ടേഷന്റെ ഭരണപരമായ ചെലവുകൾക്കായി 60 ലക്ഷം രൂപ വീതം സംസ്ഥാന ബജറ്റിൽ വകയിരുത്തുന്നുണ്ട്. കിഫ്ബി പദ്ധതികൾ, കായിക വകുപ്പിന്റെ പദ്ധതികൾ, എം.എൽ.എ. ആസ്തി വികസന പദ്ധതികൾ, മറ്റ് സർക്കാർ-അർധ സർക്കാർ വകുപ്പുകളുടെ പദ്ധതികൾ എന്നിവ നടപ്പാക്കുമ്പോൾ ലഭിക്കുന്ന സെന്റേജ് ചാർജിൽനിന്നാണ് സ്പോർട്സ് കേരള ഫൗണ്ടേഷന്റെ ജീവനക്കാരുടെ ശമ്പളവും മറ്റ് ദൈനംദിന ചെലവുകളും കണ്ടെത്തുന്നത്.

കേരള സ്പോർട്സ് കൗൺസിലിലെ ക്രമക്കേട്

348 (3206) ശ്രീ. റോജി എം. ജോൺ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈക്ക, ഖേൽ അഭിയാൻ, ഖേലോ ഇന്ത്യ എന്നീ കായിക പദ്ധതികളുമായി ബന്ധപ്പെട്ട് കേരള സ്പോർട്സ് കൗൺസിലിന് അനുവദിച്ച കേന്ദ്ര-സംസ്ഥാന ഫണ്ടിൽ ക്രമക്കേട് നടത്തിയതുസംബന്ധിച്ച് വിജിലൻസ് അന്വേഷണമാവശ്യപ്പെട്ട് നൽകിയ പരാതി മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും കായിക വകുപ്പുമന്ത്രിയുടെ ഓഫീസിലേക്ക്

നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽ നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരാതി സംബന്ധിച്ച് വകുപ്പുതല അന്വേഷണത്തിന് നിർദേശം നൽകിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയാണെന്നറിയിക്കുമോ?

(എ&ബി) പൈക്ക കായിക പദ്ധതിയുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറിയുടെ ഓഫീസിൽനിന്നും ലഭ്യമായ പരാതി കായിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പരിശോധിക്കുകയും ആയതിന്മേലുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിന് കായിക യുവജനകാര്യ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുമുണ്ട്.

(സി) ആരോപണവിധേയമായ സ്ഥാപനത്തിന്റെ സെക്രട്ടറിയെത്തന്നെ പ്രസ്തുത വകുപ്പുതല അന്വേഷണത്തിന് ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ബാധകമല്ല.

വളപട്ടണം സി. എച്ച്. മുഹമ്മദ്കോയ സ്മാരക ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ ഗ്രൗണ്ട് നവീകരണ പ്രവൃത്തി

349 (3207) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിലെ വളപട്ടണം സി. എച്ച്. മുഹമ്മദ്കോയ സ്മാരക ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ കായിക വകുപ്പ് മുഖേന നടത്തുന്ന ഗ്രൗണ്ട്

നവീകരണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

കണ്ണൂർ ജില്ലയിലെ അഴീക്കോട് നിയോജകമണ്ഡലത്തിലെ വളപ്പട്ടണം സി.എച്ച്.എം.കെ.എസ്. മെമ്മോറിയൽ ജി.എച്ച്.എസ്.എസ്.-ലെ കായിക അടിസ്ഥാനസൗകര്യ വികസന പ്രവൃത്തിക്കായി ബഹുമാനപ്പെട്ട അഴീക്കോട് നിയോജകമണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി കണ്ണൂർ ജില്ലാ കളക്ടറുടെ 30-08-2024-ലെ നടപടിക്രമം പ്രകാരം 65 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. 60.18 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിക്ക് ടെൻഡർ ക്ഷണിക്കുകയും ചെയ്തു. ഇതനുസരിച്ച് ലഭിച്ച ദർഘാസിൽ യോഗ്യത നേടി ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. അബ്ദുൾ ഷെരീഫ്, കാസർഗോഡ് എന്ന കരാറുകാരനാണ് 46.76 ലക്ഷം രൂപയ്ക്ക് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിയിൽ പ്രധാനമായും മഡ് ഫുട്ബോൾ കോർട്ട്, ക്രിക്കറ്റ് പ്രാക്ടീസ് പിച്ച്, ഫെൻസിങ്, സ്റ്റെപ്പ് ഗ്യാലറി, ആർ.സി.സി. ഡ്രെയിൻ, കോമ്പൗണ്ട് വാളിന്റെ നവീകരണം, ഗേറ്റ് എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സ്റ്റെപ്പ് ഗ്യാലറിയുടെ നിർമ്മാണം പൂർത്തീകരിച്ചു. ഫെൻസിങ്ങിന്റെ നിർമ്മാണം 75% പൂർത്തീകരിച്ചിട്ടുണ്ട്. 70% പ്രവൃത്തികൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദാംശം നൽകാമോ?

പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തടസ്സങ്ങളൊന്നുമില്ല. 2025 ഡിസംബർ മാസം അവസാനത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

പഴമ്പാലക്കോട് സ്കൂൾ ഗ്രൗണ്ട് പ്രവൃത്തിയുടെ പുരോഗതി

350 (3208) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തരൂർ മണ്ഡലത്തിലെ എസ്.എം.എച്ച്.എസ്.എസ്. പഴമ്പാലക്കോട് സ്കൂൾ ഗ്രൗണ്ട് പ്രവൃത്തിയുടെ പുരോഗതി നിലവിൽ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

2024-25 ബജറ്റിൽ 100 ലക്ഷം രൂപ എസ്റ്റിമേറ്റ് തുകയായും 20%, 2024-25 വർഷത്തെ ബജറ്റ് വിഹിതമായും ഉൾപ്പെടുത്തിയിരുന്ന തരൂർ നിയോജകമണ്ഡലത്തിലെ പഴമ്പാലക്കോട് എസ്.എം.എം.എച്ച്.എസ്.എസ്. ഗ്രൗണ്ട് വികസന പ്രവൃത്തിക്കായി 15-01-2025-ലെ സർക്കാർ ഉത്തരവ് പ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 93.89 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിക്ക് ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. ശ്രീ. പ്രകാശൻ കെ. വി., പഴയന്നൂർ എന്ന കരാറുകാരനാണ് 79.18 ലക്ഷം രൂപയ്ക്ക് 24-06-2025-ൽ ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടി പദ്ധതിയിൽ ഫുട്ബോൾ കോർട്ട്, വോളിബോൾ കോർട്ട്, കബഡി കോർട്ട്, ടോയ്ലറ്റ് ബ്ലോക്ക്, റീട്ടെയ്നിങ് വാൾ, ഫെൻസിങ്, ഡ്രെയിൻ, ഗേറ്റ്, കോമ്പൗണ്ട് വാൾ, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഗ്രൗണ്ടിന്റെ അതിർത്തി നിർണ്ണയിക്കേണ്ടി വന്നതിനാലും പ്രസ്തുത ഗ്രൗണ്ടിൽ കേരളോത്സവം

നടക്കുന്നതിനാലും പ്രവൃത്തിയുടെ സർവെ നടപടികൾ മാത്രമെ പൂർത്തീകരിക്കാൻ സാധിച്ചിട്ടുള്ളൂ. നിർമ്മാണ പ്രവൃത്തികളാരംഭിച്ച് സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സ്പോർട്സ് ഹോസ്റ്റൽ ആരംഭിക്കാൻ നടപടി

351 (3209) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ 18 വയസ്സിൽ താഴെയുള്ളവർക്ക് മാത്രമായി സ്പോർട്സ് ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കാസർഗോഡ് ജില്ലയിൽ നിലവിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ കാസർഗോഡ് ജില്ലാ സ്പോർട്സ് അക്കാദമിയിലും കോളിയടുക്കം ജില്ലാ സ്പോർട്സ് അക്കാദമിയിലും സ്കൂൾ, പ്ലസ് വൺ ക്ലാസുകളിലെ കുട്ടികൾക്ക് വോളിബോൾ, കബഡി, ഫുട്ബോൾ കായിക ഇനങ്ങളിൽ 18 വയസ്സിനുതാഴെയുള്ള കുട്ടികൾക്ക് പരിശീലനം നൽകിവരുന്നു. അടിസ്ഥാന സൗകര്യവും പരിശീലകരുടെ ലഭ്യതയും ഉറപ്പാക്കുന്നമുറയ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖാന്തരം കൂടുതൽ ഹോസ്റ്റൽ ആരംഭിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

(ബി) കാസർഗോഡ് ജില്ലയിൽ നിലവിൽ പ്രവർത്തിക്കുന്ന സ്പോർട്സ് ഹോസ്റ്റലിലെ അന്തേവാസികളുടെ എണ്ണം വ്യക്തമാക്കുമോ?

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ കാസർഗോഡ് ജില്ലയിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന ജില്ലാ സ്പോർട്സ് അക്കാദമികളിലും കോളേജ് സ്പോർട്സ് അക്കാദമികളിലുമായി ആകെ 54 കുട്ടികൾ താമസിക്കുന്നുണ്ട്.

താമരക്കുളം സ്റ്റേഡിയം നിർമ്മാണം

352 (3210) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം സ്റ്റേഡിയം നിർമ്മാണത്തിന്റെ പൂർത്തീകരണത്തിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

2019-20-ലെ ബജറ്റിലുൾപ്പെടുത്തിയിരുന്ന ആലപ്പുഴ മണ്ഡലത്തിലെ താമരക്കുളം പഞ്ചായത്ത് ഗ്രൗണ്ടിന്റെ പ്രവൃത്തിക്ക് 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രവൃത്തിക്ക് കരാറുകാരനായ ബി&ഐ കൺസ്ട്രക്ഷനുമായി കരാറിലേർപ്പെടുകയുണ്ടായി. 90m X 55m വിസ്തീർണ്ണമുള്ള നാച്വറൽ ടർഫ്, സ്റ്റെപ്പ് ഗ്യാലറി, ഓഫീസ്, ജിം, ഗ്രൗണ്ട് ഡെവലപ്മെന്റ്, ചുറ്റുമതിൽ, സംപ് ടാങ്ക്, അനുബന്ധ ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ പ്രവൃത്തികളാണ് നടപ്പാക്കുന്നത്. 53% പ്രവൃത്തി പൂർത്തീകരിച്ചു. ജിം കെട്ടിടത്തിന്റെ പ്ലാസ്റ്ററിങ്, സ്റ്റെപ്പ് ഗ്യാലറി പ്ലാസ്റ്ററിങ്, ഗ്രൗണ്ട് ലെവലിങ് പ്രവൃത്തി, എർത്ത് ഫില്ലിങ് എന്നിവ പൂർത്തീകരിച്ചു. ഡ്രെയിനേജ് നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം-90% പൂർത്തീകരിച്ചു. ഓഫീസ് കെട്ടിടത്തിന്റെ പ്ലംബിങ് വർക്കും

ഡോറിന്റെ തടിപ്പണികളും ഡ്രെയിനേജിന്റെ പ്രവൃത്തികളും പുരോഗമിക്കുന്നു. മഡ് ഫുട്ബോൾ ഗ്രൗണ്ട്, ബാക്കിയുള്ള എർത്ത് ഫില്ലിങ്, കെർബ്, ഇലക്ട്രിഫിക്കേഷൻ വർക്ക് എന്നിവ പൂർത്തീകരിക്കാനുണ്ട്. പൂർത്തീകരിച്ച പ്രവൃത്തികളുടെ CC 1st & പാർട്ട് ബില്ല് 25-10-2022-നും CC 2nd & പാർട്ട് ബില്ല് 15-11-2023-നും സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ അംഗീകരിച്ച് കായിക വകുപ്പ് മുഖേന എൽ.എസ്.ജി.ഡി.-യിൽ സമർപ്പിച്ചിരുന്നെങ്കിലും എൽ.എസ്.ജി.ഡി.-യിൽനിന്നും ബിൽത്തുക ലഭിക്കാനുള്ള കാലതാമസം കാരണം 13-02-2024 മുതൽ കരാറുകാരൻ പ്രവൃത്തി നിർത്തിവച്ചിരുന്നു. 04-05-2024-ൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുമായി നടന്ന മീറ്റിങ്ങിൽ നിലവിലുള്ള എഗ്രിമെന്റ് ഷെഡ്യൂളിൽ പരാമർശിച്ചിരിക്കുന്ന നാച്വറൽ ടർഫ് മാറ്റി മഡ് കോർട്ടാക്കാൻ യോഗത്തിൽ തീരുമാനമെടുത്തു. മഴ കാരണം പ്രവൃത്തി തടസ്സപ്പെട്ടിരുന്നു. എത്രയുംവേഗം പ്രവൃത്തി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തിരുവല്ല പബ്ലിക് സ്റ്റേഡിയം

353 (3211) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നഗരസഭയുടെ കീഴിലുള്ള പബ്ലിക് സ്റ്റേഡിയത്തിന്റെ പുനരുദ്ധാരണത്തിനായി എന്തെങ്കിലും പദ്ധതി തിരുവല്ല നഗരസഭ സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതി അനുവദിക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

വ്യക്തമാക്കാമോ?

(എ&ബി) തിരുവല്ല നഗരസഭയുടെ കീഴിലുള്ള പബ്ലിക് സ്റ്റേഡിയത്തിന്റെ പുനരുദ്ധാരണത്തിനായി പദ്ധതി പ്രൊപ്പോസലുകളൊന്നും ലഭ്യമായിട്ടില്ല.

നെടുങ്കണ്ടം പച്ചടിയിലെ ജില്ലാ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതി

354 (3212) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ നെടുങ്കണ്ടം പച്ചടിയിൽ നിർമ്മാണം പൂർത്തിയായിവരുന്ന ജില്ലാ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതിയുടെ വിശദാംശം നൽകാമോ?

കിഫ്ബി പദ്ധതിയിലുൾപ്പെട്ട ഇടുക്കി ജില്ലാ സ്റ്റേഡിയമായ കെ. പി. തോമസ് ജില്ലാ സ്റ്റേഡിയത്തിന്റെ പ്രവൃത്തിക്കായി 40 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 33.78 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്ന് ലഭിക്കുകയും ചെയ്തു. ഇതേത്തുടർന്ന് 16-02-2020-ൽ 32.53 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ ക്ഷണിക്കുകയും M/s. വെസ്റ്റ് കൺസ്ട്രക്ട് എന്ന സ്ഥാപനവുമായി 30.76 കോടി രൂപയ്ക്ക് കരാറിലേർപ്പെടുകയും ചെയ്തു. പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണപ്രവൃത്തികൾ 15-02-2021-ൽ ആരംഭിച്ചു. നിലവിൽ 86% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഏതൊക്കെ കായിക ഇനങ്ങൾ നടത്താനുള്ള സൗകര്യമാണ് ഈ സ്റ്റേഡിയത്തിൽ ഏർപ്പെടുത്തുന്നത്; വിശദാംശം നൽകുമോ?

പ്രസ്തുത സ്റ്റേഡിയത്തിൽ ബാസ്ക്കറ്റ് ബോൾ, ബാഡ്മിന്റൺ, ഹാന്റ്ബോൾ, വോളിബോൾ എന്നിവയ്ക്കുള്ള സൗകര്യമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ടി സ്റ്റേഡിയത്തിൽ 4 ബാസ്ക്കറ്റ് ബോൾ കോർട്ടുകൾ (28mx15m), 12 ബാഡ്മിന്റൺ കോർട്ടുകൾ (13.4mx6.1m), 3 ഹാൻഡ് ബോൾ കോർട്ടുകൾ (40mx20m), 4 വോളിബോൾ കോർട്ടുകൾ (18mx9m) എന്നിവയാണുള്ളത്.

(സി) പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണ കാലാവധി എന്നുവരെ ആയിരുന്നുവെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ കാലാവധി 14-08-2022 വരെയായിരുന്നു. ടി പ്രവൃത്തിക്കായി എസ്.പി.വി.-യായ M/s. കിറ്റ്കോയ്ക്ക് 11-10-2025 വരെ നിർമ്മാണ കാലാവധി നീട്ടി നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണം 2026 ജനുവരിയിൽ പൂർത്തീകരിക്കുന്നതാണെന്ന് എസ്.പി.വി.-യായ M/s. കിറ്റ്കോ അറിയിച്ചിട്ടുണ്ട്.

കളിസ്ഥലങ്ങളുടെ നിർമ്മാണ പുരോഗതി

355 (3213) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ (2016-21) കാലയളവിലും ഈ സർക്കാരിന്റെ കാലയളവിലും

കായിക വകുപ്പിന്റെ മേൽനോട്ടത്തിൽ എത്ര സ്റ്റേഡിയങ്ങളും കളിസ്ഥലങ്ങളും നിർമ്മിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; ഫണ്ടനുവദിച്ച് ഭരണാനുമതി നൽകിയവ എത്രയെന്ന് വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ കാലയളവിലും ഈ സർക്കാരിന്റെ കാലയളവിലും കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 1127.19 കോടി രൂപയുടെ 59 പദ്ധതികൾ കായിക വകുപ്പിനുകീഴിൽ അനുവദിച്ചിട്ടുണ്ട്. 14 ജില്ലാ സ്റ്റേഡിയങ്ങളും മറ്റ് പ്രാദേശിക/ജില്ലാ സ്റ്റേഡിയങ്ങളുമാണ് ഈ പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ 19 പദ്ധതികൾ ഇതിനകം പൂർത്തീകരിക്കുകയും 8 പദ്ധതികൾ പുരോഗമിച്ചുവരികയുമാണ്. 720.86 കോടി രൂപ അടങ്കൽവരുന്ന 31 കിഫ്ബി പദ്ധതികളുടെ എസ്.പി.വി.-യായി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയമിച്ചിട്ടുണ്ട്. അതിൽ 22 പ്രവൃത്തികളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും ഇതിൽ 11 പദ്ധതികൾക്ക് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭ്യമാകുകയും നിലവിൽ 9 പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിക്കുകയും ഇതിൽ 8 പദ്ധതികളുടെ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) തിരുവനന്തപുരം ജില്ലയിലെ കളിസ്ഥലങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

സംസ്ഥാനത്തെ കളിസ്ഥലങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ നടപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

356 (3214) ശ്രീ. തോമസ് കെ. തോമസ്:

ശ്രീ. കോവൂർ കുഞ്ഞുമോൻ:

ശ്രീ. മാത്യൂ ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കായിക വിനോദത്തിനുള്ള കളിസ്ഥലങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ സ്കൂൾ, കോളേജ്, സ്പോർട്സ് കൗൺസിൽ, മറ്റ് ഏജൻസികൾ എന്നിവരുടെ കൈവശമുള്ള എല്ലാ കളിസ്ഥലങ്ങളും പൊതുജനങ്ങൾക്കുകൂടി ഉപയോഗിക്കാൻ തുറന്നുകൊടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

സ്കൂൾ, കോളേജ്, സ്പോർട്സ് കൗൺസിൽ, മറ്റ് ഏജൻസികൾ എന്നിവരുടെ കൈവശമുള്ള എല്ലാ കളിസ്ഥലങ്ങളും പൊതുജനങ്ങൾക്കുകൂടി ഉപയോഗിക്കാനാകുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

(ബി) പുതുതലമുറയെ ഈ രംഗത്തേയ്ക്ക് ആകർഷിക്കാൻ കായിക വകുപ്പ് നടപ്പാക്കിവരുന്ന പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കായിക മേഖലയുടെ അടിസ്ഥാന സൗകര്യവികസനവുമായി ബന്ധപ്പെട്ട് ഗ്രാമീണ കളിസ്ഥലങ്ങൾ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായുള്ള ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി വഴി എല്ലാവർക്കും പ്രായഭേദമന്യേ ഒത്തുകൂടാനും ശാരീരികവും മാനസികവുമായ ഉണർവുണ്ടാക്കാനും സാധിക്കുന്നതാണ്. 'എല്ലാവർക്കും ആരോഗ്യം' എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി സംസ്ഥാനത്ത് തുടക്കം കുറിച്ച സ്പോർട്സ് ലൈഫ്

ഫിറ്റ്നസ് സെന്ററുകൾ, ഓപ്പൺ ജിമ്മുകൾ, രാജ്യത്തുടനീളമുള്ള കായികവിനോദങ്ങളെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന ഖേലോ ഇന്ത്യ പദ്ധതിയും ഇവയിലുൾപ്പെടുന്നു. യുവജനങ്ങളെ കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുന്നതിനുവേണ്ടി 1400 ക്ലബ്ബുകൾക്ക് 10000/- രൂപ വീതം കായിക ഉപകരണങ്ങൾ വാങ്ങാൻ ധനസഹായം നൽകുന്നതിനായി 2202-00-104-82 Sports Development Fund എന്ന ശീർഷകത്തിൽ 1,40,00,000/- രൂപയുടെ ഭരണാനുമതി 03-10-2025-ലെ സ.ഉ. (സാധാ)നം.245/2025/കാ.യു.വ. പ്രകാരം നൽകിയിട്ടുണ്ട്. കൂടാതെ കേരളത്തിലെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലേക്കുള്ള സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നതിനായി 2202-00-104-82 Sports Development Fund എന്ന ശീർഷകത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

പുതുതലമുറയെ കായികരംഗത്തേക്ക് ആകർഷിക്കാനായി കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ നടത്തുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പുതുതലമുറയെ കായികരംഗത്തേക്ക് ആകർഷിക്കാനായി കേരള സംസ്ഥാന സ്പോർട്സ് കൗൺസിലും കായിക വകുപ്പും ചേർന്ന് എല്ലാ വിഭാഗം ജനങ്ങളുടെയും കായികക്ഷമത ലക്ഷ്യമിട്ടുകൊണ്ട് 'കായിക ക്ഷമതാ മിഷൻ പദ്ധതി' നടപ്പാക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്.

2. ഫുട്ബോൾ കായിക ഇനത്തിന്റെ ഉന്നമനത്തിനായി തുടങ്ങാനുദ്ദേശിക്കുന്ന പദ്ധതിയാണ് ഗോൾ പദ്ധതി.

3. യുവ വനിതാ ഫുട്ബോൾ താരങ്ങളെ ഈ രംഗത്തേക്ക് ആകർഷിക്കുന്നതിനുവേണ്ടി ആരംഭിച്ച പദ്ധതിയാണ് അണ്ടർ 14 വനിതാ ഫുട്ബോൾ അക്കാദമി.

4. വിവിധ കായികയിനങ്ങളുടെ വളർച്ചയ്ക്കായി Hoops, Sprint, Judoka, Punch, Splash എന്നീ പദ്ധതികൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖേന നടപ്പാക്കാനുദ്ദേശിക്കുന്നു.

5. കോളേജ് ഗെയിംസ്-കോളേജുതല കായികതാരങ്ങളെ ഈ രംഗത്തേക്ക് ആകർഷിക്കാനായി തുടക്കമിട്ട പദ്ധതിയാണ് കോളേജ് ഗെയിംസ്. കൂടാതെ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള ജില്ലാ സ്പോർട്സ് അക്കാദമികൾ, സ്കൂൾ/കോളേജുതലത്തിലുള്ള അക്കാദമികൾ എന്നിവിടങ്ങളിലേക്ക് കായിക താരങ്ങളെ തിരഞ്ഞെടുത്ത് മികച്ച കായിക താരങ്ങളെ സൃഷ്ടിക്കുന്നതിനുതകുന്ന തരത്തിലുള്ള പരിശീലനം നൽകിവരുന്നു. ഗ്രാസ്റൂട്ട് ലെവലിൽ കായിക താരങ്ങളെ വളർത്തിയെടുക്കാനായി സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖേന ഡേ ബോഡിങ് സ്കീം വിവിധ കായിക ഇനങ്ങളിൽ നടപ്പാക്കിവരുന്നു. ദേശീയ-അന്തർദേശീയ മത്സരങ്ങളിൽ മികച്ച നേട്ടങ്ങൾ കൈവരിക്കുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിവരുന്നു.

നെന്മാറ നിയോജകമണ്ഡലത്തിലെ കളിസ്ഥലങ്ങളുടെ നിർമ്മാണം

357 (3215) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ സംസ്ഥാന ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ നെന്മാറ മണ്ഡലത്തിലെ കളിസ്ഥലങ്ങളുടെ നിർമ്മാണപ്രവൃത്തികൾ ഏതുഘട്ടം വരെയായെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കളിസ്ഥലങ്ങളുടെ നിർമ്മാണപ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

(എ&ബി) 2024-25 വർഷത്തെ സംസ്ഥാന ബജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള നെന്മാറ നിയോജകമണ്ഡലത്തിലെ കൊടുവായൂർ ജി.എച്ച്.എസ്.എസ്. കളിസ്ഥലം വികസനപ്രവൃത്തി, അയിലൂർ ഗ്രാമപഞ്ചായത്ത് കളിസ്ഥലം വികസനപ്രവൃത്തി എന്നിവയുടെ ഭരണാനുമതി എസ്റ്റിമേറ്റ് 16-09-2025-ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ കായിക യുവജനകാര്യാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി നൽകാനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുന്നതാണ്.

പുതുക്കോട് ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് നവീകരണം

358 (3216) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ മണ്ഡലത്തിലെ പുതുക്കോട് ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് നവീകരണ പ്രവൃത്തി നിലവിൽ ഏതുഘട്ടത്തിലാണ്; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും; വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിലെ തൃശ്ശൂർ നിയോജകമണ്ഡലത്തിലെ പുതുക്കോട് ഗ്രാമപഞ്ചായത്ത്

കളിസ്ഥലം വികസന പ്രവൃത്തിക്കായി 15-01-2025-ലെ സർക്കാർ ഉത്തരവ് പ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 87.87 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിക്ക് ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. ശ്രീ. നിസാർ എ., കാസർഗോഡ് എന്ന കരാറുകാരനാണ് 73.38 ലക്ഷം രൂപയ്ക്ക് 08-08-2025-ൽ ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടി പദ്ധതിയിൽ മഡ് ഫുട്ബോൾ കോർട്ട്, കോമ്പൗണ്ട് വാൾ, ഫെൻസിങ്, ഡ്രെയിനേജ്, ഫ്ലഡ് ലൈറ്റ്, നിലവിലുള്ള ഇൻഡോർ ഹാളിന്റെ അറ്റകുറ്റപ്പണികൾ, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. 6 മാസമാണ് ടി പ്രവൃത്തിയുടെ നിർമ്മാണ കാലാവധി. 2026 മാർച്ച് മാസം അവസാനത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

പുതുക്കാട് മണ്ഡലത്തിലെ കളിസ്ഥലങ്ങൾ

359 (3217) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ നന്തിക്കര ജി.വി.എച്ച്.എസ്.-ൽ 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിയുടെ ഭാഗമായി അനുവദിച്ച കളിസ്ഥലത്തിന്റെ വികസന പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിയിലുൾപ്പെട്ട പുതുക്കാട്

നിയോജകമണ്ഡലത്തിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ നന്തിക്കര ജി.വി.എച്ച്.എസ്. സ്കൂളിലെ കളിസ്ഥല വികസന പ്രവൃത്തിക്കായി എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി 50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. ടി തുകയും കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷം രൂപയുമുൾപ്പെടുത്തി പ്രസ്തുത പ്രവൃത്തിക്ക് കായിക യുവജനകാര്യ ഡയറക്ടർ 100 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതിയും നൽകിയിരുന്നു. തുടർന്ന് 93.89 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു.

M/s Neeshan & LJ Private Limited, കണ്ണൂർ എന്ന സ്ഥാപനമാണ് 79.58 ലക്ഷം രൂപയ്ക്ക് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടി പദ്ധതിയിൽ ഗ്രൗണ്ട് ഡെവലപ്മെന്റ്, മഡ് ഫുട്ബോൾ കോർട്ട്, മഡ് വോളിബോൾ കോർട്ട്, മഡ് ഖോ-ഖോ കോർട്ട്, മഡ് ബാഡ്മിന്റൺ കോർട്ട്, ലോങ് ജംപ് പിറ്റ്, ടോയ്ലറ്റ്-കം-ഓഫീസ് റൂം, സ്റ്റെപ്പ് ഗ്യാലറി, ഡ്രെയിൻ, ഫെൻസിങ്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ ഗ്രൗണ്ടിൽ നിലനിന്നിരുന്ന പഴയ കെട്ടിടം പൊളിച്ച് നീക്കം ചെയ്തതിനുശേഷം സർവെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ഗ്യാലറി, ഡ്രെയിൻ എന്നിവയുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാന ബജറ്റിലുൾപ്പെടുത്തിയ പുതുക്കാട് മണ്ഡലത്തിലെ തൃക്കൂർ സർവോദയ ഹൈസ്കൂൾ ഗ്രൗണ്ട്, വല്ലച്ചിറ പഞ്ചായത്ത് ഗ്രൗണ്ട് എന്നിവയുടെ പുരോഗതി ഏതുഘട്ടത്തിലാണെന്നും അവയുടെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും

എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത കളിസ്ഥല വികസനത്തിന്റെ ഭാഗമായി നടപ്പാക്കാനുദ്ദേശിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

2025-26 ബജറ്റിൽ 100 ലക്ഷം രൂപ എസ്റ്റിമേറ്റ് തുകയായും 20% തുക ഈ സാമ്പത്തിക വർഷത്തെ വിഹിതമായുമം ഉൾപ്പെടുത്തിയ തൃക്കുർ സർവോദയ ഹൈസ്കൂൾ ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തിയുടെ ഭരണാനുമതി എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന തയ്യാറാക്കുകയും ആയതിന്മേൽ കായിക യുവജന കാര്യാലയത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. ടി പ്രവൃത്തിയിൽ പ്രധാനമായും ഫെൻസിങ്, ഗ്രൗണ്ട് ഡെവലപ്മെന്റ്, ഡ്രെയിനേജ്, ഗ്യാലറി, ഗേറ്റ്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

2025-26 ബജറ്റിൽ 100 ലക്ഷം രൂപ എസ്റ്റിമേറ്റ് തുകയായും 20% തുക ഈ സാമ്പത്തിക വർഷത്തെ വിഹിതമായും ഉൾപ്പെടുത്തിയ വല്ലച്ചിറ ഗ്രാമപഞ്ചായത്ത് മിനി സ്റ്റേഡിയം നിർമ്മാണപ്രവൃത്തിയുടെ ഭരണാനുമതി എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന തയ്യാറാക്കുകയും ആയതിന്മേൽ കായിക യുവജന കാര്യാലയത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. ടി പ്രവൃത്തിയിൽ പ്രധാനമായും ഫെൻസിങ്, ഗ്രൗണ്ട് ഡെവലപ്മെന്റ്, ഡ്രെയിനേജ്, ഫ്ലഡ് ലൈറ്റ് എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

കാവശ്ശേരി സ്കൂൾ ഗ്രൗണ്ട് പ്രവൃത്തിയുടെ പുരോഗതി

360 (3218) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജകമണ്ഡലത്തിലെ കാവശ്ശേരി കെ.സി.പി.എച്ച്.എസ്.എസ്. ഗ്രൗണ്ട് പ്രവൃത്തിയുടെ പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) 2024-25-ലെ ബജറ്റിലുൾപ്പെട്ട പാലക്കാട് ജില്ലയിലെ തരൂർ നിയോജകമണ്ഡലത്തിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിലെ കെ.സി.പി.എച്ച്.എസ്.എസ്. കളിസ്ഥലം വികസന പ്രവൃത്തിക്കായി 15-01-2025-ലെ സർക്കാർ ഉത്തരവുപ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 93.88 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിക്ക് ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. M/s. ജോബ് കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനമാണ് 82.41 ലക്ഷം രൂപയ്ക്ക് 13-06-2025-ന് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടി പദ്ധതിയിൽ മഡ് ഫുട്ബോൾ കോർട്ട്, മഡ് വോളിബോൾ കോർട്ട്, ആർ.സി.സി. സ്റ്റെപ്പ് ഗ്യാലറി, ഫെൻസിങ്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ പ്രസ്തുത ഗ്രൗണ്ടിലൂടെ കെ.എസ്.ഇ.ബി.-യുടെ ഇലക്ട്രിക് ലൈൻ പോകുന്നതിനാൽ ലൈൻ മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. ഇതിനുശേഷം മാത്രമെ ഗ്യാലറിയുടെ നിർമ്മാണ പ്രവൃത്തികളാരംഭിക്കാൻ സാധിക്കുകയുള്ളൂ. ആയതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. 2026 മാർച്ച് മാസം അവസാനത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം

361 (3219) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം പദ്ധതിയുടെ നിലവിലെ അവസ്ഥയെന്താണെന്ന് വിശദമാക്കാമോ?

കിഫ്ബി പദ്ധതിയിലുൾപ്പെട്ട പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിയിൽ പുരോഗതിയില്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തിയുടെ എസ്.പി.വി.-യായിരുന്ന കിറ്റ്കോയെ തൽസ്ഥാനത്തുനിന്നും നീക്കംചെയ്യുകയും 20-09-2024-ലെ ജി.ഒ.(ആർ.റ്റി.) നം.234/2024/കാ.യു.വ. പ്രകാരം എസ്.പി.വി.-യായി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയമിക്കുകയും ചെയ്തിരുന്നു. പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന തയ്യാറാക്കുകയും ആയത് കിഫ്ബിയുടെ അംഗീകാരത്തിനായി 06-06-2025-ന് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത എസ്റ്റിമേറ്റ് കിഫ്ബി പരിശോധിക്കുകയും ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് 04-09-2025-ന് സ്പോർട്സ് കേരള ഫൗണ്ടേഷന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിലെ നിർദേശപ്രകാരം പദ്ധതിയുടെ സ്ട്രക്ച്ചറൽ ഡിസൈനും ഡിസൈൻ മോഡലുകളും 25-09-2025-ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽനിന്നും അംഗീകാരം ലഭിച്ചശേഷം സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന പദ്ധതിക്ക് സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുന്നതാണ്.

(ബി) സാങ്കേതിക നടപടികൾ പൂർത്തീകരിച്ച് നിർമ്മാണപ്രവൃത്തികൾ എപ്പോൾ

തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

സാങ്കേതിക നടപടികൾ പൂർത്തീകരിച്ച് മൂന്ന് മാസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പാപ്പിനിശ്ശേരിയിൽ നിർമ്മിക്കുന്ന ഇൻഡോർ സ്റ്റേഡിയം

362 (3220) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പിന്റെ കീഴിൽ അഴീക്കോട് മണ്ഡലത്തിലെ പാപ്പിനിശ്ശേരിയിൽ നിർമ്മിക്കുന്ന ഇൻഡോർ സ്റ്റേഡിയം പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

കണ്ണൂർ ജില്ലയിലെ തുരുത്തി ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 4.89 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 4.68 കോടി രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിക്ക് 24-03-2023-ൽ ടെൻഡർ ക്ഷണിക്കുകയും ചെയ്തു. എന്നാൽ ആദ്യ ടെൻഡറിൽ കരാറുകാരെ ലഭിക്കാത്തതിനാൽ പ്രവൃത്തിക്ക് 12-04-2023-ൽ റീ-ടെൻഡർ ക്ഷണിക്കുകയും, M/s Ervin Builders Pvt Ltd. കണ്ണൂർ എന്ന സ്ഥാപനവുമായി 3.72 കോടി രൂപയ്ക്ക് കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്.

(ബി) എന്തൊക്കെ പദ്ധതികളാണ് ഇൻഡോർ സ്റ്റേഡിയത്തിന്റെ ഭാഗമായി നടപ്പാക്കുന്നത്; വിശദമാക്കാമോ?

പ്രസ്തുത ഇൻഡോർ സ്റ്റേഡിയത്തിൽ പ്രധാനമായും 4 ബാഡ്മിന്റൺ കോർട്ടുകൾ, ഒരു

ബാസ്ക്കറ്റ് ബോൾ കോർട്ട്, കൂടാതെ ടോയ്ലെറ്റ് ബ്ലോക്ക്, കോമ്പൗണ്ട് വാൾ, റെയിൻ വാട്ടർ ഹാർവെസ്റ്റിങ് ടാങ്ക്, ലാന്റ്സ്കേപ്പിങ് പ്രവൃത്തികൾ, ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ 55% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുംതന്നെയില്ല.

കായിക താരങ്ങൾക്ക് സർക്കാർ സ്കൂളിൽ നിയമനം

363 (3221) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായിക താരങ്ങൾക്ക് സർക്കാർ ജോലി നൽകുന്ന പദ്ധതിപ്രകാരം കേരളത്തിലെ സർക്കാർ സ്കൂളുകളിൽ കായികാധ്യാപകരായി പ്രസ്തുത താരങ്ങളെ നിയമിക്കുന്നതിന് വകുപ്പ് മുൻകൈയെടുക്കുമോ എന്ന് വിശദമാക്കാമോ?

സ്പോർട്സ് ക്വാട്ട നിയമനത്തിനായി പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിൽ കായികാധ്യാപക തസ്തികകൂടി ഉൾപ്പെടുത്തുന്ന വിഷയം പരിശോധിച്ചുവരുന്നു.

തിരുവനന്തപുരത്ത് വഖഫ് ബോർഡിന്റെ ഡിവിഷണൽ ഓഫീസ് നിർമ്മാണം

364 (3222) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വഖഫ് ബോർഡിന്റെ ആറ് ഡിവിഷണൽ ഓഫീസുകളും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള സംസ്ഥാന വഖഫ് ബോർഡിന്റെ ആറ് ഡിവിഷണൽ ഓഫീസുകളിൽ അഞ്ച് ഓഫീസുകൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) തിരുവനന്തപുരം ജില്ലയിൽ വഞ്ചിയൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 8 സർവെ നമ്പർ 4-ൽപ്പെട്ട 34 സെന്റ് പുറമ്പോക്കുഭൂമി പ്രസ്തുത ഓഫീസ് നിർമ്മാണത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഭൂമി വഖഫ് ബോർഡിന്റെ ഡിവിഷണൽ ഓഫീസ് നിർമ്മാണത്തിന് അനുവദിക്കണമെന്നാവശ്യപ്പെട്ട് 18-04-2022-ൽ നൽകിയ കത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത ഓഫീസ് നിർമ്മാണത്തിന് അടിയന്തരമായി സ്ഥലം അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ബി-ഡി) തിരുവനന്തപുരം ജില്ലയിൽ വഞ്ചിയൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 8 സർവെ നമ്പർ 4-ൽപ്പെട്ട 34 സെന്റ് പുറമ്പോക്ക് ഭൂമി വഖഫ് ബോർഡിന് അനുവദിച്ച് നൽകുന്നതിനായി 18-04-2022-ൽ വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ നിലവിൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്.

ഹജ്ജ് കമ്മിറ്റി മുഖേനയുള്ള ഹജ്ജ് തീർഥാടനം

365 (3223) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 മുതൽ നാളിതുവരെ സംസ്ഥാനത്തുനിന്നും ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജ് നിർവഹിച്ച തീർഥാടകരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

2024 മുതൽ നാളിതുവരെ സംസ്ഥാനത്തുനിന്നും ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജ് നിർവഹിച്ച തീർഥാടകരുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ജില്ല	2024	2025
1	ആലപ്പുഴ	308	328
2	എറണാകുളം	1475	1404
3	ഇടുക്കി	152	152
4	കണ്ണൂർ	1992	1928
5	കാസർഗോഡ്	1078	1202
6	കൊല്ലം	443	463
7	കോട്ടയം	235	218
8	കോഴിക്കോട്	3302	2721
9	മലപ്പുറം	6174	5240
10	പാലക്കാട്	1085	881
11	പത്തനംതിട്ട	80	69
12	തിരുവനന്തപുരം	490	490

13	തൃശ്ശൂർ	815	713
14	വയനാട്	291	250
	ആകെ	17920	16059

(ബി) പ്രസ്തുത കാലയളവിൽ ഹജ്ജ് തീർഥാടകർക്കായി സാങ്കേതിക പഠന ക്ലാസുകൾ സംഘടിപ്പിക്കുന്നതിന് ഹജ്ജ് കമ്മിറ്റി ഓഫ് ഇന്ത്യയിൽനിന്നും സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് ലഭ്യമായിട്ടുള്ള തുകയും ചെലവഴിച്ച തുകയും എത്രയാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

2024-ലെ ഹജ്ജ് തീർഥാടനത്തിന്റെ ഭാഗമായുള്ള ഓറിയന്റേഷൻ ക്ലാസുകൾ സംഘടിപ്പിക്കുന്നതിന് കേന്ദ്ര ഹജ്ജ് കമ്മിറ്റി 26.90 ലക്ഷം രൂപ ഓറിയന്റേഷൻ ചാർജിനത്തിൽ സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അനുവദിച്ചിട്ടുണ്ടായിരുന്നു. തുക ലഭ്യമായിട്ടുണ്ട്.

ചെലവഴിച്ച തുക

ക്രമ നമ്പർ	**ജില്ല**	**ചെലവായ തുക**		**ആകെ**
		2024	**2025**	
1	മലപ്പുറം	3,33,527	3,99,527	7,33,054
2	കോഴിക്കോട്	44,600	95,750	1,40,350
3	എറണാകുളം	14,425	44,507	58,932
4	ആലപ്പുഴ	-	15600	15600
	ആകെ	3,92,552	5,55,384	9,47,936

നിലമ്പൂർ-നഞ്ചങ്കോട് റെയിൽവേ ലൈൻ

366 (3224) ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിനും കർണ്ണാടകത്തിനും ഇടയിൽ ഹ്രസ്വദൂര കണക്ടിവിറ്റി നൽകുന്ന നിർദിഷ്ട നിലമ്പൂർ-നഞ്ചങ്കോട് റെയിൽവേ ലൈൻ പ്രാവർത്തികമാക്കാനുള്ള പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) വയനാട് ജില്ലകൂടി റെയിൽവേ ഭൂപടത്തിൽ ഇടം പിടിക്കാനുതകുന്ന തരത്തിലുള്ള പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) നിലമ്പൂർ-നഞ്ചൻകോട് റെയിൽവേ പദ്ധതി, 2016-17-ലെ ഇന്ത്യൻ റെയിൽവേയുടെ പിങ്ക് ബുക്കിലുൾപ്പെട്ടിട്ടുള്ള പദ്ധതിയാണ്.

നിലമ്പൂർ-നഞ്ചൻകോട് റെയിൽ പദ്ധതിയുടെ അന്തിമ ലൊക്കേഷൻ സർവെയ്ക്ക് റെയിൽവെ മന്ത്രാലയം അനുമതി നൽകി ദക്ഷിണ റെയിൽവെ സർവെ ഏറ്റെടുത്തിട്ടുള്ളതുമാണ്. 03-06-2025-ന് ബഹുമാന്യരായ മുഖ്യമന്ത്രി, റെയിൽവേ ചുമതലയുള്ള മന്ത്രി എന്നിവർ കേന്ദ്ര റെയിൽവേ മന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ ഈ പദ്ധതിയുൾപ്പെടെയുള്ള റെയിൽവേ അടിസ്ഥാന സൗകര്യ വികസന പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുകയും കർണ്ണാടക സർക്കാരിൽ സമ്മർദം ചെലുത്തി ഈ പദ്ധതിക്കാവശ്യമായ

അനുമതികൾ ലഭ്യമാക്കാനും സർവെ വേഗത്തിലാക്കാനും അഭ്യർഥിക്കുകയുണ്ടായി.

കോട്ടയം–എറണാകുളം പുതിയ റെയിൽപ്പാത

367 (3225) ശ്രീ. മോൻസ് ജോസഫ്:

ശ്രീ. പി. ജെ. ജോസഫ്:

ശ്രീ. മാണി സി. കാപ്പൻ:

ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം-എറണാകുളം പുതിയ റെയിൽപ്പാതയ്ക്ക് കേന്ദ്ര റെയിൽവെ മന്ത്രാലയം അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച പ്രാഥമിക പഠനം നടത്തുന്നതിന് ഏത് ഏജൻസിക്കാണ് നിർദേശം നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) നിർദിഷ്ട പാതയുടെ നീളം എത്ര കിലോമീറ്ററാണെന്നും ഏതൊക്കെ സ്ഥലങ്ങളിലൂടെ പ്രസ്തുത പാത കടന്നുപോകുമെന്നും വ്യക്തമാക്കാമോ;

(സി) പുതിയ പാത നിർമ്മാണത്തിലൂടെ കോട്ടയം-തൃശ്ശൂർ യാത്രാസമയം എത്രയായി ചുരുങ്ങുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ-സി) മംഗലാപുരം മുതൽ എറണാകുളംവരെ മൂന്നാമത് പാതകൾക്കും എറണാകുളം മുതൽ തിരുവനന്തപുരംവരെ മൂന്നാം പാതയ്ക്കും സർവെയ്ക്കായി കേന്ദ്ര റെയിൽ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. സർവെ നടത്തുന്നത് CAO, എറണാകുളം ആണ്.

(നക്ഷത്രചിഹ്നമിടാത്ത 3049, 3226 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമല്ല.)

അനുബന്ധം II

(1) അളഗപ്പ ടെക്സ്റ്റൈൽസ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ശ്രീ. കെ. കെ. രാമചന്ദ്രൻ, എം.എൽ.എ.-യുടെ സബ്മിഷന് ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) മേശപ്പുറത്തുവച്ച മറുപടി

നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ളതും കോവിഡിനെത്തുടർന്ന് 2020 മാർച്ചിൽ പ്രവർത്തനം നിർത്തിവച്ചതുമായ അളഗപ്പ ടെക്സ്റ്റൈൽസ് സാമ്പത്തിക നഷ്ടത്തിലായതിനാലാണ് പ്രവർത്തിപ്പിക്കാൻ കഴിയാത്തത്. നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള അളഗപ്പ ടെക്സ്റ്റൈൽസ് പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതായതിനാൽ സംസ്ഥാനതലത്തിൽ നടപടി സ്വീകരിക്കുക സാധ്യമല്ല. എൻ.ടി.സി. മില്ലുകൾ തുറന്ന് പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിക്കുകയും കേന്ദ്ര സർക്കാരിന് കത്ത് നൽകുകയും ചെയ്തിരുന്നു. എൻ.ടി.സി. മില്ലുകളുടെ മോശം സാമ്പത്തികശേഷിയുടെ വെളിച്ചത്തിൽ നീതി ആയോഗുമായും ധനമന്ത്രാലയത്തിന്റെ പൊതുമേഖലയെ സംബന്ധിച്ച വകുപ്പുമായും ആലോചിച്ച് ടെക്സ്റ്റൈൽ മന്ത്രാലയം ഒരു കർമ്മ പദ്ധതി തയ്യാറാക്കി വരുന്നുവെന്ന് കേന്ദ്ര ടെക്സ്റ്റൈൽ വകുപ്പുമന്ത്രി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. എൻ.ടി.സി.-യുടെ പ്രവർത്തനം നിർത്തിവച്ച കാലയളവിൽ ടി സ്ഥാപനത്തിലെ ജീവനക്കാർക്ക് 2024 സെപ്റ്റംബർ വരെ പകുതി ശമ്പളം നൽകിയിരുന്നു. കൂടാതെ 18-05-2020 മുതൽ 30-06-2023 വരെയുള്ള കാലയളവിലെ വേതനത്തിന്റെ ബാക്കി 50% തുക എൻ.ടി.സി.-യിലെ

ജീവനക്കാർക്ക് വിതരണം ചെയ്യുകയും വിരമിച്ച ജീവനക്കാർക്ക് 2024 ജൂലൈ വരെ ഗ്രാറ്റുവിറ്റി നൽകുകയും ചെയ്തിട്ടുണ്ടെന്നും കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സംബന്ധിച്ച് സർക്കാർ കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയവുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. 12 ഏക്കർ സ്ഥലത്ത് മിൽ പ്ലാന്റും ബാക്കി സ്ഥലത്ത് സ്റ്റാഫ് ക്വാർട്ടേഴ്സും ഉൾപ്പെടെ 48 ഏക്കർ സ്ഥലമാണ് മില്ലിന് ആകെയുള്ളത്. സ്ഥലത്തിന്റെ പൂർണ്ണമായ ഉടമസ്ഥത കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷനാണ്.

(2) 'പുത്തൻചിറയിലെ മണ്ണിടിച്ചിലിൽ മാറ്റി പാർപ്പിക്കപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസം' സംബന്ധിച്ച് ശ്രീ. വി. ആർ. സുനിൽ കുമാർ, എം.എൽ.എ.-യുടെ സബ്മിഷന് ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) മേശപ്പുറത്തുവച്ച മറുപടി

2018, 2019 വർഷങ്ങളിലുണ്ടായ പ്രളയം/മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ എന്നിവയെത്തുടർന്ന് മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ മേഖലയിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതിന് ജില്ലാടിസ്ഥാനത്തിൽ ജിയോളജിസ്റ്റ്, മണ്ണ് സംരക്ഷണ ഓഫീസർ, ഭൂജല വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരടങ്ങിയ 49 ടീമുകളെ KSDMA 19-08-2019-ലെ G.O. (Rt) No. 520/2019/DMD ഉത്തരവുപ്രകാരം നിയോഗിച്ചിരുന്നു. ടീമുകൾക്കും DDMA-കൾക്കുമുള്ള വിശദമായ മാർഗനിർദേശങ്ങളും ടി ഉത്തരവിൽ ഉൾക്കൊള്ളിച്ചിരുന്നു. 2025-ലെ ഓറഞ്ച് ബുക്കിലും ഇത്തരത്തിൽ ശിപാർശ ലഭ്യമാക്കുന്നതിനുള്ള നിർദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഉരുൾപൊട്ടൽ ഭീഷണി, പാറമടകൾമൂലമുണ്ടാകുന്ന അപകട ഭീഷണി, അപകടാവസ്ഥയിലുള്ള വീടുകൾ തുടങ്ങിയവ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ ദുരന്തനിവാരണ

അതോറിറ്റികളിൽനിന്നും സർക്കാരിൽനിന്നും ശിപാർശകൾ ലഭിക്കുമ്പോൾ ജിയോളജിസ്റ്റ്, മണ്ണ് സംരക്ഷണ ഓഫീസർ, ഹസാഡ് അനലിസ്റ്റ് എന്നിവരടങ്ങിയ ടീമുകളെ നിയോഗിക്കുകയും KSDMA തയ്യാറാക്കിയ ദുരന്ത അവലോകന ചെക്ക് ലിസ്റ്റ് പ്രകാരം പരിശോധന നടത്തി ചെക്ക് ലിസ്റ്റിലെ ആകെ സ്കോർ 35-ൽ താഴെയാണെങ്കിൽ വിഷയം ഉരുൾപൊട്ടൽ ഉപദേശക സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ആവശ്യമാണെങ്കിൽ കൂടുതൽ വിദഗ്ധ പരിശോധന നടത്തി മാറ്റിപ്പാർപ്പിക്കേണ്ടതുണ്ടെങ്കിൽ അപ്രകാരം സർക്കാരിലേക്ക് ശിപാർശ നൽകുകയും ചെയ്തുവരുന്നുണ്ട്. ഇത്തരത്തിൽ മാറ്റിപ്പാർപ്പിക്കുന്നതിന് ശിപാർശ ചെയ്യപ്പെടുന്ന കുടുംബങ്ങൾക്ക് സംസ്ഥാനത്ത് എവിടെയും വാസയോഗ്യമായ സ്ഥലം സ്വന്തമായി ഇല്ലെങ്കിൽ വീടോടുകൂടിയ സ്ഥലം വാങ്ങുന്നതിനോ സ്ഥലം വാങ്ങി വീടുവയ്ക്കുന്നതിനോ SDRF, CMDRF വിഹിതം ചേർത്ത് പരമാവധി 10 ലക്ഷം രൂപ അനുവദിച്ചുവരുന്നു.

കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ മുകുന്ദപുരം താലൂക്കിലെ പുത്തൻചിറ വില്ലേജിൽ ഉൾപ്പെട്ടതും മണ്ണിടിച്ചിൽ ഭീഷണി നേരിടുന്ന പ്രദേശത്തെ കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനായി 06-06-2022, 24-01-2023, 21-08-2024 എന്നീ തീയതികളിലെ ജില്ലാ ദുരന്തനിവാരണ അതോറിറ്റി അംഗീകരിച്ച ലിസ്റ്റിലുൾപ്പെട്ടതുമായ 26 കുടുംബങ്ങളിൽ 6 കുടുംബങ്ങൾ വാസയോഗ്യമായ ഭൂമി വാങ്ങിയിട്ടുള്ളതും ആധാര ലക്ഷ്യങ്ങൾ സഹിതം ധനസഹായം അനുവദിക്കുന്നതിന് സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2 കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വീതം വീടും സ്ഥലവും വാങ്ങുന്നതിന്

ധനസഹായം അനുവദിച്ചിട്ടുള്ളതും തുക നിയമാനുസൃതം വിതരണം ചെയ്തിട്ടുള്ളതുമാണ്. ശേഷിക്കുന്ന 4 അപേക്ഷകളിൽ 27-09-2025-ലെ സ.ഉ.(സാധാ) 610/2025/DMD, സ.ഉ.(സാധാ) 611/2025/DMD ഉത്തരവുകൾ പ്രകാരം വസ്തു വാങ്ങി വീട് നിർമ്മിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഓരോന്നിന് 10 ലക്ഷം രൂപ വീതം അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതും തുക മാറി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതുമാണ്. അവശേഷിക്കുന്ന 20 കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിന് പ്രസ്തുത ഗുണഭോക്താക്കൾ നാളിതുവരെ സ്ഥലം കണ്ടെത്തി രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതാണ്. രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് അവരുടെ കാര്യത്തിലും നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിച്ചുകൊണ്ട് ധനസഹായം അനുവദിക്കുന്നതായിരിക്കും.

(3) കിനാലൂരിലെ കൈവശഭൂമിക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച് ശ്രീ. കെ. എം. സച്ചിൻദേവ്, എം.എൽ.എ.-യുടെ സബ്മിഷന് ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) മേശപ്പുറത്തുവച്ച മറുപടി

കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്ക്, കിനാലൂർ വില്ലേജ് പനങ്ങാട് ഗ്രാമപഞ്ചായത്തിലൂടെ ഒഴുകുന്ന ഒരു പ്രധാന ജലസ്രോതസ്സാണ് മഞ്ഞപ്പുഴ. പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ വിവിധ ഗ്രാമസഭകളിൽ മഞ്ഞപ്പുഴയുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും കൈയേറ്റങ്ങൾ കണ്ടെത്തി പുഴയുടെ സുഗമമായ ഒഴുക്ക് തിരിച്ചെത്തിച്ച് വെള്ളപ്പൊക്ക നിവാരണവും ജലസംരക്ഷണവും ഉറപ്പുവരുത്തണമെന്ന ആവശ്യം പരിഗണിച്ച് ഭരണസമിതിയുടെ നിർദേശപ്രകാരം 2018-19 വർഷം റവന്യൂ വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയതുപ്രകാരം "പുഴപുറമ്പോക്കുകൾ അളന്ന് തിട്ടപ്പെടുത്തൽ" എന്ന പേരിൽ

4,66,920/- രൂപ വകയിരുത്തി S0015/19 നമ്പർ പ്രകാരം ഒരു പ്രോജക്ട് വയ്ക്കുകയുണ്ടായി. എന്നാൽ റവന്യൂ രേഖകൾ ഉപയോഗിച്ച് പുഴ പുറമ്പോക്ക് സർവെ നടത്തിയപ്പോൾ കുറുമ്പൊയിൽ ഭാഗത്ത് നിലവിലെ രണ്ടാം വാർഡിൽപ്പെട്ട 16 ഭൂവുടമകളുടെ കൈവശ ഭൂമിയിലൂടെയാണ് പുഴ മുമ്പ് ഒഴുകിയിരുന്നതെന്നും ആയതിനാൽ ഈ ഭൂമി പുറമ്പോക്കാണെന്ന് സർവെ ടീം നിഗമനത്തിൽ എത്തുകയുമുണ്ടായി. നിലവിൽ പുഴ മറ്റൊരു പ്രദേശത്തുകൂടി ഒഴുകിപോകുന്നുണ്ട്. വർഷങ്ങൾക്കുമുമ്പ് പുഴ ഗതിമാറി ഒഴുകിപ്പോയതായിരിക്കാം ഇതിന് കാരണം. നിലവിൽ പുഴ ഒഴുകുന്നത് റവന്യൂ ഭൂമിയിലൂടെയാണ്. വില്ലേജ് സർവെ റെക്കോർഡുകൾ പ്രകാരം പുഴയായുള്ള ഭാഗങ്ങളിൽ നിലവിൽ വീടുകളും സ്വകാര്യ ഭൂമിയും ഉള്ളതും മുമ്പ് സ്വകാര്യ ഭൂമിയായിരുന്ന സ്ഥലങ്ങളിൽ ഇപ്പോൾ പുഴ ഒഴുകുന്നതുമാണ്. മഞ്ഞപ്പുഴ ഗതി മാറി ഒഴുകിയതിന്റെ ഓർമ്മകൾ നിലവിൽ ജീവിച്ചിരിക്കുന്നവരിൽപോലും ഇല്ല എന്നതിനാൽ അവരുടെ തലമുറകൾക്കും എത്രയോ മുമ്പാണ് പുഴയുടെ ഗതിമാറ്റം നടന്നിട്ടുണ്ടാവുക എന്ന് അനുമാനിക്കാവുന്നതാണ്. ആയതിനാൽ ഇപ്പോൾ പ്രസ്തുത ഭൂമി കൈവശം വച്ചിരിക്കുന്നവരുടെ പിഴവുകൾ അല്ല സ്ഥിതിഗതികൾ ഈ രീതിയിലാക്കിത്തീർത്തത് എന്നുകാണാൻ സാധിക്കുന്നതാണ്.

പുതിയ സർവെ റിപ്പോർട്ട് പ്രകാരം 2 കുടുംബങ്ങൾക്ക് വീട് നഷ്ടപ്പെടുകയും മറ്റ് 14 കുടുംബങ്ങൾക്ക് ഭാഗികമായി ഭൂമി നഷ്ടപ്പെടുകയും ചെയ്യുന്ന അവസ്ഥയാണ് നിലവിലുള്ളത്. കിനാലൂർ വില്ലേജ് ഓഫീസിൽ അവരുടെ നികുതി സ്വീകരിക്കുന്നുണ്ടെങ്കിലും പ്രസ്തുത 16 കുടുംബങ്ങൾക്ക് കൈവശ സർട്ടിഫിക്കറ്റ് ലഭിക്കുകയോ ഭൂമി ക്രയവിക്രയം ചെയ്യുന്നതിന് സാധിക്കുകയോ ചെയ്യുന്നില്ല എന്നത് വസ്തുതയാണ്. കൂടാതെ, പുഴ ഗതിമാറി എന്ന്

തിട്ടപ്പെടുത്തിയതായ പരാതിക്കടിസ്ഥാനമായ ഭാഗത്ത് ഏകദേശം 20 മുതൽ 30 വർഷം വരെ പഴക്കമുള്ള വീടുകളും 40-50 വർഷത്തോളം പഴക്കമുള്ള മരങ്ങളും കാണുന്നതും വില്ലേജ് രേഖകൾ പ്രകാരം നിലവിലെ കൈവശഭൂമി പുഴ പുറമ്പോക്ക് ആയി കാണുന്നതിനാൽ കൈവശക്കാർക്ക് ഭൂമി സംബന്ധിച്ച സാക്ഷ്യപത്രങ്ങൾ കൊടുക്കുന്നതിന് സാധിക്കാത്തതുമാണ്. ഗതി മാറി ഒഴുകിയതായി കണക്കാക്കുന്ന പുഴ ഭാഗത്ത് താമസിക്കുന്നവരുടെയും ഭൂമി കൈവശം വയ്ക്കുന്നവരുടെയും കൈവശം തിട്ടപ്പെടുത്തുന്നതിനും കാന്തലാട്, കിനാലൂർ, പനങ്ങാട് എന്നീ വില്ലേജ് പരിധിയിലെ നിലവിലെ പുറമ്പോക്ക് ഭൂമിയും കൈവശഭൂമിയും സർവെ ചെയ്യുന്നതിന് ഒരു സ്പെഷ്യൽ സർവെ ടീമിനെ നിയോഗിക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സർവെ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കിയശേഷം ജില്ലാ കളക്ടർ റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കുന്ന മുറയ്ക്ക് മഞ്ഞപ്പുഴ ഗതി മാറി ഒഴുകിയതുമൂലം നിലവിൽ പുഴ ഇല്ലാത്ത പ്രദേശത്ത് പുഴ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് നിലവിലുള്ള ഭൂസ്ഥിതിയുടെ അടിസ്ഥാനത്തിൽ നാളതീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ഇതുവഴി പ്രസ്തുത പ്രദേശത്ത് വീട് വച്ച് താമസിക്കുന്ന അർഹരായവർക്ക് പട്ടയവും കൈവശരേഖകളും ലഭ്യമാക്കുന്ന വിഷയം പരിഹരിക്കുന്നതാണ്.

(4) സ്കൂൾ ഏകീകരണവുമായി ബന്ധപ്പെട്ട് പി.ഇ.ഒ. തസ്തികയിൽ നിയമനം സംബന്ധിച്ച് ശ്രീ. കെ. ഡി. പ്രസേനൻ, എം.എൽ.എ.-യുടെ സബ്മിഷന് ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) മേശപ്പുറത്തുവച്ച മറുപടി

വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നത് സംബന്ധിച്ച് ഘടനാപരവും അക്കാദമികപരവുമായ എല്ലാവശങ്ങളും സമഗ്രമായി പരിശോധിച്ച് സ്കൂൾ

വിദ്യാഭ്യാസ രംഗത്തെ വിവിധ പ്രശ്നങ്ങൾ പഠിച്ച് സമഗ്ര ഗുണമേന്മക്കുവേണ്ടിയുള്ള നിർദേശങ്ങളും ശിപാർശകളും സമർപ്പിക്കുന്നതിനായി 2017-ൽ സർക്കാർ നിയോഗിച്ച, പ്രൊഫ. എം. എ. ഖാദർ അധ്യക്ഷനായ 3 അംഗ വിദഗ്ധ സമിതി, ഇതുസംബന്ധിച്ച റിപ്പോർട്ടിന്റെ ഒന്ന്, രണ്ട് ഭാഗങ്ങൾ യഥാക്രമം 2019 ജനുവരി, 2022 സെപ്തംബർ മാസങ്ങളിൽ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. വിദഗ്ധ സമിതി റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും റിപ്പോർട്ടിലെ ചില ശിപാർശകൾ നടപ്പാക്കുകയും മറ്റുള്ള ശിപാർശകൾ ഓരോന്നും പ്രത്യേകമായി പരിശോധിച്ച് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. സമിതിയുടെ ശിപാർശകൾ പ്രകാരമുള്ള ഏകീകൃത സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനായി രൂപീകരിച്ച കോർ കമ്മിറ്റി തയ്യാറാക്കിയ കരട് സർക്കാർ പരിശോധിച്ചുവരുന്നു. പ്രസ്തുത ഏകീകൃത സ്പെഷ്യൽ റൂൾസിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ അക്കാദമിക-ഭരണ നിർവഹണത്തിനായി നിർദേശിച്ചിട്ടുള്ള പുതിയ തസ്തികയാണ് പഞ്ചായത്ത് എഡ്യൂക്കേഷൻ ഓഫീസർ. നിലവിൽ പഞ്ചായത്ത് ഇംപ്ലിമെന്റിങ് ഓഫീസറായി പ്രൈമറി എച്ച്.എം. വർത്തിക്കുന്നതിനാൽ ഇത് സ്കൂളിന്റെ അക്കാദമിക പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. നിലവിൽ എല്ലാ പഞ്ചായത്തിലും ജോലി ചെയ്യുവരുന്ന ക്ലസ്റ്റർ കോർഡിനേറ്റർമാരുടെയും പഞ്ചായത്ത് ഇംപ്ലിമെന്റിങ് ഓഫീസറെ സഹായിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള അധ്യാപകരുടെയും ശമ്പളം സർക്കാർ വഹിച്ചുവരുന്നതിനാൽ ഇതെല്ലാം ഏകോപിപ്പിച്ചുകൊണ്ട് അധിക സാമ്പത്തിക ബാധ്യത വരാത്ത രീതിയിൽ 941 പഞ്ചായത്ത് എഡ്യൂക്കേഷൻ ഓഫീസർ (P.E.O.) തസ്തിക അനുവദിക്കാനാണ് ഖാദർ കമ്മിറ്റി റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുള്ളത്. പ്രൈമറി/ലോവർ

പ്രൈമറി സ്കൂൾ എച്ച്.എം.-മാരുടെ പ്രൊമോഷൻ തസ്തികയാണിത്. എ.ഇ.ഒ.-യുടെ ശമ്പള സ്കെയിലാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ അടിസ്ഥാനപ്പെടുത്തിയുള്ള സ്കൂൾ ഏകീകരണത്തിന്റെ ഭാഗമായി കോർ കമ്മിറ്റി തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂളിന്റെ പരിശോധന നടന്നുവരികയാണ്. എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി ടി റിപ്പോർട്ടിലെ ശിപാർശകൾ അന്തിമപ്പെടുത്തുന്ന സാഹചര്യത്തിൽ മാത്രമെ ഈ വിഷയത്തിൽ അന്തിമ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(5) കിഴക്കേകോട്ട-കിള്ളിപ്പാലം റോഡ്, കല്യാൺ ഹോസ്പിറ്റൽ-തേരകം റോഡ്, ആര്യശാല റോഡുകളുടെ വികസനം സംബന്ധിച്ച് ശ്രീ. ആന്റണി രാജു, എം.എൽ.എ.-യുടെ സബ്മിഷന് ബഹു. പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) മേശപ്പുറത്തുവച്ച മറുപടി

തിരുവനന്തപുരം കോർപ്പറേഷനും കേരളത്തിനാകെയും മാതൃകയാകുന്ന തരത്തിൽ നിശ്ചയിച്ച സ്മാർട്ട് സിറ്റി റോഡുകളുടെ പദ്ധതി പൂർത്തീകരിക്കാൻ പൊതുമരാമത്ത് വകുപ്പിനും KRFB-ക്കും കഴിഞ്ഞുവെന്നത് സന്തോഷകരമാണ്. കോർപ്പറേഷന്റെയും വിവിധ വകുപ്പുകളുടെയും ക്രിയാത്മകമായ സഹകരണവും ഏകോപനവുമാണ് സ്മാർട്ട് സിറ്റി പദ്ധതിയിൽ ആരംഭിച്ച റോഡുകളുടെ പൂർത്തീകരണത്തിന് സഹായിച്ചത്. അന്താരാഷ്ട്ര നിലവാരമുള്ള റോഡുകളുടെ പട്ടികയിലേക്ക് തലസ്ഥാന റോഡുകളെയും ഉയർത്താനായതിൽ നമുക്കെല്ലാം അഭിമാനിക്കാം. ഇതിന്റെ ഭാഗമായി 28 റോഡുകൾ മികച്ച നിലവാരത്തിൽ പുനർനിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിരുന്നു. ഈ പദ്ധതിയിൽ ചാല മാർക്കറ്റിലെ 3

റോഡുകളായ കിഴക്കേക്കോട്ട-കിള്ളിപ്പാലം റോഡ്, ആര്യശാല റോഡ്, കല്യാൺ ഹോസ്പിറ്റൽ-തേരകം റോഡ് എന്നിവ കൂടി ഉൾപ്പെട്ടിരുന്നു. ചാല മാർക്കറ്റിലെ മൂന്ന് പൊതുമരാമത്ത് റോഡുകളിൽ പ്രധാനമായും ഓടയുടെ പുനർനിർമ്മാണം, വെറ്റ് മിക്സ് ഉപയോഗിച്ച് ആവശ്യമായ ലെവലിൽ ഉയർത്തി ഡി.ബി.എം. & ബി.സി. ഉപയോഗിച്ച് റീ-സർഫസിങ്ങും നടപ്പാതയും ഉൾപ്പെടുത്തി നവീകരിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ചാല മാർക്കറ്റ് പുനരുദ്ധാരണ വിഷയം സംബന്ധിച്ച് കളക്ടറേറ്റിൽ നടന്ന യോഗത്തിൽ ചാല മാർക്കറ്റിനകത്തുള്ള പത്തോളം കോർപ്പറേഷൻ റോഡുകൾ സ്മാർട്ട് റോഡായി വികസിപ്പിക്കുന്ന സാഹചര്യത്തിൽ മാർക്കറ്റിലെ പ്രധാനപ്പെട്ട 3 പി.ഡബ്ല്യു.ഡി. റോഡുകളും അനുയോജ്യമായ വാസ്തുവിദ്യാ സവിശേഷതകളുൾപ്പെടുത്തി സ്മാർട്ട് റോഡായി വികസിപ്പിക്കണമെന്ന് ജനപ്രതിനിധികളും വ്യാപാരികളും അഭിപ്രായപ്പെടുകയുണ്ടായി.

മേൽസാഹചര്യത്തിൽ കിഴക്കേകോട്ട-കിള്ളിപ്പാലം റോഡ്, ആര്യശാല റോഡ്, കല്യാൺ ഹോസ്പിറ്റൽ-തേരകം റോഡ് എന്നിവ വാസ്തുവിദ്യാ സവിശേഷതകളുൾപ്പെടുത്തി സ്മാർട്ട് റോഡായി വികസിപ്പിക്കുന്നതിനുവേണ്ടി പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് എസ്റ്റിമേറ്റ് തയ്യാറാക്കി. 31-01-2024-ൽ KRFB ടെൻഡർ ക്ഷണിക്കുകയുണ്ടായി. എന്നാൽ നിലവിൽ ചാല മാർക്കറ്റിൽ നടന്നുകൊണ്ടിരിക്കുന്ന കോർപ്പറേഷൻ റോഡുകളുടെ സ്മാർട്ട് റോഡ് വികസനം പൂർത്തിയാകും മുമ്പ് 3 റോഡുകളുടെയും വികസനം ആരംഭിക്കാൻ സാധിക്കില്ലെന്ന സാഹചര്യമുണ്ടായി. ഇതേ തുടർന്ന് 18-07-2024-ലെ യോഗത്തിൽ ഈ മൂന്ന് റോഡുകളും 28 റോഡുകളുടെ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളതുപ്രകാരം പുനർനിർമ്മിക്കണമെന്ന അഭിപ്രായം ഉയർന്നു. അത് ചർച്ച ചെയ്യാൻ ജനപ്രതിനിധികളും

ചാല മാർക്കറ്റിലെ വിവിധ സംഘടനാ പ്രതിനിധികളുമായി 21-09-2024-ന് ഒരു യോഗം നടത്തുകയുണ്ടായി. ചാല മാർക്കറ്റിലെ മറ്റുറോഡുകളെല്ലാം (കോർപ്പറേഷൻ റോഡുകൾ) സ്മാർട്ട് റോഡായ സാഹചര്യത്തിൽ ഈ പ്രധാനപ്പെട്ട മൂന്ന് റോഡുകളുംകൂടി സ്മാർട്ട് റോഡാക്കിയാലേ അതുകൊണ്ടുള്ള പ്രയോജനം ലഭിക്കുകയുള്ളുവെന്നും പ്രസ്തുത യോഗത്തിൽ എല്ലാവരും അഭിപ്രായപ്പെട്ടു. ഈ സാഹചര്യത്തിൽ പദ്ധതിക്കായി സ്മാർട്ട് സിറ്റി അധിക തുക അനുവദിക്കേണ്ടതുണ്ട്. അതിനുള്ള ശ്രമങ്ങൾ തുടരുകയാണ്.

(6) അരയിടത്തുപാലം-മെഡിക്കൽ കോളേജ് റോഡ് വികസനം സംബന്ധിച്ച് ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ, എം.എൽ.എ.-യുടെ സബ്മിഷന് ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) മേശപ്പുറത്തുവച്ച മറുപടി

കോഴിക്കോട് നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട റോഡുകളിലൊന്നായ മെഡിക്കൽ കോളേജ്-കാരന്തൂർ ജങ്ഷൻ റോഡ് നവീകരണത്തിനുള്ള പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 205 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമാക്കിയിരുന്നു. പ്രവൃത്തിയുടെ ലാൻഡ് അക്വിസിഷൻ നടപടികൾ നടന്നുവരുന്നു. 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തുടർനടപടികൾ വേഗത്തിലാക്കാനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്. ഈ പ്രവൃത്തിയുടെ രണ്ടാം ഘട്ടമായ മാവൂർ റോഡ് ജങ്ഷൻ മുതൽ മെഡിക്കൽ കോളേജ് ജങ്ഷൻ വരെ 6 വരിയാക്കുന്ന പ്രവൃത്തിക്ക് കിഫ്ബി അനുമതി ലഭിക്കേണ്ടതുണ്ട്.

കോഴിക്കോട് നഗരത്തിലെ വളരെ പ്രധാനപ്പെട്ട റോഡുകളിലൊന്നായ മാവൂർ-മെഡിക്കൽ കോളേജ് റോഡിൽ എൻ.എച്ച്-66 ബൈപ്പാസ് നിർമ്മാണത്തിന്റെ

ഭാഗമായി വാഹന സാന്ദ്രത വർധിച്ചിട്ടുണ്ട്. മലപ്പുറം, കണ്ണൂർ ഭാഗങ്ങളിൽ നിന്നായി കോഴിക്കോട് ടൗണിലേക്ക് വന്നിരുന്ന ഭൂരിഭാഗം വാഹനങ്ങൾക്കും നിയന്ത്രണം ഏർപ്പെടുത്തിയതിനാൽ കോഴിക്കോട് ടൗണിലേക്കും പുറത്തേക്കും പോകുന്ന വാഹനങ്ങൾ തൊണ്ടയാട് ജങ്ഷനിലും കോഴിക്കോട് ടൗണിനും ഇടയിലുള്ള മാവൂർ റോഡ് ഉപയോഗിച്ചാണ് ഗതാഗതം നടത്തുന്നത്. ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് പൊലീസുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

* * * * * *